# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂൺ 28, ചൊവ്വ

## ഔദ്യോഗിക റിപ്പോർട്ട്

വാല്യം 188 - നമ്പർ 2

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

2022 ജൂൺ 28, ചൊവ്വ

സ്പീക്കർ
**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി-ഇൻ-ചാർജ്ജ്
**ശ്രീമതി കവിത ഉണ്ണിത്താൻ**

ചീഫ് എഡിറ്റർ
**ശ്രീമതി എസ്. ജയശ്രീ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം,മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം

പേജ്

**I. ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....

**II. അടിയന്തരപ്രമേയ നോട്ടീസ്**

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു) ....

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) സംരക്ഷിത വനങ്ങളോട് ചേർന്നുള്ള ജനവാസമേഖലകളെ ഒഴിവാക്കൽ

- ശ്രീ. സി. കെ. ഹരീന്ദ്രൻ ....

(2) വിദൂര വിദ്യാഭ്യാസ-പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം വിലക്കിക്കൊണ്ടുള്ള സർക്കുലർ

- ശ്രീ. ടി. വി. ഇബ്രാഹിം ....

**IV. സബ്മിഷൻ**

(1) കാസർഗോഡ് സമഗ്ര വികസന പാക്കേജ്

- ശ്രീ. എം. രാജഗോപാലൻ ....

(2) ദിബിഷയുടെ മരണം സംബന്ധിച്ച അന്വേഷണം

- ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ....

(3) പട്ടാഴി പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിലെ തടസ്സം

- ശ്രീ. കെ. ബി. ഗണേഷ് കുമാർ ....

(4) കാട്ടാന ശല്യം

- ശ്രീ. ആന്റണി ജോൺ ....

(5) സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാരുടെ ഓണറേറിയം

- ശ്രീ. പി. പി. ചിത്തരഞ്ജൻ ....

(6) തമിഴ് മീഡിയം യു.പി. സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

- ശ്രീ. വാഴൂർ സോമൻ ....

(7) ഈശ്വരമംഗലം വെറ്ററിനറി ക്ലിനിക്കിന്റെ പ്രവർത്തനം

- ശ്രീ. പി. നന്ദകുമാർ ....

(8) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം

- ശ്രീ. ഇ. ചന്ദ്രശേഖരൻ ....

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ** ....

ലിസ്റ്റ് 1, ലിസ്റ്റ് 2 (ചട്ടം 47 (2), ലിസ്റ്റ് 3 (ചട്ടം 236 (5), ലിസ്റ്റ് 4 (ചട്ടം 236 (6) അനുസരിച്ചുള്ള കടലാസ്സുകൾ

**VI ക്രമപ്രശ്നം**

പ്രതിപക്ഷ എം.എൽ.എ.-മാർക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

- മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) ....
- ശ്രീ. മാത്യു. ടി. തോമസ് ....

**VII ധനകാര്യം**

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ....

ധനാഭ്യർത്ഥന നമ്പർ II – സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ ....

ധനാഭ്യർത്ഥന നമ്പർ III – നീതിന്യായ നിർവ്വഹണം ....

**VIII. റൂളിംഗ്**

മാധ്യമങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തൽ, സഭാ നടപടികളുടെ സംപ്രേക്ഷണം, സഭയിലെ വീഡിയോ ദൃശ്യങ്ങൾ പകർത്തി പുറത്തുനൽകിയത് എന്നിവ സംബന്ധിച്ച് ....

**IX. അടിയന്തരപ്രമേയ ചർച്ച**

സ്വർണ്ണക്കടത്ത് കേസ് അട്ടിമറി

- ശ്രീ. ഷാഫി പറമ്പിൽ ....

**ധനകാര്യം (തുടർച്ച)** ....

**X പ്രമേയം**

2022 ജൂൺ 29, ജൂലൈ 1 എന്നീ ദിവസങ്ങളിലെ സഭാ സമ്മേളനം ഒഴിവാക്കുന്നതുസംബന്ധിച്ച്

- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ....

**XI അറിയിപ്പ്**

ചോദ്യങ്ങൾക്ക് അനുവദിച്ചിട്ടുള്ള തിയതി പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച് - മി. സ്പീക്കർ ....

**അനുബന്ധം** ....

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

2022 ജൂൺ 28, ചൊവ്വ

---

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 2

---

നിയമസഭ 2022 ജൂൺ മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*31)

കാർഷിക വിപണിയെ ശക്തിപ്പെടുത്താൻ സഹകരണ മേഖലയിലെ പദ്ധതികൾ

1 (*31) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ കർഷകരെ സഹായിക്കാനും കാർഷിക വിപണിക്ക് പിന്തുണ നൽകാനും സഹകരണ മേഖലയിൽ ആവിഷ്കരിക്കുന്ന നൂതന പദ്ധതികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന സംവിധാനങ്ങൾ, പ്രാരംഭ പ്രവർത്തന പുരോഗതി എന്നിവ വ്യക്തമാക്കുമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) സംസ്ഥാനത്ത് ഗ്രാമീണ കർഷകരെ സഹായിക്കാനും കാർഷിക വിപണിക്ക് പിന്തുണ നൽകാനും സഹകരണ മേഖലയിൽ " സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാർഷിക, കാർഷിക

അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി 2022-2023 സാമ്പത്തിക വർഷം ആരംഭിച്ച പുതിയ പദ്ധതിയാണിത്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം (വീട്ടു പടിക്കൽ ശേഖരണം), സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 7 ഉപഘടകങ്ങളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

I <u>സമഗ്ര കാർഷിക വികസന പദ്ധതി (PACS വഴി)</u>

പ്രാഥമിക സംഘങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശത്തെ പുരയിടങ്ങളെ ഉപയോഗപ്പെടുത്തി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുംവേണ്ടി ചെറുതും വലുതുമായ പച്ചക്കറി കൃഷി, അടുക്കളത്തോട്ടം, ടെറസ് കൃഷി എന്നിവയിലൂടെ കാർഷിക വിളകളുടെ ഉൽപ്പാദനം, സംഭരണം, വിപണനം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിയും കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കിയും കാർഷിക അനുബന്ധ പ്രവർത്തനങ്ങളായ മത്സ്യബന്ധനം, മൃഗസംരക്ഷണം

എന്നിവയെ പരിപോഷിപ്പിച്ചുകൊണ്ടും കർഷകർക്ക് പ്രോത്സാഹനം നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ച സംയോജിത കൃഷി സമ്പ്രദായം അടിസ്ഥാനമാക്കിയും അതിനെ പിന്തുടർന്നുമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ സഹായിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കീഴിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രങ്ങൾ വഴിയാണ് സമഗ്ര കാർഷിക വികസന പദ്ധതി (സി.എ.ഡി.പി) നടപ്പിലാക്കുന്നത്. ഓരോ സംഘങ്ങളുടെയും പരിധിയിൽ വരുന്ന പ്രദേശത്തെ എല്ലാ വീടുകളെയും ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കർഷക സേവന കേന്ദ്രം മുഖേന സമഗ്ര കാർഷിക വികസന പദ്ധതി നടപ്പാക്കുന്നതിന് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കാണ് ഈ പദ്ധതിയിലൂടെ സഹായം അനുവദിക്കുന്നത്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 14 ജില്ലകളിലും ഘട്ടം ഘട്ടമായി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 2022-23-ൽ ഈ പദ്ധതി ഏഴ് ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കും (കാർഷിക

പശ്ചാത്തലമുള്ളതും കാർഷികോൽപ്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്നതുമായ ജില്ലകൾക്ക് മുൻഗണന നൽകും). സംസ്ഥാന ആസൂത്രണ ബോർഡിലെ കൃഷി വിഭാഗവുമായി കൂടിയാലോചിച്ച് ജില്ലകൾ തിരഞ്ഞെടുക്കുന്നതാണ്. ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾക്കായി 550 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

II കാർഷിക വായ്പാ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ജില്ലാ സഹകരണ സംഘങ്ങൾ എന്നിവയുടെ കീഴിലുള്ള നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്വയംസഹായ ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ സ്വയംസഹായ ഗ്രൂപ്പുകളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുന്നതിനും സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ കൾ നൽകുന്ന പി.എ.സി.എസ്/എഫ്.എസ്.സി.ബി./എഫ്.എസ്.സി.എസ്-നെ പ്രോത്സാഹിപ്പിക്കുന്നതിനും കഴിഞ്ഞ വർഷം നൽകിയ മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘത്തിനെയും

പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ പദ്ധതിക്കായി തുക വകയിരുത്തിയിട്ടുള്ളത്.

ഉപഘടകത്തിന്റെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## III. കാർഷിക ഉൽപ്പാദനം, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ

ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വിളവെടുപ്പ് കാലത്ത് കർഷകരിൽനിന്ന് നേരിട്ട് കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് സംഭരണ-സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കുന്നതിനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്.

ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## IV. ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കൽ

എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും

നവീകരണത്തിനുമായി ഈ പ്രദേശത്തെ അംഗീകൃത പി.എ.സി.എസ്.-ന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതുവഴി കർഷകർക്ക് നേരിട്ടുള്ള വിൽപ്പനയ്ക്ക് സഹായിക്കുന്ന വിപണന വേദി ഒരുക്കുന്നു. ഈ ഉപഘടക പദ്ധതിയിൽ ഗ്രാമീണ ചന്തകളെ സഹായിക്കുന്നതിനായി ഓരോ ചന്തയ്ക്കും 10 ലക്ഷം രൂപ വീതം നീക്കിവച്ചിരിക്കുന്നു.

ഉപഘടകത്തിന്റെ മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി 110 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

V തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് - സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം

ഓരോ ജില്ലകളിലും ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉൽപ്പന്നങ്ങളെ ആസ്പദമാക്കി ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതും കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾക്ക് പാലക്കാട് നെല്ല് സംഭരണ, സംസ്കരണ, വിപണന

സഹകരണ സംഘത്തിനും (PAPCOS) കേരള നെല്ല് സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘത്തിനുള്ള (KAPCOS) സഹായവും ഈ ഉപപദ്ധതിക്ക് കീഴിൽ വകയിരുത്തിയിട്ടുണ്ട്. ഉപഘടകത്തിന്റെ മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

VI. കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തൽ

വിളവെടുപ്പിന് ശേഷമുള്ള വിവിധ കാർഷിക ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള സംഭരണവും സംസ്കരണവും വിപണനവും നിറവേറ്റുന്നതിനായി വിപണന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഉപഘടകത്തിന്റെ മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

VII. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി - കർഷക സേവന കേന്ദ്രം (എഫ്.എസ്.സി.) ശക്തിപ്പെടുത്തൽ

കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രങ്ങൾ ബ്ലോക്ക് തലത്തിൽ ശക്തിപ്പെടുത്തുന്നതിനും പുതുതായി തുടങ്ങുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

ഈ ഉപഘടകത്തിന്റെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 90 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

വിളവെടുപ്പ് സംഘത്തിന് കർഷകരിൽനിന്നും കാർഷിക വിളകൾ നേരിട്ട് സംഭരിച്ച് വിപണിയിലെത്തിക്കാൻ കഴിയുന്നതാണ്. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും കർഷകരുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും ഇതിലൂടെ സാധിക്കും. ഇപ്രകാരം ഉൽപ്പന്നങ്ങൾക്ക് കൃത്യമായ വിപണി ഉറപ്പുവരുത്തുന്നതിലൂടെ കർഷകന് സ്ഥിരം വരുമാനമുണ്ടാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം മുതൽ വിപണനം വരെയുള്ള സമസ്ത മേഖലയിലും കർഷകർക്കാവശ്യമായ സഹായം ലഭ്യമാക്കി അടുത്ത അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിൽ സഹകരണ മേഖലയുടെ സഹായത്തോടെ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് ഈ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. കാർഷിക മേഖലയിൽ കൂടുതൽ പ്രവർത്തനം നടത്തുന്ന കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിൽനിന്നും രണ്ട് സംഘങ്ങളെ വീതവും തിരുവനന്തപുരം ജില്ലയിൽ കൃഷി സ്ഥലങ്ങൾ കൂടുതൽ

ലഭ്യമാക്കുന്ന ഒരു സംഘത്തെയും ഉൾപ്പെടെ ആകെ എട്ട് ജില്ലകളിൽനിന്നും 15 സംഘങ്ങളെ ഇപ്പോൾ തെരഞ്ഞെടുത്തുകഴിഞ്ഞിട്ടുണ്ട്.

(ബി) ഓരോ പ്രാഥമിക സഹകരണ സംഘങ്ങളും സമർപ്പിക്കുന്ന പദ്ധതി റിപ്പോർട്ടിന് വിധേയമായാണ് ധനസഹായം അനുവദിക്കുന്നത്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി 8 ജില്ലകളിൽനിന്നും 15 സംഘങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണ പുരോഗതി ഗവൺമെന്റ് തലത്തിൽ അവലോകനം ചെയ്യുന്നതിനുള്ള നടപടികൾ ഗവൺമെന്റ് തലത്തിൽ സ്വീകരിച്ചുവരുന്നു. കൃഷി വകുപ്പ് ഡയറക്ടർ, സംസ്ഥാന ആസൂത്രണ ബോർഡിലെ കൃഷി വിഭാഗം മേധാവി, സഹകരണ സംഘം രജിസ്ട്രാർ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, ഐ.എഫ്.എസ്.ആർ.എസ്. എന്നിവിടങ്ങളിലെ മേധാവിമാർ എന്നിവരോടൊപ്പം കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ മേഖലകളിലെ മൂന്ന് വിഷയ വിദഗ്ദ്ധരുമടങ്ങുന്ന സമിതിയാണ് പദ്ധതി അവലോകനം ചെയ്യുന്നത്. ഈ സമിതി ത്രൈമാസങ്ങളിൽ യോഗം ചേരുകയും പദ്ധതിയുടെ നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഗ്രാമീണ മേഖലകളിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനായി കോ-ഓപ്പറേറ്റീവ്

മാർട്ടുകൾ തുടങ്ങുമെന്ന അങ്ങയുടെ പ്രസ്താവന മാധ്യമങ്ങളിലൂടെ കണ്ടിരുന്നു. അത് നല്ല കാര്യമാണ്. കൃഷി വകുപ്പിനുകീഴിൽ വിജയകരമായി പ്രവർത്തിച്ചുവരുന്ന VFPCK (Vegetable and Fruit Promotion Council Kerala)-യും കുടുംബശ്രീയും പോലുള്ള പ്രസ്ഥാനങ്ങളുടെ ഉൽപ്പന്നങ്ങളും ഈ മാർട്ടുകൾവഴി മാർക്കറ്റ് ചെയ്യണം. കുടുംബശ്രീ അംഗങ്ങൾക്കും വി.എഫ്.പി.സി.കെ.-യിൽ ഉൾപ്പെടുന്ന കർഷകർക്കും കൃഷി തുടങ്ങുമ്പോൾ തന്നെ സഹകരണ ബാങ്കുകളിൽനിന്നും വളരെ ചെറിയ തുക പലിശയായി ഈടാക്കുന്ന വായ്പകൾ നൽകി പ്രോത്സാഹിപ്പിക്കണം. അവരുടെ ഉൽപ്പന്നങ്ങൾ ഇതുവഴി വിപണനം ചെയ്ത് നല്ല വില നേടിക്കൊടുക്കാൻ സാധിക്കുന്ന നല്ലൊരു മാർക്കറ്റാണിത്. മൂന്നാർ, വട്ടവട പോലുള്ള പ്രദേശങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്കും മറ്റും സഹകരണ ബാങ്കുകളിൽനിന്നും പലിശ കുറഞ്ഞ വായ്പ നൽകി അവരെ കാർഷിക രംഗത്തേയ്ക്ക് കൊണ്ടുവരാനും അവരുടെ ഉൽപ്പന്നങ്ങൾ കോ-ഓപ്പറേറ്റീവ് മാർട്ടുകൾ വഴി മാർക്കറ്റ് ചെയ്യാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, അത്തരം പദ്ധതി തയ്യാറാക്കി നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ 14 ജില്ലകളിലും കോ-ഓപ്പ് മാർട്ട് എന്ന സ്ഥാപനം നിലവിൽ വന്നുകഴിഞ്ഞു. സഹകരണ മേഖലയിൽ

ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന കാഴ്ചപ്പാടാണ് കോ-ഓപ്പ് മാർട്ടിനുള്ളത്. അത് വളരെ ഭംഗിയായും ഫലപ്രദമായും പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വയ്പ നൽകുന്നത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം രണ്ടാമതായി സൂചിപ്പിച്ചത്. 'മുറ്റത്തെ മുല്ല' എന്ന പദ്ധതി ആവിഷ്കരിച്ച് കുടുംബശ്രീ, അയൽക്കൂട്ടങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കോവിഡ് കാലഘട്ടം മുതൽ തന്നെ കുറഞ്ഞ പലിശ നിരക്കിൽ ഒരു യൂണിറ്റിന് 10 ലക്ഷം രൂപവച്ച് കൊടുത്തു. അതിൽനിന്നും 50,000/- രൂപ വീതം ഓരോ അംഗങ്ങൾക്കും നൽകിയിട്ടുണ്ട്. കൃഷിക്കും അനുബന്ധ കാര്യങ്ങൾക്കുമായാണ് ഈ തുക ഉപയോഗിക്കുന്നത്. ഇപ്പോൾ കൃത്യമായി റീ-പേമെന്റ് നടക്കുന്നുണ്ട്. നിലവിൽ ഈ പദ്ധതിയിലൂടെ 1400 കോടി രൂപ കൊടുത്തുകഴിഞ്ഞു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, എല്ലാ ജില്ലകളിലും ആരംഭിച്ച കോ-ഓപ്പ് മാർട്ടുകൾ വഴി ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതോടൊപ്പം കുടുംബശ്രീ പോലുള്ള സംഘടനകളുടെ ഉൽപ്പന്നങ്ങൾ വാല്യൂ അഡീഷൻ നടത്തിയും അല്ലാതെയും കയറ്റുമതി ചെയ്യാനുള്ള നടപടി സഹകരണ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, കേരളത്തിലെ മൂന്ന് സഹകരണ സംഘങ്ങൾ ഇപ്പോൾ ഇത്തരം വാല്യൂ ആഡഡ് പ്രോഡക്ടുകൾ യു.എസ്.എ., യു.കെ., യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. ഇത്തരത്തിൽ കയറ്റുമതി വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ കാർഷിക മേഖലയ്ക്ക് വലിയ പ്രാധാന്യം ലഭിച്ചുകൊണ്ടിരിക്കുകയാണ്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ പലപ്പോഴും കെട്ടിക്കിടക്കുകയാണ്. അവ ശേഖരിക്കുന്ന VFPCK പോലുള്ള സ്ഥാപനങ്ങൾ എല്ലാ പഞ്ചായത്തുകളിലുമില്ല. ഓണത്തിനും ക്രിസ്തുമസ്സിനും ചെറിയ പെരുന്നാളിനും വലിയ പെരുന്നാളിനും ചില മാർക്കറ്റുകൾ തുടങ്ങുകയും ആ സീസൺ അവസാനിക്കുന്നതോടുകൂടി അവയുടെ പ്രവർത്തനം നിലയ്ക്കുകയും ചെയ്യും. സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ എല്ലാ പഞ്ചായത്തുകളിലും ഒരു സ്ഥിരം വിപണന കേന്ദ്രം ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൃഷി വകുപ്പുമായി ചേർന്ന് കൂടുതൽ വിപുലീകരിക്കപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള നീക്കങ്ങളും നടത്തിവരികയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, കർഷകത്തൊഴിലാളികൾക്കും കർഷകർക്കും വേണ്ടിയാണ് ലോകത്ത് സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. ഇന്ന് അത് പടർന്നുപന്തലിച്ച് വിവിധ മേഖലകളിലേയ്ക്ക് എത്തിച്ചേർന്നിരിക്കുകയാണ്. കൃഷി വകുപ്പ് മുന്നോട്ടുവയ്ക്കുന്ന 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി പഞ്ചായത്തുകളിൽ വളരെ ശക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രി പഞ്ചായത്ത് പ്രസിഡന്റുമാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു യോഗം നടത്തിയതിന്റെ ഫലമായി അതിന്റെ പ്രവർത്തനം ശക്തമായി മുന്നോട്ടുപോകുകയാണ്. ഇതിലൂടെ ഉൽപ്പാദനവും വർദ്ധിക്കാൻ സാധ്യതയുണ്ട്. ആ ഉൽപ്പന്നങ്ങൾ വിപണിയിലേയ്ക്ക് എത്തിക്കാനും അതിന് ആഗോള വിപണി കണ്ടെത്താനുംവേണ്ട സംരംഭങ്ങൾ തുടങ്ങാൻ പഞ്ചായത്തുതലത്തിൽ സംഭരണ കേന്ദ്രങ്ങൾ സഹകരണ പ്രസ്ഥാനത്തിലൂടെ ആരംഭിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഗോഡൗൺ സൗകര്യം ഏർപ്പെടുത്താനും ശീതീകരിച്ച വാഹനങ്ങൾ വഴി ഈ ഉൽപ്പന്നങ്ങൾ ജില്ലാ

ആസ്ഥാനങ്ങളിലൂൾപ്പെടെ വിറ്റഴിക്കാനുമുള്ള പ്രോജക്ട് നബാർഡിന്റെ സഹായത്തോടെ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. രണ്ട് കേന്ദ്രങ്ങളിൽ അത് ആരംഭിച്ചുകഴിഞ്ഞു. നാട്ടിൽ സുലഭമായി ലഭിക്കുന്ന കപ്പ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി എറണാകുളം ജില്ലയിലെ വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് അമേരിക്കയിലേയ്ക്ക് കയറ്റുമതി ചെയ്യാൻ തുടങ്ങിയിരിക്കുകയാണ്. അവർ ഇതുപോലുള്ള ഒട്ടനവധി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതുപോലെ മറ്റുചില സഹകരണ സംഘങ്ങൾ സുഗന്ധദ്രവ്യങ്ങളടക്കമുള്ള പ്രോഡക്ടുകൾ ഉൽപ്പാദിപ്പിച്ച് കയറ്റുമതി ചെയ്യുന്നുണ്ട്. കൂടാതെ ചിപ്സ് പോലുള്ള പലഹാരങ്ങളുണ്ടാക്കി കയറ്റുമതി ചെയ്യുന്ന വിധത്തിലേയ്ക്ക് വന്നിട്ടുണ്ട്. ഇത്തരത്തിൽ കൃഷി വകുപ്പും സഹകരണ വകുപ്പും സംയുക്തമായി വിപണിക്ക് പുതിയ സാധ്യത ഒരുക്കിയെടുക്കുകയാണ്.

<u>ശ്രീ മാത്യു ടി. തോമസ്</u>: സർ, അപ്പർ കുട്ടനാട്ടിലെയും കുട്ടനാട്ടിലെയും കർഷകർ പ്രധാനമായും അനുഭവിക്കുന്ന ബുദ്ധിമുട്ടെന്ന് പറയുന്നത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നതിലെ കാലതാമസംമൂലമുണ്ടാകുന്ന നഷ്ടമാണ്. സമ്പൂർണ്ണമായി നെല്ല് സംഭരിച്ച സംസ്ഥാനത്തെ ഒന്നാമത്തെ ജില്ല പത്തനംതിട്ടയാണ്. എന്നാൽ മഴപെയ്ത് നെല്ല് കുതിർന്നതുമൂലം

മില്ലുടമകൾ 40 ശതമാനംവരെ കിഴിവ് വരുത്തിയാണ് നെല്ല് ശേഖരിച്ചെടുത്തിട്ടുള്ളത്. നെല്ല് സംഭരിച്ച് വിപണനം നടത്തുന്ന രംഗത്തിലേയ്ക്ക് സഹകരണ മേഖലയ്ക്ക് ഇടപെടാൻ സാധിക്കുമോ; അത്തരത്തിലൊരു ഇടപെടലുണ്ടായാൽ കർഷകർക്ക് അത് സഹായകരമായിരിക്കും. ഇക്കാര്യത്തിൽ കൃഷി വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ച കാര്യം വളരെ ശരിയാണ്. കൊയ്ത്തുകഴിഞ്ഞാൽ സമയബന്ധിതമായി മില്ലുടമകൾ നെല്ല് സംഭരിക്കുന്നില്ല എന്നതാണ് സംസ്ഥാനത്തെ നെൽ കർഷകർ അനുഭവിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം. ഇപ്രാവശ്യം ഞാനും ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും കൂടി അങ്ങ് സൂചിപ്പിച്ച പ്രദേശങ്ങളിലെ പ്രശ്നങ്ങളിൽ ഇടപെടുകയുണ്ടായി. ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ പാലക്കാട്ടും കോട്ടയത്തും രണ്ട് സഹകരണ സംഘങ്ങൾ നെല്ല് സംഭരണ സംസ്കരണ വിപണന സംഘം എന്ന രൂപത്തിൽ രജിസ്റ്റർ ചെയ്തു. ഇതിനുവേണ്ടി പാലക്കാട് സ്ഥലമെടുപ്പ് കഴിഞ്ഞ് മില്ല് സ്ഥാപിക്കാനുള്ള ടെണ്ടർ നടപടി ആയിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്ക് വന്നുകഴിഞ്ഞിരിക്കുകയാണ്. കോട്ടയത്ത് ഈ

പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം വിഷയങ്ങളിൽ ഇടപെടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സഹകരണ മേഖല തുടക്കം കുറിച്ചിരിക്കുകയാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, കർഷകരെ സഹായിക്കുന്നതിനും കാർഷിക വിപണിക്ക് പിന്തുണ നൽകുന്നതിനും സഹകരണ സംഘങ്ങൾ നൽകുന്ന പലിശരഹിത കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന വായ്പക്കാർക്ക് നബാർഡ് 4 ശതമാനവും സംസ്ഥാന ഗവൺമെന്റ് 3 ശതമാനവും പലിശ സബ്സിഡി കൊടുക്കുന്നുണ്ട്. പക്ഷേ നബാർഡ് നൽകുന്ന പലിശ സബ്സിഡി കാലതാമസം കൂടാതെ കർഷകർക്ക് ലഭിക്കുന്നുണ്ട്. അതേസമയം സംസ്ഥാന സർക്കാർ നൽകുന്ന പലിശ സബ്സിഡി വർഷങ്ങളായി പെൻഡിംഗിലാണ്. ഏകദേശം ഏഴെട്ട് വർഷമായി സഹകരണ സംഘങ്ങൾക്ക് കൊടുക്കേണ്ട പലിശ സബ്സിഡി കൊടുത്തിട്ടില്ല. ഇത് സമയബന്ധിതമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ നബാർഡ് നൽകുന്ന സബ്സിഡി കൃത്യമായി എത്തിക്കാൻ ശ്രമിക്കുന്നുണ്ട്. അതോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി കൊടുക്കാൻ

അവശേഷിക്കുന്നുണ്ടെങ്കിൽ അത് പരിഗണിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിൽ രണ്ട് സഹകരണ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എച്ച്.ഡി.സി. കാഞ്ഞങ്ങാട്ടും ജെ.ഡി.സി. മുന്നാട്ടുമാണ് പ്രവർത്തിക്കുന്നത്. അതിൽ HDC (Higher Diploma in Co-operation) കാഞ്ഞങ്ങാടിനുവേണ്ടി നീലേശ്വരത്ത് സ്ഥലം കണ്ടെത്തി കെട്ടിട നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. JDC (Junior Diploma in Co-operation) പരിശീലന കേന്ദ്രമായ മുന്നാട് കെട്ടിടം നിർമ്മിക്കാനും കുട്ടികൾക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കാനും ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഞങ്ങൾ അടുത്തകാലത്ത് കാഞ്ഞങ്ങാട് വന്നിരുന്നു. നീലേശ്വരത്ത് അങ്ങ് സൂചിപ്പിച്ച സ്ഥലത്ത് തറക്കല്ലിട്ട് പുതിയ കോളേജ് ആരംഭിക്കാനുള്ള പ്രവർത്തനത്തിന് തുടക്കം കുറിച്ചു. അതുപോലെ മുന്നാട്ടും നിലനിർത്തിക്കൊണ്ടുപോകണമെന്നാണ് സഹകരണ യൂണിയനും വകുപ്പും ആലോചിക്കുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സഹകരണ മേഖലയിൽ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റികളുണ്ട്. ഈ അഗ്രിക്കൾച്ചറൽ

ഇംപ്രൂവ്മെന്റ് സൊസൈറ്റികളിൽ വളരെ ചുരുക്കം എണ്ണം മാത്രമേ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുള്ളൂ. അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റികൾക്ക് ഒരു വ്യക്തമായ അജണ്ടവച്ച് കാർഷിക മേഖലയിലെ അതത് പ്രദേശങ്ങളിൽ ഒന്നോ രണ്ടോ വിപണികൾ സ്ഥാപിക്കാനും കാർഷിക മേഖലയിൽ മുന്നോട്ടുപോകുന്ന ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റികളെ ഏത് രീതിയിൽ കൃഷിയുമായി ബന്ധപ്പെടുത്തി കൊണ്ടുപോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റികൾ അവരുടെ ദൗത്യങ്ങൾ നിർവ്വഹിക്കുന്നതിനുപകരം ചിലത് ക്രെഡിറ്റ് മേഖലയിലേയ്ക്ക് പോകുന്നുണ്ട്. അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. അത്തരം സംഘങ്ങളെ തെരഞ്ഞുപിടിച്ച് അവരവരുടെ ലക്ഷ്യത്തിൽത്തന്നെ ഊന്നിക്കൊണ്ടുള്ള പ്രവർത്തനവുമായി മുന്നോട്ടുപോകണമെന്ന് നിർദ്ദേശിക്കുകയും അതുപോലുള്ള പദ്ധതികൾ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചില പ്രദേശങ്ങളിലെ സംഘങ്ങൾ മുന്നോട്ടുവരികയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

ഉൽപ്പാദിപ്പിക്കാൻ അത്തരം ചില സംഘങ്ങൾ മുന്നോട്ടുവന്ന അനുഭവങ്ങളുമുണ്ട്. അതിന്റെ ഏറ്റവും നല്ല തെളിവാണ് അടുത്തകാലത്ത് കൊച്ചിയിൽ നടന്ന സഹകരണ എക്സ്പോ. സഹകരണ മേഖലയിലെ 343 ഇനങ്ങളാണ് ആ എക്സ്പോയിൽ പ്രദർശിപ്പിച്ചതെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. നല്ല രീതിയിലുള്ള ജനപങ്കാളിത്തവും അതോടൊപ്പം കോടിക്കണക്കിന് രൂപയുടെ വിപണനവും അവിടെ നടന്നു. സഹകരണ മേഖലയിൽ ഇത്രയധികം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് അപ്പോഴാണ് പലരും അറിയുന്നത്. വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്ന കാർഷിക മേഖലയിലെ നിരവധി ഉൽപ്പന്നങ്ങൾ ഉൾപ്പെടെ ഉൽപ്പാദിപ്പിക്കുന്നതിലേയ്ക്ക് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റികൾ വന്നുതുടങ്ങിയിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ച പ്രശ്നം മുമ്പുണ്ടായിരുന്നു. അത് തിരുത്താൻ ഞങ്ങൾ ശ്രമിക്കുകയാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, സഹകരണ രംഗത്തെ മികച്ച കാൽവയ്പായിവേണം യുവാക്കളുടെ സംഘം രൂപീകരിക്കാൻ തീരുമാനമെടുത്തത് എന്നുള്ളത് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. വിവിധ ജില്ലകളിൽ അത്തരം സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുന്നത് സംബന്ധിച്ച് അങ്ങ് ഇവിടെ

ചൂണ്ടിക്കാണിച്ചു. ഇങ്ങനെ രജിസ്റ്റർ ചെയ്ത സംഘങ്ങളെല്ലാം പ്രവർത്തന സജ്ജമായിട്ടുണ്ടോ? അത് ഏതെല്ലാം രീതിയിലുള്ള സംഘങ്ങളാണെന്നും വിവിധ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് വിപണനം നടത്തുന്നതിനുവേണ്ടിയുള്ളതാണെന്ന കാര്യങ്ങളും സംഘത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അങ്ങനെ രൂപീകരിക്കപ്പെട്ട സംഘങ്ങളിൽ ഏതെങ്കിലും സാങ്കേതികത്വംകൊണ്ടോ മറ്റെന്തെങ്കിലും കാരണംകൊണ്ടോ പ്രവർത്തിക്കാതിരിക്കുന്ന സാഹചര്യമുണ്ടോ; എത്ര എണ്ണമാണ് പ്രവർത്തനമാരംഭിച്ചത്?

ശ്രീ. വി. എൻ. വാസവൻ: സർ, യുവാക്കളുടെ 25 സഹകരണ സംഘങ്ങളാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും 30 എണ്ണമാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തത്. 5 എണ്ണം കൂടുതൽ വന്നു. പ്രോജക്ടുകൾ തയ്യാറാക്കിയപ്പോൾ ഇവന്റ് മാനേജ്മെന്റ് മുതൽ ഐ.ടി. വരെയുള്ള സ്റ്റാർട്ടപ്പുകൾ വന്നിരുന്നു. അതിൽ 12 എണ്ണം നല്ല രീതിയിൽ പ്രവർത്തിച്ച് മുന്നോട്ടുവന്നിട്ടുണ്ട്. ബാക്കിയുള്ളവയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അതിൽ ഒരെണ്ണമൊഴികെ ബാക്കിയുള്ളവയെല്ലാം സജീവമായി മുന്നോട്ടുവരുമെന്ന രൂപത്തിലെത്തിക്കഴിഞ്ഞിരിക്കുകയാണ്. അത് വളരെ പ്രതീക്ഷയുളവാക്കുന്ന കാര്യമാണ്. വേസ്റ്റ് ഡിസ്പോസൽ അടക്കമുള്ള

കാര്യങ്ങൾ ചില സംഘങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. ജില്ലയിലൊട്ടാകെ അവർ ബിസിനസ് വ്യാപിപ്പിച്ച് മുന്നോട്ടുവരുന്ന സ്ഥിതിയും കണ്ടുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ആ ലക്ഷ്യം അതിന്റെ പൂർണ്ണ അർത്ഥത്തിലും ലക്ഷ്യത്തിലും വ്യാപ്തിയിലും എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനാവശ്യമായ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, സർക്കാരിന്റെ ഒരു വലിയ പദ്ധതിയായി കൊട്ടിഘോഷിക്കുന്നതാണ് 'മുറ്റത്തെ മുല്ല'. അതുമായി ബന്ധപ്പെട്ട് കുടുംബശ്രീ മുഖേന നൽകുന്ന വായ്പകൾക്ക് പല സ്ഥാപനങ്ങൾ/സംഘങ്ങൾ 1,000/- രൂപയ്ക്ക് ഒരു മാസത്തിൽ 50/- രൂപ പലിശയായി വാങ്ങുന്നു. ചില സംഘങ്ങൾ 100/- രൂപവരെ വാങ്ങുന്നുണ്ടെന്നും കേൾക്കാൻ കഴിഞ്ഞു. അങ്ങനെയാണെങ്കിൽ ഒരു വർഷം 120 ശതമാനം പലിശ പാവങ്ങളിൽനിന്നും ഈടാക്കുന്നു. ഇതൊരു വലിയ ഭാരമല്ലേ; ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തെങ്കിലും മാർഗ്ഗങ്ങളുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ എവിടെയെങ്കിലും കൂടുതലായി പലിശ ഈടാക്കുന്നുണ്ടോയെന്ന്

പരിശോധിക്കാം. കുടുംബശ്രീ, അയൽക്കൂട്ടങ്ങൾക്ക് മുറ്റത്തെ മുല്ല പദ്ധതിക്ക് വായ്പയായി നൽകാൻ നിർദ്ദേശിച്ചിട്ടുള്ളത് 9 ശതമാനം പലിശ നിരക്കാണ്. അതിൽ നിന്നും വ്യത്യസ്തമായി എവിടെയെങ്കിലുമുണ്ടെന്ന് പരാതി ലഭിച്ചാൽ കൃത്യമായി പരിശോധിച്ച് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും. മാത്രമല്ല, മണ്ണാർക്കാട് കേന്ദ്രീകരിച്ച് ആരംഭിച്ച ആദ്യത്തെ പ്രോജക്ടിന് ഒരു ഇൻഷ്വറൻസ് പരിരക്ഷകൂടി ഏർപ്പെടുത്തിയിരിക്കുന്നു. അത് ഏറ്റവും സഹായകരമായ സാഹചര്യമായതിനാൽ നല്ല രൂപത്തിൽ മുന്നോട്ടുപോകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, കാർഷിക വായ്പയെടുക്കുന്നവർ പ്രസ്തുത വായ്പ പല ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതായി കണ്ടെത്താൻ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളുണ്ടോ; അതോടൊപ്പം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആർ.സി.എസ്. (രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്) ഇറക്കിയ ഉത്തരവിൽ വൺ ടൈം സെറ്റിൽമെന്റ് സ്കീം പ്രകാരം 50 ശതമാനംവരെ പലിശയിളവ് കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. എത്ര സഹകരണ സ്ഥാപനങ്ങൾ പ്രസ്തുത ആനുകൂല്യം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, വൺ ടൈം സെറ്റിൽമെന്റ്

പ്രയോജനകരമായി മാറിയിട്ടുണ്ടെന്നാണ് റിസൾട്ടുകൾ സൂചിപ്പിക്കുന്നത്. ജൂൺ 30 വരെയാണ് അതിന്റെ കാലാവധി പറഞ്ഞിരിക്കുന്നതെങ്കിലും നീട്ടിനൽകിയാൽ വളരെ സഹായകരമായിരിക്കുമെന്ന് പല സംഘങ്ങളും ആവശ്യപ്പെടുന്നുണ്ട്. പ്രത്യേകിച്ച് കോവിഡ്, പ്രളയക്കെടുതി എന്നിവയുടെയൊക്കെ പശ്ചാത്തലത്തിൽ കർഷകർക്കുണ്ടായ വിഷമം പരിഹരിക്കാൻ അത് സഹായകരമാകുമായിരിക്കും. അതിൽ 50 ശതമാനം പലിശയും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കാനാണ് നിർദ്ദേശം. ഈ ആനുകൂല്യം എത്ര സംഘങ്ങൾ ഉപയോഗപ്പെടുത്തിയെന്നുള്ളത് പൂർത്തീകരിച്ചതിനുശേഷം മാത്രമേ കൃത്യമായി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. സണ്ണി ജോസഫ്: സർ, കാർഷിക മേഖലയുടെ തകർച്ച പല സംഘങ്ങളുടെയും പ്രവർത്തനക്ഷമതയെ ബാധിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംഘങ്ങളുണ്ട്. അതായത് ഡെപ്പോസിറ്റ് മടക്കിക്കൊടുക്കാൻ കഴിയാത്തതും വായ്പ കൊടുക്കാൻ കഴിയാത്തതുമായ സംഘങ്ങളുണ്ട്. അതിൽ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം നടപ്പിലാക്കുന്നത് ലിക്വിഡേഷന്റെ സമയത്ത് മാത്രമാണ്. അത് നിക്ഷേപകർക്ക് ഫലപ്രദമായി ഗുണം ചെയ്യുന്നില്ല. അതുകൊണ്ട് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം ലിക്വിഡേഷന്റെ സമയത്തുമാത്രം ഇൻവോക്ക് ചെയ്യുന്നതിനുപകരം

ലിക്വിഡേഷൻ ഒഴിവാക്കി സംഘങ്ങളെയും നിക്ഷേപകരെയും ഫലപ്രദമായി സഹായിക്കാൻ സാധിക്കുന്ന തരത്തിൽ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ ഭേദഗതികൾ വരുത്തി നിക്ഷേപകർക്ക് ആവശ്യമായ സംരക്ഷണം നൽകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം വളരെ ക്രിയാത്മകമാണ്. ഇന്നലെ തന്നെ അതുസംബന്ധിച്ച് തീരുമാനമെടുത്തുവെന്ന സന്തോഷ വാർത്ത അങ്ങയെ അറിയിക്കുകയാണ്. പൊതുവിൽ പരിശോധിച്ചപ്പോൾ സംസ്ഥാനത്ത് ചില സംഘങ്ങൾ പിന്നോക്കം പോകുന്നതായി കണ്ടെത്തിയിട്ടുണ്ട്. അത്തരം സംഘങ്ങളെക്കൂടി മുന്നോട്ടുകൊണ്ടുവരാൻ സഹായിക്കുന്ന തരത്തിലും വിഷമങ്ങൾ അഭിമുഖീകരിക്കുന്ന സംഘങ്ങളെ സഹായിക്കാൻ കഴിയുന്ന രൂപത്തിലേയ്ക്കും നിക്ഷേപക ഗ്യാരന്റി സ്കീമിൽ നൽകുന്ന തുകയുടെ പരിധി രണ്ട് ലക്ഷം രൂപയെന്നുള്ളത് അഞ്ച് ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. അതുസംബന്ധിച്ച് നിയമ ഭേദഗതി വരുത്തിയാൽ അങ്ങ് സൂചിപ്പിച്ച കാര്യം നടപ്പാക്കാൻ സാധിക്കും.

ശ്രീ. വി. ജോയി: സർ, ബഹുമാനപ്പെട്ട മന്ത്രി സഹകരണ എക്സ്പോയെ സംബന്ധിച്ചും അതിന്റെ മേന്മയെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു.

അത് അകത്തെ കൃഷി മാത്രമല്ല പുറത്തെ കൃഷിയുടെ മേന്മ കൂടിയാണെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. സംസ്ഥാനത്തെ ഗ്രാമീണ കർഷകരെ നബാർഡ് എല്ലാക്കാലത്തും സഹായിക്കാറുണ്ട്. ആ വായ്പയിൽ കുറവ് വന്നിട്ടുണ്ടോ; ഇപ്പോൾ പുതിയ കേന്ദ്ര നയത്തിന്റെ ഭാഗമായി നിധി (NIDHI - National Initiative for Development and Harnessing Innovations) പോലുള്ള നിരവധി സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നുണ്ട്. അതുവഴി നബാർഡ് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, നബാർഡിന്റെ സഹായം ഇപ്പോൾ ലഭിക്കുന്നുണ്ട്. ലഭ്യമായ തുകയ്ക്ക് കൃഷി വകുപ്പും സഹകരണ വകുപ്പും സംയുക്തമായി ചേർന്ന് രണ്ടായിരത്തിൽപ്പരം കോടി രൂപയുടെ പ്രോജക്ട് സംബന്ധിച്ച് പദ്ധതി തയ്യാറാക്കി താഴെത്തട്ടിൽ നടപ്പാക്കാൻ ശ്രമിക്കുകയാണ്. നിധി പോലുള്ള സംഘത്തെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. അതുമാത്രമല്ല, മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും പലിശ സംബന്ധിച്ച് ഒരു നിയന്ത്രണവുമില്ലാതെ വായ്പയും നിക്ഷേപവും സ്വീകരിക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ വരുന്നുണ്ട്. നിധി പോലുള്ള ചില സംവിധാനങ്ങൾ സമാന്തരമായി അവർ

രൂപപ്പെടുത്തിയെടുത്ത് വളർന്ന് വരുന്നുണ്ടെന്നുള്ളത് ശരിയാണ്.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

2 (*32) ശ്രീ. നജീബ് കാന്തപുരം:

ശ്രീ. എൻ. ഷംസുദ്ദീൻ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്തം കടം നാല് ലക്ഷം കോടി രൂപയിലേയ്ക്ക് അടുക്കുന്നതിനാൽ സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കട ബാധ്യതകൾ സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) കേരള ധന ഉത്തരവാദിത്ത

നിയമത്തിന് വിധേയമായും ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയമായ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാണ് സംസ്ഥാനം കടമെടുക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം (2021-22 താൽക്കാലിക കണക്കുകൾ പരിഗണിച്ചും) 31-03-2022-ലെ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത 332291 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത 2010-11 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2015-16 ആയപ്പോഴേയ്ക്കും ഇരട്ടിയിലധികമായി വർദ്ധിച്ചിരുന്നു. എന്നാൽ പ്രളയമടക്കമുള്ള പ്രകൃതിദുരന്തങ്ങളും കോവിഡ്-19 മൂലമുള്ള പ്രതിസന്ധികളുമുണ്ടായിട്ടും 2020-21 അവസാനം മൊത്തം ബാധ്യതയിൽ 2015-16-നെ അപേക്ഷിച്ചുള്ള വളർച്ച 88.66 ശതമാനത്തിൽ പരിമിതപ്പെടുത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. Debt/GSDP അനുപാതവും ധനകമ്മി/GSDP അനുപാതവും 2020-21-ലും 2021-22-ലും മുൻവർഷത്തെ അപേക്ഷിച്ച് ഉയർന്നിട്ടുണ്ട്. ഇതിനുള്ള പ്രധാന കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

1. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രവർത്തനങ്ങൾ മന്ദീഭവിച്ചതിന്റെ ഫലമായി ആഭ്യന്തര ഉൽപ്പാദനം ഗണ്യമായി കുറഞ്ഞതും നെഗറ്റീവ് ഗ്രോത്ത് രേഖപ്പെടുത്തിയതും;

2. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങൾക്കുള്ള കടമെടുപ്പ് പരിധി നിബന്ധനകൾക്ക് വിധേയമായി 2020-21-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 5 ശതമാനമായി വർദ്ധിപ്പിച്ചതും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം തുടർവർഷങ്ങളിലും ഉയർന്ന കടമെടുപ്പ് പരിധി നിശ്ചയിച്ച് നൽകിയതും;

3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനത്തിനുള്ള വാർഷിക കേന്ദ്ര നികുതി വിഹിതം 2.5 ശതമാനത്തിൽ നിന്നും 1.93 ശതമാനമായി കുറച്ചത്;

4. കേവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിനുണ്ടായ സ്വാഭാവികമായ ഇടിവ്;

5. കോവിഡിനെത്തുടർന്ന് താറുമാറായ ജനജീവിതം സാധാരണ നിലയിലാക്കുന്നതിന് സംസ്ഥാന സർക്കാർ ആരോഗ്യ, സാമൂഹ്യ സുരക്ഷാ മേഖലകളിൽ നടത്തിയ അധിക ചെലവുകൾ;

6. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ശമ്പള പരിഷ്കരണവും പെൻഷൻകാർക്ക് പെൻഷൻ പരിഷ്കരണവും അനുഭവവേദ്യമാക്കിയത്;

(ബി) കോവിഡ് മഹാമാരിയെത്തുടർന്ന് നിശ്ചലാവസ്ഥയിലായ സമ്പദ്‌വ്യവസ്ഥ അതിൽനിന്നും ക്രമേണ മുക്തമായി തുടങ്ങുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുമെന്നും അതുകൊണ്ടുതന്നെ നിലവിലെ ബാധ്യതകൾ സർക്കാരിന്റെ തുടർന്നുള്ള പ്രയാണത്തിൽ വിഘാതമാകുകയില്ലെന്നുമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. 01-03-2022-ൽ നിയമസഭയിൽ ടേബിൾ ചെയ്ത Medium Term Fiscal Policy & Strategy Statement with Medium Term Fiscal Plan for Kerala പ്രകാരം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനം നടപ്പുവർഷം മുതൽ രണ്ടക്ക വളർച്ച രേഖപ്പെടുത്തുമെന്നാണ് കണക്കുകൂട്ടുന്നത്. അതനുസരിച്ച് സംസ്ഥാനത്തിന്റെ തനതുനികുതി, നികുതിയേതര വരുമാനങ്ങളും നല്ല വളർച്ച കൈവരിക്കേണ്ടതാണ്. ഇതോടൊപ്പം നികുതി പിരിവ് ഊർജ്ജിതമാക്കുക, ചെലവുകളിൽ മിതത്വം പാലിക്കുക, ധൂർത്തുകൾ അവസാനിപ്പിക്കുക എന്നിവയടക്കമുള്ള സർക്കാർ പിന്തുടർന്നുവരുന്ന ധന ദൃഢീകരണ പ്രക്രിയയുടെ ഫലവും കൂടിയാകുമ്പോൾ

2023-24 ആകുമ്പോഴേയ്ക്കും FD/GSDP 3.5 ശതമാനമായും Debt/GSDP 2024-25-ഓടുകൂടി 35.7 ശതമാനമായും മെച്ചപ്പെടുമെന്നും പ്രതീക്ഷിക്കുന്നു. എന്നാൽ ക്രമാതീതമായ തോതിൽ ഉയർന്നുവരുന്ന പണപ്പെരുപ്പവും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള റവന്യൂ കമ്മി ഗ്രാന്റ് വർഷാവർഷം ഗണ്യമായ തോതിൽ കുറഞ്ഞ് 2023-24 ഓടുകൂടി ഇല്ലാതാകുന്നതും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉടലെടുത്ത വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്നതിലുള്ള അനിശ്ചിതാവസ്ഥയും സർക്കാരിന്റെ ധന ദൃഢീകരണ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുമെന്ന ആശങ്കയും സർക്കാരിനുണ്ട്.

(സി) സാമ്പത്തികസ്ഥിതി സംബന്ധിച്ച് ധവളപത്രം പുറത്തിറക്കേണ്ടതായ സാഹചര്യം നിലവിലില്ല.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ബഹുമാന്യനായ മന്ത്രിയുടെ വിശദീകരണം കേരളം സമീപ കാലത്ത് കേൾക്കാത്ത വിധത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയിലൂടെ കടുന്നുപോകുകയാണെന്ന് വ്യക്തമാക്കുന്നതാണ്. നാല് ലക്ഷം കോടി രൂപയിലേയ്ക്ക് കേരളത്തിന്റെ പൊതുകടം എത്തിച്ചേരുന്ന വളരെ പ്രയാസകരമായ ഒരു ഘട്ടമാണിത്. സർക്കാരിനെ സംബന്ധിച്ചിടത്തോളം മദ്യം വിറ്റും ലോട്ടറി വിറ്റും ഇതിനുള്ള

വിഭവങ്ങൾ സമാഹരിക്കാമെന്ന തെറ്റിദ്ധാരണാജനകമായ ചിന്തകളാണുള്ളത്. ഭാവനാസമ്പന്നമായ പദ്ധതികൾ ആവിഷ്കരിച്ചാൽ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാൻ സാധിക്കും. പക്ഷെ, അത്തരത്തിലുള്ള ഒരു ശ്രമവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സർക്കാരിന്റെ കയ്യിൽ ഏതെങ്കിലും പദ്ധതികളുണ്ടോ; അങ്ങനെയുള്ള പുതിയ പദ്ധതികളെന്തെങ്കിലും ആവിഷ്കരിക്കാൻ ഗവൺമെന്റ് താൽപ്പര്യപ്പെടുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ മറുപടി പറഞ്ഞപ്പോൾ ഒരു കാര്യം അങ്ങ് ശ്രദ്ധിച്ചോയെന്ന് അറിയില്ല. 2010-11 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിലുണ്ടായിരുന്ന കടത്തെക്കുറിച്ച് പറഞ്ഞു. അന്നത്തെ കടത്തിന്റെ ശതമാനം പരിശോധിക്കാം. 2010-11-ൽനിന്നും 2015-16 ആയപ്പോഴേയ്ക്കും 100.03 ശതമാനമാണ് വർദ്ധിച്ചത്. എന്നാൽ 2016 മുതൽ 2021 വരെയുള്ള കാലവളവിലെ വർദ്ധന 88.66 ശതമാനമാണ്. അപ്പോൾ കടം കൂടുകയാണോ കുറയുകയാണോ ചെയ്തത്?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അങ്ങ് ശതമാനത്തിന്റെ കണക്ക് മാത്രമാണ് പറയുന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ശതമാനത്തിന്റെ കാര്യം മാത്രമല്ല,

കടമെടുത്ത തുകയുടെ കണക്കുകൂടിയാണ് പറയുന്നത്.

മി. സ്പീക്കർ: ചോദ്യത്തിനുള്ള ഉത്തരം ശ്രദ്ധിക്കുക. തർക്കത്തിന്റെ ആവശ്യമില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതിനാൽ കടം കൂട്ടുകയല്ല, കടം നിയന്ത്രിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവെന്നുള്ളതാണ് വ്യക്തമാകുന്നത്. ഈ പ്രതിസന്ധിക്കിടയിലും കേരളത്തെ മുന്നോട്ട് നയിക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ശ്രീ. നജീബ് കാന്തപുരം: സർ, വളരെ ഗുരുതരമായ സാഹചര്യത്തിലും അങ്ങ് കൃത്യമായ മറുപടിയല്ല നൽകുന്നത്. ഈ സാഹചര്യം വ്യക്തമാക്കാൻ, സാമ്പത്തിക രംഗത്തുള്ള ഏറ്റവും ദയനീയമായ ചിത്രം പുറത്തുകൊണ്ടുവരാൻ ഒരു ധവളപത്രം പുറത്തിറക്കാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അക്കാര്യം മറുപടിയിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റ് ആവുന്നത്ര ശ്രമിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാട് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിക്ക് ഒരു പ്രധാന കാരണമാണെന്നുകൂടി അങ്ങ് ഈ സന്ദർഭത്തിൽ മനസ്സിലാക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക

സ്ഥിതി അതിഭീകരമായി തകർന്നടിഞ്ഞിരിക്കുകയാണ്. ഭരണപക്ഷം ബഹളം വച്ചിട്ട് കാര്യമില്ല. ശ്രീലങ്കയെ ഓർത്തുപോകുന്ന സ്ഥിതിയിലേയ്ക്കാണ് കേരളം പോകുന്നത്. ഇത് എല്ലാവരുടെയും പൊതുപ്രശ്നമാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഇന്ത്യയിലെ എട്ട് സംസ്ഥാനങ്ങളിലൊന്നായി ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കേരളം മാറിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ പൊതുകടം മൂന്നര ലക്ഷം കോടി രൂപയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിച്ചു. 2011-16-ലെ ഒരു കണക്കിനെപ്പറ്റി പറഞ്ഞല്ലോ; ആ കണക്ക് എങ്ങനെ ശരിയാകും?

<u>മി. സ്പീക്കർ</u>: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ. എല്ലാ അംഗങ്ങളും സീറ്റുകളിൽ ഇരിക്കേണ്ടതാണ്. അദ്ദേഹത്തെ ചോദ്യം ചോദിക്കാൻ അനുവദിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, 2016 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം ഒന്നര ലക്ഷം കോടി രൂപയാണ്. സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പൊതുകടം മൂന്നര ലക്ഷം കോടി രൂപയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. അപ്പോൾ ഏത് കാലഘട്ടത്തിലാണ് കടം ക്രമാതീതമായി വർദ്ധിച്ചത്?

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് ചോദ്യം അവസാനിപ്പിക്കണം. ഇപ്പോൾ ഒന്നര മിനിട്ടായി. അങ്ങ് ദയവായി ഹെഡ് ഫോൺ വയ്ക്കണം. ചെയറിൽ നിന്നുള്ള നിർദ്ദേശം അങ്ങേയ്ക്കും ബാധകമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ശരി.

മി. സ്പീക്കർ: ബജറ്റ് ചർച്ചയിൽ ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യാവുന്നതാണ്. അങ്ങ് ഇപ്പോൾ ചോദ്യം ചോദിക്കൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സി.&എ.ജി. കിഫ്ബി എടുത്ത കടത്തെപ്പറ്റി വ്യക്തമാക്കിയിരുന്നു. (....ബഹളം....) എന്റെ ചോദ്യം ഇടയ്ക്കിടയ്ക്ക് നിങ്ങൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് ദയവായി ചോദ്യം ചോദിക്കൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കിഫ്ബി എടുത്ത കടം പൊതു കടത്തിന്റെ ഭാഗമാണെന്ന് സി.&എ.ജി. ചൂണ്ടിക്കാട്ടിയിരുന്നു. ഏപ്രിൽ മാസത്തെ കടമെടുപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചപ്പോൾ കേന്ദ്ര സർക്കാരും സി.&എ.ജി. പറഞ്ഞതിനെ ശരിവയ്ക്കുകയായിരുന്നു. അങ്ങനെയാണെങ്കിൽ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ നിലപാടെന്താണ്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 2010-11, 2020-21 എന്നീ കാലഘട്ടങ്ങളിലെ കണക്കുകൾ തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ഞാൻ

പറഞ്ഞതുസംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം വിശദീകരണം ചോദിച്ചത്. അതായത് കേരളം രൂപീകൃതമായ അന്നുമുതൽ 2010-11 വരെയുള്ള കേരളത്തിന്റെ ആകെ കടം 78673 കോടി രൂപയാണ്. എന്നാൽ അഞ്ചുവർഷക്കാലംകൊണ്ട് ആ കടം 157370 കോടിരൂപയായി വർദ്ധിച്ചു. വർദ്ധനയുടെ നിരക്ക് നൂറ് ശതമാനത്തിലധികമാണ്. 1957 മുതൽ 2011 വരെയുള്ള കടവും അതിനുശേഷം അഞ്ചുവർഷക്കാലംകൊണ്ട് ഇരട്ടിയിലധികം കടവുമാണ് വരുത്തിയത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അംഗങ്ങൾ ഇടയ്ക്കിടയ്ക്ക് ഇടപെടുന്നത് ശരിയല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, എന്നാൽ 2020-21-ൽ 88.66 ശതമാനം മാത്രമാണ് കേരളത്തിന്റെ കടം. കേരളത്തെ ശ്രീലങ്കയുമായി താരതമ്യം ചെയ്യാൻ അങ്ങ് ശ്രമിക്കുകയുണ്ടായി. ഒരു കാരണവശാലും ശ്രീലങ്കയോടൊപ്പം കേരളത്തിന് പോകേണ്ടിവരില്ലെന്ന് ഉറപ്പിച്ച് പറയാൻ സാധിക്കും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി ചോദ്യങ്ങൾ കൃത്യവും പ്രസക്തവുമാക്കാൻ ശ്രദ്ധിക്കണം. പരത്തി സംസാരിച്ചാൽ ചോദ്യത്തിന്റെ പ്രസക്തി നഷ്ടപ്പെടും.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പറയുമ്പോൾ ഭരണപക്ഷം എന്തിനാണ് ഇങ്ങനെ അസ്വസ്ഥരാകുന്നതെന്ന് മനസ്സിലാകുന്നില്ല. കേരളത്തിന്റെ സാമ്പത്തികനില ഗുരുതരാവസ്ഥയിലാണെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിത്യനിദാന ചെലവുകൾക്കായി സർക്കാർ കടമെടുത്തുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻവേണ്ടിയുള്ള പുതിയ നികുതി നിർദ്ദേശങ്ങളോ സംവിധാനങ്ങളോ ഇതുവരെ പ്രഖ്യാപിക്കപ്പെടുകയോ അത്തരത്തിലുള്ള പദ്ധതികളുമായി മുന്നോട്ടുപോവുകയോ ചെയ്തിട്ടില്ല. സംസ്ഥാനത്ത് നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വലിയ തോതിലുള്ള അനാസ്ഥയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ഈ അനാസ്ഥ മാറ്റി നികുതി കുടിശിക പിരിച്ചെടുത്ത് സംസ്ഥാനത്തിന്റെ സാമ്പത്തികമാന്ദ്യം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് സാധിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, അങ്ങ് ഇവിടെ വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് ചൂണ്ടിക്കാണിച്ചത്. പലപ്പോഴും ചർച്ച ചെയ്യപ്പെട്ടൊരു കാര്യമാണിത്. സംസ്ഥാനത്തെ നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്ന സന്ദർഭത്തിൽ പലതരത്തിലുള്ള പ്രയാസങ്ങൾ ഉണ്ടാകാറുണ്ട്. ആ പ്രയാസങ്ങളെല്ലാം ഒഴിവാക്കിക്കൊണ്ട് ഖജനാവിന് കിട്ടേണ്ട നികുതി കൃത്യമായി

ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അത് കൂടുതൽ ശക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളം മറ്റൊരു ശ്രീലങ്കയാകുമെന്നത് ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പറഞ്ഞതല്ല, സത്യത്തിൽ അത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പബ്ലിക്കേഷനിൽ വന്നൊരു ആർട്ടിക്കിളാണ്. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് പോകുന്നതിന് ധാരാളം ഘടകങ്ങളുണ്ട്. 2011-16 കാലഘട്ടത്തിൽ 30000 കോടി രൂപ റവന്യൂ വരുമാനത്തിൽ കുറവുണ്ടെന്ന് പറഞ്ഞ് അന്നത്തെ ഗവൺമെന്റിനെ വിമർശിച്ചത് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ആയിരുന്നു. എന്നാൽ, 2016-21 അതായത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ റവന്യൂ വരുമാനത്തിന്റെ കമ്മിയെന്നു പറയുന്നത് 72008 കോടി രൂപയാണ്. ഈ ഗവൺമെന്റ് വരുമാനം കൂട്ടുന്നതിനായി ഒന്നും ചെയ്യുന്നില്ലെന്ന് മാത്രമല്ല ധൂർത്തും ആഡംബരവുമായി മുന്നോട്ടുപോവുകയുമാണ്. ഇത് തടയാൻ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പുതിയ കാലഘട്ടത്തിൽ വികസന-ക്ഷേമ പ്രവർത്തനങ്ങളിൽനിന്നും പുറകോട്ട് പോകാനല്ല സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ക്ഷേമപ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും നടത്തുമ്പോൾ റവന്യൂ കമ്മി കൂടുമെന്നത് സ്വാഭാവികമാണ്. അത് കേരളത്തിന്

ഭാവിയിൽ കൂടുതൽ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായകരമായി മാറും.

ശ്രീ. പി. നന്ദകുമാർ: സർ, കടമെടുക്കുന്നത് വലിയൊരു അപരാധമായി കാണാൻ കഴിയുമോ; ലോകത്തിലെ ഏതെങ്കിലും രാജ്യത്തിനോ സംസ്ഥാനങ്ങൾക്കോ കടമില്ലാത്തതായിട്ടുണ്ടോ? മുൻ യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചതുപോലെ സാമ്പത്തിക ബാധ്യതയുടെ പേരിൽ സ്കൂളുകളും പൊതുമേഖലാ സ്ഥാപനങ്ങളും അടച്ചുപൂട്ടാൻ ഈ സർക്കാരിന് ഉദ്ദേശ്യമുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇല്ല. സ്കൂളുകൾ കൂടുതൽ മെച്ചപ്പെടുത്തുകയെന്ന നയം സ്വീകരിച്ചതുകൊണ്ട് സ്വകാര്യ സ്കൂളുകളിലേയ്ക്ക് പോയിരുന്ന, സമ്പന്നരുടെ സ്കൂളുകളിൽ പോയിരുന്ന പത്ത് ലക്ഷത്തിലധികം കുട്ടികൾ പൊതുവിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുവരാനിടയായിട്ടുണ്ട്. അതോടൊപ്പം പാവപ്പെട്ട കുട്ടികൾക്ക് കൂടുതൽ മെച്ചപ്പെട്ട പഠന സൗകര്യമൊരുക്കാൻ ആവശ്യമായ സംവിധാനങ്ങളാണ് സംസ്ഥാനത്ത് ഒരുക്കുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത 332291 കോടി രൂപയാണെന്ന് അങ്ങ് മറുപടി പറയുകയുണ്ടായി. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള ചില നിർദ്ദേശങ്ങളും മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുകയെന്ന ഭാഗമുണ്ട്. ഏപ്രിൽ മാസത്തിനുശേഷം ജനജീവിതം ദുരിതപൂർണ്ണമാണ്.

വൈദ്യുതി ചാർജ്ജ്, ബസ് ചാർജ്ജ്, വെള്ളക്കരം എന്നിവ കൂട്ടുകയും ഭൂനികുതി വർദ്ധിപ്പിക്കുകയും ചെയ്യിരിക്കുകയാണ്. കോവിഡ് മഹാമാരി സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിച്ചിട്ടുണ്ടെന്ന് പറയുമ്പോൾ കോവിഡ് ബാധിച്ച് ജനങ്ങളാകെ ദുരിതത്തിലായിരിക്കുന്ന അവസ്ഥയിലാണ് അവരുടെമേൽ ഇത്തരം നികുതി ഭാരംകൂടി അടിച്ചേൽപ്പിക്കുന്നത്. ധൂർത്ത് കുറയ്ക്കും, ചെലവ് കുറയ്ക്കും എന്നൊക്കെ പറയുമ്പോഴും കഴിഞ്ഞ ദിവസങ്ങളിൽ പുറത്തുവന്ന വാർത്തകൾ സർക്കാരിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നതാണ്. ഇത്രയും ഗുരുതരമായ സാമ്പത്തിക അവസ്ഥയിൽ നിൽക്കുന്ന സർക്കാർ കേരളത്തെ സാമ്പത്തികമായി തകർക്കുന്ന കെ-റെയിൽ പോലെയുള്ള വിനാശകരമായ പദ്ധതിയിൽനിന്നും പിന്മാറുമെന്ന് ഈ സഭയിൽ പ്രഖ്യാപിക്കാൻ കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേരളത്തിലെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് ഞാൻ പറഞ്ഞു. നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടിട്ടുണ്ട്. അതേ സമയം നികുതി വർദ്ധിപ്പിക്കാൻ പാടില്ലെന്ന ആവശ്യവും അവർ ഉന്നയിച്ചിട്ടുണ്ട്. ഒരേ സമയം രണ്ട് കാര്യങ്ങളാണ് പ്രതിപക്ഷത്തുനിന്നും പറയുന്നത്. ഇവ രണ്ടുംകൂടി എങ്ങനെ യോജിച്ചുപോകുമെന്ന് ആലോചിക്കണം. മറ്റൊരു കാര്യം, കേരളത്തിന് ആവശ്യമുള്ള ഒരു വികസന പ്രവർത്തനത്തിൽനിന്നും പുറകോട്ടുപോകാൻ ഗവൺമെന്റ് തയ്യാറാകില്ല.

സംസ്ഥാനത്തിന് ആവശ്യമുള്ള വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല.

ശ്രീ. ഇ. കെ. വിജയൻ: സർ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി ഭാവി തലമുറയെ കണ്ടുകൊണ്ട് പാവപ്പെട്ട മനുഷ്യരുടെ ജീവിതനിലവാരം ഉയർത്താനുള്ള പ്രവർത്തനങ്ങളാണ് കേരളത്തിൽ നടക്കുന്നത്. കേരളീയ സമൂഹത്തിന് ആ വസ്തുത ബോധ്യമായതിനെത്തുടർന്നാണ് വീണ്ടും എൽ.ഡി.എഫ്. സർക്കാർ അധികാരത്തതിൽ വന്നത്. കോവിഡ്-പ്രളയ കാലഘട്ടങ്ങളിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച സമീപനമെന്താണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഫെഡറൽ സംവിധാനത്തിന് വിരുദ്ധമായ കേന്ദ്ര സർക്കാരിന്റെ നിലപാടുകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഏതെല്ലാം മേഖലകളിലാണ് ഈ സമീപനം കേന്ദ്ര സർക്കാർ കൈക്കൊണ്ടതെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതിന് കൃത്യമായ മറുപടി പറയാൻ ഇപ്പോൾ സാധിക്കുകയില്ല. അത് പ്രത്യേക ചോദ്യമായി ഉന്നയിക്കേണ്ടതാണ്. കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ കൃത്യമായി ചൂണ്ടിക്കാണിക്കാൻ സംസ്ഥാന സർക്കാർ തയ്യാറായിട്ടുണ്ട്. ജി.എസ്.ടി. കൗൺസിൽ യോഗം നടന്നുകൊണ്ടിരിക്കുകയാണ്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിൽ

പങ്കെടുക്കുന്നുണ്ട്. കേരളത്തിന്റെ താൽപ്പര്യങ്ങൾ എങ്ങനെ സംരക്ഷിക്കണമെന്നതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി. കൗൺസിലിൽ കൃത്യമായി പറയുന്നതാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, നികുതി വർദ്ധിപ്പിക്കണമെന്ന് പ്രതിപക്ഷത്തുനിന്നും ആരും ആവശ്യപ്പെട്ടിട്ടില്ല. നികുതി വരുമാനവും നികുതിയേതര വരുമാനവും അഞ്ച് വർഷംകൊണ്ട് ഇരട്ടിയാക്കുമെന്ന് 2016 ജൂൺ മാസത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കാണ് പറഞ്ഞത്. അതിൽ ഗവൺമെന്റ് സമ്പൂർണ്ണമായും പരാജയപ്പെട്ടത് ഇന്നത്തെ പ്രതിസന്ധിക്ക് ഒരു പ്രധാന കാരണമാണ്. മാർക്കറ്റ് റേറ്റിനെക്കാൾ കൂടുതൽ തുകയ്ക്ക് പലിശയ്ക്കെടുത്ത കടങ്ങളുണ്ട്. ക്രമാതീതമായി കടം വർദ്ധിക്കുമ്പോൾ പലിശയും വളരെയധികം വർദ്ധിക്കുകയാണ്. 2001-2006 സർക്കാരിന്റെ ഭരണകാലത്ത് കെ. ശങ്കരനാരായണൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഒരു ഡെബ്റ്റ് സ്വാപ് സ്കീം കൊണ്ടുവന്നു. ഉയർന്ന പലിശ നിരക്കിലുള്ള കടങ്ങളെല്ലാം യോജിപ്പിച്ച് മാർക്കറ്റ് റേറ്റിലോ അതിനു താഴെയുള്ള പലിശ നിരക്കിലേയ്ക്കോ കൊണ്ടുവരാൻ സ്വീകരിച്ച ആ തീരുമാനം, അന്നത്തെ ഡെബ്റ്റ് സ്വാപ് സ്കീം വീണ്ടും നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, നികുതി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചാണ്

വീണ്ടും ചോദ്യം വന്നിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ ധനകാര്യ വകുപ്പുമന്ത്രി നികുതി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് പറഞ്ഞുവെന്നും അക്കാര്യത്തിൽ എന്താണ് ചെയ്തതെന്നുമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. അപ്പോൾ നികുതി വർദ്ധിപ്പിക്കണമെന്നുതന്നെയാണ് അങ്ങും പറയുന്നത്. അതിനുള്ള മറുപടിയാണ് ഞാൻ നേരത്തെ പറഞ്ഞത്. ഒരു ഭാഗത്ത് നികുതി വർദ്ധിപ്പിക്കണമെന്നും മറുഭാഗത്ത് നികുതി കുറയ്ക്കണമെന്നുമുള്ള സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. നികുതിയും പിരിവും വർദ്ധിപ്പിക്കണമെന്നാണ് പറയുന്നത്. അതുതന്നെയാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. കടമെടുക്കാതെ ഒരു ഗവൺമെന്റിനും മുന്നോട്ടുപോകാൻ കഴിയില്ല. ഇന്ത്യാ ഗവൺമെന്റുതന്നെ പരിധിയില്ലാതെ കടമെടുത്തിട്ടുണ്ട്, വിവിധ സംസ്ഥാനങ്ങളും കടമെടുത്തിട്ടുണ്ട്. കടമെടുക്കാതെ മുന്നോട്ടുപോകാനുള്ള സാമ്പത്തികസ്ഥിതി കേരളത്തിനില്ലെന്ന് എല്ലാവർക്കുമറിയാം. കടമെടുത്തുതന്നെ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടത്തി മുന്നോട്ടുപോകണം. അതിന്റെ പേരിൽ ഭാവിയിൽ എന്തുചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ചാണ് ചർച്ച ചെയ്യേണ്ടത്. തീർച്ചയായും കടം കുറയ്ക്കണമെന്ന് തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എച്ച്. സലാം</u>: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തേക്കാൾ മികച്ച ധനകാര്യ മാനേജ്മെന്റാണെങ്കിലും ജി.എസ്.ടി.-യുടെ നഷ്ടപരിഹാരം

പൂർണ്ണമായും ലഭിക്കാത്തത് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് മുഖ്യമായ കാരണമാണ്. ഇതിന്റെ കാലാവധി നീട്ടിക്കിട്ടാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാടും അതിനോട് കേന്ദ്ര സർക്കാർ സ്വീകരിച്ച നിലപാടും വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ജി.എസ്.ടി. നടപ്പിലാക്കിക്കഴിഞ്ഞപ്പോൾ ഓരോ സംസ്ഥാനത്തിനും വന്ന നഷ്ടം പരിഹരിക്കുന്നതിനുവേണ്ടിയാണ് ജി.എസ്.ടി. കോമ്പൻസേഷൻ കൊടുക്കാനുള്ള തീരുമാനമുണ്ടായത്. അത് ഓരോ വർഷവും കുറഞ്ഞുവരികയാണ് ചെയ്യുന്നത്. 2024-ഓടുകൂടി ജി.എസ്.ടി.-യുടെ കോമ്പൻസേഷൻ തീരെ കിട്ടില്ലെന്ന അവസ്ഥയിലേയ്ക്ക് വരികയാണ്. കേന്ദ്രസർക്കാർ ഇക്കാര്യത്തിലെടുക്കുന്ന നിലപാട് ശരിയല്ലെന്നുള്ള കാര്യം സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി. പോലെ മറ്റ് നികുതി വരുമാനങ്ങളും കേരളത്തിന് വർദ്ധിപ്പിച്ചുതരണമെന്ന ആവശ്യം സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്.

## സഹകരണ ബാങ്ക് ക്രമക്കേടുകൾ തടയാൻ നടപടി

3 (*33) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ ബാങ്ക് ക്രമക്കേടിനുശേഷവും സംസ്ഥാനത്ത് സഹകരണ ബാങ്കിംഗ് മേഖലയിൽ സമാനമായ ക്രമക്കേടുകൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തിലുള്ള സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ (ജനറൽ) അന്വേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) 2022 ജനുവരി 22-ന് അന്വേഷണ റിപ്പോർട്ട് സഹകരണ വകുപ്പിന് സമർപ്പിച്ചെങ്കിലും ഭരണസമിതിക്കെതിരെ നടപടിയെടുത്തിട്ടില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) കരുവന്നൂർ ബാങ്ക് ക്രമക്കേടിനുശേഷവും വകുപ്പുതല അന്വേഷണത്തിൽ ഏതാനും സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ നിയമത്തിലെ വകുപ്പുകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ,

സഹകരണസംഘം രജിസ്ട്രാറുടെ കാലാകാലങ്ങളിലുള്ള സർക്കുലർ നിർദ്ദേശങ്ങൾ, സംഘം നിയമാവലി വ്യവസ്ഥകൾ എന്നിവ പാലിക്കുന്നതിൽ സഹകരണസംഘം ഭരണസമിതിയും ജീവനക്കാരും വീഴ്ച വരുത്തുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 65, 66-ലെ വ്യവസ്ഥകൾ പ്രകാരമുള്ള പരിശോധനയിൽ ക്രമക്കേടുകൾക്കുള്ള കാരണം കണ്ടെത്തി നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ കണ്ടല സർവ്വീസ് സഹകരണ ബാങ്ക് റ്റി. 197-ൽ വിവിധ വിഷയങ്ങളിലായി സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണത്തിൽ വിവിധ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്കിന്റെ പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകളിന്മേൽ സഹകരണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടാക്കട അസിസ്റ്റന്റ് രജിസ്ട്രാർ അന്വേഷണം നടത്തി 22-01-2022-ലെ ഒ.1723/2021 നമ്പറായുള്ള റിപ്പോർട്ട് 04-02-2022-ന് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കുകയും ടി റിപ്പോർട്ടിൽ കണ്ടല സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ പരാമർശിച്ചിട്ടുള്ളതും ടി റിപ്പോർട്ടിന്മേൽ സംഘത്തിൽനിന്നും

വിശദീകരണം തേടി സഹകരണ നിയമം വകുപ്പ് 32 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ഡി) സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ സംഘത്തിന്റെ വിശദീകരണം തേടേണ്ടത് നിയമപ്രകാരമുള്ള ബാധ്യതയായതിനാൽ ടി റിപ്പോർട്ടിന്മേൽ തുടർനടപടികൾക്ക് സംഘത്തിന്റെ വിശദീകരണം തേടി 21-03-2022-ന് സംഘം സെക്രട്ടറിക്ക് കത്ത് കൊടുത്തിരുന്നു. 30-04-2022 വരെ ആയതിന് സംഘത്തിന് സമയം അനുവദിച്ചിരുന്നതുമാണ്. സംഘം പ്രസ്തുത വിശദീകരണം 12-05-2022-ൽ സമർപ്പിച്ചിരുന്നു. പ്രസ്തുത വിശദീകരണത്തിന്മേൽ അസിസ്റ്റന്റ് രജിസ്ട്രാറുടെ അഭിപ്രായം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നതും അതിന്റെ അടിസ്ഥാനത്തിൽ 30-05-2022-ന് ആയത് ലഭ്യമാക്കിയിട്ടുള്ളതുമാണ്. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ തൃപ്തികരമായ വിശദീകരണം സമർപ്പിക്കാൻ സംഘത്തിന് കഴിഞ്ഞിട്ടില്ലാത്ത സാഹചര്യം ബോധ്യമായതിനാൽ സഹകരണ നിയമം വകുപ്പ് 32 (1) (എ) (സി) പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടാതിരിക്കാൻ കാരണമുണ്ടെങ്കിൽ നേരിട്ട് ബോധ്യപ്പെടുത്തുവാൻ 28-06-2022-ന് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സമയം അനുവദിച്ച് നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ടി വിഷയത്തിൽ കാലതാമസമില്ലാതെതന്നെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നൂറ് കോടി രൂപയുടെ തട്ടിപ്പ് നടന്നു. അതിനേക്കാൾ വലിയ തട്ടിപ്പാണ് തിരുവനന്തപുരം കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ നടത്തിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത ബാങ്കിൽ നടപടികൾ പാലിക്കാതെയും വകുപ്പിന്റെ അനുമതിയില്ലാതെയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ പാർട്ടിക്കാരെ അനധികൃതമായി നിയമിക്കുകയും വകുപ്പിന്റെ അനുമതി കൂടാതെതന്നെ അവർക്ക് ഗ്രേഡും ശമ്പളവും നൽകിയതോടൊപ്പം ശമ്പളപരിഷ്കരണവും അനുവദിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഒരേസമയം 23 കളക്ഷൻ ഏജന്റുമാർവരെ ഈ ബാങ്കിൽ ഉണ്ടായിരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിനുള്ള ഉത്തരം ഞാൻ ആദ്യം വായിച്ച മറുപടിയിലുണ്ട്. പ്രസ്തുത വിഷയത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം കൃത്യമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയും അനന്തര നടപടി സ്വീകരിക്കുന്നതിന്റെ ആദ്യപടിയായി സഹകരണ നിയമം വകുപ്പ് 32 പ്രകാരം സഹകരണ ജോയിന്റ് രജിസ്ട്രാർ ഭരണസമിതി പിരിച്ചുവിടുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുമുണ്ട്. പ്രസ്തുത നോട്ടീസിന് മറുപടി ലഭ്യമായശേഷം സഹകരണ നിയമം 68(1)(2)

വകുപ്പ് പ്രകാരം സംഘത്തിന്റെ ബാധ്യതകൾ കണക്കാക്കുന്നതിനുള്ള നടപടികൂടി പൂർത്തീകരിച്ചാൽ മാത്രമേ ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകുകയുള്ളൂ. പ്രസ്തുത വിഷയത്തിൽ നോട്ടീസ് നൽകിയപ്പോൾത്തന്നെ ബാങ്ക് ഭരണസമിതി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനാൽ ടി വിഷയം ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കാലാകാലങ്ങളായി സഹകരണ മേഖലയിൽ ഒട്ടേറെ തട്ടിപ്പുകൾ നടക്കുകയും അതുസംബന്ധിച്ച് സഹകരണ നിയമത്തിലെ 65, 68 (1) തുടങ്ങിയ വകുപ്പുകൾ പ്രകാരം അന്വേഷണങ്ങൾ നടക്കുകയും ചെയ്യുന്നുണ്ട്. സഹകരണ മേഖലയിലെ തട്ടിപ്പുകൾക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനും ഭാവിയിൽ ഇത്തരം തട്ടിപ്പുകൾ ഉണ്ടാകാതിരിക്കുന്നതിനുമായി വ്യക്തമായ നിയമനിർമ്മാണമോ മറ്റ് നടപടിക്രമങ്ങളോ നാളിതുവരെ സർക്കാർ കൊണ്ടുവന്നിട്ടുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. സഹകരണ മേഖലയിൽ നിലവിലുള്ള 65, 68 (1) (2) വകുപ്പുകൾ പ്രകാരം ക്രമക്കേടുകൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുമ്പോഴുണ്ടാകുന്ന കാലതാമസംമൂലം പ്രതികൾ രക്ഷപ്പെടാനുള്ള അവസരമുണ്ടാകുന്നുവെന്ന സത്യം മനസ്സിലാക്കിക്കൊണ്ട് സഹകരണ മേഖലയിൽ സമഗ്രമായ നിയമഭേദഗതി കൊണ്ടുവരുന്നതിനായി ഗവൺമെന്റ് തീരുമാനമെടുക്കുകയും ഇതുസംബന്ധിച്ച്

കരട് നിയമം രൂപീകരിക്കുകയും ചെയ്തുകഴിഞ്ഞു. ഈ സഭാ സമ്മേളനം ധനാഭ്യർത്ഥനകൾക്ക് പ്രാമുഖ്യം നൽകുന്നതായതിനാൽ അടുത്ത സമ്മേളന കാലയളവിൽ സഹകരണ നിയമഭേദഗതികൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സമഗ്രമായ നിയമഭേദഗതി കൊണ്ടുവന്ന് അങ്ങ് സൂചിപ്പിച്ച തരത്തിലുള്ള പോരായ്മകൾ പരിഹരിക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പുനൽകുകയാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, കണ്ടല സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ അന്വേഷണ റിപ്പോർട്ടുപ്രകാരം പ്രസ്തുത ബാങ്ക് നൽകിയ 102 കോടി രൂപയുടെ വായ്പയിൽ 37 കോടി രൂപ നൽകിയത് തികച്ചും അനധികൃതവും നിയമവിരുദ്ധവുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത ബാങ്ക് പ്രസിഡന്റിന്റെ കുടുംബത്തിനുതന്നെ ലക്ഷക്കണക്കിന് രൂപയുടെ വായ്പ അനുവദിച്ചതായും പറയപ്പെടുന്നുണ്ട്. അനധികൃത വായ്പകൾ നൽകിയത് സഹകരണ ചട്ടങ്ങൾ, നിയമങ്ങൾ, ബാങ്കിന്റെ നിയമാവലി എന്നിവയ്ക്ക് വിരുദ്ധമായും സഹകരണ രജിസ്ട്രാറുടെ സർക്കുലറുകൾ ലംഘിച്ചുകൊണ്ടുമാണെന്ന് കണ്ടെത്തിയിട്ടും ഇതുസംബന്ധിച്ച് നടപടികൾ സ്വീകരിക്കാൻ വൈകുന്നത് എന്തുകൊണ്ടാണ്; അനധികൃതമായി നൽകിയ വായ്പകൾ തിരിച്ചുപിടിക്കുകയും

നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തവർക്കെതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്യുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഞാൻ ആദ്യം നൽകിയ മറുപടിയിൽ ഇതുസംബന്ധിച്ചെല്ലാം സൂചിപ്പിച്ചിട്ടുണ്ട്. വകുപ്പുതല അന്വേഷണ റിപ്പോർട്ട് ലഭിച്ചയുടൻ അസിസ്റ്റന്റ് രജിസ്ട്രാർ പ്രസ്തുത റിപ്പോർട്ട് ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിക്കുകയും ജോയിന്റ് രജിസ്ട്രാർ റിപ്പോർട്ടിന്മേൽ നിയമാനുസൃതമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ബാങ്ക് ഭരണസമിതി മറുപടി കൊടുക്കേണ്ട അവസാന തീയതി ഇന്ന് (28-06-2022) ആണ്. എങ്കിലും അവർ കോടതിയിൽ പോയിരിക്കുകയാണ്. പ്രസ്തുത വിഷയത്തിൽ വകുപ്പിന്റെ ഭാഗത്തുനിന്നും അൽപ്പംപോലും കാലതാമസം വന്നിട്ടില്ലെന്നുമാത്രമല്ല, സമയബന്ധിതമായി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. യാതൊരു കാരണവശാലും കുറ്റം ചെയ്തവരെ രക്ഷപ്പെടാൻ അനുവദിക്കില്ല.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, സഹകരണ ബാങ്കുകളിൽ വായ്പയ്ക്ക് ഈടായി നൽകുന്ന വസ്തുവകകൾ സഹകരണ വകുപ്പിന്റെയോ ജില്ലാ രജിസ്ട്രാറുടെയോ അനുമതികൂടാതെ വിൽക്കാൻ സാധിക്കുമോ; അങ്ങനെയാണെങ്കിൽ കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ രണ്ടു കോടി രൂപ വായ്പയ്ക്ക് ഈടായി നൽകിയ മാറനല്ലൂർ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന്റെ നേതൃത്വത്തിലുള്ള

ക്ഷീരകമ്പനിയുടെ ഭൂമി കണ്ടല സഹകരണ ബാങ്ക് പ്രസിഡന്റ് 2022 മേയ് 28-ന് പത്രപരസ്യം നൽകി വിൽപ്പനയ്ക്കുവച്ചത് ആരുടെ അനുമതി പ്രകാരമാണ്; പ്രസ്തുത കച്ചവടനീക്കം അനധികൃതമാണെങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ നടന്നിട്ടുള്ള അന്വേഷണത്തിൽ ഇതുസംബന്ധിച്ചും റിപ്പോർട്ട് വന്നിട്ടുണ്ട്, അതിന്മേൽ നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. റോജി എം. ജോൺ: സർ, കണ്ടല സർവ്വീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് അങ്ങ് സൂചിപ്പിച്ച സഹകരണ നിയമം 65 പ്രകാരമുള്ള അന്വേഷണത്തിൽ വ്യാപകമായ ക്രമക്കേടുകൾ കണ്ടെത്തിയതായും ഏകദേശം 100 കോടി രൂപയുടെ ക്രമക്കേടുകൾ നടന്നതായി പറയപ്പെടുകയും ചെയ്യുമ്പോൾത്തന്നെ പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദിയായ വ്യക്തി മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കൺവീനറായി തുടരുകയും ചെയ്യുകയാണ്. ഇത്തരം ക്രമക്കേടുകൾ നടത്തുന്നവർക്ക് സംരക്ഷണം കൊടുക്കുന്നത് ആരാണ്; പ്രസ്തുത വ്യക്തി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കൺവീനറായി തുടരുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; അത്തരം ആളുകളെ സംരക്ഷിക്കുന്നതിനായി നിയമനിർമ്മാണം

നടത്താൻ പോകുന്നുവെന്ന് മനസിലാക്കാൻ സാധിച്ച സാഹചര്യത്തിൽ, സഹകരണ മേഖലയിൽ ക്രമക്കേടുകൾ നടത്തുന്ന വ്യക്തികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, ക്രമക്കേട് ആരുടെ ഭാഗത്തുനിന്നുണ്ടായാലും സർക്കാർ ശക്തമായ നടപടി സ്വീകരിക്കും. സംസ്ഥാനത്ത് കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ മാത്രമല്ല ക്രമക്കേടുകൾ എവിടെ നടന്നാലും നടപടി സ്വീകരിക്കുന്നതാണ്, ഉത്തരവാദികളായവരെ വെറുതെ വിടാൻ അനുവദിക്കില്ല.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, സാമ്പത്തിക-സാമൂഹിക ജീവിതത്തിന്റെ സുപ്രധാന ഘടകമെന്ന നിലയ്ക്ക് സഹകരണ മേഖലയുടെ സാർവ്വത്രികവും സമഗ്രവുമായ വികസനത്തിനാവശ്യമായ രീതിയിൽ നിലവിലുള്ള സഹകരണ സംഘങ്ങളുടെ പരാധീനത പരിഹരിച്ചുകൊണ്ടും പുതിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചുകൊണ്ടും പൊതുജീവിതത്തിന്റെയും സാമ്പത്തിക ജീവിതത്തിന്റെയും സംരക്ഷണം ഏറ്റെടുക്കുന്ന തരത്തിൽ സഹകരണ മേഖലയിൽ പുനഃക്രമീകരണം നടത്താൻ പദ്ധതികളുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും സഹകരണ പ്രസ്ഥാനങ്ങൾ

ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെയുള്ള കാര്യങ്ങളിൽ ബന്ധപ്പെടാൻ കഴിയുന്ന രീതിയിൽ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ വിപുലവും വിശാലവുമാക്കിത്തീർത്തിരിക്കുകയാണ്. കൂടാതെ യുവജനങ്ങളുടെ സംഘം, എസ്.സി./എസ്.ടി. സംഘം, നെല്ലുൽപ്പാദന സഹകരണ സംഘം തുടങ്ങി പുതുതായി രൂപീകരിക്കപ്പെട്ട സംഘങ്ങളും അവയുടെ പ്രവർത്തനത്തിന്റെ വിശാലതകളും കൂടുതൽ ഭാവനാസമ്പന്നമായ പ്രവർത്തനങ്ങൾക്ക് രൂപവും ഭാവവും നൽകി ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എല്ലാതലത്തിലുമുള്ള ഉയർന്ന രൂപത്തിലേയ്ക്ക് എത്തിപ്പെടുന്നതിനായി സഹകരണ മേഖല അതിന്റെ സാധ്യതകൾ ഇനിയും പ്രയോജനപ്പെടുത്താൻ മുന്നോട്ടുവരികയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സഹകാരികളിൽനിന്നും സമാഹരിക്കുന്ന ഫണ്ട് തിരിമറിചെയ്യുന്നതുപോലെതന്നെ ഫണ്ട് ഉപയോഗപ്പെടുത്താതിരിക്കുന്നതും മറ്റൊരു തരത്തിൽ ദുർവ്യയമാണ്. ഇക്കാര്യം ഞാൻ പറയാൻ കാരണം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ (PACS- Primary Agricultural Co-operative Societies) അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സ്റ്റബിലൈസേഷൻ ഫണ്ട് നിലവിലുണ്ട്. ലാഭത്തിന്റെ 7% ഇതിനായി മാറ്റിവയ്ക്കണം. എന്നാൽ പലതരത്തിലുള്ള നിബന്ധനകൾ കാരണം ഒരുകാലത്തും ടി തുക വിനിയോഗിക്കപ്പെടുന്നില്ല. ഹ്രസ്വകാല വായ്പകളിൽ വീഴ്ച വരുത്തുമ്പോൾ അത്

ദീർഘകാല-മധ്യകാല വായ്പകളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾക്കുമാത്രമേ പ്രസ്തുത ഫണ്ട് ഉപയോഗിക്കാൻ പാടുള്ളൂവെന്നതിനാൽ ആ നിബന്ധനകളിൽ മാറ്റം വരുത്തണം. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കാർഷിക വിപണിയുമായി ബന്ധപ്പെട്ട ചോദ്യത്തിന് ഇന്ന് മറുപടി പറഞ്ഞിരുന്നു. ഇവിടെയുള്ള പ്രധാന പ്രശ്നം ഗോഡൗൺ നിർമ്മിക്കാൻ നബാർഡ് ഫണ്ട് നൽകുമെങ്കിലും സ്ഥലം വാങ്ങാൻ ഫണ്ട് നൽകില്ലെന്നുള്ളതാണ്. അതുകൊണ്ടുതന്നെ അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ടിനെ കർഷകർക്കോ കർഷക ക്ലബ്ബുകൾക്കോ സഹകരണ സംഘങ്ങൾക്ക് തന്നെയോ വിത്ത് ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിനുകൂടി ഉപയോഗപ്പെടുത്താവുന്നതാണെന്ന ഭേദഗതി വരുത്തിയാൽ സ്ഥലം വാങ്ങുന്നതോടൊപ്പം നബാർഡ് പോലുള്ള മറ്റ് ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ച് ഗോഡൗൺ നിർമ്മിക്കാനും സാധിക്കും. അതുകൊണ്ട് ഇത്തരത്തിൽ നിബന്ധനയിൽ ഭേദഗതിവരുത്താൻ സാധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഓരോ സംഘത്തിന്റെയും സർപ്ലസ് ഫണ്ടുകൾ non-earning asset ആണെന്ന കാര്യത്തിൽ സംശയമില്ല. അത് ലാഭകരമായി വിനിയോഗിക്കുകയെന്നതാണ് സംഘത്തിന്റെ പ്രധാന ദൗത്യം. അഗ്രികൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ട് സ്ഥലം വാങ്ങാനായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ, ഇന്നത്തെ ചട്ടങ്ങൾ അത് അനുശാസിക്കുന്നില്ല. ചട്ടത്തിൽ ഭേദഗതി വരുത്തി മാത്രമേ അങ്ങ്

പറഞ്ഞതുപോലെ ടി ഫണ്ട് മറ്റ് രൂപത്തിൽ വകമാറ്റി ചെലവഴിക്കാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, രാജ്യത്തിനും ലോകത്തിനും മാതൃകയായിട്ടുള്ള സഹകരണ പ്രസ്ഥാനമാണല്ലോ കേരളത്തിലേത്. കേരളത്തിലെ സഹകരണ മേഖലയുടെ വിശ്വാസ്യത തകർക്കാനുള്ള വലിയ നീക്കങ്ങൾ നടക്കുമ്പോഴും നിക്ഷേപ സമാഹരണംവഴി കഴിഞ്ഞ വർഷത്തേക്കാളധികം സംഖ്യ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അതിന്റെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇപ്രാവശ്യത്തെ നിക്ഷേപ സമാഹരണത്തിന് 6000 കോടി രൂപയാണ് ലക്ഷ്യമിട്ടിരുന്നത്. 9967.43 കോടി രൂപ സമാഹരിച്ചു. 3967.43 കോടി രൂപ അധികമായി കിട്ടിയത് അഭിമാനകരമാണെന്ന് മാത്രമല്ല, സഹകരണ മേഖലയുടെ സ്വീകാര്യതയും വിശ്വസനീയതയുമാണ് അത് സൂചിപ്പിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കരുവന്നൂർ ബാങ്ക് തട്ടിപ്പിന്റെ പശ്ചാത്തലത്തിൽ സഹകരണ മേഖലയിലെ അഴിമതി തടയാൻ നിലവിലുള്ള ഓഡിറ്റ് സംവിധാനം പൂർണ്ണമായും സ്വതന്ത്ര സംവിധാനമാക്കുമെന്നും ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിൽനിന്ന് ഡെപ്യൂട്ടി അക്കൗണ്ടന്റ്

റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ഡയറക്ടറായി നിയമിക്കുമെന്നും സാമ്പത്തിക ക്രമക്കേടുകൾ നടന്ന് പ്രാഥമിക സ്ഥിരീകരണം ലഭിച്ചാലുടൻ കേസ് രജിസ്റ്റർ ചെയ്യുന്നതിനും പ്രതികളുടെ സ്വത്ത് മരവിപ്പിക്കുന്നതിനും ആവശ്യമായ പുതിയ വകുപ്പുകൾ നിയമത്തിൽ കൂട്ടിച്ചേർക്കുമെന്നും സംസ്ഥാനത്തെ മുഴുവൻ സംഘങ്ങളിലും പൊതുമാനദണ്ഡമനുസരിച്ച് പരിശോധന നടത്തി ക്രമക്കേടുകളുണ്ടെങ്കിൽ നടപടിയെടുക്കാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തുമെന്നും ആറ് മാസം മുമ്പ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഒരു പ്രസ്താവന നടത്തിയിരുന്നു. ആ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചത്?

ശ്രീ. വി. എൻ. വാസവൻ: സർ, ഒന്നാമത്തെ കാര്യം കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥയെ ലഭ്യമാക്കാൻ പരിശ്രമിക്കുമെന്ന് പറഞ്ഞത് പ്രാവർത്തികമാക്കിയിട്ടുണ്ട്. ശ്രീമതി ഷെറിൻ എം. എസ്.-ന്റെ നേതൃത്വത്തിൽ ഓഡിറ്റ് വിംഗ് ശക്തിപ്പെടുത്തിയിരിക്കുന്നുവെന്ന കാര്യം അങ്ങയെ അറിയിക്കുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രണ്ടാമത്തെ കാര്യത്തിൽ, നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുമാത്രമേ ഉത്തരവാദികൾക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്ന നടപടിയിലേയ്ക്ക് വരാൻ കഴിയുകയുള്ളൂ. അതിനായി കരട് നിയമത്തിൽ ഭേദഗതികൊണ്ടുവന്നെങ്കിലും അടുത്ത നിയമസഭാ

സമ്മേളനത്തിൽ മാത്രമേ അത് പാസ്സാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അക്കാര്യത്തിലും നടപടി സ്വീകരിച്ചിരിക്കുന്നുവെന്ന കാര്യം സൂചിപ്പിക്കുകയാണ്.

## സഹകരണ സംഘങ്ങളിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

4 (*34) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപങ്ങളുടെ പലിശയ്ക്കും പരിധിയിൽക്കൂടുതൽ പണം പിൻവലിച്ചതിനും ആദായനികുതി അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ബാങ്ക് സഹകരണ ബാങ്കുകൾക്ക് നോട്ടീസ് നൽകിയിരുന്നോ;

(ബി) സാമൂഹ്യക്ഷേമ പെൻഷനും കെ.എസ്.ആർ.ടി.സി. പെൻഷനും വിതരണം ചെയ്യുന്ന 1600-ൽപ്പരം സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ സംഘങ്ങൾക്ക് ട്രഷറിയിൽനിന്ന് നേരിട്ട് പണം നൽകുന്നതിനോ ആദായ നികുതിയായി നൽകുന്ന തുക അധിക ഇൻസെന്റീവായി അനുവദിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) ആദായ നികുതി ആക്ട് 194 A, 194 N പ്രകാരം സംഘങ്ങളിൽനിന്നും

നികുതി ഈടാക്കാത്തതിനാൽ സംസ്ഥാന സഹകരണ ബാങ്കിന് ഭീമമായ തുക സാമ്പത്തിക ബാധ്യതയായി ആദായ നികുതി വകുപ്പ് ചുമത്തിയിട്ടുണ്ടായിരുന്നു. TDS തുക സംഘങ്ങളിൽനിന്ന് ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കാത്തപക്ഷം ബാങ്കിനെ അസെസ്സ് ചെയ്ത് ഡിഫാൾട്ടറായി കണക്കാക്കപ്പെടും. അക്കാരണത്താൽ ബാങ്കിന്റെ ഭരണസമിതി തീരുമാനപ്രകാരം ഡിമാൻഡ് നോട്ടീസ് സംഘങ്ങൾക്ക് അയച്ചിട്ടുണ്ട്. മേൽവിഷയത്തിൽ സംസ്ഥാന സഹകരണ ബാങ്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും താൽക്കാലിക സ്റ്റേ ഓർഡർ സ്വമേധയാ സമ്പാദിച്ചിട്ടുണ്ട്. ബാങ്കിന്റെ Core Banking Solutions പൂർത്തിയാക്കുന്ന മുറയ്ക്ക് സംഘങ്ങൾ നേരിടുന്ന RTGS/NEFT-യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും.

(ബി) വ്യക്തമാക്കാം. കേന്ദ്ര ആദായ നികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്തിട്ടുള്ള വകുപ്പ് 194 N-ൽനിന്നും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് പരിരക്ഷ ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ അതിന്മേൽ യാതൊരു നടപടിയും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. നിലവിൽ ആദായ നികുതി വകുപ്പിൽനിന്നും നേരിടുന്ന ഭീഷണിയിന്മേൽ കോടതി മുഖേന നിയമപരമായ പരിരക്ഷ നേടുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആദായ നികുതി വകുപ്പിൽനിന്നും നോട്ടീസ് ലഭിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ സ്വന്തം നിലയ്ക്കും കൂട്ടായും കോടതി

മുഖേന അനുകൂല ഉത്തരവുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിന്റെയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെയും സോഫ്റ്റ്‌വെയർ ഏകീകരണത്തിലൂടെ സാമൂഹ്യപെൻഷനും കെ.എസ്.ആർ.ടി.സി. പെൻഷനും വിതരണം ചെയ്യുന്ന സംഘങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സാധിക്കുന്നതാണ്.

(സി) ടി വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, സഹകരണ മേഖലയിലുണ്ടായിട്ടുള്ള ഗുരുതരമായ പ്രയാസങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇൻകം ടാക്സ്-എൻഫോർഴ്സ്മെന്റ് ഉദ്യോഗസ്ഥന്മാർ നിരന്തരമായി സംഘങ്ങളിൽ പരിശോധന നടത്തി ബുദ്ധിമുട്ടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം സംബന്ധിച്ച് കേന്ദ്രഗവൺമെന്റുമായി ചർച്ച നടത്തി തീരുമാനമെടുക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന് നിവേദനം കൊടുത്തിരുന്ന കാര്യം നേരത്തെ ഇവിടെ സൂചിപ്പിച്ചു. രണ്ടാമതായി കോടതിയിൽ പോകുകയും പോയ സംഘങ്ങൾക്കെല്ലാം സ്റ്റേ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, സാമൂഹ്യ സുരക്ഷാ പെൻഷൻ സർവ്വീസ് ബാങ്ക് മുഖേന ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അതിലെ

ഉദ്യോസ്ഥർ കൃത്യമായും സമയബന്ധിതമായും ബാങ്ക് പ്രവർത്തനത്തെ ബാധിക്കാത്ത രീതിയിലാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. വലിയ ജോലിഭാരമാണ് അവർക്കുള്ളത്. ഈ രീതിയിൽ മുന്നോട്ടുപോകാൻ ബുദ്ധിമുട്ടുള്ളതിനാൽ അവർക്ക് ഇൻസെന്റീവ് നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ അവർ വലിയൊരു സർവ്വീസാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കോവിഡ് കാലത്ത് ഈ മേഖലയിലെ ജീവനക്കാർ പി.പി.ഇ. കിറ്റ് ധരിച്ച് എല്ലാ വീടുകളിലും കൃത്യമായി പെൻഷൻ എത്തിച്ചിരുന്നുവെന്നത് വലിയൊരു സേവനമാണ്. അതിന് ചെറിയ രീതിയിലുള്ള സഹായം ഇപ്പോഴും ചെയ്യുന്നുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ആദായ നികുതി വകുപ്പിൽനിന്നും മറ്റ് ഏജൻസികളിൽനിന്നും സഹകരണ സംഘങ്ങൾ ഒരുപാട് ബുദ്ധിമുട്ടുകൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇനിയും കൂടുതൽ ബുദ്ധിമുട്ടുകളാണ് പ്രതീക്ഷിക്കേണ്ടത്. ഈ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സംരക്ഷണം നൽകേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. മറ്റ് സഹകരണ സംഘങ്ങളിൽ പണം നിക്ഷേപിക്കാനുള്ള അധികാരം സഹകരണ സംഘങ്ങൾക്ക് നൽകുമോ; ഇതുമായി ബന്ധപ്പെട്ട് സർക്കാർ നടപടി സ്വീകരിക്കുമോ; സാമൂഹ്യക്ഷേമ പെൻഷൻ വിതരണം ചെയ്യുന്ന

സംഘങ്ങൾക്ക് ഇൻസെന്റീവ് സമയബന്ധിതമായി നൽകാറുണ്ടോ; ഈ ഇനത്തിൽ നിലവിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുകയാണ്. സഹകരണ മേഖലയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന പ്രവണത നിലവിലില്ല. സാമൂഹ്യക്ഷേമ പെൻഷൻ വിതരണം ചെയ്യുന്ന സംഘങ്ങൾക്ക് ഇൻസെന്റീവ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

കാർബൺ ന്യൂട്രൽ ഗവേണൻസ് പദ്ധതി

5 (*35) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർബൺ ന്യൂട്രൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ;

(ബി) കാർബൺരഹിത വൈദ്യുതോൽപ്പാദനം പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) സൗരോർജ്ജത്തിന്റെ ഉപയോഗം വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ജനകീയ ഹരിത ഊർജ്ജ മിഷൻ പദ്ധതിയിലൂടെ സൗരോർജ്ജ

ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ ആക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി 10-11-2021-ലെ G.O.(Rt) No. 81/2021/Envt. പ്രകാരം വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരുകയും ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നതിനുതകുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് സമർപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ ഏജൻസികളും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റും കർമ്മപദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മപരിപ്രേക്ഷ്യത്തിന്റെ പരിഷ്കരിച്ച കരട്, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കാർബൺ ന്യൂട്രൽ കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുതകുന്ന തരത്തിൽ ഊർജ്ജം, വ്യവസായം, ഗതാഗതം, വനം, കൃഷി എന്നീ സെക്ടറുകളിൽനിന്നുള്ള കർമ്മപദ്ധതികളുൾപ്പെടുത്തിയാണ് കരട് തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ ഗവേണൻസ് പദ്ധതികളുടെ ഭാഗമായ വിവിധ പരിപാടികളിൽ ഒന്നാണ് 'സൗര' പദ്ധതി. ഇത് രണ്ട് ഘട്ടമായാണ് നടപ്പാക്കുന്നത് ഒന്നാം ഘട്ടം എല്ലാത്തരം ഉപഭോക്താക്കൾക്കും വേണ്ടിയുള്ളതാണ്. നിലവിൽ ഈ

പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.

മി. സ്പീക്കർ: മറുപടി ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മറുപടിയുടെ ബാക്കിഭാഗം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.......ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജി.എസ്.ടി. വരുമാനത്തിലെ കുറവ്

6 (*36) ശ്രീ. വി. ജോയി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതികളിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം ഗണ്യമായി കുറയുന്നതായി സി.&എ.ജി.യുടെ പരാമർശം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ

+ അനുബന്ധമായി ചേർക്കുന്നു.

വന്നതിനുശേഷം കേന്ദ്ര നികുതി വിഹിതത്തിൽ വന്നിട്ടുള്ള കുറവ് സംബന്ധിച്ച വിശദാംശം നൽകാമോ?

2020 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള സി.&എ.ജി.യുടെ ആഡിറ്റ് റിപ്പോർട്ടിൽ 2019-20 കാലയളവിൽ സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതത്തിലും ഗ്രാന്റ്-ഇൻ-എയ്ഡിലും കുറവ് വന്നതായി പരാമർശിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം 14-ാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് 15-ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. 10-ാം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം 14-ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും 15-ാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ കേന്ദ്ര നികുതി വിഹിതമായ 19038.17 കോടി രൂപയേക്കാൾ ഗണ്യമായ കുറവാണ് തുടർന്നുള്ള വർഷങ്ങളിൽ ഉണ്ടായിട്ടുള്ളത്. 2018-19 മുതൽ 2021-22 സാമ്പത്തിക വർഷം

വരെ ലഭ്യമായ കേന്ദ്ര വിഹിതത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | കേന്ദ്ര നികുതി വിഹിതം (തുക കോടിയിൽ) |
|---|---|
| 2018-19 | 19038.17 |
| 2019-20 | 16401.05 |
| 2020-21 | 11560.40 |
| 2021-22 (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം) | 17820.09 |

(ബി) അശാസ്ത്രീയമായി ജി.എസ്.ടി. നടപ്പിലാക്കിയതിലൂടെ നികുതി വരുമാനം കുറയുന്ന സാഹചര്യത്തിൽ കേന്ദ്രം സംസ്ഥാനങ്ങൾക്കായി നടപ്പാക്കിയ ജി.എസ്.ടി. നഷ്ടപരിഹാരം തുടരുന്നതിനായി സംസ്ഥാനം നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കാമോ?

സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരുമായി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി നടത്തിയ യോഗങ്ങളിലും ജി.എസ്.ടി. കൗൺസിലുകളിലും ജി.എസ്.ടി. നഷ്ടപരിഹാരം തുടരണമെന്ന ആവശ്യം സംസ്ഥാനം നിരന്തരം ഉന്നയിച്ചുവരികയാണ്.

(സി) ഇത്തരത്തിൽ നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായതിനാൽ വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കടമെടുക്കുന്നതിനെ സംബന്ധിച്ച് ചിലർ

അവാസ്തവമായ പ്രചരണങ്ങൾ നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിലെ വസ്തുത എന്താണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച് തെറ്റിദ്ധാരണാജനകമായ വാർത്തകൾ വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായി നിരവധി ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചരക്കുസേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. കേന്ദ്ര സഹായ പദ്ധതികൾക്ക് ലഭിച്ചുകൊണ്ടിരുന്ന വിഹിതത്തിലും ധനകാര്യ കമ്മീഷൻ നിർദ്ദേശപ്രകാരം സംസ്ഥാനങ്ങൾക്ക് പങ്കുവച്ചുനൽകുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ അനുപാതത്തിലും മുൻധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് ഗണ്യമായ കുറവാണ് ഉണ്ടായിട്ടുള്ളത്.

കഴിഞ്ഞ 5 വർഷമായി സംസ്ഥാനത്തിന്റെ കടമെടുപ്പിന് പ്രധാനമായും ആശ്രയിക്കുന്നത് പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പ്, ചെറുകിട സമ്പാദ്യ പദ്ധതികൾ, പ്രോവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ നിന്നുള്ള നീക്കിയിരിപ്പ് എന്നിവയെയായിരുന്നു. കേന്ദ്ര ധനകാര്യ കമ്മീഷൻ

ശിപാർശ പ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചുനൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ.

സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്കുപുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്കുപുറമെ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാപരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനവും കടബാധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

സമ്പദ്‌വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും

വരുത്തുന്നില്ല. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ അത് സാധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

**വേൾഡ് ഇക്കണോമിക് ഫോറം കോൺഫറൻസ്**

7 (*37) ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സ്വിറ്റ്സർലന്റിലെ ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറം കോൺഫറൻസിൽ കേരളം പങ്കെടുക്കാത്തതിന്റെ കാരണം

വിശദമാക്കാമോ?

അന്തർദേശീയ വ്യാവസായിക എക്സിബിഷനുകൾ/ കോൺഫറൻസുകൾ എന്നിവയിൽ ഔദ്യോഗിക ക്ഷണം ലഭിക്കുന്ന മുറയ്ക്ക് കേന്ദ്രസർക്കാർ അനുമതിക്ക് വിധേയമായി മാത്രമാണ് സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയോ വകുപ്പുമന്ത്രിമാരുടെയോ വകുപ്പ് തലവന്മാരുടെയോ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം പങ്കെടുക്കാറുള്ളത്.

(ബി) രണ്ടുവർഷത്തെ ഇടവേളയ്ക്കുശേഷം നടന്ന ആഗോള ഇവന്റിൽ കർണ്ണാടക, മഹാരാഷ്ട്ര, തെലുങ്കാന, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ തൊണ്ണൂറ്റി അയ്യായിരത്തി എണ്ണൂറ് കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുന്നതിൽ വിജയിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിനനുയോജ്യമായ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംരംഭകരെ ആകർഷിക്കുന്നതിനായി അന്തർദേശീയ നിലവാരമുള്ള സംരംഭക മീറ്റുകളിൽ കേരളം പങ്കെടുക്കാറുണ്ട്. 2021-ൽ നടന്ന ദുബായ് എക്സ്പോയിൽ പങ്കെടുത്തുകൊണ്ട് കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് ലഭ്യമായ സൗകര്യങ്ങളും ആനുകൂല്യങ്ങളും സംരംഭകരെ ബോധ്യപ്പെടുത്തുകയും അതുപ്രകാരം നിരവധി സംരംഭകർ നിക്ഷേപത്തിന്

തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേരളം ഉറ്റുനോക്കുന്ന പ്രധാന മേഖലകളായ ലൈഫ് സയൻസ്, ഫാർമസ്യൂട്ടിക്കൽ തുടങ്ങിയ പ്രധാന മേഖലകളിൽ തെലുങ്കാന അടക്കമുള്ള സംസ്ഥാനങ്ങൾക്ക് നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞതിനാൽ സംസ്ഥാനത്തിന് പ്രസ്തുത കോൺഫറൻസിൽ പങ്കെടുക്കാത്തതുമൂലം ഒരു സുവർണ്ണാവസരം നഷ്ടമായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ലൈഫ് സയൻസ്, ഫാർമസ്യൂട്ടിക്കൽ മേഖലയിലെ നിക്ഷേപ സാധ്യതകൾ മുതലെടുത്തുകൊണ്ട് പ്രത്യേക പാർക്കുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ KSIDC-യുടെ നിയന്ത്രണത്തിൽ ലൈഫ് സയൻസ് പാർക്കും എറണാകുളം ജില്ലയിൽ കിൻഫ്രയുടെ നിയന്ത്രണത്തിൽ ഫാർമ പാർക്കും ആരംഭിച്ചിട്ടുണ്ട്. ലൈഫ് സയൻസ് പാർക്കിൽ Vaccine Fill Finish Unit സ്ഥാപിക്കുന്ന ആങ്കർ യൂണിറ്റുകൾക്ക് ഒറ്റ സ്പെഷ്യൽ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. മേൽ പാർക്കുകളിലേയ്ക്ക് വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കിഫ്ബി വായ്പകൾ

8 (*38) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ വായ്പാ തിരിച്ചടവിനായി ഉപയോഗപ്പെടുത്തുന്ന മോട്ടോർ വാഹന നികുതി ഇനത്തിലെ പകുതി തുകയും പെട്രോൾ സെസ്സും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ ഭാഗമാണോയെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേയ്ക്കായി പണം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999-ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റാണ് കിഫ്ബി. ഇതിലൂടെ ലക്ഷ്യംവച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിന് അതിനെ പര്യാപ്തമാക്കുന്നതിനാണ് നിയമനിർമ്മാണംവഴി മുൻവർഷത്തിൽ ലഭിച്ച മോട്ടോർ വാഹന നികുതിയുടെ നിശ്ചിത വിഹിതവും പെട്രോളിയം സെസ്സും കണക്കാക്കിയുള്ള തുക സംസ്ഥാന സർക്കാർ നൽകിവരുന്നത്. ഇത് കിഫ് ആക്ട് മുഖാന്തരം നിയമപ്രകാരം മുടക്കമില്ലാതെ കിഫ്ബിക്ക്

നൽകേണ്ടതാണ്. ആക്ട് അനുശാസിക്കുന്നപ്രകാരം കിഫ്ബിയുടെ പ്രവർത്തന ചെലവുകൾക്കും തിരിച്ചടവുകൾക്കും പദ്ധതി നിർവ്വഹണത്തിനും ഈ തുക പ്രയോജനപ്പെടുത്താവുന്നതാണ്.

കിഫ് ആക്ടുപ്രകാരം ഇത്തരം വിഹിതം കിഫ്ബിയുടെ പരിപൂർണ്ണ നിയന്ത്രണത്തിലുള്ള അതിന്റെ ആസ്തിയാണ്. ഇത് കിഫ്ബിയുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിക്കുന്നതുപോലെ കോർപ്പസ് ഫണ്ട് ആയി മാറുന്നു. ഇത് സർക്കാരിന്റെ പ്ലാൻ അല്ലെങ്കിൽ നോൺ-പ്ലാൻ ചെലവുകളോ മറ്റ് സ്റ്റാറ്റ്യൂട്ടറി അല്ലെങ്കിൽ നോൺ-സ്റ്റാറ്റ്യൂട്ടറി കടമകൾ നിർവ്വഹിക്കുന്നതിനോ ആയിട്ടുള്ള ബഡ്ജറ്ററി വിഭവമായോ കണക്കാക്കിയിട്ടില്ല. അതായത്, ഇത്തരത്തിൽ കിഫ്ബിക്ക് നിയമപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുക സംസ്ഥാനത്തിന് അതിന്റെ വാർഷിക ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പ്രതിബദ്ധതകൾ നിറവേറ്റുന്നതിനുള്ള ഒരു വിഭവമായി കണക്കാക്കില്ല. ഈ തുക പൂർണ്ണമായും കിഫ്ബിയുടെ വിവേചനാധികാരത്തിൽ നൽകപ്പെട്ട തുകയാണ്.

(ബി) സംസ്ഥാനത്തിന്റെ വരുമാനത്തിൽനിന്നും തിരിച്ചടവ് നടത്തുന്ന കിഫ്ബി വായ്പകൾ സംസ്ഥാനത്തിന്റെ കടത്തിന്റെ ഭാഗമല്ലെന്ന് വിലയിരുത്താൻ സാധിക്കുമോ; എങ്കിൽ ഏത് മാനദണ്ഡപ്രകാരമാണെന്ന്

വ്യക്തമാക്കുമോ?

കിഫ്ബിയുടെ വായ്പകളുടെ തിരിച്ചടവ് മേൽ സൂചിപ്പിച്ചതുപോലെ ആക്ടപ്രകാരം ലഭിക്കുന്ന തുകയിൽനിന്നും വരുമാനദായകമായ പദ്ധതികളിൽ നിന്നുമുള്ള തിരിച്ചടവിൽനിന്നും നിക്ഷേപങ്ങളിൽനിന്നും പലിശയായി ലഭിക്കുന്ന തുകയിൽനിന്നുമാണ് നടത്തിവരുന്നത്. കൂടാതെ സംസ്ഥാനത്തിന്റെ കടം, സംസ്ഥാനം ഗ്യാരന്റി നൽകുന്ന വായ്പകൾ, അതിന്റെ മാനദണ്ഡങ്ങൾ എന്നിവ സംബന്ധിക്കുന്ന വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 293-ൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. കിഫ്ബിയുടെ വായ്പകൾക്ക് സർക്കാർ അതിന്റെ പരമാവധി ഗ്യാരന്റി പരിധി ആക്ടിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായാണ് നൽകിയിരിക്കുന്നത്. ആർട്ടിക്കിൾ 293 സർക്കാരിന്റെ കടമെടുക്കലും സർക്കാർ നൽകുന്ന ഗ്യാരന്റിയിലുള്ള വായ്പകളും പ്രത്യേകം വേർതിരിക്കുന്നു. കൂടാതെ, ആർട്ടിക്കിൾ 293 (3)-ൽ പരാമർശിച്ചിരിക്കുന്ന 'വായ്പ' എന്നത് കടമെടുക്കൽ മാത്രം ഉൾക്കൊള്ളാൻ ഉദ്ദേശിച്ചുള്ളതാണെന്നും സംസ്ഥാന സർക്കാർ ഗ്യാരന്റികൾക്ക് ബാധകമല്ലെന്നും റിസർവ്വ് ബാങ്ക് അതിന്റെ റിപ്പോർട്ടിൽ (Chapter 3: Salient Features of State Government Guarantees and the Dimensions Thereof Dated: 11 Mar 1999) വിശദീകരിച്ചിട്ടുള്ളതാണ്.

കേന്ദ്ര സർക്കാരും ഇത്തരത്തിൽ തന്നെയാണ് അതിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ സമാഹരിക്കുന്ന വായ്പകളെ കണക്കിലാക്കുന്നത്.

കിഫ്ബി ആന്യൂറ്റി മാതൃക അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു തനത് സാമ്പത്തിക സംവിധാനമാണ്. കിഫ്ബി വായ്പകൾ സംസ്ഥാനത്തിന്റെ കടത്തിന്റെ ഭാഗമായി വിലയിരുത്താൻ സാധിക്കില്ല.

(സി) കിഫ്ബി വായ്പകൾ സംബന്ധിച്ച് സി.&എ.ജി. നടത്തിയ പരാമർശം ശരിവയ്ക്കുന്ന രീതിയിൽ പ്രസ്തുത വായ്പകൾ പൊതുകടത്തിന്റെ ഭാഗമാണെന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ വ്യക്തമാക്കിയിരിക്കുന്നതിനാൽ ബഡ്ജറ്റിന് പുറത്തുനിന്നും വായ്പയെടുക്കുന്ന നയത്തിൽ പുനർവിചിന്തനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കിഫ്ബി വായ്പകൾ സംബന്ധിച്ച് സി.&എ.ജി. നടത്തിയ പരാമർശം ശരിവയ്ക്കുന്ന രീതിയിൽ പ്രസ്തുത വായ്പകൾ പൊതുകടത്തിന്റെ ഭാഗമാണെന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടില്ല. എന്നാൽ ചില സംസ്ഥാന സർക്കാരുകൾ പൊതുചെലവുകൾക്ക് EBR അല്ലെങ്കിൽ ഓഫ്-ബഡ്ജറ്റ് വായ്പകൾവഴി ധനസഹായം നൽകിയിട്ടുണ്ടെന്ന് സി.&എ.ജി. റിപ്പോർട്ടിൽ പരാമർശമുണ്ടെന്ന് കേന്ദ്ര ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ഇത് ഏതെങ്കിലും തരത്തിൽ സംസ്ഥാന സർക്കാരിന്റെ

വായ്പാനയത്തെ ചോദ്യം ചെയ്യുന്നതല്ല. സംസ്ഥാന സർക്കാരിന്റെ കടങ്ങളും സർക്കാർ ഗ്യാരന്റി നൽകുന്ന വായ്പകളുടെ വിവരങ്ങളും കൃത്യമായി ബഡ്ജറ്റ് ഡോക്യുമെന്റുകളിലും നിയമസഭാ സമിതി ചർച്ചാ രേഖകളിലും വിശദമാക്കിയിട്ടുള്ളതാണ്.

കിഫ്ബിയുടേത് ഓഫ് ബഡ്ജറ്റ് വായ്പകളാണെന്നും സർക്കാരിന്മേലുള്ള കണ്ടിജന്റ് ലയബിലിറ്റി അല്ലെന്നുമുള്ള സി.&എ.ജി.-യുടെ നിഗമനം തെറ്റായതും കിഫ്ബിയുടെ അടിസ്ഥാന ധനകാര്യ മാതൃക വിശകലനം ചെയ്യാതെയും മനസ്സിലാക്കാതെയുള്ളതുമായിരുന്നു എന്നുമാത്രവുമല്ല സി.&എ.ജി.യുടെ നിർദ്ദേശങ്ങൾ സാധാരണ അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമല്ലാത്തതുമായിരുന്നു. ആയതിനാൽ 2019-ലെ സംസ്ഥാനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ സി.&എ.ജി. നടത്തിയ സമാന പരാമർശങ്ങൾ ഈ സഭ നിരാകരിച്ചിരുന്നതാണ്.

വർഷങ്ങളായി ധനകാര്യ കമ്മീഷനുകൾ സംസ്ഥാനങ്ങളുടെ ധനക്കമ്മിയുടെയും കുടിശ്ശികയുള്ള കടത്തിന്റെയും ലക്ഷ്യങ്ങൾ ശിപാർശ ചെയ്തുവരുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഒരു പ്രത്യേക സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാനങ്ങളുടെ പരമാവധി വായ്പാപരിധി നിശ്ചയിക്കുന്നത്. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സംസ്ഥാന

സർക്കാരുകളുടെ പൊതുകടം ഉയർത്തുന്നതിൽനിന്ന് കേന്ദ്ര സർക്കാരിനെ വേർപെടുത്തണമെന്ന നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ചൂണ്ടിക്കാണിച്ചതുപോലെ, സംസ്ഥാനം അതിന്റെ ധനകാര്യ മാനേജ്മെന്റിൽ കാണിക്കുന്ന ഏതെങ്കിലും കാര്യക്ഷമതയില്ലായ്മ സാമ്പത്തിക വിപണികൾതന്നെ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ വായ്പകൾ ലഭ്യമാക്കണമെന്ന കാഴ്ചപ്പാടാണ് സ്വീകരിച്ചത്. ഇത്തരത്തിൽ ഉയർന്ന റേറ്റിംഗ് ഉള്ള സംസ്ഥാനങ്ങളുടെ വായ്പകൾ സ്വാഭാവികമായും വിപണിയിൽ കുറഞ്ഞ പലിശയ്ക്ക് ലഭ്യമാകും, മറ്റുള്ളവർക്ക് ഉയർന്ന റിസ്ക് പ്രീമിയത്തിന്റെ വില നൽകേണ്ടിവരുമെന്ന ആശയമാണ് മുന്നോട്ടുവച്ചത്.

സർക്കാർ ഗ്യാരന്റിയിന്മേൽ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ സമാഹരിക്കുന്ന വായ്പകൾ സർക്കാരിന്റെ വായ്പകളായി കരുതാൻ കഴിയില്ലെന്ന് തന്നെയാണ് ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട്.

## വൈദ്യുതി ബോർഡിന്റെ ബഡ്ജറ്റിലെ കണക്കുകൾ

9 (*39) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം

മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് വൈദ്യുതി നിരക്ക് വർദ്ധനവിനായി റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ച കണക്കിലും ബോർഡിന്റെ ബഡ്ജറ്റിലും പൊരുത്തക്കേടുകളുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) നിരക്കുകൾ വർദ്ധിപ്പിക്കാതെ വരുമാനം പെരുപ്പിച്ചുകാട്ടി 2022-23 വർഷം 496 കോടി രൂപ ലാഭമുണ്ടാക്കുമെന്ന് ബഡ്ജറ്റിൽ സൂചിപ്പിച്ചിരുന്നോ?

(എ&ബി) വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷനുമുമ്പിൽ സമർപ്പിച്ച 2022-23 മുതൽ 2026-27 വരെയുള്ള മൾട്ടി ഇയർ താരിഫ് എസ്റ്റിമേറ്റ് (എ.ആർ.ആർ.) കണക്കും ബോർഡിന്റെ 2022-23 ബഡ്ജറ്റ് എസ്റ്റിമേറ്റ് കണക്കും തമ്മിൽ വ്യത്യാസമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 496 കോടി രൂപ ലാഭം സൂചിപ്പിക്കുന്നുണ്ട്. എന്നാൽ എ.ആർ.ആർ. പ്രകാരമുള്ള റവന്യൂ ഗ്യാപ്പ് 2852 കോടി രൂപയാണ്. വ്യത്യസ്ത ആവശ്യങ്ങൾക്കായി വ്യത്യസ്ത നിയമങ്ങളും വ്യത്യസ്ത മാനദണ്ഡങ്ങളുമനുസരിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളാണ് ബഡ്ജറ്റും എ.ആർ.ആർ.-ഉം. അതിനാൽ ഈ രേഖകളിൽ അടിസ്ഥാനപരമായ വ്യത്യാസമുണ്ടാകും. മുൻവർഷങ്ങളിലും വ്യത്യസ്ത

ഉദ്ദേശ്യങ്ങൾക്കായുള്ള എസ്റ്റിമേറ്റുകളിൽ ഇതുപോലുള്ള അന്തരമുണ്ടായിരുന്നു. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ടി രേഖകൾ തമ്മിലുള്ള വ്യത്യാസം അനുബന്ധമായി ചേർത്തിട്ടുണ്ട് +.

ഈ രണ്ട് രേഖകളും വരുംവർഷങ്ങളിലേയ്ക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി എസ്റ്റിമേറ്റ് ചെയ്യപ്പെടുന്ന കണക്കുകളാണ്. എന്നാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ലാഭനഷ്ട കണക്കുകൾ തയ്യാറാക്കുന്നത് ഇന്ത്യൻ കമ്പനി നിയമമനുസരിച്ചുള്ള യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെയും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെയും ആഡിറ്റിന് വിധേയമായാണ്. 2020-21 സാമ്പത്തിക വർഷംവരെയുള്ള ഇപ്രകാരം ആഡിറ്റ് ചെയ്ത കണക്കുകൾ കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം മുതൽ കേന്ദ്ര നിർദ്ദേശപ്രകാരം കമ്പനി ത്രൈമാസ കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ദ്രുതപരിശോധനയ്ക്ക് വിധേയമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്രകാരം ഡിസംബർ വരെയുള്ള ആദ്യ മൂന്ന് പാദങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾപ്രകാരം കമ്പനി 480.99 കോടി രൂപ ലാഭമുണ്ടാക്കിയിട്ടുണ്ട്. അവസാന പാദ കണക്കെടുപ്പ് പൂർത്തിയാകുന്നമുറയ്ക്ക് ആഡിറ്റിന് വിധേയമാക്കി കെ.എസ്.ഇ.ബി.എൽ. കണക്കുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസിദ്ധീകരിക്കുന്നതാണ്. ബഡ്ജറ്റിലെയും എ.ആർ.ആർ.-ലെയും വ്യത്യാസത്തിന്റെ പ്രധാന കാരണങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് +.

(സി) വരുമാനം പെരുപ്പിച്ച് കാണിച്ചതായി പറയപ്പെടുന്ന സാഹചര്യം സർക്കാർ പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ?

പരിശോധിച്ചിട്ടില്ല.

**സഹകരണ രംഗത്തെ നേട്ടങ്ങൾ**

10 (*40) ശ്രീ. പി. വി. അൻവർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സഹകരണ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്.

- സഹകരണ വകുപ്പിൽ ഒരു വർഷത്തിനിടയിൽ 1184 സ്ഥിരം നിയമനങ്ങൾ നടത്തി. ആയതിനുപുറമെ തൊഴിലവസരങ്ങൾ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൃഷ്ടിക്കുന്നതിലേയ്ക്കായി വിവിധ പദ്ധതികൾവഴി 55095 പേർക്ക് തൊഴിലവസരങ്ങളുമൊരുക്കി. ആകെ 56279 തൊഴിലവസരങ്ങളാണ് സഹകരണ വകുപ്പിൽ സൃഷ്ടിച്ചത്. പുതിയ നിയമന ചട്ടം അംഗീകരിച്ചതിലൂടെ കേരള ബാങ്കിൽ ഒഴിവുവന്ന ആയിരത്തോളം തസ്തികകളിലേയ്ക്ക് സ്ഥിര നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- നെൽ കർഷകരുടെ സംഭരണ, വിപണന പ്രശ്നങ്ങൾ പരിഹരിക്കാൻ പാലക്കാട് ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം (കാപ്കോസ്) നിലവിൽ വന്നു.
- കോവിഡ് പ്രതിരോധ സാമഗ്രികൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം നടത്തുവാനായി വനിതാ സഹകരണ സംഘങ്ങൾക്ക് 5 ലക്ഷം രൂപ വീതം സഹായം നൽകി 10 യൂണിറ്റുകൾ ആരംഭിച്ചു.
- കെയർ ഹോം ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2000 വീടുകൾ നിർമ്മിച്ച് നൽകുക എന്ന ലക്ഷ്യം മുൻസർക്കാരിന്റെ കാലത്തുതന്നെ നിറവേറുകയും ആ കാലയളവിൽത്തന്നെ 2065

വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം 25 വീടുകൾകൂടി നിർമ്മാണം പൂർത്തീകരിക്കുകയും ആയതിൽ 23 വീടുകൾ അതത് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

- കെയർ ഹോം രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 2021 ഡിസംബർ 6-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് സ്ഥലം ലഭ്യമായിട്ടുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കോട്ടയം ജില്ലയിലും പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, യുവാക്കളെ സഹകരണ മേഖലയിൽ

ആകർഷിക്കാനായി സംസ്ഥാനമൊട്ടാകെ 30 സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

- കലാപ്രവർത്തകരെ സഹായിക്കുന്നതിനായി കലാകാരന്മാരുടെ പ്രത്യേക സഹകരണ സംഘം രൂപീകരിച്ചു.
- ഭിന്നവിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പാ പദ്ധതി ആരംഭിച്ചു.
- അശരണരായ മുതിർന്ന സഹകാരികൾക്ക് സഹായമായി പ്രഖ്യാപിച്ച സഹകരണം സാന്ത്വനം പദ്ധതി നടപ്പിലാക്കി.
- ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി.
- കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ നേതൃത്വത്തിൽ നൈപുണ്യ വികസന പരിശീലനകേന്ദ്രം ആരംഭിച്ചു.
- സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാരിന്റെ പൂർണ്ണമായ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷരമ്യൂസിയം. സംഘത്തിന്റെ

വസ്തുവിൽ കോട്ടയം നാട്ടകത്ത് 'അക്ഷരം' ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ടി മ്യൂസിയത്തിന്റെ നിർമ്മാണോദ്ഘാടനം നടത്തുകയും ചെയ്തു.

- സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് പരീക്ഷാ നടത്തിപ്പുകൾക്കായി ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ച് ഉദ്ഘാടനം നിർവഹിക്കുകയുണ്ടായി.

- സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെയും നിയന്ത്രണത്തിലുള്ള കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാകുന്ന Co-operative Audit Monitoring & Information System (CAMIS) പദ്ധതി നടപ്പിലാക്കി.

- സഹകരണ വകുപ്പിലെ സംസ്ഥാന-ജില്ലാ-താലൂക്കുതല ഓഫീസുകളിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി (എൻ.ഐ.സി.) ചേർന്ന് നടപ്പിലാക്കി.

- സഹകരണ വകുപ്പിനുകീഴിൽ സേവനാവകാശത്തിന്റെ പരിധിയിൽ വരുന്ന സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി

എന്നീ രണ്ട് സേവനങ്ങൾ സംസ്ഥാന ഡാഷ് ബോർഡിൽ (dashboard.kerala.gov.in) ഉൾപ്പെടുത്തി.

- സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- ഡിജിറ്റൽ പഠനത്തിന് സഹകരണ മേഖലയുടെ കൈത്താങ്ങായ വിദ്യാതരംഗിണി പദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം നടത്തുന്നതിനായി വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി 92309 വായ്പകളിലായി 89,98,86,765/- രൂപ ലഭ്യമാക്കിയിട്ടുണ്ട്.
- പച്ചക്കറിയിൽ സ്വയംപര്യാപ്തത നേടുന്നതിനായി സഹകരണ സംഘങ്ങൾ മുഖേന 14 ജില്ലകളിലായി 408 സംഘങ്ങൾവഴി 582.99 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചു.
- സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായുള്ള പുനർജ്ജനി പദ്ധതി ആരംഭിച്ചു.

- സംസ്ഥാനത്തെ 14 ജില്ലകളിൽ ഓരോന്നിലും ഓരോ പട്ടികജാതി/ പട്ടികവർഗ്ഗ യുവ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു.
- വിപണി ഇടപെടലിന്റെ ഭാഗമായി ഗവൺമെന്റ് സഹായത്തോടെ കൺസ്യൂമർഫെഡ് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.
- കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനുമായി ബന്ധപ്പെട്ട് 1039 ഭവനങ്ങളുടെ നിർമ്മാണത്തിനായി 56,13,86,000/- രൂപയുടെ ഭവന വായ്പകൾ നൽകുവാൻ സാധിച്ചു.
- കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഫുഡ്ബാൾ/ക്രിക്കറ്റ്/ ബാഡ്മിന്റൺ ടർഫുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നാളിതുവരെ അഞ്ച് ടർഫുകൾ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.
- 2019 നവംബറിൽ രൂപീകൃതമായ കേരള ബാങ്കിന്റെ പ്രവർത്തന നേട്ടങ്ങൾ എടുത്തുപറയാവുന്നതാണ്. തെരഞ്ഞെടുത്ത ഭരണസമിതിയുടെയും അയ്യായിരത്തിലധികം ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ 112028.11 കോടി രൂപയുടെ ബിസിനസ് വളർച്ചയാണ് 2021-22 സാമ്പത്തിക വർഷം കേരള ബാങ്ക് നേടിയത്.

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയിലും കേരള സർക്കാരിന്റെയും ബാങ്കിന്റെ ഓഹരി ഉടമകളായ പ്രാഥമിക സഹകരണ സംഘങ്ങളുടെയും പിന്തുണയോടെ കേരള ബാങ്കിന് ഉണ്ടായ വളർച്ച ശ്രദ്ധേയമാണ്.

സംഘങ്ങളുടെ വികസനം ലക്ഷ്യമാക്കി 13 ജില്ലകളിൽ പാക്സ് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചതും കേരള ബാങ്കിന്റെയും പ്രാഥമിക സംഘങ്ങളുടെയും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി നബാർഡ് ധനസഹായത്തോടെ ബിസിനസ് ഡൈവേഴ്സിഫിക്കേഷൻ & പ്രോഡക്ട് ഇന്നവേഷൻ സെൽ (BDPI) പ്രവർത്തനമാരംഭിച്ചതും എടുത്തുപറയാവുന്ന നേട്ടമാണ്.

കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ ബാങ്കിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കേരള ബാങ്ക് ആവിഷ്കരിച്ച പ്രത്യേക നിക്ഷേപ പദ്ധതിയാണ് വിദ്യാനിധി. കേരള ബാങ്കിന്റെ ആഭിമുഖ്യത്തിൽ വിവിധ വായ്പാ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

സഹകരണ എക്സ്പോ 2022 സംഘടിപ്പിച്ചു.

- 2021-22 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന വിഹിതമായി 7702.24 ലക്ഷം രൂപയും എൻ.സി.ഡി.സി.

പദ്ധതിയിൽ 2150.69 ലക്ഷം രൂപയും ചേർത്ത് ആകെ 9852.93 ലക്ഷം രൂപ ധനസഹായമായി 638 സംഘങ്ങളെ സംസ്ഥാന പദ്ധതിയിലൂടെയും 33 സംഘങ്ങളെ എൻ.സി.ഡി.സി. പദ്ധതിയിലൂടെയും സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 120 എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളും 46 വനിതാ സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു.

- സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തവർക്ക് കോവിഡിന്റെ പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി നേരിടുന്നതിൽ സഹകരണ മേഖല നടത്തിയ ഇടപെടൽ വിശദമാക്കാമോ?

കോവിഡ് കാലത്ത് പ്രയാസമനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- <u>മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS)</u>

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2020

വർഷത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗണിനെത്തുടർന്നുള്ള തൊഴിൽനഷ്ടവും തന്മൂലം സാധാരണക്കാർക്കുണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാപദ്ധതിയായ "മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme-CMHLS)" പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ എന്നിവ മുഖേന 2020 വർഷത്തിൽ നടപ്പിലാക്കിയിരുന്നു. 6 മാസം മൊറട്ടോറിയം ഉൾപ്പെടെ 36 മാസമാണ് വായ്പാ കാലാവധി. വായ്പയുടെ പലിശത്തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽനിന്നും സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്.

- SLF (Special Liquidity Facility) വായ്പാ പദ്ധതി

കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയെയും ചെറുകിട വ്യവസായമേഖലയെയും (MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള

ധനസഹായം മുടക്കംകൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility (SLF) എന്ന പേരിൽ 2020 വർഷത്തിൽ 2000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1670 കോടി രൂപയും (SLF - II) നബാർഡിൽ നിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു.

ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യംവളർത്തൽ, പൗൾട്രി, നെൽ കൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME (സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനമായും ഒരു വർഷക്കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ് വായ്പ അനുവദിക്കുന്നത്. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, കർഷകർ എന്നിവർക്ക് പ്രവർത്തനമൂലധനം ക്യാഷ് ക്രെഡിറ്റായോ മാസത്തവണകളായി ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പയായോ ധനസഹായം അനുവദിക്കുന്നു. ഈ പദ്ധതിപ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പാ തുക 2,00,000/-

രൂപയാണ്. ഒരു വർഷക്കാലാവധിയുള്ള ടി വായ്പയുടെ പലിശ നിരക്ക് 6.40% ആണ്.

- <u>കൺസ്യൂമർഫെഡിന്റെ സേവനങ്ങൾ</u>

കോവിഡുകാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡ് ഭക്ഷ്യശേഖരം മൂന്ന് ഇരട്ടിയായി വർദ്ധിപ്പിച്ചു. മരുന്നുകളും ഭക്ഷ്യസാധനങ്ങളും വാട്ട്സാപ് നമ്പറുകളിൽ ഓർഡറുകൾ സ്വീകരിച്ച് ഹോം ഡെലിവറിയായി വീടുകളിലെത്തിച്ച് നൽകുന്നു. ക്വാറന്റൈനിൽ ഇരിക്കുന്നവരുടെയും കണ്ടെയിൻമെന്റ് സോണുകളിൽ താമസിക്കുന്നവരുടേയും ഒറ്റപ്പെട്ട് താമസിക്കുന്ന വൃദ്ധജനങ്ങളുടെയും വീടുകളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങൾ കൺസ്യൂമർഫെഡ് എത്തിച്ചുനൽകുന്നുണ്ട്. www.consumerfed.in എന്ന വെബ്പോർട്ടൽ ആരംഭിച്ച് ഓൺലൈനായി ഓർഡറുകൾ സ്വീകരിക്കുകയും സാധനങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ വീടുകളിലെത്തിക്കുകയും മൊബൈൽ ത്രിവേണികളുടെ റൂട്ടുകൾ പ്രത്യേകം ഷെഡ്യൂൾ ചെയ്ത് മലയോര-തീരദേശ മേഖലകളിലും കണ്ടെയിൻമെന്റ് സോണുകളിലും അവശ്യസാധനങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു. കോവിഡ് പ്രതിരോധത്തിനായി ആരോഗ്യദായക ഇനങ്ങളും മരുന്നുകളും ഉൾപ്പെടുത്തി കുറഞ്ഞ വിലയ്ക്ക് പ്രതിരോധ മെഡിക്കൽ കിറ്റ് നീതി

മെഡിക്കൽ സ്റ്റോറുകളിലൂടെ വിപണിയിലെത്തിച്ചും കുറഞ്ഞ വിലയ്ക്ക് മാസ്ക്, സാനിറ്റൈസർ എന്നിവ സംഭരിച്ച് കൺസ്യൂമർഫെഡ് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾവഴിയും വിപണിയിലെത്തിക്കുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ഉപഭോക്താക്കൾക്കായി പൂർണ്ണസമയവും അവശ്യ സർവ്വീസായി തുറന്ന് പ്രവർത്തിച്ചും കോവിഡുകാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി ഇടപെടൽ നടത്തുന്നു.

- കോവിഡിനെ അതിജീവിക്കാൻ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള അംഗസംഘങ്ങൾക്ക് ക്ലോത്ത് ബാഗ്, മാസ്ക് നിർമ്മാണം എന്നീ പദ്ധതികൾക്കായി വനിതാഫെഡ് സർക്കാർ സഹായം വിനിയോഗിച്ച് വായ്പ നൽകിവരുന്നു. ഈ ഇനത്തിൽ 14,00,000/- രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി നേരിടുന്നതിന് കേരള ബാങ്കിന്റെ നിലവിലെ വായ്പക്കാർക്ക് കെ.ബി. കോവിഡ് സുരക്ഷ എന്ന വായ്പാ പദ്ധതിയിലൂടെ നിലവിലെ വായ്പാത്തുകയുടെ 25% വരെ അധിക വായ്പയായി അനുവദിച്ച് നൽകിയിരുന്നു. കൂടാതെ കോവിഡ് പ്രത്യാഘാതം കൂടുതലായി

ബാധിച്ച ടൂറിസം മേഖലയ്ക്ക് കെ.ബി. ടൂറിസം ടേം ലോൺ, കെ.ബി. ടൂറിസം ഗോൾഡ് എന്നീ വായ്പാപദ്ധതികൾ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ സബ്സിഡിയുൾപ്പെടുത്തി നടപ്പാക്കിയിരുന്നു.

മടങ്ങിയെത്തിയ പ്രവാസികളുടെ പുനരുജ്ജീവനത്തിനായി നോർക്കാ വകുപ്പുമായി ചേർന്ന് കെ.ബി. പ്രവാസി കിരൺ, കെ.ബി. പ്രവാസി ഭദ്രത വായ്പാപദ്ധതികൾ അനുവദിച്ചുവരുന്നു. കെ.ബി. പ്രവാസി കിരൺ പദ്ധതി പ്രകാരം പരമാവധി 24 ലക്ഷം രൂപവരെ 84 മാസക്കാലയളവിൽ അനുവദിക്കുന്നുണ്ട്. കൂടാതെ 3 ലക്ഷം രൂപവരെ ക്യാപിറ്റൽ സബ്സിഡിയും ആദ്യ നാല് വർഷത്തേയ്ക്ക് 3% പലിശ നിരക്കിൽ പലിശ സബ്സിഡിയും നൽകിവരുന്നുണ്ട്. കെ.ബി. പ്രവാസി ഭദ്രത പദ്ധതിപ്രകാരം പരമാവധി 5 ലക്ഷം രൂപവരെ 60 മാസക്കാലയളവിൽ അനുവദിക്കുന്നു. കൂടാതെ ഒരു ലക്ഷം രൂപവരെ ക്യാപ്പിറ്റൽ സബ്സിഡിയും ആദ്യ 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയും നൽകിവരുന്നു.

- ഇതിനുപുറമെ ലഘുജാമ്യ വ്യവസ്ഥയിൽ ഉപജീവനത്തിനായി ചെറുകിട കച്ചവടക്കാർക്കും ഇടത്തരം സംരംഭകർക്കും ബസ് ഉടമകൾക്കും സുവിധ പ്ലസ് വായ്പ പരമാവധി 5 ലക്ഷം രൂപ വരെ അനുവദിച്ചുനൽകുന്നുണ്ട്.
- സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തവർക്ക്

കോവിഡിന്റെ പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പാകണക്ക് അവസാനിപ്പിക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിപ്രകാരം സാധാരണ പലിശനിരക്കിൽ പലിശ കണക്കാക്കുന്നു. എല്ലാ വായ്പകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്നു.

(സി) ബ്ലേഡ് പലിശക്കാരെ ഒഴിവാക്കാൻ കുടുംബശ്രീ മുഖേന സഹകരണ വകുപ്പ് നടത്തിയ ഇടപെടൽ ഫലം കൈവരിച്ചിട്ടുണ്ടോ?

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാപദ്ധതി. 2018-ൽ പൈലറ്റ് പദ്ധതിയായി പാലക്കാട് ജില്ലയിലാണ് "മുറ്റത്തെ മുല്ല" ആദ്യം നടപ്പിലാക്കിയത്. നിലവിൽ ടി പദ്ധതി 14 ജില്ലകളിലും വിജയകരമായി

നടപ്പാക്കിവരുന്നു. 31-05-2022-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് 1041 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ 18276 കുടുംബശ്രീ യൂണിറ്റുകൾവഴി 502385 അംഗങ്ങൾക്ക് 2112.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കിയതിലൂടെ ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്തിൽനിന്നും ഗ്രാമീണജനതയെ രക്ഷിക്കാൻ ഒരുപരിധിവരെ കഴിഞ്ഞിട്ടുണ്ട്.

(ഡി) സർക്കാർ നയങ്ങൾക്കനുസൃതമായി സഹകരണ മേഖലയിൽ പുതുതായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പിൽ ഒരു വർഷത്തിനിടയിൽ 1184 സ്ഥിരം നിയമനങ്ങൾ നടത്തി. ആയതിനുപുറമെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി വിവിധ പദ്ധതികൾവഴി 55095 പേർക്ക് തൊഴിലവസരങ്ങളും ഒരുക്കി. ആകെ 56279 തൊഴിലവസരങ്ങളാണ് സഹകരണ വകുപ്പിൽ സൃഷ്ടിച്ചത്.

## സഹകരണ ബാങ്ക് ക്രമക്കേടുകൾ തടയാൻ നടപടി

11 (*41) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ ക്രമക്കേട് നടന്നതിനുശേഷം സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ കണ്ടെത്താൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS തസ്തികയിലുള്ള സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിനെ സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്കരീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

വസ്തു ജാമ്യത്തിലുള്ള വായ്പാഅപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം

കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ അപ്രകാരമുള്ള ക്രമക്കേടുകളുണ്ടായാൽ ആയവ കൃത്യമായും കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ആഡിറ്റർമാരെയും ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് സംഘങ്ങളിൽ പരിശോധനകൾ തുടർച്ചയായി നടത്തിവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ നിയമം പരിഷ്കരിച്ച് ക്രമക്കേടുകൾ അന്വേഷിക്കാൻ കൃത്യമായ അധികാരത്തോടുകൂടിയ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

പരാതികൾ അന്വേഷിക്കാൻ സർക്കാർതലത്തിൽ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

(ബി) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വൻ തുകയുടെ ക്രമക്കേട് നടന്ന സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ വിശദമാക്കാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ ക്രമക്കേടുകളെത്തുടർന്ന് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർച്ചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68(1) അന്വേഷണം പൂർത്തീകരിക്കുകയും ചെയ്തു. ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കംചെയ്തിട്ടുണ്ട്.

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിനെത്തുടർന്ന് ടി വിഷയത്തിൽ അന്വേഷണത്തിന് സർക്കാർ നിയോഗിച്ച ഉന്നതതല സമിതിയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വീഴ്ച

വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസ് ക്രൈംബ്രാഞ്ച് വിഭാഗം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

സഹകരണ വകുപ്പ്, ക്രൈംബ്രാഞ്ച് എന്നിവർ നടത്തിയിട്ടുള്ള അന്വേഷണത്തിൽ കുറ്റാരോപിതരായി കണ്ടെത്തിയവരുടെ സ്വത്തുക്കൾ Criminal Law Amendment Ordinance, 1944 പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരുടെ സ്വത്തുകൾ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളെത്തുടർന്ന് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടുപ്രകാരം വായ്പാ പലിശ ഉൾപ്പെടെ 1,02,55,49,364/- (102.55 കോടി) രൂപയുടെയും വ്യാപാര സ്റ്റോക്കിൽ കുറവ് ഇനത്തിൽ 1,69,34,445/- (1.69 കോടി) രൂപയുടെയുംകൂടി ആകെ 1,04,24,83,809/- (104.24 കോടി) രൂപയുടെ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ട്. സർക്കാർ നിയോഗിച്ച ഉന്നതതല കമ്മിറ്റി റിപ്പോർട്ടുപ്രകാരം കരുവന്നൂർ സർവ്വീസ് സഹകരണ

ബാങ്കിൽ വായ്പാ വിതരണത്തിൽ 2,08,08,25,040/- (208.08 കോടി) രൂപയുടെയും പ്രതിമാസ നിക്ഷേപ പദ്ധതികളിൽ 9,42,27,982/- (9.42 കോടി) രൂപയുടെയും വ്യാപാര പ്രവർത്തനങ്ങളിൽ 1,83,36,511/- (1.83 കോടി) രൂപയുടെയും ഉൾപ്പെടെ ആകെ 2,19,33,89,533/- (219.33 കോടി) രൂപയുടെ ക്രമക്കേടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്നതിന് സമാനമായ ക്രമക്കേടുകൾ മറ്റ് സഹകരണ ബാങ്കുകളിൽ നടക്കുന്നുണ്ടോയെന്ന് പരിശോധിച്ചിരുന്നോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ അപ്രകാരമുള്ള ക്രമക്കേടുകളുണ്ടായാൽ ആയവ കൃത്യമായി കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ആഡിറ്റർമാരെയും ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് സംഘങ്ങളിൽ പരിശോധനകൾ തുടർച്ചയായി നടത്തിവരുന്നു.

(ഡി) കാരാപ്പുഴ, കുമാരനല്ലൂർ, കണ്ടല എന്നീ സഹകരണ ബാങ്കുകളിൽ സമാനമായ ക്രമക്കേടുകൾ നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

കോട്ടയം ജില്ലയിലെ സഹകരണ ബാങ്കുകളിൽ അന്വേഷണം

നടത്തിയതിനെത്തുടർന്ന് കാരാപ്പുഴ സർവ്വീസ് സഹകരണ ബാങ്കിൽ IMBP-യിൽ അധികരിച്ച് വായ്പ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ന്യൂനത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കുമാരനല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ കളക്ഷൻ ഏജന്റ് നിക്ഷേപ പിരിവിൽ കൃത്രിമം കാണിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടിയാനെതിരെ ബാങ്ക് ഭരണസമിതി അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽനിന്നും പിരിച്ചുവിടുകയും ചെയ്തു.

കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ ഭരണസമിതിയുടെയും ജീവനക്കാരുടെയും പ്രവർത്തനങ്ങളിൽ ഭരണപരമായ വീഴ്ചകളും സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങളുടെ ലംഘനവും ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി ബാങ്കിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

## വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ നടപടി

12 (*42) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:

ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നും ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്നും വിശദമാക്കുമോ?

സംസ്ഥാനം വ്യവസായ സൗഹൃദമാക്കാനായി 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ ആയി കെ-സ്വിഫ്റ്റ്

പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ആരംഭിക്കുന്ന (സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിൽ) മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്തവയ്ക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയംസാക്ഷ്യപ്പെടുത്തൽ വഴി മൂന്നുവർഷത്തേയ്ക്ക് ഒഴിവാക്കി നൽകുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് പി.എം.ഇ.ജി.പി. മാർഗ്ഗരേഖയും നെഗറ്റീവ് ലിസ്റ്റും 01-06-2022 മുതൽ മാറ്റം വരുത്തിയിട്ടുണ്ട്. അപ്രകാരം എസ്.ഇ.ജി.പി. പദ്ധതിയിലും മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏജൻസികളുടെ വ്യവസായ എസ്റ്റേറ്റുകളുടെയും പാർക്കുകളുടെയും ലാൻഡ് ഡിസ്പോസൽ റെഗുലേഷൻ ഏകീകൃതമാക്കുന്നതിന്റെ ഭാഗമായി ഏകീകൃത ലാൻഡ് അലോട്ട്മെന്റ് പോളിസി രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടി വ്യവസായ വകുപ്പിൽ സ്വീകരിച്ചുവരുന്നു. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും പരാതി പരിഹാര കമ്മിറ്റികൾ

രൂപീകരിച്ചത്.

സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 26-07-2021-ലെ സ.ഉ. (സാധാ) നമ്പർ 770/2021/വ്യവ. ഉത്തരവുപ്രകാരം ഡോ. കെ. സി. സണ്ണി ചെയർമാനായി മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്, ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**ഊർജ്ജ മേഖലയിലെ മികവ്**

13 (*43) ശ്രീ. എ. രാജ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. നൗഷാദ്:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ് റിപ്പോർട്ടുപ്രകാരം ഊർജ്ജമേഖലയിലെ മികവിന് സംസ്ഥാനത്തിന് എത്രാമത്തെ സ്ഥാനമായിരുന്നുവെന്നും ലഭിച്ച സ്കോർ എത്രയാണെന്നും അറിയിക്കാമോ?

കാലാവസ്ഥ-ഊർജ്ജ മേഖലകളിൽ വിവിധ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും നടത്തുന്ന ശ്രമങ്ങൾ വിലയിരുത്താൻ ലക്ഷ്യമിട്ട്

NITI AAYOG പുറത്തിറക്കിയ സൂചികയായ സ്റ്റേറ്റ് എനർജി ആൻഡ് ക്ലൈമറ്റ് ഇൻഡക്സ് (State Energy & Climate Index-SECI) പ്രകാരം കേരളം രാജ്യത്തെ മികച്ച പ്രകടനം കാഴ്ചവച്ച രണ്ടാമത്തെ വലിയ സംസ്ഥാനമാണ്. ലഭിച്ച സ്കോർ 49.1.

(ബി) ഉൽപ്പാദനത്തിൽ പിന്നിലാണെങ്കിലും ഏറ്റവും കുറഞ്ഞ നിരക്കിൽ ഇടതടവില്ലാതെ വൈദ്യുതി എത്തിക്കുന്നതിൽ വൈദ്യുതി ബോർഡിന് നേട്ടം കൈവരിക്കാനായിട്ടുണ്ടോ?

കേരളത്തിലെ വൈദ്യുതി ആവശ്യകത നിറവേറ്റാനുള്ള ഉൽപ്പാദനശേഷി കേരളത്തിലില്ല. എന്നാൽ കരുതലോടെ നടത്തിയ വിവിധ കരാറുകൾവഴി കേരളത്തിൽ ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കാൻ കെ.എസ്.ഇ.ബി.എൽ.-ന് കഴിഞ്ഞിട്ടുണ്ട്. ദീർഘകാല കരാറുകളുടെയും ഹ്രസ്വകാല കരാറുകളുടെയും optimum സംയോജനംമൂലം കൽക്കരി ക്ഷാമവും കേരളത്തെ കാര്യമായി ബാധിച്ചില്ല. കേരളത്തിലെ ജലവൈദ്യുത ഉൽപ്പാദനശേഷി ഉപയോഗിക്കുന്നതിലും പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിലും നടത്തിയ ശ്രുഷ്കാന്തിമൂലം വൈദ്യുതി ലഭ്യമാക്കുന്നതിന്റെ ചെലവ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(സി) പ്രകൃതിദുരന്തങ്ങൾ ആഘാതം സൃഷ്ടിച്ചിട്ടും വൈദ്യുതി ബോർഡിന്

സാമ്പത്തിക സുസ്ഥിരത നേടാനായിട്ടുണ്ടോ?

2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റ് പൂർത്തിയായിവരുന്നു. താൽക്കാലിക കണക്കുകൾപ്രകാരം കെ.എസ്.ഇ.ബി.എൽ. 2021-22 സാമ്പത്തികവർഷം പ്രവർത്തന ലാഭത്തിലേയ്ക്ക് മാറിയിട്ടുണ്ട്.

(ഡി) വൈദ്യുതി ബോർഡ് നൽകുന്ന സേവനങ്ങൾ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉപഭോക്തൃ സേവനം ലോകോത്തരമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടത്തുന്ന ആധുനികീകരണ പ്രവർത്തനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ഐ.ടി. അധിഷ്ഠിത പദ്ധതികൾ ചുവടെ ചേർക്കുന്നു.

- സേവനങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് 1912 എന്ന ടോൾ ഫ്രീ നമ്പരിലേയ്ക്ക് വിളിച്ചാൽ വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള

സംവിധാനവും wss.kseb.in എന്ന portal വഴി പരാതി നൽകാവുന്ന സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061/9496010101 എന്നീ ഹോട്ട്ലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

- HT, EHT കണക്ഷൻ നടപടികൾ ത്വരിതപ്പെടുത്താനായി ഗ്രീൻ ചാനൽ സംവിധാനവും അതിനുവേണ്ടി അപേക്ഷിക്കാനായി വെബ് പോർട്ടലും ഏർപ്പെടുത്തുകയും ഇതുസംബന്ധിച്ച സംശയനിവാരണത്തിനായി ഒരു ഹെൽപ്പ് ഡെസ്ക്കും പ്രവർത്തിക്കുന്നുണ്ട്.

- പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്റ്റഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

- വൈദ്യുതി തടസ്സവും പുനഃസ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന

അറിയിക്കുന്ന 'ഊർജ്ജ-ദൂത് 'പദ്ധതി, വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജസൗഹൃദ' പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

- ഏത് സെക്ഷൻ ഓഫീസുകളിലും വൈദ്യുതി ബിൽ അടയ്ക്കുന്ന സൗകര്യത്തിനുപുറമെ വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കാൻ നെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഭാരത് ബിൽ പേയ്മെന്റ് (BBPS), സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ പോർട്ടൽ (SSDG), എം-കേരള മൊബൈൽ ആപ്പ്, പേ-ടി.എം, NACH, ഫോൺ-പേ , ഗൂഗിൾ-പേ, മൊബിക്വിക്, പേ-യു, ആമസോൺ-പേ തുടങ്ങിയ വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

- ഊർജ്ജ വിതരണരംഗത്ത് സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പുതിയ കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ കൂടാതെ ഓണർഷിപ്പ് മാറ്റം, ലോഡ്/താരിഫ്/ഫേസ് മാറ്റം തുടങ്ങിയവ ഈ സേവനംവഴി ലഭ്യമാകുന്നതാണ്.

## തനത് നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി

14 (*44) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ വിവേചനപരമായ നടപടികളെയും നയങ്ങളെയും അതിജീവിച്ച് വികസിത രാജ്യങ്ങൾക്കൊപ്പമെത്താൻ ഉതകുന്ന രീതിയിലുള്ള വികസന തന്ത്രത്തിൽ ഊന്നിയാണോ പതിനാലാം പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ?

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ കാരണം കേരളത്തിന് പ്രതികൂലമായ അവസ്ഥയാണ് നേരിടേണ്ടിവരുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ

കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമായത് 5141 കോടി രൂപയായിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾപ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3798 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനുപുറമെ, 2023-24-നുശേഷം റവന്യൂകമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചുനൽകിയിരുന്ന കടമെടുപ്പ് പരിധിയായ 4.5% തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ

നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്ര സർക്കാർ ഇതിനകംതന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

കേന്ദ്ര സർക്കാരോ മറ്റ് സംസ്ഥാന സർക്കാരുകളോ നടപ്പിലാക്കാത്ത പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ കേരളം പിന്തുടരുകയും അതിന്റെ ഭാഗമായി പതിനാലാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. സംസ്ഥാനം ഇതിനകംതന്നെ വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ നല്ല പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രധാനമായും ആവിഷ്കരിക്കാൻ സാധിച്ചത് വാർഷിക പദ്ധതികളും പഞ്ചവത്സര പദ്ധതികളും വിജയകരമായി നടപ്പിലാക്കിയതിന്റെ ഫലമാണ്. കൂടാതെ മാനവശേഷി വികസന മേഖലയിൽ കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെയധികം പുരോഗതിയാർജ്ജിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ബഡ്ജറ്റിന് പുറമെയുള്ള മൂലധന നിക്ഷേപം ഫലപ്രദമാക്കുന്നതിനും പരിപാടിയുണ്ടോ?

ചരക്കുസേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും

നിയന്ത്രണങ്ങളുമുണ്ടായി. പെട്രോളിയം ഉൽപ്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവന ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചുവരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ.
2. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പാക്കലും.
3. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനെസ്റ്റി സ്കീമുകൾ.
4. 2 ലക്ഷം രൂപവരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1% വർദ്ധിപ്പിക്കൽ.

5. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിതനികുതി ഏർപ്പെടുത്തൽ.
6. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.
7. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.
8. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.
9. ചരക്കുസേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.
10. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈ ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പ് വർഷം മൂലധന ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

ഇതിനുപുറമെ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കും.

(സി) കേന്ദ്ര വിഹിതം ഗണ്യമായി വെട്ടിക്കുറയ്ക്കുന്ന പശ്ചാത്തലത്തിൽ വികസനത്വരകമാകുന്ന തരത്തിൽ പ്രവാസികളുടേത് ഉൾപ്പെടെയുള്ള സ്വകാര്യനിക്ഷേപം ആകർഷിക്കാൻ ലക്ഷ്യമിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

അടിസ്ഥാന മേഖലയിലെ വികസനവും വ്യവസായങ്ങൾ തുടങ്ങാനും തുടർന്നുകൊണ്ട് പോകാനുമുള്ള നടപടികളുടെ ലഘൂകരണവും നിക്ഷേപ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനും സർക്കാർ പ്രാധാന്യം നൽകിവരുന്നു. ലോക കേരള സഭ പോലുള്ള ഫോറങ്ങളിലൂടെ പ്രവാസികളുടേത് ഉൾപ്പെടെയുള്ള സ്വകാര്യനിക്ഷേപം ഫലപ്രദമായി ആകർഷിക്കാൻ സർക്കാർ വിവിധ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

**ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി**

15 (*45) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാധികാരം കവർന്നുകൊണ്ട് അനവധാനതയോടെ നടപ്പിലാക്കിയ ജി.എസ്.ടി. സംസ്ഥാന നികുതി വരുമാനത്തിൽ സൃഷ്ടിച്ച പ്രതികൂല അവസ്ഥ വിലയിരുത്തിയിരുന്നോ?

പ്രാപ്യസ്ഥാനാധിഷ്ഠിതമായ ജി.എസ്.ടി. നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവുണ്ടായില്ല. ജി.എസ്.ടി. വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയാതായി. ജി.എസ്.ടി. തുടക്കത്തിൽ വിഭാവന ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും കോവിഡും പ്രകൃതി ദുരന്തങ്ങളും ഏൽപ്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് പ്രധാന കാരണങ്ങളാണ്. ജി.എസ്.ടി. ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പാക്കാത്തതുമൂലം വിവരങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ഇൻപുട്ട് ടാക്സ് കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും

നിലവിൽ കഴിയാത്ത സ്ഥിതിയാണ്.

രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചയ്ക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി. വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നതുപ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല.

ജി.എസ്.ടി. നിയമം നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് നൂറ്റിഒന്നാം ഭരണഘടനാ ഭേദഗതിപ്രകാരം കോമ്പൻസേഷൻ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥ നടപ്പിലാക്കിയിരുന്നു. ഈ നഷ്ടപരിഹാര കാലാവധി 2022 ജൂണിൽ അവസാനിക്കും. കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങൾ ഉണ്ടാക്കിയ പ്രതിസന്ധികൾക്കിടയിൽ ജി.എസ്.ടി. നഷ്ടപരിഹാരംകൂടി നിർത്തലാക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുമെന്നാണ് കണക്കാക്കുന്നത്. ജി.എസ്.ടി. നഷ്ടപരിഹാരം തുടരണമെന്ന ആവശ്യം സംസ്ഥാനം നിരന്തരം ഉന്നയിച്ചുവരികയാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങൾകൊണ്ട്

സാമ്പത്തിക തകർച്ച നേരിടുന്ന ഘട്ടത്തിൽ കോവിഡും കേന്ദ്ര സർക്കാരിന്റെ അശാസ്ത്രീയ ലോക്ഡൗണും സാമ്പത്തിക മാന്ദ്യത്തിന് വഴിവച്ച സാഹചര്യത്തിൽ ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം കേരളം ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2021 സെപ്റ്റംബറിൽ നടന്ന നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിരുന്നു. കോവിഡ് പ്രതിസന്ധിമൂലം സംസ്ഥാനങ്ങൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം പ്രസ്തുത മീറ്റിംഗിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടുന്നതുസംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങളൊന്നും ജി.എസ്.ടി. കൗൺസിൽ ഇതുവരെ സ്വീകരിച്ചതായി കാണപ്പെടുന്നില്ല.

(സി) വരുമാന സ്രോതസ്സ് തകർക്കുന്ന കേന്ദ്രസർക്കാർ നടപടി സംസ്ഥാനത്തെ ക്ഷേമ, വികസന പ്രവർത്തനങ്ങളെ പ്രതിസന്ധിയിലാക്കാൻ

ഇടയുണ്ടോയെന്ന് വ്യക്തമാക്കുമോ?

കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങൾ ഉണ്ടാക്കിയ പ്രതിസന്ധികൾക്കിടയിൽ ജി.എസ്.ടി. നഷ്ടപരിഹാരംകൂടി നിർത്തലാക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ പ്രതികൂലമായി ബാധിക്കുമെന്നാണ് കണക്കാക്കുന്നത്. ഈ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടഞ്ഞ് ജി.എസ്.ടി. നികുതി പിരിവ് കൂടുതൽ കർശനവും കാര്യക്ഷമവുമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് സ്വീകരിച്ചുവരുന്നു.

## മീറ്റ് ദി ഇൻവെസ്റ്റർ പ്രോഗ്രാം

16 (*46) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മീറ്റ് ദി ഇൻവെസ്റ്റർ എന്ന പരിപാടി സംഘടിപ്പിച്ചിരുന്നുവോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ജില്ലാടിസ്ഥാനത്തിലാണോ പ്രസ്തുത പരിപാടി സംഘടിപ്പിച്ചിരുന്നതെന്നും ഏതെല്ലാം ജില്ലകളിൽ

സംഘടിപ്പിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ?

(എ&ബി) സംഘടിപ്പിച്ചിരുന്നു. നൂറ് കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായി വ്യവസായ വകുപ്പുമന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന സ്ഥിരം ആശയ വിനിമയ വേദിയാണ് മീറ്റ് ദി ഇൻവെസ്റ്റർ. ജില്ലാടിസ്ഥാനത്തിലല്ല പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നത്.

(സി) പ്രസ്തുത പരിപാടിവഴി സംസ്ഥാനത്തുണ്ടായ നേട്ടങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

ഓരോ സംരംഭകരുടെയും വ്യവസായികളുടെയും അഭിപ്രായങ്ങൾ തേടുകയും സർക്കാർതലത്തിൽ ആവശ്യമുള്ള പിന്തുണ ഉറപ്പാക്കുകയും ചെയ്യുകയാണ് പരിപാടിയുടെ ലക്ഷ്യം. നിലവിലുള്ള പദ്ധതികൾക്കുപുറമേ, പുതിയ നിക്ഷേപ പദ്ധതികൾ, വൈവിധ്യവൽക്കരണ ശ്രമങ്ങൾ തുടങ്ങിയവയും ആലോചനാവിഷയമാകുന്നുണ്ട്. നിലവിലുള്ള നിക്ഷേപ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുകയാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. ഫിക്കി, സി.ഐ.ഐ., ചെറുകിട വ്യവസായ അസോസിയേഷൻ, പ്രവാസി സംരംഭകർ എന്നിവരുമായി പ്രത്യേകം കൂടിക്കാഴ്ച നടത്തിയതിന്റെ തുടർച്ചയിലാണ് ഓരോ സംരംഭക

ഗ്രൂപ്പിന്റേയും വിഷയങ്ങൾ പ്രത്യേകമായി ചർച്ച ചെയ്യുന്നതിന് വേദിയൊരുക്കുന്നത്. കൂടിക്കാഴ്ചകളിൽ നിയമം-വ്യവസായം-കയർ വകുപ്പുമന്ത്രിക്കുപുറമെ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കെ.എസ്.ഐ.ഡി.സി. എം.ഡി, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ, കിൻഫ്ര എം.ഡി. എന്നിവർ പങ്കെടുക്കാറുണ്ട്.

മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിൽനിന്നും പരിണമിക്കുന്ന പദ്ധതികളുടെ തുടർനടപടികൾ സുഗമമാക്കുന്നതിനും അവർക്ക് നിയമപരമായി സാധ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിനും കെ.എസ്.ഐ.ഡി.സി.-യിലെയും കിൻഫ്രയിലെയും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ നിന്നുമുള്ള നടപടികളോ അനുമതികളോ ആവശ്യമായ ഘട്ടങ്ങളിൽ അവ സുഗമമാക്കാൻ അതതു മന്ത്രിമാരുമായി നേരിട്ടുതന്നെ സംവദിക്കുകയും സഹകരണം ഉറപ്പാക്കുകയും ചെയ്തുവരുന്നു.

(ഡി) ഭക്ഷ്യ-സംസ്കരണ രംഗത്ത് പാർക്കുകൾ സ്ഥാപിക്കുന്ന നിർദ്ദേശം പ്രസ്തുത പദ്ധതിയിലൂടെ നടപ്പാക്കുമോയെന്ന് അറിയിക്കുമോ?

കിൻഫ്ര നിലവിൽത്തന്നെ പാലക്കാട് ജില്ലയിൽ കേന്ദ്ര ഭക്ഷ്യ-സംസ്കരണ മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടി ഒരു മെഗാ

ഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. പാർക്കിലെ ഭൂമി പൂർണ്ണമായും അലോട്ട് ചെയ്തുകഴിഞ്ഞു.

സംസ്ഥാന സർക്കാർ മിനി ഫുഡ് പാർക്ക് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതുപ്രകാരം വിവിധ ജില്ലകളിൽ അനുയോജ്യമായ ഭൂമിയുടെ ലഭ്യത, പദ്ധതിയുടെ സാധ്യത എന്നിവയെ ആധാരമാക്കി ഇതുസംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

(ഇ) കേരളത്തിലെ മലയോര മേഖലയിൽ ഭക്ഷ്യ സംസ്കരണത്തിനുള്ള മികച്ച സാധ്യത കണക്കിലെടുത്ത് പ്രസ്തുത മേഖലയിൽ ഭക്ഷ്യസംസ്കരണ പാർക്കുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

മലയോര മേഖലകളിൽ ഇത്തരത്തിലുള്ള പാർക്കുകൾ സ്ഥാപിക്കണമെങ്കിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അദ്ധ്യക്ഷനായ സമിതി സ്ഥലം കണ്ടെത്തി, ടി സ്ഥലം പദ്ധതിക്ക് അനുയോജ്യമാണെങ്കിൽ, പദ്ധതിയുടെ സാധ്യത പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

## സഹകരണ മേഖലയിലെ തൊഴിലവസരങ്ങൾ

17 (*47) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ ഫെഡറേഷനുകൾ, മറ്റ് സഹകരണ സംഘങ്ങൾ എന്നിവയിലൂടെ സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ സഹകരണ മേഖലയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കേരളാ ബാങ്ക് മുഖേന തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കെ.ബി. മിത്ര, കെ.ബി. സുവിധ, കെ.ബി. സുവിധ പ്ലസ്, കെ.ബി. ജി.എസ്.റ്റി. മിത്ര, കെ.ബി. പ്രവാസി കിരൺ, കെ.ബി. പ്രവാസി ഭദ്രത, കെ.ബി. എൽ.റ്റി. അഗ്രിക്കൾച്ചറൽ ലോൺ, കെ.ബി. മൈക്രോ ഫിനാൻസ് എന്നീ വായ്പാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
2. പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന തനതായ

ലോൺ പദ്ധതികൾക്കുപുറമേ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് പുതിയ തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

3. കേരള വനിതാ സഹകരണ ഫെഡറേഷൻ ക്ലിപ്തം നമ്പർ-4440 (വനിതാഫെഡ്) മുഖേന അംഗസംഘങ്ങൾക്ക് ഡ്രൈവിംഗ് സ്കൂൾ, നീതി മെഡിക്കൽസ്, ഗാർമെന്റ് പർച്ചേസ് എന്നീ പദ്ധതികൾ മുഖാന്തരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കൺസ്യൂമർ ഫെഡറേഷൻ സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

5. ടൂർഫെഡിന്റെ തനത് പ്രോജക്ടായ വർക്കല ഹരിഹരപുരം കായൽ ടൂറിസം പദ്ധതി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ടി പദ്ധതി പൂർത്തിയാകുന്നതോടുകൂടി നിരവധിപേർക്ക് തൊഴിൽ നൽകാൻ സാധിക്കുന്നതോടൊപ്പം പ്രാദേശിക വികസനം സാധ്യമാകുന്നതിലൂടെ നിരവധി തൊഴിലവസരം സൃഷ്ടിക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു.

6. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലേബർ ബാങ്ക് രൂപീകരണം, കൺസൾട്ടൻസി സർവ്വീസ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
7. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഫെഡറേഷനുകീഴിൽ ഒരു റിസർച്ച് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി പദ്ധതി പൂർത്തിയാകുമ്പോൾ നിരവധി സ്ഥിരം തൊഴിൽ/തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.
8. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്) 24 ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
9. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർമാർക്ക്) 13 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഗ്രാമീണ മേഖലയുടെ സമഗ്ര പുരോഗതി ഉറപ്പുവരുത്താൻ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം സഹായകരമാകുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഗ്രാമീണ മേഖലകളിലെ കാർഷികവും കാർഷികേതരവുമായ

എല്ലാ ദൈനംദിന സാമ്പത്തിക ഇടപാടുകളിലും സേവനരംഗങ്ങളിലും സഹകരണ പ്രസ്ഥാനങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നു. ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 1600-ലധികം വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവയുടെ മൂവായിരത്തിലധികം ശാഖകളും നാടിന്റെ നാനാഭാഗത്തും പ്രവർത്തിക്കുന്നു. സാധാരണക്കാരായ ജനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിലേയ്ക്കായി നിരവധി വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം, കെ.എസ്.ആർ.ടി.സി. പെൻഷൻവിതരണം, ഭിന്നശഷി വിഭാഗക്കാർക്കായുള്ള പ്രത്യേക വായ്പാ പദ്ധതി, തരിശുനില പച്ചക്കറി കൃഷി, കായിക മേഖലയുടെ ഉന്നമനത്തിനായുള്ള ക്രിക്കറ്റ്/ഫുട്ബോൾ/ ബാഡ്മിന്റൺ ടർഫുകളുടെ നിർമ്മാണം എന്നിവ സാമൂഹിക പ്രതിബദ്ധതയോടെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. വൻകിട ബാങ്കുകളാൽ തിരസ്കരിക്കപ്പെടുന്ന സാധാരണക്കാർക്കുള്ള അത്താണിയാണ് സഹകരണ ബാങ്കുകൾ. ഒരേസമയം സാധാരണ ജനങ്ങളെ സഹായിക്കുന്നതിനും നാടിന്റെ സ്ഥായിയായ വികസനപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനും സഹകരണ ബാങ്കുകൾ/സംഘങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നു.

കാർഷികേതര വായ്പാ മേഖലയിൽ ചെറുകിട സംരംഭങ്ങൾ

ആരംഭിക്കുന്നതിനും ഗ്രാമീണ സേവന മേഖലയിൽ വായ്പകൾ ലഭ്യമാക്കുന്നതിനും ഭവനരഹിതരായ കർഷകർക്ക് ഭവന നിർമ്മാണത്തിനായി വായ്പകൾ അനുവദിച്ചുവരുന്നു.

(സി) സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ?

സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി സഹകരണ മേഖലയിൽ ആകെ 20000 തൊഴിൽ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു.

ടി പദ്ധതി കാലയളവിൽ സഹകരണ വകുപ്പ്/ബാങ്കുകൾ/സംഘങ്ങൾ എന്നിവയിലൂടെ 522 സ്ഥിരനിയമനങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചു. കേരളാ ബാങ്കിൽനിന്നും ആയിരത്തോളം സ്ഥിരം നിയമനങ്ങൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ടി പദ്ധതി കാലയളവിൽ കേരളാ ബാങ്ക് മുഖേന വായ്പാ പദ്ധതികൾ മുഖാന്തരം 12000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

ടി പദ്ധതി കാലയളവിൽ ജില്ലകളിൽ PACS മുഖേന വായ്പകൾ മുഖാന്തരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിവഴി 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ നൽകുന്ന 3400 പദ്ധതികളിലൂടെ ഒരു പദ്ധതിക്ക് ഒരു തൊഴിൽ വീതം ആകെ 3400 തൊഴിൽ സൃഷ്ടിക്കുന്നതിനും 5-10 ലക്ഷം രൂപ വരെയുള്ള വായ്പകൾ നൽകുന്ന 800 പദ്ധതികളിലൂടെ ഒരു പദ്ധതിക്ക് ശരാശരി 2 തൊഴിൽ വീതം ആകെ 1600 തൊഴിൽ സൃഷ്ടിക്കുന്നതിനും 10-25 ലക്ഷം രൂപ വരെയുള്ള വായ്പകൾ നൽകുന്ന 300 പദ്ധതികളിലൂടെ ഒരു പദ്ധതിക്ക് ശരാശരി 5 തൊഴിൽ വീതം ആകെ 1500 തൊഴിൽ സൃഷ്ടിക്കുന്നതിനും 25 ലക്ഷം രൂപയ്ക്കു മുകളിൽ വായ്പകൾ നൽകുന്ന 100 പദ്ധതികളിലൂടെ ഒരു പദ്ധതിക്ക് ശരാശരി 5 തൊഴിൽ വീതം ആകെ 500 തൊഴിൽ സൃഷ്ടിക്കുന്നതിനും അപ്രകാരം ആകെ 4600 വായ്പാപദ്ധതികളിലൂടെ 7000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. ഇപ്രകാരം സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പദ്ധതിയിലൂടെ 40254 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

ടി പദ്ധതി കാലയളവിൽ സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ നേരിട്ട് നടത്തുന്ന പദ്ധതികളിലൂടെ കൺസ്യൂമർഫെഡ് മുഖാന്തരം 15 തൊഴിലവസരങ്ങളും മാർക്കറ്റ്ഫെഡ് മുഖാന്തരം 5 തൊഴിലവസരങ്ങളും

വനിതാഫെഡ് മുഖാന്തരം 15 തൊഴിലവസരങ്ങളും റബ്ബർമാർക്ക് മുഖാന്തരം 3 തൊഴിലവസരങ്ങളും എസ്.സി/എസ്.ടി. ഫെഡ് മുഖാന്തരം 12 തൊഴിലവസരങ്ങളുമുൾപ്പെടെ ആകെ 50 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

വായ്പേതര സംഘങ്ങൾ മുഖേന 450 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

(ഡി) സഹകരണ മേഖലയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് തൊഴിലവസരങ്ങളുൾപ്പെടെ ഗ്രാമീണ മേഖലയുടെ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സഹകരണ മേഖലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് തൊഴിലവസരങ്ങൾ ഉൾപ്പെടെ ഗ്രാമീണ മേഖലയുടെ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നതുസംബന്ധിച്ച് സഹകരണ വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആയിരത്തിൽ 5 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതിയുടെ കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള ചർച്ചകളുടെ ഭാഗമായി ടി പദ്ധതി നടപ്പിലാക്കിയാൽ

ചുവടെപ്പറയുന്ന മേഖലകളിൽ സഹകരണ വകുപ്പിന് പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്ന് അറിയിച്ചിട്ടുണ്ട്.

1. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആയിരത്തിൽ 5 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനും ആവശ്യമായ ഹ്രസ്വകാല-ദീർഘകാല വായ്പകൾ സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി നൽകാൻ കഴിയും. ചെലവിന്റെ നിശ്ചിത ശതമാനം സംഘങ്ങൾ/ ബാങ്കുകളുടെ ഫണ്ടിൽ നിന്നുള്ള വായ്പയായും സർക്കാർ ധനസഹായമുണ്ടെങ്കിൽ അത് വായ്പ/സബ്സിഡി ആയും വിതരണം ചെയ്യാവുന്നതാണ്.

2. ഇപ്രകാരമുള്ള വായ്പാ പദ്ധതികളിലൂടെ പ്രാദേശികമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾ ഉണ്ടെങ്കിൽ, ആയതിൽ ബന്ധപ്പെട്ട സഹകരണ സ്ഥാപനത്തിനും പങ്കാളിത്തമുണ്ടെങ്കിൽ ഉൽപ്പന്നങ്ങൾ COOP MART-കൾ വഴി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതും COOP MART വഴി ഓൺലൈൻ വ്യാപാര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താവുന്നതും ഇത്തരം ഉൽപ്പന്നങ്ങൾക്ക് കൃത്യമായ വിപണി കണ്ടെത്താൻ കഴിയുന്നതുമാണ്.

3. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രാദേശിക വികസന പദ്ധതിയിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പ്രാഥമിക സഹകരണ ബാങ്കിനെ പങ്കാളിയാക്കുന്നത് ഉചിതമായിരിക്കും.

4. വർക്ക് ഫ്രം ഹോം അസൗകര്യമുള്ള യുവജനങ്ങൾക്കായി വാടക അടിസ്ഥാനത്തിൽ Plug and Play അധിഷ്ഠിത തൊഴിലിടങ്ങൾ ഒരുക്കുന്ന പദ്ധതികൾ സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി നടപ്പിലാക്കാവുന്നതാണ്.

5. ഓൺലൈൻ ഓർഡർപ്രകാരം സാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന പദ്ധതികളിൽ ടി ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന യുവജന സഹകരണ സംഘത്തിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

6. പ്രാദേശിക സാമ്പത്തിക വികസന പരിപാടികളുടെ ഫണ്ടുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുത്ത സഹകരണ സംഘങ്ങൾ/ബാങ്കുകൾവഴി കൈകാര്യം ചെയ്യാവുന്നതാണ്.

## സഹകരണ ബാങ്ക് ക്രമക്കേടുകൾ തടയാൻ നടപടി

18 (*48) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ ഒതുക്കിത്തീർക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെ ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സഹകരണ ബാങ്കുകളിൽ വ്യാപകമായി നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

- സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS തസ്തികയിലുള്ള സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിനെ സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.
- സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

- കമ്പ്യൂട്ടർവൽക്കൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്കരീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- വസ്തു ജാമ്യത്തിലുള്ള വായ്പാ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.
- സഹകരണ ബാങ്കുകളിൽ ക്രമക്കേടുകളുണ്ടായാൽ ആയവ കൃത്യമായി കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ആഡിറ്റർമാരെയും ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് സംഘങ്ങളിൽ പരിശോധനകൾ തുടർച്ചയായി നടത്തി

വരുന്നു.

- സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാരാപ്പുഴ സഹകരണ ബാങ്കിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

കാരാപ്പുഴ സഹകരണ ബാങ്കിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന് പരാതി ലഭിച്ചിട്ടില്ല.

**ആധുനിക വ്യവസായ വികസന പ്രോത്സാഹന പ്രവർത്തനങ്ങൾ**

19 (*49) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് മികച്ച ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് നവകേരള നിർമ്മിതി

സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ആധുനിക വ്യവസായ വികസന പ്രോത്സാഹന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാനത്ത് ഉണ്ടാകുന്ന വ്യാവസായിക നിക്ഷേപത്തിന്റെ ഭൂരിഭാഗവും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ മേഖലയിലാണ്. കൂടുതൽ ചെറുപ്പക്കാർക്ക് സംരംഭം ആരംഭിക്കാൻ അവസരമുള്ളതും തൊഴിൽ സാധ്യതയുള്ളതും സൂക്ഷ്മ-ചെറുകിട -ഇടത്തരം സംരംഭ മേഖലയിലാണ്. കൂടുതൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനും വിവിധ പരിപാടികൾ സർക്കാർ ആവിഷ്കരിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രസ്തുത വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇതിനുപുറമെ ഉൽപ്പാദന മേഖലയിലെ നവീന ആശയങ്ങളിൽ അധിഷ്ഠിതമായ സ്റ്റാർട്ടപ്പുകൾക്ക് സഹായം നൽകാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഇതുകൂടാതെ നവീന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഈ ആശയങ്ങൾക്കാവശ്യമായ നിക്ഷേപം ലഭ്യമാക്കാൻ

സഹായിക്കുന്നതിനുമായി ഡ്രീംവെസ്റ്റർ എന്ന പ്രോഗ്രാം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ യുവാക്കളുടെ സംരംഭക ആശയങ്ങൾ അവതരിപ്പിക്കാനുള്ള അവസരം നൽകുന്ന ഈ പ്രോഗ്രാമിലൂടെ മികച്ച ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് സമ്മാനവും നൽകുന്നതാണ്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. 2022-23 സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിടുകയാണ്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താൽപ്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണം നടത്താനും തുടർന്ന് താൽപ്പര്യപ്പെട്ടുവരുന്ന ആളുകൾക്ക് ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ

ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്കാവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് ക്യാമ്പയിനുകൾ വഴി ലക്ഷ്യമിടുന്നത്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനുംവേണ്ടി ഇന്റേണുകളെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേണുകളുടെ നേതൃത്വത്തിൽ ഈ പ്രക്രിയ തുടർന്നുകൊണ്ട് ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താൽപ്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേയ്ക്ക് നയിക്കാനും വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാണ് ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കാനും താൽപ്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One local body One Product-OLOP) എന്ന ആശയം നടപ്പാക്കാനും സംരംഭകർക്കുവേണ്ട മാർക്കറ്റിംഗ് സഹായം ലഭ്യമാക്കാനും അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) പതിനായിരം കോടിയിലധികം രൂപയുടെ നിക്ഷേപം ആകർഷിച്ച് സംസ്ഥാനത്തെ വ്യവസായ മേഖലയ്ക്ക് ഊർജ്ജം പകരാൻ ഉദ്ദേശിച്ചുകൊണ്ടുള്ള വ്യവസായ ക്ലസ്റ്റർ രൂപീകരണത്തിന്റെ പുരോഗതി അറിയിക്കാമോ?

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ സംയോജിത ഉൽപ്പാദന ക്ലസ്റ്ററുകളാണ് സ്ഥാപിക്കുന്നത്. ഇതുപ്രകാരം പാലക്കാടും കൊച്ചിയും ഓരോ നോഡുകളായാണ് സ്ഥാപിക്കുന്നത്. പാലക്കാട് നോഡിൽ 1845 ഏക്കർ ഭൂമി കണ്ടെത്തുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലുമാണ്. ഭൂമി ഏറ്റെടുത്ത് ഇതിനായി രൂപീകരിച്ച കേരളാ ഇൻഡസ്ട്രിയൽ കോറിഡോർ കോർപ്പറേഷന് കൈമാറി, അവർ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വിവിധയിനം വ്യവസായങ്ങൾക്ക് പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കും. പദ്ധതിയുടെ Market Demand Assesement-ഉം Master Plan-ഉം തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ കേന്ദ്ര സർക്കാർ നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 5 വർഷത്തിനുള്ളിൽ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കിവരുന്ന സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതി (MSE-CDP) വഴി കണ്ടെത്തിയ 12 ക്ലസ്റ്ററുകളിൽ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 4 ക്ലസ്റ്ററുകളുടെ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള അനുബന്ധ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിനുപുറമേ വിവിധ ജില്ലകളിലായി കണ്ടെത്തിയ 30 ക്ലസ്റ്ററുകളുടെ വികസനം നടന്നുവരുന്നു. കൂടാതെ ക്ലസ്റ്റർ അധിഷ്ഠിത വികസനത്തിനുള്ള ഒരു പ്രത്യേക പദ്ധതി, ഈ വർഷത്തെ ബഡ്ജറ്റിലെ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിവഴി ക്ലസ്റ്ററുകളുടെ പൊതുസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പരിസ്ഥിതി അനുകൂലവും സേവനാധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകുന്നതുമായ കൊച്ചി ഗിഫ്റ്റ് സിറ്റി സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ അയ്യമ്പുഴ വില്ലേജിൽ ഒരു GIFT City സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 358 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രാഥമിക നോട്ടിഫിക്കേഷൻ 04-10-2021-ന് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

ബാധിക്കപ്പെടുന്ന ഭൂവുടമകൾക്കുള്ള RR Package അംഗീകരിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കെ-ഡിസ്ക് നടത്തുന്ന പ്രവർത്തനങ്ങൾ**

20 (*50) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്ര, സാങ്കേതികശാസ്ത്ര വിജ്ഞാനത്തിൽ മികവ് കൈവരിച്ച് വൈദഗ്ധ്യവും അറിവും ഉൽപ്പാദനക്ഷമത കൂടിയ തൊഴിൽ സൃഷ്ടിക്കായി വിനിയോഗിക്കാൻ ലക്ഷ്യമിടുന്ന വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ രൂപപ്പെടുത്താൻ വേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

സാങ്കേതികശാസ്ത്ര വിജ്ഞാനത്തിൽ മികവ് കൈവരിച്ച് ഉൽപ്പാദനക്ഷമത കൂടിയ തൊഴിൽ സൃഷ്ടി ലക്ഷ്യമിടുന്ന വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ രൂപപ്പെടുത്താൻ സംസ്ഥാന സർക്കാർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾ, മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിക്കൽ (CoE), അഭ്യസ്തവിദ്യരായ

തൊഴിൽരഹിതർക്ക് ആഗോള തൊഴിലിടങ്ങളിൽ അവസരങ്ങൾ കണ്ടെത്താനുള്ള സജ്ജീകരണം, എല്ലാ മേഖലകളിലും ഡിജിറ്റൽ പരിവർത്തനം, സംസ്ഥാനതലത്തിൽ ഇന്നൊവേഷൻ ഇക്കോസിസ്റ്റം സൃഷ്ടിക്കൽ, വിജ്ഞാന വ്യവസായങ്ങൾ സ്ഥാപിക്കൽ, നോളജ് എക്കണോമിക് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ എന്നീ വ്യത്യസ്ത ഘടകങ്ങളാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) വിജ്ഞാന സമൂഹ നിർമ്മിതിക്കായി കെ-ഡിസ്ക് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

മികവിന്റെ കേന്ദ്രങ്ങൾ (CoE) സൃഷ്ടിക്കാനുള്ള സർക്കാർ പദ്ധതികളിൽ പങ്കാളിത്തം, അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് 60% കേരളത്തിനു പുറത്തും 40% കേരളത്തിനുള്ളിലും തൊഴിൽ ലഭ്യമാക്കാനുള്ള പരിപാടി, സംസ്ഥാനതലത്തിൽ ഇന്നൊവേഷൻ ഇക്കോസിസ്റ്റം സജ്ജമാക്കി വിവിധ മേഖലകളിൽ ഇന്നൊവേഷൻ പ്രോൽസാഹിപ്പിക്കൽ എന്നീ വിഭാഗങ്ങളിലാണ് വിജ്ഞാന സമൂഹ നിർമ്മിതിക്കായുള്ള കെ-ഡിസ്കിന്റെ പ്രവർത്തനങ്ങൾ.

(സി) വരുന്ന നാല് വർഷംകൊണ്ട് ഏഴ് ലക്ഷം പേർക്ക് തൊഴിൽ നൽകാനുള്ള പദ്ധതിക്ക് വ്യവസായികളുടെ സംഘടനയുമായി കെ-ഡിസ്ക്

കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഇതുവഴി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

വരുന്ന നാല് വർഷങ്ങൾകൊണ്ട് 5 ലക്ഷം പേർക്ക് നേരിട്ടും 2 ലക്ഷം പേർക്ക് റിക്രൂട്ട് ട്രെയിൻ ആൻഡ് ഡിപ്ലോയ് (RTD) എന്ന നൂതന മാതൃകയിൽ തൊഴിൽ നൽകുന്നതിനുമായി ദേശീയതലത്തിലുള്ള വ്യവസായസംരംഭങ്ങളുടെ സംഘടനയായ കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസ് (സി.ഐ.ഐ.)-മായി ചേർന്നാണ് കെ-ഡിസ്ക് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. തൊഴിലിൽ സാമാന്യശേഷിയുള്ള ആളുകളെ തെരഞ്ഞെടുത്ത് സവിശേഷയോഗ്യതകളിൽ കൂടുതൽ പരിശീലനം നൽകി വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവരെ നിയമിക്കുന്ന രീതിയാണിത്. വ്യവസായങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള നൈപുണ്യ പരിശീലനമാണ് ഇതിന്റെ പ്രത്യേകത. കേരളത്തിലും ദേശീയവും അന്തർദേശീയവുമായുള്ള തൊഴിലവസരങ്ങൾ സി.ഐ.ഐ. നാൾക്കുനാൾ നോളഡ്ജ് മിഷൻ പോർട്ടലിൽ കൊണ്ടുവരുന്നുണ്ട്. പുരോഗതി അവലോകനം ചെയ്യുന്നതിനായി ആഴ്ചതോറും അവലോകന യോഗം നടത്തി വരുന്നുണ്ട്. റിക്രൂട്ട് ട്രെയിൻ ആൻഡ് ഡിപ്ലോയ് മാതൃകയിൽ തൊഴിൽ അന്വേഷകരെ അവരുടെ അഭിരുചി പരിശോധനയ്ക്കുശേഷം അവരുടെ

നൈപുണ്യവിടവ് കണ്ടെത്തി നൈപുണ്യശേഷി വർദ്ധിപ്പിക്കുകയും അതുവഴി തൊഴിൽ നൽകുകയും ചെയ്യുന്നു.

(ഡി) ഡിജിറ്റൽ ഇക്കോണമിക്കുവേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഡിജിറ്റൽ ഇക്കോണമിക്കുവേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. വർക് ഫ്രം ഹോം
2. വർക് നിയർ ഹോം
3. ഡേറ്റാ കമ്യൂണിക്കേഷൻ ഇൻഫ്രാസ്ട്രക്ച്ചർ

കേരള നോളഡ്ജ് എക്കണോമിക് മിഷൻ (കെ.കെ.ഇ.എം.) വഴി സ്കിൽസ് പാർക്കുകൾ.

## സഹകരണ മേഖലയിലെ പദ്ധതികളും കോപ് മാർട്ടും

21 (*51) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടത്തരം-ചെറുകിട-സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിനനുസൃതമായി ഈ രംഗത്ത് സഹകരണ മേഖല നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ അറിയിക്കാമോ?

ഇടത്തരം-ചെറുകിട-സൂക്ഷ്മ സംരംഭങ്ങൾക്കായി വിവിധതരത്തിലുള്ള വായ്പാ പദ്ധതികൾ കേരള ബാങ്ക് മുഖേന അനുവദിക്കുന്നുണ്ട്.

കെ.ബി. മിത്ര - പരമാവധി 60 ലക്ഷം രൂപവരെ വ്യക്തികൾക്കും ഒരു കോടി രൂപവരെ കമ്പനികൾക്കും 84 മാസക്കാലയളവിൽ 8.75% പലിശ നിരക്കിൽ അനുവദിക്കുന്നുണ്ട്.

1. <u>കെ.ബി. സുവിധ</u>:- പരമാവധി 20 ലക്ഷം രൂപവരെ വ്യക്തികൾക്ക് 10% പലിശ നിരക്കിൽ 10 വർഷക്കാലയളവിൽ അനുവദിക്കുന്നു.
2. <u>കെ.ബി. യുവമിത്ര</u>:- 35 വയസ്സിൽ താഴെയുള്ള വ്യക്തികളുടെ ബിസിനസ്സ് ആവശ്യങ്ങൾക്കായി പരമാവധി 60 ലക്ഷം രൂപവരെ 8.75% പലിശ നിരക്കിൽ അനുവദിക്കുന്നു.
3. <u>കെ.ബി. ഏടം മിത്ര</u>:- പരമാവധി 60 ലക്ഷം രൂപവരെ വ്യക്തികൾക്കും ഒരു കോടി രൂപവരെ കമ്പനികൾക്കും 84 മാസക്കാലയളവിൽ 9% പലിശ നിരക്കിൽ അനുവദിക്കുന്നു.

4. <u>കെ.ബി. സുവിധ പ്ലസ്</u>:- ലഘു ജാമ്യ വ്യവസ്ഥയിൽ പരമാവധി 5 ലക്ഷം രൂപവരെ 60 മാസക്കാലയളവിൽ 9% പലിശ നിരക്കിൽ അനുവദിക്കുന്നു.

5. <u>കെ.ബി. പ്രവാസി കിരൺ</u>:- നോർക്കാ റൂട്ട്സുമായി സഹകരിച്ചുകൊണ്ട് മടങ്ങിയെത്തിയ പ്രവാസികളുടെ ബിസിനസ്സ് ആവശ്യങ്ങൾക്കായി പരമാവധി 24 ലക്ഷം രൂപവരെ അനുവദിക്കുന്നുണ്ട്. ആദ്യ നാലുവർഷം പലിശയിനത്തിൽ 3% സബ്സിഡിക്കും പരമാവധി മൂന്നു ലക്ഷം രൂപവരെ ക്യാപിറ്റൽ സബ്സിഡിക്കും അർഹതയുണ്ട്.

6. <u>കെ.ബി. പ്രവാസി ഭദ്രത</u>:- പ്രവാസികളുടെ പുനരുജ്ജീവനത്തിനായി ലഘുജാമ്യ വ്യവസ്ഥയിൽ പരമാവധി 5 ലക്ഷം രൂപവരെ 8.75% പലിശ നിരക്കിൽ അനുവദിക്കുന്നു. ആദ്യ നാലുവർഷം പലിശയിനത്തിൽ 3% സബ്സിഡിക്കും പരമാവധി ഒരു ലക്ഷം രൂപവരെ ക്യാപ്പിറ്റൽ സബ്സിഡിക്കും അർഹതയുണ്ട്.

സർക്കാരിന്റെ ഒരു ലക്ഷം MSME പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി കെ.ബി. സ്മാർട്ട് വായ്പാ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതിപ്രകാരം സേവന/വ്യാപാര മേഖലയിൽ പരമാവധി 10 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്കും ഉൽപ്പാദക മേഖലയിൽ പരമാവധി 25 ലക്ഷം

രൂപവരെയുള്ള പ്രോജക്ടുകൾക്കും വായ്പ അനുവദിക്കുന്നുണ്ട്.

(ബി) കാർഷികോല്പാദനത്തിലും മൂല്യവർദ്ധിതോൽപ്പന്ന നിർമ്മാണത്തിലും ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

കാർഷികോൽപ്പാദനത്തിലും മൂല്യവർദ്ധിതോൽപ്പന്ന നിർമ്മാണത്തിലും ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, വിൽപ്പന എന്നിവയെ പരിപോഷിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പദ്ധതിയാണ് "സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി". ഏഴ് ഉപപദ്ധതികളുള്ള ടി സമഗ്ര പദ്ധതിയുടെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം 2250 ലക്ഷം രൂപവരെ സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ 14 ജില്ലകളിലും ടി പദ്ധതി ഘട്ടംഘട്ടമായി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2022-23-ൽ ടി പദ്ധതി 7 ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി

15 സംഘങ്ങളെ തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾവഴി തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകളുടെ സംഭരണം, സംസ്കരണം, വിനിമയം, വിപണനം എന്നിവ മെച്ചപ്പെടുത്തി സാധാരണ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ മൂല്യവർദ്ധിത സംരംഭങ്ങൾക്ക് നബാർഡ് സഹായത്തോടെ 4% പലിശ നിരക്കിൽ 3% സബ്സിഡി ലഭിക്കുന്ന PACS As MSE എന്ന പദ്ധതി കേരള സംസ്ഥാന സഹകരണ ബാങ്ക് നടപ്പാക്കിയിട്ടുണ്ട്. സംഘങ്ങളിൽ അംഗമായിരിക്കുന്ന കർഷകർക്ക് ഉൽപ്പാദനം മുതൽ വിപണനംവരെയുള്ള എല്ലാ ഘട്ടങ്ങളിലും ആധുനികവും ശാസ്ത്രീയവുമായ സൗകര്യങ്ങൾ നൽകുക, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം മുതലായവയാണ് പദ്ധതിയുടെ ഉദ്ദേശ്യം. കൂടാതെ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള കാർഷിക ഉൽപ്പാദക സംഘടനകൾക്ക് (FPO) നബാർഡിന്റെ പുനർവായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിച്ചുനൽകുന്നു. കർഷക ഉൽപ്പാദക സംഘടനകളിലൂടെ സമൂഹത്തിലെ കർഷകരുടെ ഉന്നമനം, കാർഷികാഭിവൃദ്ധി, മൂല്യവർദ്ധിത ഉൽപ്പാദനത്തിലൂടെ കർഷകരുടെ

വരുമാനം വർദ്ധിപ്പിക്കൽ എന്നിവയാണ് ലക്ഷ്യംവയ്ക്കുന്നത്.

കർഷകരിൽനിന്നും നെല്ല് സംഭരിച്ച്, സംസ്കരിച്ച് കാർഷിക ഉൽപ്പന്നങ്ങൾ വിപണനം നടത്തുക, ആയതിനുവേണ്ടി ആധുനിക സാങ്കേതികവിദ്യയോടുകൂടിയ അരിമിൽ സ്ഥാപിക്കുക, എല്ലാത്തരം കാർഷിക ഉൽപ്പന്നങ്ങളും വാങ്ങി സംഭരിച്ചും സംസ്കരിച്ചും അല്ലാതെയും വിപണനം നടത്തുക, ഭക്ഷണയുക്തമായ കാർഷിക ഉൽപ്പന്നങ്ങൾ സംസ്കരിച്ച് വിവിധതരം ടിൻഫുഡുകൾ ആയുള്ള ഭക്ഷണ പാക്കറ്റുകൾ ആയും അല്ലാതെയും വിപണനം നടത്തുക, ഭക്ഷണയുക്തമല്ലാത്ത കാർഷിക ഉൽപ്പന്നങ്ങൾ സംസ്കരിച്ച് വിവിധതരം വ്യവസായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചും അല്ലാതെയും വിപണനം നടത്തുക തുടങ്ങിയ ലക്ഷ്യത്തോടെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായിക്കൊണ്ട് പാലക്കാട് ജില്ലാ പ്രവർത്തന പരിധിയായി പാലക്കാട് പാഡി പ്രൊക്വയർമെന്റ്, പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (PAPCOS) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും മേൽപ്രകാരമുള്ള അതേ ഉദ്ദേശ്യലക്ഷ്യങ്ങളോടെ പാലക്കാട് ഒഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തനപരിധിയായി കോട്ടയം ആസ്ഥാനമായിക്കൊണ്ട് കേരള പാഡി പ്രോക്യുർമെന്റ് പ്രോസ്സസിംഗ് &

മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) രജിസ്റ്റർ ചെയ്ത് പ്രാരംഭപ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.

(സി) ഉൽപ്പാദന, നിർമ്മാണ പ്രവർത്തനങ്ങളിൽ സുസ്ഥിരത കൈവരിക്കുന്നതിന് വിപണന രംഗത്ത് ശക്തമായ സാന്നിദ്ധ്യം ഉറപ്പിക്കാൻ കോപ് മാർട്ട് എന്ന പേരിൽ ബ്രാൻഡിംഗിന് ഉദ്ദേശിക്കുന്നുണ്ടോ; ഓൺലൈൻ വിപണനത്തിന്റെ സാധ്യത പരിശോധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളുടെ ഉൽപ്പാദന നിർമ്മാണ പ്രവർത്തനങ്ങളിൽ സുസ്ഥിരത കൈവരിക്കുന്നതിനും വിപണന രംഗത്ത് ശക്തമായ സാന്നിധ്യം ഉറപ്പാക്കുന്നതിനുമായി സഹകരണ മേഖലയിൽ "ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഒരൊറ്റ ബ്രാൻഡിനുകീഴിലാക്കി ഒരു പൊതു ട്രേഡ് മാർക്കോടെ വിപണിയിലെത്തിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ സഹകരണ ഉൽപ്പന്നങ്ങൾക്ക് സ്വീകാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ കഴിയും. ദേശീയ-അന്തർദേശീയ വിപണിയിലേയ്ക്ക് ചുവടുവയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ

ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധനാ ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക തുടങ്ങിയവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

സുരക്ഷിത ഭക്ഷ്യവിഭവങ്ങൾ ഉൾപ്പെടെ സഹകരണ മേഖലയിലെ വൈവിദ്ധ്യവും ഗുണനിലവാരമുള്ളതുമായ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും ഏകീകൃത മാതൃകയിൽ ഓരോ കോപ്പ്മാർട്ടുകൾ (coopmart) ഇതിനകം ആരംഭിച്ചിട്ടുണ്ട്. കോപ്പ്മാർട്ടുകളുടെ എണ്ണം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിലേയ്ക്ക് coopkerala എന്ന ട്രേഡ് മാർക്ക് രൂപകൽപ്പന ചെയ്തിട്ടുണ്ട്. അതിന് 1999-ലെ ട്രേഡ് മാർക്സ് ആക്ടുപ്രകാരം സെൻട്രൽ ഗവൺമെന്റ് ട്രേഡ് മാർക്ക് രജിസ്ട്രിയിൽനിന്നും രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതുമാണ്. സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിവരികയാണ്.

പദ്ധതിയുടെ ഭാഗമായി ഇ-സെല്ലിംഗ് മൊബൈൽ ആപ്ലിക്കേഷൻ ആൻഡ് വെബ് ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ (E-selling mobile

application & Web application software) തയ്യാറാക്കുന്നതിനുള്ള നടപടി വളരെ പുരോഗതിയിലാണ്. ആദ്യഘട്ടം ഔട്ട്ലെറ്റുകൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്സൈറ്റ് മുഖേനയോ ഉൽപ്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കാൻ കഴിയുംവിധമുള്ള സോഫ്റ്റ്വെയർ ആണ് നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ ഉപഭോക്താക്കൾക്കും ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ്വെയർ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ കടബാധ്യത

22 (*52) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ ബാധിക്കുന്ന കടബാധ്യതകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ നാളിതുവരെയുള്ള പൊതുകടം എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുപ്രകാരം 31-03-2022 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 332291 കോടി രൂപയാണ്. ഇതിൽ സംസ്ഥാനത്തിന്റെ പൊതുകടമായ 219974.55 കോടി രൂപയും ഉൾപ്പെടുന്നു. പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പ്, LIC, GIC, നബാർഡ്, ദേശീയ ലഘു സമ്പാദ്യ പദ്ധതിയിലേയ്ക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾ മുതലായവ ഉൾപ്പെടുന്ന സംസ്ഥാന സർക്കാരിന്റെ ആഭ്യന്തരകടവും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും (വിദേശ സഹായ വായ്പകൾ ഉൾപ്പെടെ) മുൻകൂറുകളും അടങ്ങുന്നതാണ് സംസ്ഥാനത്തിന്റെ പൊതുകടം. ഈ പൊതുകടത്തോടൊപ്പം പൊതുകണക്കിനത്തിലെ ലഘുസമ്പാദ്യങ്ങൾ, പ്രൊവിഡന്റ് ഫണ്ടുകൾ മുതലായവയിൽ നിന്നെടുക്കുന്ന വായ്പകൾകൂടി ചേരുന്നതാണ് സംസ്ഥാനത്തിന്റെ കടബാധ്യത.

(സി) എഫ്.ആർ.ബി.എം. ആക്ടിന്റെ പരിധിയിൽ കവിഞ്ഞ കടബാധ്യത സംസ്ഥാനത്തിനുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിധി പാലിക്കാൻ എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം

സംസ്ഥാനത്തിന്റെ ആകെ കടവും മൊത്തം അഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതം ചുവടെ പറയുംപ്രകാരമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

| വർഷം | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 |
|---|---|---|---|---|---|
| കടം/ജി.എസ്.ഡി.പി. | 34.7 | 34.5 | 33.7 | 32.8 | 32 |

2021-22-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റപ്രകാരം സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതം 36.98% ആകുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾപ്രകാരം 2021-22-ലെ സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതത്തിൽ 0.14 ശതമാനത്തിന്റെ നേരിയ കുറവ് വന്നിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്.

സമ്പദ്‌വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും

വരുത്തുന്നില്ല. മുൻവർഷങ്ങളിൽ സമ്പദ്വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂകമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും നിശ്ചിതപരിധിയിൽ നിർത്തി വായ്പാത്തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി

23 (*53) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതിപിരിവ്

കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നിരവധി പദ്ധതികൾ വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ഈ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും മെച്ചപ്പെട്ട രീതിയിലുള്ള പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം കൂടുതൽ ഓഡിറ്റ് ടീമുകൾ രൂപീകരിക്കുകയും ഇൻവെസ്റ്റിഗേഷൻ വിഭാഗം കൂടുതൽ ശക്തമാക്കുകയും സൈബർ, ഫോറൻസിക്, ഡാറ്റ അനലിറ്റിക്, ANPR മോണിറ്ററിംഗ് എന്നിവ കൂടുതൽ കാര്യക്ഷമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നികുതി വെട്ടിപ്പ് തടയുന്നതിനായി പൊതുജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ട് നികുതി വെട്ടിപ്പിനെ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കാനായുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) സാങ്കേതികവിദ്യയുടെ സഹായത്തോടെ ഈ രംഗത്ത് നടപ്പാക്കിയ നവീന പദ്ധതികൾ വിശദമാക്കാമോ?

സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ എല്ലാ ഓഫീസുകളിലും

ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിൽ വരുന്ന മാറ്റത്തിനനുസരിച്ച് തത്സമയം സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്നതിലേയ്ക്കായി ജി.എസ്.ടി.എൻ. വികസിപ്പിച്ച ജി.എസ്.ടി. ബാക് ഓഫീസ് സോഫ്റ്റ്‌വെയർ സംവിധാനം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ നിലവിലുണ്ട്. അധിക നികുതി സമാഹരണത്തിനായി വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനലിറ്റിക്സിലൂടെ ക്രോഡീകരിച്ച് അനലിറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ട് മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും സർക്കാരിനും ഒരുപോലെ ഉപയോഗപ്രദമാകുന്ന രീതിയിൽ ടാക്സ് പെയർ റേറ്റിംഗ് കാർഡ് സംവിധാനവും നടപ്പാക്കിയിട്ടുണ്ട്. ഇ-ഗവേണൻസിന്റെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ വെർച്വൽ ഐ.ടി. കേഡർ സംവിധാനവും നിലവിലുണ്ട്.

(സി) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) വ്യാജ ബില്ലുകൾ തടയുന്നതിനും റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനും ഓഡിറ്റ്, എൻഫോഴ്സ്മെന്റ് നടപടി എന്നിവ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമായതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. ജി.എസ്.ടി. നിയമത്തിൽ മാറ്റംവരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജ്യൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതിവെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പഴയ നിയമ സംവിധാനങ്ങളിലുണ്ടായിരുന്ന അസ്സെസ്സ്മെന്റ് പോലുള്ള സമ്പ്രദായങ്ങൾ മാറ്റി കൂടുതൽ പ്രൊഫഷണലായ ഓഡിറ്റുപോലുള്ള സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. ജീവനക്കാർക്കുവേണ്ട പരിശീലനങ്ങളും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നൽകിവരുന്നുണ്ട്. ഇതുകൂടാതെ ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ

പുനഃസംഘടിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) കേരളത്തിൽ വിൽക്കുന്ന ഓരോ വസ്തുവിനും ജി.എസ്.ടി. ബില്ല് നൽകുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

കേരളത്തിൽ വിൽക്കുന്ന ഓരോ വസ്തുവിനും ജി.എസ്.ടി. ബിൽ നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. ചരക്കുകൾ ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ ബിൽ നൽകിയിട്ടുണ്ടോ എന്ന വിവരം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പരിശോധിക്കുന്നുണ്ട്. കൂടാതെ ടെസ്റ്റ് പർച്ചേസ് നടത്തി സാധനങ്ങൾ വിൽക്കുമ്പോൾത്തന്നെ ബിൽ നൽകുന്നുണ്ടോ എന്നതും വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പരിശോധിക്കുന്നുണ്ട്. ഇതുകൂടാതെ ബിൽ നൽകാതെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തി "ലക്കി ബിൽ" പോലുള്ള പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

## ജി.എസ്.ടി. കൗൺസിൽ ശിപാർശകളെ സംബന്ധിച്ച സുപ്രീംകോടതി വിധി

24 (*54) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കൗൺസിൽ ശിപാർശകൾ അംഗീകരിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ബാധ്യതയില്ലെന്നും നികുതി നിയമ നിർമ്മാണത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് തുല്യ അവകാശമാണെന്നുമുള്ള സുപ്രീംകോടതി വിധി സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിധി അനുസരിച്ച് സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സഹായകരമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) ബഹുമാനപ്പെട്ട സുപ്രീംകോടതി 19-05-2022-ൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. പ്രസ്തുത വിധിന്യായത്തിൽ ജി.എസ്.ടി. കൗൺസിൽ സംബന്ധമായ പ്രധാന നിരീക്ഷണങ്ങളിൽ,

ജി.എസ്.ടി. കൗൺസിലിന്റെ 'ശിപാർശകൾ' കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെടുന്ന ഒരു സഹകരണ സംഭാഷണത്തിന്റെ ഫലമാണെന്നും അവ ശിപാർശ എന്ന നിലയിലുള്ളതായതിനാൽ ബൈൻഡിംഗ് ശാസനകളായി കണക്കാക്കുന്നത് ജി.എസ്.ടി.-യിൽ നിയമനിർമ്മാണം നടത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യഅധികാരം നൽകുന്ന ധനപരമായ ഫെഡറലിസത്തെ തടസ്സപ്പെടുത്തുമെന്നും പ്രതിപാദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച മേൽപ്പറഞ്ഞ വിധിയിലെ ഭരണഘടനാപരമായ നിലപാട്, ജി.എസ്.ടി. കൗൺസിലിൽ നടക്കുന്ന ചർച്ചകളിൽ സമവായം സാധ്യമല്ലാത്ത കാര്യങ്ങളിൽ ഭാവിയിൽ സംസ്ഥാനത്തിന്റെ വാദമുഖങ്ങൾ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയനുസരിച്ച് നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റംവരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതി കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയുമോ എന്ന വിഷയം പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്.

## വൈദ്യുതോൽപ്പാദന മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ

25 (*55) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>) സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനവും വ്യവസായ വാണിജ്യമേഖലയിലുണ്ടായ പുരോഗതിയുംമൂലം വൈദ്യുതോപയോഗം വർദ്ധിക്കാനിടയായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതോപയോഗം വർദ്ധിക്കുന്നതിനനുസരിച്ചും ഭാവിയിലേയ്ക്കുള്ള വൈദ്യുതാവശ്യങ്ങൾ കണക്കിലെടുത്തും സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനവും വിതരണ ശൃംഖലയും മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വർദ്ധിച്ചുവരുന്ന വൈദ്യുതോപയോഗവും ഭാവിയിലേയ്ക്കുള്ള വൈദ്യുതാവശ്യങ്ങളും കണക്കിലെടുത്ത് കെ.എസ്.ഇ.ബി.എൽ. ആഭ്യന്തര ഉൽപ്പാദനം മെച്ചപ്പെടുത്താനും വിതരണശൃംഖല മെച്ചപ്പെടുത്താനുമായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജലവൈദ്യുതി, സൗരോർജ്ജം, കാറ്റിൽനിന്ന് വൈദ്യുതി എന്നീ പുനരുപയോഗ ഊർജ്ജ ഉൽപ്പാദന മാർഗ്ഗങ്ങളിൽനിന്നും വൈദ്യുതി

ഉൽപ്പാദിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായി:-

1. കെ.എസ്.ഇ.ബി.എൽ.-ന്റെ ജലവൈദ്യുത പദ്ധതികളിൽ നിന്നുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 32 MW വൈദ്യുതി കൂട്ടിച്ചേർക്കാൻ സാധിച്ചു.
2. 124 MW ശേഷിവരുന്ന 3 ജലവൈദ്യുത പദ്ധതികളായ ഭൂതത്താൻകെട്ട്, തോട്ടിയാർ, പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി എന്നിവ 2022-23 സാമ്പത്തിക വർഷം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
3. ഇതിനുപുറമേ ആകെ 52.5 MW ശേഷിവരുന്ന 6 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.
4. 800 MW ശേഷിയിൽ Idukki Golden Jubilee Powerhouse (പദ്ധതി ചെലവ് - 3062.08 Cr) നടപ്പാക്കാൻ പ്രാരംഭനടപടികൾ നടന്നുവരുന്നു.
5. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ലഭ്യമാക്കുന്നതിന് വിവിധ കരാറുകളിൽ ഏർപ്പെടുകയും സൗരോർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സൗര

പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു.

വൈദ്യുതോപയോഗം വർദ്ധിക്കുന്നതിനനുസരിച്ച് ഭാവിയിലേയ്ക്കുള്ള വൈദ്യുതാവശ്യങ്ങൾ കണക്കിലെടുത്ത് പ്രസരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിച്ച് പ്രസരണനഷ്ടം കുറയ്ക്കുന്നതിനാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് 2016-ൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

ട്രാൻസ്ഗ്രിഡ് ഒന്നാംഘട്ട പദ്ധതിയിൽ വിഭാവനം ചെയ്ത 12 സബ്സ്റ്റേഷനുകളിൽ നാല് 220 കെ.വി AIS സബ്സ്റ്റേഷനുകളും അഞ്ച് 220 കെ.വി GIS സബ്സ്റ്റേഷനുകളും വിവിധ ജില്ലകളിലായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തുകഴിഞ്ഞു. ഒന്നാംഘട്ട പദ്ധതിയിൽ വിഭാവനം ചെയ്ത ഒൻപത് ലൈൻ പാക്കേജുകളിൽ മാടക്കത്തറ-അരീക്കോട് 400/220 കെ.വി. ലൈൻ പദ്ധതി ഉൾപ്പെടെ അഞ്ച് എണ്ണം നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ഇതിനോടകം 400 കെ.വി.-യുടെ 178 സർക്യൂട്ട് കിലോമീറ്റർ ലൈനും 220 കെ.വി.-യുടെ 566 സർക്യൂട്ട് കിലോമീറ്റർ ലൈനും 110 കെ.വി.-യുടെ 653 സർക്യൂട്ട് കിലോമീറ്റർ ലൈനും നിർമ്മാണം പൂർത്തിയാക്കി. ബാക്കി നാല് 220/110 കെ.വി. ലൈൻ പദ്ധതികളുടേയും 3 GIS സബ്സ്റ്റേഷനുകളുടെയും (കോട്ടയം 400 കെ.വി.,

തലശ്ശേരി - കുന്നംകുളം 220 കെ.വി.) നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയായിവരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ നിലവിൽ 2073 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിക്കഴിഞ്ഞു.

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 3414 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചതിൽ 10 ലൈൻ പാക്കേജുകളും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. രണ്ടാംഘട്ടത്തിൽ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികളിൽ 964 കോടി രൂപയുടെ നിർമ്മാണപ്രവൃത്തികളുടെ കരാർ നൽകിക്കഴിഞ്ഞു. മറ്റ് പ്രവൃത്തികൾ നടപ്പിൽ വരുത്തുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഒന്നാംഘട്ടം 2022-ലും രണ്ടാംഘട്ടം 2026-ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 7, 110 കെ.വി. സബ്സ്റ്റേഷനുകളും ഒരു 33 കെ.വി. സബ്സ്റ്റേഷനും സ്ഥാപിക്കുകയുണ്ടായി. കൂടാതെ 163 കി.മീ. 110 കെ.വി. ലൈനും 68 കി.മീ. 33 കെ.വി. ലൈനും വലിക്കുകയുണ്ടായി. 2022-23 സാമ്പത്തിക വർഷം 9 പുതിയ സബ്സ്റ്റേഷനുകൾ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതിൽ 2 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 12 സബ്സ്റ്റേഷനുകളുടെ ശേഷി

വർദ്ധിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുള്ളതിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചു. ആഗോള നിലവാരത്തിൽ തടസ്സരഹിതമായി, ഗുണമേന്മയേറിയ വൈദ്യുതി അപകടരഹിതമായി ഉപഭോക്താക്കൾക്ക് എത്തിച്ച് വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് നടപ്പിലാക്കുന്ന "ദ്യുതി 2" പദ്ധതി നടപ്പിലാക്കിവരുന്നു. ദ്യുതി പദ്ധതിയിൽ ലൈൻ നിർമ്മാണം, standardization പ്രവൃത്തികൾ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ ഉൾപ്പെടെയുള്ള വികസനപ്രവൃത്തികൾക്കായി 4016.1 കോടി രൂപയും കേടായ മീറ്ററുകൾ മാറ്റിവയ്ക്കുന്നതിനായി 150 കോടി രൂപയും തുടർ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപയും സുരക്ഷ മുൻനിർത്തി എൽ.ടി. ലൈനുകളിൽ സ്പേസർ സ്ഥാപിക്കുന്നതിനായി 50 കോടി രൂപയും ഉൾപ്പെടെ 4316.10 കോടി രൂപയുടെ പദ്ധതി രേഖയാണ് തയ്യാറാക്കിയത്. സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് അനെർട്ട് മുഖേന താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി, പ്രധാനമന്ത്രി - കുസും പദ്ധതി, റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ

പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന റെസ്കോ മോഡൽ പദ്ധതി, ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി പദ്ധതി, ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ വിൻഡ്-സോളാർ ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി, തിരുവനന്തപുരം സോളാർ സിറ്റി പദ്ധതി, നൂതന അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പദ്ധതി.

(സി) കഴിഞ്ഞ ഒരു വർഷം വൈദ്യുതോൽപ്പാദന മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കഴിഞ്ഞ വർഷം ആഭ്യന്തര ഉൽപ്പാദനം മെച്ചപ്പെടുത്താനുള്ള വിവിധ പദ്ധതികൾ KSEBL നടപ്പാക്കി. പ്രസ്തുത കാലയളവിലെ പ്രധാനപ്പെട്ട നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. 6 മെഗാവാട്ടിന്റെ ചാത്തൻകോട്ടുനട ചെറുകിട ജല വൈദ്യുത പദ്ധതിയിൽനിന്നും വൈദ്യുതി ഉൽപ്പാദനം 21-06-2021-ൽ ആരംഭിച്ചു.
2. ചെങ്കുളം പമ്പ് ഹൗസിലെ പുനരുദ്ധാരണ പ്രവൃത്തികൾ 27-03-2021-ൽ പൂർത്തിയാക്കി. തത്ഫലമായി 182 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കും.
3. രണ്ട് മെഗാവാട്ടിന്റെ അപ്പർകല്ലാർ ചെറുകിട ജല വൈദ്യുത

പദ്ധതിയിൽ നിന്നും വൈദ്യുതി ഉൽപ്പാദനം 05-09-2021-ൽ ആരംഭിച്ചു.

4. 24 മെഗാവാട്ടിന്റെ പൊരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയിൽ നിന്നും വൈദ്യുതി ഉൽപ്പാദനം 04-05-2022-ൽ ആരംഭിച്ചു.
5. കെ.എസ്.ഇ.ബി.എൽ.-ന്റെ രണ്ട് സൗരോർജ്ജ പദ്ധതികളായ ക്ലബ്ഡ് സോളാർ പ്രോജക്ട് - അഗളി (1 MW) 22-01-2022-ലും കഞ്ചിക്കോട് (3 MW) 19-02-2022-ലും കമ്മീഷൻ ചെയ്തു.
6. സൗര പദ്ധതിയിൽ 26.86 മെഗാവാട്ടിന്റെ സൗരോർജ്ജം കൂട്ടിച്ചേർത്തു.
7. മേയ് 2021 മുതൽ ഫെബ്രുവരി 2022 വരെ ഗ്രിഡ്ബന്ധിത കൺസ്യൂമേഴ്സ് 82.89 മെഗാവാട്ട് കൂട്ടിചേർക്കപ്പെട്ടു.

സംസ്ഥാനത്ത് സ്വകാര്യ സംരംഭകരിലൂടെ വൈദ്യുതോൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി BOOT അടിസ്ഥാനത്തിൽ അനുവദിച്ച പദ്ധതികളിൽപ്പെട്ട ആനക്കാംപൊയിൽ (8 MW), അരിപ്പാറ (4.5 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്ത് ഗ്രിഡിലേയ്ക്ക് വൈദ്യുതി നൽകിയിട്ടുണ്ട്.

കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന്

3 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പുതിയ ടെണ്ടർ ഈ മേയ് മാസം പ്രസിദ്ധീകരിച്ചു.

അനെർട്ട് മുഖേന 3.097 മെഗാവാട്ട് ശേഷിയുള്ള കെ.എസ്.ഇ.ബി.എൽ. ഗ്രിഡ്ബന്ധിത സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ വിവിധ പദ്ധതികളിലൂടെ സ്ഥാപിച്ചു. 0.241 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ വൈദ്യുതി പ്ലാന്റുകളും ഈ കാലയളവിൽ സ്ഥാപിച്ചു.

**നിക്ഷേപാന്തരീക്ഷം സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

26(*56) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ഡോ. കെ. ടി.ജലീൽ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത നാലുവർഷംകൊണ്ട് പതിനായിരം കോടി രൂപയുടെയെങ്കിലും നിക്ഷേപം ആകർഷിച്ച് മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി മികച്ച പശ്ചാത്തല സൗകര്യവും ആകർഷക

നിക്ഷേപാന്തരീക്ഷവും സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് മികച്ച നിക്ഷേപ സൗഹൃദാന്തരീക്ഷം രൂപപ്പെടുത്തി വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വിവിധ തലങ്ങളിലുള്ള നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 പാസാക്കിയിട്ടുണ്ട്. ഇതുകൂടാതെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾപ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലുംനിന്ന് ആദ്യ മൂന്ന് വർഷം ഒഴിവാക്കുന്നതിനായി വ്യവസ്ഥയുള്ള 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ

പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി, 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് ആക്ട് 2021-ലെ ഭേദഗതിപ്രകാരം ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതിപരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

സംസ്ഥാനത്ത് നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളിന്മേൽ അനുമതി ലഭ്യമാക്കുവാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പാക്കിയിട്ടുള്ളതും ആയത് വിജയകരമായ രീതിയിൽ പ്രവർത്തിച്ചുവരുന്നതുമാണ്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സൺ-നെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു.

കൂടാതെ 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി കേരളാ

ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടുകഴിഞ്ഞു. സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനുംവേണ്ടി കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേണുകളുടെ നേതൃത്വത്തിൽ ഈ പ്രക്രിയ തുടർന്നുകൊണ്ട് ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താൽപ്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേയ്ക്ക് നയിക്കാനും വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമാണ് ഈ പദ്ധതിവഴി ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാനും താൽപ്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്കുവേണ്ട

മാർക്കറ്റിംഗ് സഹായം ലഭ്യമാക്കാനും അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ പാർക്കുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി Common Effluent Treatment Plant, വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി Power Feeder എന്നിവ സ്ഥാപിക്കുന്നു. ഇവയ്ക്കുപുറമെ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പരിഷ്കരിച്ച് നടപ്പിലാക്കിയ Private Industrial Estate പദ്ധതിയിലൂടെ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നതാണ്.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്താനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System)

രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടന്നുവരുന്നു.

സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒരു എക്സ്റ്റേർണൽ കമ്മിറ്റി രൂപവൽക്കരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസ്സോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മവിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രസ്തുത കമ്മിറ്റി സമർപ്പിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന്റെ

പരിഗണനയിലാണ്.

(ബി) മീറ്റ് ദി ഇൻവെസ്റ്റേഴ്സ് പരിപാടിക്ക് മികച്ച പ്രതികരണം ഉളവാക്കാനായിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ലഭിക്കുന്ന നിക്ഷേപ വാഗ്ദാനത്തിന്റെ തുടർനടപടികൾ കാലവിളംബം കൂടാതെ ആരംഭിച്ചിട്ടുണ്ടോ?

നൂറ് കോടി രൂപയ്ക്കുമുകളിൽ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായി വ്യവസായ വകുപ്പുമന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന സ്ഥിരം ആശയവിനിമയ വേദിയാണ് മീറ്റ് ദി ഇൻവെസ്റ്റർ.

പ്രസ്തുത പരിപാടിയിലൂടെ നിരവധി നിക്ഷേപകരുമായി ചർച്ച നടത്തുന്നതിനും അതിന്റെ ഫലമായി മികച്ച നിക്ഷേപവും നിക്ഷേപവാഗ്ദാനവും ലഭ്യമായിട്ടുള്ളതാണ്.

മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിൽനിന്നും പരിണമിക്കുന്ന പദ്ധതികളുടെ തുടർനടപടികൾ സുഗമമാക്കുന്നതിനും അവർക്ക് നിയമപരമായി സാധ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിനും കെ.എസ്.ഐ.ഡി.സി.-യെയും കിൻഫ്രയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ നിന്നുമുള്ള നടപടികളോ അനുമതികളോ ആവശ്യമായ ഘട്ടങ്ങളിൽ അവ സുഗമമാക്കാൻ അതത് മന്ത്രിമാരുമായി നേരിട്ടുതന്നെ

ചർച്ചചെയ്തുകൊണ്ട് സഹകരണം ഉറപ്പാക്കുകയും ചെയ്തുവരുന്നു.

(സി) വ്യവസായ വകുപ്പിനുകീഴിലുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനും പദ്ധതിയുടെ പുരോഗതി നിരന്തരം നിരീക്ഷിച്ചുകൊണ്ട് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനുകീഴിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹകരണത്തോടെ Project Management and Activity Monitoring System (PMS Portal) എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള

വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ചത്.

**ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭം**

27(*57) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുലക്ഷത്തോളം പേർക്ക് തൊഴിൽ നൽകാവുന്നതരത്തിൽ ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കർമ്മപദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത്. വിവിധ വകുപ്പുകൾ/ ഏജൻസികളുടെ സംയോജനത്തോടെ 2022-23 സാമ്പത്തിക വർഷം "ഒരു

ലക്ഷം സംരംഭങ്ങൾ" ആരംഭിക്കുക എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനതലത്തിൽ നടപ്പാക്കുന്നതിന് 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ഇന്റേണുകൾ മുഖാന്തരം സംരംഭം തുടങ്ങാനുദ്ദേശിക്കുന്നവരുടെ വിവരശേഖരണം നടത്തി അവർക്ക് സംരംഭം ആരംഭിക്കാനാവശ്യമായ സഹായങ്ങൾ നൽകിവരുന്നു. 30-3-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. 30-03-2022-ലെ സ.ഉ.(സാധാ)നം.289/2022/ID പ്രകാരം സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശസ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) നിക്ഷേപകരെ കണ്ടെത്താനും അവർക്കുവേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; ഇതിനായി വ്യക്തമായ കർമ്മ പദ്ധതിയും മികച്ച നിർവ്വഹണ സംവിധാനവും ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിക്ഷേപകരെ കണ്ടെത്താനും അവർക്കുവേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനും തദ്ദേശ സ്ഥാപനതലത്തിൽ 1153 ഇന്റേണുകളെ

നിയമിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ സംബന്ധിച്ച പ്രവർത്തനങ്ങൾ ഈ ഇന്റേണുകൾ വഴിയാകും നടപ്പാക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാനും താൽപ്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പാക്കാനും സംരംഭകർക്കുവേണ്ട മാർക്കറ്റിംഗ് സഹായം ലഭ്യമാക്കാനും അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി നിയമിക്കുന്ന ഇന്റേൺ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. സംരംഭകരുടെ വിവരശേഖരണം, സംരംഭകർക്കാവശ്യമായ ഓൺലൈൻ സേവനങ്ങളായ ലൈസൻസ്, സബ്സിഡി, ലോൺ മുതലായവയ്ക്കുള്ള അപേക്ഷകൾ തയ്യാറാക്കി നൽകൽ, സംരംഭകർക്കുള്ള മറ്റ് കൈത്താങ്ങ് സഹായങ്ങൾ എന്നിവ ഇന്റേൺ വഴിയാണ് നൽകുന്നത്.

(സി) താൽപ്പര്യമുള്ള സംരംഭങ്ങൾക്ക് കാലവിളംബമില്ലാതെ അനുമതി ലഭിക്കാനും വ്യവസായം ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടു പോകുന്നതിനും ആവശ്യമായ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നതിനും

ആയതുസംബന്ധിച്ച് പരാതി ഉയരുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാ സംസ്ഥാനതലങ്ങളിൽ പരാതി പരിഹാര കമ്മിറ്റികൾ നിലവിൽ വന്നിട്ടുണ്ട്. സിവിൽ കോടതിയുടെ അധികാരങ്ങൾ നൽകിയിട്ടുള്ള ഈ കമ്മിറ്റികൾ ഓരോ മാസവും യോഗം കൂടി സംരംഭകരുടെ പരാതികൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതാണ്.

**ഊർജ്ജോൽപ്പാദനവും വിതരണവും**

28(*58) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നയത്തിന്റെ ഫലമായി രാജ്യത്തെ ഇതര ഭാഗങ്ങളിലെല്ലാം ഊർജ്ജ പ്രതിസന്ധി നേരിട്ടപ്പോൾ സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധി ഉണ്ടാകാതിരിക്കാനായി അധിക സാമ്പത്തിക ബാധ്യത ഏറ്റെടുത്ത് വൈദ്യുതി വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ

എന്തെല്ലാമാണെന്ന് അറിയിക്കാമോ?

രാജ്യത്തെ ഇതര ഭാഗങ്ങളിലെല്ലാം ഊർജ്ജ പ്രതിസന്ധി നേരിട്ടപ്പോൾ സംസ്ഥാനത്ത് ഊർജ്ജപ്രതിസന്ധി തരണം ചെയ്യുന്നതിനായി കെ.ഡി.പി.പി. (കോഴിക്കോട് ഡീസൽ പവർ പ്ലാന്റ്) നിലയത്തിലെ ജനറേറ്ററുകൾ 29-04-2022, 30-04-2022 & 05-05-2022 തീയതികളിൽ പ്രവർത്തിപ്പിച്ചുകൊണ്ട് വൈദ്യുതോൽപ്പാദനം നടത്തിയിരുന്നു.

2022 വേനൽ മാസങ്ങളിൽ രാജ്യത്ത് കടുത്ത വൈദ്യുതി ക്ഷാമം അനുഭവപ്പെട്ടപ്പോൾ അത് സംസ്ഥാനത്ത് ഊർജ്ജപ്രതിസന്ധി സൃഷ്ടിക്കാതിരിക്കാനാവശ്യമായ നടപടികൾ KSEBL സ്വീകരിക്കുകയുണ്ടായി. വൈദ്യുതിയുടെ ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉൽപ്പാദനം പരമാവധി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിരുന്നത്. സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത മുൻകൂട്ടി കണക്കാക്കി അതിനനുസരിച്ച് കൂടുതൽ വൈദ്യുതി സംസ്ഥാനത്തിനുപുറമേനിന്നും കൊണ്ടുവരുന്നതിനുള്ള വിവിധ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. പാരമ്പര്യേതര സ്രോതസ്സിൽ (കാറ്റ്) നിന്നും

വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള കരാറിലും കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യമുള്ള വൈദ്യുതിയുടെ 41 ശതമാനത്തിനടുത്തുമാത്രമേ സംസ്ഥാനത്ത് ഉൽപ്പാദനം നടക്കുന്നുള്ളൂ എന്നതിനാൽ ഊർജ്ജോൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനായി സമയബന്ധിതമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ?

തദ്ദേശീയമായ വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുരപ്പുറ സോളാർ, ഗ്രൗണ്ട് മൗണ്ടഡ് സോളാർ, ഫ്ലോട്ടിംഗ് സോളാർ പ്രോജക്ടുകൾ, കാറ്റാടിപ്പാടം, കനാൽ ബാങ്ക്, കനാൽ ടോപ്, Battery Energy Storage System (BESS) തുടങ്ങിയ RE പദ്ധതികൾ KSEB നടപ്പാക്കിവരുന്നു.

ഊർജ്ജോൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

ഊർജ്ജോൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് സമയബന്ധിതമായി നടപ്പാക്കുന്ന വിവിധ പദ്ധതികളിലൊന്നാണ് സൗര പദ്ധതി. പദ്ധതിയുടെ ഒന്നാംഘട്ടം എല്ലാത്തരം ഉപഭോക്താളേയും പങ്കാളിയാക്കിയുള്ളതായിരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ ഇതിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല. സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ളതാണ്. കേന്ദ്ര നവപുനരുപയോഗ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

സംസ്ഥാനത്തിന് ആവശ്യത്തിനുള്ള വൈദ്യുതിയുടെ ഏകദേശം 37 ശതമാനം മാത്രമാണ് സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്നത്. ആയതിനാൽ മുൻ സർക്കാരിന്റെ കാലത്തുതന്നെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ളതും മുടങ്ങിക്കിടന്നതുമായ മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ എടുത്തിട്ടുണ്ട്. ജലവൈദ്യുത പദ്ധതികൾക്കുപുറമെ നിർമ്മാണത്തിലും പരിഗണനയിലുള്ളതുമായ കെ.എസ്.ഇ.ബി.എൽ.-ന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തിയാക്കുന്നതിന് പ്രത്യേക പരിഗണന നൽകിവരുന്നു. ഇപ്രകാരം വൈദ്യുതി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് വിവിധ പദ്ധതികളാണ് നടപ്പാക്കാൻ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതികളുടെ തുടർനടപടികളും മറ്റ് പുതിയ പദ്ധതികളുമാണ് ഈ സർക്കാർ

നടപ്പാക്കിവരുന്നത്.

ജലവൈദ്യുതി, സൗരോർജ്ജം, കാറ്റിൽനിന്ന് വൈദ്യുതി എന്നീ പുനരുപയോഗ ഊർജ്ജ ഉൽപ്പാദന മാർഗ്ഗങ്ങളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായി കെ.എസ്.ഇ.ബി.എൽ.-ന്റെയും എനർജി മാനേജ്മെന്റ് സെന്റർ BOOT അടിസ്ഥാനത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഉൾപ്പെടെ ജലവൈദ്യുത പദ്ധതികളിൽനിന്നുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 38.5 MW വൈദ്യുതി കൂട്ടിച്ചേർക്കാൻ സാധിച്ചു.

124 MW ശേഷിവരുന്ന 3 ജലവൈദ്യുത പദ്ധതികളായ ഭൂതത്താൻകെട്ട്, തോട്ടിയാർ, പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി എന്നിവ 2022-23 സാമ്പത്തിക വർഷം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനുപുറമേ ആകെ 52.5 MW ശേഷിവരുന്ന 6 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

800 MW ശേഷിയിൽ Idukki Golden Jubilee Powerhouse (പദ്ധതി ചെലവ് 3062.08 കോടി രൂപ) നടപ്പാക്കാൻ പ്രാരംഭനടപടികൾ നടന്നുവരുന്നു.

കനാലുകളിലെ ഒഴുക്കിൽനിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികം,

പിക്കോ / മൈക്രോ ഹൈഡ്രോ / മൈക്രോ വിൻഡ് / ഹൈബ്രിഡ് പവർ പ്രോജക്റ്റുകളുടെ സാങ്കേതികവിദ്യകൾ വഴിയുള്ള ഊർജ്ജ ഉൽപ്പാദനത്തിനുമുള്ള സാധ്യതാപഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 KW-ന്റെ ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികൾ നടപ്പാക്കാനുള്ള വർക്ക് ഓർഡർ എംപാനൽ ചെയ്യപ്പെട്ട സാങ്കേതിക വിദഗ്ദ്ധ കമ്പനിക്ക് നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25KW-ന്റെ പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വർക്ക് ഓർഡർ കൊടുക്കുന്ന നിലയിലാണ്. ഈ പൈലറ്റ് പദ്ധതികളുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറ ഇടതുകര കനാലിൽ 3 MW വരെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും വേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണ സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെ SPV രൂപീകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ ഏറ്റവും അവസാനം

വിളിച്ചിരുന്ന ടെണ്ടർ നടപടികൾപ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ടുചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ ആറ്റില I-6 MW (പാലക്കാട് ജില്ല), ആറ്റില II 6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ-0.75 MW (ഇടുക്കി ജില്ല) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പാക്കുന്നതുവഴി 12.75 മെഗാവാട്ട് സ്ഥാപിതശേഷികൂടി കൈവരിക്കാൻ സാധിക്കും. ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക -സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾ (Techno-Economic Feasibility Report)-ക്ക് അനുമതി ലഭിച്ചശേഷം 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇവകൂടാതെ 68 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകരിലൂടെ നടപ്പാക്കുന്നതിനു വേണ്ടിയുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു.

സംസ്ഥാനത്ത് ഊർജ്ജോൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് അനെർട്ട് മുഖേന വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവരിക്കാനായ ഊർജ്ജോൽപ്പാദന വർദ്ധനവ് എത്രയാണ്; ഏതെല്ലാം പദ്ധതികളാണ് പൂർത്തിയാക്കിയത്; പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ സത്വരമായി പൂർത്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റപ്പോൾ 247 MW ആയിരുന്ന സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി നിലവിൽ 572 MW ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 53.5 MW-ന്റെ സൗരോർജ്ജ നിലയങ്ങൾ KSEBL നിർമ്മിച്ചവയാണ്.

ജലവൈദ്യുത ഉൽപ്പാദന മേഖലയിൽ 38.5 മെഗാവാട്ട് അധികമായി കൂട്ടിച്ചേർക്കാൻ കഴിഞ്ഞു. 24 MW സ്ഥാപിതശേഷിയുള്ള പൊരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതി 04-05-2022-ലും 2 MW സ്ഥാപിതശേഷിയുള്ള അപ്പർ കല്ലാർ ജലവൈദ്യുത പദ്ധതി 30-09-2021-ലും കമ്മീഷൻ ചെയ്യുകയുണ്ടായി. കൂടാതെ, 20-02-2021-ൽ കമ്മീഷൻ ചെയ്ത 6 MW സ്ഥാപിതശേഷിയുള്ള ചാത്തൻകോട്ടുനട ജലവൈദ്യുത പദ്ധതിയിൽ നിന്നും 21-06-2021 മുതൽ പൂർണ്ണ തോതിൽ വൈദ്യുതി ഉൽപ്പാദനം നടത്തിവരുന്നു.

ആകെ 201.5 MW സ്ഥാപിതശേഷിയുള്ള 8 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിൽ 124 MW സ്ഥാപിതശേഷിയുള്ള 3 ജലവൈദ്യുത പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽത്തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ശേഷിക്കുന്ന പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്.

സൗര പുരപ്പുറ പദ്ധതി മുഖാന്തരം ഒന്നാംഘട്ട നോൺസബ്സിഡി സ്കീമിൽ 18MW-ഉം, രണ്ടാംഘട്ട സബ്സിഡി സ്കീമിൽ 33.96MW-ഉം, അധിക ഊർജ്ജോൽപ്പാദനം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന സൗര സബ്സിഡി സ്കീം സമയബന്ധിതമായി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. പദ്ധതി നടത്തിപ്പിനായി ഡെവലപ്പർമാരുടെയും സോളാർ പാനൽ നിർമ്മാതാക്കളുടെയും മറ്റും നിരവധി മീറ്റിംഗുകൾ സംഘടിപ്പിക്കുകയും അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്തുവരുന്നു. ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി എല്ലാ ഇലക്ട്രിക്കൽ സബ്ഡിവിഷനും കേന്ദ്രീകരിച്ച് സ്പോട്ട് രജിസ്ട്രേഷൻ കാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്തു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത്

വൈദ്യുതോൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആനക്കാംപൊയിൽ (8 MW), അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി (4.5 MW) എന്നിവ കമ്മീഷൻ ചെയ്യുകയും ഗ്രിഡിലേയ്ക്ക് വൈദ്യുതി ഉൽപ്പാദനം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു.

എഗ്രിമെന്റ് വച്ച പദ്ധതികളിൽ ചില പദ്ധതികൾക്കാവശ്യമായ വന അനുമതി ലഭ്യമാക്കുന്നതിന് ഇ.എം.സി. നേരിട്ട് മുൻകൈ എടുത്തതിലൂടെ 19.8 മെഗാവാട്ട് ശേഷിയുള്ള ഒരു പദ്ധതിയുടെ വനാനുമതിക്കുള്ള പ്രാഥമിക അനുമതി സംസ്ഥാനതലത്തിൽ 2022 ജൂൺ മാസത്തിൽ ലഭ്യമായിട്ടുണ്ട്.

**കേരള ബാങ്കിന് ദേശീയ അവാർഡ്**

29(*59) ശ്രീ. എം. രാജഗോപാലൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് സഹകരണ മേഖലയിലെ പ്രവർത്തന മികവിന് ദേശീയ അവാർഡ് നേടാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവർത്തന മികവാണ് അവാർഡിന് അർഹമാക്കിയതെന്നറിയിക്കാമോ?

ഉണ്ട്. സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മികവിന്

കേരള ബാങ്കിന് ദേശീയതലത്തിൽ അവാർഡ് ലഭിച്ചു. സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ അവാർഡിൽ പ്രഥമ സ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്. കേന്ദ്ര സംസ്ഥാന സഹകരണ ബാങ്കുകളുടെ വികസനം, പ്രത്യേകിച്ച് സഹകരണ മേഖലയിലെ വായ്പാ വിതരണത്തിന്റെ വളർച്ച ലക്ഷ്യമാക്കിയാണ് സംസ്ഥാന സഹകരണ ബാങ്കുകളുടെ അപ്പെക്സ് ഫെഡറേഷനായ NAFSCOB-ന്റെ പ്രവർത്തനം. 1964-ൽ സ്ഥാപിതമായ സംഘടന 1982-83 മുതൽ സഹകരണ ബാങ്കിംഗ് രംഗത്തെ മികവിന് വിവിധ മേഖലയ്ക്ക് അവാർഡ് നൽകുന്നുണ്ട്.

സഹകരണ മേഖലയിൽ നിലനിന്നിരുന്ന ത്രിതല സംവിധാനത്തിനു പകരം ഗ്രാമീണ ജനതയ്ക്കും കർഷകർക്കും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ബാങ്കിംഗ് സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ ദ്വിതല സംവിധാനം വിജയകരമായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം, വിഭവസമാഹരണവും വികസനവും, ബാങ്കിംഗ് സേവനങ്ങൾ പരമാവധി ഗുണഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച റിക്കവറി പ്രവർത്തനങ്ങൾ, കുടിശ്ശിക

നിർമ്മാർജ്ജനം, സാമ്പത്തിക സാക്ഷരതാ രംഗത്തുണ്ടായ മുന്നേറ്റം, വിവേകപരമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശപാലന രീതി, മികച്ച ലാഭനേട്ടം, ഭരണ നൈപുണ്യം, വിവര സാങ്കേതികവിദ്യയിലും കമ്പ്യൂട്ടറൈസേഷനിലുമുണ്ടായ നേട്ടങ്ങൾ, നേതൃത്വപാടവം തുടങ്ങിയവ പരിഗണിച്ചാണ് പ്രവർത്തന മികവിനുള്ള പ്രഥമസ്ഥാനം കേരള ബാങ്കിന് ദേശീയതലത്തിൽ ലഭിച്ചത്.

(ബി) സംസ്ഥാനത്തെ ജനങ്ങളുടെ സമ്പാദ്യം പൊതുവികസനത്തിനായി വഴിതിരിച്ചു വിടുന്നതിൽ കേരള ബാങ്കിന് നേട്ടം കൈവരിക്കാനായിട്ടുണ്ടോ; വിശദമാക്കാമോ?

കേരളാ ബാങ്കിന്റെ 769 ശാഖകളിലൂടെ 40000 കോടിയിലധികം രൂപ വായ്പ നൽകിയിട്ടുണ്ട്. കാർഷികേതര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രാഥമിക സംഘങ്ങളിലൂടെ സമഗ്ര എന്ന പേരിൽ പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി PACS as MSC എന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

(സി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും വായ്പാ

സംഘങ്ങളുടെയും പ്രവർത്തന സുസ്ഥിരത ഉറപ്പാക്കുന്നതിനും ആധുനികീകരണത്തിനും ദിശാബോധത്തോടെയുള്ള വൈവിധ്യവൽക്കരണത്തിനും നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ സംഘങ്ങൾക്കും സർക്കാർ ഓഹരി അനുവദിക്കുന്നതിനും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഓഹരി, സബ്സിഡി, വായ്പ എന്നീ ഇനങ്ങളിലായി 20 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിനും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള വായ്പയുടെ പലിശ സബ്സിഡി അനുവദിക്കുന്നതിനും വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള വായ്പയുടെ പലിശയുടെ ഒരു ഭാഗം തിരികെ നൽകുന്നതിനുമുള്ള നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ വികസനവും വൈവിദ്ധ്യവത്ക്കരണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന വികസനത്തിനും വൈവിദ്ധ്യവൽക്കരണത്തിനും സാധ്യതയുള്ള പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ, പ്രോജക്ട് തുകയുടെ 50% തുക സബ്സിഡി, ഓഹരി, വായ്പാ ഇനങ്ങളിലായി അനുവദിക്കുന്നുണ്ട്. ഇതുകൂടാതെ പുനരുദ്ധാരണത്തിന് സാധ്യതയുള്ള സംഘങ്ങൾക്കും

സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ, പ്രോജക്ട് തുകയുടെ 65% തുക സബ്സിഡി, ഓഹരി, വായ്പാ ഇനങ്ങളിലായി ധനസഹായം അനുവദിക്കുന്നുണ്ട്. ടി രണ്ട് പദ്ധതികളുടെ നടത്തിപ്പിനായി 2022-23-ലെ വാർഷിക ബഡ്ജറ്റിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി മോണിറ്ററിംഗ് കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ Request for Proposal (RFP) തയ്യാറാക്കുകയും പ്രസ്തുത RFP അംഗീകരിക്കുകയും 18-12-2021-ന് RFP ഇ-ടെണ്ടർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ അടിയന്തരമായി പൂർത്തിയാക്കി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സഹകരണ മേഖലയിൽ പുതിയ ഉത്തേജന പാക്കേജ്

30 (*60) ശ്രീ. കെ. പി. മോഹനൻ:
ശ്രീ തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ലോണുകൾ മുടങ്ങിയതിന്റെ ഫലമായുണ്ടായ ജപ്തി നടപടികളിൽ കൂടുതൽ സാവകാശം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കോവിഡ് 19 രോഗബാധ ഉണ്ടായതിനെത്തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായ പശ്ചാത്തലത്തിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01-03-2020 മുതൽ 31-08-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുതലായ സ്ഥാപനത്തിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തിനടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് 22-10-2021-ലെ സ.ഉ.(കൈ)നം.201/2021/റവ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും മറ്റ് എല്ലാ സഹകരണ സംഘം/ബാങ്കുകളിലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ടി പദ്ധതിയിലൂടെ പരമാവധി ഇളവുകൾ ലഭ്യമാക്കി വായ്പാ കുടിശ്ശിക ഒഴിവാക്കി ജപ്തി നടപടികൾ ഒഴിവാക്കാവുന്നതാണ്. കോവിഡ് മഹാമാരി കാരണം ജനജീവിതം ദുസ്സഹമായിരുന്ന സാഹചര്യത്തിൽ 2021 ആഗസ്റ്റ് 16-ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കുടിശ്ശികക്കാരായ വായ്പക്കാർക്ക് ആശ്വാസമാകുക എന്ന ലക്ഷ്യത്തോടും അവർക്ക് പരമാവധി സാവകാശം അനുവദിക്കുന്നതിനുമായി നിലവിൽ 2022 ജൂൺ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) ജപ്തി നടപടികൾ ഒഴിവാക്കാനും തിരിച്ചടവിന് പരമാവധി സാവകാശം അനുവദിക്കാനും നടപടിയുണ്ടാകുമോ?

സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തവർക്ക് കോവിഡ് പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിച്ച് ജപ്തി നടപടികളിൽ നിന്നും ഒഴിവാകുന്നതിന് "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി " നടപ്പാക്കിവരുന്നു. നിലവിൽ ടി പദ്ധതിയുടെ കാലാവധി 2022 ജൂൺ 30 വരെ ദീർഘിപ്പിച്ച്

നൽകിയിട്ടുണ്ട്.

(സി) സഹകരണ മേഖലവഴി പുതിയ സാമ്പത്തിക ഉത്തേജന പാക്കേജ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണ മേഖലവഴി പുതിയ സാമ്പത്തിക ഉത്തേജന പാക്കേജ് നടപ്പാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജി.എസ്.ടി. നടപ്പാക്കിയതുമൂലമുണ്ടായ വരുമാന നഷ്ടം

1 (386) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾമൂലം സർക്കാരിന്റെ ധനസ്ഥിതിയിലുണ്ടായിട്ടുള്ള ആഘാതം വിശദമാക്കാമോ?

പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്കുസേവന നികുതി നടപ്പാക്കിയതും യുക്തിരഹിതമായ നികുതി നിരക്ക് നിർണ്ണയവും ചരക്കുസേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ

കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടർന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിരുന്നു.

ചരക്കുസേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിലുള്ള അനിശ്ചിതാവസ്ഥയും റവന്യൂകമ്മി ഗ്രാന്റിൽ വന്നിട്ടുള്ള ഗണ്യമായ ഇടിവും സർക്കാരിനുകീഴിലെ സ്ഥാപനങ്ങളുടെ വായ്പകൾ ചൂണ്ടിക്കാട്ടി നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നാളിതുവരെ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തതും സ്ഥിതി വഷളാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് സംഭവിക്കാൻ തുടങ്ങിയത് എന്നുമുതലാണ്; ഇതുമൂലം ഖജനാവിന് നഷ്ടമായ തുക വർഷം തിരിച്ച് വ്യക്തമാക്കാമോ?

14-ാം ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം സംസ്ഥാനത്തിന്റെ

നികുതി വിഹിതം 2.5% ആയിരുന്നത് 15-ാം ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം ആദ്യ വർഷം (2020-21) നികുതി വിഹിതം 1.943% ആയും തുടർന്നുള്ള വർഷങ്ങളിൽ 1.925% ആയും കുറച്ചിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷന്റെ 2020-21 വർഷത്തിൽ സംസ്ഥാനത്തിന് ലഭിച്ച നികുതി വിഹിതം 11560.65 കോടി രൂപയാണ്. 14-ാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള 2.5% നികുതി വിഹിതം ആയിരുന്നുവെങ്കിൽ 14874.74 കോടി രൂപ ലഭിക്കുമായിരുന്നു. 15-ാം ധനകാര്യ കമ്മീഷന്റെ (2021-22) നികുതി വിഹിതം 1.925% പ്രകാരം 17820.09 കോടി രൂപ ലഭിച്ചിരുന്നു. 14-ാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള 2.5% നികുതി വിഹിതം ലഭിച്ചിരുന്നെങ്കിൽ ആയത് 23142.97 കോടി രൂപ ലഭിക്കുമായിരുന്നു. മേൽ സൂചിപ്പിച്ച കണക്കുകൾപ്രകാരം കേന്ദ്ര നികുതി വിഹിത ശതമാനത്തിലെ കുറവുമൂലം 2020-21-ൽ 3314.09 കോടി രൂപയുടെയും 2021-22-ൽ 5322.88 കോടി രൂപയുടെയും നഷ്ടം കേന്ദ്ര നികുതി വിഹിത ഇനത്തിൽ സംസ്ഥാനത്തിന് ഉണ്ടായിട്ടുണ്ടെന്ന് അനുമാനിക്കാം.

(സി) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം നികുതി വരുമാനത്തിലുണ്ടായ നഷ്ടം വർഷം തിരിച്ച് വ്യക്തമാക്കാമോ?

ജി.എസ്.ടി. നടപ്പാക്കുന്ന ഘട്ടത്തിൽ 2015-16-ലെ കളക്ഷന്റെ 14%

വാർഷിക വർദ്ധനവാണ് ലക്ഷ്യമിട്ടിരുന്നത്. 2017-18 മുതൽ 2021-22 കാലയളവിൽ ചരക്കുസേവന നികുതിയുടെ ഭാഗമായി ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽനിന്നും എസ്.ജി.എസ്.ടി. കളക്ഷനും ഐ.ജി.എസ്.ടി. ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കഴിച്ചുള്ള ബാക്കി തുക നഷ്ടപരിഹാരമായി ലഭിക്കുന്നതാണ്. ഇതിന്റെ കാലാവധി 30-06-2022-ന് അവസാനിക്കും.

(ഡി) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലമുണ്ടായ വരുമാനനഷ്ടം പരിഹരിക്കുന്നതിനുള്ള കാലാവധി എന്നുവരെയാണ്; സംസ്ഥാനത്തിനുണ്ടായ നികുതിനഷ്ടം ഇക്കാലയളവിൽ ലഭിച്ച നഷ്ടപരിഹാരംമൂലം നികത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നതിനുള്ള കാലാവധി

30-06-2022-ന് അവസാനിക്കും.

സംസ്ഥാനത്തിനുണ്ടായ നികുതിനഷ്ടം ഇക്കാലയളവിൽ ലഭിച്ച നഷ്ടപരിഹാരംമൂലം നികത്താൻ കഴിഞ്ഞിട്ടുണ്ട്. ജി.എസ്.ടി. നടപ്പാക്കിയതുമുതൽ നാളിതുവരെ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാരത്തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

അക്കൗണ്ടന്റ് ജനറൽ കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്.

(ഇ) ജി.എസ്.ടി.-യുടെ നഷ്ടപരിഹാരം പൂർണ്ണമായും ലഭിക്കാത്ത സാഹചര്യത്തിൽ നഷ്ടപരിഹാര പദ്ധതിയുടെ കാലാവധി നീട്ടുന്നതിന് സംസ്ഥാനങ്ങൾ നടത്തിയ ഇടപെടലുകൾ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം കേരളം ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2021 സെപ്റ്റംബറിൽ നടന്ന നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലെ അജണ്ടയിലും പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിരുന്നു. കോവിഡ് പ്രതിസന്ധിമൂലം സംസ്ഥാനങ്ങൾക്കുണ്ടായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം പ്രസ്തുത മീറ്റിംഗിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടുന്നത് സംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങളൊന്നും ഇതുവരെ സ്വീകരിച്ചതായി കാണപ്പെടുന്നില്ല.

## വിലക്കയറ്റം

2 (387) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കയറ്റം തടയാനും ന്യായവിലയിൽ ഉൽപ്പന്നങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാനുമായി ധനവകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

സർക്കാർ സംവിധാനങ്ങളായ സപ്ലൈകോ, കൺസ്യൂമർഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾവഴി വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സർക്കാർ ഖജനാവിൽനിന്നും പണം നൽകി സബ്സിഡി ഇനത്തിൽ നിത്യോപയോഗ സാധനങ്ങൾ സർക്കാരിന്റെ പൊതുവിതരണ സംവിധാനംവഴി വിതരണം ചെയ്യുന്നുണ്ട്. കഴിഞ്ഞ മൂന്ന്

സാമ്പത്തിക വർഷം നൽകിയ സബ്സിഡികളുടെ കണക്ക് താഴെ ചേർക്കുന്നു.

2019-20-ൽ 132.22 കോടി രൂപയും 2020-21-ൽ 3388.07 കോടി രൂപയും 2021-22-ൽ 1826.19 കോടി രൂപയും ചെലവാക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ഭാഗമായി ഭക്ഷ്യകിറ്റ് വിതരണം ചെയ്തതുവഴി ഉണ്ടായിട്ടുള്ള ചെലവുകളും ഈ കണക്കിൽ ഉൾപ്പെടുന്നുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് വിലക്കയറ്റമുണ്ടാകാതിരിക്കാൻ എന്തെങ്കിലും കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വിലക്കയറ്റം തടയുന്നതിന് പ്രത്യേക കേന്ദ്ര സഹായമൊന്നും ലഭിക്കുന്നില്ല.

(സി) വിലക്കയറ്റത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

കോവിഡുമൂലം കാർഷിക, വ്യാവസായിക, സാമ്പത്തിക രംഗങ്ങളിൽ ഉണ്ടായിട്ടുള്ള തകർച്ച, പെട്രോളിയം ഉൽപ്പന്നങ്ങളുടെ അഭൂതപൂർവ്വമായ വിലക്കയറ്റം, പ്രകൃതിദുരന്തങ്ങൾ, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ തുടങ്ങിയ വിവിധങ്ങളായ കാരണങ്ങൾ വിലക്കയറ്റത്തിന് നിദാനമാണ്.

(ഡി) വിലക്കയറ്റം ഉണ്ടാക്കുന്ന വ്യവസായ ലോബികളുടെ പ്രവർത്തനങ്ങൾ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കാൻ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നത് ധനകാര്യ വകുപ്പല്ല. കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, കൃത്രിമമായി സാധനങ്ങൾക്ക് ദൗർലഭ്യം സൃഷ്ടിക്കൽ എന്നിവ നടത്തുന്നവർക്കെതിരെ സിവിൽ സപ്ലൈസ് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ ലക്ഷ്യമിട്ട തുക**

3 (388) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 സാമ്പത്തിക വർഷം മുതൽ നാളിതുവരെയുള്ള ബഡ്ജറ്റിൽ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ലക്ഷ്യമിട്ട തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച കണക്കുകൾ വകുപ്പ് അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ?

2016-17 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ വിവിധ ധനാഭ്യർത്ഥനകൾക്കുകീഴിൽ വകുപ്പുകൾക്കായി ഉപധനാഭ്യർത്ഥന ഉൾപ്പെടെ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും

സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഓരോ വകുപ്പിലും മേൽപ്പറഞ്ഞ കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാൻ കേന്ദ്രത്തിൽനിന്നും ലഭിച്ച തുക എത്രയാണ്; പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക ലാപ്സാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി & സി) 2016-17 മുതൽ 2021-22 സാമ്പത്തിക വർഷം വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രത്തിൽനിന്ന് ലഭ്യമായ തുകയും അതിന്റെ വിനിയോഗവും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികൾക്കായി ലഭ്യമായ വിഹിതം | ചെലവ് |
|---|---|---|
| 2016-17 | 3101.49 | 3610.86 |
| 2017-18 | 3268.36 | 3213.34 |
| 2018-19 | 3770.11 | 3566.41 |
| 2019-20 | 3262.65 | 3249.54 |
| 2020-21 | 5141.92 | 5645.73 |
| *2021-22 | 3798.00 | - |
| *2021-22 സാമ്പത്തിക വർഷത്തെ ചെലവ് സംബന്ധിച്ച വേർതിരിച്ച കണക്കുകൾ ലഭ്യമായിട്ടില്ല. | | |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിക്കുന്ന തുക ലാപ്സാക്കാറില്ല. ഒരു സാമ്പത്തിക വർഷം ഉപയോഗിക്കാതെ വരുന്ന തുക കേന്ദ്ര സർക്കാരിൽ നിന്ന് റീവാലിഡേഷൻ അനുമതി വാങ്ങിയശേഷം തൊട്ടടുത്ത വർഷം വിനിയോഗിക്കാറുണ്ട്.

## നികുതിചോർച്ച ഒഴിവാക്കാൻ നടപടി

4 (389) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതവും ക്രമേണ കുറഞ്ഞുവരുന്ന സാഹചര്യത്തിലും സാമൂഹ്യസേവന മേഖലയിലും അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വികസന മേഖലയിലും ചെലവ് വർദ്ധിപ്പിക്കുന്ന വികസന തന്ത്രം പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾമൂലം കേരളത്തിന് പ്രതികൂലമായ അവസ്ഥയാണ് നേരിടേണ്ടിവരുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ

കൈമാറ്റവും. സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റ് ഇനത്തിൽ ലഭ്യമായത് 5141 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾപ്രകാരം 2021-22 സാമ്പത്തിക വർഷം ഈ ഇനത്തിൽ 3798 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനുപുറമേ, 2023-24-നുശേഷം റവന്യൂകമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച നൽകിയിരുന്ന കടമെടുപ്പ് പരിധിയായ

4.5% തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകംതന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

കേന്ദ്ര സർക്കാരോ മറ്റ് സംസ്ഥാന സർക്കാരുകളോ നടപ്പാക്കാത്ത പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ കേരളം പിന്തുടരുകയും അതിന്റെ ഭാഗമായി പതിനാലാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. സംസ്ഥാനം ഇതിനകം വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ നല്ല പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രധാനമായും ആവിഷ്കരിക്കാൻ സാധിച്ചത് വാർഷിക പദ്ധതികളും പഞ്ചവത്സര പദ്ധതികളും വിജയകരമായി നടപ്പാക്കിയതിന്റെ ഫലമാണ്. കൂടാതെ മാനവശേഷി വികസന മേഖലയിൽ കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ പുരോഗതിയാർജ്ജിച്ചിട്ടുണ്ട്. ചരക്കുസേവന നികുതി നടപ്പാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി.

പെട്രോളിയം ഉൽപ്പന്നങ്ങൾ, മദ്യം എന്നിവയ്ക്ക് മാത്രമാണ്

സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചുവരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ.
2. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിV് ആവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പാക്കലും.
3. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.
4. 2 ലക്ഷം രൂപവരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1% വർദ്ധിപ്പിക്കൽ.
5. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.

6. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.

7. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

8. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.

9. ചരക്കുസേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.

10. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈ ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പുവർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കും.

അടിസ്ഥാന മേഖലയിലെ വികസനവും വ്യവസായങ്ങൾ തുടങ്ങാനും

തുടർന്നുകൊണ്ടുപോകാനുമുള്ള നടപടികളുടെ ലഘൂകരണവും നിക്ഷേപ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനും സർക്കാർ പ്രാധാന്യം നൽകിവരുന്നു. ലോക കേരള സഭ പോലുള്ള ഫോറങ്ങളിലൂടെ പ്രവാസികളുടേതുൾപ്പെടെയുള്ള സ്വകാര്യ നിക്ഷേപം ഫലപ്രദമായി ആകർഷിക്കാൻ സർക്കാർ വിവിധ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട വായ്പയെടുക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാർ വൈകിക്കുന്നത് ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ടോ?

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന KIIFB, KSSPL മുതലായ സ്ഥാപനങ്ങൾ മുൻവർഷങ്ങളിൽ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget borrowing ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽനിന്നും കുറയ്ക്കണമെന്ന നിർദ്ദേശം മുൻവർഷങ്ങളിൽനിന്ന് വിഭിന്നമായി കേന്ദ്ര സർക്കാർ നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശത്തിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട

വിശദാംശങ്ങൾ നൽകുകയും ചെയ്തിരുന്നെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്കുള്ള കടമെടുപ്പ് നിശ്ചയിച്ചുകൊണ്ടുള്ള അനുമതി ഇതുവരെയും കേന്ദ്ര സർക്കാർ ലഭ്യമാക്കിയിട്ടില്ല. 5000 കോടി രൂപ കടമെടുക്കുന്നതിനുള്ള താൽക്കാലിക അനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച് നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 4.5% തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഈ വിഷയങ്ങളിൽ സംസ്ഥാനത്തിന് അനുകൂലമായ നിലപാട് കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം അഭ്യർത്ഥിക്കാറുണ്ട്.

(സി) കേന്ദ്രസർക്കാർ സൃഷ്ടിക്കുന്ന സാമ്പത്തിക ഞെരുക്കം അതിജീവിക്കുന്നതിനായി നികുതിച്ചോർച്ച ഒഴിവാക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾമൂലം കേരളത്തിന് പ്രതികൂലമായ അവസ്ഥയാണ് നേരിടേണ്ടിവരുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ

കൈമാറ്റവും. സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റ് ഇനത്തിൽ ലഭ്യമായത് 5141 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾപ്രകാരം 2021-22 സാമ്പത്തിക വർഷം ഈ ഇനത്തിൽ 3798 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനുപുറമേ, 2023-24-നുശേഷം റവന്യൂകമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ

4.5% തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകംതന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

കേന്ദ്ര സർക്കാരോ മറ്റ് സംസ്ഥാന സർക്കാരുകളോ നടപ്പാക്കാത്ത പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ കേരളം പിന്തുടരുകയും അതിന്റെ ഭാഗമായി പതിനാലാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. സംസ്ഥാനം ഇതിനകം വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ നല്ല പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രധാനമായും ആവിഷ്കരിക്കാൻ സാധിച്ചത് വാർഷിക പദ്ധതികളും പഞ്ചവത്സര പദ്ധതികളും വിജയകരമായി നടപ്പാക്കിയതിന്റെ ഫലമാണ്. കൂടാതെ മാനവശേഷി വികസന മേഖലയിൽ കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ പുരോഗതിയാർജ്ജിച്ചിട്ടുണ്ട്. ചരക്കുസേവന നികുതി നടപ്പാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി.

പെട്രോളിയം ഉൽപ്പന്നങ്ങൾ, മദ്യം എന്നിവയ്ക്ക് മാത്രമാണ്

സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചുവരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ.
2. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പാക്കലും.
3. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.
4. 2 ലക്ഷം രൂപവരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1% വർദ്ധിപ്പിക്കൽ.
5. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.

6. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.

7. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

8. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.

9. ചരക്കുസേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.

10. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈ ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പുവർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കും.

അടിസ്ഥാന മേഖലയിലെ വികസനവും വ്യവസായങ്ങൾ തുടങ്ങാനും

തുടർന്നുകൊണ്ടുപോകാനുമുള്ള നടപടികളുടെ ലഘൂകരണവും നിക്ഷേപ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനും സർക്കാർ പ്രാധാന്യം നൽകിവരുന്നു. ലോക കേരള സഭ പോലുള്ള ഫോറങ്ങളിലൂടെ പ്രവാസികളുടേതുൾപ്പെടെയുള്ള സ്വകാര്യ നിക്ഷേപം ഫലപ്രദമായി ആകർഷിക്കാൻ സർക്കാർ വിവിധ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

## ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ട്

5 (390) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടി വാങ്ങിയതിൽ കാപ്പെക്സ് അഴിമതി നടത്തിയതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

തോട്ടണ്ടി വാങ്ങിയതിൽ കാപ്പെക്സ് അഴിമതി നടത്തിയതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം

6 (391) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവുമൂലം നിർമ്മാണ വസ്തുക്കൾക്കുണ്ടാകുന്ന വൻ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവുമൂലം ബിറ്റുമിന്റെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വില വർദ്ധനവ് നിർമ്മാണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതും സാധാരണക്കാരുടെ വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുള്ളതും പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ബിറ്റുമിന്റെ വിലവർദ്ധനവുമൂലം കരാറുകാർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കാൻ വിവിധ ഉത്തരവുകളിലൂടെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവുമൂലം മറ്റ്

നിർമ്മാണ വസ്തുക്കൾക്കുണ്ടാകുന്ന വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള ശിപാർശകൾ ഈ വകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത വിലക്കയറ്റം തടയാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ബിറ്റുമിന്റെ വിലക്കയറ്റംമൂലം കരാറുകാർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമാണെന്ന് കാണുന്നു.

## ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട്

**7** (393) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സർക്കാർ ഏജൻസികൾ ഗ്യാരന്റിയുടെ പിൻബലത്തിൽ വാങ്ങിയ കടം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

2016 മുതൽ സർക്കാർ ഏജൻസികൾ ഗ്യാരണ്ടിയുടെ പിൻബലത്തിൽ

ആകെ 28059.6094 കോടി രൂപ കടം വാങ്ങിയിട്ടുണ്ട്.

(ബി) സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള വായ്പകൾ യഥാസമയം തിരിച്ചടവ് നടത്തിവരുന്നുണ്ടോ; വിശദമാക്കാമോ?

തിരിച്ചടവ് നടത്തിവരുന്നുണ്ട്.

(സി) നിലവിൽ ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഹെഡ് ഓഫ് അക്കൗണ്ട് വ്യക്തമാക്കാമോ?

നിലവിൽ ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.

(ഡി) ഗ്യാരന്റി കമ്മീഷനായി 2016 മുതൽ എത്ര തുക ലഭിച്ചിട്ടുണ്ട്; പ്രസ്തുത തുക ഗ്യാരന്റി റിഡംപ്ഷൻ ഫണ്ടിലേയ്ക്ക് ചേർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

| വർഷം | ഗ്യാരണ്ടി കമ്മിഷൻ (തുക കോടിയിൽ) |
|---|---|
| 2016-17 | 100.10 |
| 2017-18 | 121.22 |
| 2018-19 | 124.10 |
| 2019-20 | 150.80 |
| 2020-21 | 216.57 |
| 2021-22 | കണക്കുകൾ ലഭ്യമായിട്ടില്ല. |

ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ലാത്തതിനാൽ ഗ്യാരണ്ടി

കമ്മീഷൻ തുക ടി ഫണ്ടിലേയ്ക്ക് ചേർത്തിട്ടില്ല.

(ഇ) ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാത്തതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

**സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി**

8 (395) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നുവെന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്കുസേവന നികുതി നടപ്പാക്കിയതും യുക്തിരഹിതമായ നികുതിനിരക്ക് നിർണ്ണയവും ചരക്കുസേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി

വെട്ടിക്കുറയ്ക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടർന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിരുന്നു.

ചരക്കുസേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിലുള്ള അനിശ്ചിതാവസ്ഥയും റവന്യൂകമ്മി ഗ്രാന്റിൽ വന്നിട്ടുള്ള ഗണ്യമായ ഇടിവും സർക്കാരിനുകീഴിലെ സ്ഥാപനങ്ങളുടെ വായ്പകൾ ചൂണ്ടിക്കാട്ടി നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നാളിതുവരെ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തതും സ്ഥിതി കൂടുതൽ വഷളാക്കി.

(ബി) 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾക്ക് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് കടുത്ത സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാണോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്താനുള്ള സാഹചര്യം വിശദമാക്കാമോ?

(ബി & സി) നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തതാണ് നിലവിലെ പ്രതിസന്ധിയുടെ പ്രധാന കാരണം. ഇതോടൊപ്പം ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പാക്കിവരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറച്ചുകാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുമുള്ള നടപടികളിലൂടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

**പുതുക്കാട് മിനി സിവിൽസ്റ്റേഷൻ നിർമ്മാണം**

9 (396) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം അനുവദിക്കുകയും കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ തുക അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്തിന്റെ ഭാഗമായിട്ടുള്ളതും സബ്ട്രഷറി നിർമ്മാണത്തിനായി നേരത്തെ അനുവദിച്ചിട്ടുള്ളതുമായ 12 സെന്റോളം വരുന്ന ഭൂമികൂടി ഉൾപ്പെടുത്തി, സബ്ട്രഷറി ഓഫീസ് കൂടി മിനി സിവിൽസ്റ്റേഷന്റെ ഭാഗമാക്കി നിർമ്മിക്കുന്നതിനാവശ്യമായ നടപടികളും അനുമതിയും ലഭ്യമാക്കുമോ?

ബി.ഡി.ഒ. കൊടകരയുടെ 23-02-2022-ലെ കത്ത് നം.A2/4041/2022 KBP പ്രകാരമുള്ള പുതുക്കാട് മിനി സിവിൽ സ്റ്റേഷനിൽ

ഉൾപ്പെടുത്തേണ്ടതായ ഓഫീസുകളുടെ ലിസ്റ്റിൽ പുതുക്കാട് സബ്ട്രഷറിയും ഉൾപ്പെട്ടിട്ടുണ്ട്. ആയതുപ്രകാരം സബ്ട്രഷറി കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ആർക്കിടെക്ചറൽ ഡ്രായിംഗ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിൽനിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## ജി.എസ്.ടി. വിഹിതം

10 (397) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന് അർഹമായ കഴിഞ്ഞ സാമ്പത്തിക വർഷത്തെ 'ജി.എസ്.ടി.' വിഹിതം പൂർണ്ണമായും ലഭ്യമായിട്ടുണ്ടോ; കുടിശ്ശികയുണ്ടെങ്കിൽ എത്ര രൂപയാണെന്ന് വിശദമാക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) സംസ്ഥാനത്തിന് അർഹമായ ജി.എസ്.ടി. കോമ്പൻസേഷൻ വിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. വിവരം അനുബന്ധമായി+ ചേർക്കുന്നു.

## ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടുകൾ

11 (398) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ പരിശോധന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെട്ട ഭരണ വകുപ്പിന് റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം നടപടി സ്വീകരിക്കണമെന്ന ഉത്തരവ് നൽകിയിട്ടും ഏതെല്ലാം വകുപ്പുകൾ ഏതെല്ലാം റിപ്പോർട്ടുകളിന്മേലാണ് തുടർനടപടികൾ സ്വീകരിക്കാത്തത് എന്നതിന്റെ വിശദാംശം നൽകുമോ?

20-12-2021-ലെ സ.ഉ.(അച്ചടി)നം.173/2021/ധന. നമ്പർ ഉത്തരവുപ്രകാരം പരിശോധനാ റിപ്പോർട്ട് ഭരണ വകുപ്പിൽ ലഭിച്ച് 30 ദിവസത്തിനകം നടപടി സ്വീകരിച്ച് നടപടി റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ ധനകാര്യ വകുപ്പിന് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം നടപടി സ്വീകരിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തെ അറിയിക്കാത്ത വകുപ്പുകളുടെ പേരും പരിശോധനാ റിപ്പോർട്ടുകളുടെ വിവരങ്ങളും അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്താൻ ധനകാര്യ പരിശോധനാ വിഭാഗം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; പ്രസ്തുത പരിശോധന ഇപ്പോൾ കാര്യക്ഷമമല്ലാത്തതിനാൽ വിവിധ വകുപ്പുകളിൽ വാഹന ദുരുപയോഗം വർദ്ധിച്ച് സർക്കാരിന് നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് വിശദമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 24-02-2003-ൽ സ.ഉ. (കൈ)നം.113/2003/ധന. നമ്പർ സർക്കാർ ഉത്തരവും 02-08-2008-ൽ 41/2008/ധന. നമ്പർ പരിപത്രവും പുറപ്പെടുവിച്ചിട്ടുണ്ട്. വാഹന ദുരുപയോഗം ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ ആയത് തടയുന്നതിന് വാഹനപരിശോധന ഉൾപ്പെടെയുള്ള ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ട്രോമാകെയർ നിർമ്മാണം

12 (399) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ കിഫ്ബി അംഗീകാരം നൽകിയ 51.30 കോടി രൂപയുടെ ട്രോമാകെയർ പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി അംഗീകാരം നൽകിയ 51.30 കോടി രൂപയുടെ ട്രോമാകെയർ ഉൾപ്പെടെയുള്ള പദ്ധതി ഐ.എഫ്.സി. ഫണ്ടിംഗിനായി പരിഗണിക്കുകയും ടി പദ്ധതിയുടെ ഡിസൈനിൽ ഐ.എഫ്.സി. മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഐ.എഫ്.സി.-യുടെ മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം പദ്ധതിയുടെ പുതുക്കിയ

രൂപരേഖയുള്ള സാങ്കേതികാനുമതി എസ്.പി.വി. ആയ WAPCOS നൽകിയിട്ടുണ്ട്. എന്നാൽ ടി തുക കിഫ്ബി അനുമതി നൽകിയ 51.30 കോടി രൂപയിൽനിന്നും 104 കോടി രൂപയായി അധികരിച്ചതിനാൽ എസ്റ്റിമേറ്റ് പുതുക്കിയ ധനാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കിയ ധനാനുമതി ലഭ്യമാക്കാനുള്ള നടപടി കിഫ്ബി സ്വീകരിക്കുന്നതാണ്. അതിനുശേഷം പദ്ധതി ടെണ്ടർ ചെയ്യാനുള്ള തുടർനടപടികൾ നിർദ്ദിഷ്ട എസ്.പി.വി. ആയ WAPCOS സ്വീകരിക്കുന്നതാണ്.

**സാമ്പത്തിക പ്രതിസന്ധി**

13 (400) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീലങ്കൻ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരള സമ്പദ്‌വ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ശ്രീലങ്കൻ സാമ്പത്തിക പ്രതിസന്ധിയും കേരള സമ്പദ്‌വ്യവസ്ഥ നേരിടുന്ന വെല്ലുവിളികളും തമ്മിൽ താരതമ്യം അർഹിക്കാത്തതിനാൽ ആയതുസംബന്ധിച്ച വിലയിരുത്തലുകൾ നടത്തിയിട്ടില്ല.

(ബി) നിലവിലെ സാമ്പത്തിക സൂചകങ്ങൾപ്രകാരം ശ്രീലങ്കയിലേതിന് സമാനമായ ഒരു തകർച്ച കേരളത്തിലുണ്ടാകാൻ സാധ്യതയുള്ളതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

(സി) പ്രതിസന്ധി മറികടക്കുന്നതിന് ധനകാര്യ മാനേജ്മെന്റിലും നയത്തിലും ഏതൊക്കെ തരത്തിലുള്ള തിരുത്തൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചരക്കുസേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിലുള്ള അനിശ്ചിതാവസ്ഥയും റവന്യൂകമ്മി ഗ്രാന്റിൽ വന്നിട്ടുള്ള ഗണ്യമായ ഇടിവും സർക്കാരിനുകീഴിലെ സ്ഥാപനങ്ങളുടെ വായ്പകൾ ചൂണ്ടിക്കാട്ടി നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നാളിതുവരെ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ടി പ്രതിസന്ധി നികുതി പിരിവ്

ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുമുള്ള നടപടികളിലൂടെ തരണം ചെയ്യാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

## ടെണ്ടർ സേവിംഗ്സ്

14 (401) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ 2016-21 സാമ്പത്തിക വർഷങ്ങളിൽ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ടെണ്ടർ ചെയ്യതുമായി ബന്ധപ്പെട്ട് ആകെയുണ്ടായിട്ടുള്ള ടെണ്ടർ സേവിംഗ്സ് എത്ര രൂപയാണ്; ഓരോ സാമ്പത്തിക വർഷത്തിലുമുണ്ടായ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശം നൽകാമോ?

ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ. (അച്ചടി) നം.119/2018/ധന. പ്രകാരം 2017-18 വർഷം മുതലാണ് ടെണ്ടർ സേവിംഗ്സ് അനുവദിക്കാൻ അനുമതിയുള്ളത്.

| വർഷം | തുക |
|---|---|
| 2017-18 | 16,38,392/- |
| 2018-19 | 19,57,662/- |
| 2019-20 | 14,65,996/- |

| | |
|---|---|
| 2020-21 | 18,43,051/- |
| ആകെ | 69,05,101/- |

(ബി) ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ലഭിച്ച തുക വിനിയോഗം ചെയ്യുന്നതിന് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.(അച്ചടി) നം.119/2018/ധന. ഖണ്ഡിക 2.8-ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് 31-03-2022-ലെ സ.ഉ.(അച്ചടി) നം.40/2022/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

## അക്രഡിറ്റഡ് ഏജൻസികളുടെ അംഗീകാരം

15 (402) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുപ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ധനകാര്യ വകുപ്പ് തെരഞ്ഞെടുത്തിരുന്ന അക്രഡിറ്റഡ് ഏജൻസികളുടെ കാലാവധി 2022 ഏപ്രിൽ 30-ന് അവസാനിച്ച വിവരം സർക്കാരിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

04-07-2019-ലെ സ.ഉ(പി)നം. 77/2019/ധന. പ്രകാരം 2 വർഷക്കാലയളവിലേയ്ക്കാണ് അക്രഡിറ്റേഷൻ അനുവദിച്ചിരുന്നത്. 05-08-2021-ലെ സ.ഉ. (പി) നം.111/2021/ധന., 21-10-2021-ലെ സ.ഉ. (പി) നം.136/2021/ധന., 01-01-2022-ലെ സ.ഉ.(പി)നം.2/2022/ധന., 13-04-2022-ലെ സ.ഉ(പി)നം.45/2022/ധന., 29-6-2022-ലെ സ.ഉ. (പി)നം.79/2022/ധന. ഉത്തരവുകളിലൂടെ ടി സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ 31-7-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത അക്രഡിറ്റഡ് ഏജൻസികളുടെ അംഗീകാരം പുതുക്കുന്നതിന് ധനകാര്യ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥയും ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് എന്ന് പുറത്തിറക്കുമെന്നും വ്യക്തമാക്കാമോ?

29-06-2022-ലെ സ.ഉ.(പി)നം. 79/2022/ധന. ഉത്തരവുപ്രകാരം ടി സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ 31-7-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) മണ്ഡലം ആസ്തി വികസന പദ്ധതിപ്രകാരം നിയമസഭാ സാമാജികർ മുൻവർഷങ്ങളിൽ ശിപാർശ ചെയ്തിരുന്ന പ്രവൃത്തികളുടെ ഭരണാനുമതി നൽകുന്നതിന്റെ സമയപരിധി 2022 ആഗസ്റ്റ് 30-ന് അവസാനിക്കുന്ന സാഹചര്യത്തിൽ അക്രഡിറ്റഡ് ഏജൻസികളുടെ അംഗീകാരം പുതുക്കാൻ സമയം വൈകുന്നത് അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തരം നിർദ്ദേശിച്ച പദ്ധതി നിർവ്വഹണത്തെ ബാധിക്കുമോ; വിശദമാക്കാമോ?

29-6-2022-ലെ സ.ഉ. (പി) നം. 79/2022/ധന. ഉത്തരവുപ്രകാരം ടി സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ 31-7-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തരം നിർദ്ദേശിച്ച പദ്ധതി നിർവ്വഹണത്തെ ബാധിക്കുകയില്ല.

(ഡി) പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (പി.എം.സി.) വിഭാഗത്തിൽപ്പെടുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് സുതാര്യമായ ലേല നടപടികളിലൂടെ മാത്രമേ പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ എന്ന സർക്കാർ ഉത്തരവ് നിലവിലുള്ളതിനാൽ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കാൻ അക്രഡിറ്റഡ് ഏജൻസികളുടെ അംഗീകാരം കാലവിളംബം കൂടാതെ പുതുക്കി നൽകുന്നതിനുള്ള നടപടികൾ

ത്വരിതപ്പെടുത്താമോ; വ്യക്തമാക്കാമോ?

29-06-2022-ലെ സ.ഉ.(പി)നം. 79/2022/ധന. ഉത്തരവുപ്രകാരം ടി സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ 31-7-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

**ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനകൾ**

16 (403) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ പരിശോധനാ വിഭാഗം ഈ വർഷം ഏതൊക്കെ ഓഫീസുകളിലാണ് പരിശോധന നടത്തിയത്; പ്രസ്തുത പരിശോധനകളിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**കഴിഞ്ഞ സാമ്പത്തിക വർഷത്തെ റവന്യൂ വരുമാനം**

17 (404) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷം 31-05-2022 വരെയും പോസ്റ്റ് ഡെവല്യൂഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി

കേന്ദ്രത്തിൽനിന്ന് ലഭിച്ച തുകയുടെ കണക്ക് വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽനിന്നും പോസ്റ്റ് ഡെവല്യൂഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി 19891 കോടി രൂപയും നടപ്പു സാമ്പത്തിക വർഷം 31-05-2022 വരെ 2195.67 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(ബി) 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് എത്രയാണ്; പ്രസ്തുത സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് വിവിധ വരുമാന മേഖലകളിൽനിന്നും ലഭിച്ചതെന്നതിന്റെ വിശദാംശം പ്രത്യേകം വിശദമാക്കി നൽകുമോ?

2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള റവന്യൂ വരുമാനം 117888.16 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾപ്രകാരമുള്ള റവന്യൂ വരുമാനത്തിന്റെ വിശദമായ കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | തുക (കോടിയിൽ) |
|---|---|
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | 58340.49 |
| സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | 10371.79 |
| കേന്ദ്ര നികുതി വിഹിതം | 17820.09 |
| കേന്ദ്ര ധനസഹായം | 30014.12 |
| **ആകെ** | **116546.49** |

(സി) പ്രസ്തുത വർഷത്തിൽ പ്രതീക്ഷിച്ച റവന്യൂ സമാഹരണം നടത്താൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത വർഷത്തിൽ തനതു നികുതിയിനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 71833.28 കോടി രൂപ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഈ വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾപ്രകാരം 58340.49 കോടി രൂപയാണ് ലഭിച്ചിരിക്കുന്നത്. കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി റവന്യൂ കളക്ഷനെ സാരമായി ബാധിച്ചിട്ടുണ്ട്.

**മെഡിസെപ് പദ്ധതി**

18 (405) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന മെഡിസെപ് പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ

വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ./നോഡൽ ഓഫീസർ/ ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷുറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തരമായി സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരങ്ങൾ കമ്പനിക്ക് കൈമാറി പരസ്പര ഉടമ്പടിപ്രകാരം അടിയന്തരമായിത്തന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഏതെല്ലാം ആശുപത്രിയിൽ എന്തൊക്കെ ചികിത്സയ്ക്ക് സഹായം ലഭിക്കുമെന്ന് വ്യക്തമാക്കാമോ; ആശുപത്രികളുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

RFP-യിലെ നിബന്ധനകൾപ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയാണ് അന്തിമ ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നത്. ഇൻഷ്വറൻസ് കമ്പനി പദ്ധതിയിലുൾപ്പെടുന്ന ആശുപത്രികളുടെ അന്തിമ എംപാനൽമെന്റ് ലിസ്റ്റ് ലഭ്യമാക്കിയാലുടൻ ഓരോ ജില്ലയിലും മെഡിസെപ്

പദ്ധതിക്കായി തെരഞ്ഞെടുത്ത ആശുപത്രികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

**മെഡിസെപ് പദ്ധതി**

19 (406) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിസെപ് പദ്ധതി എന്നുമുതൽ നടപ്പാക്കാൻ കഴിയുമെന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ./നോഡൽ ഓഫീസർ/ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷുറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തരമായി സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരസ്പര ഉടമ്പടിപ്രകാരം അടിയന്തരമായിത്തന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ

നടന്നുവരുന്നു.

സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പരിഷ്കരിച്ച ചികിത്സാ പദ്ധതികളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നിബന്ധനകളും ഉൾപ്പെടുത്തി പരിഷ്കരിച്ച Request For Proposal (RFP) 22-01-2021-ൽ പ്രസിദ്ധീകരിച്ച് റീ-ടെണ്ടർ നടപടി ആരംഭിച്ചിരുന്നു. കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിനുകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/

കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കും അവയ്ക്ക് അനുബന്ധമായി വരുന്ന ഡേ കെയർ ചികിത്സാ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടിവരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാസംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്ന് വില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic), രോഗാനുബന്ധ ഭക്ഷണച്ചെലവുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും.

i. നിലവിലുള്ള രോഗങ്ങൾക്കും ജീവന് ഭീഷണിയുള്ള അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സയ്ക്കും പദ്ധതിയിൻകീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്.

ii. പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കുന്നതിൻപ്രകാരം

ആയിരിക്കും.

(1) അടിസ്ഥാന പരിരക്ഷ - പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്നു വർഷത്തെ പോളിസി പീരിഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്തപക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക് പീരിഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്നതരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (a) Procedure Cost (b) Implant Cost if any (c) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്.

(2) മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്നു വർഷത്തെ പോളിസി

കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്.

(ബി) ഓരോ ജില്ലയിലും ഇതിനായി തെരഞ്ഞെടുത്ത ആശുപത്രികളുടെ പട്ടിക പ്രസിദ്ധീകരിക്കാമോ?

22-01-2021-ലെ പുതുക്കിയ Request For Proposal (RFP) പ്രകാരം മെഡിസെപ് പദ്ധതി നടത്തിപ്പിനായി തെരെഞ്ഞെടുത്ത Oriental Insurance Company Ltd. പദ്ധതിയിലുൾപ്പെടുന്ന ആശുപത്രികളുടെ അന്തിമ എംപാനൽമെന്റ് ലിസ്റ്റ് കൈമാറുന്ന മുറയ്ക്ക് കമ്പനിയുമായി പരസ്പര ഉടമ്പടിയിൽ ഏർപ്പെട്ടശേഷം ഓരോ ജില്ലയിലും മെഡിസെപ് പദ്ധതിക്കായി തെരഞ്ഞെടുത്ത ആശുപത്രികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

**പതിനാലാം പഞ്ചവത്സര പദ്ധതി**

20 (407) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കരട് പ്രസിദ്ധീകരിച്ചിട്ടില്ല. പതിനാലാം പഞ്ചവത്സര പദ്ധതി സമീപന രേഖയുടെ കരട്

പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പൊതുനിക്ഷേപം (ആരോഗ്യം, സ്കൂൾ, വിദ്യാഭ്യാസം, പാർപ്പിടം), സാമൂഹ്യക്ഷേമം, സാമൂഹിക നീതി, ലിംഗ നീതി എന്നീ മേഖലകളിൽ കേരളം ആർജ്ജിച്ച കരുത്ത് പടുത്തുയർത്തുക. മാനവശേഷി ഉപയോഗപ്പെടുത്തി പൊതുവിജ്ഞാന സമൂഹം കെട്ടിപ്പടുക്കുകയും സമ്പദ് വ്യവസ്ഥയിലെ ഉല്പാദക ശക്തികളുടെ വളർച്ച വേഗത്തിലാക്കുകയും ചെയ്യുക. ശാസ്ത്രം, സാങ്കേതികവിദ്യ, അത്യാധുനിക നിപുണതകൾ, കൃഷി, വ്യവസായം, പശ്ചാത്തല സൗകര്യ വികസനം, വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം, ചെറുകിട വ്യാപാരം എന്നിവ ഉൾപ്പെടുന്ന വരുമാനദായക സേവനങ്ങളുടെ വളർച്ച മെച്ചപ്പെടുത്തുക, ആധുനികവും തൊഴിൽദായകവുമായ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുക, ഉന്നത വിദ്യാഭ്യാസം ആധുനികവൽക്കരിക്കുക, അതിദാരിദ്ര്യം ഇല്ലാതാക്കുക, മാലിന്യ നിർമ്മാർജ്ജനത്തിന് സമഗ്രവും നൂതനവുമായ സമ്പ്രദായങ്ങൾ സ്ഥാപിക്കുക, വളർച്ചയുടെ ചാലകശക്തിയാകാൻ പ്രാദേശിക സർക്കാരുകളെ സഹായിക്കുക, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനനയം

പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളായി കരട് സമീപന രേഖയിൽ വ്യക്തമാക്കിയിരിക്കുന്നത്.

(സി) നിലവിലെ സാമ്പത്തികസ്ഥിതി അനുസരിച്ച് പ്രസ്തുത ലക്ഷ്യങ്ങൾ നേടാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റെയും നടപ്പാക്കുന്നതിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയും അതുവഴി വിഭവങ്ങളുടെ മെച്ചപ്പെട്ട വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും പ്രസ്തുത ലക്ഷ്യങ്ങൾ നേടാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) സുസ്ഥിര സാമ്പത്തിക വികസനത്തിനായി പുതിയ സമീപനം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സമഗ്രമായ അഭിവൃദ്ധിയും സുസ്ഥിരതയും സാമൂഹിക നീതിയും ഉറപ്പുവരുത്തുന്നതിന് കരട് സമീപന രേഖ ലക്ഷ്യമിടുന്നു.

## വിധവാ പെൻഷൻ

21 (408) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വിധവാ പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.

2. അപേക്ഷകൻ സർവ്വീസ് പെൻഷണർ/കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത് (2000 രൂപവരെ എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകമല്ല. പ്രതിമാസം 4000 രൂപവരെ എക്സ്ഗ്രേഷ്യാ പെൻഷൻ/എൻ.പി.എസ്. പെൻഷൻ ലഭിക്കുന്നവർക്ക് ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ/ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും).

3. അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്.

4. അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ട് ഏക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത് (പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല).

5. 1000 സി.സി.-യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള, ടാക്സിയല്ലാത്ത, നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ

(അംബാസഡർ കാർ ഒഴികെ) സ്വന്തമായുള്ള വ്യക്തികളാകരുത്.

6. അപേക്ഷകൻ കേന്ദ്ര സർക്കാർ/മറ്റു സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽനിന്നും ശമ്പളം/പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുന്ന വ്യക്തിയാകരുത്.

7. അപേക്ഷകൻ കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തിയാകരുത്.

8. ഭർത്താവ് മരണപ്പെടുകയോ ഏഴ് വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയവർക്ക് മാത്രമേ വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുള്ളൂ. അപ്രകാരം ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് / 7 വർഷത്തിലധികമായി ഭർത്താവിനെ കാണ്മാനില്ലെന്ന് റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ നമ്പർ, തീയതി, സർട്ടിഫിക്കറ്റ് നൽകിയ പ്രാദേശിക സർക്കാർ എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതും സർട്ടിഫിക്കറ്റ് അപ്-ലോഡ് ചെയ്യേണ്ടതുമാണ്.

9. ഭർത്താവ് ഉപേക്ഷിച്ച് ഏഴ് വർഷം കഴിഞ്ഞതും (deserted) പുനർ

വിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് മറ്റ് മാനദണ്ഡങ്ങൾപ്രകാരം അർഹതയുള്ളപക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ട്. ഇതുകൂടാതെ വിധവാ പെൻഷൻ ഉൾപ്പെടെയുള്ള എല്ലാത്തരം സാമൂഹ്യ സുരക്ഷാ പെൻഷനുകളും അനുവദിക്കുന്നതിന് അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾകൂടി കണക്കിലെടുക്കും. ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർ, താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷണർ ഉള്ളവർ, കുടുംബത്തിൽ 1000 സി.സി.-യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി. വാഹനങ്ങൾ ഉള്ളവർ എന്നിവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിന് അർഹതയില്ല.

(ബി) നിയമപരമായി വിവാഹമോചനം നേടിയതോ ഭർത്താവിൽ നിന്നും അകന്നുകഴിയുന്നതോ ഭർത്താവ് ഉപേക്ഷിച്ചതോ ആയ പുനർവിവാഹിതരല്ലാത്ത 50 വയസ്സിൽ താഴെയുള്ളവർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(സി) നിയമപരമായി വിവാഹമോചിതരായ പുനർവിവാഹം ചെയ്തിട്ടില്ലാത്ത സ്ത്രീകളെ വിധവയായി കണക്കാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) നിരവധി വിധവകളെ ദുരിതത്തിലാക്കുന്നതിനാൽ മറ്റ് യോഗ്യതകൾ ഉള്ള പക്ഷം അവരെക്കൂടി പരിഗണിച്ച് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ പരിഗണനയിലില്ല.

## "മെഡിസെപ്പ് " ഇൻഷ്വറൻസ് പദ്ധതി

22 (409) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള "മെഡിസെപ്പ് " ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ,

കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ./നോഡൽ ഓഫീസർ/ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തരമായി സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പരസ്പര ഉടമ്പടിപ്രകാരം അടിയന്തരമായി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതാണ്.

(ബി) ഏതെല്ലാം ആശുപത്രികളെയാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

RFP-യിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രത്യേക മാനദണ്ഡങ്ങൾ പാലിക്കുന്ന പബ്ലിക്/പ്രൈവറ്റ് ആശുപത്രികളെയാണ് മെഡിസെപ് പദ്ധതിയുടെ ഭാഗമാക്കാൻ തീരുമാനിച്ചിരിക്കുന്നത്.

**പെൻഷൻകാരുടെ ലൈഫ് മസ്റ്ററിംഗ്**

23 (410) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെൻഷൻ അദാലത്തിന്റെ ഭാഗമായി എൺപത് വയസ്സ് കഴിഞ്ഞ പെൻഷൻകാരുടെ ലൈഫ് മസ്റ്ററിംഗ് വീട്ടുപടിക്കൽ എത്തി ചെയ്യാനുള്ള

2022-23 ബജറ്റിലെ പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സർക്കാർ ഇതുവരെ എടുത്ത നടപടികൾ വ്യക്തമാക്കുമോ?

നിലവിൽ ചുവടെ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ച് മസ്റ്റർ ചെയ്യാവുന്നതാണ്.

- ട്രഷറിയിൽ നേരിട്ട് ഹാജരായി
- ലൈഫ് സർട്ടിഫിക്ക്റ്റ് സമർപ്പിച്ച്
- ജീവൻ പ്രമാൺ പോർട്ടൽ മുഖേന ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച്
- വാട്ട്സ് ആപ്പ് വീഡിയോ കോൾ വഴി
- Postinfo App ഉപയോഗിച്ച്

മേൽ പറഞ്ഞ രീതിയിൽ മസ്റ്റർ ചെയ്യാൻ കഴിയാത്ത, ബാങ്ക് വഴിയോ ട്രഷറി വഴിയോ പെൻഷൻ വാങ്ങുന്ന ശയ്യാവലംബനായ 80 വയസ്സ് കഴിഞ്ഞ ഒരാളാണെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് ബോധ്യപ്പെടുന്നപക്ഷം ടിയാന്റെ വീട്ടിൽ പോയി മസ്റ്ററിംഗ് നടത്തുന്നതിന് അതത് ട്രഷറി ഓഫീസിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകുന്ന വിഷയം 1544002 PWC-A1/27/2020-FIN എന്ന ഫയലിൽ പരിശോധിച്ചുവരുന്നു.

**കടപ്പത്രങ്ങൾവഴി സമാഹരിച്ച തുക**

24 (411) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ കടപ്പത്രംവഴി എത്ര കോടി രൂപ കടമെടുക്കാനാണ് റിസർവ്വ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ നാളിതുവരെ എത്ര കടപ്പത്രങ്ങൾവഴി എത്ര കോടി രൂപ സമാഹരിച്ചു; വ്യക്തമാക്കാമോ?

(എ & ബി) കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാകുന്ന അനുമതിയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ കടപ്പത്രങ്ങൾവഴി കടമെടുക്കുന്നത്. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 120 കടപ്പത്രങ്ങൾവഴി 132439 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം കടമെടുക്കുന്ന തുക റവന്യൂ ചെലവുകൾക്ക് ഉപയോഗിച്ചിട്ടുണ്ടോ; കടപ്പത്രം പുറപ്പെടുവിക്കുമ്പോൾ പറഞ്ഞിരുന്ന ആവശ്യം എന്തായിരുന്നു; വ്യക്തമാക്കാമോ?

വായ്പയെടുത്ത തുക പൂർണ്ണമായും ആസ്തി വികസന പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കുകയാണ് അഭികാമ്യമായിട്ടുള്ളത്.

എന്നാൽ റവന്യൂകമ്മി ഇല്ലാതായാൽ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടുവരാനാണ് പരിശ്രമിക്കുന്നത്. കടമെടുക്കുന്ന ചെറിയൊരു ഭാഗം നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിലും ഏറിയ പങ്കും വികസന പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിതപരിധിയിൽ നിർത്തി വായ്പാത്തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വിദേശ ഏജൻസികൾ, മറ്റ് കേന്ദ്ര ഏജൻസികൾ എന്നിവയിൽനിന്നും എത്ര തുക വായ്പയായി സ്വീകരിച്ചിട്ടുണ്ട്; ഓരോ ഏജൻസിയിൽനിന്നും എത്ര രൂപ വീതമെന്നും അവയുടെ തിരിച്ചടവ് തുടങ്ങുന്നത് എന്നാണെന്നും പലിശ നിരക്ക് എത്ര ശതമാനമാണെന്നും സബ്സിഡികൾ ലഭ്യമാണോയെന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾപ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വിവിധ വിദേശ സഹായ ഏജൻസികൾ മുഖേന ലഭ്യമായ വായ്പകളുടെയും പദ്ധതികളുടെയും വിശദാംശം

അനുബന്ധമായി+ ചേർക്കുന്നു.

ഈ വായ്പകളുടെ തിരിച്ചടവ് തുടങ്ങുന്നത് സാധാരണയായി വായ്പ ലഭിച്ച് 3-4 വർഷങ്ങൾക്കുശേഷമാണ്. വായ്പകളുടെ നിബന്ധനകൾക്ക് വിധേയമായി പലിശനിരക്കിലും വ്യതിയാനം സംഭവിക്കും. ചില പദ്ധതികളിൽ ചെറിയ തുക ഗ്രാന്റായി ലഭിക്കും.

(ഇ) സംസ്ഥാന വായ്പയുടെ പലിശയും മുതലും ഇനത്തിൽ പ്രതിവർഷം എന്ത് തുക തിരിച്ചടവുണ്ടെന്ന് വിശദമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾപ്രകാരം പൊതുകടം ഇനത്തിലുള്ള സംസ്ഥാന വായ്പയുടെ 2021-22 സാമ്പത്തിക വർഷത്തിലെ മുതൽ ഇനത്തിലെ തിരിച്ചടവും പലിശയും യഥാക്രമം 13025.51 കോടി രൂപയും 15792.68 കോടി രൂപയുമാണ്.

**സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധി സംബന്ധിച്ച്**

25 (412) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ കടമെടുപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിധി സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ KIIFB, KSSPL തുടങ്ങിയവ മുൻവർഷങ്ങളിൽ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget borrowing ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽനിന്നും കുറയ്ക്കണമെന്ന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ 3.5 ശതമാനമാണ് നടപ്പ് വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇത് 32,439 കോടി രൂപയാണ്. ഇതിനുപുറമേ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധികവായ്പാ പരിധിയും ലഭിക്കുന്നതാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന GSDP അടിസ്ഥാനമാക്കിയുള്ള വായ്പാ പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത നിർദ്ദേശത്തിൽ ഇളവ് അനുവദിക്കണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നോ; ഇപ്രകാരം എന്ത് തുക കൂടി അധിക വായ്പ എടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സമീപിച്ചിരുന്നു. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്കുള്ള കടമെടുപ്പ് നിശ്ചയിച്ചുകൊണ്ടുള്ള അനുമതി ഇതുവരെയും ലഭിച്ചിട്ടില്ല. എന്നാൽ, 5000 കോടി രൂപ കടമെടുക്കുന്നതിനുള്ള താൽക്കാലിക അനുമതി ലഭിച്ചിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷം എത്ര കോടി രൂപ വായ്പയെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ KIIFB, KSSPL തുടങ്ങിയവ മുൻവർഷങ്ങളിൽ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget borrowing ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽനിന്നും കുറയ്ക്കണമെന്ന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ 3.5 ശതമാനമാണ് നടപ്പ് വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്ര സർക്കാർ

നിശ്ചയിച്ചിരിക്കുന്നത്. ഇത് 32439 കോടി രൂപയാണ്. ഇതിനുപുറമേ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധികവായ്പാ പരിധിയും ലഭിക്കുന്നതാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന GSDP അടിസ്ഥാനമാക്കിയുള്ള വായ്പാ പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ.

(ഡി) 2022 ജൂൺ മാസത്തോടെ ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കുന്ന കാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ തെറ്റായ ധനകാര്യ മാനേജ്മെന്റിലൂടെ കേരളം ഗുരുതര പ്രതിസന്ധിയിൽ എത്തിച്ചേർന്നിരിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഏത് രീതിയിൽ മറികടക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംസ്ഥാനത്തിന്റെ പൊതുകടം**

26 (413) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ  പൊതുകടം എത്രയാണെന്ന് വ്യക്തമാക്കുമോ; കേന്ദ്ര സർക്കാർ ഗ്യാരണ്ടി നൽകി കിഫ്ബി മുഖേന എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേന എടുത്തിട്ടുള്ള വായ്പകൾ പൊതുകടത്തിന്റെ ഭാഗമാണോയെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2022 മാർച്ച് 31-ലെ സംസ്ഥാനത്തിന്റെ പൊതുകടം 219974.55 കോടി രൂപയാണ്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ KIIFB, KSSPL തുടങ്ങിയവ സ്വന്തം നിലയ്ക്ക് ബഡ്ജറ്റിന് പുറത്ത് എടുത്തിട്ടുള്ള വായ്പകൾ പൊതുകടത്തിന്റെ ഭാഗമല്ല.

(ബി) കിഫ്ബി, കെ.എസ്.എസ്.പി. എന്നിവ മുഖേനയുള്ള വായ്പകൾ സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ഉൾപ്പെടുന്നതിനാൽ സംസ്ഥാനത്തിന് കൂടുതൽ വായ്പയെടുക്കുന്നതിനായി അനുമതി നൽകാൻ സാധിക്കില്ലെന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ബഡ്ജറ്റിന് പുറത്തുള്ള കടമെടുക്കലിലൂടെയും തെറ്റായ ധനകാര്യ മാനേജ്മെന്റിലൂടെയും സംസ്ഥാനം എത്തിച്ചേർന്നിരിക്കുന്നതായി

പറയപ്പെടുന്ന ഈ പ്രതിസന്ധി ഏത് രീതിയിൽ തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി & സി) KIIFB, KSSPL തുടങ്ങിയ സ്ഥാപനങ്ങൾ മുൻവർഷങ്ങളിൽ സ്വന്തംനിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget borrowing ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽനിന്നും കുറയ്ക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽനിന്ന് കിട്ടിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകുകയും ചെയ്തിരുന്നെങ്കിലും നടപ്പു സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്കുള്ള കടമെടുപ്പ് നിശ്ചയിച്ചുകൊണ്ടുള്ള അനുമതി കേന്ദ്ര സർക്കാർ ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. 5000 കോടി രൂപ കടമെടുക്കുന്നതിനുള്ള താൽക്കാലിക അനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാനത്തിന്റെ Off Budget borrowing ആയി കണക്കാക്കണമെന്ന കേന്ദ്ര സർക്കാർ നിലപാട് സംസ്ഥാനത്തിന് കടമെടുക്കാവുന്ന തുകയിൽ കുറവ് വരുത്തും. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി

കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ അത് സാധ്യമാക്കുക അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

## സർക്കാർ ഗ്യാരണ്ടി നൽകി എടുക്കുന്ന വായ്പകൾ

27 (414) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകി വായ്പ എടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി

ആക്ട് 2 (ബി) പ്രകാരം സർക്കാർ ഗ്യാരണ്ടി, സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വേണ്ടിയാണ് നൽകുന്നത്. പ്രസ്തുത ആക്ടുപ്രകാരം ഏതെങ്കിലും സ്വകാര്യ വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ അല്ലെങ്കിൽ കമ്പനിയുടെയോ വായ്പ സംബന്ധിച്ച് യാതൊരു ഗവൺമെന്റ് ഗ്യാരണ്ടിയും നൽകുന്നതല്ല. കൂടാതെ സർക്കാർ ഏറ്റവും കുറഞ്ഞത് പ്രതിവർഷം 0.75 ശതമാനം ഗ്യാരണ്ടി കമ്മിഷനായി ചുമത്തേണ്ടതും അത് യാതൊരു സാഹചര്യത്തിലും വേണ്ടെന്നുവയ്ക്കാൻ പാടില്ലാത്തതുമാണ്. 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ടുപ്രകാരം 01-04-2018 മുതൽ സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, അതതു സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കുന്ന സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനമാണ് നിലവിലെ ഗ്യാരണ്ടി പരിധി.

(ബി) കിഫ്ബി, കെ.എസ്.എസ്.പി. ലിമിറ്റഡ് എന്നിവയുടെ വായ്പകൾ സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര ധനകാര്യ കമ്മീഷൻ കടമെടുപ്പ് പരിധിയിൽ നിയന്ത്രണം ഏർപ്പെടുത്തിയത് സിൽവർ ലൈൻ പദ്ധതിക്കായി വിദേശ വായ്പാ ഏജൻസികളിൽ നിന്നും

കടമെടുക്കുന്നതിനെ ബാധിക്കുമോ; വിശദാംശം നൽകുമോ;

(സി) വിദേശ വായ്പാ ഏജൻസികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയോടുകൂടി കെ-റെയിൽ പോലെയുള്ള സ്ഥാപനങ്ങൾ നേരിട്ട് സമാഹരിക്കുന്ന വായ്പയുടെ ബാധ്യത ഏതൊക്കെ സാഹചര്യങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി മാറുമെന്ന് വ്യക്തമാക്കുമോ?

(ബി & സി) സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3.5 ശതമാനമാണ് നടപ്പ് വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇതിനുപുറമെ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജമേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധിക വായ്പാപരിധിയും ലഭിക്കുന്നതാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന ജി.എസ്.ഡി.പി. അടിസ്ഥാനമാക്കിയുള്ള വായ്പാപരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ കിഫ്ബി, കെ.എസ്.എസ്.പി.എൽ. തുടങ്ങിയവ മുൻവർഷങ്ങളിൽ സ്വന്തം നിലയ്ക്കെടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget

Borrowing ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽനിന്നും കുറയ്ക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനം കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുള്ളതും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുള്ളതുമാണ്.

**പൊതുവിപണയിൽ നിന്നുള്ള കടമെടുപ്പ്**

28 (415) ശ്രീ. മഞ്ഞളാംകുഴി അലി:

ഡോ. എം. കെ. മുനീർ:

ശ്രീ. പി. കെ. ബഷീർ:

ശ്രീ എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽനിന്നും കടമെടുക്കാനുള്ള സംസ്ഥാന സർക്കാരിന്റെ അപേക്ഷയിൽ കേന്ദ്രസർക്കാർ എന്തെങ്കിലും തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ടോ;

(ബി) കിഫ്ബി ഉൾപ്പെടെ ബഡ്ജറ്റിന് പുറമെ എടുക്കുന്ന വായ്പകൾകൂടി വായ്പാ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാർ നിലപാട് ഗുരുതരമായ സാമ്പത്തിക

പ്രതിസന്ധി സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

(എ-സി) ഉണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ KIIFB, KSSPL തുടങ്ങിയവ മുൻ വർഷങ്ങളിൽ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget borrowing ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽനിന്നും കുറയ്ക്കണമെന്ന നിർദ്ദേശം കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്രസർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകുകയും ചെയ്തിരുന്നെങ്കിലും നടപ്പുസാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്കുള്ള കടമെടുപ്പ് നിശ്ചയിച്ചുകൊണ്ടുള്ള അനുമതി ഇതുവരെയും കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടില്ല. 5000 കോടി രൂപ കടമെടുക്കുന്നതിനുള്ള താൽക്കാലിക അനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാനത്തിന്റെ Off Budget borrowing ആയി കണക്കാക്കണമെന്ന കേന്ദ്രസർക്കാർ നിലപാട് സംസ്ഥാനം കടമെടുക്കുന്ന

തുകയിൽ കുറവ് വരുത്തും. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ അത് സാധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

**സംസ്ഥാനത്തിന്റെ പൊതുകടം**

29 (416) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനം ഗുരുതരമായ കടക്കെണിയിലാണെന്ന വാർത്തകളുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായി നിരവധി ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ.

സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്കുപുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്കുപുറമേ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനവും കടബാദ്ധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ 3.5 ശതമാനമാണ് നടപ്പ് വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇതിനുപുറമേ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധിക വായ്പാപരിധിയും ലഭിക്കുന്നതാണ്.

2021-22-ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റുപ്രകാരം സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തരോൽപ്പാദനവും തമ്മിലുള്ള അനുപാതം 36.98% ആകുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾപ്രകാരം 2021-22-ലെ സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തരോൽപ്പാദനവും തമ്മിലുള്ള അനുപാതത്തിൽ 0.14 ശതമാനത്തിന്റെ നേരിയ കുറവ് വന്നിട്ടുണ്ടെന്നുള്ളതും ശ്രദ്ധേയമാണ്.

സമ്പദ്‌വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ അത് സാധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

(ബി) നിലവിൽ സംസ്ഥാനത്തിന്റെ പൊതുകടം, ആളോഹരി കടം ഇവ എത്രയാണ്?

അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2022 മാർച്ച് 31-ലെ സംസ്ഥാനത്തിന്റെ പൊതുകടം 2,19,974.55 കോടി രൂപയും പൊതുകടം അനുസരിച്ചുള്ള ആളോഹരി കടം 62,822.95 രൂപയുമാണ്.

(സി) വിവിധ വായ്പകളുടെ പലിശ ഇനത്തിൽ പ്രതിമാസം എത്ര തുകയാണ് ചെലവഴിക്കേണ്ടി വരുന്നത്; വിശദാംശം നൽകുമോ; ആയത് മൊത്തം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ?

വിവിധ വായ്പകളുടെ പലിശയിനത്തിൽ 2021-22 സാമ്പത്തിക വർഷം അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾപ്രകാരം പ്രതിമാസം ശരാശരി 1660.26 കോടി രൂപയാണ് ചെലവഴിക്കേണ്ടിവന്നിട്ടുള്ളത്. പ്രസ്തുത വർഷത്തെ ആകെ റവന്യൂ വരുമാനം 116546.50 കോടി രൂപയും വിവിധ വായ്പകളുടെ പലിശയിനത്തിൽ ചെലവഴിക്കേണ്ടിവന്നിട്ടുള്ളത് 19,923.09 കോടി രൂപയുമാണ്. അതായത് വിവിധ വായ്പകളുടെ പലിശയായി ചെലവഴിക്കേണ്ടി വന്നിട്ടുള്ളത് ആകെ റവന്യൂ വരുമാനത്തിന്റെ 17.09 ശതമാനമാണ്.

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്നതിലേയ്ക്കായി ഓരോ മാസവും ചെലവഴിക്കുന്ന തുക എത്രയാണ് വ്യക്തമാക്കുമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് 2022 മേയ് മാസത്തിൽ 49,41,329 ഗുണഭോക്താക്കൾക്കായി 754.26 കോടി രൂപ അനുവദിച്ചിരുന്നു. സ്വന്തമായി പെൻഷൻ നൽകാൻ കഴിവില്ലാത്ത ക്ഷേമനിധി ബോർഡുകളിലെ 6,67,480 പേർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി 104.62 കോടി രൂപയും അനുവദിച്ചിരുന്നു. ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് അനുവദിക്കുന്ന തുകയിൽ വ്യത്യാസമുണ്ടാകുന്നതാണ്.

(ഇ) സംസ്ഥാനത്തിന്റെ പൊതുകടം കുറയ്ക്കുന്നതിനും നികുതിയേതര

വരുമാനം വർദ്ധിപ്പിക്കുന്നതിനും റവന്യൂകമ്മി കുറയ്ക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായി നിരവധി ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ.

സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്കുപുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്കുപുറമേ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത

ആഭ്യന്തര ഉല്പാദനവും കടബാധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ 3.5 ശതമാനമാണ് നടപ്പ് വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇതിനുപുറമേ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധിക വായ്പാപരിധിയും ലഭിക്കുന്നതാണ്.

2021-22-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റുപ്രകാരം സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തരോൽപ്പാദനവും തമ്മിലുള്ള അനുപാതം 36.98% ആകുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾപ്രകാരം 2021-22-ലെ സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തരോൽപ്പാദനവും തമ്മിലുള്ള അനുപാതത്തിൽ 0.14 ശതമാനത്തിന്റെ നേരിയ കുറവ് വന്നിട്ടുണ്ടെന്നുള്ളതും ശ്രദ്ധേയമാണ്.

സമ്പദ്‌വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും

വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ അത് സാധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

**മലപ്പുറം വനിതാ ആർട്സ് & സയൻസ് കോളേജിന് കിഫ്ബി ഫണ്ട്**

30 (417) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വനിതാ ആർട്സ് & സയൻസ് കോളേജിന് 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 10 കോടി രൂപ അനുവദിച്ചെങ്കിലും നാളിതുവരെ തുടർനടപടികളൊന്നും ഉണ്ടായിട്ടില്ലെന്ന

കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയവുമായി ബന്ധപ്പെട്ട നടപടികളുടെ ഇതുവരെയുള്ള പുരോഗതി വെളിപ്പെടുത്തുമോ?

28-04-2018-ലെ സ.ഉ. (സാധാ) നം.847/2018/ഉ.വി.വ., 20-02-2020-ലെ സ.ഉ. (സാധാ) നം.310/2020/ഉ.വി.വ. എന്നീ ഭരണാനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ ഡൗൺഹിൽ വനിതാ സർക്കാർ ആർട്സ് & സയൻസ് കോളേജിലെ അക്കാഡമിക് ബ്ലോക്കിന്റെയും കാന്റീൻ ബ്ലോക്കിന്റെയും നിർമ്മാണപ്രവൃത്തിക്കാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സമർപ്പിക്കുകയും ആയത് കിഫ്ബി പരിശോധിച്ചശേഷം 04-11-2020-ലെ ഉത്തരവുപ്രകാരം 13,85,57,303/- രൂപയുടെ ധനാനുമതി നൽകുകയും ചെയ്തു. ടി കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 2500 m2-ൽ കൂടുതലായതിനാൽ, കിഫ്ബി പുറപ്പെടുവിച്ച 08-12-2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, GRIHA 3 star standards, DSR 2018 എന്നിവപ്രകാരം നിലവിലുള്ള ജി.എസ്.ടി. ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ പദ്ധതി റിപ്പോർട്ട് കിറ്റ്കോ സമർപ്പിച്ചിട്ടുണ്ടെങ്കിലും നിലവിലെ ചട്ടങ്ങൾക്കനുസൃതമായ രേഖകൾ ടി റിപ്പോർട്ടിൽ ലഭ്യമല്ലാത്തതിനാൽ, അവ കിറ്റ്കോയിൽ നിന്നും ലഭ്യമാക്കി

നിലവിൽ കിഫ്ബിയിൽ പരിശോധിച്ചുവരികയാണ്.

(ബി) എസ്.പി.വി. ആയ കിറ്റ്കോ ഡി.പി.ആർ.-ഉം ഡിസൈനും തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

സമർപ്പിച്ചിട്ടുണ്ട്. 04-11-2020-ലെ ധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികാനുമതി നൽകേണ്ടത് സർക്കാർ/ എസ്.പി.വി. നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിയാണ്. എന്നാൽ പുതുക്കിയ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, അതിന് അനുമതി നൽകിക്കൊണ്ട് ധനാനുമതി ഉത്തരവ് പുറപ്പെടുവിച്ചശേഷം സർക്കാർ/എസ്.പി.വി. നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിക്ക് സാങ്കേതികാനുമതി നൽകാവുന്നതാണ്.

(സി) അടിസ്ഥാനസൗകര്യ വികസനങ്ങൾക്കായി അനുവദിച്ച പ്രസ്തുത ഫണ്ട് വിനിയോഗിക്കാനുള്ള സാങ്കേതിക തടസ്സങ്ങൾ എത്രയുംവേഗം പരിഹരിക്കാനും കെട്ടിടനിർമ്മാണ നടപടികൾ ആരംഭിക്കാനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഡൗൺഹിൽ വനിതാ സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിറ്റ്കോ സമർപ്പിച്ച പുതുക്കിയ

റിപ്പോർട്ട് നിലവിലെ ചട്ടങ്ങൾക്കനുസൃതമായി തൃപ്തികരമാകുന്നപക്ഷം തുടർന്നുള്ള കിഫ് ബോർഡിന്റെ അംഗീകാരം ലഭ്യമാക്കാവുന്നതാണ്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത് എസ്.പി.വി.-യായ കിറ്റ്കോയാണ്.

**കിഫ്ബി പദ്ധതികളുടെ ഗുണനിലവാര പരിശോധന**

31 (418) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ അനുവദിച്ച സ്കൂളുകൾ അടക്കമുള്ള കെട്ടിടങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അവ പരിശോധിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടു കൂടി സമയക്രമം പാലിച്ച് നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം എസ്.പി.വി.-ക്കും എസ്.പി.വി.-യെ നിയമിക്കുന്ന ഭരണ വകുപ്പുകൾക്കുമാണ്. ഗുണനിലവാരം ഉറപ്പാക്കുന്നതിന് വിവിധതലങ്ങളിലുള്ള ക്വാളിറ്റി ടെസ്റ്റുകളും കിഫ്ബി നിർദേശിക്കുന്നുണ്ട്. ഗുണനിലവാരം പാലിച്ച് പദ്ധതികൾ പുരോഗമിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്

സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നുണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. പോരായ്മകൾ കാണുകയാണെങ്കിൽ തിരുത്തൽ നിർദ്ദേശങ്ങൾ ഉടൻതന്നെ എസ്.പി.വി.-ക്ക് നൽകാറുണ്ട്.

(ബി) പ്രസ്തുത കെട്ടിടങ്ങൾക്കുണ്ടാകുന്ന വിള്ളലുകൾ, ചോർച്ച എന്നിവ പരിഹരിക്കുന്നതിന് കരാറുകാരനിൽ നിശ്ചിത വർഷം ഡി.എൽ.പി. ബാധ്യത ബാധകമാക്കിയിട്ടുണ്ടോ?

25-11-2019-ലെ സർക്കാർ ഉത്തരവ് നം.(പി) 161/2019/ധന. പ്രകാരം വിവിധ പ്രവൃത്തികൾക്ക് നിഷ്കർഷിക്കുന്ന ഡി.എൽ.പി. കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾക്കും ബാധകമാണ്.

(സി) ഭാവിയിൽ പ്രസ്തുത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് കിഫ്ബിയിൽ എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇവയുടെ മെയിന്റനൻസ് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കൈമാറുമോ?

കിഫ്ബി ധനസഹായം നൽകി നടത്തുന്ന എല്ലാ പദ്ധതികളും നിർമ്മാണം പൂർത്തിയാകുമ്പോൾ എസ്.പി.വി. അതത് ഭരണ വകുപ്പുകൾക്ക് കൈമാറുന്നതാണ്. മെയിന്റനൻസ് ജോലി ആർക്കാണ് നൽകുന്നതെന്ന്

അതതു ഭരണ വകുപ്പുകളാണ് തീരുമാനിക്കുന്നത്.

(ഡി) പണിത കെട്ടിടങ്ങളിൽ ഡി.പി.ആർ. അനുസരിച്ചുള്ള പ്രവൃത്തികൾ ചെയ്തുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

പണിത കെട്ടിടങ്ങളിൽ ഡി.പി.ആർ. അനുസരിച്ചുള്ള പ്രവൃത്തികൾ ചെയ്തുവെന്ന് ഉറപ്പുവരുത്തുന്നതിന് കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പതിവ് പരിശോധനകൾക്കുപുറമേ എസ്.പി.വി.-കൾ അറിയിക്കുന്ന വ്യതിയാനങ്ങൾ പരിശോധിക്കുകയും പ്രോജക്ട് കംപ്ലീഷൻ പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്.

## ചെറുകോൽപ്പുഴ - മണിയാർ റോഡ് നിർമ്മാണം

32 (419) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന റാന്നി നിയോജക മണ്ഡലത്തിലെ ചെറുകോൽപ്പുഴ-മണിയാർ റോഡിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ച കുമ്പളന്താനം മണിയാർ റോഡിന്റെ ആദ്യഘട്ടമായ

ചെറുകോൽപ്പുഴ മുതൽ റാന്നി വരെയുള്ള റോഡിന് 14-02-2022-ൽ ചേർന്ന കിഫ്ബിയുടെ 20-ാം എക്സിക്യൂട്ടീവ് കമ്മിറ്റി 54,61,03,690/- രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

33 (420) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി, ആസ്തി വികസന ഫണ്ട് എന്നിവ മുഖേന 2021-22 മുതൽ മാവേലിക്കര മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും അവയുടെ വിശദ വിവരങ്ങളും ലഭ്യമാക്കുമോ?

2021-22 മുതൽ മാവേലിക്കര മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ആസ്തി വികസന ഫണ്ട് മുഖേന നൂറനാട് ലെപ്രസി സാനിട്ടോറിയത്തിന് Level C ആംബുലൻസ് വാങ്ങുന്നതിന് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ചിട്ടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ വിശദമാക്കുമോ?

അനുബന്ധത്തിലെ കിഫ്ബി പദ്ധതികളിൽ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലെ പ്രവൃത്തി പുരോഗമിച്ചുവരുന്നതും ഫിഷറീസ് വകുപ്പിനു കീഴിലുള്ള മത്സ്യമാർക്കറ്റുകളുടെ നവീകരണ പ്രവൃത്തി നടപ്പാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തിരിച്ചടവ് വ്യവസ്ഥ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

ആസ്തി വികസന ഫണ്ട് മുഖേന നൂറനാട് ലെപ്രസി സാനിട്ടോറിയത്തിന് Level C ആംബുലൻസ് വാങ്ങുന്നത് അടിയന്തരമായി നടപ്പാക്കാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കിഫ്ബി പദ്ധതി

34 (421) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടിലേയ്ക്ക് പണം സമാഹരിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ?

മോട്ടോർ വാഹന നികുതിയുടെ ഭാഗവും പെട്രോൾ/ഡീസൽ സെസ് ഇനത്തിൽ സർക്കാരിൽനിന്ന് ലഭിക്കുന്നതുമായ തുക കൂടാതെ ബോണ്ടുകൾ,

ടേം ലോൺ എന്നിവയിലൂടെയാണ് കിഫ്ബി നിലവിൽ പണം സമാഹരിക്കുന്നത്.

(ബി) പ്രസ്തുത ഫണ്ടിലേയ്ക്ക് ഏതൊക്കെ ഏജൻസികളിൽനിന്നാണ് പണം സമാഹരിക്കുന്നത്; വിശദമാക്കാമോ;

(സി) കിഫ്ബി നിലവിൽ വന്നതിനുശേഷം എത്ര ഫണ്ട് ഏതെല്ലാം രീതിയിൽ സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ?

(ബി & സി) കിഫ്ബി 2022 മേയ് 31-ലെ കണക്കുകൾ പ്രകാരം വിവിധ ലോണുകളിലൂടെയും ബോണ്ടുകളിലൂടെയും 16,961.02 കോടി രൂപയും മോട്ടോർ വാഹന നികുതിയുടെ വിഹിതം പെട്രോളിയം സെസ്, കോർപ്പസ് ഫണ്ട്, അധിക ഗ്രാന്റ് എന്നീ ഇനങ്ങളിൽ 13217.48 കോടി രൂപയും ഉൾപ്പെടെ ആകെ 27,162.07 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഫണ്ട് സമാഹരിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

35 (422) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി സഹായത്തോടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; ഒരോ പ്രവൃത്തിയുടെയും പുരോഗതി അറിയിക്കാമോ?

പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി സഹായത്തോടെ നടപ്പിലാക്കാൻ ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് കാലഘട്ടത്തിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന വിവരം നൽകാമോ?

കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനുള്ള ചുമതല ഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.-കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി.-കൾ സ്വീകരിച്ചു വരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകൽ, പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്താറുണ്ട്.

(സി) അടുത്ത കിഫ്ബി യോഗത്തിൽ അംഗീകരിക്കാവുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ?

ഇനി ചേരുന്ന കിഫ്ബി എക്സിക്യൂട്ടീവ്/ബോർഡ് യോഗത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകാരം ലഭ്യമാക്കുന്നതിനായി പാലക്കാട് ജില്ലയിലെ "നിള ഹോസ്പിറ്റൽ ഷൊർണ്ണൂർ IPT റോഡ് പദ്ധതി" സമർപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

**കിഫ്ബി-നാദാപുരം മണ്ഡലത്തിലെ റോഡുകൾ**

36 (423) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം സർക്കാർ പ്രഖ്യാപിച്ച നാദാപുരം മണ്ഡലത്തിലെ മൂന്നാംകൈ - കരിങ്ങാട്, കായപ്പനച്ചി - കുന്നുംചിറ - ചുണ്ടയിൽ - പുതിയങ്ങാടി റോഡുകളുടെ ഭരണാനുമതി ലഭ്യമാക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മൂന്നാംകൈ-കരിങ്ങാട്-കൈവേലി റോഡിനും കായപ്പനച്ചി-കുന്നുംചിറ-ചുണ്ടയിൽ-പുതിയങ്ങാടി റോഡിനും 10-07-2018-ലെ G.O. (Rt) No. 942/2017/PWD പ്രകാരം 20 കോടി രൂപ വീതം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. മൂന്നാംകൈ-കരിങ്ങാട്-കൈവേലി റോഡിന്റെ അവലോകനവുമായി ബന്ധപ്പെട്ട ചർച്ചകൾ കിഫ്ബി, കേരള റോഡ് ഫണ്ട് ബോർഡ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്നിവയുമായി നടത്തിവരികയാണ്. കായപ്പനച്ചി-കുന്നുംചിറ-ചൂണ്ടയിൽ-പുതിയങ്ങാടി റോഡിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് നാളിതുവരെ എസ്.പി.വി.

കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

(ബി) കായപ്പനച്ചി-കുന്നംചിറ-ചുണ്ടയിൽ-പുതിയങ്ങാടി റോഡ് പദ്ധതി കായപ്പനച്ചി-കുന്നംചിറ-പുതിയങ്ങാടി എന്ന വിധം ഭേദഗതി ചെയ്യുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കായപ്പനച്ചി-കുന്നംചിറ-ചുണ്ടയിൽ-പുതിയങ്ങാടി റോഡ് എന്ന പദ്ധതിയുടെ നാമം കായപ്പനച്ചി-കുന്നംചിറ-എടച്ചേരി (പുതിയങ്ങാടി) ആയി പുനർ നാമകരണം ചെയ്തുകൊണ്ടുള്ള ഉത്തരവ് 16-04-2022-ലെ G.O. (Rt) No. 449/2022/PWD ആയി ഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മാണത്തിന് അധിക ഫണ്ട്

37 (424) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര മൂടാൽ ബൈപ്പാസിന്റെ നിർമ്മാണ പൂർത്തീകരണത്തിനായി അധിക ഫണ്ട് ലഭിക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റ്, പ്രൊപ്പോസൽ എന്നിവയിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പിലുള്ള ഫയലിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

കോട്ടക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര മൂടാൽ ബൈപ്പാസിന്റെ നിർമ്മാണം സംബന്ധിച്ച എസ്റ്റിമേറ്റ് ചീഫ് ടെക്നിക്കൽ എക്സാമിനർ വിശദമായി പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത ബൈപാസ് റോഡ് പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കും.

**ഉഴവൂർ ബൈപ്പാസ് നിർമ്മാണം**

38 (425) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 15 കോടി രൂപയുടെ ഉഴവൂർ ബൈപ്പാസ് നിർമ്മാണത്തിന് കിഫ്ബി അനുമതി ലഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ?

ഉഴവൂർ ബൈപ്പാസ് റോഡിന്റെ നിർമ്മാണത്തിനായി 30.63 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിരുന്നെങ്കിലും വിശദമായ

പദ്ധതി റിപ്പോർട്ടിന്റെ സമഗ്രമായ വിലയിരുത്തലിൽ ബൈപ്പാസ് ചെയ്യപ്പെടേണ്ട ഉഴവൂർ ജംഗ്ഷനിൽ 2031-ൽ പ്രതീക്ഷിക്കുന്ന ട്രാഫിക്കായ 7500 PCU/day, ഒരു ബൈപ്പാസിന്റെ ആവശ്യകതയെ തീർത്തും നിരാകരിക്കുന്ന ഒന്നായതിനാൽ സമർപ്പിച്ചിരിക്കുന്ന തരത്തിലുള്ള ഒരു പദ്ധതിയുമായി മുന്നോട്ടുപോകാൻ തടസ്സമുണ്ടെന്ന് 07-06-2018-നുതന്നെ പൊതുമരാമത്ത് വകുപ്പിനെയും പദ്ധതി നിർവ്വഹണ ഏജൻസിയായ RBDCK-യെയും അറിയിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കായി കിഫ്ബി പഠനം നടത്തിയിട്ടുണ്ടോ; ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഈ പദ്ധതിയുടെ പഠനത്തിന് ആരെയാണ് കിഫ്ബി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

പദ്ധതി നിർവ്വഹണ ഏജൻസി വിശദമായ പഠനം നടത്തി കിഫ്ബിയിൽ സമർപ്പിക്കുന്ന ഡി.പി.ആർ. സമഗ്രമായി അവലോകനം നടത്തി പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതിനുള്ള പ്രായോഗികത തീരുമാനിക്കുകയും അതിനനുസരിച്ചുള്ള ധനലഭ്യത ഉറപ്പുവരുത്തുകയും മാത്രമാണ് കിഫ്ബി ചെയ്യുന്നത്. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ RBDCK, പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പഠനം നടത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം

പദ്ധതി നിർവ്വഹണ ഏജൻസിയായ RBDCK-യ്ക്കാണ്.

(സി) ഡോ. കെ. ആർ നാരായണൻ ജന്മശതാബ്ദി വർഷാചരണം പ്രമാണിച്ച് വേഗത്തിൽ അംഗീകാരം നൽകി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിലെ ട്രാഫിക് പ്രകാരം പ്രസ്തുത പദ്ധതിയുടെ അനിവാര്യത കിഫ്ബി/IRC മാനദണ്ഡങ്ങൾ സഹിതം സമർത്ഥിക്കുകയാണെങ്കിൽ പരിഗണിക്കാവുന്നതാണ്.

(ഡി) ഈ പദ്ധതിയിന്മേൽ കിഫ്ബി വീണ്ടും ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഇല്ല. പദ്ധതിയുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം പദ്ധതി നിർവ്വഹണ ഏജൻസിയായ RBDCK-യ്ക്കാണ്.

(ഇ) റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ പ്രസ്തുത പ്രവൃത്തിക്കായി സർവ്വേ നടത്തി എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ആയത് കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; തുടർ പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സമർപ്പിച്ചിട്ടുണ്ട്. RBDCK സമർപ്പിച്ച DPR പ്രകാരം പദ്ധതി നടപ്പാക്കുന്നത് ട്രാഫിക് പ്രകാരം സാമ്പത്തികമായി

പ്രായോഗികമല്ലാത്തതിനാൽ അതിന് കിഫ്ബി അംഗീകാരം നൽകിയിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട കടുത്തുരുത്തി എം.എൽ.എ., പ്രസ്തുത റോഡ് വളരെ ആവശ്യമുള്ളതാണെന്ന് കാണിച്ചും ട്രാഫിക് നല്ല രീതിയിൽ ഉണ്ടെന്നുകാണിച്ചും 17-06-2020-ന് കിഫ്ബിക്ക് കത്ത് നൽകിയപ്പോൾ പ്രസ്തുത റോഡിന്റെ നിലവിലെ ട്രാഫിക്കും പദ്ധതിയുടെ സാധ്യതയും ആവശ്യകതയും പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകാൻ RBDCK-യോട് ആവശ്യപ്പെട്ടുകൊണ്ട് 30-06-2020-ന കത്ത് നൽകി. എന്നാൽ 2020-21 കാലയളവിൽ കോവിഡ് വ്യാപനവും തത്ഫലമായുള്ള ലോക്ഡൗണുകളും കാരണം ട്രാഫിക് സർവ്വേ നടത്തി യഥാർത്ഥ സ്ഥിതിവിവരങ്ങൾ മനസ്സിലാക്കാൻ കഴിയില്ലെന്നുള്ളതിനാൽ കൂടുതൽ പഠനങ്ങൾ നടന്നിട്ടില്ലെന്നാണ് RBDCK അറിയിച്ചത്.

## കിഫ്ബി - കല്ല്യാശ്ശേരി മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ

39 (426) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

15-02-2021-ന് കിഫ്ബി ധനാനുമതി നൽകിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ 3 കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെട്ട ചെറുകുന്ന് ബോയ്സ്, മാട്ടൂൽ, കല്ല്യാശ്ശേരി, കുഞ്ഞിമംഗലം, കൊട്ടില എന്നീ

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ 3 കോടി രൂപയുടെ കിഫ്ബി ധനസഹായത്തിൽ ഉൾപ്പെട്ട ചെറുകുന്ന് ബോയ്സ്, കല്ല്യാശ്ശേരി, കുഞ്ഞിമംഗലം, കൊട്ടില എന്നീ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളുടെ എസ്റ്റിമേറ്റ് DSR 2018 നിരക്കുപ്രകാരം പുതുക്കേണ്ടതുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പദ്ധതി നിർവ്വഹണ ഏജൻസിയായ കില തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. എസ്.പി.വി. പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. മാട്ടൂൽ സ്കൂളിന്റെ സാങ്കേതികാനുമതിക്കായുള്ള രേഖകൾ പരിശോധനയിലാണ്. കിഫ്ബിയുടെ ധനാനുമതി ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനുള്ള ചുമതല ഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.-കൾക്കാണ്.

**കിഫ്ബി സഹായത്തോടെ അനുവദിച്ച പ്രവൃത്തികൾ**

40 (427) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ

കിഫ്ബി സഹായത്തോടെ അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

(എ & ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി+ ചേർക്കുന്നു.

## സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി കിഫ്ബി മുഖേന ഫണ്ട്

41 (428) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി കിഫ്ബി മുഖേന ഫണ്ട് അനുവദിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി കിഫ്ബി മുഖേന ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാളിതുവരെ തീരുമാനമൊന്നും ഉണ്ടായിട്ടില്ല.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ച പ്രസ്തുത പദ്ധതിക്കായി വിദ്യാഭ്യാസ വകുപ്പ് കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രൊപ്പോസലിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്കായി പ്രൊപ്പോസലുകൾ ഒന്നുംതന്നെ നാളിതുവരെ വിദ്യാഭ്യാസ വകുപ്പ് കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

**തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം
നടപ്പാക്കുന്ന പദ്ധതികൾ**

42 (429) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന പദ്ധതിയായ തലശ്ശേരി-കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന പദ്ധതിയായ തലശ്ശേരി-കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും ആയത് പൂർത്തീകരിക്കാൻ ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് അവശേഷിക്കുന്നതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി ധനാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി, ടെണ്ടർ നടപടികൾ സ്വീകരിച്ച്, കോൺട്രാക്റ്റ്/വർക്ക് അവാർഡ് ചെയ്ത് പ്രവൃത്തി ആരംഭിക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ വാട്ടർ അതോറിറ്റിയാണ്. പ്രസ്തുത പ്രവൃത്തിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മേൽ സൂചിപ്പിച്ച നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്.

## കിഫ്ബി വായ്പയുടെ തിരിച്ചടവ്

43 (430) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പെട്രോളിയം സെസ്സിൽനിന്നും എത്ര രൂപ കിഫ്ബി വായ്പയുടെ തിരിച്ചടവായി

നൽകിയെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മോട്ടോർ വാഹന നികുതിയിൽനിന്നും എത്ര രൂപ കിഫ്ബി വായ്പയുടെ തിരിച്ചടവായി നൽകിയെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ?

(എ & ബി) കിഫ് ആക്ട് പ്രകാരം പെട്രോളിയം സെസ്സ്, മോട്ടോർ വാഹന നികുതി എന്നീ ഇനത്തിൽ നാളിതുവരെ കിഫ്ബിക്ക് നൽകിയ തുകയുടെ വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു. ഈ തുക കിഫ് ആക്ട് വിവക്ഷിക്കുന്ന പ്രകാരമുള്ള എല്ലാ ചെലവുകൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

**കിഫ്ബി മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

44 (431) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ, പുരോഗതി റിപ്പോർട്ട് സഹിതം ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## കിഫ്ബി പദ്ധതി

45 (432) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ശിവഗിരിക്ക് സമീപം തൊട്ടുവെയ് പുതിയ പാലം നിർമ്മിക്കുന്നതിന് കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് 20-03-2022-ൽ 10.47 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്ക് ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നു. അത് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്നതും മറ്റ് വ്യതിയാനങ്ങളുണ്ടോയെന്നതും കിഫ്ബി പരിശോധിക്കുന്നു. ന്യൂനതകളുള്ള പദ്ധതി റിപ്പോർട്ടുകൾക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകി അത് പരിഹരിച്ച് നൽകാൻ എസ്.പി.വി.-കൾക്ക് നിർദ്ദേശം നൽകുന്നു. വിവിധ മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെയാണ് പദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവലോകനം നടത്തുന്നത്. ഇതിനോടൊപ്പം ബന്ധപ്പെട്ട നിയമസഭാ സാമാജികർ, പദ്ധതി നിർവ്വഹണ ഏജൻസി/വകുപ്പിലെ വിദഗ്ദ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് വിവിധ ഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. പ്രസ്തുത അവലോകന റിപ്പോർട്ട് ഉൾപ്പെടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുമ്പാകെ സമർപ്പിച്ചാണ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുന്നത്. മേൽ പദ്ധതി ടി രീതിയിൽ അവലോകനം നടത്തി ധനാനുമതി നൽകിയിട്ടുള്ളതാകുന്നു.

(ബി) നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയതിന്റെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകാമോ?

ഇല്ല. പ്രസ്തുത പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചതിനുശേഷം സാങ്കേതികാനുമതി ലഭ്യമാക്കി പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡ്

കൈക്കൊള്ളുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിലെ പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണം

46 (433) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാര്യകാരണ സഹിതമുള്ള വിവരം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പനച്ചമൂട് മത്സ്യമാർക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ മത്സ്യമാർക്കറ്റുകളുടെയും നവീകരണത്തിന് കിഫ്ബി അനുവദിച്ച ഫണ്ട് ലോണായി കണക്കാക്കി തിരിച്ചടവ് വ്യവസ്ഥ ബാധകമാക്കിയിരുന്നു. പനച്ചമൂട് മത്സ്യമാർക്കറ്റിന് ധനാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പൊളിച്ചുമാറ്റൽ പ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ടെന്നും തിരിച്ചടവ് വ്യവസ്ഥ ബാധകമാക്കിയതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്നും ടി വ്യവസ്ഥ ഒഴിവാക്കുന്നതിന് വെള്ളറട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ്

കോസ്റ്റൽ ഏര്യാ ഡെവലപ്മെന്റ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുമ്പോൾ പദ്ധതി അടങ്കൽ തുക തിരിച്ചടവ് എന്ന നിബന്ധന ഇല്ലായിരുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനപ്രകാരം പദ്ധതി അടങ്കൽ തുക തിരിച്ചടവ് പൂർണ്ണമായും ഒഴിവാക്കി നൽകി എത്രയും വേഗം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

29-06-2018-ലെ സ.ഉ. (സാധാ) നം.535/2018/മ.തു.വ. ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് കോസ്റ്റൽ ഏര്യാ ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ പരിശോധിക്കുകയും 09-08-2020-ലെ ഉത്തരവുപ്രകാരം മൂന്ന് മത്സ്യ മാർക്കറ്റുകളുടെയും (പനച്ചമൂട് മത്സ്യമാർക്കറ്റ് - 4,62,82,834/- രൂപ) 09-04-2021-ലെ ഉത്തരവുപ്രകാരം രണ്ട് മത്സ്യ മാർക്കറ്റുകളുടെയും നവീകരണത്തിന് ആകെ 15.96 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിരുന്നു. ടി ഉത്തരവിൽ തിരിച്ചടവ് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും

ഫിഷറീസ് വകുപ്പ് സെക്രട്ടറിയും കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 26-02-2021-ൽ കൂടിയ യോഗ തീരുമാനപ്രകാരം മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതി 5 ശതമാനം പലിശയോടുകൂടിയ ലോണായി അംഗീകരിക്കുന്നതിനും മൊത്ത വരുമാനത്തിന്റെ മൂന്നിലൊന്ന് വിഹിതം കിഫ്ബിയിൽ തിരിച്ചടയ്ക്കുന്നതിനും തീരുമാനം കൈക്കൊള്ളുകയുണ്ടായി. ആയതിൻപ്രകാരം 09-04-2021-ലെ ധനാനുമതി ഉത്തരവിൽ ടി വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഡി.എസ്.ആർ.-ൽ ഉണ്ടായ മാറ്റത്തെത്തുടർന്ന് അഞ്ച് മത്സ്യമാർക്കറ്റുകൾക്കുമായി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ച പുതുക്കിയ റിപ്പോർട്ട് കിഫ്ബിയിൽ പരിശോധിക്കുകയും ആകെ 18.38 കോടി രൂപ (പനച്ചമൂട് മത്സ്യമാർക്കറ്റ് - 5,35,77,000/- രൂപ) അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച 15-03-2022-ലെ ധനാനുമതി ഉത്തരവിൽ 09-08-2020-ലെയും 09-04-2021-ലെയും ഉത്തരവുകളിലെ എല്ലാ വ്യവസ്ഥകളും ബാധകമാക്കിയിട്ടുണ്ട്. ആയതിനാൽ, പനച്ചമൂട് മത്സ്യമാർക്കറ്റിനും തിരിച്ചടവ് വ്യവസ്ഥ ബാധകമാണ്. എന്നാൽ, ടി വ്യവസ്ഥയിൽനിന്നും പനച്ചമൂട് മത്സ്യമാർക്കറ്റിനെ ഒഴിവാക്കണമെന്ന ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ യോഗതീരുമാനം

കിഫ്ബിയുടെ പരിഗണനയ്ക്കായി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ചിരുന്നതും ടി വ്യവസ്ഥ അംഗീകരിക്കുന്ന മത്സ്യമാർക്കറ്റ് പദ്ധതികളുമായി മുന്നോട്ടുപോകുന്നതിന് കിഫ്ബി കൈക്കൊണ്ട പൊതുവായ തീരുമാനം എസ്.പി.വി.-യെ അറിയിക്കുകയും ചെയ്തിരുന്നു.

(സി) പദ്ധതിക്കായി മാർക്കറ്റിലെ 20 ലക്ഷത്തോളം രൂപയുടെ മൂല്യമുള്ള കെട്ടിടങ്ങളും വ്യാപാരികളുടെ സ്റ്റാളുകളും മരങ്ങളും ഗ്രാമപഞ്ചായത്ത് മുറിച്ചുമാറ്റി നൽകിയിട്ടും പദ്ധതി ആരംഭിക്കാത്തതിനാൽ പൊതുജനങ്ങൾക്കും കച്ചവടക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിവരം ലഭ്യമാക്കാമോ?

ലോൺ തിരിച്ചടവ് വ്യവസ്ഥ അംഗീകരിക്കുന്ന മത്സ്യമാർക്കറ്റ് പദ്ധതികളുമായി മുന്നോട്ടുപോകുന്നതിന് പദ്ധതിനിർവ്വഹണ ഏജൻസിക്ക് ഇതിനോടകം നിർദ്ദേശം നൽകിയിട്ടുള്ളതിനാലും പൊളിച്ചുമാറ്റൽ പ്രക്രിയ പൂർത്തീകരിച്ചിട്ടുള്ളതിനാലും തുടർനടപടികൾ സ്വീകരിക്കേണ്ടത് പദ്ധതി നിർവ്വഹണ ഏജൻസിയാണ്. പ്രവൃത്തി നടപ്പാക്കലുമായി ബന്ധപ്പെട്ട ഏതെങ്കിലും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയോട് ആവശ്യപ്പെടുന്നപക്ഷം ആയത് പരിശോധിച്ച്

നിലവിലെ ചട്ടങ്ങൾക്കനുസൃതമായി കിഫ്ബി നിർദ്ദേശം നൽകുന്നതാണ്.

## കണ്ണൂർ വനിതാ കോളേജിലെ നിർമ്മാണപ്രവർത്തനം

47 (434) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള അക്കാദമിക് ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക്, ക്യാന്റീൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 10-11-2017-ലെ സ.ഉ. (കൈ) നം. 284/2017/ ഉ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.എസ്.ഐ.ടി.ഐ.എൽ. സമർപ്പിച്ച വിശദമായ റിപ്പോർട്ട് കിഫ്ബി പരിശോധിക്കുകയും 11-02-2020-ൽ 7.15 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തു. തുടർന്ന്, ഭരണ വകുപ്പ് പുറപ്പെടുവിച്ച 17-07-2020-ലെ സ.ഉ. (കൈ) നം.941/2020/ഉ.വി.വ. നമ്പർ പുതുക്കിയ ഭരണാനുമതി ഉത്തരവുപ്രകാരം 08-03-2021-ൽ 10,13,65,642/- രൂപയുടെ ധനാനുമതി കിഫ്ബി നൽകുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ കിഫ്ബി പദ്ധതികളുടെ പുരോഗതി അവലോകനം

ചെയ്യുന്നതിനായി 18-05-2022-ൽ കിഫ്ബി വിളിച്ചുചേർത്ത യോഗത്തിൽ ടി പദ്ധതി ആരംഭിച്ചിട്ടില്ലെന്ന് എസ്.പി.വി. അറിയിക്കുകയുണ്ടായി.

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി പുറപ്പെടുവിക്കുന്ന ധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികാനുമതി ലഭ്യമാക്കുക, ടെണ്ടർ ക്ഷണിക്കുക തുടങ്ങി പ്രവൃത്തി ആരംഭിക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി. ആണ്. എന്നാൽ, ടി നടപടികൾ കെ.എസ്.ഐ.ടി.ഐ.എൽ. യഥാസമയം കൈക്കൊള്ളാത്തതിനാലും ഡി.എസ്.ആർ. 2018 നിലവിൽ വന്നതിനാലും പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കെ.എസ്.ഐ.ടി.ഐ.എൽ. അറിയിച്ചിട്ടുണ്ട്.

(സി) ഇവ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഡി.എസ്.ആർ. 2018 പ്രകാരം പുതുക്കിയ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കനുസൃതമായി തൃപ്തികരമാകുന്നപക്ഷം തുടർന്നുള്ള കിഫ് ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കി ധനാനുമതി ഉത്തരവ്

പുറപ്പെടുവിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ, പ്രവൃത്തി ആരംഭിക്കേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടത് കെ.എസ്.ഐ.ടി.ഐ.എൽ. ആണ്.

## കിഫ്ബി

48 (435) ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. സജീവ് ജോസഫ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി അംഗീകാരം നൽകിയിരിക്കുന്ന 60000 കോടിയിലേറെ തുകയുള്ള പദ്ധതികൾ നടപ്പാക്കാൻ നിലവിൽ ലഭ്യമാക്കിയിട്ടുള്ള തുക പര്യാപ്തമാണോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഏതാണ്ട് 70000 കോടി രൂപയോളം വരുന്ന പദ്ധതികൾക്കാണ് കിഫ്ബി നാളിതുവരെ അംഗീകരം നൽകിയിട്ടുള്ളത്. ഇതിലേക്കായി കാലക്രമേണ വളരുന്ന ആന്യൂറ്റി (growing annuity) പേയ്മെന്റ് മാതൃകയിൽ മോട്ടോർ വാഹന നികുതിയുടെ പകുതിയും പെട്രോൾ സെസ്സ് തുകയും നൽകുമെന്നത് കിഫ് ആക്റ്റിലെ നിയമംമൂലം ഉറപ്പുനൽകുന്നുണ്ട്.

കിഫ്ബിയുടെ കാര്യത്തിൽ ഇരുപത്തഞ്ച് ശതമാനം പദ്ധതിയെങ്കിലും വരുമാനദായകമാണ്. ട്രാൻസ്ഗ്രിഡ്, കെ-ഫോൺ, വ്യവസായ ഭൂമി തുടങ്ങിയവക്ക് നൽകുന്ന വായ്പ മുതലും പലിശയും ചേർന്ന് കിഫ്ബിയിൽ തിരിച്ചെത്തുന്നവയാണ്. ഈ തുകയും നിയമം മൂലം സർക്കാരിൽനിന്ന് ലഭിക്കുന്ന തുകയും ചേർത്താൽ അംഗീകരിച്ച പദ്ധതികൾ നടപ്പാക്കാൻ ബുദ്ധിമുട്ടൊന്നുംതന്നെയില്ല. ഓരോ പ്രോജക്ട് ഏറ്റെടുക്കുമ്പോഴും അതിന്റെ ബാധ്യതകൾ എന്തെല്ലാമാണെന്ന് കൃത്യമായി കണക്കാക്കി അറിയിക്കാൻ പ്രാപ്തിയുള്ള അസെറ്റ് ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ്വെയർ കിഫ്ബി വികസിപ്പിച്ചിട്ടുണ്ട്. അതുപോലെ കിഫ്ബിക്ക് വരും വർഷങ്ങളിൽ ലഭിക്കുന്ന വരുമാനവും കൃത്യമായി കണക്കുകൂട്ടാൻ സാധിക്കും. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് കിഫ്ബി തുടർന്നുള്ള വർഷങ്ങളിലേയ്ക്കുള്ള ധനസമാഹരണ പദ്ധതി തയ്യാറാക്കുന്നത്. ഭാവിയിൽ ഒരു ഘട്ടത്തിലും കിഫ്ബിയുടെ ബാധ്യതകൾ വരുമാനത്തെ അധികരിക്കില്ലെന്ന് ഉറപ്പു വരുത്തിക്കൊണ്ട് മാത്രമേ കിഫ് ബോർഡ് പ്രോജക്ടുകൾ അംഗീകാരം നൽകുകയുള്ളൂ.

(ബി) അംഗീകാരം നൽകിയ പദ്ധതികൾ നടപ്പാക്കാനുള്ള വിഭവ സമാഹരണം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ

ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കിഫ് ആക്ട് പ്രകാരം സർക്കാരിൽനിന്നും ഉറപ്പുവരുത്തിയിട്ടുള്ള വരുമാനത്തിനു പുറമേ വിവിധ ബാങ്കുകൾ, മറ്റ് ഡെവലപ്പ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ എന്നിവയിലൂടെ ലോണുകൾ അഭ്യന്തര-അന്താരാഷ്ട്ര വിപണിയിൽ പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങൾ എന്നുവയിലൂടെയാണ് കിഫ്ബി നിലവിൽ ധനസമാഹരണം നടത്തിവരുന്നത്. പ്രവാസി ചിട്ടിയിലൂടെ കെ.എസ്.എഫ്.ഇ.-യിൽനിന്നും, പ്രവാസി ഡിവിഡന്റ് സ്കീമിലൂടെ KNRWB നടത്തുന്ന നിക്ഷേപങ്ങളും ഇതിൽ പ്രധാനപ്പെട്ടവയാണ്. ഇത്തരത്തിൽ ആക്ടിലെ വ്യവസ്ഥകളുടെയും സെബി/റിസർവ് ബാങ്ക് തുടങ്ങിയ നിയന്ത്രണ സംവിധാനങ്ങളുടെ നിയമങ്ങളുടെയും പരിധികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ധനസമാഹരണം നടത്തുന്നത്.

(സി) കിഫ്ബി വഴി സമാഹരിച്ച വായ്പകളുടെ തിരിച്ചടവ് ഏത് വർഷം മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

കിഫ്ബി 2017, 2019, 2020 എന്നീ വർഷങ്ങളിൽ സമാഹരിച്ച ചില ലോണുകളുടെ തിരിച്ചടവ് ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ

തിരിച്ചടച്ച തുകകളുടെ (31.05.2022-ലെ കണക്കുകൾ പ്രകാരം) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Bank | Amount Repaid (INR Cr) |
|---|---|
| NABARD- NIDA (Tranche 1) | 134.26 |
| State Bank of India | 156.44 |
| Indian Bank | 67.19 |
| Union Bank of India | 83.33 |
| Syndicate Bank (Canara) | 15.00 |
| Corporation Bank (UBI) | 6.25 |
| Total | 462.47 |

(ഡി) നിലവിലെ സർക്കാരിന്റെ സാമ്പത്തികാവസ്ഥയിൽ കിഫ്ബി വായ്പകളുടെ സമയബന്ധിതമായ തിരിച്ചടവ് സാധ്യമാകുമോയെന്ന് വ്യക്തമാക്കാമോ;

കിഫ്ബിയ്ക്ക് ആക്റ്റ് പ്രകാരം നിയമപരമായി നൽകേണ്ട തുക മുടക്കമില്ലാതെ നൽകുന്നതുവഴി പദ്ധതി നിർവ്വഹണവും ധനസമാഹരണവും തടസ്സം കൂടാതെ നടക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തുന്നുണ്ട്. നിലവിൽ കിഫ്ബി വായ്പകളുടെ സമയബന്ധിതമായ തിരിച്ചടവിന്

തടസ്സങ്ങളൊന്നുമില്ല.

(ഇ) കിഫ്ബി മസാല ബോണ്ടിന്റെ തിരിച്ചടവ് എന്നുമുതൽ ആരംഭിക്കുമെന്നും എന്ന് അവസാനിക്കുമെന്നും വ്യക്തമാക്കാമോ?

ഒറ്റത്തവണയായി 2024 മാർച്ച് മാസമാണ് മസാല ബോണ്ടിന്റെ തിരിച്ചടവ്.

## തിരൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

49 (436) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ പ്രവൃത്തി പൂർത്തിയാകാത്ത പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; ഓരോ പദ്ധതിയുടെയും പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്നും കാലതാമസം നേരിടുന്നതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ?

തിരൂർ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ വിശദ വിവരപ്പട്ടിക അനുബന്ധം-1+ ആയി ചേർക്കുന്നു.

(ബി) കിഫ്ബി സഹായത്തോടെ നടത്തുന്ന സ്കൂളുകളുടെ നിർമ്മാണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾക്കായി എഞ്ചിനീയറിംഗ് വിഭാഗമോ മറ്റ് സംവിധാനങ്ങളോ ഇല്ലാത്ത കില എന്ന സ്ഥാപനത്തെ എസ്.പി.വി. ആയി നിയമിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികളുടെ എസ്.പി.വി.-കളെ നിശ്ചയിക്കുന്നത് അതത് ഭരണ വകുപ്പുകളാണ്.

(സി) സംസ്ഥാനത്ത് എത്ര സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായാണ് നിലവിൽ കിലയെ ചുമതലപ്പെടുത്തിയതെന്നും എത്ര സ്കൂളുകളുടെ നിർമ്മാണപ്രവൃത്തികളാണ് ഇതിനകം പൂർത്തീകരിച്ചതെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കിഫ്ബി ധനസഹായം നൽകുന്ന 646 സ്കൂളുകളുടെ നിർമ്മാണപ്രവൃത്തികൾക്കായാണ് ഭരണവകുപ്പ് നിലവിൽ കിലയെ ചുമതലപ്പെടുത്തിയിരിക്കുന്നത്. അതിൽ 21 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികളാണ് ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളത്.

(ഡി) തിരൂർ മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകൾക്കാണ് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി അംഗീകാരം നൽകിയതെന്നും നിർമ്മാണപ്രവൃത്തി പൂർത്തിയാക്കാത്ത ഓരോ സ്കൂളുകളുടെയും പ്രവൃത്തി ഏറ്റെടുത്ത ഏജൻസികൾ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ഇ) ഓരോ നിർമ്മാണ പ്രവൃത്തികളും നിലവിൽ ഏതുഘട്ടത്തിലാണെന്നും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ;

(എഫ്) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

(ഡി - എഫ്) തിരൂർ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ സ്കൂൾ പദ്ധതികളുടെ വിശദവിവര പട്ടികയും പ്രവൃത്തി ഏറ്റെടുത്ത ഏജൻസികളുടെ പട്ടികയും അനുബന്ധം-2+ ആയി ചേർക്കുന്നു.

കിഫ്ബി അംഗീകാരം നൽകി ധനാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുക, ടെണ്ടർ നടപടികൾ സ്വീകരിക്കുക, കോൺട്രാക്ട്/വർക്ക് അവാർഡ് ചെയ്യുക തുടങ്ങിയ തുടർനടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളാണ്. പദ്ധതി നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നപക്ഷം, അവ പരിഹരിക്കുന്നതിന് കിഫ്ബിയുടെ ഇടപെടൽ ആവശ്യപ്പെടുന്ന മുറയ്ക്ക് അവ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കനുസൃതമായ നിർദ്ദേശം കിഫ്ബി നൽകിവരുന്നു. കൂടാതെ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിശ്ചിത ഇടവേളകളിൽ ഉന്നതതല യോഗങ്ങൾ വിളിച്ചുചേർത്ത് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും പിന്തുണയും നൽകുന്നുണ്ട്.

## കിഫ്ബി - കാസർഗോഡ് ജില്ലയിലെ പ്രവൃത്തികൾ

50 (437) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

(എ & ബി) കാസർഗോഡ് ജില്ലയിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദവിവരങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട നവീകരണ പ്രവൃത്തികൾ

51 (438) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ നിശ്ചയിച്ച സ്കൂളുകളുടെ പേര്, അനുവദിച്ച തുക, നിർവ്വഹണ ഏജൻസിയുടെ പേര് എന്നിവ വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ മേൽപ്പറഞ്ഞ വിദ്യാലയങ്ങളിലെ പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കാമോ?

(എ & ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നവീകരിക്കാൻ നിശ്ചയിച്ച സ്കൂളുകളുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി+ ചേർക്കുന്നു.

## ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

52 (439) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും നാളിതുവരെ ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും ആരംഭിക്കാത്ത പദ്ധതികളുടെ വിവരങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കിഫ്ബി അംഗീകാരം നൽകി ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുക, ടെണ്ടർ നടപടികൾ സ്വീകരിക്കുക, അതിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്റ്റ്/വർക്ക് അവാർഡ് ചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളാണ്. പദ്ധതി നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുന്നതിന് ടി ഏജൻസികൾ കിഫ്ബിയുടെ സഹായം ആവശ്യപ്പെടുന്നപക്ഷം അവ പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കനുസൃതമായി തുടർനിർദ്ദേശം കിഫ്ബി നൽകിവരുന്നു. കൂടാതെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിശ്ചിത ഇടവേളകളിൽ ഉന്നതതല യോഗങ്ങൾ വിളിച്ചുചേർത്ത് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും പിന്തുണയും കിഫ്ബി നൽകിവരുന്നു.

## പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം

53 (440) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് ഏതെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) അനുവദിക്കപ്പെട്ട പദ്ധതികളുടെ നിർമ്മാണ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ അനുബന്ധത്തിൽ+ ഉൾപ്പെടുത്തിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇനിയും നിർമ്മാണം ആരംഭിക്കാത്ത റോഡുകൾ, റെയിൽവേ മേൽപ്പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കിഫ്ബി പദ്ധതികൾക്ക് ധനാനുമതി ലഭിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് വർക്ക് അവാർഡ് ചെയ്യേണ്ടത് പദ്ധതി നിർവ്വഹണ ഏജൻസികളാണ്. പദ്ധതി നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുന്നതിന് ടി ഏജൻസികൾ കിഫ്ബിയുടെ സഹായം ആവശ്യപ്പെടുന്നപക്ഷം അവ പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കനുസൃതമായുള്ള തുടർനിർദ്ദേശങ്ങൾ കിഫ്ബി നൽകാറുണ്ട്. കൂടാതെ, കിഫ്ബി പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിശ്ചിത ഇടവേളകളിൽ ഉന്നതതല യോഗങ്ങൾ വിളിച്ചുചേർത്ത് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും പിന്തുണയും കിഫ്ബി നൽകിവരുന്നു.

**വൈപ്പിൻ ഗവൺമെന്റ് കോളേജിന്റെ വികസനം**

54 (441) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഗവ. കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി അനുമതി നൽകിയിട്ടുള്ള തുക എത്രയെന്നും എന്നാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

13-11-2017-ലെ സ.ഉ.(കൈ) നം.285/2017/ഉ.വി.വ. ഉത്തരവുപ്രകാരം, കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് പുതുതായി ആരംഭിക്കുന്ന 12 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ, വൈപ്പിൻ ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതി ഉൾപ്പെടുത്തി 10 കോടി രൂപ നിജപ്പെടുത്തിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു. ടി പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

വൈപ്പിൻ ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നതിനായി, ബന്ധപ്പെട്ട അധികൃതർ കണ്ടെത്തിയ സ്ഥലം 3 ഏക്കർ മാത്രമാണുള്ളതെന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Fire NOC, KMBR എന്നിവപ്രകാരം കുറഞ്ഞത് 5 ഏക്കർ സ്ഥലം വേണ്ടിവരുമെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ (KITCO) അറിയിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസിയും കോളേജ് അധികൃതരും സംയോജിതമായി പ്രവർത്തിച്ചുകൊണ്ടാണ് ടി സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത്. കൂടാതെ, സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുകൊണ്ട് ഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. എന്നാൽ, ഇതുസംബന്ധിച്ച ഉത്തരവും ആയതിനനുസൃതമായ വിശദമായ പദ്ധതി റിപ്പോർട്ടും കിഫ്ബിയിൽ നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച്, അവ കിഫ്ബി ചട്ടങ്ങൾക്കനുസൃതമായി തൃപ്തികരമാകുന്ന പക്ഷം, തുടർന്നുള്ള കിഫ് ബോർഡ് യോഗത്തിൽ ടി പദ്ധതിക്ക് അംഗീകാരം നൽകി ധനാനുമതി പുറപ്പെടുവിക്കുന്നതാണ്.

**പേരാമ്പ്ര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

55 (442) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കിവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്ക് ധനകാര്യ അനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ & ബി) പേരാമ്പ്ര മണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ളതും കിഫ്ബിയുടെ പരിഗണനയിലിരിക്കുന്നതുമായ പദ്ധതികളുടെ പട്ടിക തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) പേരാമ്പ്ര താലൂക്ക് ആശുപത്രിക്ക് എത്ര കോടി രൂപയുടെ പ്രോജക്ടാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ?

പേരാമ്പ്ര താലൂക്ക് ആശുപത്രി പദ്ധതിക്കായി 62.94 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ടാണ് എസ്.പി.വി. ആയ ഇൻകെൽ സമർപ്പിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത മണ്ഡലത്തിലെ കുത്താളിയിൽ ഒരു നാളികേര പാർക്കിനുള്ള പ്രോജക്ട് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിലെ കുത്താളിയിൽ നാളികേര പാർക്കിന്റെ നിർമ്മാണത്തിനായി 11.44 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് എസ്.പി.വി. ആയ KAICO കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ട് കിഫ്ബിയിൽ പരിശോധിക്കുകയും ആയത് തൃപ്തികരമല്ലെന്ന് കണ്ടതിനാൽ പുതുക്കിയ പദ്ധതി റിപ്പോർട്ട് സമർപ്പിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകി ഫയൽ എസ്.പി.വി.-ക്ക് മടക്കി നൽകിയിട്ടുമുണ്ട്. അതിന്മേലുള്ള മറുപടി നാളിതുവരെ കിഫ്ബിയിൽ ലഭ്യമാക്കിയിട്ടില്ല.

## 2021-2022-ലെ ആസ്തിവികസന ഫണ്ട്

56 (443) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2022 സാമ്പത്തിക വർഷത്തെ എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ നിന്നും 4 കോടി രൂപ ഉപയോഗപ്പെടുത്തി കോവിഡ് ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന സർക്കാർ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ എത്ര സ്ഥലങ്ങളിൽ ഇതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്; ചെലവായ സംഖ്യ എത്രയാണ്; മിച്ചം വന്ന തുക ബന്ധപ്പെട്ട മണ്ഡലങ്ങളിലെ വികസന ഫണ്ടിലേയ്ക്ക് തിരികെ നൽകുമോ; വ്യക്തമാക്കുമോ?

(എ & ബി) കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി നീക്കിവച്ച

നാല് കോടി രൂപയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി നീക്കിവച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ടി പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകളും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി+ ചേർക്കുന്നു. ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി നീക്കിവച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ടി നടപടിക്രമങ്ങൾ പൂർണ്ണമായാൽ മാത്രമേ ബാക്കിവരുന്ന തുക സംബന്ധിച്ച് വ്യക്തത വരുത്താനാകുകയുള്ളൂ.

## ആസ്തി വികസന ഫണ്ടിന്റെ ടെണ്ടർ സേവിംഗ്സ് തുക

57 (444) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിന്റെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വിശദമാക്കാമോ?

2017-18 സാമ്പത്തിക വർഷത്തിൽ 8,17,677/- രൂപ

2018-19 സാമ്പത്തിക വർഷത്തിൽ 25,12,484/- രൂപ (ഇതിൽനിന്നും 25,00,000/- രൂപ പുതിയ പ്രവൃത്തിക്ക് പ്രൊപ്പോസ് ചെയ്തിട്ടുണ്ട്)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2019-20 സാമ്പത്തിക വർഷത്തിൽ 23,71,469/- രൂപ (ടി ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.)

2020-21 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 8,65,392/- രൂപ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ അവശേഷിക്കുന്ന ടെണ്ടർ സേവിംഗ്സ് തുകയിൽ എത്ര തുക പുതിയ പദ്ധതികൾക്കായി ഉപയോഗിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ. (അച്ചടി) നം.119/2018/ധന., ഖണ്ഡിക 2.8-ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് 31-03-2022-ലെ സ.ഉ. (അച്ചടി)നം.40/2022/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ

സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ഇപ്രകാരം ഭരണാനുമതി നൽകുമ്പോൾ ഒരു സാമ്പത്തിക വർഷത്തിലെ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ ഉപാധികൾക്ക് വിധേയമായി ടെണ്ടർ സേവിംഗ്സ് തുക പൂർണ്ണമായും പുതിയ പ്രവൃത്തികൾക്കായി വിനിയോഗിക്കാവുന്നതാണ്.

**ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്**

58 (445) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ എത്ര രൂപ ബാക്കിയുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന്

അനുമതിയുള്ളത്. കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ബാക്കിയുള്ള തുകയുടെ നാളിതുവരെയുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2017-18 | 54,16,405.83/- |
| 2018-19 | 72,30,812.60/- |
| 2019-20 | 20,99,157.26/- |
| 2020-21 | 30,51,782.89/- |

(ബി) പ്രസ്തുത മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് പുതുതായി എത്ര തുകയുടെ പ്രവൃത്തികൾ നിർവ്വഹിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ. (അച്ചടി) നം.119/2018/ധന., ഖണ്ഡിക 2.8-ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് 31-03-2022-ൽ സ.ഉ.

(അച്ചടി) നം.40/2022/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ഇപ്രകാരം ഭരണാനുമതി നൽകുമ്പോൾ ഒരു സാമ്പത്തിക വർഷത്തിലെ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ ഉപാധികൾക്ക് വിധേയമായി ടെണ്ടർ സേവിംഗ്സ് തുക പൂർണ്ണമായും പുതിയ പ്രവൃത്തികൾക്കായി വിനിയോഗിക്കാവുന്നതാണ്.

**ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക**

59 (446) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2020-21, 2021-22 എന്നീ വർഷങ്ങളിലെ ടെണ്ടർ

സേവിംഗ്സ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ജില്ലാ കളക്ടർ ലഭ്യമാക്കിയ കണക്കനുസരിച്ച് നാളിതുവരെയുള്ള വിവരം:

| വർഷം | തുക |
|---|---|
| 2020-21 | 1,01,857/- രൂപ |
| 2021-22 | 4,93,872/- രൂപ |

(ബി) 2017-18 വർഷം മുതലുള്ള ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് പുതിയ പ്രൊപ്പോസലുകൾ ഭരണാനുമതിക്കായി സമർപ്പിക്കാൻ സാധിക്കുമോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.(അച്ചടി) നം.119/2018/ധന., ഖണ്ഡിക 2.8-ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് 31-03-2022-ലെ സ.ഉ.(അച്ചടി) നം.40/2022/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന

പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ഇപ്രകാരം ഭരണാനുമതി നൽകുമ്പോൾ ഒരു സാമ്പത്തിക വർഷത്തിലെ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്. ഇതുപ്രകാരം ജില്ലാ കളക്ടർമാർക്കുതന്നെ ഈ വിഷയത്തിൽ തീരുമാനമെടുക്കാവുന്നതും മാർഗ്ഗരേഖപ്രകാരം അനുവദനീയമായവയ്ക്ക് ധനകാര്യ വകുപ്പിൽനിന്നും പ്രത്യേക അനുമതിയുടെ ആവശ്യമില്ലാത്തതുമാണ്.

## ചാലക്കുടി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗം

60 (447) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ 2017-2018 മുതൽ 2020-2021 വരെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ

ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) ടി പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചവ ഏതൊക്കെയെന്നും അവയുടെ ഭരണാനുമതി നൽകിയ തുകയും ടെണ്ടർ ചെയ്ത തുകയും എത്രയെന്ന് അറിയിക്കുമോ?

(എ-സി) ചാലക്കുടി നിയോജകമണ്ഡലത്തിൽ 2017-2018 മുതൽ 2020-2021 വരെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ, അവയുടെ നിലവിലെ സ്ഥിതി, പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരുവിവരം, ടി പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചവ ഏതൊക്കെയാണെന്നും അവയുടെ ഭരണാനുമതി നൽകിയ തുകയും ടെണ്ടർ ചെയ്ത തുകയും എത്രയാണെന്നും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1+-ൽ ചേർത്തിരിക്കുന്നു.

(ഡി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതൊക്കെയാണെന്നും അവയുടെ ഭരണാനുമതി നൽകിയ തുകയും ടെണ്ടർ ചെയ്ത തുകയും എത്രയാണെന്നും അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരങ്ങൾ, ഭരണാനുമതി നൽകിയ തുക, ടെണ്ടർ ചെയ്ത തുക എന്നിവയുടെ വിവരങ്ങൾ അനുബന്ധം 2+-ൽ ചേർത്തിരിക്കുന്നു.

(ഇ) 2017-2018 സാമ്പത്തിക വർഷം മുതൽ 2020-2021 വരെ ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സ് തിട്ടപ്പെടുത്തിയിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും നൽകുമോ?

2017-2018 സാമ്പത്തിക വർഷം മുതൽ 2020-2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 3+-ൽ ചേർത്തിരിക്കുന്നു.

(എഫ്) തിട്ടപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം അറിയിക്കുമോ?

ബാധകമല്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വർക്കല മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

61 (448) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് വ്യക്തമാക്കാമോ?

2017-18 - 40,42,483/- രൂപ

2018-19 - 59,34,720/- രൂപ

2019-20 - 27,30,547/- രൂപ

2020-21 - 19,86,864/- രൂപ

## ആസ്തി വികസന ഫണ്ട് ടെണ്ടർ സേവിംഗ്സ്

62 (449) <u>ശ്രീ. എ. രാജ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ 2016-21 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ആകെ ടെണ്ടർ തുക എത്ര രൂപയാണ്?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ഓരോ സാമ്പത്തിക വർഷത്തിലുമുണ്ടായ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശം നൽകാമോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.(അച്ചടി) നം.119/2018/ധന. പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് അനുമതിയുള്ളത്.

| വർഷം | തുക |
|---|---|
| 2017-18 | 2,61,351/- |
| 2018-19 | 8,09,551/- |
| 2019-20 | 10,00,881/- |
| 2020-21 | 1,80,101/- |
| ആകെ | 22,51,884/- |

(സി) ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ലഭിച്ച തുക വിനിയോഗം ചെയ്യുന്നതിനുള്ള പ്രത്യേക മാർഗ്ഗരേഖ എങ്ങനെയെന്ന് വിശദമാക്കാമോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ

മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.(അച്ചടി) നം.119/2018/ധന., ഖണ്ഡിക 2.8 പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ മാത്രമാണ് പ്രാബല്യമുള്ളത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.8-ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് 31-03-2022-ൽ സ.ഉ.(അച്ചടി) നം.40/2022/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്.

**ഇ-നിയമസഭ പോർട്ടൽ തയ്യാറാക്കുന്ന നടപടികൾ**

63 (450) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതികൾ, എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ

ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഇ-നിയമസഭ പോർട്ടൽ തയ്യാറാക്കുന്നതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പോർട്ടൽ സമയബന്ധിതമായി തയ്യാറാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ & ബി) നിയമസഭാ സെക്രട്ടേറിയറ്റാണ് ഇതുസംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഏകീകരിക്കുന്നത്. എം.എൽ.എ. ഫണ്ട് വിനിയോഗവും അനുബന്ധ പ്രവർത്തനങ്ങളും ഉൾപ്പെട്ടിട്ടുള്ള നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (എൽ.എ.സി.-എ.ഡി.എസ്.) പോർട്ടൽ വികസിപ്പിച്ചത് എൻ.ഐ.സി. മുഖേനയാണ്. പോർട്ടലിന്റെ സാങ്കേതിക നവീകരണത്തിനും പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്.) കൈകാര്യം ചെയ്യുന്നതിനുള്ള മൊഡ്യൂളിന്റെ സംയോജനത്തിനും എൻ.ഐ.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഐ.എഫ്.എം.എസ്. ആപ്ലിക്കേഷനുകളുമായുള്ള സംയോജനവും (BIMS-ഉം ഇ-അനുമതിയും) പൊതുജനങ്ങൾക്കും വകുപ്പിനുമുള്ള ഡാഷ്ബോർഡുമായി ബന്ധപ്പെട്ട ആവശ്യകതകളും അഭിസംബോധന ചെയ്യുന്ന കൂടുതൽ വിശദമായ നിർദ്ദേശം സമർപ്പിക്കാൻ എൻ.ഐ.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

64 (451) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽനിന്നും തുക വിനിയോഗിച്ച് 2011 മുതൽ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ സേവിംഗ്സ് എത്രയെന്നും സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) സേവിംഗ്സ് തുകയ്ക്ക് ഭരണാനുമതിക്കായി പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ സേവിംഗ്സ് തുക വിനിയോഗിക്കുന്നതിനുള്ള പ്രത്യേകാനുമതി നൽകണമെന്ന് വൈപ്പിൻ നിയോജകമണ്ഡലം മുൻ എം.എൽ.എ. ശ്രീ. എസ്. ശർമ്മ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രൊപ്പോസലിലെ തുക സേവിംഗ്സ് തുകയേക്കാൾ അധികരിച്ചിരുന്നതിനാൽ പ്രസ്തുത ശിപാർശ

പരിഗണിച്ചിരുന്നില്ല.

(സി) ഇല്ലെങ്കിൽ പ്രസ്തുത തുകയ്ക്ക് പദ്ധതികൾ സമർപ്പിക്കുന്നതിലെ സമയപരിധി എന്നുവരെയെന്ന് വ്യക്തമാക്കാമോ?

31-03-2022-ലെ സ.ഉ.(അച്ചടി) നം.40/2022/ധന. പ്രകാരം, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. അതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-നുകീഴിൽ അനുമതി നൽകിയ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സെറ്റിൽ ചെയ്ത് ടെണ്ടർ സേവിംഗ്സ് തിട്ടപ്പെടുത്തിയത് 2021-22 വർഷത്തിലാണെങ്കിൽ പ്രസ്തുത സേവിംഗ്സ് തുക 2021-22-ലോ 2022-23-ലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ഇതനുസരിച്ച് പദ്ധതികൾ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്.

## ആസ്തി വികസന ഫണ്ട് വിനിയോഗം

65 (452) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി എം.എൽ.എ. നിർദ്ദേശിച്ച ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതി ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ; പ്രവൃത്തിയുടെ പേര്, തുക, ഭരണാനുമതി ലഭിക്കാതിരിക്കാനുള്ള കാരണം എന്നിവ വിശദമാക്കാമോ?

മലമ്പുഴ എം.എൽ.എ.-യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന "തേനാരി സ്കൂളിന് ചുറ്റുമതിലും പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന് ട്രസ്സ് വർക്കും - എലപ്പുള്ളി പഞ്ചായത്ത്" (എസ്റ്റിമേറ്റ് തുക 40,00,000 രൂപ) എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടില്ല. ടി പ്രവൃത്തിയുടെ പേര് മാറ്റുന്നതിനായുള്ള നടപടികൾക്കായി 07-04-2017, 19-09-2018 തീയതികളിൽ ബഹുമാനപ്പെട്ട എം.എൽ.എ.-ക്ക് കത്ത് നൽകിയിരുന്നു.

## ആസ്തി വികസന ഫണ്ട്

66 (453) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടത്തുന്ന പ്രവൃത്തികൾക്ക് അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന ഘട്ടത്തിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന അക്രഡിറ്റഡ് ഏജൻസി പ്രൈസ് സോഫ്റ്റ്‌വെയറിൽ സമർപ്പിക്കുന്ന എസ്റ്റിമേറ്റ് ബന്ധപ്പെട്ട വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് മേലൊപ്പ് സഹിതം സമർപ്പിക്കുന്ന മുറയ്ക്ക് ഈ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും എതിർപ്പോ, വിലക്കോ ധനകാര്യ വകുപ്പ് നോഡൽ ഓഫീസർമാർക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശമടങ്ങുന്ന സർക്കുലർ/ഉത്തരവ് എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ; ഇപ്രകാരമൊരു നിർദ്ദേശം ധനകാര്യ വകുപ്പ് നൽകാൻ ഇടയായ കാരണം വിശദമാക്കാമോ?

(എ&ബി) എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച്

നടത്തുന്ന പ്രവൃത്തികൾക്ക് 28-04-2021-ലെ സ.ഉ. (അച്ചടി) നം.67/2021/ധന ഉത്തരവിനനുസൃതമായി അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന ഘട്ടത്തിൽ ഭരണാനുമതി നൽകുന്നതിന് യാതൊരുവിധ എതിർപ്പോ വിലക്കോ ധനകാര്യ വകുപ്പ് നോഡൽ ഓഫീസർമാർക്ക് ഏർപ്പെടുത്തിയിട്ടില്ല.

**കായംകുളം കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷന് പുതിയ കെട്ടിടം**

67 (454) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കായംകുളം കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിവേദനം തുടർനടപടികൾക്കായി ഗതാഗത വകുപ്പിന് കൈമാറിയിട്ടുണ്ട്. ആയതിന്മേൽ ഗതാഗതവകുപ്പിൽനിന്നും നടപടികൾ കൈക്കൊള്ളുന്ന ക്രമത്തിൽ വിഷയം

പരിശോധിക്കുന്നതാണ്.

## ലൈബ്രറി കെട്ടിട നിർമ്മാണം

68 (455) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്ത ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.-മാരുടെ മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കാൻ അനുമതി നൽകുന്നത് പരിഗണയിലുണ്ടോ; ഇല്ലെങ്കിൽ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്ത ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കാൻ അനുമതി നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടെയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കാണ്. നിലവിലെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.

(അച്ചടി)നം.119/2018/ധന. പ്രകാരം സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ളവയല്ലാത്ത ലൈബ്രറികളുടെ കെട്ടിടനിർമ്മാണത്തിന് ആസ്തി വികസന പദ്ധതിയിൽനിന്നും ധനസഹായം അനുവദനീയമല്ല.

**തിരൂർ മണ്ഡലത്തിലെ പൂർത്തിയാകാത്ത പദ്ധതികൾ**

69 (456) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ എം.എൽ.എ. പ്രാദേശിക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികളിൽ പ്രവൃത്തി പൂർത്തിയാകാത്ത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളോരോന്നും നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തികൾ പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണമെന്താണെന്നും വിശദമാക്കാമോ?

(എ&ബി) തിരൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ പൂർത്തിയാകാത്ത പദ്ധതികൾ, പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി,

പ്രവൃത്തികൾ പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം എന്നിവ സംബന്ധിച്ച് ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ടവ അനുബന്ധം-I+ ആയും പ്രത്യേക വികസനനിധിയുമായി ബന്ധപ്പെട്ടവ അനുബന്ധം-II+ ആയും ചേർത്തിട്ടുണ്ട്.

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ എം.എൽ.എ. - എസ്.ഡി.എഫ്., എ.ഡി.എസ്. പദ്ധതികൾ**

70 (457) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 വർഷങ്ങളിൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ എം.എൽ.എ. - എസ്.ഡി.എഫ്., എ.ഡി.എസ്. എന്നിവയിൽ ഉൾപ്പെട്ട പദ്ധതികളിൽ ഭരണാനുമതി ലഭിക്കാത്ത പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

2019-20 സാമ്പത്തിക വർഷത്തിലെ പ്രത്യേക വികസനനിധിയിലും ആസ്തി വികസന പദ്ധതിയിലുമുള്ള എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ സംബന്ധിച്ച വിവരം അനുബന്ധം - I+ ആയി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-II+ ആയി ചേർത്തിരിക്കുന്നു. അവ പരിഹരിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കായംകുളം അഗ്നിരക്ഷാ നിലയത്തിന് പോർട്ടബിൾ പമ്പ് സെറ്റ്

71 (458) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അഗ്നിരക്ഷാ നിലയത്തിന് എം.എൽ.എ.-എസ്.ഡി.എഫ്. ഫണ്ടുകൾ വിനിയോഗിച്ച് ഫയർ ഫൈറ്റിംഗ് പോർട്ടബിൾ പമ്പ് സെറ്റ് (പെട്രോൾ) വാങ്ങുന്നതിന് പ്രത്യേകാനുമതി ലഭിക്കുന്നതിനായി നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ?

കായംകുളം അഗ്നിരക്ഷാ നിലയത്തിന് എം.എൽ.എ.-എസ്.ഡി.എഫ്. ഫണ്ട് വിനിയോഗിച്ച് ഫയർ ഫൈറ്റിംഗ് പോർട്ടബിൾ പമ്പ് സെറ്റ് (പെട്രോൾ) വാങ്ങുന്നതിന് പ്രത്യേകാനുമതി ലഭിക്കുന്നതിനുള്ള നിവേദനം ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പിൽ നാളിതുവരെ ലഭ്യമായിട്ടില്ല.

**എം.എൽ.എ. ഫണ്ടുകൾ ഉപയോഗിച്ചുള്ള പദ്ധതികൾ**

72 (459) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ എസ്.ഡി.എഫ്., എൽ.എ.സി.-എ.ഡി.എസ്. എന്നിവ ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകൾക്ക് ഏതൊക്കെ പദ്ധതികൾ അനുവദിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ. (അച്ചടി) നം.119/2018/ധന. അനുബന്ധം-1 ക്രമ നമ്പർ (xi) പ്രകാരം, എയ്ഡഡ് സ്കൂളിന് ഒന്നിന് ഒരു വർഷം 10 ലക്ഷം രൂപയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് തുകയുള്ള ടോയ്ലെറ്റുകൾ/പാചകപ്പുര എന്നിവ നിർമ്മിക്കുന്നത് അനുവദനീയമാണ്.

18-08-2017-ലെ സ.ഉ.(അച്ചടി)നം.109/2017/ധന. പ്രകാരം, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി രൂപീകരിച്ച ചലഞ്ച് ഫണ്ട് പദ്ധതിക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി) നം.161/2017/ധന. അനുബന്ധം-1, ക്രമ നമ്പർ 29, 30, 31 എന്നിവപ്രകാരം സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം, ടോയ്‌ലെറ്റുകൾ, ടോയ്‌ലെറ്റുകളോട് ചേർന്ന് സാനിറ്ററി നാപ്കിൻ വെൻഡിംഗ് ഡിസ്ട്രോയർ മെഷീനുകൾ സ്ഥാപിക്കൽ, പാചകപ്പുരകൾ എന്നിവയുടെ നിർമ്മാണം, കുടിവെള്ളമെത്തിക്കുന്നതിനുള്ള പൈപ്പ് ഇടൽ, ടാങ്ക് നിർമ്മാണം/വാങ്ങൽ, വാട്ടർ പ്യൂരിഫയർ വാങ്ങൽ, വാട്ടർ റീ-ചാർജ്ജിംഗ് സൗകര്യമൊരുക്കൽ, കുഴൽ കിണർ നിർമ്മിക്കൽ തുടങ്ങിയവ അനുവദനീയമാണ്.

(ബി) ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് എം.എൽ.എ.-യുടെ എസ്.ഡി.എഫ്., എൽ.എ.സി.-എ.ഡി.എസ്.

ഫണ്ടുകൾ ഉപയോഗിച്ച് ഏതൊക്കെ പദ്ധതികൾ അനുവദിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി) നം.161/2017/ധന. അനുബന്ധം-1 ക്രമ നമ്പർ 39 പ്രകാരം, സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കമ്പ്യൂട്ടറുകൾ, എൽ.സി.ഡി. പ്രൊജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങാവുന്നതാണ്. കൂടാതെ 27-05-2019-ലെ സ.ഉ.(അച്ചടി) നം.60/2019/ധന. പ്രകാരം ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണത്തിന് എം.എൽ.എ.-യുടെ പ്രത്യേക വികസനനിധിയിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.(അച്ചടി)നം.119/2018/ധന. അനുബന്ധം 1-ൽ (അനുവദനീയമായ പ്രവൃത്തികൾ) ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്കുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല.

**മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

73 (460) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് എന്നുമുതൽ പൂർണ്ണമായും നടപ്പാക്കാനാകുമെന്ന് വിശദീകരിക്കാമോ?

മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ./നോഡൽ ഓഫീസർ/ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ വിവരശേഖരണത്തിലൂടെ ഇതുവരെ സമാഹരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ കമ്പനിക്ക് ഇതിനോടകംതന്നെ കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷുറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തരമായി സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശവും കമ്പനിക്ക് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരസ്പര ഉടമ്പടിയിൽ ഏർപ്പെട്ടുകൊണ്ട് പദ്ധതി ഉടൻതന്നെ നടപ്പിൽ വരുത്തുന്നതാണ്.

(ബി) സംസ്ഥാനത്തെ മുഖ്യധാരയിലുള്ള ഏതെങ്കിലും ആശുപത്രികൾ പദ്ധതിയിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്ന സാഹചര്യമുണ്ടോ; എങ്കിൽ കാരണം

വ്യക്തമാക്കാമോ?

ചികിത്സാ നിരക്കുകൾ കുറഞ്ഞുപോയെന്ന ആരോപണം ഉന്നയിച്ച് ചില ഹോസ്പിറ്റലുകൾ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെടാൻ വിമുഖത കാണിക്കുന്നുണ്ട്.

(സി) ഏതു മാസത്തെ ശമ്പളത്തിൽ/പെൻഷൻ തുകയിൽ നിന്നുമാണ് പ്രീമിയം തുക ഈടാക്കിത്തുടങ്ങുന്നതെന്ന് വ്യക്തമാക്കാൻ കഴിയുമോ?

മെഡിസെപ് പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി അന്തിമ ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് സർക്കാരിലേയ്ക്ക് സമർപ്പിച്ചതിനുശേഷം സർക്കാരുമായി പരസ്പര ഉടമ്പടി ഒപ്പ് വയ്ക്കുന്നതിനെത്തുടർന്ന് വരുന്ന മാസത്തിലെ ശമ്പളത്തിൽ/പെൻഷൻ തുകയിൽ നിന്നും പ്രീമിയം തുക ഈടാക്കിത്തുടങ്ങുന്നതാണ്.

## പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ റിപ്പോർട്ട്

74 (461) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും

ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പുനഃപരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ടിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) പുനഃപരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി മേൽ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. റിപ്പോർട്ടിന്മേൽ സർക്കാർ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് പകർപ്പ് ലഭ്യമാക്കുന്നതാണ്.

**മെഡിസെപ് പദ്ധതി**

75 (462) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ./നോഡൽ ഓഫീസർ/ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ വിവരശേഖരണത്തിലൂടെ ഇതുവരെ സമാഹരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ കമ്പനിക്ക് ഇതിനോടകം കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തരമായി സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശവും കമ്പനിക്ക് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരസ്പര ഉടമ്പടിയിൽ ഏർപ്പെട്ടുകൊണ്ട് പദ്ധതി ഉടൻതന്നെ നടപ്പിൽ വരുത്തുന്നതാണ്.

## മെഡിസെപ്

76 (463) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

2022 ജൂലൈ ഒന്നുമുതൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ജീവനക്കാരൻ അടയ്ക്കേണ്ട വാർഷിക പ്രീമിയം എത്രയാണെന്നും ഒരു അംഗത്തിന് എത്ര രൂപയുടെ കവറേജ് ലഭ്യമാകുമെന്നും വ്യക്തമാക്കാമോ?

മെഡിസെപ് പദ്ധതിപ്രകാരം ജീവനക്കാരൻ അടയ്ക്കേണ്ട വാർഷിക പ്രീമിയം തുക GST ഉൾപ്പെടെ 6,000/- രൂപയായി നിശ്ചയിച്ചിരിക്കുന്നു. പദ്ധതിയുടെ കീഴിൽവരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്നു വർഷത്തെ പോളിസി

കാലാവധിക്കുള്ളിൽ/പീരിഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്തപക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക് പീരിഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്. മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് മാത്രമായി ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതാണ്.

(സി) പദ്ധതിയുടെ നിബന്ധനകൾപ്രകാരം ഭർത്താവും ഭാര്യയും സർക്കാർ ജീവനക്കാരായാൽ രണ്ടുപേരും പദ്ധതിയിൽ ചേരുകയും പ്രീമിയം അടയ്ക്കുകയും ചെയ്യേണ്ടതുണ്ടോയെന്ന് അറിയിക്കാമോ?

പദ്ധതിയുടെ നിബന്ധനകൾപ്രകാരം ഭർത്താവും ഭാര്യയും സർക്കാർ

ജീവനക്കാരായാൽ രണ്ടുപേരും പദ്ധതിയിൽ ചേരുകയും പ്രീമിയം അടയ്ക്കുകയും ചെയ്യേണ്ടതാണ്.

(ഡി) എങ്കിൽ ഒരു പ്രീമിയം അടയ്ക്കുന്ന ഉദ്യോഗസ്ഥന് ലഭിക്കുന്നതിനേക്കാൾ രണ്ടു പ്രീമിയം അടയ്ക്കുന്ന ഉദ്യോഗസ്ഥരുടെ കവറേജ് തുകയിൽ ലഭിക്കുന്ന അധിക ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മെഡിസെപ്പിന്റെ നിബന്ധനകൾപ്രകാരം ഒരു എംപ്ലോയ് ID/പെൻഷൻ ID ഉള്ള പോളിസി ഉടമയ്ക്ക് ഒരു പ്രീമിയത്തിന് മാത്രമേ അർഹതയുള്ളൂ.

(ഇ) ഭാര്യയോ ഭർത്താവോ കേന്ദ്ര സർക്കാർ ജീവനക്കാരാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ ചികിത്സാ ആനുകൂല്യങ്ങൾ കൈപ്പറ്റുകയില്ലെന്ന മേലുദ്യോഗസ്ഥന്റെ രേഖാമൂലമുള്ള അറിയിപ്പിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിൽ ചേർന്നു കഴിഞ്ഞിട്ടുണ്ടെങ്കിൽ അത്തരം ജീവനക്കാർക്ക് പദ്ധതിയിൽനിന്നും വിട്ടുനിൽക്കുന്നതിന് പ്രത്യേക അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിലാണ് മെഡിസെപ് പദ്ധതി

നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ സർക്കാർ വിഹിതമില്ല. ആയതിനാൽ കേന്ദ്ര സർക്കാരിന്റെ ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സംസ്ഥാന സർക്കാർ ജീവനക്കാരന്/പെൻഷൻകാരന് മെഡിസെപ് അംഗത്വം നിർബന്ധമാണ്. മാത്രമല്ല നിർബന്ധിത അംഗത്വത്തിൽനിന്നും ഏതെങ്കിലും ഗ്രൂപ്പിനെ ഒഴിവാക്കുന്നത് പോളിസി ഉടമകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാക്കുന്നതിനാലും ആയത് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വീഴ്ചയുണ്ടാക്കുന്നതിനാലും അത്തരം ജീവനക്കാർക്ക് പദ്ധതിയിൽനിന്നും വിട്ടുനിൽക്കുന്നതിന് പ്രത്യേക അനുമതി നൽകാൻ സാധ്യമല്ല.

## മെഡിസെപ് പദ്ധതി

77 (464) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ,

കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ./നോഡൽ ഓഫീസർ/ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തരമായി സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പരസ്പര ഉടമ്പടിപ്രകാരം അടിയന്തരമായിത്തന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) ഇക്കാര്യത്തിൽ ഇൻഷ്വറൻസ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ഹോസ്പിറ്റൽ എംപാനൽമെന്റിന്റെ അന്തിമ പട്ടിക സർക്കാരിലേയ്ക്ക് സമർപ്പിച്ചാൽ ഉടൻ ഇൻഷ്വറൻസ് കമ്പനിയുമായി കരാറിൽ ഏർപ്പെടുന്നതാണ്.

(സി) ആവശ്യത്തിന് ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

RFP പ്രകാരം ആശുപത്രികളെ എംപാനൽ ചെയ്യുന്ന ചുമതല തെരെഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിക്കാണ്. പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ അന്തിമ പട്ടിക കമ്പനി ഇതുവരെ കൈമാറിയിട്ടില്ല. കൂടാതെ പദ്ധതിയിൽ പരമാവധി ആശുപത്രികളെ ഉൾപ്പെടുത്തനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ**

78 (465) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പയ്ക്കുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ 5 വർഷം സർവ്വീസ് എന്നതിൽ ഇളവുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

12-11-2009-ലെ സ.ഉ.(പി)നം.505/2009/ധന. പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകിവന്നിരുന്ന ഭവന നിർമ്മാണ വായ്പ 05-07-2018-ലെ സ.ഉ.(പി)നം.105/2018/ധന., 11-09-2018-ലെ സ.ഉ.(പി)നം.143/2018/ധന., 18-01-2019-ലെ സർക്കുലർ നം.06/2019/ധന. എന്നിവപ്രകാരം പരിഷ്കരിച്ചിട്ടുള്ളതാണ്. സംസ്ഥാന

സർവ്വീസിൽ 5 വർഷം മുഴുവൻ സമയ സേവനം പൂർത്തിയായതും 50 മാസ സർവ്വീസ് (മുൻ സാമ്പത്തിക വർഷത്തെ മാർച്ച് 31 പ്രകാരം) അവശേഷിക്കുന്നതുമായ സർക്കാർ ജീവനക്കാർ പരിഷ്കരിച്ച ഭവന വായ്പാ സബ്സിഡി പദ്ധതിപ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ ഭവന നിർമ്മാണ വായ്പ ബാങ്ക്/ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ മുഖേനയാണ് എടുക്കേണ്ടത്. സർക്കാർ നേരിട്ട് ഭവനനിർമ്മാണ വായ്പ അനുവദിച്ചിരുന്നപ്പോഴും 5 വർഷത്തെ മുഴുവൻ സമയ സേവനം പൂർത്തിയാക്കിയവർക്കാണ് അർഹതയുണ്ടായിരുന്നത്. 5 വർഷത്തെ മുഴുവൻ സമയ സേവനം എന്ന വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) പ്രൊബേഷൻ കാലാവധി വിജയകരമായി പൂർത്തീകരിച്ചവരെ യോഗ്യതാമാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പ്രൊബേഷൻ കാലാവധി വിജയകരമായി പൂർത്തീകരിച്ച ജീവനക്കാർ 5 വർഷത്തെ സേവന കാലയളവ് എന്ന യോഗ്യതാമാനദണ്ഡംകൂടി പാലിക്കുന്നുണ്ടെങ്കിൽ മാത്രമേ സർക്കാർ ഭവന വായ്പ എടുക്കുന്നതിന് സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം ടി ജീവനക്കാരെ സർക്കാർ ഭവന വായ്പാ

പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിലവിലെ നിയമപ്രകാരം വ്യവസ്ഥയില്ല.

## മെഡിസെപ് പദ്ധതി

79 (466) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് ആരംഭിക്കുന്നത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ?

സർക്കാരും തെരഞ്ഞെടുത്ത ഇൻഷ്വറൻസ് കമ്പനിയുമായുള്ള പരസ്പര ഉടമ്പടിപ്രകാരം 01-07-2022-നുതന്നെ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ ജീവനക്കാരും പെൻഷൻകാരും അടയ്ക്കേണ്ട വിഹിതം എത്രയാണെന്നും സർക്കാർ അടയ്ക്കുന്ന വിഹിതം എത്രയാണെന്നും വിശദമാക്കാമോ;

(സി) സർക്കാർ വിഹിതം അടയ്ക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

(ബി&സി) മെഡിസെപ് പദ്ധതിപ്രകാരം ജീവനക്കാരൻ അടയ്ക്കേണ്ട

വാർഷിക പ്രീമിയം തുക, GST ഉൾപ്പെടെ 6,000/- രൂപയായി നിശ്ചയിച്ചിരിക്കുന്നു. മുഴുവൻ തുകയും ഗുണഭോക്താക്കളിൽനിന്നും ഈടാക്കുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ചികിത്സയ്ക്കായി റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം ചെലവഴിച്ച തുക എത്രയാണെന്നറിയിക്കാമോ?

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ചികിത്സയ്ക്കായി റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷം ചെലവഴിച്ച തുക ചുവടെ പറയും പ്രകാരമാണ്.

| **വർഷം** | **ചെലവ്** |
|---|---|
| 2017-18 | 42.99 കോടി |
| 2018-19 | 46.70 കോടി |
| 2019-20 | 47.35 കോടി |
| 2020-21 | 49.01 കോടി |
| 2021-22 | 53.29 കോടി |

(ഇ) മെഡിസെപ് പദ്ധതിയുടെ കീഴിൽ എംപാനൽ ചെയ്യപ്പെട്ട സംസ്ഥാനത്തെ ആശുപത്രികളുടെ ലിസ്റ്റ് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

RFP-യിലെ നിബന്ധനകൾപ്രകാരമാണ് പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി അന്തിമ ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നത്. ഇൻഷ്വറൻസ് കമ്പനി പദ്ധതിയിലുൾപ്പെടുന്ന ആശുപത്രികളുടെ അന്തിമ എംപാനൽമെന്റ് ലിസ്റ്റ് ലഭ്യമാക്കിയാലുടൻ ഓരോ ജില്ലയിലും മെഡിസെപ് പദ്ധതിക്കായി തെരഞ്ഞെടുത്ത ആശുപത്രികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

**മെഡിസെപ് പദ്ധതി**

80 (467) <u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സാ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

സർക്കാരും തെരഞ്ഞെടുത്ത ഇൻഷ്വറൻസ് കമ്പനിയുമായുള്ള പരസ്പര ഉടമ്പടിപ്രകാരം 01-07-2022-നുതന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ ഈ പദ്ധതിയുമായി സഹകരിക്കുന്നതിൽ തടസ്സം ഉന്നയിച്ചിട്ടുണ്ടോ?

RFP പ്രകാരം ആശുപത്രികളെ എംപാനൽ ചെയ്യുന്ന ചുമതല തെരഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിക്കാണ്. ചില സ്വകാര്യ ആശുപത്രികൾ പദ്ധതിയുമായി സഹകരിക്കുന്നതിന് തടസ്സം ഉന്നയിച്ചിട്ടുണ്ടെന്ന വിവരം ഇൻഷ്വറൻസ് കമ്പനി സർക്കാരിനെ അറിയിച്ചതിനെത്തുടർന്ന് ടി ആശുപത്രികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു. 01-07-2022-ന് പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) അഞ്ചുവർഷം മുമ്പ് പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കുന്നതിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ എന്തെല്ലാമാണ്?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കണമെന്ന് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്) നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും തുടർന്ന് 24-04-2017-ലെ സർക്കാർ ഉത്തരവ് (പി)

നം.54/2017/ധന. പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്തു.

മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് (RGICL) മുഖാന്തരം 01-08-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-07-2019-ലെ സ.ഉ.(പി) നം.87/2019/ധന. സർക്കാർ ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിരുന്നു. തുടർന്ന് 15-07-2019-ലെ സ.ഉ.(പി)നം.87/2019/ധന. ഉത്തരവുപ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ, ആരോഗ്യ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി, പദ്ധതിയുടെ ചികിത്സാ നിരക്കുകൾ

പരിഷ്കരിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കോവിഡ് പ്രതിസന്ധിക്കിടയിലും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ Request For Proposal (RFP) 15-10-2020-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ RFP-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാൽപ്പര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണെന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരവുപ്രകാരം 15-10-2020-ൽ പ്രസിദ്ധീകരിച്ച RFP (REQUEST FOR PROPOSAL) റദ്ദാക്കുകയും അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നിബന്ധനകൾ കൂട്ടിച്ചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാനിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ RFP 22-01-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ RFP-യിൽ ഉൾപ്പെടുത്തിയ നിബന്ധനയ്ക്കെതിരെ

(Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി (RGICL) ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുമ്പാകെ റിട്ട് പെറ്റീഷൻ (Writ Petition) WP(C)No.2938/2021 ഫയൽ ചെയ്തു. ആയത് തള്ളിക്കളഞ്ഞുകൊണ്ട് 29-03-2021-ൽ വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 07-04-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി (RGICL) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ (WA.No.615/2021) ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവുപ്രകാരം അപ്പീലിന്മേലുള്ള അന്തിമവിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻപാടുള്ളൂവെന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ടി അപ്പീലിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വീണ്ടും വാദം കേൾക്കുകയും WA.No.615/2021-ന്മേലുള്ള അനുകൂല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01-07-2022 മുതൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

81 (468) <u>ശ്രീ. കെ. പി. എ. മജീദ്:</u>

<u>ഡോ. എം. കെ. മുനീർ:</u>

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പല സംസ്ഥാനങ്ങളും പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച സാഹചര്യത്തിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ-സി) പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി മേൽവിഷയങ്ങൾ വിശദമായി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. റിപ്പോർട്ടിന്മേൽ സർക്കാർ തീരുമാനം

കൈക്കൊള്ളുന്ന മുറയ്ക്ക് പകർപ്പ് ലഭ്യമാക്കുന്നതാണ്.

## മെഡിസെപ് പദ്ധതി

82 (469) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കുമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള മെഡിസെപ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ:

(ബി) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) 01-07-2022-ന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) ജീവനക്കാരുടെയും പെൻഷൻകാരുടെയും വിഹിതമായി എത്ര രൂപയാണ് ഈടാക്കാൻ നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ജീവനക്കാരിൽനിന്നും പെൻഷൻകാരിൽനിന്നും പ്രതിമാസ പ്രീമിയം തുകയായ 500/- രൂപ ഈടാക്കാൻ നിശ്ചയിച്ചിരിക്കുന്നു.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ വിഹിതം

നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകാമോ?

സർക്കാർ വിഹിതം നിശ്ചയിച്ചിട്ടില്ല.

## മെഡിസെപ് പദ്ധതി

83 (470) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

01-07-2022-നുതന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ ചെലവിടേണ്ടിവരുന്ന തുക എത്രയെന്ന് വിശദമാക്കാമോ?

മെഡിസെപ് പദ്ധതിപ്രകാരം ജീവനക്കാരൻ അടയ്ക്കേണ്ട വാർഷിക പ്രീമിയം തുക GST ഉൾപ്പെടെ 6,000/- രൂപയായി നിശ്ചയിച്ചിരിക്കുന്നു. മുഴുവൻ തുകയും ഗുണഭോക്താക്കളിൽനിന്നും ഈടാക്കുന്നവിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(സി) പദ്ധതി എന്നുമുതൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

2022 ജൂലൈ ഒന്നുമുതൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനായുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

**സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച്**

84 (471) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ 1-ന് മുമ്പ് പാർട്ട് ടൈം ടീച്ചർ തസ്തികയിൽ പി.എസ്.സി. വഴി ലഭിച്ച ജോലി ചെയ്തുവരവേ, സർവ്വീസ് ബ്രേക്ക് ഇല്ലാതെ 2013 ഏപ്രിൽ 1-നുശേഷം പി.എസ്.സി. വഴി ഫുൾ ടൈം ടീച്ചർ തസ്തികയിൽ ജോലി ലഭിച്ചവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുണ്ടോ; ഇപ്രകാരമുള്ള ഫുൾടൈം ടീച്ചർമാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുന്നത് പരിശോധിക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽനിന്നും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലേയ്ക്ക് മാറ്റുന്നത് പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന്

വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് 01-04-2013-നുമുമ്പ് പാർട്ട്-ടൈം ആയി സേവനത്തിൽ പ്രവേശിച്ച് തുടർന്നുവരികയും 01-04-2013-നുശേഷം ഫുൾ ടൈം തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ/ബൈപ്രൊമോഷൻ വഴി നിയമനം ലഭിക്കുകയും ചെയ്യുന്ന ജീവനക്കാരെ 16-11-2018-ലെ സ.ഉ.(അ)നം.178/2018/ധന. ഉത്തരവുപ്രകാരം സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുത്താനുള്ള അനുമതി നൽകിയിട്ടുണ്ട്. മറ്റ് വിഭാഗം ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാൻ നടപടി**

85 (472) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി നിയമിച്ചിരുന്ന സമിതി റിപ്പോർട്ടിന്മേലുള്ള സർക്കാരിന്റെ പരിശോധന പൂർത്തിയായിട്ടുണ്ടോ;

(ബി) റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന്

വിശദമാക്കുമോ; സമിതി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ എടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ; സമിതി റിപ്പോർട്ട് പരിശോധിക്കുന്നതിനായി യോഗം ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ യോഗതീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ-ഡി) പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി മേൽ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. റിപ്പോർട്ടിന്മേൽ സർക്കാർ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് പകർപ്പ് ലഭ്യമാക്കുന്നതാണ്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

86 (473) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന മെഡിസെപ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

01-07-2022 മുതൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനായുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുമോ; പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കണമെന്ന് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പുമന്ത്രി 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്) നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും തുടർന്ന്

24-04-2017-ലെ സർക്കാർ ഉത്തരവ് (പി) നം.54/2017/ധന. പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്തു. മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് (RGICL) മുഖാന്തരം 01-08-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-07-2019-ലെ സ.ഉ.(പി)നം.87/2019/ധന. സർക്കാർ ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്യേണ്ടിവന്നു. തുടർന്ന് 15-07-2019-ലെ സ.ഉ.(പി)നം.87/2019/ധന. ഉത്തരവുപ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ, ആരോഗ്യ രംഗത്തെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി, പദ്ധതിയുടെ ചികിത്സാ നിരക്കുകൾ പരിഷ്കരിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കോവിഡ്

പ്രതിസന്ധിക്കിടയിലും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി കുറ്റമറ്റ രീതിയിൽ പ്രാവർത്തികമാക്കാൻ പുതുക്കിയ Request For Proposal (RFP) 15-10-2020-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ RFP-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാൽപ്പര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണെന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരവുപ്രകാരം 15-10-2020-ൽ പ്രസിദ്ധീകരിച്ച RFP റദ്ദാക്കുകയും അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നിബന്ധനകൾ കൂട്ടിച്ചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ RFP 22-01-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ RFP-യിൽ ഉൾപ്പെടുത്തിയ നിബന്ധനയ്ക്കെതിരെ (Special Clause) റിലയൻസ്

ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് (RGICL)ബഹു. ഹൈക്കോടതിക്ക് മുമ്പാകെ റിട്ട് പെറ്റീഷൻ WP(C)No.2938/2021 ഫയൽ ചെയ്തു. ആയത് തള്ളിക്കളഞ്ഞുകൊണ്ട് 29-03-2021-ൽ വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 07-04-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് (RGICL) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ (WA.No.615/2021) ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവുപ്രകാരം അപ്പീലിന്മേലുള്ള അന്തിമവിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ പാടുള്ളൂവെന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ടി അപ്പീലിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വീണ്ടും വാദം കേൾക്കുകയും അനുകൂലമായി ഉത്തരവാകുകയും ചെയ്തതിനെത്തുടർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടികൾ ത്വരിതഗതിയിൽ ആകുകയും 2022 ജൂലൈ ഒന്നിനുതന്നെ പദ്ധതി നടപ്പിലാക്കുന്നതുമാണ്.

(സി) പദ്ധതിയിൽ നാളിതുവരെ എം-പാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

മെഡിസെപ് പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത Oriental Insurance Company Ltd., പദ്ധതിയിലുൾപ്പെടുന്ന ആശുപത്രികളുടെ അന്തിമ എംപാനൽമെന്റ് ലിസ്റ്റ് കൈമാറുന്ന മുറയ്ക്ക് കമ്പനിയുമായി പരസ്പര ഉടമ്പടിയിൽ ഏർപ്പെട്ടശേഷം ഓരോ ജില്ലയിലും മെഡിസെപ് പദ്ധതിക്കായി തെരഞ്ഞെടുത്ത ആശുപത്രികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

## തദ്ദേശ പൊതുസർവ്വീസിന് എകീകൃത സോഫ്റ്റ്‍വെയർ

87 (474) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഞ്ച് വിവിധ വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് രൂപീകരിച്ച തദ്ദേശ പൊതുസർവ്വീസിലെ ഏകദേശം 35000 വരുന്ന ജീവനക്കാരുടെ സേവന-വേതന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ശമ്പള വിതരണത്തിനുമായി സ്പാർക്ക് മാതൃകയിൽ ഒരു ഏകീകൃത സോഫ്റ്റ്‍വെയർ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

പൊതുസർവ്വീസിൽ ഉൾപ്പെടുന്ന മുനിസിപ്പൽ, പഞ്ചായത്ത് ജീവനക്കാർ ഒഴികെയുള്ള വകുപ്പുകളിലെ ജീവനക്കാരുടെ സേവന-വേതന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സ്പാർക്ക് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ

നിലവിലുണ്ട്. 04-08-2020-ലെ G.O.(P) No.103/2020/Fin ഉത്തരവ് (അറ്റാച്ച് ചെയ്യുന്നു) പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, സർക്കാർ ഉടമസ്ഥതയിൽ/നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, ബോർഡുകൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ സേവന-വേതന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്പാർക് മാതൃകയിലുള്ള GSPARK (Grant in Aid Service and Payroll Administrative Repository for Kerala)/UNISPARK (University Service and Payroll Administrative Repository for Kerala) സംവിധാനങ്ങൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മുനിസിപ്പൽ, പഞ്ചായത്ത് ജീവനക്കാർക്ക് GSPARK മുഖേന ശമ്പളം നൽകുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുമുണ്ട്.

(ബി) ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള ശിപാർശ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വകുപ്പുമായി കൂടിയാലോചിച്ച് ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള ശിപാർശ 25-06-2022-ന് ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ശിപാർശ പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാന ജീവനക്കാരുടെ തടഞ്ഞുവച്ചിട്ടുള്ള ആനുകൂല്യങ്ങൾ**

88 (475) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ലീവ് സറണ്ടർ, ഡി.എ. തുടങ്ങിയ ശമ്പളാനുകൂല്യങ്ങൾ തടഞ്ഞുവച്ചിട്ടുള്ളത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ എന്നുമുതലാണ് കുടിശ്ശിക വന്നിട്ടുള്ളതെന്ന് അറിയിക്കാമോ; ജീവനക്കാർക്ക് എന്നുമുതൽ പ്രസ്തുത ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ നൽകിത്തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2020-21 സാമ്പത്തിക വർഷം കോവിഡ്-19-ന്റെ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്റെ ഭാഗമായി 16-04-2020-ലെ സ.ഉ.(പി) നം. 42/2020/ധന. ഉത്തരവുപ്രകാരം എല്ലാ വിഭാഗം ജീവനക്കാരുടെയും

ആർജ്ജിതാവധി വാർഷിക സറണ്ടർ ആനുകൂല്യം ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തേയ്ക്ക് മരവിപ്പിച്ചുകൊണ്ട് ഉത്തരവായി. 17-04-2020-ലെ സ.ഉ. (പി) നം. 43/2020/ധന. പ്രകാരം സർവ്വകലാശാലകൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, വെൽഫയർ ബോർഡുകൾ, അപ്പെക്സ് സൊസൈറ്റികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കും ടി ഉത്തരവ് ബാധകമാക്കി. 27-04-2020-ലെ സ.ഉ.(പി) നം. 49/2020/ധന. പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർ, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ എന്നിവരെ ടി ഉത്തരവിന്റെ പരിധിയിൽനിന്ന് ഒഴിവാക്കി. 17-07-2020-ലെ സ.ഉ. (പി) നം. 94/2020/ധന. ഉത്തരവുപ്രകാരം ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം മരവിപ്പിച്ച നടപടി 15-09-2020 വരെ ദീർഘിപ്പിച്ചു. മേൽ ഉത്തരവുകൾപ്രകാരം മാറ്റിവച്ചിരുന്ന സറണ്ടർ ആനുകൂല്യം പി.എഫ്.-ൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മുതൽ അനുവദിക്കാവുന്നതാണെന്നും ടി തുക 2020 ജൂൺ 1 മുതൽ പി.എഫ്.-ൽ നിന്ന് പിൻവലിക്കാവുന്നതാണെന്നും 05-11-2020-ലെ സ.ഉ. (പി) നം. 152/2020/ധന. പ്രകാരം ഉത്തരവായി. 26-07-2021-ലെ സ.ഉ. (പി) നം. 104/2021/ധന., 01-12-2021-ലെ സ.ഉ.(പി) നം. 160/2021/ധന.

എന്നിവപ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ മരവിപ്പിച്ചിരുന്നു. ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ്, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവരെ ടി സർക്കാർ ഉത്തരവുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിയിരുന്നു. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള വ്യയനിയന്ത്രണ നടപടികളുടെ ഭാഗമായി 30-03-2022-ലെ സ.ഉ. (പി). നം. 39/2022/ധന., 13-06-2022-ലെ സ.ഉ. (പി) നം. 64/2022/ധന. ഉത്തരവുകൾപ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി വാർഷിക സറണ്ടർ 30-09-2022 വരെ മരവിപ്പിച്ചിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവരെയും 20-05-2022-ലെ സ.ഉ. (പി). നം. 53/2022/ധന. പ്രകാരം മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിലെ ഓഫീസ് അറ്റൻഡന്റ്, കുക്ക് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവരെയും ടി സർക്കാർ ഉത്തരവുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും 2020 ജൂലൈ മാസംവരെയുള്ള ഡി.എ. അനുവദിച്ചിട്ടുണ്ട്. 01-01-2021

മുതലുള്ള ഡി.എ. കണക്കാക്കിയിട്ടില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികളും ആർജ്ജിതാവധി സറണ്ടർ പൂർണ്ണമായി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ അഖിലേന്ത്യാ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് മാത്രം യഥാസമയങ്ങളിൽ ഡി.എ. പോലുള്ള ആനുകൂല്യങ്ങൾ നൽകുകയും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ഒഴിവാക്കുന്നതായും പറയപ്പെടുന്ന നടപടി വിവേചനപരമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുനഃപരിശോധിക്കുമോ?

സംസ്ഥാനത്തെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാരിന്റെ ഉത്തരവില്ലാതെ, കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിക്കുന്നതനുസരിച്ചാണ് ഡി.എ. ലഭിച്ചുകൊണ്ടിരുന്നത്. ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അഖിലേന്ത്യാ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരെ സർക്കാർ ഉത്തരവിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് 26-04-2022-ലെ സ.ഉ. 47/2022/ധന. ഉത്തരവ്

പുറപ്പെടുവിച്ചത്.

(ഡി) സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകർക്ക് അവസാനമായി ക്ഷാമബത്ത വർദ്ധിപ്പിച്ചുനൽകിയത് എന്നാണ്; ഇനി എത്ര ഗഡു കുടിശ്ശികയുണ്ട്; വിശദാംശങ്ങൾ നൽകാമോ?

08-02-2021-ലെ സ.ഉ.(പി)നം. 25/2021/ധന. ഉത്തരവുപ്രകാരം സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകർക്ക് 01-07-2019 വരെയുള്ള ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം 01-01-2020, 01-07-2020 എന്നീ പ്രാബല്യത്തീയതികളിലുള്ള കേന്ദ്ര സർക്കാർ മരവിപ്പിച്ച ക്ഷാമബത്താ ഗഡുക്കൾ അനുവദിച്ചിട്ടില്ല.

(ഇ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും 2021 ജനുവരി മുതൽ നൽകാനുള്ള ക്ഷാമബത്ത എന്ന് നൽകുമെന്ന് ഉറപ്പുപറയാമോ?

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം എന്നുമുതൽ പുനഃസ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇത് മുൻകാല പ്രാബല്യത്തോടെ കുടിശ്ശിക സഹിതം സറണ്ടർ ചെയ്യുന്നതിന്

അനുവദിക്കുമോ; വിശദമാക്കാമോ?

വിവിധ സർക്കാർ ഉത്തരവുകൾപ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ 30-09-2022 വരെ ചില വ്യവസ്ഥകൾക്ക് വിധേയമായി മരവിപ്പിച്ചിരിക്കുകയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ പൂർണ്ണമായി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മെഡിസെപ്

89 (476) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മെഡിസെപ് പദ്ധതിയുടെ വിവരശേഖരണം പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മെഡിസെപ് പദ്ധതിയുടെ രണ്ടാംഘട്ട വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം

ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കണമെന്ന് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്) നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും തുടർന്ന് 24-04-2017-ലെ സർക്കാർ ഉത്തരവ് (പി) നം.54/2017/ധന. പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്തു. മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് (RGICL) മുഖാന്തരം 01-08-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-07-2019-ലെ സ.ഉ.(പി)നം.87/2019/ധന. സർക്കാർ ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും RFP (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ

പാലിക്കുന്നതിൽ വീഴ്ചവരുത്തിയ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്റ്റ് റദ്ദ് ചെയ്യേണ്ടിവന്നു. തുടർന്ന് 15-07-2019-ലെ സ.ഉ(പി)നം.87/2019/ധന. ഉത്തരവുപ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ, ആരോഗ്യ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി, പദ്ധതിയുടെ ചികിത്സാ നിരക്കുകൾ പരിഷ്കരിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കോവിഡ് പ്രതിസന്ധിക്കിടയിലും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി കുറ്റമറ്റ രീതിയിൽ പ്രാവർത്തികമാക്കാൻ പുതുക്കിയ RFP 15-10-2020-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ RFP-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാൽപ്പര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണെന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരവുപ്രകാരം 15-10-2020-ൽ പ്രസിദ്ധീകരിച്ച RFP റദ്ദാക്കുകയും അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ

അടിസ്ഥാനത്തിലുള്ള നിബന്ധനകൾ കൂട്ടിച്ചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ RFP 22-01-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ RFP-യിൽ ഉൾപ്പെടുത്തിയ നിബന്ധനയ്ക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് (RGICL) ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുമ്പാകെ റിട്ട് പെറ്റീഷൻ WP(C)No.2938/2021 ഫയൽ ചെയ്തു. ആയത് തള്ളിക്കളഞ്ഞുകൊണ്ട് 29-03-2021-ൽ വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 07-04-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് (RGICL) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ (WA.No.615/2021) ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവുപ്രകാരം അപ്പീലിന്മേലുള്ള അന്തിമവിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ പാടുള്ളൂവെന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ടി അപ്പീലിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വീണ്ടും വാദം

കേൾക്കുകയും അനുകൂലമായി ഉത്തരവാകുകയും ചെയ്തതിനെത്തുടർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടികൾ ത്വരിതഗതിയിലാകുകയും 2022 ജൂലൈ ഒന്നുമുതൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) മെഡിസെപ് പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

01-07-2022 മുതൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

**മെഡിസെപ് പദ്ധതി**

90 (477) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മെഡിസെപ് പദ്ധതി എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

2022 ജൂലൈ ഒന്നുമുതൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനായുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) മെഡിസെപ് പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട കോഴിക്കോട് ജില്ലയിലെ ആശുപത്രികളുടെ പട്ടിക ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ല ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലെയും എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളുടെ പട്ടിക കമ്പനിയുമായി സർക്കാർ കരാറിൽ ഒപ്പുവച്ചശേഷം പ്രസിദ്ധീകരിക്കുന്നതാണ്.

**പങ്കാളിത്ത പെൻഷൻ**

91 (478) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ (എൻ.പി.എസ്.) സ്കീമിലുള്ള ജീവനക്കാർക്ക് പെൻഷൻ റിവിഷൻ, ഫാമിലി പെൻഷൻ, ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, പെൻഷൻ ഡി.ആർ., ആശ്രിത നിയമനം, ഇൻവാലിഡ് പെൻഷൻ, എക്സ്ഗ്രേഷ്യ പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ ലഭിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷനിലും സ്റ്റാറ്റ്യൂട്ടറി പെൻഷനിലും ഉൾപ്പെട്ട സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന പെൻഷൻ ആനുകൂല്യങ്ങളിലുള്ള വ്യത്യാസം എന്തൊക്കെയാണ്?

(എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം III ബാധകമല്ല. ആയതിനാൽത്തന്നെ ഈ വിഭാഗത്തിന് കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾക്കൊന്നും അർഹതയില്ല. എന്നാൽ ആശ്രിത നിയമനം ലഭിക്കുന്നതാണ്. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഒരു ജീവനക്കാരൻ വിരമിക്കുന്ന സമയത്ത് ടിയാൾ തെരഞ്ഞെടുക്കുന്ന ആന്വിറ്റി സർവ്വീസ് പ്രൊവൈഡറിൽ ആന്വിറ്റിയായി നിക്ഷേപിക്കുന്ന തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാകുക.

**മെഡിസെപ് പദ്ധതി**

92 (479) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; പ്രമുഖ സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽ ചേരാൻ വിസമ്മതിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

01-07-2022 മുതൽ പദ്ധതി നടപ്പാക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു. ചില സ്വകാര്യ ആശുപത്രികൾ പദ്ധതിയുമായി

സഹകരിക്കുന്നതിന് തടസ്സം ഉന്നയിച്ചിട്ടുണ്ടെന്ന വിവരം ഇൻഷ്വറൻസ് കമ്പനി സർക്കാരിനെ അറിയിച്ചതിനെത്തുടർന്ന് ടി ആശുപത്രികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിന് മന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

08-06-2022-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും ധന, ആരോഗ്യ വകുപ്പ് സെക്രട്ടറിതലത്തിലും സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിനുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

2022 ജൂലൈ ഒന്നുമുതൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

**മെഡിസെപ് പദ്ധതി**

93 (480) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കുന്ന മെഡിസെപ് പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ?

സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പരിഷ്ക്കരിച്ച ചികിത്സാ പദ്ധതികളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നിബന്ധനകളും ഉൾപ്പെടുത്തി പരിഷ്ക്കരിച്ച Request For Proposal (RFP) 22-01-2021-ൽ പ്രസിദ്ധീകരിച്ച് റീ-ടെണ്ടർ നടപടി ആരംഭിച്ചിരുന്നു. കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ

ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ/പെൻഷൻകാർ/ കുടുംബ പെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കും അവയ്ക്ക് അനുബന്ധമായി വരുന്ന ഡേകെയർ ചികിത്സാ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടിവരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്നുവില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic), രോഗാനുബന്ധ ഭക്ഷണച്ചെലവുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും. നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ ജീവന് ഭീഷണിയുള്ള അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ

ചികിത്സയ്ക്കും പദ്ധതിയിൻകീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്.

പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കും പ്രകാരമായിരിക്കും.

(i) അടിസ്ഥാന പരിരക്ഷ - പദ്ധതിയുടെ കീഴിൽവരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്ന് വർഷത്തെ പോളിസി പീരിഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യംവരാത്തപക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക് പീരിഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്.

(ii) മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി

രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര രൂപയാണ് പ്രതിമാസം ജീവനക്കാരിൽനിന്ന് ഈടാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ?

പദ്ധതിയിൽ ഉപഭോക്താക്കളായി നിശ്ചയിച്ചിട്ടുള്ള ജീവനക്കാരും പെൻഷൻകാരും പ്രതിമാസം 500/-രൂപയാണ് പ്രീമിയം ഇനത്തിൽ അടയ്ക്കേണ്ടത്. സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് മെഡിസെപ് നടപ്പിൽ വരുത്തുന്നത്.

(സി) പ്രസ്തുത പദ്ധതിയിൽ ലിസ്റ്റ് ചെയ്യപ്പെട്ട ആശുപത്രികളുടെ വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

എംപാനൽമെന്റ് ലിസ്റ്റ് കൈമാറുന്ന മുറയ്ക്ക് കമ്പനിയുമായി സർക്കാർ പരസ്പര ഉടമ്പടിയിൽ ഏർപ്പെട്ടശേഷം ഓരോ ജില്ലയിലും മെഡിസെപ് പദ്ധതിക്കായി തെരഞ്ഞെടുത്ത ആശുപത്രികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്തിന് പുറത്തുള്ള

ആശുപത്രികളിൽ ചികിൽത്സാ സഹായം ലഭ്യമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്തിന് പുറത്തുള്ള, പദ്ധതിയുമായി എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ ചികിത്സാ സഹായം ലഭ്യമാണ്. എംപാനൽമെന്റ് ലിസ്റ്റ് കൈമാറുന്ന മുറയ്ക്ക് കമ്പനിയുമായി പരസ്പര ഉടമ്പടിയിൽ ഏർപ്പെട്ടശേഷം മെഡിസെപ് പദ്ധതിക്കായി തെരഞ്ഞെടുത്ത ആശുപത്രികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

94 (481) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിപ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽനിന്നും ലഭ്യമായ അപേക്ഷകളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള

കണക്കുകൾ ലഭ്യമല്ല.

(ബി) എത്ര അപേക്ഷകൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഇതിനകം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ ഇതുവരെ 21,085 അപേക്ഷകർക്കായി ആകെ 208.92 കോടി രൂപ സർക്കാർ സഹായമായി അനുവദിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി വരും വർഷങ്ങളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഈ പദ്ധതി തുടരുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കുള്ള സാമ്പത്തികാനുമതി**

95 (482) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പ് അനുമതി നൽകാത്തതിനാൽ ഭരണാനുമതിക്ക് തടസ്സം നേരിടുന്ന സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് ധനവകുപ്പിന്റെ അനുമതിയോടുകൂടി ഭരണാനുമതി നൽകുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സുപ്രധാന പാതയായ ചാത്തന്നൂർ-പരവൂർ-പാരിപ്പള്ളി റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ അനുമതിയുണ്ടാകണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

10 കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളതും 2 കോടി രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുള്ളതുമായ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സുപ്രധാന പാതയായ ചാത്തന്നൂർ - പരവൂർ - പാരിപ്പള്ളി റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്ന പ്രൊപ്പോസൽ 05-05-2022-ലെ ഭരണാനുമതി കമ്മിറ്റി പരിശോധിക്കുകയും എസ്റ്റിമേറ്റ് തുക 5 കോടിയിൽ അധികരിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രൊപ്പോസൽ വിശദമായ പരിശോധനയ്ക്ക് പ്രത്യേകം ഫയലായി സമർപ്പിക്കാൻ തീരുമാനിക്കുകയുമുണ്ടായി. ഇപ്രകാരം

ഭരണ വകുപ്പ് ഫയൽ ലഭിക്കുന്ന മുറയ്ക്ക് പ്രൊപ്പോസൽ പരിശോധിച്ച് അനുവദിക്കുന്നതാണ്.

## എസ്.സി.-എസ്.ടി. വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണത്തിനായി വകയിരുത്തിയ തുക

96 (485) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ 2021-22 സാമ്പത്തിക വർഷംവരെ എസ്.സി. വിഭാഗത്തിനും എസ്.ടി. വിഭാഗത്തിനും ഭവന നിർമ്മാണത്തിനായി എത്ര രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്; ഏതൊക്കെ ശീർഷകത്തിലാണ് പ്രസ്തുത തുകകൾ വകയിരുത്തിയിട്ടുള്ളത്; ഓരോ ശീർഷകത്തിലും എത്ര രൂപ വീതം ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

2016-17 മുതൽ 2021-22 സാമ്പത്തിക വർഷംവരെ എസ്.സി. വിഭാഗത്തിനും എസ്.ടി. വിഭാഗത്തിനും ഭവന നിർമ്മാണത്തിനായി ബഡ്ജറ്റിൽ വിവിധ ശീർഷകങ്ങളിലായി വകയിരുത്തിയ തുകയും ടി ശീർഷകങ്ങളിലെ ആ വർഷങ്ങളിലെ ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

<table>
<tr><td colspan="5" align="right">(തുക കോടി രൂപയിൽ)</td></tr>
<tr><td colspan="5" align="center">പട്ടികജാതി വികസന വകുപ്പ്</td></tr>
<tr><td rowspan="2">സാമ്പത്തിക വർഷം</td><td colspan="2">ശീർഷകം<br>2225-01-283-89 -<br>ഭവനരഹിതർക്ക് ഭവനം</td><td colspan="2">ശീർഷകം<br>2225-01-283-84-<br>ലൈഫ് മിഷൻ പദ്ധതിയനുസരിച്ച് പട്ടികജാതിക്കാർക്കുള്ള ഭവന പദ്ധതി</td></tr>
<tr><td>ബജറ്റിൽ വകയിരുത്തിയ തുക (അധിക ധനാനുമതി / ധനപുന:വിനിയോഗം ഉൾപ്പെടെ)</td><td>ചെലവായ തുക</td><td>ബജറ്റിൽ വകയിരുത്തിയ തുക (അധിക ധനാനുമതി / ധനപുന:വിനിയോഗം ഉൾപ്പെടെ)</td><td>ചെലവായ തുക</td></tr>
<tr><td>2016-17</td><td>373.62<br>(ബജറ്റ് വിഹിതം: 265.00 ധനപുന:വിനിയോഗം: 107.64<br>അധിക ധനാനുമതി: 0.98)</td><td>373.62</td><td>0.00</td><td>0.00</td></tr>
<tr><td>2017-18</td><td>575.00<br>(ബജറ്റ് വിഹിതം: 500.00<br>ധനപുന:വിനിയോഗം: 75.00)</td><td>568.73</td><td>0.00</td><td>0.00</td></tr>
<tr><td>2018-19</td><td>436.60<br>(ബജറ്റ് വിഹിതം: 380.00<br>അധിക ധനാനുമതി: 56.60)</td><td>436.60</td><td>0.00</td><td>0.00</td></tr>
<tr><td>2019-20</td><td>200.00</td><td>132.88</td><td>400.00</td><td>0.00</td></tr>
<tr><td>2020-21</td><td>270.00<br>(ബജറ്റ് വിഹിതം: 200.00</td><td>269.66</td><td>300.00</td><td>245.00</td></tr>
</table>

| | | | | |
|---|---|---|---|---|
| | ധനപുന:വിനിയോഗം: 70.00) | | | |
| 2021-22 | 243.48<br>(ബജറ്റ് വിഹിതം:<br>200.00<br>അധിക ധനാനുമതി:<br>43.48) | 243.48** | 300.00 | 278.00** |
| | | | | |
| **പട്ടികവർഗ്ഗ വികസന വകുപ്പ്** | | | | |
| | **ശീർഷകം**<br>2225-02-283-89 –<br>ഭവനരഹിതർക്ക് ഭവനം | | **ശീർഷകം**<br>2225-02-283-83 –<br>ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം – ലൈഫ് മിഷൻ | |
| സാമ്പത്തിക വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവായ തുക | ബജറ്റിൽ വകയിരുത്തിയ തുക | ചെലവായ തുക |
| 2016-17 | 50.00 | 46.15 | 0.00 | 0.00 |
| 2017-18 | 115.08 | 114.82 | 0.00 | 0.00 |
| 2018-19 | 138.52<br>(ബജറ്റ് വിഹിതം:<br>127.00<br>ധനപുന:വിനിയോഗം:<br>11.52) | 137.81 | 0.00 | 0.00 |
| 2019-20 | 87.20<br>(ബജറ്റ് വിഹിതം:<br>57.20<br>ധനപുന:വിനിയോഗം:<br>30.00) | 76.08 | 102.00 | 64.46 |

| | | | | |
|---|---|---|---|---|
| 2020-21 | 62.20 (ബജറ്റ് വിഹിതം: 57.20 ധനപുന:വിനിയോഗം: 5.00) | 61.58 | 140.00 | 140.00 |
| 2021-22 | 57.20 | 51.296** | 140.00 | 140.00** |

## ഇരിക്കൂർ മണ്ഡലത്തിലെ അനുമതി ലഭിച്ച പദ്ധതികൾ

97 (486) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 മുതൽ 2021-2022 വരെയുള്ള കാലയളവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തി അനുമതി നൽകിയിട്ടുള്ളതെന്നും എത്ര തുകയാണ് വകയിരുത്തിയതെന്നും വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പദ്ധതികളുടെ പുരോഗതി വിവരവും ലഭ്യമാക്കുമോ?

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## മാട്ടായ-പറയൻതുരുത്ത് പാലം നിർമ്മാണം

98 (487) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെയും ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയ തുതപ്പുഴയ്ക്ക് കുറുകെ ഏലംകുളം ഗ്രാമ പഞ്ചായത്തിലെ മാട്ടായ-പറയൻതുരുത്ത് പാലം നിർമ്മാണത്തിന് ഫണ്ട് വകയിരുത്താൻ ധന വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

മാട്ടായ-പറയൻതുരുത്ത് പാലം നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പഠനത്തിനായി 9.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭാഗത്ത് സ്ഥലപരിശോധന നടത്തിയതിൽ ഇരു പഞ്ചായത്തുകളും വ്യത്യസ്ത സ്ഥലങ്ങളാണ് പാലം നിർമ്മാണത്തിന് അനുയോജ്യമായി കാണിച്ചിട്ടുള്ളത്. ആയതിനാൽ ടി സ്ഥലങ്ങളിൽ എവിടെയാണ് പാലം നിർമ്മാണത്തിന് സുഗമമായി സ്ഥലം ലഭ്യമാകുന്നതെന്ന തീരുമാനത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് പൊതുമരാമത്ത് (പാലങ്ങൾ) ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോടിന്റെ നവീകരണം

99 (488) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട കുണ്ടൂർ തോട് നവീകരണത്തിന് ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 15 കോടി രൂപ അനുവദിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയിരുന്നോ; വിശദമാക്കാമോ?

2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടി പ്രസംഗത്തിന്റെ ഖണ്ഡിക 32-ൽ കുണ്ടൂർ തോട് നവീകരണത്തിന് 15 കോടി രൂപ അനുവദിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും പുതുക്കിയ ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ടോ?

പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും പുതുക്കിയ ഭരണാനുമതിയും ലഭ്യമായിട്ടുണ്ട്.

(സി) ഭരണാനുമതിയും പുതുക്കിയ ഭരണാനുമതിയും സർവ്വേ നടപടികളും പൂർത്തീകരിച്ച ഈ പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

27-10-2016-ലെ സ.ഉ.(സാധാ)നം.846/2016/ജ.വി.വ. പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ച ടി പദ്ധതിയുടെ 08-09-2021-ൽ കിഫ്ബിക്ക് സമർപ്പിച്ച ഡി.പി.ആർ, "50000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തിന്മേൽ 65000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി അംഗീകരിച്ച സാഹചര്യത്തിൽ കിഫ്ബി അംഗീകരിച്ചിട്ടും പ്രവൃത്തി തുടങ്ങാത്തതും/നടപ്പിലാക്കാൻ സാധിക്കാത്തതുമായ പദ്ധതികൾ ഒഴിവാക്കുന്ന കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് മുൻഗണനാടിസ്ഥാനത്തിൽ കൂടുതൽ പദ്ധതികൾ പരിഗണിക്കുന്നതാണ്" എന്ന തീരുമാനത്തോടെ മടക്കിയിട്ടുള്ളതാണ്. ടി വിവരം 19-10-2021-ലെ WRD010-08-DPR-01 കത്ത് മുഖേന ഭരണവകുപ്പിനെ അറിയിച്ചിട്ടുള്ളതുമാണ്.

(ഡി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത്, തെന്നല പഞ്ചായത്ത്, തിരൂരങ്ങാടി നഗരസഭ, താനൂർ മണ്ഡലത്തിലെ ഒഴൂർ പഞ്ചായത്ത് എന്നിവിടങ്ങളിലെ കുടിവെള്ളത്തിനും കൃഷിക്കും ആശ്രയിക്കുന്ന പ്രധാന ജലസ്രോതസ്സാണ് കുണ്ടൂർ തോട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കുണ്ടൂർ തോട് നവീകരണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന്

സർക്കാർ നടപടി സ്വീകരിക്കുമോ?

(ഡി & ഇ) കുണ്ടൂർ തോട് നവീകരണ പദ്ധതിയുടെ ഡി.പി.ആർ., പദ്ധതിനിർവ്വഹണ ഏജൻസിക്ക് മടക്കിയ സാഹചര്യത്തിൽ പദ്ധതി റിപ്പോർട്ടിന്മേൽ അവലോകനമൊന്നും കിഫ്ബി നടത്തിയിട്ടില്ല.

**ബഡ്ജറ്റിൽ തുക വകയിരുത്തിയ പ്രവൃത്തികൾ**

100 (489) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ 2016-17, 2017-18, 2019-20 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പ്രഖ്യാപിക്കുകയും 20 ശതമാനം തുക വകയിരുത്തുകയും ചെയ്ത പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ 2016-17, 2017-18, 2019-20 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പ്രഖ്യാപിക്കുകയും 20 ശതമാനം തുക വകയിരുത്തുകയും ചെയ്ത പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം-I+ ആയി ചേർത്തിരിക്കുന്നു.

(ബി) ഇവയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതിയുടെ പകർപ്പ് അനുബന്ധം-I+-നൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

## 20% പ്രൊവിഷൻ അനുവദിച്ചിട്ടുള്ള വർക്കുകളുടെ ഭരണാനുമതി

101 (490) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ 20% പ്രൊവിഷൻ അനുവദിച്ചിട്ടുള്ള വർക്കുകളുടെ ഭരണാനുമതി സംബന്ധിച്ച നടപടിക്രമങ്ങളുടെ പൂർത്തീകരണത്തിനും ഭരണാനുമതി ലഭിക്കുന്നതിനും വകുപ്പ് സമയപരിധി നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ/മാർഗ്ഗനിർദ്ദേശത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) സമയപരിധി നിഷ്കർഷിച്ചിട്ടില്ല.

## ക്ഷേമനിധി ആനുകൂല്യങ്ങളും പെൻഷനും

102 (491) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വിവിധ ക്ഷേമനിധികളിൽ അംഗത്വമെടുത്ത തൊഴിലാളികൾ അസുഖം, അപകടം, മാരക രോഗങ്ങൾ, കോവിഡ് മഹാമാരി, സാമ്പത്തിക പ്രയാസം തുടങ്ങിയ വിവിധ കാരണങ്ങളാൽ അംഗത്വം പുതുക്കാൻ സാധിക്കാത്തതുകൊണ്ടും പെൻഷൻ അപേക്ഷ, മറ്റ് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ എന്നിവ യഥാസമയം നൽകാൻ കഴിയാത്തതുകൊണ്ടും പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാതെ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് മാനുഷിക പരിഗണന നൽകി അംഗത്വം പുതുക്കുന്നതിനും ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും അവസരം നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

(എ&ബി) വിവിധ ക്ഷേമനിധികളിൽ അംഗത്വമെടുത്ത തൊഴിലാളികൾക്ക് അസുഖം, അപകടം, മാരക രോഗങ്ങൾ, കോവിഡ് മഹാമാരി, സാമ്പത്തിക പ്രയാസം തുടങ്ങിയ വിവിധ കാരണങ്ങളാൽ അംഗത്വം പുതുക്കാൻ സാധിക്കാതെ, പെൻഷൻ അപേക്ഷ, മറ്റ് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ എന്നിവ യഥാസമയം നൽകാൻ കഴിയാതെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാത്ത

സാഹചര്യമുള്ളപക്ഷം പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെടുത്തി ഭരണ വകുപ്പിൽനിന്നും ശിപാർശ ധനവകുപ്പിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ക്ഷേമ പെൻഷനിലെ ഇരട്ടിപ്പ്

103 (492) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വ്യക്തിതന്നെ ഒന്നിലേറെ ക്ഷേമപെൻഷൻ വാങ്ങുന്നവരുടെ പട്ടികയിൽ ഉൾപ്പെട്ടതിനാൽ ഒരു പെൻഷനും ലഭിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നത് എങ്ങനെയെന്ന് വിശദമാക്കുമോ; ഈ വിഷയം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) രണ്ടിൽ കൂടുതൽ ക്ഷേമ പെൻഷനുകൾ (സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷൻ), ഇ.പി.എഫ്. പെൻഷനുപുറമെ ഒന്നിൽ കൂടുതൽ ക്ഷേമ പെൻഷനുകൾ അനർഹമായി വാങ്ങിവന്നവരുടെ പെൻഷൻ സസ്പെന്റ് ചെയ്തിരുന്നു. ഇത്തരക്കാരുടെ അർഹതപ്പെട്ട പെൻഷൻ/പെൻഷനുകൾ പുനഃസ്ഥാപിക്കുന്നതിനായി 02-08-2021-ലെ

നം.62/2021/ധന., 09-02-2022-ലെ നം.07/2022/ധന. എന്നീ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം അർഹതപ്പെട്ടവർക്ക് പെൻഷൻ പുനഃസ്ഥാപിച്ചുനൽകുന്നുണ്ട്.

**സാമൂഹിക സുരക്ഷാ പെൻഷൻ ബോർഡിന് കുടിശ്ശിക**

104 (493) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷാ പെൻഷൻ ബോർഡിന് നാളിതുവരെ പെൻഷൻ നൽകുന്നതിനായി എത്ര കോടി രൂപ നൽകിയെന്ന് വിശദമാക്കാമോ?

ഇത്തരത്തിൽ ഒരു ബോർഡ് നിലവിലില്ല.

(ബി) പെൻഷൻ നൽകിയ ഇനത്തിൽ ഈ ബോർഡിന് എത്ര രൂപ കുടിശ്ശികയായുണ്ടെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**ധനകാര്യ വകുപ്പിന്റെ ചെലവ് ചുരുക്കൽ നടപടി**

105 (494) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെലവ് ചുരുക്കലിന്റെ ഭാഗമായി കഴിഞ്ഞ 6 മാസമായി ഏതൊക്കെ പ്രൊപ്പോസലുകളാണ് ധനകാര്യ വകുപ്പ് തടഞ്ഞുവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് കാലാകാലങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ നിയന്ത്രണങ്ങൾക്കപ്പുറം ചെലവുചുരുക്കലിന്റെ ഭാഗമായി പ്രൊപ്പോസലുകളൊന്നും ധനകാര്യവകുപ്പിൽ തടഞ്ഞുവച്ചിട്ടില്ല. എന്നാൽ ദൈനംദിന ക്യാഷ് മാനേജ്മെന്റിനുവേണ്ടി ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

106 (495) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധനകാര്യവകുപ്പ് സെക്രട്ടറി സർക്കാരിന് സമർപ്പിച്ച ഏറ്റവും പുതിയ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ; അപ്രകാരം സമർപ്പിച്ചിട്ടില്ലെങ്കിൽ, നിലവിലെ സാമ്പത്തിക സ്ഥിതിഗതികൾ, ബാധ്യതകളും - സാധ്യതകളും എന്നിവ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധനകാര്യവകുപ്പ് സെക്രട്ടറി സർക്കാരിന് ഔദ്യോഗികമായി കുറിപ്പുകളൊന്നും സമർപ്പിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾപ്രകാരം 2021-22 സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

| ഇനം | രൂപ (കോടിയിൽ) |
|---|---|
| റവന്യൂ വരുമാനം (ചരക്കുസേവന നികുതി നഷ്ടപരിഹാര വായ്പ 8739.31 കോടി രൂപ ഉൾപ്പെടെ) | 125285.81 |
| മൂലധന വരുമാനം | 34691.86 |
| ആകെ വരുമാനം | 159977.67 |
| ആകെ ചെലവ് | 160065.11 |

| | |
|---|---|
| റവന്യൂകമ്മി | -17842.83 |
| ധനകമ്മി | -34046.6 |

(ബി) സാമ്പത്തിക സ്ഥിതി പ്രതിസന്ധിയിലാണെങ്കിൽ ആയതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ; സംസ്ഥാനം ഏതെല്ലാം നിലയിൽ പ്രതിസന്ധി നേരിടുന്നുണ്ടെന്നും വ്യക്തമാക്കാമോ?

പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്കുസേവന നികുതി നടപ്പിലാക്കിയതും യുക്തിരഹിതമായ നികുതി നിരക്ക് നിർണ്ണയവും ചരക്കുസേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി വെട്ടിക്കുറയ്ക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്രസർക്കാർ തുടർന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക

ഞെരുക്കം സൃഷ്ടിച്ചിരുന്നു. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര നികുതി വിഹിതത്തിൽ വന്നിട്ടുള്ള കുറവും ചരക്കുസേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിലുള്ള അനിശ്ചിതാവസ്ഥയും റവന്യൂകമ്മി ഗ്രാന്റിൽ വന്നിട്ടുള്ള ഗണ്യമായ ഇടിവും സർക്കാരിനുകീഴിലെ സ്ഥാപനങ്ങളുടെ വായ്പകൾ ചൂണ്ടിക്കാട്ടി നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നാളിതുവരെ കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകാത്തതും സ്ഥിതി വഷളാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാണോ; എങ്കിൽ എന്തെല്ലാം അടിസ്ഥാനപ്പെടുത്തിയാണ് ഇത് അവകാശപ്പെടുന്നതെന്ന് വിശദമാക്കാമോ; സംസ്ഥാനത്ത് ധവളപത്രം പുറപ്പെടുവിക്കാനുള്ള ഏതെങ്കിലും തരത്തിലുള്ള സാഹചര്യം നിലവിലുണ്ടോ, ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിയെത്തുടർന്ന് നിശ്ചലാവസ്ഥയിലായ സമ്പദ്‌വ്യവസ്ഥ അതിൽനിന്നും ക്രമേണ മുക്തമായി തുടങ്ങുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്നും അതുകൊണ്ടുതന്നെ നിലവിലെ ബാധ്യതകൾ സർക്കാരിന്റെ

തുടർന്നുള്ള പ്രയാണത്തിൽ വിഘാതമാകുകയില്ലെന്നുമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ താമസിയാതെ അനുവദിച്ചു നൽകുമെന്നും പ്രതീക്ഷിക്കുന്നു. ടി കാരണങ്ങളാൽ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധവളപത്രം പുറത്തിറക്കേണ്ടതായ സാഹചര്യം നിലവിലില്ല.

## സംസ്ഥാനത്തിന്റെ പൊതുകടം

107 (496) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ച് വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കടബാധ്യത വികസനപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നത് തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിക്കുള്ളിൽ

നിന്നുകൊണ്ടുമാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്കുപുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്കുപുറമേ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനവും കടബാധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ് നടപ്പ് വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇതിനുപുറമേ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധികവായ്പാ പരിധിയും ലഭിക്കുന്നതാണ്. 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ്പ്രകാരം സംസ്ഥാനത്തിന്റെ കടവും മൊത്തം

അഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം 36.98% ആകുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾപ്രകാരം 2021-22-ലെ സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതത്തിൽ 0.14 ശതമാനത്തിന്റെ നേരിയ കുറവ് വന്നിട്ടുണ്ടെന്നുള്ളതും ശ്രദ്ധേയമാണ്.

സമ്പദ്‌വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ അത് സാധ്യമാക്കുകയെന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യച്ചെലവുകൾ ഒഴിവാക്കിയും റവന്യൂകമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം

ആഭ്യന്തരോൽപ്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(സി) 2022 മേയ് 31 വരെയുള്ള കണക്കുകൾപ്രകാരം പൊതുകടം എത്രയെന്ന് അറിയിക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുപ്രകാരം 31-03-2022 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 2,19,974.55 കോടി രൂപയാണ്.

(ഡി) 2016 സാമ്പത്തിക വർഷം മുതൽ എത്ര കോടി രൂപ കടമെടുക്കേണ്ടതായി വന്നിട്ടുണ്ട്; ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നാണ് കടം ലഭിച്ചത്; ഓരോ സ്ഥാപനത്തിൽ നിന്നും ലഭിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷംവരെ (2021-22-ലെ താൽക്കാലിക കണക്കുകൾ ഉൾപ്പെടെ) അഭ്യന്തര വായ്പാ ഇനത്തിലും കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പാ

ഇനത്തിലും പി.എഫ്, ലഘുസമ്പാദ്യങ്ങൾ എന്നിവയിൽ നിന്നുള്ള വായ്പാ ഇനത്തിലും എടുത്തിട്ടുള്ള വായ്പ (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| **വർഷം** | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| അഭ്യന്തര വായ്പ | 15772.46 | 17231.81 | 15490.50 | 14969.00 | 24514.06 | 20317.49 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ | 379.43 | -130.15 | -240.58 | 1436.77 | *527.45 | *-24.67 |
| പി.എഫ്., ലഘു സമ്പാദ്യ പദ്ധതികൾ മുതലായവ | 12931.65 | 7206.83 | 9619.21 | 8274.11 | 11547.96 | 15096.92 |
| **ആകെ** | 29083.54 | 24308.49 | 24869.13 | 24679.88 | 36589.48 | 35389.74 |

(*2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ടി. നഷ്ടപരിഹാര ഇനത്തിൽ തിരിച്ചടയ്ക്കേണ്ടതല്ലാത്ത വായ്പയായി കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമായ തുക ഇതിൽ ഉൾപ്പെടുന്നില്ല.)

(ഇ) പലിശ ഇനത്തിൽ ഓരോ വർഷവും അടയ്ക്കുന്ന തുക (2016 മുതൽ) എത്രയെന്ന് അറിയിക്കാമോ?

2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷംവരെ പലിശ ഇനത്തിൽ ഓരോ വർഷവും അടയ്ക്കുന്ന തുകയും

വിശദാംശങ്ങളും ചുവടെ ചേർക്കുന്നു. അക്കൗണ്ടന്റ് ജനറലിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ വേർതിരിച്ച കണക്കുകൾ ലഭ്യമല്ല.

| | (തുക കോടിയിൽ) | | | | |
|---|---|---|---|---|---|
| വർഷം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
| പലിശ ഇനത്തിൽ ഓരോ വർഷവും അടയ്ക്കുന്ന തുക | 12116.50 | 15119.93 | 16747.92 | 19214.70 | 20975.36 |

(എഫ്) പൊതുകടം കുറച്ചുകൊണ്ടുവരുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്കുപുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22

സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്കുപുറമേ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനവും കടബാധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ 3.5 ശതമാനമാണ് നടപ്പ് വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇതിനുപുറമേ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധികവായ്പാ പരിധിയും ലഭിക്കുന്നതാണ്. 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ്പ്രകാരം സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം 36.98% ആകുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾപ്രകാരം 2021-22-ലെ സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതത്തിൽ 0.14 ശതമാനത്തിന്റെ നേരിയ കുറവ് വന്നിട്ടുണ്ടെന്നുള്ളതും ശ്രദ്ധേയമാണ്.

സമ്പദ്‌വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ അത് സാധ്യമാക്കുകയെന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യച്ചെലവുകൾ ഒഴിവാക്കിയും റവന്യൂകമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

108 (497) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ധനകാര്യവകുപ്പ് അനുവദിച്ച തുക എത്രയാണ്; ഏതൊക്കെ ശീർഷകത്തിൽ എത്ര തുക വീതമാണ് അനുവദിച്ചത്; ഓരോ ശീർഷകത്തിൽനിന്നും നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**പഞ്ചായത്തുകളിലെ റോഡുകളുടെ നിർമ്മാണം**

109 (498) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ലഭിച്ചതും എന്നാൽ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കാത്തതുമായ പഞ്ചായത്തുകളിലെ പ്രധാനപ്പെട്ട റോഡുകളുടെ നിർമ്മാണം നടത്തുന്നതിനായി ഭരണാനുമതി ലഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഇത്തരത്തിലുള്ളതായ വെള്ളത്തുവൽ-ശല്യാംപാറ റോഡുമായി ബന്ധപ്പെട്ട അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിലെ വെള്ളത്തുവൽ-ശല്യാംമ്പാറ റോഡ് BM&BC നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അപേക്ഷ ധനവകുപ്പ് I&PWB1/136/2022 ഫയലിൽ പരിശോധിക്കുകയും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ടോക്കൺ പ്രൊവിഷൻ മാത്രമുള്ള പ്രവൃത്തിയായതിനാൽ തൽക്കാലം അനുവദിക്കാൻ കഴിയില്ലെന്ന വിവരം ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള റോഡുകൾക്ക് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തിക്ക് ബഡ്ജറ്റ് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ധനകാര്യ ഇൻസ്പെക്ഷൻ റിപ്പോർട്ട്

110 (499) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.യിൽ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ്

നടത്തിയ ഏറ്റവും ഒടുവിലത്തെ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഡീസൽ ഉപയോഗവുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

## സ്കിൽ ഡെവലപ്മെന്റ് മൾട്ടിപർപ്പസ് സൊസൈറ്റികൾ

111 (500) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്കിൽ ഡെവലപ്മെന്റ് മൾട്ടിപർപ്പസ് സൊസൈറ്റികളുടെ ഉല്പന്നങ്ങളും സേവനങ്ങളും ടെണ്ടറില്ലാതെ വാങ്ങുവാൻ വിവിധ സർക്കാർ വകുപ്പുകൾക്ക് അനുവാദം നൽകുമോ; എങ്കിൽ ഇതിനായി നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ഇക്കാര്യത്തിൽ ഭരണ വകുപ്പിൽനിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ധനകാര്യ വകുപ്പ് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചലഞ്ച് ഫണ്ട്

112 (501) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിലവിലുണ്ടായിരുന്ന ചലഞ്ച് ഫണ്ട് ഇപ്പോഴും നിലവിലുണ്ടോ; വ്യക്തമാക്കുമോ?

നിലവിലുണ്ട്. ചലഞ്ച് ഫണ്ട് പദ്ധതിപ്രകാരം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് സമയപരിധി നിശ്ചയിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത പദ്ധതിപ്രകാരം എയ്ഡഡ് സ്കൂളുകളിലെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾക്കായി നിലവിലെ വ്യവസ്ഥകൾക്കനുസൃതമായി തുടർന്നും അപേക്ഷിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 45 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ചലഞ്ച് ഫണ്ട് പദ്ധതി രൂപീകരിക്കുകയും ആയതിലേയ്ക്കായി 50 കോടി രൂപ വകയിരുത്തുകയും

ചെയ്തു. 18-08-2017-ലെ സ.ഉ.(അ)നം.109/2017/ധന. പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, മറ്റ് സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി ഒരു കോടി രൂപ ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാം. പ്രാദേശികമായി സമാഹരിക്കുന്ന ഫണ്ടിന് തുല്യമായ തുക, പരമാവധി ഒരു കോടി രൂപയായിരിക്കും ഇപ്രകാരം വിനിയോഗിക്കാൻ കഴിയുക. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, സർക്കാർ സഹായം 50:50 എന്ന അനുപാതത്തിലായിരിക്കും. പിന്നീട് 01-03-2018-ലെ സ.ഉ.(അച്ചടി) നം.30/2018/ധന., 06-03-2019-ലെ സ.ഉ.(അച്ചടി) നം.24/2019/ധന. പ്രകാരം ചലഞ്ച് ഫണ്ട് പദ്ധതിക്കായി ആസ്തിവികസന ഫണ്ട് വിനിയോഗിക്കുന്നതിനുള്ള കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 15-11-2019-ലെ സ.ഉ.(അച്ചടി) നം.156/2019/ധന. പ്രകാരം മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ അനുബന്ധമായി+ ചേർക്കുന്നു.

## സാമ്പത്തിക പ്രതിസന്ധി

113 (502) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ജീവനക്കാരുടെ ശമ്പളത്തിന് പണം കണ്ടെത്താൻ കഴിയാത്തവിധം സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വാർത്തയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(ബി) എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

(എ&ബി) നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തതിനാൽ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുവെങ്കിലും ജീവനക്കാരുടെ ശമ്പളം മുടക്കംകൂടാതെ നൽകുവാൻ സർക്കാർ ശ്രദ്ധിച്ചുപോരുന്നുണ്ട്.

(സി) സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാനത്തെ ട്രഷറികളിൽ ബില്ലുകൾ മാറി നൽകുന്നതിന് നിലവിൽ പരിധിയോ പരിമിതിയോ നിശ്ചയിച്ചുകൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ച്

നൽകാത്തത് നിലവിൽ സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഇതിലുപരിയായി ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം, വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറച്ചുകാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗംകൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

## ഒളവിലം-പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിനുള്ള ഭരണാനുമതി

114 (503) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2022 സാമ്പത്തിക വർഷം തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച ഒളവിലം-പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന് ഇതുവരെയും ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിയുടെ 2016, 2018 പ്രകാരമുള്ള DPR സമർപ്പിച്ചതിൽ വലിയ അന്തരമുണ്ടായതിനാൽ ആയത് പരിശോധിക്കുന്നതിന് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നൽകുകയും ആയതിന്റെ പരിശോധന നടന്നു വരികയുമാണ്.

(ബി) ആയത് അടിയന്തരമായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കും.

**സർക്കാർ ഓഫീസുകളിലെ രസീത് രഹിത പണമിടപാടുകൾ**

115 (504) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ രസീത്രഹിത പണമിടപാടുകൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ഓൺലൈൻ TR 5 രസീത്

സംവിധാനം ആരംഭിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും 02-06-2022-ലെ സ.ഉ(അച്ചടി) നം. 59/2022/ധന. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എന്നുമുതലാണ് ഇത്തരത്തിലുള്ള പണമിടപാടുകൾ നടത്തുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് 01-06-2022 മുതൽ e-TR5 സംവിധാനം ആരംഭിക്കാനും 15-06-2022 വരെ താലൂക്കുതലം വരെയുള്ള ഓഫീസുകളിലും 30-06-2022 വരെ മറ്റെല്ലാ ഓഫീസുകളിലും ഇത് സമാന്തര സംവിധാനമായി തുടരാനും 01-07-2022 പ്രാബല്യത്തിൽ ഫിസിക്കൽ TR 5 രസീത് സംവിധാനം പൂർണ്ണമായി ഒഴിവാക്കാനുമാണ് അനുമതി നൽകിയിരിക്കുന്നത്.

**തീരദേശ യു.പി. സ്കൂൾ പുതിയ കെട്ടിട നിർമ്മാണം**

116 (505) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പയ്യന്നൂർ മണ്ഡലത്തിലെ കവ്വായി തീരദേശ യു.പി. സ്കൂൾ പുതിയ കെട്ടിട നിർമ്മാണം

പൂർത്തീകരിക്കുന്നതിനാവശ്യമായ അധിക ഫണ്ട് അനുവദിക്കുന്നതിനായി തീരദേശ കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് ധനാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ആയതിന് ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

(എ&ബി) 29-06-2018-ലെ സ.ഉ. (സാധാ) നം.535/2018/മ.തു.വ. നമ്പർ ഉത്തരവുപ്രകാരം പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കവ്വായി തീരദേശ യു.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പദ്ധതിനിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് കോസ്റ്റൽ ഏര്യ ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച 67.79 ലക്ഷം രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ പരിശോധിക്കുകയും 13-02-2020-ലെ ഉത്തരവു പ്രകാരം 67,68,969/-രൂപയുടെ (10 ലക്ഷം രൂപ പരിപാലനത്തുക ഉൾപ്പെടെ) ധനാനുമതി നൽകുകയും ചെയ്തു. തുടർന്ന് ടി കെട്ടിടത്തിൽ അധിക ക്ലാസ് മുറികൾ പണിയുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നതുസംബന്ധിച്ച പദ്ധതിനിർവ്വഹണ ഏജൻസിയുടെ കത്ത് കിഫ്ബിയിൽ പരിശോധിക്കുകയും ടി സ്കൂളിന് അധിക ഫണ്ട്

അനുവദിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ, പരിപാലന ഇനത്തിൽ അനുവദിച്ച 10 ലക്ഷം രൂപ സ്കൂൾ അധികൃതർ ആവശ്യപ്പെട്ട പ്രവൃത്തിക്കായി, ആവശ്യമുള്ളപക്ഷം വിനിയോഗിക്കുന്നതിനും പരിപാലനത്തിനാവശ്യമായ തുക മറ്റേതെങ്കിലും സ്രോതസ്സ് മുഖേന കണ്ടെത്തുന്നതിനും പദ്ധതിനിർവ്വഹണ ഏജൻസിയെ അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ, ടി സ്കൂളിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുള്ളതായും പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

**കാക്കുളങ്ങരപ്പള്ളി നവീകരണം**

117 (506) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ചെയ്യുന്ന കാക്കുളങ്ങരപ്പള്ളി നവീകരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ

വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ?

(എ-ഡി) തലശ്ശേരി ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ഫണ്ടുപയോഗിച്ച് നവീകരിക്കുന്ന അഴീക്കോട് മണ്ഡലത്തിലെ കാക്കുളങ്ങര പള്ളിയുടെ നിർമ്മാണ പ്രവൃത്തിക്കായി പദ്ധതിനിർവ്വഹണ ഏജൻസിയായ KIIDC പലതവണ ടെണ്ടർ ചെയ്തതിനുശേഷം ഇപ്പോൾ ലഭ്യമായ ടെണ്ടർ തുക 16.86% മുകളിലായതിനാൽ സർക്കാരിന്റെ അംഗീകാരം നേടുവാനായി ബന്ധപ്പെട്ട ഭരണവകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനായി സർക്കാർ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് KIIDC അറിയിച്ചിട്ടുണ്ട്.

**പൂത്തൃക്ക ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം**

118 (507) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂത്തൃക്ക ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ കിഫ്ബി മുഖാന്തരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കരാർ നൽകിയെങ്കിലും നിർമ്മാണ

പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

പൂത്തൃക്ക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 99.98 ലക്ഷത്തിന്റെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. എന്നാൽ അംഗീകരിച്ച DPR പ്രകാരം പ്രവൃത്തി നടത്തുന്നതിന് സ്കൂൾ അധികൃതർ തടസ്സം ഉന്നയിച്ചതിനെത്തുടർന്ന്, പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കില (KILA), സ്കൂൾ അധികൃതരുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് പദ്ധതിയുടെ DPR റിവൈസ് ചെയ്യുകയും ആയതിന് റിവൈസ്ഡ് TS നൽകുകയും ചെയ്തു. പുതുക്കിയ DPR പ്രകാരമുള്ള പ്രവൃത്തി നടത്തുന്നതിന് പ്രസ്തുത സ്കൂളിലെ പൂർവ്വ വിദ്യാർത്ഥി സംഘടന തടസ്സം ഉന്നയിച്ചതിനെത്തുടർന്ന്, പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതെ വന്നു. ടി പ്രവൃത്തി യഥാസമയം ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കരാറുകാരൻ, കരാറിൽനിന്നും ഒഴിയുന്നതിനുവേണ്ട നടപടികൾക്കായി പദ്ധതിനിർവ്വഹണ ഏജൻസിയായ കിലയ്ക്ക് കത്ത് ലഭ്യമാക്കുകയും അതിനുള്ള നടപടികൾ കിലയിൽ നടന്നുവരികയുമാണ്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന്

വ്യക്തമാക്കാമോ?

ബന്ധപ്പെട്ട അധികൃതരുമായി ചർച്ചകൾ നടത്തി തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടികൾ കൈക്കൊള്ളേണ്ടത് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായതിനാൽ, ടി വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ കിലയോട് കിഫ്ബി ആവശ്യപ്പെട്ടിട്ടുണ്ട്.

**തീരദേശ ഹൈവേ നിർമ്മാണം**

119 (508) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള തീരദേശ ഹൈവേയുടെ വൈപ്പിൻ മണ്ഡലത്തിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

തീരദേശ ഹൈവേയുടെ വൈപ്പിൻ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഭാഗത്തിന്റെ ഭൂമിയേറ്റെടുക്കൽ നടപടിക്കുവേണ്ടിയുള്ള രൂപരേഖ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB), കിഫ്ബിയുടെ ധനാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ ദൈർഘ്യം എത്രയാണെന്നും അലൈൻമെന്റിന് അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഫോർട്ട് വൈപ്പിൻ മുതൽ മുനമ്പം പാലംവരെയുള്ള തീരദേശ ഹൈവേയുടെ ഭാഗം വൈപ്പിൻ മണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. വൈപ്പിൻ മണ്ഡലത്തിലുള്ള തീരദേശ ഹൈവേയുടെ ദൈർഘ്യം ഏതാണ്ട് 21 കിലോമീറ്ററാണ്. ഇതിൽ പുതുവൈപ്പ് ബീച്ച് മുതൽ മുനമ്പം വരെയുള്ള 17 കിലോമീറ്റർ തീരദേശ ഹൈവേയുടെ വിശദപഠന റിപ്പോർട്ട്, പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) തയ്യാറാക്കിവരുന്നു. തീരദേശ ഹൈവേ പദ്ധതിക്കുവേണ്ടി 2017-ൽ നാറ്റ്പാക് തയ്യാറാക്കിയ അലൈൻമെന്റ് റിപ്പോർട്ടിന്, 21-05.-2017-ലെ G.O.(Rt)No.679/2017/PWD പ്രകാരം സർക്കാർ അംഗീകാരം നൽകിയിരുന്നു. എന്നാൽ, അംഗീകാരം ലഭിച്ച പ്ലാനിൽനിന്നും അലൈൻമെന്റ് മാറുന്ന പ്രദേശങ്ങൾ ഉൾക്കൊള്ളിച്ച് സർക്കാർ ഉത്തരവ് പരിഷ്കരിക്കാനുള്ള നടപടികൾ കേരള റോഡ് ഫണ്ട് ബോർഡ് നടത്തിവരുന്നു.

(സി) വൈപ്പിൻ മണ്ഡലത്തിലെ പ്രസ്തുത ഹൈവേയുടെ

അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായാൽ മാത്രമേ അന്തിമ അലൈൻമെന്റ് ലഭ്യമാകുകയുള്ളു.

(ഡി) വൈപ്പിൻ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സ്ഥലവും വീടും നഷ്ടമാകുന്നവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തീരദേശ ഹൈവേ നടപ്പിലാക്കുമ്പോൾ വൈപ്പിൻ മണ്ഡലത്തിൽ ഏകദേശം 200 വീടുകൾ ഭാഗികമായോ പൂർണ്ണമായോ ബാധിക്കപ്പെടുമെന്നാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്. ആയതിന്റെ കൃത്യമായ രൂപം വിശദ പഠന റിപ്പോർട്ട് സമർപ്പിക്കുമ്പോൾ മാത്രമേ ലഭ്യമാകുകയുള്ളൂ.

(ഇ) ഇവരെ പുനരധിവസിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

തീരദേശ ഹൈവേ പദ്ധതിയുടെ നടത്തിപ്പിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് കേന്ദ്ര ലാൻഡ് അക്വിസിഷൻ ആക്ട് 2013 പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതാണ്. കൂടാതെ,

പദ്ധതിയുടെ നടത്തിപ്പിൽ വീടുംസ്ഥലവും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി കേരള കോസ്റ്റൽ ഏര്യ ഡെവലപ്മെന്റ് ഏജൻസിയെ (KSCADC) SPV ആയി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കുറ്റ്യാടി ബൈപ്പാസ് നിർമ്മാണ പ്രവൃത്തി

120 (509) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കുറ്റ്യാടി ബൈപ്പാസ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

1.462 കി.മീ. നീളമുള്ള നിർദ്ദിഷ്ട കുറ്റ്യാടി ബൈപ്പാസ് പദ്ധതിക്ക് 37.96 കോടി രൂപയ്ക്ക് KIIFB ധനാനുമതി നൽകിയിട്ടുള്ളതാണ്. 1.462 കി.മീ. നീളത്തിൽ 7 മീറ്റർ കാര്യേജ്വേയോടുകൂടി 12m RoW-ൽ പൂർത്തീകരിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ധനാനുമതി നൽകിയ 37.96 കോടി രൂപയിൽ 23.21 കോടി രൂപ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായാണ് വകയിരുത്തിയത്. പദ്ധതിക്കുവേണ്ടി 210.2 ആർ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ഫെയർ വാല്യൂ പ്രകാരമുള്ള വിലയുടെ

5 ശതമാനമായ 13,59,765/- രൂപ കണ്ടിജൻസി ഇനത്തിൽ 27-05-2022-ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ RBDCK-യ്ക്ക് കിഫ്ബി കൈമാറിയിട്ടുണ്ട്. കിഫ്ബി ധനാനുമതി നൽകിയ അലൈൻമെന്റിൽ 1.25 കി.മീ. മുതൽ 1.47 കി.മീ. വരെയുള്ള ഭാഗങ്ങളിൽ 5% ഗ്രേഡിയന്റിൽ റിവേഴ്സ് കർവ് വരുന്നതിനാൽ പ്രസ്തുത റോഡിന്റെ ഉപഭോക്താക്കളുടെ സുരക്ഷ മുൻനിർത്തി പദ്ധതിയുടെ അലൈൻമെന്റിൽ ചെറിയ മാറ്റം നിർദ്ദേശിക്കുകയും അതിനനുസരിച്ച് പുതുക്കിയ അലൈൻമെന്റ് 27-01-2022-ന് നടന്ന സാങ്കേതികാനുമതി കമ്മിറ്റി ചർച്ച ചെയ്യുകയും അതുപ്രകാരം RBDCK അംഗീകരിക്കുകയും ചെയ്തു. തുടർന്ന് പുതുക്കിയ അലൈൻമെന്റ് പ്രകാരവും പുതുതായി നിലവിൽ വന്ന 2018 DSR പ്രകാരവും RBDCK പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കുകയും അതനുസരിച്ച് GST ഉൾപ്പെടെ 45.038 കോടി രൂപയ്ക്ക് ധനാനുമതി പുതുക്കി നൽകാൻ കിഫ്ബിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ 25-04-2022-ന് RBDCK സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിൽ ഡ്രെയിനേജുമായി ബന്ധപ്പെട്ട ഇനങ്ങളിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ, ഈ വിഷയത്തിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് 30-04-2022-ന് ഫയൽ RBDCK-യ്ക്ക് മടക്കിനൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട്

RBDCK അതിർത്തി കല്ലുകൾ സ്ഥാപിച്ചതിനെത്തുടർന്ന് പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി 30-05-2022-ന് രാജഗിരി ഔട്ട് റീച്ച് എന്ന സ്ഥാപനത്തെ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ RBDCK ചുമതലപ്പെടുത്തുകയും ആയത് നടന്നുവരികയുമാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ സാമൂഹ്യാഘാത പഠനവും ഭൂമി ഏറ്റെടുക്കൽ നടപടിയും എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കുറ്റ്യാടി ബൈപാസ് പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി 30-05-2022-ന് രാജഗിരി ഔട്ട് റീച് എന്ന സ്ഥാപനത്തെ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ RBDCK ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠനം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രസ്തുത ഏജൻസിക്ക് രണ്ടു മാസക്കാലയളവ് അനുവദിച്ചിട്ടുള്ളതായും 2022 ജൂലൈ 31-നകം ആയതിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും RBDCK അറിയിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്താൻ ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതും 31-03-2023-നകം ആയത് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും പദ്ധതിയുടെ

നിർവ്വഹണ ഏജൻസിയായ RBDCK അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് അനുമതി നൽകുന്നത്; എന്തൊക്കെ പ്രധാന ഭേദഗതികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പുതുക്കിയ അലൈൻമെന്റ് പ്രകാരവും പുതുതായി നിലവിൽ വന്ന 2018 DSR പ്രകാരവും RBDCK പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കുകയും അതനുസരിച്ച് GST ഉൾപ്പെടെ 45.038 കോടി രൂപയ്ക്ക് ധനാനുമതി പുതുക്കി നൽകാൻ കിഫ്ബിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ 25-04-2022-ന് RBDCK സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിൽ ഡ്രെയിനേജുമായി ബന്ധപ്പെട്ട ഇനങ്ങളിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ, ഈ വിഷയത്തിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് 30-04-2022-ന് ഫയൽ RBDCK-ക്ക് മടക്കിനൽകിയിട്ടുണ്ട്. കിഫ്ബിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി, ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുന്ന പക്ഷം, കിഫ്ബിയിൽ നിന്നും പുതുക്കിയ ധനാനുമതി നൽകുന്നതാണ്. അലൈൻമെന്റിലുള്ള മാറ്റവും പുതുക്കിയ DSR-ഉം ആണ് പുതിയ എസ്റ്റിമേറ്റിലുള്ള പ്രധാന ഭേദഗതികൾ.

## നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

121 (510) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ളതും കിഫ്ബിയുടെ പരിഗണനയിലിരിക്കുന്നതുമായ പദ്ധതികളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ+ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) എത്ര പ്രവൃത്തികളാണ് നാളിതുവരെ പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കിവരുന്ന പദ്ധതികൾ നിലവിൽ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതി ഒന്നുംതന്നെ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല.

## തൃക്കാക്കര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

122 (511) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തൃക്കാക്കര മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണ്; പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും എത്ര രൂപ വീതം ചെലവഴിച്ചെന്നും വിശദമാക്കുമോ?

ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുകയും നാളിതുവരെ ചെലവഴിച്ച തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും അനുബന്ധത്തിൽ+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പൂർത്തിയാക്കാനുള്ള പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്താണെന്നും വ്യക്തമാക്കുമോ?

അനുബന്ധത്തിൽ ഉള്ളടക്കം ചെയ്തിട്ടുള്ള പദ്ധതികളിൽ, പുരോഗമിച്ചു വരുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട പദ്ധതിനിർവ്വഹണ ഏജൻസി അനുവാദം നൽകിയ തീയതി ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി അംഗീകാരം നൽകി ധനാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുക, ടെണ്ടർ നടപടികൾ സ്വീകരിക്കുക, കോൺട്രാക്റ്റ്/വർക്ക് അവാർഡ് ചെയ്യുക തുടങ്ങിയ തുടർനടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട പദ്ധതിനിർവ്വഹണ ഏജൻസികളാണ്. പദ്ധതി നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നപക്ഷം, അവ പരിഹരിക്കപ്പെടുന്നതിന് പദ്ധതിനിർവ്വഹണ ഏജൻസികൾ കിഫ്ബിയുടെ ഇടപെടൽ ആവശ്യപ്പെടുന്ന മുറയ്ക്ക് അവ പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കനുസൃതമായ നിർദ്ദേശം കിഫ്ബി നൽകി വരുന്നു. കൂടാതെ, കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ പുരോഗതി

വിലയിരുത്തുന്നതിന് ഇടയ്ക്കിടെ ഉന്നതതല യോഗങ്ങൾ വിളിച്ചുചേർത്ത് പദ്ധതിനിർവ്വഹണ ഏജൻസികൾക്കാവശ്യമായ നിർദ്ദേശങ്ങളും പിന്തുണയും നൽകിവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിലെ ചിറ്റാറ്റിൻകര പാലം നിർമ്മാണം

123 (512) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ അരുവിത്തുറ-ഭരണങ്ങാനം റോഡിലെ ചിറ്റാറ്റിൻകര പാലത്തിന് കാലപ്പഴക്കവും വെള്ളപ്പൊക്കവും മൂലം ബലക്ഷയം സംഭവിച്ചതിനാൽ പ്രസ്തുത പാലത്തിന്റെ പുനർ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ അരുവിത്തുറ ഭരണങ്ങാനം റോഡ് 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും 20 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത റോഡ് കിഫ്ബി നിലവാരത്തിൽ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ ടി പദ്ധതിയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടില്ല. അതിനാൽത്തന്നെ ടി

റോഡിൽ ഉൾപ്പെടുന്ന ചിറ്റാറ്റിൻകര പാലത്തിന്റെ പുനർനിർമാണം കിഫ്ബിയുടെ പരിഗണയിലില്ല.

(ബി) പ്രസ്തുത റോഡ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി 10-07-2017-ലെ 942/2017/പി.ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള ഭരണാനുമതി തുക പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തിക്കായി പുന:ക്രമീകരണം നടത്തി പ്രസ്തുത പാലം നിർമ്മിക്കുന്നതിനായുള്ള അനുകൂല നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ചിറ്റാറ്റിൻകര പാലത്തിന്റെ അപ്രോച്ച് റോഡുകളുടെ നവീകരണം പൊതുമരാമത്ത് ഫണ്ട് ഉപയോഗിച്ച് നടന്നുകൊണ്ടിരിക്കുന്നതായി അറിയാൻ കഴിഞ്ഞു. പ്രസ്തുത പ്രവൃത്തിയ്ക്ക് മൂന്ന് വർഷത്തെ ഡിഫക്റ്റ് ലയബിലിറ്റി പീരീഡ് ഉള്ളതിനാൽ പാലത്തിന്റെ പുനർനിർമാണം പരിഗണിക്കാൻ കിഫ്ബിയ്ക്ക് നിർവാഹമില്ല.

## കല്ലൂരിക്കടവ് പാലം

124 (513) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് അഴീക്കോട് മണ്ഡലത്തിൽ നിർമ്മിക്കുന്ന കല്ലൂരിക്കടവ് പാലത്തിന്റെ പ്രവൃത്തിസ്ഥിതി വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിന്മേൽ അവലോകനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സാങ്കേതിക അവലോകന റിപ്പോർട്ട് നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർവ്വേ പൂർത്തീകരിച്ചതിനുശേഷം പദ്ധതിയിൽ ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ?

സാങ്കേതിക അവലോകന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പോരായ്മകൾ പരിഹരിച്ച് മറുപടി നൽകുന്നതിനാവശ്യമായ തുടർ പഠനങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് നടത്തി വരുന്നു.

(ഡി) തുടർപ്രവർത്തനങ്ങൾ നടത്തുന്നതിന് തടസങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. സാങ്കേതിക അവലോകന റിപ്പോർട്ടിന്മേൽ നിർവ്വഹണ ഏജൻസി മറുപടി നൽകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഒറ്റപ്പാലം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

125 (514) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## കൽപ്പറ്റ ബൈപ്പാസ് റോഡ് നവീകരണം

126 (515) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ബൈപ്പാസ് റോഡ് നവീകരണ പ്രവർത്തനങ്ങൾക്കായി കിഫ്ബിയിൽ നിന്നും ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വയനാട് ജില്ലയിലെ മലയോര ഹൈവേയുടെ ഭാഗമായ പച്ചിലക്കാട് - കൈനാട്ടി - കൽപ്പറ്റ - ബൈപ്പാസ് – മേപ്പാടി - ചൂരൽമല എന്ന പ്രവൃത്തിയുടെ ഒരു ഭാഗമാണ് കൽപ്പറ്റ ബൈപ്പാസ്. കൽപ്പറ്റ ബൈപ്പാസ് ഉൾപ്പെടുന്ന ഹൈവേയുടെ നിർമ്മാണത്തിനായി ആകെ 62.87 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലെ ഏതെല്ലാം റോഡുകളുടെ നിർമ്മാണത്തിനും നവീകരണ പ്രവർത്തനങ്ങൾക്കുമാണ് ഇതുവരെ കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വയനാട് ജില്ലയിൽ കിഫ്ബി ധനാനുമതി നൽകിയ റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## പാലക്കോട്-തട്ടിക്കുളം ഹൈസ്കൂൾ റോഡ് നിർമ്മാണം

127 (516) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പാലക്കോട്-തട്ടിക്കുളം ഹൈസ്കൂൾ റോഡിന്റെ ഡി.പി.ആർ.-ന് കിഫ്ബിയുടെ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പയ്യന്നൂർ മണ്ഡലത്തിലെ മാടായി-എട്ടിക്കുളം ഹൈസ്കൂൾ-പാലക്കോട് റോഡ്, വേങ്ങര റെയിൽവേ ഓവർ ബ്രിഡ്ജ് എന്നിവ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതിന്റെ ആദ്യഘട്ടമായി വേങ്ങര റെയിൽവേ ഓവർ ബ്രിഡ്ജിന് 20.84 കോടി രൂപയുടെ സാമ്പത്തികാനുമതി 06-09-2019-ന് കിഫ്ബി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായുള്ള അവലോകനം നടന്നുവരികയാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ധനാനുമതി ലഭ്യമാക്കാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ധനാനുമതി വേഗത്തിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

(ബി&സി) പ്രസ്തുത റോഡ് നിർമാണത്തിനായി സമർപ്പിക്കപ്പെട്ട വിശദമായ പദ്ധതി റിപ്പോർട്ടിന്റെ അവലോകനം നടന്നുവരികയാണ്. റിപ്പോർട്ടിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി സാങ്കേതിക അവലോകന റിപ്പോർട്ട് 08-04-2022-ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്. ഇതിന് മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി അവലോകനം വേഗത്തിലാക്കുന്നതാണ്.

**നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

128 (517) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ?

നാദാപുരം മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തുന്ന റോഡ് നിർമ്മാണപ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണം**

129 (518) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിന് ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണത്തിന് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് ധനാനുമതി നൽകിയിട്ടില്ല. ആയതിന്റെ വിശദമായ അവലോകനം നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച കാലതാമസം ഒഴിവാക്കി പദ്ധതി യാഥാർത്ഥ്യമാക്കാൻ കിഫ്ബി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പോരായ്മകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ആയത് പരിഹരിക്കേണ്ടത് ആരാണെന്നറിയിക്കാമോ; ഇക്കാര്യം പരിശോധിച്ച് എത്രയുംവേഗം പദ്ധതിക്ക് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എസ്.പി.വി. ആയ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും അത് പരിശോധിച്ച് കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക് കൈമാറുകയും ചെയ്തിരുന്നു. ഇതിനോടൊപ്പം പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിനായി ശിപാർശ ചെയ്ത കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ അവലോകനം കിഫ്ബിയിൽ നടത്തുകയും അപാകതകൾ പരിഹരിക്കുന്നതിനായി പ്രാഥമിക ഡിസൈൻ അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക് നൽകുകയും ചെയ്തിരുന്നു. കിഫ്ബി നിർദ്ദേശിച്ചിരുന്ന അപാകതകൾക്ക് മറുപടിയായി തിരുത്തിയ സ്ട്രക്ച്ചറൽ ഡിസൈൻ റിപ്പോർട്ട് അനുബന്ധ ഡ്രോയിംഗുകൾ ഉൾപ്പെടെ എസ്.പി.വി. കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് പരിശോധനയിന്മേൽ തൃപ്തികരമല്ലെന്ന് കാണുകയും ചെയ്തു. ആയതിനാൽ ഡിസൈൻ റിവ്യൂ

നിർദ്ദേശങ്ങൾക്കും കിഫ്ബി നിർദ്ദേശിച്ചിട്ടുള്ള " ഗ്രഹ" മാനദണ്ഡങ്ങൾക്കും അനുസൃതമായി സ്ട്രക്ച്ചറൽ ഡിസൈനും അനുബന്ധ ഡ്രോയിംഗ്സും പുതുക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിക്കാൻ എസ്.പി.വി.-യോട് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ മറുപടി കിഫ്ബിയിൽ പരിശോധനയിലാണ്. പരിശോധനയിൽ എസ്.പി.വി. സമർപ്പിച്ചിരിക്കുന്ന മറുപടി കിഫ്ബി മാനദണ്ഡപ്രകാരം തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

## കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള റോഡുകൾ

130 (519) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല, ദേവികുളം, ഇടുക്കി മണ്ഡലങ്ങളിൽ അനുവദിച്ചിട്ടുള്ള റോഡുകളുടെ പേരുവിവരങ്ങൾ, ദൂരം, റൂട്ട് എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പേര്, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഓരോ പ്രവൃത്തിയും സംബന്ധിച്ച വിശദാംശം നൽകുമോ?

(എ-സി) കിഫ്ബിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല, ദേവികുളം, ഇടുക്കി മണ്ഡലങ്ങളിൽ അനുവദിച്ചിട്ടുള്ള റോഡുകളുടെ പേരുവിവരങ്ങൾ, ദൂരം, റൂട്ട്, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഭരണാനുമതി നൽകേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. കിഫ്ബിയുടെ ധനാനുമതി ലഭിക്കാത്ത പദ്ധതികളുടെ വിശദ പദ്ധതി റിപ്പോർട്ടിന്റെ അവലോകനം നടന്നുവരികയാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

131 (520) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നിലവിൽ കിഫ്ബി ധനസഹായത്തോടെ പാറശ്ശാല മണ്ഡലത്തിൽ 'കില' നിർവ്വഹണ ഏജൻസിയായുള്ള ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം അറിയിക്കാമോ;

(ബി) പാറശ്ശാല മണ്ഡലത്തിലെ മൈലച്ചൽ ജി.എച്ച്.എസ്.എസ്., കീഴാറൂർ ജി.എച്ച്.എസ്.എസ്., ധനുവച്ചപുരം എൻ.കെ.എം.ജി.എച്ച്.എസ്.എസ്., ആനാവൂർ ജി.എച്ച്.എസ്.എസ്., പാറശ്ശാല വി.എച്ച്.എസ്.ഇ. എന്നീ അഞ്ച് സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിന് കില നിർവ്വഹണ ഏജൻസിയായ കിഫ്ബി പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാര്യകാരണസഹിതമുള്ള വിവരം ലഭ്യമാക്കാമോ?

(എ&ബി) നിലവിൽ കിഫ്ബി ധനസഹായത്തോടെ പാറശ്ശാല മണ്ഡലത്തിൽ കില നിർവ്വഹണ ഏജൻസിയായി അഞ്ച് സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. അതിൽ ഉൾപ്പെടുന്ന നാല് സ്കൂളുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നുള്ള വിവരം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സ്കൂളുകളുടെ നിലവിലെ വിശദാംശങ്ങൾ

അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശം അറിയിക്കാമോ?

കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ചുമതല അതത് പദ്ധതിനിർവ്വഹണ ഏജൻസികൾക്കാണ്. ഇതിൻപ്രകാരം മേൽ സൂചിപ്പിക്കപ്പെട്ട സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് പദ്ധതിനിർവ്വഹണ ഏജൻസിയായ കിലയാണ്. ഇതുമായി ബന്ധപ്പെട്ട് കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങളുൾപ്പെടെ കിഫ്ബിയുടെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്.

## തൊടുപുഴ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

132 (521) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊടുപുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ഓരോ പദ്ധതിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്+.

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാരിക്കോട്-അഞ്ചിരി-ആനക്കയം-കാഞ്ഞാർ റോഡിന്റെ നവീകരണത്തിന് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാരിക്കോട് - അഞ്ചിരി - ആനക്കയം - കാഞ്ഞാർ റോഡിന്റെ നവീകരണത്തിനുള്ള സ്ഥലമേറ്റെടുപ്പിനായി 10.44 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ച റോഡ് പ്രവൃത്തിയുടെ ശിപാർശ കിഫ്ബിയുടെ അവലോകനത്തിലുള്ളതും അത് പരിശോധിച്ച് ഒരു സാങ്കേതിക അവലോകന റിപ്പോർട്ട് 27-03-2019-ന് കേരളാ റോഡ് ഫണ്ട് ബോർഡിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടി റിപ്പോർട്ടിന്മേൽ നാളിതുവരെ കേരളാ റോഡ് ഫണ്ട് ബോർഡ് മറുപടിയൊന്നും കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. മറുപടി സമർപ്പിക്കുന്ന പക്ഷം ആയത് പരിശോധിച്ച് തൃപ്തികരമാകുന്ന മുറയ്ക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിച്ചൽ മാർക്കറ്റ് നവീകരണം**

133 (522) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് അനുമതി ലഭിച്ച പള്ളിച്ചൽ മാർക്കറ്റിന്റെ നിർമ്മാണോദ്ഘാടനം കഴിഞ്ഞെങ്കിലും തിരിച്ചടവ് സംബന്ധിച്ച് പുതിയ നിർദ്ദേശം പഞ്ചായത്തിന് നൽകിയതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പള്ളിച്ചൽ മത്സ്യ മാർക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ മത്സ്യ മാർക്കറ്റുകളുടേയും നവീകരണത്തിന് കിഫ്ബി അനുവദിച്ച ഫണ്ട് ലോണായി കണക്കാക്കി തിരിച്ചടവുവ്യവസ്ഥ ബാധകമാക്കണമെന്ന് കിഫ് ബോർഡ് നിഷ്കർഷിച്ചിരുന്നു. പള്ളിച്ചൽ മത്സ്യ മാർക്കറ്റിന് ധനാനുമതി

നൽകിയിട്ടുണ്ടെങ്കിലും തിരിച്ചടവുവ്യവസ്ഥ ബാധകമാക്കിയതിനാൽ ടി വ്യവസ്ഥ ഒഴിവാക്കുന്നതിന് പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ആയതിന്മേൽ തുടർ നിർദ്ദേശം നൽകണമെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ അറിയിച്ചിരുന്നു. ഇക്കാര്യം പരിഗണനയിലാണ്.

(ബി) നിലവിലെ കെട്ടിടം പൊളിച്ചുമാറ്റിയതിനാൽ തിരിച്ചടവ് സംബന്ധിച്ച് പുതിയ നിർദ്ദേശം ഒഴിവാക്കി പ്രസ്തുത മാർക്കറ്റിന്റെ നിർമ്മാണപ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഡി.എസ്.ആർ. 2018 നിലവിൽ വന്നതിനുശേഷം, കിഫ്ബി ഇതിനോടകം അനുമതി നൽകിയിട്ടുള്ള മത്സ്യ മാർക്കറ്റുകളുടെ നവീകരണ പദ്ധതികളുടെ പുതുക്കിയ റിപ്പോർട്ട് പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ചിരുന്നതും ആയത് പരിശോധിച്ച് പുതുക്കിയ ധനാനുമതി ഉത്തരവു പുറപ്പെടുവിക്കുകയും ടി ഉത്തരവിൽ ത.സ്വ.ഭ.വ. അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് വകുപ്പ് സെക്രട്ടറി, കിഫ്ബി സി.ഇ.ഒ., മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുമായി 26-02-2021-ൽ കൂടിയ

യോഗ തീരുമാനപ്രകാരം ലോൺ തിരിച്ചടവുവ്യവസ്ഥ ബാധകമാക്കിയിരുന്നതുമാണ്. 15-03-2022-ൽ പുറപ്പെടുവിച്ച പുതുക്കിയ ധനാനുമതി ഉത്തരവിൽ പള്ളിച്ചൽ മത്സ്യ മാർക്കറ്റും ഉൾപ്പെട്ടിട്ടുണ്ട്. ടി വ്യവസ്ഥ ഒഴിവാക്കുന്നതിനുള്ള പദ്ധതി നിർവ്വഹണ ഏജൻസിയുടെ ആവശ്യം കിഫ്ബി പരിശോധിക്കുകയും തിരിച്ചടവു വ്യവസ്ഥ അംഗീകരിക്കുന്ന മത്സ്യമാർക്കറ്റ് പദ്ധതികളുമായി മുന്നോട്ടു പോകുന്നതിന് കിഫ്ബി നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത് പദ്ധതി നിർവ്വഹണ ഏജൻസിയാണ്. എന്നിരുന്നാലും തിരിച്ചടവ് സംബന്ധിച്ച ഉത്തരവിന്റെ പുനഃപരിശോധന പരിഗണനയിലുണ്ട്.

**നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി**

134 (523) ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ നടപ്പാക്കിയ ആംനസ്റ്റി സ്കീമുകൾക്ക്

ലക്ഷ്യപ്രാപ്തിയിലെത്താൻ സാധിച്ചിട്ടുണ്ടോ; ഓരോ വർഷവും പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുകയും പിരിച്ചെടുത്ത തുകയും എത്രയാണെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ആംനസ്റ്റി സ്കീമുകൾ ലക്ഷ്യം കൈവരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ?

(എ&ബി) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ജി.എസ്.ടി.-ക്ക് മുമ്പുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയുംപെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേയ്ക്ക് നൽകുന്നതിന്റെ ഭാഗമായാണ് ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനായി 2020-ൽ പ്രഖ്യാപിച്ച സമഗ്രമായ ആംനസ്റ്റി പദ്ധതി ചില മാറ്റങ്ങൾ വരുത്തി 2021-ലും തുടർന്നിട്ടുണ്ടായിരുന്നു. ഇത് ഈ സാമ്പത്തികവർഷത്തിലും (2022-23) തുടരുന്നുണ്ട്. ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടപ്പോൾ പ്രതീക്ഷിച്ച മുഴുവൻ നികുതി കുടിശ്ശികയും ഈ പദ്ധതിവഴി തീർപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കോവിഡ് മഹാമാരിയും കുടിശ്ശിക കേസുകളിൽ വലിയ അളവിൽ അപ്പീൽ ഫയൽ ചെയ്യപ്പെട്ടതും കാരണം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ആംനസ്റ്റി സ്കീമുകൾ ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല. എന്നിരുന്നാലും ചെറിയ നികുതി

കുടിശ്ശിക തുകകൾ വലിയ അളവിൽ തീർപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിവഴി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുകയും പിരിച്ചെടുത്ത തുകയും സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

മോട്ടോർവാഹന വകുപ്പിൽ 01-04-2020 മുതൽ 31-03-2022 വരെയുള്ള കാലയളവിൽ ഒറ്റത്തവണ നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതിപ്രകാരം 24813 വാഹനങ്ങളിൽനിന്ന് 10,51,21,798/- രൂപ നികുതി കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടിയിട്ടുള്ളതും ആംനസ്റ്റി പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുള്ളതുമാണ്.

തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തു നികുതിയുടെ പിഴപ്പലിശ സർക്കാർ ഒഴിവാക്കി നൽകുക വഴി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. അപ്രകാരം പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുകയുടെയും പിരിച്ചെടുത്ത തുകയുടെയും വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനം ലക്ഷ്യമിട്ട നികുതി വരുമാനവും പിരിച്ചെടുക്കാൻ സാധിച്ച നികുതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുമാനവും എത്രയാണെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; നികുതി പിരിവിലെ ലക്ഷ്യം നേടുന്നതിൽ വിജയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനം ലക്ഷ്യമിട്ട നികുതി വരുമാനവും പിരിച്ചെടുക്കാൻ സാധിച്ച നികുതി വരുമാനവും അനുബന്ധമായി+ ചേർക്കുന്നു.

കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങളും തുടർന്നുണ്ടായ സാമ്പത്തിക മാന്ദ്യവുംമൂലം 2019-20, 2020-21 വർഷങ്ങളിൽ ജി.എസ്.ടി. വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ടായിരുന്നു. കോവിഡ് ലോക്ക്ഡൗൺ നിബന്ധനകൾ മാറിയ സാഹചര്യത്തിൽ ജി.എസ്.ടി. വരുമാനത്തിൽ ഈ വർഷം വർദ്ധനവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ലാൻഡ് റവന്യൂ വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷത്തെ നികുതി പിരിവ് പരിശോധിച്ചതിൽ ഓരോ വർഷവും നികുതി ഇനത്തിൽ വർദ്ധനവ് വന്നിട്ടുള്ളതിനാൽ ലാൻഡ് റവന്യൂ നികുതി ഇനത്തിൽ നികുതി നഷ്ടമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ലാൻഡ് റവന്യൂ ഇനങ്ങളിൽ വിവിധ സ്റ്റേയിൽ ഉൾപ്പെട്ട് യഥാസമയം കുടിശ്ശിക പിരിക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിയാതെ വന്നിട്ടുണ്ട്. കൂടാതെ ഇലക്ഷൻ, പ്രളയം, കോവിഡ് തുടങ്ങിയവയിൽ റവന്യൂ വകുപ്പ് ജീവനക്കാർ ഏർപ്പെട്ടിരുന്നതുമൂലവും നികുതി പിരിവിനായി ലക്ഷ്യമിട്ടിരുന്ന തുക പിരിച്ചെടുക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്.

ഗതാഗത വകുപ്പിൽ 2017-18 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല. 2021-22-ൽ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ നികുതി പിരിവിലെ ലക്ഷ്യം നേടുന്നതിൽ ഭൂരിഭാഗം പഞ്ചായത്തുകളും വിജയിച്ചിട്ടുണ്ട്.

(ഡി) നികുതി പിരിവ് കാര്യക്ഷമമായി നടപ്പാക്കാതെ സർക്കാർ കടമെടുത്ത് പ്രവർത്തിക്കുന്നുവെന്നും ആയത് സംസ്ഥാനത്തെ ധനകാര്യ പ്രതിസന്ധിയിലേയ്ക്ക് നയിച്ചിരിക്കുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൽ വാസ്തവമുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്ത് തിരുത്തൽ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജി.എസ്.ടി.

135 (526) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. ആരംഭിച്ചത് മുതൽ നാളിതുവരെ സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. വിഹിതം മുഴുവനും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന് നഷ്ടപരിഹാരമായി 2017-18-ൽ 57.32 കോടി രൂപയും 2018-19-ൽ 25.79 കോടി രൂപയും 2020-21-ൽ 12.53 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ, കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾപ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്.

2021-2022 സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിക്കാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. 2022-2023 സാമ്പത്തികവർഷം

ഏപ്രിൽ-മേയ് മാസത്തിൽ ബാക്കി 823.30 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാരമായി ലഭിക്കാനുണ്ട്. സംസ്ഥാനത്തിന് ലഭിക്കാനുള്ള ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എല്ലാ മാസവും കൃത്യസമയത്തുതന്നെ ലഭ്യമാകുന്നുണ്ട്.

(ബി) ജി.എസ്.ടി. നഷ്ടപരിഹാരം എന്നുവരെ അനുവദിക്കുമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; ജി.എസ്.ടി. നഷ്ടപരിഹാരം അവസാനിക്കുന്ന സാഹചര്യത്തിൽ ഇതുമൂലമുണ്ടാകുന്ന നഷ്ടം നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതിന്റെ കാലാവധി 30-06-2022-ന് അവസാനിക്കും.

ജി.എസ്.ടി. നഷ്ടപരിഹാരം അവസാനിക്കുന്ന സാഹചര്യത്തിൽ ഇതുമൂലമുണ്ടാകുന്ന നഷ്ടം നികത്താൻ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

ഉപഭോക്താക്കളിൽനിന്നും ഉൽപ്പന്ന വിലയോടൊപ്പം ഈടാക്കുന്ന നികുതി പണം ഖജനാവിലേയ്ക്ക് അടയ്ക്കാത്ത വ്യാപാരികളുടെ പരിശോധനയിലൂടെ നികുതി നിർണ്ണയം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നികുതി നിർണ്ണയം അനിവാര്യമായ, വ്യത്യസ്ത മാനദണ്ഡങ്ങൾ നിശ്ചയിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കിയ കേസുകളിൽ പരിശോധന സമയബന്ധിതമായും കാര്യക്ഷമമായും നടത്തി നികുതി നിർണ്ണയം സമയബന്ധിതമായി തീർപ്പാക്കുന്നതിന് നികുതി നിർണ്ണയ അധികാരികളുടെ ഡാഷ് ബോർഡിൽ ലഭ്യമാക്കിയിട്ടുണ്ട്.

ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയതലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

വിറ്റുവരവിലെ വ്യത്യാസം, ഇൻപുട്ട് ടാക്സ് ക്രെഡിറ്റിലുള്ള വ്യത്യാസം, ഇ-ബിൽ ഡിക്ലയർ ചെയ്ത തുകയിലുള്ള വ്യത്യാസം ടി.ഡി.എസ്./ടി.സി.എസ്. റിട്ടേണുകളിലുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ നൽകുന്നത്.

ജി.എസ്.ടി. പൂർണ്ണമായും വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകംടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനം നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്സ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. വർഷാന്ത്യ റിട്ടേണുകളിൽ സൂക്ഷ്മപരിശോധനയും ഓഡിറ്റും നടത്തി നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റും കണ്ടെത്തി നികുതി നിർണ്ണയം സമയബന്ധിതമായി തീർപ്പാക്കുന്നുണ്ട്.

(സി) ജി.എസ്.ടി. നിലവിൽവന്ന് അഞ്ച് വർഷത്തിലേറെയായിട്ടും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി വളർച്ച കൈവരിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ജി.എസ്.ടി. നടപ്പാക്കുന്ന ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത് 14% വാർഷിക നികുതി വളർച്ചയാണ്. ജി.എസ്.ടി. നികുതി നിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ

തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ ജി.എസ്.ടി. കൗൺസിലിന് മുമ്പാകെവന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതി നിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനമോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽനിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും നികതി നിരക്ക് സംസ്ഥാന ജി.എസ്.ടി.-യിൽ 14 ശതമാനമായി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി. കൗൺസിൽ 9%, 6% എന്നീ നികുതി നിരക്കുകളിലേയ്ക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതിദുരന്തങ്ങളും തുടർന്നുവന്ന കോവിഡ് മഹാമാരിയും അതിനെത്തുടർന്നുണ്ടായ ലോക്ക്ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു.

**ജി.എസ്. ടി. കൗൺസിൽ ശിപാർശകൾ**

136 (527) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി (ജി.എസ്.ടി.) കൗൺസിലിന്റെ

ശിപാർശകൾ അംഗീകരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ബാധ്യതയില്ലെന്നും ജി.എസ്.ടി. നിയമനിർമ്മാണത്തിന് പാർലമെന്റിനും നിയമസഭകൾക്കും തുല്യഅധികാരമുണ്ടെന്നുമുള്ള സുപ്രീംകോടതി മൂന്നംഗ ബെഞ്ചിന്റെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബഹുമാനപ്പെട്ട സുപ്രീംകോടതി 19-05-2022-ൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാളിതുവരെ ജി.എസ്.ടി. കൗൺസിലിന്റെ ഏതെങ്കിലും ശിപാർശകൾ സംസ്ഥാന താല്പര്യങ്ങൾക്കെതിരായി വന്നിട്ടുണ്ടോ; എങ്കിൽ അവയിൽ ഏതെങ്കിലും തള്ളിക്കളഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ?

കേന്ദ്രവും സംസ്ഥാനങ്ങളും സമവായത്തിലെത്തിയ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശകൾ കേന്ദ്രവും സംസ്ഥാനങ്ങളും പിന്തുടരുന്ന ഒരു സംവിധാനമായാണ് ജി.എസ്.ടി.-യിൽ നിലവിലുള്ളത്. ജി.എസ്.ടി. കൗൺസിലിൽ വോട്ടെടുപ്പിലൂടെ തീരുമാനമെടുത്തതും ഈ സാഹചര്യത്തിൽ വിയോജിപ്പുള്ള സംസ്ഥാനങ്ങൾപോലും ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനം നടപ്പാക്കിയതുമായ ഒരു ഒറ്റപ്പെട്ട സംഭവമേ ഉണ്ടായിട്ടുള്ളൂ. മറ്റെല്ലാ സാഹചര്യങ്ങളിലും സമവായത്തോടെയാണ് ജി.എസ്.ടി. കൗൺസിലിൽ തീരുമാനങ്ങളെടുത്തിരിക്കുന്നത്.

(സി) ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിയമനിർമ്മാണം സംസ്ഥാനത്ത് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശകൾ നടപ്പിൽ വരുന്നത് കേന്ദ്രസർക്കാരും അതത് സംസ്ഥാന സർക്കാരുകളും അവരുടെ ജി.എസ്.ടി. നിയമങ്ങളിൽ ഭേദഗതികൾ വരുത്തുമ്പോഴാണ്. പക്ഷെ ജി.എസ്.ടി. നിയമപ്രകാരം ഈ നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതിന് ജി.എസ്.ടി. കൗൺസിലിന്റെ മുൻകൂർ ശിപാർശകൾ ആവശ്യമാണ്.

(ഡി) ഈ വിധിയുടെ വെളിച്ചത്തിൽ സംസ്ഥാന സർക്കാർ ലോട്ടറി ഉൾപ്പെടെയുള്ളവയ്ക്ക് നികുതി കുറച്ചും അന്യസംസ്ഥാന സ്വകാര്യ ലോട്ടറി, ഓൺലൈൻ ഗെയിമിംഗ്, കാസിനോകൾ എന്നിവയുടെ നികുതി വർദ്ധിപ്പിച്ചും സംസ്ഥാന താല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ നിലവിലെ സ്ഥിതിയിൽനിന്നും മാറ്റംവരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതി കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയുമോ എന്ന വിഷയം പരിശോധിച്ചു വരുന്നു.

## പെട്രോൾ, ഡീസൽ വില കുറയ്ക്കാൻ നടപടി

137 (528) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ എന്നിവ ഉൾപ്പെടെയുള്ള പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധന പൊതുജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇന്ധന വില വർദ്ധനവിനെത്തുടർന്നുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇന്ധന വില വർദ്ധനമൂലവുംമറ്റും രാജ്യത്ത് വിലക്കയറ്റം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് സപ്ലൈകോയുടെ ശക്തമായ വിപണി ഇടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരു

പരിധിവരെ സഹായിച്ചിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം 13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനംവരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വില്പനവിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യവസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം കഴിഞ്ഞ ആറ് വർഷങ്ങളിലായി ഏകദേശം 1956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം 322.83 കോടി രൂപയുടെ പ്രയോജനമാണ് സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിപണനം ചെയ്തുവഴി ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. ഇതേ രീതിയിൽ 2020-21 സാമ്പത്തികവർഷം 202.80 കോടി രൂപയുടെയും 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും പ്രയോജനമാണ് സപ്ലൈകോവഴി ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10

മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യസാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP വിലയേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ട്. സർക്കാർ സഹായത്തോടെ സപ്ലൈകോ സ്വീകരിച്ച മേൽ വിവരിച്ച നടപടികൾമൂലം ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനും അതുവഴി വിലക്കയറ്റത്തിന്റെ തീവ്രതയിൽനിന്ന് സാധാരണക്കാർക്ക് ആശ്വാസമേകുന്നതിനും സാധിച്ചു.

(സി) കേന്ദ്രസർക്കാർ ഇന്ധന നികുതി കുറച്ച സാഹചര്യത്തിൽ രാജ്യത്തെ മിക്ക സംസ്ഥാനങ്ങളും ഇന്ധന വില കുറച്ചപ്പോൾ കേരളം ഇന്ധന

വില കുറയ്ക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

നിലവിൽ പെട്രോളിനും ഡീസലിനും 1963-ലെ സംസ്ഥാന പൊതുവിൽപ്പന നികുതി നിയമപ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവുമായി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് 06-05-2020-ൽ യഥാക്രമം 32.98 രൂപ/ലിറ്റർ, 31.83 രൂപ/ലിറ്റർ എന്നിങ്ങനെയായി വർദ്ധിപ്പിച്ചു. ഇപ്രകാരം വർദ്ധിപ്പിച്ച കേന്ദ്ര നികുതികളാണ് നിലവിൽ 19.9 രൂപ/ലിറ്റർ, 15.8 രൂപ/ലിറ്റർ എന്നിങ്ങനെയായി കുറച്ചത്. കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ച നികുതി കുറച്ച് പെട്രോൾ, ഡീസൽ വില കുറയ്ക്കാവുന്നതാണ്.

കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവുമൂലമുള്ള വിലവർദ്ധനവ് അതിജീവിക്കാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവുവരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും.

(ഡി) 2022 മേയ് മാസത്തിൽ കേന്ദ്ര സർക്കാർ പെട്രോൾ, ഡീസൽ എന്നിവയുടെ വില കുറച്ചപ്പോൾ സംസ്ഥാനത്ത് പെട്രോളിന്റെയും ഡീസലിന്റെയും വിൽപ്പന നികുതിയിലുണ്ടായ കുറവിനനുസൃതമായുള്ള സ്വാഭാവിക വിലക്കുറവ് മാത്രമാണോ സംഭവിച്ചതെന്ന് വ്യക്തമാക്കാമോ?

പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേന്ദ്ര നികുതിയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഉൾപ്പെടുന്ന തുകയിന്മേലാണ് സംസ്ഥാന നികുതി കണക്കാക്കുന്നത്. കേന്ദ്ര നികുതിയിൽ കുറവുവരുത്തുമ്പോൾ സംസ്ഥാനത്തെ നികുതി കണക്കാക്കുന്നതിനുമുമ്പുള്ള വിലയിൽ കുറവുണ്ടാകുന്നു. ആനുപാതികമായി സംസ്ഥാന നികുതി വരുമാനത്തിലും കുറവുണ്ടാകുന്നു. അപ്രകാരമുള്ള കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാന നികുതി വർദ്ധിപ്പിച്ചിട്ടില്ലാത്തതിനാൽ പെട്രോൾ, ഡീസൽ വിലക്കുറവ് കേന്ദ്ര നികുതിയുടെയും സംസ്ഥാന നികുതിയുടെയും കുറവിന്റെ ഫലമായിട്ടുള്ളതാണ്.

(ഇ) പെട്രോൾ, ഡീസൽ ഉൾപ്പെടെയുള്ള പെട്രോളിയം ഉല്പന്നങ്ങളുടെ സംസ്ഥാന നികുതി കുറയ്ക്കാൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

നിലവിൽ പെട്രോളിനും ഡീസലിനും 1963-ലെ സംസ്ഥാന പൊതുവിൽപ്പന നികുതി നിയമപ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് 06-05-2020-ൽ യഥാക്രമം 32.98 രൂപ/ലിറ്റർ, 31.83 രൂപ/ലിറ്റർ എന്നിങ്ങനെയായി വർദ്ധിപ്പിച്ചു. ഇപ്രകാരം വർദ്ധിപ്പിച്ച കേന്ദ്ര നികുതികളാണ് നിലവിൽ 19.9

രൂപ/ലിറ്റർ, 15.8 രൂപ/ലിറ്റർ എന്നിങ്ങനെയായി കുറച്ചത്. കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ച നികുതി കുറച്ച് പെട്രോൾ, ഡീസൽ വില കുറയ്ക്കാവുന്നതാണ്.

കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവുമൂലമുള്ള വിലവർദ്ധനവ് അതിജീവിക്കാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവുവരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും.

**ജി.എസ്.ടി.-യും നികുതി വരുമാനവും**

138 (529) <u>ശ്രീ. വി. ശശി</u>:
<u>ശ്രീ. സി. സി. മുകുന്ദൻ</u>:
<u>ശ്രീ. വാഴൂർ സോമൻ</u>:
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയതുമൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനം ഗണ്യമായി കുറഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ജി.എസ്.ടി. നടപ്പാക്കുന്ന ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത് 14% വാർഷിക നികുതി വളർച്ചയാണ്. ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം

സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ ഈ വർദ്ധനവ് നേടാൻ സാധിച്ചിട്ടില്ല. 01-07-2017-ൽ ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതിനുശേഷം പ്രതിവർഷ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വർദ്ധനവിന്റെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ജി.എസ്.ടി. നഷ്ടപരിഹാരം യഥാസമയം പൂർണ്ണമായി സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തിന് നഷ്ടപരിഹാരമായി 2017-18-ൽ 57.32 കോടി രൂപയും 2018-19-ൽ 25.79 കോടി രൂപയും 2020-21-ൽ 12.53 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ, കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾപ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്. സംസ്ഥാനത്തിന് ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) ജി.എസ്.ടി.-യുടെ പൊതുചട്ടക്കൂടിൽ നിന്നുകൊണ്ട് സംസ്ഥാന ജി.എസ്.ടി.-യുടെ നിരക്കുകളിൽ മാറ്റംവരുത്താനും സ്വന്തമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടിക്രമങ്ങളിൽ ഭേദഗതി വരുത്താനും സംസ്ഥാനങ്ങൾക്ക് അവകാശം കൂടിയേ തീരൂ എന്ന ആവശ്യം കേരളം ഉന്നയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. കേന്ദ്രവും സംസ്ഥാനങ്ങളും സമവായത്തിലൂടെ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശകൾ പിന്തുടരുന്ന ഒരു സംവിധാനമാണ് ജി.എസ്.ടി.-യിൽ നിലവിൽ ഉള്ളത്.

(ഡി) ജി.എസ്.ടി.-യിൽ ഇത്തരമൊരു പുനഃസംഘടന നടത്തുന്നതിന് ഇതുസംബന്ധിച്ച സുപ്രീംകോടതി വിധി സഹായകരമാകുമോ; വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതി 19-05-2022 -ൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ വെളിച്ചത്തിൽ നിലവിലെ സ്ഥിതിയിൽനിന്നും മാറ്റം വരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതികാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയുമോ എന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ട്രഷറി നിയന്ത്രണം

139 (531) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ തന്നെ ട്രഷറി നിയന്ത്രണം പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ആയതിന് കാരണമായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത ട്രഷറി നിയന്ത്രണം പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ & ബി) നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒമ്പത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തത് നിലവിൽ സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട് എന്നതൊരു വസ്തുതയാണ്. ഇതിലുപരിയായി ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പാക്കി വരുന്നതാണ്. അതേസമയം, വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസന ക്ഷേമ

പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

## ട്രഷറി നിയന്ത്രണം

140 (532) ശ്രീ. ഐ. സി .ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022 ഏപ്രിൽ മാസത്തെ ട്രഷറി നിയന്ത്രണത്തിന്റെ ഭാഗമായി എത്ര ബില്ലുകളാണ് പണം നൽകാതെ മാറ്റിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2022 ഏപ്രിൽ മാസത്തെ ട്രഷറി നിയന്ത്രണത്തിന്റെ ഭാഗമായി ബില്ലുകളൊന്നും നിലവിൽ പണം നൽകാതെ മാറ്റിവച്ചിട്ടില്ല. എന്നാൽ 19-05-2022 മുതൽ ബിൽ ഡിസ്കൗണ്ടിംഗ് പരിധി 25 ലക്ഷമായി പുനർ നിർണ്ണയിച്ചതിനാൽ ഈ പരിധിക്കുമുകളിലുള്ള ബില്ലുകൾ തുടർനടപടികൾക്കായി ബിൽ ഡിസ്കൗണ്ടിംഗ് സെക്ഷനിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

## പാവറട്ടിയിൽ പുതിയ സബ്ട്രഷറി

141 (533) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ പാവറട്ടിയിൽ സബ്ട്രഷറി തുടങ്ങാനുള്ള പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിലെ പാവറട്ടിയിൽ ഒരു പുതിയ സബ്ട്രഷറി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രഷറി പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ സാധിക്കുന്ന കെട്ടിടം ലഭ്യമാകുന്നമുറയ്ക്ക് പുതിയ ട്രഷറി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പയ്യന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം

142 (534) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കാമോ; നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം

നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

പയ്യന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാരിൽനിന്നും ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാകുകയും സർക്കാർ നിർദ്ദേശപ്രകാരം കെട്ടിടനിർമ്മാണത്തിനായി നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ PMC ആയി തെരഞ്ഞെടുത്തിട്ടുള്ളതുമാണ്. നിലവിൽ കെട്ടിടത്തിന്റെ ടൈൽ വർക്കുകൾ, പെയിന്റിംഗ് വർക്കുകൾ, ഇലക്ട്രിക്കൽ കേബിൾ വർക്കുകൾ എന്നിവ പുരോഗമിക്കുന്നു.

കോവിഡ് മഹാമാരി കാരണമുള്ള അപ്രതീക്ഷിത സാഹചര്യങ്ങളും നിർമ്മാണപ്രവർത്തനങ്ങളുടെ മെല്ലെപ്പോക്കുമാണ് കാലതാമസത്തിന് കാരണമായിട്ടുള്ളത്. കാലതാമസം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ട്രഷറി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഇൻകെൽ ലിമിറ്റഡ് ജനറൽ മാനേജർ, ഇൻകെൽ ലെയ്സൺ ഓഫീസർ, ട്രഷറി ഡയറക്ടറേറ്റിലെ TIDP സെക്ഷൻ എന്നിവരെ ഉൾക്കൊള്ളിച്ച് യോഗം വിളിക്കുകയും ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന പുതിയ കെട്ടിടങ്ങളുടെ നിർമ്മിതിയിൽ നേരിടുന്ന കാലതാമസത്തെക്കുറിച്ച് ചർച്ച ചെയ്യുകയും

വകുപ്പുമായി ബന്ധപ്പെട്ട എല്ലാ നിർമ്മാണപ്രവർത്തനങ്ങളും വർക്ക് ഷെഡ്യൂൾപ്രകാരം ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി കൈക്കൊള്ളണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. ഈ വിഷയത്തിലെ പുരോഗതി നിരന്തരം ഇൻകെൽ ലിമിറ്റഡുമായി ബന്ധപ്പെട്ട് വിലയിരുത്തുകയും ചെയ്തുവരുന്നു. സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ഇൻകെൽ ലിമിറ്റഡുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ച് എപ്പോൾ ഉദ്ഘാടനം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

നാലു മാസത്തിനുള്ളിൽ പയ്യന്നൂർ സബ്ട്രഷറിയുടെ പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കായംകുളം സബ്ട്രഷറിക്ക് പുതിയ കെട്ടിടം**

143 (535) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആവശ്യങ്ങൾക്കായി കായംകുളം സബ്ട്രഷറിയിൽ എത്തുന്നവർക്കും ജീവനക്കാർക്കും ഇവിടത്തെ സ്ഥലപരിമിതിമൂലം ഏറെ

ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടെ സ്ഥലപരിമിതിമൂലം പെൻഷൻകാരും ജീവനക്കാരും വളരെ ബുദ്ധിമുട്ടുന്ന അവസ്ഥ നിലവിലുണ്ട്.

(ബി) എങ്കിൽ ഇവിടെ ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കായംകുളം സബ്ട്രഷറിക്ക് ഇപ്പോഴുള്ള ട്രഷറി കെട്ടിടം നിൽക്കുന്ന 12 സെന്റ് സ്ഥലത്തിനോട് ചേർന്നുകിടക്കുന്ന കായംകുളം മുൻസിഫ് കോടതിയുടെ കൈവശമുള്ള 10 സെന്റ് സ്ഥലംകൂടി കൈമാറിക്കിട്ടുന്നതിനുള്ള അനുമതി ലഭ്യമാകുകയും പ്രസ്തുത സ്ഥലം കാർത്തികപ്പള്ളി താലൂക്ക് സർവ്വെയർ 18-06-2022-ൽ അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടുമുണ്ട്.

സ്ഥലം കൈമാറി കിട്ടുന്നമുറയ്ക്ക് കായംകുളം സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പൂച്ചാക്കൽ സബ്ട്രഷറി കെട്ടിടം**

144 (536) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂച്ചാക്കൽ സബ്ട്രഷറി കെട്ടിടം വാടക കെട്ടിടത്തിലാണ്

പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൂച്ചാക്കൽ സബ്ട്രഷറി പ്രവർത്തനം ആരംഭിച്ചതു മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) പുതിയ കെട്ടിടനിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പാണാവള്ളി പഞ്ചായത്ത് പൂച്ചാക്കൽ സബ്ട്രഷറിക്കുവേണ്ടി സൗജന്യമായി സ്ഥലം വിട്ടുനൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം കൈമാറിക്കിട്ടുന്നമുറയ്ക്ക് പൂച്ചാക്കൽ സബ്ട്രഷറി കെട്ടിട നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വർക്കല സബ്ട്രഷറി കെട്ടിടം

145 (537) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല സബ്ട്രഷറിക്കായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

വർക്കല സബ്ട്രഷറി സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടം പൊളിച്ചു നീക്കി അവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 24-12-2019-ലെ

G.O.(Rt) No.10130/2019/Fin ഉത്തരവുപ്രകാരം ₹3,48,95,000/- രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾക്കായി 2,60,13,524/- രൂപയുടെ സാങ്കേതികാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്. നിലവിൽ വർക്കല സബ് ട്രഷറിക്കായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലേയ്ക്ക് പുരോഗമിക്കുകയാണ്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിൽ എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

ഫർണിഷിംഗ്, കൗണ്ടർ നിർമ്മാണ പ്രവൃത്തികൾ, നെറ്റ്‌വർക്ക് ജോലികൾ എന്നിവ പൂർത്തിയാകേണ്ടതുണ്ട്.

(സി) പ്രസ്തുത കെട്ടിടം അടിയന്തരമായി ഉദ്ഘാടനം ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം നൽകാമോ?

പ്രസ്തുത സബ്ട്രഷറി കെട്ടിടത്തിന്റെ എല്ലാ നിർമ്മാണപ്രവൃത്തികളും പൂർത്തിയാക്കി നിർവ്വഹണ ഏജൻസി കെട്ടിടം കൈമാറുകയും പൊതുമരാമത്ത് വകപ്പിൽനിന്നും സ്ട്രോംഗ് റൂം ഫിറ്റ്നസ് ലഭിക്കുകയും

ചെയ്യുന്ന മുറയ്ക്ക് ഉദ്ഘാടനത്തിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മുണ്ടക്കയം സബ്ട്രഷറി കെട്ടിട നിർമ്മാണം**

146 (538) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി നിർമ്മാണ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

നിർമ്മാണപ്രവർത്തനങ്ങളിൽ വരുന്ന കാലതാമസം കാരണം ഇൻകെൽ ലിമിറ്റഡ് ഉൾപ്പെടെയുള്ള ചില നിർവ്വഹണ ഏജൻസികളെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിക്കുന്നതിൽനിന്നും സർക്കാർ താൽക്കാലികമായി വിലക്കി നിർദ്ദേശം നൽകിയിരുന്നു. പുതിയ നിർവ്വഹണ ഏജൻസിയെ ടെണ്ടർ നടപടികളിലൂടെ കണ്ടെത്തണമെന്ന് നിർദ്ദേശം നൽകിയ സാഹചര്യത്തിൽ, അക്രഡിറ്റഡ് ഏജൻസികളിൽനിന്നും അവർക്കുള്ള സാങ്കേതിക മാനദണ്ഡങ്ങൾ ആവശ്യപ്പെടുന്ന സെന്റേജ് ചാർജ്ജ് എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ നിശ്ചിത

പ്രൊഫോർമയിൽ സമർപ്പിക്കുന്നതിന് KSIE Ltd, SIDCO, HLL Life care, Forest Industries Travancore Ltd, KLDC Ltd, KPHCC Ltd, KSCC Ltd, KSHB, KITCO Ltd, Kerala State Nirmithi Kendra എന്നീ സ്ഥാപനങ്ങൾക്ക് ട്രഷറി വകുപ്പ് നിർദ്ദേശം നൽകുകയും അക്രഡിറ്റഡ് ഏജൻസികളായ SIDCO, KSCC Ltd, KPHCC Ltd എന്നീ ഏജൻസികൾ നിശ്ചിത പ്രൊഫോർമയിൽ അവരുടെ സാങ്കേതിക വിശദാംശങ്ങൾ, ആവശ്യപ്പെടുന്ന സെന്റേജ് ചാർജ്ജ് എന്നിവ സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ അക്രഡിറ്റഡ് ഏജൻസിയെ നിശ്ചയിച്ച് മുണ്ടക്കയം സബ്ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അക്രഡിറ്റഡ് ഏജൻസിയെ നിശ്ചയിക്കുന്നമുറയ്ക്ക് മുണ്ടക്കയം സബ് ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ DPR തയ്യാറാക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ അടിയന്തര പ്രാധാന്യത്തോടെ സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് സബ്ട്രഷറി കെട്ടിടം

147 (539) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സബ്ട്രഷറി കെട്ടിടത്തിന് എത്ര വർഷത്തെ പഴക്കമുണ്ടെന്ന് വ്യക്തമാക്കാമോ?

മുമ്പ് കാസർഗോഡ് സബ്ട്രഷറി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന് 52 വർഷത്തെ പഴക്കമുണ്ടായിരുന്നു. പുതിയ സബ്ട്രഷറി കെട്ടിടം 20-06-2022-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

(ബി) റെക്കോർഡുകളും മറ്റ് പ്രധാനപ്പെട്ട രേഖകളും സൂക്ഷിക്കാൻ ഇവിടെ പരിമിതികളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പഴയ കെട്ടിടം ചോർന്നൊലിക്കുകയും സീലിംഗ് പൊളിഞ്ഞ അവസ്ഥയിലുമായിരുന്നതിനാൽ പെൻഷൻ ബുക്കുകളും മറ്റ് റെക്കോർഡുകളും സൂക്ഷിക്കുന്നതിന് പരിമിതികളുണ്ടായിരുന്നു.

(സി) പഴക്കംചെന്ന പല രേഖകളും നശിച്ചതായി പറയപ്പെടുന്നത് ശരിയാണോയെന്ന് വ്യക്തമാക്കാമോ?

ശരിയാണ്. വർഷങ്ങൾക്കുമുമ്പ് റെക്കോർഡ് റൂമിന്റെ ഒരു ഭാഗത്തെ സീലിംഗ് അടർന്നുവീണതിനാൽ 2005-2006 വർഷത്തെ എക്സ്പെൻഡിച്ചർ രജിസ്റ്റർ നശിച്ചുപോയിട്ടുണ്ട്.

(ഡി) ജീർണ്ണിച്ച കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് സബ്ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും പൂർത്തിയാക്കി കെട്ടിടത്തിന്റെ ഔപചാരികമായ ഉദ്ഘാടനം 20-06-2022-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്.

**ശ്രീകണ്ഠാപുരം സബ്ട്രഷറി കെട്ടിട നിർമ്മാണം**

148 (540) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ്ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ് ട്രഷറി

കെട്ടിട നിർമ്മാണത്തിനായി വകുപ്പിന്റെ നിരന്തര ശ്രമഫലമായി ശ്രീകണ്ഠാപുരം വില്ലേജിൽ 8.75 സെന്റ് സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും ആയതിന് ₹2,66,42,000/- (രണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. നിർമ്മാണപ്രവർത്തനങ്ങളിൽ വരുന്ന കാലതാമസം കാരണം ഇൻകെൽ ലിമിറ്റഡ് ഉൾപ്പെടെയുള്ള ചില നിർവ്വഹണ ഏജൻസികളെ പുതിയ നിർമ്മാണപ്രവർത്തനങ്ങൾ ഏൽപ്പിക്കുന്നതിൽനിന്നും സർക്കാർ താൽക്കാലികമായി വിലക്കി നിർദ്ദേശം നൽകിയിരുന്നു. ഇക്കാരണത്താൽ ഇൻകെൽ മുഖേന DPR തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമായ ശ്രീകണ്ഠാപുരം സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. പുതിയ അക്രഡിറ്റഡ് ഏജൻസിയെ നിശ്ചയിക്കുന്നമുറയ്ക്ക് ശ്രീകണ്ഠാപുരം സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) കെട്ടിട നിർമ്മാണത്തിന് നിർവ്വഹണ ഏജൻസിയായി ഇൻകെൽ ലിമിറ്റഡിനെ തെരഞ്ഞെടുത്തിരുന്നെങ്കിലും പിന്നീട്

ഒഴിവാക്കിയതിനാൽ പുതിയ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

പുതിയ നിർമ്മാണപ്രവൃത്തികളൊന്നുംതന്നെ ഇൻകെൽ ലിമിറ്റഡിന് നൽകേണ്ടതില്ലെന്നും പുതിയ നിർവ്വഹണ ഏജൻസിയെ ടെണ്ടർ നടപടികളിലൂടെ കണ്ടെത്തണമെന്നും നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ അക്രെഡിറ്റഡ് ഏജൻസികളിൽനിന്നും അവർക്കുള്ള സാങ്കേതിക മാനദണ്ഡങ്ങൾ ആവശ്യപ്പെടുന്ന സെന്റേജ് ചാർജ്ജ് സംബന്ധിച്ച വിശദവിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ സമർപ്പിക്കുന്നതിന് KSIE Ltd, SIDCO, HLL Life care, Forest Industries Travancore Ltd, KLDC Ltd, KPHCC Ltd, KSCC Ltd, KSHB, KITCO Ltd, Kerala State Nirmithi Kendra എന്നിവർക്ക് വകുപ്പ് നിർദ്ദേശം നൽകുകയും അക്രെഡിറ്റഡ് ഏജൻസികളായ SIDCO, KSCC Ltd, KPHCC Ltd, Kerala State Nirmithi Kendra, KITCO Ltd എന്നിവർ നിശ്ചിത പ്രൊഫോർമയിൽ സമർപ്പിച്ച സാങ്കേതിക വിശദാംശങ്ങൾ, ആവശ്യപ്പെടുന്ന സെന്റേജ് ചാർജ്ജ് എന്നിവ പരിശോധിച്ച് അക്രെഡിറ്റഡ് ഏജൻസിയെ നിശ്ചയിച്ചു. പുതിയ ട്രഷറി കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ചെറുപുഴ സബ്ട്രഷറി കെട്ടിട നിർമ്മാണം

149 (541) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ്ട്രഷറി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ചെറുപുഴ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തളിപ്പറമ്പ് താലൂക്കിൽ വയക്കര വില്ലേജിൽ റീ സർവ്വേ നമ്പർ 59/1-ൽപ്പെട്ട 5 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയിൽനിന്നും ലഭ്യമായിട്ടുണ്ട്. അവിടെ ട്രഷറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. എന്നാൽ ട്രഷറി കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന വേളയിൽ ചെറുപുഴ ഗ്രാമപഞ്ചായത്ത്, ട്രഷറിക്ക് അനുവദിച്ച പ്രസ്തുത ഭൂമി കയ്യേറി കെട്ടിടം നിർമ്മിച്ചതായി ബോധ്യപ്പെടുകയും ആയത് പഞ്ചായത്ത് ഭരണസമിതിയെ യഥാസമയം അറിയിക്കുകയും ചെയ്യുകയുണ്ടായി. ഇതേത്തുടർന്ന് പ്രസ്തുത സ്ഥലത്തോട് ചേർന്ന് കയ്യേറ്റം നടന്ന ഭൂമിക്ക് തുല്യമായി സ്വകാര്യ

വ്യക്തിയുടെ ഭൂമി വാങ്ങി ട്രഷറിക്ക് നൽകുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുകയുണ്ടായി. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ സബ് ഡിവിഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. സൈറ്റ് പ്ലാനിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) കെട്ടിടത്തിനായി സ്ഥലം ലഭ്യമാക്കിയിട്ടും നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

(ബി & സി) കെട്ടിടത്തിനായി സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണപ്രവർത്തനങ്ങളുമായി വകുപ്പ് മുന്നോട്ടുപോകുന്നതാണ്.

**ട്രഷറികളിലെ സാമ്പത്തിക തിരിമറി**

150 (542) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ൽ ട്രഷറിയിൽനിന്ന് അൻപത് കോടി രൂപ കേരള

സർവ്വകലാശാല ഡിജിറ്റൽ സയൻസ് ഇന്നവേഷൻ ആൻഡ് ടെക്നോളജിക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ്-കേരള (IIITM-K)-യുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള പി.റ്റി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് 25-02-2021-ൽ വരവുവച്ച 50 കോടി രൂപ, സ്ഥാപനത്തിന്റെ ഡയറക്ടർ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സമർപ്പിച്ച 5 കോടി രൂപ വീതമുള്ള 10 ചെക്കുകൾ മുഖാന്തരം KUDSIT-യുടെ പേരിൽ കഴക്കൂട്ടം കാനറാ ബാങ്കിന്റെ 2762101012939 നമ്പർ അക്കൗണ്ടിലേയ്ക്ക് മാറിനൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നടപടിയിൽ ആരെല്ലാമാണ് കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അന്തിമ ഗുണഭോക്താവിനല്ലാതെ പി.എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽനിന്ന് വകുപ്പിന്റെയോ ഏജൻസിയുടെയോ മറ്റ് എസ്.റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്കോ ബാങ്ക് അക്കൗണ്ടിലേയ്ക്കോ ഫണ്ട് ട്രാൻസ്ഫർ ചെയ്യാൻ പാടില്ലെന്ന 16-04-2018-ലെ ജി.ഒ.(പി) നം.62/2018/ധന. സർക്കാർ ഉത്തരവിലെ നിബന്ധന പാലിക്കാതെയാണ് ടി പേയ്മെന്റുകൾ കൈമാറിയിട്ടുള്ളത്. ഇതുസംബന്ധിച്ച് ധനകാര്യ

പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പേയ്മെന്റുകൾ അനുവദിച്ച തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസിലെ ജൂനിയർ സൂപ്രണ്ടുമാരായ ശ്രീമതി സി. ബീന, ശ്രീ. റ്റി. മധു എന്നിവർക്ക് ട്രഷറി ഡയറക്ടർ കർശനമായ താക്കീത് നൽകിയിട്ടുണ്ട്.

(സി) ട്രഷറി നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട സാമ്പത്തിക തിരിമറികളിൽ ട്രഷറി ഡയറക്ടറുടെ പങ്ക് അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ട്രഷറി നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട സാമ്പത്തിക തിരിമറികളിൽ ട്രഷറി ഡയറക്ടർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ വീഴ്ച അന്വേഷിച്ചിട്ടുണ്ട്. 2020 വർഷത്തിൽ വഞ്ചിയൂർ സബ്ട്രഷറിയിൽ നടന്ന ധനാപഹരണവുമായി ബന്ധപ്പെട്ട് ട്രഷറി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ ഡയറക്ടറുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 11-01-2021-ലെ സ.ഉ. (സാധാ)നം.242/2021/ധന. ഉത്തരവുപ്രകാരം censure നൽകിക്കൊണ്ട് അന്നത്തെ ട്രഷറി ഡയറക്ടർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്.

## ട്രഷറി സേവിംഗ്സ് അക്കൗണ്ട്

151 (543) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് ഓൺലൈനായി പണമടയ്ക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഇ-ട്രഷറി മുഖേന ബാങ്ക് അക്കൗണ്ടിൽനിന്നും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഓൺലൈനായി പണമടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ സേവനമായ ഇ-ട്രഷറിയിലൂടെ https://etreasury.kerala.gov.in എന്ന ആപ്ലിക്കേഷൻ മുഖേന ബാങ്ക് അക്കൗണ്ടിൽനിന്നും ട്രഷറി സേവിംഗ്സ് ബാങ്ക് (വ്യക്തിഗത) അക്കൗണ്ടിലേയ്ക്ക് പണം അടയ്ക്കാവുന്നതാണ്.

(ബി) ട്രഷറി സേവിംഗ്സ് അക്കൗണ്ടിന് എ.ടി.എം. കാർഡ് നൽകാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ?

ട്രഷറി സേവിംഗ്സ് അക്കൗണ്ടിന് എ.ടി.എം. കാർഡ് ഏർപ്പെടുത്താനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി

സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമൾക്ക് tsb online ആപ്ലിക്കേഷൻ മുഖേന ട്രഷറി അക്കൗണ്ടിൽനിന്നും തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് സ്വമേധയാ മാറ്റാനും ആയത് ബാങ്ക് എ.ടി.എം. മുഖേന പിൻവലിക്കാനും കഴിയുന്നതരത്തിൽ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

**സംസ്ഥാന ഭാഗ്യക്കുറി സംബന്ധിച്ച പ്രവർത്തനങ്ങൾ**

152 (544) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം ഇതരസംസ്ഥാന ലോട്ടറി കച്ചവടം തടയാനും സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുമായി കഴിഞ്ഞ സർക്കാരും ഈ സർക്കാരും സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ വിശദമാക്കുമോ?

ഇതര സംസ്ഥാന ഭാഗ്യക്കുറിയുടെ നടത്തിപ്പ് സംസ്ഥാനത്തിനുള്ളിൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാന ഭാഗ്യക്കുറിച്ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന ഭാഗ്യക്കുറി വിതരണക്കാർ നിർബന്ധമായും പാലിക്കേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽപ്പന നടത്തുന്ന ഏജന്റുമാരോ ടി ഏജന്റുമാരാൽ നിയമിക്കപ്പെടുന്ന സബ് ഏജന്റുമാരോ, ചില്ലറവില്പനക്കാരോ, നിയമവിധേയമല്ലാത്ത ഇതര സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കുന്നപക്ഷം ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ ഏജന്റുമാർക്കെതിരെ സ്വീകരിക്കുമെന്നറിയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രവർത്തനം കാലാനുസൃതമായി നവീകരിക്കുന്നതിനായി ഒട്ടനവധി പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിൽവരുത്തിയിട്ടുണ്ട്. ഭാഗ്യക്കുറി ടിക്കറ്റുകളിൽ മെച്ചപ്പെട്ട സെക്യൂരിറ്റി ഫീച്ചറുകൾ കൊണ്ടുവരികയും പൊതുജനങ്ങൾക്ക് ടിക്കറ്റിന്റെ ഒറിജിനാലിറ്റി പരിശോധിക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുകയും ഭാഗ്യക്കുറി വകുപ്പിൽ NIC മുഖാന്തരം പുതിയ സോഫ്റ്റ്‌വെയർ നടപ്പിൽവരുത്തുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏജന്റുമാർക്ക് ഓൺലൈൻ പോർട്ടൽ മുഖേന പണമടച്ച് ടിക്കറ്റ് വാങ്ങുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. ഭാഗ്യക്കുറി വകുപ്പിലെ പ്രവർത്തനങ്ങൾ സാങ്കേതികമായി ലളിതവത്ക്കരിക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ നടപടികൾ

സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തിയപ്പോൾ സംസ്ഥാന ഭാഗ്യക്കുറികളുടെ സമ്മാന വിഹിതം എത്രയെന്നും നിലവിൽ എത്രയെന്നും വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തിയപ്പോൾ സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനവിഹിതം ശരാശരി 42% ആയിരുന്നു. ഇപ്പോൾ പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനം ശരാശരി 60% ആണ്.

(സി) സമ്മാനങ്ങളുടെ എണ്ണം കൂട്ടി ഇതരസംസ്ഥാന ലോട്ടറിയുടെ കടന്നുകയറ്റം ഒഴിവാക്കാനും കൂടുതൽ സമ്മാനങ്ങൾ ഉറപ്പുവരുത്താനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ അറിയിക്കാമോ?

സമ്മാനങ്ങളുടെ എണ്ണം കൂട്ടി ഇതര സംസ്ഥാന ലോട്ടറിയുടെ കടന്നുകയറ്റം ഒഴിവാക്കാൻ നടപടികളെടുത്തിട്ടില്ല. നിലവിൽ ഭാഗ്യക്കുറി സമ്മാനഘടനകൾ പ്രകാരം 60 ശതമാനത്തോളം തുക സമ്മാനവിതരണത്തിന് വിനിയോഗിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് ലോട്ടറി മേഖലയിൽ എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ എത്ര പ്രവർത്തകരുണ്ടെന്നും

വികലാംഗരും രോഗബാധിതരുമുൾപ്പെടെ ലോട്ടറി വില്പനക്കാർ എത്രയെന്നും അറിയിക്കാമോ?

22-06-2022-ലെ കണക്കുപ്രകാരം ലോട്ടറി മേഖലയിൽ 95,896 ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ഏജൻസികളിലെ പ്രവർത്തകരുടെയും ഭിന്നശേഷിക്കാരുടെയും രോഗബാധിതരുടെയും എണ്ണം പ്രത്യേകമായി തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഇ) ഇവർക്ക് കൂടുതൽ സഹായസൗകര്യങ്ങൾ നൽകി ലോട്ടറി വ്യവസായത്തിന്റെ പുരോഗതിക്കായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗബാധിതരായ അംഗങ്ങളെ ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാധനസഹായം വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ ക്ഷേമനിധിയിലെ സാമ്പത്തിക നിലയുടെ അടിസ്ഥാനത്തിൽ അംഗപരിമിതരായ അംഗങ്ങൾക്ക് കാലാകാലങ്ങളിൽ ട്രൈസ്കൂട്ടർ നൽകിവരുന്നുണ്ട്.

## ലോട്ടറി സമ്മാനത്തിനുള്ള സെസ്

153 (545) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി സമ്മാന തുകയുടെ എത്ര ശതമാനമാണ് സെസ് ഈടാക്കുന്നതെന്നും സെസ് ഈടാക്കുന്നതിനുള്ള പരിധി സംബന്ധിച്ച വിശദാംശങ്ങളും അറിയിക്കാമോ;

(ബി) അൻപത് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ലോട്ടറി സമ്മാനത്തിൽനിന്നും മുപ്പത് ശതമാനം തുക കുറച്ചതിനുശേഷവും സമ്മാനം ലഭിച്ച വ്യക്തി സെസ് തുക അടയ്ക്കേണ്ടതുണ്ടോയെന്ന് അറിയിക്കാമോ?

(എ & ബി) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് വിതരണം ചെയ്യുന്ന സമ്മാനത്തുകയ്ക്ക് നിലവിൽ വകുപ്പ് സെസ് ഈടാക്കുന്നില്ല.

## ഓൺലൈൻ ലോട്ടറി നിരോധനം

154 (546) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന ഓൺലൈൻ ലോട്ടറികൾ സംസ്ഥാനത്ത് നിരോധിക്കുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് നൽകാമോ?

ഇതര സംസ്ഥാന ഓൺലൈൻ ലോട്ടറികൾ സംസ്ഥാനത്തിനുള്ളിൽ നിരോധിക്കുന്നതിന് 22-04-2005-ലെ സ.ഉ(പി)നം. 382/2005/നി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഓൺലൈൻ ലോട്ടറിയിലൂടെ കോടിക്കണക്കിന് തുക മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത് തടയാൻ നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഭാഗ്യക്കുറി സമ്മാന പരിഷ്കരണം**

155 (547) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനങ്ങളിൽ വരുത്തിയ പരിഷ്കാരങ്ങൾ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭാഗ്യക്കുറികളുടെ സമ്മാന ഘടനയിൽ പരിഷ്കാരങ്ങൾ വരുത്തിയിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സമ്മാനങ്ങളുടെ എണ്ണം കുറച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സമ്മാനങ്ങളുടെ എണ്ണം കുറച്ചിട്ടില്ല.

**ലോട്ടറി കൂടുതൽ ആകർഷകമാക്കാൻ നടപടി**

156 (548) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി കൂടുതൽ ആകർഷകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ശരാശരി 42% ആയിരുന്ന സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനവിഹിതം നിലവിൽ പരമാവധി 60% വരെ ഉയർത്തിയിട്ടുണ്ട്. കൂടാതെ ഭാഗ്യക്കുറി ടിക്കറ്റുകളിൽ മെച്ചപ്പെട്ട സെക്യൂരിറ്റി ഫീച്ചറുകൾ കൊണ്ടുവരികയും പൊതുജനങ്ങൾക്ക് ടിക്കറ്റിന്റെ ഒറിജിനാലിറ്റി പരിശോധിക്കുന്നതിന് മൊബൈൽ അപ്ലിക്കേഷൻ വികസിപ്പിക്കുകയും ഭാഗ്യക്കുറി വകുപ്പിൽ NIC മുഖാന്തരം പുതിയ സോഫ്റ്റ്‌വെയർ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഏജന്റുമാർക്ക് ഓൺലൈൻ പോർട്ടൽ മുഖേന

പണമടച്ച് ടിക്കറ്റ് വാങ്ങുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്.

(ബി) ലോട്ടറിയുടെ ഘടന കൂടുതൽ ആകർഷകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വിറ്റുവരവിന്റെ ഏകദേശം 60% സമ്മാനവിതരണത്തിന് നൽകിക്കൊണ്ട് വളരെ ആകർഷകമായ സമ്മാനഘടനയാണ് നിലവിലുള്ളത്. ഞായറാഴ്ചകളിൽ നടത്തിവന്നിരുന്ന പൗർണ്ണമി ഭാഗ്യക്കുറിക്കുപകരം ഫിഫ്റ്റി-ഫിഫ്റ്റി ഭാഗ്യക്കുറി, ഒന്നാം സമ്മാനം ഒരു കോടി രൂപയും മറ്റ് ആകർഷകമായ സമ്മാനങ്ങളും ഉൾപ്പെടുത്തി പുതിയതായി ആരംഭിച്ചു.

**മാവേലിക്കരയിൽ താലൂക്ക് ലോട്ടറി ഓഫീസ്**

157 (549) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കരയിൽ സംസ്ഥാന ലോട്ടറിയുടെ താലൂക്ക് ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഇക്കാര്യം നിലവിൽ സർക്കാർ പരിഗണനയിലില്ല.

## കെ.എസ്.എഫ്.ഇ. ചിട്ടികളുടെയും ലോണുകളുടെയും ജാമ്യവ്യവസ്ഥ

158 (550) <u>ശ്രീ എം നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ചിട്ടികൾക്കും ലോണുകൾക്കും നിലവിലുള്ള ജാമ്യവ്യവസ്ഥകൾ വിശദമാക്കാമോ?

വസ്തുജാമ്യം, ഉദ്യോഗസ്ഥ ജാമ്യം, കെ.എസ്.എഫ്.ഇ.-യിലേയും ബാങ്കുകളിലേയും സ്ഥിര നിക്ഷേപങ്ങൾ, എൽ.ഐ.സി. പോളിസി, ബാങ്ക് ഗ്യാരണ്ടി, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, കിസാൻ വികാസ് പത്ര, കെ.എസ്.എഫ്.ഇ.-യിലെ വിളിക്കാത്ത ചിട്ടിയുടെ പാസ്സ്ബുക്ക്, സ്വർണ്ണാഭരണങ്ങൾ എന്നിവയാണ് ചിട്ടികൾക്കും ലോണുകൾക്കും ജാമ്യമായി കെ.എസ്.എഫ്.ഇ. സ്വീകരിക്കുന്നത്.

(ബി) ചിട്ടികൾക്കും ലോണുകൾക്കും ഉദ്യോഗസ്ഥജാമ്യം സ്വീകരിക്കുമ്പോൾ പ്രസ്തുത ഉദ്യോഗസ്ഥരുടെ ഓഫീസിൽ അന്വേഷണം നടത്താറുണ്ടോ; വിശദമാക്കാമോ?

ടെലഫോൺ, രജിസ്റ്റേർഡ് ലെറ്റർ എന്നിവ വഴി അന്വേഷണം നടത്താറുണ്ട്.

(സി) ജാമ്യം നിന്ന ഉദ്യോഗസ്ഥർ റിക്കവറി നേരിടുമ്പോൾ പ്രസ്തുത ഉദ്യോഗസ്ഥരിൽനിന്നും തുല്യമായി തുക ഈടാക്കണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ; പ്രസ്തുത ഉത്തരവ് എല്ലാ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളും പാലിക്കാറുണ്ടോ; വിശദമാക്കാമോ?

നികുതി വകുപ്പിൽനിന്നും അത്തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഡി) കൊല്ലം കടപ്പാക്കട ബ്രാഞ്ചിൽ ചിട്ടിക്ക് ജാമ്യംനിന്ന ഉദ്യോഗസ്ഥരിൽനിന്നും തുല്യമായി ഈടാക്കാതെ ഒരു ഉദ്യോഗസ്ഥനിൽ നിന്നുമാത്രം റിക്കവറി തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജാമ്യം നിന്ന മറ്റ് ഉദ്യോഗസ്ഥരിൽനിന്നും റിക്കവറി തുക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിക്കവറി നടത്തണമെന്നാവശ്യപ്പെട്ട് വീണ്ടും മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ. കത്ത് നൽകുകയും ഡ്രോയിംഗ് ഓഫീസറെ നേരിൽക്കണ്ട് വിവരം ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ. വായ്പാ പദ്ധതികൾ**

159 (551) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന

ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീകൾക്കും ചെറുകിട-ഇടത്തരം സംരംഭകർക്കുംവേണ്ടി കെ.എസ്.എഫ്.ഇ.-യുടെ വായ്പാ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ചെറുകിട-ഇടത്തരം സംരംഭകർക്കുവേണ്ടി കെ.എസ്.എഫ്.ഇ.-യിൽ പ്രത്യേക പദ്ധതികളില്ല. എന്നാൽ സ്ത്രീകൾക്കായി കെ.എസ്.എഫ്.ഇ. 'അജയ്യ' സ്വർണ്ണപ്പണയ വായ്പാ പദ്ധതി നിലവിലുണ്ട്. പരമാവധി വായ്പാതുക 25,000/- രൂപയും വാർഷിക പലിശ നിരക്ക് 5 (സാധാരണ പലിശ) ശതമാനവുമാണ്.

**കെ.എസ്.എഫ്.ഇ. വായ്പയിളവ് പദ്ധതി**

160 (552) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് സാഹചര്യത്തിൽ കെ.എസ്.എഫ്.ഇ. നടപ്പാക്കിയ വായ്പയിളവ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് സാഹചര്യത്തിൽ കെ.എസ്.എഫ്.ഇ.-യിൽ 01-07-2020 മുതൽ 26-10-2021 വരെ "ആശ്വാസ് - 2020" , 01-12-2021 മുതൽ

31-03-2022 വരെ "ആശ്വാസ് - 2021" എന്നീ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾവഴി എല്ലാ ടേം ലോണുകളുടേയും (സ്വർണ്ണപ്പണയ വായ്പ, പാസ് ബുക്ക് വായ്പ, എഫ്.ഡി. വായ്പ എന്നിവ ഒഴികെ) പിഴപ്പലിശ ഒഴിവാക്കി നൽകിയിരുന്നു. കൂടാതെ റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന വായ്പാ അക്കൗണ്ടുകൾക്ക് കുടിശ്ശിക ആരംഭിച്ച തീയതിയെ അടിസ്ഥാനമാക്കി 50% മുതൽ 90% വരെ പലിശയിളവും അനുവദിച്ചുനൽകിയിരുന്നു.

**ഓൺലൈൻ പഠനത്തിന് കെ.എസ്.എഫ്.ഇ. പദ്ധതി**

161 (553) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനായി കെ.എസ്.എഫ്.ഇ.-യും കുടുംബശ്രീ മിഷനും സംയുക്തമായി കുടുംബശ്രീ അംഗങ്ങളുടെ മക്കൾക്കായി ആവിഷ്കരിച്ച പദ്ധതി നിലവിലുണ്ടോ?

കെ.എസ്.എഫ്.ഇ.-യും കുടുംബശ്രീ മിഷനും സംയുക്തമായി ആരംഭിച്ച വിദ്യാശ്രീ ലാപ്ടോപ്പ് പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) പദ്ധതിയുടെ ഭാഗമായി എത്ര ലാപ്ടോപ്പുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ?

ഇതുവരെ 8574 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## വയനാട് ജില്ലയിലെ കെ.എഫ്.സി. വായ്പ

162 (554) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 ജൂൺ മുതൽ 2021 മേയ് വരെയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും വയനാട് ജില്ലയിൽ കെ.എഫ്.സി. മുഖേന എത്ര രൂപയുടെ വായ്പ വീതം ലഭ്യമാക്കിയെന്ന് അറിയിക്കാമോ?

2016 ജൂൺ മുതൽ 2021 മേയ് വരെ 198.65 കോടി രൂപയും ജൂൺ 2021 മുതൽ നാളിതുവരെ 71.82 കോടി രൂപയും മൊത്തം 270.47 കോടി രൂപ കെ.എഫ്.സി.-യുടെ വയനാട് ശാഖയിൽനിന്നും വായ്പാവിതരണം ചെയ്തിട്ടുള്ളതാകുന്നു.

## പാചകവാതക നികുതി

163 (555) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പാചകവാതക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് എത്ര രൂപ വരുമാനമായി ലഭിച്ചിട്ടുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പാചകവാതക നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.

| വർഷം | നികുതി വരുമാനം (കോടിയിൽ) |
|---|---|
| 2016-17 | 41.11 |
| 2017-18 | 25.46 |
| 2018-19 | 28.81 |
| 2019-20 | 30.85 |
| 2020-21 | 27.49 |
| 2021-22 | 33.80 |

(ബി) പ്രസ്തുത കാലഘട്ടത്തിൽ എത്ര തവണ പാചകവാതക വില വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിലവർദ്ധനയുടെ ഭാഗമായി ലഭിക്കുന്ന അധിക വരുമാനം വേണ്ടെന്നുവച്ച് ഏതെങ്കിലും ഘട്ടത്തിൽ ജനങ്ങൾക്ക് ആശ്വാസം നൽകാൻ ഈ കാലയളവിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത കാലഘട്ടത്തിൽ എത്ര തവണ പാചകവാതക വില വർദ്ധിച്ചിട്ടുണ്ടെന്ന വിവരം ചുവടെ നൽകുന്നു.

| വർഷം | ഗാർഹിക പാചകവാതകം | വാണിജ്യ പാചകവാതകം |
|---|---|---|
| 2016-17 | 9 | 7 |
| 2017-18 | 6 | 6 |
| 2018-19 | 8 | 8 |
| 2019-20 | 9 | 8 |
| 2020-21 | 8 | 8 |
| 2021-22 | 5 | 8 |

പാചക വാതകത്തിന്റെ നികുതി വരുമാനം ജി.എസ്.ടി.-യുടെ പരിധിയിൽ വരുന്നതിനാൽ സംസ്ഥാനത്തിന് മാത്രമായി ഈ നികുതി നിരക്കിൽ ഇളവ് അനുവദിക്കാൻ ജി.എസ്.ടി. സമ്പ്രദായത്തിൽ സാധ്യമല്ല.

**കെവാറ്റ് പ്രകാരമുള്ള പെന്റിംഗ് കേസുകൾ**

164 (556) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യത്തിന്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെവാറ്റ് പ്രകാരമുള്ള പെന്റിംഗ് കേസുകൾക്ക് കേരള ഫിനാൻസ് ആക്ട് 2019-ൽ ഭേഗതിയായി കൊണ്ടുവന്നിട്ടുള്ള "25 എഎ" വകുപ്പ് ബാധകമാണോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

മൂല്യവർദ്ധിത നികുതി നിയമപ്രകാരമുള്ള നികുതി നിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി 2019-ലെ കേരള ധനകാര്യ നിയമപ്രകാരമാണ് കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് '25 എഎ' കൂട്ടിച്ചേർത്തത്. പ്രസ്തുത വകുപ്പ് നാളിതുവരെയായി ഭേദഗതി ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ വകുപ്പ് '25 എഎ'-യിലെ നിബന്ധനകൾക്ക് വിധേയമായി നികുതി നിർണ്ണയം പൂർത്തിയാക്കാനുള്ള കേസുകൾക്ക് ടി വകുപ്പ് ബാധകമാണ്.

## നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

165 (557) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നികുതി കുടിശ്ശികയിനത്തിൽ വിവിധ സ്ഥാപനങ്ങളിൽനിന്നും എത്ര കോടി രൂപയാണ് ലഭിക്കാനുള്ളതെന്ന് വിശദമാക്കുമോ?

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി**

166 (558) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് എത്ര രൂപ വരുമാനം ലഭിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; ഈ കാലയളവിൽ എത്ര തവണ പെട്രോൾ, ഡീസൽ എന്നിവയുടെ വില എണ്ണക്കമ്പനികൾ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം അനുബന്ധമായി+ ചേർക്കുന്നു. ഈ കാലയളവിൽ എത്ര തവണ പെട്രോൾ, ഡീസൽ എന്നിവയുടെ വില

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എണ്ണക്കമ്പനികൾ വർദ്ധിപ്പിച്ചുവെന്ന വിവരവും അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഓരോ സാമ്പത്തിക വർഷവും വിലവർദ്ധനയുടെ ഭാഗമായി പെട്രോൾ, ഡീസൽ എന്നിവയുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ള അധികവരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഓരോ സാമ്പത്തിക വർഷവും വിലവർദ്ധനയുടെ ഭാഗമായി പെട്രോൾ, ഡീസൽ എന്നിവയുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ള അധികവരുമാനം അനുബന്ധമായി+ ചേർക്കുന്നു.

(സി) വില വർദ്ധനമൂലമുള്ള അധിക വരുമാനം വേണ്ടെന്നുവച്ചുകൊണ്ട് ജനങ്ങൾക്ക് ആശ്വാസം നൽകാൻ ഏതെങ്കിലും ഘട്ടത്തിൽ നിലവിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ പെട്രോളിനും ഡീസലിനും 1963-ലെ സംസ്ഥാന പൊതുവിൽപ്പന നികുതി നിയമപ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവുമായി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല.

കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവുമൂലമുള്ള വിലക്കയറ്റം അതിജീവിക്കാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും.

**അഡീഷണൽ പ്രോസിക്യൂട്ടർ ആൻഡ് അഡീഷണൽ ഗവൺമെന്റ് പ്ലീഡർ പദവിയിലേയ്ക്കുള്ള നിയമനം**

167 (559) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിലെ ഭരണകക്ഷിയുടെ ഇടുക്കിയിലെ നേതാവിനെ

അഡീഷണൽ പ്രോസിക്യൂട്ടർ ആൻഡ് അഡീഷണൽ ഗവൺമെന്റ് പ്ലീഡർ പദവിയിലേയ്ക്ക് സർക്കാർ നിയമിച്ചിട്ടുണ്ടോ;

(ബി) ഇദ്ദേഹത്തെ അഡീഷണൽ പ്രോസിക്യൂട്ടർ ആൻഡ് അഡീഷണൽ ഗവൺമെന്റ് പ്ലീഡർ പദവിയിലേയ്ക്ക് നിയമിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) നിയമ വകുപ്പിന്റെ അംഗീകാരത്തോടെയാണോ ഈ നിയമനം നടന്നിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ - സി) 1978-ലെ Kerala Government Law Officers (Appointment & Conditions Of Service) and Conduct of Cases Rules-ലെ ചട്ടം 8 പ്രകാരം വിവിധ ജില്ലകളിലെ ഡിസ്ട്രിക്റ്റ് കോർട്ട്, അഡീഷണൽ ഡിസ്ട്രിക്റ്റ് കോർട്ട്, സബ് കോർട്ട് സെന്ററുകളിൽ അതതു ജില്ലകളിലെ ജില്ലാ ജഡ്ജിയുമായി കൂടിയാലോചിച്ച് ജില്ലാകളക്ടർ തയ്യാറാക്കി നൽകുന്ന പാനലിൽ നിന്നുമാണ് സർക്കാർ ലോ ഓഫീസർമാരെ നിയമ വകുപ്പ് നിയമിച്ചുവരുന്നത്.

**സർക്കാരിനെതിരെയുള്ള കേസുകൾ വാദിക്കാൻ ചെലവഴിച്ച തുക**

168 (560) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും സർക്കാരിനും ഭരണകക്ഷിക്കും എതിരെയുള്ള കേസുകൾ വാദിക്കാൻ സംസ്ഥാനത്തിന്റെ പുറത്തുനിന്നും അഭിഭാഷകരെ ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ പ്രസ്തുത കേസുകളുടെ വിശദാംശം നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും സർക്കാരിനെതിരെയുള്ള കേസുകൾ കേരള ഹൈക്കോടതിയിൽ വാദിക്കാൻ സംസ്ഥാനത്തിന്റെ പുറത്തുനിന്നും അഭിഭാഷകരെ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കേസുകളുടെ വിശദാംശം അനുബന്ധം I+ ആയി ചേർത്തിട്ടുള്ളതാണ്.

(ബി) ഇതിനായി ചെലവഴിച്ച തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

കേരള ഹൈക്കോടതിയിൽ കേസ് നടത്തുന്നതുമായി ബന്ധപ്പെട്ട് പുറമെ നിന്നുള്ള അഭിഭാഷകർക്ക് ഫീസിനത്തിൽ നൽകിയ തുകയും കേരള ഹൈക്കോടതിയിൽ കേസ് നടത്തുന്നതുമായി ബന്ധപ്പെട്ട് പുറമെനിന്നുള്ള അഭിഭാഷകർക്ക് യാത്ര, താമസം എന്നീ ഇനങ്ങളിൽ ചെലവായ തുകയും അനുബന്ധമായി+ ചേർത്തിട്ടുള്ളതാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഭെൽ-ഇ.എം.എൽ. കമ്പനി ഏറ്റെടുക്കൽ

169 (561)ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പ്രവർത്തിക്കുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; കെല്ലിന്റെ കീഴിൽ ലാഭകരമായി പ്രവർത്തിച്ചുവന്ന യൂണിറ്റ് ഭെൽ ഏറ്റെടുത്തതോടുകൂടി കമ്പനിയുടെ പ്രവർത്തനത്തിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കേരളാ ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിച്ചുവന്ന കാസർഗോഡ് യൂണിറ്റ്, ഭെൽ ഏറ്റെടുത്തെങ്കിലും പ്രതീക്ഷിച്ച പ്രവർത്തനപുരോഗതി കൈവരിക്കാൻ കഴിഞ്ഞിരുന്നില്ല.

ഭെൽ-ഇ.എം.എൽ.-ന്റെ 2011 മുതൽ 2022 വരെയുള്ള വിറ്റുവരവ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്ഥാപനം ഏറ്റെടുക്കുന്നതിന് അടിസ്ഥാനമായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഭെൽ-ഇ.എം.എൽ.-ന്റെ പ്രവർത്തനം വിലയിരുത്തിയ നീതി ആയോഗിന്റെ ശിപാർശപ്രകാരം ഭെൽ-ന്റെ കൈവശമുള്ള ഭെൽ ഇ.എം.എൽ.-ന്റെ ഓഹരികൾ വിറ്റഴിക്കാനുള്ള നടപടികളുടെ ഭാഗമായി കേരള സർക്കാരുമായി നടത്തിയ ചർച്ചകളുടെ ഫലമായി ടി ഓഹരികൾ ഏറ്റെടുക്കാനുള്ള സന്നദ്ധത കേരള സർക്കാർ അറിയിച്ചു.

2019 ജനുവരി മാസം മുതൽ കമ്പനി ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും മുടങ്ങി. 2020-ലെ കോവിഡ്-19 മഹാമാരിയെത്തുടർന്നുണ്ടായ ദേശീയ ലോക്ക്ഡൗണോടുകൂടി കമ്പനിയുടെ പ്രവർത്തനം പൂർണ്ണമായും നിലച്ചു. ശേഷം, കേരള സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ നവീകരണം നടത്തി 2022 ഏപ്രിൽ 1-ന് കെൽ-ഇ.എം.എൽ. ആയി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

(സി) സംസ്ഥാന സർക്കാർ ഇ.എം.എൽ. കമ്പനി ഏറ്റെടുത്തതുവഴി പ്രസ്തുത സ്ഥാപനത്തിലും തൊഴിൽ മേഖലയിലും എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാന സർക്കാർ ഭെൽ ഇ.എം.എൽ. എന്ന കമ്പനി ഏറ്റെടുത്തത് വളരെയധികം സാധ്യതകളുള്ള പ്രസ്തുത കമ്പനി പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്ന ഉദ്ദേശ്യത്തോടെയാണ്. അതുകൊണ്ടുതന്നെ വളരെ പുരോഗമനാത്മകമായ ഒരു പുനരുദ്ധാരണ പദ്ധതിയാണ് കമ്പനിക്കുവേണ്ടി വിഭാവനം ചെയ്തിരിക്കുന്നത്. കമ്പനിയുടെ ഭാവിപ്രവർത്തനങ്ങൾ മുൻനിർത്തി ചർച്ചകളും അവലോകന യോഗങ്ങളും നടത്തിവരുന്നു. നിലവിലുള്ള കമ്പനിയുടെ ഉൽപ്പന്നങ്ങളുടെ കാലോചിതമായ പരിഷ്കരണവും സാങ്കേതിക തികവാർന്ന ഉൽപ്പന്ന/സേവന വൈവിധ്യവൽക്കരണവും ഇതിൽപ്പെടുന്നു.

പുനരുപയോഗിക്കാവുന്ന ഊർജ്ജസ്രോതസ്സുകൾ അടിസ്ഥാനമാക്കിയ വൈദ്യുത വാഹനങ്ങൾക്കുവേണ്ട ഘടകങ്ങളും സൗരോർജ്ജ പ്ലാന്റുകളും സ്ഥാപിക്കുന്നതിനും ഇന്ത്യൻ റെയിൽവേയ്ക്കും പ്രതിരോധാവശ്യങ്ങൾക്കുമുള്ള പലതരം ആൾട്ടർനേറ്ററുകളും ഉൾപ്പെടുന്നതാണ് പുതിയ ഉൽപ്പന്നങ്ങളുടെ ശ്രേണി. ഇവയ്ക്കുവേണ്ടിയുള്ള വിപണന മേഖലകളുടെ അന്വേഷണവും വിവിധ ഏജൻസികളുമായുള്ള ആശയവിനിമയങ്ങളും പുരോഗമിക്കുന്നു. കമ്പനിയുടെ പ്രവർത്തനം പുനരാരംഭിച്ചതിലൂടെ നൂറോളം തൊഴിലാളി കുടുംബങ്ങളെ തൊഴിൽപരമായി സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കമ്പനിയിൽ വിഭാവനം ചെയ്തിട്ടുള്ള വികസനപ്രവർത്തനങ്ങളിലൂടെ കൂടുതൽ

ജോലിസാധ്യതയും ഉണ്ടാകുമെന്ന് കരുതുന്നു.

## സംരംഭക വർഷം പദ്ധതി

170 (562) ശ്രീ. വി. ശശി:

ശ്രീ. സി. സി. മുകുന്ദൻ:

ശ്രീ. പി. ബാലചന്ദ്രൻ:

ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തന പരിപാടികളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ?

2022-2023 സാമ്പത്തികവർഷം സംരംഭക വർഷമായി ആചരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് വിവിധ വകുപ്പുകൾ/ഏജൻസികളുടെ സംയോജനത്തോടെ '2022-23 സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക' എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022 മേയ്-ജൂൺ മാസങ്ങളിൽ കേരളത്തിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്ന ഏകദിന

ശില്പശാലകളോടെയാണ് ഈ പ്രോഗ്രാം ആരംഭിച്ചിരിക്കുന്നത്. ഇതിലൂടെ സംരംഭകരാകാൻ താല്പര്യമുള്ളവർക്ക് പൊതുബോധവൽക്കരണം നൽകും. ആദ്യഘട്ടമായ പൊതു ബോധവൽക്കരണത്തിനുശേഷം ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ ഓരോ തദ്ദേശസ്ഥാപനത്തിലും സംഘടിപ്പിക്കും. പൊതു ബോധവൽക്കരണത്തിൽ പങ്കെടുത്തവരിൽനിന്നും സംരംഭം തുടങ്ങാനുള്ള തീരുമാനവുമായി മുന്നോട്ടുവരുന്നവർക്കാണ് ഇത് സംഘടിപ്പിക്കുന്നത്. ഈ പ്രോഗ്രാമുകൾക്ക് തദ്ദേശസ്ഥാപനങ്ങൾ നേതൃത്വവും വ്യവസായവകുപ്പ് ഏകോപനവും നടത്തും.

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏപ്രിൽ മാസത്തോടുകൂടി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും B.Tech./MBA യോഗ്യതയുള്ള ഇന്റേണിനെ നിയമിക്കുകയും അവർക്ക് മികച്ച പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. KSWIFT പോർട്ടൽ വഴി വിവിധ വകുപ്പുകളിൽനിന്നും ലഭിക്കേണ്ട അനുമതികൾക്കുള്ള അപേക്ഷകൾ തയ്യാറാക്കുന്നതിനും സ്വയം സാക്ഷ്യപ്പെടുത്തൽ വഴിയുള്ള Acknowledgement Certificate കരസ്ഥമാക്കുന്നതിനും വിവിധ വകുപ്പുകളുമായി സബ്സിഡിക്കായി ഏകോപനം നടത്താനും പ്രാപ്തരാക്കിവരുന്നുണ്ട്. തുടർന്ന് Interns മുഖേന, സംരംഭകർക്ക് പൊതുബോധവൽക്കരണം നൽകാനും one to one

മീറ്റിംഗുകളിലൂടെയും പൊതു ഇടപെടലിലൂടെയും പുതിയസംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇന്റേൺസിനുള്ള പ്രതിമാസ ശമ്പളം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും നൽകുന്നതാണ്.

തുടർന്ന് എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഇന്റേൺസിന്റെ നേതൃത്വത്തിൽ ശിൽപ്പശാലയുടെ തുടർപ്രവർത്തനങ്ങൾ മുന്നോട്ട് നയിക്കുകയും അതത് തദ്ദേശസ്ഥാപനങ്ങളിലെ സാധ്യതയ്ക്കനുസരിച്ചുള്ള സംരംഭകരെ കണ്ടെത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആസൂത്രണങ്ങൾ ചെയ്യുന്നതുമാണ്. ഈ പദ്ധതിയുടെ ഭാഗമായുള്ള വിവിധ കാമ്പയിനിംഗിലൂടെയും മറ്റ് വകുപ്പുകളുടെ തനത് പ്രവർത്തനങ്ങളിലൂടെയും ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരശേഖരണം വ്യവസായവകുപ്പ് തയ്യാറാക്കുന്ന പൊതുവായ ഒരു പോർട്ടൽ മുഖേന ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം മറ്റ് വകുപ്പുകളുടെ പങ്കാളിത്തവും ഈ പദ്ധതിയിൽ ഉണ്ടായിരിക്കുന്നതാണ്. വിവിധ വകുപ്പുകളുടെ സംയോജനം ഈ പദ്ധതിക്ക് അനിവാര്യമായതിനാൽ പദ്ധതിയുടെ മേൽനോട്ടത്തിനും നിർവ്വഹണത്തിനും സംസ്ഥാന-ജില്ലാ-തദ്ദേശസ്ഥാപനതലങ്ങളിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് ഈ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ്

ഉറപ്പുവരുത്തിയിട്ടുമുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സാങ്കേതിക യോഗ്യതയുള്ള ഇന്റേണുകളെ നിയമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏപ്രിൽ-മേയ് മാസത്തോടുകൂടി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും B.Tech/MBA യോഗ്യതയുള്ള 1153 ഇന്റേർണിനെ നിയമിച്ചിട്ടുണ്ട്.

(സി) ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായി സംരംഭകർക്കാവശ്യമായ സാമ്പത്തിക പിന്തുണ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി സംരംഭകർക്ക് ബാങ്ക് വായ്പയിന്മേൽ പലിശയിളവ് നൽകുന്ന പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ നിലവിലെ സംരംഭങ്ങളുടെ വളർച്ചയ്ക്കുള്ള സഹായ പദ്ധതിയും ആവിഷ്കരിക്കുന്നുണ്ട്. ഇതിനുപുറമേ ബാങ്കുകൾവഴി കുറഞ്ഞ പലിശ നിരക്കിൽ സംരംഭകർക്ക് വായ്പ നല്കുന്നതിനുള്ള പദ്ധതി കേരള ബാങ്ക്

മുഖേനയും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മുഖേനയും ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യോല്പന്ന, കാർഷികോല്പന്ന മേഖലകൾക്ക് മുൻഗണന നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിൽ നിലവിലുള്ള വ്യവസായ സാഹചര്യത്തിൽ ഉല്പാദന മേഖലയിലും ഭക്ഷ്യ സംസ്കരണ മേഖലയിലും നിരവധി സംരംഭങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇവയുടെ പ്രോൽസാഹനത്തിനായി സംരംഭക സഹായ പദ്ധതി ഉൾപ്പെടെയുള്ള വ്യവസായ വകുപ്പിന്റെ പദ്ധതികളിൽ ഇത് മുൻഗണനാ വിഭാഗമായി കണക്കാക്കിയിട്ടുണ്ട്. ഭക്ഷ്യസംസ്കരണ സംരംഭകർക്കായി ഒരു ജില്ല ഒരു ഉല്പന്നം മാതൃകയിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ ചേർന്ന് പി.എം.എഫ്.എം.ഇ. സ്കീം നടത്തിവരുന്നുണ്ട്. ഇതിനുപുറമെ, ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കായി ഫിഷറീസ്, കൃഷി, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ നടപ്പാക്കിവരുന്ന സംരംഭകത്വ പദ്ധതികൾ കണ്ടെത്തി സംരംഭം തുടങ്ങുന്നവരിൽ എത്തിക്കാൻ ഇന്റേണുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

## നിക്ഷേപാനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ

171 (563) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തി ഒരു വർഷംകൊണ്ട് രാജ്യത്തെ ഏറ്റവും മികച്ച നിക്ഷേപാനുകൂല അന്തരീക്ഷം സംസ്ഥാനത്ത് സൃഷ്ടിക്കുന്നതിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

സംസ്ഥാനത്ത് മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വിവിധതലങ്ങളിലുള്ള നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്റ്റ് 2018 പാസ്സാക്കിയിട്ടുണ്ട്. ഇതുകൂടാതെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും

ക്ലിയറൻസുകളിൽനിന്നും ആദ്യ മൂന്ന് വർഷം ഒഴിവാക്കുന്നതിനായി 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി 'കെ-സിസ്' സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്റ്റ് 2021-ലെ ഭേദഗതിപ്രകാരം ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതിപരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

സംസ്ഥാനത്ത് നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളിന്മേൽ അനുമതി ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ദ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ.

ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സനെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. കൂടാതെ 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത് പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിട്ടുണ്ട്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതു ബോധവൽക്കരണം നടത്താനും തുടർന്ന് ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നതാണ് കാമ്പയിനുകൾ വഴി ലക്ഷ്യമിടുന്നത്. സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനുംവേണ്ടി കേരളത്തിലെ

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേർണിനെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേൺസിന്റെ നേതൃത്വത്തിൽ ഈ പ്രക്രിയ തുടർന്നുകൊണ്ട് ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേയ്ക്ക് നയിക്കാനും വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമാണ് ഈ പദ്ധതിവഴി ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്കുവേണ്ട മാർക്കറ്റിംഗ് സഹായം ലഭ്യമാക്കാനുമടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്താനുദ്ദേശിക്കുന്നു. കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ പാർക്കുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി Common Effluent Treatment Plant, വൈദ്യുത തടസ്സം

ഒഴിവാക്കുന്നതിനായി Power Feeder എന്നിവ സ്ഥാപിക്കുന്നു. ഇവയ്ക്കുപുറമെ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. Private Industrial Estate പദ്ധതിയിലൂടെ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നതാണ്.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്താനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടന്നുവരുന്നു.

കൂടാതെ സംരംഭകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവരുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനുമായി വ്യവസായ വാണിജ്യ

ഡയറക്ടറേറ്റിൽ കാൾ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന 7 പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം

2. നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.

3. സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രോത്സാഹനം

4. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

5. എം.എസ്.എം.ഇ.-കളുടെ പ്രാദേശിക വിപണികൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ.

6. സ്റ്റാർട്ടപ്പുകൾക്ക് മാനുഫാക്ച്ചറിംഗ് പ്രവർത്തനങ്ങൾക്കായുള്ള സഹായം

7. സംസ്ഥാന സഹായത്തോടെയുള്ള ക്ലസ്റ്റർ വികസന പരിപാടി

കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ 2021 വർഷം രൂപീകരിച്ചിരുന്നു.

ടി പാക്കേജിലൂടെ,

1. വ്യവസായഭദ്രതാ പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കി.

2. നിലവിലെ സംരംഭക സഹായ പദ്ധതി (ESS) മാർഗ്ഗരേഖ പരിഷ്കരിച്ച് സബ്സിഡി തുക വർദ്ധിപ്പിച്ചു.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകളെക്കൂടി പദ്ധതിപ്രകാരം സഹായത്തിന് യോഗ്യരാക്കി.

4. നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതിയിൽ കൂടുതൽ ഇളവുകളും കൊണ്ടുവന്നിട്ടുണ്ട്.

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര തുകയുടെ നിക്ഷേപം ആകർഷിക്കാനായെന്നും അതുവഴി എത്രപേർക്ക് തൊഴിൽ ലഭ്യമായെന്നതിന്റെയും കണക്ക് ലഭ്യമാക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ എം.ഐ.എസ്. സംവിധാനത്തിലെയും സംരംഭകവർഷം പോർട്ടലിലെയും കണക്കുകൾ പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ നാളിതുവരെ 35480 സംരംഭങ്ങൾ വഴി 2955 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവന്നിട്ടുണ്ട്. 100, 184 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

2021-2022 സാമ്പത്തികവർഷം കെ.എസ്.ഐ.ഡി.സി. മുഖേന 132 സംരംഭങ്ങൾക്ക് ലോൺ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങൾ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടുപ്രകാരം 895.29 കോടി രൂപയുടെ നിക്ഷേപവും 2959 പേർക്ക് തൊഴിൽ ലഭ്യതയും കണക്കാക്കപ്പെടുന്നു. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി അലോട്ട് ചെയ്യപ്പെട്ട ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ പ്രവർത്തനസജ്ജമാകുമ്പോൾ 1599.66 കോടി രൂപയുടെ നിക്ഷേപവും 22171 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കപ്പെടുന്നു.

(സി) വ്യവസായ വളർച്ചയ്ക്ക് അനുകൂലമല്ലാത്ത കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കുന്നതിനും ഗതാഗത സൗകര്യം, ഊർജ്ജം, വായ്പാ ലഭ്യത തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും സാധ്യമായിട്ടുണ്ടോ?

ഉണ്ട്. കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കുന്നതുസംബന്ധിച്ച് പഠനം നടത്തിയ വിദഗ്ധ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. അടിസ്ഥാന മേഖല മെച്ചപ്പെടുത്തുന്നതിന് ഫണ്ട് ലഭ്യത ഉറപ്പുവരുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തെത്തിയിട്ടുള്ള നിക്ഷേപവും സൃഷ്ടിച്ച തൊഴിലവസരവും**

172 (564) ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വകുപ്പിനുകീഴിൽ സംസ്ഥാനത്തെത്തിയിട്ടുള്ള നിക്ഷേപം സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. വിവിധ ഏജൻസികൾ വഴി 5449.95 കോടി രൂപയുടെ നിക്ഷേപം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വന്നിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ എം.ഐ.എസ്. സംവിധാനത്തിലെയും സംരംഭക വർഷം പോർട്ടലിലെയും കണക്കുകൾപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ നാളിതുവരെ 35480 സംരംഭങ്ങൾ വഴി 2955 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവന്നിട്ടുണ്ട്.

2021-22 സാമ്പത്തികവർഷം കെ.എസ്.ഐ.ഡി.സി. 132 വ്യവസായ സംരംഭങ്ങൾക്ക് ലോൺ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങൾ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടുപ്രകാരം 895.29 കോടി രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്.

കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ 1599.66 കോടി രൂപയുടെ സ്വകാര്യനിക്ഷേപം വന്നിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ സൃഷ്ടിച്ചിട്ടുള്ള തൊഴിലവസരങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ എം.ഐ.എസ്.

സംവിധാനത്തിലെയും സംരംഭകവർഷം പോർട്ടലിലെയും കണക്കുകൾപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ നാളിതുവരെ 35480 സംരംഭങ്ങൾ വഴി 100184 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം കെ.എസ്.ഐ.ഡി.സി. ആരംഭിച്ച സംരംഭങ്ങൾപ്രകാരം 2959 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്.

ഈ കാലയളവിൽ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ അലോട്ട് ചെയ്യപ്പെട്ട ഭൂമിയുടെ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ 22171 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്.

(സി) മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയോടനുബന്ധിച്ച് ലഭിച്ച നിക്ഷേപ വാഗ്ദാനങ്ങളിന്മേൽ സ്വീകരിച്ചുവരുന്ന തുടർനടപടികളുടെ വിശദാംശം നൽകുമോ?

മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിൽനിന്നും പരിണമിക്കുന്ന പദ്ധതികളുടെ തുടർനടപടികൾ സുഗമമാക്കുന്നതിനും അവർക്ക് നിയമപരമായി സാധ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിനും

കെ.എസ്.ഐ.ഡി.സി.-യെയും, കിൻഫ്രയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ നിന്നുമുള്ള നടപടികളോ അനുമതികളോ ആവശ്യമായ ഘട്ടങ്ങളിൽ അവ സുഗമമാക്കാൻ അതതു മന്ത്രിമാരുമായി നേരിട്ടുതന്നെ ചർച്ച നടത്തി സഹകരണം ഉറപ്പാക്കുകയും ചെയ്തുവരുന്നു.

**വ്യവസായ-വാണിജ്യ മേഖലകളിലെ സർക്കാർ ഇടപെടലുകൾ**

173 (565) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവയുടെ വളർച്ചയ്ക്കും പുരോഗതിക്കും അതുവഴി വ്യവസായ-വാണിജ്യ മേഖലകൾക്ക് ഉത്തേജനം പകരാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്റ്റ് 2018 പാസ്സാക്കിയിട്ടുണ്ട്. ഇതുകൂടാതെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ

ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലുംനിന്ന് ഒഴിവാക്കുന്നതിനായി 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 2021-ലെ ഭേദഗതിപ്രകാരം ജില്ലാ സംസ്ഥാനതലങ്ങളിൽ സിവിൽ കോടതിയുടെ അധികാരമുള്ള പരാതിപരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ദ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. 2022-23 സാമ്പത്തികവർഷം സംരംഭക വർഷമായി

കേരളാ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിട്ടുണ്ട്.

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങളുടെ വളർച്ചയ്ക്കും പുരോഗതിക്കുമായി താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി(ESS).

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്.

4. പ്രവർത്തനരഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ.

(a) Revival and rehabilitation scheme for defunct MSMEs and cashew processing units.

(b) The Kerala stressed MSMEs Revival & Rehabilitation Scheme.

5. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി.

6. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി.

7. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP).

8. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി.

കൂടാതെ 2022-23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഒരു വ്യവസായത്തിനാവശ്യമായ എല്ലാ അനുമതികളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്ന കെ-സ്വിഫ്റ്റ് പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഈ സംവിധാനം എത്രപേർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്?

കെ-സ്വിഫ്റ്റ് പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ-സ്വിഫ്റ്റ് പോർട്ടലിൽ ഇതുവരെ 41107 സംരംഭകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 5602 പേർ ലൈസൻസുകൾക്കുള്ള പൊതു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 2230

അനുമതികൾ പോർട്ടൽ വഴി ലഭിച്ചിട്ടുമുണ്ട്. കൂടാതെ 22428 പേർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്വയം സാക്ഷ്യപ്പെടുത്തൽ മുഖേന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരമുള്ള അക്നോളജ്മെന്റ് സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്.

(സി) നാനോ വ്യവസായങ്ങൾ എന്ന നിർവ്വചന പരിധിയിൽ എത്ര രൂപ വരെ നിക്ഷേപമുള്ള പദ്ധതികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇത്തരം പദ്ധതികൾക്ക് സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്?

നാനോ വ്യവസായങ്ങൾ എന്ന നിർവ്വചന പരിധിയിൽ 10 ലക്ഷം രൂപ വരെ നിക്ഷേപമുള്ള പദ്ധതികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നാനോ വ്യവസായങ്ങൾക്കായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്.

**കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്**

174 (566) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം,

വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പിൽ സ്ഥിതിചെയ്യുന്ന പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ വൈവിദ്ധ്യവത്കരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പിൽ സ്ഥിതിചെയ്യുന്ന പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ സ്ഥാപിതലക്ഷ്യം ഇലക്ട്രോണിക്സ് കംപോണന്റ്സ് എന്ന വെർട്ടിക്കൽ ശ്രേണിയിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയെന്നുള്ളതാണ്. 2030-ഓടുകൂടി വെർട്ടിക്കൽ ശ്രേണിയിലുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ ഇന്ത്യയിലെ ഒന്നാം നമ്പർ കമ്പനിയും ഈ ശ്രേണിയിലെ ലോകോത്തര ഉല്പാദകരിലൊന്നാവാനും ലക്ഷ്യമിട്ടുകൊണ്ടുള്ള Short term, Mid term, Long term അടങ്ങിയ മാസ്റ്റർപ്ലാൻ കമ്പനി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർപ്ലാൻ പ്രകാരം ഇലക്ട്രോണിക്സ് കംപോണന്റ് ശ്രേണിയിലുള്ള പുതിയ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി ചുവടെ ചേർക്കുന്ന വൈവിധ്യവൽക്കരണ പദ്ധതികളാണ് കമ്പനിയിൽ നടപ്പിലാക്കിവരുന്നത്.

2021-2023 കാലഘട്ടത്തിൽ നടപ്പിലാക്കുന്ന SHORT TERM PLAN

18 കോടി രൂപ മുതൽമുടക്കിൽ ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രം സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 6 കോടി രൂപ മുതൽമുടക്കിൽ പുതിയ MPP Rectangular Capacitor ഉൽപ്പാദനകേന്ദ്രവും പുതിയ KVAR കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

2023-2025 കാലഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന MID-TERM PLAN

20 കോടി രൂപ മുതൽമുടക്കി Li-ion Phosphate Battery ഉൽപ്പാദനകേന്ദ്രം സ്ഥാപിക്കുന്ന പ്രോജക്ട്.

10 കോടി രൂപ മുതൽ മുടക്കിൽ MPP കപ്പാസിറ്ററിന്റെ പുതിയ BOPP Film Metallization Plant സ്ഥാപിക്കുന്ന പദ്ധതി.

2025-2030 കാലഘട്ടത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന LONG-TERM PLAN.

24 കോടി രൂപ മുതൽമുടക്കിൽ സൂപ്പർ കപ്പാസിറ്റർ ഉൽപ്പാദനകേന്ദ്രത്തിന്റെ രണ്ടാം ഘട്ടം.

SMD കംപോണന്റ്സ് (സർഫേസ് മൗണ്ട് കംപോണന്റ്സ്) ഉൽപ്പാദനകേന്ദ്രം തുടങ്ങുന്നതിനുള്ള പദ്ധതി.

Active Electronics Components (Diode, Thyristor, Power ICs, Active Sensors (I o T), Opto electronics components) എന്നിവയുടെ ഉൽപ്പാദന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പദ്ധതി.

**കരിമണൽ ഖനനവുമായി ബന്ധപ്പെട്ട നിയമ ഭേദഗതി**

175 (567) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ കൊണ്ടുവന്ന നിയമഭേദഗതി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തൽ നടത്തിയിട്ടുണ്ട്. മൈൻസ് & മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) 1957 ആക്ടിലെ ഒന്നാം ഷെഡ്യൂളിലെ പാർട്ട്-ബി-യിൽ ഉൾപ്പെടുന്നതും നാളിതുവരെ തന്ത്രപ്രധാന ഗണത്തിൽ

പരിഗണിച്ച് വന്നിരുന്നതുമായ 12 ധാതുക്കളിൽ 8 എണ്ണത്തെ ആക്ടിൽ പ്രത്യേകമായി പാർട്ട്-ഡി രൂപീകരിച്ച് അതിലേയ്ക്ക് മാറ്റി അവയുടെ ലേലം സംസ്ഥാന സർക്കാരിന്റെ അധികാരത്തിനുപരിയായി കേന്ദ്രസർക്കാരിനെ അധികാരപ്പെടുത്താനാണ് ആക്ടിലെ ഭേദഗതിയോടെ നടപ്പിൽവരുത്താൻ ശ്രമിക്കുന്നത്. നിലവിൽ, എം എം (ഡി & ആർ) ആക്ടിന്റെ സെക്ഷൻ 5 (1)-ന്റെ മൂന്നാമത്തെ പ്രൊവിസോയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നപ്രകാരം സർക്കാർ സ്ഥാപനങ്ങൾക്കുമാത്രമാണ് അറ്റോമിക് മിനറൽസ് ഖനനം ചെയ്യുന്നതിനുള്ള മൈനിംഗ് ലീസ് ലഭ്യമാകുന്നത്. ആ വ്യവസ്ഥയാണ് ആക്ടിലെ ഭേദഗതിയോടെ മാറ്റംവരുത്താൻ ശ്രമിക്കുന്നത്. ആക്ടിൽ നടപ്പിൽവരുത്താനുദ്ദേശിക്കുന്ന ഈ ഭേദഗതി ഭരണഘടനാപരവും രാജ്യസുരക്ഷാപരവും പാരിസ്ഥിതികവും സാമൂഹിക- സാമ്പത്തികപരവുമായി സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്.

(ബി) പുതിയ ഭേദഗതിയിലൂടെ ഖനനമേഖലയിൽ പൊതുമേഖലയ്ക്കുണ്ടായിരുന്ന പ്രാധാന്യം നഷ്ടപ്പെടുന്നത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്?

നിയമഭേദഗതി നിലവിൽ വന്നിട്ടില്ല.

(സി) ഖനന മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ

നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കരിമണൽ ഖനനമേഖലയിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുന്നതിനുള്ള നയപരമായ യാതൊരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

176 (568) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികളിലായി നാളിതുവരെ 102 MSME യൂണിറ്റുകൾ (ഉല്പാദനം/സേവനം) ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 622 ലക്ഷം രൂപ നിക്ഷേപവും 345 പേർക്ക് തൊഴിൽസാധ്യതയും ലഭിച്ചിട്ടുണ്ട്. സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ബോധവൽക്കരണ സെമിനാറുകൾ

പഞ്ചായത്തുതലങ്ങളിലും താലൂക്ക് തലങ്ങളിലും നടത്തുന്നതോടൊപ്പം സംരംഭകരെ കണ്ടെത്തി, വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ബാങ്ക് വായ്പ അനുവദിച്ച് ലഭിക്കുന്നതിനായി കൈത്താങ്ങ് സഹായം നൽകി വരുന്നതോടൊപ്പം സബ്സിഡിയടക്കം സാമ്പത്തികസഹായം വ്യവസായ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി.)-യിൽ 6 യൂണിറ്റുകൾക്ക് 46,15,105/- രൂപ സബ്സിഡിയായി നൽകി. സംരംഭക സഹായ പദ്ധതി (ESS)പ്രകാരം 4 യൂണിറ്റുകൾക്ക് 18,48,622/- രൂപയും വ്യവസായ ഭദ്രത (കോവിഡ് പാക്കേജ്) ഇനത്തിൽ 12 യൂണിറ്റുകൾക്ക് 3,05,958/- രൂപയും ധനസഹായം നൽകി. നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റായി 2 യൂണിറ്റുകൾക്ക് 7,06,000/-രൂപ ധനസഹായമായി നൽകി. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംരംഭകത്വ ക്ലബ്ബുകൾക്ക് രണ്ട് ഗഡുക്കളായി ആകെ 60,000/- രൂപ സംരംഭകത്വ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ

അധീനതയിലുള്ള ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണത്തിനായി പദ്ധതികളൊന്നും നിലവിൽ ആവിഷ്കരിച്ചിട്ടില്ല.

## സംസ്ഥാനത്ത് ആരംഭിച്ച പുതിയ വ്യവസായങ്ങൾ

177 (569) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ആരംഭിച്ച പുതിയ വ്യവസായങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു; വിശദാംശം നൽകുമോ?

ഭക്ഷ്യ സംസ്കരണ മേഖല, വസ്ത്ര നിർമ്മാണ മേഖല, ജനറൽ എഞ്ചിനീയറിംഗ് മേഖല, സേവന മേഖല, കച്ചവട മേഖല, പേപ്പർ ഉൽപ്പന്ന വ്യവസായ മേഖല എന്നീ മേഖലകളിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി പുതുതായി ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലുള്ള 35480 സംരംഭങ്ങളിലൂടെ 100184 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന 132 വൻകിട-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ലോൺ

ലഭ്യമാക്കുകയും പ്രസ്തുത സംരംഭങ്ങൾ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടുപ്രകാരം ഏകദേശം 895 കോടി രൂപയുടെ നിക്ഷേപവും 2959 പേർക്ക് തൊഴിലവസരവും കണക്കാക്കപ്പെടുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർ നാമകരണം ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ 250 പേർക്ക് നേരിട്ടും 150 പേർക്ക് അല്ലാതെയും തൊഴിൽ നൽകിവരുന്നു. കൂടാതെ കിൻഫ്രയുടെ വ്യവസായ പാർക്കുകളിലായി വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 207 സംരംഭങ്ങൾക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത യൂണിറ്റുകൾ പ്രവർത്തനസജ്ജമാകുമ്പോൾ 22171-ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്.

(ബി) പ്രസ്തുത വ്യവസായങ്ങൾ ആരംഭിച്ചതിലൂടെ സംസ്ഥാനത്തുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ സംരംഭങ്ങൾ ആരംഭിച്ചതിലൂടെ 100584 തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ MSME സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ പരോക്ഷമായും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. ഇതിലൂടെ സർക്കാരിന്

നികുതിയിനത്തിലും വരുമാനം ലഭിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനവും വർദ്ധിക്കുന്നു. കൂടാതെ പ്രാദേശികമായ വിഭവങ്ങളുടെ മൂല്യവർദ്ധനവും അതുവഴി പ്രാദേശികമായ സാമ്പത്തിക വികസനവും സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭരൂപീകരണത്തിലൂടെ സംഭവിക്കുന്നുണ്ട്. കിൻഫ്രയുടെ കീഴിൽ അലോട്ടുചെയ്ത 207 സംരംഭങ്ങൾ പ്രവർത്തനസജ്ജമാകുന്നതിലൂടെ 22171-ഓളം തൊഴിലവസരങ്ങളും 1599.66 കോടി രൂപയുടെ സ്വകാര്യനിക്ഷേപവും പ്രതീക്ഷിക്കുന്നു.

(സി) പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏകജാലക സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഏകജാലക സംവിധാനം ആരംഭിച്ചിട്ടുണ്ട്., 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട് വഴി കേരളത്തിൽ വ്യവസായങ്ങൾക്കായുള്ള ഏകജാലക ലൈസൻസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. 2018-ലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്ട് എന്നിവ വഴി ഈ ആക്ടിന്

ഭേദഗതികളുണ്ടായിട്ടുണ്ട്. ഈ നിയമത്തിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡുകളും ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല ഏകജാലക ക്ലിയറൻസ് ബോർഡുകളും നിലവിലുണ്ട്. 15 കോടി രൂപയുടെ നിക്ഷേപം വരുന്ന പദ്ധതികൾ തുടങ്ങുന്നവർക്ക് ജില്ലാ ബോർഡിനെയും അതിനുമുകളിൽ നിക്ഷേപംവരുന്ന പദ്ധതികൾ ആരംഭിക്കുന്നതിന് സംസ്ഥാന ബോർഡിനെയുമാണ് സമീപിക്കേണ്ടത്. ഇവ കൂടാതെ വ്യവസായ പ്രദേശങ്ങളിലും ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വ്യവസായ അനുമതികൾ വേഗത്തിൽ സുതാര്യമായി ലഭ്യമാക്കുന്നതിന് ഏകജാലക സംവിധാനം സംരംഭകരെ സഹായിക്കുന്നു. ഏകജാലക സംവിധാനം മുഖേനയുള്ള അനുമതികൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് KSWIFT പോർട്ടലും പ്രവർത്തനസജ്ജമാണ്.

കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി വ്യവസായ സംരംഭകർ ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ 2017-ലെ 22-ാമത് നമ്പർ

ഓർഡിനൻസായി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഓർഡിനൻസ് " സർക്കാർ പുറപ്പെടുവിക്കുകയും പ്രസ്തുത ഓർഡിനൻസ് നിയമസഭയിൽ ബിൽ ആയി അവതരിപ്പിച്ച് നിയമമാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ്‌വെയർ, K-SWIFT പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾപ്രകാരമുള്ള അനുമതികളിൽനിന്ന് 10 കോടി രൂപവരെ നിക്ഷേപമുള്ള സംരംഭങ്ങളിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്തവയെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ്

കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. കൈപ്പറ്റ് സാക്ഷ്യപത്രം ലഭിച്ചാൽ മൂന്ന് വർഷം പ്രവർത്തിക്കാവുന്നതാണ്. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

(ഡി) സംസ്ഥാനത്ത് 2016 മുതൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിൽ 2016-17 മുതൽ തുടർച്ചയായി പ്രവർത്തന ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

- കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
- കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്
- കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
- കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
- ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
- സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്

- കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

വ്യവസായ വകുപ്പിന്റെ അധീനതയിൽ 2016-17 മുതൽ തുടർച്ചയായി പ്രവർത്തന നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

- ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്
- ഹാൻടെക്സ്
- സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്
- തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്
- ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്
- ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്
- കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്
- കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
- കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്

- കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ്
- കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
- കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
- കെൽപ്പാം
- കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്
- ആട്ടോകാസ്റ്റ് ലിമിറ്റഡ്
- SAIL SCL കേരള ലിമിറ്റഡ്

നിലവിൽ 21 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണ്.

**കഴിഞ്ഞ അഞ്ച് വർഷക്കാലയളവിലെ വ്യാവസായിക സംരംഭങ്ങൾ**

178 (570) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എന്തെല്ലാം ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചതെന്ന് വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ DIC MIS പോർട്ടലിലെ കണക്കുപ്രകാരം 2017-18 മുതൽ 2021-22 വരെയുള്ള 5 വർഷക്കാലയളവിൽ സംസ്ഥാനത്ത് 69814 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യ സംസ്കരണ മേഖല, വസ്ത്ര നിർമ്മാണ മേഖല, ജനറൽ എഞ്ചിനീയറിംഗ്, സേവന മേഖല തുടങ്ങി വിവിധ മേഖലകളിലാണ് പ്രധാനമായും സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത്.

(ബി) ഉൽപ്പാദന മേഖലയിലും സേവന മേഖലയിലും സൂക്ഷ്മ ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇതിലൂടെ തൊഴിൽ മേഖലയ്ക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സൂക്ഷ്മ ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലം സംസ്ഥാനത്ത് ആരംഭിച്ച 69814 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിലൂടെ 247601 തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(സി) 2011-'16 കാലയളവിൽ കൈവരിച്ച നേട്ടങ്ങൾ ഈ മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

സാധിച്ചിട്ടുണ്ട്.

(ഡി) ഈ മേഖലയിൽ പുതിയ നിയമനിർമ്മാണം നടത്തുകവഴി പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനം വ്യവസായ-നിക്ഷേപ സൗഹൃദമാക്കാനായി 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ ആയി കെ-സ്വിഫ്റ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിൽ മലിനീകരണ നിയന്ത്രണബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്തവയ്ക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ ഒഴിവാക്കിക്കൊണ്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി KSIDC-യുടെ നേതൃത്വത്തിൽ ഒരു കോൾസെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ

സുഗമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാനടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്താനുള്ള നടപടികൾ വകുപ്പുതലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ-സംസ്ഥാനതലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ-സംസ്ഥാനതലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി കേന്ദ്രീകൃത പരിശോധനാ സംവിധാനം (K-CIS) നിലവിൽ വന്നിട്ടുണ്ട്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് അനുസരിച്ച് സ്വയം സാക്ഷ്യപ്പെടുത്തൽ മുഖേന സംസ്ഥാനത്ത് ഇതുവരെ 22423 പേർ സംരംഭങ്ങൾ തുടങ്ങുന്നതിന് മുന്നോടിയായി അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുണ്ട്.

## സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ

179 (571) ശ്രീ. പി. ഉബൈദുള്ള:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. നജീബ് കാന്തപുരം:

ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിന് കുറഞ്ഞത് എത്ര സ്ഥലമാണ് ആവശ്യമായിട്ടുള്ളത്?

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിന് കുറഞ്ഞത് 10 എക്കർ സ്ഥലം ആവശ്യമാണ്.

(സി) പ്രസ്തുത എസ്റ്റേറ്റുകൾ വഴി വ്യവസായ സംരംഭകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിൽ ഡെവലപ്പർക്ക്

സൗകര്യമൊരുക്കാൻ സർക്കാർ ധനസഹായം നൽകുന്നു. വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതുസൗകര്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപവരെ സർക്കാർ ധനസഹായം നൽകുന്നതാണ്. കൂടാതെ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്മെന്റ് റൂൾ 2019-ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

180 (572) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര ചെറുകിട വ്യവസായങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ; ജില്ലയിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ നവീകരിക്കാൻ പദ്ധതികളുണ്ടോ; വ്യക്തമാക്കാമോ?

1792 ചെറുകിട വ്യവസായങ്ങൾ തുടങ്ങിയിട്ടുണ്ട്. ജില്ലയിലെ മിനി വ്യവസായ എസ്റ്റേറ്റ് നവീകരണത്തിനായി നിലവിൽ പദ്ധതികളൊന്നുമില്ല. എന്നാൽ ഇവ നവീകരിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

## ചാത്തന്നൂരിലെ വ്യവസായ സമുച്ചയ നിർമ്മാണം

181 (573) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് സ്വന്തമായുള്ള 4.3 ഏക്കർ ഭൂമിയിൽ ഒരു ബഹുനില വ്യവസായ സമുച്ചയം നിർമ്മിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതുസംബന്ധിച്ച് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിൽ ചാത്തന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിൽ മെ. വഞ്ചി ക്ലേ മൈൻസിന്റെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ ഒരു വ്യവസായ സമുച്ചയം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നിവേദനം കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി

സ്ഥലത്തിന്റെ പ്രാഥമിക വിവരങ്ങൾ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത നിവേദനത്തിന്മേലുള്ള തുടർനടപടിക്കായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള ചാത്തന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിലെ വ്യവസായ ഭൂമിയിൽ ഒരു ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിന് റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പാറത്തോട് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്**

182 (574) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി പ്രസ്തുത എസ്റ്റേറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന എസ്റ്റേറ്റിലേയ്ക്കുള്ള ഇടുങ്ങിയ പ്രവേശന പാതയുടെ വീതി കൂട്ടി പ്രവേശനം സുഗമമാക്കുന്നതിനായി 9.73 ആർ സ്ഥലം LA ACT 2013 പ്രകാരം ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തി സർവ്വേനടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ വാല്യൂവേഷൻ നടപടികളും എസ്റ്റേറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി DPR തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രസ്തുത റോഡിന്റെ വീതി കൂട്ടി ലഭിക്കുന്നതനുസരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ എസ്റ്റേറ്റിൽ ആരംഭിക്കുന്നതാണ്.

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ നവീകരിക്കുന്നതിനുള്ള നടപടി

183 (575) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുന്താണി, മറുകിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുന്താണി, മറുകിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ ഒരു ഏക്കർ സ്ഥലത്താണ് നിർമ്മിച്ചിട്ടുള്ളത്. കിള്ളിയിൽ ആകെ 14 ഷെഡ്ഡുകളും മറുകിൽ ആകെ 12 ഷെഡ്ഡുകളുമാണുള്ളത്. കൂടാതെ ഷെഡ്ഡുകൾക്ക് സമീപമുള്ള ഓപ്പൺ സ്പേസ് അപേക്ഷപ്രകാരം അതത് യൂണിറ്റുകൾക്ക് വാടകയ്ക്കും നൽകിയിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ ഈ 2 മിനി എസ്റ്റേറ്റുകളുടെ നവീകരണം പരിഗണനയിലില്ല.

(ബി) നിലവിൽ 10000 സ്ക്വയർഫീറ്റിന് താഴെയായുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനെ 30000 സ്ക്വയർഫീറ്റായി വിപുലീകരിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രത്തെ ചുമതലപ്പെടുത്തി നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

30000 സ്ക്വയർ ഫീറ്റായി വിപുലീകരിക്കുന്നതിന് സ്ഥലസൗകര്യം

ലഭ്യമല്ല.

## കരുനാഗപ്പള്ളി ഇടക്കുളങ്ങരയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ റോഡ് ടാർ ചെയ്യാൻ നടപടി

184 (576) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി ഇടക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിനുകീഴിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ റോഡ് ടാർ ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കരുനാഗപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിലാണുള്ളത്. ടി വ്യവസായ എസ്റ്റേറ്റിലെ ഇന്റേണൽ റോഡ് ടാർ ചെയ്യുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. ടി പ്രവൃത്തി MSME ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

## വ്യവസായ മേഖലയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

185 (577) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ നടപ്പാക്കിയ പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽവന്നിട്ടുണ്ട്. കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി, 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 2021-ലെ ഭേദഗതിപ്രകാരം ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതിപരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന പ്രധാന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

1. <u>എം.എസ്.എം.ഇ. ക്ലിനിക്ക്</u>

സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനും സംശയ നിവാരണത്തിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ വിദഗ്ധരെ എംപാനൽ ചെയ്ത് എം.എസ്.എ.ഇ. ക്ലിനിക്ക് രൂപീകരിച്ചിട്ടുണ്ട്.

2. എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്റർ

താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ സജ്ജമായ എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്ററുകളാക്കുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ യോഗ്യതയുള്ള ഓരോ റിസോഴ്സ് പേഴ്സണെവീതം തെരഞ്ഞെടുത്ത് മതിയായ പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.

3. സംരംഭക വർഷവുമായി ബന്ധപ്പെട്ട പദ്ധതികൾ

സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത് പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിട്ടുണ്ട്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ് മാസത്തിൽ പൊതുബോധവൽക്കരണം നടത്തി, തുടർന്ന് താല്പര്യപ്പെട്ടുവരുന്ന ആളുകൾക്ക് ജൂൺ മാസത്തിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി

കാമ്പയിനുകൾ നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനുംവേണ്ടി ഇന്റേണിനെ നിയമിച്ചിട്ടുണ്ട്.

4. <u>കാൾസെന്റർ</u>

സംരംഭകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവരുമായി നേരിട്ട് ആശയ വിനിമയം നടത്തുന്നതിനുമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ കാൾസെന്റർ സ്ഥാപിച്ചിട്ടുണ്ട്.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022-23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന 7 പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം

2. നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം

3. സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രോത്സാഹനം

4. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

5. എം.എസ്.എം.ഇ.-കളുടെ പ്രാദേശിക വിപണികൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ.

6. മാനുഫാക്ച്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തന സഹായം

7. സംസ്ഥാന സഹായത്തോടെയുള്ള ക്ലസ്റ്റർ വികസന പരിപാടി

കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് വ്യവസായങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി 'covid-19 സമാശ്വാസ പദ്ധതി' എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് 2021-ൽ രൂപീകരിച്ചിരുന്നു.

അടിസ്ഥാന സൗകര്യ മേഖലയിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ ഒരു ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 09-05-2022-ൽ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ Multi Purpose Trade Facilitation Centre-ന്റെ തറക്കല്ലിടൽ ഉദ്ഘാടനവും അന്നേ ദിവസംതന്നെ നിർവ്വഹിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴക്കൽപ്പാടത്ത് രണ്ട് ബഹുനില വ്യവസായ സമുച്ചയങ്ങൾ ഉദ്ഘാടനത്തിന് സജ്ജമാക്കിക്കൊണ്ടിരിക്കുന്നു. തൃശ്ശൂർ ജില്ലയിലെതന്നെ 8.52 ഏക്കർ വിസ്തൃതിയിലുള്ള വരവൂർ വ്യവസായ പാർക്കിന്റെ ഉദ്ഘാടനം

09-05-2022-ൽ നടന്നിട്ടുണ്ട്. എടയാർ വ്യവസായ വികസന ഏര്യയിൽ Common Effluent plant-ന്റെ നിർമ്മാണപ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി 02-04-2022-ലെ G.O.(Ms)No.31/2022/ID സർക്കാർ ഉത്തരവുപ്രകാരം Private Industrial Estate Scheme-2022 നിലവിൽ വന്നിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിൻഫ്ര മുഖേന നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി

2. വ്യവസായ പാർക്ക്, മട്ടന്നൂർ, കണ്ണൂർ

3. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി

4. സ്പൈസസ് പാർക്ക്, ഇടുക്കി

5. ലാൻഡ് ബാങ്ക്, കണ്ണൂർ

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.ഡി.സി.) മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനമൂലധനം വായ്പയായി ലഭ്യമാക്കും, പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു.

1. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ

ഈ വിഭാഗത്തിൽ ആദ്യം രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സംരംഭങ്ങൾക്ക് 3% സർക്കാർ സബ്സിഡിയോടെ 7% പലിശയ്ക്ക് 25 ലക്ഷം മുതൽ രണ്ട് കോടി രൂപ വരെ വായ്പയായി അനുവദിക്കുന്നു.

2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നടപ്പിലായതും പൂർത്തീകരിച്ചതുമായ പ്രധാന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

- കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡിൽ, ഓക്സിജൻ പ്ലാന്റിലെ ദ്രവീകൃത ഓക്സിജന്റെ അളവ് നിലവിലുള്ള 7 TPD-യിൽനിന്നും 10 TPD ആയി ഉയർത്തുന്നതിനുള്ള പദ്ധതി, ദ്രവീകൃത നൈട്രജൻ

സ്റ്റോറേജ് സംവിധാനം, 2 x 50 MT പദ്ധതി എന്നിവ പൂർത്തീകരിച്ചു.

- ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിൽ 60 ടൺ പ്രതിദിന ശേഷിയുള്ള ഹൈഡ്രോക്ലോറിക് ആസിഡിനൊപ്പം നീരാവി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്ന പ്ലാന്റ്, 100 ടൺ പ്രതിദിന ശേഷിയുള്ള കോസ്റ്റിക് കോൺസെൻട്രേഷൻ പ്ലാന്റ്, 75 ടൺ പ്രതിദിന ശേഷിയുള്ള കോസ്റ്റിക് സോഡ പ്ലാന്റ് എന്നിവ കമ്മീഷൻ ചെയ്തു.

- ആട്ടോകാസ്റ്റ് ലിമിറ്റഡിൽ എക്കോ ഫ്രണ്ട്‌ലി ബ്രിക്ക് മാനുഫാക്ച്ചറിംഗ് യൂണിറ്റ്, ഇ-മൊബിലിറ്റി നയപ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്ക് പൊതു വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷൻ പൂർത്തിയാക്കി.

- കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്: C-DAC-ൽനിന്നുള്ള സാങ്കേതിക സഹായത്തോടെ കെൽട്രോൺ ലൈറ്റിംഗ് ഡിവിഷൻ 100 മിനി ഹിയറിംഗ് എയ്ഡുകളുടെ നിർമ്മാണം പൂർത്തിയാക്കി, തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ ഡിസൈൻ പിന്തുണയോടെ കരകുളം കെ.ഇ.സി. വികസിപ്പിച്ച ഉൽപ്പന്നമായ പൾസ് ഓക്സിമീറ്റർ 500 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കി.

- യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ സ്മാർട്ട് വാട്ടർ മീറ്റർ യൂണിറ്റ്, പോളിമെർ ഇൻസുലേറ്റർ, നവീകരിച്ച മോട്ടോർ സ്റ്റാർട്ടർ എന്നിവയുടെ നിർമ്മാണ യൂണിറ്റ് ആരംഭിച്ചു.

- വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി കെ.സി.സി.പി. ലിമിറ്റഡ് നീലേശ്വരത്ത് കയർ ഡീഫൈബറിംഗ് യൂണിറ്റ്, ഇന്റർലോക്ക് മാനുഫാക്ച്ചറിംഗ് യൂണിറ്റ് എന്നിവ ആരംഭിച്ചു. കണ്ണപുരത്ത് സാനിറ്റൈസർ യൂണിറ്റ് ആരംഭിച്ചു.

- കേരള സിറാമിക്സ് ലിമിറ്റഡ് ഒന്നാംഘട്ട മൈനിംഗ് ലാൻഡ് പർച്ചേസിന്റെ ഭാഗമായി കുടിയൊഴിക്കപ്പെട്ടവർക്ക് പുനരധിവാസത്തിനുള്ള ഭവന നിർമ്മാണം പൂർത്തീകരിച്ചു.

- കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഡിജിറ്റൽ ടെക്സ്റ്റൈൽസ് പ്രിന്റിംഗ് യൂണിറ്റ് കണ്ണൂർ ജില്ലയിലെ നാടുകാണിയിൽ പ്രവർത്തനമാരംഭിച്ചു.

- കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ NCDC സഹകരണത്തോടെയുള്ള ഒന്നാംഘട്ട നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

- ബാംബൂ ഉൽപ്പന്നങ്ങളുടെ വ്യവസായം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്, മാനന്തവാടിയിൽ ബാംബൂ ബസാർ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു.

- സിഡ്‌കോയുടെ കീഴിലുള്ള 8 പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണ പദ്ധതികൾ പൂർത്തിയാക്കി. പാലയാട് എസ്റ്റേറ്റിന്റെ നവീകരണ പദ്ധതികൾ പൂർത്തീകരിച്ചു.

## കണ്ണൂർ മണ്ഡലത്തിൽ വ്യവസായ ഗ്രാമം

186 (578) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ തോട്ടട ഐ.റ്റി.ഐ., ഗവ. പോളിടെക്നിക് എന്നിവ ഉൾപ്പെടുന്ന പ്രദേശത്ത് വ്യവസായ ഗ്രാമം തുടങ്ങുന്നത് ശ്രദ്ധയിലുണ്ടോ?

കണ്ണൂർ മണ്ഡലത്തിലെ തോട്ടടയിൽ വ്യവസായ പാർക്കിന് ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക് കാമ്പസിൽ സ്കിൽസ് ഡെവലപ്മെന്റ് സെന്റർ കം കോമൺ ഫെസിലിറ്റി

സെന്റർ സ്ഥാപിക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയും ആയതിനുവേണ്ടിയുള്ള പ്രൊപ്പോസൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുമുണ്ട്. പോളിടെക്നിക് കാമ്പസിൽ മേൽ ആവശ്യത്തിനുള്ള സ്ഥലത്തിന്റെ ലഭ്യത സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ വ്യവസായ വാണിജ്യ ഡയറക്ടർ പോളിടെക്നിക്കിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) വ്യവസായ ഗ്രാമം തുടങ്ങിയാൽ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ജോലി തേടി അന്യദേശത്ത് പോകുന്നത് ഒഴിവാക്കുന്നതിനും മനുഷ്യശേഷി ഇവിടെ ഉപയോഗപ്പെടുത്താനും സാധിക്കുമെന്നതിനാൽ ഇതിന് സർക്കാർ മുൻകയ്യെടുക്കുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കാഞ്ഞിരപ്പള്ളിയിൽ റബ്ബർ-അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക്**

187 (579) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ റബ്ബർ - അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ നടപടി ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) അസംസ്കൃത റബ്ബറും മറ്റ് കാർഷിക ഉൽപ്പന്നങ്ങളും സുലഭമായ പ്രദേശത്ത് അവയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് മൾട്ടിപർപ്പസ് റബ്ബർ-അഗ്രോ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ റബ്ബർ-അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ നടപടിയാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച നിവേദനത്തിന്മേൽ വ്യവസായ വാണിജ്യ ഡയറക്ടറിൽനിന്നും കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറിൽനിന്നും റിപ്പോർട്ട് തേടിയിരുന്നു.

പ്രസ്തുത വിഷയത്തിന്മേൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കാഞ്ഞിരപ്പള്ളി വില്ലേജിൽ ബ്ലോക്ക് നം.13-ൽ 33 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ടി പ്ലോട്ടിൽ കോട്ടയം ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി 22-06-2022-ൽ സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) ഇത്തരം പാർക്കുകളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളുടെ പ്രോജക്ടുകൾ പ്രായോഗികമാക്കുന്നതിന് പ്രോത്സാഹനം നൽകുന്നവിധത്തിൽ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**കണ്ണൂരിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി**

188 (580) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം പുല്ലുപാറയിലെ കണ്ണൂർ സൈബർ പാർക്കിന്റെ സ്ഥലമേറ്റെടുത്ത് വ്യവസായ പാർക്ക് ആക്കുന്നതിനുള്ള തുടർനടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ പാർക്ക് ആക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ എരമം പുല്ലുപാറയിലെ കണ്ണൂർ സൈബർ പാർക്കിനുവേണ്ടി ഇലക്ട്രോണിക്സ് & വിവരസാങ്കേതിക

വിദ്യാവകുപ്പ് ഏറ്റെടുത്തിരുന്ന ഭൂമി പൊതുവിഭാഗത്തിലുള്ള വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി ഏറ്റെടുക്കുന്നതുസംബന്ധിച്ച് സാധ്യതാപഠനം നടത്തി കിൻഫ്ര സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**കൊച്ചി വ്യവസായ ഇടനാഴിയുടെ പ്രവർത്തനങ്ങളുടെ പുരോഗതി**

189 (581) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വ്യവസായ ഇടനാഴിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) കൊച്ചി വ്യവസായ ഇടനാഴിക്കായി നാളിതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(എ&ബി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നത് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി എന്ന പദ്ധതിക്കുവേണ്ടിയാണ്. സംസ്ഥാനത്ത് കോറിഡോറുമായി ബന്ധപ്പെട്ട് പാലക്കാട് നോഡും കൊച്ചി നോഡുമാണ് വികസിപ്പിക്കുന്നത്.

സംസ്ഥാനത്ത് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസി കിൻഫ്രയാണ്.

വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പുതുശ്ശേരി സെൻട്രൽ-I വില്ലേജിൽ 653 ഏക്കറും പുതുശ്ശേരി സെൻട്രൽ-II വില്ലേജിൽ 558 ഏക്കറും പുതുശ്ശേരി സെൻട്രൽ-III വില്ലേജിൽ 375 ഏക്കറും അയ്യമ്പുഴയിൽ GIFT CITY സ്ഥാപിക്കുന്നതിനായി 358 ഏക്കറുമുൾപ്പെടെ മൊത്തം 2242 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്.

ബാംഗ്ലൂർ വ്യവസായ ഇടനാഴി കോയമ്പത്തൂരിലേക്കും കൊച്ചിയിലേക്കും ദീർഘിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനുകീഴിൽ National Industrial Corridor Development & Implementation Trust (NICDIT) അംഗീകാരം നൽകി. ഇതേത്തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT-യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA) കൂടാതെ പദ്ധതി നടപ്പാക്കുന്നതിനുള്ള Share Holders Agreement (SHA) NICDIT-യും കിൻഫ്രയും ഒക്ടോബർ 22, 2020-ന് ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒപ്പുവച്ചു. ഒരു

പ്രത്യേക കമ്പനി രൂപീകരിച്ച് ആ കമ്പനിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കിഫ്ബി വഴിയാണ് പദ്ധതിയുടെ ധനസമാഹരണം നടത്തുന്നത്.

പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് CH2M എന്ന ഏജൻസിയെ (ഇപ്പോൾ ജേക്കബ്സ് എന്ന് അറിയപ്പെടുന്നു) NICDIT ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട പഠനം നടന്നുവരുന്നു. പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയും NICDIT-ന്റെ പ്രതിനിധിയുമുൾപ്പെടെയുള്ള അംഗങ്ങൾ അടങ്ങിയ Kerala Industrial Corridor Development Corporation (KICDC) എന്ന കമ്പനിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ബാധ്യതകളില്ലാതെയാണ് ഭൂമി കമ്പനിക്ക് കൈമാറുന്നത്. ഭൂമിയുടെ വിലയ്ക്ക് തുല്യമായ ധനസഹായം കേന്ദ്ര സർക്കാർ നൽകും.

വ്യവസായ ഇടനാഴി പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും പുരോഗതി അവലോകനം നടത്തുന്നുണ്ട്. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർപ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനവും

ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായി പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ 299.23 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-I ൽ 458.59 ഏക്കർ ഭൂമിയുടെ അവാർഡ് പാസ്സാക്കുകയും പൊസഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-II-ൽ 214.86 ഏക്കർ ഭൂമിയുടെ അവാർഡ് പാസ്സാക്കുകയും പൊസഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി വെസ്റ്റ്-സെൻട്രൽ-പുതുശ്ശേരി-II-ൽ 375 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായ കൊച്ചിയിലെ അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമിയുടെ സർവ്വേനടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക്

190 (582) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

മട്ടന്നൂർ കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 08-01-2022-ന് നൽകിയ വർക്ക്ഓർഡർ പ്രകാരം പ്രസ്തുത അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ 50% പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു.

(ബി) നിർമ്മാണപ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിലെ ഷെഡ്യൂൾപ്രകാരം 2022 സെപ്റ്റംബറോടുകൂടി പ്രസ്തുത അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**മിനിഫുഡ് പാർക്ക്**

191 (583) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഉദുമ നിയോജകമണ്ഡലത്തിലെ ചട്ടഞ്ചാലിൽ മിനിഫുഡ് പാർക്ക് സ്ഥാപിക്കണമെന്ന സ്ഥലം എം.എൽ.എ.-യുടെ ഹർജിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കിൻഫ്ര എം.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) കിൻഫ്ര എം.ഡി. ഈ വിഷയത്തിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ-സി) ഉദുമ നിയോജകമണ്ഡലത്തിലെ ചട്ടഞ്ചാലിൽ തെക്കിൽ വില്ലേജിൽ മിനി ഫുഡ് പാർക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ., വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷയിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ, കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും കിൻഫ്ര മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

ഒരു മിനി ഫുഡ് പാർക്ക് തുടങ്ങാൻ ഏറ്റവും കുറഞ്ഞത് ഒന്നായി കിടക്കുന്ന (Contiguous) 10 ഏക്കർ ഭൂമി ആവശ്യമാണെന്നും തെക്കിൽ വില്ലേജിൽ 2 ഏക്കർ മാത്രമുള്ള ഭൂമി, സ്ഥലം തീരെ കുറവായതിനാൽ ഒരു മിനി ഫുഡ് പാർക്ക് വികസിപ്പിച്ചെടുക്കാൻ സാധ്യമല്ലെന്നും വില്ലേജിൽ മറ്റ് സർവ്വെ നമ്പരുകളിൽ നിന്നുള്ള ഭൂഭാഗങ്ങൾ വേർപെട്ട് സ്ഥിതി ചെയ്യുന്നതിനാൽ പ്രായോഗികമായി, ഒരു മിനി ഫുഡ് പാർക്ക് വികസിപ്പിക്കാൻ കുറഞ്ഞത് 10 ഏക്കർ ഭൂമിയെങ്കിലും ആവശ്യമാണെന്ന

നിബന്ധന പാലിക്കാത്തതിനാൽ, സാധ്യമല്ലെന്നും കിൻഫ്ര മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് ഇത്തരത്തിൽ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

**ഇടത്തരം, ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കാൻ വഴിയൊരുക്കുന്ന പദ്ധതി**

192 (584) <u>ശ്രീ. വി. ജോയി</u>:

<u>ശ്രീ. പി. മമ്മിക്കുട്ടി</u>:

<u>ശ്രീ. എം. വിജിൻ</u>:

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിലും വ്യവസായ വികസനം എത്തിക്കുന്ന രീതിയിൽ ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം ഇടത്തര-ചെറുകിട-സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കാൻ വഴിയൊരുക്കുന്ന പദ്ധതി ദുർബ്ബല ജനവിഭാഗങ്ങളിൽപ്പെട്ട അഭ്യസ്തവിദ്യരെ ആകർഷിച്ച് സുസ്ഥിര വികസനം ഉറപ്പാക്കുന്ന രീതിയിലാണോ ആവിഷ്കരിച്ചിരിക്കുന്നത്?

2022-23 സാമ്പത്തികവർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായാണ് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്ന

പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ നിയമിച്ച് ദുർബ്ബല വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരെ സംരംഭകത്വത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി പൊതുബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ഇതുകൂടാതെ വിവിധ ദുർബ്ബല വിഭാഗങ്ങൾക്കായി വ്യവസായ വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, കുടുംബശ്രീ, കേരള പിന്നാക്ക വികസന കോർപ്പറേഷൻ, കേരള ന്യൂനപക്ഷ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ മുതലായവർ നടപ്പിലാക്കിവരുന്ന സംരംഭകത്വത്തിനായുള്ള പദ്ധതികൾ കണ്ടെത്തി അവയ്ക്കായി അപേക്ഷിക്കുന്നതിനും ഇന്റേണിന്റെ സഹായം ലഭ്യമായിരിക്കുന്നതാണ്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾപ്രകാരമുള്ള അനുമതികളിൽനിന്നും 3 വർഷത്തേയ്ക്ക് ഒഴിവാക്കിക്കൊണ്ടുള്ള MSME ഫെസിലിറ്റേഷൻ ആക്ട് നിലവിലുണ്ട്. സ്വയം സാക്ഷ്യപ്പെടുത്തൽവഴി ലഭിക്കുന്ന അക്നോളെഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിക്കൊണ്ട് മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട

സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഈ നിയമത്തിൽ റെഡ് കാറ്റഗറിയിൽപ്പെട്ട സംരംഭങ്ങളെ ഒഴിവാക്കുകവഴി പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ടുള്ള സംരംഭങ്ങളുടെ പ്രോത്സാഹനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(ബി) പ്രാദേശികമായി സാധ്യതയുള്ള വ്യവസായങ്ങൾ സംബന്ധിച്ച് സംരംഭകർക്ക് അവബോധമുണ്ടാക്കുന്നതിനുള്ള പ്രചരണപ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ?

പ്രാദേശികമായി ആരംഭിക്കാൻ സാധ്യതയുള്ള വിവിധ സംരംഭങ്ങളെക്കുറിച്ചുള്ള അവബോധം നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ള ഇന്റേണിന്റെ നേതൃത്വത്തിൽ പൊതുബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചുവരുന്നു. അതോടൊപ്പം ജില്ലാ വ്യവസായ പ്രൊഫൈൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു കൈപ്പുസ്തകം വിതരണം ചെയ്യുന്നതാണ്. ഇതിനുപുറമേ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ലാഭകരമായി ഉൽപ്പാദന-വിതരണം ചെയ്യാൻ സാധിക്കുന്ന ഒരു ഉൽപ്പന്നത്തെ 'വൺ ലോക്കൽ ബോഡി വൺ പ്രോഡക്റ്റ്' ആയി നിശ്ചയിച്ച് പ്രോൽസാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് നടത്തിവരുന്നുണ്ട്.

(സി) ഈ പദ്ധതി പ്രവൃത്തി പഥത്തിലെത്തിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനും സാമ്പത്തിക പിന്തുണയ്ക്ക് കേരള ബാങ്ക്, നബാർഡ് ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങളുടെ പിന്തുണ ഉറപ്പാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ?

ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരളാ ബാങ്ക്, മറ്റ് സഹകരണ ബാങ്കുകൾ, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി എന്നിവരുമായി ചർച്ചകൾ നടത്തുകയും ആവശ്യമായ സഹായം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനുള്ള പദ്ധതിക്ക് കേരളാബാങ്കും അതുപോലെ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയും സന്നദ്ധത അറിയിച്ചിട്ടുണ്ട്.

**ചെറുകിട, ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി**

193 (585) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ചെറുകിട, ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

സംരംഭങ്ങളുടെ പ്രദർശന മേളകൾ: സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി ജില്ലാതലത്തിൽ MSME എക്സിബിഷനുകൾ നടത്തിവരുന്നുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി ഈ സാമ്പത്തികവർഷം താലൂക്കുതലത്തിലുള്ള എക്സിബിഷൻ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ദേശീയ അന്തർദ്ദേശീയ മേളകളിൽ കേരളത്തിലെ മികച്ച ഉല്പന്നങ്ങൾ പ്രദർശിപ്പിച്ച് അവയ്ക്ക് വിപണന സാധ്യത ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

കേരളാ അഗ്രോ ഫുഡ്പ്രോ: കേരളത്തിലെ ഭക്ഷ്യ സംസ്കരണ മേഖലയിൽപ്പെട്ട സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി കേരളാ അഗ്രോ ഫുഡ്പ്രോ എല്ലാ വർഷവും സംസ്ഥാനതലത്തിൽ നടത്തിവരുന്നു.

കേരളാ ഇ-മാർക്കറ്റ് പോർട്ടൽ: കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന

സൂഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ രൂപീകരിച്ചു. ഈ വെബ്പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയതലത്തിൽ വിപണി കണ്ടെത്താൻ സാധിക്കും.

<u>വ്യാപാർ (ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്)</u>: സംസ്ഥാനത്തിന്റെ വികസന സാധ്യതകൾക്കും പ്രായോഗികതയ്ക്കും അനുസൃതമായി വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എം.എസ്.എം.ഇ.-കൾക്കുവേണ്ടി 'വ്യാപാർ' (ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്) സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ വിവിധ ജില്ലകളിൽനിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, മരവ്യവസായങ്ങൾ, ആയുർവ്വേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുളപോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ മുതലായ മേഖലകളിൽനിന്നുള്ള ചെറുകിട

ഉൽപ്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും പ്രദർശിപ്പിക്കുന്നു. പ്രസ്തുത ബിസിനസ്സ് ടു ബിസിനസ്സ് മീറ്റിൽ തെരഞ്ഞെടുക്കപ്പെട്ട ഏഴ് മേഖലകളിലായി സംസ്ഥാനത്ത് ചെറുകിട വ്യവസായികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വ്യാപാര ചർച്ചകളാണ് പ്രധാനമായും നടക്കുന്നത്. കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് നടത്തുന്നതിന്റെ പ്രധാന ഉദ്ദേശ്യം സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് നേരിട്ട് രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള ബയ്യർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ഒരുക്കുകയാണ്.

<u>കേരള ബാംബൂ ഫെസ്റ്റ്</u>: മുള മേഖലയിലെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തിവരുന്ന പ്രധാനപ്പെട്ട മേളയാണ് കേരള ബാംബൂ ഫെസ്റ്റ്. ബാംബൂ മിഷൻ 2004 മുതൽ കൊച്ചിയിൽ ' കേരള ബാംബൂഫെസ്റ്റ് ' സംഘടിപ്പിച്ചുവരുന്നു. ഇതിലൂടെ പ്രസ്തുത മേഖലയിലെ ഗുണഭോക്താക്കൾക്ക് വിപണി കണ്ടെത്താനും ഉൽപ്പന്ന വികസനത്തെക്കുറിച്ചുള്ള അറിവ് നേടാനും വിവരങ്ങൾ പരസ്പരം പങ്കിടാനുമുള്ള വേദിയൊരുക്കുന്നു.

<u>മലബാർ ക്രാഫ്റ്റ്സ് മേള</u>: കേരളത്തിലെ കരകൗശല മേഖലയുടെ

പുനരുദ്ധാരണത്തിനും നിലനിൽപ്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ കരകൗശല മേഖലയെ ശക്തിപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഈ മേഖലയിലുള്ള വിദഗ്ധരുമായി സമ്പർക്കം പുലർത്തുക, കരകൗശലക്കാർക്ക് ഉപഭോക്താക്കളുമായി നേരിട്ട് ഇടപെഴകുവാനുള്ള അവസരമൊരുക്കിക്കൊടുക്കുക, കേരളത്തിലെ പരമ്പരാഗതമായ കരകൗശല/കൈത്തറി ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക, വിദേശികൾക്കും സ്വദേശികൾക്കും പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങൾ കേരളത്തിന്റെ തനിമയോടെ പ്രദർശിപ്പിക്കാനുള്ള ഒരു വേദിയൊരുക്കുക, സന്ദർശകർക്കും ഉപഭോക്താക്കൾക്കും സ്ഥാപനങ്ങൾക്കും കേരളത്തിലെ കരകൗശലക്കാരുടെ സാങ്കേതിക മികവും കഴിവും പ്രദർശിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ മേള സംഘടിപ്പിക്കുന്നത്.

## സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ

194 (586) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ രജിസ്റ്റർ ചെയ്ത സൂക്ഷ്മ-ചെറുകിട-

ഇടത്തരം സംരംഭങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ വ്യവസായ വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല. എന്നാൽ സംസ്ഥാനത്ത് ആരംഭിക്കുന്ന വിവിധ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വിവരശേഖരണം വ്യവസായ വാണിജ്യ വകുപ്പിന്റെ വ്യവസായ ജാലകം പോർട്ടൽ വഴി വ്യവസായ വകുപ്പ് നടത്തുന്നുണ്ട്. നിലവിലെ കണക്കുപ്രകാരം വ്യവസായ ജാലകം പോർട്ടലിൽ സംസ്ഥാനത്തെ 1,51,406 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ (MSMEs) ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 1,42,653 സൂക്ഷ്മ സംരംഭങ്ങളും 8,457 ചെറുകിട സംരംഭങ്ങളും 296 ഇടത്തരം സംരംഭങ്ങളുമാണുള്ളത്. കാർഷിക ഭക്ഷ്യാധിഷ്ഠിത മേഖല, വസ്ത്ര നിർമ്മാണ മേഖല, ജനറൽ എഞ്ചിനീയറിംഗ്, തടിയധിഷ്ഠിത മേഖല തുടങ്ങി വിവിധ മേഖലയിലുള്ള വ്യവസായങ്ങളാണ് പ്രധാനമായും ഉൾപ്പെടുന്നത്.

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ്

ഫെസിലിറ്റേഷൻ ആക്റ്റ് 2018-ൽ നിലവിൽവന്നു. ഇതുകൂടാതെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾപ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലുംനിന്ന് ഒഴിവാക്കുന്നതിനായി 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി, 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് ആക്ട് 2021-ലെ ഭേദഗതിപ്രകാരം ജില്ലാ സംസ്ഥാനതലങ്ങളിൽ പരാതിപരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച്

പ്രവർത്തനം നടന്നുവരുന്നു.

കൂടാതെ 2022-23 സാമ്പത്തികവർഷം സംരംഭക വർഷമായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത് പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിട്ടുണ്ട്. 'സംരംഭക വർഷം' പദ്ധതിയുടെ ഭാഗമായി 2022-23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഗുരുവായൂർ മണ്ഡലത്തിൽ നിയമിച്ച ഇന്റേണുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ നിയമിച്ച ഇന്റേണുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇന്റേണിന്റെ പേര് | നിയമനം നൽകിയ പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ പേര് |
|---|---|---|
| 1 | ജിഷി സി. ജെ. | ഒരുമനയൂർ |

| | | |
|---|---|---|
| 2 | റംഷിത കെ. വി. | കടപ്പുറം |
| 3 | സുനേഷ് കെ. എസ്. | പുന്നയൂർ |
| 4 | ആസിയ അസീസ് | പുന്നയൂർക്കുളം |
| 5 | രാഹുൽ പി. | വടക്കേക്കാട് |
| 6 | രാജശ്രീ ടി. ആർ. | ഏങ്ങണ്ടിയൂർ |
| 7 | നിനവ് വി. എസ്. | ഗുരുവായൂർ മുനിസിപ്പാലിറ്റി |
| 8 | സനിത ആന്റണി | ചാവക്കാട് മുനിസിപ്പാലിറ്റി |
| 9 | അഞ്ജു സുനിൽ | ചാവക്കാട് മുനിസിപ്പാലിറ്റി |

## സംരംഭകർക്ക് മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി

195 (587) ശ്രീ. പി. ടി. എ. റഹീം:

ശ്രീമതി ശാന്തകുമാരി കെ:

ശ്രീ. എച്ച്. സലാം:

ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ ഉയർത്തുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി.-വഴി മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയനുസരിച്ച് സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സ്ത്രീകൾ, പട്ടികജാതി-പട്ടിക വർഗ്ഗക്കാർ, യുവ സംരംഭകർ എന്നിവർക്ക് പ്രത്യേക പരിഗണന നിർദ്ദേശിച്ചിട്ടുണ്ടോ; പദ്ധതി നടപ്പാക്കുന്നതു വഴി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭക രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകയ്യെടുത്ത് കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിന്റെ ഭാഗമായി 25 ലക്ഷം മുതൽ 2 കോടി രൂപവരെ വായ്പ ലഭിക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു:

1. <u>സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ</u>.

ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി

അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ. (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്.

ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ്, അപ്ഫ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷമാണ്, ഒരു വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്. മൊറട്ടോറിയം കാലാവധിയിൽ പലിശ കൃത്യമായി തിരിച്ചടയ്ക്കേണ്ടതാണ്.

പ്രസ്തുത വായ്പയ്ക്ക് അപേക്ഷിക്കുന്നവരുടെ പ്രായം 18 മുതൽ 50 വയസ്സുവരെ ആയിരിക്കണം. വനിത, പട്ടികജാതി-പട്ടിക വർഗ്ഗക്കാർ, എൻ.ആർ.കെ. വിഭാഗത്തിലുള്ളവർക്ക് അഞ്ചുവർഷത്തെ പ്രായപരിധി ഇളവ് ലഭിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, വരുമാനം എന്നിവയ്ക്ക് പ്രത്യേക മാനദണ്ഡങ്ങളില്ല. വായ്പ അപേക്ഷകർക്കും കമ്പനിയുടെ പ്രമോട്ടർമാർക്കും സിബിൽ സ്കോർ 650-ന് മുകളിലായിരിക്കണം. പ്രസ്തുത വായ്പ ലഭ്യമാക്കുന്ന സംരംഭങ്ങൾ കേരളത്തിൽ പ്രവർത്തനക്ഷമമാക്കുകയും പദ്ധതിച്ചെലവിന്റെ കുറഞ്ഞത് 20 ശതമാനം സംരംഭകൻ തന്റെ വിഹിതമായി

കൊണ്ടുവരേണ്ടതുമാണ്. വസ്തു, കെട്ടിടം, മറ്റ് ആസ്തികൾ, കൊളാറ്ററൽ സെക്യൂരിറ്റി എന്നിവ പരിഗണിച്ചായിരിക്കും വായ്പ നിശ്ചയിക്കുക. പ്രസ്തുത വായ്പയുടെ അസ്സറ്റ് കവറേജ് റേഷ്യോ 1 ആയിരിക്കണം. ഉടമസ്ഥരുടെ വ്യക്തിഗത ജാമ്യവും പ്രസ്തുത വായ്പയ്ക്കായി നൽകേണ്ടതാണ്.

2. <u>സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ</u>

നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ട് വർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിലായിരിക്കും വായ്പാലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. മൂന്നുവർഷമായി പ്രവർത്തിച്ചുവരുന്ന പ്രൊപ്രൈറ്ററി, പാർട്ട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനികൾക്ക് പ്രസ്തുത വായ്പ ലഭിക്കാനുള്ള അർഹതയുള്ളതായിരിക്കും. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75% പലിശ നിരക്കിൽ ടേം ലോണായാണ് ലഭ്യമാക്കുന്നത്. മതിയായ സെക്യൂരിറ്റിയും ഉടമസ്ഥരുടെ വ്യക്തിഗത ഗ്യാരണ്ടിയുടെയും പുറത്താണ് പ്രസ്തുത വായ്പ നൽകുന്നത്.

**ചെറുകിട ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുകളെ ശക്തിപ്പെടുത്തൽ**

196 (588) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാദേശിക ഭക്ഷ്യോല്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിന് ചെറുകിട ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുകളെ ശക്തിപ്പെടുത്താൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ?

സൂക്ഷ്മ വിഭാഗത്തിൽപ്പെടുന്ന ഭക്ഷ്യസംസ്കരണ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനായി കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസ് (PMFME) പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി 'വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ്' മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. യോഗ്യതയുള്ള പ്രോജക്റ്റിന്റെ സ്ഥിരമൂലധനത്തിന്മേൽ 35%, പരമാവധി പരിധി 10 ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് സഹായം ലഭിക്കുന്നത്.

ഇതുകൂടാതെ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന സംരംഭക സഹായ

പദ്ധതിയുൾപ്പെടെയുള്ള പദ്ധതികളിൽ ഭക്ഷ്യസംസ്കരണം മുൻഗണനാ വിഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭക്ഷ്യസംസ്കരണ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ അഗ്രോ ഫുഡ്പ്രോ എക്സിബിഷൻ നടത്തിവരുന്നു. ഭക്ഷ്യസംസ്കരണ മേഖലയുടെ വികസനം ലക്ഷ്യമാക്കി കിൻഫ്ര മലപ്പുറത്തെ കാക്കഞ്ചേരിയിലും പത്തനംതിട്ടയിലെ അടൂരിലും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഭക്ഷ്യ സംസ്കരണ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ മെഗാഫുഡ് പാർക്ക് പദ്ധതിയിലുൾപ്പെടുത്തി അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഒരു മെഗാഫുഡ് പാർക്കും പാലക്കാട് സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വ്യവസായ പാർക്കുകളിൽ ഭക്ഷ്യസംസ്കരണ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് അടിസ്ഥാന പശ്ചാത്തല സൗകര്യമൊരുക്കിയിട്ടുണ്ട്.

(ബി) ഭക്ഷ്യ സംസ്കരണവും നിർമ്മാണവും മുൻനിർത്തി ചെറുകിട ഫുഡ് പാർക്കുകൾ എല്ലാ മണ്ഡലങ്ങളിലും സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതയും ഫുഡ് പാർക്കുകളുടെ വിജയ സാധ്യതാപഠനവും പരിശോധിച്ച് തീരുമാനമെടുക്കേണ്ട വിഷയമാണിത്.

പ്രൈവറ്റ് പാർക്ക് പദ്ധതിപ്രകാരം പാർക്കുകൾ ആരംഭിക്കുന്നതിന് മുന്നോട്ടുവരുന്ന സ്വകാര്യ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

**ഒരു കുടുംബം ഒരു സംരംഭം**

197 (589) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതി ഏതുഘട്ടത്തിലാണ്?

2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 'ഒരു കുടുംബം ഒരു സംരംഭം' എന്ന പദ്ധതിയുടെ കരട് മാർഗ്ഗരേഖ വകുപ്പുതല വർക്കിംഗ് കമ്മിറ്റി പരിശോധിച്ചുവരുന്നു.

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കുറഞ്ഞത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ 2022-23 സംരംഭക വർഷമായി ആചരിക്കുകയാണ്. 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിക്കായി 7 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഓരോ കുടുംബത്തിലും വ്യാപാര

പ്രവർത്തനങ്ങൾ ഉൾപ്പെടെ ഒരു എം.എസ്.എം.ഇ. സംരംഭമെങ്കിലും സ്ഥാപിക്കുകയെന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽനിന്ന് യൂണിറ്റിന് ലഭ്യമാകുന്ന വായ്പയുടെയോ, പ്രവർത്തനമൂലധന വായ്പയുടെയോ പലിശയിളവ് നൽകാനും പദ്ധതി ലക്ഷ്യമിടുന്നു. നിർമ്മാണം, സേവനങ്ങൾ, വ്യാപാരം, തൊഴിൽ ജോലികൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന യൂണിറ്റുകൾക്ക് സഹായത്തിന് അർഹതയുണ്ടാവും.

(സി) ഈ പദ്ധതിപ്രകാരം സ്ത്രീ സംരംഭകർക്കും ഭിന്നശേഷിക്കാരായ സംരംഭകർക്കും പ്രത്യേക ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഈ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം 50 ശതമാനം ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും. കൂടാതെ ഭിന്നശേഷിക്കാർ, വിമുക്തഭടന്മാർ, കേരളത്തിന് പുറത്ത് വസിക്കുന്നവർ, യുവസംരംഭകർ (45 വയസ് വരെയുള്ളവർ), എസ്.സി./എസ്.ടി. വിഭാഗങ്ങൾ എന്നിവർക്ക് മുൻഗണന നൽകുന്നതായിരിക്കും.

## പരമ്പരാഗത വ്യവസായം

198 (590)ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. പി. എസ്. സുപാൽ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾക്ക് വിപണി സൗകര്യമൊരുക്കുന്നതിന് ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കരകൗശല ഉൽപ്പന്നങ്ങൾ കരകൗശല വികസന കോർപ്പറേഷന്റെ ഇന്ത്യയിലുടനീളമുള്ള ഇരുപതോളം വിൽപ്പനശാലകൾവഴി വിപണനം നടത്തിവരുന്നു. ഇതുകൂടാതെ കോർപ്പറേഷന്റെ വെബ്സൈറ്റ് വഴിയും ആമസോൺ, ഫ്ലിപ്പ്കാർട്ട് എന്നിവയിലൂടെയും ഓൺലൈൻ വിപണനം നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ വിപണി കണ്ടെത്തുന്നതിന് സർക്കാർ മുൻകൈയെടുത്ത് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. സർക്കാർ നടപടികൾ സ്വീകരിച്ച് നടത്തുന്ന

വിപണന മേളകളിൽ കോർപ്പറേഷൻ പങ്കെടുത്തുവരുന്നു. 'സുരഭി'യിലും കരകൗശല വിപണന മേളകൾ നടത്താൻ ഉദ്ദേശിക്കുന്നു.

സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണി സൗകര്യമൊരുക്കുന്നതിന് ആവശ്യമായ നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. കേരള കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി കൈത്തറി മേളകളും വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവസമയങ്ങളിൽ ജില്ലാതല എക്സിബിഷനുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ എൻ.എച്ച്.ഡി.പി.-യുടെ സഹായത്തോടെ നാഷണൽ ഹാൻഡ്ലൂം എക്സ്പോയും സ്റ്റേറ്റ് ഹാൻഡ്ലൂം എക്സ്പോയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹാന്റെക്സിന്റെ കേരളത്തിലെ 89 ഷോറൂമുകൾ വഴിയും ഹാൻവീവിന്റെ 36 ഷോറൂമുകൾ വഴിയും കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം നടക്കുന്നുണ്ട്. മാത്രമല്ല ഉത്സവ സീസണുകളിൽ കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി 20% റിബേറ്റും നൽകുന്നുണ്ട്.

കാപ്പെക്സിന് വർഷാവർഷം പദ്ധതിവിഹിതത്തിൽ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള

ബോധവൽക്കരണവും എന്ന കണക്കിനത്തിൽ പദ്ധതിവിഹിതത്തിൽ തുക വകയിരുത്തി നൽകിവരുന്നുണ്ട്. ഈ ഇനത്തിൽ 2016-22 കാലയളവിൽ കാപ്പെക്സിന് 2.40 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. കശുവണ്ടിപ്പരിപ്പിന്റെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി വിവിധ എക്സിബിഷനുകളിൽ/സെമിനാറുകളിൽ പങ്കെടുക്കുകയും പത്രപ്പരസ്യങ്ങൾ നൽകുകയും വൈവിധ്യമാർന്ന പൗച്ചുകളിൽ വിവിധതരത്തിലുള്ള പരിപ്പുകൾ നിറച്ച് വിൽപ്പന നടത്തുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ റോസ്റ്റഡ് ആൻഡ് സാൾട്ടഡ്, കാഷ്യൂ ചില്ലി, കാഷ്യൂ പെപ്പർ മുതലായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തിവരികയും ചെയ്യുന്നു. ആഭ്യന്തര മാർക്കറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചെറുകിട വിൽപ്പനയ്ക്കും ഫ്രാഞ്ചൈസികൾ വഴിയുള്ള വിൽപ്പനയ്ക്കും മുൻഗണന നൽകിവരികയാണ്. കൂടാതെ വിവിധ സർക്കാർ ഔട്ട്‌ലെറ്റുകൾ, പോലീസ് കാന്റീനുകൾ മുതലായവ വഴി ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുകയും ചെയ്തുവരുന്നു. കാപ്പെക്സ് തന്നെ നിലവിൽ 4 ഔട്ട്‌ലെറ്റുകൾ കാപ്പെക്സിന്റെ അധീനതയിലുള്ള ഫാക്ടറികളിൽ തുടങ്ങുകയും അതുവഴി വിൽപ്പന നടത്തിവരികയും ചെയ്യുന്നു. സർക്കാരിന്റെ ഓൺലൈൻ പ്ലാറ്റ്ഫോമായ E-com പ്രവർത്തനസജ്ജമാകുന്നതോടുകൂടി ചെറുകിട വിൽപ്പനയിൽ

വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കയർ ഉൽപ്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി കയർ കോർപ്പറേഷൻ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾവഴി കയറുൽപ്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. ഉൽപ്പന്ന മേഖലയിൽ കൂടുതൽ ഡിമാന്റുള്ളത് കയർഭൂവസ്ത്രത്തിനാണ്. പി.പി.എസ്.എസ്. വഴി ചെറുകിട ഉൽപ്പാദക സംഘങ്ങളിൽനിന്നും ഉൽപ്പന്ന മേഖലയിലെ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്നും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ കയറ്റുമതിക്കാർക്ക് വിൽക്കുമ്പോൾ 16% ഡിസ്കൗണ്ട് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ നൽകിവരുന്നുണ്ട്. കയറിന്റെയും മറ്റ് പ്രകൃതിദത്ത നാരുകളുടെയും അന്തർദ്ദേശീയ പ്രദർശന മേളയായ കയർ കേരള നടത്തുന്നത് കയറുൽപ്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ്. 2021 വെർച്വൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുണ്ടായി. ഇപ്രകാരം

മേളകൾ സംഘടിപ്പിക്കുകവഴിയും ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണി വിപുലീകരിക്കുന്നതിന് കഴിയുന്നുണ്ട്. കയർ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും വിപണി വിപുലീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഈ കോവിഡ് കാലത്ത് പാദങ്ങളുടെ ശുചിത്വം ലക്ഷ്യംവച്ച് സാനിമാറ്റ്, സാനിപാഡ് എന്ന പേരിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും കയർഫെഡും ഉൽപ്പന്നങ്ങൾ മാർക്കറ്റിലിറക്കുന്നു. ഇവയിൽ കൈത്തറി തടുക്കുകൾ ഉപയോഗിക്കുന്നുണ്ട്. നിലവിലുള്ള പരിസ്ഥിതി മാനദണ്ഡങ്ങൾക്ക് ഇണങ്ങുന്ന രീതിയിൽ കൈത്തറി തടുക്കുകൾ വിപണനം നടത്തുന്നതിന് കയർ കോർപ്പറേഷൻ ഓർഡറുകൾ സ്വീകരിച്ചുവരുന്നു.

കെൽപാം-മിൽ - കേരള സർക്കാർ മറ്റ് വകുപ്പുകളുമായും കുടുംബശ്രീയുമായും സ്വകാര്യ സംരംഭങ്ങളുമായി സഹകരിച്ച് വിപണി സൗകര്യമൊരുക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്.

പരമ്പരാഗത വ്യവസായ ഉൽപ്പന്നമായ കശുവണ്ടിപ്പരിപ്പിന്റെ വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ പുതുതായി 11 ഫാക്ടറി ഔട്ട്ലെറ്റുകൾ സ്ഥാപിക്കുകയും അതുവഴി കശുവണ്ടിപ്പരിപ്പിന്റെ വിപണനം

മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുമുണ്ട്. കൂടാതെ മാർക്കറ്റ് ഫെഡ്, കൺസ്യൂമർ ഫെഡ് മുതലായ സ്ഥാപനങ്ങൾ വഴിയും കശുവണ്ടിപ്പരിപ്പിന്റെ വിപണനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ കെ.എസ്.സി.ഡി.സി. (കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) വെബ്സൈറ്റ് വഴിയും ആമസോൺ പോർട്ടൽ വഴിയും ഓൺലൈൻ വിപണനസൗകര്യം വിപുലീകരിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടിയ വിൽപ്പനശാലകൾ ആരംഭിക്കൽ, നിലവിലുള്ള ഷോറൂമുകളുടെ നവീകരണം, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യപ്രചാരണം എന്നിവ കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. മാത്രമല്ല പ്രത്യേകം വിൽപ്പന മേളകളും നടത്തിവരുന്നുണ്ട്. ഫ്ലിപ്പ്കാർട്ടുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗും ആരംഭിച്ചിട്ടുണ്ട്. ഖാദി മേഖല സംരക്ഷിക്കുന്നതിന്റെ ഭാഗമായും വിപണനം മെച്ചപ്പെടുത്തുന്നതിനും സർക്കാർ ജീവനക്കാരും അദ്ധ്യാപകരും

പൊതുമേഖല/സഹകരണ വിഭാഗത്തിലെ ജീവനക്കാരും ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കണമെന്നുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. സഞ്ചരിക്കുന്ന വിപണനശാലകൾ വഴിയുള്ള വിപണനം ഊർജ്ജിതമായി നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ യുവതലമുറയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി 'ഖാദി ഡേ' ആരംഭിച്ചു. ഖാദി വസ്ത്രമേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി വിപണനം വർദ്ധിപ്പിക്കുന്നതിന് ഡിസൈനർ വസ്ത്രങ്ങൾ വിപണിയിലിറക്കി. വിപണനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഖാദി ഷോ പോലുള്ള പരിപാടികൾ, ആധുനിക രീതിയിലുള്ള വിപണന ശാലകൾ തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. 2022-ലെ ഓണത്തോടനുബന്ധിച്ച് കൂടുതൽ മേളകൾ സംഘടിപ്പിച്ച് വിപണനം നടത്താൻ ലക്ഷ്യമിടുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുമായി സഹകരിച്ച് മൊബൈൽ സെയിൽസ് വാനുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു.

ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും കേരള കാഷ്യൂ ബോർഡ് തോട്ടണ്ടി സംഭരിച്ച് സംസ്ഥാനത്തെ പൊതുമേഖലാ കശുവണ്ടി സംസ്കരണ സ്ഥാപനങ്ങളായ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും

കാപ്പെക്സിനും നൽകുകയുണ്ടായി. ഗുണനിലവാരമുള്ള തോട്ടണ്ടി കുറഞ്ഞ വിലയിൽ തുടർച്ചയായി ലഭ്യമാക്കിയതിലൂടെ ഈ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽദിനങ്ങൾ നൽകാൻ സാധിച്ചു.

സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾക്ക് വിപണി സൗകര്യമൊരുക്കുന്നതിനായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിൽ വിവിധ ബാംബൂ ബസാർ സെയിൽസ് ഔട്ട്ലെറ്റുകൾ കേരളത്തിന്റെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ തുടങ്ങാനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. ഇതിന്റെ മുന്നോടിയായി കുമരകം, മൂന്നാർ, മാനന്തവാടി, കോതമംഗലം എന്നിവിടങ്ങളിൽ സെയിൽസ് ഔട്ട്ലെറ്റുകളുടെ നിർമ്മാണപ്രക്രിയകൾ പൂർത്തീകരിച്ചുവരികയാണ്. ഈ സെയിൽസ് ഔട്ട്ലെറ്റുകൾവഴി സംസ്ഥാനത്ത് നിർമ്മിക്കുന്ന പരമ്പരാഗത ഉൽപ്പന്നങ്ങൾ വിനോദ സഞ്ചാരികളുടെ അടുത്തേയ്ക്ക് എത്തിക്കാൻ സാധിക്കും.

(ബി) പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യമൊരുക്കുന്നതിനായി വിവിധോദ്ദേശ്യ പ്രോത്സാഹന കേന്ദ്രങ്ങൾ എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇല്ല.

(സി) കേരളത്തിന്റെ തനത് പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എന്തെല്ലാം പുതിയ പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

കൈത്തറി ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഒരു ഡിജിറ്റൽ മാർക്കറ്റിംഗ് സംവിധാനമൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ആദ്യഘട്ട ചർച്ച ഇതിന്റെ ഭാഗമായി നടന്നുകഴിഞ്ഞു. കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിന്റെ e-shipmart.gov.in, Gem Portal എന്നിവയിൽ രജിസ്റ്റർ ചെയ്യുന്നതിനായി സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ പുരോഗമിച്ചുവരുന്നുണ്ട്. ഇതുവഴി ആഗോളതലത്തിൽ കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം സാധ്യമാകുന്നു. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (K-Bip) മുഖേന ഓൺലൈൻ വ്യാപാരത്തിനായി രൂപീകരിച്ച കേരള ഇ-മാർക്കറ്റ് പോർട്ടലിലൂടെ (www.keralaemarket.com/www.kerala, e-market. kerala.gov.in) കൈത്തറി ഉൽപ്പാദകർക്ക് ദേശീയ-അന്തർദ്ദേശീയ കമ്പനികളുമായി ബന്ധപ്പെടുന്നതിനും വ്യാപാര ചർച്ചകൾ നടത്തുന്നതിനും

അതുവഴി വിപണനം സാധ്യമാക്കുന്നതിനും കഴിയുന്നതാണ്.

കരകൗശല വികസന കോർപ്പറേഷൻ കേരളത്തിലെ തനത് പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഓൺലൈൻ വെർച്വൽ എക്സിബിഷനുകൾ നടത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ വിപണി കണ്ടെത്തുന്നതിന് സർക്കാർ മുൻകൈയെടുത്ത് ഡിജിറ്റൽ യൂണിവേഴ്സിറ്റിയിമായി ചേർന്ന് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്.

സുരഭി പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഷോറൂമുകളിൽ പ്രത്യേക കരകൗശല മേളകളും ഷോറൂമുകൾ ഇല്ലാത്ത പ്രധാന കേന്ദ്രങ്ങളിൽ പ്രദർശന മേളകളും നടത്താനും ഓൺലൈൻ മാർക്കറ്റിംഗിനും ഉദ്ദേശിക്കുന്നു.

പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ട്രേഡ് മാർക്ക്സ് ആക്ട്, 1999 പ്രകാരം എൻ.സി.ആർ.എം.ഐ. 'കേരള കയര്' എന്ന ലോഗോ ബ്രാൻഡ് Coir thread, coir yarn Coir Geotextiles, Carpets, Carpets (textile), Carpets for Automobiles, Mats & Mattings, Bathroom mats, Door mats, Floor mats, Bathroom rugs,

Door rugs, Floor rugs, Coconut fibre, Ropes, Nets, Cords & Twines made of natural fibre, Raw fibres textile materials എന്നീ കയർ ഉൽപ്പന്നങ്ങൾക്കുവേണ്ടി നേടിയെടുത്തിട്ടുണ്ട്. പത്ത് വർഷമാണ് ഇതിന്റെ കാലാവധി (2017 മുതൽ 2027 വരെ). ഇതുപയോഗിച്ച് കേരളത്തിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം സ്റ്റാൻഡേർഡൈസ് ചെയ്യാനും കേരളത്തിൽ നിന്നുള്ള കയർ/കയർ ഉൽപ്പന്നങ്ങൾ രാജ്യാന്തര വിപണിയിൽ ബ്രാൻഡിംഗ് ചെയ്യാനും അതിലൂടെ കൂടുതൽ മാർക്കറ്റ് ചെയ്യാനും സാധിക്കും.

കേരള കാഷ്യൂ ബോർഡ് ഗുണനിലവാരമുള്ള തോട്ടണ്ടി കുറഞ്ഞ വിലയിൽ തുടർച്ചയായി ലഭ്യമാക്കിയതിലൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ ഉൽപ്പന്നങ്ങളുടെ വിപണനം സുഗമമായി നടന്നുവരുന്നു.

കേരളത്തിന്റെ തനത് പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ നേതൃത്വത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സെയിൽസ് ഔട്ട്‌ലെറ്റുകളും കേരളത്തിലെ വിവിധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഓഫീസ് സ്റ്റേഷനറി ഉൽപ്പന്നങ്ങൾ മുളയും ഈറ്റയും ഉപയോഗിച്ച് ഉൽപ്പാദിപ്പിച്ച്

എത്തിക്കുന്ന പരിപാടികളും നടത്തി വരുന്നു.

(ഡി) പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണ് യുവവീവ്. 18-നും 40-നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യമായി പരിശീലനം നൽകുകയും ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നു. 6 മാസക്കാലയളവിൽ ആദ്യ 3 മാസം സ്റ്റൈപെന്റോടുകൂടി പരിശീലനവും തുടർന്ന് മൂന്ന് മാസം സ്റ്റൈപെന്റും വേതനവും ചേർത്ത് നൽകുന്നതാണ്. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതയും ഉറപ്പുവരുത്തുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഒരു സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റി കൈത്തറി ഡയറക്ടർ ചെയർമാനായും കുടുംബശ്രീ സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ കൺവീനറായും രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ

ചെയർമാനായും കുടുംബശ്രീ സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ കൺവീനറായും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരിശീലനത്തിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ചുമതല അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരും കുടുംബശ്രീയും ചേർന്ന് നിർവ്വഹിക്കുന്നു.

കാപ്പെക്സ് സർക്കാർ ധനസഹായത്തോടെ പ്രതിവർഷം 200 തൊഴിൽ ദിനങ്ങൾ നൽകാൻ പദ്ധതി ആവിഷ്കരിക്കുന്നു. 2022, 2023 വർഷങ്ങളിൽ ഏകദേശം 1000 തൊഴിലാളികൾക്കുകൂടി തൊഴിൽ നൽകാൻ പദ്ധതിയുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയായ കയർ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ വികസന വകുപ്പിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയായ കയർ ഭൂവസ്ത്ര പദ്ധതി, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കിയതിന്റെ ഫലമായി ചകിരി ഉൽപ്പാദനം, കയർപിരി, കയർ ഉൽപ്പന്ന മേഖലകളിൽ തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ഖാദി ഗ്രാമ വ്യവസായ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി SEGP പദ്ധതിയും കേന്ദ്ര സർക്കാർ പദ്ധതിയായ PMEGP പദ്ധതിയും

നടപ്പാക്കിവരുന്നു. ഖാദി മേഖലയിൽ പുതിയതായി പതിമൂന്ന് നെയ്ത്ത് നൂൽപ്പ് യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്. 159 (നൂറ്റിയമ്പത്തി ഒമ്പതു) പേർക്ക് തൊഴിലവസരങ്ങൾ നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാരിറ്റി സംരക്ഷിച്ച് പുതുതായി 535 തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്. ഈ വർഷം 1000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ കാപ്പെക്സിൽ 250 തൊഴിലാളികളെ അടിയന്തരമായി നിയമിക്കാൻ പദ്ധതി തയ്യാറാക്കി വരുന്നു.

കാഷ്യൂ ബോർഡ് തുടർച്ചയായി തോട്ടണ്ടി ലഭ്യമാക്കുന്നതിലൂടെ കാപ്പെക്സ്, കെ.എസ്.സി.ഡി.സി. എന്നീ പൊതുമേഖലാസ്ഥാപനങ്ങൾക്ക് അവരുടെ തൊഴിലാളികൾക്ക് തുടർച്ചയായ തൊഴിൽദിനങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ പഞ്ചായത്തുകളിലും ആദിവാസി മേഖലകളിലും മുള, ഈറ്റ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം

നൽകിവരുന്നു. ഇതിനോടൊപ്പം തൊഴിൽ നൈപുണ്യത്തിനായി കോതമംഗലത്ത് ഒരു ട്രെയിനിംഗ് സെന്റർ ഉടനെ പ്രവർത്തനമാരംഭിക്കും. കേരളത്തിലെ വിവിധ പഞ്ചായത്തുകൾ, ജില്ലാപഞ്ചായത്തുകൾ, വ്യവസായ വകുപ്പ് എന്നിവയുമായി സഹകരിച്ച് തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾക്കായുള്ള ക്ലസ്റ്റർ രൂപീകരണവും ട്രെയിനിംഗും നടത്തിവരുന്നു.

സുരഭി, കരകൗശല വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കാഡ്കോയുടെ സർവ്വീസ് ആൻഡ് സപ്ലൈ പദ്ധതിപ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് Interior Furnishing വർക്കുകൾ, സ്റ്റീൽ, വുഡൺ ഫർണിച്ചർ സപ്ലൈ, സ്കൂളുകളുടെ നവീകരണം എന്നിവ കാഡ്കോയുടെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള പരമ്പരാഗത ആർട്ടിസാൻമാർ നിർവ്വഹിച്ചുവരുന്നതിലൂടെ ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കാഡ്കോയ്ക്ക് സാധിക്കുന്നു.

**സ്വകാര്യ വ്യവസായ പാർക്കുകൾ**

199 (591) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

സ്വകാര്യമേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി ജബൽ വെൻച്യുവേഴ്സ്, വിക്ടറി പേപ്പർ & ബോർഡ്സ്, സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ഇലാഹിയ ട്രസ്റ്റ് എന്നീ 4 സ്ഥാപനങ്ങളുടെ അപേക്ഷകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീമിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം മിഥുൻ അഗ്രോ ഓയിൽസ് പ്രൈവറ്റ് ലിമിറ്റഡ്, എസൻഷ്യൽ ബൊട്ടാണിക്കൽ എലിമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചവറ മിനി ഇൻഡസ്ട്രിയൽ പാർക്ക്, വി.എം.പി.എസ്. ഫുഡ് പാർക്സ് ആൻഡ് വെൻച്യുവേഴ്സ് എൽ.എൽ.പി., കടമ്പൂർ ഇൻഡസ്ട്രിയൽ പാർക്ക്, ഇൻഡ്യൻ വിർജിൻ സ്പൈസസ് പ്രൈവറ്റ് ലിമിറ്റഡ്, സിറ്റ്മിക്കോസ്-തൃശ്ശൂർ, സിറ്റ്മിക്കോസ്-പാലക്കാട് എന്നീ 8 ഓൺലൈൻ അപേക്ഷകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലും ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ അർഹതയുള്ളവയുടെ വിശദാംശം ലഭ്യമാക്കുമോ?

പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം 2022 പ്രകാരം ലഭിച്ച

ഓൺലൈൻ അപേക്ഷകൾ പരിശോധിച്ചുവരുന്നതേയുള്ളൂ.

(സി) തോട്ടഭൂമിയിൽ സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും അതിന്റെ കാരണങ്ങളെന്താണെന്നും വിശദമാക്കുമോ?

പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം 2022 പ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങൾ, തീരദേശ പരിപാലന പ്രദേശങ്ങൾ, തണ്ണീർത്തട സംരക്ഷണ നിയമത്തിൻകീഴിലുള്ള ഭൂമികൾ എന്നിവയാണ് ടി സ്കീമിൽനിന്ന് ഒഴിവാക്കിയിട്ടുള്ളത്. തോട്ടഭൂമിയിൽ സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് സംസ്ഥാനത്ത് കേരള ഭൂപരിഷ്കരണ നിയമത്തിൽ യാതൊരു നിയന്ത്രണങ്ങളും വ്യവസ്ഥ ചെയ്തിട്ടില്ല. ലാൻഡ് ബോർഡ് തോട്ടമായി നിയമ പ്രകാരം പ്രഖ്യാപിച്ചിട്ടില്ലാത്ത ഏതൊരു ഭൂമിയിലും വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കേരള ഭൂപരിഷ്കരണ നിയമപ്രകാരം തടസ്സമില്ല.

**കുറ്റ്യാടി നാളികേര പാർക്ക് പുനരുദ്ധാരണം**

200 (592) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) കുറ്റ്യാടി നാളികേര പാർക്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന വിശദവിവരങ്ങൾ അറിയിക്കാമോ?

പാർക്കിന്റെ വികസനപ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുന്നതിനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15-02-2022-ന് ചേർന്നിരുന്നു. പ്രദേശത്തിന്റെ വ്യാവസായിക ആവശ്യകത കണക്കിലെടുത്ത് ഏതൊക്കെ വ്യവസായങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ഭൂമി വികസിപ്പിക്കാമെന്നുള്ള പഠനം നടത്താനും അതിന്റെ അടിസ്ഥാനത്തിൽ വികസനപ്രവർത്തനങ്ങൾ ആരംഭിക്കാനും യോഗത്തിൽ തീരുമാനിച്ചിരുന്നു.

കെ.എസ്.ഐ.ഡി.സി. ഭൂമി വികസിപ്പിക്കുന്നതിനെപ്പറ്റിയുള്ള പഠനം നടത്തുന്നതിനായി കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. കിറ്റ്കോ ഭൂമി വിനിയോഗത്തെപ്പറ്റിയുള്ള പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പാഴ്മരങ്ങൾ വെട്ടിത്തെളിച്ച് സർവ്വേ നടത്തി പാർക്കിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്.

(ബി) പ്രസ്തുത പാർക്കിൽ മഴക്കാലത്ത് കാടുമൂടി കിടക്കുന്നതിനാൽ

കാട്ടുമൃഗങ്ങളുടെ ആവാസ കേന്ദ്രമാകുകയും പരിസരവാസികൾക്ക് ഭീഷണിയാകുകയും ചെയ്യുന്ന സാഹചര്യത്തിൽ കാട് വെട്ടിത്തെളിക്കുന്ന പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാർക്ക് വൃത്തിയാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

(സി) ഏത് ഏജൻസിയെയാണ് നാളികേര പാർക്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പാർക്കിന്റെ ഭൂമി വികസിപ്പിക്കുന്നതിനെപ്പറ്റിയുള്ള പഠനം നടത്തുന്നതിനും മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. കിറ്റ്കോ ഭൂമി വിനിയോഗത്തെപ്പറ്റിയുള്ള പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പാഴ്മരങ്ങൾ വെട്ടിത്തെളിച്ച് സർവ്വേ നടത്തി പാർക്കിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുകയും കരാർ കാലാവധിയും എത്രയാണെന്നും പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ്

ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തി മൂന്നര മാസംകൊണ്ട് ₹ 17.05 lakhs plus GST ചെലവിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ടോപ്പോഗ്രാഫിക്കൽ സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ, പാഴ്മരങ്ങൾ വെട്ടിത്തെളിക്കൽ എന്നിവയ്ക്കായുള്ള ചെലവുകൾ അധികമായിരിക്കും. പ്രവൃത്തി ആഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**സ്വകാര്യ വ്യവസായ പാർക്കുകൾ**

201 (593) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര സ്ഥാപനങ്ങൾ ഇതിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്?

ഉണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീമിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം 8 ഓൺലൈൻ അപേക്ഷകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പരിശോധനയിലാണ്.

(ബി) ഇത്തരം വ്യവസായ പാർക്കുകൾക്ക് സർക്കാർ എന്തെല്ലാം

തരത്തിലുള്ള സഹായങ്ങളാണ് ഒരുക്കി നൽകാൻ ഉദ്ദേശിക്കുന്നത്?

സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിൽ ഡെവലപ്പർക്ക് സൗകര്യമൊരുക്കാൻ സർക്കാർ ധനസഹായം നൽകുന്നതാണ്. വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതുസൗകര്യങ്ങൾക്കുമായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ധനസഹായം നൽകുന്നതാണ്.

(സി) സംസ്ഥാന സർക്കാരിനുകീഴിലുള്ള വ്യവസായ പാർക്കുകളിൽ എത്ര പാർക്കുകളാണ് നിലവിൽ പൂർണ്ണമായ രീതിയിൽ പ്രവർത്തിക്കുന്നത്; എത്ര പാർക്കുകൾ അടഞ്ഞുകിടക്കുന്നുണ്ട്; വിശദാംശം നൽകാമോ?

നിലവിൽ വ്യവസായ വകുപ്പിനുകീഴിൽ 66 (വ്യവസായ വാണിജ്യ ഡയറക്ടേറേറ്റ്-36, കിൻഫ്ര-25, കെ.എസ്.ഐ.ഡി.സി.-5) വ്യവസായ പാർക്കുകൾ പൂർണ്ണമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള വ്യവസായ പാർക്കുകൾ ഒന്നുംതന്നെ അടഞ്ഞുകിടക്കുന്നില്ല.

(ഡി) സംസ്ഥാന സർക്കാരിനുകീഴിലുള്ള എല്ലാ വ്യവസായ പാർക്കുകളിലുമായി എത്ര വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇവയ്ക്ക് പ്രതിവർഷം സർക്കാർ എന്തെല്ലാം തരത്തിലുള്ള സഹായങ്ങൾ നൽകിവരുന്നുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിനുകീഴിലുള്ള എല്ലാ വ്യവസായ പാർക്കുകളിലുമായി 3685 വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇ.എസ്.എസ്., പി.എം.ഇ.ജി.പി. തുടങ്ങിയ പദ്ധതികൾപ്രകാരമുള്ള ധനസഹായങ്ങൾ വ്യവസായ പാർക്കുകളിലെ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നുണ്ട്. വ്യവസായ സംരംഭങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി നടത്തിക്കൊടുക്കുന്നുണ്ട്. വ്യവസായ ഭൂമിയുടെ ലീസ് ഡീഡ് ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവയിലും ഇളവ് നൽകുന്നുണ്ട്. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ ഉൾപ്പെടെയുള്ള ആശ്വാസ നടപടികളും സംരംഭങ്ങൾക്ക് നൽകിയിട്ടുണ്ട്.

### എല്ലാ മണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ

202 (594) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ മണ്ഡലങ്ങളിലും വനിതകൾക്കും യുവാക്കൾക്കും പ്രത്യേകം വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

നിലവിൽ ഇക്കാര്യം പരിഗണനയിലില്ല. എന്നാൽ ഇത്തരത്തിലുള്ള അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് വിവിധതലങ്ങളിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**കാഞ്ഞങ്ങാട് വ്യവസായ പാർക്ക്**

203 (595) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് പറയാമോ; പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർക്ക് സ്ഥാപിക്കാനുള്ള സ്ഥലം കൈമാറ്റ നടപടികൾ പൂർത്തീകരിച്ചോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ മടിക്കൈ, പുതുക്കൈ വില്ലേജുകളിൽപ്പെട്ട 99.98 ഏക്കർ സ്ഥലത്ത് കാർഷികാധിഷ്ഠിത വ്യവസായ

പാർക്ക് സ്ഥാപിക്കുന്നതിനായി വ്യവസായ വകുപ്പിന് മുൻകൂർ കൈവശാവകാശമായി ലഭിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറിക്കിട്ടുന്നതിനായി, റവന്യൂ വകുപ്പ് ടി വിഷയം പരിശോധിച്ചുവരികയാണ്. എന്നാൽ ടി സ്ഥലത്ത് ചുറ്റുമതിൽ സ്ഥാപിക്കുന്നതിനായി 4.9 കോടി രൂപ ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷന് കൈമാറിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

**വനിതാ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ**

204 (596) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, വനിതാ സഹകരണ സംഘങ്ങൾ തുടങ്ങിയവയുമായി സഹകരിച്ച് സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും വനിതാ സംരംഭകർക്ക് മാത്രമായി വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് പദ്ധതികളുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പദ്ധതി ആവിഷ്കരിക്കുമോ;

(ബി) ഇത്തരം വനിതാ വ്യവസായ പാർക്കുകളിൽ കെട്ടിടമടക്കമുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും അവ വനിതാ സംരംഭകർക്ക് പ്രതിമാസ വാടകയ്ക്ക് ലഭ്യമാക്കുന്നതിനുംവേണ്ടി വ്യവസായ വകുപ്പിനുകീഴിൽ ലാൻഡ് ഡെവലപ്മെന്റ് സഹകരണ സംഘമോ സഹകരണ കൺസോർഷ്യമോ രൂപീകരിക്കുന്നതിന് സന്നദ്ധമാകുമോ; അറിയിക്കാമോ;

(സി) സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുന്നതിൽ ജില്ലകളിൽ ഒന്ന് വനിതാ വ്യവസായ പാർക്കുകളാകണമെന്ന നിബന്ധനയ്ക്ക് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) നിലവിൽ പദ്ധതികളില്ല. ഇത്തരത്തിലുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വിവിധതലങ്ങളിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ കേരളത്തിലെ വ്യവസായ മേഖലയുടെ മുഖ്യധാരയിലേയ്ക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായസംരംഭങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ 'വി മിഷൻ'. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും നെറ്റ്‌വർക്കിംഗ് മീറ്റിംഗുകളും വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്താൻ സഹായിക്കുന്നതിനും സംരംഭകരെ

തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് 'വി മിഷൻ' വഴി കെ.എസ്.ഐ.ഡി.സി. ചെയ്തുവരുന്നത്. പ്രസ്തുത പദ്ധതിയിൽ 25 ലക്ഷം രൂപ വരെ സംരംഭകർക്ക് വായ്പ നൽകിവരുന്നു. കൂടാതെ വനിതാ സംരംഭകർക്കായി അങ്കമാലിയിൽ ഒരു വ്യവസായ സമുച്ചയവും പ്രവർത്തിക്കുന്നുണ്ട്. അപ്പാരൽ മേഖലയിലെ export oriented ആയിട്ടുള്ള വനിതാ സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ അങ്കമാലിയിൽ ഇൻകെൽ ബിസിനസ് ടവറിൽ ഒരു വുമൺ അപ്പാരൽ പാർക്ക് നടപ്പിലാക്കിയിട്ടുണ്ട്.

## കൊച്ചിയിലെ ഫാർമ പാർക്ക്

205 (597) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ പുതുതായി ആരംഭിക്കുന്ന ഫാർമ പാർക്കിന്റെ നിർമ്മാണപ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഫാർമ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നറിയിക്കാമോ?

(എ-സി) കൊച്ചിയിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കിൽ ഫാർമ മേഖലയ്ക്കുവേണ്ടി 80 ഏക്കർ സ്ഥലമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഫാർമ അധിഷ്ഠിത സംരംഭകർ മുതൽമുടക്കാൻ തയ്യാറാകുന്നപക്ഷം ഈ മേഖലയിലാണ് ഭൂമി അനുവദിച്ചുനൽകുന്നത്. നിലവിൽ പെട്രോ കെമിക്കൽ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 202 കോടി രൂപ ചെലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഈ സൗകര്യങ്ങൾ ഫാർമ മേഖലയിലുള്ള വ്യവസായ സംരംഭകർക്കുതകുന്ന രീതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

പെട്രോകെമിക്കൽ പാർക്കിൽ അടിസ്ഥാന സൗകര്യ വികസന നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി സമയം ജൂലൈ 2024 ആണ്. എങ്കിലും ഫാർമ സോണിന്റെ ഭാഗികമായ പ്രവർത്തനം ജൂലൈ 2023-ഓടുകൂടി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുടർന്നുള്ള വികസനപ്രവർത്തനങ്ങൾ സംരംഭകരുടെ ആവശ്യാനുസരണം പൂർത്തീകരിക്കാനാകുമെന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്.

## കെ.എസ്.ഐ.ഡി.സി.-യുടെ പ്രവർത്തനങ്ങൾ

206 (598) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഐ.ഡി.സി.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പ്രൊഫഷണൽ സമീപനത്തിലൂടെ വ്യവസായ രംഗത്ത് ഇടപെടുന്നതിന് കെ.എസ്.ഐ.ഡി.സി.-യെ മാറ്റുന്നതിനുള്ള പരിഷ്കരണ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഐ.ഡി.സി. മുഖേന നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ്-19 രണ്ടാം വരവിനെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രതാ പാക്കേജിന്റെ രണ്ടാം

പതിപ്പായി കോവിഡ് 19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ച് വർഷംകൊണ്ട് പലിശരഹിത അടവോടുംകൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്കാവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി. ഇതുകൂടാതെ സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കാനും ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും കെ.എസ്.ഐ.ഡി.സി. പ്രത്യേക സഹായ പദ്ധതിയായ ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീമും നടത്തിവരുന്നു.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

കൂടാതെ പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി.-യും നോർക്കയും ചേർന്ന് അവതരിപ്പിച്ച പദ്ധതിയായിരുന്ന 'പ്രവാസി ഭദ്രതാ മെഗാ പദ്ധതി'. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖാന്തരം പ്രവാസികൾക്ക് അനുവദിച്ചിരുന്ന വായ്പ 25 ലക്ഷം മുതൽ രണ്ട് കോടി രൂപ വരെയാണ്.

പങ്കാളിത്ത സൗഹൃദ ടൂറിസം പദ്ധതി 'കാരവൻ കേരള'-യ്ക്ക് കരുത്തേകാൻ ടൂറിസ്റ്റ് കാരവനുകൾ വാങ്ങുന്നതിനും കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപവരെ വായ്പ നൽകുന്നു. ഒരു കാരവൻ വാങ്ങുന്നതിനായി 50 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ (ചെലവിന്റെ 70%) നൽകുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് വ്യവസായരംഗത്തേയ്ക്ക് സംരംഭകരെ ആകർഷിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള ഇൻഡസ്ട്രിയൽ പാർക്കിലെയോ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിലെയോ ഭൂമി പാട്ടത്തിന് ഏറ്റെടുത്താൽ ലീസ് പ്രീമിയം അടയ്ക്കുന്നതിന് 5 വർഷത്തെ സാവകാശം കൊടുക്കുന്ന

സ്കീം നിലവിൽ വരുത്തിയത്. കൂടാതെ, കെ.എസ്.ഐ.ഡി.സി.-യുടെ തോന്നയ്ക്കലുള്ള ലൈഫ് സയൻസ് പാർക്കിൽ Vaccine Fill Finish Unit സ്ഥാപിക്കുന്ന ആങ്കർ യൂണിറ്റുകൾക്ക് (ആങ്കർ ഇൻഡസ്ട്രീസ്), 10-09-2021-ലെ G.O.(Ms)No.33/2021/S&TD സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ പാക്കേജ് നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

(ബി) കൊച്ചിയിലെ ഇലക്ട്രോണിക്സ് പാർക്കിലും അങ്കമാലിയിലെ ബിസിനസ് പാർക്കിലും എന്തെല്ലാം നൂതനമായ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

എറണാകുളം ആമ്പല്ലൂർ താലൂക്കിലെ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കിനായി കണ്ടെത്തിയ ഭൂമി പ്രസ്തുത പദ്ധതിക്ക് അനുയോജ്യമല്ലെന്ന് എക്സ്പെർട്ട് കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ലഭിക്കുകയുണ്ടായി. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ ആമ്പല്ലൂർ ഹാർഡ്‌വെയർ പാർക്കിനായി ഏറ്റെടുത്തിരിക്കുന്ന സ്ഥലത്ത് തീരദേശ പരിപാലന നിയമത്തിന്റെയും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെയും നിബന്ധനകൾക്ക് വിധേയമായി പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് ഫിഷറീസ് വകുപ്പിനുകീഴിലുള്ള ADAK എന്ന ഏജൻസിയുമായി ചർച്ച ചെയ്തുവരികയാണ്.

അങ്കമാലി ബിസിനസ്സ് പാർക്കിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന മീറ്റ് ദ ഇൻവെസ്റ്റർ പരിപാടിയിൽ രണ്ടു ബൃഹത് നിക്ഷേപ പദ്ധതികളുടെ നിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായി. ഇതിനു തുടർച്ചയായി 4.60 ഏക്കർ ഭൂമിയിൽ ഒരു മെഗാ ഡയറി പദ്ധതിയും ലോജിസ്റ്റിക്സ് യൂണിറ്റും തുടങ്ങാനായി മുരല്യ ഡയറി പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡിന് സ്ഥലം അനുവദിച്ചു. പദ്ധതി അടങ്കൽ 70 കോടി രൂപയാണ്. പദ്ധതി പൂർത്തീകരിക്കുന്നതിലൂടെ ഏകദേശം 265 പ്രത്യക്ഷ തൊഴിലവസരങ്ങളും 5000 പരോക്ഷ തൊഴിലവസരങ്ങളും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അങ്കമാലി ബിസിനസ്സ് പാർക്കിൽ ശേഷിക്കുന്ന 4.80 ഏക്കർ ഭൂമിയിൽ ഹോട്ട് പാക്ക് ഇൻഡസ്ട്രീസിനുകീഴിലുള്ള സഹകമ്പനിയായ എച്ച് പാക്ക് ഇൻഡസ്ട്രീസിന് ഫുഡ് പാക്കേജിംഗ് ഇൻഡസ്ട്രി തുടങ്ങുന്നതിന് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(സി) കോഴിക്കോട് പ്രവർത്തിക്കുന്ന കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്കിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; ഇവിടെ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പാർക്കിന്റെ വികസനപ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15-02-2022-ന് ചേർന്നിരുന്നു. പ്രദേശത്തിന്റെ വ്യാവസായിക ആവശ്യകത കണക്കിലെടുത്ത് ഏതൊക്കെ വ്യവസായങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ഭൂമി വികസിപ്പിക്കാമെന്നുള്ള പഠനം നടത്താനും അതിന്റെ അടിസ്ഥാനത്തിൽ വികസനപ്രവർത്തനങ്ങൾ ആരംഭിക്കാനും യോഗത്തിലെടുത്ത തീരുമാനപ്രകാരം കെ.എസ്.ഐ.ഡി.സി. ഭൂമി വികസിപ്പിക്കുന്നതിനെപ്പറ്റിയുള്ള പഠനം നടത്താൻ കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. കിറ്റ്കോ ഭൂമി വിനിയോഗത്തെപ്പറ്റിയുള്ള പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പാഴ്മരങ്ങൾ വെട്ടിത്തെളിച്ച് സർവ്വേ നടത്തി പാർക്കിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്.

**ഗ്വാളിയാർ റയോൺസ് ഭൂമിയിൽ പുതിയ വ്യവസായ സംരംഭം**

207 (599) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിൽ ഗ്വാളിയാർ റയോൺസ്

ഭൂമിയിൽ പുതിയ വ്യവസായ സംരംഭം ആരംഭിക്കുന്നതുസംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; എങ്കിൽ ആയത് തീർപ്പാക്കുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ?

(എ&ബി) വ്യവസായ വകുപ്പിന്റെ 10-10-2017-ലെ സർക്കാർ ഉത്തരവ് നം.(എം.എസ്.)97/2017/ഐ.ഡി. പ്രകാരം മാവൂർ ഗ്വാളിയാർ റയോൺസിന്റെ കൈവശത്തിലുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിനായി കിൻഫ്രയെ അനുവദിക്കുന്നതിനുമാണ് സർക്കാർ ഉത്തരവായിരുന്നത്. എന്നാൽ ടി സർക്കാർ ഉത്തരവിനെതിരെ മാവൂർ ഗ്വാളിയാർ റയോൺസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C)No.33103/2017 ആയി റിട്ട് ഹർജി സമർപ്പിക്കുകയും പ്രസ്തുത ഹർജിയിൽ സ.ഉ.(എം.എസ്) നം.97/2017/വ്യവ സർക്കാർ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചതിനാൽ ഭൂമി തിരികെ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. നിലവിൽ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനായി 09-02-2022, 08-03-2022, 30-03-2022 തീയതികളിൽ അഡ്വക്കേറ്റ് ജനറലിന് കത്തുകളും അർദ്ധ ഔദ്യോഗിക കത്തുകളും കോഴിക്കോട് ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. 17-05-2022-ന് കോഴിക്കോട് ജില്ലാ നിയമ ഓഫീസർ അറ്റോർണി ജനറലുമായി നേരിട്ട് കൂടിക്കാഴ്ച നടത്തി കേസ് തീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടതനുസരിച്ചുള്ള തുടർനടപടികൾ സ്റ്റേറ്റ് അറ്റോർണി ജനറൽ സ്വീകരിച്ചുവരുന്നു.

**അളഗപ്പ ടെക്സ്റ്റൈൽ ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നതിന് നടപടി**

208 (600) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് പ്രവർത്തനം നിർത്തിവച്ച പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈൽ ഫാക്ടറി നാളിതുവരെ തുറന്ന് പ്രവർത്തിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കോവിഡ് പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ അടച്ചുപൂട്ടിയ എൻ.ടി.സി. മില്ലുകൾ തുറന്നുപ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വ്യവസായ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പുമന്ത്രിക്ക് 09-08-2021-ൽ കത്ത് അയയ്ക്കുകയും കൈത്തറി മേഖലയിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ആവശ്യങ്ങളും സാഹചര്യവും വ്യക്തമാക്കി 17-11-2021-ൽ മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു.

(സി) സർക്കാർ ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറിയ പ്രസ്തുത സ്ഥലത്ത് യാതൊരുവിധ പ്രവർത്തനങ്ങളും നടക്കാത്ത സാഹചര്യത്തിൽ ഭൂമി തിരിച്ചുപിടിക്കുന്നതിനും കിൻഫ്ര പാർക്ക് ഉൾപ്പെടെയുള്ള വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ദേശസാൽക്കരണത്തിനുശേഷം അളഗപ്പ ടെക്സ്റ്റൈൽസും കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലായതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**പുതിയ സംരംഭകർക്ക് പ്രോത്സാഹനവും അറിവും നൽകുന്ന പദ്ധതികൾ**

209 (601) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സംരംഭകർക്ക് പ്രോത്സാഹനവും അറിവും നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രമാക്കി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ?

പുതിയ സംരംഭകർക്ക് പ്രോത്സാഹനവും അറിവും നൽകുന്നതിനായി 2022-23 സാമ്പത്തികവർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പാക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും ലോൺ/ലൈസൻസുകൾ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ഒരു തദ്ദേശ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്.

സംരംഭക വർഷവുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തികവർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവിധ വകുപ്പുകളുടെ സംയോജനത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ലൈസൻസുകൾ, സാങ്കേതികവിദ്യ, വിവിധ വകുപ്പുകളുടെ സഹായ പദ്ധതികൾ, സംരംഭക സാധ്യതയുള്ള മേഖലകൾ, വിജയിച്ച സംരംഭങ്ങളുമായുള്ള സംവാദം തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടാണ് പഞ്ചായത്തുതല ക്യാമ്പയിൻ നടത്തുന്നത്.

പൊതുബോധവൽക്കരണ പരിപാടിയിൽ പങ്കെടുത്തവരിൽനിന്നും സംരംഭം തുടങ്ങാൻ മുന്നോട്ടുവരുന്നവർക്ക് മേയ് മാസത്തിൽ നടത്തുന്ന ലോൺ/ലൈസൻസ് മേളകളിലൂടെ കെ-സ്വിഫ്റ്റ് മുഖേനയുള്ള ലൈസൻസുകളും ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും ലോൺ, വിവിധ സർക്കാർ വകുപ്പുകളിൽനിന്നുള്ള സബ്സിഡികൾ എന്നിവ ലഭ്യമാക്കുന്നതിനും ആവശ്യമായ സേവനങ്ങൾ നൽകുന്നതാണ്.

(ബി) ഇത്തരം പദ്ധതിയിലൂടെ ഒരു വർഷം പുതിയ എത്ര സംരംഭങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്?

ഈ പദ്ധതിയിലൂടെ 2022-23 സാമ്പത്തിക വർഷത്തിൽ ഉൽപ്പാദന-

സേവന-വാണിജ്യ മേഖലകളിലായി ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യംവയ്ക്കുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായങ്ങൾ**

210 (602) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലും ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലും നിലവിലുള്ള എം.ഡി./സി.ഇ.ഒ./സെക്രട്ടറി എന്നിവരുടെ വിദ്യാഭ്യാസ യോഗ്യതകൾ, പ്രായം, ഇവർക്ക് 2022 മേയ് മാസം നൽകിയ ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ അറ്റലാഭം/അറ്റനഷ്ടം എന്നിവ വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ സാമ്പത്തിക സഹായം എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ?

(എ - സി) വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള സർക്കാർ ഏറ്റെടുത്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

211 (603) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രസർക്കാർ വിൽപ്പനയ്ക്ക് വച്ചിരുന്നതോ ഉപേക്ഷിക്കപ്പെട്ടിരുന്നതോ ആയ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായിരുന്ന ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർകോഡ്; ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, വെള്ളൂർ എന്നിവ ഏറ്റെടുത്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്.

(ബി) ഇവ ഏറ്റെടുത്തതിലൂടെ എത്ര കോടി രൂപയാണ് സംസ്ഥാന സർക്കാരിന് ചെലവായിട്ടുള്ളത്?

ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിന്റെ കൈവശമുണ്ടായിരുന്ന 51% ഓഹരികൾക്ക് ഒരു രൂപ വിലയായി നൽകിക്കൊണ്ട്, കെൽ-ഇ.എം.എൽ. എന്ന് പുനഃനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ

അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റി.

ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിന്റെ സബ്സിഡിയറി സ്ഥാപനമായിരുന്ന വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ ഏറ്റെടുക്കുന്നതിനുവേണ്ടി National Company Law Tribunal, കൊച്ചി ബ്രാഞ്ചിന്റെ Corporate Insolvency Resolution Process പ്രകാരം സംസ്ഥാന സർക്കാരിനുവേണ്ടി കിൻഫ്ര സമർപ്പിച്ച 271.50 കോടി രൂപയുടെ Resolution Plan അനുസരിച്ച് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റിന്റെ മുഴുവൻ ഓഹരികളും കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ട്.

(സി) ഇനി ഏതെങ്കിലും സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പാലക്കാട് ജില്ലയിലെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. കേന്ദ്രസർക്കാർ വിറ്റൊഴിയുന്നതിന് തീരുമാനിച്ചിട്ടുള്ള എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടെണ്ടർ നടപടികളിൽ പങ്കെടുക്കാനും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനുമായി കേരള സർക്കാർ KSIDC-യെ

ച്ചമതലപ്പെടുത്തിയിരുന്നു. തുടർന്ന് KSIDC, കേന്ദ്രസർക്കാർ നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽത്തന്നെ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട EOI സമർപ്പിച്ചിരുന്നു. എന്നാൽ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രക്രിയയുടെ അടുത്തഘട്ടത്തിലേയ്ക്ക് കേന്ദ്രസർക്കാർ ടി EOI ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്നില്ല.

അതേസമയം സർക്കാർ/സർക്കാർ സ്ഥാപനങ്ങളെ ടെണ്ടർ നടപടിയിൽ പങ്കെടുപ്പിക്കുന്നതിന് നിർവ്വാഹമില്ലെന്ന് കേന്ദ്രസർക്കാർ നിലപാടെടുത്തതിനെത്തുടർന്ന് KSIDC-ക്ക് ടെണ്ടർ നടപടിയിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല. തുടർന്ന് കേന്ദ്രസർക്കാരിന്റെ ടി നിലപാടിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

## അസെന്റ് 2020 ആഗോള നിക്ഷേപ സമ്മേളനം

212 (604) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/സർക്കാരിൻ കീഴിലുള്ള സ്ഥാപനങ്ങൾ അസെന്റ് 2020 ആഗോള നിക്ഷേപ സമ്മേളനത്തിൽ എത്ര കോടി രൂപയുടെ ധാരണാപത്രമാണ് ഒപ്പുവച്ചത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അസെന്റ് 2020 ആഗോള നിക്ഷേപ സമ്മേളനത്തിൽ സർക്കാർ/ സർക്കാരിനുകീഴിലുള്ള സ്ഥാപനങ്ങൾ 165 പദ്ധതികളിലായി ആകെ 35332.33 കോടി രൂപയുടെ ധാരണാപത്രങ്ങൾ/താൽപ്പര്യപത്രങ്ങളാണ് ഒപ്പുവച്ചിരുന്നത്. ഇതിൽ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് 151 പദ്ധതികളിലായി 33301.94 കോടി രൂപയുടെയും കിൻഫ്രയുമായി ബന്ധപ്പെട്ട് 14 പദ്ധതികളിലായി 2030.39 കോടി രൂപയുടെയും ധാരണാപത്രങ്ങൾ/താൽപ്പര്യപത്രങ്ങളാണ് ഒപ്പുവച്ചത്.

(ബി) ധാരണാപത്രം ഒപ്പുവച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കെ.എസ്.ഐ.ഡി.സി.-യുമായി ധാരണാപത്രം/താൽപ്പര്യപത്രം ഒപ്പുവച്ച പദ്ധതികളിൽ 31 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. 53 എണ്ണം നടപ്പിലാക്കിവരുന്നു. 37 എണ്ണം വിവിധ കാരണങ്ങളാൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു. 30 എണ്ണം വിവിധ കാരണങ്ങളാൽ ഉപേക്ഷിച്ചു. കിൻഫ്രയുമായി ധാരണാപത്രം/താൽപ്പര്യപത്രം ഒപ്പുവച്ച പദ്ധതികളിൽ 6 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) സർക്കാർ/സർക്കാർ അനുബന്ധ സ്ഥാപനങ്ങൾ എത്ര തുകയാണ്

അസെന്റ് 2020 നടത്തിപ്പിനായി ചെലവഴിച്ചത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അസെന്റ് 2020 നടത്തിപ്പിനായി 3,09,32,529/- രൂപ. ചെലവഴിച്ചിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ**

213 (605) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിന് വ്യവസായ വകുപ്പിന് എന്ത് പദ്ധതിയാണുള്ളത്; വിശദമാക്കാമോ?

സർക്കാർ 2022-23 സംരംഭകത്വ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം എന്ന പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിലെ പ്രത്യേക പദ്ധതികളുടെ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിക്കായി 1140 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയുടെ കരട് മാർഗ്ഗരേഖ വകുപ്പുതല വർക്കിംഗ് കമ്മിറ്റി പരിശോധിച്ചുവരുന്നു. ടി പദ്ധതിപ്രകാരം നിലവിലുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ആയതിന്റെ സ്കെയിൽ അപ്പിനായി പിന്തുണ നൽകുകയെന്നുള്ളതാണ് ലക്ഷ്യമിടുന്നത്. നിക്ഷേപത്തിന്റെയോ വിറ്റുവരവിന്റെയോ അടിസ്ഥാനത്തിൽ സ്കെയിൽ ഉയർത്താൻ ഉദ്ദേശിക്കുന്ന ഏതൊരു നിർമ്മാണ/സേവന വ്യവസായത്തിനും ഈ പദ്ധതിപ്രകാരം സഹായം ലഭിക്കുന്നതാണ്.

(ബി) നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിന് വ്യവസായവകുപ്പ് എന്ത് സഹായം നൽകിവരുന്നു; വിശദമാക്കാമോ?

നിലവിലുള്ള എം.എസ്.എം.ഇ.-കളുടെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനായി ഒരു പുതിയ പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിലെ പ്രത്യേക പദ്ധതികളുടെ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിക്കായി 230 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കരട് മാർഗ്ഗരേഖ വകുപ്പുതല വർക്കിംഗ് കമ്മിറ്റി പരിശോധിച്ചുവരുന്നു. കയറ്റുമതിക്ക് ആവശ്യമായ പശ്ചാത്തല വികസനത്തിനും വിവിധ ദേശീയ അന്തർദ്ദേശീയ

പ്രദർശന മേളകളിൽ പങ്കെടുക്കുന്നതിനും ഉപഭോക്താക്കൾക്ക് സാമ്പിളുകൾ എത്തിച്ച് നൽകുന്നതിനും വിവിധ സർട്ടിഫിക്കേഷനുകൾ എടുക്കുന്നതിനും സഹായം നൽകുന്നതിനും വിഭാവനം ചെയ്യുന്നു.

(സി) സ്വകാര്യ വ്യവസായ പാർക്കുകൾ കേരളത്തിൽ എവിടെയെല്ലാമുണ്ട്; ജില്ല തിരിച്ച് വിശദവിവരം നൽകാമോ?

നിലവിൽ സ്വകാര്യ വ്യവസായ പാർക്കുകൾ ഇല്ല. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി-2022, 02-04-2022-ലെ G.O.(Ms)No.31/2022/ID സർക്കാർ ഉത്തരവുപ്രകാരം നിലവിൽ വന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇവയുടെ പ്രോത്സാഹനത്തിനായി വ്യവസായിക വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിൽ ഡെവലപ്പർക്ക് സൗകര്യമൊരുക്കാൻ സർക്കാർ ധനസഹായം നൽകുന്നു. വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ഇ.ടി.പി./സി.ഇ.ടി.പി. തുടങ്ങിയ അടിസ്ഥാന

സൗകര്യങ്ങളും ലബോറട്ടറി ടെസ്റ്റിംഗ് സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതുസൗകര്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപവരെ സർക്കാർ ധനസഹായം നൽകുന്നതാണ്. കൂടാതെ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്മെന്റ് റൂൾസ് 2019 എന്നിവയിൽ വിഭാവനം ചെയ്യുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

**വ്യവസായ-വാണിജ്യ മേഖലയിൽ കേരളത്തിന്റെ മുന്നേറ്റം**

214 (606) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ?

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ

വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി നൽകുന്നത് കൂടാതെ വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുന്നതുവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുകയുമാണ്.

വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.

1. എം.എസ്.എം.ഇ. ക്ലിനിക്ക്

2. എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്റർ

3. സംരംഭക വർഷവുമായി ബന്ധപ്പെട്ട പദ്ധതികൾ

4. തദ്ദേശ സ്ഥാപനങ്ങളിൽ ബോധവൽക്കരണ പരിപാടി

5. ലോൺ/ലൈസൻസ് മേളകൾ

6. കാൾസെന്റർ

കൂടാതെ, 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് ആക്ട് 2021-ലെ ഭേദഗതിപ്രകാരം ജില്ലാ സംസ്ഥാനതലങ്ങളിൽ പരാതിപരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022-23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 2022 സംരംഭക വർഷമായി പ്രഖ്യാപിച്ചതുവഴി വ്യവസായ മേഖലയിൽ എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2022-23 'സംരംഭക വർഷ'മായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിടുകയാണ്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താൽപ്പര്യമുള്ള ആളുകൾക്ക്

2022 മേയ് മാസത്തിൽ പൊതുബോധവൽക്കരണം നടത്തിയും തുടർന്ന് താല്പര്യപ്പെട്ടുവന്ന ആളുകൾക്ക് ജൂൺ മാസത്തിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിയും സംരംഭങ്ങൾക്കാവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ക്യാമ്പയിനുകൾ വഴി സ്വീകരിച്ചുവരുന്നു. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനുംവേണ്ടി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്റേണിനെ നിയമിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താൽപ്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേയ്ക്ക് നയിക്കാനും ഇന്റേണുകളുടെ നേതൃത്വത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു.

വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി 4% പലിശക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്കുവേണ്ട മാർക്കറ്റിംഗ് സഹായം ലഭ്യമാക്കാനും വ്യവസായ

വകുപ്പ് ഉദ്ദേശിക്കുന്നു.

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾ നടത്തുക, ലോൺ/ലൈസൻസുകൾ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വമായിരിക്കും. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യമുണ്ടായിരിക്കുന്നതാണ്.

കൂടാതെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022-23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ വിപുലമായ ഒരു പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ താഴെപ്പറയുന്ന 7 പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മസംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം.

2. നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.

3. സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രോത്സാഹനം.

4. ഒരു കുടുംബം ഒരു സംരംഭം പദ്ധതി.

5. എം.എസ്.എം.ഇ.-കളുടെ പ്രാദേശിക വിപണികൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ.

6. മാനുഫാക്ച്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തനങ്ങൾക്കായുള്ള സഹായം.

7. ക്ലസ്റ്റർ വികസന പരിപാടി.

ടി പദ്ധതികളുടെ മാർഗ്ഗരേഖ വകുപ്പുതല വർക്കിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

(സി) സംരംഭകർക്ക് ആവശ്യമായ എന്തൊക്കെ സഹായങ്ങളാണ് വ്യവസായ-വാണിജ്യ വകുപ്പുകൾ നിലവിൽ ചെയ്തുവരുന്നത്?

സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനും സംശയനിവാരണത്തിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ വിദഗ്ധരെ എം പാനൽ ചെയ്ത്

എം.എസ്.എം.ഇ. ക്ലിനിക്ക് രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം സംരംഭകർക്ക് സൗജന്യമായി വിദഗ്ധരുമായി ചർച്ച ചെയ്ത് സംശയനിവാരണത്തിനുള്ള അവസരം ലഭിക്കുന്നതാണ്. താലൂക്ക് വ്യവസായ ഓഫീസുകളെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ സജ്ജമായ എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്ററുകളാക്കുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ യോഗ്യതയുള്ള ഓരോ റിസോഴ്സ് പേഴ്സണെ വീതം തെരഞ്ഞെടുത്ത് മതിയായ പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾ നടത്തുക, ലോൺ/ലൈസൻസുകൾ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വമായിരിക്കും. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യമുണ്ടായിരിക്കുന്നതാണ്.

കൂടാതെ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന

ധനസഹായ പദ്ധതികളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിവരുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി (ESS)

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി

4. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

5. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

6. സൂക്ഷ്മ-ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

(ഡി) വ്യവസായ-വാണിജ്യ മേഖലയിൽ ദേശീയതലത്തിൽ കേരളത്തിന് എത്രമാത്രം മുന്നേറ്റം ഇതുവരെ സാധ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കിൻഫ്രയുടെ 5 പാർക്കുകളായ കളമശ്ശേരി ഹൈടെക് പാർക്ക്, കഴക്കൂട്ടം ഫിലിം ആൻഡ് വീഡിയോ പാർക്ക്, പാലക്കാട് മെഗാ ഫുഡ് പാർക്ക്, എറണാകുളം ഇൻഡസ്ട്രീസ് പാർക്ക്, കഞ്ചിക്കോട് ടെക്സ്റ്റൈൽ പാർക്ക് എന്നീ പാർക്കുകൾക്ക് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ അടിസ്ഥാന സൗകര്യ സൂചികയിൽ മികച്ച റേറ്റിംഗ് ലഭിച്ചിട്ടുണ്ട്.

## വ്യവസായ മേഖലയുടെ പുരോഗതിക്കായി തയ്യാറാക്കിയ പദ്ധതികൾ

215 (607) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ മേഖലയുടെ പുരോഗതിക്കായി തയ്യാറാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സനെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു.

കൂടാതെ, 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം

സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിടുകയാണ്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണം നടത്താനും തുടർന്ന് താല്പര്യപ്പെട്ടുവരുന്ന ആളുകൾക്ക് ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നതാണ് ക്യാമ്പയിനുകൾ വഴി ലക്ഷ്യമിടുന്നത്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനുംവേണ്ടി 1153 ഇന്റേണുകളെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേണുകളുടെ നേതൃത്വത്തിൽ ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേയ്ക്ക് നയിക്കാനുംവേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാണ് ഈ പദ്ധതിവഴി ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ

നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി 4% പലിശയ്ക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്കുവേണ്ട മാർക്കറ്റിംഗ് സഹായം ലഭ്യമാക്കാനും അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്നു.

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2021-ലെ 137 നമ്പർ ഓർഡിനൻസ് പ്രകാരം 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് ആക്ട്, 1999 (2000-ലെ നിയമം 5)-ന്റെ ഭേദഗതിവഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതിപരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 5 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 5 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ

കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

കൂടാതെ സംരംഭകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവരുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനുമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ കാൾ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 2022-23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന 7 പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം.

2. നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.

3. സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രോത്സാഹനം.

4. ഒരു കുടുംബം ഒരു സംരംഭം പദ്ധതി.

5. എം.എസ്.എം.ഇ.-കളുടെ പ്രാദേശിക വിപണികൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ.

6. മാനുഫാക്ച്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായം.

7. സംസ്ഥാന സഹായത്തോടെയുള്ള ക്ലസ്റ്റർ വികസന പരിപാടി.

കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ 2021-ൽ രൂപീകരിച്ചിരുന്നു.

ടി പാക്കേജിലൂടെ,

1. വ്യവസായഭദ്രത പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കി.

2. നിലവിലെ സംരംഭക സഹായ പദ്ധതി (ESS) മാർഗ്ഗരേഖ പരിഷ്കരിച്ച് സബ്സിഡി തുക വർദ്ധിപ്പിച്ചു.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ

ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകളെക്കൂടി പദ്ധതിപ്രകാരം സഹായത്തിന് യോഗ്യരാക്കി.

4. നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതിയിൽ കൂടുതൽ ഇളവുകൾ കൊണ്ടുവന്നു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനമൂലധനം വായ്പയായും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു:

1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ - ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ. (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു

കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ്, അപ്ഫ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും മാത്രമല്ല ഒരു വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്.

2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ - നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ട് വർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിലായിരിക്കും വായ്പാലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75% (floating) പലിശ നിരക്കിൽ ടേം ലോണായാണ് ലഭ്യമാക്കുന്നത്. പ്രസ്തുത വായ്പയുടെ പ്രോസസ്സിംഗിനായി 25,000/- രൂപ മാത്രമാണ് ഫീസിനത്തിൽ ഈടാക്കാൻ ഉദ്ദേശിക്കുന്നത്. പങ്കാളിത്ത സൗഹൃദ ടൂറിസം പദ്ധതി 'കാരവൻ കേരള്'-യ്ക്ക് കരുത്തേകാൻ ടൂറിസ്റ്റ് കാരവനുകൾ വാങ്ങുന്നതിനും കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപവരെ വായ്പ നൽകുന്നു. ഒരു കാരവാൻ വാങ്ങിക്കുന്നതിനായി 50 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ (ചെലവിന്റെ 70%)

നൽകിവരുന്നു. പുതിയ വാഹനങ്ങൾക്ക് മാത്രമാണ് വായ്പ ലഭിക്കുക. 8.35 ശതമാനമാണ് പലിശ. ഒരു വർഷത്തെ മൊറട്ടോറിയം കാലാവധിക്കുശേഷം 84 മാസങ്ങൾക്കുള്ളിൽ തുക തിരിച്ചടക്കണം.

സംസ്ഥാനത്തെ വ്യവസായ മേഖലയുടെ പുരോഗതിക്കും വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും നിയമനിർമ്മാണങ്ങളും നിയമ പരിഷ്കരണങ്ങളുമുൾപ്പെടെയുള്ള ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കംകുറിച്ചിരുന്നു. 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. മേൽവിവരിച്ചപ്രകാരം അപേക്ഷയിന്മേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക

സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം കേന്ദ്രസർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനമനുസരിച്ച് 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ' നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്താനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനമൊരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടന്നുവരുന്നു.

വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ്

ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചത്.

സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒരു എക്സ്റ്റേണൽ കമ്മിറ്റി രൂപവത്ക്കരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച് പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ വിശദമായ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

വ്യവസായ വകുപ്പിനുകീഴിലെ മേജർ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:-

പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി

വ്യവസായ പാർക്ക്, മട്ടന്നൂർ - കണ്ണൂർ.

കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി

സ്പൈസസ് പാർക്ക് - ഇടുക്കി.

ലാൻഡ് ബാങ്ക് - കണ്ണൂർ.

(ബി) ഏതെല്ലാം പദ്ധതികൾക്ക് തുടക്കം കുറിച്ചുവെന്നും അവയുടെ പുരോഗതിയെന്താണെന്നും വിശദമാക്കുമോ?

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ബാങ്കിംഗ്, ജി.എസ്.ടി, നിയമം, അനുമതികളും ലൈസൻസുകളും, മാർക്കറ്റിംഗ്, ടെക്നോളജി, എക്സ്പോർട്ട്, DPR തയ്യാറാക്കൽ എന്നീ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തിയാണ് ജില്ലാതലത്തിലുള്ള പാനൽ രൂപീകരിച്ചിരിക്കുന്നത്. എം.എസ്.എം.ഇ. ക്ലിനിക്കിന്റെ പ്രവർത്തനം ഓൺലൈൻ ആക്കുന്നതിനായി ഒരു വെബ്സൈറ്റ് വികസിപ്പിച്ചുവരുന്നു.

താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. ഫെസിലിറ്റേഷൻ സെന്ററിന്റെ

കാര്യക്ഷമമായ പ്രവർത്തനത്തിന് സംസ്ഥാനത്തുള്ള 59 താലൂക്ക് വ്യവസായ ഓഫീസുകളിലും പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ്പേഴ്സണെ രണ്ടാഴ്ചത്തെ പ്രത്യേക പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. കൂടാതെ ഇവരുടെ ശേഷി വികസനത്തിന്റെ ഭാഗമായി വിവിധ അസൈൻമെന്റുകളും പരിശീലന പരിപാടികളും നടത്തിവരുന്നു. താലൂക്ക് ഫെസിലിറ്റേഷൻ സെന്ററുകളിൽ നിന്നുള്ള സേവനം സംരംഭകർക്ക് ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

'2022-23 സംരംഭകവർഷം' പദ്ധതിയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ ഇതുവരെ സംരംഭകവർഷം ഓൺലൈൻ പോർട്ടലിലെ കണക്കുകൾപ്രകാരം 21077 സംരംഭങ്ങൾ വഴി 47192 തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. 1503.85 കോടി രൂപയുടെ നിക്ഷേപവും ഇതുവഴി സംസ്ഥാനത്ത് വന്നുകഴിഞ്ഞു. 2022-23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി ഉൾപ്പെടുത്തിയ 45.6 കോടി രൂപയുടെ വിപുലമായ പാക്കേജിൽ ഉൾപ്പെട്ട 7 പുതിയ പദ്ധതികളുടെയും കരട് മാർഗ്ഗരേഖ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് പ്രഖ്യാപിച്ച COVID-19 സമാശ്വാസ പദ്ധതിയിലെ ഇളവുകളുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതി

മാർഗ്ഗരേഖകളിൽ ആവശ്യമായ ഭേദഗതി വരുത്തുകയും ആയതിന്റെ ആനുകൂല്യങ്ങൾ സംരംഭകരിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷം:-

1. വ്യവസായഭദ്രത പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan)-യിൽ ആകെ 795 സംരംഭകർക്കായി 1.6457 കോടി രൂപ പലിശ ഇളവ് ഇനത്തിൽ അനുവദിച്ചു.

2. സംരംഭക സഹായ പദ്ധതി (ESS) പ്രകാരം ആകെ 1357 സംരംഭകർക്കായി 70.9398 കോടി രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചു.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി പ്രകാരം ആകെ 355 സംരംഭകർക്കായി 10.8104 കോടി രൂപ മാർജിൻ മണി ഗ്രാന്റ് അനുവദിച്ചു. കിൻഫ്രയുടെ പദ്ധതികളിൽ പെട്രോ കെമിക്കൽ പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മട്ടന്നൂരിലെ വ്യവസായ പാർക്കിന്റെ രണ്ടാംഘട്ട വികസനം പുരോഗമിച്ചുവരുന്നു. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. സംസ്ഥാനത്ത് പുതിയ

അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിൽ 1054 ഏക്കർ ഭൂമി കണ്ടെത്തുകയും അവ ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കെ.എസ്.ഐ.ഡി.സി. കാസർഗോഡ് ആരംഭിക്കുന്ന വ്യവസായം**

216 (608) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള 1.99 ഏക്കർ സ്ഥലത്ത് പുതുതായി വ്യവസായം ആരംഭിക്കുന്നതിന് 2022-2023 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ;

(ബി) എങ്കിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്; ഈ തുക കെ.എസ്.ഐ.ഡി.സി.-ക്ക് അനുവദിച്ച് കിട്ടിയോയെന്ന് വ്യക്തമാക്കാമോ;

(സി) ഈ തുക ഉപയോഗിച്ച് ആരംഭിക്കുന്ന വ്യവസായം ഏതാണെന്നും ഇതുസംബന്ധിച്ച് ചർച്ചകളോ കൂടിയാലോചനകളോ നടന്നിട്ടുണ്ടോയെന്നും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

(എ-സി) കാസർഗോഡ് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള 1.99 ഏക്കർ സ്ഥലത്ത് പുതുതായി വ്യവസായം ആരംഭിക്കുന്നതിന് 2022-2023 വർഷത്തെ ബഡ്ജറ്റിൽ 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ചുറ്റുമതിൽ കെട്ടുന്നതിനായി 33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ടി ഭൂമിയിൽ ഒരു മാതൃകാ വ്യവസായ സമുച്ചയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭഘട്ട നടപടികൾ നടന്നുവരികയാണ്. കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രം, ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ്, മറ്റുസ്ഥാപനങ്ങൾ തുടങ്ങിയവരുമായി നടത്തിയ ചർച്ചയിൽ ഭക്ഷ്യ, കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും പാക്കിംഗും മറ്റ് വ്യവസായങ്ങൾ തുടങ്ങിയ സംരംഭങ്ങൾക്ക് സാധ്യതയുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ ഇതിനായി ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**പാലക്കാട്ടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കൽ**

217 (609) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാനം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടും ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ;

(ബി) ഈ സ്ഥാപനം സംസ്ഥാനത്തിന് കൈമാറുന്നതിന് എന്തെല്ലാം നിബന്ധന/ആവശ്യങ്ങളാണ് കേന്ദ്രം മുന്നോട്ടുവച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കുന്ന നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(എ-സി) 20-07-2018-ലെ G.O.(Ms).No.52/2018/ID സർക്കാർ ഉത്തരവുപ്രകാരം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ആസ്തി ബാധ്യതകൾ (31-03-2017-വരെയുള്ള) നിജപ്പെടുത്തി 53.02 കോടി രൂപയ്ക്ക് ഏറ്റെടുക്കുന്നതിന് സംയുക്തമായി തീരുമാനിച്ചിരുന്നു. എന്നാൽ 04-04-1966-ലെ G.O.(Rt). No.164/1966/ID പ്രകാരം കേരള സർക്കാർ സൗജന്യമായി ഏറ്റെടുത്ത്

നൽകിയ 123.12 ഏക്കർ സ്ഥലത്താണ് കമ്പനി സ്ഥിതി ചെയ്യുന്നത്. ഭൂമിയുടെ കരം അടച്ചുവരുന്നത് കമ്പനി ആയതിനാൽ ആ സ്ഥലത്തിന്റെ വിലകൂടി നൽകിയെങ്കിൽ മാത്രമേ കമ്പനി സംസ്ഥാന സർക്കാരിന് കൈമാറാൻ കഴിയുകയുള്ളൂ എന്ന കേന്ദ്രഗവൺമെന്റിന്റെ പുതുക്കിയ നിർദ്ദേശം കൈമാറ്റ നടപടികൾ വൈകുന്നതിന് കാരണമായിട്ടുണ്ട്. ഇത് പരിഹരിച്ച് ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള സത്വരശ്രമങ്ങൾ നടത്തിവരുന്നു. ഇതിന്മേൽ തീരുമാനമായാൽ സ്ഥലത്തിന്റെ വില കൂടാതെ കേരള സർക്കാരും കമ്പനി അധികൃതരുംകൂടി ചർച്ചചെയ്ത് സ്ഥാപനത്തിന്റെ ആസ്തിബാധ്യതകൾ ഏറ്റെടുത്ത് പ്രവർത്തനം തുടങ്ങുന്നതാണ്.

## കഞ്ചിക്കോട് വ്യവസായ മേഖലയിലെ റോഡ് നവീകരണം

218 (610) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വിപുലീകരണം ലക്ഷ്യമിട്ടുകൊണ്ട് വ്യവസായ മേഖലയിലെ റോഡുകളുടെ നവീകരണത്തിന് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏര്യ, പുതുശ്ശേരി ഡെവലപ്മെന്റ് ഏര്യ എന്നിവിടങ്ങളിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് പി.ഡബ്ല്യു.ഡി. മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കഞ്ചിക്കോട് ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏര്യയിലെ റോഡുകളുടെ പുനരുദ്ധാരണത്തിനായി 6.80 കോടി രൂപയുടെ എസ്റ്റിമേറ്റും പുതുശ്ശേരി ഡെവലപ്മെന്റ് ഏര്യയിലെ റോഡുകളുടെ പുനരുദ്ധാരണത്തിനായി 5.90 കോടി രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

### കെ.എം.എം.എൽ.-ൽ നിന്നും എൻ.ഒ.സി

219 (611) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി 16-ാം ഡിവിഷനിൽ കെ.എം.എം.എൽ. ഉടമസ്ഥതയിലുള്ള റോഡ് ടാർ ചെയ്യുന്നതിന് കെ.എം.എം.എൽ.-ൽനിന്നും എൻ.ഒ.സി. ആവശ്യപ്പെട്ടിരുന്ന വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കമ്പനിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തുകൂടി റോഡ് നിർമ്മിക്കുന്നതിന് അനുവാദം നൽകുന്ന കാര്യത്തിൽ സർക്കാരിൽനിന്നും അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) എത്രയുംവേഗം എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി & സി) ഇക്കാര്യത്തിലുള്ള കമ്പനിയുടെ ബോർഡ് തീരുമാനം സർക്കാരിലേയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

**ചെറുകിട സൂക്ഷ്മ വ്യവസായങ്ങൾക്ക് ലോൺ**

220 (612) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സാധ്യതകളുള്ള പൊന്നാനിയിൽ "Industrial Galo" സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പുരോഗതി എത്രത്തോളമായെന്ന് അറിയിക്കുമോ?

ചെറുകിട വ്യവസായ സാധ്യതകളുള്ള പൊന്നാനിയിൽ " Industrial Galo" സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പൊന്നാനി നഗരസഭയുടെ ഉടമസ്ഥതയിലുള്ള പൊന്നാനി നഗരസഭയിലെ 12-ാം വാർഡിൽ നെയ്തല്ലൂർ എന്ന സ്ഥലത്ത് 143/1,2, 146/1,2,3 എന്നീ സർവ്വേ നമ്പറുകളിലുള്ള 3.72 ഏക്കർ ഭൂമിയാണ് ഗാല നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ളത്. പൊന്നാനി എടപ്പാൾ മെയിൻ റോഡിൽ (ഐശ്വര്യ സിനിമ) നിന്നും 2.5 കിലോമീറ്റർ ദൂരത്താണ് പ്രസ്തുത സ്ഥലം സ്ഥിതി ചെയ്യുന്നത്. ഇതിൽ 300 മീറ്റർ റോഡിന് 3 മീറ്റർ വീതിയും ശേഷിക്കുന്ന അളവിന് 7 മീറ്റർ വീതിയും മാത്രമേയുള്ളൂ. ടി ഭൂമി സർക്കാർ രേഖപ്രകാരം വെറ്റ് ലാൻഡ് ഗണത്തിൽപ്പെട്ടതാണ്. മേൽന്യൂനതകൾ പരിഹരിക്കുന്നമുറയ്ക്ക് പദ്ധതിയുമായി മുന്നോട്ടുപോകുന്നതാണ്.

(ബി) ചെറുകിട സൂക്ഷ്മ വ്യവസായങ്ങൾക്ക് ലോൺ ലഭ്യമാകാൻ ഇപ്പോഴും പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ബാങ്കുകളുടെ സമീപനം നിഷേധാത്മകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

MSME മേഖലയിൽ വായ്പ അനുവദിക്കുന്നതിൽ ബാങ്കുകളുടെ സമീപനം പൊതുവിൽ നിഷേധാത്മകമാണെന്ന് വിലയിരുത്തിയിട്ടില്ല. എന്നാൽ വ്യവസായ പദ്ധതികൾക്ക് ബാങ്കിൽനിന്നും വായ്പ ലഭിക്കുന്നതിന് പ്രയാസം നേരിടുന്നതായി ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബ്ലോക്കുതല ബാങ്കേഴ്സ് സമിതിയിലും ജില്ലാതലത്തിൽ നിലവിലുള്ള വിവിധ സമിതികളിലും ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ വിവിധ സാമ്പത്തിക സഹായ പദ്ധതികളിൽ ഉൾപ്പെടുത്തി പരമാവധി കേസ്സുകളിലും ബാങ്കിൽനിന്നും ലോൺ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്.

**മാനന്തവാടിയിലെ ബാംബൂ കോർപ്പറേഷൻ സ്ഥാപനം**

221 (613) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ പ്രവർത്തിച്ചുവരുന്ന ബാംബൂ കോർപ്പറേഷന്റെ സ്ഥാപനത്തിൽ നിലവിൽ എത്ര ജീവനക്കാരാണുള്ളതെന്ന് വ്യക്തമാക്കാമോ?

ബാംബൂ കോർപ്പറേഷന്റെ ഹൈടെക് ബാംബൂ ഫ്ലോറിംഗ് ടൈൽ

ഫാക്ടറിയുടെ ഫീഡർ യൂണിറ്റായ മാനന്തവാടിയിൽ നിലവിൽ ഫീഡർ യൂണിറ്റ് ഇൻ-ചാർജ്ജായി ഒരു ജീവനക്കാരൻ മാത്രമാണുള്ളത്.

(ബി) താൽക്കാലികമായി ജോലി ചെയ്തുവന്നിരുന്ന 3 വർഷത്തിൽ കൂടുതലുള്ള എത്ര ജീവനക്കാരാണ് സ്ഥാപനത്തിലുള്ളത്?

ആറ് ജീവനക്കാർ.

(സി) നിലവിൽ ഏതെങ്കിലും താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇല്ല.

## ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് എന്ന സ്ഥാപനം തുറന്ന് പ്രവർത്തിക്കാൻ നടപടി

222 (614) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ വേളിയിലുള്ള ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് എന്ന സ്ഥാപനം അസംസ്കൃത വസ്തുക്കളുടെ ക്ഷാമത്താൽ പൂട്ടിപ്പോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തുറന്ന് പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും

നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിതലത്തിലും ലേബർ കമ്മീഷണർ മുഖേനയും നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇ.ഐ.സി.എൽ. തൊഴിലാളികളുടെ ലേ-ഓഫ് കോമ്പൻസേഷൻ 11-03-2022-ലെ G.O.(Rt)No.302/2022/LBR ഉത്തരവുപ്രകാരം കൊല്ലം ലേബർ കോടതിയിലേയ്ക്ക് റഫർ ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഇ.ഐ.സി.എൽ. വേളി, തോന്നയ്ക്കൽ ഫാക്ടറികളിലെ തൊഴിലാളികൾക്കുവേണ്ടി തൊഴിൽ വകുപ്പുമായി മാനേജ്മെന്റ് ഒപ്പുവച്ച് ത്രികക്ഷി കരാർ കാലാവധി കഴിഞ്ഞിട്ടും നടപ്പിലാക്കാത്ത മാനേജ്മെന്റിനെതിരെ ലേബർ കമ്മീഷണർ മുഖാന്തരം ഷോക്കോസ് നോട്ടീസ് നൽകുകയും Long term Settlement-ൽ പറഞ്ഞിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കണമെന്നും അല്ലെങ്കിൽ 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് സെക്ഷൻ 29 പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുമെന്നറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ നടപടികളും കൂടാതെ സെക്ഷൻ 33 സി (1) പ്രകാരം റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കൂടാതെ

1947-ലെ വ്യവസായത്തർക്ക നിയമത്തിലെ സെക്ഷൻ 33 (എ)-യുടെ ലംഘനം ചൂണ്ടിക്കാട്ടി വകുപ്പ് 33 (എ) പ്രകാരം ടി വിഷയം 13-06-2022-ലെ G.O.(Rt)No.655/2022/LBR സർക്കാർ ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട കൊല്ലം ലേബർ കോടതിയുടെ പരിഗണനയ്ക്കായി അയച്ചുനൽകിയിട്ടുണ്ട്.

**കോവിഡ് സമാശ്വാസ പദ്ധതിയിൽ ലോൺ നൽകാത്തത് പരിഹരിക്കാൻ നടപടി**

223 (615) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച കോവിഡ് സമാശ്വാസ പദ്ധതിപ്രകാരം അർഹതപ്പെട്ട പലർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചാലക്കുടിയിൽ മാഞ്ഞൂരാൻ ക്ലേ ഫാക്ടറി നടത്തുന്ന പോൾ മാഞ്ഞൂരാന് സി.എസ്.പി. പദ്ധതിപ്രകാരം 1.66 കോടി രൂപ ലഭിക്കാൻ അർഹതയുണ്ടെന്ന് അറിയിച്ചതിനുശേഷം സിബിൽ സ്കോർ പ്രശ്നം പറഞ്ഞ് നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുപരിഹരിക്കാൻ

എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള ലോണുകൾ 31-03-2021-നുമുമ്പ് സ്റ്റാൻഡേർഡ് കാറ്റഗറിയിൽ ആകണമെന്നുള്ള മാനദണ്ഡം സി.എസ്.പി. ലോണുകൾക്കുണ്ട്. എന്നാൽ ശ്രീ. പോൾ മാഞ്ഞൂരാൻ തനിക്ക് ലോണുകൾ ഒന്നുമില്ലെന്ന് ലോൺ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ തെറ്റിദ്ധരിപ്പിക്കുകയുണ്ടായി. എന്നാൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിശോധനയിൽ അദ്ദേഹത്തിന് നിലവിൽ ₹ 574.15 Lakh ലോൺ ഔട്ട്സ്റ്റാൻഡിംഗ് ഉള്ളതായും അതിൽ ₹ 170.44 Lakh ഓവർഡ്യൂ ആയും കാണപ്പെട്ടു. മാത്രമല്ല അദ്ദേഹത്തിനെതിരെ ലോൺ അടവിൽ വീഴ്ചവരുത്തിയതുമായി ബന്ധപ്പെട്ട് കോടതി നടപടികൾ നിലനിൽക്കുന്നതായി രേഖകൾ പരിശോധിച്ചപ്പോൾ മനസ്സിലായതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. പോൾ മാഞ്ഞൂരാന് സി.എസ്.പി. സ്കീമിൽ വായ്പ നിരസിക്കപ്പെട്ടത്. സിബിൽ സ്കോറിന്റെ മാനദണ്ഡത്തിലല്ല ഇദ്ദേഹത്തിന്റെ അപേക്ഷ നിരസിച്ചത്.

(സി) സിബിൽ സ്കോർ ബാധകമാക്കാതെ ഇത്തരം സംരംഭകരെ സഹായിക്കാൻ പ്രഖ്യാപിച്ച പദ്ധതി അർഹതപ്പെട്ടവർക്ക് നൽകാത്തത്

പരിശോധിക്കാൻ പ്രത്യേക സംവിധാനമൊരുക്കുമോ?

സ്കീമിൽ അർഹരായ എല്ലാവർക്കും ലോൺ നൽകിയിട്ടുണ്ട്. സ്കീമിന്റെ കാലാവധി 31-03-2022 വരെയായിരുന്നു. 16-02-2022-ലെ G.O.(Rt)No.135/2022/ID പ്രകാരം 31-03-2022 വരെ ലഭിച്ച എല്ലാ അപേക്ഷകളും പരിശോധിച്ച് അർഹതപ്പെട്ടവർക്ക് ലോൺ ലഭ്യമാക്കുന്നതാണ്.

(ഡി) ഇതുസംബന്ധിച്ച് നൽകുന്ന പരാതികൾ അടിയന്തരമായി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സി.എസ്.പി. വായ്പകൾ സ്കീമിന്റെ മാനദണ്ഡങ്ങൾ പാലിച്ചാണ് നൽകുന്നത്. സ്കീമിന്റെ മാനദണ്ഡങ്ങൾ പാലിച്ചുള്ള എല്ലാ അപേക്ഷകർക്കും ലോൺ ലഭ്യമാക്കിയിട്ടുണ്ട്. സ്കീം കാലാവധി 31-03-2022-ൽ അവസാനിച്ചു. ഇതുവരെ വേറെ പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പോൾ മാഞ്ഞൂരാന്റെ പരാതികളുടെയും കെ.എസ്.ഐ.ഡി.സി.-യുടെ മറുപടിയും പ്രോസസ്സിംഗ് ഫീ അടച്ചതിന്റെ വിശദാംശവും ലഭ്യമാക്കുമോ?

സി.എസ്.പി. ലോണുകൾക്ക് പ്രോസസ്സിംഗ് ഫീ ഇല്ല.

കെ.എസ്.ഐ.ഡി.സി. പ്രോസസ്സിംഗ് ഫീ ഇനത്തിൽ പരാതിക്കാരനിൽനിന്നും യാതൊരു തുകയും ഈടാക്കിയിട്ടില്ല. പരാതിയുടെ പകർപ്പ്, മറുപടി എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

**സംയോജിത റൈസ് പാർക്ക്**

224 (616) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥാപിക്കുന്ന സംയോജിത റൈസ് പാർക്കുകളുടെ പ്രവർത്തന ലക്ഷ്യം വിശദമാക്കാമോ?

നെൽക്കൃഷിയുടെ വിസ്തൃതി മൂന്നുലക്ഷം ഹെക്ടർ കൈവരിക്കുകയെന്ന ലക്ഷ്യത്തിലെത്താൻ കൃഷി കൂടുതൽ ആദായകരമാകണം. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലിറക്കിയാണ് ഈ നേട്ടം കൃഷിക്കാർക്ക് ലഭ്യമാക്കാൻ സാധിക്കുന്നത്. സർക്കാർ സംഭരിക്കുന്ന നെല്ലിന്റെ ഭൂരിഭാഗവും പാലക്കാട്ടും ആലപ്പുഴയിലുമുള്ള റൈസ് ടെക്നോളജി പാർക്കുകളിലൂടെ സംസ്കരിച്ച് ബ്രാൻഡഡ് അരിയായും വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കിയും വിപണിയിലെത്തിക്കുകയെന്നതാണ് റൈസ് പാർക്കുകളുടെ പ്രവർത്തന ലക്ഷ്യം.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർദ്ദിഷ്ട രീതിയിൽ അരിയാക്കി, പായ്ക്ക് ചെയ്ത് കൊടുക്കുന്നതിനുള്ള സൗകര്യങ്ങൾ കർഷക ഗ്രൂപ്പുകൾക്ക് ചെയ്തുകൊടുക്കും. നെല്ലും അരിയും ഉൽപ്പന്നങ്ങളും സൂക്ഷിക്കുന്ന വിപുലമായ ഗോഡൗൺ സൗകര്യങ്ങൾ, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ എന്നിവയും ഇതിൽ ഉൾപ്പെടും.

(ബി) റൈസ് പാർക്ക് പദ്ധതിയുടെ നിർമ്മാണപ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

പാലക്കാട് റൈസ് ടെക്നോളജി പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കിൻഫ്രയുടെ മെഗാ ഫുഡ് പാർക്കിൽ ആരംഭിച്ചു. 2023 മാർച്ച് മാസത്തിൽ പൂർത്തിയാക്കുന്ന നിലയിൽ നിർമ്മാണം പുരോഗമിക്കുകയാണ്. ആലപ്പുഴയിൽ പ്രഭുറാം മില്ലിന്റെ കൈവശമുള്ള അധിക ഭൂമിയിൽ 5.18 ഏക്കർ സ്ഥലത്താണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആലപ്പുഴയിൽ റൈസ് പാർക്ക് സ്ഥാപിക്കുന്നതിന്റെ ഭാഗമായി റൈസ് മിൽ സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികൾവഴി കരാറുകാരനെ നിശ്ചയിച്ചിട്ടുണ്ട്. പ്രഭുറാം മില്ലിന്റെ കൈവശമുള്ള 5.18 ഏക്കർ ഭൂമി കൈമാറി ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## വ്യാവസായിക വകുപ്പ് സ്റ്റാർട്ടപ്പുകൾ

225 (617) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിപ്രകാരം കേരളത്തിൽ 2021-22 കാലയളവിൽ എത്ര പദ്ധതികൾ നിലവിൽ വന്നിട്ടുണ്ട്; വിശദമാക്കാമോ?

2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 'ഒരു കുടുംബം ഒരു സംരംഭം' എന്ന പദ്ധതിയുടെ കരട് മാർഗ്ഗരേഖ വകുപ്പുതല വർക്കിംഗ് കമ്മിറ്റി പരിശോധിച്ചുവരികയാണ്. പ്രസ്തുത പദ്ധതിക്കായി 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്, എന്നാൽ 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിപ്രകാരം കേരളത്തിൽ 2021-22 കാലയളവിൽ ഒരു പദ്ധതിയും നിലവിൽ വന്നിട്ടില്ല.

(ബി) വ്യാവസായിക വകുപ്പ് സ്റ്റാർട്ടപ്പുകൾക്ക് മാനുഫാക്ചറിംഗ് പ്രവർത്തനങ്ങൾക്കായി എന്തെല്ലാം സഹായം ചെയ്തുവരുന്നു; വിശദാംശം ലഭ്യമാക്കാമോ?

2022-23-ൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കൂടുതൽ യൂണിറ്റുകൾ സൃഷ്ടിക്കുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതികളിൽ

ഒന്നാണ് മാനുഫാക്ച്റിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി. ടി പദ്ധതിക്കായി 650 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ കരട് മാർഗ്ഗരേഖ വകുപ്പുതല വർക്കിംഗ് കമ്മിറ്റി പരിശോധിച്ചുവരികയാണ്.

കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ഇരുപത്തഞ്ച് ലക്ഷം രൂപവരെ മൂലധന സഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറ് ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ച് ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്.

(സി) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം നിശ്ചിത ഇടവേളകളിൽ സർക്കാർതലത്തിലും റിയാബ്തലത്തിലും നടത്തിവരികയും പ്രവർത്തന പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി കമ്പനികളെ

ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനമായും പദ്ധതി വിഹിതമായും സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ഇതോടൊപ്പംതന്നെ പുതിയ പദ്ധതികൾക്കും വൈവിധ്യവൽക്കരണത്തിനും ആവശ്യമായി വരുന്ന അധിക ധനസമാഹരണം കണ്ടെത്തുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്യാരന്റിയും നൽകിവരുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ റിയാബിന്റെ മേൽനോട്ടത്തിൽ നടന്നുവരികയാണ്.

(ഡി) സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തിത്തുടങ്ങിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഭെൽ-ഇ.എം.എൽ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നീ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ളത്.

100% സംസ്ഥാന സർക്കാർ ഓഹരി പങ്കാളിത്തത്തോടെ ഭെൽ-ഇ.എം.എൽ.-നെ 'കെൽ-ഇ.എം.എൽ' എന്നും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ 'കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് ' എന്നും പുനർനാമകരണം ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടേയും ബോർഡ് ഓഫ് ഡയറക്ടേഴ്സ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

(ഇ) ഇനിയും മറ്റ് കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടെണ്ടർ നടപടികളിൽ പങ്കെടുക്കാനും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനുമായി 11-02-2022-ലെ G.O.(Ms)No.18/2022/ID പ്രകാരം KSIDC-യെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് KSIDC കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽത്തന്നെ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ടുള്ള EOI സമർപ്പിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം

ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

## കോക്കോണിക്ക്സ് ലാപ്ടോപ്പുകൾ

226 (618) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർക്കാരിന്റെ തനത് ബ്രാന്റായ 'കോക്കോണിക്ക്സ്' ലാപ്ടോപ്പുകൾ എത്ര എണ്ണം 2022 മേയ് മാസംവരെ വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

2022 മേയ് മാസംവരെ പതിനൊന്നായിരത്തി ഒരുനൂറ്റി മുപ്പത്തി രണ്ട് (11132) ലാപ്ടോപ്പുകൾ കോക്കോണിക്സ് വിതരണം ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

## വട്ടിയൂർക്കാവ് മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

227 (619) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ വ്യവസായ വകുപ്പ് നേരിട്ടും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പിനുകീഴിലെ മിഷനുകൾ, ഏജൻസികൾ, സൊസൈറ്റികൾ, ബോർഡുകൾ എന്നിവ മുഖാന്തരവും നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ സംരംഭങ്ങൾക്കുള്ള സഹായ പദ്ധതികളായ ESS, PMEGP, Margin Money Grand to Nano enterprises എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ആയതുപ്രകാരം ആരംഭിച്ച സംരംഭങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്.

(ബി) 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും വ്യവസായ വകുപ്പ് നേരിട്ടും വകുപ്പിനുകീഴിലെ മിഷനുകൾ, ഏജൻസികൾ, സൊസൈറ്റികൾ, ബോർഡുകൾ എന്നിവ മുഖാന്തരവും നടപ്പിലാക്കേണ്ട വട്ടിയൂർക്കാവ് മണ്ഡലത്തിലുൾപ്പെടുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംരംഭകത്വ സഹായ പദ്ധതിയിൽ യഥാക്രമം ഒരു യൂണിറ്റിന് 2.05 ലക്ഷം രൂപയും മൂന്ന് യൂണിറ്റിന് 6 ലക്ഷം രൂപയും നാല്

യൂണിറ്റിന് 4.5 ലക്ഷം രൂപയും 2021-22 വർഷത്തിൽ മാർജിൻ മണി ഗ്രാന്റ് ഇനത്തിൽ ഒരു യൂണിറ്റിന് 2.1 ലക്ഷം രൂപയും PMEGP പദ്ധതിയിൽ 11 യൂണിറ്റിന് 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം വ്യവസായ വകുപ്പ് നേരിട്ടും വകുപ്പിനുകീഴിലെ മിഷനുകൾ, ഏജൻസികൾ, സൊസൈറ്റികൾ, ബോർഡുകൾ എന്നിവ മുഖാന്തരവും പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ (ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ) ലഭ്യമാക്കാമോ?

സംരംഭകത്വ സഹായ പദ്ധതിപ്രകാരം 4 യൂണിറ്റുകൾക്ക് 4.50 ലക്ഷവും മാർജിൻ മണി ഗ്രാന്റ് ടു നാനോ പദ്ധതിപ്രകാരം ഒരു യൂണിറ്റിന് 2.1 ലക്ഷവും പി.എം.ഇ.ജി.പി.പ്രകാരം 11 യൂണിറ്റുകൾക്ക് 20 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

**സംരംഭക വർഷം**

228 (620) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് സംരംഭക വർഷമായി വിഭാവനം ചെയ്യുന്ന

2022-23 സാമ്പത്തിക വർഷത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് വ്യക്തമായ തന്ത്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

വിവിധ വകുപ്പുകൾ/ഏജൻസികളുടെ സംയോജനത്തോടെ 2022-23 സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയെന്ന പദ്ധതി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ഇന്റേണുകൾ മുഖാന്തരം സംരംഭം തുടങ്ങാൻ ഉദ്ദേശിക്കുന്നവരുടെ വിവരശേഖരണം നടത്തി അവർക്ക് സംരംഭം ആരംഭിക്കാനാവശ്യമായ സഹായങ്ങൾ നൽകിവരുന്നു. 30-03-2022-ലെ സ.ഉ.(സാധാ)നം.289/2022/ഐ.ഡി. പ്രകാരം സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ജില്ലകളിൽ ഇവ എങ്ങനെയാണ് നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ജില്ലകളിലെ നിക്ഷേപകരെ കണ്ടെത്താനും സംരംഭകർക്ക്

ആവശ്യമായ ഓൺലൈൻ സേവനങ്ങളായ ലൈസൻസ്, സബ്സിഡി, ലോൺ മുതലായവയ്ക്കുള്ള അപേക്ഷകൾ തയ്യാറാക്കി നൽകൽ, സംരംഭകർക്കുള്ള മറ്റ് കൈത്താങ്ങ് സഹായങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും തദ്ദേശ സ്ഥാപനതലത്തിൽ നിയമിച്ചിട്ടുള്ള ഇന്റേണുകളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്കുവേണ്ട മാർക്കറ്റിംഗ് സഹായം ലഭ്യമാക്കാനും അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്നു.

## ക്വാറികളുടെ പ്രവർത്തനം നിലച്ചതുമൂലം നിർമ്മാണ പ്രതിസന്ധി

229 (621) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരിങ്കൽ ക്വാറികളുടെ പ്രവർത്തനം പലയിടങ്ങളിലും നിലച്ചതുമൂലം നിർമ്മാണപ്രവൃത്തികളിൽ പ്രതിസന്ധിയുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ

വിശദമാക്കാമോ?

സംസ്ഥാനത്തെ കരിങ്കൽ ക്വാറികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ്. എല്ലാവിധ ഖനനപ്രവർത്തനങ്ങൾക്കും നിലവിൽ പാരിസ്ഥിതികാനുമതി നിർബന്ധമാണ്. സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള ഖനനത്തിനായുള്ള ദൂരപരിധി 200 മീറ്റർ ആക്കിയ ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ OA 304/2019-ന്മേലുള്ള ഉത്തരവുപ്രകാരം നിർദ്ദിഷ്ട ദൂരപരിധി ബാധകമായ അപേക്ഷകളിൽ അനുമതി നൽകാൻ സാധിച്ചിരുന്നില്ല. എന്നാൽ മേൽവിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 12122-12123/2018 നമ്പർ സിവിൽ അപ്പീലുകളിന്മേലുള്ള 20-10-2021-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദൂരപരിധി വ്യവസ്ഥയ്ക്ക് വിധേയമായി 50 മീറ്റർ ആക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്വാറികൾക്ക് അനുമതി നൽകി ആയതുപ്രകാരം കരിങ്കൽ ക്വാറികളുടെ പ്രവർത്തനത്തിലുണ്ടായ പ്രതിസന്ധി പരിഹരിച്ചുവരുന്നു.

## കരിങ്കൽ ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ്

230 (622) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിങ്കൽ ഉൽപ്പന്നങ്ങളുടെ വില വർദ്ധനവുമൂലം സാധാരണക്കാരുടെ ഗൃഹനിർമ്മാണത്തിലുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഖനന ചട്ടങ്ങളിൽ ധാതുക്കളുടെ വില നിയന്ത്രിക്കുന്നതിന് പ്രത്യേക വ്യവസ്ഥകൾ ഇല്ലെങ്കിൽക്കൂടി ജില്ലാതലത്തിൽ ക്വാറി ഉടമകളുമായി ജില്ലാ ജിയോളജിസ്റ്റുമാരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർമാർ ചർച്ചകൾ നടത്തി വില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ജിയോളജി വകുപ്പിന് ഒരു മുഴുവൻ സമയ ഡയറക്ടറെ നിയമിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(സി) കരിങ്കൽ മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കരിങ്കൽ മേഖലയിലെ തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കരിങ്കൽ മേഖലയിലെ തൊഴിലാളികൾ 1996-ലെ The building and other Construction Workers (Regulations of Employment and Conditions of Service) Act പ്രകാരം നിർമ്മാണത്തൊഴിലാളി എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരുന്നതിനാൽ ഈ വിഭാഗം തൊഴിലാളികൾക്ക് കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമ ബോർഡിൽ അംഗത്വം സ്വീകരിക്കാവുന്നതാണ്.

**ഉദ്യോഗസ്ഥ അഴിമതിയിൽ അന്വേഷണം**

231 (623) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥരുടെ അഴിമതിയും അധികാര ദുർവിനിയോഗവും സംബന്ധിച്ച പരാതികളിൽ നടപടിയെടുക്കുന്നില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ ലഭിക്കുന്ന വിവിധ പരാതികളുടെ നിജസ്ഥിതി അന്വേഷിച്ച് തുടർനടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന കേസ്സുകളിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ രണ്ട് ഡെപ്യൂട്ടി ഡയറക്ടർമാർ മെമ്പർമാരായി വകുപ്പിൽ ആഭ്യന്തര വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ട്.

**പരമ്പരാഗത നെയ്ത്തുതൊഴിലാളികൾക്കായി ക്ഷേമനടപടികൾ**

232 (624) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യൂണിഫോമിനായി നെയ്ത്തുകാർക്ക് യാൺ ബാങ്ക് വഴി സൗജന്യമായി യാൺ നൽകുന്നതുപോലെ പരമ്പരാഗത തൊഴിൽ ചെയ്തുവരുന്ന നെയ്ത്തുതൊഴിലാളികൾക്കും സൗജന്യനിരക്കിൽ യാൺ നൽകാൻ തയ്യാറാകുമോ?

നെയ്ത്തുകാർക്ക് ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുവായ

കഴിനൂലിന് സംസ്ഥാന സർക്കാർ ഹാങ്ക് യാൺ സബ്സിഡി കൈത്തറി സംഘങ്ങൾ വഴി നിലവിൽ അനുവദിച്ചുവരുന്നുണ്ട്.

(ബി) പാവപ്പെട്ട നെയ്ത്തുകാർക്ക് നൽകാനുള്ള യാൺ സബ്സിഡി എത്ര മാസം കുടിശ്ശികയാണെന്നും കുടിശ്ശിക തുക എത്രയെന്നും വ്യക്തമാക്കുമോ; ഇത് എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നാഷണൽ ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ, കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകൾ എന്നിവയിൽനിന്നും യാൺ ബാങ്കുകൾ യാൺ വാങ്ങി സബ്സിഡി നിരക്കിൽ കൈത്തറി സംഘങ്ങൾക്ക് നൽകുകയും സബ്സിഡി നിരക്കിൽ ലഭിക്കുന്ന യാൺ സംഘങ്ങൾ നെയ്ത്തുകാർക്ക് നൽകുകയും ചെയ്യുന്നു. കൈത്തറി സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ യാൺ നൽകുന്നതുവഴി യാൺ ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനാണ് യാൺ സബ്സിഡി യാൺ ബാങ്കുകൾക്ക് അനുവദിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ യാൺ സബ്സിഡിക്കായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ 9,50,101/- രൂപയുടെ യാൺ സബ്സിഡി അപേക്ഷ വിവിധ യാൺ ബാങ്കുകളിൽനിന്ന് ലഭിച്ചിട്ടുണ്ട്.

(സി) നൂലിന്റെ വില ക്രമാതീതമായി വർദ്ധിക്കുകയും ഉൽപ്പന്നങ്ങൾക്ക്

വില ലഭിക്കാതിരിക്കുകയും ചെയ്യുന്ന നിലവിലെ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 6200-ഓളം നെയ്ത്തുകാർക്ക് നെയ്ത്തിന് ആവശ്യമായ നൂൽ സൗജന്യമായി നൽകുന്നതോടൊപ്പം നെയ്ത്തുകാർക്ക് സ്ഥിരം വരുമാനവും ജോലി സ്ഥിരതയും ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. നൂലിന്റെ വില വർദ്ധിച്ചതുവഴി നെയ്ത്തുകാർക്കുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനായി സബ്സിഡി നിരക്കിൽ നെയ്ത്തുകാർക്ക് കഴിനൂൽ ലഭ്യമാക്കുന്നു. അതിനായി ഹാങ്ക് യാൺ സബ്സിഡി യാൺ ബാങ്കുകൾക്ക് അനുവദിക്കുന്നുണ്ട്. കൂടാതെ നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള നൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി യാൺ ബാങ്കുകൾക്ക് മാർജിൻമണി ലോണും അനുവദിച്ചുവരുന്നുണ്ട്.

(ഡി) നെയ്ത്ത് സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ക്യാഷ് ക്രെഡിറ്റ് പുനരാരംഭിക്കാൻ തയ്യാറാകുമോ; എങ്കിൽ എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കായി ക്യാഷ് ക്രെഡിറ്റ്

സംവിധാനം നിലവിലില്ല. എന്നാൽ പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കായുള്ള വർക്കിംഗ് ക്യാപിറ്റൽ പദ്ധതി പ്രൊപ്പോസൽ 14-ാം പഞ്ചവത്സര പദ്ധതിക്കുള്ള പ്രൊപ്പോസലിൽ പരിഗണിക്കുന്നതിനായി കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.

**ഹാന്റെക്സിന്റെയും ഹാൻവീവിന്റെയും പ്രവർത്തനം**

233 (625) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ വിപണന ശൃംഖല ആകർഷകമാക്കുന്നതിനും ഇവയുടെ നിലവാരം ഉയർത്തുന്നതിനും എന്തെല്ലാം പൊതുസൗകര്യങ്ങളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ?

ഹാന്റെക്സ്:- ഹാന്റെക്സിൽ വിപണി മെച്ചപ്പെടുത്തുന്നതിന് വിൽപ്പനശാലകളുടെ നവീകരണം പ്രധാനമായി ലക്ഷ്യമിടുന്നു. പെരിന്തൽമണ്ണ ഷോറൂം നവീകരിക്കുന്നതിന് 2020-21 സാമ്പത്തിക വർഷം 40 ലക്ഷം രൂപ സർക്കാർ അനുവദിച്ച് നൽകുകയും നവീകരണം

പൂർത്തിയാക്കി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. 'കൈത്തറി സുരക്ഷ പദ്ധതി' പ്രകാരം സർക്കാർ അനുവദിച്ച 1.10 കോടി രൂപ ഉപയോഗിച്ച് നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ വിപണിയുടെ ആവശ്യകതയനുസരിച്ച് വികസിപ്പിച്ച പുതിയ പാറ്റേണിലുള്ള കളറും ഡിസൈനും സമന്വയിപ്പിച്ച പ്രീമിയം ദോത്തികൾ, ഷർട്ടിംഗുകൾ, കുത്താംപുള്ളി സാരികൾ, ബാലരാമപുരം സാരികൾ മാത്രമല്ല മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിന്റെ ഭാഗമായി ഹാന്റെക്സ് റെഡിമെയ്ഡ് ഷർട്ടുകൾ, ചുരിദാർ, കുർത്തികൾ എന്നിവ നിർമ്മിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഒരു കോടി രൂപ ഹാന്റെക്സ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിക്കും 1.25 കോടി രൂപ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് വിപുലപ്പെടുത്തുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായിച്ചേർന്ന് e-commerce platform നടപ്പാക്കുന്നതിന്റെ പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ഹാൻവീവ്</u>:- കോർപ്പറേഷന്റെ വിൽപ്പന ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി " proud-e" എന്ന പേരിൽ ഗിഫ്റ്റ്

ബോക്സ് വിപണിയിൽ ഇറക്കിയിരുന്നു. സർക്കാർ ജീവനക്കാർക്ക് ബുധനാഴ്ചകളിൽ കൈത്തറി വസ്ത്രം ധരിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഷർട്ടിംഗ്/സ്യൂട്ടിംഗ് തുണിത്തരങ്ങൾ ഉൾപ്പെടുത്തി പുതിയ കോമ്പോ പായ്ക്ക് വിപണനമാരംഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ കമ്പ്യൂട്ടർവൽക്കരണം, ഇ-കോമേഴ്സ് സമ്പ്രദായം, ഇ-ഏജൻസി ഷോറൂമുകൾ എന്നിവ നടപ്പിലാക്കുന്നതിനും മാർക്കറ്റിംഗ് ഏജന്റുമാരെ നിയോഗിച്ച് മാർക്കറ്റിംഗ് പ്രവർത്തനം വിപുലപ്പെടുത്താനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പുതിയ ഉൽപ്പാദന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**കൈത്തറി വ്യവസായത്തിന്റെ നവീകരണം**

234 (626) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈത്തറി വ്യവസായത്തിന്റെ നവീകരണത്തിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ഉൽപ്പാദന രീതികളുടെ നവീകരണവും ഉൽപ്പാദനവൈവിധ്യവും ഉറപ്പുവരുത്തുന്നതിനായി ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ 6 ഘടകങ്ങൾക്കായി ഫണ്ട് അനുവദിച്ചുവരുന്നു.

1) വർക്ക്ഷെഡ് നവീകരണം

2) വ്യക്തിഗത വർക്ക്ഷെഡ് നവീകരണം

3) ഡൈ ഹൗസ് റിപ്പയറിംഗ്

4) ഒരു വീട്ടിൽ ഒരു തറി പദ്ധതി

5) ടെക്നോളജി അപ്ഗ്രഡേഷൻ

6) തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ /റിപ്പയറിംഗ്

മേൽ പദ്ധതിക്കായി 2021-22 വർഷം 441.54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കൈത്തറി മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങളുടെ ഡൈയിംഗ്, പ്രിന്റിംഗ്, ഫിനിഷിംഗ് മുതലായവയ്ക്കുള്ള സൗകര്യം

സംസ്ഥാനത്തുതന്നെ ഒരുക്കുക എന്ന ലക്ഷ്യത്തോടെ അത്യാധുനിക സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഡൈയിംഗ് യൂണിറ്റായി നാട്ടുകാണി ടെക്സ്റ്റൈൽ ഡൈയിംഗ് ആൻഡ് പ്രിന്റിംഗ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കുന്നതിലേയ്ക്കായി 2021-22 വർഷം 500 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്കായി 85.48 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ കൈത്തറി മേഖലയുടെ വികസനത്തിനായി വിവിധ പദ്ധതികളിലൂടെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കീം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രാഥമിക കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം | 84.00 |
| 2 | സർക്കാർ ഓഹരി പങ്കാളിത്തം (ഹാന്റെക്സ്) | 150.00 |
| 3 | സർക്കാർ ഓഹരി പങ്കാളിത്തം (ഹാൻവീവ്) | 50.00 |
| 4 | നെയ്ത്തുകാർക്ക് മേൽത്തരം അസംസ്കൃത വസ്തുക്കൾ | 44.50 |
| 5 | ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ | 100.00 |

| | | |
|---|---|---|
| 6 | കൈത്തറി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി | 2.88 |
| 7 | യുവ വീവ് പദ്ധതി | 45.00 |
| 8 | നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രചോദന പരിപാടി | 600.00 |
| 9 | അംശദാന മിതവ്യയ ഫണ്ട് | 249.92 |
| 10 | കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | 0.15 |
| 11 | വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി | 109.85 |
| 12 | പരിശീലന വൈദഗ്ദ്ധ്യ വികസന പരിപാടി | 121.07 |
| 13 | ഹാന്റെക്സ് പുനരുദ്ധാരണം | 1300.00 |
| | **ആകെ** | **2857.37** |

കൈത്തറി വ്യവസായത്തിനായി 2022-23 വർഷത്തെ ബഡ്ജറ്റിൽ 3352 ലക്ഷം രൂപ പ്ലാൻ ഫണ്ട് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൈത്തറി മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന്റെ ഭാഗമായി നിയമിക്കപ്പെട്ടിട്ടുള്ള പ്രൊഫഷണൽ ഡിസൈനർമാർ വിവിധങ്ങളായ ഡിസൈനുകളിലും വ്യത്യസ്തമായ ശ്രേണിയിലുംപെട്ട തുണിത്തരങ്ങൾ ഉല്പാദിപ്പിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെടുന്നു. ഓർഗാനിക് കോട്ടൺ പദ്ധതി പ്രകാരം ഓർഗാനിക് നൂൽ,

ഓർഗാനിക് ചായം എന്നിവ ഉപയോഗിച്ച് കൈത്തറിയിൽ വസ്ത്രങ്ങളുടെ ഉൽപ്പാദനം നടത്തുന്നതിന് നെയ്ത്തുകാർക്ക് പരിശീലനം നൽകുകയും അതുവഴി കൈത്തറി മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ചുവരികയും ചെയ്യുന്നു.

ഹാന്റെക്സിന്റെ വിപണി മെച്ചപ്പെടുത്തുന്നതിന് വില്പനശാലകളുടെ നവീകരണം പ്രധാനമായി ലക്ഷ്യമിടുന്നു. ഓൺലൈൻ മാർക്കറ്റിംഗ് വിപുലപ്പെടുത്തുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായിച്ചേർന്ന് e-commerce platform നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഹാൻവീവ്, കമ്പ്യൂട്ടറൈസ്ഡ് ഡിസൈനിംഗ് സ്റ്റുഡിയോയുടെ സഹായത്തോടുകൂടി ആകർഷകമായ ഡിസൈനുകളിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തിവരുന്നുണ്ട്.

വ്യവസായ വകുപ്പിനുകീഴിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (IIHT), വീവേഴ്സ് സർവ്വീസ് സെന്റർ (WSC), ഹാൻവീവ്, ഹാന്റെക്സ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ് പദ്ധതി. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കൈത്തറി ഉൽപ്പന്നങ്ങളെ ദേശീയ-അന്തർദ്ദേശീയതലത്തിൽ ബ്രാൻഡ് ചെയ്യുക,

കൂടുതൽ മെച്ചപ്പെട്ട വിപണി സാധ്യതകൾ കണ്ടെത്തുക, നൂതന ഡിസൈൻ ആശയങ്ങൾ കൈത്തറിയിൽ കൊണ്ടുവരിക, അതുവഴി കേരള കൈത്തറി മേഖലയെ മൊത്തത്തിൽ പുന:രുജ്ജീവിപ്പിക്കുകയെന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. കേരള കൈത്തറിക്ക് ഒരു സവിശേഷ മുദ്ര (Kerala Handloom Mark) രൂപകൽപ്പന ചെയ്തിട്ടുണ്ട്.

**കണ്ണൂർ കൈത്തറിയുടെ സംരക്ഷണം**

235 (627) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കൈത്തറിയെ സംരക്ഷിക്കാൻ മുൻകൈ എടുക്കുമോയെന്ന് അറിയിക്കുമോ; സമയബന്ധിതമായി റിബേറ്റ് നൽകാത്തതുമൂലം സഹകരണ സംഘങ്ങൾ സാമ്പത്തിക പ്രയാസത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കണ്ണൂരിൽ ഉൾപ്പെടെയുള്ള കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയുടെ മൂല്യവർദ്ധിത പ്രവൃത്തികൾക്കുവേണ്ടി കണ്ണൂർ ജില്ലയിലെ നാടുകാണിയിൽ 25.56 കോടി രൂപ മുതൽമുടക്കിൽ പ്രവർത്തനസജ്ജമാകുന്ന പദ്ധതിയാണ്

നാടുകാണി ടെക്സ്റ്റൈൽ ഡൈയിംഗ് & പ്രിന്റിംഗ് യൂണിറ്റ്. ഈ യൂണിറ്റിന്റെ ഇൻസ്റ്റാൾഡ് കപ്പാസിറ്റി പ്രതിദിനം 40,000 മീറ്റർ ഫാബ്രിക് ഡൈയിംഗും 1500 മീറ്റർ ഡിജിറ്റൽ പ്രിന്റിംഗുമാണ്. കണ്ണൂർ ജില്ലയിലെ വിവിധ പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ 2021-22 സാമ്പത്തിക വർഷം ഇതുവരെ 3,25,18,322/- രൂപയും 2022-23 സാമ്പത്തിക വർഷം ഇതുവരെ 14,25,278/- രൂപയും അനുവദിച്ചിട്ടുണ്ട്. റിബേറ്റിനുള്ള അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് അവയുടെ അർഹത നിർണ്ണയിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക അനുവദിച്ചുവരുന്നു. അപാകതകളുള്ള അപേക്ഷകൾ ലഭിക്കുമ്പോൾ അവയുടെ അപാകതകൾ പരിഹരിച്ചശേഷമാണ് റിബേറ്റിനുള്ള അർഹത നിർണ്ണയിക്കുന്നത്.

(ബി) കൈത്തറി മേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കൈത്തറി മേഖലയിലേയ്ക്ക് യുവതലമുറയെ ആകർഷിക്കാനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയാണ് യുവവീവ് പദ്ധതി. തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് വ്യവസായ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 18-നും 40-നും മധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20

പേര്‍ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യമായി കൈത്തറി നെയ്ത്ത് പരിശീലനം നല്‍കുകയും ആവശ്യമുള്ളവര്‍ക്ക് 5 വര്‍ഷം വരെ തൊഴില്‍ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നു. 6 മാസക്കാലയളവില്‍ ആദ്യ 3 മാസം സ്റ്റൈപന്റോടുകൂടി പരിശീലനവും തുടര്‍ന്ന് മൂന്നുമാസം സ്റ്റൈപന്റും വേതനവും ചേര്‍ത്തുനല്‍കുന്ന വിധത്തിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പരിശീലനം പൂര്‍ത്തിയായവര്‍ക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതയും ഉറപ്പുവരുത്തുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന/ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികള്‍ രൂപീകരിച്ചിട്ടുണ്ട്. പരിശീലനത്തിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ചുമതല അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറല്‍ മാനേജര്‍മാരും കുടുംബശ്രീയും ചേര്‍ന്നാണ് നിര്‍വ്വഹിക്കുന്നത്. 2021-22 സാമ്പത്തിക വര്‍ഷത്തില്‍ ടി പദ്ധതി നിര്‍വ്വഹണത്തിനായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 45 ലക്ഷം രൂപ വിവിധ ജില്ലകളിലെ പദ്ധതി നടത്തിപ്പിനായി പൂര്‍ണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

**ഊരകം ഖാദി നെയ്ത്ത് കേന്ദ്രം**

236 (628) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് നിയമം, വ്യവസായം, കയര്‍ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മുല്ലശ്ശേരി പഞ്ചായത്തിലെ ഊരകം ഖാദി നെയ്ത്ത് കേന്ദ്രത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; വിശദാംശങ്ങൾ നൽകാമോ?

നിലവിൽ ആറ് മസ്‌ലിൻ നെയ്ത്ത് തൊഴിലാളികളും ആറ് നെയ്ത്ത് ട്രെയിനീസും ഇവർക്കാവശ്യമായ ട്രെയിനിംഗ് നൽകാൻ ഒരു ഇൻസ്ട്രക്റ്ററുമുണ്ട്.

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ കേന്ദ്രത്തിന്റെ ഉന്നമനത്തിനായി 8 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഗ്രാമസഭയിൽ തൊഴിൽരഹിതരായ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഇടപെടലുകൾ വേണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ കേന്ദ്രത്തിൽ ആറ് ട്രെയിനീസ് ജോലി ചെയ്തുവരുന്നുണ്ട്.

(സി) സ്ഥാപനത്തിന്റെ ഒരു ഭാഗത്തുള്ള ഭൂമി അനധികൃതമായി ഇടിച്ച് മണ്ണെടുത്തതിനാൽ കെട്ടിടം അപകടകരമായ സ്ഥിതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി സംരക്ഷിക്കുന്നതിനായി സംരക്ഷണ മതിൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള നെയ്ത്തുകേന്ദ്രം ആധുനികീകരിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്വീകരിച്ചുവരുന്നു. നിലവിലുള്ള നെയ്ത്ത് കേന്ദ്രത്തിൽ മസ്‌ലിൻ കോറ ഡബിൾ മുണ്ടാണ് വർഷങ്ങളായി നെയ്തുകൊണ്ടിരിക്കുന്നത്. നെയ്ത്തിനോടൊപ്പം സ്ത്രീകളെ ആകർഷിക്കുന്ന സെറ്റ് സാരിയും കളർ സാരിയും നെയ്യാൻ ആരംഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പത്ത് Take-up Motion തറി സ്ഥാപിക്കുന്നതിനും മസ്‌ലിൻ കളർ സാരിയുടെ വിപുലമായ ഉൽപ്പാദനത്തിനും ലക്ഷ്യമിടുന്നു. പഞ്ചായത്തിലെ പത്ത് തൊഴിൽരഹിതരായ വനിതകൾക്ക് സ്ഥിരം തൊഴിൽ നൽകാനും അവരുടെ ജീവിത നിലവാരം ഉയർത്താനും ഇതുവഴി ലക്ഷ്യമിടുന്നു.

**എടരിക്കോട് ടെക്സ്റ്റൈൽസ് ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

237 (629) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസിലെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ നൽകാതെ തടഞ്ഞുവച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കണമെന്നും ജീവനക്കാർക്ക് അർഹതപ്പെട്ട പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി & സി) ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് എന്നീ ഇനങ്ങളിലായി ആകെ 484.44 ലക്ഷം രൂപയാണ് 28-02-2022 വരെ കുടിശ്ശികയായുള്ളത്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്.

എടരിക്കോട് ടെക്സ്റ്റൈൽസ് വർഷങ്ങളായി തുടർച്ചയായി നഷ്ടത്തിൽ

പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ്. തൊഴിൽ നിലനിർത്താനായി മാത്രമാണ് കഴിഞ്ഞ കുറച്ചുവർഷങ്ങളായി സ്ഥാപനം പ്രവർത്തിപ്പിച്ചത്. മില്ല് വൻനഷ്ടത്തിലായിരുന്നതിനാൽ സ്ഥാപനത്തിന്റെ നിലനിൽപ്പിനായി അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിനാണ് മുൻഗണന നൽകിയത്. അല്ലാത്തപക്ഷം സ്ഥാപനം പൂർണ്ണമായും നിർത്തിയിടുകയും ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാകുകയും ചെയ്യുമായിരുന്നു. തൊഴിൽ നഷ്ടമുണ്ടാകാതെ വേതനം കൃത്യമായി നൽകാൻ കഴിയുന്ന തരത്തിൽ മില്ലിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പിരിഞ്ഞുപോയ തൊഴിലാളികൾക്ക് കൊടുക്കുവാനുള്ള ഗ്രാറ്റുവിറ്റി പ്രതിമാസം 2 പേർക്കുവീതം കൊടുക്കുന്നുണ്ട്. മില്ലിന്റെ വരുമാന ലഭ്യതയ്ക്കനുസരിച്ച് ഏകദേശം 5 ലക്ഷം രൂപ ഗ്രാറ്റുവിറ്റി കൊടുത്തുതീർക്കാൻ നീക്കിവയ്ക്കുന്നുണ്ട്. 01-04-2019 മുതൽ 31-12-2021 വരെയുള്ള കാലയളവിൽ പി.എഫ്., ഇ.എസ്.ഐ. കുടിശ്ശിക ഇനത്തിൽ 1.80 കോടി രൂപയോളം കൊടുത്തുതീർത്തിട്ടുണ്ട്.

സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് മുൻഗണനാക്രമത്തിൽ വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

238 (630) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിൽ കേരള ഖാദി വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിൽ പെരുങ്കടവിള പഞ്ചായത്തിൽ മാരായമുട്ടത്ത് പ്രവർത്തിച്ചിരുന്നതും നിലവിൽ പ്രവർത്തനരഹിതമായതുമായ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സഹകരണ സംഘത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നറിയിക്കുമോ?

പെരുങ്കടവിള NES ബ്ലോക്ക് ഓയിൽ ക്രഷിംഗ് സഹകരണ സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്.

(ബി) ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിനുള്ളതെന്ന് അറിയിക്കുമോ; നിലവിൽ ഇതിന്റെ ഉടമസ്ഥത ആർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ് ബാധ്യതയെന്നറിയിക്കുമോ; ബാധ്യതകളുടെ വിശദാംശം ലഭ്യമാക്കാമോ?

സംഘത്തിന് 9 (ഒമ്പത്) ആർ സ്ഥലം ഉണ്ട്. സംഘത്തിന്റെ അംഗങ്ങൾക്കാണ് ഉടമസ്ഥാവകാശം. എന്നാൽ സംഘത്തിന്റെ

അവകാശികൾ ആരും ജീവിച്ചിരിപ്പില്ലാത്തതിനാലും സംഘത്തിന് ഖാദി ബോർഡിൽ ബാധ്യതയുള്ളതിനാലും സംഘം ഖാദി ബോർഡിന്റെ അധീനതയിലാണ്. സംഘത്തിന്റെ ബാധ്യത സംബന്ധിച്ച് 31-05-2022 വരെയുള്ള കണക്ക് താഴെ പറയുന്നു.

| | |
|---|---|
| മുതൽ | 1,63,384 |
| പലിശ | 3,44,341 |
| സ്റ്റേഷനറി ചാർജ്ജ് | 1,000 |
| സർവ്വീസ് ചാർജ്ജ് @7.5% | 75,604 |
| **ആകെ ബാധ്യത** | **10,83,660** |

(സി) നിലവിൽ പ്രവർത്തനരഹിതമായ ഈ സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഒടുക്കിയാൽ സംഘത്തിന്റെ പേരിൽ റീ-സർവ്വെ 645/2-ൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലം ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ; ഇതിലേയ്ക്കായി എന്തെങ്കിലും നിയമതടസ്സങ്ങളുണ്ടോ; വിശദമാക്കുമോ?

ആസ്തി കൈമാറ്റം നടത്തുന്നതിലേയ്ക്ക് സഹകരണ ചട്ടം 13 അനുസരിച്ച് പതിനഞ്ച് വ്യക്തമായ ദിവസത്തെ നോട്ടീസ് നൽകി വിളിച്ചുചേർക്കപ്പെടുന്ന പ്രത്യേക പൊതുയോഗത്തിൽ ഹാജരായി വോട്ടുചെയ്യപ്പെട്ട ആകെ

അംഗങ്ങളുടെ മൂന്നിൽരണ്ട് ഭാഗം പേരുടെ പിന്തുണയോടെ പാസ്സാക്കി ആസ്തി കൈമാറ്റം സംബന്ധിച്ച തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ തീരുമാനമെടുക്കുന്നതിന് ടി സംഘത്തിൽ അവകാശികളാരും ജീവിച്ചിരിപ്പില്ല. സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഒടുക്കിയാലും സംഘത്തിന്റെ പേരിലുള്ള ആസ്തി കൈമാറ്റം ചെയ്യുന്നതിന് ഖാദി സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ കൂടിയായ ഖാദി സെക്രട്ടറിക്ക് അധികാരമില്ല.

(ഡി) ടി ആവശ്യമുന്നയിച്ചുകൊണ്ട് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ കമ്മിറ്റി തീരുമാനം ഉള്ളടക്കം ചെയ്ത് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണ്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷന് നൽകാൻ 21-04-2016-ലെ ഖാദി ബോർഡ് യോഗം തിരുമാനിച്ചു. ബോർഡിന് കിട്ടാനുള്ള കുടിശ്ശിക അടച്ച് തുടർനടപടി സ്വീകരിക്കാൻ പെരുങ്കടവിള ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കുടിശ്ശിക അടയ്ക്കുകയോ മറ്റുനടപടികൾ സ്വീകരിക്കുകയോ പഞ്ചായത്ത് ചെയ്തിട്ടില്ല. കുടിശ്ശിക തുക അടയ്ക്കുന്നതിനുള്ള അടിയന്തര നടപടി

സ്വീകരിക്കണമെന്ന് 15-01-2022-ലെ കെ.ബി. 5825/2015/സഹ. നമ്പർ കത്തുപ്രകാരം പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കുടുംബശ്രീ യൂണിറ്റുകളുടെ ചെറുകിട വ്യവസായങ്ങൾക്ക് സഹായം

239 (631) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് വകുപ്പ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് പട്ടികപ്പെടുത്തി വ്യക്തമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് വ്യവസായ വാണിജ്യ വകുപ്പുവഴി ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല. എന്നാൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർവഴി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കൈത്താങ്ങ് സഹായങ്ങളും നൽകിവരുന്നുണ്ട്.

## ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ വർദ്ധനവ്

240 (632) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്താൻ തീരുമാനമെടുത്തിട്ടുണ്ടോ?

നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്?

ബാധകമല്ല.

**കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരി കൈത്തറി ഗ്രാമം**

241 (633) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച മുണ്ടേരി കൈത്തറി ഗ്രാമത്തിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) കൈത്തറി ഗ്രാമത്തിന്റെ പ്രവർത്തനത്തിന് എന്താണ് തടസ്സം; വ്യക്തമാക്കാമോ;

(സി) കൈത്തറി ഗ്രാമം ഉടൻ നടപ്പിൽവരുത്താൻ അടിയന്തര നടപടി

സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) മുണ്ടേരി വസ്ത്രഗ്രാമവുമായി ബന്ധപ്പെട്ട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി.)-യെ പദ്ധതി രൂപരേഖ തയ്യാറാക്കാൻ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത രൂപരേഖ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കൈത്തറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കയർ മേഖലയിലെ പ്രതിസന്ധി**

242 (634) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പരമ്പരാഗത കയർ വ്യവസായ മേഖലയെ ആധുനികീകരണവും യന്ത്രവൽക്കരണവും നടത്തി തൊഴിലാളികളുടെ വേതനവും തൊഴിലും ഉറപ്പാക്കി സംരക്ഷിക്കുന്നതിനായി ആരംഭിച്ച പദ്ധതിയായിരുന്നു കയർ രണ്ടാം പുനഃസംഘടന. കയർ വ്യവസായം നേരിട്ടുകൊണ്ടിരുന്ന പ്രധാന പ്രതിസന്ധികളിലൊന്നായ ചകിരിയുടെ ദൗർലഭ്യം, തൊണ്ട് സംഭരണം

ശക്തിപ്പെടുത്തിയും ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകൊണ്ടും പരിഹരിക്കാൻ രണ്ടാം പുനഃസംഘടനാ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. 8000 മുതൽ 100000 തൊണ്ടുവരെ ചകിരിയാക്കാൻ കഴിയുന്ന 128 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുകവഴി ചകിരി ഉൽപ്പാദനശേഷി 29000 ടൺ ആയി ഉയർത്താൻ സാധിച്ചു. കേരളത്തിന് ആവശ്യമായ ചകിരിയുടെ 48% കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്നു. സംഘങ്ങൾക്കാവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ-ടെണ്ടർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള ഗുണമേന്മ ഉറപ്പാക്കി വർഷം മുഴുവൻ വില വ്യത്യാസം കൂടാതെ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നതിന് ഇതുവഴി സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ചകിരി മില്ലുകളിൽനിന്നും കയർഫെഡ് ചകിരി സംഭരിച്ച് 23/- രൂപ നിരക്കിൽ സംഘങ്ങൾക്ക് നൽകിവരുന്നു. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുകവഴി 2021-22-ൽ 18662 ടൺ കയർ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിലാളികളുടെ ദിവസവേതനം ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിച്ച സംഘങ്ങളിൽ 500 രൂപയാക്കി ഉയർത്താൻ സാധിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ

പദ്ധതിയിലൂടെ വേതനത്തിന്റെ ഒരു ഭാഗം പരമാവധി 110 രൂപ സർക്കാർ ധനസഹായമായി പരമ്പരാഗത റാട്ടുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നൽകിവരുന്നു. കയർ വകുപ്പ് നടപ്പിലാക്കിവരുന്ന കയർ ഭൂവസ്ത്ര പദ്ധതിയിലൂടെ, ഉല്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനും കയർപിരി ഉൽപ്പന്ന മേഖലകളിലെ തൊഴിലാളികളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ നടപടികളെല്ലാംതന്നെ കയർ വ്യവസായ മേഖലയെ പ്രതിസന്ധികളിൽനിന്ന് കരകയറ്റാനും പുതിയ സാഹചര്യങ്ങളിലെ വെല്ലുവിളി അതിജീവിക്കാനും കയർ മേഖലയിലെ തൊഴിലാളികളെ പ്രാപ്തരാക്കാൻ സഹായിച്ചിട്ടുണ്ട്.

**മണലൂർ കയർ വ്യവസായ സഹകരണ സംഘം**

243 (635) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെ കാലമായി പ്രവർത്തനരഹിതമായി കിടന്നിരുന്ന മണലൂർ കയർ വ്യവസായ സഹകരണ സംഘം (നമ്പർ: ആർ.592) അടുത്തകാലത്ത് പ്രവർത്തനസജ്ജമായി പുതിയ അംഗങ്ങളും ഭരണ സമിതിയും നിലവിൽവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഘത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുമോ; എങ്കിൽ എന്തെല്ലാം സഹായങ്ങൾ ചെയ്യാനാകുമെന്ന് വിശദമാക്കാമോ?

പ്രവർത്തനം പുനരാരംഭിച്ച് ഉൽപ്പാദനം തുടങ്ങുന്നതിനാവശ്യമായ നടപടികൾ സംഘം സ്വീകരിക്കുന്നമുറയ്ക്ക് കയർ വികസന വകുപ്പിന്റെ അടിസ്ഥാന സൗകര്യവികസന പദ്ധതി, ഉൽപ്പാദന വിപണന സഹായ പദ്ധതി, ഇൻകം സപ്പോർട്ട് സ്കീം തുടങ്ങിയ വിവിധ പദ്ധതികളിൽ അനുവദനീയമായ സഹായങ്ങൾ മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിക്കുന്നതാണ്.

**കയർ മേഖലയുടെ ആധുനികവൽക്കരണം**

244 (636) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖലയെ ആധുനികവൽക്കരിക്കു

ന്നതിനായുള്ള പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

കയർ മേഖലയിൽ തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ട് പരിപൂർണ്ണ യന്ത്രവൽക്കരണം നടത്തി ആധുനികവൽക്കരിക്കുന്നതിനായി 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടനാ പദ്ധതി. ടി പദ്ധതിപ്രകാരം 150 കയർ സഹകരണ സംഘങ്ങളിലായി 1438 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുകയുണ്ടായി. 500 എ.എസ്.എം.-കൾകൂടി സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. കയർ ഉൽപ്പന്ന മേഖല പ്രധാനമായുള്ള ആലപ്പുഴ ജില്ലയിലെ 6 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ പവർലൂമുകൾ സ്ഥാപിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഇതിൽ ചെറുവാരണം മാറ്റ്സ് & മാറ്റിംഗ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. എ 989-ൽ 6 പവർലൂമുകൾ സ്ഥാപിച്ചുകഴിഞ്ഞു. മറ്റ് 5 സംഘങ്ങളിൽ വർക്ക്ഷെഡ് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പവർലൂമുകൾ സ്ഥാപിക്കുന്നതാണ്. തൊണ്ട് ലഭ്യത കൂടുതലുള്ള മലബാർ മേഖലയിലെ 50 ഡി.എഫ്. മില്ലുകൾ ഉൾപ്പെടെ സംസ്ഥാനത്ത് ആകെ 128 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിലെ പരമ്പരാഗത കയർ തൊഴിലാളികളുടെ

ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ കയർ മേഖലയിൽ നടപ്പാക്കുന്നുണ്ട്. തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതിനും ഉൽപ്പാദന വർദ്ധനവിനുമായി ഇലക്ട്രോണിക് റാട്ട്, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, വില്ലോവിംഗ് മെഷീൻ, വൈൻഡിംഗ് മെഷീൻ, സ്പൂളിംഗ് മെഷീൻ തുടങ്ങിയവ വിതരണം ചെയ്തുവരുന്നു. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നു. ഇത്തരം നടപടികളുടെ ഭാഗമായി തൊഴിലാളികളുടെ ജോലിഭാരം കുറയുകയും ഉൽപ്പാദനം വർദ്ധിക്കുകയും വേതന വർദ്ധനവുണ്ടാവുകയും ജീവിതനിലവാരം മെച്ചപ്പെടുകയും ചെയ്യും. വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി 2021-2022 സാമ്പത്തിക വർഷത്തിൽ 4,35,97,909/- രൂപ ആലപ്പുഴ ജില്ലയ്ക്കായി അനുവദിക്കുകയുണ്ടായി. പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവ് (Production Marketing Incentive) ആയി 2022-23 വർഷത്തിൽ 58,87,040/- രൂപ ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

## കയർ സഹകരണ സംഘങ്ങൾ

245 (637) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കയർ സഹകരണ സംഘങ്ങളുണ്ടെന്നും ഇവയിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ആകെ 581 കയർ സഹകരണ സംഘങ്ങളുണ്ട്. ഇവയിൽ 61462 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്രവർത്തനം നിലയ്ക്കുകയോ പ്രവർത്തനമാന്ദ്യം സംഭവിക്കുകയോ ചെയ്തിട്ടുള്ള കയർ സഹകരണ സംഘങ്ങൾ എത്രയെന്ന വിവരം ലഭ്യമാക്കാമോ?

കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്രവർത്തനം നിലച്ചതും പ്രവർത്തനമാന്ദ്യം സംഭവിക്കുകയും ചെയ്തിട്ടുള്ള 59 കയർ സഹകരണ സംഘങ്ങളുണ്ട്.

## ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

246 (638) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉൽപ്പാദനത്തിന് ആവശ്യമായ ചകിരി പൂർണ്ണമായും സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരളത്തിലെ കയർ വ്യവസായത്തിനാവശ്യമായ ചകിരിയുടെ 48 ശതമാനം കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി എണ്ണായിരം മുതൽ ഒരു ലക്ഷം തൊണ്ടുവരെ ചകിരിയാക്കാൻ കഴിയുന്ന 128 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി ചകിരി ഉൽപ്പാദനശേഷി 29000 ടൺ ആയി ഉയർന്നിട്ടുണ്ട്. ഇതുകൂടാതെ സ്വകാര്യ മേഖലയിലും ചകിരി ഉൽപ്പാദനം നടക്കുന്നുണ്ട്.

(ബി) പച്ചത്തൊണ്ടിൽനിന്നും ചകിരി ഉൽപ്പാദിപ്പിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് സബ്സിഡി അനുവദിക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് അനുവദിക്കുന്നത്; വിശദമാക്കാമോ?

ഉണ്ട്. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ എന്നിവയ്ക്ക് മൊത്തം പദ്ധതി ചെലവിന്റെ

90%, സ്വകാര്യ സംരംഭകർക്ക് 50% (പരമാവധി 25 ലക്ഷം രൂപ വരെ) എന്നിങ്ങനെയാണ് സബ്സിഡി അനുവദിക്കുന്നത്.

## മലബാർ മേഖലയിലെ കയർ വ്യവസായം

247 (639) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ മേഖലയിലെ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

മലബാർ മേഖലയിലെ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് മലബാർ പാക്കേജ് പദ്ധതി നടപ്പിലാക്കിയിരുന്നു. കൂടാതെ നിലവിൽ കയർ തൊഴിലാളികൾക്കായി വരുമാനം ഉറപ്പാക്കൽ പദ്ധതി, കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി അടിസ്ഥാന സൗകര്യ വികസന പദ്ധതി, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള ചകിരി മില്ലുകൾക്കായി ഇൻവെസ്റ്റ്മെന്റ് സബ്സിഡി സ്കീം, കയർ ഭൂവസ്ത്ര പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. തൊണ്ട് ലഭ്യത കൂടുതലായതിനാൽ ഉയർന്ന ഉൽപ്പാദനശേഷിയുള്ള 50

ഡീ-ഫൈബറിംഗ് മില്ലുകൾ മലബാർ മേഖലയിൽ സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകർക്ക് സബ്സിഡി നൽകി ഈ മേഖലയിലേയ്ക്ക് കൊണ്ടുവരാനുള്ള നടപടികൾ വിജയകരമായിട്ടുണ്ട്. നിലവിൽ പുതിയ പദ്ധതികൾ പരിഗണനയിലില്ല.

**അടച്ചുപൂട്ടപ്പെട്ട കശുവണ്ടി കമ്പനികളുടെ സംരക്ഷണം**

248 (640) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടച്ചുപൂട്ടപ്പെട്ട കശുവണ്ടി കമ്പനികളെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വിയറ്റ്നാമിൽ നിന്നുള്ള തോട്ടണ്ടിയുടെ വരവോടെ അന്താരാഷ്ട്ര മാർക്കറ്റിൽ തോട്ടണ്ടിയുടെ വിലയിലുണ്ടായ ചാഞ്ചാട്ടം, 2016-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച നോട്ട് നിരോധനം, 2018, 2019 വർഷങ്ങളിൽ തുടർച്ചയായി സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, 2020 ആരംഭം മുതൽ ആഗോള വ്യാപകമായി പടർന്നുപിടിച്ച കോവിഡ് മഹാമാരി എന്നിങ്ങനെ വിവിധ കാരണങ്ങളാൽ പ്രതിസന്ധിയിലായ പരമ്പരാഗത കശുവണ്ടി വ്യവസായ രംഗത്ത് അടച്ചുപൂട്ടപ്പെട്ട കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ

ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രതിസന്ധിയിലായ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ മുൻസർക്കാർ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം തുറന്നുപ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ട 70 ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരണ്ടി നൽകി അധിക വായ്പ ബാങ്കുകൾ നൽകുകയുണ്ടായി. പ്രസ്തുത ലോണിന്റെ 2019-20-ലെ പലിശ 9% സബ്സിഡി ഇനത്തിൽ സർക്കാർ ബാങ്കുകൾക്ക് നേരിട്ട് നൽകുകയുണ്ടായി. ഇതിനായി 25 കോടി രൂപ 2019-20 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 304.44 ലക്ഷം രൂപ സർക്കാർ SLBC-ക്ക് അനുവദിക്കുകയും ചെയ്തു.

സ്വകാര്യ കശുവണ്ടി മേഖലയിൽ 2019-ൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പിലാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ പ്രതിനിധി, SLBC കൺവീനർ, വ്യവസായികളുടെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട 'മൂന്നംഗ കമ്മിറ്റി' സർക്കാർ രൂപീകരിച്ചിരുന്നു. കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും തമ്മിൽ OTS സംബന്ധിച്ച് സമവായത്തിലെത്തുന്നതിനായി 30-12-2021-ൽ

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി യോഗം ചേരുകയും OTS സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്തിരുന്നു. പ്രസ്തുത മീറ്റിംഗ് കൈക്കൊണ്ട ചുവടെ പറയുന്ന സുപ്രധാന തീരുമാനങ്ങൾക്ക് പ്രാബല്യം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. 31-01-2019 വരെ NPA ആയ അക്കൗണ്ടുകൾക്കുപകരം 31-03-2020 വരെ NPA ആയ അക്കൗണ്ടുകൾ ഈ പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതാണ്.

2. രണ്ട് കോടി രൂപ വരെയുള്ള അക്കൗണ്ടുകൾക്ക് OTS തുകയുടെ 50% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്. 2 കോടി രൂപയ്ക്ക് മുകളിൽ 10 കോടി രൂപ വരെയുള്ള NPA അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്.

3. OTS സ്വീകരിക്കുന്ന അക്കൗണ്ട് ഹോൾഡർ 31-03-2022-നകം ബാങ്കുമായി കരാറിൽ ഏർപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

4. OTS സ്വീകരിച്ച് ബാധ്യത ഒഴിവാക്കുന്നതിന് OTS സ്വീകരിക്കുന്ന

തീയതി മുതൽ പരമാവധി ഒരു വർഷം വരെ സമയം അനുവദിക്കുന്നതാണ്.

5. OTS സ്വീകരിക്കുന്നവർ OTS തുകയുടെ 10% Initial Payment ആയി ബാങ്കുകളിൽ ഒടുക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ 2 മാസത്തെ സമയം അനുവദിക്കുന്നതാണ്.

കോവിഡ് മഹാമാരിമൂലം മാന്ദ്യതയിലായ സാമ്പത്തിക രംഗം തകർച്ചയിൽനിന്നും ഇനിയും പൂർണ്ണമായും കരകയറിയിട്ടില്ലാത്ത സാഹചര്യത്തിൽ OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി 31-03-2022-ൽനിന്നും ദീർഘിപ്പിച്ച് നൽകണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിരുന്നു. ഇക്കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 16-06-2022-ലെ സ.ഉ.(സാധാ)നം. 562/2022/വ്യവ. പ്രകാരം 31-12-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ കശുവണ്ടി വ്യവസായ മേഖലയിലെ നിലവിലെ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും വിലയിരുത്തുന്നതിനും ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി 18-01-2022-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുമായും തൊഴിലാളി സംഘടനാ നേതാക്കളുമായും കശുവണ്ടി വികസന കോർപ്പറേഷൻ/കാപ്പെക്സ്/കാഷ്യൂബോർഡ്/കശുമാവ് കൃഷി വികസന ഏജൻസി എന്നിവയിലെ ഉന്നതാധികാരികളുമായും യോഗങ്ങൾ നടത്തിയിരുന്നു. പ്രസ്തുത മീറ്റിംഗുകളിൽ കശുവണ്ടി മേഖലയെ പുനരുദ്ധരിക്കുന്നതിന് സാധ്യമായ എല്ലാ സഹായസഹകരണങ്ങളും സർക്കാർ ഉറപ്പുനൽകുകയും കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങളിൽ പ്രൊഫഷണൽ സമീപനം കൊണ്ടുവരുന്നതിനും തീരുമാനമെടുക്കുകയും ചെയ്തു. കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനും സമഗ്രവികസനത്തിനുമായി 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 95 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കോവിഡുമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനികീകരണത്തിനുള്ള മൂലധനസഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ

പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റുപ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കാനുമായി 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയിലെ അടച്ചുപൂട്ടപ്പെട്ട കശുവണ്ടി ഫാക്ടറികൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് ഈ പദ്ധതികൾ സഹായമാകുന്നതാണ്.

## കശുവണ്ടി ഫാക്ടറികളുടെ നവീകരണം

249 (641) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഫാക്ടറികൾ ആധുനികവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഇതിലൂടെ എത്ര പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകും; വിശദമാക്കാമോ?

ആധുനികവൽക്കരണത്തിന്റെയും നവീകരണത്തിന്റെയും തുടർപ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ

5.50 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന് വകയിരുത്തിയിട്ടുണ്ട്. മേൽനടപടികളിലൂടെയും ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിലെ പാരിറ്റി സംരക്ഷിച്ചും പുതുതായി 535 പേർക്കുകൂടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷൻ നിയമനം നൽകിയിട്ടുണ്ട്. ഈ വർഷം 1000 തൊഴിലവസരങ്ങൾ ഇതിലൂടെ സൃഷ്ടിക്കാൻ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ പദ്ധതിയിടുന്നു. 2016 മുതൽ 2022 വരെയുള്ള വർഷങ്ങളിൽ കാപ്പെക്സിന് ആകെ നൽകിയ 60.42 കോടി രൂപയിൽനിന്നും 5.19 കോടി രൂപ കാപ്പെക്സ് കശുവണ്ടി ഫാക്ടറികൾ നവീകരിക്കുന്നതിനും പുനരുദ്ധാരണത്തിനും ഭാഗികമായ യന്ത്രവൽക്കരണത്തിനും നൽകുകയും ചെയ്തു. 2022, 2023 വർഷങ്ങളിൽ ഏകദേശം 1000 തൊഴിലാളികളെക്കൂടി പുതുതായി നിയമിക്കാൻ കാപ്പെക്സ് പദ്ധതി തയ്യാറാക്കിവരുന്നു.

## കാപ്പെക്സിലെ അഴിമതി

250 (642) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം,

വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടി വാങ്ങിയതിൽ അഴിമതി നടത്തിയതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയ കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എം.ഡി.-യെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പരിശോധനാ റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ വ്യക്തമാക്കാമോ?

പരിശോധനാ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകളുടെ പ്രസക്തഭാഗം അനുബന്ധമായി+ ചേർക്കുന്നു.

(സി) സർക്കാർ ഉത്തരവ് പാലിക്കാതെ 2018, 2019 വർഷങ്ങളിൽ തോട്ടണ്ടി വാങ്ങിയത് വിജിലൻസ് അന്വേഷിക്കണമെന്നും കാപ്പെക്സിനുണ്ടായ കോടികളുടെ നഷ്ടം എം.ഡി.-യിൽനിന്ന് ഈടാക്കണമെന്നുമുള്ള ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശിപാർശയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2018, 2019 വർഷങ്ങളിൽ കാപ്പെക്സ് തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ആയതിന്മേൽ തുടർനടപടികൾ നടന്നുവരുന്നു. കൂടാതെ ധനകാര്യ പരിശോധനാ റിപ്പോർട്ടിലെ മറ്റുശിപാർശകളിൽ തുടർനടപടി സ്വീകരിക്കുന്നതിനായി അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് കാപ്പെക്സിന് കൈമാറിയിട്ടുണ്ട്.

## വൈദ്യുതവാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നത്

251 (643) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതവാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ഇലക്ട്രിക് പോസ്റ്റുകളിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ചവറ നിയോജകമണ്ഡലത്തിൽ എത്ര പോസ്റ്റുകളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; എവിടെയൊക്കെയാണ് ഇത് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ചവറ നിയോജകമണ്ഡലത്തിൽ 7 സ്ഥലങ്ങളിലായി ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഒരു മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് ഇവ സ്ഥാപിക്കുന്നത്.

തെക്കൻ ഗുരുവായൂർ അമ്പലത്തിന് സമീപം, തെക്കുഭാഗം, പുത്തൻതുറ, കെ.എം.എം.എൽ.-ന് സമീപം, നീണ്ടകര കുരിശടി, ആൽത്തറമൂട്, രാമൻകുളങ്ങര.

## കൂടംകുളം കൊച്ചി പവർഹൈവേയുടെ സ്ഥലമേറ്റെടുപ്പ് - നഷ്ടപരിഹാര തുക നൽകുന്നത് ത്വരിതപ്പെടുത്താൻ നടപടി

252 (644) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം കൊച്ചി പവർഹൈവേയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുക ഭൂമി വിട്ടുനൽകിയ മുഴുവൻ ആളുകൾക്കും കൈമാറിയിട്ടുണ്ടോ; ഏതൊക്കെ പ്രദേശങ്ങളിലുള്ളവർക്ക് ഇനിയും തുക കൈമാറാനുണ്ടെന്ന് വ്യക്തമാക്കുമോ?

കൂടംകുളം കൊച്ചി പവർഹൈവേയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുക ഭൂമി വിട്ടുനൽകിയ മുഴുവൻ ആളുകൾക്കും

കൈമാറിയിട്ടില്ല. കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം എന്നീ നാല് ജില്ലകളിൽക്കൂടിയാണ് കൂടംകുളം-കൊച്ചി പവർഹൈവേ കേരളത്തിൽ കടന്നുപോകുന്നത്. ഈ ജില്ലകളിൽ ഇനിയും നഷ്ടപരിഹാരം വിതരണം ചെയ്യാൻ ബാക്കിനിൽക്കുന്ന പ്രദേശങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർത്തിരിക്കുന്നു.

കൊല്ലം - പത്തനാപുരം, പുന്നല, പിറവന്തൂർ, ഇടമൺ എന്നീ വില്ലേജുകളുടെ പരിധിയിലുള്ള റെക്കാർഡുകൾ ഹാജരാക്കാത്തവർക്ക് കോറിഡോർ കോമ്പൻസേഷൻ നൽകാനുണ്ട്.

പത്തനംതിട്ട - കലഞ്ഞൂർ, കൂടൽ, അരുവാപ്പുലം, കോന്നി, കോന്നി-താഴം, പ്രമാടം, മലയാലപ്പുഴ, മൈലപ്ര, ചെറുകോൽ, റാന്നി, അങ്ങാടി, പെരുമ്പെട്ടി, കോട്ടാങ്ങൽ എന്നീ പ്രദേശങ്ങളിൽ ഉൾപ്പെടുന്നവർക്ക് ഇനിയും നഷ്ടപരിഹാരം കൈമാറാനുണ്ട്.

കോട്ടയം - മുളക്കുളം, ഞീഴൂർ, കുറവിലങ്ങാട്, കാണക്കാരി, കടപ്ലാമറ്റം, കിടങ്ങൂർ, ഏറ്റുമാനൂർ, അയർക്കുന്നം, കൂരോപ്പട, പാമ്പാടി, ആനിക്കാട്, വാഴൂർ, കങ്ങഴ, വെള്ളാവൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്നവർക്ക് ഇനിയും നഷ്ടപരിഹാരം കൈമാറാനുണ്ട്.

എറണാകുളം - ഭൂമി സംബന്ധമായി ഫെയർവാല്യൂ ഉൾപ്പെടെ ശരിയായ രേഖകൾ സമർപ്പിക്കാത്തതും മറ്റുതർക്കങ്ങൾ നിലനിൽക്കുന്നതുമായ മൂവാറ്റുപുഴ, കുന്നത്തുനാട് താലൂക്കുകളുടെ പരിധിയിൽവരുന്ന ഭൂഉടമകൾക്ക് ഇനിയും നഷ്ടപരിഹാരം നൽകാനുണ്ട്.

(ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പ്രദേശത്തെ എത്രപേർക്ക് ഇനിയും പ്രസ്തുത നഷ്ടപരിഹാരത്തുക ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പ്രദേശത്തെ 281 കക്ഷികൾക്ക് ഇനിയും നഷ്ടപരിഹാരത്തുക ലഭിക്കാനുണ്ട്.

(സി) നഷ്ടപരിഹാരത്തുക ലഭിക്കാത്തതുസംബന്ധിച്ച പരാതികൾ പരിശോധിക്കാൻ വിളിച്ചുചേർത്ത അദാലത്തിന്റെ നടപടികൾ ഇപ്പോൾ ഏത് അവസ്ഥയിലാണ്; അദാലത്തിൽ എടുത്ത തീരുമാനം എത്രയുംവേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കാമോ?

കോട്ടയം ജില്ലയിൽ 2022 ഫെബ്രുവരിയിൽ നടത്തിയ വില്ലേജ് തിരിച്ചുള്ള സ്പെഷ്യൽ ക്യാമ്പിൽ 118 വരെയുള്ള കോറിഡോറുകളിൽ റെക്കാർഡുകൾ സമർപ്പിച്ച കക്ഷികൾക്ക് നഷ്ടപരിഹാരം വിതരണം

ചെയ്തിട്ടുള്ളതാണ്. ബാക്കി കോറിഡോറുകളിൽ നഷ്ടപരിഹാരം നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വില്ലേജുതല അദാലത്തുകൾ പത്തനംതിട്ട ജില്ലയിൽ നടത്തിയിരുന്നതും കൃത്യമായ രേഖകൾ ഹാജരാക്കിയ എല്ലാ കൈവശക്കാർക്കും നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുള്ളതുമാണ്. നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ അദാലത്തുകൾ സംഘടിപ്പിച്ചിട്ടില്ല. നഷ്ടപരിഹാരത്തുക നിശ്ചയിച്ചതുമായി/നൽകിയതുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള OP (Ele) കേസ്സുകൾ തീർപ്പാക്കുന്നതിന് കോടതികൾ വിവിധ കാലങ്ങളിൽ നിശ്ചയിച്ച അദാലത്തുകൾ എറണാകുളം ജില്ലയിൽ നടത്തിയിട്ടുണ്ട്.

## കുട്ടനാട്ടിലെ കർഷകർക്ക് വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ നടപടി

253 (645) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ കൃഷിയിറക്കുമ്പോൾ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് കുട്ടനാട്ടിൽ കൃഷി ആവശ്യത്തിന് യാതൊരു താമസവും കൂടാതെ കണക്ഷൻ നൽകിവരുന്നുണ്ട്.

നിലവിലുള്ള കുട്ടനാട് 66 കെ.വി. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ച് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കുന്നതോടുകൂടി വൈദ്യുതിയുടെ ലഭ്യതയും ഗുണനിലവാരവും മെച്ചപ്പെടുന്നതാണ്.

(ബി) കർഷകർക്ക് നൽകുന്ന വൈദ്യുതിക്ക് ചാർജ്ജ് കുറച്ച് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും ടി സേവനങ്ങൾക്കായി ഉപഭോക്താവിൽനിന്നും ഈടാക്കാവുന്ന തുക എന്നിവ നിശ്ചയിക്കുന്നത് കേരള സ്റ്റേറ്റ് റഗുലേറ്ററി കമ്മീഷനാണ്. നിലവിലുള്ള താരിഫ് ഉത്തരവുപ്രകാരമുള്ള സബ്സിഡി നിരക്കുകൾ അനുസരിച്ചാണ് എല്ലാ കാർഷിക കണക്ഷനുകൾക്കും വൈദ്യുതി ബിൽ നൽകിവരുന്നത്. ഇതിൽനിന്നും കൃഷി വകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ, ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ്ജ് മാത്രമാണ് (കർഷകൻ നേരിട്ട് അടയ്ക്കാതെ) കൃഷി ഭവൻ മുഖേന അടയ്ക്കുന്നത്.

സംസ്ഥാനത്ത്, നിലവിൽ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി, വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ, LT V (A) കാർഷിക താരിഫിലാണ് നൽകിവരുന്നത്. താഴെപ്പറയുന്ന ഇളവുകളാണ് സംസ്ഥാനത്തെ കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

2012-13 സാമ്പത്തിക വർഷം മുതൽ, സംസ്ഥാനത്തെ കർഷകർക്ക് കമ്മീഷൻ നിശ്ചയിച്ചുവരുന്ന എനർജി ചാർജ്ജിൽ യൂണിറ്റൊന്നിന് 85 പൈസാ നിരക്കിൽ സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകിവരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട ഏകദേശം 4.5 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭ്യമാകുന്നുണ്ട്. ടി ഇനത്തിൽ പ്രതിവർഷം ഏകദേശം 25 കോടിയോളം രൂപയാണ് നൽകിവരുന്നത്.

സംസ്ഥാന ഗവൺമെന്റ്, നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയുള്ള കാർഷിക ഉപഭോക്താക്കൾക്ക് (നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റുകാർഷിക വിളകൾക്ക് ഏറ്റവും കുറഞ്ഞത് 30 സെന്റ് [അതിൽ 75% എങ്കിലും കൃഷിക്ക് ഉപയുക്തമായിരിക്കണം], പച്ചക്കറി കൃഷി - 10 സെന്റ്, വെറ്റില കൃഷി - 5 സെന്റ്) കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ്ജ് പൂർണ്ണമായും സൗജന്യമായി നൽകിവരുന്നു. ഇതിന്റെ ആനുകൂല്യം ഏകദേശം 2.8 ലക്ഷം കാർഷിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു. ടി ഉപഭോക്താക്കളുടെ പ്രതിമാസ

വൈദ്യുതി ചാർജ്ജ് 12 കോടിയോളം രൂപ വരും.

ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയില്ലാത്ത കാർഷിക ഉപഭോക്താക്കൾക്ക്, യൂണിറ്റൊന്നിന് 2.76 രൂപ നിരക്കിലാണ് നൽകിവരുന്നത്. അതായത്, ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ പ്രിമൈസസിൽ എത്തിക്കുന്നതിനാവശ്യമായ ചെലവായ (Average Cost of Supply) 6.50 രൂപയേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ടി വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകിവരുന്നത്.

**മഴുവന്നൂർ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം**

254 (646) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ പഞ്ചായത്തിലെ വളയൻചിറങ്ങര ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള പാലത്താലി ഭാഗത്തെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള നടപടികൾ 2022-23 വർഷത്തെ ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വളയൻചിറങ്ങര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ പാലത്താലി

ഭാഗത്തെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ 2022-2023-ലെ ആർ.ഡി.എസ്.എസ്.-ൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ പാലത്താലി ഭാഗത്തെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനായി നിലവിലെ 11 കെ.വി. ലൈൻ റീ-റൂട്ട് ചെയ്ത് കണ്ടക്ടറുകൾ മാറ്റി എ.ബി.സി. വലിക്കുന്ന 44,56,685/- രൂപയുടെ ജോലി 2022-23 വർഷത്തെ ദ്യുതി-2 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പദ്ധതിയിലെ ആദ്യഘട്ടമായി പോസ്റ്റുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. എ.ബി.സി. വലിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽത്തന്നെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

## കാർഷിക മേഖലയ്ക്ക് സൗജന്യ നിരക്കിൽ അധികവൈദ്യുതി

255 (647) <u>ശ്രീ. തോമസ് കെ. തോമസ്</u>:

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ കാർഷിക സ്വയംപര്യാപ്തമാക്കുവാൻ കാർഷിക മേഖലയ്ക്ക് സൗജന്യമായി അധികവൈദ്യുതി ലഭ്യമാക്കുന്നത് പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും ടി സേവനങ്ങൾക്കായി ഉപഭോക്താവിൽനിന്നും ഈടാക്കാവുന്ന തുക/വൈദ്യുതി ചാർജ്ജ് എന്നിവ നിശ്ചയിക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ്.

കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതി ഇപ്പോൾ സൗജന്യമല്ല, നിലവിലുള്ള താരിഫ് ഉത്തരവുപ്രകാരമുള്ള നിരക്കുകൾക്ക് അനുസരിച്ചാണ് എല്ലാ കാർഷിക കണക്ഷനുകൾക്കും വൈദ്യുതി ബിൽ നൽകിവരുന്നത്. ഇതിൽനിന്നും കൃഷി വകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ, ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ്ജ് മാത്രമാണ് (കർഷകൻ നേരിട്ട് അടക്കാതെ) കൃഷിഭവൻ മുഖേന അടയ്ക്കുന്നത്. സൗജന്യമായി വൈദ്യുതി നൽകുകയാണെങ്കിൽ കമ്മീഷൻ അംഗീകരിച്ച താരിഫ് നിരക്കിനനുസൃതമായി അധിക വൈദ്യുതിക്ക് ചെലവാകുന്ന തുക കെ.എസ്.ഇ.ബി.-ക്ക് സംസ്ഥാന സർക്കാർ ലഭ്യമാക്കേണ്ടതുണ്ട്.

(ബി) നെൽ കർഷകർക്ക് വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനും

നെൽക്കൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമായി വേഗത്തിലും സൗജന്യമായും വൈദ്യുതി നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ?

സാധാരണഗതിയിൽ കാർഷിക കണക്ഷനുകൾ ഉൾപ്പെടെ (നെൽകർഷകർക്കുൾപ്പെടെയുള്ള) ഏതുവിഭാഗത്തിൽപ്പെട്ട വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും അപേക്ഷകന് ഒരു തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയുംമാത്രം ഹാജരാക്കിയാൽ മതിയാകും. ചില കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് കൃഷി വകുപ്പ് ആയതിനാൽ കൃഷി വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന വിസ്തൃതിയിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് കാർഷിക കണക്ഷനുകൾ കെ.എസ്.ഇ.ബി.എൽ. നൽകിവരുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2014 പ്രകാരം സൗജന്യമായി കണക്ഷൻ നൽകുന്നതിനുവേണ്ടി ചെലവാകുന്ന തുക കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ഡേറ്റയ്ക്ക് അനുസൃതമായി സംസ്ഥാന സർക്കാർ കെ.എസ്.ഇ.ബി.-ക്ക് മുൻകൂറായി നൽകേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയുള്ള കാർഷിക ഉപഭോക്താക്കൾക്ക് (നെൽക്കൃഷിക്ക് പരിധിയില്ലാതെയും മറ്റുകാർഷിക വിളകൾക്ക് ഏറ്റവും

കുറഞ്ഞത് 30 സെന്റ് [അതിൽ 75% എങ്കിലും കൃഷിക്ക് ഉപയുക്തമായിരിക്കണം], പച്ചക്കറി കൃഷി - 10 സെന്റ്, വെറ്റില കൃഷി - 5 സെന്റ്) കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ്ജ് പൂർണ്ണമായും സൗജന്യമായി നൽകിവരുന്നു. ഇതിന്റെ ആനുകൂല്യം ഏകദേശം 2.8 ലക്ഷം കാർഷിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു. ടി ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 12 കോടിയോളം രൂപ വരും.

**ചെറായി-ഞാറക്കൽ ഡബിൾ സർക്ക്യൂട്ട് ലൈൻ നിർമ്മാണം**

256 (648) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ചെറായി-ഞാറക്കൽ 110 കെ.വി. ഡബിൾ സർക്ക്യൂട്ട് ലൈൻ നിർമ്മാണത്തിന്റെയും ഞാറക്കൽ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടതുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

(എ&ബി) i). <u>14.1 കി.മി. ചെറായി ഞാറക്കൽ 110 കെ.വി. ഡി.സി. ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി</u>:- 14.1 കിലോമീറ്റർ ചെറായി ഞാറക്കൽ 110 കെ.വി. ഡി.സി. ലൈൻ (14.1 കിലോമീറ്റർ) നിർമ്മാണത്തിനുള്ള വർക്ക് ഓർഡർ നൽകുകയും ഫൗണ്ടേഷൻ വർക്കുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊഫൈൽ സർവ്വേ പൂർത്തിയായിക്കഴിഞ്ഞു. ടവറുകളുടെ അടിത്തറ നിർമ്മിക്കുന്ന പ്രവർത്തനത്തിന്റെ മുന്നോടിയായ ഭൂപരിശോധനാ ജോലി പൂർത്തിയായി ലേ ഔട്ട് അപ്രൂവൽ ലഭിച്ചിട്ടുണ്ട്. ആവശ്യമായ നിർമ്മാണ സാമഗ്രികൾ ജോലി സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി ടവർ ഫൗണ്ടേഷൻ വർക്കുകൾ, ടവർ ഇറക്ഷൻ, കണ്ടക്ടർ സ്ട്രിങ്ങിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

ii) <u>66 കെ.വി. സബ്സ്റ്റേഷൻ ഞാറക്കൽ 110 കെ.വി. ലെവൽ ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി</u>:- ഞാറക്കൽ 66 കെ.വി. സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി.-ലേയ്ക്ക് ഉയർത്തുന്നതിന്റെ ലേ ഔട്ടിന് അപ്രൂവൽ ലഭിച്ചിട്ടുണ്ട്. ഇതിനായി 2 ട്രാൻസ്ഫോർമർ ബേയുടെയും 2 ഫീഡർ ബേയുടെയും നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. ടി പ്രവൃത്തികൾ 2023 ഡിസംബർ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കാസർഗോഡ് ജില്ലയിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ചാർജ്ജിംഗ് പോയിന്റ്

257 (649) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ചാർജ്ജിംഗ് പോയിന്റ് സ്ഥാപിക്കുന്ന പദ്ധതി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ എത്ര ചാർജ്ജിംഗ് പോയിന്റുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിലേയ്ക്ക് അനുവദിച്ചിട്ടുള്ള ചാർജ്ജിംഗ് പോയിന്റുകളുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ-സി) കാസർഗോഡ് ജില്ലയിൽ ഒരു ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനും 37 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുപോകുന്നു. പദ്ധതി ഒരു മാസംകൊണ്ട് പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ്

ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതിപ്രകാരം കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഡി.ടി.പി.സി. വേ സൈഡ് അമിനിറ്റി സെന്ററിൽ ഒരു സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനായുള്ള പ്രവൃത്തികൾ

258 (650) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിവിധ ആദിവാസി പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനായി 2016 ജൂൺ മാസം മുതൽ നാളിതുവരെ എത്ര തുകയാണ് സർക്കാർ ചെലവഴിച്ചതെന്നും കോളനികളുടെ പേരുവിവരങ്ങളും ഓരോ കോളനിയിലേയ്ക്കും ചെലവഴിച്ച തുകയും വൈദ്യുതി എത്തിച്ച രീതിയും ഇലക്ട്രിക്കൽ സെക്ഷൻ തിരിച്ച് വിവരം ലഭ്യമാക്കുമോ; ഈ തുക ഏത് വകുപ്പാണ് നൽകിയതെന്നും ഏത് പദ്ധതിയിലുൾപ്പെടുത്തിയാണെന്നും അറിയിക്കുമോ?

നിലമ്പൂർ ഡിവിഷനുകീഴിൽ അളയ്ക്കൽ, പുഞ്ചകൊല്ലി എന്നീ കോളനികളിലും (നിലവിൽ മൂത്തേടം സെക്ഷൻ), കരുളായി സെക്ഷനുകീഴിൽ മുണ്ടക്കടവ് കോളനിയിലേയ്ക്കും HT UG CABLE സ്ഥാപിച്ച്

11 KV ലൈനും LT OH വഴിയും SC/ST ഫണ്ടുപയോഗിച്ച് വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. വൈദ്യുതീകരണത്തിനാവശ്യമായ തുകയും ഫോറസ്റ്റ് അനുമതിയും ലഭ്യമായ പാട്ടക്കരിമ്പ് കോളനിയുടെ വൈദ്യുതീകരണം അവസാന ഘട്ടത്തിലാണ്.

<u>മുണ്ടക്കടവ് കോളനി (കരുളായി സെക്ഷൻ)</u>:- മുണ്ടക്കടവ് കോളനിയിലേയ്ക്ക് UG CABLE വഴി HT-യും LT സപ്ലൈ LT OH ആയും നൽകിയിട്ടുണ്ട്. തുക - 82,25,350/- രൂപ (ATSPS ഫണ്ട് [അഡീഷണൽ ട്രൈബൽ സബ് പ്ലാൻ സ്കീം]).

<u>അളയ്ക്കൽ കോളനി (വഴിക്കടവ് സെക്ഷൻ)</u>:- അളയ്ക്കൽ കോളനിയിലേയ്ക്ക് HT UG വഴിയും LT OH വഴിയുമാണ് വൈദ്യുതി എത്തിക്കുന്നത്. ഈ കോളനി ഇപ്പോൾ മൂത്തേടം സെക്ഷന്റെ പരിധിയിലാണ്. തുക - 1,10,69,301/- രൂപ (ATSPS ഫണ്ട്).

<u>പുഞ്ചകൊല്ലി (വഴിക്കടവ് സെക്ഷൻ)</u>:- പുഞ്ചകൊല്ലി കോളനിയിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നത് HT SUPPLY UG CABLE വഴിയും LT OH വഴിയുമാണ്. ഈ കോളനി ഇപ്പോൾ മൂത്തേടം സെക്ഷന്റെ പരിധിയിലാണ്. തുക - 90,57,634/- രൂപ (ATSPS ഫണ്ട്).

<u>പാട്ടക്കരിമ്പ് കോളനി (പൂക്കോട്ടുംപാടം സെക്ഷൻ)</u>:- പാട്ടക്കരിമ്പ് കോളനിയിലേയ്ക്ക് HT സപ്ലൈ ABC വഴിയും LT സപ്ലൈ UG CABLE വഴിയുമാണ്. തുക - 53,31,889/- രൂപ (ATSPS ഫണ്ട്).

(ബി) മലപ്പുറം ജില്ലയിലെ ഏതെല്ലാം ആദിവാസി പട്ടികവർഗ്ഗ കോളനികളിലേയ്ക്കാണ് ഇനിയും വൈദ്യുതി എത്തിക്കാനുള്ളതെന്ന് വിശദമാക്കാമോ; ഗ്രിഡ് വൈദ്യുതി എത്തിക്കാൻ കഴിയാത്ത വനാന്തര കോളനികളുടെ വിവരങ്ങൾ പ്രത്യേകം നൽകാമോ?

നിലമ്പൂർ ഡിവിഷനുകീഴിൽ പോത്തുകല്ല് സെക്ഷൻ പരിധിയിലുള്ള കുമ്പളപ്പാറ, വാണിയമ്പുഴ കോളനിയിലേയ്ക്കും കരുളായി ഇലക്ട്രിക്കൽ സെക്ഷനുകീഴിലുള്ള മാഞ്ചീരി കോളനിയിലേയ്ക്കുമാണ് വൈദ്യുതി എത്തിക്കാനുള്ളത്. ഇതിൽ കുമ്പളപ്പാറ, വാണിയംപുഴ കോളനിയിൽ നേരത്തെ വൈദ്യുതി ഉണ്ടായിരുന്നതും എന്നാൽ 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വൈദ്യുതി ലൈൻ നശിച്ചുപോയതുമാണ്. ഉൾവനത്തിൽ സ്ഥിതിചെയ്യുന്ന ആനകളുടെ വിഹാര മേഖലയായ മാഞ്ചീരി കോളനിയിൽ ഗ്രിഡ് സപ്ലൈ എത്തിക്കാൻ പ്രയാസമുള്ള അവസ്ഥയിലാണ്.

(സി) വനാന്തർഭാഗത്തെ വൈദ്യുതീകരണത്തിന് വനംവകുപ്പിന്റെ അനുമതി ആവശ്യമായ മലപ്പുറം ജില്ലയിലെ ആദിവാസി കോളനികളുടെ

വിവരം ലഭ്യമാക്കാമോ; അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

നിലമ്പൂർ ഡിവിഷനുകീഴിൽ പോത്തുകല്ല് സെക്ഷനുകീഴിൽ വനാന്തർഭാഗത്ത് സ്ഥിതിചെയ്യുന്ന പട്ടികവർഗ്ഗ കോളനികളായ കുമ്പളപ്പാറ, വാണിയമ്പുഴ എന്നിവയുടെ പുനർവൈദ്യുതീകരണത്തിന് ആവശ്യമായ ഫോറസ്റ്റ് ക്ലിയറൻസിന്റെ ആവശ്യത്തിലേയ്ക്ക് നിലമ്പൂർ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിൽനിന്നും 1.32 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റും സ്കെച്ചും നിലമ്പൂർ നോർത്ത് ഡി.എഫ്.ഒ.-യ്ക്ക് സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിൽനിന്നും ആവശ്യമായ അനുമതി 25-3-2022-ലെ ഓർഡർ നമ്പർ D.6871/2021 പ്രകാരം നിലമ്പൂർ ഡി.എഫ്.ഒ.-യിൽനിന്നും ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വർക്ക് നടത്താൻ സാധിക്കുന്നതാണ്.

(ഡി) വനാന്തർഭാഗത്തെ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനായി അണ്ടർഗ്രൗണ്ട് കേബിൾ സംവിധാനമാണോ ഏരിയൽ ബഞ്ചഡ് കേബിൾ സംവിധാനമാണോ പ്രായോഗികമെന്നും ഏതുസംവിധാനത്തിലാണ് ചെലവ് കുറവുള്ളതെന്നും വ്യക്തമാക്കാമോ; ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത മലപ്പുറം ജില്ലയിലെ

വനാന്തർഭാഗത്തെ കോളനികളിലേയ്ക്ക് ഏത് സംവിധാനത്തിലാണ് വൈദ്യുതി എത്തിക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിന് പ്രതീക്ഷിക്കുന്ന ചെലവും വിശദമാക്കാമോ?

വനാന്തർഭാഗത്ത് വൈദ്യുതി ലഭ്യമാക്കാൻ ഭൂഗർഭ കേബിളുകൾ ഉപയോഗിച്ചുള്ള വൈദ്യുതി വിതരണത്തിലാണ് തകരാറുകൾ ഉണ്ടാകാനുള്ള സാധ്യത കുറവുള്ളത്. എന്നാൽ ഇത് ചെലവേറിയ പദ്ധതിയാണ്. അതിനാൽ പ്രായോഗികമായി നോക്കുമ്പോൾ ജീവികളുടെ സുരക്ഷ ഉൾപ്പെടെ HT ABC ഉപയോഗിച്ചാൽ സാധ്യമാകുകയും ഭൂഗർഭ കേബിളുകളെ അപേക്ഷിച്ച് ചെലവ് കുറയുകയും ചെയ്യും. എന്നാൽ മരം വീണ് പോസ്റ്റുകൾ ഒടിയാൻ സാധ്യതയുണ്ടെന്ന പരിമിതി ഇതിനുണ്ട്. മലപ്പുറത്തെ കോളനികളിൽ HT/LT ABC ഉപയോഗിച്ച് വൈദ്യുതി എത്തിക്കാനാണ് 1.32 കോടി രൂപയുടെ എസ്റ്റിമേറ്റ് എടുത്തിരിക്കുന്നത്.

(ഇ) മലപ്പുറം ജില്ലയിലെ വനാന്തർഭാഗത്തെ ആദിവാസി കോളനികളിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി നിർദ്ദേശം ഇപ്പോൾ ഏത് കാര്യാലയത്തിലാണുള്ളതെന്നും ഫയൽ നമ്പരടക്കമുള്ള വിവരങ്ങളും പുരോഗതിയും ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ ഡിവിഷനുകീഴിലുള്ള കുമ്പളപ്പാറ,

വാണിയമ്പുഴ എന്നീ കോളനികളുടെ പുനർവൈദ്യുതീകരണത്തിന് ആവശ്യമായ 1.32 കോടി രൂപ ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പിനോട് ആവശ്യപ്പെട്ടുകൊണ്ട് 23-11-2021-ന് D(D&IT)/D6-AE1/General/Colony Electrification/2021-22 പ്രകാരം കെ.എസ്.ഇ.ബി.എൽ. വിതരണ വിഭാഗം ഡയറക്ടറുടെ ഓഫീസിൽനിന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടർക്കും 21-04-2022-ന് No.DB/AE-1/Colony Electrification/ 2022-23/75 പ്രകാരം നിലമ്പൂർ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, നിലമ്പൂർ ITDP (Integrated Tribal Development Programme) ഓഫീസർക്കും കത്ത് നൽകിയിട്ടുണ്ട്.

## വൈദ്യുതോല്പാദനത്തിൽ സ്വയംപര്യാപ്തത

259 (651) ശ്രീ. പി. വി. അൻവർ:

ശ്രീ. എം. മുകേഷ്:

ശ്രീ. എൻ. കെ. അക്ബർ:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ന് പ്രവർത്തനലാഭം നേടാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; ലാഭം നേടുന്നതിന് അടിസ്ഥാനമായ

ഘടകങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

2021-22-ലെ താൽക്കാലിക കണക്കുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് പ്രവർത്തനലാഭം നേടാൻ കഴിഞ്ഞിട്ടുണ്ട്. ആയതുപ്രകാരം 1417 കോടി രൂപയാണ് പ്രവർത്തനലാഭം. ആഡിറ്റ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇതിൽ നേരിയ മാറ്റം വരാൻ സാധ്യതയുണ്ട്. മികച്ച കാലവർഷത്തിലൂടെയുള്ള വൈദ്യുതി വിൽപ്പനയിലൂടെ 1024.31 കോടി രൂപയാണ് 2021-22 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭ്യമായത്. കുറഞ്ഞ നിരക്കിൽ വായ്പകൾ ലഭ്യമായതുകൊണ്ടും വായ്പാ പുന:ക്രമീകരണത്തിലൂടെ പലിശ നിരക്കുകൾ കുറഞ്ഞതുകൊണ്ടും മാസ്റ്റർ ട്രസ്റ്റ് ബോണ്ടുകളുടെ തുക ഭാഗികമായി തിരികെ നൽകിയതുകൊണ്ടും 2021-22 സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ 111.90 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കോവിഡ് മഹാമാരിമൂലമുള്ള ലോക്ഡൗൺ അവസാനിച്ചതുമൂലം കൊമേഴ്സ്യൽ, ഇൻഡസ്ട്രിയൽ, ഹൈടെൻഷൻ കാറ്റഗറികളിലെ വൈദ്യുതി ഉപഭോഗം വർദ്ധിച്ചതും പ്രവർത്തന ലാഭമുണ്ടാകാൻ കാരണമായിട്ടുണ്ട്.

(ബി) വൈദ്യുതോല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുകയെന്നത് ലക്ഷ്യമിട്ട് എന്തെല്ലാം നടപടികളാണ് സർക്കാർ

സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ നൽകാമോ?

വൈദ്യുത ഉല്പാദനം മെച്ചപ്പെടുത്തുന്നതിനായി വിവിധ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംഭരണ ശേഷിയോടുകൂടിയ ജലനിലയങ്ങൾ വികസിപ്പിക്കുക, പുനരുപയോഗ സ്രോതസ്സുകളിൽനിന്നുമുള്ള വൈദ്യുതി വിഹിതം വർദ്ധിപ്പിക്കുക, പുനരുപയോഗ ഊർജ്ജ മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക, സംസ്ഥാനത്തെ ജല സംഭരണികൾ, വെള്ളക്കെട്ടുകൾ തുടങ്ങിയ ഇടങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാനപ്പെട്ട നടപടികൾ.

കേരളത്തിലെ വൈദ്യുതി ആവശ്യകത നിറവേറ്റാനുള്ള ഉല്പാദനശേഷി കേരളത്തിലില്ല. കേരളത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 30% മാത്രമാണ് ആഭ്യന്തരമായി ഉല്പാദിപ്പിക്കാൻ സാധിക്കുന്നത്. എന്നാൽ കരുതലോടെ നടത്തിയ വിവിധ കരാറുകൾ വഴി കേരളത്തിൽ ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കാൻവേണ്ട നടപടികൾ കെ.എസ്.ഇ.ബി.എൽ. എടുത്തിട്ടുണ്ട്. ദീർഘകാല കരാറുകളുടെയും ഹ്രസ്വകാല കരാറുകളുടെയും optimum സംയോജനം, കേരളത്തിലെ

ജലവൈദ്യുത ഉൽപ്പാദനശേഷിയുടെ അവസരോചിതമായ ഉപയോഗം, പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിൽ നടത്തുന്ന ശുഷ്കാന്തി എന്നിവമൂലം പരമാവധി ചെലവുകുറഞ്ഞ വൈദ്യുതി ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുള്ള പ്രവർത്തനം സാധിക്കുന്നു.

പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 KW-ന്റെ ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികൾ നടപ്പാക്കാനുള്ള വർക്ക് ഓർഡർ എംപാനൽ ചെയ്യപ്പെട്ട സാങ്കേതിക വിദഗ്ദ്ധ കമ്പനിക്ക് EMC നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25 KW-ന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വർക്ക് ഓർഡർ കൊടുക്കുന്ന നിലയിലാണ്. ഈ പൈലറ്റ് പദ്ധതികളുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറ ഇടതുകര കനാലിൽ 3 MW വരെ ഉല്പാദനം വർദ്ധിപ്പിക്കുവാൻവേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ SPV രൂപീകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ ഏറ്റവും അവസാനം വിളിച്ചിരുന്ന ടെണ്ടർ നടപടികൾപ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ടുചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ (ആറ്റില I - 6 MW (പാലക്കാട് ജില്ല), ആറ്റില II - 6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ- 0.75 MW (ഇടുക്കി ജില്ല) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ടുകഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി 12.75 മെഗാവാട്ട് സ്ഥാപിതശേഷികൂടി കൈവരിക്കാൻ സാധിക്കും. ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക-സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾ (Techno-Economic Feasibility Report)-ക്ക് അനുമതി ലഭിച്ചശേഷം 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇവകൂടാതെ 68 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകരിലൂടെ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**റാന്നിയിലെ എ.ഡി.എസ്., എസ്.ഡി.എഫ്. പ്ലാൻ ഫണ്ട് പദ്ധതികൾ**

260 (652) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ 2022 മേയ് മാസംവരെ വൈദ്യുതി വകുപ്പ് എ.ഡി.എസ്., എസ്.ഡി.എഫ്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയ പദ്ധതികളുടെ വിവരം, പ്രവൃത്തിയുടെ പേര്, വർഷം, അടങ്കൽ തുക, പൂർത്തിയാക്കിയ തീയതി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി പട്ടികയായി നൽകാമോ?

റാന്നി നിയോജകമണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ 2022 മേയ് മാസംവരെ പൂർത്തിയാക്കിയ എ.ഡി.എസ്., എസ്.ഡി.എഫ്. പ്ലാൻ ഫണ്ട് പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ എ.ഡി.എസ്., എസ്.ഡി.എഫ്. പ്ലാൻ ഫണ്ട് വഴി ഏറ്റെടുക്കുകയും എന്നാൽ നാളിതുവരെ പൂർത്തിയാക്കാൻ കഴിയാത്തതുമായ പദ്ധതികളുടെ വിശദവിവരം നൽകാമോ?

നാളിതുവരെ പൂർത്തിയാക്കാൻ കഴിയാത്ത എസ്.ഡി.എഫ്. പ്ലാൻ ഫണ്ട് പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിട്ടുണ്ട്. ഈ കാലയളവിൽ പൂർത്തിയാക്കാൻ കഴിയാത്ത എ.ഡി.എസ്. പദ്ധതികളില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബി.പി.എൽ. വിഭാഗത്തിന് സൗജന്യ കണക്ഷൻ ദൂരപരിധി ഇളവ്

261 (653) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി.പി.എൽ. വിഭാഗത്തിന് നിലവിൽ സൗജന്യ കണക്ഷൻ ദൂരപരിധിയിൽ ഇളവ് അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; നിലവിലെ ദൂരപരിധി എത്രയെന്ന് വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകാൻ മറ്റ് പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000 W വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർവരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകിവന്നിരുന്നു. ലൈൻ വലിച്ച് കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ചുനൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31-03-2022-ലെ ബോർഡ് ഉത്തരവുപ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്.

## വയനാട് ജില്ലയിൽ അനുവദിച്ച വൈദ്യുതി കണക്ഷനുകളുടെ വിവരം

262 (654) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് വർഷത്തിനിടയിൽ വയനാട് ജില്ലയിൽ അനുവദിച്ച വൈദ്യുതി കണക്ഷനുകളുടെ വിവരവും എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ അനുവദിച്ചുവെന്നതും താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

കഴിഞ്ഞ ആറ് വർഷത്തിനിടയിൽ വയനാട് ജില്ലയിൽ ആകെ 69063 വൈദ്യുതി കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിച്ച വൈദ്യുതി കണക്ഷനുകളുടെ വിവരം താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു.

| താലൂക്ക് | വൈദ്യുതി കണക്ഷനുകളുടെ എണ്ണം |
|---|---|
| വൈത്തിരി | 1674 |
| സുൽത്താൻ ബത്തേരി | 3282 |
| മാനന്തവാടി | 13107 |
| ആകെ | 18063 |

(ബി) 2011-16 കാലഘട്ടങ്ങളിൽ എത്ര കുടുംബങ്ങൾക്ക് വൈദ്യുതികണക്ഷൻ നൽകിയെന്നും എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയെന്നുമുള്ള വിവരം താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

2011-16 കാലയളവിൽ വയനാട് ജില്ലയിൽ ആകെ 31996 വൈദ്യുതി കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിച്ച വൈദ്യുതി കണക്ഷനുകളുടെ വിവരം താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു.

| താലൂക്ക് | വൈദ്യുതി കണക്ഷനുകളുടെ എണ്ണം |
|---|---|
| വൈത്തിരി | 1847 |
| സുൽത്താൻ ബത്തേരി | 1745 |
| മാനന്തവാടി | 1264 |
| ആകെ | 4856 |

**സംസ്ഥാനത്ത് വൈദ്യുതിയെത്താത്ത ആദിവാസി കോളനികൾ**

263 (655) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതിയെത്താത്ത എത്ര ആദിവാസി കോളനികളുണ്ടെന്ന് വ്യക്തമാക്കാമോ; ഈ കോളനികൾ എന്ന് വൈദ്യുതീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി സർക്കാർ നിർദ്ദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ., വൈദ്യുതി ലഭ്യമല്ലാത്ത 100 പട്ടികവർഗ്ഗ കോളനികൾ കണ്ടെത്തി DPR തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിലേയ്ക്കായി DPR പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് 23-11-2021-ൽ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ തണ്ടംകല്ല്, മുണ്ടക്കടവ് എന്നീ 2 കോളനികളിൽ ആൾതാമസമില്ല. ഗ്രിഡ് വൈദ്യുതീകരണം സാധ്യമായ 64 കോളനികളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിന് 64.54 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരുന്നത്. ഫണ്ട് ലഭ്യമായ 2 കോളനികൾ (നെല്ലിയാമ്പതി, വണ്ടാഴി) ഏപ്രിൽ, മേയ് മാസങ്ങളിലായി വൈദ്യുതീകരിച്ചിട്ടുണ്ട്. ഗോത്രവർഗ്ഗ ഊരുകൾ വനാന്തർഭാഗത്ത് സ്ഥിതിചെയ്യുന്ന വിദൂരകോളനികളായതിനാൽ ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽക്കൂടി ലൈൻ വലിക്കുന്നതിന് വനം

വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെക്കുറച്ചുമാത്രം കണക്ഷൻ നൽകാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വൈദ്യുതീകരണത്തിന് ആവശ്യമായ തുക, വനം വകുപ്പിന്റെ അനുമതി എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടപ്പിലാക്കുന്നതാണ്.

## വർക്കല നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

264 (656) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ വൈദ്യുതി വകുപ്പ് ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും എത്ര തുക വീതമാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) വർക്കല നിയോജകമണ്ഡലത്തിൽ വിതരണ വിഭാഗത്തിനുകീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ ആഗോള

നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തുന്ന ദ്യുതി പദ്ധതിയിലുൾപ്പെടുത്തി ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളുടെ റീ-കണ്ടക്റ്ററിംഗ് പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളിൽ സ്പേസർ ഘടിപ്പിക്കുന്ന പ്രവൃത്തികൾ, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആയി മാറ്റുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ പോൾ എർത്തിംഗ് പ്രവൃത്തികൾ, ഹൈ ടെൻഷൻ പോൾ കോയിൽ എർത്തിംഗ് പ്രവൃത്തികൾ, ഉപയോഗശൂന്യമായ 11 കെ.വി. ലൈൻ അഴിച്ചുമാറ്റുന്ന പ്രവൃത്തികൾ, ബി.പി.എൽ. സർവ്വീസ് കണക്ഷൻ നൽകുന്ന പ്രവൃത്തികൾ എന്നിവ ഉൾപ്പെടെ ആകെ 357.11 ലക്ഷം രൂപയുടെ 94 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ PPS പദ്ധതിയിലുൾപ്പെടുത്തി 20.587 കിലോമീറ്റർ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുകയും 665 മീറ്റർ സിംഗിൾ ഫേസ് ടു വയർ ലൈൻ വലിക്കുകയും 576 മീറ്റർ സിംഗിൾ ഫേസ് ത്രീ വയർ ലൈൻ വലിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ ചേർന്ന് ആകെ 30.25 ലക്ഷം രൂപയുടെ

പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ ദ്യുതി പദ്ധതിയിലുൾപ്പെടുത്തി ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളുടെ റീ-കണ്ടക്ടറിംഗ് പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളിൽ സ്പേസർ ഘടിപ്പിക്കുന്ന പ്രവൃത്തികൾ, 500 മീറ്റർ അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ, 15 ഫോൾട്ട് പാസ് ഇൻഡിക്കേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവ ഉൾപ്പെടെ ആകെ 730.81 ലക്ഷം രൂപയുടെ 181 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ PPS പദ്ധതിയിലുൾപ്പെടുത്തി 450 മീറ്റർ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുകയും 152 മീറ്റർ സിംഗിൾ ഫേസ് ത്രീ വയർ ലൈൻ വലിക്കുകയും ചെയ്യുന്ന പ്രവൃത്തികളിലായി ആകെ 128 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

6 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള കരാർ നൽകിയിട്ടുണ്ട്. 2022 ജൂലൈ മാസം പദ്ധതി പൂർത്തീകരണത്തിന് ലക്ഷ്യമിടുന്നു. പദ്ധതിക്കായി 2,10,000/- രൂപയാണ്

കണക്കാക്കിയിട്ടുള്ളത്. സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ കീഴിൽ സൗര ഒന്നാംഘട്ട പദ്ധതിയിൽ 49 KW-ന്റെ 12 സൈറ്റുകൾ കമ്മീഷൻ ചെയ്തു. 77 KW-ന്റെ 13 സൈറ്റുകളുടെ പ്ലാന്റ് നിർമ്മാണം പൂർത്തിയായി.

സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ വർക്കല നിയോജകമണ്ഡലത്തിൽ 169.95 KW-ന്റെ 52 സൈറ്റുകൾ കമ്മീഷൻ ചെയ്തു. 188.85 KW-ന്റെ 57 സൈറ്റുകളുടെ നിർമ്മാണം പൂർത്തിയായി.

സൗര ഒന്നാംഘട്ട പദ്ധതിക്ക് ഏകദേശം 22,05,000/ രൂപയും രണ്ടാംഘട്ട പദ്ധതിക്ക് ഏകദേശം 95,17,200/- രൂപയും വിനിയോഗിച്ചിട്ടുണ്ട്.

1.83 km 33 KV ഓവർ ഹെഡ് ലൈനും 3.7 km 33 KV ഭൂഗർഭ കേബിളും വലിച്ച് ഇടവക്കട്ടുത്ത് വിളക്കുളത്ത് ഒരു 33 KV സബ്സ്റ്റേഷൻ സ്ഥാപിച്ചു.

വർക്കല 110 KV സബ്സ്റ്റേഷനിൽ പഴയ 11 KV പാനലുകൾ മാറ്റി പുതിയവ സ്ഥാപിച്ചു.

വിളക്കുളം സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും അനുബന്ധ ലൈൻ വലിക്കുന്നതിലേയ്ക്കുമായി 9.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

വർക്കല സബ്സ്റ്റേഷനിൽ പുതിയ പാനലുകൾ സ്ഥാപിക്കുന്നതിന് 73 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

265 (657) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ ഒരു ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷന്റെയും 6 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെയും നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുണ്ട്.

## ഇലക്ട്രിക് വാഹനങ്ങളുടെ പ്രചരണം

266 (658) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് സ്കൂട്ടറുകൾ കുറഞ്ഞ വിലയിൽ സബ്സിഡിയോടെ വാങ്ങുന്നതിന് വൈദ്യുതി വകുപ്പ് പൊതുജനങ്ങൾക്ക് പ്രത്യേക

സൗകര്യമൊരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇലക്ട്രിക് വാഹനങ്ങളുടെ പ്രചരണത്തിനും വിൽപ്പനയ്ക്കുമായി മൊബൈൽ ആപ്പ് പുറത്തിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(എ&ബി) കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർജെൻസ് എനർജി സർവ്വീസസ് ലിമിറ്റഡുമായി (സി.ഇ.എസ്.എൽ.) ലോക പരിസ്ഥിതി ദിനമായ 2021 ജൂൺ 5-ന് കരാറിൽ ഏർപ്പെടുകയുണ്ടായി. ഈ പദ്ധതിപ്രകാരം കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഇലക്ട്രിക് ടൂ വീലറുകൾ വാങ്ങാൻ സാധിക്കും. പോർട്ടൽ മുഖാന്തരം വിൽപ്പന നടത്തുന്ന തെരഞ്ഞെടുത്ത ഇലക്ട്രിക് ടൂ വീലറുകൾക്ക്, കേന്ദ്ര സർക്കാരിനുകീഴിലുള്ള മിനിസ്ട്രി ഓഫ് ഹെവി ഇൻഡസ്ട്രീസ്, എഫ്.എ.എം.ഇ. 2 (FAME2) സബ്സിഡി സ്കീം പ്രകാരം സബ്സിഡി ലഭിക്കുന്നതാണ്. 2021 ജൂൺ 11 മുതൽ, ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി ഇൻസെന്റീവ് 10000/kWh-ൽ നിന്നും 15000/kWh ആയി ഉയർത്തിയിട്ടുണ്ട്. പരമാവധി വാഹനത്തിന്റെ വിലയുടെ 40% വരെ സബ്സിഡി ലഭിക്കും. പൊതുജനങ്ങൾക്ക്

തെരഞ്ഞെടുത്ത വാഹന നിർമ്മാതാക്കളുടെ ഇലക്ട്രിക് 2 വീലറുകൾ www.MyEV.org.in എന്ന വെബ്സൈറ്റിൽനിന്നും കൂടാതെ MyEV മൊബൈൽ ആപ്പ് (ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ ആപ്പ്സ്റ്റോറിലും ലഭ്യമാണ്) വഴിയും ബുക്ക് ചെയ്യാനുമുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

**തിരൂർ മണ്ഡലത്തിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി**

267 (659) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ വൈദ്യുതി-വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ വോൾട്ടേജ് ക്ഷാമമുള്ള പ്രദേശങ്ങളിൽ 123.442 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുന്നതിനും പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുമായുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

തിരൂർ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമത്തിന് ശാശ്വതപരിഹാരമെന്ന നിലയിൽ വെങ്ങാലൂരിൽ 220 KV സബ്സ്റ്റേഷൻ

നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടത് ഏതെല്ലാം സ്ഥലങ്ങളിലാണെന്നും പ്രസ്തുത സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിവരം സെക്ഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സെക്ഷൻ | ട്രാൻസ്ഫോർമറുകളുടെ എണ്ണം | പ്രവൃത്തികളുടെ സ്ഥിതി |
|---|---|---|---|
| 1 | തിരൂർ (ഈസ്റ്റ്) | 1 | പുതിയ പ്രവൃത്തി |
| 2 | ആലത്തിയൂർ | 4 | 3 എണ്ണം പൂർത്തീകരിച്ചു.<br>1 എണ്ണം പുതിയ പ്രവൃത്തി |
| 3 | തിരുനാവായ | 3 | 3 എണ്ണം പുതിയ പ്രവൃത്തികൾ |
| 4 | വെട്ടം | 3 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | കടുങ്ങാത്തുകുണ്ട് | 1 | പ്രവൃത്തി പുരോഗമിക്കുന്നു. |

## കോളനികളുടെ വൈദ്യുതീകരണം

268 (660) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പട്ടികഗോത്രവർഗ്ഗക്കാരുടെ കോളനികളിൽ വൈദ്യുതി ലഭ്യമല്ലെന്നുള്ള വിവരം അറിയിക്കാമോ?

സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ., വൈദ്യുതി ലഭ്യമല്ലാത്ത 100 പട്ടികവർഗ്ഗ കോളനികൾ കണ്ടെത്തുകയും ഡി.പി.ആർ. തയ്യാറാക്കി ഫണ്ട് ലഭ്യമാക്കുന്നതിലേയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കോളനികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത കോളനികളുടെ വൈദ്യുതീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വൈദ്യുതീകരണ പ്രവൃത്തി എത്ര സമയത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഗ്രോത്രവർഗ്ഗ ഊരുകൾ വനാന്തർഭാഗത്ത് സ്ഥിതിചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽക്കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായിവരുമെന്നതും വളരെക്കുറച്ച് കണക്ഷൻ നൽകാനായി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വൈദ്യുതീകരണത്തിന് ആവശ്യമായ തുക, വനം വകുപ്പിന്റെ അനുമതി എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടപ്പിലാക്കുന്നതാണ്.

**വൈദ്യുതി ബോർഡിന്റെ താരിഫിൽ നിന്നുമുള്ള വരുമാനം**

269 (661) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ പുതുക്കിയ എസ്റ്റിമേറ്റ്പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ താരിഫിൽനിന്നുള്ള വരുമാനം എത്രയാണ്; ഇതിൽ അന്തർസംസ്ഥാന വിൽപ്പന എത്രയാണ്; വ്യക്തമാക്കുമോ?

2021-22-ലെ പുതുക്കിയ എസ്റ്റിമേറ്റ്പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ താരിഫിൽനിന്നുള്ള വരുമാനം 15,403.48 കോടി രൂപയാണ്. ഇതിൽ അന്തർസംസ്ഥാന വിൽപ്പന 404 കോടി രൂപയാണ്.

(ബി) 2022-23-ൽ നിലവിലുള്ള താരിഫ് അനുസരിച്ച് വരുമാനം എത്രയാകുമെന്നാണ് കെ.എസ്.ഇ.ബി.എൽ. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പറയുന്നതെന്ന് വിശദമാക്കുമോ; ഇത് നിലവിലെ താരിഫ്

വരുമാനത്തിൽനിന്നും എത്രശതമാനം വർദ്ധനവാണെന്ന് വ്യക്തമാക്കുമോ?

2022-23-ൽ നിലവിലുള്ള താരിഫ് അനുസരിച്ചുള്ള വരുമാനം 16851.73 കോടി രൂപയാണ്. ഇത് നിലവിലുള്ള താരിഫിന്റെ അടിസ്ഥാനത്തിലാണ് കണക്കാക്കിയിരിക്കുന്നത്. ഇത് റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന് വിധേയമായതിനാൽ താരിഫ് വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല.

(സി) വൈദ്യുതി വിതരണത്തിൽ വർദ്ധനവുണ്ടാകാതെ വരുമാനം മാത്രം എങ്ങനെ വർദ്ധിക്കുമെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വിതരണത്തിൽ 2021-22-ലെ പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 2022-23-ൽ 1280 മില്ല്യൺ യൂണിറ്റിന്റെ വർദ്ധനവാണ് കണക്കാക്കിയിരിക്കുന്നത്.

(ഡി) കെ.എസ്.ഇ.ബി.എൽ., വൈദ്യുതി റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ച കണക്കുകളിൽനിന്നും വ്യത്യസ്തമാണോ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പറയുന്നതെന്ന് വ്യക്തമാക്കുമോ; എങ്കിൽ കാരണം വിശദമാക്കുമോ?

വ്യത്യസ്ത ആവശ്യങ്ങൾക്ക് വ്യത്യസ്ത നിയമങ്ങളും മാനദണ്ഡങ്ങളും അനുസരിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളാണ് ബഡ്ജറ്റും റെഗുലേറ്ററി

കമ്മീഷന് മുമ്പാകെ സമർപ്പിക്കുന്ന മൾട്ടി ഇയർ താരിഫ് എസ്റ്റിമേറ്റും (എ.ആർ.ആർ). ആയതിനാൽ മുൻവർഷങ്ങളിലെപ്പോലെ 2022-23-ലും ബഡ്ജറ്റും റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ച എ.ആർ.ആർ.-ഉം തമ്മിൽ വ്യത്യാസമുണ്ട്. ബഡ്ജറ്റിൽ ബോർഡിന്റെ മുൻകാലപ്രവണതകളെ അടിസ്ഥാനമാക്കിയുള്ള കണക്കുകളാണ് കാണിക്കുന്നത്. കൂടാതെ ബഡ്ജറ്റിൽ, എ.ആർ.ആർ. കണക്കുകളിൽ ഉൾക്കൊള്ളിക്കുന്ന മുൻകാല റവന്യൂ ഗ്യാപ്പ്, റിട്ടേൺ ഓൺ ഇക്വിറ്റി, മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനത്തിനാവശ്യമായ അധികത്തുക മുതലായവ കാണിക്കുന്നില്ല. വൈദ്യുതി നിയമം 2003-ലെ 61-ാം വകുപ്പുപ്രകാരം കേരള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ വ്യവസ്ഥകൾപ്രകാരം, 2022-2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള വൈദ്യുതി താരിഫ് പരിഷ്കരണത്തിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ARR&ERC പെറ്റീഷൻ പ്രകാരമുള്ള പ്രതീക്ഷിത റവന്യൂ ഗ്യാപ്പ് 2852.58 കോടി രൂപയാണ്. 2022-23-ൽ 496.20 കോടി രൂപയുടെ ലാഭം ഉണ്ടാകുമെന്ന നിലയിലാണ്, കെ.എസ്.ഇ.ബി.എൽ.-ന്റെ ബഡ്ജറ്റ് മാന്വൽ അനുസരിച്ച് 2022-23-ലെ ഫിനാൻഷ്യൽ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കമ്പനിയിൽ ബഡ്ജറ്ററി കൺട്രോൾ നടപ്പിലാക്കി,

സാമ്പത്തികമായി അച്ചടക്കത്തോടെയുള്ള പ്രവർത്തനത്തോടൊപ്പം പ്രസരണ വിതരണ ശൃംഖല ശാക്തീകരണ ഫലമായി കൂടുതൽ വൈദ്യുതി വിൽപ്പന ലക്ഷ്യംവച്ചാണ് ബഡ്ജറ്റ് തയ്യാറാക്കുന്നത്.

വ്യത്യസ്ത (നിയമാനുസൃതമായ) ആവശ്യങ്ങൾക്കായി വ്യത്യസ്ത നിയമങ്ങളും ചട്ടങ്ങളും പ്രകാരവും വ്യവസ്ഥാപിത മാനദണ്ഡങ്ങൾപ്രകാരവും തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളാണ് ബഡ്ജറ്റും എ.ആർ.ആർ. പെറ്റീഷനും. ഇങ്ങനെ വ്യത്യസ്തമായ രീതിയിൽ തയ്യാറാക്കുന്നതിനാൽ ഈ കണക്കുകൂട്ടലുകളിൽ അടിസ്ഥാനപരമായ വ്യത്യാസമുണ്ടായേക്കാം എന്നതിനാൽ പ്രതീക്ഷിത റവന്യൂ ഗ്യാപ്പിലും ലാഭ-നഷ്ട കണക്കിലും വ്യത്യാസമുണ്ടാകുമെങ്കിലും ഇവ പൊരുത്തക്കേടുള്ളതായി ഗണിക്കാൻ കഴിയില്ല.

## വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ

270 (662) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോല്പാദനം ശക്തിപ്പെടുത്തിയും പ്രസരണ നഷ്ടം കുറച്ചും വിതരണ ശൃംഖല വിപുലീകരിച്ചും മുൻസർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങളുടെ നേട്ടം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനുള്ള "ദ്യുതി-1" പദ്ധതിയിലുൾപ്പെടുത്തി എച്ച്.ടി. ലൈൻ/ഭൂഗർഭ കേബിൾ നിർമ്മാണം, എൽ.ടി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/എൽ.റ്റി./എച്ച്.റ്റി. ലൈനിന്റെ ശേഷി വർദ്ധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി. ലൈനും എൽ.ടി. ലൈനും റീ-കണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റുപ്രതിഷ്ഠാപനങ്ങളുടെയും സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ തുടങ്ങി വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കി.

ദ്യുതി-1 പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 4138 കിലോമീറ്റർ 11 കെ.വി. OH ലൈനും 1127 കിലോമീറ്റർ 11 കെ.വി. എ.ബി.സി. ലൈനും 582 കിലോമീറ്റർ ഭൂഗർഭ കേബിളുകളും 31.2 കിലോമീറ്റർ കവേർഡ് കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈനും പുതുതായി നിർമ്മിക്കുകയും

അപ്ഗ്രഡേഷൻ ഉൾപ്പെടെ 6469 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 75262 കിലോമീറ്റർ എൽ.ടി. ലൈനും 2684 കിലോമീറ്റർ 11 കെ.വി. OH ലൈനും റീ-കണ്ടക്ടറിംഗ് നടത്തുകയും 6200 കിലോമീറ്റർ എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ 3226 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതുവഴി പ്രസരണ വിതരണ നഷ്ടം ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ജലവൈദ്യുതോല്പാദനം ശക്തിപ്പെടുത്താൻ മുൻസർക്കാരിന്റെ കാലത്ത് താഴെപ്പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചു.

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി |
|---|---|---|
| 1. | പെരുന്തേനരുവി SHEP | 2 x 3 MW |
| 2. | കക്കയം SHEP | 2 x 15 MW |
| 3. | വെള്ളത്തൂവൽ SHEP | 2 x 1.8 MW |
| 4. | ചാത്തൻകോട്ടുനട സ്റ്റേജ്-II SHEP | 3 x 2 MW |

വൈദ്യുതി മേഖലയിലെ നേട്ടങ്ങൾ കൃത്യമായ ഇടവേളകളിൽ ഉദ്യോഗസ്ഥതലത്തിലും ബോർഡുതലത്തിലും ഗവൺമെന്റുതലത്തിലും വിലയിരുത്താറുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ

ആവശ്യമായ നിർദ്ദേശങ്ങളും അനുമതികളും വിവിധതലങ്ങളിൽ നൽകിവരുന്നു. ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രസരണമേഖലയിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുക, നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുക, വോൾട്ടേജ് നിലവാരം ഉയർത്തുക എന്നീ പ്രവൃത്തികളാണ് നടപ്പാക്കിവരുന്നത്. ഇതിനായി 2016-ൽ ആവിഷ്കരിച്ച ബൃഹത്തായ പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ട്രാൻസ്ഗ്രിഡ് പദ്ധതിയിലുൾപ്പെടുത്തിയും ബോർഡിന്റെ തനത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും പ്രസരണ മേഖലയിൽ 70 സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു. ഇതിൽ ഏഴ് 220 കെ.വി. സബ്സ്റ്റേഷനുകളും മുപ്പത് 110 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. കൂടാതെ 1674 കിലോമീറ്റർ പ്രസരണ ലൈനുകളുടെ നിർമ്മാണവും പൂർത്തിയാക്കി.

കോവിഡ് ലോക്ഡൗൺ അവസാനിച്ചതുവഴി കൊമേഴ്സ്യൽ, ഇൻഡസ്ട്രിയൽ, ഹൈടെൻഷൻ കാറ്റഗറികളുടെ വിൽപ്പന വർദ്ധിച്ചത് ലാഭം നേടാൻ കാരണമായി.

(ബി) മുൻസർക്കാരിന്റെ പ്രവർത്തനങ്ങൾ പിൻതുടരുന്നതിനും വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ ലോകോത്തര നിലവാരത്തിൽ എത്തിക്കുന്നതിനും കഴിഞ്ഞ ഒരു വർഷമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

തദ്ദേശീയമായി വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുരപ്പുറ സോളാർ, ഗ്രൗണ്ട് മൗണ്ടഡ് സോളാർ, ഫ്ലോട്ടിംഗ് സോളാർ പ്രോജക്ടുകൾ, കാറ്റാടിപ്പാടം, കനാൽ ബാങ്ക്, കനാൽ ടോപ്, Battery Energy Storage System (BESS) തുടങ്ങിയ RE പദ്ധതികൾ KSEBL നടപ്പിലാക്കിവരുന്നു.

കഴിഞ്ഞ ഒരു വർഷമായി KSEBL ജലവൈദ്യുത മേഖലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി അപ്പർകല്ലാർ (2 x 1 MW), പൊരിങ്ങൽക്കുത്ത് (1x24 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ, ചെങ്കുളം പമ്പ് ഹൗസിന്റെ (3 x 1400 kW) നവീകരണ പുനരുദ്ധാരണ പദ്ധതി എന്നിവ നിർമ്മാണം പൂർത്തിയാക്കി രാഷ്ട്രത്തിന് സമർപ്പിച്ചു. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2 x 30 MW) പദ്ധതിയുടെ ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള വർക്ക് ഓർഡർ 31-01-2022-ൽ M/s. TVPPL-KSK-FITWELL-BOOM-REHPL Consortium എന്ന കമ്പനിക്ക്

നൽകിയിട്ടുണ്ട്.

ഇവ കൂടാതെ ഇപ്പോൾ പുരോഗതിയിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തോട്ടിയാർ ജലവൈദ്യുത പദ്ധതി (1 x 10 MW + 1 x 30 MW)

2. പെരുവണ്ണാമൂഴി (2 x 3 MW)

3. പഴശ്ശിസാഗർ (3 x 2.5 MW)

4. ഭൂതത്താൻകെട്ട് (3 x 8 MW)

5. കുറ്റ്യാടി RMU പദ്ധതി (3 x 25 MW to 3 x 27.5 MW)

2021-22 കാലയളവിൽ ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ കീഴിൽ പള്ളിവാസൽ, കുന്നമംഗലം എന്നീ 220 കെ.വി. സബ്സ്റ്റേഷനുകളും 52 സർക്യൂട്ട് കിലോമീറ്റർ 220 കെ.വി. ലൈനും 46 സർക്യൂട്ട് കിലോമീറ്റർ 110 കെ.വി. ലൈനും പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. കൂടാതെ 2022-23 സാമ്പത്തിക വർഷം ഇതുവരെ രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും (വിഴിഞ്ഞം, ഏറ്റുമാനൂർ), 27 സർക്യൂട്ട് കിലോമീറ്റർ 220 കെ.വി. ലൈനും 27 സർക്യൂട്ട് കിലോമീറ്റർ 110 കെ.വി. ലൈനും പൂർത്തീകരിച്ചു.

ബോർഡിന്റെ തനത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി 2021-22

സാമ്പത്തിക വർഷം ഏഴ് 110 കെ.വി. സബ്സ്റ്റേഷനുകളും ഒരു 33 കെ.വി. സബ്സ്റ്റേഷനും സ്ഥാപിക്കുകയും 163 കിലോമീറ്റർ 110 കെ.വി. ലൈനും 68 കിലോമീറ്റർ 33 കെ.വി. ലൈൻ വലിക്കുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷം ഈ കാലയളവിൽ ഒരു സബ്സ്റ്റേഷന്റെ (കുറവിലങ്ങാട്) ശേഷി ഉയർത്തിയിട്ടുണ്ട്.

3 GIS സബ്സ്റ്റേഷനുകളുടെയും (കോട്ടയം 400 കെ.വി., തലശ്ശേരി, കുന്നംകുളം 220 കെ.വി.), നാല് 220/110 കെ.വി. ലൈൻ പദ്ധതികളുടെയും നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയായിവരുന്നു.

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 3414 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചതിൽ 10 ലൈൻ പാക്കേജുകളും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. 964 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളുടെ കരാർ നൽകിക്കഴിഞ്ഞു. മറ്റുപ്രവൃത്തികൾ നടപ്പിൽവരുത്തുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. രണ്ടാംഘട്ടം പ്രവൃത്തികൾ 2026-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ബോർഡിന്റെ തനത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം 4 പുതിയ സബ്സ്റ്റേഷനുകൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ 12 സബ്സ്റ്റേഷനുകളുടെ

ശേഷി വർദ്ധിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ജനറേഷൻ ഉൽപ്പാദന മേഖലയിൽ പ്രവർത്തനങ്ങൾ ലോകോത്തര നിലവാരത്തിൽ എത്തിക്കുന്നതിനായി എക്സ്റ്റൻഷൻ പദ്ധതികളായ ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 മെഗാവാട്ട്), ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതി (200 MW) എന്നിവ നടപ്പിലാക്കുന്നതിനായിട്ടുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഉല്പാദനത്തിനുശേഷം പുറംതള്ളുന്ന ജലം തിരികെ അതേ സംഭരണിയിലേയ്ക്ക് പമ്പ് ചെയ്ത് വീണ്ടും ഉല്പാദനം നടത്തുന്നതിനായുള്ള Pumped back Storage system പഠനങ്ങൾ നടന്നുവരുന്നു.

(സി) ഈ കാലയളവിൽ വൈദ്യുതി വകുപ്പ് കൈവരിച്ച നേട്ടങ്ങളും ആഭ്യന്തര വൈദ്യുതോൽപ്പാദനത്തിൽ കൈവരിച്ച മികവും എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരമേറ്റപ്പോൾ 247 MW ആയിരുന്ന സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി നിലവിൽ 572 MW ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 53.5 MW-ന്റെ സൗരോർജ്ജ നിലയങ്ങൾ KSEBL നിർമ്മിച്ചവയാണ്. ദേശീയതലത്തിലെ ഊർജ്ജകാര്യക്ഷമതാ സൂചികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പിൽ കേരളം രണ്ടാം സ്ഥാനത്താണ്. 2021

വർഷത്തെ സംസ്ഥാന ഊർജ്ജ സംരക്ഷണ പുരസ്കാരം കെ.എസ്.ഇ.ബി.എൽ-ന് ലഭിച്ചു. പുരപ്പുറ സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി വർദ്ധന കണക്കിലെടുത്ത് ഏപ്രിൽ 2022-ൽ EQ International Magazine നൽകുന്ന " Rooftop Enabler of the year 2022" അവാർഡും പുരപ്പുറ സൗരോർജ്ജ പദ്ധതി നടത്തിപ്പിലെ പ്രവർത്തന മികവിന് മേയ് 2022-ൽ " റീ അസ്സറ്റ് ഇന്ത്യ 2022" അവാർഡും KSEBL-ന് ലഭിച്ചു.

2022 ഏപ്രിൽ മാസത്തിൽ നീതി ആയോഗ് പ്രസിദ്ധീകരിച്ച സ്റ്റേറ്റ് എനർജി ആൻഡ് ക്ലൈമറ്റ് ഇൻഡക്സ് റൗണ്ട് (1) റിപ്പോർട്ടുപ്രകാരം കേരളത്തിന് രണ്ടാം സ്ഥാനം ലഭിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൽപ്പാദന മേഖലയിൽ 363.5 MW ശേഷി വർദ്ധിപ്പിച്ചു. അതിൽ 38.5 MW ജലവൈദ്യുത പദ്ധതികളും ബാക്കി 325 MW സൗരോർജ്ജ പദ്ധതികളുമാണ്. ഈ സാമ്പത്തിക വർഷം തന്നെ 124 MW-ന്റെ ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കും. ഇടുക്കി രണ്ടാം നിലയം (800 MW) പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാംഘട്ട അനുമതി ലഭിച്ചു. ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതി (200 MW)

നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 77.5 MW ശേഷിയുള്ള 6 പദ്ധതികൾ പുരോഗമിക്കുന്നു. അതിനുപുറമേ 54.5 MW ശേഷിയുള്ള പദ്ധതികളുടെ സ്ഥലമെടുപ്പും അനുബന്ധ പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ 17 ജലവൈദ്യുത പദ്ധതികളുടെ പര്യവേക്ഷണ സാധ്യതാ പഠനങ്ങൾ പുരോഗമിക്കുന്നു.

എനർജി മാനേജ്മെന്റ് സെന്ററിന്റെ കീഴിൽ BOOT അടിസ്ഥാനത്തിൽ 12.75 MW ശേഷിയുള്ള മൂന്ന് പദ്ധതികളുടെ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവച്ചു.

(ഡി) സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെയും കെ.എസ്.ഇ.ബി.-യിലെ തൊഴിലാളികളുടെയും ഓഫീസർമാരുടെയും മികച്ച പ്രവർത്തനത്തിന്റെയും ഫലമായി 2021-22-ൽ പ്രവർത്തന ലാഭം നേടാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. 2021-22-ൽ മികച്ച ഡാം മാനേജ്മെന്റിലൂടെ ആഭ്യന്തര ഉല്പാദനം റെക്കോർഡിലെത്തിച്ചും പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കുന്നതിനാലും മിച്ചമുള്ള വൈദ്യുതി അധികവിലയ്ക്ക് മാർക്കറ്റിൽ വിൽക്കുന്നതിലും സ്റ്റേറ്റ് ലോഡ് ഡെസ്പാച്ച് സെന്ററിന്റെ മികച്ച ഇടപെടലുകൾമൂലവും സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകൾമൂലവും

വൈദ്യുതി ബോർഡിലെ എല്ലാ ജീവനക്കാരുടെയും മാനേജ്മെന്റിന്റെയും കൂട്ടായപ്രവർത്തനങ്ങൾമൂലവും 1417 കോടി രൂപയുടെ പ്രവർത്തന ലാഭം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## കെ.എസ്.ഇ.ബി.യിലെ നിയമന നിരോധനം

271 (663) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി മുതൽ വൈദ്യുതി ബോർഡിലെ വിവിധ തസ്തികകളിൽനിന്നും 2022 മേയ് 31 വരെ എത്ര ജീവനക്കാരാണ് വിരമിച്ചിട്ടുള്ളത്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2019 ജനുവരി മുതൽ 2022 മേയ് 31 വരെ വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളിൽനിന്നും 5471 ജീവനക്കാരാണ് വിരമിച്ചിട്ടുള്ളത്. തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത കാലയളവിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതുവരെയുള്ള കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത കാലയളവിലെ ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തവയുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

മസ്ദൂർ:- ഐ.ഡി. നം.27/2022-ൽ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ 15-12-2004 അവാർഡുപ്രകാരം 2019-ൽ 1486 പെറ്റി കോൺട്രാക്ടർമാരെ മസ്ദൂർ തസ്തികയിൽ നിയമിക്കാൻ നിർദ്ദേശിക്കപ്പെട്ടുകയുണ്ടായി. എന്നാൽ പ്രസ്തുത കാലയളവിൽ മസ്ദൂർ തസ്തികയിൽ ടി ഉദ്യോഗാർത്ഥികളെ നിയമിക്കാൻ മതിയായ ഒഴിവുകൾ ഇല്ലാതിരുന്നതിനാൽ 1321 പെറ്റി കോൺട്രാക്ടർമാർക്ക് സൂപ്പർ ന്യൂമററി ആയാണ് നിയമനം നൽകിയത്. ആയതിനാൽ ഇലക്ട്രിക്കൽ വർക്കർമാരുടെ റിട്ടയർമെന്റ് മുഖേനയുണ്ടായ ഒഴിവുകൾ മേൽസൂചിപ്പിച്ച സൂപ്പർ ന്യൂമററി നിയമനത്തിൽ ക്രമീകരിക്കുകയാണുണ്ടായത്. ആയതിനാൽ ടി കാലയളവിൽ മസ്ദൂർ തസ്തികയിലുണ്ടായ ഒഴിവുകളൊന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ല. 23-04-2022-ലെ worker to Lineman പ്രൊമോഷൻ വഴിയുണ്ടായ ഒഴിവുകൾ, Special Rules-ന്റെ അന്തിമ ചർച്ചയുടെ അടിസ്ഥാനത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ:- ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഒഴിവുകളിൽ 12 എണ്ണവും പ്രൊമോഷൻ വഴി

നികത്തപ്പെടേണ്ട ഒഴിവുകളാണ്. Direct recruitment quota-യിലും By transfer quota-യിലുമുള്ള വേക്കൻസികളാണ് പി.എസ്.സി. വഴി നികത്തുന്നത്. ഈ ക്വാട്ടകളിൽ പ്രസ്തുത കാലയളവിൽ റിട്ടയർമെന്റ് വേക്കൻസികളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽനിന്നും PSC Direct recruitment ക്വാട്ടയിൽ ഉൾപ്പെട്ടവരിൽ 3 പേർക്ക് പ്രൊമോഷൻ ലഭിച്ചതുവഴിയുണ്ടായ 3 ഒഴിവുകൾ 31-03-2022-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ):- അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ ഒഴിവുകളിൽ 40% ക്വാട്ടയിലും 10% ക്വാട്ടയിലുമുള്ള ഒഴിവുകൾ പി.എസ്.സി. മുഖേനയാണ് നികത്തപ്പെടുന്നത്. പ്രസ്തുത കാലയളവിൽ ഈ 2 ക്വാട്ടകളിലുമായി 288 ഒഴിവുകളുണ്ടായിട്ടുണ്ട്. അതിൽ 193 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. 95 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ):- അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)-ലെ 40%, 10% ക്വാട്ടകളിലെ ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത്. 40% ക്വാട്ടയിലും 10% ക്വാട്ടയിലും 3 വീതം ആകെ 6 റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇതുകൂടാതെ പ്രൊമോഷൻ വഴി

40% ക്വാട്ടയിൽ 39-ഉം 10% ക്വാട്ടയിൽ 30-ഉം ഒഴിവുകളുണ്ടായിട്ടുണ്ട്. മേൽസൂചിപ്പിച്ച 75 ഒഴിവുകളിൽ 63 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 12 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു.

കാഷ്യർ/ജൂനിയർ അസിസ്റ്റന്റ്:- മുൻകാലങ്ങളിലുണ്ടായ ഒഴിവുകൾ ഉൾപ്പെടെ 520 ഒഴിവുകൾ ടി കാലയളവിൽ റിപ്പോർട്ട് ചെയ്തു.

ഡ്രൈവർ, ഫെയർകോപ്പി അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്:- 09-10-2012-ലെ ബോർഡ് ഉത്തരവ് നമ്പർ. B.O.(FB) No. 1831/2012 (Estt.V/5763/2012) പ്രകാരം ഡ്രൈവർ, ഫെയർകോപ്പി അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ ആശ്രിതനിയമന പദ്ധതി ഒഴികെയുള്ള സ്ഥിരനിയമനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

സബ് എഞ്ചിനീയർ (സിവിൽ):- 15 ഒഴിവുകൾ 27-08-2020-ൽ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. ബാക്കിയുള്ള ഒഴിവുകൾ സ്പെഷ്യൽ റൂൾസിന്റെ അന്തിമ തീരുമാനത്തിന് വിധേയമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

ഓഫീസ് അറ്റൻഡന്റ്:- കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാരുടെ അംഗീകൃത അംഗബലം 402 ആണ്. ഇപ്പോൾ നിലവിൽ 402 ജീവനക്കാർ ജോലി ചെയ്തുവരുന്നു. അതിനാൽ ഈ തസ്തികയിൽ ഒഴിവുകളില്ല.

സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ):- സബ്എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ലേയ്ക്ക് സ്ഥാനക്കയറ്റം നടത്തിയപ്പോഴുണ്ടായ 30% ക്വാട്ടയിലെ ഒഴിവുകളും മേൽപ്പറഞ്ഞ കാലയളവിൽ വിരമിച്ചവരിൽ 30% ക്വാട്ടയിലെ ഒഴിവുകളും ചേർത്ത് 201 ഒഴിവുകൾ ഇതുവരെ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു.

മീറ്റർ റീഡർ:- കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ പുതുക്കിയ ഗൈഡ്ലൈൻസ് പ്രകാരം (Revamped Reforms Linked Results Based Distribution Sector Scheme) പ്രീ പെയ്ഡ് സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ നൂതന പരിഷ്കാരങ്ങൾ നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ ബോർഡിലും ഇവയെല്ലാം സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. മീറ്ററിംഗുമായി ബന്ധപ്പെട്ട് ഇത്തരം സ്ഥിതി മാറ്റത്തിലൂടെയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് കടന്നുപോകുന്നത്. കെ.പി.എസ്.സി.-ക്ക് 20-10-2020-ന് റിപ്പോർട്ട് ചെയ്ത്

നിയമന നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന 218 ഒഴിവുകൾക്കുപുറമെ മേൽസാഹചര്യത്തിൽ പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നിർവ്വാഹമില്ല.

(സി) വൈദ്യുതി ബോർഡിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി ബോർഡിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബോർഡിൽ നടപ്പാക്കുന്ന പുന:സംഘടനാ പ്രക്രിയ, പുതിയ കമ്പനി സർവ്വീസ് ചട്ടം എന്നിവ ആവിഷ്കരിക്കുന്ന മുറയ്ക്ക് തസ്തികകളിൽ വ്യത്യാസം വരുന്നതാണ്.

(ഡി) ബോർഡിൽ സ്ഥിരം ജീവനക്കാരെ പി.എസ്.സി. മുഖേന നിയമിക്കുന്നതിനുപകരം താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വൈദ്യുതി ബോർഡിൽ സ്ഥിരം ജീവനക്കാരെ കെ.പി.എസ്.സി. മുഖേന നിയമിക്കുന്നതിനുപകരം താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ

തീരുമാനിച്ചിട്ടില്ല.

## കെ.എസ്.ഇ.ബി.എൽ. ലാഭ നഷ്ടക്കണക്കുകളും ശമ്പളപരിഷ്കരണവും

272 (664) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. നിലവിൽ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ; എങ്കിൽ ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരമുള്ള ലാഭം, നഷ്ടം എന്നിവ എത്രയാണ്?

2021-22-ലെ താൽക്കാലിക ഗാർഹിക കണക്കുകൾപ്രകാരം കെ.എസ്.ഇ.ബി.എൽ. ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ആയതുപ്രകാരം 1417 കോടി രൂപയാണ് പ്രവർത്തന ലാഭം. ആഡിറ്റ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇതിൽ മാറ്റം വരുന്നതിനുള്ള സാധ്യതയുണ്ട്.

(ബി) കെ.എസ്.ഇ.ബി.-യുടെ ഏറ്റവും ഒടുവിലത്തെ ബഡ്ജറ്റിൽ വരുമാനം എത്രയാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്; റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നൽകിയ കണക്കിലും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കണക്കിലും ഏതെങ്കിലും തരത്തിലുള്ള വ്യത്യാസമുണ്ടായിട്ടുണ്ടോ; എങ്കിൽ വ്യത്യാസത്തിന് കാരണമെന്താണ്?

കെ.എസ്.ഇ.ബി.എൽ.-ന്റെ 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വൈദ്യുതി വിൽപ്പനപ്രകാരമുള്ള ആകെ വരുമാനം 17529.15 കോടി രൂപയാണ്. വ്യത്യസ്ത ആവശ്യങ്ങൾക്ക് വ്യത്യസ്ത നിയമങ്ങളും വ്യത്യസ്ത മാനദണ്ഡങ്ങളുമനുസരിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളാണ് ബഡ്ജറ്റും റെഗുലേറ്ററി കമ്മീഷന് മുമ്പാകെ സമർപ്പിക്കുന്ന മൾട്ടി ഇയർ താരിഫ് എസ്റ്റിമേറ്റും (എ.ആർ.ആർ). ആയതിനാൽ മുൻവർഷങ്ങളിലെപ്പോലെ 2022-23-ലും ബഡ്ജറ്റും റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ച എ.ആർ.ആർ.-ഉം തമ്മിൽ വ്യത്യാസമുണ്ട്. ബഡ്ജറ്റിൽ ബോർഡിന്റെ മുൻകാല പ്രവണതകളെ അടിസ്ഥാനമാക്കിയുള്ള കണക്കുകളാണ് കാണിക്കുന്നത്. കൂടാതെ ബഡ്ജറ്റിൽ, എ.ആർ.ആർ. കണക്കുകളിൽ ഉൾക്കൊള്ളിക്കുന്ന മുൻകാല റവന്യൂ ഗ്യാപ്പ്, റിട്ടേൺ ഓൺ ഇക്വിറ്റി, മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനത്തിനാവശ്യമായ അധിക തുക മുതലായവ കാണിക്കുന്നില്ല.

(സി) കെ.എസ്.ഇ.ബി.എൽ.-ലെ ശമ്പള പരിഷ്കരണത്തിന് സർക്കാർ അനുമതി ആവശ്യമുണ്ടോ; ഏറ്റവും ഒടുവിൽ നടത്തിയ പരിഷ്കരണത്തിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.-ലെ ശമ്പള പരിഷ്കരണത്തിന് സർക്കാർ

അനുമതി ആവശ്യമുണ്ട്. ഏറ്റവും ഒടുവിൽ KSEBL നടത്തിയ ശമ്പള പരിഷ്കരണത്തിന് അനുമതി നേടിക്കൊണ്ട് സമർപ്പിച്ച പ്രൊപ്പോസലിൽ സർക്കാർ ഇതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷൻ വിഭജനം**

273 (665) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉണഭോക്താക്കളുടെ എണ്ണത്തിലും പരിധിയുടെ വിസ്തൃതിയിലും ഏറെ മുന്നിട്ടുനിൽക്കുന്ന പെരിന്തൽമണ്ണ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ വിഭജിക്കുന്ന കാര്യത്തിൽ സർക്കാരിന് മുന്നിലുള്ള തടസ്സമെന്താണെന്ന് വിശദമാക്കുമോ?

പെരിന്തൽമണ്ണ സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം KSEBL പരിശോധിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായിവരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത്

പ്രായോഗികമല്ലെന്നുള്ളതിനാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് KSEBL നിലവിൽ സ്വീകരിച്ചുവരുന്നത്.

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുതി ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിനുപുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്റ്റഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവനകേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി

സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എങ്കിലും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ KSEBL-ൽ നടന്നുവരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി KSEBL-ന്റെ പരിഗണനയിലുണ്ട്. പെരിന്തൽമണ്ണ സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന

കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം**

274 (666) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം സാധ്യമായ ഏതൊക്കെ പദ്ധതികളാണ് സംസ്ഥാനത്ത് നിലവിലുള്ളത്; അവ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ജലവൈദ്യുതി, സൗരോർജ്ജം, കാറ്റാടിപ്പാടം എന്നിവ മുഖേനയുള്ള പദ്ധതികളാണ് പുനരുപയോഗ വൈദ്യുതോൽപ്പാദനത്തിന് പ്രധാനമായും കേരളത്തിൽ നിലവിലുള്ളത്. സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനത്തിന്റെ കേരളത്തിലെ ആകെ സ്ഥാപിതശേഷി 572 MW ആണ്. ഇതിൽ അടുത്തിടെ പൂർത്തിയാക്കിയ അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിലെ 1 MW, 3 MW ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ ഉൾപ്പെടെ 53.5

MW-ന്റെ സൗരോർജ്ജ നിലയങ്ങൾ KSEBL നിർമ്മിച്ചവയാണ്. തദ്ദേശസ്വയം ഭരണ/മറ്റുസർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി Project Management Consultant അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 51 സൈറ്റുകളിലായി 1.5 MW-ന്റെ സൗരോർജ്ജ പദ്ധതികളും KSEBL പൂർത്തിയാക്കിയിട്ടുണ്ട്. IPP/CPP/KSEBL ഉടമസ്ഥതയിലുള്ളവ ഉൾപ്പെടെ കാറ്റാടിപ്പാടം മുഖേനയുള്ള വൈദ്യുതിയുടെ നിലവിലെ ആകെ സ്ഥാപിതശേഷി 70.3 MW ആണ്.

<u>നിലവിൽ പുരോഗമിക്കുന്ന പുനരുപയോഗ വൈദ്യുതോൽപ്പാദനത്തിനുള്ള പദ്ധതികൾ</u>:- ബ്രഹ്മപുരം, നെന്മാറ, ഏറ്റുമാനൂർ എന്നിവിടങ്ങളിലായി KSEB -യുടെ തനത് ഫണ്ട് വിനിയോഗിച്ച് 6.5 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു. കൂടാതെ KSEBL, Project Management Consultant ആയി തദ്ദേശസ്വയംഭരണ വകുപ്പ്/മറ്റുസർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി 57 സൈറ്റുകളിലായി 2.2 MW-ന്റെ സൗരോർജ്ജ പദ്ധതികൾ പുരോഗമിക്കുന്നു.

<u>PM KUSUM</u> – ടി കേന്ദ്ര സർക്കാർ പദ്ധതിയുടെ 'Component A' മുഖേന കർഷകർക്കോ/മറ്റുനിക്ഷേപകർക്കോ (കർഷകരുടെ ഭൂമി

പാട്ടത്തിനെടുത്ത്) മുതൽ മുടക്കി കർഷകരുടെ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാവുന്നതും അതിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ KSEB വാങ്ങുന്നതുമാണ്. ഇപ്രകാരം 40 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ 'Component C' പ്രകാരം KSEB-യുടെ ഫണ്ട് വിനിയോഗിച്ച് 11 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

<u>നിക്ഷേപകർ മുതൽമുടക്കി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ KSEBL വൈദ്യുതി വാങ്ങുന്ന പദ്ധതികൾ</u> - KSEBL-ന്റെ 8 റിസർവോയറുകളിലും KWA-യുടെ 2 റിസർവോയറുകളിലുമായി 100 MW-ന്റെ ഫ്ലോട്ടിംഗ് സോളാർ, പാലക്കാട്, ഇടുക്കി തുടങ്ങി വിവിധ ജില്ലകളിലായി 100 MW-ന്റെ കാറ്റാടിപ്പാടം, 10 MW-ന്റെ BESS (Battery Energy Storage System) എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പുനരുപയോഗ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതോൽപ്പാദന പദ്ധതികളിലൊന്നാണ് 'സൗര' പദ്ധതി. 'സൗര' പദ്ധതിയുടെ

പ്രോത്സാഹനത്തിനായി MNRE (കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം)-യുടെ സാമ്പത്തിക സഹായത്തോടെയാണ് സൗര സബ്സിഡി സ്കീം നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി 1 മുതൽ 3 കിലോവാട്ട് ശേഷിവരെയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 കിലോവാട്ട് ശേഷിവരെയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20% സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്.

സൗരോർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അനെർട്ട് മുഖേന താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട്ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഇതുവരെ ഈ പദ്ധതിയിൽ 19.8 മെഗാവാട്ട് സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചു.

2. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ

സ്ഥാപിക്കുന്ന പ്രവർത്തനവും അനെർട്ട് മുഖേന ചെയ്തുവരുന്നു. അനെർട്ട് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവ് നൽകുന്നു.

3. പ്രധാനമന്ത്രി-കുസും പദ്ധതിപ്രകാരം സംസ്ഥാനത്ത് കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അനെർട്ട് മുഖേന രണ്ട് പദ്ധതികളാണ് നടപ്പിലാക്കുന്നത്. വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ കാർഷിക ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന പദ്ധതിയും കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിയും. ഈ പദ്ധതികൾപ്രകാരം എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകും. ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഉപഭോക്താക്കളും ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്.

4. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ

(RESCO) മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തലശ്ശേരിയിലുള്ള റബ്കോയുടെ ഫാക്ടറിയിലും എറണാകുളം ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനിയിലും 350 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ റെസ്കോ മാതൃകയിൽ സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

5. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇതിനാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ആയതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഹോട്ടലുകൾ, മാളുകൾ, മറ്റുസ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനമൊരുക്കുന്നതിന് ഒരു കിലോവാട്ടിന് 20,000/- രൂപ വീതം 5 മുതൽ 50 കിലോവാട്ടുവരെ ശേഷിയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലായി രണ്ട് സോളാർ ചാർജ്ജിംഗ് സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചു. കോഴിക്കോട് ജില്ലയിൽ രണ്ട് സോളാർ ചാർജ്ജിംഗ്

സ്റ്റേഷനുകളുടെ നിർമ്മാണം നടന്നുവരുന്നു.

6. ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂരഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പുതിയ ജലവൈദ്യുത പദ്ധതികൾക്ക് ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കാനും നടപടിയെടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു. ഈ

സർക്കാർ അധികാരമേറ്റപ്പോൾ 247 MW ആയിരുന്ന സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി നിലവിൽ 572 MW ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 53.5 MW-ന്റെ സൗരോർജ്ജ നിലയങ്ങൾ കെ.എസ്.ഇ.ബി.എൽ. നിർമ്മിച്ചവയാണ്.

കെ.എസ്.ഇ.ബി.എൽ.-ന്റെയും എനർജി മാനേജ്മെന്റ് സെന്റർ BOOT അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ജലവൈദ്യുത പദ്ധതികളുമുൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 38.5 MW വൈദ്യുതി കൂട്ടിച്ചേർക്കാൻ സാധിച്ചു. 124 MW ശേഷി വരുന്ന 3 ജലവൈദ്യുത പദ്ധതികളും ഭൂതത്താൻകെട്ട്, തോട്ടിയാർ, പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി എന്നിവ 2022-23 സാമ്പത്തിക വർഷം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനുപുറമേ ആകെ 52.5 MW ശേഷി വരുന്ന 6 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

800 MW സ്ഥാപിതശേഷിയിൽ ഇടുക്കി സുവർണ്ണജൂബിലി പദ്ധതിയും 200 MW സ്ഥാപിതശേഷിയിൽ ശബരിഗിരി പദ്ധതിയുടെ രണ്ടാം നിലയവും നടപ്പിലാക്കാൻ പ്രാരംഭനടപടികൾ നടന്നുവരുന്നു. കനാലുകളിലെ ഒഴുക്കിൽനിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികം, പിക്കോ/മൈക്രോ

ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ വഴിയുള്ള ഊർജ്ജോൽപ്പാദനത്തിനുള്ള സാധ്യതാപഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി ഇടുക്കി ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 KW-ന്റെ ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികളും നടപ്പിലാക്കാനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) ട്രാൻസ്ഗ്രിഡ്-2, ദ്യുതി-2 എന്നീ പദ്ധതികളുടെ പ്രതീക്ഷിത നേട്ടങ്ങൾ അറിയിക്കുമോ; സോളാർ വൈദ്യുതി ചട്ടത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വിതരണ രംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായുള്ള നിലവിലുള്ള 'ദ്യുതി-1' പദ്ധതിയുടെ തുടർച്ചയായ 'ദ്യുതി 2.0'-ൽ 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27-വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പുവരുത്തുന്നതിനായി 100 കോടി രൂപയും വൈദ്യുതി കമ്പികൾ (എൽ.ടി. ലൈനുകൾ) പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന്

സ്പേസറുകൾ സ്ഥാപിക്കുന്നതിനായി 50 കോടി രൂപയും കേടായ മീറ്ററുകൾ മാറ്റുന്നതിനായി 150 കോടി രൂപയും 2022-23 - 2026-27 കാലയളവിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

'ദ്യുതി 2' പദ്ധതിയുടെ പ്രതീക്ഷിത നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- വിതരണം ചെയ്യുന്ന വൈദ്യുതിയുടെ വിശ്വാസ്യതയും ഗുണനിലവാരവും വർദ്ധിപ്പിക്കുക - തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കുക.
- ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തുകയും പ്രസരണ വിതരണ നഷ്ടം കുറയ്ക്കുകയും ചെയ്യുക.
- ഏറ്റവും മെച്ചപ്പെട്ട സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക.
- തുടർസമ്പൂർണ്ണ വൈദ്യുതീകരണം ഉറപ്പുവരുത്തുക.
- പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ വൈദ്യുതി ശൃംഖലയുമായി സുഗമമായി ബന്ധിപ്പിക്കുക.
- നവീകരിച്ചതും സ്മാർട്ടും സാങ്കേതിക മികവോടുകൂടിയതും മാറ്റങ്ങൾ ഉൾക്കൊള്ളാൻ പര്യാപ്തവുമായ ഒരു നെറ്റ്‌വർക്ക് ഉറപ്പാക്കുക.
- ഇലക്ട്രിക് മൊബിലിറ്റിയുടെ വളർച്ച സുഗമമാക്കുക.

- എല്ലാ നെറ്റ്‌വർക്ക് അസറ്റുകളുടെയും ജിയോ-മാപ്പിംഗ് ഉറപ്പാക്കുക.

വൈദ്യുതി ഇറക്കുമതി വർദ്ധിപ്പിക്കുന്നതിനും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിനും സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും വൈദ്യുതോപയോഗം വർദ്ധിക്കുന്നതിനനുസരിച്ച് ഭാവിയിലേയ്ക്കുള്ള വൈദ്യുതാവശ്യങ്ങൾ കണക്കിലെടുത്ത് തടസ്സരഹിതമായി വൈദ്യുതി വിതരണം നടത്തുന്നതിനും വിഭാവനം ചെയ്ത പദ്ധതിയാണ് 'ട്രാൻസ്ഗ്രിഡ്'. ഒന്നാംഘട്ടം, രണ്ടാംഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് എന്നിങ്ങനെ മൂന്നുവിഭാഗങ്ങളിലായി 400 KV-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 KV-യുടെ 23 സബ്സ്റ്റേഷനുകളും 4390 km ഹൈ വോൾട്ടേജ് ലൈനുകളുമാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കേരളത്തിന്റെ വൈദ്യുതി ആവശ്യത്തിന്റെ സിംഹഭാഗവും സംസ്ഥാനത്തിന് പുറത്തുള്ള വൈദ്യുതി പദ്ധതികളെ ആശ്രയിച്ചാണ് നിറവേറ്റുന്നത്. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുകവഴി പുറമേനിന്നുള്ള വൈദ്യുതി, പ്രസരണനഷ്ടം കുറച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കാനാകും. ഭാവിയിൽ ഉണ്ടായേക്കാവുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുത്തും വൈദ്യുതി ഉല്പാദന പദ്ധതികൾക്കാവശ്യമായ പ്രസരണ

ശൃംഖല കൂട്ടിച്ചേർക്കൽ മുന്നിൽകണ്ടുകൊണ്ടുമാണ് ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പിലാക്കിവരുന്നത്. കൂടാതെ, ഇടമൺ-കൊച്ചി 400 KV ലൈനും പുഗളൂർ-മാടക്കത്തറ 400 KV HVDC ലൈനും ഉഡുപ്പി-കാസർഗോഡ്-വയനാട് 400 KV ലൈനും നിലവിൽ വരുന്നമുറയ്ക്ക് ആയതിന്റെ പൂർണ്ണ ഉപയോഗം ഉറപ്പാക്കാൻ കേരളത്തിനുള്ളിലുള്ള (intra state) ലൈനുകളുടെ വികസനവും ഈ പദ്ധതിവഴി നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് (ഉദ്ദേശം 250 കോടി രൂപയ്ക്ക് തുല്യമായത്) വൈദ്യുതി നഷ്ടം കുറയ്ക്കുവാനും വരുന്ന 25 വർഷത്തെ പ്രസരണ ആവശ്യകത നിറവേറ്റുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി സ്ഥിരതയോടെ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും ട്രാൻസ്ഗ്രിഡ് പദ്ധതി വിഭാവനം ചെയ്യുന്നു.

ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ അഞ്ച് വർഷക്കാലയളവിൽത്തന്നെ നാല് 220 കെ.വി. AIS സബ്സ്റ്റേഷനുകളും (മഞ്ചേരി, ചാലക്കുടി, ചിത്തിരപുരം, കോതമംഗലം) അഞ്ച് 220 കെ.വി. GIS സബ്സ്റ്റേഷനുകളും (കുന്നമംഗലം, കലൂർ, ആലുവ, വിഴിഞ്ഞം, ഏറ്റുമാനൂർ) വിവിധ ജില്ലകളിലായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തുകഴിഞ്ഞു. കൂടാതെ 400 കെ.വി.-യുടെ 178

സർക്യൂട്ട് കിലോമീറ്റർ ലൈനും 220 കെ.വി.-യുടെ 566 സർക്യൂട്ട് കിലോമീറ്റർ ലൈനും 110 കെ.വി.-യുടെ 653 സർക്യൂട്ട് കിലോമീറ്റർ ലൈനും നിർമ്മാണം പൂർത്തിയാക്കി.

കേരളത്തിലെ പുനരുപയോഗ സ്രോതസ്സുകളുടെ കലവറയായ പാലക്കാട്, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽനിന്നും ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്ന/ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന (ഗവൺമെന്റ്, ഗവൺമെന്റിതര സ്ഥാപനങ്ങൾ വഴി) വൈദ്യുതിയുടെ തടസ്സരഹിതമായ പ്രസരണത്തിനുവേണ്ടി വിഭാവനം ചെയ്ത ഗ്രീൻ എനർജി കോറിഡോർ പദ്ധതികൾ (അട്ടപ്പാടി ഗ്രീൻ കോറിഡോർ, രാമക്കൽമേട് ഗ്രീൻ കോറിഡോർ, നോർത്ത് ഗ്രീൻ കോറിഡോർ) ട്രാൻസ്ഗ്രിഡ് വഴിയാണ് നടപ്പിലാക്കുന്നത്. ഇവ പ്രാവർത്തികമാകുന്നതോടുകൂടി മേൽപ്പറഞ്ഞ ജില്ലകളിലെ ലഭ്യമാകുന്ന പരമാവധി ഹരിതോർജ്ജം പ്രയോജനപ്പെടുത്താനും ഈ മേഖലയിലേയ്ക്ക് കൂടുതൽ സ്വകാര്യ മേഖലയിലെ നിക്ഷേപം കൊണ്ടുവരാനും സാധിക്കും.

സോളാർ വൈദ്യുതി ചട്ടത്തിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പുനരുപയോഗ സ്രോതസ്സുകളിൽനിന്ന് വൈദ്യുതോൽപ്പാദനം

നടത്തുന്നവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ; കൂടുതൽ പേരെ ഇതിലേയ്ക്ക് ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെ.എസ്.ഇ.ബി.എൽ. സൗര സബ്സിഡി പദ്ധതിയിൽ പൊതുജനങ്ങളുടെ പരമാവധി പങ്കാളിത്തം ഉറപ്പുവരുത്താനും സമയബന്ധിതമായി പൂർത്തിയാക്കാനുമായി E-kiran മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ച് ജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിലും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്തു.

പദ്ധതി നടത്തിപ്പിൽ വരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഡെവലപ്പർമാരുടെയും ഇൻവെർട്ടർ നിർമ്മാതാക്കളുടെയും മീറ്റിംഗുകൾ സംഘടിപ്പിക്കുകയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കാനായി സെക്ഷൻ ഓഫീസുതലത്തിലും സർക്കിൾ ഓഫീസുതലത്തിലും ഉദ്യോഗസ്ഥരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട്

മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ടുവരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ടുവരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ടുവരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് കേന്ദ്രസർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാന്റ് സ്ഥാപിക്കുന്നത്.

പ്രധാനമന്ത്രി-കുസും പദ്ധതിപ്രകാരം സംസ്ഥാനത്ത് കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അനെർട്ട് മുഖേന രണ്ട് പദ്ധതികളാണ് നടപ്പിലാക്കുന്നത്. വൈദ്യുതിയെത്താത്ത സ്ഥലങ്ങളിലെ കാർഷിക ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന

പദ്ധതിയും കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിയും. വൈദ്യുതിയെത്താത്ത സ്ഥലങ്ങളിലെ കാർഷിക ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന പദ്ധതിയിൽ എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്രസർക്കാർ സബ്സിഡി നൽകുന്നു. ഇതോടൊപ്പം സംസ്ഥാന സർക്കാരും 30 ശതമാനം സബ്സിഡി നൽകുന്നു. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിയിൽ എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബഞ്ച്മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്രസർക്കാർ സബ്സിഡിയാണ്. ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്. പമ്പിന്റെ ശേഷി 1 HP മുതൽ 7.5 HP വരെയായിരിക്കണം. ഇതിനുമുകളിലുള്ള പമ്പുകൾക്ക് സബ്സിഡി 7.5 HP പമ്പുകൾക്ക് ലഭിക്കുന്ന സബ്സിഡി തുകയായി നിജപ്പെടുത്തിയിരിക്കുന്നു.

ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി

നൽകുന്നു. ഹോട്ടലുകൾ, മാളുകൾ, മറ്റുസ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനമൊരുക്കുന്നതിന് ഒരു കിലോവാട്ടിന് 20,000/- രൂപ വീതം 5 മുതൽ 50 കിലോവാട്ടുവരെ ശേഷിയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്.

സംസ്ഥാനത്തെ വൈദ്യുത ഉൽപ്പാദന മേഖലയിൽ കൂടുതൽ പദ്ധതികളിൽ സ്വകാര്യ സംരംഭകരെ ആകർഷിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. അതിന്റെ ഭാഗമായി നിലവിൽ സംരംഭകർ നേരിടുന്ന/അഭിമുഖീകരിച്ച പ്രശ്നങ്ങൾ കുറയ്ക്കുന്നതിനും നടപടികൾ ലഘൂകരിക്കുന്നതിനുംവേണ്ടി ചെറുകിട ജലവൈദ്യുത പദ്ധതി നയം പുതുക്കാനുള്ള ആലോചനയിലാണ് സർക്കാർ. കൂടാതെ കേരളത്തിൽ പീക്കോ/മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ/ആശയങ്ങൾ എന്നിവയുടെ സാധ്യതാ പഠനത്തിനും പൈലറ്റ് ഡെമോൺസ്ട്രേഷനുംവേണ്ടി 14-09-2021-ൽ EMC താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. പുതുആശയങ്ങൾക്ക് പ്രോത്സാഹനം നൽകാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയിൽ ലഭ്യമാകുന്ന സാങ്കേതികവിദ്യ/ആശയങ്ങൾ എന്നിവ ലഭിക്കുന്നമുറയ്ക്ക് ഇ.എം.സി. പരിശോധിച്ച് സംസ്ഥാനത്തിലുള്ള അനുയോജ്യത കണക്കിലെടുത്ത് മൂല്യനിർണ്ണയവും ചുരുക്കപ്പട്ടികയും എല്ലാ

മാസത്തിലും ഒരു നിശ്ചിത തീയതിയിൽ പ്രസിദ്ധീകരിക്കാനും അതിലൂടെ കൂടുതൽ കൂടുതൽ സാങ്കേതിക സാധ്യതകൾ ആരായാനും ലക്ഷ്യമിടുന്നു. മാത്രമല്ല കെ.എസ്.ഐ.ഡി.സി.-യുടെ ജില്ലാ-സംസ്ഥാന ഏകജാലക ക്ലിയറൻസ് സംവിധാനം മുഖേന പദ്ധതി സംരംഭകർക്കാവശ്യമായ വകുപ്പ് അനുമതികൾ നേടുന്നതിനുള്ള സംവിധാനവും സർക്കാർ ഒരുക്കിയിട്ടുണ്ട്. ഇവകൂടാതെ 68 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകരിലൂടെ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു.

(ഡി) ഇത്തരം സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി ഉപയോഗിച്ച് വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്ന പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

കേരളത്തിൽ 62 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു. എല്ലാ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിലും സോളാർ റൂഫിംഗുകൂടി നൽകി ചാർജ്ജിംഗ് സ്റ്റേഷനുകൾ സോളാർ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതി ഉടൻ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഹോട്ടലുകൾ, മാളുകളുൾപ്പെടെ സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനമൊരുക്കുന്നതിന് ഒരു കിലോവാട്ടിന് 20,000/- രൂപ വീതം 5 മുതൽ 50 കിലോവാട്ടുവരെ ശേഷിയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലായി രണ്ട് സോളാർ ചാർജ്ജിംഗ് സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചു. കോഴിക്കോട് ജില്ലയിൽ രണ്ട് സോളാർ ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം നടന്നുവരുന്നു. കൂടുതൽ സ്വകാര്യ സംരംഭകരെ ഈ പദ്ധതിക്കായി കണ്ടെത്തുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. കൂടാതെ ഈ വർഷം അനെർട്ട് നേരിട്ട് 6 സോളാർ വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്.

## വൈദ്യുതി കുടിശ്ശിക

275 (667) ശ്രീ. പി. ഉബൈദുള്ള:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും 850 കോടിയോളം രൂപ വൈദ്യുതി കുടിശ്ശിക അടയ്ക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. 31-03-2022 വരെയുള്ള കണക്കുപ്രകാരം വിവിധ സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും പൊതുസ്ഥാപനങ്ങളുമായി 1352 കോടിയോളം രൂപ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുണ്ട്. ആയതിൽ ഏറ്റവും കൂടുതൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനം കേരള വാട്ടർ അതോറിറ്റിയാണ് (996.90 കോടി രൂപ). 30-09-2018 വരെയുള്ള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക 1326.69 കോടി രൂപയായി നിജപ്പെടുത്തി (1062.98 കോടി രൂപ മുതലിനത്തിലും 263.71 കോടി രൂപ 6% പലിശ നിരക്കിലും കണക്കാക്കി) 2019-20 സാമ്പത്തിക വർഷം മുതൽ 331.67 കോടി രൂപ വീതം 4 തവണകളായി 4 വർഷത്തെ ബഡ്ജറ്റ് വിഹിതമായി കെ.എസ്.ഇ.ബി.എൽ.-ന് നൽകുന്നതിനായി 14-01-2019-ലെ സ.ഉ.

(സാധാ) നം.10/2019/ഊ.വ. നമ്പർ ഉത്തരവുപ്രകാരം തീർപ്പാക്കുകയുണ്ടായി. ഇതിൽ 3 വാർഷിക തവണകൾ ഇതിനകം ലഭ്യമായിട്ടുണ്ട്. തനതുവർഷം അവസാന ഗഡുവായി 331.67 കോടി രൂപ സർക്കാരിൽനിന്നും നൽകാനുണ്ട്. ഇതേത്തുടർന്ന് 01-10-2018 മുതൽ 31-05-2022 വരെ പ്രതിമാസം 30 കോടി രൂപയോളം വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ വർദ്ധിച്ച് 2022 മേയ് മാസത്തെ കണക്കുകൾപ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക 1060.91 കോടി രൂപയാണ്.

കാലാകാലങ്ങളിൽ സർക്കാർതലത്തിലെ ഇടപെടലുകളിൽക്കൂടി മാത്രമാണ് കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക തീർപ്പാക്കുന്നത്. സർക്കാർ വകുപ്പുകളുടെ കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർതലത്തിൽ നിരവധി ഉന്നതതല യോഗങ്ങൾ നടത്തുകയും എല്ലാ വകുപ്പുകളും കേന്ദ്രീകൃത ബില്ലിംഗ് സംവിധാനത്തിലേയ്ക്ക് മാറണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാർ ഓഫീസുകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി.എൽ. കുടിശ്ശികയുള്ള എല്ലാ സർക്കാർ സ്ഥാപന മേധാവികൾക്കും കൺസ്യൂമർ നമ്പർ അടിസ്ഥാനത്തിൽത്തന്നെ വിശദവിവരം തയ്യാറാക്കി നൽകുകയും

ആയത് സംബന്ധിച്ചുള്ള തുടർനടപടികൾ നടന്നുവരികയും ചെയ്യുന്നു.

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ നീക്കം നടക്കുന്ന അവസരത്തിൽ ഈ കുടിശ്ശിക പിരിച്ചെടുക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

കോവിഡ്-19 മഹാമാരിയോടനുബന്ധിച്ച് 25-03-2020-ൽ ഉണ്ടായ സമ്പൂർണ്ണ അടച്ചിടലും അതേത്തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക മാന്ദ്യവും പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനങ്ങളെയും സാരമായി ബാധിക്കുകയുണ്ടായി. എന്നാൽ നിലവിൽ കുടിശ്ശിക പിരിച്ചെടുക്കുന്ന വിഷയത്തിൽ കെ.എസ്.ഇ.ബി.എൽ. ഊർജ്ജിതശ്രമം നടത്തിവരുന്നുണ്ട്. എന്നാൽ 31-03-2022 വരെയുള്ള കാലയളവിൽ കെ.എസ്.ഇ.ബി.എൽ.-ന് 430.49 കോടി രൂപയോളം ബഹുമാനപ്പെട്ട സുപ്രീംകോടതി, ഹൈക്കോടതി, വിവിധ ലീഗൽ ഫോറങ്ങൾ എന്നിവയിൽ തീർപ്പിനായി നിൽക്കുന്നുണ്ട്. ആയത് ബഹുമാനപ്പെട്ട കോടതികളുടെ തീർപ്പനുസരിച്ച് മാത്രമേ പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കെ.എസ്.ഇ.ബി.എൽ.-ന് സാധിക്കുകയുള്ളൂ.

(സി) ചെലവ് ചുരുക്കിയും കുടിശ്ശിക പിരിച്ചെടുത്തും വൈദ്യുതി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ്

സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഇക്കാര്യത്തിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

1. പലിശ നിരക്ക് കൂടിയ വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ നിരക്കിലുള്ള വായ്പകൾ എടുക്കുന്നതാണ്.

2. ബഡ്ജറ്റ് കൺട്രോളിലൂടെ ഫീൽഡ് യൂണിറ്റുകളുടെ ചെലവ് ചുരുക്കാൻ നടപടി സ്വീകരിക്കുന്നു.

3. കോവിഡ്-19 മഹാമാരിയുടെ ഒന്ന്, രണ്ട്, മൂന്ന് തരംഗങ്ങളുടെ കാരണത്താൽ താൽക്കാലികമായി തടസ്സപ്പെട്ടിരുന്ന കുടിശ്ശിക പിരിവ് കെ.എസ്.ഇ.ബി.എൽ. വീണ്ടും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക വരുത്തിയിട്ടുള്ള സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ആയത് സംബന്ധിച്ചുള്ള കുടിശ്ശിക നോട്ടീസുകൾ നൽകി തുടർന്നും അടവാക്കാത്ത സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വൈദ്യുതി ബന്ധം വിച്ഛേദിച്ച്, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ നടത്തി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി, ഹൈക്കോടതി, വിവിധ ലീഗൽ ഫോറങ്ങൾ എന്നിവയിൽ

തീർപ്പാക്കാതെയുള്ള വ്യവഹാരങ്ങളിൽപ്പെട്ടിട്ടുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ ലീഗൽസെൽ കേസ് നടപടികൾ ത്വരിതപ്പെടുത്താനുള്ള നടപടിക്രമങ്ങൾ നടത്തിവരുന്നു. ഇത്തരത്തിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി "ഒറ്റത്തവണ തീർപ്പാക്കൽ" പദ്ധതിയും കെ.എസ്.ഇ.ബി.എൽ. നടത്തുകയുണ്ടായി. മേൽപദ്ധതിയിലൂടെ 2 വർഷത്തിനുമേലുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള അവസരം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുണ്ടായി.

## വൈദ്യുതി രംഗത്തെ നേട്ടങ്ങൾ

276 (668) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണത്തിലെ കാര്യക്ഷമതയും പരിസ്ഥിതി സൗഹൃദനടപടികളും വിലയിരുത്തി നീതി ആയോഗ് തയ്യാറാക്കിയ സൂചികയിൽ കേരളം മുന്നിൽ വന്നിട്ടുണ്ടോ; സംസ്ഥാന വൈദ്യുതി വകുപ്പ് നടപ്പിൽവരുത്തിയ എന്തെല്ലാം കാര്യങ്ങൾ പരിഗണിച്ചാണ് കേരളത്തിന് അംഗീകാരം ലഭിച്ചത്; വിശദാംശങ്ങൾ നൽകാമോ?

കാലാവസ്ഥ, ഊർജ്ജ മേഖലകളിൽ വിവിധ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും നടത്തുന്ന ശ്രമങ്ങൾ വിലയിരുത്തുന്നതിനായി NITI AAYOG പുറത്തിറക്കിയ സൂചികയായ സ്റ്റേറ്റ് എനർജി ആൻഡ് ക്ലൈമറ്റ് ഇൻഡക്സ് (State Energy & Climate Index - SECI) പ്രകാരം കേരളം രാജ്യത്തെ മികച്ച പ്രകടനം കാഴ്ചവച്ച രണ്ടാമത്തെ വലിയ സംസ്ഥാനമാണ്. ലഭിച്ച സ്കോർ 49.1. ഒന്നാം സ്ഥാനം ലഭിച്ച ഗുജറാത്തിന് 50.1 സ്കോർ ലഭിച്ചിരുന്നു.

വൈദ്യുതി വിതരണ കമ്പനികളുടെ പ്രവർത്തനം (DISCOMs performance), സ്വച്ഛ വൈദ്യുതി സംരംഭങ്ങൾ (Clean energy initiatives), താങ്ങാവുന്ന വിലയ്ക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുക (access, affordability & reliability of energy), ഊർജ്ജകാര്യക്ഷമത (energy efficiency), പാരിസ്ഥിതിക സുസ്ഥിരത (environmental sustainability), പുതിയ സംരംഭങ്ങൾ (new initiatives) എന്നിങ്ങനെ ആറ് വിഭാഗങ്ങളിലായി 27 പ്രകടന സൂചികകൾ (key performance indicators) അടിസ്ഥാനമാക്കിയാണ് ഇന്ത്യയിലെ 28 സംസ്ഥാനങ്ങളെയും 8 കേന്ദ്രഭരണ പ്രദേശങ്ങളെയും വിലയിരുത്തുന്നത്.

പ്രതിശീർഷ ഊർജ്ജ ഉപഭോഗം, കാർഷിക, വ്യാവസായിക

മേഖലകളിൽ ദിവസത്തിൽ എത്ര മണിക്കൂർ വൈദ്യുതി വിതരണം ചെയ്യുന്നു, ക്രോസ് സബ്സിഡി, അവശ്യവിഭാഗത്തിന് വൈദ്യുതി എത്തിക്കുക, വൈദ്യുതി താരിഫ് എന്നിവ പരിശോധിച്ച് താങ്ങാവുന്ന വിലയ്ക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുക എന്നിവ പരിഗണിച്ച് " താങ്ങാവുന്ന വിലയ്ക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുക (access, affordability & reliability of energy)" എന്ന വിഭാഗത്തിൽ കേരളം ഏറ്റവും ഉയർന്ന സ്കോർ ആയ 67.3 നേടി. കാർഷിക മേഖലയിലും വ്യവസായ മേഖലയിലും ഏറ്റവും കൂടുതൽ സമയം വൈദ്യുതി വിതരണം ചെയ്യുന്നത് കേരളത്തിലാണ്. വൈദ്യുതിയുടെ ക്രോസ് സബ്സിഡി നൽകുന്ന കാര്യത്തിലും ഏറ്റവും മികച്ച സ്കോർ കേരളം നേടി. എല്ലാവിഭാഗം ഉപഭോക്താക്കൾക്കും TOD താരിഫ് നടപ്പിലാക്കിയ മൂന്ന് സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണ്. ഊർജ്ജ സംരക്ഷണത്തിന്റെ കാര്യത്തിൽ വ്യാവസായിക മേഖലയിൽ ഊർജ്ജ സംരക്ഷണം ഏർപ്പെടുത്തിയ കാര്യത്തിലും റെഗുലേറ്ററി അസറ്റുകളുടെ കാര്യത്തിലും ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചത് കേരളമാണ്. ഈ വിഭാഗങ്ങളിൽ ഓരോന്നിലും സംസ്ഥാനം പരമാവധി സ്കോർ (100) നേടി.

(ബി) ദേശീയ ഊർജ്ജകാര്യക്ഷമതാ സൂചികയിൽ കേരളം നേട്ടം കൈവരിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലെ പ്രവർത്തനങ്ങൾ

പരിഗണിച്ചാണ് അംഗീകാരം ലഭിച്ചത്; വിശദാംശങ്ങൾ നൽകാമോ;

(സി) ഇക്കാലയളവിൽ സംസ്ഥാന വൈദ്യുതി വകുപ്പിന് മറ്റെന്തെല്ലാം അംഗീകാരം ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

(ബി & സി) ദേശീയതലത്തിലെ ഊർജ്ജകാര്യക്ഷമതാ സൂചികയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പ് 2-ൽ 100-ൽ 53 പോയിന്റോടെ കേരളം രണ്ടാം സ്ഥാനത്താണ്. ഊർജ്ജ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി KSEBL-ന് 2014-ൽ ദേശീയ ഊർജ്ജ സംരക്ഷണ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

പുരപ്പുറ സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി വർദ്ധന കണക്കിലെടുത്ത് ഏപ്രിൽ 2022-ൽ EQ International Magazine നൽകുന്ന " Rooftop Enabler of the year 2022" അവാർഡും പുരപ്പുറ സൗരോർജ്ജ പദ്ധതി നടത്തിപ്പിലെ പ്രവർത്തന മികവിന് മേയ് 2022-ൽ " റീ അസ്സറ്റ് ഇന്ത്യ 2022" അവാർഡും KSEBL-ന് ലഭിച്ചു.

ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട പുരസ്കാരങ്ങൾ നൽകുന്നതിന് ഊർജ്ജ സംരക്ഷണവും പരിപാലനവുമാണ് പ്രധാനമായും വിശകലനം ചെയ്യുന്നത്. കൂടാതെ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി

നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി പരിസ്ഥിതി സൗഹൃദമായി നടപ്പിലാക്കിയ പദ്ധതികളാണ് ടി പുരസ്കാരങ്ങൾ നൽകുന്നതിനായി വിലയിരുത്തുന്നത്. ഊർജ്ജകാര്യക്ഷമതയും ഊർജ്ജസംരക്ഷണവും വർദ്ധിപ്പിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (റിന്യൂവബിൾ എനർജി & എനർജി സേവിംഗ്സ്)-ന്റെ കാര്യാലയം മുഖേന നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. " ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം" (DELP) പദ്ധതി.

2. ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി.

3. ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (HVDS) പദ്ധതി.

4. ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ നവീകരണം.

5. വിവിധ സ്ഥാപനങ്ങളിൽ "എനർജി ഓഡിറ്റിംഗ്"

6. ഊർജ്ജം കരുതിവയ്ക്കാം നാളേയ്ക്ക് - പദ്ധതി.

7. നിലാവ് പദ്ധതിവഴി 3.35 ലക്ഷം LED തെരുവുവിളക്കുകൾ സ്ഥാപിച്ചു.

ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ കാര്യക്ഷമതയോടെയുള്ള

ഊർജ്ജ ഉപഭോഗം പ്രോത്സാഹിപ്പിക്കുവാനും വൈദ്യുതി ഉപഭോഗം കുറയ്ക്കുവാനും ലക്ഷ്യമിട്ടാണ് കെ.എസ്.ഇ.ബി.എൽ. DELP പദ്ധതി, FFK പദ്ധതി എന്നിവ നടപ്പിലാക്കിയത്. 2015-ൽ ആരംഭിച്ച DELP പദ്ധതിയിൽ ഉൾപ്പെടുത്തി 1.35 കോടി LED ബൾബുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ നടപ്പിലാക്കിവരുന്ന FFK പദ്ധതിപ്രകാരം 14.6 ലക്ഷം ഉപഭോക്താക്കൾക്ക് ഇതിനോടകം 1.12 കോടി LED ബൾബുകൾ നൽകിയിട്ടുണ്ട്. വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി പാലക്കാട്, തിരൂർ എന്നീ സർക്കിളുകളിൽ യഥാക്രമം 40 ലക്ഷം, 51.2 ലക്ഷം രൂപയുടെ HVDS പദ്ധതികൾ പൂർത്തീകരിക്കുകയും ഹരിപ്പാട് സർക്കിളിൽ ടി പ്രവൃത്തികൾ നടത്തിവരികയും ചെയ്യുന്നു. കൂടാതെ വൈദ്യുതി വിതരണ ട്രാൻസ്ഫോർമറുകൾ ഉന്നതനിലവാരത്തിൽ എത്തിക്കുന്നതിന്റെ ഭാഗമായി 94.9 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഊർജ്ജസംരക്ഷണം നടത്തുന്നതിന്റെയും ഊർജ്ജനഷ്ടം പരിശോധിക്കുന്നതിന്റെയും പ്രാരംഭ നടപടിയായ എനർജി ഓഡിറ്റ് വിവിധ സ്ഥാപനങ്ങളിൽ നടത്തുകയുണ്ടായി.

### കെ.എസ്.ഇ.ബി. വാഹനത്തിന്റെ ദുരുപയോഗം

277 (669) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വൈദ്യുതി വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗവും വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥനുമായ ശ്രീ. സുരേഷ് കുമാർ കെ.എസ്.ഇ.ബി.എൽ.-ന്റെ വാഹനം ദുരുപയോഗം ചെയ്തുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് വകുപ്പുതലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉണ്ട്. കെ.എസ്.ഇ.ബി.എൽ. വിജിലൻസ് വിഭാഗം അന്വേഷണം നടത്തി തുടർനടപടി സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വാഹന ദുരുപയോഗം നടത്തിയതായും 6,72,560/- രൂപ ബോർഡിന് നഷ്ടമുള്ളതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക അദ്ദേഹത്തിൽനിന്നും ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥൻ തടസ്സവാദം സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ചുവരുന്നു.

അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## പൂക്കോളത്തൂരിൽ വൈദ്യുതി സെക്ഷൻ ഓഫീസ്

278 (670) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണം സുഗമമാക്കുന്നതിനായി പുതുതായി സെക്ഷൻ ഓഫീസുകൾ തുടങ്ങാൻ ആലോചിക്കുന്നുണ്ടോ?

ഇല്ല.

(ബി) മഞ്ചേരി സൗത്ത് സെക്ഷൻ വിഭജിച്ച് പൂക്കോളത്തൂരിൽ പുതിയ സെക്ഷൻ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

മഞ്ചേരി (സൗത്ത്) സെക്ഷൻ ഓഫീസ് വിഭജിച്ച് പൂക്കോളത്തൂർ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായിവരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രായോഗികമല്ലെന്നതിനാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് KSEBL നിലവിൽ സ്വീകരിച്ചുവരുന്നത്. ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുതി ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനുപുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവനകേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ

അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തനമേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ KSEBL-ൽ നടന്നുവരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണംവഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി KSEBL-ന്റെ പരിഗണനയിലുണ്ട്. മഞ്ചേരി (south) വിഭജിച്ച് പൂക്കോളത്തൂർ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മീറ്റർ റീഡർ തസ്തിക ഒഴിവുകൾ

279 (671) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യിൽ ആകെ എത്ര മീറ്റർ റീഡർ തസ്തിക ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കാമോ?

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ.-ൽ ആകെ 70 മീറ്റർ റീഡർ തസ്തിക ഒഴിവുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ പി.എസ്.സി. മുഖേന മീറ്റർ റീഡർ തസ്തിക ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ പുതുക്കിയ ഗൈഡ്‌ലൈൻസ് പ്രകാരം (Revamped Reforms Linked Results - Based Distribution Sector Scheme) പ്രീപെയ്ഡ് സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ നൂതന പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ ബോർഡിലും ഇവയെല്ലാം സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്. മീറ്ററിംഗുമായി ബന്ധപ്പെട്ട ഇത്തരം

സ്ഥിതിമാറ്റത്തിലൂടെയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് കടന്നുപോകുന്നത്. ഇതിനകം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് (കെ.പി.എസ്.സി.) റിപ്പോർട്ട് ചെയ്ത 218 ഒഴിവുകളിൽ ലഭ്യമായ നിയമന ശിപാർശയിൽ എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമന ഉത്തരവ് നൽകുകയും അതിൽ ജോലിയിൽ പ്രവേശിക്കാത്ത 70 ഉദ്യോഗാർത്ഥികളുടെ NJD ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് (കെ.പി.എസ്.സി.) റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. സംസ്ഥാനത്താകെ റീഡിംഗ് ആവശ്യമില്ലാത്ത സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന സാഹചര്യത്തിൽ കാലക്രമേണ മീറ്റർ റീഡർ തസ്തികയുടെ ആവശ്യകത ഇല്ലാതെവരും. ആയതിനാൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിൽ പുതിയതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നിർവ്വാഹമില്ല.

## ഉത്തരകേരളത്തിലെ വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ

280 (672) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരകേരളത്തിലെ വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കെ.എസ്.ഇ.ബി.എൽ. എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരകേരളത്തിലെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ദ്യുതി പദ്ധതിയിൽ, 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഉത്തരമേഖലാ വിതരണ വിഭാഗത്തിനുകീഴിൽ 102983 ലക്ഷം രൂപയുടെ 32548 പ്രവൃത്തികളും ഉത്തര മലബാർ വിതരണ വിഭാഗത്തിനുകീഴിൽ 20224.76 ലക്ഷം രൂപയുടെ 3552 പ്രവൃത്തികളും ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. പുതിയ എച്ച്.റ്റി. ലൈൻ സ്ഥാപിക്കൽ, എൽ.റ്റി. ലൈൻ സ്ഥാപിക്കൽ, കേബിളുകൾ സ്ഥാപിക്കൽ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ഭൂഗർഭ കേബിളുകൾ സ്ഥാപിക്കൽ, ലൈനുകളുടെ നവീകരണം, എന്നീ പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടും. ഇതുകൂടാതെ വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി എൽ.റ്റി. ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും നടത്തിവരുന്നു.

ഉത്തരകേരളത്തിലെ വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 20-02-2021-ൽ 6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചാത്തൻ കോട്ടുനട-II ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്തു. കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികളായ പെരുവണ്ണാമൂഴി

(6 മെഗാവാട്ട്), പഴശ്ശിസാഗർ (7.5 മെഗാവാട്ട്) എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിനുപുറമെ, ഓലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (5 മെഗാവാട്ട്), പൂവാരംതോട് (3 മെഗാവാട്ട്) എന്നീ രണ്ട് പദ്ധതികളുടെ സിവിൽ പ്രവൃത്തികൾക്കുള്ള വർക്ക് ഓർഡർ നൽകി. മൂന്നുവർഷത്തിനുള്ളിൽ ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ ഉത്തരകേരളത്തിലെ വൈദ്യുതി ശൃംഖലയിൽ പുനരുപയോഗ സ്രോതസ്സുകൾ മുഖേനയുള്ള വൈദ്യുതി ഉൽപ്പാദനത്തിന്റെ സ്ഥാപിതശേഷി 132 MW ആണ്. ഉത്തരകേരളത്തിൽ കെ.എസ്.ഇ.ബി.എൽ. സമീപഭാവിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പുനരുപയോഗ വൈദ്യുതി ഉൽപ്പാദന പദ്ധതികളിൽ 81 MW-ന്റെ ഫ്ലോട്ടിംഗ് സോളാർ, 152.18 MW-ന്റെ ഗ്രൗണ്ട് മൗണ്ടഡ്/പുരപ്പുറ സോളാർ, 10 MW-ന്റെ BESS (Battery Energy Storage System) എന്നിവ ഉൾപ്പെടുന്നു. കൂടാതെ ടി മേഖലയിൽ വൈദ്യുതി പ്രസരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ശേഷിവർദ്ധിപ്പിക്കൽ, പുതിയ സബ്സ്റ്റേഷൻ, ലൈൻ നിർമ്മിക്കുന്ന ജോലികൾ തുടങ്ങിയവ കൈക്കൊണ്ടിട്ടുണ്ട്.

കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

- 110 കെ.വി. സബ്സ്റ്റേഷൻ ചൊവ്വയുടെ ശേഷി 22.5 എം.വി.എ.-യിൽ നിന്നും 40 എം.വി.എ ആയി ഉയർത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചു.
- 33 കെ.വി പയ്യന്നൂർ ടൗൺ സബ്സ്റ്റേഷനിൽ 5 എം.വി.എ. ട്രാൻസ്ഫോർമറിന്റെ ശേഷി ഉയർത്തി 8 എം.വി.എ. ആയി മാറ്റുന്ന പ്രവൃത്തി പൂർത്തീകരിച്ചു.
- 110 കെ.വി. വലിയവെളിച്ചം സബ്സ്റ്റേഷനിൽ പുതുതായി ഒരു 12.5 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി 25 എം.വി.എ ആക്കി ഉയർത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചു.
- 110 കെ.വി. പിണറായി സബ്സ്റ്റേഷനിൽ നിലവിലുള്ള 5 എം.വി.എ. ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിച്ച് 10 എം.വി.എ. ആക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.
- കാസർഗോഡ് അമ്പലത്തറ സോളാർ പാർക്ക് സബ്സ്റ്റേഷനിൽ പുതുതായി ഒരു 100 എം.വി.എ. 220 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി 200 എം.വി.എ. ആയി

വർദ്ധിപ്പിച്ചു.

- കൂത്തുപറമ്പ് സബ്സ്റ്റേഷനിൽനിന്നും 19 കിലോമീറ്റർ 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ വലിച്ച് 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആക്കി ഉയർത്തുന്ന പ്രവൃത്തി 27-05-2019-ൽ പൂർത്തീകരിച്ചു.

- നെടുംപൊയിൽ സബ്സ്റ്റേഷനിൽനിന്നും 10 കിലോമീറ്റർ 33 കെ.വി. UG കേബിൾ ലൈൻ നിർമ്മിച്ച് 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തി 02-08-2019-ൽ പൂർത്തീകരിച്ചു.

- വെളിയമ്പ്രയിൽ കേരള വാട്ടർ അതോറിറ്റിക്കുവേണ്ടി ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം 15-05-2020-ൽ പൂർത്തീകരിച്ചു.

- ശ്രീകണ്ഠാപുരം മുതൽ ചെമ്പേരിവരെയുള്ള 9.6 കിലോമീറ്റർ 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മിച്ച് ചെമ്പേരിയിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിച്ചു.

- തലശ്ശേരി സബ്സ്റ്റേഷനിൽനിന്നും പിണറായി സബ്സ്റ്റേഷനിലേയ്ക്കുള്ള 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ആക്കുന്ന

പ്രവൃത്തി പൂർത്തീകരിച്ചു.

- കാസർഗോഡ് ജില്ലയിലെ 50MW അമ്പലത്തറ സോളാർ പാർക്ക്, 50MW പൈവളിഗെ സോളാർ പാർക്ക് തുടങ്ങിയ പദ്ധതികളിൽനിന്നുള്ള വൈദ്യുതി പ്രസരണം നടത്തുന്നതിനായി 220 കെ.വി. സബ്സ്റ്റേഷൻ അമ്പലത്തറ, കുബനൂർ 110 കെ.വി. സബ്സ്റ്റേഷനിൽ രണ്ട് 25 MVA ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിച്ചു.

ഇതുകൂടാതെ, പ്രസരണനഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിനും കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

- 400 കെ.വി. ഉടുപ്പി-കരിന്തളം, കരിന്തളം-വയനാട് എന്നീ ലൈനുകളുടെയും കരിന്തളം 400 കെ.വി. സബ്സ്റ്റേഷന്റെയും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

- മാങ്ങാട് 110 കെ.വി. സബ്സ്റ്റേഷനിൽ പുതുതായി ഒരു 12.5 എം.വി.എ. ട്രാൻസ്ഫോർമർകൂടി സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി 42.5 എം.വി.എ. ആക്കി ഉയർത്തുന്ന പ്രവൃത്തി

അവസാനഘട്ടത്തിലാണ്.

- പുതിയതെരു 33 കെ.വി. സബ്സ്റ്റേഷനിൽ പുതുതായി ഒരു 5 എം.വി.എ. ട്രാൻസ്ഫോർമർകൂടി സ്ഥാപിച്ച് സബ്സ്റ്റേഷന്റെശേഷി 15 എം.വി.എ. ആക്കി ഉയർത്തുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

- നിലവിലുള്ള 33 കെ.വി. പരിയാരം സബ്സ്റ്റേഷൻ ശേഷി വർദ്ധിപ്പിച്ച് 110 കെ.വി. ആക്കുന്ന പ്രവൃത്തി ആരംഭിച്ചു.

- മട്ടന്നൂർ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിനും അനുബന്ധ പ്രദേശങ്ങളിലും തടസ്സരഹിത വൈദ്യുതി നൽകുന്നതിനായി 110 കെ.വി. മട്ടന്നൂർ കിൻഫ്ര പാർക്ക് സബ്സ്റ്റേഷന്റെ നിർമ്മാണം പുരോഗമിക്കുന്നു.

- കാസർഗോഡ് ജില്ലയിലെ മലയോര മേഖലയിലെ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, പുതിയ 110 കെ.വി. സബ്സ്റ്റേഷൻ കുറ്റിക്കോലിൽ സ്ഥാപിക്കുന്നതിന്റെ പ്രവൃത്തികൾ ആരംഭിച്ചു.

- മൈലാട്ടി സബ്സ്റ്റേഷനിലെ 10 എം.വി.എ. ട്രാൻസ്ഫോർമർ 20 എം.വി.എ. ആക്കി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

- ചൊവ്വ മുതൽ പിണറായി സബ്സ്റ്റേഷൻവരെ 12.8 km സിംഗിൾ സർക്യൂട്ട് ലൈൻ 110 കെ.വി. ഡബിൾ സർക്യൂട്ടാക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

- കാസർഗോഡ് മൈലാട്ടി സബ്സ്റ്റേഷനിൽനിന്നും വിദ്യാനഗർ സബ്സ്റ്റേഷനിലേയ്ക്കുള്ള 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ 220/110 കെ.വി. മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജായി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) ഇത് എത്രത്തോളം ഫലപ്രദമാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരകേരളത്തിൽ മേൽപ്രതിപാദിച്ച പദ്ധതികൾ പൂർത്തീകരിച്ച സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുകയും വൈദ്യുതി തടസ്സത്തിന്റെ ആവൃത്തി കുറയുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി ഈ മേഖലയിലെ വൈദ്യുതി തടസ്സം കുറയുകയും ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാവുകയും ചെയ്യുന്നതാണ്.

## സൗജന്യ വൈദ്യുതി കണക്ഷൻ

281 (673) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുത കണക്ഷൻ നൽകുന്നതിനായി പോസ്റ്റുകൾ സ്ഥാപിക്കേണ്ടിവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന വിവരം നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകാൻ മറ്റുപദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000w വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതുഫണ്ടുപയോഗിച്ച് നൽകിവന്നിരുന്നു. ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിച്ച് കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ചുനൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31-03-2022-ലെ

ബോർഡ് ഉത്തരവുപ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്.

## ദേവികുളത്ത് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സെന്റർ

282 (674) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ദേവികുളം മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് സെന്ററുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ദേവികുളം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ചാർജ്ജിംഗ് സെന്ററുകൾ എവിടെയൊക്കെയാണ്; അറിയിക്കാമോ?

ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ - 4 ചക്ര വാഹനങ്ങൾക്ക്

പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷൻസ് – 2/3 ചക്ര വാഹനങ്ങൾക്ക്

1. അടിമാലി ഗവ. സ്കൂളിന് സമീപം

2. ചെങ്കുളം ഓഗ്മെന്റേഷൻ ഓഫീസിന് സമീപം

3. മറയൂർ ബസ് സ്റ്റേഷൻ

4. വിളക്

5. ഇരുമ്പു പാലം ഓട്ടോ സ്റ്റാൻഡിന് സമീപം

6. മാങ്കുളം ആനക്കുളം റോഡ്

**പൂഞ്ഞാർ മണ്ഡലത്തിലെ മാർമ്മല ജലവൈദ്യുത പദ്ധതി**

283 (675) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീക്കോയി, തലനാട് വില്ലേജുകളിലെ മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടി ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതി(7 MW/23MU)-ക്കായി പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീക്കോയി, തലനാട് വില്ലേജുകളിൽപ്പെട്ട 5.9099 ഹെക്ടർ പട്ടയ ഭൂമിയും 0.5236 ഹെക്ടർ പട്ടയരഹിത ഭൂമിയും LARR Act 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ

നടപടിയുടെ ഭാഗമായി പരിസ്ഥിതി പ്രത്യാഘാത പഠന റിപ്പോർട്ട് 18-04-2022-ൽ സർക്കാർ അംഗീകരിച്ച് ഉത്തരവാകുകയും അതിൻപ്രകാരം ടി പദ്ധതിയുടെ II (1) വിജ്ഞാപനത്തിന്റെ കരട് അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുന്നതിനുവേണ്ടി 30-04-2022-ൽ പാല, തഹസിൽദാരെ കോട്ടയം ജില്ലാകളക്ടർ ചുമതലപ്പെടുത്തിയിട്ടുള്ളതുമാകുന്നു. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനായി എല്ലാവിധ ശ്രമങ്ങളും നടത്തിവരുന്നു.

**കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന പദ്ധതികൾ**

284 (676) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടും നാളിതുവരെ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാത്ത സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടും വിവിധ ഇലക്ട്രിക്കൽ സർക്കിളുകളുടെ പരിധിയിൽ പൂർത്തിയാകാത്ത

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ വിവരം വർഷം തിരിച്ച് കാരണങ്ങൾ സഹിതം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) മേൽപദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തികൾ പൊതുജനങ്ങളിൽനിന്നോ വിവിധ വകുപ്പുകളിൽനിന്നോ ഉള്ള എതിർപ്പുമൂലമാണ് പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ ഇലക്ട്രിക് പോസ്റ്റുകൾ ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായതിനാൽ 2020-21, 2021-22 വർഷങ്ങളിൽ പണമടച്ച പ്രവൃത്തികൾ മുഴുവനും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇത് പരിഹരിക്കാനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്.

സാധാരണഗതിയിൽ പ്രത്യേക പ്രവൃത്തികൾക്കായല്ലാതെ മൊത്തമായി ഒരു തുകയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി.എൽ.-ൽ നിക്ഷേപിച്ചിരുന്നത്. പിന്നീട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവൃത്തികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർദ്ദേശിക്കുന്നതിനനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നത്. തുക അടച്ച തീയതി മുതൽ സമയം കണക്കാക്കുന്നതും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിനുള്ള കാരണമാണ്. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തികവർഷം തുടങ്ങിയതിനുശേഷം പ്രവൃത്തികളുടെ വിവരം അറിയിക്കുമ്പോൾ സാധനസാമഗ്രികൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരികയും ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് വൈകിക്കുകയും ചെയ്യുന്നു. ഇത് പരിഹരിക്കാൻ അടുത്ത വർഷങ്ങളിലേയ്ക്ക് ആസൂത്രണം ചെയ്യുന്ന പ്രവൃത്തികൾ മുൻകൂട്ടി കെ.എസ്.ഇ.ബി.എൽ.-നെ അറിയിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷൻ

285 (677) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷൻ ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ഓരോ ചാർജ്ജിംഗ് സ്റ്റേഷനിലും എത്ര വാഹനങ്ങൾക്ക് ഒരു സമയം ചാർജ് ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ; ഇലക്ട്രിക്

വാഹന ചാർജ്ജിംഗ് സ്റ്റേഷൻ നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 6 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടിക്രമവുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുപോകുന്നു. പ്രസ്തുത സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

1. ചേരാപുരം
2. അരൂർ
3. തീക്കുനി
4. അയൻച്ചേരി തെരുവ്
5. അയൻച്ചേരി നാലോം കൊറോൾ
6. കക്കാട് ടൗൺ

പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ ഒരു സമയം ഒരു വാഹനം മാത്രമേ ചാർജ്ജ് ചെയ്യാൻ സാധിക്കുകയുള്ളൂ. ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജൂലൈ മാസത്തിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) നിലവിലെ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായാണോ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതെന്ന് അറിയിക്കാമോ?

നിലവിലെ ഇലക്ട്രിക് വാഹനങ്ങൾക്ക് അനുസൃതമായും ഭാവിയിലെ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം കൂടുന്നത് പരിഗണിച്ചുമാണ് ചാർജ്ജിംഗ് സ്റ്റേഷനുകൾ വിഭാവനം ചെയ്തിരിക്കുന്നത്.

**വൈദ്യുതി ഉൽപ്പാദനത്തിലെ സ്വയംപര്യാപ്തത**

286 (678) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വൈദ്യുതി ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനായി വിവിധ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(i) നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്ന പദ്ധതികൾ (201.50/629.79 Mu).

പള്ളിവാസൽ വിപുലീകരിക്കുന്ന പദ്ധതി (60 MW/153.90 Mu)

ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി (24MW/76.45 Mu)

ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24MW/83.5 Mu)

തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW/99 Mu)

ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി (85 Mu)

പെരുവണ്ണാമൂഴി (6 MW/24.70 Mu)

പഴശ്ശിസാഗർ (7.5 MW/25.16 Mu)

മാങ്കുളം ജല വൈദ്യുത പദ്ധതി (40 MW, 82.08 Mu)

കുറ്റ്യാടി RMU പദ്ധതി (3 x 25 MW to 3 x 27.5 MW)

(ii) കൂടാതെ മരിപ്പുഴ (6 MW, 14.84 Mu) പദ്ധതി നടപ്പാക്കുന്നതിനുള്ള കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്. ഒലീക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (5 MW, 1026 Mu), പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3 MW, 5.88 Mu) എന്നിവയുടെ നിർമ്മാണപ്രവൃത്തികളുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(iii) അപ്പർ ചെങ്കുളം SHEP (24MW, 53.22 Mu) ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(iv) ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu)-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ അനുമതികൾ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(v) ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതിയുടെ (200MW/194 Mu) സാധ്യതാ പഠനം നടത്താൻ വാപ്കോസ് എന്ന ഏജൻസിക്ക് കരാർ നൽകിയിട്ടുണ്ട്.

(vi) 54.5 MW സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികളുടെ സ്ഥലം ഏറ്റെടുക്കലും അനുബന്ധ പ്രവർത്തനങ്ങളും നടന്നുവരുന്നു.

(vii) കൂടാതെ 17 ജലവൈദ്യുത പദ്ധതികളുടെ പര്യവേഷണ സാധ്യതാ പഠനങ്ങൾ പുരോഗമിക്കുന്നു.

സംഭരണശേഷിയോടുകൂടിയ ജലനിലയങ്ങൾ വികസിപ്പിക്കുക, പുനരുപയോഗ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി വിഹിതം വർദ്ധിപ്പിക്കുക, പുനരുപയോഗ ഊർജ്ജ മേഖലയിൽ സ്വകാര്യനിക്ഷേപം പ്രോത്സാഹിപ്പിക്കുക, നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക, സംസ്ഥാനത്തെ ജലസംഭരണികൾ, വെള്ളക്കെട്ടുകൾ തുടങ്ങിയ ഇടങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ

സ്ഥാപിക്കുന്നതിനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാനപ്പെട്ട നടപടികൾ.

കേരളത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റാനുള്ള ഉൽപ്പാദനശേഷി കേരളത്തിലില്ല. കേരളത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 37% മാത്രമാണ് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നത്. എന്നാൽ കരുതലോടെ നടത്തിയ വിവിധ കരാറുകൾവഴി കേരളത്തിൽ ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കാൻവേണ്ട നടപടികൾ കെ.എസ്.ഇ.ബി.എൽ. എടുത്തിട്ടുണ്ട്. ദീർഘകാല കരാറുകളുടെയും ഹ്രസ്വകാല കരാറുകളുടെയും optimum സംയോജനം, കേരളത്തിലെ ജലവൈദ്യുത ഉൽപ്പാദനശേഷിയുടെ അവസരോചിതമായ ഉപയോഗം, പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിൽ നടത്തുന്ന ശുഷ്കാന്തി എന്നിവമൂലം പരമാവധി ചെലവ് കുറഞ്ഞ വൈദ്യുതി ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുള്ള പ്രവർത്തനം സാധിക്കുന്നു.

പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 KW-ന്റെ ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികൾ നടപ്പിലാക്കാനുള്ള വർക്ക്

ഓർഡർ എംപാനൽ ചെയ്യപ്പെട്ട സാങ്കേതിക വിദഗ്ദ്ധ കമ്പനിക്ക് നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25KW-ന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വർക്ക് ഓർഡർ കൊടുക്കുന്ന നിലയിലാണ്. ഈ പൈലറ്റ് പദ്ധതികളുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറ ഇടതുകര കനാലിൽ 3 MW വരെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ SPV രൂപീകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ ഏറ്റവും അവസാനം വിളിച്ചിരുന്ന ടെണ്ടർ നടപടികൾപ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ (ആറ്റില I-6 MW (പാലക്കാട് ജില്ല), ആറ്റില II- 6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ - 0.75 MW (ഇടുക്കി ജില്ല) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ടുകഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി 12.75 മെഗാവാട്ട് സ്ഥാപിതശേഷികൂടി കൈവരിക്കാൻ സാധിക്കും. ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവച്ച

കമ്പനികൾ പദ്ധതിയുടെ സാങ്കേതിക-സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടു(Techno-Economic Feasibility Report)കൾക്ക് അനുമതി ലഭിച്ചശേഷം 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇവകൂടാതെ 68 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകരിലൂടെ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വൈദ്യുത ഉൽപ്പാദനശേഷിയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവൈദ്യുത പദ്ധതിയിൽനിന്ന് 38.5 മെഗാവാട്ടും സൗരോർജ്ജ നിലയങ്ങളിൽനിന്ന് 325 മെഗാവാട്ടും ഉൽപ്പാദനശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികളാണ് കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചത്.

1. അപ്പർകല്ലാർ (2 MW/5.14 MU) 30-09-2021-ൽ രാഷ്ട്രത്തിന് സമർപ്പിച്ചു.

2. പൊരിങ്ങൽക്കുത്ത് (24 MW/45.02 MU) 04-05-2022-ന് രാഷ്ട്രത്തിന് സമർപ്പിച്ചു.

3. ചാത്തൻകോട്ടുനട (6 MW/14.76 MU) 21-06-2021-ൽ പൂർണ്ണതോതിൽ ഉല്പാദനം ആരംഭിച്ചു.

ആഭ്യന്തര വൈദ്യുത ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അനെർട്ട് മുഖേന 3.097 മെഗാവാട്ട് ശേഷിയുള്ള കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധിത സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ വിവിധ പദ്ധതികളിലൂടെ സ്ഥാപിക്കാൻ കഴിഞ്ഞു.

എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ആനക്കാംപൊയിൽ (8 MW), അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി (4.5 MW) എന്നിവ കമ്മീഷൻ ചെയ്യുകയും ഗ്രിഡിലേയ്ക്ക് വൈദ്യുതി ഉല്പാദനം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു.

## ഉഡുപ്പി-കരിന്തളം അന്തർസംസ്ഥാന വൈദ്യുതി ലൈൻ

287 (679) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി  വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഡുപ്പി-കരിന്തളം അന്തർസംസ്ഥാന 400 കെ.വി. ലൈൻ

നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉഡുപ്പി-കരിന്തളം 400 കെ.വി. ലൈനിന്റെ കേരളത്തിൽ ആകെയുള്ള 101 ടവറുകളിൽ 81 എണ്ണത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയാക്കുകയും ഫൗണ്ടേഷൻ പൂർത്തീകരിച്ച ടവറുകളിൽ 70 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം പ്രസ്തുത ലൈനിന്റെ കരിന്തളം ഭാഗത്ത് 0.8 കിലോമീറ്റർ നീളത്തിൽ ഡബിൾ സർക്യൂട്ട് ലൈൻ വലിക്കുന്നതും പൂർത്തിയായിട്ടുണ്ട്. കൂടാതെ കരിന്തളത്ത് 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചുകഴിഞ്ഞു.

(ബി) പ്രസ്തുത ലൈൻ കടന്നുപോകുന്ന പ്രദേശത്തെ ഭൂഉടമസ്ഥർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഭൂഉടമസ്ഥർക്ക് നഷ്ടപരിഹാരം കൂടുതൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(ബി & സി) ലൈൻ കടന്നുപോകുന്ന പ്രദേശത്തെ ഭൂഉടമകൾക്ക് കേന്ദ്ര ഊർജ്ജ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം ഇ.എച്ച്.ടി. ലൈൻ

നിർമ്മാണത്തിന് KSEBL നൽകിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാരമാണ് നൽകുന്നത്.

ടവറിന്റെയും ലൈനിന്റെയും നിർമ്മാണത്തിനുവേണ്ടി മുറിച്ചുമാറ്റപ്പെടുന്ന മരങ്ങൾക്കും മറ്റ് വിളകൾക്കും കേരള ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സിൽ നിന്നും ലഭിക്കുന്ന വിളകളുടെ വിലയുടെയും കാർഷിക വകുപ്പും റബ്ബർ ബോർഡും നൽകുന്ന വിളകളുടെ വാർഷിക ഉൽപ്പാദനത്തിന്റെയും അടിസ്ഥാനത്തിൽ നിലവിലുള്ള മാനദണ്ഡമനുസരിച്ച് കെ.എസ്.ഇ.ബി.എൽ. നൽകിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാരമാണ് ഭൂഉടമസ്ഥർക്ക് നൽകുന്നത്. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം ടവർ ഫൗണ്ടേഷന്റെ വിസ്തീർണ്ണം കണക്കാക്കി മേൽപ്പറഞ്ഞ സ്ഥലത്തിന്റെ ഫെയർ വാല്യൂവിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന തുകയുടെ 85 ശതമാനമാണ് ടവർ നിൽക്കുന്ന സ്ഥലത്തിന് നഷ്ടപരിഹാരമായി നൽകുന്നത്. ഈ പദ്ധതിയുടെ പ്രാധാന്യം കണക്കാക്കി ഭൂമിയുടെ വില നിശ്ചയിക്കുമ്പോൾ നിലവിലുള്ള ഫെയർ വാല്യൂവിന്റെ ഇരട്ടി വില നൽകാൻ കാസർഗോഡ് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇതിന്റെ സുഗമമായ നടത്തിപ്പിനും ഭൂഉടമകൾക്ക് കൂടുതൽ നഷ്ടപരിഹാരം നൽകുന്നതിനുംവേണ്ടി ലൈൻ

കടന്നുപോകുന്ന സ്ഥലങ്ങളിലെ എം.എൽ.എ.-മാരുടെ ഒരു യോഗം അടിയന്തരമായി വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## ജലവൈദ്യുത പദ്ധതികളും വൈദ്യുതി ഉൽപ്പാദനവും

288 (680) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര ജലവൈദ്യുത പദ്ധതികളിൽ നിന്നായി എത്ര അളവ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

2021-22 കാലയളവിൽ കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള 15 വൻകിട ജലവൈദ്യുത പദ്ധതികളിൽനിന്നും 9417.61 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 25 ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നും 419.28 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ജലവൈദ്യുത പദ്ധതികളിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിച്ചശേഷം പുറത്തേയ്ക്ക് ഒഴുക്കുന്ന വെള്ളത്തെ വീണ്ടും വൈദ്യുതി ഉൽപ്പാദനത്തിനായി ഉപയോഗിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ?

ജലവൈദ്യുത പദ്ധതികളിൽനിന്നും വൈദ്യുതി ഉൽപ്പാദനത്തിനുശേഷം

പുറത്തേയ്ക്ക് ഒഴുകുന്ന വെള്ളത്തിൽനിന്നും വീണ്ടും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും. എന്നാൽ ഭൗമശാസ്ത്രപരമായ സവിശേഷതകൾ, ഒഴുകിയെത്തുന്ന ജലത്തിൽനിന്നും ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതിയുടെ അളവ്, പദ്ധതിയുടെ ചെലവ് എന്നിവ കണക്കിലെടുത്തുകൊണ്ട് മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. ഇതുകൂടാതെ, വൈദ്യുതി ഉൽപ്പാദനത്തിനുശേഷം ഒഴുകിയെത്തുന്ന വെള്ളം പമ്പ് ചെയ്ത് മുകളിലേയ്ക്ക് കയറ്റി വീണ്ടും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും (പമ്പ്ഡ് സ്റ്റോറേജ്). ഇതുസംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്. ടെയിൽ റേസ് പദ്ധതി മുഖേനയും ഉൽപ്പാദനം കഴിഞ്ഞ് പുറത്തേയ്ക്ക് ഒഴുകുന്ന വെള്ളം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്നതാണ്. ഹൈഡ്രോകൈനറ്റിക്/ സ്ക്രൂടൈപ്പ് ടർബൈൻ ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

(സി) സംസ്ഥാനത്ത് അത്തരത്തിൽ പ്രവർത്തിക്കുന്ന ഏതൊക്കെ പദ്ധതികളാണുള്ളതെന്നും പ്രസ്തുത രീതിയിലൂടെ എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുവെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് അത്തരത്തിൽ പ്രവർത്തിക്കുന്ന പദ്ധതികൾ നിലവിലുണ്ട്. മലങ്കര, കുറ്റ്യാടി ടെയിൽ റേസ്, കുറ്റ്യാടി ചെറുകിട പദ്ധതി,

വെള്ളത്തൂവൽ എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ അത്തരത്തിൽ പ്രവർത്തിക്കുന്നവയാണ്. പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളൊന്നുംതന്നെ സംസ്ഥാനത്ത് നിലവിലില്ല. വൈദ്യുതോൽപ്പാദനത്തിനുശേഷം ടെയിൽ റേയ്സിലൂടെ വരുന്ന ജലം പ്രയോജനപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. വെള്ളത്തൂവൽ (3.6 MW)
2. റാന്നി പെരുനാട് (4 MW)
3. കുറ്റിയാടി ടെയിൽ റേയ്സ് (3.75 MW)
4. കക്കയം (3 MW)

കെ.എസ്.ഇ.ബി.എൽ., പൊരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റേസിൽ 11 കിലോവാട്ട് ശേഷിയുള്ള ആർക്കമിഡീസ് സ്ക്രൂ ടർബൈൻ സ്ഥാപിച്ച് വൈദ്യുത ഉൽപ്പാദനം നടത്തുന്നുണ്ട്.

(ഡി) കൂടുതൽ ജലവൈദ്യുത പദ്ധതികൾക്ക് പുതുതായി അനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ നിലവിലുള്ള ജലവൈദ്യുത പദ്ധതികളിലെ ടേൽ റേയ്സിൽനിന്നും അനുയോജ്യമായ ഇടങ്ങളിൽ പുതിയ പദ്ധതികൾ ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന്

വിശദമാക്കാമോ?

സാധ്യതാ പഠനം നടത്തി പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്നവയ്ക്കായി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനി മീൻവല്ലത്ത് 40 കിലോവാട്ട് ശേഷിയുള്ള സ്ക്രൂ ടൈപ്പ് ടർബൈൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യതാപഠനം പൂർത്തിയാക്കി വനാനുമതി തേടുന്നതിനുള്ള നടപടികളിലാണ്. ഹൈഡ്രോ കൈനറ്റിക്ക് പദ്ധതികൾ ടൈൽ റേസിൽ നടപ്പിൽവരുത്തുന്നതിന്റെ ഭാഗമായി പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന് ഇടുക്കി ജില്ലയിൽ ലോവർപെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 KW-ന്റെ പദ്ധതി നടപ്പിലാക്കാൻ വർക്ക് ഓർഡർ നൽകി പ്രാഥമിക ഉപകരണങ്ങൾ പദ്ധതി പ്രദേശത്ത് എത്തിച്ചുകഴിഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞതുകൂടാതെ കക്കാട് ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിലും പദ്ധതി വിഭാവനം ചെയ്തുകഴിഞ്ഞു. മാത്രമല്ല ഇടുക്കി പദ്ധതി, മലങ്കര പദ്ധതി എന്നിവയുടെ ടെയിൽ റേസുകളിലും സാധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നടപ്പിലാക്കി വിശകലനം നടത്തിയശേഷം കൂടുതൽ

പദ്ധതികൾക്കുവേണ്ടി തീരുമാനമെടുക്കും.

(ഇ) അധിക വൈദ്യുതി ഉൽപ്പാദനത്തിനായി നിലവിലുള്ള ജലസേചന കനാലുകളിലെ വെള്ളം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ?

അധിക വൈദ്യുതോൽപ്പാദനത്തിനായി ജലസേചന കനാലുകളിലെ വെള്ളം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും. എന്നാൽ ഭൗമശാസ്ത്രപരമായ സവിശേഷതകൾ, ഒഴുകിയെത്തുന്ന ജലത്തിൽനിന്നും ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതിയുടെ അളവ്, പദ്ധതിയുടെ ചെലവ് എന്നിവ കണക്കിലെടുത്തുകൊണ്ടുമാത്രമേ ഇതുസാധ്യമാകുകയുള്ളൂ. ഇതിനായി കൂടുതൽ പഠനം ആവശ്യമാണ്. കനാൽ ഫാളുകൾ ഉപയോഗപ്പെടുത്തി ചെറുനിലയങ്ങൾ സ്ഥാപിക്കാൻവേണ്ട പഠനങ്ങൾ നടന്നുവരുന്നു. മലമ്പുഴ വലതുകര കനാൽ പദ്ധതി ഇത്തരത്തിൽ സാധ്യതാപഠനം നടത്തിവരുന്ന ഒരു പദ്ധതിയാണ്.

(എഫ്) ഇതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികം)

വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യതാപഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ച് യോഗ്യരായ സംരംഭകരെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പൈലറ്റ് പദ്ധതിയായി പാലക്കാട് ജില്ലയിൽ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ മൂലത്തറ ലെഫ്റ്റ്ബാങ്ക് ഇറിഗേഷൻ കനാലിൽ 25 kW-ന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വർക്ക് ഓർഡർ കൊടുക്കുന്ന നിലയിലാണ്. ഈ പൈലറ്റ് പദ്ധതികളുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറ ഇടതുകര കനാലിൽ കെ.എസ്.ഇ.ബി.-യുമായി ചേർന്ന് 3 MW വരെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും വേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. പൈലറ്റ് പദ്ധതിയുടെ സാധ്യത മനസ്സിലാക്കിയശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## വാഴൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

289 (681) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിക്ക് സ്ഥലം ഏറ്റെടുത്ത തീയതി, പദ്ധതിക്ക് അനുമതി നൽകിയ തീയതി തുടങ്ങിയ വിശദാംശം ലഭ്യമാക്കാമോ?

ടി പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലത്തുള്ള അധിക മണ്ണ് നീക്കം ചെയ്യാനുള്ള പ്രവൃത്തി പൂർത്തിയായി. തുടർന്നുള്ള ജോലികൾക്കായി ദർഘാസുകൾ ക്ഷണിച്ചിരിക്കുന്നു. ടി പദ്ധതിക്കായി 03-08-2021-ൽ സ്ഥലം ഏറ്റെടുത്തു. പദ്ധതിയുടെ പുനർ അനുമതി 02-04-2022-ന് ലഭിച്ചു.

(ബി) സ്ഥലമേറ്റെടുത്തിട്ടും നാളിതുവരെയായി പദ്ധതി നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പദ്ധതിയുടെ പൂർത്തീകരണത്തിന് ചുമതലപ്പെട്ടത് ഇലക്ട്രിസിറ്റി ബോർഡിന്റെ ഏത് വിഭാഗമാണെന്ന് വ്യക്തമാക്കാമോ?

ടി പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. TC സബ് ഡിവിഷൻ, പൂവൻതുരുത്താണ് ഇതിന്റെ പൂർത്തീകരണത്തിന് ചുമതലപ്പെട്ടത്.

(സി) പ്രസ്തുത പദ്ധതിക്ക് കണക്കാക്കിയിട്ടുള്ള ചെലവ് എത്രയെന്നും

ആയത് എന്നത്തേയ്ക്ക് പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാകുമെന്നും വ്യക്തമാക്കാമോ?

ടി പദ്ധതിക്കായി 15.2 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി 31-03-2023-ൽ പൂർത്തിയാക്കാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്.

## ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി

290 (682) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ നിലവിലെ പുരോഗതി 86.61% ആണ്. ചൈനയിൽനിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. എടുത്തിട്ടുണ്ട്.

(ബി) കേരളത്തിലെ ആദ്യ ബൾബ് ടൈപ്പ് ടർബൈൻ പദ്ധതിയായ ഭൂതത്താൻകെട്ട് മിനി ജല വൈദ്യുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും പ്രസ്തുത പദ്ധതി വേഗത്തിൽ കമ്മീഷൻ

ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

കേരളത്തിലെ ആദ്യ ബൽബ് ടർബൈൻ പദ്ധതിയായ ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി 31-03-2023-ൽ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. എടുത്തിട്ടുണ്ട്.

(സി) പ്രസ്തുത മിനി ജലവൈദ്യുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനമാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയിൽനിന്ന് 8 മെഗാവാട്ടിന്റെ 3 യന്ത്രങ്ങൾ ഉപയോഗിച്ച് 24 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കും.

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സിവിൽ പ്രവൃത്തികളുടെ നിലവിലെ പുരോഗതി 99.7 ശതമാനവും ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ നിലവിലെ പുരോഗതി

86.61 ശതമാനവും സിവിൽ പ്രവൃത്തികളുടെ സാമ്പത്തിക പുരോഗതി 98.11 ശതമാനവും ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ സാമ്പത്തിക പുരോഗതി 70.68 ശതമാനവുമാണ്. പദ്ധതി 2023 മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വട്ടിയൂർക്കാവിൽ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ**

291 (683) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നേരിട്ടും വകുപ്പിനുകീഴിലെ ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തരവും നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ, വൈദ്യുതി വിതരണ ശൃംഖലയിൽ ഊർജ്ജ കേരള മിഷനിൽപ്പെട്ട ദ്യുതി-1 ഉൾപ്പെടെയുള്ള പദ്ധതികളിൽപ്പെടുത്തി 6 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 7 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും 13 കിലോമീറ്ററോളം സിംഗിൾഫേസ് ലൈൻ 3 ഫേസ് ആക്കി മാറ്റുകയും 178 ലൈൻ റീ

കണ്ടക്റ്ററിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി തടസ്സം കണ്ടെത്തി വൈദ്യുതിബന്ധം വേഗത്തിൽ പുനഃസ്ഥാപിക്കുന്നതിന് 7 RMU-കളും 3 fault pass indicator-ഉം സ്ഥാപിക്കുകയും 2 കിലോമീറ്റർ HT ABC ലൈൻ 1 കിലോമീറ്റർ LT ABC ലൈൻ എന്നിവ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി എൽ.ടി. ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി വിതരണരംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കുന്ന ദ്യുതി-2, 2022-23 മുതൽ 2024-25 വരെ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ കീഴിൽ സൗരഫേസ്-I പദ്ധതിയിൽ 67 KW-ന്റെ 11

സൈറ്റുകൾ കമ്മീഷൻ ചെയ്തു. സൗരഫേസ്-II സബ്സിഡി പദ്ധതിയിൽ 610.4 KW-ന്റെ 164 നിലയങ്ങളുടെ പണി പൂർത്തിയായി. ഇതിൽ 537.83 KW-ന്റെ 144 സൈറ്റുകൾ കമ്മീഷൻ ചെയ്തു.

വട്ടിയൂർക്കാവ് മണ്ഡലത്തിൽ വൈദ്യുതി ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

1) 110kV പരുത്തിപ്പാറ സബ്സ്റ്റേഷനിൽ നിന്നും 110kV തിരുമല സബ്സ്റ്റേഷനിലേയ്ക്കുള്ള 66kV ടി.വി.ടി. ലൈനിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി നടപ്പുസാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

2) 66kV വട്ടിയൂർക്കാവ് സബ്സ്റ്റേഷന്റെ ശേഷി 110kV ആക്കി ഉയർത്തുന്ന പ്രവൃത്തി 2022 മുതൽ 2027 വരെയുള്ള ബോർഡിന്റെ ദീർഘകാല പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പരുത്തിപ്പാറ-തിരുമല ടി.വി.ടി. ലൈനിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വട്ടിയൂർക്കാവ് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

(ബി) 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും വൈദ്യുതി വകുപ്പ് നേരിട്ടും വകുപ്പിനുകീഴിലെ ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തരവും നടപ്പിലാക്കേണ്ട വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ 16 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും 2 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി വൈദ്യുതി ബോർഡ് മുന്നോട്ടുപോകുന്നു.

തിരുവനന്തപുരം വൈദ്യുതി ഭവനിലാണ് ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നത്. പദ്ധതി സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രമോഷൻ ഫണ്ടിൽ നിന്നാണ് നടപ്പിലാക്കുന്നത്. പദ്ധതിക്കായി 19.5 ലക്ഷം രൂപ ചെലവഴിക്കുന്നതിനായുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിപ്രകാരം ചാർജ്ജിംഗ് സ്റ്റേഷന്റെ ഇൻസ്റ്റലേഷൻ പൂർത്തിയായി. കമ്മീഷനിംഗ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ചാർജ്ജിംഗ് സ്റ്റേഷൻ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം വൈദ്യുതി വകുപ്പ് നേരിട്ടും വകുപ്പിനുകീഴിലെ ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തരവും പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ (ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ) ലഭ്യമാക്കാമോ?

2021 ഏപ്രിൽ മാസത്തിനുശേഷം നടപ്പിലാക്കിയ പ്രവൃത്തികൾക്ക് 4.44 കോടി രൂപ ഭരണാനുമതി തുകയായും എസ്റ്റിമേറ്റ് തുകയായും അനുവദിക്കുകയും ഇതിൽ 3.96 കോടി രൂപ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, പുതിയ HT/LT എബിസി ലൈൻ നിർമ്മാണം, സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കി മാറ്റുന്ന പ്രവൃത്തി, ലൈനുകളുടെ റീ കണ്ടക്ടറിംഗ്, കേടായ മീറ്റർ മാറ്റി സ്ഥാപിക്കൽ, വൈദ്യുതി ബന്ധം വേഗത്തിൽ പുനഃസ്ഥാപിക്കുന്നതിന് RMU സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## വൈദ്യുതി കമ്മി

292 (684) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്നത്; എത്ര രൂപ നിരക്കിലാണ് ഇപ്പോൾ ഈ വൈദ്യുതി വാങ്ങുന്നത്?

2022 മാർച്ച് മാസത്തെ പവർ പർച്ചേസ് സ്റ്റേറ്റ്മെന്റ് അടിസ്ഥാനത്തിൽ പുറത്തുനിന്നും പ്രതിദിനം ശരാശരി 57.3 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് വാങ്ങിയിട്ടുള്ളത്. ഇതിന്റെ ശരാശരി യൂണിറ്റ് നിരക്ക് 4.36 രൂപയാണ്.

(ബി) 2023-24-ൽ സംസ്ഥാനത്ത് എത്ര യൂണിറ്റ് വൈദ്യുതി കമ്മി ഉണ്ടാകുമെന്നാണ് ബോർഡ് പ്രതീക്ഷിക്കുന്നത്?

സംസ്ഥാനത്ത് വർഷകാലത്തെയും വേനൽക്കാലത്തെയും വൈദ്യുതി ആവശ്യകതയിൽ ഗണ്യമായ അന്തരമുണ്ട്. നിലവിലെ സാഹചര്യത്തിൽ വർഷകാലത്ത് വൈദ്യുതി മിച്ചവും വേനൽകാലത്ത് കുറവുമാണ് അനുഭവപ്പെടുന്നത്. സാധാരണ ലഭിക്കുന്ന രീതിയിൽ കാലവർഷം ലഭ്യമാകുകയും നിലവിലെ ദീർഘകാല, മദ്ധ്യകാല കരാറുകൾ പ്രകാരമുള്ള വൈദ്യുതി ലഭ്യമാകുകയും ചെയ്താൽ 2023-24-ൽ സംസ്ഥാനത്ത് ഏകദേശം 670 ദശലക്ഷം യൂണിറ്റ് വൈദ്യുതി കമ്മി പ്രതീക്ഷിക്കുന്നു.

(സി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബോർഡിന് പുറമെനിന്നും വൈദ്യുതി വാങ്ങേണ്ടിവരുന്നത് അധികബാധ്യത സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ നിലവിലെ വൈദ്യുതി കമ്മി പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്തിന് ആവശ്യമുള്ള വൈദ്യുതിയുടെ 37% മാത്രമാണ് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നത്. ബാക്കി 63% വൈദ്യുതി ആവശ്യകത നിറവേറ്റുന്നത് ദീർഘകാല, മദ്ധ്യകാല, ഹ്രസ്വകാല കരാറുകൾ വഴിയാണ്. പവർ എക്സ്ചേഞ്ചുകളിൽ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകുന്ന അവസരങ്ങളിൽ ലഭ്യമായ കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ഉപയോഗിച്ച് കൂടിയ നിരക്കിലുള്ള വൈദ്യുതിയുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നുണ്ട്. സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തുന്നതിനായി വൈദ്യുതിയുടെ ആവശ്യകത മുൻകൂട്ടി കണക്കാക്കുകയും അതിനനുസരിച്ച് കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്നതിനുള്ള വിവിധ കരാറുകളിൽ ഏർപ്പെടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ഏകദേശം 1111 MW വൈദ്യുതി ദീർഘകാല കരാറുകൾ വഴി ലഭ്യമായിട്ടുണ്ട്. കൂടാതെ കേന്ദ്ര വിഹിതമായി 1641 MW വൈദ്യുതി

ലഭിക്കുന്നുണ്ട്. ഇതിനുപുറമെ വേനൽക്കാലത്തെ അധിക വൈദ്യുതി ആവശ്യകത മുൻകൂട്ടിക്കണ്ട് 2022-23 മുതൽ 3 വർഷത്തേയ്ക്ക് 270 MW വൈദ്യുതി വാങ്ങുന്നതിനുള്ള കരാറും നിലവിലുണ്ട്. പാരമ്പര്യേതര സ്രോതസ്സിൽ (കാറ്റ്) നിന്നും 75 മെഗാവാട്ട് കരാറാക്കിയിട്ടുണ്ട്. സൗര വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ ഹ്രസ്വകാല കരാർ മുഖേനയും SWAP മുഖേനയും സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലെ വൈദ്യുതികമ്മി പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ വിവിധ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

201.5 MW സ്ഥാപിതശേഷിയുള്ള '8' ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

കൂടാതെ മരിപ്പുഴ (6 MW, 14.84 MU) പദ്ധതി നടപ്പാക്കുന്നതിനുള്ള കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ ഒലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (5 MW, 10.26 MU), പൂവാരംതോട് ചെറുകിട

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലവൈദ്യുത പദ്ധതി (3 MW, 5.88 MU) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

അപ്പർ ചെങ്കുളം SHEP (24 MW, 53.22 MU) ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 MU)-യുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ ആവശ്യമായ അനുമതികൾ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിക്കുവേണ്ടിയുള്ള കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാം ഘട്ട അനുമതി ലഭിച്ചിട്ടുണ്ട്.

ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതിയുടെ (200 MW/194 MU) സാധ്യതാ പഠനം നടത്താൻ വാപ്കോസ് എന്ന ഏജൻസിക്ക് കരാർ നൽകിയിട്ടുണ്ട്.

54.5 MW സ്ഥാപിതശേഷിയുള്ള '9' ജലവൈദ്യുത പദ്ധതികളുടെ സ്ഥലം ഏറ്റെടുക്കലും അനുബന്ധ പ്രവർത്തനങ്ങളും നടന്നുവരുന്നു. വിവരങ്ങൾ അനുബന്ധം (ii)+ ആയി ചേർത്തിരിക്കുന്നു.

കൂടാതെ 17 ജലവൈദ്യുത പദ്ധതികളുടെ പര്യവേഷണ സാധ്യതാ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഠനങ്ങൾ പുരോഗമിക്കുന്നു. വിവരങ്ങൾ അനുബന്ധം (iii)+ ആയി ചേർത്തിരിക്കുന്നു.

വൈദ്യുതി വാങ്ങേണ്ടിവരുന്നതുമൂലം അധികബാധ്യത സൃഷ്ടിക്കുമെങ്കിലും ഒരു പരിധിവരെ റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച താരിഫ് വരുമാനത്തിലൂടെ ഇത് നികത്തപ്പെടുന്നുണ്ട്. വാർഷിക അധിക ബാധ്യത താരിഫ് വർദ്ധനവിലൂടെയും പുതിയ പദ്ധതികൾ വേഗത്തിൽ കമ്മീഷൻ ചെയ്തുകൊണ്ടും മാത്രമേ ഇത് നികത്താൻ സാധിക്കുകയുള്ളൂ.

**സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപയോഗം**

293 (685) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിന ഉപയോഗത്തിനായി എത്ര മെഗാവാട്ട് വൈദ്യുതി ആവശ്യമാണെന്നും ഇതിൽ എത്ര യൂണിറ്റ് വൈദ്യുതി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും അറിയിക്കാമോ?

ജൂൺ മാസം 1-ാം തീയതി മുതൽ 21-തീയതി വരെയുള്ള കണക്കുകൾപ്രകാരം സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 76.55 ദശലക്ഷം യൂണിറ്റാണ്. ഇതിൽ ആഭ്യന്തര ഉൽപ്പാദനം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

21.83 ദശലക്ഷം യൂണിറ്റും പുറമേ നിന്നുള്ള വൈദ്യുതി 54.72 ദശലക്ഷം യൂണിറ്റുമാണ്.

ജൂൺ മാസത്തെ പീക്ക് സമയങ്ങളിലെ ഏറ്റവും കൂടിയ വൈദ്യുതി ഉപയോഗം 3989 MW-ഉം (09-06-2022-ന്) ടി സമയത്തെ ആഭ്യന്തര ഉൽപ്പാദനം 1533 MW-ഉം ആയിരുന്നു.

(ബി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് സംസ്ഥാനത്തിന് വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നതെന്നും ഇതിന്റെ യൂണിറ്റ് ചാർജ്ജ് എത്രയാണെന്നും അറിയിക്കുമോ?

വിവിധ സംസ്ഥാനങ്ങളിലെ ഉൽപ്പാദന നിലയങ്ങളിൽനിന്നും കേരളം വൈദ്യുതി വാങ്ങുന്നുണ്ട്. വിശദമായ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) കേരളത്തിൽ നിലവിൽ വൈദ്യുതി പ്രതിസന്ധിയുണ്ടോ; എങ്കിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നിയന്ത്രണങ്ങൾ വ്യക്തമാക്കുമോ?

കേരളത്തിൽ നിലവിൽ വൈദ്യുതി പ്രതിസന്ധിയില്ല. സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത മുൻകൂട്ടി കണക്കാക്കി അതിനനുസരിച്ച് കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന് പുറമേനിന്നും കൊണ്ടുവരുന്നതിനുള്ള വിവിധ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരാറുകളിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ വൈദ്യുതി ലഭ്യതയിൽ കുറവുണ്ടായാൽ പവർ എക്സ്ചേഞ്ചുകൾവഴി വൈദ്യുതി ലഭ്യമാക്കാറുമുണ്ട്.

(ഡി) 2021 ജനുവരി മുതൽ സംസ്ഥാനം അധിക വൈദ്യുതി വിൽപ്പന നടത്തിയ ഇനത്തിൽ എത്ര തുക ലഭിച്ചുവെന്നും വാങ്ങിയ ഇനത്തിൽ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ?

കെ.എസ്.ഇ.ബി.എൽ. 2021-22 സാമ്പത്തിക വർഷത്തിൽ താൽക്കാലിക കണക്കുകൾപ്രകാരം 1024.31 കോടി രൂപയുടെ വൈദ്യുതിയാണ് വിറ്റത്. വൈദ്യുതി വാങ്ങിയ ഇനത്തിൽ മൊത്തം 8534 കോടി രൂപ ചെലവായിട്ടുണ്ട്.

2021 ജനുവരി മുതൽ Long term/Medium term/Short term കരാറുകൾ മുഖേന പുറത്തുനിന്ന് വൈദ്യുതി വാങ്ങിയ ഇനത്തിൽ 10377.85 കോടി രൂപ ചെലവായിട്ടുണ്ട്.

2021 ജനുവരി മുതൽ പവർ എക്സ്ചേഞ്ചുവഴി സംസ്ഥാനം വാങ്ങുകയും വിൽക്കുകയും ചെയ്ത വൈദ്യുതിയുടെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തടസ്സരഹിത വൈദ്യുതി വിതരണം

294 (686) ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. കെ. പി. മോഹനൻ:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടസ്സരഹിതമായി വൈദ്യുതി വിതരണം നടത്തുന്നതിനും വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇപ്പോൾ നടന്നുവരുന്ന വികസന നവീകരണ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

(എ&ബി) സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിനും സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും വൈദ്യുതി ഉപയോഗം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ഭാവിയിലേയ്ക്കുള്ള വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് തടസ്സരഹിതമായി വൈദ്യുതി

വിതരണം നടത്തുന്നതിനും വിഭാവനം ചെയ്ത പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്. 10000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി രണ്ട് ഘട്ടമായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ടം (2017-22), രണ്ടാം ഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് (2019-26) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി 400 kV-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 kV-യുടെ 22 സബ്സ്റ്റേഷനുകളും 4390 Circuit km ഹൈ വോൾട്ടേജ് ലൈനുകളുമാണ് ഇതിൽ പ്രധാനമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുവഴി പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് (ഉദ്ദേശം 250 കോടി രൂപയ്ക്ക് തുല്യമായത്) വൈദ്യുതി നഷ്ടം കുറയ്ക്കുവാനും വരുന്ന 25 വർഷത്തെ പ്രസരണ ആവശ്യകത നിറവേറ്റുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി സ്ഥിരതയോടെ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും വിഭാവനം ചെയ്യുന്നു. PSDF (Power System Development Fund), KIIFB, MNRE, KfW (German funding Agency), PFC, REC എന്നിവയിൽ നിന്നുമാണ് പദ്ധതിക്ക് ആവശ്യമായ നിക്ഷേപം സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്. KIIFB, 5200 കോടി രൂപയുടെ സഹായം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ, ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ രണ്ട്

പ്രവൃത്തികൾക്ക് കേന്ദ്രസർക്കാരിന്റെ PSDF പദ്ധതിയിൽ ഉൾപ്പെടുത്തി 400 കോടി രൂപയുടെ ഗ്രാന്റ് ലഭ്യമായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഗ്രീൻ എനർജി കോറിഡോർ സ്കീമിൽ ഉൾപ്പെടുത്തി ഗ്രാന്റ് ലഭ്യമാക്കുന്നതിന് MNRE-ക്ക് സമർപ്പിച്ച 3 പദ്ധതികളിൽ 2 പദ്ധതികൾക്ക് 04-03-2022-ലെ കത്തുപ്രകാരം 138.71 കോടി രൂപയുടെ കേന്ദ്ര സാമ്പത്തിക സഹായത്തിനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഒന്നാം ഘട്ടത്തിൽ KIIFB, PSDF ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളിൽ 178 കിലോ മീറ്റർ 400 കെ.വി. ലൈനും, 845 കിലോ മീറ്റർ 220 കെ.വി. ലൈനും ഉൾപ്പെടുന്ന 9 ലൈൻ പാക്കേജുകളും 12 സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന 5 പാക്കേജുകളുമുണ്ട്. നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്ത പദ്ധതികളിൽ 9 സബ്സ്റ്റേഷനുകളും 178 സർക്യൂട്ട് കിലോ മീറ്റർ 400 കെ.വി. ലൈനും 566 സർക്യൂട്ട് കിലോ മീറ്റർ 220 കെ.വി. ലൈനും 653 സർക്യൂട്ട് കിലോ മീറ്റർ 110 കെ.വി. ലൈനും ഉൾപ്പെടുന്നു. ബാക്കി നാല് 220/110 കെ.വി. ലൈൻ പദ്ധതികളുടെയും 3 GIS സബ്സ്റ്റേഷനുകളുടെയും നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയായിവരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ നിലവിൽ 2073 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിക്കഴിഞ്ഞു.

<u>ഒന്നാം ഘട്ടം പൂർത്തിയായ പദ്ധതികൾ:</u>

സബ്സ്റ്റേഷൻ-മഞ്ചേരി, കോതമംഗലം, ചാലക്കുടി, ചിത്തിരപുരം എന്നീ 220 kV സബ്സ്റ്റേഷനുകളും ആലുവ, കലൂർ, കുന്നമംഗലം, വിഴിഞ്ഞം, ഏറ്റുമാനൂർ എന്നീ 220 kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകളും (GIS) നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. തലശ്ശേരി, കുന്നംകുളം 220 kV GIS സബ്സ്റ്റേഷന്റെയും കോട്ടയം 400 kV GIS സബ്സ്റ്റേഷന്റെയും നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഈ പദ്ധതികൾ 2022 ഓഗസ്റ്റ് മാസത്തോടെ നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

ലൈനുകൾ-മാടക്കത്തറ-മലാപ്പറമ്പ്-അരീക്കോട് 400/220 kV MCMV Line, ഇതിയൂർ കലൂർ 220 kV DC കേബിൾ, മലപ്പുറം മഞ്ചേരി 110 kV ഡബിൾ സർക്യൂട്ട് ലൈൻ, കക്കയം നല്ലളം 110 kV DC line, ആലുവ-പള്ളിക്കര, ആലുവ-എടത്തറ-കോതമംഗലം, ബ്രഹ്മപുരം-ഇതിയൂർ ലൈൻ, കറുകുടം-കോതമംഗലം, കീഴിശ്ശേരി-ചേളാരി, ചേളാരി-നല്ലളം, കൊന്നക്കുഴി-ചാലക്കുടി, മലയമ്മ-കുന്നമംഗലം, ആലുവ-പള്ളിവാസൽ, കോട്ടയം-ഏറ്റുമാനൂർ, കോട്ടയം-ഇറവൂർ എന്നീ 220/110 kV MCMV ലൈനുകളുടെ നിർമ്മാണം പൂർത്തിയായി.

<u>രണ്ടാം ഘട്ടം</u>

രണ്ടാം ഘട്ടത്തിൽ KIIFB, MNRE, PFC, REC എന്നിവയുടെ ധനസഹായത്തോടെ പൂർത്തീകരിക്കാൻ പത്ത് ലൈൻ പാക്കേജുകളും പതിനൊന്ന് 220 kV സബ്സ്റ്റേഷനുകളും രണ്ട് 400kV സബ്സ്റ്റേഷനുകളും വിഭാവനം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളിൽ 964 കോടി രൂപയുടെ നിർമ്മാണപ്രവൃത്തികളുടെ കരാർ നൽകിക്കഴിഞ്ഞു. മറ്റ് പ്രവൃത്തികൾ നടപ്പിൽ വരുത്തുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഒന്നാം ഘട്ടം 2022-ലും രണ്ടാം ഘട്ടം 2026-ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

<u>രണ്ടാം ഘട്ടം - പുരോഗതി</u>

ശബരി 220/110 kV ലൈൻ, തൃശ്ശിവപേരൂർ 220/110 kV ലൈൻ എന്നീ പദ്ധതികളുടെയും പത്തനംതിട്ട, കക്കാട് 220 kV GIS സബ്സ്റ്റേഷനുകളുടെയും നിർമ്മാണം ആരംഭിച്ചു. തിരുവിതാംകൂർ കേബിൾ പാക്കേജുകളുടെ വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. ശാസ്താംകോട്ട 220 kV GIS സബ്സ്റ്റേഷൻ, കൊല്ലം തിരുവിതാംകൂർ ലൈൻ പാക്കേജുകൾ, ആലുവ കൊടുങ്ങല്ലൂർ 220/110 kV MCMV ലൈൻ, വള്ളുവനാട് പാക്കേജ് (പാലക്കാട്-മണ്ണാർക്കാട് 220/110 kV ലൈൻ) എന്നീ പദ്ധതികളുടെ ടെണ്ടർ

നടപടികൾ പുരോഗമിക്കുന്നു.

രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള തിരൂർ, ഇരിങ്ങാലക്കുട, തുറവൂർ എന്നീ 220 kV GIS സബ്സ്റ്റേഷനുകളുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 220 kV പാഞ്ഞാൾ GIS സബ്സ്റ്റേഷൻ, 400 kV എടമൺ GIS സബ്സ്റ്റേഷൻ, ഇരിഞ്ഞാലക്കുട-കുന്നംകുളം 220/110 MCMV ലൈൻ എന്നീ പദ്ധതികൾക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ഗ്രീൻ കോറിഡോർ പദ്ധതിയിൽപ്പെട്ട 400kV വയനാട്-കാസർഗോഡ് ലൈനിന്റെ നിർമ്മാണത്തിനുള്ള വർക്ക് ഓർഡർ 2022 മേയ് മാസത്തിൽ നൽകിയിട്ടുണ്ട്. മറ്റ് ഗ്രീൻ കോറിഡോർ പദ്ധതികളായ കുയിലിമല ഗ്രീൻ കോറിഡോർ പദ്ധതി, അട്ടപ്പാടി GCP (220 kV GIS മണ്ണാർക്കാട്, 220 kV GIS കോട്ടത്തറ), 220 kV GIS കട്ടപ്പന എന്നിവയ്ക്ക് MNRE (Ministry of Non Renewable Energy)-യുടെ പദ്ധതി തുകയുടെ 33% ഗ്രാന്റിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കുവേണ്ടി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## വൈദ്യുതോൽപ്പാദന, വിതരണ മേഖലകളിലെ നേട്ടങ്ങൾ

295 (687) ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. എം. എം. മണി:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വൈദ്യുതോൽപ്പാദന, വിതരണ മേഖലകളിലുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'ദ്യുതി' ഉൾപ്പെടെയുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി പ്രധാനമായും 2539 കിലോമീറ്റർ 11 കെ.വി. ലൈനും 3600 കിലോമീറ്റർ എൽ.ടി. ലൈനും പുതുതായി നിർമ്മിക്കുകയും 2574 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 25972 കിലോമീറ്റർ എൽ.ടി. ലൈനും 1074 കിലോമീറ്റർ 11 കെ.വി. OH ലൈനും റീ-കണ്ടക്ടറിംഗ് നടത്തുകയും 1550 കിലോമീറ്റർ എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ 5.21 ലക്ഷം കേടായ മീറ്ററുകൾ ഈ കാലയളവിൽ ഇതിനോടകം മാറ്റി സ്ഥാപിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 394302 സർവ്വീസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് 28.44 കോടി രൂപ ചെലവഴിച്ച് 26064 ബി.പി.എൽ. കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. ഈ സർക്കാരിന്റെ ആദ്യ 100 ദിന പരിപാടിയുമായി ബന്ധപ്പെട്ട് ദ്യുതി പദ്ധതിയിൽ ഉൾപ്പെട്ട 175 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും 191.84 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ദ്യുതി-1 പദ്ധതിയിൽ ഇതുവരെ 901.24 കോടി രൂപയുടെ പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തിയാക്കിയിട്ടുണ്ട്.

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥനപ്രകാരം നിലവിൽ വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കി. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ടിൽനിന്നും 22.16 ലക്ഷം രൂപ ചെലവാക്കി പൊതുജനങ്ങൾക്ക് സുഗമമായ രീതിയിൽ വൈദ്യുതി സംബന്ധമായ

സേവനങ്ങൾ നൽകുന്നതിന് ‘ സേവനം വാതിൽപ്പടിയിൽ (Service at Door Steps)’ എന്ന പദ്ധതി എല്ലാ സെക്ഷനുകളിലേയ്ക്കും ഇപ്പോൾ വ്യാപിപ്പിച്ചിട്ടുണ്ട്.

വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 16.4 ലക്ഷം സ്പേസറുകൾ സ്ഥാപിച്ചിട്ടുണ്ട്.

ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിച്ച് കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ ബി.പി.എൽ അപേക്ഷകൾ വരുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ച് നൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31-03-2022-ലെ ബോർഡ് ഉത്തരവുപ്രകാരം 200 മീറ്ററിൽനിന്ന് 250 മീറ്ററായി കൂട്ടിയിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലയളവിൽ വൈദ്യുതോൽപ്പാദന നേട്ടമായി, കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ അപ്പർ കല്ലാർ (2 MW) പെരിങ്ങൽക്കുത്ത് (24 MW) എന്നീ ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു. ഇതുവഴി 26 MW വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചു. ഇ.എം.സി.-യുടെ ആഭിമുഖ്യത്തിൽ ആനക്കാംപൊയിൽ (8MW),

അരിപ്പാറ (4.5 MW) എന്നീ ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചു. കൂടാതെ ജലവൈദ്യുത പദ്ധതികളായ മാങ്കുളം (40 MW), ചിന്നാർ (ഫേസ്-II), ഓലിക്കൽ (5 MW), പൂവാരംതോട് (3 MW) എന്നീ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിനുപുറമെ മാരിപ്പുഴ (6 MW) പദ്ധതി നടപ്പാക്കുന്നതിനുള്ള കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്. അപ്പർ ചെങ്കുളം (24 MW) ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW)-ക്കുവേണ്ടിയുള്ള കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാം ഘട്ടാനുമതി ലഭിച്ചിട്ടുണ്ട്. ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതിയുടെ (200 MW) സാധ്യതാപഠനം നടത്താൻ വാപ്കോസ് എന്ന ഏജൻസിക്ക് കരാർ നൽകിയിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലയളവിൽ ജലവൈദ്യുതോൽപ്പാദന മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. അപ്പർകല്ലാർ (2 x 1 MW) പ്രസ്തുത ജലവൈദ്യുത പദ്ധതി 30-09-2021-ൽ രാഷ്ട്രത്തിന് സമർപ്പിച്ചു.
2. പെരിങ്ങൽക്കുത്ത് (1 x 24 MW) പ്രസ്തുത ജലവൈദ്യുത പദ്ധതി 04-05-2022-ൽ രാഷ്ട്രത്തിന് സമർപ്പിച്ചു.

3. ചെങ്കുളം പമ്പ് ഹൗസിന്റെ (3 x 1400 kW) നവീകരണ പുനരുദ്ധാരണ പദ്ധതി. പ്രസ്തുത പദ്ധതി 16-07-2021-ൽ രാഷ്ട്രത്തിന് സമർപ്പിച്ചു.

പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2 x30 MW) പ്രസ്തുത പദ്ധതിയുടെ ബാക്കിയുള്ള ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള വർക്ക് ഓർഡർ 31-01-2022-ൽ M/s.TVPPL-KSK-FITWELL-BOOM-REHPL Consortium എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്.

വൈദ്യുത മേഖലയിലെ നേട്ടങ്ങൾ കൃത്യമായ ഇടവേളകളിൽ ഉദ്യോഗസ്ഥ തലത്തിലും ബോർഡുതലത്തിലും ഗവൺമെന്റുതലത്തിലും വിലയിരുത്താറുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നിർദ്ദേശങ്ങളും അനുമതികളും വിവിധതലങ്ങളിൽ നൽകിവരുന്നു.

വിതരണരംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കുന്ന ദ്യുതി-2, 2022-23 മുതൽ 2024-25 വരെ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) തുടങ്ങിയ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ ഭൂഗർഭ കേബിളുകൾ, എ.ബി.സി. കണ്ടക്ടർ, കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ RDSS, ദ്യുതി 2.0 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദ്യുതി 2.0-ൽ 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പുവരുത്തുന്നതിനായി 100 കോടി രൂപയും വൈദ്യുതി കമ്പികൾ (എൽ.ടി. ലൈനുകൾ) പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്പേസറുകൾ സ്ഥാപിക്കുന്നതിനായി 50 കോടി രൂപയും കേടായ മീറ്ററുകൾ മാറ്റുന്നതിനായി 150 കോടി രൂപയും 2022-23, 2026-27 കാലയളവിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്. വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി 2022-23 മുതൽ 2024-25 സാമ്പത്തിക വർഷം വരെ നടപ്പിലാക്കാനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി 24-03-2022-ലെ കേരളത്തിന്റെ നോഡൽ ഏജൻസിയായ പവർ ഫിനാൻസ് കോർപ്പറേഷന്റെ കത്തുപ്രകാരം കേരളം കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് മുമ്പാകെ സമർപ്പിച്ച

10475.03 കോടി രൂപയുടെ കരട് പദ്ധതിക്ക് അനുമതി ലഭിക്കുകയുണ്ടായി. വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി RDSS പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ പ്രദേശങ്ങളിൽ സ്കാഡ, റിംഗ് മെയിൻ യൂണിറ്റുകൾ തുടങ്ങിയവ വ്യാപിപ്പിക്കാൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു.

Revamped Distribution Sector പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ. പ്രീപേയ്മെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് 8200 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് 2022-25 കാലയളവിലായി ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം അനെർട്ട് മുഖേന 3.097 മെഗാവാട്ട് ശേഷിയുള്ള കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധിത സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ വിവിധ പദ്ധതികളിലൂടെ സ്ഥാപിച്ചു. 0.241 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ വൈദ്യുതി പ്ലാന്റുകളും ഈ കാലയളവിൽ സ്ഥാപിച്ചു.

വിവിധ പദ്ധതികളിലൂടെ 12.3 മെഗാവാട്ട് ശേഷിയുള്ള കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധിത സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനം അനെർട്ട് മുഖേന നടന്നുവരുന്നു. ഇത്

സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലകളിൽ സർക്കാർ ലക്ഷ്യമിടുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

201.5 MW സ്ഥാപിതശേഷിയുള്ള '8' ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ 124 (MW) സ്ഥാപിതശേഷിയുള്ള 3 ജലവൈദ്യുത പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽത്തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ശേഷിക്കുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. പ്രസ്തുത മേഖലയിൽ ലക്ഷ്യമിടുന്ന പ്രധാനപ്പെട്ട പദ്ധതികൾ/ഇപ്പോൾ പുരോഗതിയിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2 x 30 MW)</u>

പ്രസ്തുത പദ്ധതിയുടെ ബാക്കിയുള്ള ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള കോൺട്രാക്ട് M/s.TVPPL-KSK-FITWELL-BOOM-REHPL Consortium എന്ന കമ്പനിക്ക് 31-01-2022-ൽ നൽകിയിട്ടുണ്ട്. പദ്ധതിയുടെ ജോലികൾ പുരോഗമിക്കുന്നു. ജനുവരി

2023-ൽ പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

തോട്ടിയാർ ജലവൈദ്യുത പദ്ധതി (1 x10 MW + 1 x 30 MW)

പ്രസ്തുത പദ്ധതിയുടെ പൂർത്തീകരിക്കാൻ ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ വിഭജിച്ച് ടെണ്ടർ ചെയ്യുകയും പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു.

പെരുവണ്ണാമൂഴി (2 x 3 MW)

25-01-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s. Kirloskar Brothers Ltd. എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രായിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 മാർച്ച് മാസം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

പഴശ്ശിസാഗർ (3 x 2.5 MW)

25-01-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s. Kirloskar Brothers Ltd. എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രായിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

ഭൂതത്താൻകെട്ട് (3 x 8 MW)

ഇലക്ട്രോ മെക്കാനിക്കൽ പുരോഗതി 86.61 ശതമാനം പൂർത്തീകരിച്ചു. ചൈനയിൽനിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. എടുത്തിട്ടുണ്ട്.

<u>കുറ്റ്യാടി RMU പദ്ധതി (3 x 25 MW to 3 x 27.5 MW)</u>

പ്രസ്തുത പദ്ധതിയുടെ പുനരുദ്ധാരണ നവീകരണ ശേഷി വർദ്ധിപ്പിക്കലിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തി M/s. Bharath Heavy Electricals Ltd.-നാണ് അവാർഡ് ചെയ്തിട്ടുള്ളത്. മോഡൽ ടെസ്റ്റിംഗ്, റിവേഴ്സ് എഞ്ചിനീയറിംഗ് പൂർത്തീകരിച്ചു. ഡ്രായിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 3414 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചതിൽ 10 ലൈൻ പാക്കേജുകളും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. 964 കോടി രൂപയുടെ നിർമ്മാണപ്രവൃത്തികളുടെ കരാർ നൽകിക്കഴിഞ്ഞു. മറ്റ് പ്രവൃത്തികൾ നടപ്പിൽ വരുത്തുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. രണ്ടാം ഘട്ടം (2019-2026) പ്രവൃത്തികൾ 2026-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ബോർഡിന്റെ തനതു വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം 4 പുതിയ സബ്സ്റ്റേഷനുകൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ 12 സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിതരണ രംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കുന്ന ദ്യുതി-2, 2022-23 മുതൽ 2024-25 വരെ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) തുടങ്ങിയ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ ഭൂഗർഭ കേബിളുകൾ, എ.ബി.സി. കണ്ടക്ടർ, കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ RDSS, ദ്യുതി-2.0 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദ്യുതി 2.0-ൽ 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പാക്കാനായി തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും

ഉറപ്പുവരുത്തുന്നതിനായി 100 കോടി രൂപയും വൈദ്യുതി കമ്പികൾ (എൽ.ടി. ലൈനുകൾ) പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്പേസറുകൾ സ്ഥാപിക്കുന്നതിനായി 50 കോടി രൂപയും കേടായ മീറ്ററുകൾ മാറ്റുന്നതിനായി 150 കോടി രൂപയും 2022-23, 2026-27 കാലയളവിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്. വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 2022-23 മുതൽ 2024-25 സാമ്പത്തിക വർഷം വരെ നടപ്പാക്കാനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി 24-03-2022-ലെ കേരളത്തിന്റെ നോഡൽ ഏജൻസിയായ പവർ ഫിനാൻസ് കോർപ്പറേഷന്റെ കത്തുപ്രകാരം കേരളം കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് മുമ്പാകെ സമർപ്പിച്ച 10475.03 കോടി രൂപയുടെ കരട് പദ്ധതിക്ക് അനുമതി ലഭിക്കുകയുണ്ടായി. വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി RDSS പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ പ്രദേശങ്ങളിൽ സ്കാഡ, റിംഗ് മെയിൻ യൂണിറ്റുകൾ തുടങ്ങിയവ വ്യാപിപ്പിക്കാൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു.

Revamped Distribution Sector പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ. പ്രീപേയ്മെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്നതിന്

8200 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് 2022-25 കാലയളവിലായി ഘട്ടം ഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

തദ്ദേശീയമായ വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുരപ്പുറ സോളാർ, ഗ്രൗണ്ട് മൗണ്ടഡ് സോളാർ, ഫ്ളോട്ടിംഗ് സോളാർ പ്രോജക്ടുകൾ, കാറ്റാടിപ്പാടം, കനാൽ ബാങ്ക്, കനാൽ ടോപ്, Battery Energy Storage System (BESS) തുടങ്ങിയ ആർ.ഇ. പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഊർജ്ജോൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് അനെർട്ട് മുഖേന താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി, പ്രധാനമന്ത്രി കുസും പദ്ധതി, റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന റെസ്കോ മോഡൽ പദ്ധതി, ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി പദ്ധതി, ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ വിൻഡ്-സോളാർ ഹൈബ്രിഡ് പ്ലാന്റുകൾ

സ്ഥാപിക്കുന്ന പദ്ധതി, തിരുവനന്തപുരം സോളാർ സിറ്റി പദ്ധതി, നൂതന അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പദ്ധതി.

(സി) ഇക്കാലയളവിൽ വകുപ്പിന്റെ പ്രവർത്തന മികവിന് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

രാജ്യത്തെ എല്ലാ വൈദ്യുതി യൂട്ടിലിറ്റികളിൽനിന്നും, ലോഡ് ഡെസ്പാച്ച് മേഖലയിലെ മികച്ച പ്രവർത്തനങ്ങൾ കണക്കിലെടുത്ത് International Conference on Power System (ICPS) ഏർപ്പെടുത്തിയ 2021-22-ലെ "എൽ.ഡി.സി. എക്സലൻസ് അവാർഡ്" കേരള എസ്.എൽ.ഡി.സി.-ക്ക് ലഭിച്ചു.

ഇന്ത്യൻ എക്സ്പ്രസ്സ് ദിനപത്രം 2021-ലെ Technology Day Conference -ന്റെ ഭാഗമായി ഏർപ്പെടുത്തിയ "E-Governance Champions Award" കേരള SLDC-ക്ക് ലഭിച്ചു.

രണ്ടാം സ്ഥാനത്താണ് ദേശീയതലത്തിലെ ഊർജ്ജകാര്യക്ഷമതാ സൂചികയുടെ ഗ്രൂപ്പിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്. 2021 വർഷത്തെ സംസ്ഥാന ഊർജ്ജസംരക്ഷണ പുരസ്കാരം കെ.എസ്.ഇ.ബി.-ക്ക് ലഭിച്ചു. പുരപ്പുറ സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി വർദ്ധന

കണക്കിലെടുത്ത് ഏപ്രിൽ 2022-ൽ EQ International Magazine നൽകുന്ന " Rooftop Enabler of the year 2022" അവാർഡും പുരപ്പുറ സൗരോർജ്ജ പദ്ധതി നടത്തിപ്പിലെ പ്രവർത്തന മികവിന് മേയ് 2022-ൽ "റീ അസ്സറ്റ് ഇന്ത്യ 2022" അവാർഡും കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചു.

സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഊർജ്ജ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തി നീതി ആയോഗ് 2022 ഏപ്രിലിൽ പ്രസിദ്ധീകരിച്ച സ്റ്റേറ്റ് എനർജി ആൻഡ് ക്ലൈമറ്റ് ഇൻഡക്സ് റൗണ്ട്-1 റിപ്പോർട്ടുപ്രകാരം വലിയ സംസ്ഥാനങ്ങളുടെ (larger states) വിഭാഗത്തിലാണ് കേരളത്തിന് രണ്ടാം സ്ഥാനം ലഭിച്ചത്. 49.1 പോയിന്റുമായി ഈ വിഭാഗത്തിൽ കേരളം രണ്ടാം സ്ഥാനം സ്വന്തമാക്കി. 50.1 പോയിന്റുമായി ഗുജറാത്ത് ഗ്രൂപ്പിൽ ഒന്നാം സ്ഥാനത്തെത്തി.

സംസ്ഥാനത്തിന് 2021-ൽ ഊർജ്ജകാര്യക്ഷമതയിൽ ദേശീയതലത്തിൽ പുരസ്കാരം ലഭിക്കുകയുണ്ടായി. സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഊർജ്ജകാര്യക്ഷമത വിലയിരുത്തുന്ന ദേശീയ ഊർജ്ജകാര്യക്ഷമതാ സൂചികയിൽ ഗ്രൂപ്പ് രണ്ട് വിഭാഗത്തിലാണ് കേരളത്തിന് പുരസ്കാരം ലഭിച്ചത്. 53 പോയിന്റുമായി ഈ വിഭാഗത്തിൽ കേരളം രണ്ടാം സ്ഥാനം സ്വന്തമാക്കി. 58 പോയിന്റുമായി പഞ്ചാബ് ഗ്രൂപ്പിൽ

ഒന്നാം സ്ഥാനത്തെത്തി. കാർഷിക രംഗം, വൈദ്യുതി വിതരണരംഗം, ഗതാഗതം, വ്യാവസായികരംഗം, വൻകിട കെട്ടിടങ്ങൾ, ഗാർഹിക മേഖല എന്നീ മേഖലകളിലെ ഊർജ്ജകാര്യക്ഷമത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും ഈ മേഖലയിലെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഇതര സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നടത്തിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും കണക്കിലെടുത്താണ് കേരളത്തിന് പുരസ്കാരം ലഭിച്ചത്. ദേശീയ ഊർജ്ജ സംരക്ഷണദിനമായ ഡിസംബർ 14-ന് ഡൽഹി വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആർ. കെ. സിംഗിൽനിന്നും കേരള ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ആർ. കെ. സിൻഹ IAS പുരസ്കാരം ഏറ്റുവാങ്ങി.

## വൈദ്യുതി നിരക്ക് വർദ്ധന

296 (688) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾപ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. സംസ്ഥാനത്തെ നിലവിലുള്ള 2019-ലെ വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഒരു പെറ്റീഷൻ 10-02-2022-ൽ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനിൽ, വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശകളാണ് നൽകിയിട്ടുള്ളത്. റെഗുലേറ്ററി കമ്മീഷൻ ഇതുസംബന്ധിച്ച അന്തിമ ഉത്തരവുകൾ 24-05-2022-ന് പുറപ്പെടുവിച്ചു. താരിഫ് പരിഷ്കരണ ഉത്തരവ് അനുബന്ധമായി+ സമർപ്പിക്കുന്നു.

വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് കമ്മീഷൻ മുമ്പാകെ ശിപാർശ ചെയ്ത താരിഫ് വർദ്ധനവ് പൊതുതെളിവെടുപ്പിന് വിധേയമായാണ് കേരളാ റെഗുലേറ്ററി കമ്മീഷൻ തീർപ്പുകൽപ്പിച്ചിരിക്കുന്നത്.

(ബി) 2021-2022 വർഷത്തിൽ വൈദ്യുതി ഉൽപ്പാദനത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗണ്യമായ വളർച്ച കൈവരിച്ചിട്ടുണ്ടോ; എങ്കിൽ ഉൽപ്പാദനം വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ളതും മുടങ്ങിക്കിടന്നതുമായ മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. ജലവൈദ്യുത പദ്ധതികൾക്കുപുറമെ നിർമ്മാണത്തിലും പരിഗണനയിലുള്ളതുമായ കെ.എസ്.ഇ.ബി.എൽ.-ന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തിയാക്കുന്നതിന് പ്രത്യേക പരിഗണന നൽകിവരുന്നു. ഇപ്രകാരം വൈദ്യുതി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് വിവിധ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത പദ്ധതികളുടെ തുടർനടപടികളും മറ്റ് പുതിയ പദ്ധതികളും നടപ്പാക്കിയതിന്റെ ഫലമായി ഉൽപ്പാദനം വർദ്ധിച്ചു. 2021-22 വർഷത്തിൽ ജലവൈദ്യുത പദ്ധതിയായ ചാത്തൻകോട്ടുനട II (CMW) കമ്മീഷൻ ചെയ്ത് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചു.

ഈ സർക്കാർ അധികാരമേറ്റപ്പോൾ 247 MW ആയിരുന്ന സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി നിലവിൽ 572 MW ആയി

വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 53.5 MW-ന്റെ സൗരോർജ്ജ നിലയങ്ങൾ കെ.എസ്.ഇ.ബി.എൽ. നിർമ്മിച്ചവയാണ്. തദ്ദേശീയമായ വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുരപ്പുറ സോളാർ, ഗ്രൗണ്ട് മൗണ്ടഡ് സോളാർ, ഫ്ലോട്ടിംഗ് സോളാർ പ്രോജക്ടുകൾ, കാറ്റാടിപ്പാടം, കനാൽ ബാങ്ക്, കനാൽ ടോപ്, Battery Energy Storage System (BESS) തുടങ്ങിയ RE പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിവരുന്നു.

പ്രസ്തുത കാലയളവിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ജലവൈദ്യുത പദ്ധതികളിൽ നിന്നായി 32 MW-ഉം കെ.എസ്.ഇ.ബി.എൽ.-ന്റെ രണ്ട് സൗരോർജ്ജ പദ്ധതികളിൽ നിന്നുമായി 4 MW-ഉം കൂട്ടിച്ചേർക്കാൻ സാധിച്ചു. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- 6 മെഗാവാട്ടിന്റെ ചാത്തൻകോട്ടുനട ചെറുകിട ജല വൈദ്യുത പദ്ധതിയിൽ നിന്നും വൈദ്യുതി ഉല്പാദനം 21-06-2021-ൽ ആരംഭിച്ചു.

- ചെങ്കുളം പമ്പ് ഹൗസിലെ പുനരുദ്ധാരണ പ്രവൃത്തികൾ 27-03-2021-ൽ പൂർത്തിയാക്കി. തൽഫലമായി 182 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും.

- 2 മെഗാവാട്ടിന്റെ അപ്പർകല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നും വൈദ്യുതി ഉൽപ്പാദനം 05-09-2021-ൽ ആരംഭിച്ചു.

- 24 മെഗാ വാട്ടിന്റെ പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയിൽനിന്നും വൈദ്യുതി ഉല്പാദനം 04-05-2022 -ൽ ആരംഭിച്ചു.

കെ.എസ്.ഇ.ബി.എൽ.-ന്റെ രണ്ട് സൗരോർജ്ജ പദ്ധതികളായ ക്ലബ്ഡ് സോളാർ പ്രോജക്ട്-അഗളി (1 MW) 22-01-2022-ലും കഞ്ചിക്കോട് (3 MW) 19-02-2022-ലും കമ്മീഷൻ ചെയ്തു.

2021-22-ൽ അപ്പർകല്ലാർ (2 x 1 MW) എന്ന ചെറുകിട ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന വാർഷിക ഉൽപ്പാദനം 5.14 MU ആണ്. EMC-യുടെ ആഭിമുഖ്യത്തിൽ ആനക്കാം പോയിൽ (8 MW), അരിപ്പാറ (4.5 MW) ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി.

(സി) വൈദ്യുതി നിരക്ക് കുറയ്ക്കാനുള്ള സാഹചര്യം നിലവിലുള്ളപ്പോൾ നിരക്ക് വർദ്ധിപ്പിക്കാനുള്ള കമ്മീഷന്റെ നിർദ്ദേശം പുന:പരിശോധിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ്

നിർണ്ണയ ചട്ടങ്ങൾ, 2021-ലെ 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്. സഞ്ചിത കമ്മി, പണപ്പെരുപ്പം, കൽക്കരി, ഫോസിൽ ഇന്ധനങ്ങൾ ഇവയിലുണ്ടായ അമിത വില വർദ്ധനവ് എന്നിവമൂലം വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല.

(ഡി) വൈദ്യുതി വിൽപ്പനയിലൂടെയും താരിഫ് ഇതര വരുമാനത്തിലൂടെയും 2021-2022 വർഷത്തിൽ മുൻവർഷങ്ങളേക്കാൾ അധികം വരുമാനം കെ.എസ്.ഇ.ബി.എൽ-ന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വൈദ്യുതി വിൽപ്പനയിലൂടെയും താരിഫ് ഇതര വരുമാനത്തിലൂടെയും മുൻവർഷത്തെ അപേക്ഷിച്ച് 2021-22-ലെ താൽക്കാലിക കണക്കുപ്രകാരം 1632 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഇതിൽ വൈദ്യുതി അന്യസംസ്ഥാനത്ത് വിറ്റ ഇനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 920 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

(ഇ) വൈദ്യുതി നിരക്ക് ഉയർത്താൻ വൈദ്യുതി ബോർഡ് സമർപ്പിച്ച റിപ്പോർട്ടിലും ബോർഡിന്റെ ബഡ്ജറ്റിലും വൈരുധ്യമുള്ള

കണക്കുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

വ്യത്യസ്ത ആവശ്യങ്ങൾക്ക് വ്യത്യസ്ത നിയമങ്ങളും മാനദണ്ഡങ്ങളുമനുസരിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളാണ് ബഡ്ജറ്റും റെഗുലേറ്ററി കമ്മീഷന് മുമ്പാകെ സമർപ്പിക്കുന്ന മൾട്ടി ഇയർ താരിഫ് എസ്റ്റിമേറ്റും (എ.ആർ.ആർ.). ആയതിനാൽ മുൻവർഷങ്ങളിലെപ്പോലെത്തന്നെ 2022-23-ലും ബഡ്ജറ്റും റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ച എ.ആർ.ആർ.-ഉം തമ്മിൽ വ്യത്യാസമുണ്ട്.

ബഡ്ജറ്റിൽ ബോർഡിന്റെ മുൻകാല പ്രവണതകളെ അടിസ്ഥാനമാക്കിയുള്ള കണക്കുകളാണ് കാണിക്കുന്നത്. കൂടാതെ എ.ആർ.ആർ. കണക്കുകളിൽ ഉൾക്കൊള്ളിക്കുന്ന മുൻകാല റവന്യൂ ഗ്യാപ്പ്, റിട്ടേൺ ഓൺ ഇക്വിറ്റി, മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ അധിക തുക മുതലായവ ബഡ്ജറ്റിൽ കാണിക്കുന്നില്ല.

വൈദ്യുതി നിയമം 2003-ലെ 61-ാം വകുപ്പുപ്രകാരം, കേരളാ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ വ്യവസ്ഥകൾപ്രകാരം, 2022-2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള വൈദ്യുതി താരിഫ് പരിഷ്കരണത്തിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ARR & ERC പെറ്റീഷൻ പ്രകാരമുള്ള പ്രതീക്ഷിത

റവന്യൂ ഗ്യാപ്പ് 2852.58 കോടി രൂപയാണ്. 2022-23-ൽ 496.20 കോടി രൂപയുടെ ലാഭമുണ്ടാകുമെന്ന നിലയിലാണ്, കെ.എസ്.ഇ.ബി.എൽ.-ന്റെ ബഡ്ജറ്റ് മാന്വൽ അനുസരിച്ച്, 2022-23-ലെ ഫിനാൻഷ്യൽ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കമ്പനിയിൽ ബഡ്ജറ്ററി കൺട്രോൾ നടപ്പിലാക്കി, സാമ്പത്തികമായി അച്ചടക്കത്തോടെയുള്ള പ്രവർത്തനത്തോടൊപ്പം പ്രസരണ വിതരണശൃംഖല ശാക്തീകരണ ഫലമായി കൂടുതൽ വൈദ്യുതി വില്പന ലക്ഷ്യംവച്ചാണ് ബഡ്ജറ്റ് തയ്യാറാക്കുന്നത്.

വ്യത്യസ്ത ആവശ്യങ്ങൾക്കായി, വ്യത്യസ്ത നിയമങ്ങളും ചട്ടങ്ങളും പ്രകാരവും വ്യവസ്ഥാപിത മാനദണ്ഡങ്ങൾ പ്രകാരവും തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളാണ് ബഡ്ജറ്റും എ.ആർ.ആർ. പെറ്റീഷനും. ഇങ്ങനെ വ്യവസ്ഥാപിതമായ രീതിയിൽ തയ്യാറാക്കുന്നതിനാൽ ഈ കണക്കുകൂട്ടലുകളിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ടായേക്കാമെന്നതിനാൽ, പ്രതീക്ഷിത റവന്യൂ ഗ്യാപ്പിലും ലാഭനഷ്ട കണക്കിലും വ്യത്യാസമുണ്ടാകുമെങ്കിലും ഇവ തമ്മിൽ പൊരുത്തക്കേടുള്ളതായി ഗണിക്കാൻ കഴിയില്ല.

**സൗരപദ്ധതി**

297 (689) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യുടെ സൗരപദ്ധതിപ്രകാരം എത്ര പുരപ്പുറങ്ങളിൽ സൗരനിലയങ്ങൾ നിർമ്മിക്കാൻ അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇപ്രകാരം അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതെന്നും വിശദമാക്കാമോ?

കെ.എസ്.ഇ.ബി.-യുടെ സൗരപദ്ധതിപ്രകാരം പുരപ്പുറങ്ങളിൽ സൗരനിലയങ്ങൾ സ്ഥാപിക്കാൻ നാളിതുവരെ ആകെ 76122 അപേക്ഷകൾ ലഭിച്ചു. പ്രസ്തുത അപേക്ഷകളിൽനിന്നും അനുയോജ്യമായവ കണ്ടെത്തി സൗരപദ്ധതിയുടെ കീഴിൽ 55.36 MW ശേഷിയുള്ള 11024 നിലയങ്ങൾ നിലവിൽ പൂർത്തീകരിച്ചു. ഇതിൽ 38.28 MW-ന്റെ 9265 നിലയങ്ങൾ കമ്മീഷൻ ചെയ്തു. ഇതിൽനിന്നും ഇപ്രകാരം 38.28 MW-ന്റെ അധിക വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്.

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യുടെ സൗരപദ്ധതിപ്രകാരം കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10

കിലോവാട്ടുവരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി നൽകുന്നത്. ഇതുവരെ ഈ പദ്ധതിയിൽ 5254 പുരപ്പുറങ്ങളിൽ സൗരനിലയങ്ങൾ നിർമ്മിക്കാനുള്ള അപേക്ഷ അനെർട്ടിന് ലഭിച്ചിട്ടുണ്ട്. ആകെ 19.9 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്.

## വടക്കാഞ്ചേരിയിൽ സൗരവൈദ്യുതി പദ്ധതി

298 (690) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി യോഗ്യമല്ലാത്ത ഭൂമി ഉപയോഗപ്പെടുത്തി സൗരവൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിപ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ശിപാർശകളൊന്നും നിലവിലില്ല. അത്തരം ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

## സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി

299 (691) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ആയതിന്റെ തുടർനടപടികൾ വിശദമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ ലഭ്യമായതിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിക്ക് 3 കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കുന്നു. ആകെ 56 സ്ഥാപനങ്ങളിലായി 455 kWp സ്ഥാപിതശേഷിയുള്ള സോളാർ നിലയമാണ് സ്ഥാപിക്കുന്നത്.

**കാസർഗോഡ് ജില്ലയിലെ സോളാർ പാർക്കുകൾ**

300 (692) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ എത്ര സോളാർ വൈദ്യുത പാർക്കുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയ്ക്ക് എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ; ഇതിൽനിന്നും

പ്രതിദിനം എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്നുള്ള വിവരം ലഭ്യമാക്കാമോ?

സർക്കാർ പാട്ടത്തിന് നൽകിയ 500 ഏക്കർ ഭൂമിയിൽ KSEBL-ന്റെയും Solar Energy Corporation of India (SECI)-യുടേയും സംയുക്ത സംരംഭമായ Renewable Power Corporation of Kerala Ltd (RPCKL) ആണ് 100 MW സ്ഥാപിതശേഷിയുള്ള സോളാർ പാർക്ക് ഒരുക്കിയിരിക്കുന്നത്. ഇതിൽ 50 MW സ്ഥാപിതശേഷിയുള്ള സോളാർ നിലയം കാസർഗോഡ് ജില്ലയിലെ അമ്പലത്തറയിലും 50 MW സ്ഥാപിതശേഷിയുള്ള സോളാർ നിലയം മഞ്ചേശ്വരം താലൂക്കിലെ പൈവളിഗെ, മീഞ്ച, ചിപ്പാർ എന്നീ വില്ലേജുകളിലുമായാണുള്ളത്. അമ്പലത്തറയിലെ 50 MW നിലയം കേന്ദ്ര സർക്കാർ സ്ഥാപനമായ IREDA (Indian Renewable Energy Development Agency)-യുടെ ഉടമസ്ഥതയിലും പൈവളിഗയിലെ 50 MW നിലയം കേന്ദ്ര സർക്കാർ സ്ഥാപനമായ THDCIL (Tehri Hydro Development Corporation India Ltd.)-ന്റെ ഉടമസ്ഥതയിലുമാണുള്ളത്.

അമ്പലത്തറയിലെ നിലയം സ്ഥാപിച്ചതിനുള്ള ചെലവ് 310.88 കോടി രൂപയും പൈവളിഗയിലെ നിലയം സ്ഥാപിച്ചതിനുള്ള ചെലവ് 259.29

കോടി രൂപയുമാണ്. സോളാർ പാർക്കിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഏകദേശം 54.5 കോടി രൂപയാണ് ഇതുവരെ ചെലവായിട്ടുള്ളത്. ടി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഗ്രിഡിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രസരണ ശൃംഖല സ്ഥാപിക്കുന്നതിന് 50 കോടിയോളം രൂപ ചെലവായിട്ടുണ്ട്.

2022 മേയ് മാസത്തെ കണക്കുകൾപ്രകാരം അമ്പലത്തറയിലെ നിലയത്തിൽ നിന്നുള്ള പ്രതിദിന ശരാശരി വൈദ്യുതി ഉൽപ്പാദനം 1.61 ലക്ഷം യൂണിറ്റും പൈവളിഗ നിലയത്തിൽ നിന്നുള്ള പ്രതിദിന ശരാശരി വൈദ്യുതി ഉൽപ്പാദനം 1.99 ലക്ഷം യൂണിറ്റുമാണ്.

**അനെർട്ടിൽ കരാറടിസ്ഥാനത്തിൽ നിയമനം**

301 (693) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ മാനേജ്മെന്റ് ആൻഡ് ഡെവലപ്മെന്റ് മുഖേന എത്ര പേരെ അനെർട്ടിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്; സി.എം.ഡി. വഴിയുള്ള കരാർ അവസാനിപ്പിച്ച് അനെർട്ട് എത്ര പേരെ നേരിട്ട് നിയമിച്ചിട്ടുണ്ട്; നിയമനം നേടിയവരുടെ പേര്, ശമ്പളം എന്നിവ

സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ?

സെന്റർ ഫോർ മാനേജ്മെന്റ് ആൻഡ് ഡെവലപ്മെന്റ് മുഖേന 12 പേരെ അനെർട്ടിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ഇവരിൽ 7 പേർ ഇപ്പോഴും തുടരുന്നു. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന നിയമിച്ചവരിൽ നിലവിൽ തുടരുന്ന 7 പേരുടെ പട്ടിക ചുവടെ ചേർക്കുന്നു.

| പേര് | ശമ്പളം |
|---|---|
| ശ്രീ. അനീഷ് മോൻ എ. | 21,798/- |
| കുമാരി ഗീതു ജി. | 23,044/- |
| ശ്രീമതി രാധിക ജെ. എം. | 40,600/- |
| ശ്രീ. വിനയ് പി. | 45,325/- |
| ശ്രീ. ബന്ദീഷ് പി. | 52,200/- |
| ശ്രീ. കൃഷ്ണകുമാർ സി. | 58,750/- |
| ഡോ. ശ്രീന വല്ലഭൻ | 59,750/- |

(ബി) അനെർട്ടിൽ സി.എം.ഡി. വഴി നിയമിച്ചവരെ പിരിച്ചുവിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന് നിർദ്ദേശിച്ചു. എംപ്ലോയ്മെന്റ് ഡയറക്ടേറ്റിൽനിന്നും എത്ര കത്തുകൾ ഇതുവരെയായി ലഭിച്ചു; പ്രസ്തുത കത്തുകൾ ലഭിച്ച വിവരം അനെർട്ട് സർക്കാരിനെയോ

എക്സിക്യൂട്ടീവ് കമ്മിറ്റിയെയോ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

അനെർട്ടിൽ സി.എം.ഡി. വഴി നിയമിച്ചവരെ പിരിച്ചുവിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന് നിർദ്ദേശിച്ച് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറിൽനിന്നും മൂന്ന് കത്തുകൾ ഇതുവരെ ലഭിച്ചു. ഇതുസംബന്ധിച്ച വിശദീകരണം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറെ അറിയിച്ചിട്ടുള്ളതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മൂന്ന് കമ്പ്യൂട്ടർ അസിസ്റ്റന്റുമാരെ കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുതിയതായി നിയമിച്ചിട്ടുണ്ട്. കൂടാതെ അഞ്ച് പ്രോജക്ട് എഞ്ചിനീയർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കത്തുകൾ ലഭിച്ച വിവരം സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സ്റ്റാറ്റസ്കോ ഉത്തരവ് നിലനിൽക്കെത്തന്നെ എത്രപേർക്ക് കരാർ പുതുക്കി നൽകിയിട്ടുണ്ട്; കരാറിൽ ഉൾപ്പെട്ടവർക്ക് ശമ്പള വർദ്ധനവും ശമ്പള

കുടിശ്ശികയും നൽകിയിട്ടുണ്ടോ; കരാർ പുതുക്കലിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരമുണ്ടോ; എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് മുമ്പാകെ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽനിന്നും സമർപ്പിച്ച ഈസി നോട്ട് പകർപ്പ് ലഭ്യമാക്കുമോ?

സെന്റർ ഫോർ മാനേജ്മെന്റ് ആൻഡ് ഡെവലപ്മെന്റ് മുഖേന നിയമിച്ചവരിൽ നിലവിൽ തുടരുന്ന 7 പേർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം പെർഫോമൻസ് പരിശോധനയുടെ അടിസ്ഥാനത്തിൽ കരാർ കാലാവധി നീട്ടി നൽകുകയും വാർഷിക ശമ്പള വർദ്ധനവും ശമ്പള കുടിശ്ശികയും അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ചെയർമാനും ഡയറക്ടർ (ഫിനാൻസ്, കെ.എസ്.ഇ.ബി.എൽ.), ഡയറക്ടർ (എനർജി മാനേജ്മെന്റ് സെന്റർ), ഡയറക്ടർ (സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്), ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച പെർഫോമൻസ് ഇവാല്യുവേഷൻ കമ്മിറ്റിയാണ് കരാർ ജീവനക്കാരുടെ പെർഫോമൻസ് പരിശോധന നടത്തിയത്.

എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് മുമ്പാകെ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽനിന്നും ഈസി നോട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) മൂന്ന് വർഷത്തിൽ കൂടുതലുള്ള കരാർ ജീവനക്കാരുടെ സേവനം പുതുക്കി നൽകുന്നതിന് സർക്കാർ അംഗീകാരം വേണമെന്നുള്ള നിബന്ധന അനെർട്ടിൽ പാലിച്ചിട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ നിയമനങ്ങൾ നിയമാനുസൃതമല്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യത്തെക്കുറിച്ച് സമഗ്രമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഊർജ്ജവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അനെർട്ട് പദ്ധതികൾ**

302 (694) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കി വരുന്ന അനെർട്ട് പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അനെർട്ട് വഴി താഴെപ്പറയുന്ന പദ്ധതികളാണ് ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്.

1. പ്രധാനമന്ത്രി-കുസും പദ്ധതിപ്രകാരം സംസ്ഥാനത്ത് കാർഷിക

ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിന് അനെർട്ട് മുഖേന രണ്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. വൈദ്യുതിയെത്താത്ത സ്ഥലങ്ങളിലെ കാർഷിക ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന പദ്ധതിയും കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിയും. ഈ പദ്ധതികൾപ്രകാരം എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്രസർക്കാർ സബ്സിഡിയായി നൽകും. ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്. ആദ്യഘട്ടമായി 100 കാർഷിക പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്ന പ്രവർത്തനം ഇപ്പോൾ നടന്നുവരുന്നു. അടുത്ത ഘട്ടമായി 9348 കാർഷിക പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിന് കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

2. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജമന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഗാർഹിക

ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ടുവരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി നൽകുന്നത്. ഇതുവരെ ഈ പദ്ധതിയിൽ ആകെ 19.9 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 5254 പേരിൽ നിന്നുള്ള അപേക്ഷകൾ അനെർട്ടിന് ലഭിച്ചിട്ടുണ്ട്.

3. ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന 500 വീടുകളിൽ രണ്ട് കിലോവാട്ട് വീതം ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് നൽകുന്ന പദ്ധതി.

4. ലൈഫ് മിഷൻ പദ്ധതിയിൽ സ്ഥാപിക്കുന്ന കൊല്ലം, കോട്ടയം, ഇടുക്കി, കണ്ണൂർ ജില്ലകളിലെ ഓരോ ഫ്ലാറ്റുകളിൽ പൊതുആവശ്യത്തിനായി 30 കിലോവാട്ടുവീതം ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി.

5. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും അനെർട്ട് മുഖേന ചെയ്തുവരുന്നു. ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവായി അനെർട്ട് നൽകുന്നുണ്ട്.

6. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തോടെ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തലശ്ശേരിയിലുള്ള റബ്കോയുടെ ഫാക്ടറിയിലും എറണാകുളം ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനിയിലും 350 കിലോവാട്ടുവീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ റെസ്കോ മാതൃകയിൽ സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

7. കമ്മ്യൂണിറ്റി പാചകം, വ്യാവസായിക നീരാവി ഉൽപ്പാദനം എന്നിവയ്ക്കായി നൂതന സോളാർ കോൺസെൻട്രേറ്റർ സാങ്കേതിക സംവിധാനം സ്ഥാപിക്കുന്നതിന് അനുയോജ്യമായ പൊതുസ്ഥാപനങ്ങൾ കണ്ടെത്തുന്നതിനുള്ള സാങ്കേതിക സാധ്യതാ പഠനം നടത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും അവ സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നതിന് അനെർട്ടിന് പദ്ധതിയുണ്ട്.

8. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇതിന് ആവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ആയതിനാൽ

ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ വ്യക്തികൾ എന്നിവർ തുടങ്ങുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് ഒരു കിലോവാട്ടിന് 20,000/- രൂപ വീതം 5 മുതൽ 50 കിലോവാട്ടുവരെ ശേഷിയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്. ഈ വർഷം 400 കിലോവാട്ട് ശേഷിയാണ് ലക്ഷ്യം. കൂടാതെ ഈ വർഷം പുതിയതായി സൗരോർജ്ജ സംവിധാനത്തോടുകൂടിയ 6 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിക്കുന്നതാണ്.

9. കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഭാഗമായി സർക്കാർ വകുപ്പുകളിൽ വാടകയ്ക്ക് ഉപയോഗിക്കുന്ന ഡീസൽ/പെട്രോൾ കാറുകൾ മാറ്റി ഇലക്ട്രിക് കാറുകൾ ലീസ് വ്യവസ്ഥയിൽ നൽകുന്നതിനുള്ള പദ്ധതി.

10. ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

11. വഴിയോര ഉന്തുവണ്ടി കച്ചവടക്കാർക്കായി 500 മുതൽ 600 വാട്ട്

വരെ ശേഷിയുള്ള സൗരോർജ്ജ സംവിധാനം (100 എണ്ണം) വിതരണം ചെയ്യുന്ന പദ്ധതി.

12. ആഴക്കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യബന്ധന ബോട്ടുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ 0.8 മുതൽ 1 കിലോവാട്ടുവരെ ശേഷിയുള്ള സോളാർ-വിൻഡ് ഹൈബ്രിഡ് പവർ സംവിധാനം (30 എണ്ണം) വിതരണം ചെയ്യുന്ന പദ്ധതി.

13. ഹൗസ് ബോട്ടിന് 5 മുതൽ 6 കിലോവാട്ടുവരെ ശേഷിയുള്ള സോളാർ സംവിധാനം സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി.

14. തിരുവനന്തപുരം സോളാർ സിറ്റി പദ്ധതി.

15. പാർക്കുകളിൽ നൂതന അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പദ്ധതി.

16. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ.

17. അക്ഷയ ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ പരിശീലന പരിപാടി.

18. അക്ഷയ ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രചരണ, ബോധവൽക്കരണ പരിപാടികൾ.

(ബി) അനെർട്ട് ഗാർഹിക സോളാർപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേന്ദ്ര നവ-നവീകരണ ഊർജ്ജമന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി നടപ്പാക്കുന്നതിന് 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തിവരുന്നു.

ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ടുവരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ടുവരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ടുവരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് കേന്ദ്രസർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ

എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. കാലതാമസം ഒഴിവാക്കുന്നതിനും സുതാര്യത ഉറപ്പിക്കുന്നതിനുംവേണ്ടി ഉപഭോക്താക്കൾ ഈ പദ്ധതിക്കുള്ള അപേക്ഷ സമർപ്പിക്കുന്നത് മുതൽ പ്ലാന്റ് സ്ഥാപിക്കുന്നതുവരെയുള്ള എല്ലാ നടപടിക്രമങ്ങളും നിർവ്വഹിക്കുന്നതിന് 'ബൈ മൈ സൺ' എന്ന ഓൺലൈൻ പോർട്ടൽ അനെർട്ട് സജ്ജമാക്കിയിട്ടുണ്ട്. ഇതുവരെ ഈ പദ്ധതിയിൽ 5254 പുരപ്പുറങ്ങളിൽ സൗരനിലയങ്ങൾ നിർമ്മിക്കാനുള്ള അപേക്ഷ അനെർട്ടിന് ലഭിച്ചിട്ടുണ്ട്. ആകെ 19.9 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്.

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന 500 വീടുകളിൽ രണ്ട് കിലോവാട്ട് വീതം ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ അനെർട്ട് സ്ഥാപിച്ചുനൽകുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

**വൈദ്യുതി മൂലമുള്ള അപകടങ്ങൾ**

303 (695) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതിമൂലമുള്ള അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലൈനുകൾ പൊട്ടിവീണ് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ എൽ.ടി. ലൈനുകളിലും അടുത്ത രണ്ടര വർഷത്തിനുള്ളിൽ 2.23 കോടി സ്പേസറുകൾ സ്ഥാപിക്കുന്ന കർമ്മ പദ്ധതി കെ.എസ്.ഇ.ബി.എൽ. ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതുവരെ 46.10 ലക്ഷം സ്പേസറുകൾ സ്ഥാപിച്ചിട്ടുണ്ട്.

ശക്തി കുറഞ്ഞതും പൊട്ടിവീഴാൻ സാധ്യതയുള്ളതുമായ AAC കമ്പികൾ പൂർണ്ണമായും ഒഴിവാക്കി ACSR കമ്പികൾ സ്ഥാപിക്കുന്നതിനും പഴയ ACSR കണ്ടക്ടർ മാറ്റി പുതിയ ACSR കമ്പികൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. പ്രത്യേക ശ്രദ്ധ നൽകിവരുന്നു. ലൈനുകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതുവഴിയും എബിസി കണ്ടക്ടർ ഉപയോഗിക്കുന്നതുവഴിയും ഗാർഡിംഗ് നിർമ്മിക്കുന്നതുവഴിയും കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ

സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്താനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്. ദ്യുതി-1, ദ്യുതി-2, RDSS പദ്ധതി എന്നിവയിൽ ഇത്തരം പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.എൽ. പ്രാധാന്യം നൽകുന്നു. ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ കെ.എസ്.ഇ.ബി.എൽ. കൈക്കൊണ്ടുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു+.

വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനായി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ക്വാളിറ്റി കൺട്രോൾ മുദ്രയായ ISI മാർക്കുള്ള വൈദ്യുത ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് നിഷ്കർഷിച്ചിട്ടുണ്ട്.

സംസ്ഥാനത്തുണ്ടാകുന്ന മാരകമായ അപകടങ്ങളിൽ ഭൂരിഭാഗവും ഗാർഹിക മേഖലയിലാണ് സംഭവിക്കുന്നത്. വയറിംഗ് അപാകതകളും DLCB/RCCB ഇല്ലാത്തതുമാണ് പല അപകടങ്ങൾക്കും മുഖ്യകാരണം. ഇ-സേഫ് കേരള പദ്ധതിയുടെ ഭാഗമായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലക്കാട് ജില്ലയിൽ അഗളി, പുതൂർ, ഷോളയാർ എന്നീ പഞ്ചായത്തുകളിൽ 600-ഓളം BPL വീടുകൾക്ക് റീവയറിംഗ് നടത്തി ELCB സ്ഥാപിച്ച് എർത്തിംഗ് പുതുക്കി നൽകിയിട്ടുണ്ട്. കൂടാതെ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എസ്.സി./എസ്.ടി./ബി.പി.എൽ. വിഭാഗത്തിലെ നോൺ പേയിംഗ് ഗ്രൂപ്പിലെ ഉപഭോക്താക്കൾക്ക് 4 പോയിന്റ് വയറിംഗ് നടത്തി, DLCB/RCCB സ്ഥാപിച്ച് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള എല്ലാ സാങ്കേതിക സഹായങ്ങളും വകുപ്പ് നൽകുന്നതാണ്. ഇതുകൂടാതെ സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (ബി.പി.എൽ.) എസ്.സി./എസ്.ടി. ഉപഭോക്താക്കളുടെ വീടുകളിൽ ഇ.എൽ.സി.ബി./ആർ.സി.സി.ബി. സ്ഥാപിച്ച് വയറിംഗ് സ്റ്റാന്റേർഡൈസ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി SC/ST വകുപ്പിൽ നിന്നും ഉപഭോക്താക്കളുടെ വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

വൈദ്യുതലൈൻ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി തിരുവനന്തപുരം പേട്ട ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വൈദ്യുതി വിതരണ ശൃംഖലയിൽ ലൈൻ

സ്പെയിസർ, ഗാർഡിംഗ്, ട്രാൻസ്ഫോർമർ സെക്കൻഡറിയിൽ ബ്രേക്കർ എന്നിവ സ്ഥാപിക്കുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാൻ തീരുമാനിക്കുകയും കെ.എസ്.ഇ.ബി.എൽ.-ന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

## തെരുവുവിളക്കുകളുടെ പരിപാലനം

304 (696) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് വിളക്കുകളുടെ പരിപാലനവും പ്രകാശിപ്പിക്കലുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് കെ.എസ്.ഇ.ബി. നടപ്പിലാക്കുന്നതെന്നും എന്തെല്ലാം പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയതെന്നും വിശദമാക്കുമോ?

കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. സപ്ലൈ കോഡ് 2014-ലെ 102-ാം മത് റെഗുലേഷനിൽ സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലൈസൻസികളുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം കോർപ്പറേഷൻ ഉൾപ്പെടെ ചുരുക്കം ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ സാധനസാമഗ്രികൾ ലഭ്യമാക്കി അറ്റകുറ്റപ്പണികൾക്ക് ആവശ്യമുള്ള തുക ബോർഡിൽ നിക്ഷേപിച്ച് അറ്റകുറ്റപ്പണികൾ കെ.എസ്.ഇ.ബി.എൽ.-നെക്കൊണ്ട് ചെയ്യിപ്പിക്കുന്നുണ്ട്.

സംസ്ഥാനത്ത് തെരുവുവിളക്കുകളുടെ പ്രകാശിപ്പിക്കലും പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് (കേരളാ പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 176(B)). സംസ്ഥാന സർക്കാർ നടപ്പാക്കുന്ന 'നിലാവ്' പദ്ധതിയിൽ നിലവിലുള്ള പരമ്പരാഗത തെരുവുവിളക്കുകൾ അഴിച്ചുമാറ്റി പകരം പുതിയ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ച് നൽകുന്ന ജോലികൾ ചെയ്യുന്നത്, പദ്ധതി നടപ്പാക്കുന്ന എസ്.പി.വി. എന്ന നിലയിൽ കെ.എസ്.ഇ.ബി.എൽ. ആണ്. ഇപ്രകാരം കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചുനൽകുന്ന എൽ.ഇ.ഡി. വിളക്കുകൾ തുടർന്നുള്ള വാറണ്ടി കാലയളവിൽ പരിപാലിക്കേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

തെരുവുവിളക്കുകൾ പരിപാലിക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തീരുമാനപ്രകാരം കെ.എസ്.ഇ.ബി.-യുമായോ

മറ്റ് സർവ്വീസ് കരാറുകാരുമായോ കരാറിൽ ഏർപ്പെടാവുന്നതാണ്.

(ബി) തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഈടാക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

തെരുവുവിളക്കുകൾ കത്തിക്കുന്നതിനുള്ള വൈദ്യുതി ചാർജ് നിലവിൽ രണ്ടുവിധത്തിലാണ് കെ.എസ്.ഇ.ബി.എൽ. കണക്കാക്കിവരുന്നത്.

1. മീറ്ററുകൾ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾക്ക് നിലവിലുള്ള താരിഫ് (LTVIII B) പ്രകാരം, മീറ്ററിന് മാസം 50 രൂപ ഫിക്സഡ് ചാർജ്ജും, ചെലവഴിക്കുന്ന ഓരോ യൂണിറ്റിനും 4.30 രൂപ നിരക്കിൽ എനർജി ചാർജ്ജും കെ.എസ്.ഇ.ബി.എൽ. ഈടാക്കുന്നു.

2. മീറ്ററുകൾ സ്ഥാപിക്കാത്ത തെരുവുവിളക്കുകൾക്ക് വിളക്കിന്റെ ഇനത്തിന്റെയും വോൾട്ടേജിന്റെയും ഉപയോഗിക്കുന്ന മണിക്കൂറിന്റെയും അടിസ്ഥാനത്തിൽ, താരിഫ് (LTVIII A) പ്രകാരമാണ് തുക കണക്കാക്കുന്നത്.

**കോതമംഗലം മണ്ഡലത്തിലെ പുതിയ സെക്ഷൻ ഓഫീസ്**

305 (697) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കവളങ്ങാട്, പല്ലിയാരിമംഗലം എന്നീ പഞ്ചായത്തുകളിൽ നിന്നുള്ള ആയിരക്കണക്കിന് ആളുകൾ വൈദ്യുതി സംബന്ധമായ നിരവധി ആവശ്യങ്ങൾക്കായി വളരെ ദൂരത്തിലുള്ള കോതമംഗലം നമ്പർ 2 സെക്ഷനെയാണ് ആശ്രയിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉപഭോക്താക്കളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വലിയ ഭൂപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ പ്രയാസം കണക്കിലെടുത്ത് കോതമംഗലം മണ്ഡലത്തിൽ ഊന്നുകൽ പ്രദേശത്ത് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ;

(സി) ഇടുക്കി ജില്ലയുടെ അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ നിന്നുപോലും ജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി കോതമംഗലം നമ്പർ 2 സെക്ഷനെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അടിയന്തരമായി പുതിയ സെക്ഷൻ ഓഫീസ് ഊന്നുകൽ കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

(ബി&സി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിലവിൽ സ്വീകരിച്ചുവരുന്നത്.

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുതി ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിനുപുറമേ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും

ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത-ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പരും WhatsApp എന്ന സോഷ്യൽ മീഡിയാ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എങ്കിലും ഉ്ണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ

ഓഫീസുകളെ പുനർ നിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ട്. ഊന്നുകൽ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഗുരുവായൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസ്**

306 (698) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ കെട്ടിടമില്ലാത്ത കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിന് വൈദ്യുതിവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ വരുന്ന ചാവക്കാട്, ചാവക്കാട് ബീച്ച് എന്നീ രണ്ട് സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി സ്ഥലം ലഭിക്കുന്നതിനുള്ള ശ്രമം തുടർന്നുവരുന്നെങ്കിലും ഇതുവരെ സ്ഥലം ലഭ്യമായിട്ടില്ല.

(ബി) ഗുരുവായൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ

നവീകരിക്കുന്നതിനുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഓഫീസുകൾ നവീകരിക്കാനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. ചാവക്കാട് ബീച്ച് ഓഫീസ് 65,619/- രൂപ ചെലവഴിച്ച് നവീകരിച്ചിട്ടുണ്ട്. ഗുരുവായൂർ സബ് ഡിവിഷൻ/സെക്ഷൻ ഓഫീസ് കെട്ടിടത്തിൽ ട്രസ്സ് വർക്കുൾപ്പെടെയുള്ള നവീകരണത്തിനായി 5,80,000/- രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

**പന്തീരാങ്കാവിൽ സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി**

307 (699) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പന്തീരാങ്കാവിൽ 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പന്തീരാങ്കാവിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് 16.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിൽ 142 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമി LARR ACT, 2013 പ്രകാരം

ഏറ്റെടുക്കുന്നതിന് ഉത്തരവാകുകയും അതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ രേഖകൾ കോഴിക്കോട് ജില്ലാ കളക്ടർക്ക് 08-06-2022-ന് കെ.എസ്.ഇ.ബി.എൽ. ഓഫീസിൽനിന്നും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ 33 കെ.വി. സബ് സ്റ്റേഷനുകൾ**

308 (700) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 33 കെ.വി. സബ് സ്റ്റേഷനുകൾ, ഒ.എച്ച്. ലൈൻ ഉള്ള സ്റ്റേഷനുകൾ എന്നിവ എത്ര വീതമുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ 33 കെ.വി. സബ്സ്റ്റേഷനുകളും O.H ലൈനും സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| Sl. No. | 33 കെ.വി. സബ്സ്റ്റേഷൻ | മണ്ഡലം | ലൈൻ സ്ഥിതി |
|---|---|---|---|
| 1 | പെർള | മഞ്ചേശ്വരം | ഒ.എച്ച് |
| 2 | ബദിയടുക്ക | കാസർഗോഡ് | ഒ.എച്ച് |
| 3 | അനന്തപുരം | മഞ്ചേശ്വരം | ഒ.എച്ച് |
| 4 | കാസർഗോഡ് ടൗൺ | കാസർഗോഡ് | 3 Km OH + 2 |

| | | | |
|---|---|---|---|
| | | | Km UG |
| 5 | 33 കെ.വി. കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷൻ | കാഞ്ഞങ്ങാട് | ഒ.എച്ച്, യു.ജി കേബിൾ |
| 6 | 33 കെ.വി. ബേളൂർ സബ്സ്റ്റേഷൻ | കാഞ്ഞങ്ങാട് | ഒ.എച്ച് |
| 7 | 33 കെ.വി. രാജപുരം സബ്സ്റ്റേഷൻ | കാഞ്ഞങ്ങാട് | യു.ജി കേബിൾ |
| 8 | 33 കെ.വി. നീലേശ്വരം സബ്സ്റ്റേഷൻ | തൃക്കരിപ്പൂർ | ഒ.എച്ച് |
| 9 | 33 കെ.വി. തൃക്കരിപ്പൂർ സബ്സ്റ്റേഷൻ | തൃക്കരിപ്പൂർ | ഒ.എച്ച് |
| 10 | 33 കെ.വി. വെസ്റ്റ് എളേരി സബ്സ്റ്റേഷൻ | തൃക്കരിപ്പൂർ | ഒ.എച്ച് |

(ബി) പ്രസ്തുത സബ് സ്റ്റേഷനുകളിൽ തകരാർ സംഭവിക്കുമ്പോൾ 33 കെ.വി. വിതരണം എത്തിക്കാനുള്ള സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ പ്രൊപ്പോസലുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സബ്സ്റ്റേഷനുകളിൽ തകരാർ സംഭവിക്കുമ്പോൾ 33 കെ.വി. വിതരണം എത്തിക്കാനുള്ള സംവിധാനം നിലവിലില്ല. എന്നാൽ 33 കെ.വി. ബേളൂർ, വെസ്റ്റ് എളേരി സബ്സ്റ്റേഷനുകളിൽ യഥാക്രമം അമ്പലത്തറ, ചെറുപുഴ സബ്സ്റ്റേഷനുകളിൽനിന്നും വൈദ്യുതി എത്തിക്കാനുള്ള

പ്രൊപ്പോസൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരിഗണനയിലുള്ള 110 കെ.വി. സബ്സ്റ്റേഷൻ സീതാംഗോളി യാഥാർത്ഥ്യമാകുമ്പോൾ, അവിടെനിന്നും കാസർഗോഡ് ടൗൺ, പെർള, ബദിയടുക്ക, അനന്തപുരം സബ്സ്റ്റേഷനുകളിലേയ്ക്ക് 33 കെ.വി. വൈദ്യുതി എത്തിക്കാനുള്ള പകരം സംവിധാനം ഒരുക്കാവുന്നതാണ്.

**പാറശ്ശാല മണ്ഡലത്തിലെ സബ്സ്റ്റേഷൻ നിർമ്മാണം**

309 (701) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ ആര്യങ്കോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നിവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി ഒറ്റശേഖരമംഗലത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലാണുള്ളത്. ഈ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഒറ്റശേഖരമംഗലം ഗവ. സ്കൂളിന് സമീപം കണ്ടെത്തിയ ഭൂമി പ്രസ്തുത പദ്ധതിക്ക് അനുയോജ്യമാണോയെന്ന് അറിയിക്കാമോ; വിശദവിവരങ്ങൾ നൽകുമോ?

പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ടി സബ്സ്റ്റേഷനുവേണ്ടി അനുയോജ്യമായ മൂന്ന് സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഒന്ന് ഒറ്റശേഖരമംഗലം സ്കൂളിന് സമീപമാണ്. മൂന്ന് സ്ഥലങ്ങളുടെയും ഉടമസ്ഥരിൽനിന്നും സമ്മതപത്രവും മറ്റ് അനുബന്ധ രേഖകളും ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച

നടപടികൾ എന്തൊക്കെയാണെന്നും നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ?

ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ പൂർത്തിയായിട്ടുള്ളതും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടുള്ളതുമാണ്. നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ടി പദ്ധതിക്കായി ഏകദേശം 25 കോടി രൂപ നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) സബ്സ്റ്റേഷന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സബ്സ്റ്റേഷൻ നിർമ്മാണം എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കെ.എസ്.ഇ.ബി.-ക്ക് നെഗോഷ്യേറ്റഡ് പർച്ചേസുപ്രകാരം ഭൂമി വാങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ ഊർജ്ജിതമാക്കുന്നതാണ്.

## 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി

310 (702) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിലെയും സമീപപ്രദേശങ്ങളിലെയും വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കൊയിലാണ്ടി-പന്തലായനിയിൽ പുതിയ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 05-01-2021-ൽ 20.6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിട്ടുള്ളതാണ്. ടി സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കൊയിലാണ്ടി താലൂക്കിലെ വിയ്യൂർ വില്ലേജിൽ സ്വകാര്യ വ്യക്തികളുടെ ഭൂമി കണ്ടെത്തി. ടി പദ്ധതിക്കായി തുടർനടപടികൾ കൈക്കൊള്ളുന്നതിനിടയിൽ, കണ്ടെത്തിയ സ്ഥലത്തുകൂടി കെ റെയിൽ പാത കടന്നുപോകുമെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ ടി പദ്ധതിക്കായി അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തേണ്ടതുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ.

നൽകിയ അപേക്ഷയെ അടിസ്ഥാനപ്പെടുത്തി ഏതെങ്കിലും ഫയൽ സെക്രട്ടേറിയറ്റിൽ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബാധകമല്ല.

## കരുനാഗപ്പള്ളി 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി മാറ്റാനുള്ള നടപടി

311 (703) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി മാറ്റുന്നതിന് വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച നടപടി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

കരുനാഗപ്പള്ളി 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി മാറ്റാനുള്ള പ്രവൃത്തി 90 ശതമാനവും പൂർത്തിയായിക്കഴിഞ്ഞു. പ്രസ്തുത സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈനിന്റെ പുരോഗതി 80 ശതമാനമായിട്ടുണ്ട്. എന്നാൽ റെയിൽവേ

ക്രോസിംഗിലൂടെയുള്ള ലൈൻ വലിക്കൽ റെയിൽവേയുടെ അനുമതി കിട്ടുന്ന മുറയ്ക്കുമാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. റെയിൽവേ അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വെന്നിയൂർ സബ്സ്റ്റേഷൻ നിർമ്മാണം**

312 (704) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ വെന്നിയൂർ സബ്സ്റ്റേഷൻ നിർമ്മാണം, കെ.എസ്.ഇ.ബി.എൽ. ഗസ്റ്റ് ഹൗസ് നിർമ്മാണം, വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷൻ നിർമ്മാണം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

(എ&ബി) വെന്നിയൂർ പ്രദേശത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ കൈവശമുള്ള സ്ഥലത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് സാങ്കേതിക പഠനം നടന്നുവരികയാണ്. ടി പഠനത്തിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള

തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ടി സ്ഥലത്തുതന്നെ കെ.എസ്.ഇ.ബി.എൽ. ഗസ്റ്റ് ഹൗസും, ചാർജ്ജിംഗ് സ്റ്റേഷനും നിർമ്മിക്കുന്നത് പരിഗണിച്ചിരുന്നെങ്കിലും ഹൈവേ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ നടപടികൾ അന്തിമമാകാത്തതിനാൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ ടി സ്ഥലത്ത് ഗസ്റ്റ് ഹൗസ്, ചാർജ്ജിംഗ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ

ചുവടെ ചേർക്കുന്ന പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം ഉടൻ ആരംഭിക്കും. ജൂലൈ 31-ാം തീയതിയോടുകൂടി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

1. എം.കെ.എച്ച്. ഹോസ്പിറ്റലിന് സമീപം
2. ദത്തൽ ഹിഡ, ചെമ്മാടിന് സമീപം
3. കെ.എസ്.ഇ.ബി.എൽ. ഓഫീസ്, വെന്നിയൂർ
4. കോഴിച്ചീന ഗ്രൗണ്ട്
5. പിന്നക്കൽ ജംഗ്ഷൻ

6. ക്ലാരി അപ്പ് സ്കൂൾ

7. കുണ്ടൂർ

8. സ്റ്റീൽ കോംപ്ലക്സ്

**ഇരിക്കൂർ മണ്ഡലത്തിലെ 110 കെ.വി. സബ്സ്റ്റേഷൻ**

313 (705) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ തിമിരി വില്ലേജിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഇരിക്കൂർ മണ്ഡലത്തിൽ തിമിരി വില്ലേജിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 17-1-2020-ൽ 20.87 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി തിമിരി വില്ലേജിൽ തളിപ്പറമ്പ് താലൂക്കിൽ, ശിപാർശ ചെയ്യപ്പെട്ട സ്ഥലത്തിന്റെ രേഖകൾ പരിശോധിച്ചുവരുന്നു. പദ്ധതിക്ക് അനുയോജ്യമായ സ്ഥലം

കണ്ടെത്തുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

## അരൂർ, കുത്തിയതോട് ഇലക്ട്രിക് ഡിവിഷൻ വിഭജനം

314 (706) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ, കുത്തിയതോട് ഇലക്ട്രിക് ഡിവിഷനിലെ ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള അരൂർ, കുത്തിയതോട് ഇലക്ട്രിക്കൽ സെക്ഷനുകളിലെ ഉപഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| അരൂർ ഇലക്ട്രിക്കൽ സെക്ഷൻ | |
|---|---|
| എൽ.ടി. ഉപഭോക്താക്കൾ | 23989 |
| എച്ച്.ടി. ഉപഭോക്താക്കൾ | 84 |

| കുത്തിയതോട് ഇലക്ട്രിക്കൽ സെക്ഷൻ | |
|---|---|
| എൽ.ടി. ഉപഭോക്താക്കൾ | 25815 |
| എച്ച്.ടി. ഉപഭോക്താക്കൾ | 11 |

(ബി) പ്രസ്തുത ഇലക്ട്രിക് ഡിവിഷനുകളിലെ ഉപഭോക്താക്കളുടെ എണ്ണം വലിയ രീതിയിലുള്ളതിനാൽ ഉപഭോക്താക്കൾക്ക് സേവനം കൃത്യമായി ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് പരിഹരിക്കുന്നതിനുവേണ്ടി അരൂർ, കുത്തിയതോട് ഡിവിഷനുകളെ വിഭജിച്ച് മൂന്നാമതൊരു ഡിവിഷൻ ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

(ബി & സി) ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അരൂർ, കുത്തിയതോട് ഇലക്ട്രിക്കൽ സെക്ഷനുകളെ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചുവരുന്നത്.

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുതി ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിനുപുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്റ്റഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പരും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി “ സേവനം വീട്ടുപടിക്കൽ” (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

RDSS പദ്ധതിയിൽ സംസ്ഥാനത്താകെ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന നടപടിയോടൊപ്പം വിതരണ ശൃംഖല നവീകരണവും നടപ്പാക്കുന്നതാണ്.

ഇതോടെ ഓൺലൈൻ സേവനങ്ങൾ കൂടുതൽ വേഗത്തിൽ ലഭ്യമാകുന്നതാണ്. എന്നിരുന്നാലും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ

പരിഗണനയിലുണ്ട്. അരൂർ, കുത്തിയതോട് ഇലക്ട്രിക്കൽ സെക്ഷനുകളെ വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ചങ്ങരംകുളം സബ്സ്റ്റേഷൻ**

315 (707) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്ന ചങ്ങരംകുളം മേഖലയ്ക്കകത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കാൻ തീരുമാനമായെങ്കിലും ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഈ പ്രവൃത്തി പ്രാവർത്തികമാക്കുന്നതിനുവേണ്ടി എടുത്ത നടപടികൾ വ്യക്തമാക്കാമോ?

ചങ്ങരംകുളത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ആവശ്യകത സംബന്ധിച്ച് അനുകൂലമായ സാങ്കേതിക പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിന് തത്വത്തിൽ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ മൂന്ന് സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ഉറപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## പെരിങ്ങൽക്കുത്ത്, ഷോളയാർ ഹൈഡൽ ടൂറിസം പദ്ധതി

316 (708) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ പെരിങ്ങൽക്കുത്ത്, ഷോളയാർ എന്നീ ഡാമുകളിൽ ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണിക്കുമോ?

പെരിങ്ങൽക്കുത്ത്, ഷോളയാർ ഡാമുകളിൽ ഹൈഡൽ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓണം സീസൺ ആകുമ്പോഴേയ്ക്കും പദ്ധതികൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളാണ് നടത്തിവരുന്നത്.

(ബി) പെരിങ്ങൽക്കുത്ത് ഡാമിൽ ബോട്ടിംഗ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഡാമിന്റെയും അനുബന്ധ സ്ട്രക്ച്ചറുകളുടെയും സുരക്ഷയെ ബാധിക്കാത്ത വിധത്തിൽ ഹൈഡൽ ടൂറിസം വിഭാഗം മുഖേന പെരിങ്ങൽക്കുത്ത് ഡാമിലെ ബോട്ടിംഗ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ജീർണ്ണാവസ്ഥയിൽ ഉപയോഗശൂന്യമായ പെരിങ്ങൽക്കുത്തി

ലേയും ഷോളയാറിലേയും ഡാമുകളോട് ചേർന്നുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ ക്വാർട്ടേഴ്സുകൾ അറ്റകുറ്റപ്പണി നടത്തി വിനോദസഞ്ചാരികൾക്ക് താമസസൗകര്യമൊരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പെരിങ്ങൽക്കുത്ത്, ഷോളയാർ എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ൽനിന്നും ഹൈഡൽ ടൂറിസത്തിന് അനുവദിച്ചിരിക്കുന്ന ക്വാർട്ടേഴ്സുകൾ നവീകരിച്ച് വിനോദസഞ്ചാരികൾക്ക് താമസസൗകര്യമൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ 2015-ലെ ബോർഡ് ഉത്തരവുപ്രകാരം ഹൈഡൽ ടൂറിസം നടത്തിപ്പിനായി നൽകിയിട്ടുള്ള പെരിങ്ങൽക്കുത്തിലെ 7 ക്വാർട്ടേഴ്സുകളും ഷോളയാറിലെ 7 ക്വാർട്ടേഴ്സുകളും നവീകരിച്ച് ഹൈഡൽ ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിനോദസഞ്ചാരികൾക്ക് ഓൺലൈനായി ബുക്കുചെയ്ത് ഉപയോഗിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിന് കരാറുകാർ/സ്ഥാപനങ്ങൾ എന്നിവരിൽനിന്ന് ആർ.എഫ്.പി. ക്ഷണിക്കുന്നതിന് അനുവാദത്തിനുള്ള തുടർനടപടികൾ എടുത്തിട്ടുണ്ട്.

## കക്കയം കെ.എസ്.ഇ.ബി.എൽ-ന്റെ ഉടമസ്ഥതയിലുള്ള ഭൂമി

317 (709) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കയം കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള ഭൂമി കുടുംബാരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടുകൊടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കെ.എസ്.ഇ.ബി.എൽ. ജീവനക്കാർക്ക് ഉൾപ്പെടെ ആശ്രയിക്കാൻ കഴിയുന്ന കക്കയം കുടുംബാരോഗ്യകേന്ദ്രത്തിന് ഭൂമി വിട്ടുനൽകാത്തതുകാരണം ആശുപത്രിയുടെ തുടർവികസന പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് ഭൂമി അനുവദിക്കുന്നതിന് കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(എ - സി) 30-03-2022-ലെ ബോർഡ് ഉത്തരവുപ്രകാരം കക്കയത്തുള്ള കെ.എസ്.ഇ.ബി.എൽ-ന്റെ 48.25 സെന്റ് സ്ഥലം സർക്കാർ നിശ്ചയിക്കുന്ന മാർക്കറ്റ് വിലയ്ക്ക് ആരോഗ്യവകുപ്പിന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

ഇതുപ്രകാരം ഭൂമി കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ഇടുക്കി ജില്ലയിലെ ചാർജ്ജിംഗ് സെന്ററുകൾ

318 (710) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇടുക്കി ജില്ലയിൽ അനുവദിച്ചിട്ടുള്ള ചാർജ്ജിംഗ് സെന്ററുകൾ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ; ഇടുക്കി ജില്ലയിലെ ഓരോ മണ്ഡലം തിരിച്ച് ഇവയുടെ ലിസ്റ്റ് നൽകാമോ?

(എ & ബി) ഇടുക്കി ജില്ലയിൽ കെ.എസ്.ഇ.ബി.എൽ. മൂന്ന് ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും 37 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്+.

പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിപ്രകാരം ഇടുക്കി ഡി.ടി.പി.സി. സെന്റർ സ്ഥലത്ത് ഒരു സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.-യുടെ കീഴിൽ കൂടുതൽ ഫാസ്റ്റ് ചാർജ്ജിംഗ് സെന്ററുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഓരോ നിയോജകമണ്ഡലത്തിലും 20 വീതം ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ. പുതുതായി വിഭാവനം ചെയ്യുന്നു.

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പുതുതായി സ്ഥാപിക്കുന്ന ട്രാൻസ്ഫോർമറുകൾ**

319 (711) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

വോൾട്ടേജ് ഇംപ്രൂവ്മെന്റിന്റെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രദേശങ്ങൾ പഞ്ചായത്ത്

തിരിച്ച് ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രദേശങ്ങൾ. |
|---|---|
| വോർക്കാടി | കൊമ്മൻകുഴി |
| | അമയ് |
| മഞ്ചേശ്വരം | ജെ. എം. റോഡ് |
| | ഫിഷറീസ് കോളനി |
| പുത്തിഗെ | ബദ്രം പള്ള |
| | ദേലം പാടി |
| പൈവളിഗ | ബൈത്താടി |
| മംഗൽപ്പാടി | അട്ക ഗാന്ധിറോഡ് |

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വോൾട്ടേജ് ഇംപ്രൂവ്മെന്റിന്റെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 2022-23 മുതൽ 2024-25 സാമ്പത്തിക വർഷംവരെ നടപ്പിലാക്കാനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme

(RDSS)-ന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

| നമ്പർ | പ്രവൃത്തികൾ | Quantum (Km) |
|---|---|---|
| 1 | 11 കെ.വി. OH ലൈൻ സ്ഥാപിക്കുന്നത് | 15.93 |
| 2 | 11 കെ.വി. റീ കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തി | 20.62 |
| 3 | പുതുതായി 11 കെ.വി. എബിസി കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി | 145 |
| 4 | എൽ.ടി. റീ കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തി | 300.87 |

മേൽപ്പറഞ്ഞ പ്രവൃത്തികൾ കൂടാതെ വിതരണരംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന ദ്യുതി-2 പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിലെ വോർക്കാടി, മഞ്ചേശ്വരം, ഉപ്പള, പൈവളിഗ, സീതാംഗോളി, കുമ്പള എന്നീ സെക്ഷനുകളിലായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി, ട്രാൻസ്ഫോർമറിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തി, പഴയ ലൈനുകൾ മാറ്റി പുതിയ കവേർഡ്/എബിസി കണ്ടക്ടറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, പുതിയ HT/LT ലൈൻ നിർമ്മാണം, സിംഗിൾ

ഫേസ് ലൈൻ 3 ഫേസ് ആക്കി മാറ്റുന്ന പ്രവൃത്തി, ലൈനുകളുടെ റീ കണ്ടക്ടറിംഗ് തുടങ്ങിയ 549 പ്രവൃത്തികൾക്കായി 42.39 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി 110 കെ.വി. സബ്സ്റ്റേഷൻ കുബന്നൂരിലെ 10 MVA ട്രാൻസ്ഫോർമറിന്റെശേഷി വർദ്ധിപ്പിച്ച് 12.5 MVA ആക്കുന്ന പ്രവൃത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആയതിന് 1.2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി ഈ സാമ്പത്തിക വർഷം നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാകുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

പ്രസ്തുത മണ്ഡലത്തിലെ വോർക്കാടി, ഉപ്പള തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കാനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്. അനുകൂലമായ സ്ഥലം, സാങ്കേതിക പഠന റിപ്പോർട്ട് തുടങ്ങിയവ ലഭ്യമായാൽ പദ്ധതിയുമായി മുന്നോട്ടുപോകുന്നതാണ്.

(ഡി) പുതിയ സബ് സ്റ്റേഷനുകൾ യാഥാർത്ഥ്യമായാൽ

ഉപഭോക്താക്കൾക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കൂടിയ വോൾട്ടേജിൽ കൂടുതൽ മെച്ചപ്പെട്ട വൈദ്യുതി തടസ്സരഹിതമായി ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ സാധിക്കും.

## വൈദ്യുതിബോർഡിലെ ആശ്രിതനിയമനം

320 (712) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഇതുവരെ എത്ര പേർക്ക് വൈദ്യുതി ബോർഡിൽ ആശ്രിതനിയമനം നൽകിയിട്ടുണ്ട്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 2016 മുതൽ ഇതുവരെ 367 പേർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ട്.

തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(ബി) അർഹതപ്പെട്ട എത്രപേർക്കാണ് ഇനിയും വൈദ്യുതി ബോർഡിൽ ആശ്രിത നിയമനം നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ; ഇവർക്ക് നിയമനം നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അർഹതപ്പെട്ട 59 പേർക്കാണ് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് ഇനിയും വൈദ്യുതി ബോർഡിൽ ആശ്രിത നിയമനം നൽകാനുള്ളത്.

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ അനുവദനീയമായ ജീവനക്കാരുടെ എണ്ണം 402 ആണ്. നിലവിൽ ഈ തസ്തികയിൽ 402 ജീവനക്കാർ ജോലി നോക്കുന്നുണ്ട്. കഴിഞ്ഞ ഏതാനും വർഷമായി ഈ തസ്തികയിൽ ആശ്രിത നിയമനം മാത്രമാണ് നടക്കുന്നത്. സർവ്വീസിലിരിക്കെ മരണമടയുന്ന ബഹുഭൂരിപക്ഷം ജീവനക്കാരുടെയും ഭാര്യമാർക്കും ആശ്രിതർക്കും അവരുടെ വിദ്യാഭ്യാസ യോഗ്യത പൊതുവെ കുറവായതിനാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് മാത്രമാണ് സമാശ്വാസ നിയമന പദ്ധതിപ്രകാരം ജോലി ലഭിക്കുവാൻ അർഹതയുള്ളത്. ഇത്തരത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ധാരാളം ആശ്രിത നിയമനം നടത്തിയതുവഴി ടി തസ്തികയിലെ ജീവനക്കാരുടെ എണ്ണം കഴിഞ്ഞ ഏതാനും വർഷങ്ങളായി അനുവദനീയ എണ്ണമായ 402-നേക്കാൾ കൂടുതൽ നിയമനങ്ങൾ നൽകുകയുണ്ടായി. എന്നാൽ പിന്നീട് നടത്തിയ സ്ഥാനക്കയറ്റങ്ങളുടെ ഫലമായി അനുവദനീയ എണ്ണമായ 402-ൽ നിജപ്പെടുത്താൻ കഴിഞ്ഞു.

കഴിഞ്ഞ ഏതാനും മാസങ്ങളായി ബോർഡിന് ഈ തസ്തികയിലേയ്ക്കുള്ള

സമാശ്വാസ നിയമനത്തിന് അനുമതി നൽകുവാൻ കഴിയാത്തത് ഒഴിവുകൾ നിലവിലില്ലാത്തതുകൊണ്ട് മാത്രമാണ്.

**ചാർജ്ജിംഗ് സ്പോട്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടി**

321 (713) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വാഹനങ്ങൾ റീചാർജ്ജ് ചെയ്യുന്നതിന് കൂടുതൽ സ്പോട്ടുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആലോചനയിലുണ്ടോ;

(ബി) കെ.എസ്.ഇ.ബി.എൽ. പ്ലാറ്റ്ഫോമിൽ കൂടുതൽ സ്ഥലങ്ങളിൽ ചാർജ്ജിംഗിനുള്ള നടപടികൾ സ്വീകരിക്കാമോ?

(എ & ബി) പെട്രോൾ വില വർദ്ധനവുമൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ അടുത്ത തലമുറയെ വരെ സ്വാധീനിക്കുന്ന വൻ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവ്വിനും സുപ്രധാനമായ

പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസിപ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു.

ദേശീയ പാത, എം.സി. റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂരവ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ് അനെർട്ട് ലക്ഷ്യമിടുന്നത്.

പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതിപ്രകാരം സംസ്ഥാനത്ത് ഇതുവരെ 12 സ്റ്റേഷനുകളും കെ.എസ്.ഇ.ബി.-യുടെ 27 ചാർജ്ജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചു. 4 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. ഈ വർഷം പുതിയതായി സൗരോർജ്ജ സംവിധാനത്തോടുകൂടിയ 6 ഫാസ്റ്റ് ചാർജ്ജിംഗ്

സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. കെ.എസ്.ഇ.ബി.-യുടെ 35 ചാർജ്ജിംഗ് സ്റ്റേഷനുകൾകൂടി ജൂലൈ 2022-ൽ പൂർത്തിയാക്കുന്നതാണ്.

ഹോട്ടലുകൾ, മാളുകൾ, റെസ്റ്റോറന്റുകൾ ഉൾപ്പെടെ സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതിപ്രകാരം 3 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി. ഒരെണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പുതിയതായി ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന സ്വകാര്യ സംരംഭകർക്ക് ചാർജ്ജിംഗ് മെഷീനുകൾക്ക് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നതാണ്.

സർക്കാർ സ്ഥലങ്ങളിലും കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലങ്ങളിലും ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള വിപുലമായ പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ട്.

കേരളത്തിലുടനീളം 74 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും 1140 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകളും KSEBL-ന്റെയും അനെർട്ടിന്റെയും

നേതൃത്വത്തിൽ ജൂലൈ 2022-ഓടുകൂടി പ്രവർത്തനസജ്ജമാകുന്നതാണ്.

## സഹകരണ സംഘങ്ങളുടെ ഓഡിറ്റ്

322 (714) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ശക്തമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ശക്തമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ അവലോകന യോഗത്തിൽ സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നത് നിർദ്ദേശിച്ചതനുസരിച്ച് സഹകരണ ആഡിറ്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. ഇതിൽ ആഡിറ്റ് ഡയറക്ടറേറ്റ് ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ന്യൂനതകളും കാര്യക്ഷമമായി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കമ്പ്യൂട്ടർവൽക്കൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം.)-ൽനിന്നുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കി പരിശീലന പരിപാടി സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഐ.സി.എം. ഡയറക്ടറുമായി സഹകരണ ആഡിറ്റ് ഡയറക്ടർ ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കാലാനുസൃതമായി കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

വകുപ്പുതല ആഡിറ്റർമാർ സഹകരണ സംഘങ്ങളുടെ ആഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച് അവരുടെ ടൂർ, പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ ജോയിന്റ് ഡയറക്ടർമാരും കൃത്യമായി നടത്തിവരുന്നു.

വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/സംസ്ഥാന തലങ്ങളിലും നടത്തുന്നുണ്ട്.

പരിഷ്കരിച്ച ആഡിറ്റ് മാന്വൽപ്രകാരം ആഡിറ്റ് നടത്തുന്നതിന് ആഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു.

പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

വസ്തു ജാമ്യത്തിലുള്ള വായ്പാ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണവകുപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി C-Dit മുഖേന നടപ്പിലാക്കിയിട്ടുള്ള I.C.D.M.S (Integrated Co-operative

Department Management System) പ്രോജക്റ്റിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാനവിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പരിശോധന ശക്തിപ്പെടുത്തുന്നതിനായി ടീം ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ടോ; ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിനായി നിലവിലെ ജീവനക്കാർ പര്യാപ്തമാണോയെന്ന് വ്യക്തമാക്കാമോ?

ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

## സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ

323 (715) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ മേഖലയിൽ നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

സഹകരണ വകുപ്പിൽ ഒരു വർഷത്തിനിടയിൽ 1184 സ്ഥിരം നിയമനങ്ങൾ നടത്തി. ആയതിനുപുറമേ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി വിവിധ പദ്ധതികൾവഴി 55095 പേർക്ക് തൊഴിലവസരങ്ങളും ഒരുക്കി. ആകെ 56279 തൊഴിലവസരങ്ങളാണ് സഹകരണ വകുപ്പിൽ സൃഷ്ടിച്ചത്. പുതിയ നിയമനച്ചട്ടം അംഗീകരിച്ചതിലൂടെ കേരള ബാങ്കിൽ ഒഴിവുവന്ന ആയിരത്തോളം തസ്തികകളിലേയ്ക്കുള്ള സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- നെൽ കർഷകരുടെ സംഭരണ, വിപണന പ്രശ്നങ്ങൾ പരിഹരിക്കാൻ

പാലക്കാട് ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം (കാപ്കോസ്) നിലവിൽ വന്നു.

- കോവിഡ് പ്രതിരോധ സാമഗ്രികൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം നടത്താനായി വനിതാ സഹകരണ സംഘങ്ങൾക്ക് 5 ലക്ഷം രൂപ വീതം സഹായം നൽകി 10 യൂണിറ്റുകൾ ആരംഭിച്ചു.

- കെയർ ഹോം ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2000 വീടുകൾ നിർമ്മിച്ച് നൽകുകയെന്ന ലക്ഷ്യം മുൻ സർക്കാരിന്റെ കാലത്തുതന്നെ നിറവേറുകയും ആ കാലയളവിൽത്തന്നെ 2065 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം 25 വീടുകൾകൂടി നിർമ്മാണം പൂർത്തീകരിക്കുകയും ആയതിൽ 23 വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

- കെയർ ഹോം രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ

ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 2021 ഡിസംബർ 6-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് സ്ഥലം ലഭ്യമായിട്ടുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കോട്ടയം ജില്ലയിലും പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ, യുവാക്കളെ സഹകരണ മേഖലയിൽ ആകർഷിക്കുവാനായി സംസ്ഥാനത്തൊട്ടാകെ 30 സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

- കലാപ്രവർത്തകരെ സഹായിക്കുന്നതിനായി കലാകാരന്മാരുടെ പ്രത്യേക സഹകരണ സംഘം രൂപീകരിച്ചു.

- ഭിന്ന വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽസംരംഭങ്ങൾ

ആരംഭിക്കുന്നതിനായി വായ്പാ പദ്ധതി ആരംഭിച്ചു.

- അശരണരായ മുതിർന്ന സഹകാരികൾക്ക് സഹായമായി പ്രഖ്യാപിച്ച സഹകരണം സാന്ത്വനം പദ്ധതി നടപ്പിലാക്കി.

- ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി.

- കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ നേതൃത്വത്തിൽ നൈപുണ്യവികസന പരിശീലനകേന്ദ്രം ആരംഭിച്ചു.

- സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാരിന്റെ പൂർണ്ണമായ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷര മ്യൂസിയം. സംഘത്തിന്റെ വസ്തുവിൽ കോട്ടയം നാട്ടകത്ത് 'അക്ഷരം' ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ടി മ്യൂസിയത്തിന്റെ നിർമ്മാണ ഉദ്ഘാടനം നടത്തുകയും ചെയ്തു.

- സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് പരീക്ഷാ നടത്തിപ്പുകൾക്കായി ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ച്

ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെയും നിയന്ത്രണത്തിലുള്ള കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാകുന്ന Co-operative Audit Monitoring & Information System (CAMIS) പദ്ധതി നടപ്പിലാക്കി.

- സഹകരണവകുപ്പിലെ സംസ്ഥാന-ജില്ലാ-താലൂക്കുതല ഓഫീസുകളിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി.) ചേർന്ന് നടപ്പിലാക്കി.

- സഹകരണ വകുപ്പിനുകീഴിൽ, സേവനാവകാശത്തിന്റെ പരിധിയിൽ വരുന്ന സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നീ രണ്ട് സേവനങ്ങൾ സംസ്ഥാന ഡാഷ് ബോർഡിൽ (dashboard.kerala.gov.in) ഉൾപ്പെടുത്തി.

- സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും അവയുടെ ശാഖകളിലും

കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- ഡിജിറ്റൽ പഠനത്തിന് സഹകരണ മേഖലയുടെ കൈത്താങ്ങായ വിദ്യാ തംരംഗിണി പദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം നടത്തുന്നതിനായി വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി 92309 വായ്പകളിലായി 89,98,86,765/- രൂപ ലഭ്യമാക്കിയിട്ടുണ്ട്.

- പച്ചക്കറിയിൽ സ്വയംപര്യാപ്തത നേടുന്നതിനായി സഹകരണ സംഘങ്ങൾ മുഖേന 14 ജില്ലകളിലായി 408 സംഘങ്ങൾവഴി 582.99 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചു.

- സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പട്ടികജാതി - പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായുള്ള പുനർജ്ജനി പദ്ധതി ആരംഭിച്ചു.

- സംസ്ഥാനത്തെ 14 ജില്ലകളിൽ ഓരോന്നിലും ഓരോ പട്ടികജാതി/ പട്ടികവർഗ്ഗ യുവ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു.

- എല്ലാവിധ നിത്യോപയോഗ സാധനങ്ങളും വിലക്കുറവിലും

ഗുണമേന്മയിലും വിശ്വസ്തയിലും ലഭിക്കുന്ന ത്രിവേണി സൂപ്പർ മാർക്കറ്റുകളിൽനിന്നും ഓൺലൈനായി സാധനങ്ങൾ ബുക്ക് ചെയ്ത് വാങ്ങുവാൻ കഴിയുന്നവിധത്തിൽ "ത്രിവേണി ആപ്പ്" ലോഞ്ചിംഗ് ആരംഭിച്ചു.

- വിപണി ഇടപെടലിന്റെ ഭാഗമായി ഗവൺമെന്റ് സഹായത്തോടെ കൺസ്യൂമർഫെഡ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനുമായി ബന്ധപ്പെട്ട് 1039 ഭവനങ്ങളുടെ നിർമ്മാണത്തിനായി 56,13,86,000 /- രൂപയുടെ ഭവന വായ്പകൾ നൽകുവാൻ സാധിച്ചു.

- കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നാളിതുവരെ 5 ടർഫുകൾ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

- 2019 നവംബറിൽ രൂപീകൃതമായ കേരള ബാങ്കിന്റെ പ്രവർത്തന നേട്ടങ്ങൾ എടുത്തുപറയാവുന്നതാണ്. തെരഞ്ഞെടുത്ത

ഭരണസമിതിയുടെയും അയ്യായിരത്തിലധികം ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ 112028.11 കോടിയുടെ ബിസിനസ് വളർച്ചയാണ് 2021-22 സാമ്പത്തിക വർഷം കേരള ബാങ്ക് നേടിയത്.

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയിലും കേരള സർക്കാരിന്റെയും ബാങ്കിന്റെ ഓഹരി ഉടമകളായ പ്രാഥമിക സഹകരണ സംഘങ്ങളുടെയും പിന്തുണയോടെ കേരള ബാങ്കിനുണ്ടായ വളർച്ച ശ്രദ്ധേയമാണ്.

സംഘങ്ങളുടെ വികസനം ലക്ഷ്യമാക്കി 13 ജില്ലകളിൽ പാക്സ് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചതും കേരള ബാങ്കിന്റെയും പ്രാഥമിക സംഘങ്ങളുടെയും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി നബാർഡ് ധനസഹായത്തോടെ ബിസിനസ്സ് ഡൈവേഴ്സിഫിക്കേഷൻ & പ്രോഡക്ട് ഇന്നവേഷൻ സെൽ (BDPI) പ്രവർത്തനം ആരംഭിച്ചതും എടുത്തുപറയാവുന്ന നേട്ടമാണ്.

കുട്ടികളിൽ സമ്പാദ്യശീലം വളർത്തുകയെന്ന ലക്ഷ്യത്തോടെ ബാങ്കിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കേരളാ ബാങ്ക് ആവിഷ്കരിച്ച പ്രത്യേക നിക്ഷേപ പദ്ധതിയാണ് വിദ്യാനിധി. കേരളാ ബാങ്കിന്റെ ആഭിമുഖ്യത്തിൽ വിവിധ വായ്പാ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

- സഹകരണ എക്സ്പോ 2022 സംഘടിപ്പിച്ചു.

- 2021-22 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന വിഹിതമായി 7702.24 ലക്ഷം രൂപയും എൻ.സി.ഡി.സി പദ്ധതിയുടെ 2150.69 ലക്ഷം രൂപയും ചേർത്ത് ആകെ 9852.93 ലക്ഷം രൂപ ധനസഹായമായി 638 സംഘങ്ങളെ സംസ്ഥാന പദ്ധതിയിലൂടെയും 33 സംഘങ്ങളെ എൻ.സി.ഡി.സി പദ്ധതിയിലൂടെയും സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 120 എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളും 46 വനിതാ സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു.

- സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തവർക്ക് കോവിഡിന്റെ പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഈ സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി സഹകരണ മേഖലയിൽ ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച്

വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സർക്കാരിന്റെ രണ്ടാം നൂറുദിന പദ്ധതിയുമായി ബന്ധപ്പെട്ട് 17 പദ്ധതികളാണ് സഹകരണ വകുപ്പിനുകീഴിൽ സംഘടിപ്പിച്ചത്. അവ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>സഹകരണ മേഖലയിലൂടെ തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതി.</u>

സംസ്ഥാനത്ത് രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 2022 ഫെബ്രുവരി 10 മുതൽ മേയ് 20 വരെയുള്ള കാലയളവിൽ സഹകരണ വകുപ്പ്/ സഹകരണ സ്ഥാപനങ്ങൾ മുഖേന 500 സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിനും കേരള ബാങ്ക്, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റ് സഹകരണ സംഘങ്ങൾ എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 19,500 തൊഴിൽ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. ടി പദ്ധതി കാലയളവിൽ 759 സ്ഥിരം തൊഴിലുകളും 34942 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 35701 തൊഴിൽ/തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

2. കലാകാരന്മാരുടെ സഹകരണസംഘം

സർക്കാരിന്റെ രണ്ടാംഘട്ട നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി കലാകാരന്മാരുടെ സാമ്പത്തിക ഉന്നമനത്തിനായി സംസ്ഥാനത്തൊട്ടാകെ കലാകാരന്മാരുടെ ഒരു സഹകരണസംഘം രൂപീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു.

3. സഹകാരി സാന്ത്വനം (അശരണരായ സഹകാരികൾക്കുള്ള ആശ്വാസ നിധി പദ്ധതി)

സഹകരണ രംഗത്ത് വളരെ കാലമായി പ്രവർത്തിക്കുകയും സഹകരണ മേഖലയുടെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി പ്രയത്നിക്കുകയും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ജീവിതകാലം മുഴുവൻ പ്രയത്നിച്ചവരും വാർഷിക വരുമാനം 3,00,000/- രൂപയിൽ താഴെയുള്ളവരും നിരാലംബരുമായ സഹകാരികൾക്ക് രോഗശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അവരുടെ കുടുംബത്തിന്/ആശ്രിതർക്ക് പരമാവധി 25000/- രൂപ ധനസഹായം നൽകുന്നതിനുമുള്ള പദ്ധതിയാണിത്.

4. 14 പട്ടികജാതി/പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങളുടെ രൂപീകരണം

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തി ഒരു ജില്ലയിൽ ഒരു സംഘമെന്ന രീതിയിൽ 14 പട്ടികജാതി-പട്ടികവർഗ്ഗ യുവജന സഹകരണ സംഘങ്ങൾ രൂപീകരിക്കുന്ന പദ്ധതിയാണിത്. ടി പദ്ധതിപ്രകാരം 14 പട്ടികജാതി/പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ 20-05-2022-ന് പൂർത്തിയായി.

5. <u>സ്നേഹതീരം</u>

കേരളത്തിലെ കടൽത്തീരവും കായലോരവുമുള്ള തീരദേശത്തെ മത്സ്യബന്ധന തൊഴിലാളികളും മത്സ്യവിപണന തൊഴിലാളികളും തങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന വ്യാപാര മൂലധനത്തിനായി പണം കണ്ടെത്തുന്നതിന് കൂടുതലായി ആശ്രയിക്കുന്നത് ബ്ലേഡ് പലിശക്കാരെയാണ്. മേൽവിഭാഗം ജനങ്ങളെ, ഭീമമായ പലിശ ഈടാക്കുന്ന ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി സഹകരണ മേഖലവഴി ലളിതമായ നടപടിക്രമങ്ങളിലൂടെ ലഭ്യമാക്കുന്ന വായ്പാ പദ്ധതിയാണ് “ സ്നേഹതീരം വായ്പ പദ്ധതി” .

6. <u>സഹകരണ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (CEMIS)</u>

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അനുയോജ്യമായ

ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

7. " സഹകരണം സൗഹൃദം"

രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണസംഘങ്ങൾ/ ബാങ്കുകൾ മുഖേന " സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിവരുന്നു.

8. സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ നടത്തിപ്പിന് സംഘങ്ങളുടെ പൊതുഫണ്ടിൽനിന്നും പരമാവധി 50,000/- രൂപ വരെ അനുവദിക്കുന്നു. ഇതിലൂടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഗ്രാമീണ ചന്ത മുഖേനയോ കാർഷിക വിപണന കേന്ദ്രം മുഖേനയോ കോപ് മാർട്ടിന്റെ

സ്റ്റാൾ മുഖേനയോ വിതരണം ചെയ്യുന്നു.

ഈ പദ്ധതിപ്രകാരം 408 സംഘങ്ങൾ 582 ഏക്കർ 99 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5312 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

9. സഹകരണമേഖലയിലെ ഇൻഡോർ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ

രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ മേഖലയിൽ ഇൻഡോർ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു.

സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ വിതുര സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും എറണാകുളം ജില്ലയിൽ പറവൂർ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും പാലക്കാട് ജില്ലയിൽ പട്ടാമ്പി സർവ്വീസ് സഹകരണബാങ്കിന്റെ നേതൃത്വത്തിലും മലപ്പുറം ജില്ലയിൽ കടന്നമണ്ണ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും കണ്ണൂർ ജില്ലയിൽ കതിരൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലുമാണ് ഇൻഡോർ ടർഫുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നത്.

10. ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി.

ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പെയ്ഡ് പാലിയേറ്റീവ് കെയർ സൗകര്യം നടപ്പിലാക്കുന്ന പദ്ധതിയാണിത്.

11. CAPE - ആസ്ഥാന മന്ദിരം ഉദ്ഘാടനം

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിലെ ആസ്ഥാനമന്ദിരം ഉദ്ഘാടനം ചെയ്തു.

12. E-Office

സഹകരണവകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി.) ചേർന്ന് നടപ്പിലാക്കിവന്നിരുന്നു.

13. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ

സഹകരണ പരീക്ഷാ ബോർഡിന്റെ മത്സരപരീക്ഷാ സംവിധാനം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനായി ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് പരീക്ഷാ ബോർഡ് തീരുമാനിച്ചു.

ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി 'One Time Registration' സംവിധാനം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

14. നിക്ഷേപ ഗ്യാരണ്ടി ഫണ്ട് തുക ഉയർത്തുന്നത് സംബന്ധിച്ച്

കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീം പ്രകാരമുള്ള ഗ്യാരണ്ടി പരിധി 2 ലക്ഷം രൂപയിൽനിന്ന് 5 ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. (12-05-2022-ലെ സ.ഉ. (സാധാ) നം.329/2022/Co-op.)

15. നൈപുണ്യ വികസന പരിശീലനകേന്ദ്രം (CAPE)

കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കിംബ് എന്ന സ്ഥാപനം 1999 മുതൽ പുന്നപ്രയിൽ പ്രവർത്തിച്ചുവരുകയാണ്. കേപ്പിന്റെ 8 ജില്ലകളിലുള്ള 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു മാനേജ്മെന്റ് കോളേജും അവിടത്തെ സൗകര്യങ്ങളും ജീവനക്കാരെയും ഉപയോഗപ്പെടുത്തി വിവിധ വിജ്ഞാന പരിശീലന പരിപാടികൾ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്.

16. സംഘങ്ങളിൽ സി.ബി.എസ്. ഏർപ്പെടുത്തുന്നതിനുള്ള Solution

Provider-നെ തെരഞ്ഞെടുക്കുന്നതിനുള്ള പദ്ധതി

1611 പ്രാഥമിക സഹകരണ സംഘങ്ങളിൽ, കോമൺ സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള RFP പ്രകാരമുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. RFP പ്രകാരമുള്ള ടെണ്ടർ 18-12-2021-ൽ e-tender website-ൽ പ്രസിദ്ധീകരിച്ചു. 14-01-2022-ൽ Pre-bid Meeting സഹകരണ സംഘം രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ഇതുമായി ബന്ധപ്പെട്ട് ലഭിച്ച 232 query-കൾക്ക് മറുപടി നൽകി. വിവിധ കമ്പനികളുടെ ആവശ്യം പരിഗണിച്ച് ബിഡ് സബ്മിഷനുള്ള അവസാന തീയതി 09-05-2022 വരെ ദീർഘിപ്പിച്ചു. Bid opening തീയതിയായ 12-05-2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

17. സഹകരണ എക്സ്പോ-2022

സഹകരണ മേഖലയിലെ എല്ലാ സഹകരണ സംഘങ്ങളെയും കോർത്തിണക്കി ഉൽപ്പന്നങ്ങളും സേവനങ്ങളും പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ 'സഹകരണ എക്സ്പോ 2022' സംഘടിപ്പിച്ചു. 2022 ഏപ്രിൽ 18 മുതൽ 25 വരെ എറണാകുളം മറൈൻ ഡ്രൈവിൽവച്ച് സഹകരണ എക്സ്പോ വിജയകരമായി സംഘടിപ്പിച്ചു.

(സി) ഇക്കാലയളവിൽ സഹകരണ വകുപ്പ് സാമൂഹ്യ സുരക്ഷാ മേഖലയിൽ നടത്തിയിട്ടുള്ള ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ?

സഹകരണ സ്ഥാപനങ്ങൾവഴി എല്ലാ മാസവും സർക്കാരിന്റെ സാമൂഹിക സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വീട്ടുപടിക്കൽ എത്തിച്ചുവരുന്നു. സംസ്ഥാന സർക്കാരിന്റെ സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതിപ്രകാരം കർഷത്തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, അവിവാഹിതരായ അമ്മമാരുടെ പെൻഷൻ, വിധവാ പെൻഷൻ എന്നീ ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യുന്നതിനായി സർക്കാർതലത്തിൽ രൂപീകരിച്ചിട്ടുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ ലിമിറ്റഡ് കമ്പനിക്ക് ലിക്വിഡിറ്റി മാനേജ് ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെയും എംപ്ലോയീസ് സംഘങ്ങളെയും ഉൾപ്പെടുത്തി 2018-ൽ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്.

സമൂഹത്തിന്റെ താഴെത്തട്ടിലുള്ള കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ, എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും സംരക്ഷിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക

സാക്ഷരത വളർത്തുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടുകൂടി കുടുംബശ്രീയുമായി സഹകരിച്ച് 'മുറ്റത്തെ മുല്ല' എന്ന പദ്ധതി നടപ്പാക്കിവരുന്നു.

സാമൂഹ്യസുരക്ഷ മുൻനിർത്തി സഹകരണ വകുപ്പിന്റെ കെയർഹോം പദ്ധതിപ്രകാരം 2022 ജൂൺ 20 വരെ നിർമ്മാണം പൂർത്തീകരിച്ച 25 വീടുകളിൽ 23 എണ്ണത്തിന്റേയും തൃശ്ശൂർ ജില്ലയിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റേയും താക്കോൽ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

## സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്

324 (716) ശ്രീമതി ഉമ തോമസ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

കേരള സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾ, സംഘം ബൈലോ, അംഗീകരിക്കപ്പെട്ട സബ് റൂളുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സഹകരണ ബാങ്കുകളിലെ ആഡിറ്റ് നിർവ്വഹിക്കപ്പെടുന്നത്. ഓരോ സഹകരണ ബാങ്കിന്റെയും കണക്കുകൾ പൂർണ്ണമായും പരിശോധിച്ച് ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നത് ബന്ധപ്പെട്ട ആഡിറ്റർമാരാണ്. യൂണിറ്റ് അടിസ്ഥാനത്തിലും കെ.എസ്.ആർ. 156 പ്രകാരം സിംഗിൾ/ഗ്രൂപ്പ് കൺകറന്റ് ആഡിറ്റർമാരെ നിയമിച്ചും ആഡിറ്റ് ജോലികൾ നിർവ്വഹിക്കപ്പെട്ടുവരുന്നു.

(ബി) വിപുലമായ സേവന ശൃംഖലകളുള്ള സഹകരണ വകുപ്പിൽ ഓഡിറ്റ് നടപടികളിലൂടെ കണ്ടെത്തുന്ന പിഴവുകളിലെ തുടർനടപടികൾ വകുപ്പിന്റെ നിയന്ത്രണത്തിലല്ലാത്ത ഏതെങ്കിലും സംവിധാനം പരിശോധിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. ഓഡിറ്റിലോ മറ്റ് അന്വേഷണങ്ങളിലോ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം ആയത് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ആ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി മേൽനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം

നൽകിയിട്ടുണ്ട്. സമഗ്ര നിയമപരിഷ്കരണ സമയത്ത് ഓഡിറ്റിലും മറ്റും ചൂണ്ടിക്കാണിക്കുന്ന ക്രമക്കേടുകൾ പരിശോധിക്കുന്നതിന് ഒരു പ്രത്യേക സമിതിയെ നിയോഗിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

(സി) സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഇടപാടുകളും ബഡ്ജറ്റ് വിഹിത വിനിയോഗവും കൂടുതൽ സുതാര്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സഹകരണ വകുപ്പിൽ പദ്ധതി വിഹിതത്തിന്റെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനും പദ്ധതി നടത്തിപ്പ് നിരീക്ഷിക്കുന്നതിനും ധനസഹായം നൽകിയതിന്റെ തിരിച്ചടവ് മോണിറ്റർ ചെയ്യുന്നതിനും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ധനസഹായം അനുവദിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ഒരു മോണിറ്ററിംഗ് ടീം ജില്ലകളിൽ പദ്ധതി പുരോഗതിയുടെ ഭൗതിക പരിശോധന നടത്തിവരികയും ചെയ്യുന്നു. പദ്ധതി തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി പരിശോധിച്ച് സമർപ്പിക്കുന്നതിന് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണ പുരോഗതി ഗവൺമെന്റുതലത്തിൽ അവലോകനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## സഹകാരി ആശ്വാസനിധി പദ്ധതി

325 (717) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകാരി ആശ്വാസനിധി പദ്ധതി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ?

സഹകരണ രംഗത്ത് സർക്കിൾ (താലൂക്ക്/ജില്ല/സംസ്ഥാനതലത്തിൽ ഏതിലെങ്കിലും സഹകരണ മേഖലയുടെ പുരോഗതിക്കുവേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ, പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരോ ആയവരും സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ ഉൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്നവരും, വാർഷിക വരുമാനം 3,00,000/- (മൂന്ന് ലക്ഷം) രൂപയിൽ താഴെയുള്ളവരുമായ സഹകാരികൾക്ക് 'സഹകരണ നവരത്നം, കേരളീയം, അശരണരായ സഹകാരികൾക്കുള്ള ആശ്വാസഫണ്ട് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

ടി പദ്ധതിപ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവർ

സഹകരണ മേഖലയിലെ പ്രവർത്തന വൈകല്യംമൂലം ഒരുവിധ നടപടിയും നേരിടാത്തവരായിരിക്കണം.

മേൽ പ്രകാരമുള്ള വിഭാഗത്തിൽപ്പെടുന്ന സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതിപ്രകാരം ഇരുപത്തിയാറ് പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

**അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്**

326 (718) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പ്രകാരം എത്ര പദ്ധതികൾക്ക് സഹായം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിപ്രകാരം 3 സംഘങ്ങളുടെ പദ്ധതികൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

1. കണ്ണമ്പ്ര എസ്.സി.ബി.

2. മണ്ണാർക്കാട് എസ്.സി.ബി.

3. തടുക്കാശ്ശേരി എസ്.സി.ബി.

(ബി) സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ നൽകിവരുന്ന കുടിശ്ശിക നിവാരണ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരള സർക്കാരിന്റെയും സഹകരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്ക്, കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, മറ്റ് സഹകരണ സംഘങ്ങൾ എന്നിവയ്ക്കായി നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്ന പേരിൽ കുടിശ്ശിക നിവാരണ പദ്ധതി നടത്തിവരുന്നു.

## ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി

327 (719) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി സഹകരണ ബാങ്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ പലിശ സർക്കാർ ലഭ്യമാക്കാമെന്ന് വ്യവസ്ഥ ചെയ്തിരുന്നോ?

ഇ.എം.എസ്. ഭവന പദ്ധതിയുടെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത തുക മുഴുവൻ സഹകരണ ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം വരാനിടയായ സാഹചര്യം വിശദമാക്കാമോ;

(സി) പ്രസ്തുത തുക എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) തുക ഭാഗികമായി നൽകിയിട്ടുണ്ട്. ഇ.എം.എസ്. ഭവന പദ്ധതിക്കായി സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പയുടെ പലിശ ഇനത്തിൽ ലഭിക്കേണ്ട കുടിശ്ശിക തുകയെ സംബന്ധിച്ച് 16-12-2021-ൽ

നടന്ന യോഗത്തിൽ ഇ.എം.എസ്. ഭവന വായ്പാ പദ്ധതിയുടെ പലിശ കൃത്യമായി എത്രയാണെന്നത് സംബന്ധിച്ച് പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, സഹകരണം എന്നീ വകുപ്പുകൾ സംയുക്തമായി Reconcile ചെയ്ത് സംയോജിത റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാറോട് നിർദ്ദേശിക്കുകയുണ്ടായി.

ഇ.എം.എസ്. ഭവന പദ്ധതിയുടെ കുടിശ്ശിക സമയബന്ധിതമായി തിരിച്ചുപിടിക്കുന്നതിന് ഒരു ഉന്നതതല യോഗം വിളിച്ചുകൂട്ടി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സഹകരണ വകുപ്പിനുകീഴിലെ വായ്പാ പദ്ധതികൾ**

328 (720) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. നൗഷാദ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ രോഗമുള്ളതും ജീവിതശൈലീ രോഗമുള്ളതുമായ അശരണരായ സഹകാരികൾക്ക് ധനസഹായം നൽകുന്നതിനായി

സഹകരണ വകുപ്പിനുകീഴിൽ പ്രത്യേക പദ്ധതി നിലവിലുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

നിലവിലുണ്ട്. 'സഹകരണ നവരത്നം കേരളീയം - അശരണരായ സഹകാരികൾക്കുള്ള ആശ്വാസഫണ്ട്' പദ്ധതിപ്രകാരം സഹകരണ രംഗത്ത് സർക്കിൾ (താലൂക്ക്/ജില്ല/സംസ്ഥാനം) തലത്തിൽ ഏതിലെങ്കിലും സഹകരണ മേഖലയുടെ പുരോഗതിക്കുവേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ, പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരോ ആയവരും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ ഉൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്നവരും, വാർഷിക വരുമാനം 3,00,000/- (മൂന്ന് ലക്ഷം) രൂപയിൽ താഴെയുള്ളവരുമായ ടി സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്. ടി പദ്ധതിപ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവർ സഹകരണ മേഖലയിലെ പ്രവർത്തന വൈകല്യംമൂലം ഒരുവിധ നടപടിയും നേരിടാത്തവർ ആയിരിക്കണം.

(ബി) മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക വായ്പാ പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സ്യബന്ധന മേഖലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച്, അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സാഫിന്റെ (SAF-Society for Assistance to fisher women) മേൽനോട്ടത്തിൽ സ്നേഹതീരം വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

<u>പദ്ധതി നിർവ്വഹണം</u>

1. തീരദേശത്തിന്റെ പ്രവർത്തനപരിധിയിലുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ സാഫുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുക.

2. മത്സ്യബന്ധന തൊഴിലാളികളും മത്സ്യവിപണന തൊഴിലാളികളും മത്സ്യ സംസ്കരണ തൊഴിലാളികളുമാണ് സ്നേഹതീരം പദ്ധതിയുടെ ഗുണഭോക്താക്കൾ.

3. തീരദേശം പ്രവർത്തന പരിധിയുള്ള പ്രാഥമിക കാർഷിക വായ്പാ

സഹകരണ സംഘങ്ങൾ സാഫിന് ക്യാഷ് ക്രെഡിറ്റ് വായ്പ നൽകുന്നു. സാഫിൽ അംഗത്വമെടുത്തിട്ടുള്ള ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കായിരിക്കും ഈ പദ്ധതിപ്രകാരമുള്ള വായ്പ ലഭ്യമാക്കുന്നത്.

4. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പരമാവധി 50,000/- രൂപയായിരിക്കും വായ്പയായി ലഭിക്കുക.

5. തീരദേശം പ്രവർത്തനപരിധിയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ സാഫിന് 9% പലിശ നിരക്കിൽ ഒരു വർഷ കാലാവധിക്ക് വായ്പ നൽകുന്നു.

6. ഈ വായ്പാ തുക സാഫ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും മത്സ്യത്തൊഴിലാളികൾക്കും പ്രതിവാര തവണകളായി സാഫ് നിശ്ചയിക്കുന്ന പലിശ നിരക്കിൽ പുനർവായ്പ നൽകുന്നു.

7. കേരളത്തിലെ തീരപ്രദേശവും കായലോരവുമുള്ള ജില്ലകളിലെ ബാങ്കുകളിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതിയിലൂടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

8. സ്നേഹതീരം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ, ഫിഷറീസ് ഡയറക്ടർ, സാഫ് പ്രതിനിധി എന്നിവരുമായി

ഒരു ധാരണാപത്രം ഒപ്പിടേണ്ടതാണ്.

| ഇനം | വായ്പാ തുക (രൂപ) | |
|---|---|---|
| | 25,000/- | 50,000/- |
| പലിശ നിരക്ക് | 9% | 9% |
| ഒരു വർഷത്തെ പലിശ | 2250 | 4500 |
| തിരിച്ചടവ് ആഴ്ചയിൽ | 525 | 1050 |
| ആകെ തിരിച്ചടവ് 52 ആഴ്ച | 27,250 | 54,500 |

വായ്പയുടെ തിരിച്ചടവ് SAF ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി സാഫും വായ്പക്കാരും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും തമ്മിൽ ഒരു ത്രികക്ഷി സമ്മതപത്രം ഒപ്പിടേണ്ടതുണ്ട്. ടി സമ്മതപത്രത്തിൽ ഒന്നാം കക്ഷി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും രണ്ടാം കക്ഷി സാഫും മൂന്നാംകക്ഷി വായ്പക്കാരനുമായിരിക്കും. വായ്പ കാലാവധിക്കുള്ളിൽ തിരിച്ചടയ്ക്കേണ്ടതാണ്.

**'കെയർ ഹോം' പദ്ധതി**

329 (721) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് 'കെയർ ഹോം' പദ്ധതിപ്രകാരം നാളിതുവരെ എത്ര വീടുകളാണ് നിർമ്മിച്ച് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2022 ജൂൺ 20 വരെ 2090 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും അതിൽ 2088 വീടുകൾ അതത് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരിച്ച രണ്ട് വീടുകൾ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്.

(ബി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിപ്രകാരം എത്ര വീടുകളാണ് നിർമ്മിച്ച് നൽകിയതെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിപ്രകാരം 14 വീടുകളാണ് നിർമ്മിച്ചുനൽകിയത്.

(സി) 'കെയർ ഹോം' പദ്ധതിവഴി വരും ദിനങ്ങളിൽ എത്ര വീടുകളാണ് നിർമ്മിച്ച് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കെയർ ഹോം രണ്ടാം ഘട്ടം പദ്ധതി നിർവ്വഹണത്തിന് സ്ഥലം ലഭ്യമായിട്ടുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ജില്ലകളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കോട്ടയം ജില്ലയിലും പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) 'കെയർ ഹോം' പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്ന മാനദണ്ഡം വിശദമാക്കാമോ?

റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പട്ടികയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടുള്ളത്.

2018, 2019 വർഷങ്ങളിലെ പ്രളയത്തിലും പ്രകൃതിക്ഷോഭത്തിലും കെടുതി അനുഭവിക്കുന്നവരിൽനിന്ന് ജില്ലാ കളക്ടർ ലഭ്യമാക്കുന്ന

ഭ്രരഹിതരുടെ പട്ടികയിൽ നിന്നാണ് 'കെയർ ഹോം' പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

**നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി**

330 (722) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'നവകേരളീയം കുടിശ്ശിക നിവാരണം' പദ്ധതിയുടെ ഭാഗമായി എന്തൊക്കെ ഇളവുകളാണ് വായ്പയെടുത്തവർക്ക് സഹകരണ വകുപ്പ് ലഭ്യമാക്കിയിട്ടുള്ളത്; ഏത് തീയതി വരെയാണ് ഇതുസംബന്ധിച്ച അപേക്ഷ സ്വീകരിക്കുന്നത്; വിശദമാക്കാമോ?

സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്ത് കുടിശ്ശിക വരുത്തിയവർക്ക് വിവിധ ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് " നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" നടപ്പാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി വായ്പക്കാർക്ക് ചുവടെ പറയുന്ന പ്രകാരമുള്ള ഇളവുകൾ ലഭ്യമാക്കിവരുന്നു.

1. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നു.

2. ഈ പദ്ധതിപ്രകാരം സാധാരണ പലിശ നിരക്കിലാണ് പലിശ കണക്കാക്കുന്നത്.

3. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകൾക്ക് പലിശ പൂർണ്ണമായി ഒഴിവാക്കുന്നു.

4. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയുള്ള 50,000/- രൂപ വരെയുള്ള വായ്പകളിൽ വ്യവസ്ഥകൾക്ക് വിധേയമായി പലിശയിൽ പരമാവധി 50% വരെ ഇളവുനൽകുന്നു.

5. 50,000/- മുതൽ 2 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ വ്യവസ്ഥകൾക്ക് വിധേയമായി പലിശയിൽ പരമാവധി 50% വരെ ഇളവുനൽകുന്നു.

6. രണ്ട് ലക്ഷം മുതൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 40% വരെ ഇളവുനൽകുന്നു.

7. വായ്പാ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി കൃത്യമായി തവണ തുകകൾ അടച്ചുവരുന്ന വായ്പക്കാർക്ക് അടച്ച പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി ഇളവുകൾ നൽകുന്നു.

8. പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള 2018, 2019-ലെ പ്രളയബാധിത പ്രദേശങ്ങളിലെ പ്രളയദുരിതം നേരിട്ട വായ്പക്കാർക്കും സംസ്ഥാനത്തെ കോവിഡ് ബാധിതരായ വായ്പക്കാർക്കും വരുമാനദായകനായ ആശ്രിതൻ മരണപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം വായ്പകൾക്കും വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് അനുവദിച്ചുവരുന്നു.

9. മരണപ്പെട്ടവരോ, മാരകരോഗങ്ങൾ ബാധിച്ചവരോ ആയവരുടെ വായ്പകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പലിശ പൂർണ്ണമായോ/ഭാഗികമായോ, മുതലും പലിശയും ചേർന്ന ബാദ്ധ്യത ഭാഗികമായോ/പൂർണ്ണമായോ ഇളവുനൽകുന്നു;

നിലവിൽ ടി പദ്ധതിയുടെ കാലാവധി 2022 ജൂൺ 30 വരെയാണ്. ടി കാലയളവുവരെ നവകേരളീയം കുടിശ്ശികനിവാരണ പദ്ധതിപ്രകാരമുള്ള ഇളവുകൾക്കായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**പലിശരഹിത വായ്പാ പദ്ധതി**

331 (723) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് നെൽ കർഷകർക്കായി നടപ്പിലാക്കുന്ന പലിശരഹിത വായ്പാ പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയാണ് അനുവദിച്ചത്?

സഹകരണ വകുപ്പ് നെൽ കർഷകർക്കായി നടപ്പാക്കുന്ന പലിശരഹിത വായ്പാ പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ 143.16 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നെൽ കർഷകർക്ക് വായ്പ നൽകുന്ന സഹകരണ സംഘങ്ങൾക്ക് പലിശ സബ്സിഡിയായി സഹകരണ വകുപ്പ് 2,84,651/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി വായ്പ വിതരണം ചെയ്യാൻ പല സംഘങ്ങളും വിമുഖത പ്രകടിപ്പിക്കുന്നതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പദ്ധതിയുടെ ഭാഗമായി വായ്പ വിതരണം ചെയ്യാൻ സംഘങ്ങൾ വിമുഖത പ്രകടിപ്പിക്കുന്നതായിട്ടുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

**ബാങ്ക് വായ്പ തിരിച്ചടച്ച വ്യക്തിയെ അറസ്റ്റ് ചെയ്ത സംഭവം**

332 (724) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽനിന്നും എടുത്ത വായ്പ പൂർണ്ണമായി തിരിച്ചടച്ചിട്ടും ബാങ്ക് നൽകിയ കേസിന്റെ അടിസ്ഥാനത്തിൽ വായ്പക്കാരനെ രണ്ട് വർഷത്തിനുശേഷം അറസ്റ്റ് ചെയ്തുവെന്ന് പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിൽ വീഴ്ച വരുത്തിയവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇവരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

വായ്പ കുടിശ്ശികയായതിനെത്തുടർന്ന് ബാങ്ക് വായ്പക്കാരനെതിരെ അന്യായം ഫയൽ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 02-02-2019-ന് എതിർകക്ഷിക്ക് സമൻസ് അയച്ചിട്ടുള്ളതും എതിർകക്ഷി സമൻസ് കൈപ്പറ്റിയിട്ടുള്ളതുമാണ്. തുടർന്ന് 30-12-2019-ൽ വായ്പക്കാരൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം വായ്പാ കുടിശ്ശിക തീർപ്പാക്കുകയുണ്ടായി. ടി വിവരം ബാങ്ക് അഡ്വക്കേറ്റിനെ 21-01-2020-ന് അറിയിച്ചിരുന്നു. എന്നാൽ കോവിഡുമൂലവും ഇ-ഫയലിംഗ്

നിർബന്ധമാക്കിയതിനാലും അഡ്വക്കേറ്റിന് കേസ് പിൻവലിക്കുന്നതിന് കഴിയാതെ പോയെന്ന് അഡ്വക്കേറ്റ് അറിയിച്ചിട്ടുണ്ട്. ബാങ്കിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ലെന്ന് സംസ്ഥാന സഹകരണ ബാങ്ക് അറിയിച്ചിട്ടുണ്ട്.

## കേരളാ ബാങ്കിലെ ജീവനക്കാരുടെ നിയമനരീതി

333 (725) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ കരാർ വ്യവസ്ഥയിൽ/നിത്യവേതന വ്യവസ്ഥയിൽ എത്ര പേർ ജോലി നോക്കുന്നു; വിശദമാക്കാമോ?

കേരള സംസ്ഥാന സഹകരണ ബാങ്കിൽ 581 പേർ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) കേരള ബാങ്കിന് ഷെഡ്യൂൾഡ് ബാങ്കിന്റെ പദവി ലഭിക്കുകയും റിസർവ്വ് ബാങ്കിന്റെ പൂർണ്ണ നിയന്ത്രണത്തിലാകുകയും ചെയ്തതോടുകൂടി സംസ്ഥാന സഹകരണ ബാങ്കിന് 'സഹകരണം' എന്ന പദത്തിന്റെ അർത്ഥം നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഷെഡ്യൂൾഡ് ബാങ്കായിത്തന്നെ കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രവർത്തിക്കുന്നു.

(സി) കോവിഡും മറ്റ് കാരണങ്ങളുംകൊണ്ട് ജോലി നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് വരുന്ന പ്രവാസികൾക്ക് ജോലി നൽകാനുള്ള എന്തെങ്കിലും നടപടികൾ സഹകരണമേഖലയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെയാണ്?

കോവിഡും മറ്റ് കാരണങ്ങളുംകൊണ്ട് ജോലി നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് വരുന്ന പ്രവാസികൾക്കുവേണ്ടി കേരള സംസ്ഥാന സഹകരണ ബാങ്ക് വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കേരള സർക്കാരിന്റെ അധീനതയിലുള്ള NORKA ROOTS-മായി സഹകരിച്ച് KB Pravasi Kiran, KB Pravasi Bhadratha എന്നീ വായ്പാ പദ്ധതികൾ ബാങ്ക് ആവിഷ്കരിച്ചിട്ടുണ്ട്.

KB Pravasi Kiran പദ്ധതിപ്രകാരം പരമാവധി 24 ലക്ഷം രൂപ വരെ 84 മാസക്കാലയളവിൽ അനുവദിക്കുന്നുണ്ട്. കൂടാതെ 3 ലക്ഷം രൂപ വരെ ക്യാപ്പിറ്റൽ സബ്സിഡിയും ആദ്യ നാല് വർഷത്തേയ്ക്ക് 3% പലിശ നിരക്കിൽ പലിശ സബ്സിഡിയും നൽകിവരുന്നുണ്ട്.

KB Pravasi Bhadratha പദ്ധതിപ്രകാരം പരമാവധി 5 ലക്ഷം രൂപവരെ 60 മാസക്കാലയളവിൽ അനുവദിക്കുന്നു. കൂടാതെ ഒരു ലക്ഷം രൂപവരെ ക്യാപ്പിറ്റൽ സബ്സിഡിയും ആദ്യ നാലുവർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയും നൽകിവരുന്നു.

(ഡി) മലപ്പുറം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ പ്രതിപക്ഷ കക്ഷി ഭരിക്കുന്ന ബാങ്കുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുള്ളത് ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ അവ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജോയിന്റ് രജിസ്ട്രാർ ആഫീസിൽ ലഭിക്കുന്ന അപേക്ഷകൾ കക്ഷി രാഷ്ട്രീയ പരിഗണനയില്ലാതെ തന്നെ നീതിപൂർവ്വം സമയബന്ധിതമായി പരിഹരിച്ചുവരുന്നുണ്ട്.

(ഇ) കേരള ബാങ്കിൽ ലയിക്കാതെ മാറിനിൽക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് നബാർഡിന്റെയും മറ്റും ആനുകൂല്യങ്ങൾ കാർഷികമേഖലയിൽ നൽകാതിരിക്കുന്നത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കേരള സംസ്ഥാന സഹകരണ ബാങ്കിൽനിന്നും അംഗ സംഘങ്ങൾക്കാണ് വായ്പ നൽകിവരുന്നത്. നിലവിൽ മലപ്പുറം ജില്ലാ

സഹകരണ ബാങ്ക് കേരള ബാങ്കിൽ അംഗമല്ലാത്തതിനാൽ കേരള ബാങ്കിൽനിന്നും വായ്പ നൽകുന്നതിന് സാധിക്കുന്നില്ല. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനും കാർഷിക മേഖലയിൽ നബാർഡിന്റെയും മറ്റും ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കേരള ബാങ്കിലെ പുതിയ നിയമനങ്ങൾക്കുവേണ്ടി റിക്രൂട്ട്മെന്റ് റൂൾ രൂപീകരണം

334 (726) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിലെ പുതിയ നിയമനങ്ങൾക്കുവേണ്ടി റിക്രൂട്ട്മെന്റ് റൂൾ പ്രകാരം നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ചുവടെ ചേർക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. പ്രോജക്ട് സ്പെഷ്യലിസ്റ്റ് / ക്രഡിറ്റ് സ്പെഷ്യലിസ്റ്റ് - 1
2. പ്രയോറിറ്റി സെക്ടർ ഓഫീസർ - 15
3. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) - 1
4. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 1

5. അസിസ്റ്റന്റ് മാനേജർ - 62

6. ഐ.ടി. ഓഫീസർ - 1

(ബി) പ്രസ്തുത റൂളിൽ ജീവനക്കാരുടെ സംഘടനകൾ ഉന്നയിച്ച ആവലാതികൾ പരിശോധിച്ച് ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിച്ചിരുന്നോ?

ജീവനക്കാരുടെ സംഘടനകൾ ഉന്നയിച്ച ആവലാതികൾ പരിശോധിച്ച് ചില നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾക്ക് പി.എസ്.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി അംഗീകാരം നേടുന്നതിന് നടപടി സ്വീകരിക്കുമോ?

ഭേദഗതി നിർദ്ദേശങ്ങൾക്ക് പി.എസ്.സി.-യുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

## കാരാപ്പുഴ സഹകരണ ബാങ്ക് തട്ടിപ്പ്

335 (727) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാപ്പുഴ സഹകരണ ബാങ്കിൽ തട്ടിപ്പ് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു പ്രമുഖ തൊഴിലാളി യൂണിയൻ സംസ്ഥാന സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തിയതായി പറയപ്പെടുന്ന തട്ടിപ്പിൽ ബാങ്കിന് 1.13 കോടി രൂപ നഷ്ടമായ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

(എ&ബി) ബാങ്കിൽ 1.13 കോടി രൂപയുടെ തട്ടിപ്പ് നടന്നതായി പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. ബാങ്കിൽ നടത്തിയ പരിശോധനാ കാലയളവിൽ ബാങ്കിലെ ജീവനക്കാരുടെ അടുത്ത ബന്ധുക്കൾക്ക് അനുവദിച്ചിട്ടുള്ള വായ്പ, ജി.ഡി.സി.എസ്. എന്നിവ പ്രത്യേകമായി പരിശോധിച്ചതിൽ വായ്പ ബാക്കി നിൽപ്പുകയാണ് 1.13 കോടി രൂപ.

(സി) അന്വേഷണം നടത്തുന്നതിനായി ഭരണകക്ഷി പാർട്ടിയുടെ പ്രവർത്തകർ ഉൾപ്പെട്ട രണ്ടംഗ അന്വേഷണ കമ്മീഷനെ നിയമിച്ചുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) അഴിമതി മൂടിവയ്ക്കാനുള്ളതായി പറയപ്പെടുന്ന ഇത്തരം ശ്രമങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**സഹകരണ ബാങ്കുകളിലെ അനധികൃത നിയമനങ്ങൾ**

336 (728) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ അനധികൃത നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വായ്പാതട്ടിപ്പ് നടന്ന കണ്ടല സഹകരണ ബാങ്കിൽ അനുമതി ഇല്ലാതെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിരവധിപേരെ നിയമിക്കുകയും

അവർക്ക് അനർഹമായ ശമ്പള നിരക്കും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും നൽകുകയുമുണ്ടായോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ?

അംഗീകാരം വാങ്ങാതെ 6 പാർട്ട് ടൈം സ്വീപ്പർമാർ നിലവിൽ കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇവർക്ക് ക്രമപ്രകാരമല്ലാതെ ശമ്പള സ്കെയിൽ, ഗ്രേഡ് ആനുകൂല്യം, മറ്റ് അലവൻസുകൾ എന്നിവ നൽകിയിട്ടുള്ളതായി സഹകരണ നിയമം വകുപ്പ് 65 അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് സംഘത്തിനോട് വിശദീകരണം തേടുകയും സംഘം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലെന്ന് ബോധ്യപ്പെട്ട് സംഘത്തിനെതിരായി സഹകരണ നിയമം വകുപ്പ് 32 (1) (എ) (സി) പ്രകാരം തുടർനടപടി സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ 28-06-2022-ന് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുമ്പാകെ നേരിട്ട് ഹാജരായി ബോധിപ്പിക്കണമെന്നുകാട്ടി നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(സി) പ്രസ്തുത ജീവനക്കാർക്ക് ഗ്രേഡും ശമ്പള പരിഷ്കരണവും അനുവദിക്കുന്നതിനുമുമ്പ് വകുപ്പിന്റെ അംഗീകാരം തേടിയിട്ടുണ്ടോ; കളക്ഷൻ ഏജന്റ് തസ്തികയ്ക്ക് അംഗീകാരം വാങ്ങാതെ നിരവധിപേരെ ഏജന്റുമാരായി നിയമിച്ചുവെന്ന കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാർട്ട്ടൈം സ്വീപ്പർമാർക്ക് ഗ്രേഡും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് വകുപ്പുതല അനുമതി നൽകിയിട്ടില്ല. കളക്ഷൻ ഏജന്റ് തസ്തികയിൽ അംഗീകാരം വാങ്ങാതെയാണ് നിയമനം നൽകിയതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ഡി) കളക്ഷൻ ഏജന്റുമാർക്ക് അനധികൃത ഉദ്യോഗക്കയറ്റം നൽകിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എല്ലാ വിഷയങ്ങളും വളരെ ഗൗരവത്തോടുകൂടി കണ്ടുകൊണ്ട് നിയമാനുസൃതം തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സഹകരണ ചട്ടം 65 പ്രകാരം കണ്ടല ബാങ്കിനെതിരെ തുടർനടപടികൾ സ്വീകരിച്ച് കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സഹകരണ നിയമം വകുപ്പ് 65 അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് സംഘത്തിനോട് വിശദീകരണം തേടുകയും സംഘം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലെന്ന് ബോധ്യപ്പെട്ട് സംഘത്തിനെതിരായി

സഹകരണ നിയമം വകുപ്പ് 32 (1) (എ) (സി) പ്രകാരം തുടർനടപടി സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ 28-06-2022-ന് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുമ്പാകെ നേരിട്ട് ഹാജരായി ബോധിപ്പിക്കണമെന്ന് കാട്ടി നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി അന്വേഷണ റിപ്പോർട്ടിലെ എല്ലാ കണ്ടെത്തലുകളിന്മേലും സഹകരണ നിയമാനുസൃതം സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

**സഹകരണ ബാങ്കുകളിലെ നിക്ഷേപ സമാഹരണയജ്ഞം**

337 (729) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിക്ഷേപ സമാഹരണയജ്ഞം സംഘടിപ്പിച്ചിരുന്നോയെന്നും എത്ര രൂപയാണ് ലക്ഷ്യം വച്ചിരുന്നതെന്നും വ്യക്തമാക്കുമോ?

സംഘടിപ്പിച്ചിരുന്നു. “ സഹകരണ നിക്ഷേപം നാടിന്റെ തുടർ വികസനത്തിനായി” എന്നതായിരുന്നു 2022 ഫെബ്രുവരി 21 മുതൽ മാർച്ച് 31 വരെ സംഘടിപ്പിച്ച നിക്ഷേപസമാഹരണ യജ്ഞത്തിന്റെ മുദ്രാവാക്യം. 42-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ലക്ഷ്യം

(ടാർജറ്റ്) 6000 കോടി രൂപയായിരുന്നു.

(ബി) എത്ര രൂപയാണ് നിക്ഷേപമായി ലഭിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ റിസർവ്വ് ബാങ്ക് മുന്നറിയിപ്പ് നോട്ടീസ് പ്രസിദ്ധീകരിച്ചത് നിക്ഷേപ സമാഹരണത്തെ ഏത് രീതിയിലാണ് ബാധിച്ചതെന്ന് വിശദമാക്കാമോ?

(ബി & സി) 42-ാമത് നിക്ഷേപ സമാഹരണത്തിലൂടെ 9967.43 കോടി രൂപ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ലക്ഷ്യത്തേക്കാൾ അധികരിച്ച് നിക്ഷേപം സമാഹരിക്കാൻ കഴിഞ്ഞ സാഹചര്യത്തിൽ റിസർവ്വ് ബാങ്ക് മുന്നറിയിപ്പ് നോട്ടീസ് നിക്ഷേപസമാഹരണ യജ്ഞത്തെ ബാധിച്ചതായി കണക്കാക്കാൻ കഴിയില്ല. സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യതയാണ് ഇതിലൂടെ തെളിയുന്നത്.

**സഹകരണ ബാങ്കുകളിലെ ക്രമക്കേട്**

338 (730) ശ്രീ. ടി. സിദ്ദിഖ്:

ശ്രീമതി ഉമ തോമസ്:

<u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിലുള്ള ഓഡിറ്റിംഗ് സംവിധാനം ശക്തമാക്കണമെന്ന ബാങ്കിംഗ് വിദഗ്ദ്ധരുടെ ആവശ്യം നടപ്പിലാക്കിയിട്ടുണ്ടോ?

സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS തസ്തികയിലുള്ള സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിനെ സഹകരണ ആഡിറ്റ് ഡയറക്ടർ ആയി നിയമിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

(ബി) സഹകരണ ബാങ്കുകളിൽ വായ്പയ്ക്കായി ഈടുനൽകുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്ന രീതി വിശദമാക്കാമോ; കരുവന്നൂർ ബാങ്ക് ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ ഇതിന് മാറ്റം വരുത്തിയിട്ടുണ്ടോ?

സഹകരണ ബാങ്കുകളിൽനിന്നും വസ്തു ഈടുനൽകി വായ്പ എടുക്കുമ്പോൾ വായ്പ തുകയുടെ ഇരട്ടി മതിപ്പ് വിലയുള്ള ഭൂമി ഈടായി സ്വീകരിക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വസ്തുവിന്റെ മൂല്യ നിർണ്ണയം നടത്തേണ്ടത് ബാങ്ക് സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ജീവനക്കാരനായിരിക്കും. വിലനിർണ്ണയ സംവിധാനത്തിൽ കാലോചിതമായി മാറ്റങ്ങൾ വരുത്തുന്ന വിഷയം സർക്കാർ

പരിഗണനയിലാണ്.

(സി) വസ്തുവിന്റെ മൂല്യം നോക്കി വായ്പ നൽകുന്നതിനുപകരം വായ്പയുടെ ഉദ്ദേശ്യവും അതിന്റെ സാധ്യതകളും പരിശോധിച്ച് വായ്പ നൽകുന്ന രീതി അവലംബിച്ചിട്ടുണ്ടോ?

നിലവിൽ സഹകരണ ബാങ്കുകൾ വായ്പയുടെ ഉദ്ദേശ്യവും അതിന്റെ സാധ്യതകളും പരിശോധിച്ചാണ് വായ്പ നൽകുന്നത്. ഇപ്രകാരം വായ്പ നൽകുമ്പോൾ ആവശ്യമായ ഈടിനുവേണ്ടിയാണ് വസ്തു ജാമ്യമായി സ്വീകരിക്കുന്നത്.

(ഡി) കാരാപ്പുഴ, കുമാരനല്ലൂർ, കണ്ടല എന്നീ സർവ്വീസ് സഹകരണ ബാങ്കുകളിൽ കരുവന്നൂർ സഹകരണ ബാങ്കിന് സമാനമായ വായ്പാ തട്ടിപ്പ് നടന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോട്ടയം ജില്ലയിലെ സഹകരണ ബാങ്കുകളിൽ അന്വേഷണം നടത്തിയതിനെത്തുടർന്ന് കാരാപ്പുഴ സർവ്വീസ് സഹകരണ ബാങ്കിൽ IMBP-യിൽ അധികരിച്ച് വായ്പ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ന്യൂനത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കുമാരനല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ കളക്ഷൻ ഏജന്റ് നിക്ഷേപ പിരിവിൽ കൃത്രിമം കാണിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടിയാനെതിരെ ബാങ്ക് ഭരണസമിതി അച്ചടക്കനടപടി സ്വീകരിച്ച് സർവ്വീസിൽനിന്നും പിരിച്ചുവിടുകയും ചെയ്തു.

കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ ഭരണ സമിതിയുടെയും ജീവനക്കാരുടെയും പ്രവർത്തനങ്ങളിൽ ഭരണപരമായ വീഴ്ചകളും സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങളുടെ ലംഘനവും ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി ബാങ്കിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്**

339 (731) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് സംബന്ധിച്ച അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ?

കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടുകളെത്തുടർന്ന് സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് ലഭിക്കുകയും ആയതിനെത്തുടർന്ന് സർച്ചാർജ്ജ് നടപടികളുടെ ഭാഗമായി 68(1) പ്രകാരമുള്ള അന്വേഷണവും പൂർത്തിയായിട്ടുണ്ട്.

(ബി) തട്ടിപ്പ് നടത്തിയവരിൽനിന്നും തുക ഈടാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ശിപാർശ പ്രസ്തുത റിപ്പോർട്ടുകളിലുണ്ടോ?

ഉണ്ട്.

(സി) എങ്കിൽ ശിപാർശ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സർച്ചാർജ്ജ് നടപടികളുടെ ഭാഗമായി 68(1) പ്രകാരമുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടെങ്കിലും ഇതേ വിഷയം സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടക്കുന്നതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

## കണ്ടല സർവ്വീസ് സഹകരണ ബാങ്ക് തട്ടിപ്പ്

340 (732) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ കോടികളുടെ തട്ടിപ്പുനടന്നുവെന്ന് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

തിരുവനന്തപുരം ജില്ലയിലെ കണ്ടല സർവ്വീസ് സഹകരണ ബാങ്ക് റ്റി. 197-ൽ വിവിധ വിഷയങ്ങളായി സഹകരണ നിയമം വകുപ്പ് 65 നടത്തിയ അന്വേഷണത്തിൽ സംഘത്തിൽ വിവിധ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സഹകരണ വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ അനധികൃത നിയമനങ്ങൾ, നിക്ഷേപത്തുക വകമാറ്റി ചെലവഴിക്കൽ, ബാങ്കിന്റെ ക്ലാസിഫിക്കേഷൻ യോഗ്യത സംബന്ധിച്ച് തിരിമറി, മുൻകൂർ

അനുമതിയില്ലാതെ അനധികൃത നിർമ്മാണം, വായ്പ അനുവദിക്കുന്നതിലെ ക്രമക്കേട്, നിയമാവലിയിൽ ഇല്ലാത്ത നിക്ഷേപം സ്വീകരിച്ച് അതിന് അമിത പലിശ നൽകി ബാങ്കിന് ഭീമമായ നഷ്ടമുണ്ടാക്കി എന്നിങ്ങനെയുള്ള വിഷയങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ?

സഹകരണ വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ അനധികൃത നിയമനങ്ങൾ, നിക്ഷേപത്തുക വകമാറ്റി ചെലവഴിക്കൽ, ബാങ്കിന്റെ ക്ലാസിഫിക്കേഷൻ യോഗ്യത സംബന്ധിച്ച തിരിമറി, മുൻകൂർ അനുമതിയില്ലാതെ അനധികൃത നിർമ്മാണം, വായ്പ അനുവദിക്കുന്നതിലെ ക്രമക്കേട്, നിയമാവലിയിൽ ഇല്ലാത്ത നിക്ഷേപം സ്വീകരിച്ച് അതിന് അമിത പലിശ നൽകി ബാങ്കിന് ഭീമമായ നഷ്ടമുണ്ടാക്കി എന്നിങ്ങനെയുള്ള വിഷയങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

കാട്ടാക്കട അസിസ്റ്റന്റ് രജിസ്ട്രാർ അന്വേഷണം നടത്തി 22-01-2022-ലെ ഒ.1723/2021 നമ്പരായുള്ള റിപ്പോർട്ട് 04-02-2022-ൽ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിൽ കണ്ടല സർവ്വീസ് സഹകരണ ബാങ്കിലെ വിവിധ ക്രമക്കേടുകൾ പരാമർശിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിലെ

കണ്ടെത്തലുകളിന്മേൽ സംഘത്തിന്റെ വിശദീകരണം തേടേണ്ടത് നിയമപ്രകാരമുള്ള ബാധ്യതയായതിനാൽ സംഘം സെക്രട്ടറിയോട് വിശദീകരണം തേടി 21-03-2022-ന് കത്ത് നൽകിയിരുന്നു. സംഘം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലെന്നുകണ്ട് സഹകരണ നിയമം വകുപ്പ് 32 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ടി വിഷയത്തിൽ കാലതാമസമില്ലാതെ തന്നെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത അഴിമതിയിൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഭരണസമിതിക്കെതിരായി നടപടി സ്വീകരിച്ചുവരുന്നുണ്ട്. സഹകരണ നിയമം വകുപ്പ് 32(1) (എ) (സി) പ്രകാരം ഭരണസമിതിയെ പിരിച്ചുവിടാതിരിക്കാൻ കാരണമുണ്ടെങ്കിൽ 28-06-2022-ന് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുമ്പാകെ നേരിട്ട് ഹാജരായി ബോധ്യപ്പെടുത്താൻ നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

## പാറശ്ശാല മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം

341 (733) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ആകെ 292 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളുടെ ബാങ്ക് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു +.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയെന്ന് ബാങ്ക് തിരിച്ചുള്ള വിവരം അറിയിക്കുമോ?

227 അപേക്ഷകളിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ബാങ്ക് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത ആനുകൂല്യം ഇതുവരെയും അനുവദിച്ചുകിട്ടാത്ത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകളിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

17 അപേക്ഷകൾ ന്യൂനത പരിഹരിച്ച് ബന്ധപ്പെട്ട ബാങ്ക്/ സംഘങ്ങളിൽനിന്നും ലഭ്യമാകാത്തവയും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതുകൊണ്ട് റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹതയില്ലാത്തതിനാൽ ബാക്കിയുള്ള 48 അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്.

(ഡി) അർഹരായ എല്ലാവർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അർഹരായ മുഴുവൻ വായ്പക്കാർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**യുവജന/വനിത സഹകരണ സംഘങ്ങൾ**

342 (734) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 30 യുവജന സഹകരണ സംഘങ്ങളും 14 പട്ടികജാതി/

പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങളും ഉൾപ്പെടെ 44 യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| യുവജന സഹകരണ സംഘങ്ങൾ | |
|---|---|
| ജില്ല | എണ്ണം |
| തിരുവനന്തപുരം | 3 |
| കൊല്ലം | 4 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 3 |
| കോട്ടയം | 3 |
| ഇടുക്കി | 2 |
| എറണാകുളം | 2 |
| പാലക്കാട് | 4 |
| മലപ്പുറം | 1 |
| കോഴിക്കോട് | 2 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 3 |
| ആകെ | 30 |

പട്ടികജാതി/പട്ടിക വർഗ്ഗ യുവസഹകരണ സംഘങ്ങൾ

| | |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 1 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 1 |
| കോട്ടയം | 1 |
| ഇടുക്കി | 1 |
| എറണാകുളം | 1 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 1 |
| മലപ്പുറം | 1 |
| കോഴിക്കോട് | 1 |
| വയനാട് | 1 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 1 |
| ആകെ | 14 |

(ബി) സംസ്ഥാനത്ത് എത്ര വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 1183 വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 116 |
| കൊല്ലം | 101 |
| പത്തനം തിട്ട | 17 |
| ആലപ്പുഴ | 35 |
| കോട്ടയം | 25 |
| ഇടുക്കി | 75 |
| എറണാകുളം | 73 |
| തൃശ്ശൂർ | 101 |
| പാലക്കാട് | 55 |
| മലപ്പുറം | 117 |
| കോഴിക്കോട് | 134 |
| വയനാട് | 32 |
| കണ്ണൂർ | 235 |
| കാസർഗോഡ് | 67 |
| ആകെ | 1183 |

## ഏകീകൃത ബ്രാൻഡിംഗും പച്ചക്കറി ഉൽപ്പാദനവും

343 (735) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:

<u>ശ്രീ. പി. നന്ദകുമാർ</u>:

<u>ശ്രീ. എം. വിജിൻ</u>:

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവരുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെയാണ് സർക്കാർ ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിനുകീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി " ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഒരൊറ്റ ബ്രാൻഡിനുകീഴിലാക്കി ഒരു പൊതു ട്രേഡ് മാർക്കോടെ വിപണിയിലെത്തിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ഇതിലൂടെ സഹകരണ ഉൽപ്പന്നങ്ങൾക്ക് സ്വീകാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ കഴിയും. ദേശീയ അന്തർദ്ദേശീയ വിപണിയിലേയ്ക്ക് ചുവടുവയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധനാ ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക തുടങ്ങിയവയും ഈ

പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളാണ്.

(ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ മുഖേന പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് പച്ചക്കറിക്കൃഷി നടപ്പിലാക്കുന്ന പദ്ധതി നടപ്പിലാക്കി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്.

ജില്ലകളിൽനിന്നും നാളിതുവരെ ലഭ്യമായ കണക്കനുസരിച്ച് ഈ പദ്ധതി പ്രകാരം 408 സംഘങ്ങൾ 582 ഏക്കർ 99 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ടാർജറ്റ് പൂർത്തിയായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5312 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**സഹകരണ മേഖലയിലെ തൊഴിലുകൾ**

344 (736) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര തൊഴിലുകൾ സൃഷ്ടിക്കാനായിട്ടുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ സഹകരണ വകുപ്പ്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ മുഖേന 1184 സ്ഥിരം തൊഴിൽ നൽകുന്നതിനും കേരള ബാങ്ക് മുഖേന വായ്പാ പദ്ധതികൾ മുഖാന്തരം 38645 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അപെക്സ് ഫെഡറേഷനുകൾ വഴി 41 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന വായ്പാ പദ്ധതികൾ മുഖാന്തരം 16409 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചു. ഇപ്രകാരം ആകെ 1184 സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിനും 55095 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. പുതിയ നിയമന ചട്ടം അംഗീകരിച്ചതിലൂടെ കേരള ബാങ്കിൽ ഒഴിവുവന്ന ആയിരത്തോളം തസ്തികകളിലേയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഒന്നാം നൂറുദിന കർമ്മപരിപാടിയുടെയും രണ്ടാം നൂറുദിന

കർമ്മപരിപാടിയുടെയും ഭാഗമായി പ്രഖ്യാപിക്കപ്പെട്ട തൊഴിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഒന്നാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 100 സ്ഥിരം തൊഴിലുകളും 4900 തൊഴിലവസരങ്ങളും രണ്ടാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 500 സ്ഥിരം തൊഴിലുകളും 19500 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 600 സ്ഥിരം തൊഴിലുകളും 24400 തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഈ പദ്ധതികളിലൂടെ 1184 സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിനും 55095 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) കാർഷിക ഉൽപ്പാദന മേഖലയിൽ തൊഴിലുകൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെട്ട 500 ഏക്കർ പച്ചക്കറി കൃഷിയുമായി ബന്ധപ്പെട്ട് കാർഷിക ഉൽപ്പാദന മേഖലയിൽ 14 ജില്ലകളിലുമായി 5312 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ലാൻഡ് റിഫോംസ് ആൻഡ് ഡെവലപ്മെന്റ് സഹകരണ സംഘങ്ങൾ**

345 (737) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലാൻഡ് റിഫോംസ് ആൻഡ് ഡെവലപ്മെന്റ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ; ഇവയുടെ പ്രവർത്തന പരിധികളും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 2 ലാൻഡ് റിഫോംസ് ആൻഡ് ഡെവലപ്മെന്റ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

<u>ഇടുക്കി</u>

ഇടുക്കി ലാൻഡ് റിഫോംസ് ആൻഡ് ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ.699.

പ്രവർത്തന പരിധി:- ഇടുക്കി ജില്ലയിലെ കൊക്കയാർ ഒഴികെയുള്ള ഗ്രാമ പഞ്ചായത്തുകൾ.

<u>കോഴിക്കോട്</u>

കേരള ലാൻഡ് റിഫോംസ് & ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ക്ലിപ്തം നമ്പർ ഡി.4482.

പ്രവർത്തന പരിധി:- കേരള സംസ്ഥാനം മുഴുവൻ

(ബി) കേരള ലാൻഡ് റിഫോംസ് ആൻഡ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (LADDER), കോഴിക്കോട് എന്ന സഹകരണ സംഘത്തിന്റെ നിയമാവലിയുടെയും രജിസ്ട്രേഷൻ രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

കേരള ലാൻഡ് റിഫോംസ് ആൻഡ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (LADDER), കോഴിക്കോട് എന്ന സഹകരണ സംഘത്തിന്റെ നിയമാവലിയുടെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും കാറ്റഗറിക്കൽ സ്റ്റേറ്റ്മെന്റിന്റെയും പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

(സി) വാണിജ്യ കെട്ടിട, പാർപ്പിട സമുച്ചയ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിലുള്ള സഹകരണ സംഘങ്ങൾക്കാണ് സംസ്ഥാനത്ത് അനുമതി നൽകിയിട്ടുള്ളതെന്നും ഇവയുടെ പേരുവിവരങ്ങളും അറിയിക്കാമോ?

വാണിജ്യ കെട്ടിട, പാർപ്പിട സമുച്ചയ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലാൻഡ് റിഫോംസ് സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, പട്ടികജാതി സഹകരണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഘങ്ങൾ, പലവക സഹകരണ സംഘങ്ങൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നിവയ്ക്കാണ് നിലവിൽ സംസ്ഥാനത്ത് അനുമതി നൽകിയിട്ടുള്ളത്.

ഇവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ദി ബിൽഡിംഗ് കൺസൾട്ടന്റ് ആൻഡ് ടെക്നോളജിക്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1054
2. ദി ഫെഡറൽ ഹൗസ് കൺസ്ട്രക്ഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി. 1831
3. ദേശിംഗനാട് റാപ്പിഡ് ഡെവലപ്മെന്റ് & അസിസ്റ്റന്റ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ. 1666.
4. റാന്നി താലൂക്ക് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി.88
5. ഇടക്കുളം ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി. 157
6. പെരുനാട് കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി. 174
7. പത്തനംതിട്ട പ്രവാസി ഹരിത ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി. 252
8. അടൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം ക്യൂ. 443
9. പത്തനംതിട്ട ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി.106
10. പഴകുളം ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി.145
11. പറന്തൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി.165
12. എഞ്ചിനീയേഴ്സ് ആൻഡ് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി.307
13. അടൂർ താലൂക്ക് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി.287

14.പറക്കോട് വടക്ക് സ്കിൽഡ് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി.192

15. രാജീവ് ഗാന്ധി ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി.194

16.സ്കൈലൈൻ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി.197

17. പന്തളം ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി.213

18. ജനതാ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി.233

19.പത്തനംതിട്ട ജില്ലാ എഞ്ചിനീയേഴ്സ് ആൻഡ് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം പി.റ്റി.328

20.കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.1264

21.എറണാകുളം സഹകരണ ഹൗസ് കൺസ്ട്രക്ഷൻ സംഘം ക്ലിപ്തം നമ്പർ ഇ.169

22.ബി.പി.സി.എൽ. കൊച്ചി റിഫൈനറി ആഫീസേഴ്സ് ഹൗസ് കൺസ്ട്രക്ഷൻ സംഘം ക്ലിപ്തം നമ്പർ ഇ.1190

23. സെൻട്രൽ എക്സൈസ് കസ്റ്റംസ് ആഫീസേഴ്സ് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 1302

24. ഇൻഡ്യൻ ഓയിൽ ആഫീസേഴ്സ് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.1340

25. കേരള ജുഡീഷ്യൽ ആഫീസേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4475

26. ഫെഡറൽ ഹൗസ് കൺസ്ട്രക്ഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.962

27. ആലുവ ടൗൺ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.347

28. തൃശ്ശൂർ ഭവന നിർമ്മാണ സഹകരണ സംഘം ക്ലിപ്തം R 260

29. ഒല്ലൂർ ഭവന നിർമ്മാണ സഹകരണ സംഘം ക്ലിപ്തം R 1317

30. തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം R1389.
31. ഒല്ലൂക്കര ഏരിയ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ R885
32. തീരദേശ ഹൗസ് കൺസ്ട്രക്ഷൻ സഹകരണ സംഘം ക്ലിപ്തം R 1105.
33. ചന്ദ്രനഗർ കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റി ക്ലിപ്തം നമ്പർ എഫ്.1624
34. പൊന്നാനി താലൂക്ക് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം എം.725
35. പൊന്നാനി പട്ടികജാതി സഹകരണ സംഘം എം.911
36. അതളൂർ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം എം.909
37. തിരൂർ റീജീയണൽ ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.259
38. തിരൂർ റവന്യൂ താലൂക്ക് എംപ്ലോയീസ് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.488
39. മലപ്പുറം ജില്ലാ സഹകരണ എംപ്ലോയീസ് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.797
40. കാലിക്കറ്റ് എയർപോർട്ട് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.936
41. വാഴയൂർ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.995
42. എടവണ്ണപ്പാറ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.1024
43. പ്രിയ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.1002
44. വാവൂർ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.974
45. മലബാർ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.1016

46.മലപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1829
47.കേരള ലാൻഡ് റിഫോംസ് & ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി.4482

(ഡി) വിവിധ നിർമ്മാണ മേഖലയിലുള്ള ഏതെല്ലാം സഹകരണ സംഘങ്ങൾക്കാണ് സംസ്ഥാന ധനകാര്യ വകുപ്പിന്റെ അക്രഡിറ്റഡ് ഏജൻസി അംഗീകാരമുള്ളതെന്നും ഈ സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ഏതൊക്കെ തരത്തിലുള്ളതാണെന്നും അറിയിക്കാമോ?

വിവിധ നിർമ്മാണ മേഖലയിലുള്ള തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം R 1389, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 10957 എന്നീ സഹകരണ സംഘങ്ങൾക്കാണ് സംസ്ഥാന ധനകാര്യ വകുപ്പിന്റെ അക്രഡിറ്റഡ് ഏജൻസി അംഗീകാരമുള്ളത്. ടി സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

പൊതുമരാമത്ത് പ്രവൃത്തികൾ, ബിൽഡിംഗ് വർക്കുകൾ, റോഡ് വർക്കുകൾ, പാലം വർക്കുകൾ, കോസ്റ്റ് ഇഫക്റ്റീവ് വർക്ക്സ്, ഇറിഗേഷൻ റിലേറ്റഡ് വർക്ക്സ്, ഇൻഡസ്ട്രിയൽ ലാൻഡ് & ഡെവലപ്മെന്റ് വർക്ക്സ്, അഗ്രികൾച്ചറൽ ലാൻഡ് & ഡെവലപ്മെന്റ് വർക്ക്സ്, ഇലക്ട്രോ

മെക്കാനിക്കൽ വർക്ക്സ്, വാട്ടർ സപ്ലൈ, സ്റ്റീൽ വർക്ക്സ്, മറൈൻ സ്ട്രക്ച്ചർ, ഐ.ടി വർക്ക്സ്, പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ്, നോൺ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് വർക്കുകൾ തുടങ്ങിയവ.

## സഹകരണ മേഖലയിലെ പ്രതിസന്ധി

346 (738) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടി രൂപയ്ക്ക് മുകളിൽ പണമായി പിൻവലിച്ച സഹകരണ ബാങ്കുകൾ 2 ശതമാനം തുക ആദായ നികുതി അടയ്ക്കണമെന്ന് കേരള ബാങ്ക് അറിയിപ്പ് നൽകിയിരുന്നോ?

അറിയിപ്പ് നൽകിയിരുന്നു. ആദായ നികുതി ആക്ട് 194A, 194N എന്നീ വകുപ്പുകൾപ്രകാരം സംഘങ്ങളിൽനിന്നും നികുതി ഈടാക്കാത്തതിനാൽ സംസ്ഥാന സഹകരണ ബാങ്കിന് ഭീമമായ തുക സാമ്പത്തിക ബാധ്യതയായി ആദായ നികുതി വകുപ്പ് ചുമത്തിയിട്ടുണ്ടായിരുന്നു. TDS തുക സംഘങ്ങളിൽനിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കാത്തപക്ഷം ബാങ്ക് Assessee in Default ആയി കണക്കാക്കപ്പെടുമെന്നതിനാൽ ബാങ്കിന്റെ ഭരണ സമിതി

തീരുമാനപ്രകാരം ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്.

(ബി) വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ, കെ.എസ്.ആർ.ടി.സി. പെൻഷൻ എന്നിവ വിതരണം ചെയ്ത സഹകരണ ബാങ്കുകളാണ് പ്രസ്തുത പ്രതിസന്ധി നേരിടുന്നതെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ?

മേൽ പ്രതിസന്ധി സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെയും സോഫ്റ്റ്‌വെയർ ഏകീകരണത്തിലൂടെ ഒരു പരിധിവരെ പരിഹരിക്കുന്നതിന് കഴിയുന്നതാണ്.

(സി) സഹകരണ മേഖല നേരിടുന്ന പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്തിട്ടുള്ള 194N-ൽനിന്നും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് പരിരക്ഷ ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ അതിന്മേൽ യാതൊരു അനുകൂല നടപടിയും ഉണ്ടായിട്ടില്ല. നിലവിൽ ആദായ നികുതി വകുപ്പിൽനിന്നും ഉണ്ടാകുന്ന ഡിമാന്റിന്മേൽ കോടതി മുഖേന നിയമപരമായ പരിരക്ഷ നേടുന്നതിന് സഹകരണ സംഘങ്ങൾ നടപടി സ്വീകരിച്ചുവരികയാണ്. ആദായ നികുതി

വകുപ്പിൽനിന്നും നോട്ടീസ് ലഭിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ സ്വന്തം നിലയ്ക്കും കൂട്ടായും കോടതി മുഖേന അനുകൂല ഉത്തരവുകൾ നേടിയിട്ടുണ്ട്. കേരളാ ബാങ്കിലും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുമ്പോൾ ഈ വിഷയത്തിൽ ഒരു ശാശ്വത പരിഹാരമുണ്ടാകുന്നതാണ്.

## സഹകരണ സംഘങ്ങളിലെ സ്ഥിരാംഗങ്ങളായവർക്ക് ചികിത്സാ ധനസഹായം

347 (739) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ സ്ഥിരാംഗങ്ങളായവർക്ക് (ഷെയർ ഹോൾഡേഴ്സ്) ചികിത്സാ ധനസഹായം ലഭിക്കുന്ന പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

രണ്ട് പദ്ധതികൾ നിലവിലുണ്ട്.

I) അംഗസമാശ്വാസ പദ്ധതി

അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്) ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക്

വിധേയരായവർ (ബൈപ്പാസ്/ഓപ്പൺ ഹാർട്ട് സർജറി) പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി. ബാധിതർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കുമാണ് സഹകരണ അംഗസമാശ്വാസനിധി പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നത്. ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്ന വ്യക്തി ടി സംഘത്തിലെ 'എ' ക്ലാസ്സ് അംഗമായിരിക്കണം.

II) <u>സഹകരണ നവരത്നം കേരളീയം - അശരണരായ സഹകാരികൾക്കുള്ള ആശ്വാസ ഫണ്ട്</u>

ടി പദ്ധതിപ്രകാരം സഹകരണ രംഗത്ത് സർക്കിൾ (താലൂക്ക്/ജില്ല/സംസ്ഥാന) തലത്തിൽ ഏതിലെങ്കിലും സഹകരണ മേഖലയുടെ പുരോഗതിക്കുവേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരോ ആയവരും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്നവരും, വാർഷിക വരുമാനം 3,00,000/- രൂപയിൽ (മൂന്ന് ലക്ഷം) താഴെയുള്ള ടി സഹകാരികൾക്ക് ചികിത്സയ്ക്കായി

പരമാവധി 50,000/-രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്.

(ബി) എങ്കിൽ എത്ര പേർക്ക് നാളിതുവരെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകൾ എത്രയെന്നും വിശദമാക്കാമോ?

26-11-2021 വരെ അംഗ സമാശ്വാസ ധനസഹായത്തിനായി ലഭിച്ചിട്ടുള്ള 22254 അപേക്ഷകർക്ക് 46,87,60,000/-രൂപ വിതരണം നടത്തിയിട്ടുണ്ട്. 26-11-2021-നുശേഷം നാളിതുവരെ ലഭ്യമായിട്ടുള്ള 10978 അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാനുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ നവരത്നം കേരളീയം-അശരണരായ സഹകാരികൾക്കുള്ള ആശ്വാസഫണ്ട് പദ്ധതിപ്രകാരം 26 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. മേൽ പദ്ധതിപ്രകാരം ലഭ്യമായ അപേക്ഷകളിൽ 178 എണ്ണം തീർപ്പാക്കാൻ ബാക്കിനിൽപ്പുണ്ട്.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ യുവ സഹകരണ സംഘങ്ങൾ

348 (740) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽനിന്ന് എത്ര യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽനിന്ന് ഒരു യുവജന സഹകരണ സംഘമാണ് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളത്. ആയതിന്റെ പേരുവിവരം ചുവടെ ചേർക്കുന്നു.

ഇ-നാട് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ 1233.

(ബി) യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

യുവജന സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും 1969-ലെ കേരള സഹകരണ സംഘം നിയമം, യഥാക്രമം 3 മുതൽ 8 വരെയുള്ള വകുപ്പുകൾക്കും ചട്ടം 3, 4, 7, 8, 15 എന്നിവയ്ക്കും അനുസൃതമായിട്ടാണ്.

## നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ

349 (741) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ നിർമ്മാണ മേഖലയിൽ 24 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

1. മാനന്തവാടി എസ്.സി./എസ്.ടി. ലേബർ കോൺട്രാക്ക്റ്റ് സഹകരണ സംഘം. ക്ലിപ്തം നമ്പർ. സി-397
2. തവിഞ്ഞാൽ പഞ്ചായത്ത് ഇഷ്ടിക, മണൽ തൊഴിലാളി സഹകരണ സംഘം. ക്ലിപ്തം നമ്പർ. ഡബ്ല്യൂ-195
3. തൊണ്ടർനാട് പഞ്ചായത്ത് ലേബർ കോൺട്രാക്ക്ട് സഹകരണ സംഘം. ക്ലിപ്തം നമ്പർ. ഡബ്ല്യൂ- 100
4. വെള്ളമുണ്ട പഞ്ചായത്ത് ലേബർ കോൺട്രാക്ക്ട് സഹകരണ സംഘം. ക്ലിപ്തം നമ്പർ. ഡബ്ല്യൂ -120
5. പനമരം പഞ്ചായത്ത് കൺസ്ട്രക്ഷൻ വർക്കേഴ്സ് ലേബർ കോൺട്രാക്ക്ട്

സഹകരണ സംഘം. ക്ലിപ്തം നമ്പർ. ഡബ്ല്യൂ-239

6. വയനാട് ജില്ല രാജീവ് ഗാന്ധി ലേബർ കോൺട്രാക്ട് സഹകരണ സംഘം. ക്ലിപ്തം നമ്പർ. ഡബ്ല്യൂ -304

7. ബാണാസുര ലേബർ കോൺട്രാക്ട് സഹകരണ സംഘം. ക്ലിപ്തം നമ്പർ. ഡബ്ല്യൂ -338

8. റീബിൽഡ് ലേബർ കോൺട്രാക്ട് സഹകരണ സംഘം. ക്ലിപ്തം നമ്പർ. ഡബ്ല്യൂ-349

9. പയ്യമ്പള്ളി ലേബർ കോൺട്രാക്ട് സഹകരണ സംഘം. ക്ലിപ്തം നമ്പർ. ഡബ്ല്യൂ -348

10. ന്യൂ വയനാട് ലേബർ കോൺട്രാക്ട് & കൺസ്ട്രക്ഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ. ഡബ്ല്യൂ-351

11. ഇൻസൈറ്റ് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ക്ലിപ്തം നമ്പർ. ഡബ്ല്യൂ -334

**12.** വയനാട് ജില്ല എസ്.സി./എസ്.ടി. കൺസ്ട്രക്ഷൻ സഹകരണ സംഘം. ക്ലിപ്തം. നമ്പർ ഡബ്ല്യൂ-52

13. വെങ്ങപ്പള്ളി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ക്ലിപ്തം നമ്പർ

ഡബ്ല്യൂ-183

14. ഇടമല ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ക്ലിപ്തം നമ്പർ ഡബ്ല്യൂ-356

15. കൽപ്പറ്റ സോൺ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ക്ലിപ്തം നമ്പർ ഡബ്ല്യൂ-209

16. കോട്ടത്തറ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ക്ലിപ്തം നമ്പർ ഡബ്ല്യൂ-230

17. മലബാർ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ക്ലിപ്തം നമ്പർ ഡബ്ല്യൂ-357

18. ഓവർസീസ് കൺസ്ട്രക്ഷൻ & ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ക്ലിപ്തം നമ്പർ ഡബ്ല്യൂ-366

19. പുൽപ്പള്ളി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ക്ലിപ്തം നമ്പർ ഡബ്ല്യൂ - 168

20. സുൽത്താൻ ബത്തേരി ലേബർ കോൺട്രാക്റ്റ് ആൻഡ് കൺസ്ട്രക്ഷൻ സഹകരണ സംഘം. ക്ലിപ്തം നമ്പർ ഡബ്ല്യൂ -321

21. വയനാട് മഹാത്മ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ക്ലിപ്തം

നമ്പർ ഡബ്ല്യൂ - 325

22. സുൽത്താൻ ബത്തേരി സ്വാശ്രയ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ക്ലിപ്തം നമ്പർ ഡബ്ല്യൂ -337

23. മുള്ളൻകൊല്ലി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ക്ലിപ്തം നമ്പർ ഡബ്ല്യൂ- 339

24. വയനാട് ഗുഡ്സ് ക്യാരേജ് ഓണേഴ്സ് & ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ക്ലിപ്തം നമ്പർ ഡബ്ല്യൂ-357

(ബി) ഇത്തരം സഹകരണ സംഘങ്ങളിൽ പ്രവർത്തനം നിലച്ചുപോയവയുണ്ടോയെന്ന കാര്യം വ്യക്തമാക്കാമോ?

ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇത്തരം സംഘങ്ങളിൽ 38 സംഘങ്ങൾ പ്രവർത്തനം നിലച്ചുപോയിട്ടുണ്ട്.

1. കരിമ്പിൽ എസ്.സി./എസ്.ടി. ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ക്ലിപ്തം നം. സി.192

2. നോർത്ത് വയനാട് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ക്ലിപ്തം നം. സി.352

3. കബനി നദീതട പൂഴി തൊഴിലാളി സഹകരണ സംഘം. ക്ലിപ്തം നം.

ഡബ്ല്യൂ.90

4. തിരുനെല്ലി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 93

5. പള്ളിക്കുന്ന് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 192

6. മാനന്തവാടി പഞ്ചായത്ത് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ.96

7. തവിഞ്ഞാൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം.ഡബ്ല്യൂ. 105

8. പഴശ്ശി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 92

9. മാനന്തവാടി പഞ്ചായത്ത് പൂഴി തൊഴിലാളി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ഡബ്ല്യൂ.107

10. മാനന്തവാടി ഇഷ്ടിക മണൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 95

11. തിരുനെല്ലി പൂഴി തൊഴിലാളി സഹകരണ സംഘം.ഡബ്ല്യൂ. 94

12. ചെറ്റപ്പാലം ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം.ഡബ്ല്യൂ. 173

13. കരക്കാമല കോൺട്രാക്റ്റ് സഹകരണ സംഘം.ഡബ്ല്യൂ. 104

14. പനമരം എസ്.സി./എസ്.ടി. ലേബർ കോൺട്രാക്ട് സഹകരണ

സംഘം. ഡബ്ല്യൂ. 117

15. വെള്ളമുണ്ട പഞ്ചായത്ത് പൂഴി തൊഴിലാളി സഹകരണ സംഘം. ഡബ്ല്യൂ. 97

16. തവിഞ്ഞാൽ പഞ്ചായത്ത് പൂഴി തൊഴിലാളി സഹകരണ സംഘം.ഡബ്ല്യൂ. 102

17. മക്കിയാട് പഞ്ചായത്ത് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ.104

18. തിരുനെല്ലി പഞ്ചായത്ത് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 283

19. സൗത്ത് വയനാട് താലൂക്ക് ലേബർ കോൺട്രാക്ട് സഹകരണ സംഘം. ഡി. 2028

20. വൈത്തിരി താലൂക്ക് എസ്.സി./എസ്.ടി. ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ഡബ്ല്യൂ.49

21. വൈത്തിരി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 80

22. കോട്ടവയൽ പൂഴി തൊഴിലാളി സഹകരണ സംഘം. ഡബ്ല്യൂ. 108

23. കണിയാമ്പറ്റ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ.170.

24. തലമല എസ്.സി./എസ്.റ്റി. ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 201

25. മുട്ടിൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 227

26.പടിഞ്ഞാറത്തറ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ഡബ്ല്യൂ.233

27. പ്രിയദർശിനി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം.ഡബ്ല്യൂ.303

28. ജവഹർ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം.ഡബ്ല്യൂ. 320

29. ബി. ജെ. ഹൈടെക്ക് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 324

30. സുൽത്താൻ ബത്തേരി താലൂക്ക് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 134

31. രാജീവ്ജി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 139

32. നൂൽപ്പുഴ ആദിവാസി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 146

33. സുൽത്താൻ ബത്തേരി പഞ്ചായത്ത് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 159

34. മീനങ്ങാടി പഞ്ചായത്ത് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 194

35. അമ്പലവയൽ പഞ്ചായത്ത് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 222

36. നൂൽപ്പുഴ പഞ്ചായത്ത് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 241

37. ചീരാൽ പഞ്ചായത്ത് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 242

**38.** ജവഹർലാൽ നെഹ്രു പഞ്ചായത്ത് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. ഡബ്ല്യൂ. 326

**സഹകരണ സംഘങ്ങളുടെ നവീകരണം**

350 (742) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി പുതിയ ധനസഹായ പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെ റിവൈവൽ പാക്കേജ് തയ്യാറാക്കുന്ന രീതിയിൽ ഒരു പുനരുദ്ധാരണ പദ്ധതി നടപ്പാക്കുന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

## കാസർഗോഡ് ജില്ലയിലെ സഹകരണ സംഘങ്ങളുടെ ഹ്രസ്വകാല പലിശരഹിത വായ്പ

351 (743) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വായ്പാ സഹകരണ സംഘങ്ങൾ 2016 മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഹ്രസ്വകാല പലിശരഹിത വായ്പ അനുവദിക്കാറുണ്ടോ; എങ്കിൽ 2016 മുതൽ എത്ര കോടി രൂപയുടെ പലിശരഹിത ഹ്രസ്വകാല വായ്പ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ വായ്പാ സഹകരണ സംഘങ്ങൾ 2016 മുതൽ നാളിതുവരെ 2453.56 കോടി രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ട്. ജില്ലയിലെ കാർഷിക വായ്പാ സഹകരണ സംഘങ്ങൾ

ഹ്രസ്വകാല പലിശരഹിത വായ്പ അനുവദിക്കാറുണ്ട്. 2016 മുതൽ 1367.98 കോടി രൂപയുടെ പലിശരഹിത ഹ്രസ്വകാലവായ്പ അനുവദിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ സഹകരണ സംഘങ്ങൾ

352 (744) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017 മുതൽ 2022 ജൂൺ 15 വരെ മലപ്പുറം ജില്ലയിൽ പുതുതായി രജിസ്ട്രേഷൻ ലഭിച്ച് പ്രവർത്തനം തുടങ്ങിയ സഹകരണ സംഘങ്ങളുടെ പേര്, ചീഫ് പ്രൊമോട്ടറുടെ പേര് എന്നിവ വ്യക്തമാക്കുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു+.

## പെൻഷൻ ഫണ്ട് കുടിശ്ശിക

353 (745) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ സഹകരണ സംഘങ്ങൾ അടയ്ക്കുവാനുള്ള വിഹിതം കുടിശ്ശിക ആക്കിയിട്ടുള്ളവയിൽനിന്നും അവ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ സഹകരണ സംഘങ്ങൾ അടയ്ക്കുവാനുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് കേരള റവന്യൂ റിക്കവറി ആക്ട് 1968 (15 of 1968)- ലെ വ്യവസ്ഥകൾ കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിന് ബാധകമാക്കിയിട്ടുണ്ട്. അപ്രകാരം റവന്യൂ വകുപ്പ് മുഖേന കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ആകെ എത്ര തുകയാണ് ഈ ഇനത്തിൽ പിരിച്ചെടുക്കാനുള്ളത്; എത്ര തുകയാണ് ഇതിനോടകം പിരിച്ചെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ജീവനക്കാർ വിരമിക്കുന്ന സമയത്താണ് കുടിശ്ശിക കണക്കാക്കി ഡിമാന്റ് നൽകുന്നത്. ഫണ്ട് അടയ്ക്കാത്ത കേസ്സുകളിൽ റവന്യൂ റിക്കവറി റിക്വസിഷൻ നൽകുമ്പോൾ മാത്രമേ കുടിശ്ശിക തുക തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നിരിക്കെ നിലവിൽ എത്ര തുക പിരിച്ചെടുക്കാനുണ്ടെന്ന് കൃത്യമായി കണക്കാക്കാൻ കഴിയുന്നതല്ല.

നിലവിൽ 9 ജില്ലാ സഹകരണ ബാങ്കുകളിലെ 10/2020 വരെയുള്ള അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജുൾപ്പെടെ 2016 മുതൽ ഓൺലൈനായി 26 കേസ്സുകൾക്ക് 19,37,28,120/- രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി

റിക്വസിഷൻ നൽകിയിട്ടുണ്ട്. നാളിതുവരെ 67,01,350/- രൂപ ഈടാക്കി ലഭിച്ചിട്ടുണ്ട്.

(സി) 01-04-2015 മുതൽ 31-03-2022 വരെ കേരള ബാങ്ക് സംസ്ഥാന സഹകരണ പെൻഷൻ ബോർഡിലേയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് ഇനത്തിൽ എത്ര തുക അടയ്ക്കാൻ കുടിശ്ശികയുണ്ട്; കുടിശ്ശിക തുക എന്നത്തേയ്ക്ക് അടയ്ക്കുമെന്ന് വിശദമാക്കാമോ?

31-03-2022 വരെ കേരള ബാങ്ക്, സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിലേയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് ഇനത്തിൽ പലിശയുൾപ്പെടെ 24,53,78,162/- രൂപ അടയ്ക്കാൻ കുടിശ്ശികയുള്ളതായി പെൻഷൻ ബോർഡ് അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ അന്തിമ വിധിക്ക് വിധേയമായി മാത്രമേ തുക അടയ്ക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

**വാമനപുരം മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ**

354 (746) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നിലവിൽ പ്രവർത്തനരഹിതമായ എത്ര സഹകരണ സംഘങ്ങളുണ്ടെന്നും അവ ഏതെല്ലാം വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്നും വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിൽ പ്രവർത്തനരഹിതമായ 29 സഹകരണ സംഘങ്ങളുണ്ട്.

- പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ - 7
- ഹൗസിംഗ് സഹകരണ സംഘങ്ങൾ - 2
- വനിതാ സഹകരണ സംഘങ്ങൾ - 4
- ലേബർ കോൺട്രാക്ക് സഹകരണ സംഘങ്ങൾ - 2
- മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ - 1
- കൺസ്യൂമർ സഹകരണ സംഘങ്ങൾ - 2
- സ്കൂൾ സഹകരണ സംഘങ്ങൾ - 5
- അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ - 1
- പലവക സഹകരണ സംഘങ്ങൾ - 3
- ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ- 2

(ബി) ഇതിൽ സർക്കാർ ഗ്രാന്റുകൾ ലഭിച്ചിട്ടുള്ള എത്ര

സംഘങ്ങളുണ്ടെന്നും ഓരോ സംഘത്തിനും നൽകിയ ഗ്രാന്റ് തുകയും വിശദമാക്കാമോ?

സർക്കാർ ഗ്രാന്റുകൾ ലഭിച്ചിട്ടുള്ള 6 സഹകരണ സംഘങ്ങളുണ്ട്.

1. പെരിങ്ങമ്മല എൻ.എസ്.എസ്.എച്ച്.എസ് സഹകരണ സംഘം – 10,000/- രൂപ
2. പാലോട് ഹോസ്പിറ്റൽ സഹകരണ സംഘം - 10,00,000/- രൂപ
3. കളമച്ചൽ വനിതാ ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1234 - 25,000/- രൂപ
4. വെമ്പായം പട്ടികജാതി സഹകരണ സംഘം – 77,000/- രൂപ
5. പാലോട് പട്ടികജാതി വനിതാ കാർഷിക ഉൽപ്പാദന സംഭരണ സംസ്കരണ വിപണന സഹകരണ സംഘം - 23,00,000/- രൂപ
6. വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വനിതാ സഹകരണ സംഘം – 8,96,947/- രൂപ

(സി) പ്രവർത്തനമില്ലാതെ അടച്ചുപൂട്ടിയ സംഘങ്ങളുടെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രവർത്തനമില്ലാതെ അടച്ചുപൂട്ടിയ 5 സംഘങ്ങളുടെ ആസ്തി

ബാധ്യതകൾ തിട്ടപ്പെടുത്തി സംഘം ലിക്വിഡേറ്റ് ചെയ്യുന്നതിനായി ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റ് സംഘങ്ങളുടെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അടച്ചുപൂട്ടിയ സംഘങ്ങൾ പ്രവർത്തിപ്പിക്കാൻ നടപടികൾ സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കുമോ?

പ്രവർത്തനരഹിതമായ സംഘങ്ങളിൽ പുനരുദ്ധരിക്കാൻ കഴിയുന്നവയെ പുനരുദ്ധരിക്കുകയോ മറ്റേതെങ്കിലും സംഘവുമായി സംയോജിപ്പിക്കുകയോ ചെയ്യാവുന്നതാണ്. ലിക്വിഡേഷനിൽ ആയവ കേരള സഹകരണ നിയമം വകുപ്പ് 71 (3) പ്രകാരം പുനരുദ്ധരിക്കാവുന്നതാണ്. ലിക്വിഡേഷനിലുള്ള സംഘത്തിലെ അംഗങ്ങളിൽനിന്നും സംഘം പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷയും സമ്മതപത്രവും ലഭിക്കുന്നപക്ഷം ആയത് പരിശോധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

**യുവജന സംരംഭക സഹകരണ സംഘങ്ങൾ**

355 (747) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച യുവജന സംരംഭക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംഘങ്ങളുടെ പ്രവർത്തനം, സംഘം നടപ്പാക്കുന്ന പദ്ധതികളുടെ പ്രായോഗികത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തി 10 ലക്ഷം (പത്ത് ലക്ഷം) രൂപ വീതം ഓഹരിയായി അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) സർക്കാർ വകുപ്പുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങളിൽനിന്ന് സേവനങ്ങളും ഉൽപ്പന്നങ്ങളും ക്വാട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ കഴിയുന്നതുപോലെ യുവജന സംരംഭക സഹകരണ സംഘങ്ങളിൽനിന്നും വാങ്ങാൻ കഴിയുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്ന വിഷയം പരിഗണിക്കാമോ?

സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ, അവയുടെ ഗുണമേന്മ എന്നിവ പരിശോധിച്ച് ഒരു തീരുമാനമെടുക്കുന്നതാണ്.

(സി) യുവജന സംരംഭക സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്ന തരത്തിൽ സഹകരണ നിയമം ഭേദഗതി ചെയ്യുന്ന വിഷയം പരിഗണിക്കാമോ?

സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## മലപ്പുറം ജില്ലയിലെ സഹകരണ സംഘങ്ങൾ

356 (748) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ 2022 ജൂൺ 15 വരെ മലപ്പുറം ജില്ലയിൽ പുതുതായി രജിസ്ട്രേഷൻ ലഭിച്ച് പ്രവർത്തനം തുടങ്ങിയ സഹകരണ സംഘങ്ങളുടെ പേര്, ചീഫ് പ്രൊമോട്ടറുടെ പേര് എന്നിവ വ്യക്തമാക്കുമോ;

(ബി) 2017 മുതൽ 2022 ജൂൺ 15 വരെ മലപ്പുറം ജില്ലയിൽ പുതിയ ശാഖകൾ തുടങ്ങാൻ അനുമതി ലഭിച്ച സഹകരണ സംഘങ്ങൾ ഏതെല്ലാം; അവ ഏതെല്ലാം പ്രദേശങ്ങളിലാണെന്നും വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ 2017 മുതൽ 2022 ജൂൺ 15 വരെ ഏതെല്ലാം സഹകരണ സംഘങ്ങളാണ് പുതിയ ശാഖ ആരംഭിക്കാൻ അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇവയിൽ അനുമതി നൽകാത്ത സംഘങ്ങൾ ഏതെല്ലാം; അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(എ - സി) വിവരം അനുബന്ധമായി ചേർക്കുന്നു+.

## പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ

357 (749) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പഠന കേന്ദ്രങ്ങൾ അനുവദിക്കുമ്പോൾ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സഹകരണ കോളേജുകൾക്ക് മുൻഗണന ലഭിക്കുന്നതിനായി വകുപ്പ് നടപടി സ്വീകരിക്കുമോ?

വിഷയം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഒരു ഏകീകൃത സോഫ്റ്റ്‌വെയർ പ്രയോഗത്തിൽ കൊണ്ടുവരാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക വായ്പാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണ സംഘങ്ങളും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി മോണിറ്ററിംഗ് കമ്മിറ്റി Request for Proposal (RFP) തയ്യാറാക്കുകയും ചെയ്തിരുന്നു. RFP പ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ പരിശോധിക്കുന്നതിലേയ്ക്കായി ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കിയ RFP സർക്കാർ അംഗീകരിക്കുകയും സർക്കാരിന്റെ നിർദ്ദേശാനുസരണം RFP പ്രകാരമുള്ള ടെണ്ടർ 23-01-2021-ന് ഇ-ടെണ്ടർ website-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

Bid Opening തീയതിയിൽ ടെണ്ടർ പരിശോധിച്ചതിൽനിന്ന് ഒരു കമ്പനിയും ടെണ്ടർ നടപടികളിൽ പങ്കെടുക്കാത്തതിനാൽ റീടെണ്ടറിംഗിനുള്ള നടപടികൾ സ്വീകരിച്ചു. RFP-യിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ RFP പ്രകാരമുള്ള ടെണ്ടർ 18-12-2021-ന് E-tender website-ൽ പ്രസിദ്ധീകരിച്ചു. ബിഡ് ഓപ്പണിംഗ് തീയതിയായ 12-05-2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ

നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാക്കുന്ന തരത്തിലാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത് കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലാണ് ഏകീകൃത സോഫ്റ്റ്‌വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്.

സംഘങ്ങളിൽ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ കൃത്രിമം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ബാങ്കിംഗ് ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുക, അഴിമതിയും പണാപഹരണവും തടയുക എന്നീ ലക്ഷ്യത്തോടെ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് തയ്യാറാക്കുന്ന ഏകീകൃത സോഫ്റ്റ്‌വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്.

(സി) എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് എന്തെല്ലാം നടപടികളാണ് വകുപ്പുതലത്തിൽ

സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ചുവടെ പറയുംപ്രകാരം ധനസഹായം അനുവദിച്ചുനൽകുന്നുണ്ട്.

1. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യത്തെ അഞ്ചുവർഷവും ടി അഞ്ചുവർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള മൂന്നുവർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.

2. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നു.

3. സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ സബ്സിഡിയായി

അനുവദിക്കുന്നു.

4. സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനമായി പരമാവധി 4 ലക്ഷം രൂപ അനുവദിക്കുന്നു.

5. വിവിധ പ്രോജക്റ്റുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതിപ്രകാരം പരമാവധി 20 ലക്ഷം രൂപ (ഓഹരി - 5 ലക്ഷം രൂപ+ സബ്സിഡി - 15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

6. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് 5 ലക്ഷം രൂപ (ഓഹരി- 1,50,000 രൂപ + സബ്സിഡി - 3,50,000 രൂപ) അനുവദിച്ചുവരുന്നു.

7. നൂതന പദ്ധതികൾ നടന്നുവരുന്നത് കൂടാതെ സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജനി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും ടി

പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി - 50%, ഓഹരി - 35%) എന്ന ക്രമത്തിൽ അനുവദിക്കുന്നു. സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി - 10 ലക്ഷം രൂപ + വായ്പ - 30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

8. കൂടാതെ ടി സംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കി തീർക്കുകയെന്ന ലക്ഷ്യത്തോടെ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപ (ഓഹരി - 20.00 ലക്ഷം രൂപ + സബ്സിഡി - 30 ലക്ഷം രൂപ) അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്.

9. ഇതിനുപുറമെ റിവോൾവിംഗ് ഫണ്ടിനത്തിലും ടി സംഘങ്ങൾക്ക് പരമാവധി 5 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

കൂടാതെ സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും

ടി പദ്ധതിയിലൂടെ നടപ്പാക്കുന്ന പ്രോജക്റ്റുകൾക്ക് 85% തുക (സബ്സിഡി - 50%, ഓഹരി - 35%) ധനസഹായമായി അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**വായ്പകൾക്ക് പലിശ ഇളവ്**

358 (750) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് സാഹചര്യത്തിൽ, സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകൾക്ക് പലിശ കൃത്യമായി തിരിച്ചടയ്ക്കാൻ കഴിയാത്ത ആളുകൾക്ക് പ്രത്യേക പലിശ ഇളവുകളോ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് കോവിഡ് പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് 'നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പാക്കിവരുന്നു. ടി പദ്ധതിപ്രകാരം എല്ലാ വായ്പകളിലും പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. വ്യവസ്ഥയ്ക്ക്

വിധേയമായി 50% വരെ പലിശയും അർഹരായവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി മുതലിലും ഇളവനുവദിക്കാറുണ്ട്. 2021 ആഗസ്റ്റ് 16-ന് ആരംഭിച്ച പദ്ധതി കോവിഡ് പശ്ചാത്തലം കണക്കിലെടുത്ത് 2022 ജൂൺ 30 വരെ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കോവിഡുമൂലം ദുരിതമനുഭവിക്കുന്ന വായ്പക്കാർക്ക് സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും 30-06-2022 വരെ നടപ്പാക്കുന്നതിനായി അംഗീകരിച്ച് നൽകിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഉപനിബന്ധനയിൽ നിരവധിയായ ഇളവുകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോവിഡുമൂലം ദുരിതമനുഭവിക്കുന്ന വായ്പക്കാർക്ക് സംസ്ഥാന സഹകരണ ബാങ്കിൽ RBI Resolution Frame Work 2.0 അനുസരിച്ച് സ്റ്റാൻഡേർഡ് കാറ്റഗറിയിൽപ്പെട്ട വായ്പക്കാർക്ക് മൊറട്ടോറിയം, റീസ്ട്രക്ചറിംഗ് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നടപ്പാക്കിയിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസി കോംപ്രമൈസ് സെറ്റിൽമെന്റ് സ്കീം പ്രകാരവും കുടിശ്ശിക വായ്പകൾ ഇളവുകളോടെ തീർപ്പാക്കി നൽകിവരുന്നു

**സഹകരണ ബാങ്ക് വായ്പ ഇളവ്**

359 (751) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കിൽനിന്നും വായ്പയെടുത്തവർക്ക് കോവിഡിന്റെ സാഹചര്യത്തിൽ തിരിച്ചടവിന് ബുദ്ധിമുട്ടുള്ളതുകൊണ്ട് എന്തെങ്കിലും ഇളവ് നൽകുന്നുണ്ടോ?

സംസ്ഥാനത്ത് കോവിഡ്-19 രോഗബാധ ഉണ്ടായതിനെത്തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായ പശ്ചാത്തലത്തിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01-03-2020 മുതൽ 31-08-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുതലായ സ്ഥാപനത്തിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീരവികസനവും മൃഗ സംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ

സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് കോവിഡ് പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" നടപ്പാക്കി വരുന്നു. ടി പദ്ധതിപ്രകാരം എല്ലാ വായ്പകളിലും പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി 50% വരെ പലിശയിലും അർഹരായവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി മുതലിലും ഇളവ് അനുവദിക്കുന്നു. 2021 ആഗസ്റ്റ് 16-ന് ഒന്നര മാസക്കാലയളവിലേയ്ക്ക് ആരംഭിച്ച ടി പദ്ധതി വായ്പാക്കാർക്ക് പരമാവധി പ്രയോജനം ലഭ്യമാക്കുന്നതിനായി തുടർന്നുവരുന്നു. നിലവിൽ പദ്ധതിയുടെ കാലാവധി 2022 ജൂൺ 30 വരെയാണ്.

കോവിഡുമൂലം ദുരിതമനുഭവിക്കുന്ന വായ്പാക്കാർക്ക് സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും 30-06-2022 വരെ നടപ്പാക്കുന്നതിനായി അംഗീകരിച്ച് നൽകിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം നിരവധിയായ ഇളവുകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോവിഡുമൂലം ദുരിതമനുഭവിക്കുന്ന വായ്പക്കാർക്ക് സംസ്ഥാന സഹകരണ ബാങ്കിൽ RBI

Resolution Frame Work 2.0 അനുസരിച്ച് സ്റ്റാന്റേർഡ് കാറ്റഗറിയിൽപ്പെട്ട വായ്പക്കാർക്ക് മൊറട്ടോറിയം, റീസ്ട്രക്ചറിംഗ് അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നടപ്പാക്കിയിട്ടുള്ള Recovery Management Policy Compromise Settlement Scheme പ്രകാരവും കുടിശ്ശിക വായ്പകൾ ഇളവുകളോടെ തീർപ്പാക്കി നൽകിവരുന്നു.

(ബി) സഹകരണ ബാങ്കുകൾ ജപ്തി നടപടിയിലേയ്ക്ക് പോകുന്നത് വായ്പ എടുത്തവർക്ക് വളരെയധികം മാനസിക പ്രശ്നം സൃഷ്ടിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പ കുടിശ്ശികയുള്ളവരും ജപ്തിനടപടികൾ നേരിടുന്നവരുമായ വായ്പാക്കാർക്കായി കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും മറ്റ് സഹകരണ സംഘം/ബാങ്കുകളിലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ടി പദ്ധതിയിലൂടെ വായ്പാക്കാർക്ക് പരമാവധി ഇളവുകൾ ലഭ്യമാക്കി വായ്പാ കുടിശ്ശിക തീർത്ത് ജപ്തി നടപടികൾ ഒഴിവാക്കാവുന്നതാണ്.

കേരള സംസ്ഥാന സഹകരണ ബാങ്കിൽ RBI Resolution Frame Work 2.0 അനുസരിച്ച് സ്റ്റാന്റേർഡ് കാറ്റഗറിയിൽപ്പെട്ട വായ്പാക്കാർക്ക്

മൊറട്ടോറിയം, റീസ്ട്രക്ച്ചറിംഗ് അനുവദിച്ച് നൽകിയിട്ടുള്ളതും Recovery Management Policy Compromise Settlement Scheme പ്രകാരം കുടിശ്ശിക വായ്പകൾ ഇളവുകളോടെ തീർപ്പാക്കി നൽകിവരുന്നുമുണ്ട്.

(സി) കോവിഡ് വ്യാപനത്തെത്തുടർന്ന് ജോലി നഷ്ടപ്പെട്ടതുമൂലം വായ്പയെടുത്തവർക്ക് തിരിച്ചടയ്ക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, കോവിഡ് വ്യാപനത്തെത്തുടർന്ന് ജോലി നഷ്ടപ്പെട്ടതുമൂലം വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ സാധിക്കാത്തവർ ഉൾപ്പെടെയുള്ള വായ്പാ കുടിശ്ശികക്കാർക്ക് പരമാവധി ആശ്വാസം ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. 2021 ആഗസ്റ്റ് 16-ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിൽ 2022 ജൂൺ 30 വരെ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ ബാങ്കിൽ RBI Resolution Frame Work 2.0 അനുസരിച്ച് സ്റ്റാൻഡേർഡ് കാറ്റഗറിയിൽപ്പെട്ട വായ്പാക്കാർക്ക് മൊറട്ടോറിയം, റീസ്ട്രക്ച്ചറിംഗ് അനുവദിച്ച് നൽകിയിട്ടുള്ളതും Recovery Management Policy Compromise Settlement Scheme പ്രകാരം കുടിശ്ശിക വായ്പകൾ ഇളവുകളോടെ തീർപ്പാക്കി നൽകിവരുന്നുമുണ്ട്.

## മണ്ണാർക്കാട് മണ്ഡലത്തിലെ റിസ്ക് ഫണ്ട് സഹായം

360 (752) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽനിന്ന് റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് വിവിധ സഹകരണ ബാങ്കുകളിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം ബാങ്ക് തിരിച്ച് ലഭ്യമാക്കുമോ?

2022 മാർച്ച് മാസം വരെ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽനിന്നും 361 റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകൾ ബോർഡിലേയ്ക്ക് ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇതിൽ എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നതിന്റെ വിവരം നൽകുമോ; അർഹരായ എല്ലാ അപേക്ഷകർക്കും ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

പ്രസ്തുത അപേക്ഷകളിൽ 219 ഗുണഭോക്താക്കൾക്കായി 1,88,28,212/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. ബാക്കി നിൽപ്പുള്ള അപേക്ഷകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിയന്തരമായി നടപടികൾ പൂർത്തിയാക്കുന്നതാണ്.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ റിസ്ക് ഫണ്ട്

361 (753) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ബാങ്ക് തിരിച്ച് അറിയിക്കാമോ?

2016-17 മുതൽ 2021-22 വരെ ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്നും 685 റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകൾ ബോർഡിൽ ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ആനുകൂല്യം നൽകിയെന്ന് ബാങ്ക് തിരിച്ച് അറിയിക്കാമോ?

പ്രസ്തുത അപേക്ഷകളിൽ 427 ഗുണഭോക്താക്കൾക്കായി 2,78,83,840/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി ചേർക്കുന്നു[+].

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ റിസ്ക് ഫണ്ട്

362 (754) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം 2016-2021 കാലയളവിൽ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

2016 ജനുവരി മുതൽ 2021 ഡിസംബർ വരെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 474 ഗുണഭോക്താക്കൾക്കായി 3,88,90,858/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി[+] ചേർക്കുന്നു.

## റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി

363 (755) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലുൾപ്പെട്ട എത്ര

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽനിന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി 168 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അവയിൽ എത്രപേർക്ക് പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

രണ്ട് അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) എത്ര അപേക്ഷകൾ റിസ്ക് ഫണ്ട് ബോർഡിന്റെ പരിഗണനയിൽ കുടിശ്ശികയായുണ്ടെന്ന് വ്യക്തമാക്കാമോ; അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽനിന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബോർഡിന്റെ പരിഗണനയിൽ 166 അപേക്ഷകൾ കുടിശ്ശികയായുണ്ട്. മേൽ കുടിശ്ശിക അപേക്ഷകളിൽ മൂന്ന് അപേക്ഷകൾ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ബാങ്ക്/സംഘങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതും ഒരു അപേക്ഷ നിരസിക്കുന്നതിനും നാല് അപേക്ഷകൾക്ക് ആനുകൂല്യം

നൽകുന്നതിനുമായുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ബാക്കി 158 അപേക്ഷകളിൽ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റിസ്ക് ഫണ്ട്**

364 (756) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ അനുവദിക്കുന്ന റിസ്ക് ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സഹകരണ ബാങ്കുകൾ നൽകിവരുന്ന കാർഷിക കാർഷികേതര (സ്വർണ്ണ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) വായ്പകൾക്കാണ് റിസ്ക് ഫണ്ട് ആനുകൂല്യം നൽകിവരുന്നത്. വായ്പ എടുക്കുന്ന അംഗങ്ങൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം (ഏറ്റവും കുറഞ്ഞത് 100/- രൂപയും പരമാവധി 1000/- രൂപയും) ഒടുക്കേണ്ടതാണ്. മരണപ്പെട്ട/മാരക രോഗം ബാധിച്ച തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്. വായ്പക്കാരൻ മരണപ്പെട്ടാൽ ആറ് മാസത്തിൽ അധികരിച്ച് വായ്പാമുതൽ തിരിച്ചടവിൽ കുടിശ്ശിക (റിസ്ക്

ഫണ്ട് ചികിത്സാ ധനസഹായത്തിന് കുടിശ്ശിക ബാധകമല്ല) ഉണ്ടാകാൻ പാടില്ല. വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പാമുതൽ അല്ലെങ്കിൽ 2,00,000/- രൂപ (രണ്ടുലക്ഷം രൂപ) ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽനിന്നും നൽകുന്നതാണ്. ഒന്നിൽ കൂടുതൽ കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽനിന്നും നൽകുന്നതാണ്. വായ്പ എടുത്തതിനുശേഷം മാരക രോഗം പിടിപെടുന്ന അംഗങ്ങൾക്ക് വായ്പ മുതലിനത്തിൽ പരമാവധി 1,00,000/- രൂപ ഈ പദ്ധതിയിലെ നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

(ബി) റിസ്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>അർഹതാ മാനദണ്ഡങ്ങൾ</u>

1. വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും സ്വർണ്ണപ്പണയ

വായ്പയും നിക്ഷേപ വായ്പയും എടുക്കുന്ന വായ്പക്കാർക്ക് റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

2. വായ്പയെടുക്കുന്ന അംഗങ്ങളിൽനിന്നും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം ഒടുക്കേണ്ടതാണ്.

3. മരണപ്പെട്ട തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്.

4. വായ്പക്കാരൻ മരണപ്പെട്ടാൽ 6 മാസത്തിൽ അധികരിച്ച് വായ്പാമുതൽ തിരിച്ചടവിൽ കുടിശ്ശികയുണ്ടാകാൻ പാടില്ല.

5. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച് അടച്ചു തീർത്ത വായ്പകൾക്കും ധനസഹായത്തിന് അർഹതയില്ല.

<u>മാരകരോഗം</u>

1. മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്ത വായ്പക്കാർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത് .

2. വായ്പയെടുക്കുന്ന തീയതിയിൽ നിയമാനുസൃത പ്രീമിയം അടവാക്കേണ്ടതാണ്.

3. 30-03-2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരക രോഗങ്ങളായ ക്യാൻസർ ബാധിക്കുക, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരാകുക, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരാകുക, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലാകുക, എയ്ഡ്സ് രോഗം ബാധിക്കുക എന്നിവ പിടിപെടുന്നവർക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000/- രൂപയോ ചികിത്സാ ധനസഹായം നൽകുന്നു.

4. 29-02-2016 മുതൽ വായ്പ എടുത്തതിനുശേഷം ടി.ബി. ലിവർ സീറോസിസ് പിടിപെടുന്ന അംഗങ്ങൾക്കും വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000/- രൂപയോ നൽകിവരുന്നു.

5. 20-09-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതിപ്രകാരം കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്ത വിധം അവയവം മുറിച്ച് മാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർ എന്നിവർക്ക് എത്ര വായ്പകളുണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,00,000/- രൂപ ഈ പദ്ധതിയിലെ ഇതരനിബന്ധനകൾക്ക്

വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

<u>റിസ്ക് ഫണ്ട് ധനസഹായ തുക</u>

1. പദ്ധതി നിലവിൽ വന്ന തീയതി മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 1,00,000/- രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.

2. 30-03-2012 മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 1,50,000/- രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.

3. 20-09-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതിപ്രകാരം വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 2,00,000/- രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽനിന്നും നൽകാവുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത

കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽനിന്നും നൽകാവുന്നതാണ്.

4. ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകളെടുത്താലും പരമാവധി 5,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

**റിസ്ക് ഫണ്ട്**

365 (757) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം പ്രതിസന്ധിയിലായവർക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്ന സമയത്ത് ലോൺ അടയ്ക്കാതിരിക്കുകയും ആ കാലയളവിൽ ലോൺ എടുത്ത വ്യക്തി മരണപ്പെടുകയും റിസ്ക് ഫണ്ടിനുവേണ്ടി അപേക്ഷിക്കുകയും ചെയ്തപ്പോൾ ലോൺ കുടിശ്ശികയുണ്ടെന്ന കാരണത്താൽ നിരവധി അപേക്ഷകൾ നിരസിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപേക്ഷകർക്ക് റിസ്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിരസിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കരുനാഗപ്പള്ളി പോരുവഴി അമ്പലത്തുംഭാഗം കൊച്ചുതുള്ളിൽ വീട്ടിൽ സുനിൽ കുമാർ, ടിയാളുടെ ഭാര്യ അംബികലക്ഷ്മി എന്നിവർ സംസ്ഥാന സഹകരണ ബാങ്ക് ശാസ്താംകോട്ട ശാഖയിൽനിന്നും എടുത്ത ലോണിന് റിസ്ക് ഫണ്ട് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ശാസ്താംകോട്ട ശാഖയിൽ നിന്നും വായ്പയെടുത്തിരുന്ന അംബികലക്ഷ്മിയുടെ റിസ്ക്ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ നാളിതുവരെ സർക്കാരിലോ, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലോ ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് കേരള ബാങ്കിൽ ഒരു അപേക്ഷ ലഭിച്ചിരുന്നു. ടി വായ്പക്കാരി മരണപ്പെടുന്ന സമയം വായ്പാ തിരിച്ചടവിൽ മുതലിനത്തിൽ 6 മാസത്തിലധികരിച്ച് കുടിശ്ശിക ഉണ്ടായിരുന്നുവെന്ന കാരണത്താൽ കേരള ബാങ്ക് സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് അയച്ചിട്ടില്ലെന്നാണ് കേരള ബാങ്ക് അറിയിച്ചിട്ടുള്ളത്. വിഷയം പരിശോധിച്ച് ആവശ്യമായ മേൽ നടപടി സ്വീകരിക്കുന്നതാണ്.

**സഹകരണ മേഖലയിലെ ആരോഗ്യ ഇൻഷ്വറൻസ്**

366 (758) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള മെഡിസെപ്പിന് സമാനമായി സഹകരണ മേഖലയിലെ ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

(എ&ബി) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അനുയോജ്യമായ ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി 13-05-2022-ലെ സ.ഉ.(സാധാ) നമ്പർ 331/2022/സഹ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ പൂർത്തിയായിട്ടില്ല.

**ഇരിക്കൂർ മണ്ഡലത്തിലെ കെയർ ഹോം പദ്ധതി**

367 (759) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കെയർ ഹോം

പദ്ധതിപ്രകാരം ആർക്കെല്ലാം ഭവനം ലഭ്യമാക്കിയെന്നും ഏത് സഹകരണ സംഘം മുഖേനയാണ് ലഭ്യമാക്കിയതെന്നും വിശദമാക്കുമോ?

ഇരിക്കൂർ മണ്ഡലത്തിൽ ചുവടെ ചേർക്കുന്ന രണ്ടുപേർക്ക് കെയർ ഹോം പദ്ധതിപ്രകാരം ഭവനം ലഭ്യമാക്കിയിട്ടുണ്ട്.

1. നടുവിൽ സർവ്വീസ് സഹകരണ ബാങ്കിന്റെ നിർമ്മാണ മേൽനോട്ടത്തിൽ നടുവിൽ ഗ്രാമപഞ്ചായത്തിൽ സരോജിനി, പുലിക്കിരി, മൈലംപെട്ടി, വെള്ളാട്.
2. മയ്യിൽ സർവ്വീസ് സഹകരണ ബാങ്കിന്റെ നിർമ്മാണ മേൽനോട്ടത്തിൽ ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ കെ. സി. സുധാകരൻ, കൊളച്ചേരി, ചിറമ്മൽ ഹൗസ്, ഇരിക്കൂർ.

## സഹകരണ എക്സ്പോ

368 (760) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ൽ നടത്തിയ സഹകരണ എക്സ്പോ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി

സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻഡ്രൈവ് മൈതാനത്തുവച്ച് 2022 ഏപ്രിൽ 18 മുതൽ 25 വരെ 8 ദിവസങ്ങളിലായി വളരെ മികവാർന്ന രീതിയിൽ സഹകരണ എക്സ്പോ സംഘടിപ്പിക്കുകയുണ്ടായി. എക്സ്പോ പവലിയനിലെ ശീതീകരിച്ച 60000 ചതുരശ്ര അടിയിലുള്ള 210 സ്റ്റാൾ സ്ഥല സൗകര്യങ്ങൾ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള അപ്പെക്സ് സ്ഥാപനങ്ങൾ, ബോർഡുകൾ, പ്രമുഖ ഹോസ്പിറ്റൽ സംഘങ്ങൾ, ഉൽപ്പാദക സഹകരണ സംഘങ്ങൾ, ഫങ്ഷണൽ രജിസ്ട്രാർമാരുടെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ദേശീയതലത്തിൽ പ്രാധാന്യമുള്ള സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവ ചേർന്ന് വിവിധ വലുപ്പത്തിലുള്ള ആകർഷകമായ 152 സ്റ്റാളുകൾ ഒരുക്കുകയുണ്ടായി.

ഉദ്ഘാടന സമ്മേളനം

2022 ഏപ്രിൽ 18 വൈകിട്ട് ഏഴിന് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഓൺലൈനിലൂടെ എക്സ്പോ-2022 ഉദ്ഘാടനം ചെയ്തു.

സെമിനാറുകൾ

എക്സ്പോയോട് അനുബന്ധിച്ച് സഹകരണ മേഖലയെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്ന വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകളാണ് മേളയിൽ സംഘടിപ്പിച്ചിരുന്നത്. 11 സെമിനാറുകളാണ് നടന്നത്. ഓരോ രംഗത്തെയും വിദഗ്ദ്ധരാണ് സെമിനാറുകളിൽ പങ്കെടുത്തത്. എല്ലാ സെമിനാറുകളും സഹകാരികളുടെ സാന്നിദ്ധ്യംമൂലം സമ്പന്നമായിരുന്നു.

<u>സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം</u>

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽനിന്നുള്ള സഹകരണ സ്ഥാപനങ്ങൾ പ്രദർശനത്തിൽ പങ്കെടുക്കാൻ എത്തിയിരുന്നു. കേരള ബാങ്ക്, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, റെയ്ഡ്കോ, കൺസ്യൂമർ ഫെഡ്, മിൽമ, മത്സ്യഫെഡ്, കേരഫെഡ്, റബ്കോ, എൻ.എം.ഡി.സി., കേരള ദിനേശ് ബീഡി സഹകരണ സംഘം, ടൂർഫെഡ്, സാഹിത്യ പ്രവർത്തക സഹകരണ സംഘം, പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, യുവജന സഹകരണ സംഘങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ, സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണ ആശുപത്രികൾ, വനിതാ സംഘങ്ങൾ, കൈത്തറി സംഘങ്ങൾ, കല്യാശ്ശേരി വീവേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം തുടങ്ങിയ സംഘങ്ങളാണ്

എക്സ്പോയിൽ പങ്കെടുത്തത്.

ദേശീയ പങ്കാളിത്തം

തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ, സഹകരണ സ്ഥാനപന ജീവനക്കാർ എന്നിവർ പങ്കെടുത്തു.

അന്തർദേശീയ പങ്കാളിത്തം

ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് ഏഷ്യ ആൻഡ് പസഫിക് റീജിയണൽ ഡയറക്ടർ ശ്രീ. ബാലസുബ്രഹ്മണ്യ അയ്യർ സഹകരണ എക്സ്പോയുടെ മുഖ്യ സാന്നിദ്ധ്യമായി മാറി.

എക്സ്പോ പ്രൊമോഷൻ

എക്സ്പോ ബാനറുകളും പോസ്റ്ററുകളും ചുവരെഴുത്തുകളും ഫ്ലയറുകളും നോട്ടീസുകളും ബ്രോഷറുകളും ഫെസ്റ്റിവൽ ബുക്കും ഓൺലൈൻ മീഡിയകളും പത്ര-ദൃശ്യ മാധ്യമങ്ങളും വഴി ലക്ഷക്കണക്കിന് ആളുകളിലേയ്ക്ക് സഹകരണ എക്സ്പോ വിവരങ്ങൾ എത്തിക്കാൻ കഴിഞ്ഞു.

സ്റ്റാൾ അവാർഡുകൾ

സെയിൽസ് വിഭാഗത്തിലും തീം വിഭാഗത്തിലും ഏറ്റവും മികച്ച

സ്റ്റാളുകൾക്ക് മൂന്ന് അവാർഡുകൾ വീതം നൽകി. കൂടാതെ 9 വിഭാഗങ്ങളിലുള്ള സ്റ്റാളുകൾക്ക് രണ്ട് അവാർഡുകൾ വീതവും നൽകി. അതിനുപരിയായി സേവന ദാദാക്കളെയും ആദരിച്ചു.

(ബി) പ്രസ്തുത എക്സ്പോയുടെ ഉദ്ദേശ്യം വ്യക്തമാക്കാമോ; ഉദ്ദേശ്യം അനുസരിച്ചുള്ള ഗുണഫലം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ എക്സ്പോ ഉദ്ദേശ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സഹകരണ പ്രസ്ഥാനത്തിന്റെ ശക്തി സമൂഹത്തിനെ ബോധ്യപ്പെടുത്തുക,
2. സംസ്ഥാനത്തെ സഹകരണ മാതൃകകൾ ആഗോള, ദേശീയതലത്തിൽ പരിചയപ്പെടുത്തുക,
3. സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുക, അവയ്ക്ക് വിപണിയിൽ സ്ഥാനം ഉറപ്പിക്കുക. കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലേയ്ക്ക് അവരെ കൊണ്ടെത്തിക്കുക,
4. കേരളത്തിലെ സഹകരണ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ഒരു ഏകീകൃത ബ്രാൻഡ് വികസിപ്പിക്കുക,
5. സഹകരണ മേഖലയിലെ പുതിയ ആശയങ്ങളുടെ

പ്രൊഫഷണലിസവും സാങ്കേതികവിദ്യയും പരിചയപ്പെടുത്തുക,

6. കേരളത്തിലെ സഹകരണ മേഖലയിലെ സേവനങ്ങൾ പരിചയപ്പെടുത്തുക,

7. കേരളത്തിലെ സഹകരണ മേഖലയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആഗോള വിപണി ലക്ഷ്യമിട്ട് നിലവാരമുള്ള മാർക്കറ്റ് വ്യാപനം നടത്തുക.

8. സമ്പുഷ്ടമായ കേരള ഉപഭോക്തൃ വിപണിയിൽ സഹകരണ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വർദ്ധിച്ച സാന്നിധ്യമുണ്ടാക്കുക.

9. സഹകരണ മേഖലയിലെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക തുടങ്ങിയവയായിരുന്നു എക്സ്പോയുടെ പ്രധാന ലക്ഷ്യങ്ങൾ.

എക്സ്പോയിലൂടെ സഹകരണ മേഖലയിലെ എല്ലാ ഉൽപ്പാദക സഹകരണ സംഘങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തിയതിനും പുറമെ അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പാക്കിവരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവയും

ജനങ്ങളിൽ എത്തിക്കുന്നതിനും സാധിച്ചതുൾപ്പെടെ എക്സ്പോയുടെ ഉദ്ദേശ്യം അനുസരിച്ചുള്ള ഗുണഫലം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പ്രസ്തുത എക്സ്പോയുടെ ഭാഗമായി വന്നിട്ടുള്ള ചെലവുകളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ; എക്സ്പോ നടത്തുന്നതിനായുള്ള വരുമാന സ്രോതസ്സ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചെലവുകൾ സംബന്ധിച്ച കണക്കുകൾ അന്തിമമായി പൂർത്തീകരിച്ചിട്ടില്ല.

സഹകരണ സ്ഥാപനങ്ങളിൽനിന്ന് സംഭാവനയായി ലഭിച്ച തുക, സ്റ്റാൾ വാടക ഇനത്തിൽ ലഭിച്ച തുക, ഗവൺമെന്റ് നൽകിയ സഹായം എന്നിവ ഉപയോഗിച്ചാണ് എക്സ്പോ നടത്തിയത്.

## കാസർഗോഡ് ജില്ലയിലെ മുന്നാട് സഹകരണ പരിശീലനകേന്ദ്രം

369 (761) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സർക്കിൾ സഹകരണ യൂണിയന്റെ കീഴിൽ മുന്നാട് കേന്ദ്രമായി എത്ര വർഷമായി സഹകരണ പരിശീലനകേന്ദ്രം

പ്രവർത്തിച്ചുവരുന്നു?

സംസ്ഥാന സഹകരണ യൂണിയനുകീഴിൽ 14 വർഷമായി സഹകരണ പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ലഭിച്ചിട്ടുണ്ട്. കുറ്റിക്കോൽ വില്ലേജ് റീസർവ്വേ നം. 53/3 സി-യിൽപ്പെട്ട 15 സെന്റ് ഭൂമി സഹകരണ പരിശീലന കേന്ദ്രത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി കാസർഗോഡ് എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സൗജന്യമായി വിട്ടുനൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചിട്ടുണ്ടോ; എങ്കിൽ അതിനുശേഷം കെട്ടിടം പണി തുടങ്ങാനുള്ള നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ;

(ഡി) കെട്ടിടം പണിയാനുള്ള നടപടി എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

(സി&ഡി) നിർമ്മാണത്തിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്ലാനും എസ്റ്റിമേറ്റും 17-10-2017-ൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ

തുടർ നടപടിയുണ്ടായില്ല. പുതിയ കമ്മിറ്റി വിളിച്ചുചേർത്ത് പ്രവർത്തനം ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുന്നതിന് നടപടി**

370 (762) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാലോചിതമായി നവീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നവീകരണ പദ്ധതികളാണ് പരിഗണനയിലുള്ളത്.

1. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപത്രങ്ങൾക്ക് പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം.

2. ബാങ്കുകളിൽനിന്നും, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും

ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം നടപ്പിലാക്കുകയുണ്ടായി.

3. രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കി 'smart contract' എന്ന ആശയം നടപ്പിലാക്കിക്കൊണ്ട് എല്ലാതരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം.

4. ആധാര പകർപ്പുകൾക്കായി അപേക്ഷ കക്ഷികൾ ഓഫീസിൽ വരാതെ തന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം.

5. വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷാ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിലാക്കും.

6. പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനാക്കും.

7. ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായും ഡിജിറ്റൽ രൂപം.

8. ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി അന്നേ ദിവസംതന്നെ ആധാരം മടക്കി നൽകുകയെന്ന

ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോട് അനുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തരം എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

9. രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യത പരിശോധിക്കും.

10. രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യം.

11. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിക്കും.

12. രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് കൂടുതൽ മികവുറ്റതാക്കും.

13. റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഏത് ആധാരവും രജിസ്ട്രേഷൻ നിയമ ഭേദഗതിക്കനുസൃതമായി സംസ്ഥാനത്തെ ഏത് സബ് രജിസ്ട്രാർ ഓഫീസുകളിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.

(ബി) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സബ്‌രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിന് 30-05-2020-ലെ സ.ഉ.(സാധാ) നം.373/2020/നി.വ. പ്രകാരം സബ് രജിസ്ട്രാർ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2020-21 സാമ്പത്തിക വർഷത്തിൽ 2030-03-001-95-00-67-00-N-V (Basic Amenities to Public) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 4.5 കോടി രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി. ഇതിൽനിന്നും സംസ്ഥാനത്തെ 315 സബ് രജിസ്ട്രാർ ഓഫീസുകളിലും 10 കസേരകൾ വീതം വിതരണം ചെയ്യുന്നതിന് സിഡ്കോയുമായി 12-11-2020-ലെ കരാർപ്രകാരം 1,48,64,850/- (ഒരു കോടി നാല്പത്തിയെട്ട് ലക്ഷത്തി അറുപത്തിനാലായിരത്തി എണ്ണൂറ്റി അൻപത്) രൂപയുടെ വർക്ക് ഓർഡർ നൽകുകയും ആയതിൻപ്രകാരം സിഡ്കോ 315 ഓഫീസുകളിലും കസേര വിതരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സബ് രജിസ്ട്രാർ ഓഫീസുകളിൽ വാട്ടർ ടാങ്ക്, വാട്ടർപമ്പ്, കിണർ, കുഴൽക്കിണർ, ശുചിമുറി മുതലായവയുടെ നിർമ്മാണ

പ്രവർത്തനങ്ങൾക്കായി 89,21,900/- (എൺപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി തൊള്ളായിരം) രൂപയും പ്രസ്തുത ശീർഷകത്തിൽനിന്നും വിനിയോഗിച്ചിട്ടുണ്ട്.

സബ് രജിസ്ട്രാർ ഓഫീസുകളിലെ റിക്കാർഡുകൾ സൂക്ഷിക്കുന്നതിന് 37 ഓഫീസുകളിൽ ആധുനിക രീതിയിലുള്ള കോംപാക്റ്ററുകൾ സ്ഥാപിച്ചു.

(സി) രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ?

1. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപത്രങ്ങൾക്ക് പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം.

2. ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം.

3. രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കിക്കൊണ്ട്

'smart contract' എന്ന ആശയം നടപ്പിലാക്കിക്കൊണ്ട് എല്ലാ തരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം.

4. മുൻ ആധാര വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കും.

5. ആധാര പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസിൽ വരാതെ തന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം.

6. വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷാ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനാക്കും.

7. പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനാക്കും.

8. ചിട്ടി രജിസ്ട്രേഷൻ പൂർണ്ണമായും ഡിജിറ്റൽ രൂപം.

9. ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി അന്നേ ദിവസം തന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോടനുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തരം എടുക്കുന്നതിനുള്ള

സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

10. രജിസ്ട്രാറുടെ മുമ്പാകെ ഹാജരാക്കേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യത പരിശോധിക്കും.

11. രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യം.

12. രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റ് കൂടുതൽ മികവുറ്റതാക്കും.

13. റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഏത് ആധാരവും സംസ്ഥാനത്തെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.

14. രജിസ്ട്രേഷൻ, റവന്യൂ, സർവ്വെ വകുപ്പുകളിൽ നിന്നുള്ള വിവിധ സേവനങ്ങൾക്ക് ഏകജാലക സംവിധാനം.

(ഡി) സബ് രജിസ്ട്രാർ ഓഫീസുകളിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സബ് രജിസ്ട്രാർ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി വഴി 51 കെട്ടിടങ്ങളുടെ നിർമ്മാണ പദ്ധതിക്കും

ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കുമായി 05-12-2017-ലെ സ.ഉ. (സാധാ)നം. 995/2017/നി.വ. ഉത്തരവുപ്രകാരം 100 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇതിൽ 32 കെട്ടിടങ്ങളുടെ പ്രവർത്തനോദ്ഘാടനവും ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയും നടക്കുകയുണ്ടായി. ബാക്കി ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

## സബ്-രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണം

371 (763) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതൊക്കെ സബ്-രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണത്തിനാണ് ഡിപ്പാർട്ട്മെന്റ് ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുള്ളതെന്നും ആയതിന് അനുവദിച്ച തുകയടക്കം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി നൽകിയ സബ് രജിസ്ട്രാർ ഓഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1) തൃശ്ശൂർ ജില്ലയിലെ മാള സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട

നിർമ്മാണത്തിനായി 1,10,80,000/- (ഒരു കോടി പത്ത് ലക്ഷത്തി എൺപതിനായിരം) രൂപയുടെ പുതുക്കിയ ഭരണാനുമതി.

2) തൃശ്ശൂർ ജില്ലയിലെ വാടാനപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസിന്റെ റിക്കാർഡ് റൂം നിർമ്മാണത്തിനായി 34,00,000/- (മുപ്പത്തിനാല് ലക്ഷം) രൂപയുടെ ഭരണാനുമതി.

3) കൊല്ലം ജില്ലയിലെ കൊട്ടാരക്കര (പ്രിൻസിപ്പൽ) സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 1,80,00,000/- (ഒരു കോടി എൺപത് ലക്ഷം) രൂപയുടെ പുതുക്കിയ ഭരണാനുമതി.

(ബി) തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂർ സബ്-രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും ആയതിന് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

2022-2023 സാമ്പത്തിക വർഷത്തിൽ 4059-01-051-95- മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന ശീർഷകത്തിലോ, പ്ലാൻ ഫണ്ടിലോ കതിരൂർ സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിന് തുക

വകയിരുത്തിയിട്ടില്ല. ആയതിനാൽ കതിരൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണം കിഫ്ബി പദ്ധതിപ്രകാരം നിർവ്വഹിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**പുതിയ രജിസ്ട്രേഷൻ കോംപ്ലക്സ്**

372 (764) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്തെ പുതിയ രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടക്കുന്ന കോതമംഗലം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ കോർട്ട് യാർഡിന്റെ ടൈൽ വർക്കുകൾ, കുഴൽകിണർ, മഴവെള്ളസംഭരണി എന്നിവ ഒഴികെ മറ്റ് നിർമ്മാണ ജോലികളെല്ലാം പൂർത്തിയായിട്ടുണ്ട്. റിക്കാർഡ് റൂമിലെ കോംപാക്ടർ സംവിധാനം, ലിഫ്റ്റ് സംവിധാനം എന്നിവ സ്ഥാപിച്ചിട്ടില്ല.

(ബി) പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിൽ എന്തെല്ലാം സൗകര്യങ്ങളാണ് തയ്യാറാക്കുന്നതെന്ന് വിശദമാക്കാമോ?

പൊതുജനങ്ങൾക്കുള്ള വാഹനപാർക്കിംഗ് സൗകര്യം, റാമ്പ്,

ശുചിമുറികൾ, വെയ്റ്റിംഗ് റൂം, റിക്കാർഡ് റൂമിലെ കോംപാക്ടർ, ലിഫ്റ്റ്, കുഴൽകിണർ, മഴവെള്ളസംഭരണി എന്നീ സൗകര്യങ്ങൾ പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിൽ തയ്യാറാക്കുന്നുണ്ട്.

(സി) ഇതിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

റിക്കാർഡ് റൂമിലെ കോംപാക്ടർ, ലിഫ്റ്റ്, കുഴൽകിണർ, മഴവെള്ളസംഭരണി നിർമ്മാണം, കോർട്ട് യാർഡിന്റെ ടൈൽ വർക്കുകൾ എന്നിവ ഒഴികെ ബാക്കിയെല്ലാ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) മുഴുവൻ പ്രവൃത്തികളും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2022 ജൂലൈ മാസം 31-തീയതിയോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിന്റെ പൂർത്തീകരണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

(ഇ & എഫ്) നിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരന് 1,75,000/- (ഒരു ലക്ഷത്തി എഴുപത്തയ്യായിരം) രൂപ പിഴ ചുമത്തുകയും നിർമ്മാണജോലികൾ വേഗത്തിലാക്കാൻ കർശനനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**വർക്കല സബ്-രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

373 (765) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല സബ്-രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

2016-17 ബഡ്ജറ്റുപ്രകാരം കിഫ്ബി പദ്ധതി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകുകയും പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് 19-01-2021-ൽ 1,58,32,062/- (ഒരു കോടി അൻപത്തിയെട്ട് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി അറുപത്തിരണ്ട്) രൂപയുടെ സാങ്കേതിക അനുമതി ലഭിക്കുകയുമുണ്ടായി. 20-01-2021-ൽ ഓൺലൈനിലൂടെയും പത്രങ്ങളിലൂടെയും ദർഘാസ്

ക്ഷണിക്കുകയുണ്ടായെങ്കിലും, നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും കോവിഡ്-19 മഹാമാരി പടർന്നതിനോടനുബന്ധിച്ച് ലോക്ക്ഡൗൺ നിലവിൽ വന്നതിനാലും ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി കൂടാൻ സാധിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ, പ്രസ്തുത ദർഘാസ് റദ്ദുചെയ്ത് 23-07-2021 ഓൺലൈനിലൂടെയും ദിനപത്രങ്ങളിലൂടെയും പുനർദർഘാസ് ക്ഷണിക്കുകയുണ്ടായി. പ്രസ്തുത ദർഘാസിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. എസ്. രതീഷിന്റെ ദർഘാസ് ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും 21-10-2021-ന് നടന്ന ടെണ്ടർ കമ്മിറ്റി പ്രവൃത്തി കോമ്പസിറ്റ് വർക്കായി വീണ്ടും ടെണ്ടർ ചെയ്യാൻ നിർദ്ദേശിക്കുകയാണുണ്ടായത്. PRICE-2 എന്നത് PRICE-3-ലേയ്ക്കും DSoR 2016 എന്നത് DSoR 2018-ലേയ്ക്കും മാറ്റം വന്ന സാഹചര്യത്തിൽ, പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് പുനർനിർണ്ണയിച്ച് ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി, ആയത് കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ്

കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

**പട്ടാമ്പി മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ**

374 (766) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ എത്ര സ്മാർട്ട് സബ് രജിസ്ട്രാർ ഓഫീസുകളാണ് നിലവിലുള്ളത്?

പട്ടാമ്പി മണ്ഡലത്തിൽ സ്മാർട്ട് സബ് രജിസ്ട്രാർ ഓഫീസുകളില്ല.

(ബി) പട്ടാമ്പി മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സബ് രജിസ്ട്രാർ ഓഫീസുകളുണ്ട്;

(സി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) പട്ടാമ്പി മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകളില്ല.

## ഗുരുവായൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ

375 (767) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോട്ടപ്പടി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനും അണ്ടത്തോട് സബ് രജിസ്ട്രാർ ഓഫീസിനെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചാവക്കാട് സബ് രജിസ്ട്രാർ ഓഫീസ് നവീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

(ബി) കാലപ്പഴക്കംമൂലം ഉപയോഗശൂന്യമായ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാലപ്പഴക്കംമൂലം ഉപയോഗശൂന്യമായ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കിഫ്ബിപദ്ധതി മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നൂറ് കോടി രൂപ വകയിരുത്തുകയും ആയതുപ്രകാരം

51 കെട്ടിടങ്ങളുടെ നിർമ്മാണപദ്ധതിക്കും ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 32 കെട്ടിടങ്ങളുടെ പ്രവർത്തനോദ്ഘാടനം നടത്തുകയും, ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം

376 (768) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണത്തിനുള്ള ബാലൻസ് എസ്റ്റിമേറ്റിന് അനുമതി ലഭ്യമായിട്ടുണ്ടോ; ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാമോ?

(എ&ബി) മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണത്തിനുള്ള ബാലൻസ് എസ്റ്റിമേറ്റിന് ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയത് കിഫ്ബിയുടെ

അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**എടച്ചേരി സബ് രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണം**

377 (769) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി സബ് രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലയിലെ എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്തിൽ സർവ്വേ നമ്പർ 163/5-ൽപ്പെട്ട എടച്ചേരി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി വിട്ടുനൽകാമെന്ന് എടച്ചേരി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. നിലവിൽ ഭൂമി ലഭ്യമായിട്ടില്ല.

(ബി) കോഴിക്കോട് ജില്ലയിൽ വാടക കെട്ടിടത്തിൽ രജിസ്ട്രേഷൻ

ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ 12 സബ് രജിസ്ട്രാർ ഓഫീസുകൾ നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. അഴിയൂർ
2. ചാലപ്പുറം
3. ചാത്തമംഗലം
4. വില്യാപ്പള്ളി
5. ബാലുശ്ശേരി
6. ചേമഞ്ചേരി
7. എടച്ചേരി
8. കക്കട്ടിൽ
9. മീഞ്ചന്ത
10. മേപ്പയ്യൂർ
11. മാവൂർ
12. തിരുവമ്പാടി

## എറണാകുളം ജില്ലാ രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

378 (770) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ കേരള മെട്രോ റെയിൽ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കായി രജിസ്ട്രേഷൻ വകുപ്പ് വിട്ടുകൊടുത്ത 13 സെന്റ് സ്ഥലത്ത് 9500 ച. അടി വിസ്തീർണ്ണമുള്ള ഇരുനില കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന എറണാകുളം ജില്ലാ രജിസ്ട്രാർ ഓഫീസ് സമുച്ചയത്തിൽ പ്രവർത്തിച്ചിരുന്ന മറ്റ് ഓഫീസുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ദക്ഷിണ മദ്ധ്യമേഖല രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫീസ്, ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്, ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) ഓഫീസ്, ചിട്ടി ആഡിറ്റർ ഓഫീസ്, ചിട്ടി ഇൻസ്പെക്ടർ ഓഫീസ്, അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ ഓഫീസ് എറണാകുളം, ബൈൻഡിംഗ് സെക്ഷൻ.

(ബി) 2014-ൽ കൊച്ചി മെട്രോയ്ക്കായി വിട്ടുകൊടുത്ത ഓഫീസ് സമുച്ചയത്തിനുപകരമായി നാളിതുവരെ സർക്കാരോ കെ.എം.ആർ.എൽ. അധികൃതരോ സ്ഥലമോ കെട്ടിടമോ അനുവദിച്ചിട്ടുണ്ടോ?

ഇല്ല.

(സി) ഇപ്പോൾ ജില്ലാ രജിസ്ട്രാർ ഓഫീസ് സമുച്ചയം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പൊതുജനങ്ങൾക്കാവശ്യമായ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുമുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുജനങ്ങൾക്കായി ശുചിമുറി, ഇരിപ്പിട സൗകര്യം, വാഹനപാർക്കിംഗ് സൗകര്യം എന്നിവ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ലഭ്യമല്ല.

(ഡി) നിലവിലെ ഓഫീസ് സമുച്ചയം പ്രവർത്തിക്കുന്നത് എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിലാണ്; പ്രസ്തുത കെട്ടിടത്തിൽ ഏതൊക്കെ ഓഫീസുകൾ പ്രവർത്തിക്കുന്നു?

5029 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിലാണ് നിലവിലെ ഓഫീസ് സമുച്ചയം പ്രവർത്തിക്കുന്നത്. ദക്ഷിണ മദ്ധ്യമേഖലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫീസ്, ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്, ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) ഓഫീസ്, ചിട്ടി ഇൻസ്പെക്ടർ ഓഫീസ്, എറണാകുളം അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ ഓഫീസ് എന്നിവ പ്രവർത്തിച്ചുവരുന്നു.

(ഇ) എറണാകുളം ജില്ലാ രജിസ്ട്രാർ ഓഫീസ് സമുച്ചയത്തിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾക്കായി പുതിയ കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല.

(എഫ്) സൗത്ത് മെട്രോ സ്റ്റേഷൻ കെട്ടിടത്തിൽ ഓഫീസുകൾക്ക് ആവശ്യമായ സ്ഥലം അനുവദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## ആലത്തൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

379 (771) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം പൂർത്തീകരിക്കാൻ വൈകുന്നതിന്റെ കാരണവും അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ?

(എ&ബി) കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണം കൺസ്ട്രക്ഷൻ കോർപ്പറേഷൻ 17-09-2019-ന് ആരംഭിച്ചിരുന്നു. എന്നാൽ പുതിയ കെട്ടിട നിർമ്മാണത്തിനെതിരെ ശ്രീ. കെ. വി. വിജയകുമാരൻ എന്നയാൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ സമർപ്പിച്ചിട്ടുള്ള ഹർജിയുടെ അടിസ്ഥാനത്തിൽ ട്രൈബ്യൂണലിൽ നിന്നുമുള്ള ഉത്തരവുപ്രകാരം കുഴൽമന്ദം ഗ്രാമപഞ്ചായത്തിൽനിന്നും അനുവദിച്ച കെട്ടിടനിർമ്മാണത്തിനുള്ള പെർമിറ്റ് സ്റ്റേ ചെയ്യുകയും 03-10-2019 മുതൽ കെട്ടിടനിർമ്മാണം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയുമാണ്. ഈ കേസിൽ യഥാർത്ഥ വസ്തുതകൾ കോടതി മുമ്പാകെ ബോധിപ്പിച്ച് സ്റ്റേ ഉത്തരവ് പിൻവലിക്കുന്നതിനും സർക്കാരിനെ പ്രതിനിധീകരിച്ച് കേസ് നടത്തുന്നതിനും പാലക്കാട് ജില്ലാ രജിസ്ട്രാർ (ജനറൽ)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് ജില്ലാ രജിസ്ട്രാർ, പാലക്കാടിനെ കക്ഷി ചേർത്തുകൊണ്ട് ബഹുമാനപ്പെട്ട കോടതിയിൽനിന്നും അനുമതി ഉത്തരവ് ലഭിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസിന്റെ സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസ് കെട്ടിടങ്ങളുടെ വാടക ഏകീകരണം**

380 (772) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ വിവിധ ഓഫീസുകൾ പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങളുടെ വാടക ഏകീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ സാഹചര്യം വിശദമാക്കുമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിലെ വിവിധ ഓഫീസുകൾ പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങളുടെ വാടക ഏകീകരിക്കുന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വിശദീകരിക്കുമോ?

(എ&ബി) നിലവിൽ പരിഗണനയിലില്ല.

(സി) പാനൂർ സബ് രജിസ്ട്രാർ ഓഫീസ് വാടക കെട്ടിടത്തിലേയ്ക്ക് മാറുന്നതിനുള്ള തടസ്സങ്ങളെന്താണെന്നും ആയത് എപ്പോൾ പരിഹരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

വാടക കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അപേക്ഷ പരിശോധിച്ചതിൽ BSNL-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് വർഷംതോറും 5 ശതമാനമെന്ന നിരക്കിലോ അല്ലെങ്കിൽ ഓരോ 3 വർഷം കൂടുമ്പോഴും 15 ശതമാനമെന്ന

നിരക്കിലോ വാടക വർദ്ധനവും 3 മാസത്തെ വാടക Security Deposit-ഉം ആവശ്യപ്പെട്ടിരുന്നു. എന്നാൽ കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുന്നത് സംബന്ധിച്ച് 10-01-2022-ലെ G.O. (MS) No.1/2022/PWD ഉത്തരവിൽ അതിനുള്ള വ്യവസ്ഥയില്ലാത്തതിനാൽ അനുയോജ്യമായ മറ്റൊരു കെട്ടിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ നിയമനം

381 (773) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും അപേക്ഷ ക്ഷണിക്കുകയും ചെയ്തശേഷം 31-03-2022-ന് നിലവിൽ വന്ന ഒഴിവിലേയ്ക്ക് 01-04-2022-ന് രജിസ്ട്രേഷൻ ഐ.ജി. ഓഫീസിൽനിന്നും ട്രാൻസ്ഫർ നടത്തി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് നിയമനം നൽകിയതും നിലവിലുണ്ടായിരുന്ന പല ഒഴിവുകളിലേയ്ക്കും നിയമനം നൽകിയതുംവഴി ഓൺലൈൻ ട്രാൻസ്ഫർ അട്ടിമറിക്കപ്പെട്ടുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഓൺലൈൻ ട്രാൻസ്ഫർ അട്ടിമറിക്കപ്പെട്ടുവെന്ന ആരോപണം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെറ്റേണിറ്റി ലീവിലായിരുന്ന ജീവനക്കാരി അവധി അവസാനിച്ചശേഷം മാതൃജില്ലയിൽ നിയമനം നൽകണമെന്ന് അപേക്ഷ സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത അപേക്ഷ പരിഗണിച്ച് ടിയാൾക്ക് 01-04-2022-ന് നിയമനം നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ അതിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

(സി) രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ വഴി ട്രാൻസ്ഫറിന് അപേക്ഷ സ്വീകരിച്ചിട്ടും നാളിതുവരെയായി സ്ഥലംമാറ്റം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിലെ സബ് രജിസ്ട്രാർ മുതൽ സീനിയർ ക്ലർക്ക് വരെയുള്ള തസ്തികയിലെ ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഓൺലൈൻ ട്രാൻസ്ഫറിന് കുറച്ചുപേർ മാത്രം ഉൾപ്പെട്ട കരട് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചതെന്ന ആക്ഷേപം പരിഹരിക്കുന്നതിന് നടപടി

സ്വീകരിച്ചിട്ടുണ്ടോ?

രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച കരട് പട്ടിക പൂർണ്ണമായും "സ്പാർക്ക്" സോഫ്റ്റ്‌വെയർ സ്വയമേവയാണ് തയ്യാറാക്കിയിട്ടുള്ളത്. കരട് പട്ടിക സംബന്ധിച്ച് ആക്ഷേപം സമർപ്പിക്കാൻ ജീവനക്കാർക്ക് അവസരം നൽകുകയും ലഭ്യമായിട്ടുള്ള ആക്ഷേപം പരിശോധിച്ചതിനുശേഷം അന്തിമപട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) രജിസ്ട്രേഷൻ ഐ.ജി. വകുപ്പ് ആസ്ഥാനത്ത് മൂന്നുവർഷത്തിലേറെയായി ജോലി ചെയ്യുന്ന പല ഉദ്യോഗസ്ഥരെയും കരട് ലിസ്റ്റിൽ പോലും ഉൾപ്പെടുത്താതെ നിലനിർത്തിയിരിക്കുന്നതിന്റെ കാരണം വിശദീകരിക്കാമോ?

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-14) വകുപ്പിന്റെ 25-02-2017-ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ ഉത്തരവിന് വിധേയമായി "സ്പാർക്ക്" സോഫ്റ്റ്‌വെയർ സ്വയമേവയാണ് കരട് പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

## രജിസ്ട്രേഷൻ ഐ.ജി. ഓഫീസ് ജീവനക്കാർ

382 (774) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഐ.ജി. ഓഫീസിൽ നിലവിൽ ജോലിനോക്കുന്ന സീനിയർ സൂപ്രണ്ടുമാർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലാർക്കുമാർ എന്നിവർ കഴിഞ്ഞ ആറുവർഷമായി ജോലിചെയ്ത (വിവിധ തസ്തികകളിലായി) ഓഫീസുകൾ ഏതൊക്കെയാണെന്ന വിവരം ലഭ്യമാക്കുമോ;

(ബി) ആകെ സർവ്വീസിൽ 20 വർഷത്തിലധികം രജിസ്ട്രേഷൻ ഐ.ജി. ഓഫീസിൽ മാത്രം ജോലി ചെയ്ത എത്ര പേർ വകുപ്പിൽ സേവനത്തിലുണ്ട്; പേര്, തസ്തിക, ജോലിചെയ്ത കാലയളവ് സഹിതം വിവരം ലഭ്യമാക്കുമോ?

(എ&ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[നക്ഷത്രചിഹ്നമിടാത്ത 392, 394, 483, 484, 524, 525, 530 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.]

*****

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**[10.00 AM]**

## II അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: ഓർഡർ....... ഓർഡർ....... മുഖ്യമന്ത്രിയുടെ വിദേശസന്ദർശന വേളയിൽ ഡോളർ കടത്ത് നടന്നുവെന്ന് സ്വർണ്ണക്കടത്ത് കേസ്സിലെ പ്രതി മജിസ്ട്രേറ്റ് കോടതിയിൽ CrPC സെക്ഷൻ 164 പ്രകാരം മൊഴി നൽകിയ വിവരം പുറത്തുവന്നതിനെത്തുടർന്ന് പ്രസ്തുത കേസ് അട്ടിമറിക്കാൻ ശ്രമിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിന്റെ വിവിധ കാര്യങ്ങൾ കേരളീയ സമൂഹം അറിയാൻ ആഗ്രഹിക്കുന്നതുകൊണ്ട് നമുക്ക് ചർച്ച ചെയ്യാം.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ..... ചട്ടം 50 പ്രകാരം ശ്രീ. ഷാഫി പറമ്പിലും മറ്റ് അഞ്ചുപേരും ചേർന്ന് നോട്ടീസ് നൽകിയ

വിഷയത്തിന്മേൽ ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ച സാഹചര്യത്തിൽ അനുസംബന്ധിച്ച് ചട്ടം 55 പ്രകാരം ഉച്ചയ്ക്ക് 1.00 മണിക്ക് ചർച്ച ആരംഭിക്കാവുന്നതാണ്. രണ്ട് മണിക്കൂറായിരിക്കും ചർച്ച. ധനാഭ്യർത്ഥന ചർച്ചയ്ക്കായി നീക്കിവച്ചിട്ടുള്ള സമയം ഇതിനനുസരിച്ച് ക്രമീകരിക്കുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## III. ശ്രദ്ധ ക്ഷണിക്കൽ

(1) സംരക്ഷിത വനങ്ങളോട് ചേർന്നുള്ള ജനവാസ മേഖലകളെ ഒഴിവാക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, 2022 ജനുവരിയിൽ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച കരട് വിജ്ഞാപനത്തിലൂടെ കേരളത്തിലെ ഏതാനും ജനവാസ കേന്ദ്രങ്ങൾ പരിസ്ഥിതിലോല പ്രദേശങ്ങളായും അതിന്റെ ബഫർ സോണുകളായും പ്രഖ്യാപിക്കുകയുണ്ടായി. 03-06-2022-ലെ സുപ്രീംകോടതി വിധിയുടെ ചുവടുപിടിച്ചുകൊണ്ട് കേന്ദ്രസർക്കാർ ഇത് വളരെ വേഗത്തിൽ നടപ്പിലാക്കാനുള്ള പരിശ്രമത്തിലാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവൺമെന്റിന്റെ നയം വ്യക്തമാക്കിയതിനെയും കോടതിയിൽ റിവ്യൂ പെറ്റീഷൻ കൊടുക്കുമെന്ന് പ്രഖ്യാപിച്ചതിനെയും ഞാൻ ഹൃദയംഗമമായി സ്വാഗതം ചെയ്യുകയാണ്. എന്നാൽ അതിൽ ചില

ആശങ്കകൾ നിലനിൽക്കുന്നുണ്ട്. 2011-ൽ രണ്ടാം യു.പി.എ. സർക്കാരിന്റെ കാലത്താണ് Eco Sensitive Zone സംബന്ധിച്ച കേന്ദ്ര വിജ്ഞാപനം പുറപ്പെടുവിച്ചത്. 10 കിലോമീറ്റർ വരെയുള്ള പ്രദേശങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ളതാണ് വിജ്ഞാപനം. കൂടുതൽ സംരക്ഷിത മേഖലയുണ്ടെങ്കിൽ കൂടുതലുമാകാം എന്ന് ആ വിജ്ഞാപനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 2020-ൽ സുരക്ഷിത വനപ്രദേശത്തുനിന്ന് 0 മുതൽ 1 കി.മീ. വരെ പരിധിയാകാമെന്ന നിർദ്ദേശം നൽകുകയുണ്ടായി. ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായും സംരക്ഷിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിർദ്ദേശമെന്ന് വ്യക്തമാണ്. അത്തരമൊരു നിർദ്ദേശം വരാതിരുന്നെങ്കിൽ കേരളത്തിൽ ഇന്ന് സുപ്രീംകോടതി വിധി നടപ്പിലാക്കാൻ തുടങ്ങിയാലുണ്ടാകുന്ന അപകടത്തെക്കുറിച്ച് ആലോചിക്കേണ്ട കാര്യമാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. കെ. ഡി. പ്രസേനൻ]

ഞാൻ ഇത് സൂചിപ്പിക്കാൻ കാരണം എന്റെ മണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകൾ പൂർണ്ണമായും സുരക്ഷിത വനവും സംരക്ഷിത മേഖലയും ഉൾക്കൊള്ളുന്നതാണ്. നെയ്യാർ വൈൽഡ് ലൈഫ് സാങ്ച്വറിക്ക് ചുറ്റുമുള്ള നിർദ്ദിഷ്ട പരിസ്ഥിതിലോല പ്രദേശം നിരവധി പതിറ്റാണ്ടുകളായി കൃഷിചെയ്യുന്ന ജനസാന്ദ്രതയുള്ളതും ഉയർന്ന ഫലഭൂയിഷ്ഠവുമായ കൃഷി

ഭൂമികളാണ്. അവയുടെ പല ഭാഗങ്ങളും കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുന്നുണ്ട്. പതിവ് കാർഷിക പ്രവർത്തനങ്ങളിലും മറ്റ് വികസന പ്രവർത്തനങ്ങളിലും നിർദ്ദേശിച്ചിരിക്കുന്ന കടുത്ത നിയന്ത്രണങ്ങൾ കാരണം അത്തരം ഭൂമികളും ആവാസ വ്യവസ്ഥകളും ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നത് പ്രായോഗികമായി അത്തരം പ്രദേശങ്ങളിൽ കഴിയുന്ന ആളുകളിൽ ഭാവി ജീവിതത്തെക്കുറിച്ചുള്ള ഭയവും ഭീതിയും വലിയതോതിൽ സൃഷ്ടിച്ചിരിക്കുകയാണ്. കേരളത്തിന്റെ ജനസാന്ദ്രത ദേശീയ ശരാശരിയായ 383-ൽ നിന്ന് 860 ആണെന്ന് നമുക്കറിയാം. കേരളത്തിൽ സംരക്ഷിത വനമുണ്ട്. ഇത് മൊത്തം ഭൂവിസ്തൃതിയുടെ 30 ശതമാനവും ദേശീയ തലത്തിൽ 20 ശതമാനവുമാണ്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ 2021-ലെ റിപ്പോർട്ടുപ്രകാരം ദേശീയതലത്തിൽ സംരക്ഷിത വനമേഖലയുടെ നിർദ്ദേശം 30 ശതമാനമാണ്. ഇത് കണക്കിലെടുക്കുമ്പോൾ കേരളത്തിലെ ഇക്കോ സെൻസിറ്റീവ് സോണിൽ മനുഷ്യ വാസസ്ഥലങ്ങളും കൃഷി ഭൂമികളും ഉൾപ്പെടുത്തേണ്ട ആവശ്യമില്ല. നെയ്യാർ വൈൽഡ് ലൈഫ് സാങ്ച്വറിക്ക് ചുറ്റുമുള്ള പാറശ്ശാല മണ്ഡലത്തിലെയും അരുവിക്കര മണ്ഡലത്തിലെയും നാല് വില്ലേജ് മേഖല പൂർണ്ണമായും ജനവാസ കേന്ദ്രങ്ങളാണ്, അവ ഇതിലുൾപ്പെടും.

പതിനായിരക്കണക്കിന് ആളുകളുടെ ജീവിതമാണ് താറുമാറാകാൻ പോകുന്നത്.

മി. ചെയർമാൻ: യെസ്..... അങ്ങ് ചുരുക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റ് പുറപ്പെടുവിച്ച, ദേശീയ പാർക്കുകൾ, വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി സെൻസിറ്റീവ് സോണുകൾ പ്രഖ്യാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്ന രേഖയിൽ സെക്ഷൻ 6 (2) പ്രകാരം ബഫർ സോൺ തിരിച്ചറിയുന്നതിന് പരിസ്ഥിതി വിദഗ്ദ്ധനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികളുമടങ്ങുന്ന കമ്മിറ്റികൾ രൂപീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. ഇതുവരെ ആ തീരുമാനം നടപ്പിലായിട്ടില്ല. ഇക്കാര്യത്തിൽ നിർദ്ദിഷ്ട ESZ (Eco Sensitive Zone)-ന് കീഴിൽ വരുന്ന ഭൂരിഭാഗം ജനങ്ങളും അവരുടെ ദൈനംദിന ഉപജീവനത്തിനായി കൃഷിയെ പൂർണ്ണമായും ആശ്രയിക്കുന്നതിനാൽ മനുഷ്യ ആവാസ വ്യവസ്ഥകളിലും കൃഷിയിടങ്ങളിലും ESZ ശക്തമായി നടപ്പിലാക്കുന്നത് ദോഷഫലങ്ങളാണ് ഭാവിയിലുണ്ടാക്കാൻ പോകുന്നത്. നിർദ്ദിഷ്ട ഇക്കോ സെൻസിറ്റീവ് സോണിന് കീഴിൽ വരുന്ന ഭൂരിഭാഗം കൃഷിക്കാരും അവരുടെ പ്രാദേശിക ഉപയോഗത്തിനല്ല, പുറത്ത് വിൽക്കുന്ന

സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നവരാണ്. ഈ വിജ്ഞാപനം അവരുടെ ജീവിക്കാനുള്ള അവകാശത്തിനെതിരാണ്. ഈ മേഖലയിൽ കൃഷി ചെയ്യുന്ന റബ്ബർ, തെങ്ങ്, വാഴ, കാപ്പി എന്നിവ പ്രാദേശികമായി വിറ്റഴിക്കുന്ന വാണിജ്യ വിളകളല്ല. ഇവ കയറ്റി അയയ്ക്കുന്നവ കൂടിയാണെന്നുള്ളതുകൊണ്ട് അവ കൃഷി ചെയ്യാനുള്ള അനുവാദം ഇതുവഴി ലഭിക്കുന്നില്ല. അമ്പൂരി, കള്ളിക്കാട് തുടങ്ങിയവ പരിസ്ഥിതി സൗഹൃദ പഞ്ചായത്തുകളാണ്. സുസ്ഥിരതയുടെ പ്രധാന പാതയായ പരിസ്ഥിതി കേന്ദ്രീകൃത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുമുണ്ട്. അവിടെ ക്വാറികളോ മറ്റ് പ്രശ്നങ്ങളോ ഉണ്ടാക്കുന്ന യാതൊരു സംഘടിത വ്യവസായങ്ങളുമില്ല. അത്തരമൊരു സാഹചര്യത്തിൽ കേന്ദ്ര മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകളിൽനിന്ന് പിന്തിരിയണം. ജനവാസകേന്ദ്രങ്ങളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് തീരുമാനമെടുക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്നാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാനും ഇതേ വിഷയത്തിൽ നോട്ടീസ് നൽകിയിട്ടുണ്ട്. എനിക്കും സംസാരിക്കാൻ അവസരം നൽകണം.

മി. ചെയർമാൻ: നിരവധി എം.എൽ.എ.മാർ ഈ വിഷയം

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അങ്ങേയ്ക്ക് അനുവാദം നൽകിയാൽ മറ്റുള്ളവർക്കും അവസരം നൽകേണ്ടിവരും.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സി. കെ. ഹരീന്ദ്രൻ ഉന്നയിച്ച പ്രശ്നം അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളെ മാത്രമല്ല കേരളത്തിലെ മലയോര മേഖലയിൽ ജീവിക്കുന്ന, പ്രത്യേകിച്ചും കർഷക സമൂഹത്തിൽ വലിയ ആശങ്കയുണ്ടാക്കിയ ഒരു വിഷയമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഒരു കിലോമീറ്റർ വരെയുള്ള ചുറ്റളവ് നിർബന്ധമായും ബഫർ സോണുകളായി പ്രഖ്യാപിക്കണമെന്ന് വിധി പ്രസ്താവന നടത്തിയിരിക്കുകയാണ്. ഇക്കാര്യത്തിൽ വിധി വരുന്നതിനുമുമ്പും ശേഷവും ഒരു ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുന്ന എല്ലാ കാര്യങ്ങളും സമയബന്ധിതമായിത്തന്നെ കേരള സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് ESZ പ്രഖ്യാപിക്കണമെന്ന നിർദ്ദേശമാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. മലബാർ, ഇടുക്കി, ആറളം, കൊട്ടിയൂർ, ചെന്തുരുണി, തട്ടേക്കാട്, പെരിയാർ, വയനാട്,

സൈലന്റ്‌വാലി, പറമ്പിക്കുളം, നെയ്യാർ, പേപ്പാറ, ചൂലന്നൂർ, പീച്ചി എന്നീ 14 വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി സംവേദക മേഖലയിലുൾപ്പെടുന്ന പ്രദേശങ്ങളാണ് ഇതിൽ വരുന്നത്. ഇവയുടെ പുതുക്കിയ ഭൂപടത്തോടുകൂടിയുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ 2020-ൽ തന്നെ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ അത് വളരെ ഗൗരവപൂർവ്വം പരിശോധിക്കുകയും അതിന്മേൽ അന്തിമ തീരുമാനമെടുക്കുന്ന ഘട്ടത്തിൽ എത്തിനിൽക്കുകയുമാണ്. കഴിഞ്ഞ മാസാവസാനം കേരളം സന്ദർശിച്ച ഡയറക്ടർ ജനറൽ ഓഫ് ഫോറസ്റ്റുമായി ഇക്കാര്യം ചർച്ച ചെയ്യുകയും എത്രയുംവേഗം കേരളത്തിന് സ്വീകാര്യമാംവിധം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുള്ളതാണ്. പക്ഷെ അതിനിടയിലാണ് ദൗർഭാഗ്യവശാൽ 2003-ൽ ശ്രീ. ഗോദവർമ്മൻ തിരുമുൽപ്പാട് കേന്ദ്ര ഗവൺമെന്റിനെ കക്ഷിയാക്കിക്കൊണ്ട് സമർപ്പിച്ചിട്ടുള്ള കേസിൽ ഇത്തരമൊരു വിധിയുണ്ടായത്. അതിനർത്ഥം ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബാധിക്കുന്ന കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഇതിലെ കക്ഷിയോ സാക്ഷിയോ ആകുന്നില്ല എന്നുള്ളതാണ്. ഇത് ബാധിക്കുന്ന പ്രദേശങ്ങളെ കേൾക്കാതെയും അവരുടെ അഭിപ്രായം

പരിഗണിക്കാതെയുമാണ് ദൗർഭാഗ്യവശാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രഖ്യാപനം നടത്തിയിട്ടുള്ളത്. സമയ പരിമിതിമൂലം അതിന്റെ മറുവശത്തേയ്ക്ക് ഞാൻ പോകുന്നില്ല. ഇതും സുപ്രീംകോടതിയെ സമീപിക്കാനുള്ള കേരളത്തിന്റെ നിലപാടുകൾക്ക് ബലം പകരുന്നതാണെന്ന് മാത്രം ഞാൻ കൂട്ടിച്ചേർക്കുന്നു. മതികെട്ടാൻ ചോല മാത്രമാണ് ഇപ്പോൾ ഇത്തരമൊരു വിജ്ഞാപനത്തിന്റെ സംരക്ഷണത്തിൽ ഉൾക്കൊള്ളുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ പ്രശ്ന പരിഹാരത്തിന് സർക്കാർ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ലെന്ന പൊതുവിമർശനം പല മേഖലകളിൽനിന്നും ഉണ്ടായിട്ടുള്ളത് ഞാൻ കാണാതിരിക്കുന്നില്ല. പക്ഷേ 03-06-2022-നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചത്. വനം വകുപ്പുമന്ത്രി എന്ന നിലയിൽ ഇതിന്റെ ഗൗരവം കണക്കിലെടുത്ത് 04-06-2022-ന് തന്നെ ഇതിലടങ്ങിയിരിക്കുന്ന ഗുരുതര പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അദ്ദേഹം അന്നുതന്നെ അർദ്ധശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ ജനവാസ മേഖലകളെ ഒഴിവാക്കുക എന്നുള്ളതാണ് സർക്കാരിന്റെ നയമെന്ന് വ്യക്തമാക്കി. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇത്തരമൊരു വിധി പ്രഖ്യാപിക്കുമ്പോൾ പരിസ്ഥിതി

സംരക്ഷിക്കുക എന്ന ഉദ്ദേശ്യശുദ്ധിയോടുകൂടിയാണ് ഇത് ചെയ്തതെന്നതിൽ ഗവൺമെന്റിന് വിയോജിപ്പൊന്നുമില്ല, പക്ഷേ അത് പ്രായോഗികവും ശാസ്ത്രീയവുമായിരിക്കണം. ഈ ഉപദേശം സർക്കാരിന് ലഭിച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലുമായും സുപ്രീംകോടതിയിലെ സംസ്ഥാന ഗവൺമെന്റിന്റെ അഡ്വക്കേറ്റ് പ്രതിനിധിയുൾപ്പെടെയുള്ള സെക്രട്ടറിതല, ഉദ്യോഗസ്ഥതല യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ആ യോഗത്തിൽ അക്കാര്യം ചർച്ച ചെയ്യുമ്പോൾ കോടതി വെക്കേഷനായിരുന്നു. അടുത്ത മാസം 12-ാം തീയതിയാണ് കോടതി തുറക്കുന്നത്. അടച്ചിട്ട കോടതിക്ക് മുമ്പാകെ പരാതിയുമായി പോകാൻ സർക്കാർ ആലോചിച്ചിട്ടില്ല. കോടതി തുറന്ന് പ്രവർത്തിക്കുമ്പോഴാണ് കോടതിയെ സമീപിക്കാൻ കഴിയുന്നത്. അത് അറിയാത്തവരല്ല നമ്മുടെ അംഗങ്ങളെന്ന് ഞാൻ കരുതുന്നു. അതോടൊപ്പം പൂജ്യം കിലോമീറ്റർ ചുറ്റളവിലുള്ള ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിക്കൊണ്ടുവേണം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനെന്ന ആവശ്യം കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലുള്ളതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധികളെയും മന്ത്രിമാരെയുമുൾപ്പെടെ കാണണമെന്ന് ആഗ്രഹിച്ചിരുന്നതാണ്. സമയം ചോദിച്ചുകൊണ്ട് ഞങ്ങൾ കത്ത് അയച്ചിരുന്നതും ഡൽഹിയിലെ റസിഡന്റ്

കമ്മീഷണറുമായൊക്കെ ബന്ധപ്പെട്ട് ലെയ്സൺ വർക്ക് നടത്തിയിരുന്നതുമാണെങ്കിലും കോവിഡ് പ്രതിസന്ധിമൂലം ഇപ്പോൾ കൂടിക്കാഴ്ചയ്ക്ക് അസൗകര്യമുണ്ടെന്ന് അദ്ദേഹം അറിയിച്ചിരുന്നു. അതുകൊണ്ടാണ് ആ കൂടിക്കാഴ്ച നടക്കാതെ പോയത്. എന്നാൽ കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട കേന്ദ്ര വനം-പരിസ്ഥിതി സഹമന്ത്രി തിരുവനന്തപുരത്ത് എത്തിയപ്പോൾ അദ്ദേഹവുമായി ആശയ വിനിമയം നടത്തുകയും തീർച്ചയായും കേന്ദ്ര ഗവൺമെന്റ് ഇത് ഗൗരവത്തിലാണ് കാണുന്നതെന്നും സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള പ്രൊപ്പോസൽ ചർച്ച ചെയ്ത് കേന്ദ്ര സർക്കാർ തന്നെ സുപ്രീംകോടതിയെ സമീപിക്കാൻ ആലോചിക്കുന്നുണ്ടെന്നും പറയുകയുണ്ടായി. അത് നമുക്ക് പ്രതീക്ഷ നൽകുന്ന കാര്യമാണെങ്കിലും പ്രതീക്ഷിച്ചിരുന്നാൽ മാത്രം പോരാ. നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ അതത് സമയത്ത് ചെയ്യേണ്ടതുമുണ്ട്. ഏറ്റവുമൊടുവിലത്തെ വസ്തുതകൾ ഒന്നുകൂടി ബോധ്യപ്പെടുത്താവുന്നതാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി, അന്ന് സർവ്വേ നടത്തിയപ്പോൾ ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ കെട്ടിടങ്ങളും കച്ചവട സ്ഥാപനങ്ങളും സ്വാഭാവികമായും വന്നിട്ടുണ്ടാകും. ഉപഗ്രഹ സഹായത്തോടുകൂടി അതിന്റെ കൂടി കണക്കുകൾ

ചേർത്തുകൊണ്ട് മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ പ്രശ്നം അതീവ ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒറ്റക്കെട്ടാണ്. കർഷകരുടെയും പ്രതിപക്ഷത്തിന്റെയും ഗവൺമെന്റിന്റെയും ആവശ്യം ഒന്നായിരിക്കെ രണ്ട് അഭിപ്രായമുണ്ടെന്ന് വരുത്തിത്തീർക്കാനുള്ള ദൗർഭാഗ്യകരമായ ചില കാര്യങ്ങൾ കേൾക്കാനിടയായിട്ടുണ്ട്. അത് നമ്മുടെ ലക്ഷ്യത്തെ തടസ്സപ്പെടുത്തുക മാത്രമേയുള്ളൂ. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ ഭേദമന്യേ കേരളം ഒറ്റക്കെട്ടാണ്. അതുമായി ബന്ധപ്പെട്ടുവന്ന ചില കഥകളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അത് പറയേണ്ട ഘട്ടം വന്നാൽ പറയാമെന്നല്ലാതെ ഒരു വിവാദമുണ്ടാക്കി കേരളം രണ്ട് തട്ടിലാണെന്ന് വരുത്തിത്തീർത്ത്, ഇത് ഏകകണ്ഠമായ ആവശ്യമല്ലെന്ന പ്രതീതി കേന്ദ്രഗവൺമെന്റിന്റെ മുമ്പാകെ വരുത്തുന്ന സാഹചര്യം എന്റെ വാക്കുകൾകൊണ്ടോ പ്രവൃത്തികൾകൊണ്ടോ ഗവൺമെന്റിന്റെ നടപടികൊണ്ടോ ഉണ്ടാകാൻ പാടില്ലെന്ന നിലപാടുകൂടി ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ, പ്രത്യേകിച്ച് ശ്രീ. സണ്ണി ജോസഫ് എന്നോട് കാര്യങ്ങൾ സംസാരിച്ചിട്ടുണ്ട്. ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയിൽ അദ്ദേഹം ഉന്നയിച്ചപ്പോൾ ചർച്ച ചെയ്ത്

ബോധ്യപ്പെട്ടിട്ടുണ്ടെന്നാണ് എനിക്ക് തോന്നിയത്. അങ്ങനെയല്ലെന്നാണ് അദ്ദേഹത്തിന്റെ ഇപ്പോഴുള്ള ഉത്കണ്ഠ കാണുമ്പോൾ തോന്നുന്നത്. അന്ന് പറഞ്ഞത് തന്നെയാണ് സർക്കാർ സ്വീകരിക്കുന്ന നിലപാട്. ഒരു സംശയവുമില്ല. കർഷക ജനതയുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള നിലപാടുകളുമായി ഏതറ്റംവരെ പോകേണ്ടതുണ്ടോ അതുവരെ പോകാൻ സർക്കാർ തയ്യാറാണെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, വനമേഖലയിൽ താമസിക്കുന്ന ഗോത്രവർഗ്ഗ വിഭാഗക്കാരുടെ സഞ്ചാരം സുഗമമാക്കുന്നതിനുവേണ്ടി അനുവദിക്കുന്ന ഫണ്ടുകൾ ഉപയോഗിച്ച് റോഡ് നിർമ്മാണം, ഇലക്ട്രിസിറ്റി, കമ്മ്യൂണിക്കേഷൻ, വാട്ടർ സപ്ലൈ എന്നിവ അവർക്ക് ലഭ്യമാക്കാനുള്ള തടസ്സങ്ങൾ സൃഷ്ടിക്കുന്ന വനം വകുപ്പിന്റെ രീതി അവസാനിപ്പിക്കാനാകുമോ; ഇതുമായി ബന്ധപ്പെട്ട് ശക്തമായ നിലപാടെടുക്കാനാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വളരെ പ്രസക്തമായ ഒരു പ്രശ്നമാണ് അങ്ങ് സൂചിപ്പിച്ചത്. മലയോര മേഖലയിലെ ഏകദേശം എം.എൽ.എ.മാരും ഈ പ്രശ്നം എന്നോട് പറഞ്ഞിരുന്നു. കാരണം വനം വകുപ്പിന് പണ്ടുമുതൽക്കേ നിർബന്ധപൂർവ്വമായ ചില നിലപാടുകളുണ്ട്. 50 മീറ്റർ റോഡ്

നേരെയാക്കണമെങ്കിൽ അതിന് കേന്ദ്രത്തോട് അനുവാദം ചോദിക്കണം. ഇത് സിസ്റ്റത്തിന്റെ തകരാറാണ്. അതിനെ നേരെയാക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. എങ്കിലും ഇതുപോലുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവരോട് പറഞ്ഞ് ചില കാര്യങ്ങളിൽ അയവുള്ള നിലപാട് സ്വീകരിക്കേണ്ടിവരും. വനം വകുപ്പ് കൈകാര്യം ചെയ്യുവർക്കറിയാം അവർ ജനങ്ങളുമായി ബന്ധമുള്ളവരാണെന്നുള്ള ധാരണ അവർക്കില്ല എന്നുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അവരോട് 'നിങ്ങൾ ജനങ്ങൾക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്; പരിസ്ഥിതി സംരക്ഷിക്കുന്നത് മാനവരാശിയെ സംരക്ഷിക്കാനാണ്; അതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായിത്തന്നെയാണ് പരിസ്ഥിതി സംരക്ഷണം അല്ലാതെ ഒരു ഫാഷനുവേണ്ടിയുള്ള ഏർപ്പാടല്ല' എന്ന് പറഞ്ഞിട്ടുണ്ട്. അത് അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്.

## (2) വിദൂര വിദ്യാഭ്യാസ-പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം വിലക്കിക്കൊണ്ടുള്ള സർക്കുലർ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പ് കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവ്വകലാശാലകൾക്ക് അയച്ച ഒരു സർക്കുലർ കേരളത്തിലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ ആശങ്കയിലാക്കിയിരിക്കുകയാണ്. കേരളത്തിലെ വിദ്യാർത്ഥികളിലധികവും

എയ്ഡഡ്/ഗവൺമെന്റ്/സ്വാശ്രയ കോളേജുകളിൽ പഠിക്കാൻ അവസരം കിട്ടാത്തവരാണ്. അങ്ങനെയുള്ള കുട്ടികൾക്ക് വിദൂര വിദ്യാഭ്യാസ വകുപ്പാണ് ഏക ആശ്രയം. കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും പ്രത്യേകിച്ച് കേരള, കാലിക്കറ്റ് സർവ്വകലാശാലകൾക്ക് അഞ്ച് വർഷത്തേയ്ക്ക് വിദൂര വിദ്യാഭ്യാസ കോഴ്സ് നടത്തുന്നതിന് യു.ജി.സി. (യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ) അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത സർവ്വകലാശാലകളിലൊന്നും പ്രൈവറ്റ് രജിസ്ട്രേഷൻ എടുക്കരുതെന്ന സർക്കുലർ ഉന്നത വിദ്യാഭ്യാസ വകുപ്പ് അയയ്ക്കുമ്പോൾ അത് കേരളത്തിലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഉപരിപഠന സാധ്യതയാണ് ഇല്ലാതാക്കുന്നത്. മാത്രമല്ല, ഈ കുട്ടികളെ മുഴുവൻ സംസ്ഥാനത്തിന് പുറത്തുള്ള സർവ്വകലാശാലകളിലേയ്ക്കും വിദൂര വിദ്യാഭ്യാസ കോഴ്സുകളിലേയ്ക്കും അയയ്ക്കുന്ന തലതിരിഞ്ഞ നടപടിയാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇവിടെയുണ്ടാക്കിയിട്ടുള്ളത്. കഴിഞ്ഞ പ്രാവശ്യം ആരംഭിച്ച ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് വിദൂര വിദ്യാഭ്യാസ കോഴ്സ് നടത്താൻ യു.ജി.സി. അനുമതി നൽകിയിട്ടില്ല. ഇപ്രാവശ്യം അനുമതി നൽകാൻ സാധ്യതയുണ്ടോ എന്നറിയില്ല. അനുമതി കിട്ടാത്ത സാഹചര്യമുണ്ടായാൽ കുട്ടികൾ പെരുവഴിയിലാകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് അനുമതി ലഭിച്ചാൽപ്പോലും അവർക്ക് ഇഷ്ടമുള്ള സർവ്വകലാശാലകളിൽ ഇഷ്ടമുള്ള കോഴ്സ് തെരഞ്ഞെടുക്കുന്നതിൽനിന്നും എന്തിനാണ് അവരെ വിലക്കുന്നത്? അതിൽ യാതൊരു സാംഗത്യവും കാണുന്നില്ല. മാത്രമല്ല, ഓപ്പൺ സർവ്വകലാശാലകളിൽ വിരലിലെണ്ണാവുന്ന കോഴ്സുകൾ മാത്രമാണ് ഓഫർ ചെയ്യുന്നത്. അതേസമയം, കാലിക്കറ്റ്, കേരള സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസത്തിലൂടെ ഒരുപാട് കോഴ്സുകൾ കുട്ടികൾക്ക് ഓഫർ ചെയ്യുന്നുണ്ട്. കുട്ടികൾക്ക് ഇഷ്ടംപോലെ ഓപ്ഷനുണ്ടാകുമ്പോൾ അതൊന്നും തെരഞ്ഞെടുക്കാൻ കഴിയില്ല. സംസ്ഥാനത്തെ ഓപ്പൺ സർവ്വകലാശാലകളിലെ കോഴ്സുകൾ മാത്രം പഠിച്ചാൽ മതിയെന്ന നിലപാട് ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുന്നത് ഏറെ സങ്കടകരവും വിദ്യാർത്ഥി വിരുദ്ധവുമാണ്. ഇതിന്റെ കാരണം നമുക്കെല്ലാവർക്കുമറിയാം. ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല ബിൽ നിയമസഭ പാസ്സാക്കിയപ്പോൾ അതിന്റെ 9-ാമത്തെ അദ്ധ്യായത്തിൽ 72-ാം വകുപ്പ് വിദ്യാർത്ഥികൾക്ക് ദോഷം ചെയ്യുമെന്നും വിദ്യാർത്ഥി വിരുദ്ധമാണെന്നും അന്ന് പ്രതിപക്ഷം കൃത്യമായി പറഞ്ഞതാണ്. എന്നാൽ അന്ന് ഗവൺമെന്റിന് അത് ബോധ്യമായില്ല. പക്ഷെ, കഴിഞ്ഞ വർഷം അത്

ബോധ്യമായപ്പോൾ ഒരു വർഷത്തേയ്ക്ക് ഇളവ് കൊടുത്തു. ഈ വർഷവും ഇളവ് വേണമെന്നാണ് പറയുന്നത്. വിദൂര വിദ്യാഭ്യാസ കോഴ്സിന് യു.ജി.സി. അംഗീകാരം നൽകിയിരിക്കുന്ന കേരളത്തിലെ ഏത് സർവ്വകലാശാലയിലും കുട്ടികൾക്ക് ഇഷ്ടമുള്ള ഏത് കോഴ്സിനും പോകാൻ അനുമതി നൽകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കോഴ്സുകളും കോളേജുകളും വളരെ കുറഞ്ഞ ഒരു പ്രദേശമാണ് മലബാർ. ആ പ്രദേശത്തെ മഹാഭൂരിപക്ഷം കുട്ടികളും കാലിക്കറ്റ് സർവ്വകലാശാലയെയാണ് ആശ്രയിക്കുന്നത്. ഒരു ഉദാഹരണം പറയുകയാണെങ്കിൽ 60000 മുതൽ 75000 വരെയുള്ള കുട്ടികൾ ഡിസ്റ്റൻസ് എഡ്യൂക്കേഷനെയാണ് ആശ്രയിക്കുന്നത്. പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയാണ് അവർ പഠനം നടത്തുന്നത്. മാത്രമല്ല സർവ്വകലാശാലയുടെ വരുമാനത്തെയും ജീവനക്കാരുടെ ജോലിയെയും ബാധിക്കുന്ന വിഷയമാണിത്. അതുകൊണ്ട് ഇങ്ങനെയുള്ള ഒരു വിവേചനം സംസ്ഥാന സർക്കാർ അവസാനിപ്പിക്കുകയും ഈ വർഷവും തുടർവർഷങ്ങളിലും കുട്ടികൾക്ക് യു.ജി.സി. അംഗീകാരമുള്ള സർവ്വകലാശാലകളിൽ ഇഷ്ടമുള്ള കോഴ്സ് തെരഞ്ഞെടുക്കാനുള്ള അവസരം നൽകുകയും വേണം. സംസ്ഥാന സർക്കാർ ഇറക്കിയ സർക്കുലർ പിൻവലിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ, സംസ്ഥാനത്ത് ദേശീയാടിസ്ഥാനത്തിലും അന്തർദേശീയ തലത്തിലുമുള്ള ഉന്നത വിദ്യാഭ്യാസ സമ്പ്രദായങ്ങളെ അടിസ്ഥാനമാക്കി ഗുണനിലവാരമുള്ളതും മികച്ചതുമായ വിവിധ പഠന കോഴ്സുകൾ തയ്യാറാക്കി വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ആധുനിക ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പ്രായഭേദമെന്യേ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതോ അല്ലാത്തതോ ആയ ആളുകൾക്ക് ബോധനം നൽകുകയും പരീക്ഷയും മൂല്യനിർണ്ണയവും നടത്തി ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണ ബിരുദം തുടങ്ങിയ അക്കാദമിക ബഹുമതികൾ നൽകുകയും ചെയ്യുന്നതിനുവേണ്ടിയാണ് ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല സ്ഥാപിതമായത്. പൊതുസമൂഹത്തിന്റെ വിദ്യാഭ്യാസ നിലവാരമുയർത്തുക, സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും വിവിധ മേഖലകളിലുള്ള വിഷയങ്ങളിൽ പഠനം നടത്തി അറിവ് നേടാനായി അവസരമൊരുക്കുക എന്നിവയും ഈ സർവ്വകലാശാലയുടെ സ്ഥാപിത ലക്ഷ്യങ്ങളാണ്. 2021-ൽത്തന്നെ യു.ജി.സി. ആക്ട് 1956 സെക്ഷൻ 2 എഫ്-ൽ ഉൾപ്പെടുത്തി ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് രീതികളിലൂടെ പ്രവർത്തിക്കാനുള്ള അനുമതി യു.ജി.സി.യിൽനിന്നും 07-05-2021-ലെ ഓർഡർ പ്രകാരം ശ്രീനാരായണ

ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. 12 യു.ജി. കോഴ്സുകളും 5 പി.ജി. കോഴ്സുകളും ഈ വർഷം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് സമ്പ്രദായമനുസരിച്ച് ഓരോ കോഴ്സിനും പ്രത്യേകം യു.ജി.സി. അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിനുള്ള എല്ലാ നടപടികളും സർവ്വകലാശാല സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. യു.ജി.സി.യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ പോർട്ടൽ മേയ് മാസത്തിൽ ഓപ്പണായപ്പോൾ എല്ലാ അപേക്ഷകളും സമർപ്പിച്ചുകഴിഞ്ഞിട്ടുള്ളതാണ്. യു.ജി.സി.യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ഈ അക്കാദമിക വർഷം മുതൽ തന്നെ കോഴ്സുകൾക്ക് ലഭിക്കുമെന്നാണ് കരുതുന്നത്. യു.ജി.സി. അനുമതി ലഭിക്കുന്ന മുറയ്ക്ക് 2022-2023 അക്കാദമിക വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകളിലേയ്ക്ക് പ്രവേശന നടപടികൾ ആരംഭിക്കും. ഈ സാഹചര്യത്തിലാണ് ഇതുസംബന്ധിച്ച സർക്കാർ നിർദ്ദേശം വരുന്നതുവരെ വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകളിലേയ്ക്ക് പ്രവേശന നടപടികൾ ആരംഭിക്കേണ്ടതില്ലെന്ന് സർക്കുലർ മുഖേന സർവ്വകലാശാലകളെ അറിയിച്ചത്. ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയിൽ യു.ജി.സി.യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ

ബ്യൂറോയിൽനിന്നും 2022-2023 അധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ലെങ്കിൽ ഈ വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കും. നിലവിൽ ഒരു പ്രത്യേക ഗസറ്റ് വിജ്ഞാപനത്തിലൂടെ കഴിഞ്ഞ വർഷം അനുമതി നൽകിയിട്ടുള്ളതാണ്. അത് ഇപ്പോഴും വാലിഡാണ്. മറ്റ് സർവ്വകലാശാലകളിൽ റഗുലർ പ്രവേശന നടപടികൾ ആരംഭിച്ചുവരുന്നതേയുള്ളൂ. റഗുലർ വിദ്യാർത്ഥികളുടെ പ്രവേശനം പൂർത്തീകരിച്ചതിനുശേഷമാണ് സാധാരണഗതിയിൽ വിദൂര വിദ്യാഭ്യാസം മുഖാന്തരമുള്ള പ്രവേശന നടപടികൾ ആരംഭിക്കുന്നത്. ആയതിനാൽ വിദ്യാർത്ഥികളുടെ ഭാവിയെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ സമയബന്ധിതമായി ഉചിതമായ നടപടി ഈ വിഷയത്തിൽ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അനുമതി ലഭിക്കുകയാണെങ്കിൽ കുട്ടികൾക്ക് ഈ ഓപ്ഷൻ കിട്ടുന്നില്ല. അനുമതി ലഭിച്ചില്ലെങ്കിൽ ഈ വർഷംകൂടി കൊടുക്കുമെന്നാണ് മന്ത്രി പറഞ്ഞത്. കേരള, കാലിക്കറ്റ് സർവ്വകലാശാലകളിൽ കൊടുക്കുന്ന വിദൂര വിദ്യാഭ്യാസത്തിന്റെ

സർട്ടിഫിക്കറ്റിൽ ഓപ്പൺ സർവ്വകലാശാലയാണെന്നോ ഡിസ്റ്റൻസ് കോഴ്സാണെന്നോ പ്രത്യേകം പരാമർശിക്കാത്തതുകൊണ്ട് കുട്ടികൾക്ക് ജോലിക്കായും പഠനത്തിനായും മറ്റ് സ്ഥലങ്ങളിലും വിദേശ രാജ്യങ്ങളിലും പോകുമ്പോൾ ആ സർട്ടിഫിക്കറ്റ് ഇങ്ങോട്ട് അയച്ച് Genuinity Certificate കൊടുക്കുമ്പോൾ അതിന് തുല്യപരിഗണന ലഭിക്കുന്നുണ്ട്. അതേസമയം തുടങ്ങാൻ പോകുന്ന ഓപ്പൺ സർവ്വകലാശാലയിൽ അംഗീകാരം ലഭിച്ചാൽപ്പോലും സ്വാഭാവികമായും അവിടെ ഓപ്പൺ കോഴ്സ് എന്ന് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റാണ് കൊടുക്കാൻ പോകുന്നത്. ഇത് തൊഴിൽ അന്വേഷിക്കുന്ന, ഹയർ എഡ്യൂക്കേഷന് പോകുന്ന കുട്ടികൾക്കുപോലും ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. ഈ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ കോഴ്സ് തെരഞ്ഞെടുക്കുന്നതിന് ഓപ്ഷൻ നൽകിക്കൂടേ?

ഡോ. ആർ. ബിന്ദു: സർ, ലോകോത്തര നിലവാരത്തിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ സംവിധാനം സാധാരണക്കാരായ കുട്ടികൾക്ക് ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല സ്ഥാപിതമായത്. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ നടത്തിവരുന്ന കോഴ്സുകളെല്ലാം യു.ജി.യിൽ 12-ഉം

പി.ജി.യിൽ 5 പ്രോഗ്രാമുകളും ഉൾപ്പെടെ എല്ലാ സ്റ്റഡി സെൽഫ് ലേണിംഗ് മെറ്റീരിയൽസും ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. 46 അദ്ധ്യാപകരെ നാല് സ്കൂളുകളിലായി നിയമിച്ച് അക്കാദമിക് വിഭാഗം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. School of Languages, School of Humanities and Social Sciences, School of Law and Business Studies, School of Communication and Information Science എന്നിങ്ങനെയുള്ള എല്ലാ പഠന വകുപ്പുകളിലും മേധാവികളെ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്. നാല് പ്രാദേശിക കേന്ദ്രങ്ങളിലേയ്ക്കും ഡയറക്ടർമാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ കണ്ടെത്തുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിലയിൽ സംസ്ഥാനത്തുടനീളമുള്ള വിദ്യാർത്ഥികൾക്ക് ഏറ്റവും ഗുണനിലവാരമുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ലഭ്യമാക്കുകയെന്നുള്ളതാണ് ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സ്ഥാപിത ലക്ഷ്യം. ആക്ടിൽ പറയും പ്രകാരമാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. തീർച്ചയായും കേരളത്തിലെ വിദ്യാർത്ഥികൾക്ക് ലോകം അംഗീകരിക്കുന്ന നിലയിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ സംവിധാനമാണ് ഇതിലൂടെ ലഭ്യമാകുന്നത്.

## IV സബ്മിഷൻ

### (1) കാസർഗോഡ് സമഗ്ര വികസന പാക്കേജ്

ശ്രീ. എം. രാജഗോപാലൻ: സർ, കാസർഗോഡ് ജില്ലയിലെ വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 2012-ൽ തയ്യാറാക്കിയ 11123.07 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികൾ - ഡോ. പി. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് 2013-14 സാമ്പത്തിക വർഷം മുതൽ ജില്ലയിൽ നടപ്പിലാക്കിവരുന്നു. നാളിതുവരെ വിവിധ ഫണ്ട് സ്രോതസ്സുകൾ ഉപയോഗിച്ച് 2260.27 കോടി രൂപ വിവിധ മേഖലകളിലെ പദ്ധതികൾക്കായി ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന സർക്കാർ വിഹിതമായി 705.71 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ കമ്മീഷൻ റിപ്പോർട്ടിൽ ശിപാർശ ചെയ്ത 5500 കോടി രൂപ അടങ്കൽ വരുന്ന ചീമേനി പവർ പ്ലാന്റ്, 1000 കോടി രൂപ അടങ്കൽ വരുന്ന ഇരുമ്പയിര് പെല്ലറ്റൈസേഷൻ പ്ലാന്റ് എന്നീ രണ്ട് ബൃഹത് പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ജില്ലയുടെ സമഗ്ര വികസനത്തിന് ആവശ്യമായതും കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിക്കാത്തതുമായ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കാൻ 12-02-2019-ന് ചേർന്ന സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗത്തിൽ

തീരുമാനിച്ചിരുന്നു. ജില്ലയുടെ അടിസ്ഥാന സൗകര്യം സംബന്ധിച്ച മാറിയ കാഴ്ചപ്പാടും നിലവിലെ സാമൂഹിക സാമ്പത്തിക പശ്ചാത്തലവും മറ്റും പരിഗണിച്ച് വിവിധ മേഖലകളിൽ നൂതനമായ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് 6500 കോടി രൂപയുടെ വികസന രേഖയാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. മേൽപദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന പ്ലാനിംഗ് ബോർഡ് പരിശോധിച്ച് അംഗീകാരത്തിനായി കാസർഗോഡ് വികസന പാക്കേജിനായുള്ള സംസ്ഥാന എംപവേർഡ് കമ്മിറ്റിയിലേയ്ക്ക് ശിപാർശ ചെയ്യുകയും അതുപ്രകാരം പുതിയ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യാനായി 11-11-2021-ന് ചേർന്ന സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗത്തിൽ തത്വത്തിൽ ഇത് അംഗീകരിക്കുകയും ചെയ്തു. ഇത് ക്യാബിനറ്റിന്റെ അംഗീകാരത്തിനായി ശിപാർശ ചെയ്തിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ നോട്ട് തയ്യാറാക്കി ക്യാബിനറ്റിന് നൽകിയിരുന്നു. നിലവിൽ ഫയൽ ധനകാര്യ വകുപ്പിലാണുള്ളതെന്ന് മനസ്സിലാക്കുന്നു. മേൽ പരാമർശിച്ച 6500 കോടി രൂപയുടെ 24 ശതമാനം മാത്രമാണ് സംസ്ഥാന വിഹിതമായി കണക്കാക്കുന്നത്. ബാക്കി കേന്ദ്ര പദ്ധതികൾവഴിയും വിവിധ വകുപ്പുകൾവഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായും

സ്വകാര്യ നിക്ഷേപമായും പി.പി.പി., മറ്റ് ഗുണഭോക്തൃവിഹിതം തുടങ്ങി വിവിധ സ്രോതസ്സുകളിലൂടെ ധനസമാഹരണം കണ്ടെത്താനാണ് വിഭാവന ചെയ്യുന്നത്. കാലാകാലങ്ങളിൽ വികസന പാക്കേജിനായി ബഡ്ജറ്റിൽ അനുവദിച്ചുവരുന്ന വിഹിതം മാത്രം ഉപയോഗിച്ചുകൊണ്ട് അധിക സാമ്പത്തിക ബാധ്യത വരാതെ മേൽ പ്രതിപാദിച്ച 24 ശതമാനം തുക കണ്ടെത്താൻ കഴിയുന്നതാണ്. ആയതിനാൽ അടുത്ത പത്ത് വർഷംകൊണ്ട് നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന വിഷൻ ഡോക്യുമെന്റ് മാതൃകയിൽ സമർപ്പിച്ചിട്ടുള്ള പദ്ധതി നിർദ്ദേശങ്ങൾ എത്രയുംവേഗം അംഗീകരിച്ച് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിനയപൂർവ്വം ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ബഹുമാന്യനായ അംഗം പറഞ്ഞുകഴിഞ്ഞതിനാൽ ഞാൻ പ്രത്യേകമായി പറയുന്നില്ല. എത്രയുംവേഗം ഇത് മന്ത്രിസഭ മുമ്പാകെ കൊണ്ടുവരുന്നതാണെന്ന് മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

## (2) ദിബിഷയുടെ മരണം സംബന്ധിച്ച അന്വേഷണം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കുന്നമ്മൽ പഞ്ചായത്തിൽ

\+ അനുബന്ധമായി ചേർക്കുന്നു.

വട്ടോളിയിലെ 30 വയസ്സുകാരിയായ ദിബിഷ കല്ലുള്ളപറമ്പത്ത് പ്രസവത്തെത്തുടർന്ന് 28-08-2021-ന് കോഴിക്കോട് ജില്ലയിലെ ഒരു സ്വകാര്യ ആശുപത്രിയിൽവച്ച് മരണപ്പെട്ടു. ആശുപത്രി അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ് മരണ കാരണമെന്ന് കുടുംബാംഗങ്ങൾ പരാതിപ്പെടുകയും പരാതി സമർപ്പിക്കുകയും ചെയ്തു. നാട്ടിൽ സർവ്വകക്ഷി ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് പ്രക്ഷോഭം നടത്തിവരികയാണ്. ദിബിഷയുടെ ഗർഭപാത്രം നീക്കം ചെയ്തപ്പോൾ കുടുംബാംഗങ്ങളോട് അനുമതി തേടിയിരുന്നില്ല. പ്രസവശേഷം ദിബിഷ അമ്മയോട് സംസാരിക്കുകയും കുട്ടിയെ മുലയൂട്ടുകയും ചെയ്തിരുന്നു. എന്നാൽ നാലുമണിക്കൂറിനുശേഷം ദിബിഷ മരണപ്പെട്ടതായി കുടുംബാംഗങ്ങളെ ആശുപത്രി അധികൃതർ വിവരമറിയിക്കുകയാണ് ചെയ്തത്. ദിബിഷയ്ക്ക് 6 വയസ്സുള്ള ഒരു മകൾകൂടിയുണ്ട്. പ്രവാസിയായ ഭർത്താവ് വിദേശത്തുള്ള ജോലി ഉപേക്ഷിക്കാൻ നിർബന്ധിതനാകുകയും രണ്ട് കുഞ്ഞുങ്ങളെ സംരക്ഷിച്ചുവരികയുമാണ്. കോഴിക്കോട് നടക്കാവ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നതായി മനസ്സിലാക്കുന്നു. പത്തോളജി റിപ്പോർട്ട് വൈകിയതിനാൽ ഇൻഷ്വറൻസ് ആനുകൂല്യവും കുടുംബത്തിന് ലഭിച്ചില്ല. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുടുംബത്തിന്

നീതി ലഭ്യമാക്കണമെന്നും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോഴിക്കോട് വട്ടോളി സ്വദേശി ശ്രീ. ദിനേശന്റെ മകൾ ദിബിഷയെ പ്രസവത്തിനായി കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ബഹുമാന്യനായ അംഗം പ്രസ്താവിച്ചതുപോലെ പ്രസവാനന്തരം 28-08-2021-ന് മരണപ്പെടുകയും ചെയ്തു. മരണം സംഭവിച്ചത് ചികിത്സാ പിഴവുമൂലമാണെന്ന് ബന്ധുക്കൾ ആരോപണമുന്നയിച്ച സാഹചര്യത്തിൽ നടക്കാവ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് ചികിത്സാ രേഖകൾ ബന്തവസ്സിൽ എടുക്കുകയും സാക്ഷിമൊഴികൾ രേഖപ്പെടുത്തുകയുമുണ്ടായി. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ രൂപീകരിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ടിൽ മരണം ചികിത്സാ പിഴവുമൂലമാണോയെന്ന് വ്യക്തമാക്കിയിരുന്നില്ല. തുടർന്ന് വിഷയം ആരോഗ്യ വകുപ്പ് ഡയറക്ടർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ എന്നിവരുൾപ്പെട്ട സ്റ്റേറ്റ് ലെവൽ അപ്പെക്സ് ബോഡിയുടെ പരിഗണനയ്ക്ക് വിട്ടു. ദിബിഷയുടെ മരണം ചികിത്സാപിഴവുമൂലമല്ലെന്ന് അപ്പെക്സ് ബോഡി കണ്ടെത്തിയിട്ടുണ്ട്.

പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിൽ അന്വേഷണം നടന്നുവരികയാണ്.

## (3) പട്ടാഴി പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിലെ തടസ്സം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പട്ടാഴി പഞ്ചായത്തിൽ വൈദ്യുതി വിതരണത്തിലെ തടസ്സംമൂലം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അവിടെ ഒരു ദിവസം 20 തവണയെങ്കിലും വൈദ്യുതി പോകാറുണ്ട്. പട്ടാഴി പഞ്ചായത്ത് മാത്രമല്ല, പത്തനാപുരത്തെ ഏറ്റവും വലിയ പഞ്ചായത്തുകളിലൊന്നായ തലവൂർ പഞ്ചായത്തിന്റെ പകുതിയോളം പട്ടാഴി സെക്ഷന്റെ കീഴിലാണ് വരുന്നത്. അവിടെ ഒരു യോഗത്തിലും പങ്കെടുക്കാൻ സാധിക്കില്ല, ജനറേറ്റർ വാടകയ്ക്കെടുക്കേണ്ട സ്ഥിതിയാണ്. ഏത് യോഗത്തിൽ പങ്കെടുത്താലും ആ യോഗം അവസാനിക്കുന്നതിനിടയിൽ ആറേഴ് പ്രാവശ്യം കറന്റ് പോകും. അടുത്ത കാലത്ത് ഇതിനെക്കുറിച്ച് ഞാൻ നടത്തിയ പ്രസംഗം സോഷ്യൽ മീഡിയയിലൂടെ പ്രചരിച്ചു. അതേസമയം പത്തനാപുരം, കുന്നിക്കോട്, പിറവന്തൂർ, ചെങ്ങമനാട് എന്നീ നാല് സബ്സെക്ഷനുകളെക്കുറിച്ച് എനിക്ക് പരാതിയൊന്നുമില്ല. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ സംസാരിച്ചിരുന്നു. പഞ്ചായത്തിന്റെ വികസനത്തെക്കുറിച്ച് ആഡിറ്റോറിയത്തിൽവച്ച് നടന്ന സെമിനാറിൽ

പഞ്ചായത്ത് അംഗങ്ങളും പൊതുജനങ്ങളും പങ്കെടുത്തിരുന്നു. ആ സെമിനാറിൽ പഞ്ചായത്ത് പ്രസിഡന്റ് സംസാരിക്കുന്നതുവരെ കറന്റുണ്ടായിരുന്നു. ഞാൻ പ്രസംഗിക്കാൻ എഴുന്നേറ്റയുടൻ ഫ്യൂസ് കട്ട് ചെയ്യുകയും പ്രസംഗം അവസാനിച്ചുവെന്ന് അറിഞ്ഞയുടൻ ഫ്യൂസ് വയ്ക്കുകയും ചെയ്തു. അങ്ങനെ വളരെ സ്നേഹത്തോടെ പെരുമാറുന്ന സമീപനം അവിടെയുണ്ട്. വാളകത്ത് അച്ഛനോടൊപ്പം ഞാൻ താമസിച്ചിരുന്ന എന്റെ കുടുംബ വീട്ടിൽ അങ്ങ് വന്നിട്ടുണ്ട്. അവിടെ ഒരു ദിവസം രാത്രിയിൽ 21 പ്രാവശ്യം കറന്റുപോയി. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ബോർഡ് ചെയർമാനെ അറിയിച്ചു. അതിന് തൊട്ടടുത്ത ദിവസം ചീഫ് എഞ്ചിനീയറും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറും അവിടെയെത്തി പരിശോധനകൾ നടത്തി. പട്ടാഴി പഞ്ചായത്തിൽ വൈദ്യുതി തകരാറ് നിരന്തരമായി വരുന്നത് ദുഃഖകരമായ കാര്യമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇടപെട്ട് പരിഹാരം കാണണം. പട്ടാഴി, പട്ടാഴി വടക്കേക്കര, തലവൂരിന്റെ പകുതി ഭാഗം തുടങ്ങിയ മൂന്ന് പഞ്ചായത്തുകൾ ഈ സെക്ഷന്റെ കീഴിലാണ് വരുന്നത്. ഈ മൂന്ന് പഞ്ചായത്തുകളിലെ ജനങ്ങളെ ദ്രോഹിക്കുന്ന നിലപാടാണുള്ളത്. എം.എൽ.എ. പ്രസംഗിക്കുമ്പോൾ ഫ്യൂസ് കട്ട് ചെയ്തത് മോശമായ

നടപടിയാണ്. താലൂക്ക് സമിതി ഉദ്യോഗസ്ഥരോട് അതിനെക്കുറിച്ച് ഞാൻ അന്വേഷിച്ചപ്പോൾ ലിങ്ക് മാറ്റുന്ന സമയമാണെന്നാണ് മറുപടി പറഞ്ഞത്. ലിങ്ക് മാറ്റുന്ന സമയമാണെന്ന് അറിഞ്ഞിരുന്നെങ്കിൽ ഞാൻ പ്രസംഗിക്കുമായിരുന്നില്ല. മൈക്ക് ഇല്ലാതെയും അത്യാവശ്യം പ്രസംഗിക്കാൻ അറിയാവുന്നതുകൊണ്ട് ഞാൻ പറഞ്ഞ കാര്യങ്ങളെല്ലാം ആ യോഗത്തിൽ പങ്കെടുത്തവർ കേൾക്കുകയുണ്ടായി. എന്റെ പ്രസംഗം തടസ്സപ്പെടുത്തിയതിൽ എനിക്ക് പരാതിയില്ല. എന്നാൽ നാട്ടുകാരുടെ ബുദ്ധിമുട്ട് പരിഹരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൊട്ടാരക്കര സബ്സ്റ്റേഷനിലെ ആറാട്ടുപുഴ 11 കെ.വി. ഫീഡറിൽനിന്നും പത്തനാപുരം സബ്സ്റ്റേഷനിലെ പട്ടാഴി 11 കെ.വി. ഫീഡറിൽ നിന്നുമാണ് പട്ടാഴി പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി എത്തുന്നത്. വൃക്ഷലതാദികളും റബ്ബർ മരങ്ങളും നിറഞ്ഞ ഈ പ്രദേശത്തുകൂടി 12 കി.മീ. നീളമുള്ളതായ ഈ ഫീഡറുകൾ മറ്റു രണ്ട് സെക്ഷൻ പരിധി കടന്നാണ് പട്ടാഴി പ്രദേശത്ത് എത്തുന്നത്. ആയതിനാൽ മറ്റു ഫീഡറുകളെ അപേക്ഷിച്ച് ഈ ഫീഡറുകളിൽ വൈദ്യുതി തടസ്സം താരതമ്യേന കൂടുതലാണ്. മേയ്, ജൂൺ മാസങ്ങളിൽ

പ്രസ്തുത പ്രദേശങ്ങളിൽനിന്നും രേഖപ്പെടുത്തിയ പരാതികൾ വൈദ്യുതി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേയ്-ജൂൺ മാസങ്ങളിൽ സാധാരണയിൽ കവിഞ്ഞ വൈദ്യുതി തടസ്സം ഉണ്ടായതായി കാണുന്നു. ഫീഡറുകൾ കടന്നുപോകുന്ന വഴിയിൽ വൃക്ഷലതാദികൾ കൂടുതലുള്ള പ്രദേശങ്ങളിൽനിന്നും അവ മാറ്റി മെയിൻ റോഡിലേയ്ക്ക് സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 7.9 കി.മീ. വൃക്ഷലതാദികൾ കൂടുതലുള്ള പ്രദേശങ്ങളിൽനിന്നും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും 900 മീ. ലൈൻ മാറ്റുന്ന പ്രവൃത്തിയും പൂർത്തീകരിച്ചു. കൂടാതെ ഈ പ്രദേശത്തുനിന്നും 6 കി.മീ. മാത്രം അകലെയുള്ള ഏനാത്ത് സബ്സ്റ്റേഷനിൽനിന്നും പുതിയതായി ഒരു ഫീഡർ വലിച്ച് പട്ടാഴി സെക്ഷനിലേയ്ക്ക് എത്തിക്കാനുള്ള പ്രവൃത്തികളും നടന്നുവരുന്നു. ഇതിൽ 2.25 കി.മീ. ഭൂഗർഭ കേബിളും 2 കി.മീ. ഓവർഹെഡ് ലൈനുമാണ്. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനായി റോഡ് കട്ടിംഗ് നടത്തുന്നതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്. അത് എത്രയുംവേഗം ചെയ്തുതീർക്കാനാകുമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി പട്ടാഴി പ്രദേശത്ത് ഇടയ്ക്കിടെയുണ്ടാകുന്ന വൈദ്യുതി തടസ്സം പൂർണ്ണമായും മാറ്റാൻ സാധിക്കുന്നതാണ്. നിലവിലെ സ്ഥിതിയിൽ ഈ ഫീഡറുകളിലെ തടസ്സം

ഒഴിവാക്കാൻ കൃത്യമായ ഇടവേളകളിൽ ഫീഡറിനോട് ചേർന്നുനിൽക്കുന്ന വൃക്ഷങ്ങളുടെയും മറ്റും ശിഖരങ്ങൾ മുറിക്കുന്ന പ്രവൃത്തികൾ നടത്തുകയും ആവശ്യമായ സ്ഥലങ്ങളിൽ എൽ.ടി. ലൈനുകളിൽ സ്പേസറുകൾ ഇടുകയും ചെയ്തുവരുന്നു. കഴിഞ്ഞ മാസങ്ങളിൽ പട്ടാഴി സെക്ഷന്റെ കീഴിൽ 60 കി.മീ. എൽ.ടി. ലൈനുകൾ നവീകരിച്ചിട്ടുണ്ട്. ഇനിയും എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ നേരിട്ട് അറിയിച്ചാൽ പരിഹരിക്കാം.

(4) <u>കാട്ടാന ശല്യം</u>

<u>ശ്രീ. ആന്റണി ജോൺ</u>: സർ, എന്റെ നിയോജകമണ്ഡലമായ കോതമംഗലത്തെ വിവിധ പഞ്ചായത്തുകളിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വന്യമൃഗ ശല്യത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും രണ്ടാഴ്ചമുമ്പ് കാട്ടാനയുടെ ആക്രമണത്തിൽ ക്രൂരമായി കൊല്ലപ്പെട്ട കുട്ടമ്പുഴ പിണവൂർക്കുടിയിലെ സന്തോഷിന്റെ മകന് വനം വകുപ്പിൽ സ്ഥിരം ജോലി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എന്റെ മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിൽ വന്യമൃഗ ശല്യംമൂലമുള്ള പ്രശ്നങ്ങൾ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. കുട്ടമ്പുഴ, കോട്ടപ്പടി, പിണ്ടിമന, കീരംപാറ, കവളങ്ങാട് എന്നീ അഞ്ച് പഞ്ചായത്തുകളിലാണ് പ്രശ്നം

രൂക്ഷമായിക്കൊണ്ടിരിക്കുന്നത്. വന്യമൃഗശല്യംമൂലം നിരവധി ജീവനുകൾ ഇതിനോടകം നഷ്ടമായിട്ടുണ്ട്. സന്തോഷിന്റെ ദാരുണമായ മരണമാണ് ഏറ്റവും ഒടുവിലായുണ്ടായത്. ജീവൻ നഷ്ടപ്പെടുക മാത്രമല്ല വനം വകുപ്പ് വാച്ചർമാർ ഉൾപ്പെടെയുള്ളവർ ഗുരുതരമായ പരിക്കുകളോടെയാണ് ഇന്ന് കഴിയുന്നത്. കൃഷിനാശവും വ്യാപകമായി ഉണ്ടാകുന്നു. കൂടാതെ വളർത്തുമൃഗങ്ങളെ തുടർച്ചയായി ആന ആക്രമിച്ച് കൊലപ്പെടുത്തുകയാണ്. കഴിഞ്ഞ കുറച്ച് ദിവസത്തെ അനുഭവം പരിശോധിച്ചാൽ കുട്ടമ്പുഴ, ഉരുളൻകണ്ണി, പിണവൂർക്കുടി എന്നിവിടങ്ങളിൽ കാട്ടാന വ്യാപകമായി നാശനഷ്ടം വിതയ്ക്കുകയാണ്. കുട്ടമ്പുഴയിൽ ഇളംബ്ലാശ്ശേരി-അഞ്ചുകുടി ആദിവാസി കോളനിക്ക് സമീപമുള്ള സി.എസ്.ഐ. ദേവാലയം ആന ഇടിച്ചുനിരത്തുന്ന ഒരു സംഭവമുണ്ടായി. അതിന് സമീപത്തും വ്യാപകമായ കൃഷിനാശമാണ് ഉണ്ടായിരിക്കുന്നത്. കോട്ടപ്പടി പഞ്ചായത്തിലെ വാവേലിയിൽ വീടുകൾക്ക് മുകളിലേയ്ക്കാണ് ആനകൾ മരങ്ങൾ മറിച്ചിടുന്നത്. അവിടെയുള്ള അക്കേഷ്യ മരങ്ങൾ വളരെ നേരത്തെ മുറിച്ചുമാറ്റേണ്ടതായിരുന്നു. വീടുകൾക്ക് മുകളിലേയ്ക്ക് ആന മരങ്ങൾ മറിച്ചിട്ടതുമൂലം വലിയ നാശനഷ്ടമാണുണ്ടായത്. അതുമായി ബന്ധപ്പെട്ട് ജനങ്ങളുടെ വലിയ പ്രതിഷേധവും ടി മേഖലയിലുണ്ടായി. വടാട്ടുപാറയിലെ

ഏകദേശം അഞ്ച് വാർഡുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ആനയുടെ ശല്യം കഴിഞ്ഞ ദിവസങ്ങളിൽ രൂക്ഷമായിരിക്കുകയാണ്. ഇങ്ങനെയുള്ള നിരവധി പ്രദേശങ്ങളുണ്ട്. സമയക്കുറവുമൂലം ഓരോന്നും ഞാൻ എടുത്തുപറയുന്നില്ല. കോട്ടപ്പടി പഞ്ചായത്തിലെ വാവേലി, പ്ലാമുടി, വടക്കുംഭാഗം, കീരംപാറ പഞ്ചായത്തിലെ കുരുകുളം, തെക്കുംമേൽ, പിണ്ടിമന പഞ്ചായത്തിലെ വെറ്റിലപ്പാറ, കുളങ്ങാട്ടുകുഴി, വേട്ടാമ്പാറ, കവളങ്ങാട് പഞ്ചായത്തിലെ നീണ്ടപാറ, ചെമ്പംകുഴി ഉൾപ്പെടെ അഞ്ച് പഞ്ചായത്തുകളുടെ വിവിധ പ്രദേശങ്ങളിൽ രാപകൽ വ്യത്യാസമില്ലാതെ ആനശല്യം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. നിലവിൽ കുറച്ചധികം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും സോളാർ ഫെൻസിംഗ് പോലെയുള്ള നടപടികൾ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. കൃത്യമായ ഇടവേളകളിൽ അറ്റകുറ്റപ്പണികൾ നടത്തി അതിന്റെയെല്ലാം കാര്യക്ഷമത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം. അതോടൊപ്പം ട്രഞ്ച്, റെയിൽ ഫെൻസിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുണ്ടാകണം. എല്ലാ മേഖലയിലും വ്യാപകമായ കൃഷി നാശമുണ്ടാകുന്നതിനാൽ കൃഷിനാശം സംഭവിക്കുന്നവർക്ക്

സമയബന്ധിതമായി നഷ്ടപരിഹാരം നൽകാനുള്ള നടപടികൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. ആന്റണി ജോൺ: സർ, ഏറ്റവുമൊടുവിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട സന്തോഷിന്റെ മകന് വനം വകുപ്പിൽ ജോലി നൽകി ആ കുടുംബത്തെ സംരക്ഷിക്കണമെന്നുകൂടി ആവശ്യപ്പെടുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളെ ബാധിക്കുന്ന പ്രശ്നങ്ങളാണ് അവതരിപ്പിച്ചത്. ഓരോ പ്രദേശത്തുമുള്ള നിരവധി ആവശ്യങ്ങൾ അദ്ദേഹം ഉന്നയിച്ചിട്ടുണ്ട്. അതിൽ ഹൈറേഞ്ച് സർക്കിളിനുകീഴിലുള്ള നേര്യമംഗലം റെയിഞ്ചിന്റെ പരിധിയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട സന്തോഷിന്റെ മകന് സ്ഥിരം ജോലി കൊടുക്കണമെന്നത് ഒരുപാട് സാങ്കേതികത്വമുള്ള വിഷയമാണ്. ആയതിനാൽ ആ കുടുംബത്തിന് ആശ്വാസം നൽകാൻ നിയമത്തിന്റെ പരിധിയിൽനിന്ന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് സർക്കാർ ഗൗരവത്തിൽ ആലോചിക്കുന്നതാണ്. എത്രയുംവേഗം നഷ്ടപരിഹാരം നൽകുകയാണ് സർക്കാരിന് ചെയ്യാൻ

സാധിക്കുന്നത്. ഒരു ലക്ഷം രൂപ നഷ്ടപരിഹാരം ഉടൻതന്നെ നൽകിയിട്ടുണ്ട്. അവകാശിയെ സംബന്ധിച്ച രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കി 9 ലക്ഷം രൂപ കൂടി നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്. കോതമംഗലം, മൂന്നാർ ഡിവിഷനുകളിൽപ്പെട്ട കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ, കീരംപാറ, കവളങ്ങാട് തുടങ്ങിയ പഞ്ചായത്തുകളിലെ വന്യമൃഗശല്യത്തെക്കുറിച്ച് പലവട്ടം സഭയിൽ പറഞ്ഞിട്ടുള്ളതാണ്. മലയോര മേഖലയിലെ കർഷകർക്കിടയിൽ നിലനിൽക്കുന്ന മറ്റൊരു ദുരിതക്കഥയുടെ ഭാഗമാണിത്. അതിന് അത്ഭുതവിദ്യകളൊന്നും കാണിക്കാനില്ല. ഇവിടെ ആവശ്യപ്പെട്ടതുപോലെ പട്രോളിംഗ് നടത്തുകയും ജനവാസ മേഖലകളിൽ വന്യജീവികൾ ഇറങ്ങിവരുന്നത് തടയുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുകയെന്നതുമാണ് കരണീയം. അതിനുവേണ്ടി സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെയും താൽക്കാലിക വാച്ചർമാരെയും ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള പ്രാദേശിക സ്ക്വാഡുകളുടെ സേവനമാണ് ഉപയോഗത്തിൽ വരുന്നത്. നേരത്തെ അവർക്ക് യാത്ര ചെയ്യുന്നതിനുള്ള സൗകര്യങ്ങളില്ലായിരുന്നു. കഴിഞ്ഞ മാസം ഒടുവിലാണ് വിവിധ റെയിഞ്ചുകളിലേയ്ക്കായി 50 വാഹനങ്ങൾ നൽകിയിട്ടുള്ളത്. ഇനിയും വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനാണ് ആലോചിക്കുന്നത്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനുള്ള അനുവാദം നൽകിയാൽ മാത്രം മതി. അങ്ങനെ വന്നാൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിച്ചാൽ ഉടൻതന്നെ സംഭവ സ്ഥലത്ത് ഓടിയെത്താനുള്ള സാഹചര്യമുണ്ടാകും. മറ്റൊന്ന്, ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് ഇത്തരം പ്രദേശങ്ങളെ കണ്ടെത്തുക എന്നുള്ളതാണ്. അതിനുള്ള ക്യാമറകളും മറ്റും സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ രൂപീകരിച്ചാൽ കർഷകർക്ക് ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതാണ്. അതിനുള്ള ശ്രമം നടന്നുവരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കുട്ടമ്പുഴ പഞ്ചായത്തിൽ 1370000 കോടി രൂപ ചെലവിൽ നാല് കിലോമീറ്റർ ദൂരത്തിൽ നിലവിലുള്ള സൗരോർജ്ജവേലി നവീകരിച്ച് ഹാംഗിംഗ് സൗരോർജ്ജവേലി നിർമ്മിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. കോടനാട് മേഖലയിൽ 29 കി.മീ. ഹാംഗിംഗ് സൗരോർജ്ജവേലി സ്ഥാപിക്കുന്നതിനുള്ള സർവ്വേ ജോലിക്കായി 231 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ ഒരു മാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ വനം വകുപ്പിനും സർക്കാരിനും ചെയ്യാൻ കഴിയുന്ന എല്ലാ നടപടികളും

സ്വീകരിച്ച് മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും ഒന്നുകൂടി ജാഗ്രത പാലിച്ചാൽ വനം വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അവർ ഇക്കാര്യത്തിൽ നല്ല താൽപ്പര്യമാണ് കാണിക്കുന്നത്. ഇത്തരം നടപടിക്രമങ്ങൾ ആരംഭിക്കുമ്പോൾ സ്ഥലം എം.എൽ.എ.മാരെക്കൂടി ബന്ധപ്പെടുത്തി പ്രവൃത്തികൾ ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എം.എൽ.എ.മാർ ഇപ്പോൾ തന്നെ ജാഗ്രതാ സമിതികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൂടി സ്വീകരിച്ചാൽ ഇതിന് ശാശ്വത പരിഹാരമാകില്ലെങ്കിലും രൂക്ഷമായ ആക്രമണത്തിൽനിന്നും ജനങ്ങളെ സഹായിക്കാൻ കഴിയുന്ന നടപടി സ്വീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ആയതിനാൽ നമുക്ക് പരസ്പരം സഹകരിച്ച് ഇക്കാര്യത്തിൽ പരിഹാരം കണ്ടെത്താം. ഇത് എല്ലാവരുടെയും ആവശ്യമാണ്. എം.എൽ.എ.മാരുടെ സഹായംകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(5) സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാരുടെ ഓണറേറിയം

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മാനസിക വെല്ലുവിളി നേരിടുന്ന

കുട്ടികൾക്ക് പഠന പരിശീലനം നൽകുന്ന സ്പെഷ്യൽ സ്കൂളുകൾ അര നൂറ്റാണ്ടിലധികമായി വിവിധ എൻ.ജി.ഒ.-കളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരികയാണ്. ഒരു ബൗദ്ധിക പരിശീലന കേന്ദ്രത്തെക്കാൾ ഓരോ കുട്ടിയെയും ജീവിക്കാൻ പഠിപ്പിക്കുന്ന ഒരു പരിശീലന സംവിധാനമാണിത്. വസ്ത്രം ധരിക്കുക, ഭക്ഷണം കഴിക്കുക, ശരീരശുദ്ധി വരുത്തുക തുടങ്ങിയ പരിശീലനങ്ങളാണ് പ്രധാനമായും നൽകിവരുന്നത്. സ്വയം ഉപദ്രവിക്കുകയും മറ്റുള്ളവരെ ഉപദ്രവിക്കുകയും ചെയ്യുന്ന കുട്ടികളുൾപ്പെടെയുള്ളവരെ വിവിധ പരിശീലനങ്ങളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ പരിശ്രമിക്കുന്ന ജീവനക്കാർക്ക് മറ്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്നതുപോലെ വേതനം ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ ടി നിലയിൽ വേതനം ലഭിക്കുന്നില്ലെന്ന് മാത്രമല്ല വേതനം കുറയുന്ന സ്ഥിതിയും ഖേദകരമാണ്. അതുകൊണ്ട് ഇവരുടെ വേതനം വർദ്ധിപ്പിക്കാനും അവർക്ക് ലഭിക്കാനുള്ള കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. പി. പി. ചിത്തരഞ്ജൻ ഉന്നയിച്ച വിഷയം വളരെ

പ്രാധാന്യമർഹിക്കുന്നതും ഗൗരവമുള്ളതുമാണ്. സംസ്ഥാനത്തെ അൺ-എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവയ്ക്കായി 2019 മുതൽ നടപ്പിലാക്കിവരുന്ന സ്പെഷ്യൽ സ്കൂൾ പാക്കേജ് പ്രകാരം സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിവരികയാണ്. വർഷാവർഷം ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്ന തുകയിൽ നിന്നാണ് സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നത്. 2021-2022 വർഷം 22 കോടി രൂപയുടെ ഭരണാനുമതി 18.08.2021-ലെ സർക്കാർ ഉത്തരവുപ്രകാരം നൽകുകയും പ്രസ്തുത തുകയിൽനിന്നും 314 സ്പെഷ്യൽ സ്കൂളുകൾക്ക് ജീവനക്കാരുടെ 5 മാസത്തെ ഓണറേറിയം, കുട്ടികൾക്ക് 3 മാസത്തെ കണ്ടിജൻസി അലവൻസ്, ഓരോ കുട്ടിക്കും 1,000/- രൂപ വീതം രണ്ട് ജോഡി യൂണിഫോം അലവൻസ് എന്നിവ നൽകിയിട്ടുണ്ട്. ആകെ 21,93,69,050/- രൂപ അനുവദിച്ചുനൽകിയിരുന്നു. 2021-2022 അക്കാദമിക വർഷം 2021 ഡിസംബർ മുതലാണ് സാധാരണ നിലയിൽ സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചത്. 2021-2022 വർഷം അനുവദിക്കപ്പെട്ട തുക ഉപയോഗിച്ചുകൊണ്ടാണ് മേൽപ്രകാരം പാക്കേജ് നടപ്പിലാക്കിയത്. ഈ സാമ്പത്തിക വർഷത്തേയ്ക്ക് സ്പെഷ്യൽ പാക്കേജ്

ഇനത്തിൽ 45 കോടി രൂപ പ്ലാൻ ശീർഷകത്തിൽ വകയിരുത്തുകയും 02-06-2022-ലെ സർക്കാർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഈ വർഷം സമയബന്ധിതമായി പാക്കേജ് നടപ്പിലാക്കുന്നതാണ്. ഇതുകൂടാതെ എസ്.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി പദ്ധതികൾ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ഓരോ സ്കൂളുകളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നുള്ള വിവരം ബഹുമാനപ്പെട്ട അംഗത്തെയും സഭയെയും അറിയിക്കുകയാണ്.

(6) തമിഴ് മീഡിയം യു.പി. സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

ശ്രീ. വാഴൂർ സോമൻ: സർ, കേരളത്തിലെ ഇടുക്കി, പാലക്കാട്, തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിലെ ഭാഷാ ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നം സംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ. കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ യു.പി. സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിക്കുമ്പോൾ യു.പി. സ്കൂൾ മലയാള അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്ന അതേ മാനദണ്ഡത്തിൽ തന്നെ ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയും ബി.എഡും കെ.ടെറ്റും

വിജയിച്ചാൽ അപേക്ഷ നൽകാമെന്നതുപോലെ തമിഴ് സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കുമ്പോഴും ആയത് പാലിക്കപ്പെടേണ്ടതല്ലേ; നിലവിൽ കേരള പി.എസ്.സി. തമിഴ് മീഡിയം യു.പി. സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കാൻ അപേക്ഷ ക്ഷണിക്കുമ്പോൾ ഏതെങ്കിലും ഡിഗ്രി എടുത്തതിനുശേഷം തമിഴ് ഭാഷയിൽ ബി.എഡ് എടുത്തവർക്ക് മാത്രമേ അപേക്ഷ നൽകാൻ സാധിക്കുകയുള്ളൂവെന്ന വ്യവസ്ഥ നിലനിൽക്കുന്നതിനാൽ പത്താം ക്ലാസ് വരെ തമിഴ് മീഡിയത്തിൽ പഠിച്ചതിനുശേഷം ഡിഗ്രി പൂർത്തിയാക്കുകയും വിവിധ വിഷയങ്ങളിൽ ബി.എഡ് എടുത്ത വിദ്യാർത്ഥികൾക്ക് അപേക്ഷ നൽകാൻ സാധിക്കാത്ത സ്ഥിതിവിശേഷവുമാണ് നിലവിലുള്ളത്. അവസാനമായി 29.12.2018-ൽ പി.എസ്.സി. നോട്ടിഫിക്കേഷൻ ക്ഷണിച്ചപ്പോൾ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുകയും ഇടുക്കി ജില്ലയിൽ തമിഴ് യു.പി. സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കാൻവേണ്ടി നോട്ടിഫിക്കേഷൻ ക്ഷണിച്ച് പരീക്ഷ നടത്തി 17-05-2022-ൽ റാങ്ക് ലിസ്റ്റ് പുറത്തുവന്നപ്പോൾ മുഖ്യലിസ്റ്റിൽ 33 പേർ യോഗ്യത നേടിയവരിൽ തമിഴ് ബി.എഡ് യോഗ്യതയുണ്ടായിരുന്ന രണ്ടുപേർ മാത്രമാണ് ലിസ്റ്റിൽ ഇടം നേടിയത്. ബാക്കിയുള്ളവർ ടി.ടി.സി.

യോഗ്യതയുള്ളവരായിരുന്നു. ആയതിനാൽ അടുത്ത തവണ തമിഴ് യു.പി. സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കാൻ അപേക്ഷ ക്ഷണിക്കുമ്പോൾ പത്താം ക്ലാസ് വരെ തമിഴ് മീഡിയത്തിൽ പഠിച്ചവർക്ക് ഏതെങ്കിലും വിഷയത്തിൽ ബിരുദവും ബി.എഡ്ഡും എടുത്തവർക്ക് അപേക്ഷിക്കാൻ സാധിക്കുന്ന വിധം മലയാളം യു.പി. സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്ന അതേ മാനദണ്ഡത്തിൽ തമിഴ് മീഡിയം ഉദ്യോഗാർത്ഥികൾക്കും അവസരം ലഭിക്കാൻ ഉത്തരവുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഏതെങ്കിലും വിഷയത്തിലുള്ള ഡിഗ്രിയും തമിഴ് ഭാഷയിലുള്ള ബി.എഡ്ഡും കൂടാതെ കെ.ഇ.ആർ. അദ്ധ്യായം 31-ൽ പരാമർശിച്ചിട്ടുള്ള യോഗ്യതകളുമാണ് നിലവിൽ യു.പി സ്കൂൾ തമിഴ് അദ്ധ്യാപകർക്ക് യോഗ്യതയായി പരിഗണിക്കുന്നത്. യു.പി.എസ്.റ്റി. തമിഴ് ഭാഷാ അദ്ധ്യാപകർ രണ്ടാം ഭാഷയും മൂന്നാം ഭാഷയും ഒഴികെയുള്ള വിഷയങ്ങൾ തമിഴ് മാധ്യമത്തിലാണ് അധ്യയനം നടത്തേണ്ടത്. തമിഴ് ഭാഷയോടൊപ്പം പരിശീലന യോഗ്യതയും തമിഴിൽ കരസ്ഥമാക്കിയാൽ മാത്രമേ തമിഴ് മാധ്യമത്തിൽ പഠിക്കുന്ന കുട്ടികളുടെ അക്കാദമിക താൽപ്പര്യം സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് പ്രസ്തുത നിബന്ധന നിഷ്കർഷിച്ചിട്ടുള്ളത്. 5, 6, 7

ക്ലാസുകൾ കൈകാര്യം ചെയ്യേണ്ടവരായതിനാൽ പ്രസ്തുത യോഗ്യതയിൽ മാറ്റം വരുത്താൻ സമഗ്രമായ പഠനം ആവശ്യമാണ്. അതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചിട്ടുള്ള തരത്തിൽ പ്രസ്തുത കോഴ്സിനുള്ള യോഗ്യതയിൽ മാറ്റം വരുത്താൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ

ശ്രീ. ഇ. കെ. വിജയൻ]

(7) ഈശ്വരമംഗലം വെറ്ററിനറി ക്ലിനിക്കിന്റെ പ്രവർത്തനം

ശ്രീ. പി. നന്ദകുമാർ: സർ, പൊന്നാനി താലൂക്കിലെ ഈശ്വരമംഗലം വെറ്ററിനറി പോളിക്ലിനിക്കിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ടി താലൂക്കിലെ ക്ഷീര കർഷകരെയും മറ്റും സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങളും പ്രസ്തുത ക്ലിനിക്കിൽ ഇല്ല. എക്സ്റേ യൂണിറ്റ്, സ്കാനിംഗ് യൂണിറ്റ്, എ.ബി.സി. സെന്റർ എന്നിവ സ്ഥാപിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള Travis കെട്ടിടം അടിത്തറ ഉയർത്തി വെള്ളക്കെട്ട് ഒഴിവാക്കേണ്ടതാണ്. പുതിയ കെട്ടിടത്തിൽ ലാബ്, സ്റ്റോർ റൂം എന്നിവ സൗകര്യപ്പെടുത്തണം. പുഴയോരമായതിനാൽ എപ്പോഴും

വെള്ളം കയറുന്ന പ്രദേശമായതിനാൽ മണ്ണിട്ട് നികത്തി സൗകര്യപ്രദമാകുന്ന രൂപത്തിൽ ക്ലിനിക് പ്രവർത്തിക്കാൻ സംവിധാനമൊരുക്കണം. കഴിഞ്ഞ ഒരു വർഷമായി അവിടെ ലാബ് ടെക്നീഷ്യൻ പോസ്റ്റ് ഒഴിഞ്ഞുകിടക്കുകയാണ്. മലപ്പുറം ജില്ലയിലെ പ്രധാന ക്ഷീര കർഷക മേഖലയാണ് പൊന്നാനി. ക്ഷീര കർഷകരുടെ സാന്ദ്രത കൂടുതലുള്ള പ്രദേശമാണ്. പൊന്നാനി താലൂക്കിലെ കർഷകർക്ക് പ്രധാന ആശ്രയ കേന്ദ്രമാണ് ഈ വെറ്ററിനറി ഹോസ്പിറ്റൽ. ഈ ക്ലിനിക്കിനെ സംരക്ഷിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും അടിയന്തരമായ ശ്രദ്ധ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

**[11.00 AM]**

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിലെ റഫറൽ ആശുപത്രിയെന്ന നിലയിൽ പ്രവർത്തിക്കുന്ന ഈശ്വരമംഗലം പോളിക്ലിനിക്കിനെയാണ് മൃഗചികിത്സയ്ക്കും പക്ഷികളുടെ ചികിത്സയ്ക്കും വിവിധ പദ്ധതി ആനുകൂല്യങ്ങൾക്കുമെല്ലാം ജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്നത്. ഈ മൃഗാശുപത്രി പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം കാലപ്പഴക്കംമൂലം

പ്രവർത്തനത്തിന് അനുകൂലമല്ലാത്ത അവസ്ഥയിലായിരുന്നു. കൂടാതെ 2018-ലെയും 2019-ലെയും പ്രളയത്തിൽ വെള്ളം കയറി ഭിത്തിക്കും അടിത്തറയ്ക്കും വിള്ളലും ബലക്ഷയവുമുണ്ടാകുകയും ചെയ്തു. ടി മൃഗാശുപത്രിയുടെ പ്രാധാന്യം കണക്കിലെടുത്ത് കാലപ്പഴക്കം വന്ന പഴയ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കാൻ സർക്കാർ തീരുമാനിക്കുകയും അതിൻപ്രകാരം 14-12-2020-ലെ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും പദ്ധതി നടത്തിപ്പിനായി 2020-21 സാമ്പത്തിക വർഷത്തിൽ "മൃഗചികിത്സാസേവനം" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 99,96,000/- രൂപ അനുവദിക്കുകയും സർക്കാരിന്റെ ഒന്നാം നൂറുദിന പരിപാടിയിലുൾപ്പെടുത്തി 04-09-2021-ന് നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 4035 സ്ക്വയർ ഫീറ്റിൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും മേൽക്കൂരയുടെ കോൺക്രീറ്റ് അടക്കം 50 ശതമാനം പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ ഉൾഭാഗത്തുള്ള പണികൾ പുരോഗമിക്കുകയാണ്. മഴ കാരണം പ്ലാസ്റ്ററിംഗ് നടന്നിട്ടില്ല.

കെട്ടിടനിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മൃഗാശുപത്രിയുടെ ആവശ്യകതയനുസരിച്ച് ആധുനിക ചികിത്സാ സംവിധാനങ്ങളായ എക്സ്റേ യൂണിറ്റ്, സ്കാനിംഗ് സെന്റർ, എ.ബി.സി. സെന്റർ എന്നിവ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഏകദേശം 6 മാസംകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(8) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ പറയാൻ ആഗ്രഹിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ കെട്ടിടംപണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുമെന്ന രീതിയിൽ പൊതുവായ അഭിപ്രായം ഉയർന്നുവന്നിരുന്നെങ്കിലും ഇപ്പോഴും അത് ആരംഭിക്കാൻ കഴിയാത്തതിനാൽ പൊതുസമൂഹത്തിനിടയിൽ വലിയ പ്രതിഷേധം ഉയർന്നുവരുന്ന സാഹചര്യമാണുള്ളത്. ടി ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനും അത്യാവശ്യം വേണ്ട ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുകൊണ്ട് എത്രയുംവേഗം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

കാഞ്ഞങ്ങാട് പട്ടണത്തിൽ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കാസർഗോഡ് ജില്ലയുടെ ആരോഗ്യരംഗത്തുള്ള ആവശ്യങ്ങളിലിടപെട്ട് പരിഹാരം കാണുന്നതിന്റെ ഭാഗമായാണ് കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണം ആരംഭിച്ചത്. എത്രയുംവേഗം ഈ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട ഇടപെടലുകളാണ് ആരോഗ്യ വകുപ്പ് നടത്തുന്നത്. നിലവിൽ ആശുപത്രി കെട്ടിടത്തിന്റെ സിവിൽ വർക്കുകളും ഇലക്ട്രിക്കൽ, ഫയർ ആൻഡ് സേഫ്റ്റി വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഇനി കെട്ടിടത്തിന്റെ റൂഫ് ടോപ്പ് ഷീറ്റ് ഇടുന്ന പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫയർ ആൻഡ് സേഫ്റ്റിയുടെ എൻ.ഒ.സി. ലഭ്യമാകുന്ന മുറയ്ക്ക് റൂഫ് ടോപ്പ് ഷീറ്റ് ഇടുന്ന പ്രവർത്തനം പൂർത്തിയാക്കാൻ കഴിയും. കെട്ടിടത്തിലേയ്ക്ക് ആവശ്യമായ എല്ലാ ഇലക്ട്രോണിക്സ് ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ ലിഫ്റ്റ് ഒഴികെയുള്ള പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. മോഡുലാർ ഓപ്പറേഷൻ തിയേറ്റർ, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം എന്നിവ സ്ഥാപിക്കൽ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്

പൂർത്തീകരണം എന്നിവ എൻ.എച്ച്.എം. മുഖേന നടന്നുവരുന്നു. ഓപ്പറേഷൻ തിയേറ്ററിന്റെ നിർമ്മാണത്തിൽ ടെണ്ടറായി ഇവാല്യുവേഷൻ നടക്കുന്നു. കെട്ടിടത്തിന്റെ നമ്പർ ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എൻ.എച്ച്.എം.-ന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് ഒരു കോടി അറുപത് ലക്ഷം രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഭരണാനുമതി നൽകുകയും കെ.എം.എസ്.സി.എൽ.-ൽ നിന്ന് 42 ഇനം മെഡിക്കൽ ഉപകരണങ്ങൾ ഇതിനകം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുകയും ജനറേറ്റർ സ്ഥാപിക്കുകയും ചെയ്യുന്ന മുറയ്ക്ക് ഈ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യാൻ സാധിക്കും. 22-09-2021-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം ഈ ആശുപത്രിക്കായി 7 സ്റ്റാഫ് നഴ്സ്, 2 ഫാർമസിസ്റ്റ്, 2 ക്ലാർക്ക്, ഓഫീസ് അറ്റന്റന്റ്-1 എന്നിങ്ങനെ 12 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനുപുറമെ 15 ഡോക്ടർമാരടക്കം 37 സ്ഥിരം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്. ഈ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും. അതിനുള്ള നടപടികൾ ത്വരിതഗതിയിലാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ലിസ്റ്റ് I പ്രകാരം

I മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 497/2021 | ജി.ഒ. (പി) നം. 50/2021/ഹോം | 02.07.2021 | അതെ |
| 2 | 197/2022 | ജി.ഒ. (പി) നം. 18/2022/ഹോം | 28.02.2022 | അല്ല |
| 3 | 212/2022 | ജി.ഒ. (എം.എസ്.) നം. 27/2022/ഹോം | 16.02.2022 | അല്ല |
| 4 | 214/2022 | ജി.ഒ. (എം.എസ്) നം. 33/2022/ഹോം | 23.02.2022 | അല്ല |
| 5 | 215/2022 | ജി.ഒ. (എം.എസ്) നം. 32/2022/ഹോം | 22.02.2022 | അല്ല |
| 6 | 222/2022 | ജി.ഒ. (എം.എസ്.) നം. 40/2022/ഹോം | 07.03.2022 | അല്ല |
| 7 | 223/2022 | ജി.ഒ. (എം.എസ്.) നം. 41/2022/ഹോം | 07.03.2022 | അല്ല |
| 8 | 224/2022 | ജി.ഒ. (എം.എസ്) നം. 42/2022/ഹോം | 07.03.2022 | അല്ല |
| 9 | 225/2022 | ജി.ഒ. (എം.എസ്) നം. 43/2022/ഹോം | 07.03.2022 | അല്ല |
| 10 | 226/2022 | ജി.ഒ. (എം.എസ്) നം. 44/2022/ഹോം | 07.03.2022 | അല്ല |
| 11 | 234/2022 | ജി.ഒ. (ആർ.ടി.) നം. 435/2022/ഹോം | 18.02.2022 | അല്ല |
| 12 | 235/2022 | ജി.ഒ. (ആർ.ടി.) നം. 395/2022/ഹോം | 14.02.2022 | അല്ല |
| 13 | 236/2022 | ജി.ഒ. (പി) നം. 81/2021/ഹോം | 28.12.2021 | അല്ല |
| 14 | 237/2022 | ജി.ഒ. (ആർ.ടി.) നം. 3375/2021/ഹോം | 06.12.2021 | അല്ല |
| 15 | 249/2022 | സ.ഉ. (പി) നം. 1/2022/നോർക്ക | 14.03.2022 | അല്ല |
| 16 | 250/2022 | സ.ഉ. (പി) നം. 2/2022/നോർക്ക | 14.03.2022 | അല്ല |
| 17 | 251/2022 | ജി.ഒ. (എം.എസ്.) നം. 47/2022/ഹോം | 14.03.2022 | അല്ല |
| 18 | 258/2022 | ജി.ഒ. (ആർ.ടി.) നം. 727/2022/ഹോം | 17.03.2022 | അല്ല |
| 19 | 261/2022 | സ.ഉ.(കൈ)നമ്പർ.28/2022/ആഭ്യന്തരം | 16.02.2022 | അല്ല |
| 20 | 265/2022 | സ.ഉ.(പി) നം.3/2022/നോർക്ക | 18.03.2022 | അല്ല |

| | | | | |
|---|---|---|---|---|
| 21 | 327/2022 | ജി.ഒ.(എം.എസ്.)നം.64/2022/ഹോം | 25.03.2022 | അല്ല |
| 22 | 329/2022 | ജി.ഒ.(എം.എസ്)നം.65/2022/ഹോം. | 25.03.2022 | അല്ല |
| 23 | 330/2022 | ജി.ഒ.(പി)നം.31/2022/ഹോം | 31.03.2022 | അല്ല |
| 24 | 331/2022 | ജി.ഒ.(പി)നം.32/2022/ഹോം | 31.03.2022 | അല്ല |
| 25 | 332/2022 | ജി.ഒ.(ആർ.ടി.)നം. 851/2022/ഹോം | 25.03.2022 | അല്ല |
| 26 | 335/2022 | ഹോം-എസ്.എസ്.എ.5/60/2022-ഹോം | 01.04.2022 | അല്ല |
| 27 | 336/2022 | ജി.ഒ.(എം.എസ്)നം.53/2022/ഹോം | 18.03.2022 | അല്ല |
| 28 | 337/2022 | ജി.ഒ.(എം.എസ്)നം.53/2022/ഹോം | 18.03.2022 | അല്ല |
| 29 | 348/2022 | ജി.ഒ.(എം.എസ്)നം.68/2022/ഹോം | 01.04.2022 | അല്ല |
| 30 | 366/2022 | ജി.ഒ.(എം.എസ്)നം.70/2022/ഹോം | 02.04.2022 | അല്ല |
| 31 | 393/2022 | ജി.ഒ.(ആർ.ടി.)നം. 1133/2022/ഹോം | 22.04.2022 | അല്ല |
| 32 | 394/2022 | ജി.ഒ.(ആർ.ടി.)നം.1140/2022/ഹോം | 22.04.2022 | അല്ല |
| 33 | 395/2022 | ജി.ഒ.(ആർ.ടി.)നം.1081/2022/ഹോം | 18.04.2022 | അല്ല |
| 34 | 405/2022 | ജി.ഒ.(ആർ.ടി.)നം.1196/2022/ഹോം | 27.04.2022 | അല്ല |
| 35 | 413/2022 | ജി.ഒ.(പി)നം.35/2022/ഹോം | 27.04.2022 | അല്ല |
| 36 | 415/2022 | ജി.ഒ.(പി)നം.36/2022/ഹോം | 29.04.2022 | അല്ല |
| 37 | 418/2022 | ഹോം-എസ്.എസ്.എ.4/62/2022-ഹോം | 27.04.2022 | അല്ല |
| 38 | 419/2022 | ഹോം-എസ്.എസ്.എ 1/251/2022-ഹോം | 27.04.2022 | അല്ല |
| 39 | 428/2022 | ജി.ഒ.(പി) നം.37/2022/ഹോം | 04.05.2022 | അല്ല |
| 40 | 429/2022 | ആഭ്യന്തരം-എസ്.എസ്.എ 2/67/2021-ആഭ്യന്തരം | 06.05.2022 | അല്ല |
| 41 | 430/2022 | ജി.ഒ.(പി) നം.38/2022/ഹോം | 07.05.2022 | അല്ല |
| 42 | 433/2022 | ജി.ഒ.(എം.എസ്.)നം.54/2022/ഹോം | 21.03.2022 | അല്ല |
| 43 | 441/2022 | ജി.ഒ.(ആർ.ടി.)നം.1295/2022/ഹോം | 07.05.2022 | അല്ല |
| 44 | 442/2022 | ജി.ഒ.(ആർ.ടി.) നം.1304/2022/ഹോം | 09.05.2022 | അല്ല |
| 45 | 452/2022 | ജി.ഒ.(പി) നം. 30/2022/ഹോം | 31.03.2022 | അല്ല |
| 46 | 496/2022 | ജി.ഒ.(എം.എസ്)നം.83/2022/ജി.എ.ഡി. | 17.05.2022 | അല്ല |
| 47 | 517/2022 | ജി.ഒ.(എം.എസ്) നം.100/2022/ഹോം | 17.05.2022 | അല്ല |
| 48 | 525/2022 | ജി.ഒ.(ആർ.ടി.) നം. 1488/2022/ഹോം | 27.05.2022 | അല്ല |
| 49 | 541/2022 | ജി.ഒ.(പി)നം.46/2022/ഹോം | 02.06.2022 | അല്ല |
| 50 | 546/2022 | ജി.ഒ.(ആർ.ടി.) നം. 1568/2022/ഹോം | 03.06.2022 | അല്ല |
| 51 | 547/2022 | ജി.ഒ.(പി) നം. 47/2022/ഹോം | 03.06.2022 | അല്ല |

| | | | | |
|---|---|---|---|---|
| 52 | 577/2022 | ജി.ഒ.(പി) നം.49/2022/ഹോം | 09.06.2022 | അല്ല |
| 53 | 593/2022 | ജി.ഒ.(എം.എസ്.)നം.108/2022/ഹോം | 04.06.2022 | അല്ല |

18-03-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 68/2022 | ജി.ഒ. (പി) നം. 2/2022/ഹോം | 15.01.2022 |
| 2 | 74/2022 | ജി.ഒ. (പി) നം. 3/2022/ഹോം | 19.01.2022 |
| 3 | 150/2022 | ജി.ഒ. (ആർ.ടി.) നം.405/2022/ഹോം | 15.02.2022 |
| 4 | 151/2022 | ജി.ഒ. (ആർ.ടി) നം. 416/2022/ഹോം | 16.02.2022 |
| 5 | 152/2022 | ജി.ഒ. (പി) നം.5/2022/ഹോം | 15.02.2022 |
| 6 | 153/2022 | ഹോം-എസ്.എസ്.എ.5/231/2021-ഹോം | 17.02.2022 |
| 7 | 169/2022 | ജി.ഒ. (ആർ.ടി.) നം. 310/2022/ഹോം | 07.02.2022 |
| 8 | 170/2022 | ജി.ഒ. (പി) നം. 6/2022/ഹോം | 23.02.2022 |
| 9 | 176/2022 | ജി.ഒ. (പി) നം. 10/2022/ഹോം | 26.02.2022 |
| 10 | 217/2022 | ജി.ഒ. (ആർ.ടി) നം. 590/2022/ഹോം | 03.03.2022 |
| 11 | 244/2022 | ജി.ഒ. (എം.എസ്.) നം. 49/2022/ഹോം | 15.03.2022 |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി | 2012-13 മുതൽ 2019-20 വരെ | വാർഷിക കണക്കുകൾ | അതെ |
| 2 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 മുതൽ 2018-19 വരെ | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ | 2014-15 മുതൽ 2019-20 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 5 | കേരള സംസ്ഥാന ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

| | | | | |
|---|---|---|---|---|
| | കോർപ്പറേഷൻ ലിമിറ്റഡ് | | | |
| 6 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | കൊച്ചി ഇൻഫോ പാർക്ക് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 9 | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ | 2019-20 | വാർഷിക റിപ്പോർട്ടും മെമ്മോറാണ്ടവും | അതെ |
| 10 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള | 2019-20<br>2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 11 | കേരള സ്റ്റാർട്ടപ്പ് മിഷൻ | 2019-20<br>2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 12 | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് | 2020-21 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 13 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 14 | ടെക്നോപാർക്ക് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |

II. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 283/2020 | ജി.ഒ.(പി)നം.57/2020/റ്റി.ഡി | 21.04.2020 | അതെ |
| 2. | 239/2022 | ജി.ഒ.(പി)നം.20/2022/റ്റി.ഡി | 26.02.2022 | അല്ല |
| 3. | 285/2022 | സ.ഉ.(അച്ചടി)നം.30/2022/തസ്വഭവ | 24.03.2022 | അല്ല |
| 4. | 290/2022 | സ.ഉ.(അച്ചടി)നം.29/2022/തസ്വഭവ | 24.03.2022 | അല്ല |

| | | | | |
|---|---|---|---|---|
| 5. | 328/2022 | സ.ഉ.(അച്ചടി)നം.33/2022/തസ്വഭവ | 30.03.2022 | അല്ല |
| 6. | 333/2022 | സ.ഉ.(അച്ചടി)നം.32/2022/തസ്വഭവ | 30.03.2022 | അല്ല |
| 7. | 341/2022 | സ.ഉ(അച്ചടി)നം.34/2022/ത.സ്വ.ഭ.വ | 31.03.2022 | അല്ല |
| 8. | 342/2022 | സ.ഉ(അച്ചടി)നം.31/2022/ത.സ്വ.ഭ.വ | 30.03.2022 | അല്ല |
| 9. | 363/2022 | സ.ഉ(അച്ചടി)നം.35/2022/ത.സ്വ.ഭ.വ | 02.04.2022 | അല്ല |
| 10. | 377/2022 | സ.ഉ(അച്ചടി)നം.38/2022/ത.സ്വ.ഭ.വ | 16.04.2022 | അല്ല |
| 11. | 471/2022 | സ.ഉ(അച്ചടി)നം.41/2022/ത.സ്വ.ഭ.വ | 06.05.2022 | അല്ല |
| 12. | 474/2022 | സ.ഉ(അച്ചടി)നം.40/2022/ത.സ്വ.ഭ.വ | 05.05.2022 | അല്ല |
| 13. | 487/2022 | ജി.ഒ.(പി)നം. 52/2022/റ്റി.ഡി. | 13.05.2022 | അല്ല |
| 14. | 488/2022 | ജി.ഒ.(പി)നം.43/2022/റ്റി.ഡി. | 05.05.2022 | അല്ല |
| 15. | 493/2022 | സ.ഉ(അച്ചടി)നം.44/2022/ത.സ്വ.ഭ.വ | 17.05.2022 | അല്ല |
| 16. | 501/2022 | ജി.ഒ.(പി)നം.53/2022/റ്റി.ഡി. | 17.05.2022 | അല്ല |
| 17. | 530/2022 | ജി.ഒ.(പി) നം.54/2022/റ്റി.ഡി. | 18.05.2022 | അല്ല |
| 18. | 537/2022 | സ.ഉ(അച്ചടി)നം.47/2022/ത.സ്വ.ഭ.വ | 25.05.2022 | അല്ല |

## 18-03-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 114/2022 | ജി.ഒ.(പി) നം. 13/2022/റ്റി.ഡി. | 22.01.2022 |
| 2 | 128/2022 | ജി.ഒ.(പി) നം.9/2022/എൽ.എസ്.ജി.ഡി. | 02.02.2022 |
| 3 | 133/2022 | ജി.ഒ.(പി) നം.12/2022/എൽ.എസ്.ജി.ഡി. | 09.02.2022 |
| 4 | 147/2022 | ജി.ഒ.(പി) നം.16/2022/റ്റി.ഡി. | 09.02.2022 |
| 5 | 175/2022 | സ.ഉ. (അച്ചടി)നം.21/2022/ത.സ്വ.ഭ.വ. | 24.02.2022 |
| 6 | 200/2022 | സ.ഉ.(അച്ചടി)നം.23/2022/ത.സ്വ.ഭ.വ. | 26.02.2022 |
| 7 | 207/2022 | ജി.ഒ.(പി)നം.26/2022/എൽ.എസ്.ജി.ഡി. | 03.03.2022 |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഇൻഫർമേഷൻ കേരള മിഷൻ | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | മലബാർ ഡിസ്റ്റലറീസ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

III. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

### i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 119/2022 | ജി.ഒ.(പി)നം.55/2022/ആർ.ഡി. | 07.02.2022 | അല്ല |
| 2 | 121/2022 | ജി.ഒ.(പി)നം.57/2022/ആർ.ഡി | 07.02.2022 | അല്ല |
| 3 | 142/2022 | ജി.ഒ.(പി)നം.68/2022/ആർ.ഡി. | 14.02.2022 | അല്ല |
| 4 | 143/2022 | ജി.ഒ.(പി)നം.67/2022/ആർ.ഡി. | 14.02.2022 | അല്ല |
| 5 | 158/2022 | ജി.ഒ.(പി)നം.65/2022/ആർ.ഡി. | 11.02.2022 | അല്ല |
| 6 | 172/2022 | ജി.ഒ.(പി)നം.74/2022/ആർ.ഡി | 23.02.2022 | അല്ല |
| 7 | 177/2022 | ജി.ഒ.(പി)നം. 28/2022/ആർ.ഡി | 13.01.2022 | അല്ല |
| 8 | 178/2022 | ജി.ഒ.(പി) നം. 66/2022/ആർ.ഡി | 13.02.2022 | അല്ല |
| 9 | 201/2022 | ജി.ഒ.(പി) നം. 78/2022/ആർ.ഡി. | 26.02.2022 | അല്ല |
| 10 | 204/2022 | ജി.ഒ.(പി) നം. 84/2022/ആർ.ഡി. | 02.03.2022 | അല്ല |
| 11 | 205/2022 | ജി.ഒ.(പി) നം. 85/2022/ആർ.ഡി. | 02.03.2022 | അല്ല |
| 12 | 227/2022 | ജി.ഒ.(പി)നം. 88/2022/ആർ.ഡി. | 09.03.2022 | അല്ല |
| 13 | 242/2022 | ജി.ഒ. (എം.എസ്) നം.5/2022/ എച്ച്എസ്ജി | 15.03.2022 | അല്ല |

| | | | | |
|---|---|---|---|---|
| 14 | 255/2022 | ജി.ഒ.(പി) നം. 97/2022/ആർ.ഡി. | 17.03.2022 | അല്ല |
| 15 | 259/2022 | ജി.ഒ.(പി) നം. 98/2022/ആർ.ഡി. | 17.03.2022 | അല്ല |
| 16 | 263/2022 | ജി.ഒ.(പി) നം.100/2022/ആർ.ഡി. | 18.03.2022 | അല്ല |
| 17 | 264/2022 | ജി.ഒ.(പി) നം. 101/2022/ആർ.ഡി. | 18.03.2022 | അല്ല |
| 18 | 268/2022 | ജി.ഒ.(പി) നം.102/2022/ആർ.ഡി. | 19.03.2022 | അല്ല |
| 19 | 273/2022 | ജി.ഒ.(പി) നം. 103/2022/ആർ.ഡി. | 19.03.2022 | അല്ല |
| 20 | 277/2022 | ജി.ഒ.(പി) നം.108/2022/ആർ.ഡി. | 22.03.2022 | അല്ല |
| 21 | 279/2022 | ജി.ഒ.(പി)നം.109/2022/ആർ.ഡി. | 23.03.2022 | അല്ല |
| 22 | 280/2022 | ജി.ഒ.(പി)നം.108/2022/ആർ.ഡി. | 22.03.2022 | അല്ല |
| 23 | 293/2022 | ജി.ഒ.(പി) നം. 116/2022/ആർ.ഡി. | 26.03.2022 | അല്ല |
| 24 | 295/2022 | ജി.ഒ.(പി) നം. 115/2022/ആർ.ഡി. | 26.03.2022 | അല്ല |
| 25 | 299/2022 | ജി.ഒ.(പി) നം.114/2022/ആർ.ഡി. | 26.03.2022 | അല്ല |
| 26 | 300/2022 | ജി.ഒ.(പി) നം. 113/2022/ആർ.ഡി. | 26.03.2022 | അല്ല |
| 27 | 373/2022 | ജി.ഒ.(പി)നം.127/2022/ആർ.ഡി. | 09.04.2022 | അല്ല |
| 28 | 379/2022 | ജി.ഒ.(പി) നം.128/2022/ആർ.ഡി. | 09.04.2022 | അല്ല |

## 18-03-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 43/2022 | ജി.ഒ.(പി)നം.19/2022/ആർഡി. | 11.01.2022 |
| 2 | 46/2022 | ജി.ഒ.(പി)നം.20/2022/ആർഡി | 12.01.2022 |
| 3 | 63/2022 | ജി.ഒ.(പി) നം.30/2022/ആർഡി | 15.01.2022 |
| 4 | 69/2022 | ജി.ഒ.(പി)നം.32/2022/ആർഡി | 17.01.2022 |
| 5 | 86/2022 | ജി.ഒ.(പി) നം.40/2022/ആർഡി | 22.01.2022 |
| 6 | 102/2022 | ജി.ഒ.(പി)നം.43/2022/ആർഡി | 25.01.2022 |
| 7 | 103/2022 | ജി.ഒ.(പി)നം.42/2022/ആർഡി | 25.01.2022 |
| 8 | 104/2022 | ജി.ഒ.(പി)നം.45/2022/ആർഡി | 25.01.2022 |
| 9 | 179/2022 | ജി.ഒ. (എം.എസ്) നം. 4/2022/എച്ച്.എസ്.ജി. | 26.02.2022 |
| 10 | 190/2022 | ജി.ഒ.(പി)നം.1/2022/എച്ച്.എസ്.ജി. | 26.02.2022 |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് | 2020-21 | വാർഷിക | അതെ |

| | | | | |
|---|---|---|---|---|
| | ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് | | റിപ്പോർട്ട് | |

IV. വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | --- | നം .1122/ഡി(എഫ്&റ്റി)/2021/ കെ.എസ്.ഇ.ആർ.സി. | 27.01.2022 | അതെ |
| 2 | -- | 1204/ഡി.(റ്റി)/2019/ കെ.എസ്.ഇ.ആർ.സി. | 07.02.2020 | അതെ |
| 3 | 351/2022 | ജി.ഒ.(പി) നം. 1/2022/പവർ | 04.04.2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു: 18-03-2022-ന് മേശപ്പുറത്തുവച്ചത്.

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | --- | 1234/സിഎൻ ഇഎൻജിജി/2021/കെ.എസ്.ഇ.ആർ.സി. | 16.11.2021 |
| 2 | -- | 416/ഡി(റ്റി)/2021/കെ.എസ്.ഇ.ആർ.സി. | 27.05.2021 |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | എനർജി മാനേജ്മെന്റ് സെന്റർ - കേരള | 2019-20<br>2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |

V. വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 428/2021 | സ.ഉ.(അച്ചടി) നമ്പർ 9/2021/വനം | 20.03.2021 | അതെ |
| 2 | 243/2022 | ജി.ഒ. (എം.എസ്) നം.12/2022/എഫ്& ഡബ്ല്യുഎൽഡി | 14.03.2022 | അല്ല |
| 3 | 246/2022 | ജി.ഒ.(പി) നം.8/2022/എഫ്& ഡബ്ല്യുഎൽഡി | 15.03.2022 | അല്ല |
| 4 | 254/2022 | ജി.ഒ.(പി) നം.9/2022/എഫ്& ഡബ്ല്യുഎൽഡി | 16.03.2022 | അല്ല |
| 5 | 283/2022 | ജി.ഒ.(പി)നം.11/2022/എഫ്എൽഡബ്ല്യുഡി | 22.03.2022 | അല്ല |
| 6 | 344/2022 | ജി.ഒ.(പി)നം.12/2022/എഫ്& ഡബ്ല്യുഎൽഡി | 02.04.2022 | അല്ല |
| 7 | 374/2022 | ജി.ഒ. (എം.എസ്.) നം.18/2022/എഫ്& ഡബ്ല്യുഎൽഡി | 19.04.2022 | അല്ല |
| 8 | 380/2022 | ജി.ഒ.(പി) നം.15/2022/എഫ്& ഡബ്ല്യുഎൽഡി | 19.04.2022 | അല്ല |
| 9 | 382/2022 | ജി.ഒ.(പി) നം.14/2022/എഫ്& ഡബ്ല്യുഎൽഡി | 19.04.2022 | അല്ല |
| 10 | 461/2022 | ജി.ഒ.(പി)നം.13/2022/വനം | 19.04.2022 | അല്ല |
| 11 | 475/2022 | സ.ഉ.(അച്ചടി)നം.17/2022/വനം | 11.05.2022 | അല്ല |
| 12 | 597/2022 | ജി.ഒ.(പി) നം.16/2022/വനം | 10.05.2022 | അല്ല |

18-03-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 115/2022 | ജി.ഒ.(പി)നം.5/2022/എഫ്&ഡബ്ല്യുഎൽഡി | 02.02.2022 |
| 2 | 131/2022 | ജി.ഒ.(പി) നം. 1/2022/എഫ്&ഡബ്ല്യുഎൽഡി | 07.01.2022 |
| 3 | 136/2022 | ജി.ഒ.(പി) നം.6/2022/വനം | 07.02.2022 |
| 4 | 219/2022 | ജി.ഒ.(പി)നം. 7/2022/എഫ്ഡബ്ല്യുഎൽഡി | 07.03.2022 |

VI. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 238/2022 | ജി.ഒ.(പി) നം.93/2022/ആർ.ഡി. | 11.03.2022 | അല്ല |
| 2 | 245/2022 | ജി.ഒ.(ആർ.ടി.)നം.1076/2022/ആർ.ഡി. | 15.03.2022 | അല്ല |
| 3 | 260/2022 | ജി.ഒ.(പി) നം.95/2022/ആർ.ഡി. | 15.03.2022 | അല്ല |
| 4 | 408/2022 | ജി.ഒ.(ആർ.ടി.)നം.1863/2022/ആർ.ഡി. | 25.04.2022 | അല്ല |
| 5 | 416/2022 | ജി.ഒ.(ആർ.ടി.)നം.1949/2021/ആർ.ഡി. | 28.04.2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് | 2010-11 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| 3 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

VII. ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | -- | കെ.എഫ്.സി/എച്ച്.ആർ/15/2021-22 | 11.11.2021 | അതെ |
| 2 | -- | കെ.എഫ്.സി/എച്ച്.ആർ/16/2021-22 | 11.11.2021 | അതെ |
| 3 | 407/2021 | ജി.ഒ.(പി)നം.39/2021/ടാക്സസ് | 24.05.2021 | അതെ |
| 4 | 247/2022 | ജി.ഒ.(പി) നം.21/2022/ടാക്സസ് | 11.03.2022 | അല്ല |
| 5 | 248/2022 | ജി.ഒ.(പി) നം.22/2022/റ്റി.ഡി | 11.03.2022 | അല്ല |
| 6 | 291/2022 | ജി.ഒ.(പി)നം. 25/2022/ടാക്സസ് | 25.03.2022 | അല്ല |
| 7 | 297/2022 | ജി.ഒ.(പി)നം. 26/2022/ടാക്സസ് | 26.03.2022 | അല്ല |
| 8 | 304/2022 | ജി.ഒ.(പി)നം. 28/2022/ടാക്സസ് | 30.03.2022 | അല്ല |
| 9 | 305/2022 | ജി.ഒ.(പി)നം.29/2022/ടാക്സസ് | 30.03.2022 | അല്ല |
| 10 | 306/2022 | ജി.ഒ.(പി)നം.27/2022/ടാക്സസ് | 30.03.2022 | അല്ല |
| 11 | 318/2022 | ജി.ഒ.(പി)നം.32/2022/ടാക്സസ് | 31.03.2022 | അല്ല |
| 12 | 323/2022 | ജി.ഒ.(പി)നം.33/2022/ടാക്സസ് | 31.03.2022 | അല്ല |
| 13 | 324/2022 | ജി.ഒ.(പി)നം. 34/2022/ടാക്സസ് | 31.03.2022 | അല്ല |
| 14 | 325/2022 | ജി.ഒ.(പി)നം. 35/2022/ടാക്സസ് | 31.03.2022 | അല്ല |
| 15 | 326/2022 | ജി.ഒ.(പി)നം.36/2022/ടാക്സസ് | 31.03.2022 | അല്ല |
| 16 | 376/2022 | ജി.ഒ.(പി)നം. 38/2022/ടാക്സസ് | 19.04.2022 | അല്ല |
| 17 | 388/2022 | ജി.ഒ.(പി)നം. 40/2022/ടാക്സസ് | 23.04.2022 | അല്ല |

| | | | | |
|---|---|---|---|---|
| 18 | 414/2022 | ജി.ഒ.(പി)നം.41/2022/ടാക്സസ് | 28.04.2022 | അല്ല |
| 19 | 437/2022 | ജി.ഒ.(പി)നം.44/2022/ടാക്സസ് | 07.05.2022 | അല്ല |
| 20 | 443/2022 | ജി.ഒ.(പി) നം.46/2022/റ്റി.ഡി. | 09.05.2022 | അല്ല |
| 21 | 444/2022 | ജി.ഒ.(പി) നം.47/2022/ടാക്സസ് | 09.05.2022 | അല്ല |
| 22 | 472/2022 | ജി.ഒ.(പി)നം.51/2022/ടാക്സസ് | 13.05.2022 | അല്ല |
| 23 | 473/2022 | ജി.ഒ.(പി)നം.50/2022/റ്റി.ഡി | 13.05.2022 | അല്ല |
| 24 | 524/2022 | ജി.ഒ.(പി)നം.55/2022/ടാക്സസ് | 27.05.2022 | അല്ല |
| 25 | 580/2022 | ജി.ഒ.(പി) നം.61/2022/ടാക്സസ് | 09.06.2022 | അല്ല |
| 26 | 598/2022 | ജി.ഒ.(പി)നം.62/2022/ടാക്സസ് | 13.06.2022 | അല്ല |
| 27 | 602/2022 | ജി.ഒ.(പി)നം.64/2022/ടാക്സസ് | 15.06.2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ | 2020-21 | 2021 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ കേരള സർക്കാരിനെ സംബന്ധിച്ച അനുവർത്തന ആഡിറ്റ് റിപ്പോർട്ട് | ബാധകമല്ല |
| 2 | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ | 2022 | 74-ാം ഭരണഘടന ഭേദഗതി നിയമത്തിന്റെ നടപ്പലാക്കലിന്റെ കാര്യക്ഷമത സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | ബാധകമല്ല |

VIII. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ | എസ്.ആർ.ഒ. | വിജ്ഞാപനത്തിന്റെ | കാലതാമസ |
|---|---|---|---|

| നം. | നമ്പർ | നമ്പർ | തീയതി | പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1. | 381/2022 | ജി.ഒ.(പി)നം.9/2022/ഐഡി | 16.04.2022 | അല്ല |
| 2. | 396/2022 | ജി.ഒ.(എം.എസ്)നം.24/2022/ലോ | 22.04.2022 | അല്ല |
| 3. | 407/2022 | ജി.ഒ.(പി) നം.10/2022/ലോ | 26.04.2022 | അല്ല |
| 4. | 417/2022 | ജി.ഒ.(പി) നം. 1/2022/ഐ.ഡി. | 22.01.2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | പെർമനന്റ് ലോക് അദാലത്ത് കോഴിക്കോട് | 2015-16 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2016-17 | വാർഷിക കണക്കുകൾ | അതെ |
| 3 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2016-17<br>2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം ക്ലിപ്തം | 2018-19 | പ്രവർത്തന റിപ്പോർട്ടും കണക്കുകളും | അതെ |
| 5 | പെർമനന്റ് ലോക് അദാലത്ത്, എറണാകുളം | 2018-19 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 6 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 8 | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| 9 | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | വാർഷിക കണക്കുകൾ | അതെ |
| 10 | കേരള കാഷ്യു ബോർഡ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 11 | സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 12 | ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 13 | കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 14 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

IX. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 294/2022 | സ.ഉ.(അച്ചടി) നം. 8/2022/കൃഷി | 25.03.2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹോർട്ടികോർപ്പ്) | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

| | | | | |
|---|---|---|---|---|
| 2 | കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 4 | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ | 2019-20 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 5 | ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 6 | കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 7 | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

X. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 345/2022 | ജി.ഒ. (പി) നം.16/2022/മ.തു.വ. | 06.04.2022 | അല്ല |

XI. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 262/2022 | ജി.ഒ.(പി)നം.19/2021/എസ്.ജെ.ഡി | 23.12.2021 | അല്ല |
| 2 | 426/2022 | ജി.ഒ.(പി) നം.1/2022/എസ്.ജെ.ഡി | 03.05.2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1. | കണ്ണൂർ സർവ്വകലാശാല | 2020 | വാർഷിക റിപ്പോർട്ട് | അതെ |
| 2. | കാലിക്കറ്റ് സർവ്വകലാശാല | 2020-21 | വാർഷിക കണക്കുകൾ | അതെ |
| | | 2021 | വാർഷിക റിപ്പോർട്ട് | അല്ല |
| 3 | കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സർവ്വകലാശാല | 2020-21 | വാർഷിക കണക്കുകൾ | അതെ |

XII. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ |
|---|---|---|---|---|
| | | നമ്പർ | തീയതി | |

| | | | | |
|---|---|---|---|---|
| | | | | ണോയെന്ന് |
| 1 | 253/2022 | ജി.ഒ.(പി) നം.29/2022/കോ-ഓപ്പ് | 16.03.2022 | അല്ല |
| 2 | 267/2022 | ജി.ഒ.(പി)നം.30/2022/കോ-ഓപ്പ് | 17.03.2022 | അല്ല |
| 3 | 269/2022 | ജി.ഒ.(പി)നം.23/2022/ടാക്സസ് | 21.03.2022 | അല്ല |
| 4 | 270/2022 | ജി.ഒ.(പി)നം.24/2022/ടാക്സസ് | 21.03.2022 | അല്ല |
| 5 | 278/2022 | ജി.ഒ.(പി) നം.31/2022/കോ-ഓപ്പ് | 18.03.2022 | അല്ല |
| 6 | 281/2022 | ജി.ഒ.(പി)നം.27/2022/കോ-ഓപ്പ് | 15.03.2022 | അല്ല |
| 7 | 282/2022 | ജി.ഒ.(പി)നം.28/2022/കോ-ഓപ്പ് | 15.03.2022 | അല്ല |
| 8 | 284/2022 | ജി.ഒ.(പി)നം.32/2022/കോ-ഓപ്പ് | 25.03.2022 | അല്ല |
| 9 | 292/2022 | ജി.ഒ.(പി)നം.34/2022/കോ-ഓപ്പ് | 25.03.2022 | അല്ല |
| 10 | 301/2022 | ജി.ഒ.(പി)നം.5/2022/കോ-ഓപ്പ് | 06.01.2022 | അല്ല |
| 11 | 302/2022 | ജി.ഒ.(പി)നം.4/2022/കോ-ഓപ്പ് | 06.01.2022 | അല്ല |
| 12 | 303/2022 | ജി.ഒ.(പി)നം.144/2021/കോ-ഓപ്പ്. | 24.09.2021 | അല്ല |
| 13 | 307/2022 | ജി.ഒ.(പി)നം.183/2021/കോ-ഓപ്പ്. | 09.12.2021 | അല്ല |
| 14 | 308/2022 | ജി.ഒ.(പി)നം.146/2021/കോ-ഓപ്പ് | 27.09.2021 | അല്ല |
| 15 | 309/2022 | ജി.ഒ.(പി) നം.8/2022/കോ-ഓപ്പ് | 10.01.2022 | അല്ല |
| 16 | 310/2022 | ജി.ഒ.(പി)നം.6/2022/കോ-ഓപ്പ് | 06.01.2022 | അല്ല |
| 17 | 311/2022 | ജി.ഒ.(പി)നം.35/2022/കോ-ഓപ്പ് | 26.03.2022 | അല്ല |
| 18 | 320/2022 | ജി.ഒ.(പി)നം.36/2022/കോ-ഓപ്പ് | 30.03.2022 | അല്ല |
| 19 | 338/2022 | ജി.ഒ.(പി)നം.37/2022/കോ-ഓപ്പ് | 01.04.2022 | അല്ല |
| 20 | 340/2022 | ജി.ഒ.(പി)നം.23/2022/കോ-ഓപ്പ് | 26.02.2022 | അല്ല |
| 21 | 343/2022 | ജി.ഒ.(പി)നം.50/2022/കോ-ഓപ്പ് | 05.04.2022 | അല്ല |
| 22 | 349/2022 | ജി.ഒ.(പി)നം.46/2022/കോ-ഓപ്പ് | 04.04.2022 | അല്ല |
| 23 | 350/2022 | ജി.ഒ.(പി)നം.51/2022/കോ-ഓപ്പ് | 06.04.2022 | അല്ല |
| 24 | 356/2022 | ജി.ഒ.(പി)നം.59/2022/കോ-ഓപ്പ് | 11.04.2022 | അല്ല |
| 25 | 357/2022 | ജി.ഒ.(പി)നം.56/2022/കോ-ഓപ്പ് | 08.04.2022 | അല്ല |
| 26 | 358/2022 | ജി.ഒ.(പി)നം.57/2022/കോ-ഓപ്പ് | 08.04.2022 | അല്ല |
| 27 | 359/2022 | ജി.ഒ.(പി) നം.58/2022/കോ-ഓപ്പ് | 08.04.2022 | അല്ല |
| 28 | 369/2022 | ജി.ഒ.(പി)നം.60/2022/കോ-ഓപ്പ് | 15.04.2022 | അല്ല |
| 29 | 383/2022 | ജി.ഒ.(പി)നം.47/2022/കോ-ഓപ്പ് | 05.04.2022 | അല്ല |
| 30 | 440/2022 | ജി.ഒ.(പി)നം.67/2022/കോ-ഓപ്പ് | 07.05.2022 | അല്ല |
| 31 | 464/2022 | ജി.ഒ.(പി)നം.68/2022/കോ-ഓപ്പ് | 10.05.2022 | അല്ല |
| 32 | 465/2022 | ജി.ഒ.(പി)നം. 69/2022/കോ-ഓപ്പ് | 10.05.2022 | അല്ല |
| 33 | 468/2022 | ജി.ഒ.(പി)നം.48/2022/ടാക്സസ് | 12.05.2022 | അല്ല |

| | | | | |
|---|---|---|---|---|
| 34 | 469/2022 | ജി.ഒ.(പി)നം.49/2022/ടാക്സസ് | 12.05.2022 | അല്ല |
| 35 | 479/2022 | ജി.ഒ.(പി)നം.55/2022/കോ-ഓപ്പ് | 07.04.2022 | അല്ല |
| 36 | 480/2022 | ജി.ഒ.(പി)നം.70/2022/കോ-ഓപ്പ് | 13.05.2022 | അല്ല |
| 37 | 481/2022 | ജി.ഒ.(പി) നം.71/2022/കോ-ഓപ്പ് | 13.05.2022 | അല്ല |
| 38 | 489/2022 | ജി.ഒ.(പി)നം.38/2022/കോ-ഓപ്പ് | 02.04.2022 | അല്ല |
| 39 | 490/2022 | ജി.ഒ.(പി)നം.49/2022/കോ-ഓപ്പ് | 05.04.2022 | അല്ല |
| 40 | 491/2022 | ജി.ഒ.(പി)നം.61/2022/കോ-ഓപ്പ് | 20.04.2022 | അല്ല |
| 41 | 492/2022 | ജി.ഒ.(പി)നം.48/2022/കോ-ഓപ്പ് | 05.04.2022 | അല്ല |
| 42 | 498/2022 | ജി.ഒ.(പി)നം.75/2022/കോ-ഓപ്പ് | 18.05.2022 | അല്ല |
| 43 | 500/2022 | ജി.ഒ.(പി)നം.78/2022/കോ-ഓപ്പ് | 19.05.2022 | അല്ല |
| 44 | 503/2022 | ജി.ഒ.(പി)നം.76/2022/കോ-ഓപ്പ് | 18.05.2022 | അല്ല |
| 45 | 506/2022 | ജി.ഒ.(പി) നം.43/2022/കോ-ഓപ്പ് | 02.04.2022 | അല്ല |
| 46 | 508/2022 | ജി.ഒ.(പി)നം.39/2022/കോ-ഓപ്പ് | 02.04.2022 | അല്ല |
| 47 | 511/2022 | ജി.ഒ.(പി)നം.40/2022/കോ-ഓപ്പ് | 02.04.2022 | അല്ല |
| 48 | 513/2022 | ജി.ഒ.(പി) നം.45/2022/കോ-ഓപ്പ് | 02.04.2022 | അല്ല |
| 49 | 518/2022 | ജി.ഒ.(പി)നം.87/2022/കോ-ഓപ്പ് | 26.05.2022 | അല്ല |
| 50 | 519/2022 | ജി.ഒ.(പി) നം. 83/2022/കോ-ഓപ്പ് | 24.05.2022 | അല്ല |
| 51 | 520/2022 | ജി.ഒ.(പി) നം.63/2022/കോ-ഓപ്പ് | 25.04.2022 | അല്ല |
| 52 | 521/2022 | ജി.ഒ.(പി)നം.44/2022/കോ-ഓപ്പ് | 02.04.2022 | അല്ല |
| 53 | 522/2022 | ജി.ഒ.(പി) നം.42/2022/കോ-ഓപ്പ് | 02.04.2022 | അല്ല |
| 54 | 523/2022 | ജി.ഒ.(പി) നം.41/2022/കോ-ഓപ്പ് | 02.04.2022 | അല്ല |
| 55 | 526/2022 | ജി.ഒ.(പി) നം.90/2022/കോ-ഓപ്പ് | 27.05.2022 | അല്ല |
| 56 | 527/2022 | ജി.ഒ.(പി) നം.91/2022/കോ-ഓപ്പ് | 27.05.2022 | അല്ല |
| 57 | 533/2022 | ജി.ഒ.(പി)നം. 57/2022/ടാക്സസ് | 30.05.2022 | അല്ല |
| 58 | 534/2022 | ജി.ഒ.(പി)നം.56/2022/ടാക്സസ് | 30.05.2022 | അല്ല |
| 59 | 540/2022 | ജി.ഒ.(പി)നം.93/2022/കോ-ഓപ്പ് | 01.06.2022 | അല്ല |
| 60 | 542/2022 | ജി.ഒ.(പി) നം.95/2022/കോ-ഓപ്പ് | 03.06.2022 | അല്ല |
| 61 | 544/2022 | ജി.ഒ.(പി) നം. 89/2022/കോ-ഓപ്പ് | 27.05.2022 | അല്ല |
| 62 | 556/2022 | ജി.ഒ.(പി) നം.97/2022/കോ-ഓപ്പ് | 04.06.2022 | അല്ല |
| 63 | 558/2022 | ജി.ഒ.(പി)നം.64/2022/കോ-ഓപ്പ് | 27.04.2022 | അല്ല |
| 64 | 565/2022 | ജി.ഒ.(പി) നം.141/2021/കോ-ഓപ്പ് | 21.09.2021 | അല്ല |
| 65 | 566/2022 | ജി.ഒ.(പി)നം.73/2022/കോ-ഓപ്പ് | 18.05.2022 | അല്ല |
| 66 | 567/2022 | ജി.ഒ.(പി)നം.74/2022/കോ-ഓപ്പ് | 18.05.2022 | അല്ല |
| 67 | 568/2022 | ജി.ഒ.(പി)നം. 88/2022/കോ-ഓപ്പ് | 27.05.2022 | അല്ല |

| | | | | |
|---|---|---|---|---|
| 68 | 569/2022 | ജി.ഒ.(പി)നം.72/2022/കോ-ഓപ്പ് | 18.05.2022 | അല്ല |
| 69 | 570/2022 | ജി.ഒ.(പി)നം.100/2022/കോ-ഓപ്പ് | 08.06.2022 | അല്ല |
| 70 | 571/2022 | ജി.ഒ.(പി)നം.82/2022/കോ-ഓപ്പ് | 20.05.2022 | അല്ല |
| 71 | 572/2022 | ജി.ഒ.(പി)നം.92/2022/കോ-ഓപ്പ് | 28.05.2022 | അല്ല |
| 72 | 575/2022 | ജി.ഒ.(പി)നം.99/2022/കോ-ഓപ്പ് | 08.06.2022 | അല്ല |
| 73 | 585/2022 | ജി.ഒ.(പി) നം.85/2022/കോ-ഓപ്പ് | 25.05.2022 | അല്ല |
| 74 | 588/2022 | ജി.ഒ.(പി)നം.79/2022/കോ-ഓപ്പ് | 19.05.2022 | അല്ല |
| 75 | 589/2022 | ജി.ഒ.(പി)നം.80/2022/കോ-ഓപ്പ് | 19.05.2022 | അല്ല |
| 76 | 590/2022 | ജി.ഒ.(പി)നം.81/2022/കോ-ഓപ്പ് | 19.05.2022 | അല്ല |
| 77 | 591/2022 | ജി.ഒ.(പി)നം.102/2022/കോ-ഓപ്പ് | 09.06.2022 | അല്ല |
| 78 | 603/2022 | ജി.ഒ.(പി)നം.103/2022/കോ-ഓപ്പ് | 13.06.2022 | അല്ല |
| 79 | 608/2022 | ജി.ഒ.(പി)നം.106/2022/കോ-ഓപ്പ് | 14.06.2022 | അല്ല |
| 80 | 609/2022 | ജി.ഒ.(പി)നം.105/2022/കോ-ഓപ്പ് | 14.06.2022 | അല്ല |
| 81 | 610/2022 | ജി.ഒ.(പി)നം.107/2022/കോ-ഓപ്പ് | 14.06.2022 | അല്ല |

18-03-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 44/2022 | ജി.ഒ.പി.)നം.138/2021/കോ-ഓപ്പ് | 21.09.2021 |
| 2 | 98/2022 | ജി.ഒ.(പി)നം.140/2021/സഹ | 21.09.2021 |
| 3 | 125/2022 | ജി.ഒ.(പി) നം.181/2021/കോ-ഓപ്പ് | 29.11.2021 |
| 4 | 126/2022 | ജി.ഒ.(പി) നം.199/2021/കോ-ഓപ്പ് | 30.12.2021 |
| 5 | 140/2022 | ജി.ഒ.(പി)നം.18/2022/കോ-ഓപ്പ് | 14.02.2022 |
| 6 | 141/2022 | ജി.ഒ.(പി) നം. 14/2022/കോ-ഓപ്പ് | 09.02.2022 |
| 7 | 145/2022 | ജി.ഒ.(പി) നം. 16/2022/കോ-ഓപ്പ് | 11.02.2022 |
| 8 | 154/2022 | ജി.ഒ.(പി) നം.19/2022/കോ-ഓപ്പ് | 15.02.2022 |
| 9 | 155/2022 | ജി.ഒ.(പി) നം.20/2022/കോ-ഓപ്പ് | 15.02.2022 |
| 10 | 159/2022 | ജി.ഒ.(പി) നം.21/2022/കോ-ഓപ്പ് | 19.02.2022 |
| 11 | 164/2022 | ജി.ഒ.(പി)നം. 17/2022/ടാക്സസ് | 22.02.2022 |
| 12 | 165/2022 | ജി.ഒ.(പി) നം.18/2022/ടാക്സസ് | 22.02.2022 |
| 13 | 167/2022 | ജി.ഒ.(പി)നം.22/2022/കോ-ഓപ്പ് | 22.02.2022 |
| 14 | 216/2022 | ജി.ഒ.(പി)നം.25/2022/കോ-ഓപ്പ് | 05.03.2022 |

| | | | |
|---|---|---|---|
| 15 | 232/2022 | ജി.ഒ.(പി) നം.26/2022/കോ-ഓപ്പ് | 10.03.2022 |

XIII. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 298/2022 | ജി.ഒ.(പി) നം.12/2022/എഫ്&പിഡി | 26.03.2022 | അല്ല |
| 2 | 353/2022 | ജി.ഒ.(പി) നം.15/2022 /എഫ്&പി. | 05.04.2022 | അല്ല |
| 3 | 409/2022 | ജി.ഒ.(പി) നം. 18/2022/എഫ്&പിഡി | 28.04.2022 | അല്ല |
| 4 | 434/2022 | ജി.ഒ.(പി)നം.19/2022/എഫ്&പിഡി | 06.05.2022 | അല്ല |
| 5 | 463/2022 | സ.ഉ.(പി) നം. 17/2022/എഫ്&പി | 07.04.2022 | അല്ല |
| 6 | 484/2022 | ജി.ഒ.(പി)നം.22/2022/എഫ്&പിഡി | 16.05.2022 | അല്ല |
| 7 | 576/2022 | ജി.ഒ.(പി)നം.24/2022/എഫ്&പി.ഡി | 09.06.2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:18-03-2022-ന് മേശപ്പുറത്തുവച്ചത്.

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 447/2020 | സ.ഉ(പി) നമ്പർ 18/2020/മതുവ | 25.06.2020 |

XIV. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 202/2022 | ജി.ഒ.(പി)നം.16/2022/എൽ.ബി.ആർ. | 02.03.2022 | അല്ല |
| 2 | 206/2022 | ജി.ഒ.(പി)നം. 17/2022/എൽ.ബി.ആർ. | 02.03.2022 | അല്ല |
| 3 | 208/2022 | ജി.ഒ.(പി)നം.19/2022/എൽ.ബി.ആർ. | 04.03.2022 | അല്ല |
| 4 | 213/2022 | സ.ഉ.(അച്ചടി)നം.18/2022/തൊഴിൽ | 02.03.2022 | അല്ല |
| 5 | 230/2022 | ജി.ഒ.(പി) നം.20/2022/എൽ.ബി.ആർ. | 09.03.2022 | അല്ല |
| 6 | 312/2022 | ജി.ഒ.(പി)നം.22/2022/എൽ.ബി.ആർ. | 30.03.2022 | അല്ല |
| 7 | 370/2022 | സ.ഉ.(അച്ചടി) നം.24/2022/തൊഴിൽ | 18.04.2022 | അല്ല |
| 8 | 372/2022 | ജി.ഒ.(പി)നം.25/2022/എൽ.ബി.ആർ. | 18.04.2022 | അല്ല |
| 9 | 410/2022 | ജി.ഒ.(പി)നം.29/2022/എൽ.ബി.ആർ. | 28.04.2022 | അല്ല |
| 10 | 447/2022 | ജി.ഒ.(പി)നം.36/2022/എൽ.ബി.ആർ. | 05.05.2022 | അല്ല |
| 11 | 462/2022 | ജി.ഒ.(പി)നം.31/2022/എൽ.ബി.ആർ. | 05.05.2022 | അല്ല |
| 12 | 470/2022 | ജി.ഒ.(പി)നം.30/2022/എൽ.ബി.ആർ. | 22.04.2022 | അല്ല |
| 13 | 476/2022 | ജി.ഒ.(പി)നം.37/2022/എൽ.ബി.ആർ. | 11.05.2022 | അല്ല |
| 14 | 495/2022 | സ.ഉ.(അച്ചടി)നം.41/2022/തൊഴിൽ | 19.05.2022 | അല്ല |
| 15 | 504/2022 | ജി.ഒ.(പി) നം.40/2022/എൽ.ബി.ആർ. | 17.05.2022 | അല്ല |
| 16 | 516/2022 | സ.ഉ.(അച്ചടി)നം.42/2022/തൊഴിൽ | 21.05.2022 | അല്ല |
| 17 | 550/2022 | ജി.ഒ.(പി) നം.45/2022/എൽ.ബി.ആർ. | 03.06.2022 | അല്ല |

## 18-03-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 41/2022 | സ.ഉ.(അച്ചടി)നം. 1/2022/തൊഴിൽ | 02.01.2021 |
| 2 | 117/2022 | ജി.ഒ.(പി) നം.5/2022/എൽ.ബി.ആർ. | 05.02.2022 |
| 3 | 137/2022 | ജി.ഒ.(പി)നം.6/2022/എൽ.ബി.ആർ. | 10.02.2022 |
| 4 | 163/2022 | സ.ഉ.(അച്ചടി)നം.8/2022/തൊഴിൽ | 21.02.2022 |
| 5 | 168/2022 | ജി.ഒ.(പി)നം.10/2022/എൽ.ബി.ആർ. | 22.02.2022 |
| 6 | 180/2022 | സ.ഉ.(അച്ചടി)നം.12/2022/തൊഴിൽ | 24.02.2022 |
| 7 | 191/2022 | ജി.ഒ.(പി)നം.13/2022/എൽ.ബി.ആർ. | 24.02.2022 |

| | | | |
|---|---|---|---|
| 8 | 196/2022 | സ.ഉ.(അച്ചടി) നമ്പർ 14/2022/തൊഴിൽ | 24.02.2022 |
| 9 | 211/2022 | ജി.ഒ.(എം.എസ്)നം. 7/2022/എൽ.ബി.ആർ. | 02.03.2022 |
| 10 | 213/2022 | സ.ഉ.(അച്ചടി)നം.18/2022/തൊഴിൽ | 02.03.2022 |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) | 2015-16 മുതൽ 2017-18 വരെ | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 2017-18 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 2018-19 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 4 | കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2018-19 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 5 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 2019-20 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 6 | കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 2020-21 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

| | | | | |
|---|---|---|---|---|
| 8 | ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 9 | കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി | 2020-21 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 10 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2020-21 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 11 | റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |

XV. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1. | കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 മുതൽ 2016-17 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| 2. | പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 3. | ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

XVI. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

18-03-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 138/2022 | ജി.ഒ.(പി) നം.4/2022/ഡിഡി | 11.02.2022 |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

XVII. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 296/2022 | ജി.ഒ.(പി)നം.9/2022/ട്രാൻസ് | 26.03.2022 | അല്ല |
| 2 | 321/2022 | ജി.ഒ.(പി)നം.10/2022/ട്രാൻസ് | 31.03.2022 | അല്ല |
| 3 | 334/2022 | ജി.ഒ.(പി)നം.11/2022/ട്രാൻസ് | 01.04.2022 | അല്ല |

| | | | | |
|---|---|---|---|---|
| 4 | 361/2022 | ജി.ഒ.(പി)നം.12/2022/ട്രാൻസ് | 12.04.2022 | അല്ല |
| 5 | 399/2022 | ജി.ഒ.(പി)നം.14/2022/ട്രാൻസ് | 26.04.2022 | അല്ല |
| 6 | 400/2022 | ജി.ഒ.(പി)നം.13/2022/ട്രാൻസ് | 26.04.2022 | അല്ല |
| 7 | 420/2022 | ജി.ഒ.(പി)നം.17/2022/ട്രാൻസ് | 30.04.2022 | അല്ല |
| 8 | 423/2022 | ജി.ഒ.(പി)നം.15/2022/ട്രാൻസ് | 29.04.2022 | അല്ല |
| 9 | 424/2022 | ജി.ഒ.(പി)നം.16/2022/ട്രാൻസ് | 29.04.2022 | അല്ല |
| 10 | 483/2022 | ജി.ഒ.(പി) നം.18/2022/ട്രാൻസ് | 17.05.2022 | അല്ല |

18-03-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 87/2022 | ജി.ഒ(പി) നം.1/2022/ട്രാൻസ്. | 22.01.2022 |
| 2 | 132/2022 | ജി.ഒ.(പി)നം.2/2022/ട്രാൻസ്. | 07.02.2022 |
| 3 | 144/2022 | ജി.ഒ.(പി) നം.3/2022/ട്രാൻസ് | 15.02.2022 |
| 4 | 166/2022 | ജി.ഒ.(പി) നം.5/2022/ട്രാൻസ് | 22.02.2022 |
| 5 | 171/2022 | ജി.ഒ.(പി)നം.7/2022/ട്രാൻസ് | 24.02.2022 |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ | 2015-16 | വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും | അതെ |

XVIII. ആരോഗ്യ – വനിത - ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 293/2020 | ജി.ഒ.(എം.എസ്) നം.47/20/എച്ച്&എഫ്ഡബ്ല്യുഡി | 06.03.2020 | അതെ |
| 2 | 425/2020 | ജി.ഒ.(പി)നം.8/2020/എസ്.ജെ.ഡി. | 26.06.2020 | അതെ |
| 3 | 210/2022 | ജി.ഒ.(പി)നം.2/2022/ഡബ്ല്യുസിഡിഡി | 04.03.2022 | അല്ല |
| 4 | 378/2022 | ജി.ഒ.(പി) നം.14/2022/എച്ച്& എഫ്ഡബ്ല്യുഡി | 06.04.2022 | അല്ല |
| 5 | 384/2022 | ജി.ഒ.(പി) നം.5/2022/ഡബ്ല്യു.സി.ഡി.ഡി | 08.04.2022 | അല്ല |
| 6 | 512/2022 | ജി.ഒ.(പി)നം.7/2022/ഡബ്ല്യു.സി.ഡി.ഡി | 24.05.2022 | അല്ല |

18-03-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 6/2022 | ജി.ഒ.(പി) നം.1/2022/ എച്ച്&എഫ്ഡബ്ല്യുഡി | 01.01.2022 |
| 2 | 26/2022 | ജി.ഒ.(പി)നം.58/2021/എച്ച്&എഫ്ഡബ്ല്യുഡി | 23.12.2021 |
| 3 | 27/2022 | ജി.ഒ.(പി) നം.3/2022/ എച്ച്&എഫ്ഡബ്ല്യുഡി | 04.01.2022 |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള വനിതാ കമ്മീഷൻ | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

XIX. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 274/2022 | ജി.ഒ.(പി)നം. 1/2022/സി.എ.ഡി. | 19.03.2022 | അല്ല |
| 2 | 275/2022 | ജി.ഒ.(പി)നം.2/2022/സി.എ.ഡി. | 19.03.2022 | അല്ല |
| 3 | 276/2022 | ജി.ഒ.(പി)നം.3/2022/സി.എ.ഡി. | 19.03.2022 | അല്ല |

18-03-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 1009/2021 | ജി.ഒ.(പി)നം.21/21/എഫ്&സിഎസ്ഡി | 30.12.2021 |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് (സപ്ലൈകോ) | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

XX. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 633/2021 | ജി.ഒ.(പി)നം.118/2021/ആർ.ഡി. | 17.08.2021 | അതെ |
| 2 | 322/2022 | ജി.ഒ.(പി)നം. 123/2022/ആർ.ഡി. | 31.03.2022 | അല്ല |
| 3 | 339/2022 | ജി.ഒ.(പി)നം.11/2022/ജി.എ.ഡി | 30.03.2022 | അല്ല |
| 4 | 360/2022 | ജി.ഒ.(എം.എസ്)നം. 100/2022/ആർ.ഡി. | 12.04.2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് വഖഫ് ബോർഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |

XXI. <u>ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി (ഇൻ-ചാർജ്)</u>: സർ, നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ ഗവർണ്ണറുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ആക്റ്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2022 | 1 | 2022-ലെ കേരള ധനവിനിയോഗ ആക്റ്റ് |
| 2 | 2022 | 2 | 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ആക്റ്റ് |
| 3 | 2022 | 3 | 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്റ്റ് |
| 4 | 2022 | 4 | 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ആക്റ്റ് |
| 5 | 2022 | 5 | 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ആക്റ്റ് |
| 6 | 2022 | 6 | 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ആക്റ്റ് |
| 7 | 2022 | 7 | 2022-ലെ കേരള ധനവിനിയോഗ(വോട്ട് ഓൺ അക്കൗണ്ട്) |

| | | | |
|---|---|---|---|
| | | | ആക്ട് |

ലിസ്റ്റ്-2 പ്രകാരമുള്ളത്

ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 3288, പത്താം സമ്മേളനത്തിലെ 137, 1624, 4355, 5818, പതിമൂന്നാം സമ്മേളനത്തിലെ 3809, പതിനാറാം സമ്മേളനത്തിലെ 88, 188, പതിനെട്ടാം സമ്മേളനത്തിലെ 84, 161, പത്തൊൻപതാം സമ്മേളനത്തിലെ 1668, ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 110, 1913, 1968, 2037, 2042, 2049, 2051, 2074, പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 10, 86, രണ്ടാം സമ്മേളനത്തിലെ 1458, 3025, 4821, മൂന്നാം സമ്മേളനത്തിലെ 20, നാലാം സമ്മേളനത്തിലെ 68, 85, 92, 99, 102, 109 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

2. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 5986 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 3799, പത്താം  സമ്മേളനത്തിലെ 1928, പതിനൊന്നാം സമ്മേളനത്തിലെ 3724, പതിമൂന്നാം സമ്മേളനത്തിലെ 461, പതിനാലാം സമ്മേളനത്തിലെ 2326, പതിനഞ്ചാം സമ്മേളനത്തിലെ 500, 505, 2277, പതിനെട്ടാം സമ്മേളനത്തിലെ 444, 451, പത്തൊൻപതാം സമ്മേളനത്തിലെ 442, പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 324, രണ്ടാം

സമ്മേളനത്തിലെ 16, 60, 1795, 1842, മൂന്നാം സമ്മേളനത്തിലെ 445, 466, 2307, 2309, 2311, 2385, 2395, 2404, 2412, 5661, 5667, 5675, 5680, 5731, നാലാം സമ്മേളനത്തിലെ 232, 391, 398, 460, 467, 476, 480, 493, 2418, 2476, 2487, 2498 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

4. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 1377 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

5. ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 2237

എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും

ലിസ്റ്റ് -3 പ്രകാരമുള്ളത്

ചട്ടം 236(5) അനുസരിച്ചുള്ള കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV - ആഭ്യന്തരകാര്യങ്ങൾ | 2019-20 | 4 | 91-95 |

2. ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക | റിപ്പോർട്ട് | ഖണ്ഡിക |

| | വർഷം | നമ്പർ | നമ്പർ |
|---|---|---|---|
| IX- തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമാണവും | 2017-18 | 2 | പൊതുശിപാർശ നമ്പർ 1 |

3. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV – വ്യവസായവും ധാതുക്കളും | 2018-19 | 3 | 27-29, 33-38, 45 |
| " | 2019-20 | 4 | 25-27 |
| " | 2020-21 | 5 | 4-7, 30, 31, 33, 35-37, 42-44 |

4. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം |
|---|---|

| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
|---|---|---|---|
| I- കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2019 -20 | 4 | 97 |

5. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI- വിദ്യാഭ്യാസം | 2020-21 | 5 | 61 |
| XIII- സാമൂഹ്യസേവനം | 2019-20 | 4 | 17,18,24,29,30 |

6. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VIII- സാമ്പത്തിക | 2019-20 | 4 | 17-19 |

| കാര്യങ്ങൾ | | | |
|---|---|---|---|

7. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I - കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2019-20 | 4 | 70, 71, 78-80, 91, 92, 98-109 |

8. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI- വിദ്യാഭ്യാസം | 2020-21 | 5 | 1-23, 66-72 |
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2019-20 | 4 | 8, 11, 14, 19, 22, 37, 38, 39, 42, 43 |

9. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II- ഭൂനികുതിയും ദേവസ്വവും | 2019-20 | 4 | പൊതുശിപാർശ നമ്പർ 21, 22 |

10. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V- മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2019-20 | 4 | 1-10, 107 |

ലിസ്റ്റ്-4 പ്രകാരമുള്ളത്

ചട്ടം 236(6) അനുസരിച്ചുള്ള കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II– സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ & XXXVII - വ്യവസായങ്ങൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് -കേരള) |
| XXXVII - വ്യവസായങ്ങൾ | 2020-21 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ് (ടെക്നോപാർക്ക്, തിരുവനന്തപുരം) |
| II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ & XXXVII - വ്യവസായങ്ങൾ | ,, | ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് -കേരള) |
| II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2021-22 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (സംസ്ഥാന ആസൂത്രണ ബോർഡ്) |
| II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2021-22 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്) |
| ,, | ,, | പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് |

| | | |
|---|---|---|
| ,, | ,, | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.11 )വകുപ്പ് |
| ,, | ,, | പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ് |
| XII- പോലീസ് | ,, | ആഭ്യന്തര വകുപ്പ് (പോലീസ്) |
| XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ,, | പൊതുഭരണ (സർവീസസ്) വകുപ്പ് |
| ,, | ,, | ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് |
| ,, | ,, | ആഭ്യന്തര വകുപ്പ് (ഫയർ & റെസ്ക്യൂ) |
| XVI-പെൻഷനും പലവകയും | ,, | സൈനിക ക്ഷേമ (എ ) വകുപ്പ് |
| XVII-വിദ്യാഭ്യാസം , കായികവിനോദം, കല, സംസ്കാരം | 2021-22 | പൊതുഭരണ (സർവീസസ്) വകുപ്പ് |
| XXI-ഭവന നിർമ്മാണം | ,, | സൈനിക ക്ഷേമ (എ ) വകുപ്പ് |
| XXIII - വാർത്താ വിതരണവും പ്രചരണവും | ,, | വിവര പൊതുജന സമ്പർക്ക വകുപ്പ് |
| XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ | ,, | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) |

| | | |
|---|---|---|
| XXIX-കൃഷി | ,, | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്) |
| ,, | ,, | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം |
| XXXVII – വ്യവസായങ്ങൾ | ,, | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്) |
| XLVI- സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | ,, | ആഭ്യന്തര വകുപ്പ് |

2. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX- കൃഷി (ചെറുകിട ജലസേചനം) | 2018 -19 (കാലതാമസ പത്രിക സഹിതം) | കേരള സംസ്ഥാന ഭൂജലവകുപ്പ് |
| ,, | 2020 -21 (കാലതാമസ പത്രിക സഹിതം) | ,, |

3. വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ: സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| V-ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 2020-21 (കാലതാമസ പത്രിക സഹിതം ) | ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ) |
| XXXIX - വൈദ്യുത പദ്ധതികൾ | 2020-21 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്) |
| XXXIX - വൈദ്യുത പദ്ധതികൾ | 2021-22 | ഊർജ്ജ വകുപ്പ് (എനർജി മാനേജ്മെന്റ് സെന്റർ -കേരള) |

4. വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXIV - വനം | 2021-22 | വനം - വന്യജീവി വകുപ്പ് |

5. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II- സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2021-22 | പാർലമെന്ററികാര്യ വകുപ്പ് |

6. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII - വ്യവസായങ്ങൾ | 2012 - 13 | വ്യവസായ വകുപ്പ് [കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (കെ.സി.സി.എൽ.)] |
| | 2014 -15 | |
| ,, | 2014-15 | വ്യവസായ വകുപ്പ് [കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് ( കെ.എസ്.ഐ.ഡി.സി.)] |
| ,, | 2017-18 | വ്യവസായ വകുപ്പ് (കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്) |
| | | വ്യവസായ വകുപ്പ് (കാപ്പക്സ്) |

| | | |
|---|---|---|
| XXXVII - വ്യവസായങ്ങൾ | 2017-18 | വ്യവസായ വകുപ്പ് (കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്) |
| | | വ്യവസായ വകുപ്പ് (കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്) |
| | | വ്യവസായ വാണിജ്യ വകുപ്പ് |
| XXXVII - വ്യവസായങ്ങൾ | 2018-19 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്) |
| | | വ്യവസായ വകുപ്പ് (കാപ്പക്സ്) |
| | | വ്യവസായ വകുപ്പ് (കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്) |
| | | വ്യവസായ വകുപ്പ് (കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്) |
| XXXVII - വ്യവസായങ്ങൾ | 2019-20 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്) |
| | | വ്യവസായ വകുപ്പ് (കാപ്പക്സ്) |
| | | വ്യവസായ വകുപ്പ് (കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്) |
| | | വ്യവസായ വകുപ്പ് (കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്) |

| | | |
|---|---|---|
| XXXVII - വ്യവസായങ്ങൾ | 2019-20 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് [കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (കെ.സി.സി.എൽ.)] |
| | | വ്യവസായ (എഫ്)വകുപ്പ് [കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ)] |
| | | വ്യവസായ വകുപ്പ് (കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്) |
| | | വ്യവസായ വകുപ്പ് (സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്) |
| | | വ്യവസായ വകുപ്പ് (ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്) |
| II- സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ, III-നീതിന്യായ നിർവ്വഹണം, XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2020-21 (കാലതാമസ പത്രിക സഹിതം) | നിയമ (പാർല.)വകുപ്പ് |
| | | വ്യവസായ വകുപ്പ് |

| | | |
|---|---|---|
| XXXVII - വ്യവസായങ്ങൾ | 2020-21 (കാലതാമസ പത്രിക സഹിതം) | (കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്) |
| | | വ്യവസായ വകുപ്പ് (കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| | | വ്യവസായ വകുപ്പ് (കാപ്പക്സ്) |
| | | വ്യവസായ വകുപ്പ് (കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്) |
| XXXVII - വ്യവസായങ്ങൾ | 2020-21 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്) |
| | | വ്യവസായ വാണിജ്യ വകുപ്പ് |
| | | വ്യവസായ വകുപ്പ് (കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്) |
| | | വ്യവസായ വകുപ്പ് [കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (കെ.സി.സി.എൽ.)] |
| XXXVII - വ്യവസായങ്ങൾ | 2021-22 | വ്യവസായ വകുപ്പ് (കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ) |

| | | |
|---|---|---|
| | | വ്യവസായ വകുപ്പ് (കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി) |
| | | വ്യവസായ വകുപ്പ് (കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ) |
| | | വ്യവസായ വകുപ്പ് (കാപ്പക്സ്) |

7. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX - കൃഷി | 2015-16 | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് (പശ്ചിമഘട്ടസെൽ) |
| XXIX - കൃഷി | 2021 - 22 | കേരള കാർഷിക സർവ്വകലാശാല |

8. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നം. | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XL- തുറമുഖങ്ങൾ | 2020 - 21 (കാലതാമസ പത്രിക സഹിതം) | തുറമുഖ വകുപ്പ് (മാരിടൈം ബോർഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ് ) |

9. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXI-ഭവനനിർമ്മാണം | 2017-18 | പൊതുവിദ്യാഭ്യാസ വകുപ്പ് |
| XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2018-19 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) |
| XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2020-21 (കാലതാമസ പത്രിക സഹിതം) | പൊതുവിദ്യാഭ്യാസ വകുപ്പ് |
| XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | ,, | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |

| | | |
|---|---|---|
| XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2020-21 | വ്യാവസായിക പരിശീലന വകുപ്പ് |
| ,, | 2020-21 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| ,, | ,, | തൊഴിലും നൈപുണ്യവും വകുപ്പ് [വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ, കിലെ, ഒഡെപെക്ക്, നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരള)] |
| ,, | 2021-22 | ഫാക്ടറീസ് ആന്റ് & ബോയിലേഴ്സ് വകുപ്പ് |
| ,, | ,, | തൊഴിലും നൈപുണ്യവും വകുപ്പ് ( കിലെ & ഒഡെപെക്ക്) |
| ,, | ,, | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള സംസ്ഥാന അസംഘടിത തെഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| ,, | ,, | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി |

| | | |
|---|---|---|
| | | ബോർഡ്) |
| ,, | ,, | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| ,, | ,, | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2021-22 | നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് |
| ,, | 2021-22 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് , കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| ,, | ,, | തൊഴിലും നൈപുണ്യവും വകുപ്പ് (വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ) |
| ,, | ,, | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) |
| ,, | ,, | വ്യാവസായിക പരിശീലന വകുപ്പ് [ട്രെയിനിംഗ് |

| | | |
|---|---|---|
| | | ഡയറക്ടറേറ്റ് (പ്ലാനിംഗ്)] |

10. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നം. | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVI-പെൻഷനും പലവകയും | 2021-22 | ന്യൂനപക്ഷ ക്ഷേമ വകുപ്പ് (കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി) |

## VI. ക്രമപ്രശ്നം

### പ്രതിപക്ഷ എം.എൽ.എ.മാർക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാമത് സമ്മേളനത്തിന്റെ ആദ്യ ദിവസം വളരെ അസാധാരണമായ നടപടികൾക്കാണ് സഭ സാക്ഷ്യം വഹിച്ചത്. സഭയുടെ നിയമങ്ങളും ചട്ടങ്ങളും മാത്രമല്ല കാലാകാലങ്ങളിലുള്ള സ്പീക്കറുടെ റൂളിംഗും പാലിക്കാൻ

ബാധ്യതപ്പെട്ട പ്രതിപക്ഷ സാമാജികർ തികച്ചും നിരുത്തരവാദപരമായ സമീപനമാണ് സഭയിൽ സ്വീകരിച്ചത്. വ്യക്തിഹത്യ അടക്കമുള്ള അനാവശ്യമായ മുദ്രാവാക്യങ്ങളാണ് സഭയിൽ കേട്ടത്. നിയമസഭയ്ക്കുള്ളിൽ മൊബൈൽ ഫോണുകൾ ഉപയോഗിച്ച് നിയമസഭാ നടപടികൾ പകർത്തുന്നത് കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടം 4(20)-ന്റെ ലംഘനമാണ്. അംഗങ്ങൾ പാലിക്കേണ്ട പെരുമാറ്റച്ചട്ടങ്ങൾ പൂർണ്ണമായും അവഗണിച്ചുകൊണ്ട് സഭാനടപടികൾ ചിത്രീകരിക്കുകയും ചില ദൃശ്യമാധ്യമങ്ങൾക്ക് അവ കൈമാറുകയും ചെയ്തിട്ടുണ്ട്. ഏകപക്ഷീയമായി ആ ദൃശ്യങ്ങൾ വന്നതുകൊണ്ടാണ് ഈ ക്രമപ്രശ്നം ഇവിടെ ഉന്നയിക്കുന്നത്. ഇത്തരം നടപടികൾ സഭയുടെ അന്തസ്സ് കളങ്കപ്പെടുത്തുന്നതാണ്. ആയതിനാൽ ഗുരുതരമായ ചട്ടലംഘനം നടത്തിയ പ്രതിപക്ഷ എം.എൽ.എ.മാർക്കെതിരെ നിയമസഭാ ചട്ടപ്രകാരം ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ക്രമപ്രശ്നം ഉന്നയിക്കാനുള്ള അനുമതി തേടിയിരുന്നു. ശ്രീ. മാത്യു ടി. തോമസ് കത്ത് നൽകിയിട്ടുണ്ട്. അങ്ങേയ്ക്ക് ക്രമപ്രശ്നം ഉന്നയിക്കാം.

ശ്രീ. മാത്യു ടി. തോമസ്: സർ, ഇന്നലെ സഭയിലുണ്ടായ ചില

ചട്ടവിരുദ്ധ നടപടികളാണ് ക്രമപ്രശ്നമായി ഉന്നയിക്കുന്നത്. ഇന്നലെ സഭ ആരംഭിക്കുന്നതിനുമുമ്പ്, അങ്ങേയ്ക്ക് നോട്ടീസ് നൽകുന്നതിന് മുമ്പുതന്നെ സഭയിൽ ഉന്നയിക്കാൻ പോകുന്ന റൂൾ 50 പ്രകാരമുള്ള നോട്ടീസ് ഏതാണെന്നും അത് അവതരിപ്പിക്കരുതെന്നും മാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരിപ്പിച്ചത് ചട്ടവിരുദ്ധമാണ്. അതുപോലെ അടിയന്തര പ്രാധാന്യമുള്ള പൊതുപ്രശ്നങ്ങളാണ് റൂൾ 50 പ്രകാരം ഉന്നയിക്കേണ്ടത്. അങ്ങ് അംഗത്തിന്റെ പേര് വിളിച്ചതിനുശേഷം സഭയിലുണ്ടായിരുന്നിട്ടും നോട്ടീസ് നൽകിയ അംഗം അത് ഉന്നയിക്കാതിരുന്നത് സഭാനടപടികളോടുള്ള അവഹേളനമാണ് കാണിക്കുന്നത്. ഇത് അത്യപൂർവ്വമാണെന്ന് മാത്രമല്ല, ഒരുപക്ഷേ ആദ്യമായിട്ടായിരിക്കാം സഭയിൽ ഇങ്ങനെ സംഭവിച്ചത്. സഭ നടക്കുമ്പോൾ അങ്ങ് അംഗത്തിന്റെ പേര് പരാമർശിച്ചത് അനുമതി തേടി സംസാരിക്കാനാണ്. റൂൾ 54 എന്നുപറയുന്നത് ബഹുമാനപ്പെട്ട അംഗം എഴുന്നേറ്റുനിന്ന് അനുമതി തേടേണ്ടതാണ്. ഇതിൽ ചട്ടലംഘനം നടന്നിട്ടുണ്ട്. ഈ രണ്ട് വിഷയങ്ങളിലും അങ്ങയുടെ റൂളിംഗ് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: രണ്ട് പ്രധാനപ്പെട്ട ക്രമപ്രശ്നങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. അതിൽ ഒരു ക്രമപ്രശ്നം ബഹുമാനപ്പെട്ട മന്ത്രി

ശ്രീ. സജി ചെറിയാൻ ഉന്നയിച്ചിട്ടുള്ളതാണ്. അതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ പല അംഗങ്ങളിൽ നിന്നും ചെയറിന് ലഭിച്ചിട്ടുണ്ട്. വീഡിയോ ഉൾപ്പെടെയുള്ള പരാതികളും ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ച് ഇന്നുതന്നെ വിശദമായ റൂളിംഗ് ചെയറിൽനിന്നും ഉണ്ടാകുമെന്ന് അറിയിക്കുകയാണ്. അതുപോലെ ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ചിട്ടുള്ള ക്രമപ്രശ്നവും ഗൗരവമുള്ളതാണ്. അത് പരിശോധിച്ച് നാളെ വിശദമായ റൂളിംഗ് നൽകുന്നതാണ്.

## VII ധനകാര്യം

### 2022-2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2022-2023 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-2023 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 228,72,63,000 | -- | 457,45,27,000 | -- | 457,45,27,000 |
| III | നീതിന്യായ നിർവ്വഹണം | 337,02,33,000 | -- | 674,04,67,000 | -- | 674,04,67,000 |

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും

സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ധനകാര്യവകുപ്പുമന്ത്രിക്കുവേണ്ടി ഇവിടെ അവതരിപ്പിച്ച പ്രസ്താവന ഇ-നിയമസഭാ ആപ്ലിക്കേഷനിലെ സഭാ ഡോക്യുമെന്റ്സ് എന്ന ഫോൾഡറിലും നിയമസഭാ വെബ്സൈറ്റിലും ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാണ്. ഈ പ്രസ്താവനകൾ അച്ചടിച്ച് ലഭ്യമാക്കുന്നതല്ല എന്ന വിവരം അറിയിക്കുന്നു. രണ്ട് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച് ഒന്നിച്ച് ചർച്ച നടത്താവുന്നതാണ്.

## ഖണ്ഡനോപക്ഷേപങ്ങൾ

## ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ ആസ്ഥാന ഉദ്യോഗസ്ഥന്മാർ

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്വർണ്ണക്കടത്ത് കേസ് പ്രതിയുടെ പുതിയ വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ കേസ് പുനരന്വേഷിക്കണം

എന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിലക്കയറ്റം തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിക്കിടയിലും മന്ത്രിമാർ പങ്കെടുത്ത തദ്ദേശസ്ഥാപനങ്ങളിലെ പരിപാടികളുടെ ചെലവ് വർദ്ധിക്കാനിടയായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മുഖ്യമന്ത്രി യാത്ര ചെയ്യുന്ന സ്ഥലങ്ങളിൽ പൊതുജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടയുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഫയൽ തീർപ്പാക്കുന്നതിൽ കാലവിളംബം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന ഫയലുകളിന്മേൽ തീരുമാനമെടുക്കുന്നതിന് കാലതാമസം നേരിടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സെക്രട്ടേറിയറ്റ് ജീവനക്കാർ ഹാജർ രേഖപ്പെടുത്തിയശേഷം ജോലിസമയത്ത് മുഖ്യമന്ത്രിയെ പിന്തുണച്ച് പ്രകടനം നടത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ആരംഭിച്ച വിവിധ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് മഹാമാരിയെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വന്ന പ്രവാസികൾക്ക് സഹായകരമായ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച

ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ലോക കേരള സഭാ സമ്മേളനങ്ങളുടെ ഭാഗമായെടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ലോക കേരള സഭയുടെ ശിപാർശകളും നിർദ്ദേശങ്ങളും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം ഉയർത്തി യുവാക്കളെ വഞ്ചിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എൻഡോസൾഫാൻ ദുരന്തബാധിതർക്കുള്ള നഷ്ടപരിഹാര തുകയും മറ്റ് സഹായങ്ങളും വിതരണം ചെയ്യുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി

സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംരക്ഷിത വനമേഖലയോടും ദേശീയ ഉദ്യാനങ്ങളോടും ചേർന്നുകിടക്കുന്ന മനുഷ്യവാസകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് മേഖലയായി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന മന്ത്രിസഭായോഗം തീരുമാനമെടുത്ത് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുള്ളതായി പറയപ്പെടുന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക പരിഹരിക്കേണ്ടത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (യുക്രൈൻ യുദ്ധത്തെ തുടർന്ന്

കേരളത്തിൽ തിരിച്ചെത്തിയ മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ട വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീമതി കെ. കെ. രമ: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ബഡ്ജറ്റ് ഹെഡിനു കീഴെ 2013-00-108-99(04) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 2,50,00,000 രൂപ 2,00,00,000 രൂപയായി കുറവു ചെയ്യേണ്ടതാണ് (മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പുറത്തുവിടാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ബഡ്ജറ്റ് ഹെഡിനു കീഴെ 2052-00-90-63 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 295,37,45,000 രൂപ 295,00,00,000 രൂപയായി കുറവു ചെയ്യേണ്ടതാണ്. (സെക്രട്ടേറിയറ്റിലെ പ്രവേശന നിയന്ത്രണങ്ങളുടെ പേരിൽ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായും എന്നാൽ സ്വർണ്ണക്കടത്ത് കേസിലെ പ്രതികൾക്ക്

പ്രവേശനം അനുവദിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ബഡ്ജറ്റ് ഹെഡിനു കീഴെ 2052-00-92-93 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 265,18,000 രൂപ നീക്കം ചെയ്യേണ്ടതാണ്. (കേരളത്തിന്റെ പ്രത്യേക പ്രതിനിധിയായി ന്യൂഡൽഹിയിൽ നിലവിൽ ആരെയും നിയമിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകയുടെ വിനിയോഗം ആവശ്യമില്ലെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപം**

ശ്രീ. അനൂപ് ജേക്കബ്: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,45,27,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ്.

**ധനാഭ്യർത്ഥന നമ്പർ III- നീതിന്യായ നിർവ്വഹണം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന**

## ഉപക്ഷേപങ്ങൾ

ശ്രീ. യു. എ. ലത്തീഫ്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോടതി നടപടികൾ പൂർണ്ണമായും മാതൃഭാഷയിലാക്കണമെന്ന ദീർഘകാല ആവശ്യം നിറവേറ്റുന്നതിൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോടതികളിൽ കേസ് അവതരിപ്പിക്കുന്നതിൽ പബ്ലിക് പ്രോസിക്യൂട്ടർമാർ വീഴ്ചവരുത്തുന്നതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോടതി നടപടികൾ ലളിതവും സുതാര്യവും ആക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോടതികളിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആവശ്യമായ

ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാത്തതു കാരണം കോടതിയിൽ എത്തുന്നവർക്ക് ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോടതി രേഖകളുടെ ഡിജിറ്റൈസേഷൻ നടത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഇ-ഗവേണൻസ് നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000

രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന പീഡനമടക്കമുള്ള പരാതികൾ അന്വേഷിച്ച് കുറ്റക്കാർക്ക് ശിക്ഷ അതിവേഗം നൽകുന്നതിനായി പ്രത്യേക കോടതികൾ ആരംഭിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്നതിനാൽ കൂടുതൽ പോക്സോ കോടതികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പോക്സോ കോടതികളിൽ കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന കേസുകളിന്മേൽ അടിയന്തര തീർപ്പാക്കൽ നടപടി സ്വീകരിക്കേണ്ട വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പോക്സോ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോടതികളിൽ കെട്ടിക്കിടക്കുന്ന സ്ത്രീപീഡന കേസുകളുടെയും പോക്സോ കേസുകളുടെയും എണ്ണത്തിൽ ഉണ്ടായതായി പറയപ്പെടുന്ന വർദ്ധന ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപം

<u>ശ്രീമതി കെ. കെ. രമ</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 2014-00-114-98(28) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 13,13,00,000 രൂപ 13,00,00,000 രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് നടി ആക്രമിക്കപ്പെട്ട കേസുൾപ്പെടെയുള്ള

കേസുകളിൽ സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതിലുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന കാലതാമസം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,67,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. സി. വിഷ്ണുനാഥ്
2. ശ്രീ. ടി. സിദ്ദിഖ്
3. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
4. ശ്രീ. റോജി എം. ജോൺ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ശ്രീ. സി. ആർ. മഹേഷ്

7. ശ്രീമതി ഉമ തോമസ്

8. ശ്രീ. അനൂപ് ജേക്കബ്

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. വളരെ വിശദമായി കേരളത്തിന്റെ ഭരണപ്രക്രിയയെക്കുറിച്ച് വിലയിരുത്തുന്നതിനും ജനങ്ങൾക്കുവേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള നിർദ്ദേശങ്ങൾ അവതരിപ്പിച്ചുകൊണ്ടും ഈ സഭാസമ്മേളനം പിരിയണമെന്നാണ് യഥാർത്ഥത്തിൽ നമ്മൾ ആഗ്രഹിക്കുന്നത്. അതിന് വളരെ ശക്തമായ ജനാധിപത്യ ബോധമുള്ള പ്രതിപക്ഷത്തിന്റെ സഹായംകൂടി ആവശ്യമാണ്. എന്നാൽ ഇവിടെ പ്രതിപക്ഷം വളരെ നിരുത്തരവാദപരമായ സമീപനമാണ് സ്വീകരിക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

കേരളം വളരെ വരുമാനം കുറഞ്ഞതും ഏറ്റവും കൂടുതൽ മനുഷ്യവികസനശേഷി വർദ്ധിച്ചിട്ടുള്ളതുമായ ഒരു സംസ്ഥാനമാണ്. ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളമെന്ന് നീതി ആയോഗിന്റെ ബഹുമേഖലാ ദാരിദ്ര്യ സൂചികാ റിപ്പോർട്ട് സൂചിപ്പിക്കുന്നുണ്ട്. ദാരിദ്ര്യം തീരെ കുറഞ്ഞ 5 ജില്ലകൾ കേരളത്തിലാണുള്ളത്. കേരള ജനസംഖ്യയിൽ 6.71 ശതമാനമാണ് പരമദരിദ്രരായ ആളുകളുള്ളത്. അത് പരിഹരിക്കാനുള്ള

നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. എന്നാൽ അത്തരം നടപടിക്രമങ്ങളോടൊന്നും കേരളത്തിലെ പ്രതിപക്ഷത്തിന് യാതൊരു താൽപ്പര്യവുമില്ല. ഇന്നലെ സഭയിൽ പ്രതിപക്ഷം എന്ത് ആക്രോശമാണ് നടത്തിയത്. ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ചുവെന്നതിന്റെ പേരിൽ നിയമസഭാ നടപടിക്രമങ്ങൾ തടസ്സപ്പെടുത്തിക്കൊണ്ട് ഇന്നലെ വളരെ മോശമായ പെരുമാറ്റമാണ് കേരളത്തിലെ പ്രതിപക്ഷം കാഴ്ചവച്ചിട്ടുള്ളത്. പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ എത്രമാത്രം തരംതാഴാൻ കഴിയുമോ അത്രമാത്രം തരംതാഴ്ന്നുവെന്നതിന്റെ ഒരു ദൃഷ്ടാന്തമാണ് ഇവിടെ കാണിച്ചതെന്ന് പറയാൻ സാധിക്കും. തൃക്കാക്കര ഉപതെരഞ്ഞെടുപ്പിലെ വിജയം മുങ്ങിത്താഴാൻ പോകുന്ന കോൺഗ്രസ്സിന് ഒരു കച്ചിത്തുരുമ്പാണോയെന്ന് അവർ സംശയിക്കുന്നു. തൃക്കാക്കര യു.ഡി.എഫ്.ന് ഭൂരിപക്ഷമുള്ള സീറ്റാണ്. യു.ഡി.എഫ്.-ന് ഭൂരിപക്ഷമുള്ള സീറ്റെല്ലാം പലപ്പോഴായി നഷ്ടപ്പെട്ടിട്ടുണ്ട്. എന്നാൽ തൃക്കാക്കരയിൽ പി. ടി. തോമസിന്റെ മരണശേഷം നടക്കുന്ന ഒരു തെരഞ്ഞെടുപ്പായതിനാൽ അവിടെ മത്സരിച്ചത് അദ്ദേഹത്തിന്റെ ഭാര്യയാണ്. അതിന്റെയെല്ലാം ആനുകൂല്യമുണ്ടായി എന്നത് മാത്രമല്ല തൃക്കാക്കരയിലെ വിജയത്തിന് കാരണം; നിങ്ങൾ അവിടെ ചെയ്തതെന്താണ്? കെ.പി.സി.സി. പ്രസിഡന്റ്

പത്രസമ്മേളനം നടത്തിയശേഷം ഇലക്ഷനെ സമീപിക്കുമ്പോൾ പറഞ്ഞതെന്താണ്? അദ്ദേഹം അറിയാതെ പറഞ്ഞത്, "തൃക്കാക്കരയെ ഞങ്ങൾ പിടിക്കും, അതിനുള്ള പണം...." എന്നാണ്. പറഞ്ഞതിന്റെ ബാക്കി പൂരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല; അപ്പോഴേയ്ക്കും ആരോ തടസ്സപ്പെടുത്തി. പണം കൊടുത്ത് പിടിച്ചതാണോ? അതല്ല അവിടെയുള്ള ബി.ജെ.പി., Twenty 20, ജമാഅത്തെ ഇസ്ലാമി, എസ്.ഡി.പി.ഐ. ഇവരെയെല്ലാം കൂട്ടുപിടിച്ച് ഒരു സീറ്റ് നിലനിർത്തിയെന്നുള്ളതിന്റെ ആഹ്ലാദമാണ് യു.ഡി.എഫ്. ഇവിടെ കാണിക്കുന്നത്. അക്കാര്യത്തിൽ നിങ്ങൾക്ക് അങ്ങനെ ആഹ്ലാദിക്കാൻ വകയുണ്ടോ? കോൺഗ്രസ് എത്രമാത്രം തകർന്നുപോയിരിക്കുന്നു. എല്ലാ വർഗ്ഗീയ-അരാജക വാദികളെയും പിന്തിരിപ്പൻ ശക്തികളെയും കൂട്ടുപിടിച്ചുകൊണ്ട് നിങ്ങൾ രക്ഷപ്പെടാൻ ശ്രമിക്കുന്നു. പക്ഷേ കോൺഗ്രസ്സിന് അങ്ങനെ രക്ഷപ്പെടാൻ കഴിയില്ല. കോൺഗ്രസ് ജനങ്ങളുടെ മനസ്സിൽനിന്നും മാറിപ്പോയിരിക്കുന്നു. തൃക്കാക്കരയിലെ വിജയംകൊണ്ട് എല്ലാമായെന്ന അഹങ്കാരം ഇപ്പോൾ ശ്രീ. വി. ഡി. സതീശനടക്കം പ്രകടിപ്പിക്കുകയാണ്. എല്ലാ കോൺഗ്രസ്സുകാർക്കും അഹങ്കാരമുണ്ടോയെന്ന് അറിയില്ല. പക്ഷേ പ്രതിപക്ഷ നേതാവും യു.ഡി.എഫ്.-ലെ ചിലരും വലിയ അഹങ്കാരം കാണിക്കുകയാണ്.

ആ അഹങ്കാരത്തിന്റെ ഭാഗമായി കാണിക്കുന്ന കോപ്രായങ്ങൾ ജനങ്ങൾ കൂടുതൽ മനസ്സിലാക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം 2019-ൽ കോന്നിയിലും വട്ടിയൂർക്കാവിലും യു.ഡി.എഫ്. പരാജയപ്പെട്ടിട്ടുണ്ട്. അതിനുമുമ്പ് 2004-ലെ ഉപതെരഞ്ഞെടുപ്പിൽ ഒരു മന്ത്രി പരാജയപ്പെട്ടതും നിങ്ങൾ കാണണം. തൃക്കാക്കര തെരഞ്ഞെടുപ്പിലെ വിജയംകൊണ്ട് എല്ലാമായെന്ന് അഹങ്കരിച്ചിരുന്നാൽ നിങ്ങൾക്ക് ഇപ്പോൾ ഉണ്ടായിട്ടുള്ള നാശം സർവ്വനാശമായി മാറുമെന്നുള്ള സൂചനയാണ് ഞങ്ങൾ തരാൻ ആഗ്രഹിക്കുന്നത്. എസ്.എഫ്.ഐ.യുടെ പ്രവർത്തകർ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിൽ കയറിയത് തെറ്റാണെന്നാണ് ഞങ്ങൾ പറഞ്ഞത്. അങ്ങനെ ഓഫീസിൽ കയറേണ്ട കാര്യമില്ല. പാർട്ടി ഓഫീസുകളിലെല്ലാം ഓടിക്കയറുന്നത് ഞങ്ങൾ മാത്രമാണെന്നോ അല്ലെങ്കിൽ ഇത് ആദ്യമാണെന്നോ ഇതിനർത്ഥമില്ല. പക്ഷേ ഞങ്ങളുടെ രാഷ്ട്രീയ മാന്യത അത് അംഗീകരിക്കാൻ അനുവദിച്ചില്ല. എം.പി. ഓഫീസും എം.എൽ.എ. ഓഫീസും രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുമെല്ലാം ആക്രമിച്ച് ശീലമുള്ളത് നിങ്ങൾക്കാണ്. ആ ശീലം ഞങ്ങൾക്കില്ല. അതുകൊണ്ടാണ് എം.പി. ഓഫീസിൽ എസ്.എഫ്.ഐ. പ്രവർത്തകർ കയറിയത് ശരിയല്ലെന്ന് പറഞ്ഞത്. ആ രാഷ്ട്രീയ മാന്യതയുടെ നാലയലത്ത് വരാൻ ഇവിടത്തെ

യു.ഡി.എഫ്.-ന് സാധിക്കുമോ; നിങ്ങൾക്ക് അതിന് സാധിച്ചിരുന്നെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്രമിക്കാൻ വിമാനത്തിലേയ്ക്ക് രണ്ടുപേരെ അയയ്ക്കുമായിരുന്നോ? വിമാനത്തിൽ കയറി മുദ്രാവാക്യം വിളിക്കുന്നത് ആദ്യമായി കേൾക്കുകയാണ്. യാദൃശ്ചികമായി വിളിച്ചതല്ലല്ലോ; ടിക്കറ്റെടുത്താണ് അവർ കയറിയത്. രണ്ട് യൂത്ത് കോൺഗ്രസ്സുകാർ വിമാനത്തിൽ കയറുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചിലർ പറഞ്ഞിരുന്നു. യൂത്ത് കോൺഗ്രസ്സുകാർക്ക് വിമാനത്തിൽ കയറാൻ സാധിക്കില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞോ; യൂത്ത് കോൺഗ്രസ്സുകാർക്കും യാത്ര ചെയ്യാനുള്ള വിമാനമാണ് കയറിക്കോട്ടെ എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അങ്ങനെ കയറിയ യൂത്ത് കോൺഗ്രസ് പ്രവർത്തകർ എന്താണ് ചെയ്തത്? അതൊരു ചെറിയ ATR (Air Transportation Rack) flight ആണ്. അതിൽ നിന്നും പുറത്തോട്ട് പോകാൻ ഒരൊറ്റ എക്സിറ്റാണുള്ളത്. പിൻവശത്തിരുന്ന മുഖ്യമന്ത്രിയായിരിക്കും ആദ്യം ഇറങ്ങിപ്പോകുന്നതെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷേ എപ്പോഴാണ് ഇറങ്ങുന്നത്? വിമാനം നിർത്തി പിൻവശത്തിരുന്ന ആളുകളെ മുഴുവൻ ഇറക്കിയതിനുശേഷം മാത്രമേ മുന്നിലിരുന്ന ആളുകൾ പിന്നിലേയ്ക്ക് നടന്നുവരാവൂ. ഇതിന് നിയമം നിലവിലുണ്ട്. ഞാൻ ആ നിയമമൊന്നും വിശദീകരിക്കുന്നില്ല.

അൽപ്പമെങ്കിലും രാഷ്ട്രീയ മാന്യതയുണ്ടായിരുന്നെങ്കിൽ അവിടെ സംഭവിച്ചതെന്താണെന്നും അതിനെ തള്ളിപ്പറയാനും യു.ഡി.എഫ്. തയ്യാറാകുമായിരുന്നല്ലോ; പ്രതിപക്ഷ നേതാവോ മറ്റേതെങ്കിലും യു.ഡി.എഫ്. നേതാവോ ഈ വിഷയത്തെ തള്ളിപ്പറഞ്ഞോ? നിങ്ങൾ അതിനെയെല്ലാം തപ്പുകൊട്ടി അംഗീകരിച്ച് പൂമാലയിട്ട് സ്വീകരിച്ചു. എന്തിനാണ് അവർ മുദ്രാവാക്യം വിളിച്ച് മുന്നിൽനിന്നും പിന്നിലേയ്ക്ക് ഓടിവന്നത്? ശ്രീ. ഇ. പി. ജയരാജൻ തള്ളിയതാണ് അപ്പോഴത്തെ പ്രശ്നം. മുഖ്യമന്ത്രിയെ ആക്രമിക്കാൻ വരുമ്പോൾ ശ്രീ. ഇ. പി. ജയരാജൻ എന്തുചെയ്യണം; കയ്യുംകെട്ടി നിൽക്കണമോ; വിമാനത്തിൽ മുഖ്യമന്ത്രിയെ ആക്രമിക്കാൻ മുമ്പോട്ടുവരുമ്പോൾ ശ്രീ. ഇ. പി. ജയരാജൻ അക്രമികളെ തടുത്ത് നിർത്തിയ ചിത്രം നിങ്ങൾക്ക് കാണാം. എന്തിനാണ് മുഖ്യമന്ത്രിയുടെ നേരെ ആക്രോശവുമായി അവർ ഓടിവന്നത്? മുഖ്യമന്ത്രിയെ ആക്രമിക്കാനല്ലെങ്കിൽ മുൻ സീറ്റിലിരുന്ന യൂത്ത് കോൺഗ്രസ് നേതാക്കന്മാർ എന്തിനാണ് മുഖ്യമന്ത്രിക്ക് നേരെ ഓടിവന്നത്; നിങ്ങൾക്ക് ഇത്തരത്തിലുള്ള ആക്രമണങ്ങളെല്ലാം നല്ല ശീലമുണ്ട്. ഇതെല്ലാം കേരള ജനത കാണുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രിയെ ആക്രമിക്കാൻ നിങ്ങൾ ചെല്ലും ചെലവും കൊടുത്ത് രണ്ടുപേരെ ആ വിമാനത്തിൽ കയറ്റി മുഖ്യമന്ത്രിയെ

അപായപ്പെടുത്താൻ ശ്രമിച്ചു. അതിനെ അപലപിക്കാൻ, ഒരക്ഷരം പറയാൻ നിങ്ങളുടെ കൂട്ടത്തിൽനിന്നും ആരെങ്കിലുമുണ്ടായിരുന്നോ? ഇതൊക്കെ നിങ്ങൾ ചെയ്യും. 1981-ൽ എ.കെ.ജി. സെന്റർ ആക്രമിച്ച് എ.കെ.ജി.-യുടെ പ്രതിമ താഴെയിട്ട് തകർത്തവരാണ് നിങ്ങൾ. അതുപോലെ എം.പി. ഓഫീസിലെ സംഭവം നടന്നതിനുശേഷം അവിടെ സന്ദർശിച്ച ആളുകൾക്ക് അത് ആരാണ് ചെയ്തതെന്ന് മനസ്സിലാക്കാൻ സാധിക്കും. ചുവരിൽ ഉണ്ടായിരുന്ന ഗാന്ധിജിയുടെ ഫോട്ടോയെടുത്ത് നിങ്ങൾ താഴെയിട്ട് തകർത്തതിനുശേഷം അത് എസ്.എഫ്.ഐ.ക്കാരുടെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമിച്ചു. മഹാത്മാഗാന്ധി ആരാണ്? അതുപോലെ നിങ്ങൾ എ.കെ.ജി. സെന്ററിൽ കയറിയശേഷം എ.കെ.ജി.യുടെ ഫോട്ടോ എടുത്ത് തല്ലിത്തകർത്തവരാണ്. അത് കേരളം മറന്നിട്ടില്ല. 1991-ൽ എ.കെ.ജി സെന്ററിനുനേരെ കോൺഗ്രസ് ഭരണകാലത്ത് വെടിവച്ചു. നിങ്ങൾക്ക് ഇതൊക്കെ ശീലമാണ്. നിങ്ങൾ എത്ര മാന്യന്മാരാണെന്ന് ഈ ലോകം അറിയണ്ടേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പ്രസംഗിക്കട്ടെ, അപ്പുറത്തും ഇപ്പുറത്തും നിന്ന് ആരും അതിൽ ഇടപെടണ്ട.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പ്രതിപക്ഷം നല്ല പിള്ള

ചമഞ്ഞ് നടക്കുകയാണല്ലോ? കേരളത്തിലെ ജനങ്ങൾക്ക് അത് ഓർമ്മയുണ്ട്. തൃക്കരിപ്പൂർ തെരഞ്ഞെടുപ്പിൽ ഇ. കെ. നായനാർ ജയിച്ചു. 1987-ൽ തൃക്കരിപ്പൂർ ഇലക്ഷന്റെ വോട്ടെടുപ്പ് കഴിഞ്ഞതിനുശേഷം സഖാക്കൾ ചീമേനി പാർട്ടി ഓഫീസിൽ ആകെ ലഭിക്കാൻ പോകുന്ന വോട്ടിന്റെ കണക്കെടുക്കാൻ ഇരിക്കുകയാണ്. അവർ ആരെയും ദ്രോഹിച്ചിട്ടില്ല. കോൺഗ്രസ്സുകാർ ആ ഓഫീസ് വളഞ്ഞ് വയ്ക്കോലും മറ്റും കൊണ്ടുവന്ന് ചുറ്റുമിട്ട് തീയിട്ടതിനാൽ വാതിൽ തുറന്ന് പുറത്തിറങ്ങാൻ കഴിയാത്ത വിധത്തിൽ അഞ്ചുപേരെ ചുട്ടുകൊന്നവരാണ്. ജനാധിപത്യ വിശ്വാസികളായി നിങ്ങൾ വലിയ പ്രസംഗങ്ങൾ നടത്തുകയാണല്ലോ! ബഹുമാനപ്പെട്ട കേരളത്തിന്റെ മുഖ്യമന്ത്രിയും സഖാക്കളായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. സീതാറാം യെച്ചൂരി തുടങ്ങിയവരെല്ലാം ഇത് ശരിയായ നടപടിയല്ലെന്ന് പറഞ്ഞ് നടപടി സ്വീകരിച്ചു. ആരാണ് എസ്.എഫ്.ഐ.ക്കാരെ അറസ്റ്റ് ചെയ്തത്? എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുള്ള ഇവിടത്തെ പോലീസാണ് നടപടി സ്വീകരിച്ചത്. ഇനിയെന്താണ് അതിന്റെ പേരിൽ ചെയ്യേണ്ടത്; ആ സംഭവത്തിന്റെ പേരിൽ ഒരുപാട് ചർച്ചകൾ നടക്കേണ്ട കേരള നിയമസഭയെ നിങ്ങൾ ഇന്നലെ അലങ്കോലമാക്കി. നിങ്ങൾ ഇത്രയും വിഷയ ദാരിദ്ര്യം നേരിടുകയാണോ?

വളരെ മോശമായിപ്പോയി. ചുരുങ്ങിയപക്ഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്രമിച്ചതിനെയെങ്കിലും നിങ്ങൾക്ക് അപലപിക്കാമായിരുന്നു. ഞങ്ങൾ ചെയ്തതിന്റെ അത്രയൊന്നും നിങ്ങൾക്ക് ചെയ്യാനുള്ള ത്രാണിയില്ലെന്നുള്ള കാര്യം നിങ്ങൾക്കുതന്നെ അറിയാം. നിങ്ങൾ ഇപ്പോൾ അങ്ങനെ അപലപിക്കാൻ കഴിയുന്ന ജനാധിപത്യ വിശ്വാസികളല്ല. "ഉപ്പുവച്ച കലംപോലെ" എന്നുപറയുന്നതുപോലെ നിങ്ങൾ നശിച്ചുപോയിരിക്കുന്നത് അതാണ്. കോൺഗ്രസ് പാർട്ടി ശോഷിച്ചുപോയതിന്റെ കാരണം നിങ്ങളുടെ ഈ ജനാധിപത്യവിരുദ്ധ സമീപനമാണ്. ചുരുങ്ങിയപക്ഷം മുഖ്യമന്ത്രിയെ ആക്രമിച്ച സംഭവത്തിൽ അത് പാടില്ലാത്ത കാര്യമാണെന്ന് നിങ്ങൾ പറഞ്ഞിരുന്നുവെങ്കിൽ കേരളത്തിൽ കുറച്ചുപേരെങ്കിലും നിങ്ങളിൽ ജനാധിപത്യം ബാക്കിയുണ്ടെന്ന് സമ്മതിക്കുമായിരുന്നു. കേരള ജനത ഇതെല്ലാം കാണുകയാണ്. കേന്ദ്ര ഏജൻസികളുടെ ഇടപെടലിൽ നിങ്ങൾക്ക് ഇരട്ട സമീപനമാണല്ലോ? ശ്രീ. രാഹുൽ ഗാന്ധിക്കെതിരെ ഇ.ഡി. പറഞ്ഞാൽ അയ്യോ... അയ്യോ... ബുദ്ധിമുട്ടായിപ്പോയി. കേരള മുഖ്യമന്ത്രിക്കെതിരെ ഇ.ഡി. ഇടപെട്ടാൽ ആഹാ...ആഹാ... നിങ്ങൾക്ക് എന്തൊരു ആഹ്ലാദം! എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ അധികാരപരിധി നിങ്ങളെല്ലാംകൂടി ചേർന്നാണ് നിശ്ചയിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ

അധികാരമില്ലാതെ എവിടെയും എപ്പോഴും കയറി ഇടപെടാമെന്ന് യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് വരുത്തിത്തീർത്തത് ഇപ്പോൾ നിങ്ങൾക്കുകൂടി വിനയായി മാറിയിരിക്കുകയാണ്. നിങ്ങൾ എല്ലാ ജനാധിപത്യ ധ്വംസനവും ചെയ്തു. അതെല്ലാം നിങ്ങൾക്കുതന്നെ വിനയായി തീർന്നിരിക്കുകയാണ്. ഇപ്പോൾ സിനിമാക്കാർ പാടുന്നതുപോലെ 'അവനവൻ കുരുക്കുന്ന കുരുക്കഴിച്ചെടുക്കുമ്പോം ഗുലുമാൽ. പരസ്പരം കുഴിക്കുന്ന കുഴികളിൽ പതിക്കുമ്പോം ഗുലുമാൽ' എന്നുപറഞ്ഞതുപോലെ നിങ്ങളാണ് ഇ.ഡി.ക്ക് ഇത്രയും തെറ്റായ അധികാര പരിധി നിശ്ചയിച്ചുകൊടുത്തത്. അത് നിങ്ങൾക്കെതിരായി വരുമ്പോൾ ബുദ്ധിമുട്ടുള്ള കാര്യമാകുന്നു. അതേ നടപടി ഇടതുപക്ഷത്തിന് എതിരെയാകുമ്പോൾ നിങ്ങൾക്ക് വലിയ സന്തോഷമുണ്ടാക്കുന്ന കാര്യമാണ്. ഇന്നലെ നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസുമായി ബന്ധപ്പെട്ട ബാനറുമായാണ് സഭയിൽ വന്നതെങ്കിൽ ഇന്ന് ബിരിയാണി ചെമ്പുമായാണ് വന്നത്. നല്ല അടി കിട്ടിപ്പോയി. അത് നിഷേധിക്കുമെന്നാണ് ഞങ്ങൾ വിചാരിച്ചത്. 'മടിയിൽ കനമുള്ളവനെ വഴിയിൽ ഭയക്കേണ്ടതുള്ളൂവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. അടിയന്തരപ്രമേയം ചർച്ച ചെയ്യുന്നതിന് ഞങ്ങൾക്ക് യാതൊരു ഭയവുമില്ല. അന്തംവിട്ട് ഞങ്ങൾ നോക്കുകയായിരുന്നു. അടിയന്തരപ്രമേയം അവതരിപ്പിച്ച് വെല്ലിലിറങ്ങി

കുറച്ച് കലാപരിപാടികൾ നടത്തി തിരിച്ചുപോകാമെന്നാണ് നിങ്ങൾ വിചാരിച്ചത്. ഇന്നലത്തെ കലാപരിപാടിയിൽ എല്ലാവരുംകൂടി മുദ്രാവാക്യം വിളിച്ചതിനാൽ സഭയിൽ പറയുന്നതൊന്നും ആരും കേട്ടതുമില്ല. ഈ നാട്ടിലെ ജനങ്ങളോട് ഞങ്ങൾക്ക് കാര്യങ്ങൾ പറയാനുണ്ട്. അത് പറഞ്ഞാൽ ഈ നാട്ടിലെ ജനങ്ങൾക്ക് വിശ്വാസവുമുണ്ട്. ഇന്ന് അടിയന്തരപ്രമേയത്തിന്റെ ചർച്ചയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുമതി നൽകിയപ്പോൾ എന്തോ ഒരു ചൊല്ലുപോലെ നിങ്ങൾ ഇവിടെ ഇരിക്കുകയായിരുന്നു. ആകെ നാണംകെട്ട് ചർച്ചയ്ക്കെടുത്തുപോയല്ലോയെന്ന് കരുതി നിങ്ങൾ ഇരിക്കുകയാണ്. പക്ഷെ ചർച്ച ചെയ്യണം. അതിൽ ഒരുപാട് കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. നിങ്ങൾ ഓർക്കേണ്ട ഒരു കാര്യമുണ്ട്. നിങ്ങൾ ഇവിടെ ചർച്ച ചെയ്യുമ്പോൾ കോൺഗ്രസ്സുകാരുടെ വളരെ പ്രധാനപ്പെട്ട നേതാക്കൾ ഇ.ഡി.യുടെ മുമ്പിൽക്യൂ നിൽക്കുകയാണെന്ന കാര്യം മറക്കണ്ട. നിങ്ങളുടെ തലമൂത്ത നേതാക്കളായ ശ്രീമതി സോണിയാ ഗാന്ധിയും ശ്രീ. രാഹുൽ ഗാന്ധിയുമുണ്ട്. തലപ്പത്തുതന്നെ പിടിച്ചിട്ടുണ്ട്. എന്നിട്ടും ഇ.ഡി. രാഷ്ട്രീയ വൈരാഗ്യത്തോടെ ഇടപെടുന്നുവെന്ന് ഞങ്ങൾ പറഞ്ഞു. ശ്രീമതി സോണിയാ ഗാന്ധിക്കും ശ്രീ. രാഹുൽ ഗാന്ധിക്കും ഒരു കുറ്റവുമില്ലെന്നല്ല ഞങ്ങൾ പറഞ്ഞതിന്റെ അർത്ഥം.

പക്ഷെ ഞങ്ങൾ രാഷ്ട്രീയ മര്യാദ പാലിച്ചു. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ ഉപയോഗിച്ച് ഒരു രാഷ്ട്രീയ പാർട്ടിയെ തകർക്കാൻ അനാവശ്യമായി തെറ്റായ രീതിയിൽ ഇടപെടുന്നു. ഇത്തരം കാര്യങ്ങളെല്ലാം അന്വേഷിക്കാൻ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളുണ്ട്. ഞങ്ങൾ കാണിച്ച ഈ പക്വത നിങ്ങൾക്ക് ചിന്തിക്കാൻ കഴിയില്ല. നിങ്ങൾ ഇവിടെ പേക്കൂത്തുകൾ നടത്തുമ്പോൾ ശ്രീമതി സോണിയ ഗാന്ധിയും ശ്രീ. രാഹുൽ ഗാന്ധിയും ഇ.ഡി.യുടെ മുമ്പിൽ ക്യൂ നിൽക്കുന്നു. അതുപോലെ ശ്രീമതി സോണിയാ ഗാന്ധിയുടെ വിശ്വസ്തൻ ശ്രീ. അഹമ്മദ് പട്ടേലിനെ 30 മണിക്കൂറാണ് ഇ.ഡി. ചോദ്യം ചെയ്തത്. കർണ്ണാടക കോൺഗ്രസ് അദ്ധ്യക്ഷനായ ശ്രീ. ഡി. കെ. ശിവകുമാർ 80 ദിവസം ഇ.ഡി.യുടെ കസ്റ്റഡിയിലായിരുന്നു, ശ്രീ. പി. ചിദംബരം 100 ദിവസം കസ്റ്റഡിയിലായിരുന്നു. പഞ്ചാബ് മുഖ്യമന്ത്രിയായിരുന്ന ശ്രീ. ചരൺജിത്ത് സിംഗ് ഛന്നി എത്ര ദിവസമാണ് ഇ.ഡി.-യുടെ പിടിയിൽപ്പെട്ട് കിടക്കുന്നത്?

മി.സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എനിക്ക് ഒരു അഭ്യർത്ഥന മാത്രമേയുള്ളൂ. പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കൂപമണ്ഡൂകമെന്ന് വിളിച്ചു. അദ്ദേഹമാണ് കൂപമണ്ഡൂകം.

ഇവിടത്തെ കാര്യങ്ങൾ മാത്രമേ താങ്കൾ കാണുന്നുള്ളൂ.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതുപോലെ ദയനീയമായി ഭരണപക്ഷം പരാജയപ്പെട്ടൊരു ഉപതെരഞ്ഞെടുപ്പ് കേരളത്തിന്റെ ചരിത്രത്തിൽ കണ്ടിട്ടില്ല. ഉപതെരഞ്ഞെടുപ്പ് ഒരു സർക്കാരിന്റെ വിലയിരുത്തലാണ്. ആ സർക്കാർ എങ്ങനെ പോകുന്നു; സർക്കാരിനെക്കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായമെന്താണ്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മാത്രമല്ല സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണനും ഇത് പറഞ്ഞിട്ടുണ്ട്. പതിനാലായിരം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ പി. ടി. തോമസ് ജയിച്ചിടത്തുനിന്ന് കാൽലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ശ്രീമതി ഉമാ തോമസ് ജയിച്ചിരിക്കുന്നത്. നിങ്ങൾ എല്ലാ അധമ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും എം.എൽ.എ.മാരും പാർട്ടി നേതാക്കളെ സമസ്ത മേഖലകളിലും വിന്യസിച്ച്, വീട്ടുകാരോട് ഭക്ഷണം ചോദിച്ചുവാങ്ങിക്കഴിച്ച്, എല്ലാ അഭ്യാസങ്ങളും നടത്തി 25000 വോട്ടിന് പരാജയപ്പെട്ടപ്പോൾ അതിൽനിന്നെങ്കിലും പാഠം പഠിക്കാനുള്ള

ഉത്തരവാദിത്വം സർക്കാർ പാലിക്കണ്ടേ; ഒരു ജനവിധിയുണ്ടാകുമ്പോൾ ആ ജനവിധിയുടെ ഉത്തരവാദിത്വം ഏറ്റെടുക്കണ്ടേ; ആ ജനവിധിയിൽനിന്നും പാഠം ഉൾക്കൊള്ളണ്ടേ; ആ ജനവിധിയുടെ സന്ദേശമെന്താണെന്ന് ഉൾക്കൊള്ളണ്ടേ; അത് ഉൾക്കൊണ്ടിട്ടാണോ നിങ്ങൾ പോകുന്നത്? ആ ജനവിധിക്കുശേഷമാണ് കെ.പി.സി.സി. ഓഫീസിലേയ്ക്കും പ്രതിപക്ഷനേതാവിന്റെ വീട്ടിലേയ്ക്കും ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിലേയ്ക്കും നിങ്ങളുടെ ക്രിമിനലുകൾ കയറിയത്. 33 പാർട്ടി ഓഫീസുകൾ തകർത്തതും മഹാത്മാഗാന്ധി പ്രതിമയുടെ തല അരിയാൻ പയ്യന്നൂരിൽ നേതൃത്വം കൊടുത്തതും ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിലെ മഹാത്മാഗാന്ധിയുടെ ഛായാചിത്രമടക്കം തകർക്കാൻ നേതൃത്വം കൊടുത്തതും ആ ജനവിധിക്കുശേഷമാണ്. കേരളത്തിലെ രണ്ട് ഡി.സി.സി. പ്രസിഡന്റുമാർ ഉൾപ്പെടെയുള്ള മുഴുവൻ ആളുകൾക്കുമെതിരെ പോലീസിനെയും പാർട്ടി പ്രവർത്തകരെയും ഉപയോഗിച്ച് നിങ്ങൾ ആക്രമണങ്ങൾക്ക് നേതൃത്വം കൊടുത്തതും ആ ജനവിധിക്കുശേഷമാണ്. ഈ സന്ദേശമുൾക്കൊള്ളാതെ പോകുന്നത് നിങ്ങളുടെ അവസാനത്തിന്റെ ആരംഭമാണെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവും വേണ്ട. ജനവിധിയുടെ പാഠം ഉൾക്കൊള്ളാതെ അഹങ്കാരത്തിന്റെ, ധിക്കാരത്തിന്റെ

ഭാഷയിൽ ഒരു ഗവൺമെന്റ് കടന്നുപോകുന്നതിന്റെ നേർച്ചിത്രമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇവിടെ ഒരു കാര്യം പ്രത്യേകം പരാമർശിക്കാതിരിക്കാൻ കഴിയില്ല. ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് തല്ലിത്തകർത്തത് സംബന്ധിച്ച് നിങ്ങൾ എതിർത്ത് സംസാരിച്ചു. നിങ്ങൾ അതിനെ തള്ളിപ്പറഞ്ഞു. നിങ്ങൾ തള്ളിപ്പറയാത്ത എന്താണുള്ളത്? ടി. പി. ചന്ദ്രശേഖരനെയും ഷുഹൈബിനെയും ശരത് ലാലിനേയും കൃപേഷിനേയുമൊക്കെ വധിച്ചപ്പോൾ ഞങ്ങളല്ല അത് ചെയ്തതെന്ന് നിങ്ങൾ പറഞ്ഞു. ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് തകർത്തതിനെത്തുടർന്ന് ജനരോഷം വന്നപ്പോൾ ഞങ്ങൾ അത് ഏറ്റെടുക്കുന്നില്ല, ഞങ്ങളുടെ അനുവാദത്തോടുകൂടിയല്ല അവർ ആക്രമണം നടത്തിയതെന്ന് നിങ്ങൾ പറഞ്ഞു. സി.പി.ഐ.(എം)-ഉം അതിന്റെ പോഷക സംഘടനകളും ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിലേയ്ക്ക് മാർച്ച് നടത്തുമ്പോൾ നിങ്ങൾ അറിഞ്ഞില്ലെന്ന് പറഞ്ഞാൽ സി.പി.ഐ.(എം)-നെ ആരാണ് പഠിപ്പിക്കുന്നത്? എസ്.എഫ്.ഐ.യുടെ പഴയ നേതാവ്, സംസ്ഥാന കമ്മിറ്റി മെമ്പറായിരുന്ന ശ്രീമതി കെ. കെ. രമ ഇവിടെ ഇരിപ്പുണ്ട്. അവരോട് ചോദിച്ചാൽ പറഞ്ഞുതരും. എസ്.എഫ്.ഐ. ഒരു മാർച്ച് എം.പി. ഓഫീസിലേയ്ക്ക് നടത്തുമ്പോൾ നിങ്ങളുടെ പാർട്ടി അറിഞ്ഞില്ല

എന്നുപറഞ്ഞാൽ അതെങ്ങനെ അംഗീകരിക്കാൻ സാധിക്കും? സി.പി.ഐ. (എം) ജില്ലാ കമ്മിറ്റി ഓഫീസിൽ നിന്നല്ലേ ആ മാർച്ച് നടത്തിയത്? ഞാൻ പ്രധാനപ്പെട്ട ഒരു ചോദ്യം ചോദിക്കുകയാണ്. ശ്രീ. രാഹുൽ ഗാന്ധിയും ബഫർ സോണുമായി എന്താണ് ബന്ധം; എസ്.എഫ്.ഐ.യും ബഫർ സോണുമായി എന്താണ് ബന്ധം? ഞാൻ വയനാട് ജില്ലയിൽ നിന്നുള്ള ജനപ്രതിനിധിയാണ്. അവിടെ ഇതുമായി ബന്ധപ്പെട്ട് നിരവധി സമരങ്ങൾ നടന്നിട്ടുണ്ട്. എന്റെ ഓഫീസിൽ എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ഒരു യോഗം ചേർന്നു. സർവ്വശ്രീ ഐ. സി. ബാലകൃഷ്ണനും ഒ. ആർ. കേളുവും അവരവരുടെ നിയോജകമണ്ഡലങ്ങളിൽ യോഗം ചേർന്നു. ഞങ്ങൾ ഒന്നിച്ചുള്ള സമരത്തിലായിരുന്നു. ഒരു പ്രഖ്യാപിത പ്രശ്നത്തിൽ ഒന്നിച്ച്, നിലപാട് സ്വീകരിച്ച് പോകുമ്പോൾ, ഈ കുട്ടിക്കുരങ്ങന്മാരെക്കൊണ്ട് ചുടുചോറ് വാരിക്കാൻ ആ ഓഫീസിലേയ്ക്ക് പറഞ്ഞയച്ചത് ഒരു വലിയ ഗൂഢാലോചനയുടെ ഭാഗമായാണ്. അവിടെയാണ് പ്രശ്നം. ബഫർ സോൺ വിഷയത്തിൽ ഞങ്ങൾ സമരത്തിലാണെന്ന് പറയുന്ന എസ്.എഫ്.ഐ.യുടെ ഒരു സ്റ്റേറ്റ്മെന്റ് കാണിക്കാൻ സാധിക്കുമോ; ബഫർ സോൺ വിഷയത്തിൽ ഏതെങ്കിലുമൊരു മാർച്ച് നിങ്ങൾ നടത്തിയോ; ശ്രീ. രാഹുൽ ഗാന്ധിയും

ബഫർ സോണുമായി എന്താണ് ബന്ധം? വിധി പറഞ്ഞ ജുഡീഷ്യറിയുടെ ഭാഗമല്ല ശ്രീ. രാഹുൽ ഗാന്ധി. ഒരു കിലോമീറ്റർ ഇക്കോ-സെൻസിറ്റീവ് സോൺ എന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതി പ്രഖ്യാപിച്ചതാണ്. ഇത് ഡയല്യൂട്ട് ചെയ്യാൻ പബ്ലിക് ഇന്ററസ്റ്റിൽ സെൻട്രൽ എംപവേർഡ് കമ്മിറ്റിക്കും മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ഫോറസ്റ്റ് ആൻഡ് ക്ലൈമറ്റ് ചെയിഞ്ചിന് റിപ്പോർട്ട് കൊടുക്കാൻ സംസ്ഥാന സർക്കാരിനെയുമാണ് ചുമതലപ്പെടുത്തിയത്. ആ സംസ്ഥാന സർക്കാരിന്റെ ഭാഗമല്ല ശ്രീ. രാഹുൽ ഗാന്ധി. MoEF&CC (Ministry of Environment, Forests and Climate Change)-നെ കൺട്രോൾ ചെയ്യുന്ന സെൻട്രൽ ഗവൺമെന്റിന്റെ ഭാഗമല്ല ശ്രീ. രാഹുൽ ഗാന്ധി. പിന്നെ എന്തിനാണ് രാഹുൽ ഗാന്ധിയുടെ ഓഫീസിലേയ്ക്ക് ആളുകളെ അയച്ചത്? അവിടെയുള്ള കമ്പ്യൂട്ടർ അടിച്ചുതകർത്തു, ഫയലുകൾ കൊണ്ടുപോയി, ഛായാചിത്രങ്ങളും തകർത്തു. എവിടെയെങ്കിലും ആളുകൾ വാഴയുമായി മാർച്ച് നടത്തുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ; ഈ അരാജകത്വ പ്രവണത മറ്റെവിടെയെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ; പിൻവഴിയിലൂടെ ജനലിലൂടെ കയറുകയാണ്. പിൻഭാഗത്തുകൂടി കയറുന്ന സംസ്കാരം എപ്പോഴാണ് എസ്.എഫ്.ഐ. ആരംഭിച്ചത്? നിങ്ങൾ ഒരു കാര്യം ആലോചിക്കണം. കൊയിലാണ്ടിയിൽ

കോൺഗ്രസ്സിന്റെ കൊടിമരത്തിൽ നിങ്ങൾ ചായം പൂശി കൊടി ഉയർത്തി. ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിൽ വാഴയുടെ കൂടെ നിങ്ങൾ കൊടി കൊണ്ടുപോയി വച്ചു. അന്യന്റെ അനുവാദമില്ലാതെ ഏത് സ്ഥലത്തും കൊണ്ടുവയ്ക്കാൻ പറ്റുന്ന, ഒരു മാന്യതയും അന്തസ്സുമില്ലാത്ത സാധനമാണോ നിങ്ങളുടെ കൊടി? എവിടെയും കൊണ്ടുപോയി സ്ഥാപിക്കാൻ പറ്റുന്ന ഉപകരണമാണോ നിങ്ങളുടെ കൊടി; അങ്ങനെയാണോ നിങ്ങൾ ആലോചിക്കുന്നത്; ഇതാണോ ഒരു പാർട്ടി; ഇതാണോ നിങ്ങളുടെ പാർട്ടിയുടെ മാന്യത; ഇതാണോ നിങ്ങളുടെ സംസ്കാരം; ഇതാണോ നിങ്ങൾ കേരളത്തിൽ കാണിച്ചുകൊടുക്കുന്ന സവിശേഷത? ഇതിനെല്ലാം നിങ്ങൾ മറുപടി പറയണം. പയ്യന്നൂരിൽ (.......ബഹളം.......) ഗാന്ധി പ്രതിമയുടെ കഴുത്തറുത്തു. (.......ബഹളം.......)

മി. സ്പീക്കർ: അംഗങ്ങൾ സീറ്റുകളിലിരിക്കണം. അങ്ങ് ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ.

ശ്രീ. ടി. സിദ്ദിഖ്: സർ, (.......ബഹളം.......) പയ്യന്നൂരിൽ ഗാന്ധി പ്രതിമയുടെ കഴുത്തറുത്തപ്പോൾ രണ്ടുപേരെ അറസ്റ്റ് ചെയ്തു. (.......ബഹളം.......) ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് തകർത്തത് ഞങ്ങളല്ല എന്നുപറയുന്ന ആശാന്മാരാണല്ലോ നിങ്ങൾ? പയ്യന്നൂരിൽ ആരാണ്

ഗാന്ധി പ്രതിമയുടെ കഴുത്തറുത്തത്? നിങ്ങൾ പറയണം. അലിഗഡിൽ 2019 ജനുവരി 30-ന് ഹിന്ദുമഹാ സഭയുടെ നേതാവായ ശ്രീമതി പൂജ ശകുൻ പാണ്ഡെ മഹാത്മാഗാന്ധിയുടെ കോലത്തിനുനേരെ പ്രതീകാത്മകമായി വെടിവച്ചുകൊണ്ടാണ് ഏറ്റവും വലിയ ആഹ്ലാദ നൃത്തമാടിയത്.

മി. സ്പീക്കർ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗങ്ങളോട് അപ്പുറത്തും ഇപ്പുറത്തുനിന്നുമുള്ള ഇടപെടൽ വേണ്ടെന്ന് തുടക്കം മുതൽ ചെയർ പറഞ്ഞതാണ്. അത് ഇരുകൂട്ടരും പാലിച്ചിട്ടില്ല. അത് പാലിച്ചുപോയാൽ മാത്രമേ ചർച്ച സുഗമമായി തുടർന്നുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് പറഞ്ഞതിനോട് ഞങ്ങൾ യോജിക്കുന്നു. അങ്ങ് പറഞ്ഞതിനുശേഷം ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സംസാരിച്ചപ്പോൾ ഒരു ശബ്ദം പോലും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായില്ല. എന്നാൽ ശ്രീ. ടി. സിദ്ദിഖ് സംസാരിച്ചപ്പോൾ ആദ്യാവസാനംവരെ ശല്യപ്പെടുത്തുകയായിരുന്നു. ഒരാളുടെ പ്രസംഗം തടസ്സപ്പെടുത്താൻ വളരെ എളുപ്പമാണ്. ഞങ്ങൾ വേണമെങ്കിൽ അത് കാണിച്ചുതരാം. ഞങ്ങൾ 41 പേരെയുള്ളൂ. (....ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ദയവായി ചെയറിനെ

നോക്കി സംസാരിക്കൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നിങ്ങൾ ആദ്യം മുതൽ ഇടയ്ക്കുകയറി സംസാരിക്കുകയാണ്. (....ബഹളം....) വെല്ലുവിളിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ഇത് വളരെ നിർഭാഗ്യകരമാണ്. സുഗമമായി ചർച്ച ചെയ്യാനുള്ള സാഹചര്യം ചെയർ കൊണ്ടുവരുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും വെല്ലുവിളിച്ച് ഉള്ള അന്തരീക്ഷം നഷ്ടപ്പെടുത്തരുത്. ഈ ചർച്ച സുഗമമായി നടക്കണം. അതിനുശേഷം അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കുകയാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുകയാണ്. ഇതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ഒരു വർഷക്കാലത്തെ പ്രോഗ്രസ് റിപ്പോർട്ട് (2021-22-ലെ പ്രോഗ്രസ് റിപ്പോർട്ട് ഉയർത്തിക്കാട്ടി). ഇത് പ്രതിപക്ഷാംഗങ്ങൾ വായിച്ചുനോക്കണം. 900 വിഷയങ്ങളിലാണ് ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഇത് എ പ്ലസ് നേടിയ സർക്കാരാണ്. എ പ്ലസ് മാത്രമല്ല ഫുൾ മാർക്ക് നേടിയ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. പബ്ലിക് അഫയേഴ്സ് ഇൻഡക്സ് പ്രകാരം ഇന്ത്യയിൽ സത്ഭരണം നിലനിൽക്കുന്ന സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ്. നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം സുസ്ഥിര വികസന ലക്ഷ്യങ്ങൾ

നേടുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിൽ ഒന്നാം സ്ഥാനത്താണ് കേരളം. അതേ നീതി ആയോഗ് റിപ്പോർട്ട് പ്രകാരം ഹെൽത്ത് ഇൻഡക്സിലും കേരളം ഒന്നാം സ്ഥാനത്താണ്. കേന്ദ്ര ഗവൺമെന്റിന്റെ ഭരണപരിഷ്കാര വിലയിരുത്തൽ പ്രകാരം പൊതുസേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിൽ കേരളം ഒന്നാം സ്ഥാനത്താണ്. നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ റാങ്കിംഗിൽ കേരളത്തിൽ കുടുംബശ്രീ സംവിധാനത്തെ ഒന്നാം സ്ഥാനത്താണ് വിലയിരുത്തിയിരിക്കുന്നത്. ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം റാങ്കിംഗിൽ കേരളം ഏഷ്യയിൽ ഒന്നാമതും ആഗോളതലത്തിൽ നാലാം സ്ഥാനത്തുമാണ്. അവാർഡുകളുടെ ഒരു പെരുമഴക്കാലമല്ലേ കേരളത്തിൽ എൽ.ഡി.എഫ്. സർക്കാരിന് അനുകൂലമായി വന്നിരിക്കുന്നത്. നിങ്ങളുടെ കാലത്തെ സംഭവങ്ങളുമായി ഞാൻ താരതമ്യപ്പെടുത്തുന്നില്ല. അന്ന് കേരളത്തിന്റെ അവസ്ഥ എന്താണെന്നുള്ളതിനെ സംബന്ധിച്ച് എല്ലാവർക്കുമറിയാം. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കേരളം എല്ലാ കാര്യങ്ങളിലും പിന്നിലായിരുന്നുവെന്ന് നമുക്കറിയാം. എന്നാൽ അന്ന് അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും വർഗ്ഗീയ സംഘർഷങ്ങളുടെയും കാര്യത്തിൽ കേരളം മുന്നിലായിരുന്നു. തൃക്കാക്കര തെരഞ്ഞെടുപ്പിനെ സംബന്ധിച്ച്

വാചാലമായി നിങ്ങൾ സംസാരിച്ചു. പി. ടി. തോമസിന്റെ മരണം അവിടെയുണ്ടാക്കിയ പ്രത്യേക വികാരംമൂലമാണ് നിങ്ങൾ അവിടെ വിജയിച്ചത്. ആ വിജയത്തിൽ നിങ്ങൾ അഹങ്കരിക്കേണ്ട. 20-20 പാർട്ടി അവരുടെ സ്ഥാനാർത്ഥിയെ നിർത്താതെ നിങ്ങളെ സഹായിച്ചു. ബി.ജെ.പി.ക്ക് കെട്ടിവെച്ച തുക പോയി. അത് നിങ്ങളുടെ പെട്ടിയിലേയ്ക്കല്ലേ വന്നത്? എസ്.ഡി.പി.ഐ.യുടെ വോട്ടുകൾ നിങ്ങൾ കച്ചവടം നടത്തി വാങ്ങി. ബി.ജെ.പി.യും യു.ഡി.എഫ്.-ഉം എസ്.ഡി.പി.ഐ.യും ജമാഅത്തെ ഇസ്ലാമിയും സകല ജാതിമത വർഗ്ഗീയ കൂട്ടുകെട്ടും ചേർന്നുള്ള വിജയമല്ലേ നിങ്ങൾക്ക് തൃക്കാക്കരയിലുണ്ടായത്. എന്നിട്ടും കഴിഞ്ഞ തെരഞ്ഞെടുപ്പിന് ലഭിച്ച വോട്ടുകളെക്കാൾ കൂടുതൽ വോട്ടുകളാണ് എൽ.ഡി.എഫ്.-ന് ലഭിച്ചത്. ഈ വിജയത്തിന്റെ പേരിൽ നിങ്ങൾ അഹങ്കാരം കാണിക്കുകയാണ്. നിങ്ങളുടെ ശരീര ഭാഷയിൽ വലിയ മാറ്റങ്ങളുണ്ടായിരിക്കുകയാണ്. നിങ്ങൾ പരമ്പരാഗതമായി വിജയിക്കുന്ന ഒരു സീറ്റിൽ കഴിഞ്ഞ തവണ ലഭിച്ച വോട്ട് നേടാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുപോലും നിങ്ങൾ അഹങ്കരിക്കുകയാണ്. നിങ്ങൾ അണികളെ ഇറക്കിവിട്ട് എന്ത് അക്രമവും കാണിക്കാൻ പ്രേരിപ്പിക്കുന്നു. ഈ വിജയത്തിന്റെ പേരിൽ അഹങ്കരിക്കുന്നത് നിങ്ങൾക്ക് ഗുണകരമല്ലെന്ന്

പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. 19 സീറ്റ് നേടി. അതുകൊണ്ടുതന്നെ എൽ.ഡി.എഫ്.-ന്റെ കഥ കഴിഞ്ഞുവെന്ന് നിങ്ങൾ പറഞ്ഞു. അതിനുശേഷം പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി 14 ജില്ലകളിലും അഭിമാനകരമായ വിജയം നേടുന്ന സാഹചര്യമുണ്ടായി. അതിനുശേഷമുള്ള നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിന്റെ ചരിത്രത്തിൽ നിന്ന് വ്യത്യസ്തമായി ഒരു തുടർഭരണമുണ്ടായി. 99 സീറ്റ് നേടി അഭിമാനകരമായ വിജയം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നേടാൻ സാധിച്ചു. അതുകൊണ്ട് നിങ്ങൾ ഈ വിജയത്തിന്റെ പേരിൽ അഹങ്കരിക്കുന്നത് ഒഴിവാക്കണമെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. വയനാട് സംഭവവുമായി ബന്ധപ്പെട്ട് ഇവിടെ ചർച്ച നടത്തി. ഇന്നലെ അതുമായി ബന്ധപ്പെട്ട വിഷയത്തിന് റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ട് നിങ്ങൾ ചർച്ച ചെയ്യാൻ തയ്യാറായില്ല. പക്ഷെ ഇന്ന് സ്വപ്ന സുരേഷുമായി ബന്ധപ്പെട്ട വിഷയത്തിൽ നിങ്ങൾ അതിന് തയ്യാറായി. അതായത് സ്വപ്ന സുരേഷിന് നൽകുന്ന പ്രാധാന്യംപോലും നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിക്ക് നൽകുന്നില്ല എന്നുപറയുന്നത് ഏറ്റവും ഖേദകരമായ കാര്യമാണ്. നിങ്ങൾ എന്ത് കോൺഗ്രസ്സുകാരാണ്? വയനാട്ടിൽ നടന്ന

സംഭവങ്ങളെ സംബന്ധിച്ച് വിശദമായി പറയേണ്ട കാര്യമില്ല. അത് എല്ലാവർക്കുമറിയാം. പക്ഷെ ആർജ്ജവമുള്ള ഒരു മുന്നണി അതിനെ തള്ളിപ്പറഞ്ഞു. തെറ്റിനെ തെറ്റായി കണ്ടുകൊണ്ട് നടപടി സ്വീകരിക്കുന്ന സമീപനമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. അവിടത്തെ ഡിവൈ.എസ്.പി. ഉൾപ്പെടെ അതിൽ പങ്കാളികളായ എല്ലാവർക്കുമെതിരെ നടപടി സ്വീകരിച്ചു. അങ്ങനെ മാതൃകാപരമായ നിലപാട് എൽ.ഡി.എഫ്. സ്വീകരിച്ചപ്പോൾ നിങ്ങൾ പത്രം ഓഫീസിനുനേരെ അതിക്രമം നടത്തി കേരളത്തിൽ കലാപമുണ്ടാക്കാൻ ശ്രമിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുനേരെ വലിയ അതിക്രമത്തിന് ആഹ്വാനം ചെയ്തു. അതിനെ തള്ളിപ്പറയാൻ, അപലപിക്കാൻ, മാന്യമായ നിലപാട് സ്വീകരിക്കാൻ നിങ്ങൾ തയ്യാറായില്ല. വിമാനത്തിൽ മുഖ്യമന്ത്രിക്കെതിരെ കോൺഗ്രസ് ഗുണ്ടകളുടെ അതിക്രമമുണ്ടായി. അതിനെ അപലപിക്കുന്നതിനുപകരം ഞങ്ങളുടെ ചുണക്കുട്ടികളാണ് അതിന് നേതൃത്വം നൽകിയതെന്നാണ് പ്രതിപക്ഷനേതാവ് പറഞ്ഞത്. അത് എത്രമാത്രം അപമാനകരമാണ്. കോൺഗ്രസ് ഗുണ്ടകൾക്ക് ഇപ്പോൾ പറയുന്ന പേരാണോ ചുണക്കുട്ടികൾ. കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി ജനകീയ നേതാവാണ്, ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ നേതാവാണ്, നിരവധി പരീക്ഷണങ്ങളെ നേരിട്ടുകൊണ്ട്

കേരളത്തിൽ ഇടതുപക്ഷ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്ന ആളാണ്. അദ്ദേഹത്തിനുനേരെ ഗുണ്ടകൾ പാഞ്ഞടുത്തപ്പോൾ ശ്രീ. ഇ. പി. ജയരാജൻ തടഞ്ഞു. അങ്ങനെ തടയാതെ ഉമ്മ വയ്ക്കണമായിരുന്നുവെന്നാണോ നിങ്ങൾ പറയുന്നത്? മുഖ്യമന്ത്രിക്കെതിരെ വിരൽ ചൂണ്ടിയാൽ, അനാവശ്യമായി സമരം നടത്തിയാൽ, അദ്ദേഹത്തെ തെരുവിലിട്ട് അലമ്പാൻ ശ്രമിച്ചാൽ പ്രബുദ്ധ കേരളം കയ്യുംകെട്ടി നോക്കിയിരിക്കില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. പ്രതിപക്ഷത്തിന്റെ ഉമ്മാക്കിയൊന്നും കണ്ടാൽ പേടിക്കുന്നവരല്ല ഇടതുപക്ഷം. അങ്ങനെ ഭയക്കുന്നവരുമല്ല. ഒരുപാട് പരീക്ഷണഘട്ടങ്ങൾ നേരിട്ടുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം മുന്നോട്ടുപോകുന്നത്. വയനാട് സംഭവവുമായി ബന്ധപ്പെട്ട് ഗാന്ധിജിയുടെ ഫോട്ടോ താഴെയിട്ട് നിങ്ങൾ ചവിട്ടിയരച്ചു. അത് എത്ര അപമാനകരമാണ്. ഗാന്ധിജിയുടെ കോലത്തിൽ പ്രതീകാത്മകമായി നിറയൊഴിച്ചത് ആർ.എസ്.എസ്. ആണ്. കോൺഗ്രസ്സുകാരാണ് ഗാന്ധിജിയുടെ ഫോട്ടോ താഴെയിട്ട് ചവിട്ടിയത്. നിങ്ങൾ എന്ത് കോൺഗ്രസ്സുകാരാണ്; എന്ത് ഗാന്ധിയന്മാരാണ്? ഗാന്ധിജി നിങ്ങൾക്ക് ഇപ്പോൾ ഒന്നുമല്ല. യഥാർത്ഥത്തിൽ നിങ്ങളുടെ അക്രമ സമരം കാണുമ്പോൾ ഞങ്ങൾക്ക് പറയാനുള്ളത് കെ.പി.സി.സി. ഓഫീസുകളിൽനിന്നും നിങ്ങൾ

ഗാന്ധിജിയുടെ ഫോട്ടോ മാറ്റി ഗോഡ്സെയുടെയും ഹിറ്റ്ലറുടെയുമൊക്കെ ഫോട്ടോ വയ്ക്കുന്നതാണ് നല്ലതെന്നാണ്. സെമികേഡർ സിസ്റ്റം ഇപ്പോൾ ഈ രീതിയിലായിരിക്കുകയാണ്. സെമികേഡർ എന്നുപറഞ്ഞാൽ എന്തും നടത്താം, ഏത് അതിക്രമവും നടത്താമെന്നുള്ളതിന്റെ സൂചനയാണോ? കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തെ സംബന്ധിച്ച് ഞങ്ങൾക്ക് വ്യത്യസ്തമായ നിലപാടില്ല. ശ്രീ. രാഹുൽ ഗാന്ധിയെ 50 മണിക്കൂറാണ് ഇ.ഡി. ചോദ്യം ചെയ്തത്. അങ്ങനെ ചോദ്യം ചെയ്യുന്നതിനെയും അതുപോലെ ഏത് പ്രതിപക്ഷനേതാക്കന്മാരെ ചോദ്യം ചെയ്യുന്നതിനെതിരെയും ഇടതുപക്ഷത്തിന് ഒരേ നിലപാടാണ്. പക്ഷെ നിങ്ങളുടെ നിലപാട് എന്താണ്? നിങ്ങൾക്ക് വാളയാർ മുതൽ അമരവിള വരെ വ്യത്യസ്തമായ നിലപാടാണ്. ഒരു ദേശീയ പാർട്ടിക്ക് ഇങ്ങനെ ഒരു നിലപാട് സ്വീകരിക്കാൻ കഴിയുമോ? അതുകൊണ്ട് ഈ സമീപനം നിങ്ങൾ തിരുത്തണമെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇവിടെ ജനങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായാണ് മുന്നോട്ടുപോകുന്നത്. നിങ്ങൾ പുതിയ നാറ്റക്കേസ്സുമായി രംഗത്തിറങ്ങിയിരിക്കുകയാണ്. അത് ചർച്ചയ്ക്ക് വച്ചിരിക്കുന്ന

വിഷയമായതിനാൽ അതുസംബന്ധിച്ച് കൂടുതലായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. രാജ്യദ്രോഹക്കുറ്റം ചുമത്തി ജയിലിൽ അടയ്ക്കപ്പെട്ട ഒരാളെ ഇപ്പോൾ ആരാണ് സംരക്ഷിക്കുന്നത്? അവർക്കുവേണ്ടി എല്ലാ സൗകര്യങ്ങളും സംവിധാനവും ഒരുക്കിനൽകുന്നത് ഇവിടത്തെ ആർ.എസ്.എസ്. ആണ്, ബി.ജെ.പി.-യാണ്. അവരുടെ വക്കാലത്ത് ഏറ്റെടുത്തിരിക്കുന്നത് ഇവിടത്തെ കോൺഗ്രസ്സുകാരാണ്. എത്ര ദയനീയമായ കാര്യമാണ്. ഇവിടെ ഈ സംഭവവുമായി ബന്ധപ്പെട്ട് കേന്ദ്ര അന്വേഷണ ഏജൻസികൾ അന്വേഷിക്കട്ടെ, ഇതിന്റെ നിജസ്ഥിതി പുറത്തുവരട്ടെ, എല്ലാകാര്യങ്ങളും പുറത്തുവരട്ടെയെന്ന് ആദ്യമായി പറഞ്ഞത് കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനാണ്. കേന്ദ്ര ഏജൻസികൾ അന്വേഷിക്കട്ടെയെന്ന് പറഞ്ഞുകൊണ്ട് കത്ത് നൽകിയത് മുഖ്യമന്ത്രിയാണ്. ....(മൈക്ക് ഓഫ്)

മി. സ്പീക്കർ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കുമ്പോൾ ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിൽ രണ്ടാമതും പിണറായി സർക്കാർ ഭരണം

തുടങ്ങിയിരിക്കുകയാണ്. തുടർഭരണം ലഭിച്ചതിൽ തീർച്ചയായും നിങ്ങൾക്ക് അഭിമാനിക്കാം. അതിൽ ഒരു തെറ്റുമില്ല. കാരണം കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് ഭൂരിപക്ഷം കിട്ടിയത് അപൂർവ്വമായൊരു നേട്ടമായി നിങ്ങൾ പറയുന്നതിൽ തെറ്റില്ല. കോവിഡ് സാഹചര്യം നിലനിന്നിരുന്നതിനാൽ സാധാരണ രീതിയിലുള്ള പ്രചരണങ്ങൾക്ക് വളരെയധികം പരിമിതികളുണ്ടായിരുന്നു. ആ പ്രത്യേക സാഹചര്യത്തിലാണ് എൽ.ഡി.എഫ്. സർക്കാർ രണ്ടാമതും ഭരണത്തിൽ വരുന്നത്. പക്ഷെ തുടർഭരണം ലഭിച്ചതിനുശേഷമുള്ള സർക്കാരിന്റെ പൊതുഭരണം എങ്ങനെയുണ്ടെന്നുള്ളതാണ് കേരളത്തിലെ ജനങ്ങളെ ആശങ്കപ്പെടുത്തുന്നത്. പുതിയ മന്ത്രിമാർ ചുമതലയേറ്റതൊക്കെ നല്ല രീതിയിലുള്ള മാറ്റങ്ങൾ തന്നെയാണ്. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള പൊതുഭരണത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ കാര്യങ്ങൾ വളരെ മോശമായ രീതിയിലേയ്ക്കാണ് പോകുന്നതെന്ന് പ്രതിപക്ഷത്തിന് ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ അംഗങ്ങൾ ഉന്നയിച്ച ചോദ്യം സംബന്ധിച്ച് റിസർവ് ബാങ്കിന്റെ ഒരു പരാമർശം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ അത് വെറും പരാമർശം മാത്രമാണ്. അതായത്, കേരളം

ഉൾപ്പെടെയുള്ള ഇന്ത്യയിലെ എട്ടോളം സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി വളരെ അപകടകരമായ തലത്തിലേയ്ക്ക് പോകുന്നുവെന്നാണ് റിസർവ് ബാങ്ക് അഭിപ്രായപ്പെടുന്നത്. ശ്രീലങ്കയ്ക്ക് സമാനമായ സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുന്നുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്. അതുകൊണ്ട് നമ്മൾ വളരെ ഗൗരവത്തോടെ സമീപിക്കേണ്ട ഒരു കാര്യമാണിത്. സർക്കാർ ഈ പ്രശ്നത്തിൽ ഉചിതമായ തീരുമാനം കൈക്കൊണ്ടതായി തോന്നുന്നില്ല. കാര്യങ്ങൾ നടത്തുന്നതിൽ കുറച്ചുകൂടി മുൻകയ്യെടുക്കണം, അവ കുറച്ചുകൂടി വിലയിരുത്തണം. വരുമാനത്തിന്റെ ബഹുഭൂരിപക്ഷവും നിത്യനിദാന ചെലവുകൾക്കുവേണ്ടിയാണ് പോകുന്നത്. അത് എത്ര ശതമാനമാണെന്ന് ഞാൻ കൃത്യമായി ഓർക്കുന്നില്ല. വികസനപ്രവർത്തനങ്ങൾക്കായി വളരെ കുറച്ചുതുക മാത്രമാണ് മാറ്റിവയ്ക്കുന്നത്. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാര്യമായ വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല. പണമില്ലാത്തതുകൊണ്ടാണ് അത് നടക്കാത്തതെന്ന് എല്ലാവർക്കുമറിയാം. ഇതുപോലുള്ള നിരവധി പ്രശ്നങ്ങളുണ്ട്. പ്ലസ് ടു പാസ്സായ കുട്ടികൾക്ക് ബിരുദ പഠനത്തിനുള്ള സൗകര്യം കൊടുക്കാൻ സാധിക്കുന്നില്ല. ഇതെല്ലാം ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. പിന്നോക്കം നിൽക്കുന്ന ജില്ലകളിലൊക്കെ ആയിരക്കണക്കിന് കുട്ടികളാണ് അഡ്മിഷന്

സൗകര്യമില്ലാത്തതുകൊണ്ട് ഏതെങ്കിലുമൊക്കെ സ്ഥാപനങ്ങളിൽ പഠിച്ച് പഠനം മുന്നോട്ടുകൊണ്ടുപോകുന്നത്. ഈ സ്ഥിതി പരിഹരിക്കേണ്ടതല്ലേ? യു.ഡി.എഫ്. സർക്കാരിനെക്കാൾ തങ്ങൾ മെച്ചമാണെന്ന് പറയുമ്പോൾ ഈ വക കാര്യങ്ങളൊക്കെ ശരിയായ രീതിയിൽ നടക്കുന്നുണ്ടോയെന്നുകൂടി ചിന്തിക്കണം. ഈ സർക്കാർ രണ്ടാമതും അധികാരത്തിൽ വന്നുവെന്നുള്ളത് വലിയ കാര്യമാണ്. പക്ഷെ ഭരണം എങ്ങനെയുണ്ടെന്നുള്ളതുകൂടി ആലോചിക്കാൻ നിങ്ങൾ തയ്യാറാകണം. ഒരു വർഷത്തിനുള്ളിൽ തന്നെ കാര്യങ്ങൾ ഗുണകരമല്ലെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് തൃക്കാക്കര ഉപതെരഞ്ഞെടുപ്പിലെ ജനവിധി എന്നതിൽ യാതൊരു സംശയവുമില്ല. ഒരു വർഷത്തെ പെർഫോമൻസിന് തൃക്കാക്കരയിലെ ജനങ്ങളുടെ വിധിയാണിത്. തുടർഭരണം ഒരു ശകുനപ്പിഴയാണോയെന്ന് എനിക്കറിയില്ല. തുടർഭരണം വന്നപ്പോൾ ഒരു സ്റ്റാർട്ടിംഗ് ട്രബിൾ സർക്കാരിനുണ്ട്. തൃക്കാക്കരയിലെ ജനങ്ങൾക്ക് യു.ഡി.എഫ്.-ന് വോട്ട് ചെയ്യാതിരിക്കാൻ കഴിയില്ല. യു.ഡി.എഫ്.-ന്റെ വികസന പ്രവർത്തനങ്ങൾക്ക് തന്നെയാണ് അവർ വോട്ട് നൽകിയത്. യു.ഡി.എഫ്. ഭരണം വളരെ മോശമാണെന്ന് നേരത്തെ എന്റെ സുഹൃത്തുക്കൾ ഇവിടെ പറഞ്ഞു. തൃക്കാക്കരയുടെ ചുറ്റുമുള്ള ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി,

സ്റ്റേഡിയം, മെട്രോ, എയർപോർട്ട് തുടങ്ങിയവയെല്ലാം യു.ഡി.എഫ്.-ന്റെ സംഭാവനകളാണ്. (......ബഹളം...)

<u>മി. സ്പീക്കർ</u>: അംഗങ്ങൾ ദയവായി ഇടയ്ക്കുകയറി സംസാരിക്കരുത്. അദ്ദേഹം ശാന്തമായി സംസാരിച്ചുകൊണ്ടിരിക്കുകയാണല്ലോ; അങ്ങ് ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, എൽ.ഡി.എഫ്. സർക്കാരിന്റെ ഒരു വർഷത്തെ ഭരണത്തിൽ പ്രവർത്തന മികവില്ലാത്തത് തന്നെയാണ് തൃക്കാക്കരയിൽ 25000 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്. വിജയിച്ചതിന്റെ കാരണം. അതുകൊണ്ട് കാര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്തണം. ഞങ്ങൾ അത് പറയുമ്പോൾ വിഷമം തോന്നരുത്. പ്രതിപക്ഷത്തിന്റെ ജോലി അതാണ്. വാസ്തവത്തിൽ തൃക്കാക്കരയിലെ വികസനം ജനങ്ങളെ ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്. ആളുകളെ ഭിന്നിപ്പിച്ച് വോട്ട് വാങ്ങുന്ന തന്ത്രം ഉപയോഗിച്ചത് ഞങ്ങളല്ല, അത് ചെയ്തത് ഇടതുപക്ഷമായിരുന്നു. അതൊരു വസ്തുതയാണ്. എസ്.ഡി.പി.ഐ.-യുടെയും മറ്റുള്ളവരുടെയും വോട്ട് ഞങ്ങൾക്ക് കിട്ടിയെന്നാണ് പറയുന്നത്. അവരെ അവിടെനിന്ന് വിട്ടുകിട്ടിയാലല്ലേ ഞങ്ങൾക്ക് അവരെ സ്വാധീനിക്കാൻ സാധിക്കുകയുള്ളൂ. അവർക്ക് കാര്യമായ പണി ഇത്തവണ

അപ്പുറത്തായിരുന്നു. അതിനെതിരെ വലിയൊരു കാമ്പയിൻ ഞങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഭൂരിപക്ഷ വർഗ്ഗീയതയാണെങ്കിലും ന്യൂനപക്ഷ വർഗ്ഗീയതയാണെങ്കിലും സംസ്ഥാനത്ത് വലിയ അപകടമാണ്. അടുത്ത കാലത്ത് യു.ഡി.എഫ്. പ്രസിഡന്റ് കേരളമൊട്ടാകെ ഒരു സൗഹൃദ സംഗമം നടത്തി. ബുദ്ധിജീവികളും എഴുത്തുകാരും പുരോഗമനവാദികളുമെല്ലാം അതിൽ പങ്കെടുത്തിരുന്നു. ഇടതുപക്ഷ ചിന്താഗതിക്കാരും ധാരാളം പങ്കെടുത്തു. ഭൂരിപക്ഷ വർഗ്ഗീയതയാണെങ്കിലും ന്യൂനപക്ഷ വർഗ്ഗീയതയാണെങ്കിലും അതിനെ പരിപോഷിപ്പിച്ച് രാഷ്ട്രീയത്തിൽ ഇടം നേടാൻ ശ്രമിക്കുന്നവരെ ഇല്ലാതാക്കണം, അവരെ നിരുത്സാഹപ്പെടുത്തണം തുടങ്ങിയവയ്ക്കായിരുന്നു ഞങ്ങൾ ഊന്നൽ നൽകിയത്. അതിനായി 14 ദിവസം നീണ്ടുനിന്ന ഒരു കാമ്പയിൻ ഞങ്ങൾ നടത്തുകയുണ്ടായി. അതിന് നല്ല റിസൾട്ടാണ് ലഭിച്ചത്. അതിനെ നിങ്ങൾ പ്രശംസിക്കുകയാണ് വേണ്ടത്. വികസന പ്രവർത്തനങ്ങളല്ലാതെ വിഭാഗീയതയും വർഗ്ഗീയതയും പറഞ്ഞ് തൃക്കാക്കരയിൽ ഞങ്ങൾ വോട്ട് പിടിച്ചിട്ടില്ല. യു.ഡി.എഫ്.-ന്റെ എല്ലാ പ്രവർത്തനങ്ങളും മോശമാണെന്ന് പറയരുത്. വിദ്യാഭ്യാസം, ആരോഗ്യം, ആയുർദൈർഘ്യം തുടങ്ങി പല മേഖലകളിലും കേരളം ഇപ്പോൾ ഒന്നാം സ്ഥാനത്താണ്. കേരളത്തിന്റെ ഈ ഒന്നാം സ്ഥാനങ്ങളൊന്നും ഒരു

ദിവസംകൊണ്ട് ഉണ്ടായതല്ല. കാലാകാലങ്ങളായി പല സമയങ്ങളിൽ പ്രവർത്തിച്ച സർക്കാരുകളിൽനിന്നുണ്ടായതാണ്. അത് നഷ്ടപ്പെടാതെ നോക്കണം. എന്നാൽ സാമ്പത്തിക മേഖലയിൽ സംസ്ഥാനം താഴേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തിയില്ലെങ്കിൽ ഭാവിയിൽ തിരിഞ്ഞുനോക്കുമ്പോൾ അപകടകരമായ സ്ഥിതിയുണ്ടാകും. അതുകൊണ്ട് സർക്കാർ അത്തരത്തിൽ മാറി ചിന്തിക്കേണ്ടിയിരിക്കുന്നു.

[12.00 Noon]

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ]

ബഹുമാനപ്പെട്ട രാഹുൽ ഗാന്ധിയുടെ കാര്യം പരാമർശിക്കാതെ പോകുന്നത് ശരിയല്ല. ആർ. ബി. ശ്രീകുമാറിന്റെയും ടീസ്റ്റ സെതൽവാദിന്റെയും പ്രശ്നം ബഹുമാന്യനായ മുഖ്യമന്ത്രി ഇന്നലെ പത്രസമ്മേളനത്തിൽ പറയുകയുണ്ടായി. അത് പറയേണ്ടതാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. കാരണം ബി.ജെ.പി.ക്കെതിരെ ആര് പറയുന്നുവോ അവരെ മുഴുവൻ നശിപ്പിക്കാൻ നോക്കുകയാണ്. അവരെ ജയിലിൽ അടച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ നമ്മൾ മനസ്സിലാക്കേണ്ടത് ഇന്ത്യയുടെ ഏറ്റവും വലിയ അഭിമാനമായ ശ്രീമതി സോണിയാ

ഗാന്ധിയേയും ശ്രീ. രാഹുൽ ഗാന്ധിയേയുമൊക്കെയാണ് ബി.ജെ.പി. സർക്കാർ ഇപ്പോൾ ഏറ്റവുമധികം ദ്രോഹിച്ചുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ ഓഫീസിൽ കയറി ഇത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്യുന്നത് എന്തിന്റെ പേരിലാണെന്ന് മനസ്സിലാകുന്നില്ല. അപലപിച്ചുവെന്നത് ശരിയാണ്. പക്ഷെ അതുകൊണ്ടുമാത്രം മതിയാകില്ല. സംസ്ഥാനത്ത് അതുണ്ടാക്കിയ നാണക്കേടും പ്രശ്നങ്ങളും എത്രമാത്രമാണ്. വളരെ ഗൗരവമുള്ള ഒരു വിഷയം തന്നെയാണിത്. ആർ. ബി. ശ്രീകുമാറും മറ്റുള്ളവരും ബി.ജെ.പി.ക്കെതിരായി പ്രവർത്തിക്കുമ്പോൾ അവർ അനുഭവിക്കുന്ന പീഡനങ്ങളുണ്ട്. അതുപോലെ പീഡനമനുഭവിക്കുന്ന ഒരു വ്യക്തി തന്നെയാണ് ശ്രീ. രാഹുൽ ഗാന്ധിയും. ബഫർ സോണിൽ സോളിഡാരിറ്റി പ്രഖ്യാപിക്കണമെന്ന് ഇന്ന് രാവിലെ ബഹുമാന്യനായ വനം വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ സംസാരിക്കുമ്പോൾ പറയുകയുണ്ടായി. ഇങ്ങനെയാണോ സോളിഡാരിറ്റി പ്രഖ്യാപിക്കുന്നത്. ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിലേയ്ക്ക് ഇതുപോലുള്ളൊരു മാർച്ച് നടത്തിയാൽ പിന്നെ എങ്ങനെ അത് സോളിഡാരിറ്റിയാകും. ഇതൊരു ചെറിയ കാര്യമല്ല.

മി. ചെയർമാൻ: സമയം അവസാനിക്കാറായി. ബഹുമാനപ്പെട്ട അംഗം

പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഫർ സോണിനെക്കുറിച്ചുകൂടി പറഞ്ഞ് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. അത്തരം മേഖലകളിൽ ജനങ്ങളുടെ ജീവിതം വളരെയധികം ബുദ്ധിമുട്ടിലായിരിക്കുകയാണ്. അതിൽ നമ്മൾ ഒരുമിച്ച് നിൽക്കുകയാണ് വേണ്ടത്. നമ്മുടെ പോരായ്മ കൊണ്ടാണെന്നുള്ള തെറ്റായ മെസ്സേജ് ആരാണ് കൊടുത്തത്? ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ചതോടുകൂടി അത്തരത്തിലൊരു മെസ്സേജാണ് കൊടുത്തത്. ഇക്കാര്യത്തിൽ നിങ്ങൾ മുൻകയ്യെടുത്ത് ഉണ്ടാക്കിയത് ഐക്യമല്ല. ഞാൻ മറ്റ് വിവാദങ്ങളിലേയ്ക്ക് പോകുന്നില്ല. അതിന് വേറെ സമയമുണ്ട്. ..........(മൈക്ക് ഓഫ്)

മി. ചെയർമാൻ: അംഗങ്ങൾ സമയം കൃത്യമായി പാലിക്കണം. ഒരു മിനിട്ട് പോലും ആർക്കും അധികം കൊടുത്തിട്ടില്ല. ദയവായി അങ്ങ് പ്രസംഗം അവസാനിപ്പിക്കണം. ശ്രീ. മോൻസ് ജോസഫ് അങ്ങ് സംസാരിക്കു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവസാനം പറഞ്ഞുനിർത്തിയ ബഫർ സോൺ വിഷയത്തിൽ മലയോര മേഖല മുഴുവൻ വലിയ ആശങ്കയിൽ

നിൽക്കുന്ന സാഹചര്യത്തെ ഗവൺമെന്റ് ഗൗരവമായി കാണണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. കാരണം ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്ന പശ്ചാത്തലത്തിൽ വിധിക്കുമുമ്പ് കേരളത്തിന്റെ പ്രശ്നങ്ങൾ യഥാസമയം കേന്ദ്രത്തെയും സുപ്രീംകോടതിയെയും ബോധ്യപ്പെടുത്തുന്നതിൽ എൽ.ഡി.എഫ്. സർക്കാർ പരാജയപ്പെട്ടുവെന്നുള്ള പ്രശ്നം ഇപ്പോൾ ഉയർന്നുവന്നിരിക്കുകയാണ്. അതുകൊണ്ട് ഇന്ന് കേരളത്തിന്റെ മലയോര മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്ന നിലയിൽ ബഫർ സോൺ വിഷയത്തിൽ ആവശ്യമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തണം. പരിസ്ഥിതിലോല മേഖലയെ സംബന്ധിച്ച സുപ്രീംകോടതി ഉത്തരവുമൂലം സംസ്ഥാനത്തൊട്ടാകെ ഉണ്ടായിരിക്കുന്ന ആശങ്കയും പ്രതിസന്ധിയും പരിഹരിക്കാൻ സംസ്ഥാന സർക്കാർ സാധ്യമായ, ഫലപ്രദമായ നടപടികളിലേയ്ക്കാണ് കടന്നുവരേണ്ടത്. പരിസ്ഥിതിയും വന്യമൃഗങ്ങളും സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. പക്ഷെ അതിന്റെ പേരിൽ നൂറ്റാണ്ടുകളായി ഭൂമി കൈവശംവച്ച് കഠിനാധ്വാനം ചെയ്ത് ജീവിക്കുന്ന കർഷകരുടെ ജീവിതത്തിന് കടിഞ്ഞാണിടാൻ പാടില്ല. അക്കാര്യം പ്രധാനമായും സർക്കാർ ശ്രദ്ധിക്കേണ്ടതാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിനുമുമ്പ്

ഫലപ്രദമായ ഇടപെടൽ നടത്താൻ സംസ്ഥാന ഗവൺമെന്റിന് അവസരമുണ്ടായിരുന്നു. എന്നാൽ ആ സമയം സംസ്ഥാന ഗവൺമെന്റ് ആ രീതിയിൽ ഇടപെട്ടില്ല. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നേതൃത്വം നൽകിയ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തുകയും ജനങ്ങൾക്ക് പിടിച്ചുനിൽക്കാൻ സാധിക്കുന്ന സ്ഥിതിവിശേഷം ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. എന്നാൽ ആ ഉത്തരവിന്റെ കാലാവധി അവസാനിച്ചപ്പോൾ തുടർന്നുവന്നിരുന്ന കാര്യങ്ങൾ എൽ.ഡി.എഫ്. ഗവൺമെന്റിന് ചെയ്യാൻ കഴിയാതെ പോയെന്ന പ്രശ്നം ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ വന്നിരിക്കുന്ന ഈ പ്രതിസന്ധിയെ അതിജീവിക്കാൻ കഴിയുന്ന തരത്തിലുള്ള ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാ രംഗത്തും ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് പറയുമ്പോൾ ആ നേട്ടങ്ങൾ മുഴുവൻ വിശദീകരിക്കാനാണ് തൃക്കാക്കരയിൽ ഭരണമുന്നണി മുഖ്യമായും ശ്രമിച്ചത്. കേരളത്തിന്റെ ചരിത്രത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംസ്ഥാനത്തെ മുഴുവൻ മന്ത്രിമാരും എൽ.എഡി.എഫ്.-ലെ മുഴുവൻ എം.എൽ.എ.-മാരും കേരളമൊട്ടാകെയുള്ള എൽ.ഡി.എഫ്. നേതാക്കളും തൃക്കാക്കരയിലേയ്ക്ക്

വന്നു. ആദരണീയനായ മുൻ മുഖ്യമന്ത്രിയും കോൺഗ്രസ്സിലെ സമുന്നത നേതാവുമായ ശ്രീ. എ. കെ. ആന്റണി തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ സമാപന ഘട്ടത്തിൽ പറഞ്ഞത് "ഒരു മാസക്കാലം തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ കെട്ടിടം മാത്രമേ ഉണ്ടായിരുന്നുള്ളൂ, ഭരണസിരാകേന്ദ്രം (സെക്രട്ടേറിയറ്റ്) കൊച്ചിയിലായിപ്പോയി" എന്നാണ്. ജനങ്ങളുടെ കാര്യങ്ങളൊന്നും നടന്നിരുന്നില്ല. എല്ലാ മന്ത്രിമാരും തൃക്കാക്കരയിലെ ഓരോ വീട്ടിലും കയറി പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിച്ചു. അത് ഗവൺമെന്റിന്റെ വിലയിരുത്തലാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം എല്ലാവരും പറഞ്ഞു. ഞങ്ങളും അത് അംഗീകരിച്ചു. പക്ഷേ വിധിയെഴുത്ത് വളരെ വ്യക്തമാണ്. അത് തൃക്കാക്കരയുടെ മാത്രം വിധിയെഴുത്ത് ആയിരുന്നില്ല, കേരളമൊട്ടാകെയുള്ള വിധിയെഴുത്തായിരുന്നു. ഇവരുടെ പ്രോഗ്രസ് റിപ്പോർട്ട് കേരള ജനത ഒറ്റക്കെട്ടായി തള്ളിക്കളഞ്ഞുവെന്നതിന്റെ വ്യക്തമായ തെളിവാണ് പ്രിയപ്പെട്ട ഉമാ തോമസിന്റെ വിജയം. തൃക്കാക്കര നിയോജകമണ്ഡലത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ ഭൂരിപക്ഷത്തോടെയാണ് ഈ നിയമസഭയിലേയ്ക്ക് ശ്രീമതി ഉമാ തോമസ് കടന്നുവന്നിരിക്കുന്നതെന്നുള്ളത് ഗവൺമെന്റിന്റെ കണ്ണുതുറപ്പിക്കാനുള്ള വിധിയെഴുത്തായി മാറിയിരിക്കുന്നു. അതുകൊണ്ട്

നിങ്ങൾ അഹംഭാവം പറയുകയല്ല വേണ്ടത്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സംഭവിച്ച തെറ്റുകൾ തിരുത്തണം. എൽ.ഡി.എഫ്.-ന്റെ മുഴുവൻ സംവിധാനങ്ങളും ഞങ്ങളെ എതിർത്തു. കേന്ദ്രമന്ത്രിമാർ ഉൾപ്പെടെ വന്ന ബി.ജെ.പി.-യുടെ മുഴുവൻ പേരും എതിർത്തു. എൽ.ഡി.എഫ്.-ഉം ബി.ജെ.പി.-യും ദുർബലമായി. അത് നിങ്ങൾ വിലയിരുത്തണം. യു.ഡി.എഫ്-ന് കേരളത്തിൽ തിരിച്ചുവരവിന്റെ പാതയൊരുക്കുന്നതാണ് തൃക്കാക്കര ഉപതെരഞ്ഞെടുപ്പിന്റെ ഫലമെന്ന് വ്യക്തമായി നിങ്ങൾ മനസ്സിലാക്കണമെന്നുകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ; ഇവിടെ യു.ഡി.എഫ്.-ന്റെ കാലത്ത് എത്രപേർക്ക് വീട് കൊടുത്തു? മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തും വീട് കൊടുത്തിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം ലൈഫ് പദ്ധതിവഴി വീട് കൊടുക്കാനുള്ള കാലം കടന്നുപോയി. ഇപ്പോൾ ആറാമത്തെ വർഷമാണ്. രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികം ആഘോഷിച്ചിരിക്കുകയാണ്. ലൈഫ് പദ്ധതിയുടെ ലിസ്റ്റ് അംഗീകരിച്ചത് ഇപ്പോഴാണ്. എല്ലാ ഭവന പദ്ധതികളും ഇപ്പോൾ ഒന്നിച്ചാക്കി. മുമ്പ് ഓരോ വകുപ്പുകൾക്ക് കീഴിലും വീട് അനുവദിച്ചിരുന്നു. റവന്യൂ വകുപ്പ്, മത്സ്യത്തൊഴിലാളികൾ, ഭവനനിർമ്മാണം, പഞ്ചായത്തുകൾ, പട്ടികജാതി

വകുപ്പ് എന്നിവ വഴി കൊടുത്തിരുന്നു. ഇപ്പോൾ എല്ലാം ഒരു കുടക്കീഴിലാക്കുമെന്ന് പറഞ്ഞു. നല്ലതാണെന്ന് നമ്മളെല്ലാം വിചാരിച്ചു. എന്താ സംഭവിച്ചത്; ആറ് വർഷമായിട്ടും ടാർപോളിന്റെ താഴെ കിടക്കുന്ന പാവങ്ങൾക്ക് ഇപ്പോഴും ലൈഫ് പദ്ധതിയിലൂടെ വീട് കൊടുക്കാൻ കഴിയുന്നില്ലെന്ന് പറഞ്ഞാൽ ഇതെന്ത് ഭരണമാണ്? പൊതുഭരണത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഗവൺമെന്റിനെക്കുറിച്ച് വിലയിരുത്തണ്ടേ; ജനങ്ങൾക്ക് നേട്ടം കിട്ടുന്നുണ്ടോ; ഇത്തരത്തിലുള്ള പരാതികൾ പരിഹരിക്കണ്ടേ? ആദരണീയനായ കെ. എം. മാണി സർ പാവപ്പെട്ട രോഗികൾക്കായി കൊണ്ടുവന്ന കാരുണ്യ പദ്ധതി എവിടെപ്പോയി? കാരുണ്യവുമില്ല ഒരു കരുണയുമില്ലാതെ ഗവൺമെന്റ് നിൽക്കുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. പ്രതിപക്ഷത്തിനുവേണ്ടി ചർച്ച ആരംഭിച്ച ശ്രീ. ടി. സിദ്ദിഖ് ഒരു പുതിയ ചരിത്രമാണ് ഇവിടെ പറഞ്ഞത്. ഉപതെരഞ്ഞെടുപ്പിൽ ഭരണകക്ഷിയിൽപ്പെട്ടവർ പരാജയപ്പെട്ടിട്ടുണ്ടോയെന്ന് അദ്ദേഹം ചോദിച്ചു. ഞാൻ 2004-ലെ വടക്കാഞ്ചേരി ഉപതെരഞ്ഞെടുപ്പ് അദ്ദേഹത്തിന്റെ ഓർമ്മയിലേയ്ക്ക് കൊണ്ടുവരികയാണ്. 27 വർഷങ്ങളായി കോൺഗ്രസ് മാത്രം

ജയിച്ച മണ്ഡലം, പതിനാലായിരം വോട്ടിന്റെ ഭൂരിപക്ഷമുണ്ടായിരുന്ന സമയത്ത് കേവലം ഏതെങ്കിലും കോൺഗ്രസ്സുകാരൻ പോയി മത്സരിച്ചതല്ല, കെ.പി.സി.സി. പ്രസിഡന്റും അന്നത്തെ ആന്റണി മന്ത്രിസഭയിലെ വൈദ്യുതി വകുപ്പുമന്ത്രിയുമായ സാക്ഷാൽ ശ്രീ. കെ. മുരളീധരൻ മത്സരിച്ചപ്പോൾ എന്താണ് സംഭവിച്ചത്? ശ്രീ. എ. സി. മൊയ്തീൻ ശ്രീ. കെ. മുരളീധരനെ അതിഗംഭീരമായി തോൽപ്പിച്ചു. ആ ചരിത്രംകൂടി താങ്കളെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. യഥാർത്ഥത്തിൽ കേരളത്തിൽ കോൺഗ്രസ് ഇല്ലാതായിരിക്കുന്നു. ഇന്ത്യയിൽ അപൂർവ്വ സംസ്ഥാനങ്ങളിൽ ഭരണ പ്രതിപക്ഷ കസേരകളിൽ കണ്ടുവരുന്ന ഒരുതരം വംശനാശം നേരിടുന്ന പാർട്ടിയായാണ് കോൺഗ്രസ് ഇപ്പോൾ അറിയപ്പെടുന്നത്. അക്കൂട്ടത്തിൽ കേരളത്തിലെ പ്രതിപക്ഷ കസേരകളിലും കോൺഗ്രസ് ഉണ്ടെന്നാണ് പലരും കരുതുന്നത്. എന്നാൽ ഈ സഭയിലെ പ്രതിപക്ഷ കസേരകളിൽ ഇപ്പോൾ ഇരിക്കുന്നത് കോൺഗ്രസ്സല്ല, സംഘി കോൺഗ്രസ്സാണ്. ചാണക സംഘികളുമായി ചേർന്ന് ഇന്ത്യയിലെ കോൺഗ്രസ്സിതര, ബി.ജെ.പി. ഇതര സർക്കാരുകളെ അസ്ഥിരപ്പെടുത്താൻ കൂട്ടുനിന്ന് കോൺഗ്രസ്സിന്റെ മുഖത്തിന് മഹാത്മാഗാന്ധിയുമായി ഒരു ബന്ധവുമില്ലാതായി. അവരുടെ മുഖം മഹാത്മാവിന്റെ ഘാതകരുടേതാണ്. ഗാന്ധി ഘാതകരുടെ മനസ്സാണ്

കോൺഗ്രസ്സുകാർക്ക് എന്നുള്ളതിന് ഉദാഹരണമാണ് വയനാട്ടിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിലെ മഹാത്മാഗാന്ധിയുടെ ഫോട്ടോ തറയിലിട്ട് ഗാന്ധിജിയുടെ മുഖത്ത് ചവിട്ടി തകർത്തുകളഞ്ഞത്. അത് ഏത് കോൺഗ്രസ് സംസ്കാരമാണെന്ന് പറഞ്ഞാൽ കൊള്ളാം. അത്തരക്കാരായ നിങ്ങൾ ഈ സഭയിലെ ശ്രീമതി ഒ. എസ്. അംബിക, എം.എൽ.എ.യുടെ വീട് കയറി ആക്രമിച്ചതിൽ ഞങ്ങൾ അത്ഭുതപ്പെടുന്നില്ല. കാരണം അത്രയും ചീഞ്ഞളിഞ്ഞ സംസ്കാരത്തിലേയ്ക്ക് നിങ്ങൾ തള്ളപ്പെട്ടിരിക്കുന്നു. ഈ കള്ള കോൺഗ്രസ്സുകാർ മൃദുഹിന്ദുത്വവുമായി സന്ധി ചെയ്തും ന്യൂനപക്ഷ മത തീവ്രവാദികളുമായി സമ്പർക്കത്തിലേർപ്പെട്ടും സാമ്രാജ്യത്വ വിടുപണിയിലേർപ്പെട്ടപ്പോൾ മുൻ മുഖ്യമന്ത്രിമാരും കേന്ദ്രമന്ത്രിമാരും ഉൾപ്പെടെയുള്ള രണ്ട് ഡസനിലധികം കോൺഗ്രസ് ദേശീയ നേതാക്കൾ ഇന്ന് ബി.ജെ.പി. നേതാക്കളും ബി.ജെ.പി. മന്ത്രിമാരുമാണ്. അതിനെക്കുറിച്ച് ഇവിടെ പറയട്ടെ. അത്തരക്കാരുടെ ശിഷ്യന്മാർ കേരളത്തിലെ കോൺഗ്രസ്സിന്റെ തലപ്പത്തും പ്രതിപക്ഷനേതാവിന്റെ കസേരയിലും എത്തിയിരിക്കുകയാണ്. അതാണ് കേരളത്തിന്റെ സ്ഥിതി. അതുകൊണ്ടാണ് ഉത്തരേന്ത്യയിലെപ്പോലെ ഹിന്ദുത്വ ഭീകരവാദികളെ വളർത്താനും സുഡാപ്പി കുട്ടികളെക്കൊണ്ട് മറ്റു മതവിശ്വാസികൾക്കെതിരെ

കൊലവിളി നടത്തിക്കാനും യു.ഡി.എഫ്. മുന്നോട്ടുവരുന്നത്. ഈ സംഘി കോൺഗ്രസ്സിന്റെ സഖ്യകക്ഷികളായ എസ്.ഡി.പി.ഐ.-യും സംഘ് പരിവാർ രാക്ഷസന്മാരും ഒരുമിച്ചുവന്നാലും മലയാളികളുടെ ജീവനും ജീവിതവും സംരക്ഷിക്കാൻ കാരിരുമ്പിന്റെ കരുത്തുമായി കേരളത്തിൽ കമ്മ്യൂണിസ്റ്റുകാരും ഇടതുപക്ഷക്കാരുമുണ്ടെന്ന് സതീശ-സുധാകര-സുഡാപ്പി-സംഘി-മൂരി മുന്നണിക്കാർ ഓർക്കുന്നത് നന്നായിരിക്കും. കോൺഗ്രസ്-ബി.ജെ.പി. കൂട്ടുകെട്ടിന്റെ ഫലമായി ദേശീയതലത്തിൽ രാഷ്ട്രീയ ശോഷണം നേരിട്ട കോൺഗ്രസ് ഇപ്പോഴും നേതാക്കളെയും അണികളെയും ബി.ജെ.പി.ക്ക് സംഭാവന ചെയ്യുന്ന തിരക്കിലാണ്. ഇനിയൊരിക്കലും തിരിച്ച് വരാനാകാത്ത പടുകുഴിയിലേയ്ക്ക് കോൺഗ്രസ് കൂപ്പുകുത്തിയിരിക്കുന്നു. അവരുടെ തലയ്ക്കുമുകളിൽ വയ്ക്കേണ്ട കുന്തിരിക്കവും കുരിശും അരിയും മലരും മതനിരപേക്ഷ മലയാളികളുടെ തലയ്ക്കുമുകളിൽ വയ്ക്കുമെന്ന് സുഡാപ്പികളെക്കൊണ്ട് കൊലവിളി നടത്തിച്ച കോൺഗ്രസ് കാലന്മാരുടെ കഷ്ടകാലത്തിന്റെ വേഗത കൂടിയെന്നല്ലാതെ മറ്റൊന്നും ഈ സന്ദർഭത്തിൽ പറയാനാകില്ല. കേന്ദ്ര ഏജൻസികളെ ഉപയോഗിച്ചും കോർപ്പറേറ്റ് മാധ്യമങ്ങളിലൂടെ കള്ളവാർത്തകൾ സൃഷ്ടിച്ചും കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിനെ ശിഥിലമാക്കാൻ എത്രകാലമായി ഇവർ നടക്കുന്നു. 2021-ലെ

നിയമസഭാ തെരഞ്ഞെടുപ്പിൽ ഇതെല്ലാം കണ്ടതല്ലേ; എല്ലാ കഥകളും അന്ന് കെട്ടഴിച്ചുവിട്ടതല്ലേ; എന്തെല്ലാം പ്രചരണങ്ങളാണ് അവർ നടത്തിയത്? എല്ലാ അതിരുകളും ലംഘിച്ചുകൊണ്ട് അവിശുദ്ധ സഖ്യമുണ്ടാക്കി അന്നുനടത്തിയ കള്ളപ്രചരണങ്ങളെ ചവറ്റുകൊട്ടയിലേയ്ക്ക് വലിച്ചെറിഞ്ഞ് വലിയ ഭൂരിപക്ഷത്തോടെ കേരളത്തിന്റെ തുടർഭരണം എൽ.ഡി.എഫ്.-നെ, സഖാവ് പിണറായിയെ ഏൽപ്പിച്ചത് കേരളത്തിലെ ജനങ്ങളാണ്, ജനാധിപത്യ വിശ്വാസികളാണ്. ഈ മലയാളികളെയും മലയാള നാടിനെയും ഇവർ മാനംകെടുത്തുകയാണ്. മാനം കെടുത്തുന്ന, മറുനാടൻ മനസ്സുമായി നടക്കുന്ന, മാനംകെട്ടവരാണ് ഇന്ന് പ്രതിപക്ഷ കസേരയിൽ ഇരിക്കുന്നത്. കോൺഗ്രസ്സിന് ഭ്രാന്തിളകാൻ കാരണമെന്താണ്? ഒന്ന്, തുടർച്ചയായ ഭരണനഷ്ടമാണ്. രണ്ട്, അന്ധമായ കമ്മ്യൂണിസ്റ്റ് വിരുദ്ധതയാണ്. മൂന്ന്, ജനവിരുദ്ധ സാമ്പത്തിക ഉദാരവൽക്കരണ നയത്തോടുള്ള കടപ്പാടാണ്. അവരുടെ മുതലാളിമാരെ പ്രീതിപ്പെടുത്താനുള്ള ഏർപ്പാടാണ്. നാല്, ഭൂരിപക്ഷ-ന്യൂനപക്ഷ വർഗ്ഗീയതയോടുള്ള സന്ധിചേരലാണ്. ഇതെല്ലാം ചേർന്നപ്പോൾ അധാർമ്മിക നുണപ്രചാരകനായ പ്രതിപക്ഷ അപ്പോസ്തലന്റെ കിളി പോയതാണ് ഈ ഭ്രാന്തിന് കാരണമെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ശ്രീ. രാഹുൽ ഗാന്ധിയെ

ഇ.ഡി. ചോദ്യം ചെയ്യുന്നതിനെതിരെ കോൺഗ്രസ് ഇന്ത്യയിൽ അലമുറയിടുകയാണ്. കേരളത്തിലോ? എൽ.ഡി.എഫ്.-ന്റെയും മുഖ്യമന്ത്രിയുടെയും യശസ്സിനെ ഇടിച്ചുകളയാൻ കഴിയുമോയെന്നാണ് കള്ള കോൺഗ്രസ്സുകാർ കേരള സംഘികളുമായി ചേർന്ന് നോക്കുന്നത്. നിങ്ങൾ ആയിരംവട്ടം ആഞ്ഞുകുരച്ചാലും ഇടതുപക്ഷത്തിന്റെയും മുഖ്യമന്ത്രിയുടെയും മുന്നേറ്റങ്ങളുടെ മുനയൊടിക്കാൻ കഴിയില്ലെന്ന് ചരിത്രം തെളിയിക്കാൻ പോകുകയാണെന്നാണ് അവരോട് എനിക്ക് പറയാനുള്ളത്. ഈ കള്ള കോൺഗ്രസ് മുടിഞ്ഞുപോകുന്നത് എന്തുകൊണ്ടാണ്; അതും കാണണമല്ലോ? മൂല്യങ്ങളില്ലാത്ത മൂരികളിലൂടെ സുഡാപ്പികളുമായും കേന്ദ്ര ഏജൻസികളിലൂടെ ചാണക സംഘികളുമായും ചങ്ങാത്തമുണ്ടാക്കി കേരളത്തിന്റെ എല്ലാ നന്മകളെയും തകർക്കാൻ നോക്കുന്നതുമൂലമാണ് കോൺഗ്രസ് മുടിഞ്ഞുപോകുന്നത്. 1984-ൽ കേവലം രണ്ട് സീറ്റുമായി ലോകസഭയിലേയ്ക്ക് വന്നവരാണ് ബി.ജെ.പി. അന്ന് കോൺഗ്രസ്സിന് 426 സീറ്റാണ്. രാജീവ്ഗാന്ധി പ്രധാനമന്ത്രിയാണ്. ആ കോൺഗ്രസ് പിന്നീട് അധികാരം തുടർന്നപ്പോൾ ബാബറി മസ്ജിദ് പള്ളിയുടെ മതനിരപേക്ഷ താഴികക്കുടങ്ങളെ തല്ലിത്തകർക്കുന്നതിന് കാവലേർപ്പെടുത്തിയ ചരിത്രമാണ് ഇന്ത്യയുടേത്. അത് എന്തിനാണ് നടത്തിയത്? അതിന്റെ മറവിൽ

കോർപ്പറേറ്റുകൾക്ക് ഇന്ത്യക്കാരെ ചൂഷണം ചെയ്യാനുള്ള സാമ്പത്തിക നയം അടിച്ചേല്പിക്കുകയാണ്, ഈ നാട് മുടിക്കുകയാണ്. അത് ചെയ്തപ്പോഴാണ് നാട്ടുകാർ ഇവരെ ഭരണത്തിൽനിന്നും തുത്തെറിഞ്ഞത്. അവശേഷിക്കുന്ന കോൺഗ്രസ്സിനെക്കൂടി വർഗ്ഗീയവാദികളുടെയും തീവ്ര വലതുപക്ഷ സാമ്പത്തിക വക്താക്കളുടെയും അടിമജോലിക്ക് എത്തിച്ചുകൊടുക്കാനുള്ള ക്വട്ടേഷനെടുത്താണ് കണ്ണൂരുകാരന്റെ അദ്ധ്യക്ഷതയിൽ കൊച്ചിക്കാരനായ കിളിപോയ നേതാവിനെയുംകൂട്ടി തിരുവനന്തപുരത്തേയ്ക്ക് പുറപ്പെട്ടിരിക്കുന്നത്. കേരള ഭരണകേന്ദ്രത്തെ ലക്ഷ്യമാക്കിയാണ് ഇവരുടെ യാത്ര. പക്ഷേ അവിടെ എത്തില്ലെന്ന് മാത്രമല്ല, അവരുടെ പ്രസ്ഥാനത്തിന്റെ മരണ മണ്ണിലേയ്ക്കുള്ള അവസാന യാത്രയാണ് ഇന്നത്തെ ഈ ബേജാറുകളിയെന്ന് ഓർമ്മപ്പെടുത്തുകയാണ്. ഈ കോൺഗ്രസിൽ നിന്നാണ് ബി.ജെ.പി. ജനവിരുദ്ധ നയങ്ങളെല്ലാം പഠിച്ചതും പരിശീലിച്ചതും. ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടപ്പോൾ ഡൽഹിയിൽ നടത്തിയ സിഖ് വിരുദ്ധ കലാപത്തിലൂടെ കോൺഗ്രസ് രാഷ്ട്രീയ ലാഭമുണ്ടാക്കി. അത് ജനങ്ങളെ ഭീതിയുടെ, ഭയത്തിന്റെ മുൾമുനയിൽ നിർത്തുകയാണ്. ഹിന്ദുത്വത്തിന്റെ വിജയകരമായ ആ പരീക്ഷണം മനഃപാഠമാക്കിയ ബി.ജെ.പി. പിന്നീട് അത് 1991-ൽ രഥയാത്രയുടെ രൂപത്തിലും 2002-ൽ ഗുജറാത്ത് കലാപത്തിന്റെ

രൂപത്തിലും പുനരവതരിപ്പിക്കുകയാണ് ചെയ്തത്. ഇത് നമ്മുടെ രാജ്യത്തെ മതനിരപേക്ഷ ജനാധിപത്യ പ്രതിപക്ഷചേരിയെ ദുർബലപ്പെടുത്തുകയും ഇന്ത്യയിൽ കോൺഗ്രസ് കൊണ്ടുവന്ന നവ ഉദാരവൽക്കരണ നടപടികൾ തീവ്രമായി തുടരാൻ ബി.ജെ.പി. സർക്കാരിന് കരുത്താവുകയും ചെയ്തു. കോൺഗ്രസും ബി.ജെ.പി.യും തമ്മിലുള്ള അധികാര കൈമാറ്റത്തിന് നേതൃത്വം നൽകിയതാകട്ടെ വൻകിട കോർപ്പറേറ്റുകളായിരുന്നു. ആ പരീക്ഷണം കേരളത്തിൽ പയറ്റാൻ നോക്കുകയാണ് ചില പ്രതിപക്ഷ പഹയന്മാർ. അതാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. അതിനുവേണ്ടി സംഘികളുടെ കൂലിയും വാങ്ങി കാട്ടിലെ ആദിവാസികളെപ്പോലും പറ്റിച്ച് പണമുണ്ടാക്കുന്ന, കമ്പനിക്കകത്തിരുന്ന് കുതറ വർത്തമാനം പറയുന്ന കുലസ്ത്രീയുടെ സ്വപ്ന ചെമ്പ് കോൺഗ്രസ് കൊണ്ടുനടക്കുകയാണ്. ഈന്തപ്പഴത്തിലും ഖുറാനിലും ഇപ്പോൾ ബിരിയാണി ചെമ്പിലും സംഘി-കോൺഗ്രസ്സുകാർ കള്ളപ്പണവും കള്ളക്കടത്ത് സ്വർണ്ണവും കേരളത്തിന്റെ തിരുമുറ്റത്തുകൊണ്ടിട്ട് കള്ളക്കഥകൾ മെനയാൻ മെനക്കെട്ട് നടക്കുകയാണെന്നുകൂടി ഓർക്കണം. കോൺഗ്രസ്സേ, നിങ്ങളുടെ നേതാക്കളുടെ വീട്ടിലും ഓഫീസിലും കള്ളപ്പണം കണ്ടെടുത്ത ഇ.ഡി.-യേയും മറ്റ് കേന്ദ്ര ഏജൻസികളെയുംകൂട്ടി ഞങ്ങളുടെനേരെ പോരിനുവന്നാൽ പുന്നാര മക്കളേ,

പൊറുക്കില്ല മലയാള നാട് എന്നാണ് കേരളത്തിന് പറയാനുള്ളത്. മതനിരപേക്ഷതയുടെ ഈ പൊന്നാപുരം കോട്ടയിൽ ഒരു ജനവിരുദ്ധ പെരുച്ചാഴിയും കയറാതെ പൊന്നുപോലെ സംരക്ഷിക്കാൻ ഇടതുപക്ഷ സർക്കാരും ക്യാപ്റ്റനായി സാക്ഷാൽ പിണറായി വിജയനും ഉണ്ടെന്ന് ഓർക്കുന്നത് നിങ്ങളുടെ രാഷ്ട്രീയ ആരോഗ്യത്തിന് നല്ലതായിരിക്കുമെന്ന് ഓർമ്മപ്പെടുത്തുകയാണ്. സംഘി ഭരണകൂടത്തിന്റെ ഇ.ഡി. എന്ന ഏറാൻമൂളി ഡിപ്പാർട്ടുമെന്റിനെ കാത്തിരിക്കുന്ന കേരളത്തിലെ കോൺഗ്രസുകാരാ, നിങ്ങൾ നിങ്ങളുടെ ദേശീയ നേതാക്കളുടെ വീട്ടിൽ പോയാൽ അവിടെ ഇ.ഡി.-യെ കാണാം. ശ്രീ. പി. ചിദംബരത്തിനെ 105 ദിവസം ജയിലിലടച്ചത് ഇ.ഡി. ആണ്. അദ്ദേഹത്തിന്റെ മകന്റെ വസതിയിൽ ഇപ്പോൾ ഇ.ഡി. ഉണ്ട്. അച്ഛനെ രാജ്യസഭയിലേയ്ക്കും മകനെ ലോക്സഭയിലേയ്ക്കുമയച്ച് ഇ.ഡി.യുടെ ഇടിയുടെ അളവുകുറയ്ക്കാൻ പാടുപെടുകയാണ് കോൺഗ്രസ്. അവിടെപ്പോയാൽ മതി. ശ്രീ. റോബർട്ട് വധേരയെ 12 തവണയായി 70 മണിക്കൂർ ചോദ്യം ചെയ്തു. വണ്ടിയുമായി പോയത് ഭാര്യ പ്രിയങ്കയാണ്. അവരുടെ വീട്ടിലും ഇ.ഡി.യെ കാണാം. കർണ്ണാടക മുൻമന്ത്രി ശ്രീ. ഡി. കെ. ശിവകുമാറിനെ ജയിലിലിട്ടതും ഇ.ഡി. ആണ്. ആ ശിവകുമാറിനെ പി.സി.സി. അദ്ധ്യക്ഷനാക്കി. ഇ.ഡി.

ഇപ്പോൾ ഡി.ഡി.സി. ഓഫീസിലുണ്ട്. പണ്ട് അലുമിനിയം പട്ടേൽ എന്ന് വിളിച്ചിരുന്ന കെ.പി.സി.സി. പ്രസിഡന്റ് അഹമ്മദ് പട്ടേലിനെ വയസ്സുകാലത്ത് ചോദ്യം ചെയ്തത് ഇ.ഡി.-യാണ്. ആ പട്ടേലിനെ രാജ്യസഭാംഗമായി പട്ടാഭിഷേകം നടത്താനും ഇവർക്ക് മടിയുണ്ടായിട്ടില്ല. അങ്ങനെ നോക്കിയാൽ രാജസ്ഥാൻ മുഖ്യമന്ത്രി, ശ്രീ. കമൽനാഥ്, അദ്ദേഹത്തിന്റെ അനന്തരവന്റെ കേസ്, ഹരിയാന മുഖ്യമന്ത്രിയായിരുന്ന ഭൂപേന്ദർ സിംഗ് ഹൂഡ തുടങ്ങിയ നേതാക്കന്മാരുടെ വീടുകളിലും ഓഫീസുകളിലും ഇ.ഡി.-യെ നിങ്ങൾക്ക് കാണാൻ സാധിക്കും. ഇന്ത്യ ഏറ്റവും പ്രയാസകരമായ പ്രതിസന്ധി ഘട്ടങ്ങളിലൂടെ കടന്നുപോകുകയാണ്. കോർപ്പറേറ്റ്‌വൽക്കരണത്തിന്റെ വേഗത കൂട്ടാൻ ഭൂരിപക്ഷം മനുഷ്യരുടെയും ജീവിതത്തെ തകർക്കാൻ വർഗ്ഗീയവിഷം വിതറി പാവം മനുഷ്യനെ വേർതിരിച്ച് നിർത്തുന്ന വർത്തമാനകാല ഭരണകൂട ഭീകരതയ്ക്കെതിരെ ബദലുകളുയർത്തുന്ന ഇടതുപക്ഷ ആശയങ്ങളുടെ നേർചിത്രങ്ങളാണ് കേരളം ഇന്ത്യയ്ക്ക് സമ്മാനിക്കുന്നത്. ഒരു സമൂഹത്തിന്റെ പ്രത്യാശയായി വളരുന്ന കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിനെയും അതിന്റെ നായകൻ സഖാവ് പിണറായി വിജയനെയും അസ്ഥിരപ്പെടുത്താൻ രാജ്യദ്രോഹികളോടൊപ്പം ചേർന്ന് പേക്കൂത്ത് നടത്തുന്ന പ്രതിപക്ഷമേ,

നിങ്ങൾക്ക് കേരളം മാപ്പ് നൽകില്ല. നീചവും നെറികെട്ടതുമായ പ്രചരണത്തിലൂടെ നാടിന്റെ നന്മകളെ നാണംകെടുത്താൻ നിങ്ങൾ ശ്രമിച്ചാൽ ഈ നാട് നിങ്ങളോട് മറുപടി പറയും. കേരളത്തിന്റെ തെരുവുകളിൽ മനുഷ്യസാഗരം അലയടിച്ചുയരുകയും വികസനവിരുദ്ധരും കുലംകുത്തികളുമായ നിങ്ങളെ തൂക്കിയെടുത്ത് ഈ രാഷ്ട്രീയ ഭൂപടത്തിന് അപ്പുറത്തേയ്ക്ക് വലിച്ചെറിയുകതന്നെ ചെയ്യുമെന്നും ഓർമ്മപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ, നീതിന്യായ നിർവ്വഹണം തുടങ്ങിയ കാര്യങ്ങൾക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഇവ പിന്താങ്ങുന്നതിൽ ഏതെങ്കിലും രീതിയിലുള്ള ഒരു മനഃപ്രയാസവും കേരളത്തിലെ ജനങ്ങൾക്കില്ല. കാരണം, ഇക്കാര്യങ്ങളെല്ലാം പ്രോഗ്രസ് റിപ്പോർട്ടായി വർഷാവർഷം ജനങ്ങൾക്കുമുമ്പിൽ സമർപ്പിക്കുന്ന സർക്കാരാണിത്. പ്രോഗ്രസ് റിപ്പോർട്ട് ഓരോ വർഷവും ജനങ്ങൾക്കുമുമ്പിൽ സമർപ്പിക്കുക എന്നുള്ളത് ചരിത്രത്തിൽ ആദ്യമായുള്ള സംഭവമാണ്. അതുകൊണ്ട് ആ കാര്യങ്ങളിലേയ്ക്ക് കൂടുതലായി കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. തൃക്കാക്കര

ഉപതെരഞ്ഞെടുപ്പ് വിലയിരുത്തലാണെന്നാണ് ഇവിടെ പല ആളുകളും പറഞ്ഞത്. യഥാർത്ഥത്തിൽ അതിന് തൊട്ടുമുമ്പുള്ള പാർലമെന്റ് തെരഞ്ഞെടുപ്പിൽ അവിടെ യു.ഡി.എഫ്.-ന്റെ ഭൂരിപക്ഷം 31777 ആയിരുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അത് 25000 ആയി. അതും ട്വന്റി-ട്വന്റിയുടെയും ബി.ജെ.പി.-യുടെയുമൊക്കെ വോട്ടുകൾ വാങ്ങിയിട്ടാണെന്നുള്ളതാണ് വസ്തുത. അതേയവസരത്തിൽ എൽ.ഡി.എഫ്.-ന് കഴിഞ്ഞ പ്രാവശ്യത്തേക്കാൾ നല്ലരീതിയിലുള്ള വോട്ട് വർദ്ധനവുമുണ്ടായി. ഇക്കാര്യങ്ങളൊന്നും കാണാതെ പോകരുതെന്നാണ് അപ്പുറത്തുള്ള ആളുകളോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്തെല്ലാം കാര്യങ്ങളാണ് കുറേക്കാലമായി ഇവർ പറഞ്ഞുകൊണ്ടിരിക്കുന്നത്? സ്വർണ്ണം വന്നത് ഖുറാനിലാണെന്ന് ആദ്യം പറഞ്ഞു. എന്നിട്ട് ആ ഖുറാൻ പോയവഴി ജി.പി.എസ്. വച്ച് പരിശോധിച്ചപ്പോൾ ജി.പി.എസ്. ഇന്ന സ്ഥലത്തുവച്ച് ഓഫായിപ്പോയി എന്നുവരെ പറഞ്ഞുണ്ടാക്കി. ഒരു ഖുറാന്റെ ഭാരം എത്രയാണ്; ഒരു ബണ്ടിലിൽ എത്ര ഖുറാനാണുള്ളത്? ആ ഖുറാനേക്കാൾ അധിക ഭാരമുണ്ട് ഈ ബണ്ടിലിനെന്ന് പറഞ്ഞുകൊണ്ട് രാജ്യം മുഴുവനും വലിയ രീതിയിലുള്ള പ്രചരണങ്ങൾ നടത്തിയിട്ടുള്ള ആളുകളാണ്. അവസാനം ഖുറാനെ തൊട്ടപ്പോൾ അത് നഷ്ടക്കച്ചവടമാകുമെന്ന്

തോന്നിയപ്പോഴാണ് കുഞ്ഞാലിക്കുട്ടി സാഹിബ് അത് കാരയ്ക്കയുടെ കുരുവിലേയ്ക്കാക്കിയത്. നോമ്പ് തുറക്കുന്ന അവസരത്തിൽ, നോമ്പ് തുറന്നതിനുശേഷം കാരയ്ക്കയുടെ കുരുവിൽ സ്വർണ്ണമാണെന്ന് കരുതി കുട്ടികളൊക്കെ അവ പെറുക്കാൻ തുടങ്ങി. അവസാനം അതുംപൊട്ടി. പിന്നീട് പോയത് ബിരിയാണി ചെമ്പിലേയ്ക്കാണ്. ബിരിയാണി ചെമ്പ് എന്നുപറയുന്നത് കാരയ്ക്കയും ഖുറാനുംപോലെ ഏതെങ്കിലുമൊരു മതപരമായ ചടങ്ങാണെന്ന് ബി.ജെ.പി. പറഞ്ഞതോടുകൂടി അക്കാര്യവും എവിടെയും എത്താതെപോയി. ഇങ്ങനെയുള്ള പ്രചണ്ഡമായ പ്രചാരണവേലകൾ അടിച്ചിറക്കിക്കൊണ്ടാണ് ഇവിടെ ചില ആളുകൾ പ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന് ചിലയാളുകൾ പിന്തുണ നൽകുന്നുണ്ട്. അതുസംബന്ധിച്ച് ഒറ്റ മറുപടി ഞാൻ പറയാം. സ്വർണ്ണക്കടത്ത് വിഷയം കത്തിനിന്ന കാലത്ത് മലയാളം വാർത്താ ചാനലുകളെക്കുറിച്ച് ട്വന്റി ഫോർ ന്യൂസ് ചാനലിൽ ഉണ്ടായിരുന്ന അരുൺ കുമാർ പിന്നീട് പറഞ്ഞത് "നിരന്തരം ഒരു സോഴ്സിൽ നിന്നാണ് വാർത്തകൾ കിട്ടുന്നത്. സാക്ഷി പറയുന്ന മൂന്നുകോപ്പികൾ എല്ലാ ദിവസവും വീണുകിട്ടും. 30 പേജിൽ നിന്ന് 3 പേജാണ് ദിവസവും കിട്ടുക. ഒരു ദിവസം സ്വപ്ന സുരേഷിന്റേതാണെങ്കിൽ അടുത്ത ദിവസം സന്ദീപ് നായരുടേത് കിട്ടും.

അതിന്റെ അടുത്ത ദിവസം മറ്റൊരു പ്രതിയുടേത് കിട്ടും. ഓരോ ദിവസവും മൂന്നുപേജുകൾ വീതം തരുന്നതിലൂടെ ആ വാർത്ത തരുന്നവരുടെ അജണ്ട സെറ്റ് ചെയ്യുന്നവരുടെ താല്പര്യങ്ങൾ മാധ്യമങ്ങൾപോലും അറിയാതെ സംഭവിക്കുന്നു. ഈ സംഭവം നിരന്തരം ആവർത്തിക്കപ്പെട്ടപ്പോഴാണ് ഇനിമുതൽ ഒരുകാരണവശാലും അന്വേഷണ ഏജൻസികളുടെ മൊഴികൾ മാത്രം കൊടുത്ത് വാർത്ത അടിക്കില്ലെന്ന നിലപാടിലേയ്ക്ക് ഞങ്ങൾ എത്തിയത്. അതിനുപിന്നിലെ ചതിക്കുഴി ബോദ്ധ്യമായപ്പോഴേയ്ക്കും ഏറെ വൈകിയിരുന്നു" എന്നാണ്. തെരഞ്ഞെടുപ്പിന്റെ അന്തരീക്ഷത്തിൽ വാർത്താ മാധ്യമങ്ങൾ നിരന്തരം സ്വർണ്ണക്കടത്ത് വിഷയം കൈകാര്യം ചെയ്തു. സാധാരണ ചോദിക്കാറുള്ള ഒരു ചോദ്യംപോലും ചോദിക്കാതെ കടന്നുപോയി എന്നുള്ളതാണ് സത്യം. അരുൺകുമാറിന് ഇത് ബോദ്ധ്യപ്പെടാൻ സമയമെടുത്തു. മലയാളികൾക്ക് ഇത് നേരത്തെതന്നെ ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും എൽ.ഡി.എഫ്. വമ്പിച്ച ഭൂരിപക്ഷം നേടിയത്. ഇതുപോലുള്ള നിരന്തരമായ കെട്ടുകഥകൾ, ഇപ്പോൾ വയനാട്ടിലുണ്ടായതും ഇതുപോലുള്ള ഒരു കെട്ടുകഥയാണ്. അവിടെ എസ്.എഫ്.ഐ.ക്കാർ പ്രകടനം നടത്തിയെന്നുള്ളത് ശരിയാണ്. പക്ഷെ,

മുനീർ സാഹിബും മറ്റും ഉടഞ്ഞ ചിത്രത്തിന് മുന്നിൽ ചെന്നുനിന്നത് കണ്ടാൽത്തന്നെ അത് കൃത്രിമമാണെന്ന് അറിയാം. ഇങ്ങനെയുള്ള തെറ്റായ വാർത്തകൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ഈ ഗവൺമെന്റിന്റെ നന്മകൾ എന്താണെന്നുള്ളത് ഗവൺമെന്റിന്റെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഞാൻ ഒരു കാര്യംകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്. ആണോ കോൺഗ്രസ്സ് ആണോ ശരി എന്നുള്ളത് ജനങ്ങൾ ഓരോ അവസരത്തിലും വിലയിരുത്തുന്നുണ്ട്. ഇപ്പോൾ ടീസ്ത സെതൽവാദിനെ അറസ്റ്റ് ചെയ്തു. അതുസംബന്ധിച്ച് കോൺഗ്രസ്സിന്റെ നിലപാടെന്താണ്? അതിനെക്കുറിച്ച് ശ്രീ. അഭിഷേക് മനു സിംഗ്‌വി പറഞ്ഞത് " We have heard of the arrest of Teesta Setalvad. It appears to be in relation to alleged offences of forgery and fabrication arising out of events that took place between the years immediately following 2002. Furthermore, it stands to reason that the Congress as a political party cannot comment on the merits of a case with which it has no connection. " എന്നാണ്. അതേസമയം ബഹുമാനപ്പെട്ട സീതാറാം യെച്ചൂരി പറഞ്ഞത് " CPI(M) strongly condemns arrest of Teesta

Setalvad, indefatigable defender of human rights by Gujarat police on dubious grounds citing the recent judgement of the Supreme Court. We demand her release and withdrawal of false charges. Stop persecution and prosecution of relentless champions of civil liberties and human rights. Withdraw false charges and release.” അതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. അത് ലീഗുകാർ മനസ്സിലാക്കിയാൽ മതി. സ്വർണ്ണത്തെ സംബന്ധിച്ച് പറയുകയുണ്ടായി, എവിടെ നിന്നാണ് സ്വർണ്ണം വന്നത്; ഈ സ്വർണ്ണം ഏതെങ്കിലും ഒരാൾ അയച്ചതായിരിക്കുമല്ലോ; ഏതുവഴിയാണ് വന്നത്; ആർക്കാണ് കിട്ടിയത്; ഈ സ്വർണ്ണം എവിടെപ്പോയി; ഇത്രയുമധികം സ്വർണ്ണം ആർക്കാണ് കിട്ടിയത്; ഇതൊക്കെ അന്വേഷിക്കാൻ മിനക്കെടാതെ കാരയ്ക്കയും ഖുറാനും ബിരിയാണി ചെമ്പും പറഞ്ഞുകൊണ്ട് എത്രകാലം നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുമെന്നാണ് നമ്മൾ ചിന്തിക്കേണ്ടത്.

ഈ ഗവൺമെന്റിന്റെ കാര്യങ്ങളെ സംബന്ധിച്ച് ഞാൻ ഇവിടെ സൂചിപ്പിച്ചു. വികസന റിപ്പോർട്ടുകളെ സംബന്ധിച്ച് ഒന്നുരണ്ട് കാര്യങ്ങൾ പറയണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അതിൽ വളരെ പ്രധാനപ്പെട്ടത് ദേശീയപാത-66 ആണ്. എന്ത് മനോഹരമായാണ് കോഴിക്കോട്

ദേശീയപാതയുടെ പണി നടക്കുന്നത്. കേരളത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ റോഡ് വികസന പദ്ധതിയാണ് ദേശീയപാതാ വികസനം. കേരളത്തിൽ ഒരു കാലത്തും നടപ്പിലാക്കാൻ കഴിയില്ലെന്ന് പലരും കരുതിയിരുന്ന ഈ പദ്ധതിയിലൂടെ ദേശീയപാത-66 പൂർണ്ണമായും 45 മീറ്റർ വീതിയിൽ 6 വരിപ്പാതയാക്കുകയാണ്. ദ്രുതഗതിയിൽ നടക്കുന്ന നിർമ്മാണം പൂർത്തിയാകുന്നതോടെ സംസ്ഥാനത്ത് റോഡ് ഗതാഗതം കൂടുതൽ സുഗമവും സുരക്ഷിതവുമാകും. നടക്കില്ലെന്ന് കരുതിയിരുന്ന ഒരു സ്ഥലത്താണ് ഇപ്പോൾ ദേശീയപാത നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. അത് കാണുമ്പോൾ നമുക്ക് അത്ഭുതം തോന്നും. അത് നമുക്ക് മാത്രമല്ല, വരാനിരിക്കുന്ന ഒരു തലമുറയ്ക്കുകൂടി വേണ്ടിയാണ്.

കടബാധ്യതകൾ സംബന്ധിച്ച് നേരത്തെ ഇവിടെ പറഞ്ഞു. കിഫ്ബിയിൽ നിന്നോ മറ്റ് എവിടെയെങ്കിലും നിന്നോ പണം കടമെടുത്ത് ഇപ്പോൾ ഒരു പാലം നിർമ്മിച്ചാൽ നമുക്കും വരും തലമുറയ്ക്കും അതിലൂടെ പോകാൻ സാധിക്കും. 20 കൊല്ലം കഴിഞ്ഞാണ് പ്രസ്തുത പാലം നിർമ്മിക്കുന്നതെങ്കിൽ ആ സമയത്തുള്ളവർക്ക് മാത്രമേ അത് ഉപകരിക്കുകയുള്ളൂ. അതുകൊണ്ട് ഇപ്പോൾ നമുക്ക് ഉപയോഗിക്കാൻ സാധിക്കണം. കടം വാങ്ങിയാൽ എന്തെങ്കിലും പ്രശ്നമുണ്ടോ? കിഫ്ബിയിൽ

നിന്നും കടം വാങ്ങി നിരവധി കാര്യങ്ങൾ സർക്കാർ ചെയ്യുന്നുണ്ട്. അവ 20 കൊല്ലം കഴിഞ്ഞ് ചെയ്താൽ മതിയോ; ഇപ്പോൾത്തന്നെ ചെയ്താൽ അതിന്റെ ഗുണം നമുക്കുകൂടി അനുഭവിക്കാൻ സാധിക്കും. ഇതുപോലുള്ള ഒരുപാട് വികസന പ്രവർത്തനങ്ങൾ കിഫ്ബി മുഖേനയും അല്ലാതെയും ചെയ്യുന്നുണ്ട്. മുടങ്ങിക്കിടന്നിരുന്ന എല്ലാ വിഷയങ്ങളിലും ഈ ഗവൺമെന്റ് വളരെ ശക്തമായി ഇടപെട്ടുകൊണ്ട് അതത് അവസരങ്ങളിൽ ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്തുകൊണ്ട് മുന്നോട്ടുപോകാൻ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ശ്രമിക്കുന്നുണ്ടെന്ന് നമുക്കറിയാം. അതുകൊണ്ട് തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് പറഞ്ഞുകൊണ്ട് വന്നിട്ടുകാര്യമില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ, കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 31777 വോട്ടിന്റെ ഭൂരിപക്ഷമുണ്ടായിരുന്നത് 25000 വോട്ടായി കുറയുകയാണ് ചെയ്തത്. അതേസമയം ഇടതുപക്ഷത്തിന് കൂടുതൽ വോട്ടുകൾ ലഭ്യമാകുകയും ചെയ്തു. അതുകൊണ്ട് ഈ ഗവൺമെന്റിനെതിരായി ഏതെങ്കിലും ചാനലുകാരെ കൂട്ടുപിടിച്ച് ഇങ്ങനെയൊന്നും പറഞ്ഞുണ്ടാക്കിയതുകൊണ്ട് ഒരു രക്ഷയും കിട്ടാൻ പോകുന്നില്ല. യഥാർത്ഥത്തിൽ നിങ്ങൾ വസ്തുതകൾ മനസ്സിലാക്കി പോകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

മി. ചെയർമാൻ: മാതൃകാ പ്രസംഗമായിരുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ സമ്പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. സംസ്ഥാനത്ത് വരും കാലഘട്ടങ്ങളിൽ കേരളത്തിന്റെ സാമ്പത്തിക-സാമൂഹിക പുരോഗതിക്ക് ആധാരമായ വിഷയങ്ങൾ ഏതെല്ലാം നിലയിൽ പ്രാവർത്തികമാക്കണമെന്നും ഭരണപരമായി ഏതെല്ലാം നടപടികൾ സ്വീകരിക്കണമെന്നുമുള്ള ധനാഭ്യർത്ഥന കൂടിയാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. അത് കേരളത്തിന്റെ പ്രതീക്ഷയും പ്രത്യാശയുമാണ്. അതുകൊണ്ടാണ് കേരളത്തിലെ ജനങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തുടർഭരണം നൽകിയത്. പ്രളയക്കെടുതികളും പ്രകൃതിദുരന്തങ്ങളും ഓഖിയും നിപയും അവസാനം കൊറോണയും കടന്നുവന്നു. അതിനെയെല്ലാം അതിജീവിക്കാൻ ആത്മധൈര്യത്തോടുകൂടി കേരളത്തിലെ ജനങ്ങളുടെ രക്ഷകനായി മാറിയത് ശ്രീ. പിണറായി വിജയനാണ്. ജനങ്ങൾ അദ്ദേഹത്തിൽ പൂർണ്ണമായും പ്രതീക്ഷ അർപ്പിച്ചതുകൊണ്ടാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ രംഗത്ത് അത്ഭുതം സൃഷ്ടിച്ചുകൊണ്ട് 99 അംഗസംഖ്യയോടുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അധികാരത്തിൽ വരാൻ സാധിച്ചത്. പ്രതിപക്ഷരംഗത്ത് പ്രവർത്തിക്കുന്ന

സുഹൃത്തുക്കൾക്ക് അവരുടെ മാനസികമായ പരിഭ്രാന്തി അടങ്ങിയിട്ടില്ല. സഭയ്ക്കകത്താണെങ്കിലും നാട്ടിലാണെങ്കിലും കാണിക്കുന്ന അക്രമാസക്തമായ എല്ലാ നീക്കങ്ങളുടെയും പിന്നിൽ അവരുടെ മാനസികമായ സാഹചര്യമാണെന്ന് നാം മനസ്സിലാക്കണം. അതുകൊണ്ടുതന്നെ അവർ ഇക്കാര്യങ്ങളെക്കുറിച്ച് വസ്തുതാപരമായി വിലയിരുത്താനും സംസാരിക്കാനും കഴിയാത്ത മാസികാവസ്ഥയിലായിരിക്കും. ബിരിയാണി ചെമ്പുമായി സ്വപ്നലോകത്ത് സഞ്ചരിക്കുന്നവർക്ക് യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാനും വിലയിരുത്താനും കഴിയാതെ പോയിട്ടുണ്ടെങ്കിൽ അത് സ്വാഭാവികമാണ്. വാഗ്ദാനങ്ങൾ അലമാരയിൽ സൂക്ഷിക്കേണ്ടതല്ല നടപ്പിലാക്കാനുള്ളതാണെന്ന് ഈ ഗവൺമെന്റ് തെളിയിച്ചതാണ്. 50 ഇനങ്ങളിലായി 900-ത്തിൽപ്പരം പദ്ധതികൾ പ്രഖ്യാപിക്കുകയും 765 എണ്ണം പ്രാവർത്തികമാക്കുകയും ചെയ്തു. അതെല്ലാം ജനങ്ങൾക്കറിയാം. അതുകൊണ്ട് ജീവിതത്തിൽ ബോദ്ധ്യമായ കാര്യങ്ങളെക്കുറിച്ചാണ് ജനങ്ങൾ പ്രതികരിച്ചത്. എല്ലാ വർഷവും അവതരിപ്പിക്കുന്ന പ്രോഗ്രസ് റിപ്പോർട്ട് അടിസ്ഥാനപരമായ രേഖയാണ്. അത് മനസ്സിലാക്കി അംഗീകരിക്കാനും ഉൾക്കൊള്ളാനും കഴിയാത്ത മാനസികാവസ്ഥയിലാണ് പ്രതിപക്ഷം. അതുകൊണ്ടാണ് പരിഭ്രാന്തിയും അക്രമവുമെല്ലാം നടക്കുന്നത്. ഇവിടെ വാഗ്ദാനങ്ങളുടെ ഒരുപാട്

വിഷയങ്ങളുണ്ട്. ആ പ്രോഗ്രസ് റിപ്പോർട്ടുകളുടെ കാര്യം ഞാൻ ആവർത്തിക്കുന്നില്ല. കാരുണ്യ പദ്ധതി, ആരോഗ്യം, വിദ്യാഭ്യാസം, ലൈഫ് പദ്ധതി, പട്ടയ വിതരണം തുടങ്ങി ഓരോ കാര്യങ്ങളിലും അഭൂതപൂർവ്വമായ പുരോഗതിയിലൂടെ കേരളം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. 13544 കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കി. 12067 വീടുകളുടെ പണി പൂർത്തിയാകുകയാണ്. സ്റ്റാർട്ടപ്പ് നയത്തിന്റെ ഭാഗമായി 15000 തൊഴിലവസരങ്ങൾ, കാർഷിക പുരോഗതിയിൽ സമഗ്രമായ പരിപാടികൾ, പൊതുവിദ്യാഭ്യാസ മേഖലയ്ക്കുള്ള സാഹചര്യങ്ങൾ, കാർഷിക രംഗത്ത് 15 ലക്ഷം ഉപജീവന തൊഴിലുകൾ എന്നിവ സൃഷ്ടിക്കാൻ കഴിയും. നേരത്തെ സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കാണ് ഉണ്ടായിരുന്നതെങ്കിൽ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി 2021-22-ൽ 107458 വിദ്യാർത്ഥികൾ സർക്കാർ സ്കൂളുകളിൽ എത്തുകയാണ് ചെയ്തത്. ആ നിലയിലുള്ള മാറ്റമാണ് വിദ്യാഭ്യാസ രംഗത്തുണ്ടായിരിക്കുന്നത്. പൊതുവിദ്യാഭ്യാസ മേഖലയിൽ 256448 വിദ്യാർത്ഥികൾ സ്കൂളുകളിൽ എത്തി. പൊതുജനാരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും ആരോഗ്യ പരിപാലന രംഗത്തും ക്രമസമാധാന പരിപാലനത്തിലും കേരളം മുന്നിൽ നിൽക്കുകയാണെന്ന് കേന്ദ്ര ഗവൺമെന്റുതന്നെ പറഞ്ഞിട്ടുണ്ട്. ഇതെല്ലാം

അവർ സന്തോഷത്തോടുകൂടി പറഞ്ഞതല്ല. പറയാൻ നിർബന്ധിതരായതാണ്. കേരളത്തിലെ 143 ആശുപത്രികൾക്ക് ദേശീയ അംഗീകാരം ലഭിച്ചു. ജില്ലാ ജനറൽ ആശുപത്രികൾക്ക് 4177 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. മനുഷ്യർക്ക് മാത്രമല്ല ജീവജാലങ്ങൾക്കെല്ലാം ഏറ്റവും പ്രധാനപ്പെട്ടതാണ് കുടിവെള്ളം. 20 ലക്ഷം കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കാനുള്ള പരിപാടി, കായിക രംഗത്ത് കിഫ്ബി മുഖേന നടത്തുന്ന വിവിധ പരിപാടികൾ, ലൈഫ് മിഷൻ മുഖേനയുള്ള വീടുകൾ തുടങ്ങി നിരവധി കാര്യങ്ങൾ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന ഗവൺമെന്റാണിത്. ദേശീയപാതയുടെ കാര്യം അത്ഭുതകരമാണ്. അത് പൂർത്തിയാക്കാൻ കഴിയുമോയെന്ന് സംശയമായിരുന്നു. പക്ഷെ അത് കേരളത്തിന്റെ മുഖച്ഛായ മാറ്റുകയാണ്. ആദ്യം ഗെയിൽ പദ്ധതിക്ക് എല്ലാവരും എതിരായിരുന്നു; പിന്നീടത് സ്വീകരിക്കേണ്ടിവന്നു. സിൽവർ ലൈനുമായി ബന്ധപ്പെട്ട് സമര പരിപാടികൾ നടത്തുകയുണ്ടായി. അത് പൂർത്തീകരിച്ചാൽ ഉണ്ടാകാവുന്ന ജനങ്ങളുടെ പിന്തുണ മനസ്സിലാക്കിയതുകൊണ്ടാണ് എല്ലാത്തിനെയും പ്രതിപക്ഷം എതിർക്കുന്നത്. എതിർക്കാത്ത ഒരു കാര്യങ്ങളുമില്ല. അങ്ങനെ സാർവ്വത്രികമായ പ്രതിഷേധത്തിന്റെ വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരളത്തിന്റെ

വികസന മേഖലയെ തകർക്കാൻ നോക്കുന്ന അത്യന്തം ആപത്കരമായ നിലപാടുകളിൽനിന്നും പ്രതിപക്ഷം തീർച്ചയായും മാറുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ദേശീയാടിസ്ഥാനത്തിൽ ബി.ജെ.പി.ക്ക് വലിയൊരു അജണ്ടയുണ്ട്. ദേശീയാടിസ്ഥാനത്തിൽ കേരളത്തിൽ ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഒരു ഭീഷണിയാണ്. ഇവിടെ പൗരത്വ ഭേദഗതി നിയമം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റ് വന്നു. ആ പൗരത്വഭേദഗതി നിയമം കേരളത്തിൽ നടപ്പിലാക്കാൻ കഴിയില്ലെന്ന് പറയാൻ ഇന്ത്യയിൽ നട്ടെല്ലുള്ള ഒരു മുഖ്യമന്ത്രിയുണ്ടായി. ആ മുഖ്യമന്ത്രിയുടെ പേരാണ് ശ്രീ. പിണറായി വിജയൻ. നമ്മുടെ സുഹൃത്തുക്കൾ മനസ്സിലാക്കേണ്ടൊരു കാര്യമുണ്ട്. അവർക്കത് അറിയാത്തതുകൊണ്ടല്ല. രാജ്യത്തിന്റെ ഒന്നാമത്തെ പ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും സോഷ്യലിസ്റ്റ് രാജ്യങ്ങളിലും സഞ്ചരിച്ച് രൂപപ്പെടുത്തിയെടുത്തതാണ് പഞ്ചവത്സര പദ്ധതിയും പ്ലാനിംഗ് കമ്മീഷനും. അത് കേന്ദ്രഗവൺമെന്റ് വലിച്ചെറിഞ്ഞു. ദേശീയാടിസ്ഥാനത്തിലും അല്ലാതെയും അതിനെതിരെ പ്രതിഷേധിക്കാൻ പഴയകാല സുഹൃത്തുകൾക്ക് സാധിച്ചിട്ടില്ല. പക്ഷെ ഇന്ത്യയിൽ നട്ടെല്ലുള്ള ഒരു മുഖ്യമന്ത്രി

അക്കാര്യത്തിലുണ്ടായി. സംസ്ഥാനത്ത് പ്ലാനിംഗ് കമ്മീഷനും പഞ്ചവത്സര പദ്ധതിയും വലിച്ചെറിയേണ്ടതില്ല. ഇതൊക്കെ അംഗീകരിച്ചുകൊണ്ട് സംസ്ഥാനത്തെ വികസന പദ്ധതികളുമായി മുന്നോട്ടുപോകുമെന്ന് പറയാൻ കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിക്ക് കഴിഞ്ഞോ? അക്രമങ്ങളെയെല്ലാം തന്നെ ശക്തമായി അപലപിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വ ദിനം മുതൽ മാസങ്ങളോളം രക്തസാക്ഷ്യം എന്ന നാമധേയത്തിൽ ആചരണ പരിപാടി സംഘടിപ്പിച്ചത് ഇന്ത്യയിൽ കേരളത്തിലാണ്. അതിന്റെ നായകൻ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനായിരുന്നു. ഗാന്ധിജിയെക്കുറിച്ച് ഒന്നര മണിക്കൂർ പ്രസംഗിച്ചല്ലോ; ഘാതകനെ ചരിത്ര പുരുഷനായി മാറ്റണമെന്നും അവിടെ പള്ളികളും ക്ഷേത്രങ്ങളും പ്രതിമകളും സ്ഥാപിക്കണമെന്നും പറഞ്ഞപ്പോൾ പാർലമെന്റിനകം നിശബ്ദമായിരുന്നല്ലോ; അവിടെയും പ്രതിഷേധിച്ചത് ഇടതുപക്ഷ കക്ഷികളാണ്. ഇങ്ങനെ ഓരോ കാര്യങ്ങളിലും ദേശീയ വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ കഴിയുന്ന ഒരു ഗവൺമെന്റ് കൂടിയാണ് സംസ്ഥാന ഗവൺമെന്റ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ദേശീയ സാഹചര്യത്തിന്റെ പ്രത്യേകതയിൽ ബി.ജെ.പി.ക്ക് സഹിക്കാനും പൊറുക്കാനും കഴിയാത്ത ഭീഷണിയാണ് സഖാവ് പിണറായി വിജയനും

അദ്ദേഹത്തിന്റെ ഗവൺമെന്റും. അതുകൊണ്ട് തന്നെയാണ് അവർ എല്ലാ രംഗത്തും അദ്ദേഹത്തിനെതിരായി നീങ്ങുന്നത്. ബി.ജെ.പി., ആർ.എസ്.എസ്., സംഘപരിവാർ ശക്തികളുമായി നമ്മുടെ പഴയകാല സുഹൃത്തുക്കളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളിൽ യു.ഡി.എഫ്.-ഉം സഹകരിക്കുന്നത് അത്യന്തം ആപത്കരമാണ്. ആ ദേശീയ വിരുദ്ധമായ നീക്കങ്ങളിൽനിന്നും അവർ മാറി നിൽക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പൂർണ്ണമായും ഞാൻ പിന്തുണയ്ക്കുകയാണ്. രാഷ്ട്രീയ കേരളത്തിന്റെ ചരിത്രത്തിലെ ശ്രദ്ധേയമായ ഇടതുപക്ഷ ഗവൺമെന്റിന്റെ തുടർഭരണമാണ് കേരളത്തിൽ നടക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിന്റെ തുടർച്ചയായി കേരളമെന്നത് ഭരണ മികവിൽ ഇന്ത്യയ്ക്ക് മാത്രമല്ല, ലോകത്തിനുതന്നെ ഒരു മാതൃകാ സംസ്ഥാനമായി മാറി. രാജ്യത്ത് ഇന്ന് ഏറ്റവുമധികം പണപ്പെരുപ്പമുള്ള സാഹചര്യമാണുള്ളത്. എന്നാൽ 15.08 ശതമാനം എന്ന രാജ്യത്തെ പണപ്പെരുപ്പ നിരക്കിൽനിന്നും വ്യത്യസ്തമായി കേരളത്തിൽ അത് 5.08 ശതമാനമാണ്. കേരള ഗവൺമെന്റ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളും വികസന കാര്യങ്ങളും ജനങ്ങൾക്ക്

നൽകുന്ന ആനുകൂല്യങ്ങളുമെല്ലാം മെച്ചപ്പെട്ടൊരു ജീവിത നിലവാരം കാത്തുസൂക്ഷിക്കുന്നതിന് കഴിയുന്നുവെന്നത് കേരളത്തിലെ ഭരണ നേതൃത്വത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മിടുക്കായിവേണം കാണേണ്ടത്. ഇന്ത്യ അഭിമുഖീകരിക്കുന്ന ഈ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ എല്ലാ മനുഷ്യന്റെയും ജീവിത പ്രയാസങ്ങളെയും ബുദ്ധിമുട്ടുകളെയും കൃത്യമായി അഡ്രസ് ചെയ്യുന്ന, അത് മനസ്സിലാക്കാൻ ശ്രമിക്കുന്ന, അവരുടെകൂടെ ചേർന്നുനിന്ന് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. കേരളത്തിൽ അതിദാരിദ്ര്യം ഇല്ലാതാക്കാൻ ഗവൺമെന്റ് നടത്തുന്ന പരിശ്രമം എത്രമാത്രം മാതൃകാപരമാണെന്ന് നമുക്കറിയാം. ഇപ്പോൾ എസ്.എസ്.എൽ.സി., പ്ലസ് ടു റിസൾട്ട് വന്ന സമയമല്ലേ; സർക്കാർ ഓഫീസുകളിൽ ജാതി സർട്ടിഫിക്കറ്റിനും നേറ്റിവിറ്റി സർട്ടിഫിക്കറ്റിനും മറ്റുമായി ജനങ്ങൾ ഓടിനടക്കുന്ന ഈ അവസരത്തിൽ സർക്കാർ ഓഫീസുകളിൽ പ്രസ്തുത സർട്ടിഫിക്കറ്റ് സംവിധാനം ഏകീകരിച്ചുവെന്നത് ഗവൺമെന്റ് നടത്തിയ ശ്രദ്ധേയമായ ഇടപെടലല്ലേ. 2022 ജൂൺ 15 മുതൽ ആഗസ്റ്റ് മാസംവരെ സർക്കാർ ഓഫീസുകളിലെ ഫയലുകൾ തീർപ്പാക്കാൻ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിതന്നെ ഇടപെട്ടു. ഗവൺമെന്റ് കാണിക്കുന്ന ഇനിഷ്യേറ്റീവ്; കേരളത്തിന്റെ പൊതുഭരണ രംഗത്ത് ജനങ്ങൾക്കിടയിലുണ്ടാക്കിയിട്ടുള്ള സ്വീകാര്യത എത്രമാത്രം വലുതാണ്. കെ-റെയിൽ പദ്ധതി, ആറുവരി പാതയുടെ പൂർത്തീകരണം തുടങ്ങിയ കേരളത്തിന്റെ അടിസ്ഥാന പശ്ചാത്തല വികസന സൗകര്യങ്ങളിൽ മാതൃകാപരമായി ശക്തിയേറിയ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുന്ന, നീതി ആയോഗിന്റെയും രാജ്യത്തെ എല്ലാ പരിശോധനാ ഏജൻസികളുടെയും ഭരണ രംഗത്തും ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ രംഗത്തും ഭരണ മികവ് പ്രകടമാക്കുന്ന മാതൃകാപരമായ സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എന്ന് അഭിമാനത്തോടെ പറയാൻ കഴിയുന്ന സാഹചര്യമാണുള്ളത്. ഈ രാഷ്ട്രീയ സാഹചര്യത്തിൽ കേരളത്തിലെ പ്രതിപക്ഷത്തിന് ഒരു സ്ഥലകാല വിഭ്രാന്തിയാണ് സംഭവിച്ചിരിക്കുന്നത്. കേരളത്തിലെ പ്രതിപക്ഷനേതാവ് വളരെ ആദരണീയനും ബഹുമാന്യനുമാണ്. അദ്ദേഹം കുറച്ചുകൂടി സൂക്ഷ്മമായ വിലയിരുത്തലും പരിശോധനയും നടത്തേണ്ടതാണ്. കേരളത്തിൽ ഭരണം നേടിയ പ്രതീതിയിലാണ് തൃക്കാക്കര ഇലക്ഷൻ ജയത്തെ യു.ഡി.എഫ്. അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട പുതിയ അംഗത്തെ ഞാൻ അഭിനന്ദനങ്ങൾ അറിയിക്കുകയാണ്. 99 സീറ്റിൽ ഇടതുപക്ഷ

ജനാധിപത്യമുന്നണി ജയിച്ചപ്പോൾ, ഇടതുപക്ഷത്തിന് അനുകൂലമായ വലിയൊരു തരംഗം കേരളത്തിലുണ്ടായപ്പോൾ, യു.ഡി.എഫ്. നിലനിർത്തിയ വലിയ വോട്ടിന് വിജയിച്ച മണ്ഡലമാണ് തൃക്കാക്കര. ആ തൃക്കാക്കര മണ്ഡലത്തിൽ ഇക്കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിൽ തോൽക്കുമെന്ന് പറഞ്ഞാണോ ഞങ്ങൾ മത്സരിക്കേണ്ടിയിരുന്നത്? ഉപതെരഞ്ഞെടുപ്പിന്റെ ഭാഗമായി എൽ.ഡി.എഫ്., ഈ ഗവൺമെന്റ് നടപ്പിലാക്കിയ ഭരണ നേട്ടങ്ങൾ ജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിച്ചപ്പോൾ ആർക്കാണ് ബേജാറുണ്ടായത്; ട്വന്റി ട്വന്റി ഉൾപ്പെടെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായവർ, നിങ്ങളെ പിന്തുണച്ചില്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു തൃക്കാക്കര ഇലക്ഷന്റെ വിധിയെന്നത് നാട്ടുകാർക്ക് അറിയാവുന്ന കാര്യമല്ലേ; തൃക്കാക്കര ഇലക്ഷന്റെ വിധിയോടുകൂടി ഒരു സ്ഥലജല വിഭ്രാന്തി യു.ഡി.എഫ്-നെ ബാധിച്ചിരിക്കുന്നു. അവർ കടുത്ത അഹങ്കാരത്തിലേയ്ക്ക് വന്നിരിക്കുകയാണ്. ആ അഹങ്കാരത്തിന്റെ ഭാഗമായി ഇപ്പോൾ കേരളത്തിൽ എന്താണ് നടക്കുന്നത്; ഇന്ത്യയിൽ ആർ.എസ്.എസ്.-ന് ചില പൊളിറ്റിക്കൽ അജണ്ടകളുണ്ട്. ശ്രീമതി ടീസ്ത സെതൽവാദിന്റെയും ശ്രീ. ആർ. ബി. ശ്രീകുമാറിന്റെയും വിഷയം രാജ്യമാകെ ചർച്ച ചെയ്തു. ഇന്ന് ശിവസേനയുടെ ശ്രീ. സഞ്ജയ്

റാവുത്തറിനെതിരെ ഇ.ഡി. കേസ് എടുക്കുന്നു. കോൺഗ്രസ്സിന്റെ ദേശീയ പ്രസിഡന്റ് ശ്രീമതി സോണിയാ ഗാന്ധി, ശ്രീ. രാഹുൽഗാന്ധി ഉൾപ്പെടെയുള്ള കോൺഗ്രസ്സ് നേതാക്കന്മാരെയെല്ലാം കേസ്സിൽപ്പെടുത്തി. അതിനോടെല്ലാം ഞങ്ങൾ സ്വീകരിച്ച ഒരു സമീപനമുണ്ട്. ആർ.എസ്.എസ്.-ന്റെ അജണ്ട കേരളത്തെ വർഗ്ഗീയതയിലേയ്ക്ക് വീഴ്ത്തുകയെന്നതാണ്. ഇവിടെ വിശദമായ ചർച്ച നടക്കുന്നുണ്ട്. സ്വർണ്ണക്കടത്ത് എന്ന പഴകിത്തഴഞ്ഞ ആയുധവുമായി വീണ്ടും വന്നിരിക്കുകയാണ്. സംഘപരിവാർ അജണ്ടയ്ക്കനുസരിച്ച് കേരളത്തെ വർഗ്ഗീയതയിലേയ്ക്ക് നയിക്കാൻ ആസൂത്രിതമായി നടത്തുന്ന എച്ച്.ആർ.ഡി.എസ്. എന്ന ഹൈറേഞ്ചിൽ പ്രവർത്തിക്കുന്ന ഒരു ഏജൻസിയെ വിലയ്ക്കെടുത്ത ഒരു സഹോദരി, അവരെല്ലാം ചേർന്ന് കേരള ഗവൺമെന്റിനെ ആക്ഷേപിക്കുക, ഗവൺമെന്റിനെ വീഴ്ത്തുക എന്നുപറഞ്ഞാൽ എന്താണ്; വർഗ്ഗീയ അജണ്ടയിലേയ്ക്ക് കേരളത്തെ നയിക്കുകയെന്നതാണ്. നിയമസഭാംഗമായിരുന്ന ശ്രീ. പി. സി. ജോർജ് പരിണിതപ്രജ്ഞനായ രാഷ്ട്രീയ നേതാവല്ലേ; അദ്ദേഹം നടത്തിയ പ്രസ്താവനയെന്താണ്; കേരളത്തിലെ ഒരു ചെറിയ കുട്ടി എസ്.ഡി.പി.ഐ.-യ്ക്കുവേണ്ടി തോളത്തിരുന്ന് വിളിച്ച മുദ്രാവാക്യമെന്താണ്? കേരളത്തെ

വർഗ്ഗീയതയിലേയ്ക്ക് വീഴുകയാണ്. കേരളം ആർ.എസ്.എസ്.-ന്റെ, ബി.ജെ.പി.യുടെ അജണ്ടയിലേയ്ക്ക് പോകുകയാണ്. ആ അജണ്ടയ്ക്ക് കൈ കൊടുക്കുകയെന്ന നിരുത്തരവാദപരമായ രാഷ്ട്രീയ സമീപനം യു.ഡി.എഫ്-ന് സ്വീകരിക്കാമോ? ഇന്ത്യയിൽ ബി.ജെ.പി.-യും ആർ.എസ്.എസ്-ഉം എടുക്കുന്ന സമീപനം നിങ്ങൾ കാണുന്നില്ലേ? നേരെനിന്ന് നാല് വർത്തമാനം പറയാനും പറയുന്നത് ശരിയല്ലെന്നും ഇത് ഇവിടെ നടപ്പിലാകില്ലെന്നും പറയാൻ ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കേരളമല്ലാതെ ഏത് സംസ്ഥാനമാണ് ഇന്ത്യയിലുള്ളത്. ആ അർത്ഥത്തിൽ വർഗ്ഗീയ വിരുദ്ധ അജണ്ട ഏറ്റവും ശക്തമായി കേരളത്തിൽ നടപ്പിലാക്കുകയാണ്. ആ ഗവൺമെന്റിന്റെ ഭരണത്തലവനെ മോശമായി ചിത്രീകരിക്കുകയാണ്. വികസനോന്മുഖമായ, ആധുനിക ലോകത്ത് ഏറ്റവും ശ്രദ്ധേയമായ അടിസ്ഥാന വികസന സൗകര്യങ്ങളുള്ള മെച്ചപ്പെട്ട ഒരു സംസ്ഥാനമായി കേരളത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് നേതൃത്വം നൽകുന്ന ബഹുമാന്യനായ മുഖ്യമന്ത്രിയെ 'The Crisis Manager' എന്നാണ് പ്രധാനപ്പെട്ട ഒരു പത്രം വിശേഷിപ്പിച്ചത്. ശ്രീ. പിണറായി വിജയൻ ആരാണ്? അദ്ദേഹത്തെ വീഴ്ത്താനുള്ള ശ്രമമാണല്ലോ നിങ്ങൾ ഇപ്പോൾ നടത്തുന്നത്; നിങ്ങൾ കൂട്ടിയാൽ കൂടുന്ന ആളല്ല ശ്രീ. പിണറായി

വിജയനെന്ന് മനസ്സിലാക്കണം. അദ്ദേഹം അടിയന്തരാവസ്ഥക്കാലത്ത് നിയമസഭാംഗമായിരുന്നു. അന്നത്തെ നിയമസഭയിൽ അദ്ദേഹം നടത്തിയ ഒരു പ്രസംഗമുണ്ട്. അന്ന് എം.എൽ.എ. ആയിരുന്ന ശ്രീ. പിണറായി വിജയനെ കൂത്തുപറമ്പ് പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയി ഭീകരമായി ഭേദ്യം ചെയ്തു. അതിന്റെ ഭാഗമായി അന്ന് അദ്ദേഹത്തെ വീഴ്ത്താൻ ശ്രമിച്ചിട്ടും നടന്നില്ല. തലശ്ശേരി കലാപത്തിന്റെ ഭാഗമായി തലശ്ശേരിയിൽ ആസൂത്രണം ചെയ്ത വർഗ്ഗീയ സംഘർഷങ്ങളെ പ്രതിരോധിക്കാൻ മുന്നിൽനിന്ന അദ്ദേഹത്തെ, രാഷ്ട്രീയമായി, ഭരണപരമായി ശ്രീ. പിണറായി വിജയനെയും അദ്ദേഹത്തിന്റെ കുടുംബത്തെയും ആക്ഷേപിക്കാൻ നടത്തുന്ന ഹീനമായ ഇത്തരം നീക്കങ്ങൾക്ക് പ്രതിപക്ഷം കൈ കൊടുക്കാമോ; എന്ത് മര്യാദയാണിത്; എന്ത് രീതിയാണിത്? കേരളം കണ്ട പ്രതിഭാശാലിയായ രാഷ്ട്രീയ നേതാവിനെ, ഒരു പാർട്ടിയുടെ നേതാവിൽനിന്നും ഈ നാടിന്റെയാകെ നേതാവായി മാറിയ ഒരാളെ ആക്ഷേപിക്കാൻ, അദ്ദേഹത്തെ അപമാനിക്കാൻ സംഘ്പരിവാർ അജണ്ടയിൽ നടത്തുന്ന ഹീനമായ ശ്രമങ്ങളെ കേരളത്തിലെ ജനങ്ങൾ പുറംകാലുകൊണ്ട് തൊഴിച്ചകറ്റും. ഈ നാടിന്റെ വികാരമെന്താണെന്ന് നിങ്ങൾക്ക് മനസ്സിലായിട്ടില്ല; വയനാട്ടിൽ നിങ്ങൾ കണ്ടതല്ലേ? ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.-യ്ക്ക്

മനസ്സിലായിട്ടുണ്ടാകുമല്ലോ; എസ്.എഫ്.ഐ.-യെ ശരിയാക്കാമെന്ന് പറഞ്ഞ് പുറപ്പെട്ടിരിക്കുകയാണ്; അത് നടന്നതുതന്നെ. എസ്.എഫ്.ഐ.-യ്ക്ക് തെറ്റുപറ്റി. അവർ അത് സമ്മതിച്ചിട്ടുമുണ്ട്, അതിനെ എല്ലാവരും ശക്തമായി അപലപിച്ചു. രാഷ്ട്രീയ രംഗത്തെ മര്യാദയാണത്. ഇന്നലെ ഇടുക്കി ഡി.സി.സി. പ്രസിഡന്റ് എന്തായിരുന്നു പ്രസംഗിച്ചത്? കളിക്കേണ്ട, ധീരജിന്റെ അനുഭവമായിരിക്കുമെന്നാണ് പറഞ്ഞത്. ഉത്തരവാദിത്വമുള്ള രാഷ്ട്രീയ നേതൃത്വം ഇങ്ങനെയാണോ പ്രതികരിക്കേണ്ടത്? ഇന്ന് അടിയന്തരപ്രമേയമായി കൊണ്ടുവന്ന വിഷയം എന്തായിരുന്നു; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഞങ്ങൾ കരുതിയത് ഇന്നും ശ്രീ. രാഹുൽഗാന്ധിയുടെ വിഷയമായിരിക്കുമെന്നാണ്. സ്വപ്ന സുരേഷിന്റെ ഏഴയലത്തുപോലും ശ്രീ. രാഹുൽഗാന്ധി എത്തില്ലെന്നുള്ളത് കഷ്ടം തന്നെ. ആ വിഷയത്തിൽ നിങ്ങൾക്ക് ഒരു ആത്മാർത്ഥതയും ഇല്ലെന്നതിന്റെ തെളിവല്ലേ ഇത്? ആ വിഷയം ഇന്നലെ നിങ്ങൾ സംസാരിച്ചില്ല. ഇന്നും അതെടുത്തില്ല. പകരം മറ്റൊരു അപവാദ പ്രചരണ കഥയുമായാണ് ഇന്ന് നിങ്ങൾ വന്നത്. എസ്.എഫ്.ഐ. മാത്രമല്ല, അതുമായി ബന്ധപ്പെട്ടവരെല്ലാം എസ്.എഫ്.ഐ. ചെയ്ത സമരം തെറ്റാണെന്ന സമീപനം സ്വീകരിച്ചു. ഏറ്റവും ശരിയായ നിലപാട് ആ സമീപനത്തിന്റെ

ഭാഗമായുണ്ടായി. കേരളത്തിലെ ഏറ്റവും വലിയ, നിരവധി വിദ്യാർത്ഥികളുടെ ഒഴുക്കുള്ള, മഹാറാലിപോലെ കേരളത്തിലെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ അണിനിരന്ന, ജയം ശീലമാക്കിയ, ദേവപാലൻ മുതൽ ധീരജ് വരെയുള്ള 36 പേരെ നഷ്ടപ്പെട്ട ആ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ നെഞ്ചത്ത് കയറാൻ വന്നാൽ അത് നടക്കാൻ പോകുന്നില്ലെന്ന് കേരളം പറയും. തെറ്റ് വന്നാൽ തിരുത്തും. എന്നാൽ നശിപ്പിക്കാൻ ശ്രമിക്കണ്ട. അതിനൊന്നും അനുവദിക്കില്ല. 11 പേരെ കൊലപ്പെടുത്തിയത് കെ.എസ്.യു.ക്കാരാണ്. എസ്.എഫ്.ഐ.യെക്കുറിച്ചും എസ്.എഫ്.ഐ. എന്താണെന്നും ഈ നാടിന് നല്ലതുപോലെ അറിയാം. എം.ജി. സർവ്വകലാശാലയിലെ വി.സി.യുടെ മുക്കിടിച്ച് പരത്തിയതാരാണ്? ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലുണ്ടായിരുന്ന കേശവേന്ദ്രകുമാർ എന്ന പാവപ്പെട്ട മിടുക്കനായ ഐ.എ.എസ്. ഓഫീസറുടെ ശരീരം മുഴുവൻ മഷിയും കരി ഓയിലും ഒഴിച്ചതാരാണ്? വിദ്യാർത്ഥി പ്രക്ഷോഭത്തിന്റെ ഭാഗമായി എന്തെല്ലാം അനുഭവങ്ങളുണ്ട്. നിങ്ങളോട് പോലീസ് എത്ര മാന്യമായാണ് ഇടപെടുന്നത്. നിങ്ങൾക്ക് ഭാഗ്യമുള്ള സമയമാണ്. സ്വാശ്രയ കോളേജ് സമരം നടന്നപ്പോൾ വീടുവളഞ്ഞ് ഭീകരവാദിയെ പിടിക്കുന്നതുപോലെ പിടിച്ചുകൊണ്ടുപോയ അനുഭവങ്ങൾ എത്ര വിദ്യാർത്ഥി

പ്രവർത്തകർക്കുണ്ടായി? എസ്.എഫ്.ഐ. എന്നത് ശരിയായ നിലപാട് സ്വീകരിച്ചവരല്ലേ? തെറ്റ് പറ്റിയാൽ തിരുത്തുക എന്നതല്ലേ മര്യാദ; മര്യാദപൂർവ്വമായ സമീപനം സ്വീകരിച്ചതിനെ അഭിനന്ദിക്കുന്നതിനുപകരം നിങ്ങൾ എന്താണ് ചെയ്തത്; 'ക്ലാസ്മേറ്റ്സ്' എന്ന സിനിമയിലെ ഒരു കഥാപാത്രത്തെ അനുസ്മരിക്കുന്ന രീതിയിലല്ലേ നിങ്ങളിൽ ചിലർ അവിടെ പെരുമാറിയത്. ഗാന്ധിജിയുടെ ചിത്രം ഞങ്ങളാണോ താഴെയിട്ടത്; മാതൃഭൂമി ചാനലല്ലേ ഓൺലൈനായി ആദ്യം ആ വാർത്ത കൊടുത്തത്; അവരല്ലേ ഇക്കാര്യം ഏറ്റവും നന്നായി അവതരിപ്പിച്ചത്; ആ വാർത്തകളെല്ലാം വന്നതിനുശേഷം പ്രത്യേകമായ ഏർപ്പാടുണ്ടാക്കി അപമാനിക്കാനാണോ ശ്രമിക്കുന്നത്?

മി. ചെയർമാൻ:....പ്ലീസ്... അങ്ങ് ചുരുക്കി സംസാരിക്കണം.

ശ്രീ. കെ. വി. സുമേഷ്: സർ, കേരള രാഷ്ട്രീയം കണ്ട ഏറ്റവും ശരിയായ, വിദ്യാർത്ഥി അവകാശത്തിനുവേണ്ടി നിലകൊണ്ട ഒരു വിദ്യാർത്ഥി പ്രസ്ഥാനമാണ് എസ്.എഫ്.ഐ. ആ പ്രസ്ഥാനത്തെ കരിതേച്ച് കാണിക്കാനുള്ള ശ്രമം കേരളത്തിലെ ജനങ്ങൾ അംഗീകരിക്കില്ല. അഭിമാനകരമായ വികസനം ജനങ്ങൾ ആഗ്രഹിക്കുന്ന നാടാണ് കേരളം. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ആധുനിക

കേരളത്തിനുവേണ്ട ഏറ്റവും മെച്ചപ്പെട്ട വികസന പദ്ധതികളെ മുന്നോട്ടുനയിക്കുന്നതിനായി ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എച്ച്. സലാം: സർ, ഞാൻ ഈ ധനാഭ്യർത്ഥകളെ പരിപൂർണ്ണമായി പിന്തുണയ്ക്കുന്നു. കേരളീയ ജീവിതത്തെ ലോകോത്തര നിലവാരത്തിലേയ്ക്ക് പടുത്തുയർത്താൻ സാധിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ഒന്നാം പിണറായി സർക്കാരിന്റെ കാലത്തും അതിന്റെ തുടർച്ചയായ രണ്ടാം പിണറായി സർക്കാരിന്റെ കാലത്തും നടന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിലും ക്ഷേമപ്രവർത്തനങ്ങളിലുമെല്ലാം ഭരണപക്ഷം ശക്തമായി പ്രവർത്തിക്കുമ്പോൾ ചിലപ്പോൾ എതിർപ്പുള്ള കാര്യങ്ങൾ കണ്ടേയ്ക്കാം. എന്നാൽ ജനാധിപത്യ സംവിധാനത്തിന്റെ മനോഹാരിതയെന്ന് പറയുന്നത് എതിർപ്പുള്ളതിനെ എതിർക്കുകയും നാടിന്റെ പൊതുവായ പുരോഗതിക്കുതകുന്ന കാര്യങ്ങളെ പിന്തുണയ്ക്കുകയും ചെയ്യുന്ന ഏറ്റവും നല്ല സമീപനം സ്വാഭാവികമായി പ്രതിപക്ഷം സ്വീകരിക്കുക എന്നുള്ളതാണ്. നിർഭാഗ്യവശാൽ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും അങ്ങനെയൊന്നും അല്പംപോലും പ്രതീക്ഷിക്കണ്ടതില്ലെന്ന് നമ്മളെയും കേരളത്തെയാകെയും ബോധ്യമാക്കുന്ന സമീപനമാണ് എല്ലാ

ഘട്ടത്തിലും അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് ഒരു വർഷക്കാലം പൂർത്തീകരിക്കപ്പെട്ട പിണറായി ഗവൺമെന്റ് അതിന്റെ പ്രോഗ്രസ് റിപ്പോർട്ട് പുറത്തുകൊണ്ടുവന്നു. ഒന്നാം പിണറായി സർക്കാർ അഞ്ചുവർഷക്കാലവും പ്രോഗ്രസ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി. അതിൽ അടിസ്ഥാനപരമായത് തെരഞ്ഞെടുപ്പ് സമയത്ത് ജനങ്ങൾക്ക് നൽകുന്ന വാഗ്ദാനങ്ങൾ നടപ്പാക്കുകയെന്നതാണ്. ജനാധിപത്യത്തിൽ ഏറ്റവും ഭംഗിയായി ഉത്തരവാദിത്വം പ്രകടിപ്പിക്കുന്നതിന്റെ ഭാഗമാണത്. അഭിമാനകരമായി അഞ്ചുവർഷം പൂർത്തീകരിക്കപ്പെട്ടപ്പോൾ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ പത്തിൽ താഴെ മാത്രമേ നടപ്പിലാക്കാൻ കഴിയാതെ വന്നിട്ടുള്ളൂ. ബാക്കിയെല്ലാം നടപ്പാക്കിയെന്ന് അഭിമാനത്തോടെ നാടിനോട് പറയാൻ കഴിയുന്ന സർക്കാരായിരുന്നു ഒന്നാം പിണറായി സർക്കാർ. രണ്ടാം പിണറായി സർക്കാർ ഒരു വർഷം എന്താണ് ചെയ്തതെന്ന് മനസ്സിലായിട്ടില്ലെന്നാണ് നേരത്തെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞത്. ആ പറഞ്ഞതുതന്നെ ഞങ്ങൾക്കാർക്കും മനസ്സിലായിട്ടില്ല. ഒരു വർഷം പൂർത്തീകരിച്ചപ്പോൾ പ്രസിദ്ധപ്പെടുത്തിയ പ്രോഗ്രസ് റിപ്പോർട്ട് എല്ലാവർക്കും നൽകിയിട്ടുണ്ട്. പറഞ്ഞ 900 വാഗ്ദാനങ്ങളിൽ 758 എണ്ണത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും 33

ശതമാനം പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുകയും ചെയ്തു. ഏതെല്ലാം നടപ്പിലാക്കിയെന്നും നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്നും നിങ്ങൾക്ക് പരിശോധിച്ചാൽ മനസ്സിലാകും. കഴിഞ്ഞ മാസം ഉദ്ഘാടനം ചെയ്ത 35 സ്കൂളുകളിൽ യു.ഡി.എഫ്. എം.എൽ.എ.-മാർ പ്രതിനിധാനം ചെയ്യുന്ന മണ്ഡലങ്ങളിലെ സ്കൂളുകളുണ്ടായിരുന്നില്ലേ? 32,000-ത്തിലധികം പുതിയ വീടുകൾ നിർമ്മിച്ചു. പുനർഗേഹം പദ്ധതിയുടെ ഭാഗമായി തീരദേശത്ത് വീടുകൾ നിർമ്മിച്ചു. ഇതെല്ലാം ഒരു വർഷംകൊണ്ട് നടന്ന കാര്യങ്ങളല്ലേ? കേരളത്തിലുടനീളം ദേശീയപാതയുടെ വികസനം നടക്കുകയാണ്. NH 66 45 മീറ്റർ വീതിയിൽ ആറുവരിപ്പാതയാക്കി നിർമ്മിക്കുകയാണ്. മലയോര ഹൈവേ നിർമ്മാണത്തിനുവേണ്ട നടപടി സ്വീകരിക്കുകയാണ്. തീരദേശ ഹൈവേ നിർമ്മാണത്തിന്റെ പ്രാഥമിക ഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം, ക്ഷേമപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ഏത് കാര്യം പരിശോധിച്ചാലും അത് കാണാൻ സാധിക്കില്ലേ? ആറുവർഷത്തെ കേരളത്തിന്റെ വികസന സൂചിക പരിശോധിച്ചാൽ ഏറ്റവും ഉയർച്ചയിൽ എത്തിനിൽക്കുന്നത് കാണാൻ സാധിക്കും. സംസ്ഥാനത്തിന് എന്തെല്ലാം അംഗീകാരങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞുവെന്നകാര്യം ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ

കേരളം തുടർച്ചയായി ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുകയാണ്. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമായി കേരളം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ നീതി ആയോഗിന്റെ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്താണ്. അഴിമതി വിമുക്ത പോലീസ് സേവനത്തിന്റെ കാര്യത്തിലും കേരളം ഒന്നാമതാണ്; ഇന്ത്യ പോലീസ് ഫൗണ്ടേഷൻ സർവ്വേയിലും അംഗീകാരം നേടി. ഇങ്ങനെ സംസ്ഥാനത്തെ ഇടതുപക്ഷ ഭരണത്തിന്റെ തുടർച്ചയിൽ നിരന്തരമായി നമ്മുടെ ജീവിതത്തിന്റെ സമസ്തമേഖലകളിലും ഏറ്റവും മികവോടുകൂടി മുന്നോട്ടുപോകാൻ കഴിയുന്നുവെന്നുള്ളത് ഞങ്ങൾക്ക് മാത്രമല്ല പ്രതിപക്ഷമായ നിങ്ങൾക്കും അഭിമാനത്തോടുകൂടി ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമാണെന്ന് ഈ സന്ദർഭത്തിൽ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞ കാര്യം യോജിക്കാൻ കഴിയുന്നതാണ്. ഭൂരിപക്ഷ ന്യൂനപക്ഷ വർഗ്ഗീയതയെ ഒരുപോലെ തോൽപ്പിക്കണമെന്നും എതിർക്കണമെന്നും അദ്ദേഹം പറഞ്ഞു. ഞങ്ങൾ അതിനോട് യോജിക്കുന്നു. അക്കാര്യത്തിൽ നിങ്ങളേക്കാൾ ഏറ്റവും ശക്തമായ നിലപാട് മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ മുന്നണിയാണ് ഇടതുപക്ഷം. എന്നാൽ ആ

വർഗ്ഗീയതയെ എതിർക്കുന്നതിന്റെ അത്രയും ഊക്കത്തിലോ അതിനേക്കാളേറെയോ ശക്തമായി നിങ്ങൾ ഞങ്ങളുടെ നേരെയാണ് കടന്നുവരുന്നതെന്ന് കാണാൻ കഴിയും. ആർ.എസ്.എസ്.-നെക്കാളും എസ്.ഡി.പി.ഐ.-യെക്കാളും പോപ്പുലർ ഫ്രണ്ടിനെക്കാളും രൂക്ഷമായി എതിർക്കേണ്ട ഒന്നാണോ കേരളത്തിലെ ഇടതുപക്ഷമെന്ന് ഇവിടെ സംസാരിച്ച ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അടക്കമുള്ളവർ ആലോചിക്കുന്നത് നല്ലതാണ്. നിങ്ങളെല്ലാം മുതിർന്ന ആളുകളാണ്. നിങ്ങൾക്കെല്ലാം സ്വാഭാവികമായും അത്തരം കാര്യം കൂടി ചിന്തിക്കാൻ കഴിയണമെന്നാണ് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. കോൺഗ്രസ്സിന്റെ, യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ നിലപാട് എന്താണെന്ന കാര്യം ഗൗരവമായി ഈ അവസരത്തിൽ ചർച്ച നടത്തേണ്ടതാണ്. 19 പ്രാവശ്യം സ്വർണ്ണം കടത്തിയ കേസിലെ പ്രതി എല്ലാ ദിവസവും പത്രക്കാരെക്കണ്ട് 'വായിൽ തോന്നുന്നത് കോതയ്ക്ക് പാട്ട്' എന്ന നിലയിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ യു.ഡി.എഫ്.ന്റെയും പ്രത്യേകിച്ച് കോൺഗ്രസ്സിന്റെയും രാഷ്ട്രീയ നിലപാടെന്താണ്? അവർ പറയുന്നതിന്റെ പിന്നാലെ തൂങ്ങാൻ മാത്രമായി കേരളത്തിലെ കോൺഗ്രസ് പരിമിതപ്പെട്ട് പോകുന്നില്ലേ; അതാണോ നിങ്ങളുടെ രാഷ്ട്രീയ നിലപാട്;

നിങ്ങളുടെ ഹൈക്കമാന്റ് ശ്രീമതി സോണിയാ ഗാന്ധിയാണോ അതോ ശ്രീ. രാഹുൽ ഗാന്ധിയാണോ? ഈ രണ്ടുപേരുമല്ല. സാക്ഷാൽ സ്വപ്ന സുരേഷാണ് കേരളത്തിലെ കോൺഗ്രസ്സിന്റെ ഹൈക്കമാന്റെന്ന് ബോധ്യപ്പെടുത്തുന്ന രൂപത്തിലാണ് എപ്പോഴും നിങ്ങൾ നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതൊരു ഗതികേടാണ്. എന്തെല്ലാം കുറവുണ്ടെങ്കിലും കോൺഗ്രസ്സിനെക്കുറിച്ച് ഞങ്ങൾക്ക് ചില സങ്കൽപ്പങ്ങളൊക്കെയുണ്ട്. പക്ഷേ ഇന്നത്തെ കേരളത്തിലെ പ്രതിപക്ഷനിരയുടെയും നേതൃത്വത്തിന്റെയും കാലത്ത് ഇത്തരമൊരു ഗതികെട്ട അവസ്ഥയിലേയ്ക്ക്, ഒരു രാഷ്ട്രീയ നിലപാടുമില്ലാതെ, രാഷ്ട്രീയ ലൈനുമില്ലാതെ ഏതെങ്കിലും കള്ളക്കേസ്സിലെ പ്രതികൾ പറയുന്ന വാക്കുമാത്രം രാഷ്ട്രീയ നിലപാടായി അംഗീകരിച്ച് കേരളത്തിലെ പൊതുസമൂഹത്തിലേയ്ക്ക് മാന്യന്മാരെ ആക്ഷേപിക്കാൻ ഇറങ്ങിപുറപ്പെടുന്ന രാഷ്ട്രീയത്തെ, അശ്ലീല കോൺഗ്രസ്സിനെ അവജ്ഞയോടെ കേരളം തള്ളിക്കളയുമെന്ന കാര്യം നിങ്ങൾ മറന്നുപോകരുതെന്നാണ് സൂചിപ്പിക്കാനുള്ളത്. എന്താണ് നിങ്ങളുടെ ഡിമാന്റെന്ന് ഞങ്ങൾ ചോദിക്കുമ്പോൾ പ്രതിപക്ഷനേതാവ് പറയുന്ന കാര്യമെന്താണ്? സ്വർണ്ണക്കടത്ത് കേസിലെ പ്രതി പറയുന്ന കാര്യങ്ങൾ കോടതിയുടെ

നിരീക്ഷണത്തിൽ അന്വേഷിക്കപ്പെടണമെന്നാണ്. ആര് അന്വേഷിക്കണം; കേന്ദ്ര ഏജൻസി അന്വേഷിക്കണം എന്നാണ് പറയുന്നത്. ഒറ്റ ദിവസമേ പറഞ്ഞുള്ളൂ. പിന്നെ പറഞ്ഞില്ല. നിങ്ങളുടെ ആരാധ്യനായ നേതാവ് ശ്രീ. രാഹുൽ ഗാന്ധിയെ നിങ്ങൾക്ക് ഒറ്റ ദിവസമേ വേണമായിരുന്നുള്ളൂ. പിന്നെ വേണ്ടായിരുന്നു. അദ്ദേഹത്തെ ഏതാണ്ട് 50 മണിക്കൂറിലേറെ ഇ.ഡി. ചോദ്യം ചെയ്തു. ശ്രീമതി സോണിയാ ഗാന്ധിയും ശ്രീ. രാഹുൽ ഗാന്ധിയും പ്രതിസ്ഥാനത്ത് എത്തപ്പെടുന്ന, ഇ.ഡി. അന്വേഷിക്കുന്ന കേസ് കോടതി നിരീക്ഷണത്താൽ അന്വേഷിക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ എന്തുകൊണ്ട് പറയുന്നില്ല? എന്നുപറഞ്ഞാൽ സ്വപ്ന സുരേഷിനെക്കാളും താഴെയാണ് സാക്ഷാൽ രാഹുൽ ഗാന്ധിയെന്ന് ആവർത്തിച്ച് കേരളത്തെ നിങ്ങൾ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്ന് ഇതെല്ലാം വായിച്ചാൽ കൃത്യമായി മനസ്സിലാക്കാൻ കഴിയും. ആർ.എസ്.എസ്.-ന്റെ ആയുധമായ സ്വപ്നയോട് കാണിക്കുന്ന സ്നേഹത്തിന്റെ ഒരു ചെറിയ അംശമെങ്കിലും നിങ്ങളുടെ നേതാക്കളോട് കാണിക്കണമെന്നാണ് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. അദ്ദേഹം ഇന്നലെ പ്രസ് മീറ്റ് നടത്തിയ സമയത്ത് കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞൊരു വാക്കുണ്ട്.

ഏത് സംസ്കാരമാണത്; അദ്ദേഹത്തിൽനിന്നും അതിനപ്പുറമുള്ള സംസ്കാരം പ്രതീക്ഷിക്കുന്നത് തെറ്റാണെന്നാണ് ഇപ്പോൾ വിചാരിക്കുന്നത്. നേരത്തേ ശ്രീ. കെ. വി. സുമേഷ് ചർച്ചയുടെ ഭാഗമായി പറഞ്ഞില്ലേ; അപ്പോൾ രണ്ടു സിനിമകൾ ഓർമ്മവരും. ഒന്ന്, ക്ലാസ്മേറ്റ്സ് സിനിമയാണ്; അതിനകത്തും ഏതാണ്ട് ഇതേ പേരാണ്. കഞ്ഞിക്കുഴി സതീശൻ എന്നതാണ് പ്രധാന കഥാപാത്രം. മറ്റൊന്ന്, വെള്ളിമൂങ്ങ എന്ന സിനിമയാണ്. മാമച്ചൻ എന്നാണ് കഥാപാത്രത്തിന്റെ പേര്. ഈ രണ്ട് കഥാപാത്രത്തെയും ഓർമ്മിപ്പിക്കും പോലെയല്ലേ കേരളത്തിലെ പ്രതിപക്ഷനേതാവ് പെരുമാറുന്നത്. കൂപമണ്ഡൂകം എന്ന നിരയിലേയ്ക്ക് കേരളത്തിലെ ആരാധ്യനായ മുഖ്യമന്ത്രിയെ വിളിക്കാൻ എങ്ങനെ നാവ് പൊങ്ങി; എന്താണ് ഞങ്ങൾ നിങ്ങളെക്കുറിച്ച് പറയേണ്ടത്? നിങ്ങൾ പറയുന്ന വാക്കുകേട്ടാൽ ആരാണ് കൂപമണ്ഡൂകമെന്നുള്ള കാര്യം നാടിന് മനസ്സിലാകുകയില്ലേ; വിമാനത്തിലെ പ്രശ്നമുണ്ടായപ്പോൾ തെറ്റായിപ്പോയി എന്നൊരു വാക്ക് നിങ്ങൾ പറഞ്ഞില്ല, ഒരു നേതാക്കളും പറഞ്ഞില്ല. മുഖ്യമന്ത്രിയ്ക്കുനേരെ നടന്ന സംഭവമാണ്. ട്രെയിനിലാകാമെങ്കിൽ പിന്നെന്തേ ഫ്ലൈറ്റിൽ പറ്റില്ല എന്നല്ലേ നിങ്ങൾ ചോദിച്ചത്? എന്നാൽ യു.ഡി.എഫ്. നേതാക്കളെല്ലാം പ്രത്യേകമായി ചാർട്ട് ചെയ്ത് ഡൽഹിയിൽ പോകുമ്പോൾ വിമാനത്തിന്റെ ഡോർ തുറന്നുവച്ച്

അതിന്റെ പടിയിൽ കുത്തിയിരുന്ന് യാത്ര ചെയ്യാമെന്ന് തീരുമാനിക്കു. ട്രെയിനിനകത്താകുമ്പോൾ ഡോർ തുറന്ന് അതിന്റെ പടിയിലിരിക്കാം. ട്രെയിനിലാകാമെങ്കിൽ വിമാനത്തിൽ എന്തുകൊണ്ട് ആയിക്കൂടായെന്ന ചോദ്യം ചോദിക്കുന്ന ശ്രീ. വി. ഡി. സതീശൻ പ്രതിപക്ഷനേതാവാണോ? ആരാണ് കൂപമണ്ഡൂകമെന്ന് കേരളത്തിന് കൃത്യമായി അറിയാം. ഇന്നലെകളിൽ ഒരുപാടുപേർ ഇരുന്ന സീറ്റിലിരുന്ന് വകതിരിവില്ലാതെ ഇങ്ങനെയെല്ലാം പെരുമാറുമ്പോൾ, പ്രതിപക്ഷനിരയിൽത്തന്നെ മുൻ മുഖ്യമന്ത്രിയില്ലേ; കുറച്ചുകൂടി സീനിയർ നേതാക്കന്മാരില്ലേ; എന്തെങ്കിലും വർത്തമാനം ചെവിയിൽ പറഞ്ഞുകൊടുക്കണമെന്ന് എന്തുകൊണ്ട് തോന്നുന്നില്ലെന്നാണ് ഞങ്ങൾ ചോദിക്കുന്നത്. നിങ്ങൾ ഇപ്പോൾ മുന്നണി വിപുലമാക്കിക്കൊണ്ടിരിക്കുകയാണ്. ദീർഘമായി പറയേണ്ടതില്ല. കേരള കോൺഗ്രസ് (എം) വിഭാഗം എൽ.ഡി.എഫ്.-ന്റെ ഭാഗമായി. എൽ.ജെ.ഡി. നിങ്ങളെവിട്ട് ഞങ്ങളുടെ ഭാഗമായി. ഞങ്ങളുടെ രാഷ്ട്രീയ ലൈൻ അംഗീകരിച്ച് നിലപാടുസ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. മുന്നണി വിപുലപ്പെടുത്താൻ നിങ്ങൾ ആരെയാണ് കൂട്ടുപിടിക്കുന്നത്? പ്രധാനപ്പെട്ട ഒരാൾ ശ്രീ. പി. സി. ജോർജ്ജാണ്. പിന്നെ ക്രൈം നന്ദകുമാർ, സ്വപ്ന സുരേഷ്, സരിത്ത് ഇങ്ങനെ കുറച്ചാളുകൾ. കേരളം വെറുപ്പോടെ കാണുന്ന,

അശ്ലീലച്ചുവയോടുകൂടി മാത്രം കേരളം പരാമർശിക്കപ്പെടുന്ന ഇത്തരം ആളുകൾ കൂടിച്ചേർന്ന് യു.ഡി.എഫ്. എന്ന സംവിധാനത്തെ വിപുലപ്പെടുത്തി മുന്നോട്ടുപോകാൻ കഴിയുമോയെന്ന പരീക്ഷണത്തിന്റെ ഭാഗമായാണ് പ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവർ മുന്നോട്ടുപോകുന്നതെന്ന് കാണാൻ കഴിയും. അതുകൊണ്ട് നിങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഈ അശ്ലീല രാഷ്ട്രീയത്തെ ശക്തമായി തോൽപ്പിക്കാനുള്ള മനക്കരുത്ത് കേരളം ഭരിക്കുന്ന ഇടതുപക്ഷ മുന്നണിക്കുണ്ടെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ധനാഭ്യർത്ഥന ചർച്ച ഇപ്പോൾ നിർത്തിവയ്ക്കുകയാണ്. അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാം. അതിനുമുമ്പായി നേരത്തേ മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ സഭയിൽ ഉന്നയിച്ചതും ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെ മറ്റ് നിരവധി എം.എൽ.എ.മാർ കത്ത് മുഖേന ചെയറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതുമായ പ്രശ്നങ്ങളെ സംബന്ധിച്ച് വിശദമായ ഒരു റൂളിംഗ് നൽകുന്നത് ഉചിതമാണെന്ന് ചെയർ കരുതുന്നു.

## VIII. റൂളിംഗ്

### മാധ്യമങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തൽ, സഭാ നടപടികളുടെ സംപ്രേക്ഷണം, സഭയിലെ വീഡിയോ ദൃശ്യങ്ങൾ പകർത്തി പുറത്തുനൽകിയത് എന്നിവ സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ഇന്നലെ, 2022 ജൂൺ 27-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ചില പൊതുവായ പരാതികളിന്മേൽ ഒരു വിശദീകരണം സഭാതലത്തിൽത്തന്നെ നൽകുന്നത് ഉചിതമായിരിക്കുമെന്ന് ചെയർ കരുതുന്നു.

കഴിഞ്ഞ ദിവസം സഭാസമ്മേളനം ആരംഭിക്കുന്നതിനു മുമ്പുതന്നെ മാധ്യമങ്ങളെ നിയമസഭയിൽ പ്രവേശിക്കുന്നതിൽനിന്നും വിലക്കിയിരിക്കുന്നു എന്ന തരത്തിലുള്ള തെറ്റായ വാർത്ത ആസൂത്രിതമായി ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുകയുണ്ടായി. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ചെയർ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുകയുണ്ടായി. സമീപകാലത്ത് നിയമസഭാ പരിസരത്തേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച് ചില വിവാദങ്ങളുണ്ടായ സാഹചര്യത്തിൽ, സഭാ മന്ദിരത്തിൽ പ്രവേശിക്കുന്ന മാധ്യമപ്രവർത്തകർ ഉൾപ്പെടെ എല്ലാവരുടെയും പാസ്സ് നിർബന്ധമായും പ്രദർശിപ്പിക്കണമെന്ന കർശന നിലപാട് സ്വീകരിച്ചതിന്റെയും ബഹുമാനപ്പെട്ട മന്ത്രിമാരുടെയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും

ഓഫീസുകളിലേയ്ക്കുള്ള മാധ്യമപ്രവർത്തകരുടെ പ്രവേശനത്തിന്റെ കാര്യത്തിൽ സംഭവിച്ച ചില ഇടപെടലുകളുടെയും ഫലമായാണ് ഇത്തരത്തിൽ പെരുപ്പിച്ച നിലയിൽ ഒരു വാർത്ത പ്രചരിക്കാനിടയായതെന്നാണ് അന്വേഷണത്തിൽ വ്യക്തമായത്. നിയമസഭാ മന്ദിരത്തിലെ മീഡിയാ റൂം ഒഴികെയുള്ള സ്ഥലങ്ങളിൽ വീഡിയോ ചിത്രീകരണത്തിന് നിബന്ധനകളോടെ മാത്രമേ മുമ്പും അനുമതി നൽകാറുള്ളൂ എന്നതാണ് വസ്തുത. ഈ വസ്തുത തമസ്കരിച്ചായിരുന്നു ഇന്നലത്തെ മാധ്യമ വാർത്തകൾ വന്നത്. വീഡിയോ ക്യാമറ കൂടാതെയും അംഗീകൃത പ്രസ് പാസ് പ്രദർശിപ്പിച്ചുകൊണ്ടും മാധ്യമ പ്രവർത്തകർക്ക് നിയമസഭാ മന്ദിരത്തിനുള്ളിലെ ഏതൊരു ഭാഗത്തേയ്ക്കും പ്രവേശിക്കുന്നതിന് നിലവിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ലെന്ന് അറിയിക്കുന്നു. അഞ്ചാം സമ്മേളനത്തിന്റെ ആദ്യ ദിവസമായ തിങ്കളാഴ്ച സഭാ ടി.വി. വഴി സംപ്രേക്ഷണം ചെയ്ത നിയമസഭാ നടപടികളിൽനിന്നും പ്രതിപക്ഷ പ്രതിഷേധത്തിന്റെ ദൃശ്യങ്ങൾ മനപ്പൂർവ്വം ഒഴിവാക്കിയെന്ന നിലയിൽ വിവിധ മാധ്യമങ്ങളിൽ വാർത്ത വന്നതിനുപുറമെ യു.ഡി.എഫ്. പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. പി. സി. വിഷ്ണുനാഥ് പ്രത്യേക പരാതിയും ചെയറിന് നൽകിയിരുന്നു. ഇക്കാര്യവും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി.

സഭാ നടപടികൾ ടെലികാസ്റ്റ് ചെയ്യുന്നത് സംബന്ധിച്ച് നമ്മുടെ സഭയിൽ ആദ്യമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത് 2002-ലാണ്. " Instructions on Broadcasting and Telecasting of Governor's Address and Assembly Proceedings" എന്ന രേഖപ്രകാരം സഭാനടപടികൾ അനുസരിച്ച് ആർക്കാണോ സംസാരിക്കുവാൻ അവസരം ലഭ്യമായിരിക്കുന്നത് അവരുടെ ദൃശ്യങ്ങൾ മാത്രമേ ആ ആവസരത്തിൽ ടെലികാസ്റ്റ് ചെയ്യാൻ പാടുള്ളൂ. ഇവിടെ പരാമർശ വിധേയമായ ഇന്നലത്തെ ചോദ്യോത്തരവേളയിലേയ്ക്ക് കടന്നപ്പോൾ ശ്രീ. എം. മുകേഷിന്റെ ചോദ്യത്തിന് മറുപടി നൽകാൻ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയെ ക്ഷണിക്കുകയും അദ്ദേഹം മറുപടി പറയാൻ എഴുന്നേൽക്കുകയും ചെയ്ത സാഹചര്യത്തിലാണ് അദ്ദേഹത്തിന്റെ ദൃശ്യങ്ങൾ മാത്രം സംപ്രേക്ഷണം ചെയ്തത്. പ്രതിപക്ഷനിരയിൽ പ്രതിഷേധത്തിന്റെ ഭാഗമായിട്ടുള്ള ക്രമമില്ലായ്മ നിലനിന്നിരുന്ന സാഹചര്യത്തിലാണ് ആ ദൃശ്യങ്ങളൊന്നും ടെലികാസ്റ്റ് ചെയ്യാതിരുന്നത്. ഭരണപക്ഷത്തുനിന്നുള്ള പ്രതിഷേധ ദൃശ്യങ്ങളും സംപ്രേക്ഷണം ചെയ്തിരുന്നില്ലെന്ന വസ്തുതയും വിസ്മരിച്ചുകൂടാ. ഏത് പക്ഷം എന്നുനോക്കിയല്ല, സഭാനടപടികളനുസരിച്ചാണ് സംപ്രേക്ഷണം ചെയ്യുന്നത്.

ഇത് തികച്ചും 2002-ലെ മാർഗ്ഗനിർദ്ദേശങ്ങളുടെ ഭാഗമായിട്ടുകൂടിയാണ്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 15, 19 എന്നിവ താഴെപ്പറയും പ്രകാരമാണ്.

15. On occasions of disorder or unparliamentary behavior, the cameras shall focus on the Speaker until orders has been restored.

19. The proceedings of the Assembly shall be fairly and accurately reported so as to project the dignity of the House and its function as a working body rather than a place of establishment.

മാർഗ്ഗനിർദ്ദേശങ്ങളിൽ ഖണ്ഡിക 20, 21 എന്നിവയായി താഴെപ്പറയും പ്രകാരവും വ്യവസ്ഥകൾ ചേർത്തിട്ടുണ്ടെന്ന് അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സഭാ ദൃശ്യങ്ങൾ വളരെ വ്യാപകമായി ദുർവിനിയോഗം ചെയ്ത് ചില മുതിർന്ന അംഗങ്ങളുടെ അനാരോഗ്യവും അവശതയുംമൂലമുള്ള ബുദ്ധിമുട്ടുകളെപ്പോലും ക്രൂരമായി പരിഹസിക്കുന്ന പരിപാടികൾ മുഖ്യധാരാ ചാനലുകളിൽ കാണിച്ചതായും സാമൂഹിക മാധ്യമങ്ങളിലും അത് വ്യാപകമായി ഉപയോഗിക്കുന്നതായും പൊതുജന മധ്യത്തിൽ അവഹേളിക്കുന്നതായും ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ നിരവധി അംഗങ്ങൾ ചെയറിനോട് പരാതിപ്പെട്ടിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ

മാർഗ്ഗനിർദ്ദേശങ്ങളിലെ താഴെപ്പറയുന്ന ഖണ്ഡികകൾ ഏറെ പ്രസക്തമാണെന്ന് ചെയർ കരുതുകയാണ്.

20. The recordings shall not be used for satire or ridicule.

21. The recordings shall not be utilized for advertisements, election campaign or commercial purposes. ഈ സാഹചര്യവും സഭാ ടി.വി. വഴിയുള്ള സംപ്രേക്ഷണം അനിവാര്യമാക്കുന്നു.

മാർഗ്ഗനിർദ്ദേശങ്ങളിൽ occasional group shots may be taken either for the purpose of showing the reaction of a group of members or in order to establish the geography of a particular part of the Chamber എന്ന് ഖണ്ഡിക 10-ൽ പരാമർശിച്ചിട്ടുള്ള സാഹചര്യത്തിൽ അത്തരം wide angle shot-കൾ കൂടി കാണിക്കുന്ന നിലവിലെ രീതി ഭാവിയിലും തുടരുന്നതാണെന്നുകൂടി ഇത്തരുണത്തിൽ അറിയിക്കുന്നു. ഏറ്റവും ഒടുവിലായി, Breach of Violation of any of the conditions mentioned above would involve action under the relevant provisions relating to breach of agreement misconduct or breach of privilege of the House എന്ന് ഖണ്ഡിക 24-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന കാര്യവും പ്രത്യേകമായി ചൂണ്ടിക്കാണിക്കാൻ ചെയർ ആഗ്രഹിക്കുകയാണ്.

സഭാനടപടികളുടെ സംപ്രേക്ഷണവുമായി ബന്ധപ്പെട്ട് എല്ലാവർക്കും ഒരുപോലെ ബാധകമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സംപ്രേക്ഷണം ചെയ്ത ദൃശ്യങ്ങളിൽ അപാകത ഉണ്ടായിട്ടുള്ളതായ ആക്ഷേപം വസ്തുതാപരമല്ലെന്ന് ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുകയാണ്. അതോടൊപ്പം ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ, ചെയറിന് നൽകിയ കത്തിൽ അഞ്ചാം സമ്മേളനത്തിന്റെ ആദ്യ ദിവസം അസാധാരണമായ നടപടികൾക്കാണ് സഭ സാക്ഷ്യം വഹിച്ചതെന്നും സഭയുടെ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിക്കുവാൻ ബാധ്യതപ്പെട്ട പ്രതിപക്ഷ സാമാജികർ തികച്ചും നിരുത്തരവാദപരമായ സമീപനമാണ് സഭാതലത്തിൽ സ്വീകരിച്ചതെന്നും അറിയിച്ചിരുന്നു. നിയമസഭയ്ക്കുള്ളിൽ മൊബൈൽ ഫോണുകൾ ഉപയോഗിച്ച് ദൃശ്യങ്ങൾ പകർത്തുന്നത് പെരുമാറ്റചട്ടങ്ങളുടെ ചട്ടം 4 (xx)-ന്റെ ലംഘനമാണെന്നിരിക്കേ ചില അംഗങ്ങൾ അപ്രകാരം ദൃശ്യങ്ങൾ പകർത്തുകയും പുറത്തെ മാധ്യമങ്ങൾക്ക് നൽകുകയും ചെയ്തതുമൂലം സഭയുടെ അന്തസ്സ് കളങ്കപ്പെടുത്തിയിരിക്കുകയാണെന്നും അവർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. ചെയർ ഇക്കാര്യം വിശദമായി

പരിശോധിക്കുകയുണ്ടായി. സഭാംഗങ്ങളുടെ ഭാഗത്തുനിന്ന് മാത്രമല്ല മീഡിയാ ഗ്യാലറിയിലിരുന്ന ചില മാധ്യമ പ്രവർത്തകരും ഇത്തരത്തിൽ മൊബൈൽ ഫോണിലൂടെ ദൃശ്യങ്ങൾ പകർത്തി മാധ്യമങ്ങൾക്ക് നൽകിയതായാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതുരണ്ടും ചെയ്തതായി ഇന്ന് ചില വാർത്താ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഇത് അതീവ ഗൗരവമുള്ള നടപടിയായായാണ് ചെയർ കാണുന്നത്.

ഏതെങ്കിലും തരത്തിലുള്ള പ്രതിഷേധത്തിന്റെ ഭാഗമാണെങ്കിൽക്കൂടി സഭാ ഹാളിനുള്ളിലെ ദൃശ്യങ്ങൾ പകർത്തി, അതു സഭ സമ്മേളിക്കുമ്പോഴാണെങ്കിലും അല്ലെങ്കിലും, ദൃശ്യമാധ്യമങ്ങൾക്ക് നൽകുന്നത് സഭയോടുള്ള അവഹേളനമായി കാണേണ്ടതുതന്നെയാണ്. അതുപോലെ മാധ്യമ പ്രവർത്തകർകൂടി ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവെന്നത് അങ്ങേയറ്റം അപലപനീയമായ ഒരു കാര്യമായി കാണുകയാണ്. മാധ്യമ പ്രവർത്തകരിൽ ചിലർ തങ്ങൾക്ക് അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യം ഈ വിധത്തിൽ ഒരു വശത്ത് ദുരുപയോഗിക്കുകയും മറുവശത്ത് സഭാ ചട്ട പ്രകാരമുള്ള നടപടികളെ വിലക്കായി ചിത്രീകരിക്കുകയും ചെയ്യുന്നത് സത്യാനന്തര പ്രചരണ രീതിയാണ്. മാധ്യമ സ്വാതന്ത്ര്യം

ഉത്തരവാദിത്വത്തോടെ വിനിയോഗിക്കാൻ മാധ്യമ പ്രവർത്തകർ ശ്രദ്ധിക്കേണ്ടതാണ്.

ഭാവിയിൽ ഇത്തരത്തിലുള്ള നിരുത്തരവാദപരമായ നടപടികൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും അവർക്കെതിരെ അവകാശലംഘനത്തിന് ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നുകൂടി ഓർമ്മിപ്പിക്കുന്നു. മാധ്യമങ്ങൾ അവരുടെ സ്വാതന്ത്ര്യം ഉത്തരവാദിത്വത്തോടെയും നീതിപൂർവ്വകമായും വിനിയോഗിക്കുന്നതിന് ഒരു തടസ്സവും കേരള നിയമസഭയിലുണ്ടായിരിക്കില്ല. ജനാധിപത്യപരമായ സംവാദങ്ങൾക്ക് വേദിയാകേണ്ട സഭാതലവും അതിനായി വിനിയോഗിക്കപ്പെടേണ്ട വിലയേറിയ സമയവും വേണ്ടവിധം വിനിയോഗിക്കാൻ അംഗങ്ങളും മാധ്യമ പ്രവർത്തകരും ഉൾപ്പെടെയുള്ള എല്ലാവരുടെയും പിന്തുണ ചെയർ പ്രതീക്ഷിക്കുകയാണ്.

ഓർഡർ... ഓർഡർ....

**[1.00 PM]**

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മാധ്യമ പ്രവർത്തകർക്ക് ഐഡന്റിറ്റി കാർഡ് പ്രദർശിപ്പിച്ചുകൊണ്ട് നിയമസഭയിലെവിടെയും പോകുന്നതിന് ഒരു തടസ്സവുമുണ്ടാകില്ലെന്ന് അങ്ങ്

അസന്ദിഗ്ദ്ധമായി പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അതേ അവസരത്തിൽ, ഇന്നലെ ഈ ഫ്ലോറിൽ മാധ്യമ പ്രവർത്തകരുടെ സാന്നിദ്ധ്യത്തിന് അങ്ങ് തടസ്സം നിൽക്കുകയുണ്ടായി. അവരെ തടയുകയുണ്ടായി. പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽ വന്ന മാധ്യമ പ്രവർത്തകരെ തടയുകയുണ്ടായി. പിന്നീട് ബഹുമാനപ്പെട്ട സ്പീക്കർ അറിഞ്ഞ് ഇടപെടുകയായിരുന്നു. രണ്ടാമത്തെ കാര്യം, പ്രതിപക്ഷം സമരം ചെയ്യുന്നത് സഭാ ടി.വി.യിൽ കാണിച്ചില്ലെന്നുള്ളത് ശരിയാണ്. പക്ഷെ, ഭരണകക്ഷി അംഗങ്ങൾ എഴുന്നേറ്റുനിന്ന് പ്രതിഷേധം പ്രകടിപ്പിക്കുന്നത് സഭാ ടി.വി. വഴി സംപ്രേക്ഷണം ചെയ്തുവെന്നുള്ളത് യാഥാർത്ഥ്യമാണ്.

മി. സ്പീക്കർ: എല്ലാം റൂളിംഗിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അതുകൊണ്ട് ചർച്ചയിലേയ്ക്ക് പോകേണ്ടതില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് ഇന്നലെ നടന്ന കാര്യമാണ്. ഇന്നലെ പ്രതിപക്ഷത്തിന്റെ പ്രതിഷേധം സഭാ ടി.വി.യിലൂടെ കാണിക്കാതിരിക്കുകയും അതുപോലെ ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങൾ എഴുന്നേറ്റുനിന്ന് പ്രതിഷേധിക്കുന്ന രംഗം സഭാ ടി.വി.യിലൂടെ സംപ്രേക്ഷണം ചെയ്യുകയും ചെയ്തു. ഞാൻ അങ്ങയുടെ മുമ്പിൽ തെളിവുകൾ ഹാജരാക്കാം.

മി. സ്പീക്കർ: റൂളിംഗിനെ സംബന്ധിച്ച് അങ്ങേയ്ക്ക് അറിയാവുന്ന

കാര്യമാണ്. സാധാരണ ചർച്ച അനുവദിക്കാറില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ റൂളിംഗിനെ ചോദ്യം ചെയ്യുന്നില്ല. ഇന്നലെ നടന്നതിന്റെ യാഥാർത്ഥ്യം അറിയാതെ പോകരുത്. ഞാൻ പറഞ്ഞുതീരട്ടെ. അതുകൊണ്ട് എനിക്ക് അങ്ങയോടുള്ള അഭ്യർത്ഥന (.....ബഹളം......) ബഹുമാനപ്പെട്ട മന്ത്രിമാരൊക്കെ മര്യാദ കാണിക്കു.

മി. സ്പീക്കർ: നമുക്ക് അടിയന്തര പ്രമേയത്തിലേയ്ക്ക് കടക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കട്ടെ. (.....ബഹളം......)

മി. സ്പീക്കർ: ദയവായി എല്ലാവരും സഹകരിക്കു. സാധാരണ സഭയിൽ പ്രതിപക്ഷനേതാവ് എപ്പോൾ എണീറ്റാലും മൈക്ക് അനുവദിക്കാറുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, മന്ത്രിമാർ ഇങ്ങനെ എഴുന്നേറ്റുനിന്ന് തടസ്സപ്പെടുത്തിയാൽ എങ്ങനെ സംസാരിക്കാൻ കഴിയും?

മി. സ്പീക്കർ: എല്ലാ അംഗങ്ങളും ഇരിക്കേണ്ടതാണ്. കാര്യങ്ങളെല്ലാം റൂളിംഗിൽ വ്യക്തമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരം വേഗത്തിൽ അവസാനിപ്പിക്കണം. പ്ലീസ് കൺക്ലൂഡ്....എല്ലാവരോടും ഇരിക്കാൻ ചെയർ ആവശ്യപ്പെടുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ട് മന്ത്രിമാർ എഴുന്നേറ്റ്

നിൽക്കുകയാണ്. എന്തൊരു മര്യാദയാണിത്?

മി. സ്പീക്കർ: അത് മുൻകൂട്ടി കണ്ടുകൊണ്ടാണ് ഇതിലേയ്ക്ക് പോകേണ്ടതില്ലെന്ന് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ സംസാരിക്കുന്നത് എന്റെ അവകാശമാണ്. ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ എവിടെയാണ് പോയിന്റ് ഓഫ് ഓർഡർ? ഞാൻ ഒരു വാചകംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

മി. സ്പീക്കർ: അങ്ങ് വേഗം സംസാരം അവസാനിപ്പിക്കൂ. ദയവായി ചെയറിനെ അഭിസംബോധന ചെയ്യൂ.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് സഭാ ടി.വി. ഒരുപാട് ആരോപണങ്ങളിൽപ്പെടുകയാണ്. അതുകൊണ്ട് പ്രത്യേക ശ്രദ്ധ സഭാ ടി.വി.യുടെ കാര്യത്തിലുണ്ടാകണം. അത് നിഷ്പക്ഷമായി സംപ്രേക്ഷണം ചെയ്യാൻ നടപടി സ്വീകരിക്കണം.

<u>മി. സ്പീക്കർ</u>: ഇത്തരം കാര്യങ്ങൾ റൂളിംഗിന് മുകളിൽ ചർച്ച ചെയ്യേണ്ട വിഷയമല്ല. പ്ലീസ്... പുതിയ കീഴ്വഴക്കം ഇപ്പോൾ സൃഷ്ടിക്കപ്പെടുകയാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, റൂളിംഗ് നൽകിയതിനുശേഷം ചർച്ച നടത്താറുണ്ടോ?

<u>മി. സ്പീക്കർ</u>: റൂളിംഗിന് മുകളിൽ ചർച്ച അനുവദിക്കാറില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു പ്രശ്നം ഉന്നയിച്ചതുകൊണ്ടാണ് മന്ത്രിമാരെ അനുവദിക്കേണ്ടിവന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, റൂളിംഗ് സംബന്ധിച്ച്, അതിന്റെ ഉള്ളടക്കത്തെ പരാമർശിച്ച് ബഹുമാന്യനായ ചെയർ പറഞ്ഞ കാര്യങ്ങൾ തെറ്റാണെന്ന് സ്ഥാപിക്കുന്നത് അങ്ങേയറ്റം തെറ്റായ രീതിയാണ്. ആ റൂളിംഗിനകത്തുള്ള വളരെ ഗൗരവമായൊരു പരാമർശം പ്രതിപക്ഷാംഗങ്ങൾ റെക്കോർഡ് ചെയ്ത് പുറത്തേയ്ക്ക് നൽകിയെന്നുള്ളത് ഗുരുതരമായ ലംഘനമാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പാർലമെന്ററി കാര്യങ്ങളെക്കുറിച്ച് നല്ല അവഗാഹമുള്ള ആളായതുകൊണ്ട് അങ്ങനെ പറ്റിയ തെറ്റ് സമ്മതിച്ചുകൊണ്ട് ഇനി ആവർത്തിക്കില്ലെന്ന് പറയുന്നതിന് ഈ സന്ദർഭം വിനിയോഗിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. അത് വളരെ തെറ്റായ രീതിയായിപ്പോയി.

## IX അടിയന്തരപ്രമേയ ചർച്ച

### സ്വർണ്ണക്കടത്ത് കേസ് അട്ടിമറി

മി. സ്പീക്കർ: ഓർഡർ....ഓർഡർ....ശ്രീ. ഷാഫി പറമ്പിൽ അങ്ങേയ്ക്ക് അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണം എന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണം എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ അങ്ങേയ്ക്ക് സംസാരിക്കാം. അടിയന്തരപ്രമേയത്തിന്റെ ചർച്ചയിൽ പങ്കെടുക്കുന്ന എല്ലാ അംഗങ്ങളും ധനാഭ്യർത്ഥന ചർച്ചയിൽ പിന്തുടർന്ന അതേ മാതൃക തുടരണം. നല്ല നിലയിലാണ് ആ ചർച്ച നടന്നത്. എല്ലാവരും സമയ ക്ലിപ്തതയും സംയമനവും പൊതുവിൽ പാലിച്ചിട്ടുണ്ട്. അത് ഇവിടെയും പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സമയം കർശനമായി പാലിക്കേണ്ടതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിലെ ജനങ്ങൾ അറിയേണ്ട ചില കാര്യങ്ങളുണ്ടെന്നും നാം ചർച്ച ചെയ്യാൻ പോകുന്ന കാര്യങ്ങൾ ജനങ്ങൾ അറിയണമെന്നുമുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാടിനെ

സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ 37 ദിവസക്കാലമായി ഞങ്ങൾക്ക് ഇതേ നിലപാട് തന്നെയാണ് ഉണ്ടായിരുന്നതെന്നുള്ളത് അദ്ദേഹത്തെ ഓർമ്മപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഞങ്ങളാരും ഞങ്ങളുടെ അടുക്കളയിൽ വച്ചുവേവിച്ച ഒരു വിവാദമോ, ഒരു പ്രശ്നമോ, ഒരു കേസ്സോ അല്ല ഇവിടെ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത് എന്നത് നിങ്ങൾക്ക് എല്ലാവർക്കുമറിയാം. കേരളത്തിലെ പ്രതിപക്ഷത്തിന്, ഐക്യജനാധിപത്യ മുന്നണിക്ക് ഒരു തരത്തിലും പ്രത്യേക അജണ്ടകളുള്ള ഒരു വെളിപ്പെടുത്തലുമില്ല. ഇനി നിങ്ങൾ ആരോപിക്കുന്ന മറ്റ് ആരോപണങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ, അത് തെളിയിക്കാൻ ഉത്തരവാദിത്തപ്പെട്ട, ബാധ്യതയുള്ള, അധികാരത്തിലിരിക്കുന്ന ആളുകളാണ് നിങ്ങളെല്ലാവരും. ഞാൻ കുറച്ച് ചോദ്യങ്ങൾ മാത്രം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ PREVENTION OF MONEY LAUNDERING ACT പ്രകാരം ഒരു കോടതിയുടെ മുമ്പാകെ സ്വർണ്ണക്കടത്ത് കേസ്സിൽ പ്രതി ചേർക്കപ്പെട്ടിട്ടുള്ള സ്വപ്ന സുരേഷ്, അവർ കസ്റ്റംസിനും കേന്ദ്ര ഏജൻസികൾക്കും നൽകിയ മൊഴിയിൽ കൃത്യമായ നടപടികളെടുക്കുന്നില്ലെന്ന് ആരോപിച്ച് ആ കോടതിയുടെ സമ്മതപ്രകാരം സി.ആർ.പി.സി. 164(5) സ്റ്റേറ്റ്മെന്റ് കൊടുക്കാൻ ആഗ്രഹിക്കുകയാണ്.

എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് മുമ്പാകെ അവർ സി.ആർ.പി.സി. 164(5) സ്റ്റേറ്റ്മെന്റ് കൊടുക്കുകയാണ്. അത് ഒരു oath ആണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട അംഗം ഇപ്പോൾ ഉദ്ധരിച്ചത് സി.ആർ.പി.സി. 164 (5) പ്രകാരമുള്ള സ്റ്റേറ്റ്മെന്റാണ്. അദ്ദേഹം നൽകിയ നോട്ടീസിനകത്തും സി.ആർ.പി.സി. 164 പ്രകാരം നൽകിയ മൊഴി എന്ന് കാണുന്നുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 295 അനുസരിച്ച് സഭയിൽ ഒരു രേഖയെ സംബന്ധിച്ചാണ് പരാമർശിക്കുന്നതെങ്കിൽ അത് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. സി.ആർ.പി.സി. 164 (5) പ്രകാരമാണെങ്കിൽ അത് ഈ രാജ്യത്തെ നിയമപ്രകാരം ഒരു രഹസ്യമൊഴിയാണ്. ആ രഹസ്യമൊഴി കോടതിയുടെ മുമ്പിൽ കൊടുത്തിരിക്കുന്നു. കോടതിയിൽ നൽകിയ മൊഴി കസ്റ്റംസ് ആവശ്യപ്പെട്ടിട്ട് കൊടുത്തിട്ടില്ല. കോടതിയിൽ നൽകിയ മൊഴി മറ്റ് ഏജൻസികൾക്ക് നൽകാൻ കഴിയില്ലെന്ന നിയമപ്രകാരമുള്ള സമീപനമാണ് കോടതി സ്വീകരിച്ചിരിക്കുന്നത്. ആ മൊഴി ഇവിടെ ക്വാട്ട് ചെയ്യുന്നു. ആ മൊഴി ഇപ്പോൾ അടുക്കളയിൽ വേവിച്ച് എടുത്തപ്പോൾ അവരുടെ കയ്യിൽ

നേരത്തെ ഈ പറയുന്ന ആൾ കൊടുത്തിട്ടുണ്ടെങ്കിൽ ശരി, അതുകൂടി മറ്റൊരു ഗൂഢാലോചനയുടെ ഭാഗമാണെങ്കിൽ ശരി. അല്ലെങ്കിൽ ഇങ്ങനെയൊരു മൊഴി പരാമർശിക്കുന്നത് വളരെ തെറ്റായ കീഴ്വഴക്കമാണ്. ചട്ടങ്ങളുടെ ലംഘനമാണ്. ആ മൊഴി അവരുടെ കയ്യിൽ കിട്ടിയിട്ടുണ്ടെങ്കിൽ അടുക്കളയിൽ എല്ലാം വേവിക്കുന്ന ആളുകളുടെ കൂട്ടത്തിൽ ഇവർ കൂടിയുണ്ട്. ഇവരാണ് വേവിക്കുന്നതിന് നേതൃത്വം നൽകുന്നതെന്ന് മനസ്സിലാക്കണം. ........ (ബഹളം).........

<u>മി. സ്പീക്കർ</u>: അദ്ദേഹം ചട്ടം ഉദ്ധരിച്ചാൽ ചെയറിന് അനുവദിക്കാം. അദ്ദേഹം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 295 ഉദ്ധരിച്ചു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഇവിടെ അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോൾ ഒരു കാരണവശാലും പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാറില്ല. രണ്ടാമത് അദ്ദേഹം പറഞ്ഞതിൽ ഒരു കാര്യവുമില്ല. ഇവിടെ മൊഴി ക്വാട്ട് ചെയ്തില്ല. ....(....ബഹളം....)

<u>മി. സ്പീക്കർ</u>: ശ്രീ. ഷാഫി പറമ്പിൽ അങ്ങ് സംസാരിക്കൂ.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഒരു ക്രമപ്രശ്നം ഉന്നയിക്കുന്നതിന്റെ

പേരിൽ ഇത്രയും അസ്വസ്ഥത ഭരണപക്ഷത്തിനുണ്ടാകുമെങ്കിൽ ഈ അടിയന്തരപ്രമേയം ചർച്ചയ്ക്ക് അനുവദിക്കേണ്ട കാര്യം തന്നെ ഉണ്ടായിരുന്നോ എന്നുള്ളത് പരിശോധിക്കണം. ഒരു ക്രമപ്രശ്നം ഉന്നയിക്കുമ്പോൾ അതിനകത്ത് രാഷ്ട്രീയ ആരോപണം കുത്തിനിറയ്ക്കുന്ന ആളുകൾ ഞങ്ങളെ ചട്ടം പഠിപ്പിക്കാൻ വരണ്ട. ഞങ്ങളാരും ഇവിടെ സി.ആർ.പി.സി. സ്റ്റേറ്റുമെന്റ് ക്വാട്ട് ചെയ്തിട്ടില്ല. കോടതിയിൽ സ്റ്റേറ്റുമെന്റ് നൽകിയെന്ന യാഥാർത്ഥ്യമാണ് ഇവിടെ സൂചിപ്പിച്ചത്. അത് ശരിയല്ലെന്ന് ആർക്കും പറയാൻ സാധിക്കില്ല. ആ സ്റ്റേറ്റുമെന്റിനകത്ത് കേരളത്തിലെ മുഖ്യമന്ത്രിക്കെതിരെ, അദ്ദേഹത്തിന്റെ പ്രിയപ്പെട്ട കുടുംബാംഗങ്ങൾക്കെതിരെ ഗുരുതരമായ ആരോപണങ്ങളുണ്ടെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. അടിയന്തരപ്രമേയം ചർച്ചയ്ക്കെടുത്തത് തെറ്റായിപ്പോയെന്ന ധാരണയുണ്ടെങ്കിൽ അത് തുറന്നുപറയാൻ തയ്യാറാകണം. അല്ലാതെ സഭ ചർച്ചയ്ക്കെടുത്ത ഒരു വിഷയം സംസാരിക്കാൻ അനുവദിക്കാതിരിക്കുന്നതല്ല ജനാധിപത്യ മാർഗ്ഗം. (......ബഹളം......)

മി. സ്പീക്കർ: ഇരിക്കൂ... ഇരിക്കൂ... അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സംസാരിക്കുമ്പോൾ പ്രതിപക്ഷാംഗങ്ങൾ തന്നെ വെല്ലിൽ ഇറങ്ങുന്നത് ശരിയല്ല. എല്ലാവരും

സംയമനം പാലിച്ചാൽ നന്നായിരിക്കും.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, എനിക്ക് അനുവദിച്ച് നൽകിയ സമയം സംരക്ഷിച്ച് തരണം. നാല് മിനിട്ട് സമയം കഴിഞ്ഞു. ഇനി ഇപ്പോൾ പ്രസംഗിക്കേണ്ടത് എന്താണെന്നുള്ളത് നിങ്ങൾ എഴുതിക്കൊണ്ട് വരികയാണെങ്കിൽ ഞങ്ങൾ അതനുസരിച്ച് പ്രസംഗിക്കാം. ഞങ്ങൾക്ക് പറയാനുള്ള കാര്യങ്ങൾ പറയാനാണ് ജനം ഞങ്ങളെ തെരഞ്ഞെടുത്ത് അയച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും എതിരായി വളരെ ഗുരുതരമായ ആരോപണങ്ങൾ സ്വപ്ന സുരേഷ് കോടതിയിൽ നൽകിയ മൊഴിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ആ ആരോപണങ്ങൾ തെറ്റാണെങ്കിൽ, അതിന് വസ്തുതകളുമായി ബന്ധമില്ലെങ്കിൽ അത് വ്യാജമായി ഉന്നയിക്കുന്നതാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ അവർക്കെതിരെ ഐ.പി.സി. സെക്ഷൻ 499 പ്രകാരം ഒരു ഡിഫമേഷൻ കൊടുക്കാൻ ഈ ഗവൺമെന്റും അതിന്റെ തലപ്പത്തിരിക്കുന്നവരും എന്തുകൊണ്ട് തയ്യാറാകുന്നില്ല? രണ്ടാമതായി, ലൈഫ് മിഷൻ കേസിൽ ഉൾപ്പെട്ട ഒരു പ്രതി പാലക്കാട് താമസിച്ചിരുന്നു. ഈ സ്റ്റേറ്റുമെന്റ് പുറത്തുവന്നതിന് തൊട്ടുപിറകെ, രാവിലെ അവിടെ

റെയ്ഡ് നടക്കുകയാണ്. മാധ്യമങ്ങളുടെ മുമ്പിൽ പ്രതിയെന്ന് ആരോപിക്കപ്പെട്ട സ്ത്രീ പറയുന്നു തന്റെ കൂടെ ഉണ്ടായിരുന്നയാളെ ആരോ തട്ടിക്കൊണ്ടുപോയിയെന്ന്. ഉടനെ പോലീസ് ചെന്ന് ആരാണ് തട്ടിക്കൊണ്ടുപോയതെന്ന് അന്വേഷിക്കുകയാണ്. സരിത്തിന്റെ ഫ്ലാറ്റിൽ ചെന്ന് അവിടത്തെ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ചതിന് ശേഷമാണ് പാലക്കാടുള്ള ലോക്കൽ പോലീസ് പറയുന്നത് തട്ടിക്കൊണ്ടുപോയതല്ല, വിജിലൻസ് അറസ്റ്റ് ചെയ്തുകൊണ്ടുപോയതാണെന്ന്. ശ്രീ. സി. ആർ. മഹേഷ് ഉൾപ്പെടെയുള്ള ആളുകൾ, സ്വർണ്ണക്കടത്ത് കേസ്സിലെ പ്രധാന പ്രതിയെ പാലക്കാടുള്ള താമസസ്ഥലത്തുനിന്നും വിജിലൻസ് സംഘം ബലമായി പിടിച്ചുകൊണ്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സാഹചര്യം വിശദീകരിക്കാമോ? എന്നുള്ള ചോദ്യത്തിന് മുഖ്യമന്ത്രി ഇന്നലെ നിയമസഭയിൽ നൽകിയ മറുപടി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണ്. ഇത്തരം കാര്യങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുന്നില്ലെങ്കിൽ അദ്ദേഹമൊന്ന് ശ്രദ്ധിക്കുന്നത് നന്നായിരിക്കുമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഏത് നടപടികളും ചട്ടങ്ങളും പ്രകാരമാണ് അല്ലെങ്കിൽ ഏത് കേസിന്റെ പേരിലാണ് ഈ സി.ആർ.പി.സി. 164(5) സ്റ്റേറ്റ്മെന്റല്ലാതെ മറ്റ് എന്ത്

വെളിപ്പെടുത്തലാണ് തൊട്ടടുത്ത ദിവസം തന്നെ അയാളുടെ ഫ്ലാറ്റിലേയ്ക്ക് ഇരച്ചുകയറുന്നതിന് ഈ ഗവൺമെന്റിന്റെ വിജിലൻസ് സംഘത്തിന് കാരണമായി വർത്തിച്ചത്; പാലക്കാട് വിജിലൻസ് വിഭാഗം ഈ കേസ് അന്വേഷിക്കുന്നുണ്ടോ? തിരുവനന്തപുരത്തെ വിജിലൻസ് യൂണിറ്റ് അന്വേഷിക്കുന്ന കേസിൽ ലോക്കൽ പോലീസിനെ അറിയിക്കാതെ ആരാണ് പാലക്കാട് വിജിലൻസ് വിഭാഗത്തിന് ഈ കേസിൽ ഉൾപ്പെട്ട ആളെ അറസ്റ്റ് ചെയ്യാൻ, അദ്ദേഹത്തിന്റെ മൊബൈൽ കസ്റ്റഡിയിൽ വയ്ക്കാൻ, പിടിച്ചുകൊണ്ടുപോകാൻ ഒക്കെയുള്ള അനുമതി കൊടുത്തതെന്നുള്ളതിന്റെ ഉത്തരം കേരളത്തിലെ ജനങ്ങൾക്ക് അറിയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ജനത്തിന് അറിയാൻ താൽപ്പര്യമുള്ള വിഷയമാണ്. അതേ കേസ്സിൽ പ്രതി ചേർക്കപ്പെട്ട ശിവശങ്കർ ഉൾപ്പെടെയുള്ള ആളുകൾ സ്കോട്ട്ഫ്രീയായി, ഗവൺമെന്റിന്റെ ഉന്നത പദവികളിൽ വിരാജിക്കുമ്പോഴാണ് ഇത്തരത്തിലൊരു നടപടി. അത് 164(5) സ്റ്റേറ്റ്മെന്റിന്റെ പേരിലാണെന്നറിയാൻ എവിടെയും കവടി നിരത്തേണ്ട കാര്യമില്ലെന്ന് സാമാന്യബോധമുള്ള ആർക്കുമറിയാം. ലൈഫ് മിഷൻ കേസിൽ ഒരു വെളിപ്പെടുത്തലും പുതിയതായി ഉണ്ടാകുന്നില്ല. മൂന്നാമത്തെ ചോദ്യം, 164 (5) സ്റ്റേറ്റ്മെന്റ് കൊടുത്തതിന്റെ പേരിൽ മുൻമന്ത്രിയും ഇപ്പോൾ

എം.എൽ.എ.യുമായ ഡോ. കെ. ടി. ജലീൽ ഒരു പരാതി കൊടുക്കുകയാണ്. ആ പരാതിയിൽ ഈ പറയുന്ന പരാതിക്കാരിക്കെതിരെ കേസ്സെടുക്കണമെന്ന് ആവശ്യപ്പെടുന്നു. 164(5) എന്നുപറയുന്നത് കോടതിയിൽ കൊടുക്കുന്ന ഒരു സ്റ്റേറ്റുമെന്റാണ്. അത് നിയമപരമായി നിലനിൽക്കുന്ന ഒരു നടപടിക്രമമാണ്. അതിന് ഒരു പരാതി കൊടുക്കുമ്പോൾ ഐ.പി.സി. സെക്ഷൻ 153 പ്രകാരം കേരളത്തിലെ പോലീസ് കേസെടുക്കുന്നു. ഞങ്ങളുടെ സംശയം, ഇന്ത്യൻ പീനൽ കോഡ് 153 എന്നുപറയുന്നത്.... such provocation will cause the offence of rioting to be committed. എന്ത് കലാപത്തിനാണ് 164(5) സ്റ്റേറ്റുമെന്റ് കാരണമാകുന്നത്? ആരാണ് ഇവിടെ കലാപമുണ്ടാക്കാൻ ശ്രമിക്കുന്നത്? 164(5) സ്റ്റേറ്റ്മെന്റ് കൊടുത്തതിന്റെ പേരിൽ കേരളത്തിലെ പോലീസ് കേസെടുക്കാനായി ശ്രമിക്കുന്നത് എന്തിനാണ്? ആരാണ് നിർദ്ദേശം നൽകിയത്; ഉത്തരമുണ്ടോ? ഒരു സ്റ്റേറ്റ്മെന്റ് കോടതിയിൽ കൊടുത്തതിന്റെ പേരിൽ കലാപത്തിന് കേസെടുക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംഭവമായിരിക്കും ഇതെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. എ.ഡി.ജി.പി.യുടെ നേതൃത്വത്തിൽ, ക്രൈം ബ്രാഞ്ചിന്റെ എസ്.പി. അന്വേഷിക്കുന്ന, എട്ടോളം ഡിവൈ.എസ്.പി.മാരുള്ള ഒരു സംഘം ഈ 164(5) സ്റ്റേറ്റുമെന്റിന്റെ പേരിൽ ഒരു അന്വേഷണ സംഘമായി

നിയോഗിക്കപ്പെടുന്ന, അസാധാരണമായ വെപ്രാളം എന്തിനാണ് ഈ ഗവൺമെന്റ് കാണിച്ചതെന്ന ചോദ്യത്തിന് കൃത്യമായി ജനങ്ങൾക്കറിയാൻ ഉത്തരം വേണം. എന്റെ ഭരണകാലത്ത് ഭരണത്തിന്റെ ഇടനാഴിയിൽ അവതാരങ്ങളുണ്ടാകില്ലെന്ന് അങ്ങ് പറഞ്ഞിരുന്നു. അത് ജനം കയ്യടികളോടെ സ്വീകരിച്ചതുമാണ്. ഭരണത്തിന്റെ ഇടനാഴിയിൽ അവതാരങ്ങളില്ല, എന്നാൽ അവതാരങ്ങളുടെ ചാകര മുഖ്യമന്ത്രിയുടെ ഓഫീസും വകുപ്പുമായും ബന്ധപ്പെട്ട് ഉണ്ടായിയെന്നതാണ് ഇപ്പോഴുള്ള ഓരോ സംഭവങ്ങളും വെളിപ്പെടുത്തുന്നത്. ആരാണ് ഷാജ് കിരൺ; ആരാണ് വ്യവസായി ഇബ്രാഹിം; അവർക്ക് ഈ കേസിലുള്ള താൽപ്പര്യമെന്താണ്; അവർ എന്തിനാണ് 164 (5) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് തിരുത്തുന്നതിനായി ഇടപെടൽ നടത്തുന്നത്; അവരുടെ ടെലിഫോൺ സംഭാഷണങ്ങളിൽ പുറത്തുവന്നത് എന്താണ്; കേരളത്തിന്റെ മുഖ്യമന്ത്രിയെ അപമാനിക്കുംവിധം ഒരു പ്രസ്താവന ഇവർ നടത്തിയതെന്തിനാണ്; അദ്ദേഹത്തിന്റെ ഫണ്ട് മുഴുവനും യു.എസ്.എ.-യിലേയ്ക്ക് മാറ്റുന്ന ആളുകളിൽപ്പെട്ടയാളാണെന്ന് സ്വയം അവകാശപ്പെടുന്നത് എന്തിനാണ്; കേരളം ഭരിക്കുന്ന പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയെ സി.പി.ഐ. (എം) ഇതിലേയ്ക്ക് വലിച്ചിഴയ്ക്കുന്നത് എന്തിനാണ്? ഇക്കാര്യങ്ങളൊന്നും വസ്തുതയല്ലെങ്കിൽ ഷാജ് കിരണിന് കൈച്ചുവിലങ്ങിടാൻ

ഈ ഗവൺമെന്റ് എന്തുകൊണ്ട് മറന്നുപോയെന്ന് വ്യക്തമാക്കണം. ഡിഫമേഷന് ഒരു കേസ് ആ അവതാരത്തിനെതിരെ കൊടുക്കാൻ എന്തുകൊണ്ട് തയ്യാറായില്ലെന്ന് നിങ്ങൾ പറയണം. ഇങ്ങനെ ഒരാളെ മൊബൈലുംകൊണ്ട് ചെന്നൈയിലേയ്ക്ക് രക്ഷപ്പെടാൻ പോലീസ് അനുവദിച്ചത് എന്തുകൊണ്ടാണെന്ന് പറയണം. മൊബൈലിലെ മുഴുവൻ വസ്തുതകളും ഡിലീറ്റ് ചെയ്യാനുള്ള അവസരം നിങ്ങളുടെ പോലീസ് അയാൾക്ക് ഒരുക്കിക്കൊടുത്തത് എന്തുകൊണ്ടാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയണം. ഇതിനെല്ലാം മറുപടിയുണ്ടാകണം. മുഖ്യമന്ത്രിയുടെ പേരിൽ വ്യാജ ആരോപണമെന്ന് നിങ്ങൾ വിശേഷിപ്പിക്കുന്ന ആരോപണത്തിനെതിരെ ഇവിടെ പരാമർശിച്ച ഷാജ് കിരണിനുമേൽ എന്തുകൊണ്ടാണ് കേസെടുക്കാത്തത്? സ്വപ്ന സുരേഷ് 164 (5) പ്രകാരം മൊഴി കൊടുത്തപ്പോൾ കേസെടുത്ത ഗവൺമെന്റും അധികാരികളും പോലീസും ഈ അവതാരം കേരളത്തിന്റെ മുഖ്യമന്ത്രിയെയും കേരളം ഭരിക്കുന്ന പാർട്ടിയുടെ സെക്രട്ടറിയെയും ഇത്രയും മോശമായ രീതിയിൽ ബിലീവേഴ്സ് ചർച്ചുമായി ചേർത്ത് ഫണ്ടുകൾ മുഴുവൻ യു.എസ്.എ.യിലേയ്ക്ക് മാറ്റുന്നവനാണ് താനെന്ന് അവകാശപ്പെട്ടിട്ടും അറസ്റ്റുചെയ്ത് ജയിലിനുള്ളിൽ തള്ളാൻ നിങ്ങൾക്ക് ആർജ്ജവമുണ്ടാകാതിരുന്നത് എന്തുകൊണ്ടാണെന്ന്

നിങ്ങൾ തന്നെ പറയേണ്ടതല്ലേ?

നാലാമത്തെ ചോദ്യം, കേരളത്തിന്റെ വിജിലൻസ് മേധാവിയായിരുന്ന ശ്രീ. എം. ആർ. അജിത് കുമാർ. കേവലം ഒന്നര മാസം മാത്രം ആ പദവിയിലിരുന്ന അദ്ദേഹത്തെ എന്തിനാണ് പദവിയിൽനിന്നും മാറ്റിയത്; ഷാജ് കിരണിനെപ്പോലുള്ള അവതാരങ്ങളുമായി മുപ്പതിലധികം തവണ ഫോണിൽ സംസാരിക്കാൻ തക്കവണ്ണം എന്തുബന്ധമാണ് അദ്ദേഹത്തിനുള്ളത്; വിജിലൻസിന്റെ തലപ്പത്തിരുന്നയാൾ സരിത്തിനെ പൊക്കിയതും ഫോൺ കസ്റ്റഡിയിൽ വച്ചതും ആരുടെ നിർദ്ദേശപ്രകാരമാണ്? അങ്ങനെ ചെയ്തത് മുഖ്യമന്ത്രിക്കുവേണ്ടിയല്ലെങ്കിൽ അത്രയും വലിയ ചെയ്തികൾ ചെയ്ത ഒരു ഉദ്യോഗസ്ഥനെ എക്സ്-കേഡർ തസ്തിക സൃഷ്ടിച്ചശേഷം അതിന്റെ തലപ്പത്ത് ഹെഡ് ക്വാർട്ടേഴ്സിലെ എ.ഡി.ജി.പി.യുടെ തുല്യപദവിയിൽ കൊണ്ടുവന്ന് സ്ഥാപിച്ചത് എന്തിനുവേണ്ടിയാണെന്നത് കേരളത്തിലെ ജനങ്ങൾക്ക് അറിയാൻ താൽപ്പര്യമുണ്ട്. നിയമവിരുദ്ധമായ ആ വെപ്രാളം എന്തിനായിരുന്നു; മുപ്പത് തവണ വിളിച്ചത് എന്തിനാണ്; മൊഴിമാറ്റാൻ ശ്രമിച്ചത് എന്തിനാണ്; ഇതിലൊന്നും അന്വേഷണമില്ലാത്തത് എന്തുകൊണ്ടാണ്; അയാൾക്കെതിരെ നടപടിയെടുക്കാത്തതും കേസ് ഫയൽ ചെയ്യാത്തതും എന്തുകൊണ്ടാണ്;

ഇതെല്ലാം കേരളത്തിലെ മുഖ്യമന്ത്രിക്കുവേണ്ടിയല്ലേയെന്ന് കേരളത്തിലെ ജനങ്ങൾ ചിന്തിച്ചാൽ അവരെ നിങ്ങൾക്ക് എങ്ങനെ കുറ്റം പറയാൻ സാധിക്കും? ഷാജ് കിരൺ അറസ്റ്റു ചെയ്യുമെന്ന് പറഞ്ഞാൽ സരിത്തിനെ അറസ്റ്റുചെയ്യും, വിട്ടയയ്ക്കുമെന്ന് പറഞ്ഞാൽ 45 മിനിട്ടിനകം വിട്ടയയ്ക്കും. കേരള പോലീസിൽ ഇത്ര വലിയ സ്വാധീനം ഈ അവതാരത്തിന് എങ്ങനെയുണ്ടായി എന്നറിയാൻ കേരളത്തിന് താൽപ്പര്യമുണ്ട്. അടുത്ത കാര്യം പറയട്ടെ, ഏത് ചോദ്യം ചോദിച്ചാലും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന മറുപടിയാണ് കുറച്ചു ദിവസമായി അങ്ങ് ഇവിടെ നൽകുന്നത്. എന്നാൽ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. കേരള നിയമസഭയ്ക്കകത്ത് ശ്രദ്ധയിൽപ്പെട്ട ഒരു ചോദ്യത്തിനുള്ള മറുപടി വന്നിട്ടുണ്ട്. അത് മറ്റൊരു വെളിപ്പെടുത്തലാണ്. ആ വെളിപ്പെടുത്തലിൽ 124 സ്റ്റേറ്റ്മെന്റ് പ്രകാരം കസ്റ്റംസ് ഉദ്യോഗസ്ഥൻ കൊടുത്ത കാരണം കാണിക്കൽ നോട്ടീസിൽ പറയുന്ന കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുന്നതിനുവേണ്ടി ഞാൻ പറയുകയാണ്. ഇപ്പോൾ പറയുന്നത് 164 (5)-നെക്കുറിച്ചല്ല. ആ 124 സ്റ്റേറ്റ്മെന്റിൽ പറയുന്നത് ഇങ്ങനെയാണ് - In the beginning of 2017 Shri M. Sivasankar had requested the Consul General through Swapna to send a package urgently to the Chief Minister of Kerala who was at UAE

at that time and to make it available to him the next day and was quizzed as to whether it was true. ഇതിന്റെ മറുപടി, Shri M. Sivasankar deposed that it was true. ബാഗ് മറന്നിരുന്നുവെന്നും ബാഗ് കോൺസൽ ജനറലിന്റെ സഹായത്തോടെ കൊടുത്തയച്ചിരുന്നുവെന്നും ആ കാര്യം അവിടെ ചോദിച്ചപ്പോൾ ശരിയാണെന്ന് ശിവശങ്കർ പറഞ്ഞുവെന്നുമുള്ള റിപ്പോർട്ട് പ്രതിപക്ഷം ഉണ്ടാക്കിയതല്ല. അക്കാര്യം പുറത്ത് വന്നിരിക്കുകയാണ്. അത് ഒരു പബ്ലിക് സ്റ്റേറ്റ്മെന്റ്കൂടിയാണ്. ഇതിന്റെ കാരണമെന്തായിരുന്നു? ഇക്കാര്യത്തിൽ നിങ്ങൾ തലയാട്ടുമ്പോൾ മറ്റൊരു ചെറിയ സംശയംകൂടി ഞങ്ങൾക്കുണ്ട്. ഇന്നലെ നിയമസഭയിൽ ശ്രീ. അൻവർ സാദത്ത് അടക്കമുള്ള എം.എൽ.എ.-മാർ ചോദിച്ച ചോദ്യത്തിന് ലഭ്യമായ ഒരു ഉത്തരമുണ്ട്, 2016-ലെ ദുബായ് യാത്രയുടെ സമയത്ത് ഏതെങ്കിലും ബാഗ് എടുക്കാൻ മറന്നിരുന്നോയെന്നും പിന്നീടത് കോൺസുലേറ്റിലെ നയതന്ത്രപ്രതിനിധിയുടെ കൈവശം ദുബായിൽ എത്തിച്ചു നൽകിയിരുന്നോയെന്നും ചോദിച്ചപ്പോൾ ഒരു ബാഗും എടുക്കാൻ മറന്നിട്ടില്ലെന്നാണ് കേരളത്തിന്റെ മുഖ്യമന്ത്രി നിയമസഭയിൽ മറുപടി പറഞ്ഞത്. ആരാണ് കള്ളം പറയുന്നത്; അങ്ങും അങ്ങയുടെ ഓഫീസുമാണെങ്കിൽ ആ പദവിയിലിരിക്കാൻ അങ്ങ് യോഗ്യനാണോ;

അതല്ല അങ്ങയുടെ പേരുപറഞ്ഞ് കള്ളം പറയുന്നത് ഒരു ഉദ്യോഗസ്ഥനാണെങ്കിൽ ആ ഉദ്യോഗസ്ഥൻ പ്രസ്തുത പദവിയിലിരിക്കാൻ യോഗ്യനാണോ? ഇതുസംബന്ധിച്ചെല്ലാം അങ്ങ് നേരത്തേ സൂചിപ്പിച്ചതുപോലെ കേരളത്തിലെ ജനങ്ങൾ അറിയണം. അതുപോലെ പ്രധാനപ്പെട്ട മറ്റൊരു കാര്യമുണ്ട്. ചില ആളുകൾക്കെതിരെ മാത്രം നടപടികൾ വരുന്ന കാര്യവും നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വീസ് ചട്ടം ലംഘിച്ച് പുസ്തകം എഴുതിയതിന് ഒരു നടപടിയുണ്ടായ കാര്യം നമുക്കെല്ലാവർക്കുമറിയാം. 164 (5) സ്റ്റേറ്റ്മെന്റ് കൊടുത്തപ്പോൾ സ്വപ്നക്കെതിരെ കേസ്സെടുത്തു. എന്നാൽ 164 (5) സ്റ്റേറ്റ്മെന്റ് അല്ലാതെതന്നെ " അശ്വത്ഥാമാവ് വെറും ഒരു ആന" എന്ന പേരിൽ സ്വന്തമായി പുസ്തകമെഴുതിയപ്പോൾ, എഴുതിയ ആൾ മുഖ്യമന്ത്രിയെ വെളുപ്പിക്കാൻവേണ്ടി എഴുതിയതായതിനാൽ ഒരു കേസും ഈ ഗവൺമെന്റ് എടുത്തതായി കാണുന്നില്ല. ഇന്നലെ നിയമസഭയിൽ വന്ന ചോദ്യവും അതിന്റെ മറുപടിയും ഇങ്ങനെയാണ്, സർവ്വീസ് ചട്ടം ലംഘിച്ച് പുസ്തകം എഴുതിയ വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസിന് എതിരെ ക്രിമിനൽ കേസും വകുപ്പുതല നടപടികളും സർക്കാർ സ്വീകരിച്ചിരുന്നോ എന്ന ചോദ്യത്തിന് സ്വീകരിച്ചിരുന്നു എന്ന കൃത്യമായ മറുപടി ലഭ്യമായിട്ടുണ്ട്. അതേ

ചോദ്യത്തിലെ 'സി' പിരിവിൽ, സമാന സ്വഭാവമുള്ള മറ്റൊരു രചനയായ " അശ്വത്ഥാമാവ് വെറും ഒരു ആന" എന്ന പുസ്തകത്തിന്റെ രചയിതാവും നിലവിലെ കായിക സെക്രട്ടറിയുമായ ശ്രീ. എം. ശിവശങ്കറിനെതിരെ സർക്കാർ ഏതെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ എന്ന ചോദ്യത്തിന് വളരെ കൃത്യമായി 'ഇല്ല' എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്, ആ വിരോധാഭാസം എന്തുകൊണ്ടാണ്? ഈ അനാവശ്യ സംരക്ഷണത്തിന്റെ (undue protection) കാരണമെന്താണെന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയണം. ശ്രീ. ജേക്കബ് തോമസ് സ്രാവുകൾക്കൊപ്പം നീന്തിയാൽ കേസും ശിവശങ്കർ അശ്വത്ഥാമാവെന്ന ആനയോടൊപ്പം കളിച്ചാൽ അതിന് കേസില്ല എന്നും പറയുന്ന വിരോധാഭാസം എന്തുകൊണ്ടാണെന്ന് അറിയാൻ കേരളത്തിലെ ജനങ്ങൾക്ക് താൽപ്പര്യമുണ്ട്. ആരാണ് ഇക്കാര്യത്തിൽ മറുപടി പറയേണ്ടത്? ഇതുപോലെ റെലവന്റായ ചോദ്യങ്ങളേ ഞങ്ങൾ ചോദിക്കുന്നുള്ളൂ. ഏതെങ്കിലും പൈങ്കിളി കഥകളുടെ പുറകേ പോകുന്നില്ല. ഇക്കാര്യങ്ങളിൽ വ്യക്തത വരുത്താൻ ഗവൺമെന്റ് തയ്യാറാകണം. ഒരു മാസക്കാലത്തിലധികമായി അത്തരം ചോദ്യങ്ങൾ ചോദിക്കുമ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രിക്ക് ഉത്തരമില്ല. പക്ഷേ വകുപ്പും ഇടപെടലുകളും പ്രശ്നമുണ്ടാക്കുന്നു. ഞങ്ങളാരും സ്വപ്നയ്ക്ക് ക്രെഡിബിലിറ്റി സർട്ടിഫിക്കറ്റ്

കൊടുക്കാൻ മത്സരിക്കുന്നവരല്ല. ഒരു കാര്യം നിങ്ങൾ ഓർക്കണം. മുഖ്യമന്ത്രിക്കെതിരെ മൊഴി പറയാൻ പ്രേരിപ്പിക്കുന്നുവെന്ന സ്വപ്ന സുരേഷിന്റെ ഓഡിയോ ക്ലിപ്പ് പുറത്തുവന്നപ്പോൾ സ്വപ്ന പറഞ്ഞത് കേൾക്കുവെന്ന് കേരളത്തോട് ആദ്യം പറഞ്ഞത് എൽ.ഡി.എഫ് ആണെന്നത് നിങ്ങൾക്കാർക്കെങ്കിലും നിഷേധിക്കാൻ പറ്റുമോ; അവർക്ക് വിശ്വാസ്യതയുടെ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിക്കൊടുക്കണമെന്ന് ഞങ്ങളാണോ പറഞ്ഞത്? സ്വപ്ന പറഞ്ഞത് കേൾക്കുവെന്ന് നിങ്ങളാണ് പറഞ്ഞത്. കേരളത്തിന്റെ മണ്ണിൽ ആദ്യമായി അത്തരമൊരു വാചകം വന്നത് അന്നത്തെ എൽ.ഡി.എഫ്. കൺവീനർ ഉൾപ്പെടെയുള്ള നേതാക്കന്മാരിൽനിന്നാണ്. ഇപ്പോൾ അവർ മാറ്റിപ്പറയുമ്പോൾ നിങ്ങൾ അവരുടെ ക്രഡിബിലിറ്റിയെ ചോദ്യം ചെയ്തത് എന്തുകൊണ്ടാണ്?

<u>മി. സ്പീക്കർ</u>: അങ്ങയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, അങ്ങ് എനിക്ക് സമയം നൽകാമെന്ന് പറഞ്ഞിരുന്നു. എന്റെ പ്രസംഗത്തിന്റെ തുടക്കം മുതൽ ഭരണപക്ഷത്തിന്റെ ഇടപെടലുകളുണ്ടായി. ആ സമയം എനിക്ക് നിഷേധിക്കരുത്.

<u>മി. സ്പീക്കർ</u>: ആ സമയം ഒഴിവാക്കിയിട്ടുണ്ട്. അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. ഷാഫി പറമ്പിൽ: സർ, തലപ്പത്ത് കോൺഗ്രസ്സും കോൺഗ്രസ്സിന്റെ നേതാക്കന്മാരുടെ പേരും വരുമ്പോൾ ഇ.ഡി. ഉൾപ്പെടെയുള്ള സംവിധാനങ്ങൾ 5 ജി വേഗതയിൽ ഓടിക്കൊണ്ടിരിക്കുകയും അവർക്ക് വേണ്ടപ്പെട്ടവരോ അവരുടെ ഉറ്റ സുഹൃത്തുക്കളോ ആകുമ്പോൾ ഒച്ചിന്റെ വേഗതയുമാണെന്ന് പറഞ്ഞാൽ ഒച്ച് എനിക്കെതിരെ പരാതി കൊടുക്കുമെന്നതുകൊണ്ട് അങ്ങനെ പറയാൻ ഞാൻ തയ്യാറാകുന്നില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ മടിയിൽ കനമില്ല, വഴിയിൽ പേടിയില്ല തുടങ്ങിയ പഴംപുരാണമോ പഴഞ്ചൊല്ലോ, പൊങ്ങച്ചമോ അല്ല; യാഥാർത്ഥ്യമാണ് കേരളത്തിലെ ജനങ്ങൾക്ക് അറിയേണ്ടത്. സത്യസന്ധമായ മറുപടിയാണ് കേരളത്തിലെ ജനങ്ങൾക്ക് ലഭിക്കേണ്ടത്. അതുകൊണ്ടുതന്നെ മുഖ്യമന്ത്രി പദവിയിൽനിന്നും മാറിനിന്നുകൊണ്ട് ഇക്കാര്യങ്ങൾ അന്വേഷിക്കാൻ തയ്യാറാകണമെന്നതാണ് ഞങ്ങളുടെ ആവശ്യം.

ശ്രീ. വി. ജോയി: സർ, ഞങ്ങൾ ഇങ്ങനെയൊരു അവസരം കാത്തിരിക്കുകയായിരുന്നു. കാരണം ഇന്നലെയും ഇന്നുമായി പാളിപ്പോയ ചില കാര്യങ്ങളുണ്ട്. ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ കളരിയല്ല കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് ശ്രീ. പിണറായി വിജയന്റെ കളരിയെന്ന്

ഇന്ന് ഈ അടിയന്തരപ്രമേയ ചർച്ച കഴിയുമ്പോൾ പ്രതിപക്ഷത്തിന് ബോദ്ധ്യപ്പെടും. എന്റെ സുഹൃത്ത് ശ്രീ. ഷാഫി പറമ്പിൽ ചില ചോദ്യങ്ങൾ ചോദിച്ചു. അവ കുറച്ച് ദിവസങ്ങളായി ചില മാധ്യമങ്ങൾ ഉന്നയിക്കുന്ന ചോദ്യങ്ങളാണ്. എന്തായാലും സഭയിൽ വന്നല്ലോ; അതിനുള്ള മറുപടി ഞങ്ങളുടെ അംഗങ്ങൾ സംസാരിക്കുമ്പോൾ നൽകിക്കൊണ്ടിരിക്കും. സ്വർണ്ണക്കടത്ത് വിഷയം നിരവധി തവണ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. പ്രതിപക്ഷം വീണ്ടും ഈ വിഷയം ഉന്നയിക്കാൻ കാരണം അസഹിഷ്ണുതയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി രണ്ടാമതും ഭരണത്തിൽ വരികയുണ്ടായി. വരില്ലെന്ന് നിങ്ങൾ പ്രതീക്ഷിച്ചു. അതിന് സഹായിക്കാൻ മാധ്യമ കൂട്ടായ്മയുമുണ്ടായിരുന്നു. എന്നിട്ടും വീണ്ടും ഭരണത്തിൽ വന്നു. നിങ്ങൾ ഭരണത്തിൽനിന്നും മാറിയിട്ട് വെറും ആറ് വർഷം മാത്രമേ ആയുള്ളൂവെന്ന് ഓർക്കണം. 1957-ലാണ് ആദ്യമായി കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരുന്നത്. 1959-ൽ ജനാധിപത്യ വിരുദ്ധമായി ജനാധിപത്യത്തെ കശാപ്പുചെയ്ത് നിങ്ങൾ ആ ഗവൺമെന്റിനെ അട്ടിമറിച്ചു. അടുത്തത് 1967-ൽ വന്നതിനുശേഷം 1969-ൽ പോയി. പിന്നീട് പതിനൊന്ന് വർഷത്തിനുശേഷം 1980-ലാണ് ഞങ്ങൾ അധികാരത്തിൽ വന്നത്. ഇപ്പോൾ ആറ് വർഷം ഭരണത്തിൽ

വരാതിരുന്നപ്പോൾ ഉണ്ടായിട്ടുള്ള അസഹിഷ്ണുത പല രൂപത്തിൽ നിങ്ങൾ പ്രകടിപ്പിച്ചുകൊണ്ടുവരികയാണ്. അത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നാഥനെ കളങ്കപ്പെടുത്തുന്ന തരത്തിലേയ്ക്ക് വരികയാണ്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഈ അവസരത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ ഇവിടെ വന്നിരിക്കുന്നത് രണ്ടാം എപ്പിസോഡാണ്. രണ്ടാം എപ്പിസോഡിലെ അഭിനേതാക്കൾ സ്വപ്ന സുരേഷ്, ഷാജ് കിരൺ, എച്ച്.ആർ.ഡി.എസ്. ഡയറക്ടർ ശ്രീ. ബിജുകൃഷ്ണൻ, അഡ്വ. കൃഷ്ണരാജ്, ശ്രീ. പി. സി. ജോർജ്ജ്, ഇതിനെല്ലാമിടയിൽ പ്രവർത്തിക്കുന്ന ക്രൈം നന്ദകുമാർ, ഇതിനെ കൂട്ടിമുട്ടിക്കുന്ന ബി.ജെ.പി.-കോൺഗ്രസ് നേതാക്കൾ, ഏറ്റവും അവസാനം സരിതയുമാണ്. ഈ കൂട്ടുകെട്ടാണ് രണ്ടാം എപ്പിസോഡിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ളത് നാം മനസ്സിലാക്കണം. ആരാണ് ഷാജ് കിരൺ എന്ന് ശ്രീ. ഷാഫി പറമ്പിൽ ചോദിക്കുകയുണ്ടായി. ഈ ചോദ്യത്തിന് വ്യക്തമായി ഞങ്ങൾ മറുപടി പറയുകയാണ്. ഞങ്ങളുടെ ഭാഗത്തിരിക്കുന്ന ആരുടെയും സുഹൃത്തല്ല ഷാജ് കിരൺ, ഞങ്ങളുടെ ആരുടെയും ദല്ലാളുമല്ല. ഒന്നര മണിക്കൂർ ദൈർഘ്യമുള്ള ഒരു വോയിസ് ക്ലിപ് സ്വപ്ന പുറത്തുവിട്ടു. അതിൽ എല്ലാ തെളിവുകളുമുണ്ടെന്നാണ് സൂചിപ്പിച്ചത്. ഒന്നാന്തരം പഞ്ചാര വർത്തമാനം

ഞാനും നിങ്ങളുമെല്ലാം അതിൽ കേട്ടതാണ്. രണ്ട് തട്ടിപ്പുകാർ തമ്മിലുള്ള പായാരം പറച്ചിലായതുകൊണ്ട് അത് പ്രത്യേകമായി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഇവർ തമ്മിൽ എന്തൊരു അടുപ്പമായിരുന്നു. ഇവർ തമ്മിൽ അടുപ്പമില്ലായിരുന്നെങ്കിൽ കുട്ടികളില്ലാത്ത ഷാജിനും ഭാര്യയ്ക്കും സ്വന്തം ഗർഭപാത്രം കൊടുക്കാൻ സമ്മതിക്കുമായിരുന്നോ; അപ്പോൾ ആരാണ് ഷാജ് കിരൺ എന്നുള്ളത് മനസ്സിലാക്കണം. വളരെ ആവേശത്തോടുകൂടി ഷാജ് കിരൺ ആരാണെന്ന് ശ്രീ. ഷാഫി പറമ്പിൽ ചോദിച്ചു. ചില വീഡിയോസ് ഞങ്ങളുടെ കൈവശമുണ്ട്. അത് പ്രദർശിപ്പിക്കാൻ നിവൃത്തിയില്ല. എങ്കിലും ചില ചിത്രങ്ങൾ ശ്രീ. ഷാഫി പറമ്പിലിനെയും അപ്പുറത്തിരിക്കുന്നവരേയും കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. ഷാജ് കിരൺ ആരാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇത് നിങ്ങളുടെ പ്രിയങ്കരനായ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയോടൊപ്പം ഇരിക്കുന്ന ഷാജ് കിരണിന്റെ ഒരു ചിത്രമാണ്. അടുത്തത്, വളരെ സന്തോഷപൂർവ്വം ഷാജ് കിരണിനോട് സംസാരിക്കുന്ന മുൻ പ്രതിപക്ഷനേതാവിന്റെ ചിത്രമാണ്. നിഷേധിക്കാൻ കഴിയുമോ; ആരാണ് ഷാജ് കിരണെന്ന് ചോദിച്ചല്ലോ; മൂന്നാമതായി ഷാജ് കിരണിന് കോൺഗ്രസ്സുമായുള്ള ബന്ധം സൂചിപ്പിക്കുന്ന അദ്ദേഹത്തിന്റെ പ്രൊഫൈൽ

ചിത്രമാണ്. ഷാജ് കിരണിന് ആരുമായാണ് ബന്ധമുള്ളതെന്ന് നിങ്ങൾ പരിശോധിക്കൂ. നിങ്ങളുമായി മാത്രമല്ല, ബി.ജെ.പി.-യുടെ ആളുകളുമായും അടുപ്പമുണ്ട്. ഇത് കർണ്ണാടകയിലെ ഊർജ്ജ വകുപ്പുമന്ത്രി ആർ.എസ്.എസ്.-ന്റെ നേതാവായിട്ടുള്ള ഒരാളുമായി ഷാജ് കിരൺ നിൽക്കുന്ന ചിത്രമാണ്. ശ്രീ. കുമ്മനം രാജശേഖരനുമായി നിൽക്കുന്ന ഷാജ് കിരണിന്റെ ചിത്രമാണ് അടുത്തത്. (പ്രസ്തുത ചിത്രങ്ങൾ ഉയർത്തിക്കാട്ടി) നിങ്ങൾ ഇത്രയും കണ്ടിട്ട് നാവ് അടിയിൽ വലിച്ചുപോയോയെന്ന് ചോദിക്കുകയാണ്. ഷാജ് കിരൺ ആരാണെന്ന് ആർത്ത് അട്ടഹസിച്ച് ചോദിച്ചല്ലോ; അദ്ദേഹം ആരാണെന്ന് നിങ്ങൾക്ക് മനസ്സിലായല്ലോ; ഇനി ഈ കേസിൽ സംഘിയായ അഡ്വ. കൃഷ്ണരാജുണ്ട്. അവരുടെ സംഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട ആളാണ് അഡ്വ. കൃഷ്ണരാജ്. അദ്ദേഹത്തിന്റെ ഏറ്റവും വലിയ അടുപ്പക്കാരൻ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ ആണ്. അഡ്വ. കൃഷ്ണരാജിന്റെ ഫെയ്സ് ബുക്കിൽ കുറിച്ചത് 'ഇരുപത്തിയൊൻപത് വർഷക്കാലത്തെ ആത്മമിത്രം' എന്നാണ്. ഇപ്പോൾ അപ്പുറത്ത് അനങ്ങാതെ ഇരിക്കുന്നുണ്ട്. അഡ്വ. കൃഷ്ണരാജുമായുള്ള ബന്ധം മനസ്സിലായല്ലോ; പി. ടി. തോമസിന്റെ ശിഷ്യൻ തൊടുപുഴക്കാരൻ സംഘി ബിജു കൃഷ്ണൻ, ശ്രീ. വി. ഡി. സതീശന്റെ ഉറ്റമിത്രമായ കൊച്ചിക്കാരൻ സംഘി

അഡ്വ. കൃഷ്ണരാജ്, ശ്രീ. പി. സി. ജോർജ് എന്നീ കൂട്ടുകെട്ടാണ് ഈ രണ്ടാം എപ്പിസോഡിന്റെ പ്രവർത്തനങ്ങൾക്കുള്ള പ്രധാന സൂത്രധാരകരെന്ന് നാം മനസ്സിലാക്കണം. രണ്ടാം എപ്പിസോഡ് പൊട്ടിക്കാനിരുന്നത് തൃക്കാക്കര തെരഞ്ഞെടുപ്പിന്റെ അവസാന സമയത്തായിരുന്നു. നിർഭാഗ്യവശാൽ കോടതിയുടെ ചില സാങ്കേതിക ഇടപെടലുകളുടെ ഭാഗമായി തൃക്കാക്കര തെരഞ്ഞെടുപ്പിനുമുമ്പ് ഇത് പൊട്ടിക്കാൻ സാധിച്ചില്ല; പിന്നീടാണ് പൊട്ടിച്ചത്. നിങ്ങൾ മനസ്സിലാക്കേണ്ടത് സ്ത്രീകളെക്കുറിച്ചും അവതാരങ്ങളെക്കുറിച്ചുമൊക്കെ ഇവിടെ സൂചിപ്പിച്ചു. സരിതയെ സംബന്ധിച്ച് ഇവിടെ വലിയൊരു ചർച്ചവന്നു. നാണക്കേടാണ്; എന്നാലും പറയാതിരിക്കാൻ നിവൃത്തിയില്ല. നമ്മെക്കൊണ്ട് പറയിക്കുകയാണല്ലോ. എന്നെ കണ്ടാൽ കിണ്ണം കട്ടവനെന്ന് തോന്നിയതുകൊണ്ട് ചിലരെല്ലാം തല താഴ്ത്തിയിരിക്കുകയാണ്. ഈ സ്ത്രീയെ ചില ആളുകൾ ഇരുന്നൂറും മുന്നൂറും പ്രവശ്യമാണ് ഫോണിൽ വിളിച്ചത്. കോൺഗ്രസ് നേതാക്കൾ രാത്രി സരിതയെ വിളിച്ചത് രാമായണം പഠിപ്പിക്കാനാണോ അതോ രാമായണം വായിച്ച് കേൾപ്പിക്കാനാണോയെന്ന് കോൺഗ്രസ് നേതാവായിരുന്ന ശ്രീ. കെ. മുരളീധരൻ ചോദിക്കുകയുണ്ടായി. അങ്ങനെ ഇരുന്നൂറും മുന്നൂറും തവണ വിളിച്ചു. ഇപ്പോഴത്തെ സ്ഥിതി എന്താണെന്നറിയുമോ; അവിടെ

ഇരിക്കുന്ന ഡോ. മാത്യു കുഴൽനാടൻ കഴിഞ്ഞൊരു ദിവസം നിയമസഭാ ഹോസ്റ്റലിലെ നിള ബ്ലോക്കിലെ 33-ാം നമ്പർ മുറിയിൽനിന്ന് ഷർട്ടുപോലുമിടാതെ ഇറങ്ങി ഓടിയതിന് കാരണമെന്താണ്; അവിടെയാണ് ശ്രീ. ഹൈബി ഈഡൻ, എം.പി. ചില ആളുകളുമായി താമസിച്ചത്.

ശ്രീ. റോജി. എം. ജോൺ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. റോജി. എം. ജോൺ: സർ, ഈ സഭയിലെ ഒരംഗത്തെക്കുറിച്ച് അപമാനകരമായി പറയുന്നത് സഭാ രേഖകളിലുണ്ടാകരുത്.

മി. സ്പീക്കർ: ഇരിക്കൂ... ചർച്ചയ്ക്കുള്ള ലിസ്റ്റിൽ അദ്ദേഹത്തിന്റെ പേരുമുണ്ട്.

ശ്രീ. വി. ജോയി: സർ, ഇവിടെ ബി.ജെ.പി.-യും കോൺഗ്രസ്സും ചേർന്നുകൊണ്ട് കുറച്ചുകാലമായി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു വരികയാണ്. അതുകൊണ്ടാണ് തൃക്കാക്കരയിൽ പരമാവധി വോട്ട് വാങ്ങി മറ്റ് സ്ഥാനാർത്ഥികളുടെ കെട്ടിവച്ച കാശ് പോയതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രി വാർത്താസമ്മേളനം നടത്തിയതിനുശേഷം ബഹുമാന്യനായ പ്രതിപക്ഷനേതാവ് വാർത്താസമ്മേളനം നടത്തിയപ്പോൾ എത്ര മോശപ്പെട്ട പദമാണ് അദ്ദേഹം ഉപയോഗിച്ചത്. പച്ചക്കള്ളമാണ് അദ്ദേഹം

വാർത്താസമ്മേളനത്തിൽ പറഞ്ഞത്. കുറച്ചുകാലമായി അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ അർദ്ധസത്യങ്ങളുടെ കുമ്പാരമാണുള്ളത്. ഗാന്ധിജിയുടെ ചിത്രം എസ്.എഫ്.ഐ. വിദ്യാർത്ഥികൾ താഴെയിട്ട് പൊട്ടിച്ചില്ലെന്നാണ് ഇന്നലെ മുഖ്യമന്ത്രി പറഞ്ഞത്. അവിടത്തെ ജീവനക്കാരും രണ്ടുമൂന്നാളുകളും അതിനകത്തുകയറി ഷട്ടറിട്ടതിനുശേഷമാണ് ഈ സംഭവമുണ്ടായത്. പ്രധാനപ്പെട്ട വാർത്താമാധ്യമങ്ങളെല്ലാം അക്കാര്യം സൂചിപ്പിച്ചു. 'എന്നാൽ അങ്ങനെയൊരു സംഭവമില്ല, അതെല്ലാം പൊട്ടിച്ചത് എസ്.എഫ്.ഐ.-ക്കാർ തന്നെ' എന്നാണ് പ്രതിപക്ഷനേതാവ് പറഞ്ഞത്. ബഹുമാന്യനായ പ്രതിപക്ഷ നേതാവേ, അങ്ങയുടെ പുറകിലിരിക്കുന്ന ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.യെ ഇക്കാര്യം ബോധ്യപ്പെടുത്താൻ സാധിക്കുമോ? CPI(M) got their new alliance with Sanghparivar എന്നാണ് ശ്രീ. എം. വിൻസെന്റ് ഇംഗ്ലീഷിൽ ട്വീറ്റ് ചെയ്തിട്ടുള്ളത്. അതിൽ ഒരു ചിത്രവും ഉപയോഗിക്കുന്നുണ്ട്, ആ ചിത്രത്തിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ കസേരയിൽ ഒരു വാഴയും അദ്ദേഹത്തിന്റെ ഒരു ചിത്രവുമുണ്ട്. തൊട്ടുപുറകിലെ ചുവരിൽ മഹാത്മാഗാന്ധിയുടെ ചിത്രമുണ്ട്. മഹാത്മാഗാന്ധിയെ പോലും..... (....ബഹളം....) നിങ്ങൾ ആദ്യം അത് മനസ്സിലാക്കണം; അല്ലാതെ ഞങ്ങളെ നിങ്ങൾ പഠിപ്പിച്ചിട്ട് ഒരു കാര്യവുമില്ലെന്നുള്ളത് നിങ്ങൾ ഓർക്കണം.

ഇപ്പോൾ അത് കിട്ടുമെങ്കിൽ നിങ്ങൾ എടുത്തുനോക്കണം. അല്ലാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പഴിചാരിയിട്ടോ മുഖ്യമന്ത്രി പറഞ്ഞത് അസത്യമോ അല്ല. (.....ബഹളം....) നിങ്ങൾ അത് എടുത്തുനോക്കണം. (.....ബഹളം....) നിങ്ങൾക്കത് ബോദ്ധ്യപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. എസ്.എഫ്.ഐ. കുട്ടികൾക്ക് ചില തെറ്റുപറ്റി. അത് അംഗീകരിച്ചവരാണ് ഞങ്ങൾ. അല്ലാതെ നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റിനെപ്പോലെ കുത്തിയവനെ ആലിംഗനം ചെയ്യുന്ന പാർട്ടിയല്ല ഞങ്ങളുടെ പാർട്ടിയെന്നുള്ളത് നിങ്ങൾ ഓർമ്മിക്കണം. കഴിഞ്ഞ 52 വർഷത്തെ എസ്.എഫ്.ഐ.-യുടെ ചരിത്രത്തിനിടയിൽ മുപ്പത്തിനാലോളം സഖാക്കളെ നഷ്ടപ്പെട്ടവരാണ് ഞങ്ങളെന്ന് നിങ്ങൾക്ക് അറിയാമോ? എസ്.എഫ്.ഐ.യുടെ കഠാരമുനയ്ക്ക് മുമ്പിൽ കെ.എസ്.യു.-വിൽപ്പെട്ട ഒരു വിദ്യാർത്ഥിപോലും മരണപ്പെട്ടിട്ടില്ലെന്ന വസ്തുത നിങ്ങൾ മനസ്സിലാക്കണം. വയനാട്ടിലെ മഹാത്മാഗാന്ധിയുടെ ചിത്രം താഴെയിടുന്നതിന് കൂടെയുണ്ടായിരുന്ന അതിബുദ്ധിമാനായ ഒരാൾ ഈ സഭയിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ ആക്രോശമാണ് പിന്നീട് പോലീസിന് നേരെ കാണിച്ചിട്ടുള്ളത്. (.....ബഹളം....) ആരെയെന്ന് ചോദിച്ചാൽ മരുഭൂമിയിലെ നാഗനൃത്തത്തെ ഇപ്പോൾ ഞാൻ ഇവിടെ

അവതരിപ്പിക്കുന്നില്ലെന്നുള്ളത് മനസ്സിലാക്കണം. (.....ബഹളം....) ഞാൻ അവസാനിപ്പിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, എനിക്ക് സംസാരിക്കാൻ ആകെ ഏഴ് മിനിട്ട് മാത്രമേ അനുവദിച്ചിട്ടുള്ളൂ. ദയവുചെയ്ത് ഇടയ്ക്കിടപെട്ട് എന്നെ ഉപദ്രവിക്കരുതെന്ന റിക്വസ്റ്റുണ്ട്. ഞാൻ വളരെ ലളിതമായി മാത്രമേ കാര്യങ്ങൾ പറയുകയുള്ളൂ. സ്വർണ്ണക്കടത്ത് വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തുകൊണ്ടാണ് ക്ലൗഡിലായി നിൽക്കുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. ലളിതമായി കേരളം അറിയാൻ ആഗ്രഹിക്കുന്ന മൂന്നു-നാല് ചോദ്യങ്ങൾ മാത്രമേ ഞാൻ അങ്ങയുടെ മുമ്പിൽ വയ്ക്കുന്നുള്ളൂ. സ്വപ്ന സുരേഷ് എന്ന അവതാരം എങ്ങനെയാണ് സെക്രട്ടേറിയറ്റിൽ എത്തിയത്; എങ്ങനെയാണ് ഈ രംഗത്തേയ്ക്ക് കടന്നുവന്നത്? സ്വപ്ന സുരേഷിന്റെ എൻട്രി PricewaterhouseCoopers (PwC) എന്ന കൺസൾട്ടൻസി കമ്പനി വഴിയായിരുന്നു. സംസ്ഥാനത്ത് പി.എസ്.സി. ഉദ്യോഗാർത്ഥികൾ ജോലിക്കുവേണ്ടി മുട്ടിലിഴയുന്ന സമയത്ത് ഒന്നരലക്ഷം രൂപ ശമ്പളം നൽകി അവരെ സെക്രട്ടേറിയറ്റിൽ പ്രതിഷ്ഠിച്ചത് PricewaterhouseCoopers എന്ന കമ്പനിയാണ്. ആ കമ്പനി എന്തുകൊണ്ടാണ് ഇപ്പോൾ ക്ലൗഡിലാകുന്നത്? ഞാൻ ഇനിയൊരു കാര്യം

പറയാം. അങ്ങയുടെ മകൾ ശ്രീമതി വീണാ വിജയനോട് എനിക്ക് ബഹുമാനമാണ്. അവർ വലിയൊരു കമ്പനി നടത്തി നല്ല നിലയിൽ ഉയർന്നുവന്നിട്ടുള്ള ഒരാളാണ്. അവരുടെ കമ്പനിയുടെ പേരാണ് Exalogic Solutions. ആ കമ്പനിയുടെ വെബ്സൈറ്റിൽ ഒരു സമയത്ത് ചില കാര്യങ്ങൾ കുറിച്ചിട്ടുണ്ടായിരുന്നു. എന്റെ മെന്ററെപ്പോലെ ഞാൻ കാണുന്ന ആളാണ് ശ്രീ. ജെയ്ക്ക് ബാലകുമാർ എന്നാണ് അതിൽ പറഞ്ഞിരുന്നത്. PricewaterhouseCoopers കമ്പനിയുടെ ഡയറക്ടറായിരുന്നു ശ്രീ. ജെയ്ക്ക് ബാലകുമാർ. ഈ ആരോപണമുയർന്ന് വന്നതിന് തൊട്ടുപിന്നാലെ ആ വെബ്സൈറ്റ് ഡൗൺ ആകുകയും കുറച്ചുനാളുകൾക്കുശേഷം ആ വെബ്സൈറ്റ് അപ് ആകുകയും ചെയ്തപ്പോൾ ശ്രീ. ജെയ്ക്ക് ബാലകുമാർ മെന്റർ ആയിരുന്നുവെന്ന പരാമർശം അതിൽനിന്നും മാറ്റപ്പെട്ടു. എന്താണ് മറയ്ക്കാനുണ്ടായ കാരണം; എന്തുകൊണ്ട് അത് മാറ്റപ്പെട്ടു. PwC വഴിയാണ് സ്വപ്ന സുരേഷ് സെക്രട്ടേറിയറ്റിലെത്തിയത്. അത് നിഷേധിക്കാൻ കഴിയുമോ? ആ കമ്പനിയാണ് നിയമനം നടത്തിയത്. ഇല്ലെന്ന് പറയാൻ കഴിയുമോ? ജെയ്ക്ക് ബാലകുമാർ എന്ന PricewaterhouseCoopers-ന്റെ ഡയറക്ടർ എനിക്ക് എന്റെ മെന്ററെപ്പോലെയായിരുന്നുവെന്ന് അങ്ങയുടെ മകൾ പറഞ്ഞില്ലെന്ന് പറയാൻ

കഴിയുമോ? It was on record. പിന്നീട് 2020 ജൂൺ 30-ന് തിരുവനന്തപുരം വിമാനത്താവളത്തിൽ സ്വർണ്ണം പിടിച്ചു. ഒരു ബാഗേജിൽ മുപ്പത് കിലോഗ്രാം സ്വർണ്ണമാണുണ്ടായിരുന്നത്. ഇതിനുമുമ്പ് അതുപോലെ ഇരുപത് ബാഗേജുകൾ വന്നുവെന്നാണ് പറയുന്നത്. അപ്പോൾ എന്തുമാത്രം സ്വർണ്ണം വന്നുവെന്ന് നിങ്ങൾ കണക്കുകൂട്ടണം. ഇരുപത് ബാഗേജുകൾക്ക് പിന്നാലെവന്ന ഈ സ്വർണ്ണം പിടിച്ചപ്പോൾ ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ഓഫീസിന് ഒരു പങ്കുമില്ലെന്നായിരുന്നു മുഖ്യമന്ത്രിയുടെ ആദ്യത്തെ സ്റ്റേറ്റ്മെന്റ്. അതിന് തൊട്ടുപിന്നാലെ സ്വപ്ന സുരേഷ് ഇതിൽ ബന്ധപ്പെട്ടിട്ടുണ്ടെന്ന കൂടുതൽ വാർത്തകളും തെളിവുകളും പുറത്തുവന്നു. സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് സ്വപ്ന സുരേഷിന് ബന്ധമുണ്ടെന്നുള്ള കാര്യം ആരും നിഷേധിക്കില്ലല്ലോ? ഈ വിവാദ നായികയെ എനിക്കറിയില്ല എന്നാണ് അപ്പോൾ അങ്ങ് ജനങ്ങളോട് പറഞ്ഞത്. അങ്ങനെ പറഞ്ഞില്ലെന്ന് പറയാൻ കഴിയുമോ? വിവാദ നായികയെ എനിക്കറിയില്ല എന്നത് അങ്ങയുടെ പ്രസിദ്ധമായ സ്റ്റേറ്റ്മെന്റാണ്. ജനം അത് ഏറ്റെടുത്തതുമാണ്. കുറച്ചുകാലം കഴിഞ്ഞപ്പോൾ ഇതുപോലെയുള്ള ഒരുപാട് ചിത്രങ്ങൾ പുറത്തുവരാൻ തുടങ്ങി (പ്രസ്തുത ചിത്രം ഉയർത്തിക്കാട്ടി). ഞാൻ മറ്റ് ആക്ഷേപങ്ങളിലേയ്ക്കൊന്നും  പോകാൻ ആഗ്രഹിക്കുന്നില്ല. അന്ന്

പറഞ്ഞ വാചകം സത്യമായിരുന്നെങ്കിൽ സ്വപ്ന സുരേഷിനെ അറിയില്ലായെന്ന് പറഞ്ഞത് അസത്യമായിരുന്നു. അങ്ങ് ആദ്യം നിഷേധിക്കാൻ നോക്കി. അതിന് പിന്നാലെ സ്വപ്ന സുരേഷിന്റെ നിയമനം നടത്തിയത് ശ്രീ. എം. ശിവശങ്കറാണെന്ന് പറഞ്ഞു. പിന്നീട് ശ്രീ. എം. ശിവശങ്കറിനെ സംരക്ഷിക്കാൻ അങ്ങ് ശ്രമിച്ചു. അദ്ദേഹത്തെക്കുറിച്ച് പറഞ്ഞ സ്റ്റേറ്റ്മെന്റ് ഞാൻ അങ്ങയെ ഓർമ്മപ്പെടുത്താം. ഒരു ദിവസം മന്ത്രിസഭാ യോഗം കഴിഞ്ഞ് പത്രക്കാർ ചോദിച്ചപ്പോൾ ശ്രീ. എം. ശിവശങ്കറിനെ സസ്പെന്റ് ചെയ്യാൻ എന്ത് കുറ്റമാണ് അദ്ദേഹം ചെയ്തതെന്ന് അങ്ങ് കേരളത്തിലെ ജനങ്ങളോട് ചോദിച്ചു. പിന്നീട് കൂടുതൽ തെളിവുകൾ വന്നപ്പോൾ അദ്ദേഹത്തെ സസ്പെന്റ് ചെയ്യേണ്ടിവന്നില്ലേ; അതുമാത്രമല്ല അങ്ങയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന അദ്ദേഹം നൂറുദിവസം ജയിലിൽ കിടന്നില്ലേ; അങ്ങേയ്ക്ക് ഉത്തരവാദിത്വമില്ലെന്ന് പറയാൻ കഴിയുമോ? Vicarious Liability എന്ന പ്രിൻസിപ്പിളുണ്ട്. ഇനി അതെല്ലാം മാറ്റിവയ്ക്കാം. അങ്ങ് യു.എ.ഇ.-യിൽ ആയിരുന്നപ്പോൾ ബാഗ് മറന്നുവച്ചില്ലെന്നും ഒരു ബാഗും അവിടെനിന്ന് വന്നിട്ടില്ലെന്നുമാണ് ഏറ്റവും ഒടുവിലായി അങ്ങ് നടത്തിയ പരാമർശം. കേരളത്തിലെ ജനങ്ങളുടെ അഭിമാനം ഉയർത്തിപ്പിടിച്ച് ഞാൻ ചോദിക്കുകയാണ്, അങ്ങേയ്ക്ക് ബാഗ്

കൊണ്ടുപോകാം, മറന്നുവയ്ക്കാം, ബാഗ് കൊണ്ടുവരാം. എന്റെ ഒരൊറ്റ ചോദ്യത്തിന് അങ്ങ് മറുപടി പറയുമെന്നുണ്ടെങ്കിൽ ഞാൻ തൃപ്തനാണ്. അതായത് ബാഗ് ഇവിടെനിന്നും കൊടുത്തുവിട്ടുവെന്നുള്ളത് യാഥാർത്ഥ്യമാണ്, സത്യമാണ്. അത് അംഗീകരിച്ചിരിക്കുന്ന കാര്യമാണ്, ആരും നിഷേധിച്ചിട്ടില്ല. പക്ഷെ ഞാൻ ചോദിക്കുന്നത്, കേരളത്തിന്റെ മുഖ്യമന്ത്രി യു.എ.ഇ.-യിൽ ആയിരിക്കുമ്പോൾ കേരളത്തിൽനിന്ന് ഒരു ബാഗേജ് കൊടുത്തുവിടാനുള്ള സംവിധാനം കേരള സർക്കാരിനില്ലേ; അതിനുള്ള കഴിവ് കേരള സർക്കാരിനില്ലേ? ഒറ്റ ചോദ്യമേയുള്ളൂ, Why you preferred the diplomatic channel; എന്തിനുവേണ്ടിയാണ് അങ്ങനെ ചെയ്തത്? അതിന്റെ ഏറ്റവും സുപ്രധാനമായ കാര്യം ഞാൻ വായിക്കാം. അതായത്, ശ്രീ. എം. ശിവശങ്കറിനോട് കസ്റ്റംസ് ഓഫീസർ ചോദിക്കുകയാണ്, 'Investigation reveals that the end of 2016 or in the beginning of 2017, you have requested the Consul General through Swapna to send a package to the Chief Minister of Kerala who was in UAE at that time. Urgently and make available the same to him next day'. Is it true? He said 'Yes'. ശരിയാണെന്ന് പറഞ്ഞു. അതിനുശേഷം അദ്ദേഹം ചോദിച്ചത്, Why did you request the service of a Consul

General of another Nation to carry the package abroad. Are you that close to him? എന്നാണ്. എന്തിനാണ് മറ്റൊരു രാജ്യത്തിന്റെ ഔദാര്യം കേരളത്തിനുവേണ്ടി അങ്ങ് വിനിയോഗിച്ചത്? അങ്ങേയ്ക്കുവേണ്ടി ഒരു ബാഗ് എത്തിക്കാനുള്ള ശേഷി കേരള സർക്കാരിനില്ലേ? മണിക്കൂറുകൾക്കകം ഗൾഫിലൊക്കെ നമ്മൾ പോകുന്നതല്ലേ; ഗൾഫ് എന്നുപറയുന്നത് എത്താൻ കഴിയാത്ത സ്ഥലമാണോ? ഒന്നര-രണ്ട് മണിക്കൂർകൊണ്ട് എത്തിക്കാൻ കഴിയുന്ന ബാഗേജിന് നിങ്ങൾ എന്തിന് കോൺസൽ ജനറലിലേയ്ക്ക് പോയി? അവിടെയാണ് you wanted to use the diplomatic channel, why? കേരളത്തിന്റെ മുഖ്യമന്ത്രിക്ക് അയയ്ക്കുന്ന ഒരു പാക്കേജിന് എന്തിനാണ് ഡിപ്ലോമാറ്റിക്ക് ഇമ്മ്യൂണിറ്റി, എന്തിനാണ് കോൺസൽ ജനറലിനെയും സ്വപ്ന സുരേഷിനെയും ഉപയോഗിച്ചത്? ഇതുപോലുള്ള ചോദ്യങ്ങൾക്കാണ് കേരളം മറുപടി ആഗ്രഹിക്കുന്നത്. ഇതിന് മറുപടി പറയാൻ കഴിയണം. അല്ലാതെ നാഴികയ്ക്ക് നാൽപ്പതുവട്ടം 'മടിയിൽ കനമില്ല' എന്ന് പറഞ്ഞിട്ട് കാര്യമില്ല. ഞാൻ ഒരു കാര്യം പ്രത്യേകമായി ചോദിക്കുകയാണ്. ക്ലിഫ് ഹൗസിൽ സ്വപ്ന സുരേഷ് നിത്യസന്ദർശക അല്ലായിരുന്നുവെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ? ഞാൻ കേട്ടിട്ടുള്ളത് ശരിയാണെങ്കിൽ, ഒരു സി.പി.ഐ.(എം) എം.എൽ.എ. അങ്ങയുടെ ഓഫീസിൽ അനുവാദം

ചോദിക്കാതെ വന്നതിന് അങ്ങ് ഇറക്കിവിട്ടതാണ്. ഇവിടെ ഏതെങ്കിലുമൊരു സി.പി.ഐ.(എം) നേതാവിന്, ഡി.വൈ.എഫ്.ഐ.-കാരന്, അല്ലെങ്കിൽ എസ്.എഫ്.ഐ.-കാരന് ഇതുപോലെ സ്വാതന്ത്ര്യത്തോടുകൂടി അങ്ങയുടെ അടുത്തുവരാൻ കഴിയുമോ? അപ്പോൾ സ്വപ്ന സുരേഷ് അനുഭവിച്ച പ്രിവിലേജ് എത്ര വലുതായിരുന്നു. ഒരു സമയത്ത് സ്വപ്നയ്ക്ക് എല്ലാ പ്രിവിലേജും നൽകിയില്ലേ? അവർക്ക് സർക്കാരിന്റെ എല്ലാ സൗകര്യങ്ങളും ലഭിച്ചിട്ടുണ്ടായിരുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. ഷാഫി പറമ്പിൽ അൽപ്പം മുമ്പ് അടുക്കളയിൽ ദം ബിരിയാണി പൊട്ടിച്ചു. അതുകൊണ്ട് അവിടെ ഭക്ഷ്യവിഷബാധയുണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു. 'കാരസ്കരത്തിൻ കുരു പാലിലിട്ടാൽ കാലാന്തരേ കയ്പ്പു ശമിപ്പതുണ്ടോ' എന്നാണ് എനിക്ക് അദ്ദേഹത്തോട് ചോദിക്കാനുള്ളത്. കെ.പി.സി.സി. ഓഫീസിന്റെയും ബി.ജെ.പി. ഓഫീസിന്റെയും താക്കോൽ കണ്ടാൽ കൊള്ളാവുന്ന ഒരു വനിതയുടെ പാവാടച്ചരടിൽ കെട്ടിയിട്ട് കേരളത്തെ മാന്യമായി മുന്നോട്ടുകൊണ്ടുപോകുന്ന മന്ത്രിസഭയെ നയിക്കുന്ന മുഖ്യമന്ത്രിയുടെ ജീവനെടുക്കാൻ പോകുന്നതുപോലുള്ള നീക്കമുണ്ടാക്കിയ പ്രതിപക്ഷമാണ് ഇവിടെയിരിക്കുന്നത്. ഹേറോദേസിന്റെ രാജധാനിയിൽ

അവസാന നൃത്തച്ചുവട് കഴിഞ്ഞപ്പോൾ പാരിതോഷികമായി എന്ത് വേണമെന്ന് ഹേറോദേസ് ചോദിച്ചപ്പോൾ സ്നാപക യോഹന്നാന്റെ തലയാണ് സലോമി ചോദിച്ചത്. അതുപോലെ ഇവിടെ പ്രതിപക്ഷത്തിന് വേണ്ടത് ശ്രീ. പിണറായി വിജയന്റെ ശിരസ്സാണ്. ആകാശയാത്രയിൽപ്പോലും അനുചരന്മാരെ വിട്ട് മുഖ്യമന്ത്രിയെ വേട്ടയാടുന്ന ധാർമ്മിക അധഃപതനത്തിലേയ്ക്ക് കോൺഗ്രസ്സും ബി.ജെ.പി.യും ഒരുമിച്ച് കേരളത്തിൽ പ്രവർത്തിക്കുന്നുവെന്നുള്ളതിന് ഞാനും നിങ്ങളും ദൃക്സാക്ഷികളല്ലേ? ഇ.ഡി. വന്നുപോലും. ഏതാണ് ഇ.ഡി.; ആരെയാണ് ഇ.ഡി. വേട്ടയാടാത്തത്? കേന്ദ്ര ഗവൺമെന്റിന്റെ ദംഷ്ട്രകൾപോലെ പ്രവർത്തിക്കുന്ന ആജ്ഞാനുവർത്തികളല്ലാത്തവരെ മുഴുവൻ വേട്ടയാടുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നുവെന്ന് ശ്രീ. രാഹുൽ ഗാന്ധിയടക്കം പറയുന്ന..., ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് പറയുമ്പോൾ അദ്ദേഹത്തിനും മഹാത്മാഗാന്ധിക്കുമൊക്കെ ഒരു ദിവസത്തെ അടിയന്തരപ്രമേയ നോട്ടീസിന്റെ പ്രാധാന്യമേ ഇവർ കൊടുത്തിട്ടുള്ളൂ, അതിലും വലിയ പ്രാധാന്യം നൽകുന്നത് സ്വപ്നയ്ക്കും സരിതയ്ക്കുമാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. കെ. ഡി. പ്രസേനൻ]

മൂന്നൂറും അറുന്നൂറും കോളുകൾ, രാത്രി രാമായാണമല്ല, ശ്രീകൃഷ്ണചരിതം, മണിപ്രവാളം എന്തായിരുന്നുവെന്ന് കോൺഗ്രസ്സിന്റെ നേതാക്കൾക്കുപോലും അറിയാത്ത രീതിയിൽ രാഷ്ട്രീയ അധഃപതനത്തിന്റെയും അന്ധകാരത്തിന്റെയും അടിയിലേയ്ക്ക് കേരള ജനതയെ നയിക്കുന്ന ഒരു നേതൃത്വമായി ഇവർ മാറിയിരിക്കുന്നു. അതല്ലേ സത്യം? 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്നു കൗതുകം'. കേരളത്തിൽ എത്ര കാര്യങ്ങൾ പറയാനുണ്ട്. മാതൃകാപരമായി കേരള ഗവൺമെന്റിനെ വിമർശിച്ചാൽ അതിന് അർത്ഥമുണ്ട്. ആ രീതിയിലാണോ കാര്യങ്ങൾ പോകുന്നത്? കേരളത്തിലെ ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നതിനുവേണ്ടി ഭരണത്തുടർച്ചയുണ്ടാകുന്ന സന്ദർഭങ്ങളിൽ കേരളത്തിന്റെ ഏത് ജീവിതവിതാനങ്ങളിലുമുള്ള മനുഷ്യന്റെ മനസ്സിൽ ആണ്ടിറങ്ങിപ്പോകുന്ന വേരുകളുള്ള ഒരു ഗവൺമെന്റിനെ ഏത് വിധത്തിൽ ജനങ്ങൾക്കിടയിൽ അപകീർത്തിപ്പെടുത്താമെന്നുള്ള പ്രവർത്തനത്തിന്റെ അവസാന അഭിനയ റോളുകൾ നമ്മൾ വയനാട്ടിൽ കണ്ടതല്ലേ? വിദ്യാർത്ഥി നേതാക്കൾ ചെയ്തത് തെറ്റാണെങ്കിൽ അത് തെറ്റാണെന്ന് സമ്മതിക്കാൻ രാഷ്ട്രീയ നേതൃത്വം തയ്യാറാണ്. പക്ഷെ അതോടുകൂടി കാലം കഴിഞ്ഞോ; അതായിരുന്നോ പ്രധാന പ്രശ്നം? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും

അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെയും മുന്നണിയെയും ഏകപക്ഷീയമായി എതിർക്കുന്നതിനുവേണ്ടി ഇവിടെ അവതരിപ്പിക്കപ്പെട്ട ഈ അടിയന്തരപ്രമേയത്തിന്റെ സംവിധായകൻ ഈ നിയമസഭയിൽ ഒരു അംഗത്തെപ്പോലും വിജയിപ്പിക്കാൻ കഴിയാത്ത കേരളത്തിലെ ബി.ജെ.പി.യെ നയിക്കുന്ന ശ്രീ. കെ. സുരേന്ദ്രനാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അതിന്റെ നിർമ്മാതാവായിരിക്കാം ഒരുപക്ഷെ കേരളത്തിന്റെ പ്രതിപക്ഷനേതാവ്. അതിന്റെ ലൈറ്റ് ബോയ്മാരും മേക്കപ്പ്മാൻമാരുമാണ് ബാക്കിയുള്ള എം.എൽ.എ.മാർ. ശ്രീ. കെ. സുരേന്ദ്രനും ശ്രീ. കുമ്മനം രാജശേഖരനും ശ്രീ. പി. സി. ജോർജ്ജുമാണ് സംവിധായകർ. പി. സി. ജോർജിന്റെ പി.സി. ബി.ജെ.പി.യുടെ പഴയ നേതാവ് വികസിപ്പിച്ചത് ഞാൻ പറയുന്നില്ല. ഈ സഭയ്ക്ക് ഒരു അന്തസ്സുണ്ടല്ലോ. XXXXXXX എന്നോ മറ്റോ ആണ്. അത് ശബ്ദം താഴ്ത്തി പറയുകയാണ്. റെക്കോർഡിൽ വേണമെന്നില്ല.

മി. സ്പീക്കർ: അത് രേഖയിൽ ഉണ്ടാകില്ല*.

ശ്രീ. പി. ബാലചന്ദ്രൻ: സർ, 'മല എലിയെ പ്രസവിച്ചു' എന്ന് പറഞ്ഞതുപോലെ, കേരളത്തിലെ ജനങ്ങൾ പുറംകാലുകൊണ്ട് തൊഴിച്ച് 99

* ബഹുമാന്യനായ സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

സീറ്റ് കൊടുത്ത് അധികാരത്തിൽ വന്നതിനുശേഷം സ്വപ്ന പറയുകയാണ് ഞാൻ കോടതിയിൽ സി.ആർ.പി.സി. 164 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുണ്ടെന്ന്. എന്താണ് 164 സ്റ്റേറ്റ്മെന്റ്; ഇത് ഇതിനുമുമ്പ് ആരും കൊടുത്തിട്ടില്ലേ; ആ സ്റ്റേറ്റ്മെന്റിന് എന്താണ് പ്രത്യേകതയുള്ളത്? അത് ഒരു ജഡ്ജിന്റെ മുന്നിൽ നേരിട്ട് മൊഴി കൊടുക്കുന്ന സ്റ്റേറ്റ്മെന്റാണ്. അതിനുശേഷം അവർ അതിനടിയിൽ ഒപ്പിട്ടുകൊടുക്കും, 'ഞാൻ മനസ്സാ വാചാ കർമ്മണാ ഇതിൽനിന്നും പിന്മാറുകയില്ല, ഞാൻ മുമ്പ് തന്ന സ്റ്റേറ്റ്മെന്റുമായി വൈരുദ്ധ്യമുണ്ടെങ്കിൽ ഈ സ്റ്റേറ്റ്മെന്റിന്റെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നു' എന്ന്. ഇത്രയേയുള്ളൂ 164 സ്റ്റേറ്റ്മെന്റ്. അതിൽ മുമ്പ് പറഞ്ഞ സ്റ്റേറ്റ്മെന്റിൽനിന്നും വ്യത്യസ്തമായി എന്തെങ്കിലും ബോധ്യപ്പെടുത്തിയിട്ടുണ്ടെന്ന് സ്വപ്ന മാധ്യമങ്ങളോട് പറഞ്ഞിട്ടില്ല. പറഞ്ഞത് കോൺഗ്രസ്സിന്റെയും ബി.ജെ.പി.-യുടെയും നേതാക്കളാണ്. അവർക്ക് അത് എങ്ങനെ കിട്ടി? ഒരു പുതിയ അവതാരം വന്നിരിക്കുകയാണ്, അഡ്വ. ഷാജ് കിരൺ. അദ്ദേഹത്തിന് ആരോടൊക്കെയാണ് ബന്ധമുള്ളത്? ഭൂ മാഫിയക്കാരോടും ഈ നാട്ടിലെ ഇത്തരം പ്രവർത്തനത്തിനുവേണ്ടി നടക്കുന്ന സ്ത്രീകളോടുമൊക്കെ ബന്ധമുള്ള പുതിയ കുറച്ച് ആളുകൾ രംഗപ്രവേശം ചെയ്യുന്നു. അവർക്ക് പോലീസുമായി ബന്ധമുണ്ടാകാം. ആ

പോലീസുകാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്. ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി എന്ന നിലയ്ക്ക് കേരളത്തിൽ നടപടിയെടുക്കേണ്ട സമയത്ത് നടപടിയെടുത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുപോയിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾ വളരെ സജീവമായി ചർച്ച ചെയ്യുന്ന ഒരു സന്ദർഭത്തിലാണ് ഈ തെരഞ്ഞെടുപ്പ് നടക്കുന്നത്. ആ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ചീഫ് മിനിസ്റ്ററുടെ ഓഫീസിലുള്ള ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെതിരെ ആരോപണങ്ങൾ ഉന്നയിച്ച് മാറ്റിനിർത്തിയിട്ടുപോലും അപവാദക്കഥകളുടെ കുത്തൊഴുക്കിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കഴുത്തിന് കുത്തിപ്പിടിച്ചിട്ടുപോലും കേരളത്തിലെ സാധാരണ മനുഷ്യൻ പറഞ്ഞു, 'ഞങ്ങൾ വിശ്വസിക്കുന്ന ഈ ഗവൺമെന്റിനെ, ഞങ്ങൾക്ക് ഈ ഗവൺമെന്റ് തിരിച്ചുവരണം' എന്ന്. കാരണം കൈരളിയെ നയിക്കാൻ, ഈ ഭാർഗ്ഗവക്ഷേത്രത്തെ നയിക്കാൻ മലയാളിയുടെ ആത്മാഭിമാനവും ആത്മസുരക്ഷയും സംരക്ഷിക്കാൻ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിമാർക്കും ഗവൺമെന്റിനും കഴിഞ്ഞിട്ടുണ്ട്. അതിന് പൊടിയിടുന്നതിനുവേണ്ടി കള്ളക്കഥകൾ ചമച്ചുകൊണ്ട് രാപ്പകലാമാനം ഈ കേരളത്തിൽ പുകമറ സൃഷ്ടിക്കാൻ പരിശ്രമിക്കുന്ന പ്രതിപക്ഷം

യഥാർത്ഥത്തിൽ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്. കെ.പി.സി.സി.യുടെ സജീവമായ രാഷ്ട്രീയ ചരിത്രത്തെ അപമാനപ്പെടുത്തുകയല്ലേ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോൾ എത്തിയിട്ടുണ്ട്. എവിടെപ്പോയി ശ്രീ. രമേശ് ചെന്നിത്തല, എവിടെപ്പോയി കെ. ബാബുവേട്ടന്റെ ശബ്ദം, ഓടക്കുഴലിലെ മെഴു പോയതുപോലെയായി അവരിൽ പലരുടെയും സ്ഥിതി. ശബ്ദമില്ല, ഐക്യമില്ല. ശ്രീ. ഉമ്മൻ ചാണ്ടിക്ക് വയ്യെങ്കിലും എന്തെങ്കിലും പറഞ്ഞുകൂടേ? അവസാനം ചങ്കിൽ കുത്തി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെക്കൊണ്ട് ഇവർക്ക് സപ്പോർട്ട് ചെയ്ത് സംസാരിപ്പിക്കേണ്ടിവരും. ഞാൻ സൂചിപ്പിക്കുന്നത് ഉദയസൂര്യനെ പഴമുറംകൊണ്ട് മൂടി ഇരുട്ടാക്കാമെന്ന് നിങ്ങൾ കരുതേണ്ട. ഇത് കേരളമാണ്. കേരളത്തിന്റെ സജീവമായ ചരിത്രത്തെ മുന്നോട്ടുനയിക്കാൻ, കേരളം പരിപൂർണ്ണമായ രാഷ്ട്രീയ ശക്തിയായി അംഗീകരിച്ച് നിലനിർത്തുന്ന സഖാവ് പിണറായി വിജയനെ വേട്ടയാടി മുന്നോട്ടുപോകാമെന്നാണ് നിങ്ങളുടെ ധാരണയെങ്കിൽ ആ വെള്ളം ഇറക്കിവയ്ക്കുന്നതാണ് നല്ലത്. അതിൽ അരിയിടാൻ നിങ്ങൾക്ക് കഴിയില്ലെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച ഈ

അടിയന്തരപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഒരു സംസ്ഥാനത്തിന്റെ അല്ലെങ്കിൽ ഇന്ത്യയുടെ തന്നെ ചരിത്രത്തിൽ ഒരു മുഖ്യമന്ത്രിയും ഭരണകൂടവും നേരിടുന്ന ഏറ്റവും വലിയ ഗൗരവതരമായ ആരോപണങ്ങളെ സംബന്ധിച്ചുള്ളതാണ് ഈ പ്രമേയം. ഈ ആരോപണങ്ങൾ പുറത്തുവന്ന കാലത്തുതന്നെ ഞങ്ങൾ പറയുന്ന ഒരു കാര്യമുണ്ട്. മുഖ്യമന്ത്രി ഇല്ലാതെ എന്ത് മുഖ്യമന്ത്രിയുടെ ഓഫീസാണ് ഉള്ളതെന്ന്. മുഖ്യമന്ത്രിയുടെ ഓഫീസ് ഈ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇവിടെ പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ വിശ്വസ്തനായ പ്രിൻസിപ്പൽ സെക്രട്ടറി നൂറ് ദിവസം ജയിലിൽ കിടക്കുകയും അതുമായി ബന്ധപ്പെട്ട മറ്റൊരു സ്ത്രീ മാസങ്ങളോളം ജയിലിൽ കിടക്കുകയും ചെയ്തത് നമ്മുടെ മുന്നിലുണ്ടായ സംഭവമാണ്. അപ്പോൾ മുഖ്യമന്ത്രി ഇല്ലാതെ മുഖ്യമന്ത്രിയുടെ ഓഫീസുണ്ടോ? ഞാൻ ചോദിക്കട്ടെ, നയതന്ത്ര ബാഗേജിൽനിന്നും 30 കിലോഗ്രാം സ്വർണ്ണം പിടിക്കപ്പെട്ടത് മുതൽ നടന്ന അന്വേഷണത്തിൽ മുഖ്യമന്ത്രിയുടെ മനഃസാക്ഷി സൂക്ഷിപ്പുകാരനായ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എം. ശിവശങ്കറിനെയും മുഖ്യമന്ത്രിയുടെ ഓഫീസിലെയും വീട്ടിലെയും കുടുംബ സുഹൃത്തുമായ സ്വപ്ന സുരേഷിനെയും പ്രതിപ്പട്ടികയിൽ ചേർക്കപ്പെടുകയും അവർ ജയിലിൽ കിടക്കുകയും ചെയ്യുന്ന,

അന്വേഷണ സംഘം മുഖ്യമന്ത്രിയുടെ ഓഫീസിനുമുന്നിൽ നിൽക്കുകയാണ്. ശ്രീ. എം. ശിവശങ്കറിനെ എത്ര പെട്ടെന്നാണ് നിങ്ങൾ തിരിച്ചെടുത്തത്. അദ്ദേഹം ഈ ഓഫീസ് ഗ്യാലറിയിൽ ഉണ്ടായിരുന്നെങ്കിൽ ഈ ചർച്ച ഒന്നുകൂടി നന്നാകുമായിരുന്നുവെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. ഇത്ര ഗുരുതരമായ ആരോപണമുണ്ടായി മാസങ്ങളോളം ജയിലിൽ കിടന്ന ഒരു ഉദ്യോഗസ്ഥനെ എത്ര വേഗത്തിലാണ് നിങ്ങൾ തിരിച്ചെടുത്തത്. ഇവിടെ ഇങ്ങനെയൊക്കെ ആരോപണങ്ങളുണ്ടായിട്ടും മുഖ്യമന്ത്രിയെക്കുറിച്ചുള്ള പ്രയോഗങ്ങളുണ്ടായിട്ടും എന്തേ ഈ കേസ് ഈ വിധമായിപ്പോയതെന്ന് ചോദിച്ചാൽ, ഇപ്പോൾ ആരോപിക്കുന്നുണ്ടല്ലോ, യു.ഡി.എഫ്.-ഉം ബി.ജെ.പി.-യുമായുള്ള സംഖ്യമെന്ന് പറയുന്നുണ്ടല്ലോ. നിങ്ങൾ തമ്മിലുള്ള ഒത്തുകളിയുടെ ഭാഗമായാണ് ഈ കേസ് ഇങ്ങനെ നിർവീര്യമായിപ്പോയത്. വീണ്ടും എങ്ങനെ ഈ കേസ് തിരിച്ചുവന്നു? കാലം കണക്ക് ചോദിക്കാതെ ഒരു സംഗതിയും പുറത്തുപോകില്ല.

**[2:00 PM]**

ഈ രണ്ട് പ്രതികളും തമ്മിൽ തെറ്റി. സ്വപ്ന സുരേഷും ശിവശങ്കറും തമ്മിൽ തെറ്റി. ഇവിടെ സൂചിപ്പിച്ചതുപോലെ അശ്വത്ഥാമാവിന്റെ ആനയൊക്കെ പുറത്തുവന്നു. അതിനെത്തുടർന്ന് അങ്ങോട്ടുമിങ്ങോട്ടും

ആരോപണങ്ങളുണ്ടായി. ആ ആരോപണങ്ങളെ തുടർന്നാണ് വീണ്ടും മജിസ്ട്രേറ്റിന്റെ മുമ്പിൽ സി.ആർ.പി.സി. 164-ാം വകുപ്പ് പ്രകാരമുള്ള മൊഴിയുണ്ടായത്. ഇപ്പോൾ എത്ര നിസ്സാരമായാണ് 164-ാം വകുപ്പ് അത്ര വലിയ സംഗതിയൊന്നുമല്ലെന്ന് പറയുന്നത്. അത് വലിയ സംഗതിയാണോയെന്ന് ഇതിനകത്തുള്ള ആരെയും പഠിപ്പിക്കേണ്ടതില്ല. 164-ാം വകുപ്പ് പ്രകാരം ഒരു സ്റ്റേറ്റ്മെന്റ് കൊടുപ്പിക്കുന്നത് അത് നാളെ മാറ്റിപ്പറയാതിരിക്കാൻ വേണ്ടിയാണ്. ഇവിടെ സ്വപ്ന സുരേഷ് 164-ാം വകുപ്പ് അനുസരിച്ച് സ്റ്റേറ്റ്മെന്റ് കൊടുക്കാനുണ്ടായ സാഹചര്യമെന്താണ്; ഞങ്ങൾ ആരെങ്കിലും കൂട്ടിക്കൊണ്ടുപോയിട്ടാണോ? അല്ല. അവർക്ക് ജീവഭയമുള്ളതുകൊണ്ടാണ്. അവരുടെ കേസ്സിലെ പ്രതിയായിരുന്ന സരിത്തിനെ ഡി.വൈ.എഫ്.ഐ.-ക്കാരും പോലീസുകാരും വേട്ടയാടാൻ തുടങ്ങിയപ്പോൾ ജീവന് ഭീഷണിയുണ്ടാകുകയും നാളെയും ഈ കേസ്സിന്റെ തെളിവ് അവശേഷിക്കണം എന്നുള്ളതുകൊണ്ടുമാണ് സ്വപ്ന സുരേഷ് 164-ാം വകുപ്പ് പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് കൊടുത്തത്. 164-ാം വകുപ്പ് പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് അത്ര വലിയ കാര്യമല്ലെങ്കിൽ എന്തിനാണ് വീണ്ടും സ്വപ്നയുടെ അടുത്തേയ്ക്ക് നിങ്ങൾ ഷാജ് കിരണിനെ പറഞ്ഞയച്ചത്? ഇപ്പോൾ പറയുന്നത് ഷാജ് കിരണിന് ബന്ധം കോൺഗ്രസ്സുകാരുമായിട്ടാണെന്നാണ്. (ഷാജ്

കിരണിന്റെ ഫേസ്ബുക്ക് പോസ്റ്റ് ഉയർത്തിക്കാട്ടി വായിക്കുന്നു) "മേയ് 2, 2021 - പാർട്ടി അനുഭാവമുള്ളപ്പോഴും പിന്നീട് അത് നഷ്ടമായപ്പോഴും ഒരിക്കൽപ്പോലും ഇഷ്ടമില്ലാത്ത നേതാവായി മാത്രമേ അങ്ങയെ കണ്ടിട്ടുള്ളൂ." - മുഖ്യമന്ത്രിയെപ്പറ്റിയാണ് പറയുന്നത്. "ഏകാധിപതിയെന്ന് നിരവധി തവണ അങ്ങയെ വിശേഷിപ്പിച്ചിട്ടുണ്ട്. പക്ഷെ, അതെല്ലാം തെറ്റാണെന്ന് കാലം തെളിയിച്ചു. സഖാവേ എന്ന് വിളിക്കാനല്ല തോന്നുന്നത്. ക്യാപ്റ്റൻ എന്ന് വിളിക്കാനേ കഴിയുന്നുള്ളൂ. ഇരട്ടച്ചങ്കൻ തന്നെ. ലാൽസലാം." എന്ന് ഷാജ് കിരൺ പറയുകയാണ്. ഒരാളെ കാണുമ്പോഴോ കൂടെനിൽക്കുമ്പോഴോ യാത്ര ചെയ്യുമ്പോഴോ ഫോട്ടോയെടുക്കും അതാണ് ശ്രീ. വി. ജോയി ഉയർത്തിക്കാട്ടിയത്. അത് എടുത്തിട്ടാണോ നിങ്ങൾ ഞങ്ങളെ നേരിടാൻ വരുന്നത്? ഇവിടെ വീണ്ടും ഈ കേസ് കുത്തിപ്പൊക്കാനുണ്ടായ കാരണം, xxxxxx xxxxxxx xxxxxx xxxxxxx+ നൽകിയിട്ടുണ്ടെന്ന് എറണാകുളത്തെ പ്രത്യേക കോടതിയിൽ മൊഴി രേഖപ്പെടുത്തിയശേഷം സ്വപ്ന സുരേഷ് മാധ്യമങ്ങളോട് പറഞ്ഞുവെന്നുള്ളതാണ്. ഇവിടെ ശ്രീ. ഷാഫി പറമ്പിലിന് 164-നെക്കുറിച്ച് മിണ്ടാൻ പാടില്ല. അത് കോടതിയിലിരിക്കുന്ന കാര്യമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പി. രാജീവ് പറഞ്ഞത്.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 11645/ഇ.ബി./2022/നി.സെ., തീയതി 30-06-2022) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

ശ്രീ. ഷാഫി പറമ്പിൽ എന്താ പറഞ്ഞത്; സ്വപ്ന സുരേഷ് പത്രക്കാരോട് കേരളത്തിലെ മുഖ്യമന്ത്രിയെക്കുറിച്ചും അദ്ദേഹത്തിന്റെ കുടുംബത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. അത് ചർച്ച ചെയ്യാനും ചോദിക്കാനുമുള്ള വേദി ഇതല്ലാതെ മറ്റേതാണെന്ന് നിങ്ങൾ വെളിപ്പെടുത്തേണ്ടതുണ്ട്. " 2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദുബായിൽ പോയ സമയത്താണ് ശ്രീ. എം. ശിവശങ്കർ ആദ്യമായി എന്നെ ബന്ധപ്പെടുന്നത്. അന്ന് ഞാൻ കോൺസുലേറ്റിൽ സെക്രട്ടറിയായിരുന്നു" എന്നത് സ്വപ്ന സുരേഷിന്റെ മൊഴിയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡറുണ്ട്. സമയം പ്രൊട്ടക്ട് ചെയ്യാം.

ശ്രീ. കെ. രാജൻ: സർ, മുഖ്യമന്ത്രിയെക്കുറിച്ച് ഇപ്പോൾ നടത്തിയ പ്രസ്താവനയുണ്ടല്ലോ; ക്രൈം നന്ദകുമാറിന്റെ വാക്കുകേട്ട് പറഞ്ഞ കാര്യമുണ്ടല്ലോ; അതിന്റെ വിശ്വസ്തത ഈ സഭയ്ക്ക് അറിയണം. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം തെറ്റാണെങ്കിൽ അത് സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല. അത് തെറ്റാണെന്ന് പൂർണ്ണമായ ബോധ്യമുണ്ട്.

<u>മി. സ്പീക്കർ</u>: അത് പരിശോധിക്കാം+. 24 സെക്കന്റാണ് ബ<u>ഹു</u>മാനപ്പെട്ട മന്ത്രിയെടുത്തിട്ടുള്ളത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഒരു അംഗം പ്രസംഗിക്കുമ്പോൾ ഇങ്ങനെയൊരു മന്ത്രി തടസ്സപ്പെടുത്താൻ പാടുണ്ടോ; അത് ഓർഡറിലാണോ?

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡർ അല്ലേ.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, " 2016-ൽ മുഖ്യമന്ത്രി ദുബായിൽ പോയ സമയത്താണ് ശ്രീ. എം. ശിവശങ്കർ ആദ്യമായി എന്നെ ബന്ധപ്പെടുന്നത്, അന്ന് ഞാൻ കോൺസുലേറ്റിൽ സെക്രട്ടറിയായിരുന്നു. മുഖ്യമന്ത്രിയുടെ ബാഗ് മറന്നു. എത്രയും പെട്ടെന്ന് എത്തിക്കണമെന്നായിരുന്നു ആവശ്യം. ഞാൻ അത് കൊണ്ടുപോയി" എന്നാണ് സ്വപ്ന സുരേഷ് പറയുന്നത്. ഇത് വളരെ കൃത്യമല്ലേ. മുഖ്യമന്ത്രിയുടെ ബാഗാണെന്നും അത് എത്തിച്ചുകൊടുത്തത് ഞാനാണെന്നും പ്രതിയായ സ്വപ്ന സുരേഷ് പറയുന്നു. എന്നിട്ട് മുഖ്യമന്ത്രി മാത്രം ഈ കുറ്റകൃത്യത്തിൽ ഭാഗഭാക്കല്ലെന്ന് പറയുന്നത് എങ്ങനെയാണ്; ആർക്കാണ് അത് വിശ്വസിക്കാൻ കഴിയുക? മുഖ്യമന്ത്രിയുടെ മനഃസാക്ഷി സൂക്ഷിപ്പുകാരനായ ശിവശങ്കർ മുഖ്യമന്ത്രി പറഞ്ഞിട്ട് ആ ബാഗ് കൊണ്ടുവരാൻ ആജ്ഞാപിക്കുന്നു. ബാഗിൽ കറൻസി

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 11645/ഇ.ബി./2022/നി.സെ., തീയതി 30-06-2022) സഭാരേഖകളിൽനിന്നും നീക്കംചെയ്തു.

ആയിരുന്നുവെന്ന് സ്വപ്ന സുരേഷ് പറയുന്നു. ആ ബാഗ് ഞാനാണ് കോൺസുലേറ്റുവഴി കൊടുത്തയച്ചതെന്നും അവർ പറയുന്നു. (...ബഹളം...) ഈ കുറ്റകൃത്യത്തിൽ മുഖ്യമന്ത്രിക്ക് പങ്കുണ്ടെന്നുള്ളത് വലിയ ആരോപണമാണ്. പിന്നെ പറഞ്ഞത് ബിരിയാണി ചെമ്പുകളെക്കുറിച്ചാണ്. (...ബഹളം...)

<u>ശ്രീ. കെ. രാജൻ</u>: സർ, .....(മൈക്ക് ഓഫ്).....

<u>മി. സ്പീക്കർ</u>: അങ്ങ് ഉന്നയിച്ച കാര്യം പരിശോധിക്കാം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പ്രസംഗം തടസ്സപ്പെടുത്തിയിട്ട് കാര്യമില്ല. ബിരിയാണി ചെമ്പുകൾ സ്ഥിരമായി ക്ലിഫ് ഹൗസിലേയ്ക്ക് പോകാറുണ്ട്. അതിന് നല്ല കനമുണ്ടായിരുന്നു. ആട് ബിരിയാണിയും കോഴി ബിരിയാണിയുമായിരുന്നെങ്കിൽ കനമുണ്ടാകുമായിരുന്നില്ല. അതിൽ ലോഹമുണ്ടായിരുന്നുവെന്ന് പറഞ്ഞത് ഈ കേസ്സിലെ പ്രതിയാണ്. ആടിന്റെ തലയും കോഴിയുടെ കാലുമൊന്നുമായിരുന്നില്ല അതിലുണ്ടായിരുന്നത്. അതിൽ ലോഹമായിരുന്നു. ഇത്ര ഗുരുതരമായ ആരോപണങ്ങളാണ് ഒരു മുഖ്യമന്ത്രിക്കെതിരെ വന്നത്. എന്നാൽ മുഖ്യമന്ത്രി നമ്മോട് പറയുന്നത് 'പിപ്പിടിവിദ്യ എന്നോട് വേണ്ടെ'ന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞങ്ങൾക്ക് പറയാനുള്ളത് 'ഇജ്ജാതി വർത്തമാനം പറയുന്ന ചെപ്പടി വിദ്യ

പ്രതിപക്ഷത്തോടും വേണ്ട' എന്നാണ്. എല്ലാം തകർന്ന് എല്ലാ തെളിവുകളും തനിക്കെതിരായി വരുമ്പോഴും വലിയ ആത്മവിശ്വാസം പ്രകടിപ്പിച്ച് ഞങ്ങളെ ഇങ്ങനെ ഭത്സിക്കുക, ചോദ്യം ചെയ്യുക തുടങ്ങിയ ഇജ്ജാതി ചെപ്പടി വിദ്യകൊണ്ടൊന്നും രക്ഷപ്പെടാൻ പോകുന്നില്ല. കേരളത്തിലെ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിമാർ, ധാർമ്മികതയുണ്ടെങ്കിൽ സി.പി.ഐ.(എം)-ന്റെ നേതാക്കൾ, ശ്രീ. സീതാറാം യെച്ചൂരി അടക്കമുള്ളവരോട് ഞാൻ പറയുകയാണ്. ഇത്ര ഗുരുതരമായ ഒരു ആരോപണം വന്നിട്ട്, കമ്മ്യൂണിസ്റ്റ് പാർട്ടി മോശം പാർട്ടിയാണെന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല. പക്ഷെ ഈ കാലഘട്ടത്തിൽ ഇങ്ങനെ കുഴലൂതുന്നവരാണ് കൂടെയുള്ളതെങ്കിൽ ആ പാർട്ടിയുടെ നാശം വളരെ വൈകാതെ തന്നെ സംഭവിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്ര ഗുരുതരമായ ആരോപണങ്ങൾ, തെളിവുകളെല്ലാം വ്യക്തമായിട്ടും മുഖ്യമന്ത്രി രാജിവയ്ക്കാതിരിക്കുന്നത് രാഷ്ട്രീയ ധാർമ്മികതയില്ലായ്മയാണ്. വിമാനം അപകടത്തിൽപ്പെട്ടപ്പോൾ വ്യോമയാന മന്ത്രി രാജിവച്ച ഭാരതം, റെയിൽ അപകടമുണ്ടായപ്പോൾ റെയിൽവേ മന്ത്രി രാജിവച്ച ഭാരതം. ആ ഭാരതത്തിന്റെ ജനാധിപത്യത്തിന് അപമാനമായി മാറുകയാണ് കേരളത്തിന്റെ മുഖ്യമന്ത്രിയെന്നുള്ളതാണ് ഇന്ന് നമുക്ക് കാണാൻ കഴിയുന്നത്. ജൂലിയസ് സീസറുടെ ഭാര്യ സംശയത്തിന്

അതീതയായിരിക്കണമെന്ന് മുമ്പ് നിങ്ങൾ പറഞ്ഞില്ലേ? ഇന്ന് ആ വാക്കുകൾ വെള്ളം തൊടാതെ വിഴുങ്ങുന്ന സ്ഥിതിയിലേയ്ക്കാണ് നിങ്ങൾ വരുന്നത്. ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് നിങ്ങൾ ആക്രമിച്ചത് ഈ ചർച്ച വഴിമാറ്റാൻ വേണ്ടിയായിരുന്നുവെന്നും ഞങ്ങൾക്കറിയാം. ഇവിടെ നമ്മൾ കാണുന്നത് കമ്മ്യൂണിസ്റ്റ് ചരിത്രത്തിൽ കുറച്ച് ഏകാധിപതികളുണ്ട്. Nicolae Ceausescu, Kim Jong-un എന്നിവരെപ്പോലെ ഇവിടെ ഒരു ഏകാധിപതിയെ നിങ്ങൾ വാഴ്ത്തുന്നത് ശരിയല്ലെന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഇവിടെയെല്ലാം കലാപമുണ്ടാക്കുന്ന രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. വാളുകൾക്ക് മുമ്പിലൂടെ നടന്നുനീങ്ങിയ ആളാണ് മുഖ്യമന്ത്രിയെന്നാണ് പറഞ്ഞത്. കേരളത്തിൽ ഇപ്പോൾ ഒരു മീറ്ററിൽ ഒരു പോലീസാണ്. .....(മൈക്ക് ഓഫ്)....

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ചട്ടം 284 പ്രകാരം ഒരു വ്യക്തിപരമായ ആരോപണം, അതുതന്നെയാണ് തർക്കത്തിലുള്ളതോ അതിന് പ്രസക്തമായതോ ആയ ഒരു വിഷയമായിരിക്കെ വാദപ്രതിവാദത്തിന്റെ ഉദ്ദേശ്യത്തിന് അടിയന്തിരമായി ആവശ്യമില്ലാത്തപക്ഷം ഉന്നയിക്കാൻ പാടുള്ളതല്ല. ചട്ടം 132 പ്രകാരം ഒരു

അംഗം മറ്റൊരംഗത്തെ വ്യക്തിപരമായി പരാമർശിച്ച് പരിഹസിക്കുന്ന രീതിയിൽ സംസാരിക്കാൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിലെ അംഗമാണ്. വ്യക്തിപരമായി ആക്ഷേപിച്ചുകൊണ്ടുള്ള ആരോപണങ്ങൾ ഉന്നയിച്ചത് സഭാരേഖയിൽനിന്നും ഒഴിവാക്കണം.

മി. സ്പീക്കർ: അത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കാം.+.

ശ്രീ. എം. വിൻസെന്റ്: സർ, ചട്ടം 307 പ്രകാരം എക്സ്പഞ്ച് ചെയ്യാനുള്ളതാണ്. ശ്രീ. വി. ജോയി പറഞ്ഞപ്പോൾ എന്റെ ട്വിറ്ററിൽ ഗാന്ധിജിയുടെ തകർത്തിട്ടിരിക്കുന്ന ചിത്രമില്ലെന്ന് പറഞ്ഞു. എന്റെ ട്വിറ്ററിൽ അതുണ്ട്. അതുകൊണ്ട് തെറ്റായ ആ പരാമർശം പിൻവലിക്കണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം ശ്രീ. എൻ. ഷംസുദ്ദീൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു കാര്യം പരാമർശിച്ചു. സി.ആർ.പി.സി. 164-ാം വകുപ്പ് പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് ആര് കൊടുപ്പിച്ചുവെന്നാണ് പറയുന്നത്? അവിടെ വളരെ വ്യക്തമായി ഒരു കാര്യം ബോദ്ധ്യമാകുകയാണ്. ഇതൊരു രാഷ്ട്രീയ ഗൂഢാലോചനയാണെന്നും അത് യു.ഡി.എഫ്.-ന്റെയും കൂടി അറിവിലും പങ്കാളിത്തത്തിലുമുണ്ടായ ഒരു രാഷ്ട്രീയ ഗൂഢാലോചനയാണെന്നുമുള്ളതിന്റെ തുറന്ന് സമ്മതിക്കലാണ്

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 11645/ഇ.ബി./2022/നി.സെ., തീയതി 30-06-2022) സഭാരേഖകളിൽ നിലനിർത്തി.

ശ്രീ. എൻ. ഷംസുദ്ദീന്റെ ആ പരാമർശമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ഗൂഢാലോചനയിൽ ആരെല്ലാമാണ് പങ്കാളികളായിരിക്കുന്നത്? .....(ബഹളം)...... അദ്ദേഹം അങ്ങനെ പറഞ്ഞു. രേഖകൾ പരിശോധിക്കട്ടെ. രാഷ്ട്രീയ ഗൂഢാലോചനയിലെ അവരുടെ പങ്ക് വളരെ സുവ്യക്തമായി ബോദ്ധ്യപ്പെടുത്തുന്നതാണ് പരാമർശം. അതുപോലെ ഈ ഗൂഢാലോചനയിൽ ആരെല്ലാമാണ് പങ്കാളികളായിരിക്കുന്നത്? എന്റെ നാട്ടിൽ ഒരു മുൻ എം.എൽ.എ. ഉണ്ട്. അദ്ദേഹത്തിന്റെ പേര് നിരവധി പ്രാവശ്യം സഭയിൽ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ചക്കര പെണ്ണേയെന്ന് വിളിച്ചുകൊണ്ട് ഒരു വിവാദ നായികയെക്കൂടി, ഇപ്പോൾ ഈ സി.ആർ.പി.സി. 164 സ്റ്റേറ്റ്മെന്റുമായി മുന്നോട്ടുവന്നിരിക്കുന്ന സ്വപ്ന സുരേഷിനെ ഇത്തരമൊരു സാഹചര്യത്തിലേയ്ക്ക് എത്തിക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നടത്തുന്ന സംഭാഷണം കേരളം മുഴുവൻ കേട്ടതാണ്. ആ ആളിന്റെ ക്രെഡിബിലിറ്റിയെക്കുറിച്ചും മുൻകാല ചെയ്തികളെക്കുറിച്ചുമൊന്നും വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹം ഉൾപ്പെടെ ഇവിടെ തൊട്ടുമുമ്പ് നടന്ന പ്രസംഗങ്ങളിൽ പരാമർശിക്കപ്പെട്ട അഡ്വ. കൃഷ്ണരാജും അഡ്വ. ബിജുകൃഷ്ണനുമൊക്കെയുള്ള സംഘ് പരിവാറിന്റെ മുൻനിരനേതാക്കളടക്കം നടത്തിയ ഗൂഢാലോചനയിൽ

യു.ഡി.എഫ്. ഭാഗഭാക്കായ, പ്രത്യക്ഷത്തിൽത്തന്നെ തികഞ്ഞ രാഷ്ട്രീയ ഗൂഢാലോചനയാണെന്ന് വളരെ സുവ്യക്തമായി അരിയാഹാരം കഴിക്കുന്ന ആർക്കും ബോദ്ധ്യമാകുന്ന ഒരു വസ്തുതയെ മുന്നിൽനിർത്തിക്കൊണ്ടാണ് യു.ഡി.എഫ്. ഈ പൊറാട്ട് നാടകവുമായി മുന്നോട്ടുവന്നിരിക്കുന്നത് എന്നുള്ളത് എത്രയോ അപഹാസ്യമാണ്. യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ നിലവാരത്തകർച്ചയുടെ ഏറ്റവും വലിയ ആഴമാണ് അത് ബോധ്യപ്പെടുത്തുന്നത്. ഇന്നലെ ശ്രീ. രാഹുൽ ഗാന്ധിയുമായി ബന്ധപ്പെട്ട വിഷയത്തിൽ സഭയിൽ റൂൾ 50 പ്രകാരമുള്ള നോട്ടീസിന് അവതരണാനുമതിക്കുവേണ്ടിയുള്ള പ്രമേയാവതരണത്തിന് മുന്നോട്ടുവരാൻ തയ്യാറാകാതിരുന്ന ആളുകൾ ഇന്ന് സ്വപ്ന സുരേഷിന്റെ മൊഴിയുടെ പേരിൽ, ആ മൊഴി വിശ്വസിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ മാധ്യമങ്ങളോട് പറഞ്ഞതാണ്. -

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ....... ബഹുമാനപ്പെട്ട പൂഞ്ഞാർ അംഗം, ഞാൻ മാതൃഭൂമിയോട് സ്വപ്ന സുരേഷിന്റെ ഈ വെളിപ്പെടുത്തൽ വിശ്വസിക്കുന്നില്ലെന്ന് പറഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു. അത് വാസ്തവ വിരുദ്ധമാണ്. തെറ്റായ കാര്യമാണ്. അത് രേഖയിൽനിന്നും നീക്കം ചെയ്യണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, അത് മാധ്യമങ്ങളിൽ വന്നതാണ്.

മി. സ്പീക്കർ: ഇത് കഴിയട്ടെ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അദ്ദേഹംകൂടി അറിഞ്ഞുകൊണ്ട് തയ്യാറാക്കിയ ഒരു സ്റ്റേറ്റ്മെന്റ് അദ്ദേഹം അവിശ്വസിക്കേണ്ട കാര്യമില്ലല്ലോ. (........ബഹളം........)

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, മാധ്യമങ്ങളിൽ വന്നത് അദ്ദേഹം നിഷേധിച്ചിട്ടില്ല. (.......ബഹളം.......)

മി. സ്പീക്കർ: അങ്ങ് പ്രസംഗം അവസാനിപ്പിക്കു....... അങ്ങ് വിശദീകരിച്ചല്ലോ...... പ്രസംഗം അവസാനിപ്പിക്കു..........

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് പ്രസംഗം അവസാനിപ്പിക്കുകയാണ്. അതായത് യു.ഡി.എഫ്. മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. ഇന്ത്യയിലെ ദേശീയ മതേതര ബദലിനുവേണ്ടിയുള്ള വലിയ പോരാട്ടത്തിൽ ഇന്ത്യയുടെ മതനിരപേക്ഷതയിൽ ഇന്ത്യൻ രാഷ്ട്രീയ ഭൂമികയിൽ ജ്വലിക്കുന്ന സൂര്യതേജസ്സാണ് കേരളത്തിലെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ. ........(മൈക്ക് ഓഫ്)........

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, 'propaganda' എന്ന വാക്ക് ലോകത്തിന് പരിചയപ്പെടുത്തിയത് Woodrow Wilson എന്ന അമേരിക്കൻ പ്രസിഡന്റാണ്. സമാധാന പ്രിയരായ അമേരിക്കൻ ജനതയെ യുദ്ധത്തിലേയ്ക്ക് നയിക്കാൻ വേണ്ടിയായിരുന്നു propaganda എന്ന വാക്ക് പരിചയപ്പെടുത്തിയത്. ഏതാണ്ട് അതിന് സമാനമായി ഇവിടെ വീണ്ടും propaganda വന്നുകൊണ്ടിരിക്കുകയാണ്. ജനക്ഷേമ നയങ്ങൾ നടപ്പിലാക്കി മുന്നോട്ടുപോകുന്ന ഇടതുപക്ഷ സർക്കാരിൽ ജനങ്ങൾ വിശ്വാസമർപ്പിച്ച് മുന്നോട്ടുപോകുമ്പോൾ ആ സർക്കാരിനെ കടന്നാക്രമിക്കാൻ വലതുപക്ഷ മാധ്യമങ്ങളും വലതുപക്ഷ രാഷ്ട്രീയവും ആർ.എസ്.എസ്.-ഉം ആസൂത്രിതമായി വീണ്ടും പ്രൊപ്പഗൻഡയുമായി വരികയാണ്. ഇതിൽ പറയുന്ന പ്രൊപ്പഗൻഡയെ രണ്ടായി തിരിക്കാം. ഒന്ന്, സ്വർണ്ണക്കടത്ത് ഫസ്റ്റ് പാർട്ട്. ചിത്രം എന്ന സിനിമ ഏതാണ്ട് ഒരു കൊല്ലം ഓടിയിട്ടുണ്ട്. അതിന് സമാനമായി ഇതും ഒരു കൊല്ലം ഓടിയതാണ്. എന്നാൽ അതിന്റെ പ്രൊഡക്ഷൻ നഷ്ടമായി. ഇവിടെ ഈ സിനിമയിലെ പ്രൊഡക്ഷൻ കെ.പി.സി.സി.-ക്ക് നഷ്ടമായി. ഒരു കൊല്ലം ഓടിയിട്ടും സാമ്പത്തികമായി നഷ്ടവും രണ്ട് തെരഞ്ഞെടുപ്പിൽ പരാജയപ്പെടുകയും സീറ്റിന്റെ എണ്ണം കുറയുകയും ചെയ്തു. ഇതാണ് സ്വർണ്ണക്കടത്തിലെ ഫസ്റ്റ് പാർട്ട്. സെക്കന്റ്

പാർട്ടിൽ ഒരു സ്ത്രീയുമായി യു.ഡി.എഫ്. വീണ്ടും വരികയാണ്. അവർ ആരോപണങ്ങൾ ഉന്നയിക്കുന്നു. അവർ ഉന്നയിക്കുന്ന ആരോപണങ്ങൾ യു.ഡി.എഫ്. ഏറ്റുചോദിക്കുന്നു. എന്താണ് ഉത്തരം? എന്നാൽ ചില ചോദ്യങ്ങൾ ഞങ്ങൾ ചോദിക്കുന്നു. ഫൈസൽ ഫരീദ് ആരാണ് എന്നതിനെക്കുറിച്ചും കോൺസുലേറ്റ് ജനറലിനെക്കുറിച്ചും അനീഷ് പി. രാജൻ എന്ന ഐ.ആർ.എസ്. ഉദ്യോഗസ്ഥനെ നാഗ്പൂർ ആസ്ഥാനത്തേയ്ക്ക് മാറ്റിയതിനെക്കുറിച്ചും സ്വർണ്ണത്തിന്റെ കൺസൈൻമെന്റ് പിടിച്ചപ്പോൾ വിട്ടില്ലെങ്കിൽ സസ്പെന്റ് ചെയ്യുമെന്ന് പറഞ്ഞ ബി.എം.എസ്. നേതാവിനെക്കുറിച്ചും ഇ.ഡി. അന്വേഷണം നിർത്തിയതിനെക്കുറിച്ചും ശ്രീ. വി. മുരളീധരന്റെ പങ്കിനെക്കുറിച്ചും യു.ഡി.എഫ്.-ന് അറിയണ്ടേ; എന്നാൽ യു.ഡി.എഫ്.-ന് അതൊന്നും അറിയേണ്ട. ആരാണ് എച്ച്.ആർ.ഡി.എസ്.; ആരാണ് കൃഷ്ണരാജ്; കൃഷ്ണരാജ് എന്നാൽ ഏറ്റവും വലിയ communal venomous ആണ്. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി അറിയണം. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ജാനകി, നവീൻ റസാക്ക് എന്നീ രണ്ട് കുട്ടികൾ ഒന്നിച്ച് നൃത്തം ചെയ്തപ്പോൾ അതിന് വർഗ്ഗീയതയുടെ ചുവനൽകിയ വർഗ്ഗീയ ഭ്രാന്തൻ. ആ ഭ്രാന്തൻ ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റ ഉറ്റമിത്രം, ഉറ്റചങ്ങാതി. എന്താണ്

മിണ്ടാത്തത്? 29 വർഷമായി തനിക്ക് അറിയാമെന്നാണ് പറയുന്നത്. ഇനി സ്വർണ്ണക്കടത്തിനെക്കുറിച്ചാണ് പറയാനുള്ളത്. അതിനെക്കുറിച്ച് ഒരു ഇസ്ലാമോ ഫോബിയയുണ്ട്. അത് എന്താണ്? ആദ്യം ഖുർആൻ, പിന്നെ ഈന്തപ്പഴം, പിന്നീട് ബിരിയാണി ചെമ്പ്. ഇത് ആസൂത്രിതമാണ്. ലോകത്താകെ പ്രചരിപ്പിക്കുന്ന ഇസ്ലാമോ ഫോബിയയുടെ പ്രചാരകന്മാരായി യു.ഡി.എഫ്. എന്ന രാഷ്ട്രീയ സംവിധാനം ഇവിടെ മാറുന്നു. (......ബഹളം......) അതിന്റെ ഭാഗമാണ് ഇത്തരം പ്രചരണം. ലോകത്താകെ ഇസ്ലാമോ ഫോബിയയുണ്ട്. ആ ഇസ്ലാമോ ഫോബിയയുടെ വക്താക്കളായി ലീഗ് മാറാൻ പാടുണ്ടോ; കോൺഗ്രസ്സിനെ പറഞ്ഞിട്ട് കാര്യമില്ല. (......ബഹളം......) കോൺഗ്രസ് എന്തും പറയും. അതുകൊണ്ട് എപ്രകാരമാണോ ഒന്നാം സ്വർണ്ണക്കടത്ത് പൊട്ടിയത് അതിന് സമാനമായി രണ്ടാം സ്വർണ്ണക്കടത്തും പൊട്ടുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. നിങ്ങളുടെ ലക്ഷ്യം ശ്രീ. പിണറായി വിജയനാണെങ്കിൽ ഞങ്ങൾ ഒരു കാര്യം പറയാം. പിണറായി വിജയൻ എന്ന രാഷ്ട്രീയ നേതാവ് ഉയർന്നുവന്നത് ഒരു സുപ്രഭാതത്തിലല്ല. ആറ് പതിറ്റാണ്ടിന്റെ പാരമ്പര്യവും ത്യാഗനിർഭരമായ സമരത്തിന്റെയും സഹനത്തിന്റെയും കഥകളും അദ്ദേഹത്തിന് പറയാനുണ്ട്. ഏതാണ്ട് അഞ്ച് പതിറ്റാണ്ടിലേറെ കേരളത്തിലെ യു.ഡി.എഫ്.-ഉം

ആർ.എസ്.എസ്.-ഉം അദ്ദേഹത്തെ ശാരീരികമായി ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചു. അടിയന്തരാവസ്ഥക്കാലത്ത് നിങ്ങളുടെ ആളുകൾ പിടിച്ചുകൊണ്ടുപോയി ജയിലിലിട്ട് ഉരുട്ടി. അദ്ദേഹത്തിന്റെ കാൽ തകർത്തു. മാസങ്ങളോളം അദ്ദേഹത്തെ ജയിലിലിട്ടു. ഒരു വർഷത്തോളം കൂടെ ലീഗിന്റെ ചില നേതാക്കളുമുണ്ടായിരുന്നു. അതിനുശേഷം കോൺഗ്രസ്സിന്റെ ആളുകൾ കൊല്ലാൻ ശ്രമിച്ചു. തലശ്ശേരിയിൽ നടന്ന ഒരു ചടങ്ങിൽവച്ച് കോൺഗ്രസ്സിന്റെ അന്നത്തെ നേതാവ് പ്രമുഖനായ കോൺഗ്രസ്സിന്റെ ഗുണ്ടാതലവൻ മമ്പറം ദിവാകരൻ "ഈ മനുഷ്യനെ കൊല്ലാൻ അരയിൽ കത്തിയുമായി ഞാൻ എത്രയോ തവണ നടന്നിട്ടുണ്ട്." എന്നുപറഞ്ഞു. അത് നിഷേധിക്കാൻ സാധിക്കുമോ? കോൺഗ്രസ് കൊലപ്പെടുത്താനും ആർ.എസ്.എസ്. ശാരീരികമായി ഇല്ലായ്മ ചെയ്യാനും ശ്രമിച്ചു. അതിലും പരാജയപ്പെട്ടു. പിണറായി വിജയൻ എന്ന രാഷ്ട്രീയക്കാരൻ തലശ്ശേരി കലാപത്തിന്റെ ഘട്ടത്തിൽ മതന്യൂനപക്ഷങ്ങൾക്ക് സാന്ത്വനമേകിയതാണ്. എന്തുകൊണ്ട് ഇടതുപക്ഷം വീണ്ടും അധികാരത്തിൽ വന്നു? മതന്യൂനപക്ഷങ്ങൾക്ക് വിശ്വസിക്കാൻ സാധിക്കുന്ന ഏക മുഖം പാണക്കാട്ടെ തങ്ങളല്ല, മറിച്ച് പിണറായി വിജയനാണെന്ന് 1970-ൽ അവർ തിരിച്ചറിഞ്ഞതാണ്. 1970-ൽ തിരിച്ചറിഞ്ഞതുകൊണ്ടാണ് അവർക്ക്

ആശ്വാസമേകാൻ ആളുണ്ടാകുമെന്ന് വിശ്വസിക്കുന്നത്. ജസ്റ്റിസ് ജോസഫ് വിതയത്തിൽ കമ്മീഷൻ തലശ്ശേരി കലാപത്തെക്കുറിച്ച് അന്വേഷിച്ചു. ആ കലാപത്തെക്കുറിച്ച് അന്വേഷിച്ച വിതയത്തിൽ കമ്മീഷൻ പറഞ്ഞു: കൊടിവച്ച കാറിൽ ചിലർ സഞ്ചരിച്ചു, അവരാണ് കലാപം മുടക്കിയത്. ആ കൊടിവച്ച കാറിൽ സഞ്ചരിച്ചത് ഇന്ന് കേരളത്തിലെ നമ്പർ വണ്ണായ കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രിയാണ്. അക്കാര്യം നിങ്ങൾ മറന്നുപോകരുത്. അതുപോലെ എന്തെല്ലാം കഥകൾ, ലാവ്‌ലിൻ കേസ്. 'പ്രകാശം പരത്തുന്ന പെൺകുട്ടി' എന്ന ടി. പത്മനാഭന്റെ ഒരു കഥയുണ്ട്. എനിക്ക് കഥയെഴുതാൻ അറിയില്ല. കഥയെഴുതുന്നവർ ആരെങ്കിലുമുണ്ടെങ്കിൽ, ഈ നാട്ടിൽ പ്രകാശം പരത്തിയ മനുഷ്യൻ, അത് പിണറായി വിജയനാണ്. 1996 മുതൽ 98 വരെ അദ്ദേഹം കേരളത്തിന്റെ വൈദ്യുതി വകുപ്പുമന്ത്രി ആയിരുന്നപ്പോൾ കേരളത്തിൽ എന്തായിരുന്നു സ്ഥിതി? അന്ന് ഞങ്ങളൊക്കെ എസ്.എസ്.എൽ.സി. കുട്ടികളായിരുന്നു. ഫിലമെന്റ് മാത്രമേ കത്തുകയുള്ളൂ. എന്നാൽ ഇന്ന് കേരളമാകെ വെളിച്ചമുണ്ട്. അതിന് കാരണമെന്താണ്? വെളിച്ചം നൽകിയത് അന്നത്തെ ഇടതുപക്ഷ സർക്കാരാണ്. അതിന് നേതൃത്വം നൽകിയത് സഖാവ് പിണറായി വിജയനാണ്. അതിന്റെ പേരിലാണ് ലാവ്‌ലിൻ കേസുണ്ടായത്.

ഇതുസംബന്ധിച്ച് 2013 ഒക്ടോബർ 5-ന് തിരുവനന്തപുരം സി.ബി.ഐ. സ്പെഷ്യൽ കോടതി ഡിസ്ചാർജ്ജ് പെറ്റീഷൻ allow ചെയ്യുമ്പോൾ ജഡ്ജ് കടലാസ് വലിച്ചെറിയുകയാണ് ചെയ്തത്. കാരണം ഇതിൽ കഴമ്പില്ല. ഒരു മനുഷ്യനെ രാഷ്ട്രീയമായി ഇല്ലായ്മ ചെയ്യാൻ നിങ്ങൾ കെട്ടിപ്പൊക്കിയ കള്ളക്കഥ എന്നാണ് വിശേഷിപ്പിച്ചത്. ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു അന്ന് കേരളത്തിന്റെ മുഖ്യമന്ത്രി. കാലം ഒന്നിനും മറുപടി പറയാതെ പോയിട്ടില്ല. 2006 മാർച്ച് മാസം 1-ാം തീയതി അന്നത്തെ ഉമ്മൻ ചാണ്ടി സർക്കാരിന്റെ അവസാനത്തെ കാബിനറ്റ് ഇത് സി.ബി.ഐ.-ക്ക് വിടണമെന്ന് തീരുമാനിച്ചു. നിങ്ങൾ വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിച്ചു. ഒരു തെളിവുമില്ല; വിജിലൻസ് കേസ് തള്ളി. 2006 മാർച്ച് 1-ന് വൈകുന്നേരമാണ് തെരഞ്ഞെടുപ്പ് പ്രഖ്യാപനം വരുന്നത്. നിങ്ങൾ അന്ന് രാവിലെ തന്നെ സ്പെഷ്യൽ കാബിനറ്റ് യോഗം ചേർന്ന് ഈ വിഷയം സി.ബി.ഐ.ക്ക് ശിപാർശ ചെയ്തു. എന്തിനുവേണ്ടി? കേരളത്തിന്റെ പ്രമുഖനായ നേതാവിനെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി. അതിൽ നിങ്ങൾ പരാജയപ്പെട്ടു. ഇന്ന് കേരളത്തിലെ ചിലർ കെട്ടിപ്പൊക്കിയ കഥ എന്താണ്? കെട്ടിപ്പൊക്കിയ കഥയിൽ കമലാ ഇന്റർനാഷണലിനെക്കുറിച്ച് പറഞ്ഞു. എവിടെ ഇപ്പോൾ? അതുപോലെ അദ്ദേഹത്തിന്റെ വീട്ടിൽ

ഹെലിപ്പാഡുണ്ടെന്ന് പറഞ്ഞു. അവിടേയ്ക്ക് എല്ലാവർക്കും വരാം, എല്ലാവർക്കും കാണാം. പിണറായി എന്ന ഗ്രാമത്തിൽ മറ്റ് പാർട്ടികളെ പ്രവർത്തിക്കാൻ അനുവദിക്കില്ലെന്ന് പറഞ്ഞു. കെ.പി.സി.സി.-യുടെ ജനറൽ സെക്രട്ടറി ശ്രീ. വി. എ. നാരായണൻ അദ്ദേഹത്തിന്റെ അയൽവാസിയാണ്. അദ്ദേഹത്തോടുപോയി ചോദിക്കണം. ഇവിടത്തെ മാധ്യമങ്ങളും വലതുപക്ഷ രാഷ്ട്രീയവും ആസൂത്രിതമായി പ്രചരിപ്പിച്ചത് പിണറായിയുടെ ഗ്രാമത്തിൽ ആരെയും പ്രവർത്തിക്കാൻ അനുവദിക്കില്ലെന്നാണ്. നിങ്ങൾ അദ്ദേഹത്തിന്റെ പാർലമെന്ററി രാഷ്ട്രീയം ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചു. ശാരീരികമായി ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചവർ അതിൽ പരാജയപ്പെട്ടപ്പോൾ രാഷ്ട്രീയമായി ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചു. അതിന്റെ ഭാഗമാണ് അദ്ദേഹത്തിനെതിരെ കെട്ടിപ്പൊക്കിയ ഇത്തരം കള്ളക്കഥകൾ. പക്ഷേ അതിനെയെല്ലാം അതിജീവിച്ച് അദ്ദേഹം തുടർച്ചയായി രണ്ടുതവണ കേരളത്തിന്റെ മുഖ്യമന്ത്രിയായി. അദ്ദേഹം രണ്ടുതവണ മുഖ്യമന്ത്രിയായത് നിങ്ങൾക്ക് ദഹിക്കുന്നില്ല. അതിന്റെ ഭാഗമായി എന്തെല്ലാം അധിക്ഷേപങ്ങളാണ് നടത്തിയത്. വംശീയ അധിക്ഷേപം നടത്തിയില്ലേ; അത് ശരിയാണോ; മുസ്ലീംലീഗിന്റെ ഒരു സംസ്ഥാന നേതാവ് നടത്തിയ പരാമർശമെന്താണ്; കോൺഗ്രസ്സിന്റെ നേതാക്കൾ നടത്തിയ പരാമർശമെന്താണ്; ഇത്

ഭൂഷണമാണോ? രാഷ്ട്രീയത്തിൽ give and take ഉണ്ട്. ഒരു മനുഷ്യൻ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് നേതൃത്വം കൊടുക്കുന്നതിന്റെ പേരിൽ രാഷ്ട്രീയത്തിന്റെ എല്ലാ സഭ്യതകളും ലംഘിച്ചുകൊണ്ട് അദ്ദേഹത്തെ വളഞ്ഞിട്ട് ആക്രമിച്ചു. പക്ഷേ അതിനെയും അതിജീവിച്ച് അദ്ദേഹം കരുത്തോടെ കേരളത്തിലെ ജനങ്ങളെ മുന്നോട്ടുനയിക്കുന്നു. അതിനുപിന്നിൽ കേരളത്തിലെ ജനങ്ങൾ അണിനിരക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. പിന്നെ ഇപ്പോൾ എന്താണ് പ്രശ്നം? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് നാടോടിക്കാറ്റ് എന്ന സിനിമയിലെ പവനായി എന്ന കഥാപാത്രത്തെയാണ്. അദ്ദേഹത്തെ പ്രതിപക്ഷനേതാവായി കൊണ്ടുവരുമ്പോൾ എന്തൊക്കെയായിരുന്നു പറഞ്ഞിരുന്നത്? ഇതാ കേരളത്തെ രക്ഷിക്കാൻ പോകുന്നു. അവസാനം പവനായി ശവമായതുപോലെ ഇപ്പോൾ അദ്ദേഹം ഇരിക്കുകയാണ്. അടിയന്തരപ്രമേയത്തിന് അനുമതി നൽകിയപ്പോൾ മുഖത്ത് തെളിച്ചവുമില്ല. ശ്രീ. രാഹുൽ ഗാന്ധിയുടെ വയനാട്ടിലെ ഓഫീസുമായി ബന്ധപ്പെട്ട വിഷയം ഇന്നലെ കൊണ്ടുവന്നു. ടീം പിണറായി ചർച്ചയ്ക്ക് തയ്യാർ. പക്ഷേ നിങ്ങൾ ഓടിക്കളഞ്ഞു. നിങ്ങളുടെ കുബുദ്ധിയിൽ ഗാന്ധിജിയുടെ ഫോട്ടോ പൊളിച്ചവരല്ലേ; നിങ്ങൾക്ക് എന്ത് ഗാന്ധി?

നിങ്ങൾക്ക് അറിയാവുന്ന ഗാന്ധി ശ്രീ. രാഹുൽ ഗാന്ധിയാണ്. മഹാത്മാഗാന്ധിയെ നിങ്ങൾക്ക് അറിഞ്ഞുകൂടാ? പിന്നെ ശ്രീ. ടി. സിദ്ദിഖ് എന്നെക്കൊണ്ട് മരുഭൂമിയിലെ കഥ പറയിപ്പിക്കണോ; ആ കഥ എന്നെക്കൊണ്ട് പറയിപ്പിക്കാൻ നിർബന്ധിക്കേണ്ട എന്നുമാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് എനിക്ക് ഒന്നേ പറയാനുള്ളൂ. പരസ്പരം നമ്മൾ ബഹുമാനിക്കണം. നിങ്ങളെ ഞാൻ റെസ്പെക്ട് ചെയ്യും. ഞാൻ ഏതാണ്ട് അഞ്ച് വർഷം അങ്ങയെ റെസ്പെക്ട് ചെയ്തിരുന്നു. ഇപ്പോൾ റെസ്പെക്ടൊന്നുമില്ല. കാരണം അഹങ്കാരത്തിന് കയ്യും കാലും വന്നത് നിങ്ങൾക്കാണ്. ഇത്രയേറെ അഹങ്കാരം കാണിക്കേണ്ട കാര്യമെന്താണ്? നിങ്ങൾ 2016-ൽ പാർലമെന്ററി പ്രൊസീഡിംഗ്സിനെക്കുറിച്ച് ഞങ്ങൾക്ക് ക്ലാസ്സെടുത്തു. അതിനെക്കുറിച്ച് ഞങ്ങൾക്ക് ക്ലാസ്സെടുത്ത നിങ്ങൾ ഇപ്പോൾ അതെല്ലാം തെറ്റിച്ചുകൊണ്ട് അഹങ്കാരത്തോടെ പെരുമാറുന്നു. രാഷ്ട്രീയത്തിൽ മനസ്സിലാക്കേണ്ട കാര്യം 'people are the masters' (ജനങ്ങളാണ് യജമാനന്മാർ). എല്ലാം തീരുമാനിക്കുന്നത് ജനങ്ങളാണെന്ന കാര്യം മറന്നുപോകരുത്. ഇവിടെ നിങ്ങൾ എന്തെല്ലാം വിളിച്ചുപറയുന്നു. ബഹുമാനപ്പെട്ട വി. ഡി. സതീശൻ ശ്രീ. ഉമ്മൻ ചാണ്ടിയിൽനിന്ന് പഠിക്കണം. വിമർശനങ്ങളുണ്ടാകും. വിമർശനങ്ങളെ സഹിഷ്ണുതയോടെ

നേരിടാൻ പഠിക്കണം. അതിനുപകരം എന്തും ഏതും വിളിച്ചുപറയുന്ന രീതിയാണ് പിന്തുടരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കൂപമണ്ഡൂകമെന്ന് വിളിക്കുന്നത് ശരിയാണോ? ജനം തെരഞ്ഞെടുത്ത ഒരു മുഖ്യമന്ത്രിയെ ഇത്ര നികൃഷ്ടമായ രീതിയിൽ പത്രസമ്മേളനത്തിൽ ആക്ഷേപിക്കാൻ പാടുണ്ടോ; ഇത്തരം രീതി നിങ്ങൾ സ്വീകരിക്കണോ? പ്രതിപക്ഷത്തോട് ഞാൻ ചോദിക്കുകയാണ്, ഇ.ഡി. കേരളത്തിലെത്തുമ്പോൾ നല്ലതും കേന്ദ്രത്തിലെത്തുമ്പോൾ മോശവുമാകുന്നു. ഇത് എന്ത് രീതിയാണ്? എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും കസ്റ്റംസും വളഞ്ഞുപിടിച്ച് ആക്രമിച്ചു. എന്നിട്ടും അജയ്യരായി ഭരണപക്ഷം നിന്നു. എന്താ ഡിഫമേഷന് കേസ് കൊടുക്കാത്തതെന്ന് ആരോപണം വന്നപ്പോൾ ഇവർ ചോദിച്ചു. വഴിയിൽ കുരയ്ക്കുന്ന നായ്ക്കളെയെല്ലാം കല്ലെറിയാൻ നിന്നാൽ ലക്ഷ്യത്തിലെത്തില്ല. അങ്ങനെ പലരും കുരയ്ക്കും. അതിന്റെയൊന്നും പുറകെ പോകേണ്ട കാര്യം ഞങ്ങൾക്കില്ല. ഇവിടെ ഞാൻ ഒരു കാര്യം ബഹുമാനപ്പെട്ട വി. ഡി. സതീശനോട് പറയാം. നിങ്ങൾ ഇന്നത്തെ അടിയന്തരപ്രമേയാവതാരകനെ (ശ്രീ. ഷാഫി പറമ്പിലിനെ) നമ്പണ്ട. അദ്ദേഹം ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രധാനപ്പെട്ട ആളായിരുന്നു. മൂപ്പർക്ക് ലേശം ക്ഷീണം പറ്റിയപ്പോൾ സതീശൻസ് ഫാൻസ് ക്ലബ്ബിന്റെ കൺവീനറായി പ്രവർത്തിക്കുകയാണ്.

അതിന്റെ ഭാഗമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഓരോ കാര്യങ്ങളും. കേരളത്തിലെ പ്രതിപക്ഷനേതാവും യു.ഡി.എഫ്.-ഉം നടത്തിയ എല്ലാ പ്രവർത്തനങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും അന്വേഷിക്കണം. അദ്ദേഹത്തിന്റെ പുനർജ്ജനി പദ്ധതി, ബെർമിങ്ങ്ഹാം യാത്ര, ലണ്ടൻ യാത്രകൾ, യൂറോപ്പ് പര്യടനം ഇതെല്ലാം അന്വേഷണ വിധേയമാക്കണം. അതോടൊപ്പം മാഞ്ഞാലി നവാസ്, അദ്ദേഹം ആരാണെന്നറിയാൻ കേരളത്തിലെ ജനങ്ങൾക്ക് ആഗ്രഹമുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇ.ഡി.-യുടെയും കസ്റ്റംസിന്റെയും റിപ്പോർട്ട് ഇടയ്ക്ക് വീണുകിട്ടും. അതുകാണുമ്പോൾ എനിക്ക് ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാറിന്റെ 'ഏയ് ഓട്ടോ' എന്ന സിനിമയാണ് ഓർമ്മവരുന്നത്. അതിൽ കുതിരവട്ടം പപ്പുവിന്റെ അബ്ദു എന്ന കഥാപാത്രത്തിന് എപ്പോഴും വീണുകിട്ടും. അതുപോലെ കേരളത്തിലെ പത്രങ്ങൾക്ക് അന്വേഷണ ഏജൻസിയുടെ റിപ്പോർട്ട് മൂന്നുദിവസം കൂടുമ്പോൾ വീണുകിട്ടും. ഏതാണ്ട് ആ സിനിമയ്ക്ക് സമാനമാണ്. എന്താണ് ഇപ്പോൾ ഇവിടത്തെ സ്ഥിതി? നിങ്ങൾ എന്തെല്ലാം പറഞ്ഞാലും ഞാനൊരു കാര്യം യു.ഡി.എഫ്.-നോട് പറയാം. ചിലർക്ക് അനക്കമില്ലല്ലോ; എന്താണ് അനങ്ങാത്തത്? എം.എൽ.എ. ഹോസ്റ്റലിലെ 33-ാം നമ്പർ റൂമിൽ സി.ബി.ഐ. കയറിയ

കഥയെക്കുറിച്ചാണ് ശ്രീ. വി. ജോയി സൂചിപ്പിച്ചത്. ഇനി പല റൂമുകളിലും കയറും. ഞങ്ങൾ ഒന്നേ പറയുന്നുള്ളൂ. ഇവിടെയിരിക്കുന്ന ഞങ്ങൾ അന്വേഷണം നേരിട്ടവരാണ്, പോലീസ് ചോദ്യം ചെയ്താലും ജയിലിലടച്ചാലും ആത്മവീര്യം തകരുന്നവരല്ല ഭരണപക്ഷം. മറിച്ച്, ഒരു ചോദ്യം ചോദിച്ചാൽ ആ നിമിഷം തകർന്നുപോകുന്നവരാണ് നിങ്ങൾ. അതുകൊണ്ട് ഞങ്ങളെക്കൊണ്ട് അതൊന്നും പറയിക്കേണ്ട. സോളാർ കഥകൾ പലതുമുണ്ടല്ലോ, അത്തരം കഥകൾ പറയിപ്പിക്കാൻ പ്രേരിപ്പിക്കണ്ടെന്ന് മാത്രമേ സൂചിപ്പിക്കാനുള്ളൂ. നിങ്ങൾ അക്രമം നടത്തിയും കള്ളക്കഥകൾ പ്രചരിപ്പിച്ചും ഇടതുപക്ഷ രാഷ്ട്രീയത്തെയും അതിന് നേതൃത്വം കൊടുക്കുന്ന ശ്രീ. പിണറായി വിജയനെയും തകർക്കാമെന്നാണ് വ്യാമോഹിക്കുന്നതെങ്കിൽ അത് ഇവിടെ നടക്കില്ല. ഒപ്പം പിണറായി വിജയൻ എന്ന രാഷ്ട്രീയ നേതാവ് ത്യാഗനിർഭരമായ സഹനത്തിന്റെയും പോരാട്ടത്തിന്റെയും ഉൽപ്പന്നമാണ്. അല്ലാതെ ആരുടെയെങ്കിലും ചെലവിൽ കുടുംബാധിപത്യത്തിലൂടെയോ ഫാൻസ് ക്ലബ്ബിന്റെയോ ഭാഗമായതുകൊണ്ട് നേതാവായതല്ല. ആറ് പതിറ്റാണ്ടിലേറെയുള്ള ജനകീയ പ്രവർത്തനത്തിന്റെ ഉൽപ്പന്നമാണ് ശ്രീ. പിണറായി വിജയൻ. ഒരു സ്വപ്നയെക്കാട്ടി അദ്ദേഹത്തെ ഭയപ്പെടുത്താമെന്ന് നിങ്ങൾ വിചാരിക്കണ്ട. പലർക്കും

സ്വപ്നയെയും സരിതയെയും കാണുമ്പോൾ മുട്ട് കൂട്ടിയിടിക്കുന്നുണ്ടാകും. പക്ഷേ ആ മുന്നണിയല്ല ഇടതുപക്ഷം. ഞങ്ങൾ മുന്നോട്ടുതന്നെയാണ്. ശ്രീ. പിണറായി വിജയനെയും ഇടതുപക്ഷത്തെയും തകർക്കാൻ ആരൊക്കെ ശ്രമിച്ചാലും ജനങ്ങളെ അണിനിരത്തിക്കൊണ്ട് ജനക്ഷേമകരമായ നയങ്ങൾ നടപ്പിലാക്കി ഇടതുപക്ഷം മുന്നോട്ടുപോകും.

ശ്രീമതി കെ. കെ. രമ: സർ, ദേശവിരുദ്ധ ഉള്ളടക്കമുള്ള ഇടപാടുകളിൽ കുറ്റാരോപിതനായ ഒരാൾ മുഖ്യമന്ത്രിപദം പോലെ ഉന്നതമായൊരു കസേരയിൽ ഇപ്പോഴുമിരിക്കുന്നത് ആ സ്ഥാനത്തിന് മാത്രമല്ല സംസ്ഥാനത്തിനുതന്നെ അപമാനകരമാണ്. 1969-ലെ ഇ.എം.എസ്. മന്ത്രിസഭ രാജിവച്ച അനുഭവം കമ്മ്യൂണിസ്റ്റുകാർക്ക് മുന്നിലുണ്ട്. മടിയിൽ കള്ളക്കനമുള്ള പരിഹാസ്യമായ പേടിച്ചോടലാണ് ഇക്കഴിഞ്ഞ ദിവസങ്ങളിൽ കേരളം കണ്ടത്. ഇവിടെ ആരോപണമുന്നയിച്ചിട്ട് മൂന്നാഴ്ച പിന്നിട്ടിരിക്കുന്നു. ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ തരിമ്പും കഴമ്പില്ലെന്ന ആത്മവിശ്വാസമുണ്ടായിരുന്നെങ്കിൽ ആരോപണമുന്നയിച്ച ആൾക്കെതിരെ ഒരു വക്കീൽ നോട്ടീസെങ്കിലും അയയ്ക്കാനുള്ള ധൈര്യം കാണിക്കാതിരുന്നതെന്താണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തൊക്കെയോ മറച്ചുവയ്ക്കാനുണ്ടെന്ന് തെളിയിച്ചുകൊണ്ടല്ലേ

ആരോപണമുന്നയിച്ച ആളെ മുഖ്യമന്ത്രിക്കുവേണ്ടി ഭീഷണിപ്പെടുത്താനും പ്രലോഭിപ്പിക്കാനും ഉന്നതരും ഇടനിലക്കാരും തിക്കിത്തിരക്കുന്നത്. കയ്യോടെ പിടിക്കപ്പെടുമെന്നായപ്പോൾ വിജിലൻസ് മേധാവിയെ തൽസ്ഥാനത്തുനിന്നും മാറ്റി വാൽ മുറിച്ചോടുന്ന പല്ലിയുടെ കൗശലം കാട്ടുകയാണ് കേരളത്തിന്റെ മുഖ്യമന്ത്രി. ഇതുകൊണ്ടൊന്നും മുഖ്യമന്ത്രിക്ക് രക്ഷപ്പെടാനാകില്ല. ഏത് സ്വർണ്ണപാത്രംകൊണ്ട് മൂടിയാലും എല്ലാ സത്യങ്ങളും ഒരു നാൾ പുറത്തുവരികതന്നെ ചെയ്യും. വിദേശ രാജ്യങ്ങളിൽ നിന്നെത്തുന്ന ഈന്തപ്പഴവും ഖുർആനും വിതരണം ചെയ്യുന്ന കൊറിയർ സർവ്വീസാണോ കേരള സർക്കാർ? മന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീൽ യു.എ.ഇ. കോൺസുലേറ്റ് ജനറലിന്റെ കൊറിയർ ഏജന്റായിരുന്നോ? വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട പ്രോട്ടോക്കോൾ വ്യവസ്ഥ മാനിക്കാതെ രാജ്യത്തിന്റെ മാനംകെടുത്തുന്ന, രാജ്യസുരക്ഷയ്ക്ക് ഭീഷണിയാകുന്ന ഇടപാടുകൾ സമഗ്രമായി അന്വേഷിക്കേണ്ടതാണ്. കേന്ദ്രസർക്കാരിന് കത്തെഴുതി ഒഴിഞ്ഞുമാറുക, കത്തിൽത്തന്നെ കോൺസുലേറ്റിന്റെ ബന്ധം മറച്ചുവയ്ക്കുക, തുടർന്ന് കേന്ദ്ര ഏജൻസികൾ രംഗത്ത് വരിക, കോടതിയിൽ രഹസ്യമൊഴി നൽകിയതിന്റെ പേരിൽ ജാമ്യം കിട്ടാത്ത വകുപ്പുചാർത്തി ഗൂഢാലോചനക്കുറ്റം ചുമത്തുക, എല്ലാ ജില്ലകളിൽനിന്നുമായി

ഡിവൈ.എസ്.പി.-മാരടങ്ങുന്ന ഉന്നത സംഘത്തെ അന്വേഷണത്തിനായി നിയോഗിക്കുക, സർക്കാരിന്റെ രക്ഷയ്ക്ക് സരിതാ നായർ രംഗത്തെത്തുക, ഈ സർക്കാരിന് ലജ്ജിക്കാൻപോലും അറിയാതായോ?

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഞാൻ ഈ നിയമസഭയിൽ പുതിയ അംഗമാണ്. യു.ഡി.എഫ്.-ന്റെ കിളിപോയി, അവരുടെ നിലപാട് തെറ്റിയിരിക്കുകയാണെന്ന് തോന്നുന്നു. ഒന്നാമതായി, അവർക്ക് അധികാരം നഷ്ടപ്പെട്ടു. രണ്ടാമതായി, അവർക്ക് എന്ത് ചെയ്യണമെന്നറിയില്ല. സമാനതകളില്ലാത്ത വികസനവും കിഫ്ബി പോലുള്ള സംവിധാനവും കേരളത്തിൽ കൊണ്ടുവന്ന് കുട്ടനാട്ടുൾപ്പെടെയുള്ള സകല പ്രദേശങ്ങളെയും 140 നിയോജകമണ്ഡലങ്ങളെയും രക്ഷപ്പെടുത്തിയ സഖാവ് പിണറായി വിജയനെതിരെ ഇവർ കാട്ടുന്ന കോലാഹലങ്ങൾ കേട്ടപ്പോൾ സത്യത്തിൽ സങ്കടം തോന്നി. വേദപുസ്തകത്തിൽ ഒരു വാക്യമുണ്ട്, കർത്താവ് സകല ഹൃദയങ്ങളെയും ശോധന ചെയ്യുന്നയാളാണ്. അദ്ദേഹം തെരഞ്ഞെടുത്ത 12 പേരിൽ ഒരാൾ കള്ളനായിരുന്നുവെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. ഇവിടത്തെ ഏറ്റവും വലിയ വിഷയം എത്ര കഴിവുണ്ടെങ്കിലും....... പ്രതിപക്ഷം അനാവശ്യമായ സംസാരം നിർത്തണം.

<u>മി. സ്പീക്കർ</u>: ആകെ രണ്ട് മിനിട്ട് മാത്രമാണുള്ളത്. അങ്ങ് തർക്കിച്ച് സമയം കളയാതെ ചെയറിനെ നോക്കി സംസാരിക്കൂ.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, അതിലൊരു കള്ളനെന്ന് ഞാൻ ഉദ്ദേശിച്ചത് യു.ഡി.എഫ്.-കാരെയാണ്. കാരണം നിങ്ങൾ കാണിക്കുന്നത് മുഴുവൻ കള്ളത്തരമാണ്. എന്തുചെയ്യണമെന്നറിയാതെ നിങ്ങളുടെ സമനില തെറ്റിയിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ എന്തും കാട്ടിക്കൂട്ടും. സമാനതകളില്ലാത്ത വികസനം കൊണ്ടുവന്ന ആദരണീയനായ മുഖ്യമന്ത്രിയെ ഏതെങ്കിലും രീതിയിൽ തകർക്കുകയെന്നതല്ലാതെ ഇവർക്ക് വേറൊരു ലക്ഷ്യവുമില്ല. കേരളം നന്നാകരുതെന്നതാണ് ഇവരുടെ ഉദ്ദേശ്യം. മകൻ മരിച്ചാലും പ്രശ്നമില്ല, മരുമകളുടെ കണ്ണുനീർ കാണണമെന്ന് പറയുന്ന പ്രക്രിയ മാത്രമാണ് യു.ഡി.എഫ്.-നുള്ളത്. അതല്ലാതെ ഇവർക്ക് വേറൊരു അജണ്ടയുമില്ല. എനിക്ക് പറയാനുള്ളത് അതിശക്തനായ മുഖ്യമന്ത്രിയുടെ പിന്നിൽ കേരളത്തിലെ ജനങ്ങൾ മുഴുവനുമുണ്ടെന്ന കാര്യത്തിൽ ഒരു സംശയവുമില്ല എന്നാണ്. ശ്രീ. പിണറായി വിജയനെ ഇവർക്ക് ഒന്ന് തൊടാൻപോലും കഴിയില്ല. ഇവർ വെറുതെ ആലോചിച്ച് നടന്ന് ജീവിതം അവസാനിപ്പിക്കുകയേയുള്ളൂ. ശ്രീ. പിണറായി വിജയന്റെ രോമത്തിൽ തൊടാൻപോലും ഒരു യു.ഡി.എഫ്-കാരനും കഴിയില്ലെന്ന് പറഞ്ഞുകൊണ്ട്

ഞാൻ നിർത്തുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇത് ഒരു അടിയന്തരപ്രമേയമേയല്ല. ഒന്നരവർഷം മുമ്പ് അടിയന്തരപ്രമേയം അവതരിപ്പിച്ച് പരാജയപ്പെട്ട്, ഒരു തെരഞ്ഞെടുപ്പിൽ ഈ നാട് മുഴുവൻ അലക്കിയതിനുശേഷം കേരളത്തിലെ ജനങ്ങൾ തള്ളിക്കളഞ്ഞ് 99 സീറ്റിന്റെ ഭൂരിപക്ഷം നൽകി സഖാവ് പിണറായി വിജയനെ കേരളത്തിന്റെ മുഖ്യമന്ത്രിയാക്കി. കേരളത്തിലെ ജനങ്ങൾ അവിശ്വസിക്കുന്ന ഒരു കള്ളകഥയുമായി വീണ്ടും ഇവർ ഇറങ്ങിയിരിക്കുകയാണ്. ഇതിന്റെ പിന്നിലുള്ള ഗൂഢാലോചനയെപ്പറ്റി ആരും പറയുന്നില്ല. അത് അന്വേഷിക്കണം. കാരണം കേരളത്തിൽ കലാപമുണ്ടാക്കാനായി വർഗ്ഗീയ ശക്തികൾ 100 കോടി രൂപ എത്തിച്ചിട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചത്. ഈ 100 കോടി രൂപ എന്തിന് ഉപയോഗിക്കുന്നു? ഈ പറയുന്ന സഹോദരിക്ക്, സ്വപ്ന സുരേഷിന് ജോലി നൽകിയെന്ന് പറയുന്ന സ്ഥാപനമടക്കം വർഗ്ഗീയ കലാപമുണ്ടാക്കാൻ ശ്രമിക്കുമ്പോൾ, അതിനെ ചെറുക്കാൻ കഴിയുന്ന ഒരാളേയുള്ളൂ. അത് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് നേതൃത്വം നൽകുന്ന ശ്രീ. പിണറായി വിജയനാണ്. യു.ഡി.എഫ്.-നെക്കൊണ്ടൊന്നും അതിന് സാധിക്കില്ല. സംഘപരിവാറിന്റെയും

മതന്യൂനപക്ഷങ്ങളുടെയും മതഭ്രൂരിപക്ഷത്തിന്റെയും ഭീകര സംഘടനകൾ; ഇവരുടെ ഭീകര പ്രവർത്തനങ്ങളെ തടയാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് മാത്രമേ കഴിയുകയുള്ളൂ. അതിന് നേതൃത്വം നൽകുന്ന ശ്രീ. പിണറായി വിജയനെയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും അധിക്ഷേപിക്കുകയാണ്. കേട്ടാൽ ചിരിവരും. ചെമ്പിനെപ്പറ്റി നമ്മൾ പറഞ്ഞില്ലല്ലോയെന്ന് ഇവിടെ പറയുകയുണ്ടായി. പറഞ്ഞാൽ കേരളത്തിലെ ജനങ്ങൾ വിശ്വസിക്കുമോ? അരിയാഹാരമുണ്ണുന്ന ആളുകളുടെ തലയ്ക്കകത്ത് പിണ്ണാക്കാണോ; അല്ലല്ലോ; അവർ അത് വിശ്വസിക്കില്ല. ചെമ്പ് പാത്രത്തിൽ സ്വർണ്ണം കൊണ്ടുവന്നു, ഖുർആനിൽ സ്വർണ്ണം കൊണ്ടുവന്നു, ഈന്തപ്പഴത്തിൽ സ്വർണ്ണം കൊണ്ടുവന്നു. ബി.ജെ.പി.-യുടെ ആളുകൾ, കസ്റ്റംസ് ഖുർആൻ തൂക്കി നോക്കിയല്ലോ; എന്നിട്ടെന്തായി; ഡോ. കെ. ടി. ജലീലിന് അറിയാമല്ലോ; ഇതിലൊന്നും ഒരു കഴമ്പുമില്ല. കഴമ്പില്ലാത്ത കാര്യങ്ങൾ ആവർത്തിച്ചുപറഞ്ഞ് സംസ്ഥാനത്ത് അരാജകത്വം സൃഷ്ടിക്കാൻ യു.ഡി.എഫ്. ശ്രമിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യാത്ര ചെയ്യുമ്പോൾ വിമാനത്തിൽ കയറി ആക്രമിക്കുകയാണ്. നമുക്ക് ചരിത്രത്തിലേയ്ക്ക് മടങ്ങിപ്പോകാം. വാഹനത്തിൽ യാത്രചെയ്യുന്ന നേതാക്കന്മാരെ ഒറ്റയ്ക്ക് കിട്ടും, അവിടെ വെടിവയ്ക്കാമെന്ന് പഠിപ്പിച്ചൊരാൾ

കെ.പി.സി.സി.-യെ നയിക്കുന്നുണ്ട്. ശ്രീ. ഇ. പി. ജയരാജന്റെ ചെവിയുടെ പിറകിൽ ഒരു വെടിയുണ്ട ഇരിപ്പുണ്ട്. അതുപോലെ വിമാനത്തിൽ പോകുന്ന മുഖ്യമന്ത്രി ഒറ്റയ്ക്കായിരിക്കും, തോക്ക് കൊണ്ടുപോകാൻ സാധിക്കില്ലെങ്കിൽ ശാരീരികമായിട്ടെങ്കിലും ആക്രമിക്കാമെന്ന് പറയുകയും അത് ചെയ്തവരെ 'പാവപ്പെട്ട കുട്ടികൾ' എന്നുപറഞ്ഞ് ലാളിക്കുകയും ചെയ്യുന്ന സമീപനം യു.ഡി.എഫ്-ന് നല്ലതാണോ?

മി. സ്പീക്കർ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. മോൻസ് ജോസഫ്: സർ, അടിയന്തരപ്രമേയത്തിലൂടെ ഉന്നയിച്ച പ്രശ്നങ്ങൾ പ്രതിപക്ഷം കെട്ടിച്ചമച്ചതാണെന്നും പ്രതിപക്ഷം കൊണ്ടുവന്നതാണെന്നുമുള്ള നിലയിൽ ഭരണകക്ഷി ഉന്നയിക്കുന്നത് ശരിയല്ലെന്ന് ഞാൻ ആദ്യം തന്നെ ചൂണ്ടിക്കാണിക്കുകയാണ്. കേരളത്തിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം വെളിപ്പെടുത്തിയത് ഈ കേസ്സിലെ പ്രതികളാണ്. പ്രതിപക്ഷം ഇവിടെ ആദ്യ ഘട്ടത്തിൽ രംഗത്തുപോലും വന്നിട്ടില്ല. ഇന്ന് ഇത്രയേറെ ഗൗരവമേറിയ ഒരു വിഷയം സംസ്ഥാനത്ത് ഉന്നയിക്കപ്പെട്ടപ്പോൾ ആ പ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ അല്ലെങ്കിൽ ഉത്തരവാദിത്തപ്പെട്ട എൽ.ഡി.എഫ്. നേതാക്കളോ, ബന്ധപ്പെട്ടവരോ മറുപടി പറയാൻ ബാധ്യസ്ഥരാണ്. ആ മറുപടി ജനങ്ങൾ

പ്രതീക്ഷിക്കുന്നുണ്ട്. പ്രതിപക്ഷത്തുനിന്നും ശ്രീ. ഷാഫി പറമ്പിൽ മുതൽ ഓരോരുത്തരും വ്യക്തതയോടുകൂടി പ്രസക്തമായ ചോദ്യങ്ങൾ ഉന്നയിച്ചപ്പോൾ സത്യത്തിൽ ഭരണകക്ഷിപോലും നിശബ്ദമായത് എന്തുകൊണ്ടാണ്? അവരും ഇതിനുള്ള മറുപടി പ്രതീക്ഷിക്കുന്നുണ്ട്. വ്യക്തമായ മറുപടിയുണ്ടാകുകയെന്നതാണ് അവരും ആഗ്രഹിക്കുന്നത്. അത് ജനാധിപത്യത്തിന്റെ ഭാഗമല്ലേ, അത് ജനാധിപത്യത്തിൽ അനിവാര്യമല്ലേ? ഒരുപോലെ സ്വഭാവമുള്ള രണ്ട് പ്രതികളാണ് ശിവശങ്കറും സ്വപ്ന സുരേഷും. അതിൽ ഒരു പ്രതിയെ വെള്ളപൂശി ഭരണരംഗത്ത് തിരിച്ചുകൊണ്ടുവരുന്നു. ഒരു പ്രതി പുറത്തുനിന്ന് ഇതെല്ലാം വിശദീകരിക്കുന്നു. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ ജനങ്ങളുടെ മുമ്പിൽ വരുമ്പോൾ കേരളത്തിലെ ജനങ്ങളും ലോകത്തുള്ള മുഴുവനാളുകളും ഈ പ്രശ്നങ്ങളുടെ യാഥാർത്ഥ്യമെന്താണെന്ന് അറിയാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഒരു മന്ത്രിസഭയും സംശയത്തിന്റെ നിഴലിൽ നിൽക്കേണ്ടതല്ല. അതിനപ്പുറം ജനാധിപത്യപരമായി ഇക്കാര്യങ്ങൾ പരിശോധിക്കപ്പെടണം, ചർച്ച ചെയ്യപ്പെടണം എന്നുള്ളതുകൊണ്ട് പ്രതിപക്ഷത്തിന്റെ നീതിപൂർവ്വമായ ദൗത്യം ഏറ്റെടുത്തുകൊണ്ടുതന്നെയാണ് ഈ വിഷയങ്ങൾ സഭയിൽ ഉന്നയിച്ചിട്ടുള്ളത്. അത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുമ്പോൾ

വ്യക്തതയോടെയുള്ള മറുപടികളാണ് ഉണ്ടാകേണ്ടത്. ആ മറുപടി ഗവൺമെന്റിൽനിന്നും ഉണ്ടാകട്ടെ. പ്രതിപക്ഷത്തിന്റെ ശക്തമായ ഈ നിലപാട് തീർച്ചയായും കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. ആ നിലപാട് ഞാൻ ചൂണ്ടിക്കാണിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, ക്രിമിനൽ നടപടി നിയമം 164 (5) പ്രകാരം ബഹുമാനപ്പെട്ട കോടതിയിൽ നൽകിയിട്ടുള്ളതായി പറയപ്പെടുന്നതും പുറത്തുവന്നതുമായ ചില കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് അടിയന്തരപ്രമേയം. അത് പാടുണ്ടോ ഇല്ലയോ എന്നുള്ളത് വേറെ വിഷയമാണ്. ഇവിടെ നിരവധി തവണ സ്വർണ്ണക്കടത്ത് നടന്നിട്ടുണ്ട്. സ്വർണ്ണക്കടത്ത് നടത്തിയ പ്രതികളെ പ്രതിപക്ഷം വിശ്വാസത്തിലെടുക്കുന്നുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം. ഇരുപത്തിനാലോ ഇരുപത്തിയഞ്ചോ പ്രാവശ്യം സ്വർണ്ണക്കടത്ത് നടത്തിയ പ്രതികൾ പറയുന്ന കാര്യങ്ങൾവച്ച് നിയമസഭയിൽ അടിയന്തരപ്രമേയം അവതരിപ്പിക്കാൻ തക്കവണ്ണം അവരുടെ മൊഴിയെ വിശ്വാസത്തിലെടുക്കുന്നവരാണോ പ്രതിപക്ഷം. രണ്ടാമത്, മൊഴി കൊടുത്തിരിക്കുന്ന വ്യക്തി ഇപ്പോൾ ആർ.എസ്.എസ്. നിയന്ത്രണത്തിലുള്ള HRDS (The Highrange Rural Development Society)-ൽ ഉന്നത

ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വാങ്ങി ജീവിക്കുന്നത് പ്രതിപക്ഷം മറക്കുന്നില്ലല്ലോ; നേരത്തെ പറഞ്ഞതിൽനിന്നും വ്യത്യസ്തമായി, അതിൽനിന്നും തീർത്തും വിരുദ്ധമായി ആർ.എസ്.എസ്.-ന്റെ കൂട്ടിൽ അടയ്ക്കപ്പെട്ടതിനുശേഷം അവർ വിളിച്ചുപറയുന്ന കാര്യങ്ങൾ, പടച്ചുണ്ടാക്കുന്ന കഥകൾ ഏറ്റുപറഞ്ഞ് നടക്കുന്ന രാഷ്ട്രീയമാണോ കേരളത്തിൽ യു.ഡി.എഫ്-ന്റേതെന്നത് പ്രസക്തമായ വിഷയമാണ്. അത് ഏറ്റുപറയാൻ കേന്ദ്രത്തിലെ രണ്ട് മന്ത്രിമാരുണ്ടായി. കേന്ദ്രത്തിലെ മന്ത്രിമാർ ഈ വിവാദ നായിക പറയുന്ന കാര്യങ്ങൾ ഏറ്റുപറയുമ്പോൾ, അതുതന്നെ ഏറ്റുപറഞ്ഞ് കേരളത്തിലെ പ്രതിപക്ഷം പോകുമ്പോൾ, കേരളത്തിൽ ശ്രീ. പിണറായി വിജയൻ എന്ന വ്യക്തിയെ ആക്രമിക്കുകയല്ല, മറിച്ച് ഇടതുപക്ഷത്തെയും ഇടതുപക്ഷ ജനാധിപത്യമുന്നണിയെയും ക്ഷീണിപ്പിക്കാൻ വേണ്ടിയുള്ള പരിശ്രമമാണ് നടത്തുന്നത്. 14-ാം കേരള നിയമസഭയുടെ അവസാന സമ്മേളനത്തിൽ പ്രതിപക്ഷത്തിന് തുടർഭരണ ഫോബിയയാണെന്ന് ഞാൻ ഒരു പ്രയോഗം നടത്തിയിരുന്നു. ആറ് വർഷം പ്രതിപക്ഷത്തിരുന്ന ചരിത്രം യു.ഡി.എഫ്.-ന് ഉണ്ടായിട്ടില്ല. 2026-ലും ഇതുതന്നെ സംഭവിക്കുമെന്ന ആശങ്കയിൽ ഇപ്പോൾത്തന്നെ വെപ്രാളം തുടങ്ങിയിരിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി

നടപ്പിലാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളിൽ ഒരല്പംപോലും പിന്നോട്ടുപോകാതെ മുന്നോട്ടുപോകാൻ കഴിയണം. അതിനുള്ള ശക്തിയും ജനങ്ങളുടെ പിന്തുണയും ഈ സർക്കാരിനുണ്ടെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, കേരളത്തിന്റെ ചരിത്രത്തിൽ ഒരു ഫുൾ ടേം സർക്കാരിനുശേഷം വീണ്ടും അധികാരത്തിൽ വന്ന ഒരേയൊരു ഗവൺമെന്റേയുള്ളൂ, അത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. ഒരേയൊരു മുഖ്യമന്ത്രിയേയുള്ളൂ. അത് രണ്ടാം പിണറായി സർക്കാരിന് നേതൃത്വം നൽകുന്ന സഖാവ് പിണറായി വിജയനാണ്. ആ നായകനെ യു.ഡി.എഫ്-ഉം ബി.ജെ.പി.-യും ഭയപ്പെടുന്നു. ആ ജനനായകനെ അമ്പെയ്ത്ത് വീഴ്ത്താൻ ആവനാഴിയിലെ അവസാന അസ്ത്രവും അവർ പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ മൂന്നാം തവണയും അപ്പുറത്തിരിക്കുന്നവർക്ക് അപ്പുറത്തുതന്നെ ഇരിക്കേണ്ടിവരുമെന്ന് അവർ ആശങ്കപ്പെടുന്നു. അത് ഒഴിവാക്കാൻ വേണ്ടിയാണ് യു.ഡി.എഫ്-ഉം ബി.ജെ.പി.-യും വലതുപക്ഷ മാധ്യമങ്ങളും ഒന്നുചേർന്ന് ഒരു മഹാസഖ്യമുണ്ടാക്കിയത്. ആ സഖ്യമാണ് കഴിഞ്ഞ തദ്ദേശസ്ഥാപന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനെതിരായി അണിനിരന്നത്. എന്നാൽ

യു.ഡി.എഫ്. തോറ്റ് തുന്നംപാടി. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും അതേ യു.ഡി.എഫ്.-ബി.ജെ.പി.-മാധ്യമ മഹാസഖ്യം എൽ.ഡി.എഫ്-നെ തോൽപ്പിക്കാൻവേണ്ടി അരയും തലയും മുറുക്കി രംഗത്തുവന്നു. അതും ഫലം കണ്ടില്ല. സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി 99 സീറ്റുകൾ വാരിക്കൂട്ടി അധികാരത്തിൽ വന്നു. ആ നിരാശയിൽനിന്നാണ് കള്ളക്കഥകളുടെ നയാഗ്രാ വെള്ളച്ചാട്ടം രാഷ്ട്രീയരംഗത്ത് സൃഷ്ടിക്കാൻ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും രംഗത്തുവന്നത്. ആ നാൾവഴികളിലൂടെ നമുക്കൊന്ന് യാത്ര ചെയ്യാം.

റംസാൻ കാലത്ത് യു.എ.ഇ. കോൺസുലേറ്റ് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തപ്പോൾ അത് സ്വർണ്ണ കിറ്റാണെന്ന് ബി.ജെ.പി.-യുടെ നേതാവ് ശ്രീ. കെ. സുരേന്ദ്രൻ ആദ്യം പറഞ്ഞു. പിന്നീട് യു.ഡി.എഫ്.-ഉം അത് ഏറ്റുപിടിച്ചു. ഡോ. കെ. ടി. ജലീൽ എന്ന മന്ത്രി നിയമം ലംഘിച്ചിരിക്കുന്നതിനാൽ അദ്ദേഹത്തിനെതിരെ കേസെടുക്കണമെന്ന് പറഞ്ഞുകൊണ്ട് യു.ഡി.എഫ്.-ന്റെ എം.പി.-യും അന്നത്തെ യു.ഡി.എഫ്. കൺവീനറുമായ ശ്രീ. ബെന്നി ബെഹനാൻ ഇന്ത്യൻ പ്രധാനമന്ത്രിക്ക് കത്ത് എഴുതി. എന്നാൽ ആ വാദം പൊളിയുന്നതാണ് പിന്നീട് നമ്മൾ കണ്ടത്. അത് പൊളിഞ്ഞപ്പോൾ ഈന്തപ്പഴത്തിന്റെ കുരുവിലാണ് സ്വർണ്ണം

കടത്തിയതെന്ന് പറഞ്ഞുകൊണ്ട് മറ്റൊരു കഥയുമായി യു.ഡി.എഫ്.-ബി.ജെ.പി. സംയുക്ത സഖ്യം വരുന്നു. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന് അറിയാമല്ലോ; ഗൾഫ് രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന പഴമാണ് ഈന്തപ്പഴം. അത് അവർ ലോകത്തിന്റെ ഏത് ദിക്കിലുമുള്ള ഇഷ്ടമുള്ളവർക്ക് കൊടുക്കും. ഈന്തപ്പഴത്തിന്റെ പൊതികൊണ്ടുവന്ന് ഇവിടെയുള്ള അനാഥാലയങ്ങളിൽ കൊടുത്തിട്ടുണ്ട്. ആ മക്കൾ അത് ഭക്ഷിച്ചിട്ടുമുണ്ട്. ഈന്തപ്പഴത്തിന്റെ കുരുവിൽ സ്വർണ്ണം കടത്തിയെന്ന് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ആവർത്തിച്ച് പറഞ്ഞുകൊണ്ടേയിരുന്നു. അതും ആവിയായി പോകുന്നതാണ് നമ്മൾ കണ്ടത്. ഖുർആന്റെ മറവിൽ സ്വർണ്ണം കടത്തിയെന്ന ആക്ഷേപവുമായാണ് പിന്നീട് വന്നത്. അവർ കെട്ടുകഥകൾ ഓരോന്നോരോന്നായി കൊണ്ടുവന്നുകൊണ്ടിരുന്നു. ആ ആരോപണത്തിന്റെ നിജസ്ഥിതി എന്തായി? ഖുർആൻ വിദേശത്തുനിന്നും കൊണ്ടുവന്ന് ഇവിടെ വിതരണം ചെയ്യുന്നത് നിയമവിരുദ്ധമാണെന്ന് ചില ആളുകൾ പറഞ്ഞ വാക്കുകേട്ട് നിങ്ങളും പറഞ്ഞില്ലേ; യു.എ.ഇ.-യിൽ നിന്നുവന്ന ഖുർആൻ കോപ്പികളടങ്ങുന്ന പാക്കറ്റിന്റെ തൂക്കം ശരിയല്ലെന്ന് പറഞ്ഞ് എത്ര ദിവസം നിങ്ങളും ഇവിടെയുള്ള വാർത്താ മാധ്യമങ്ങളും അന്തിചർച്ചകൾ നടത്തി.

ഖുർആൻ കോപ്പികളുടെയും പാക്കറ്റിന്റെയും കാര്യങ്ങൾ പറഞ്ഞ് നിങ്ങൾ നടത്തിയ ചർച്ചകൾ എവിടെയെത്തി? അതിന്റെ പേരിൽ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും കേരളത്തെ കലാപക്കളമാക്കി. ആ വാദവും നിഷ്പ്രഭമാകുന്നതാണ് പിന്നീട് നമ്മൾ കണ്ടത്. ഖുർആൻ കയറ്റിപ്പോയ വാഹനത്തിന്റെ ജി.പി.എസ്. കേടുവന്നുവെന്നതായിരുന്നു പിന്നീട് വന്ന പ്രചരണം. തൃശ്ശൂരിൽവച്ചാണ് ജി.പി.എസ്. ഓഫായത്. ആ വാഹനത്തിന്റെ ജി.പി.എസ്.-ഉം തേടി കേന്ദ്ര അന്വേഷണ ഏജൻസികൾ എത്തി. ജി.പി.എസ്.-നെക്കുറിച്ച് പിന്നീട് പത്രമാധ്യമങ്ങളും യു.ഡി.എഫ്.-ഉം എന്തെങ്കിലും പറഞ്ഞോ? ഒന്നും പറഞ്ഞില്ല. അതും ജലരേഖയായി മാറുന്നതാണ് നമ്മൾ കണ്ടത്. അതുമായി ബന്ധപ്പെട്ട് എത്ര മാധ്യമ ചർച്ചകളാണ് അരങ്ങേറിയത്? അതിന്റെയും ഗതിയെന്തായെന്ന് സമരാഭാസങ്ങൾക്ക് നേതൃത്വം നൽകിയ യു.ഡി.എഫ്. ആലോചിക്കുന്നത് നല്ലതാണ്. ഖുർആൻ കൊണ്ടുപോയ വാഹനം ബാംഗ്ലൂരിലേയ്ക്ക് പോയെന്നായിരുന്നു യു.ഡി.എഫ്.-ന്റെ പിന്നീടുള്ള ആക്ഷേപം. അതിനെത്തുടർന്ന് സമരപരിപാടികളും ആവിഷ്കരിച്ചു. ചില പത്രങ്ങളും മാധ്യമങ്ങളും റൂട്ട് മാപ്പും പ്രസിദ്ധീകരിച്ചു. വാഹനം കൽപ്പറ്റവഴിയാണ് പോയതെന്നും അതുകഴിഞ്ഞ് മൈസൂരിൽനിന്ന് തിരിയുന്നതുമെല്ലാം

കാണിച്ചുകൊണ്ട് കള്ളവും പച്ചനുണയും ഈ നാട്ടിൽ പ്രചരിപ്പിച്ചില്ലേ; എന്നിട്ട് എന്തായി; എവിടെയെങ്കിലും എത്തിയോ? യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും കള്ളക്കഥകളുടെ പേരിൽ തെരുവുകൾ കീഴടക്കി. അവസാനം അതും ആവിയായിപ്പോയത് നമ്മൾ കണ്ടതല്ലേ? ഇതൊന്നും ക്ലച്ച് പിടിക്കാതെ വന്നപ്പോൾ ഡോളർ കടത്തിന്റെ പുതിയ കഥകൾ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും മെനഞ്ഞു. അതും പൊളിഞ്ഞ് പാളീസായി. ഭവനരഹിതർക്ക് യു.എ.ഇ. സർക്കാർ പണിതുകൊടുത്ത ഭവനസമുച്ചയത്തെക്കുറിച്ചാണ് പിന്നീട് പറഞ്ഞത്. കോൺഗ്രസ്സിന്റെ അന്നത്തെ ഒരു എം.എൽ.എ. സി.ബി.ഐ.-യ്ക്ക് കേസ് കൊടുത്തില്ലേ; ആ പരാതി കിട്ടേണ്ട താമസം സി.ബി.ഐ. ചാടിവീണ് കേസ്സെടുത്തില്ലേ; ആ കേസിന്റെ ഗതിയെന്തായി? പാവപ്പെട്ടവർക്ക് കുറച്ച് വീടുകൾ കിട്ടുന്നത് തടസ്സപ്പെട്ടുവെന്നല്ലാതെ എന്തുനേട്ടമാണ് യു.ഡി.എഫ്.-ന് അതുകൊണ്ടുണ്ടായത്; ആ എം.എൽ.എ. തോറ്റ് തൊപ്പിയിട്ടില്ലേ; ഈ കേസുകളിലൊക്കെ അമിത താൽപ്പര്യം കാണിച്ചവർ ഇപ്പോൾ എവിടെയാണ്; കെ. എം. ഷാജി സാഹിബും ശ്രീ. വി. ടി. ബൽറാമും എവിടെയാണ്; അവരൊന്നും നിയമസഭ കണ്ടില്ലല്ലോ; അവർ എവിടെയാണെന്ന് ശ്രീ. ടി. വി. ഇബ്രാഹിമിന് അറിയാമല്ലോ; ഞാൻ

പറയേണ്ടതില്ലല്ലോ? ഏറ്റവും അവസാനം ബിരിയാണി ചെമ്പിന്റെയുള്ളിൽ സ്വർണ്ണം കടത്തിയ നുണക്കഥയുടെ പടക്കം പൊട്ടിച്ചാണ് യു.ഡി.എഫ്-ഉം ബി.ജെ.പി.-യും സമര രണാങ്കണത്തിൽ ഇപ്പോൾ ഇറങ്ങിയിരിക്കുന്നത്. അതും നിങ്ങൾക്ക് ഇന്നത്തോടുകൂടി അവസാനിപ്പിക്കേണ്ടി വരും. കേന്ദ്ര അന്വേഷണ ഏജൻസികൾ കഴുകന്മാരെപ്പോലെയല്ലേ ഇവിടെ പാറിനടന്നത്; എല്ലാവരും സൂക്ഷ്മദർശിനിവച്ച് അന്വേഷിച്ചിട്ടും എന്തെങ്കിലും കണ്ടെത്താൻ അവർക്ക് സാധിച്ചോ? 'കുന്തം പോയാൽ കുടത്തിലും തപ്പണം' എന്നാണല്ലോ പഴമക്കാർ പറയുന്നത്. കുടത്തിലടക്കം അന്വേഷണ ഏജൻസികൾ തിരഞ്ഞില്ലേ; എന്നിട്ട് എന്ത് സംഭവിച്ചു; അന്വേഷണ ഏജൻസികൾക്ക് ചുക്കും ചുണ്ണാമ്പും കിട്ടിയോ? ഞങ്ങൾക്ക് അതിൽ പങ്കില്ലെന്ന് എൻ.ഐ.എ. പറഞ്ഞു. മറ്റ് ഏജൻസികൾ അന്വേഷണ സംബന്ധമായ റിപ്പോർട്ടുകൾ സമർപ്പിച്ചു. എന്നിട്ട് എന്തെങ്കിലും സംഭവിച്ചോ; ആരുടെയെങ്കിലും രോമത്തിൽ തൊടാൻ അന്വേഷണ ഏജൻസികൾക്ക് സാധിച്ചോ; സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് പ്രധാന അന്വേഷണം നടത്തിയ കസ്റ്റംസ് ഖുർആനിൽ സ്വർണ്ണം കടത്തിയെന്ന നുണക്കഥ അവസാനിപ്പിക്കാൻ പോകുകയാണ്. അവർ യു.എ.ഇ. കോൺസുലേറ്റിന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന്റെ കോപ്പിയാണിത് (കത്തിന്റെ

പകർപ്പ് ഉയർത്തികാണിച്ചു). ഇതിൽ പറയുന്ന കാര്യങ്ങൾ ഞാൻ വായിക്കാം. "...The UAE Consulate had imported 4479 kg. of Holy Quran through Air Cargo Complex, Thiruvananthapuram vide Bill of Entry No. 7133956 dated 6th March 2020. The consignment of Holy Quran imported vide Bill of Entry No. 7133956 dated 6th March 2020 having a total assessable value of Rs. 10,84,993/-…" ഇതിന്റെ അവസാന ഭാഗത്ത് പറയുന്നത്, "….The non levy of customs duty amounting to Rs.2,63,870/-. Further as per Sec 28 (6) of The Customs Act, 1962, in case the importer has paid duty with interest and penalty, then the proceedings shall be deemed to be conclusive as to the matters stated herein." എന്നാണ്. 2,63,870/- രൂപ യു.എ.ഇ. കോൺസുലേറ്റ് കെട്ടിവയ്ക്കുന്നതോടുകൂടി ഈ കേസ് അവസാനിക്കുമെന്ന് പറയുന്നത് ഞങ്ങളല്ല. ഈ കള്ളക്കഥകൾ വിശ്വസിച്ചല്ലേ നിങ്ങൾ ഒരു സർക്കാരിനെയും കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും സംശയത്തിന്റെ കരിനിഴലിൽ നിർത്തിയത്. ഇതുകൊണ്ട് ആർക്ക് എന്ത് പ്രയോജനമുണ്ടായി; ഷാർജ സുൽത്താന് മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ഭാര്യയും കൈക്കൂലി കൊടുത്തുവെന്ന് വിശ്വസിക്കാൻ

പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന് എങ്ങനെ കഴിഞ്ഞു; അതിനെ എതിർത്ത് സംസാരിക്കുകയല്ലേ വേണ്ടത്; കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏത് ഷാർജാ സുൽത്താനാണ് കൈക്കൂലി കൊടുത്തത്; സുൽത്താന്റെ ഭാര്യയ്ക്ക് ഓർണമെന്റ്സ് കൊടുക്കുക, അവർ അതിന്റെ പറുദീസയിൽനിന്ന് വരുന്നവരാണ്. നമ്മൾ ആര്; അവർ ആര്; നമ്മളെക്കുറിച്ച് 'മിസ്കീൻ' (പാവങ്ങൾ/ദരിദ്രർ) എന്നല്ലേ പറയാറുള്ളത്. ആ മിസ്കീൻമാർ ഷാർജ സുൽത്താന് കൈക്കൂലി കൊടുക്കുകയോ; നുണക്കഥ അവസാനിപ്പിക്കാൻ ഇതിൽപ്പരം എന്തുവേണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഏതാനും മിനിറ്റുകൾക്കുമുമ്പ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത് പ്രതിയായ സ്ത്രീയുടെ വാക്കുകൾ വിശ്വസിക്കുന്നുവെന്നാണ്. ഇക്കാര്യവും അദ്ദേഹം വിശ്വസിക്കുന്നുവെന്നാണ് അതിനർത്ഥം. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും. മൂന്ന് അന്വേഷണ ഏജൻസികൾ വിവരശേഖരണത്തിന്റെ ഭാഗമായി എന്നെ വിളിക്കുകയും A മുതൽ Z വരെ അവർ പരിശോധിക്കുകയും ചെയ്തു. NIA (National Investigation Agency) എന്റെ സമ്മതത്തോടെ കേസുമായി ബന്ധപ്പെട്ട

ആളുകളുമായുള്ള വാട്സ്ആപ്പ് മെസേജുകൾ പരിശോധിച്ചു. ഞാൻ എൻ.ഐ.എ.-യുടെ റൂമിലേയ്ക്ക് കടന്നുചെന്നപ്പോൾ കണ്ടത് ഒരു സ്ക്രീനിൽ ഞാൻ നടത്തിയിട്ടുള്ള വാട്സ്ആപ്പ് ചാറ്റുകളാണ്. സത്യത്തിൽ അതുകൊണ്ട് രക്ഷപ്പെട്ടത് ഞാനാണ്. ഇലക്ട്രോണിക് തെളിവുണ്ടെങ്കിൽ, തെറ്റ് ചെയ്തിട്ടില്ലെങ്കിൽ ഒരു ഭയപ്പാടിന്റെയും ആവശ്യമില്ലെന്ന് ഞാൻ തിരിച്ചറിഞ്ഞ നിമിഷമാണത്. അവർക്കാർക്കെങ്കിലും എന്തെങ്കിലും ചെയ്യാൻ സാധിച്ചോ? എന്റെ 30 കൊല്ലത്തെ ബാങ്ക് ഇടപാടുകൾ ഇ.ഡി. പരിശോധിച്ചപ്പോൾ കണക്കിൽപ്പെടാത്ത ഒരു രൂപയെങ്കിലും കണ്ടെത്താൻ സാധിച്ചോ? ഇന്ത്യയിൽ ഒരു ഇടതുപക്ഷ നേതാവിനെയും ഇ.ഡി. അറസ്റ്റ് ചെയ്തിട്ടില്ല. ഒരു ഇടതുപക്ഷ നേതാവിനും അവിഹിത സമ്പാദ്യത്തിന്റെ പേരിൽ ഒരു രൂപയുടെയും പിഴ കൊടുക്കേണ്ടി വന്നിട്ടില്ല. ഞങ്ങൾക്കാർക്കും വീടോ പണമോ ഇ.ഡി.-ക്ക് കൊടുക്കേണ്ടി വന്നിട്ടില്ല. അത് ദാനം ചെയ്തത് മുസ്ലീംലീഗിന്റെ നേതാവാണ്. അത് ഞാൻ പറയണോ; എന്നെക്കൊണ്ട് പറയിപ്പിക്കണോ; ശ്രീ. എൻ. ഷംസുദ്ദീൻ, തെറ്റുകൾ ഒരംശമെങ്കിലും ഉണ്ടായിരുന്നെങ്കിൽ എന്നേ ഞങ്ങളുടെ കഴുത്തിൽ കയർ വീഴുമായിരുന്നു, ഇവർ കുരുക്കുമായിരുന്നു. മാധ്യമപ്പട മുഴുവൻ നാളെയോ മറ്റെന്നാളോ അതല്ലെങ്കിൽ നാലാം നാളോ ഞങ്ങൾ കുരുങ്ങുമെന്നാണ് പറഞ്ഞത്.

ഇങ്ങനെ മാധ്യമങ്ങൾ കുരുക്ക് മുറുക്കിയിട്ടും ഞങ്ങളുടെ രോമത്തിൽ പോലും ഏതെങ്കിലും അന്വേഷണ ഏജൻസികൾക്ക് തൊടാൻ സാധിച്ചോ?

യു.ഡി.എഫ്-നെയും കോൺഗ്രസ്സിനെയും ബി.ജെ.പി. നിശബ്ദമാക്കുന്നു. ചക്ക ചൂഴ്ന്ന് നോക്കുന്നതുപോലെയാണ് ഇടതുപക്ഷ സ്വതന്ത്രനായ എന്നെ ഇ.ഡി. പരിശോധിച്ചത്. എന്റെ സ്ഥിതി ഇതാണെങ്കിൽ സാക്ഷാൽ കമ്മ്യൂണിസ്റ്റുകാരുടെ കാര്യം പറയണോ? അതുകൊണ്ട് ഇ.ഡി. മറ്റുള്ള അന്വേഷണങ്ങൾക്ക് മുതിർന്നില്ലെന്നാണ് എനിക്ക് തോന്നുന്നത്. കാരണം സ്വതന്ത്രനായിട്ടുള്ള ഒരാൾ, ഇടതുപക്ഷ സഹയാത്രികനായ ആളുടെ സ്ഥിതി ഇതാണെങ്കിൽ മറ്റുള്ളവരുടേത് നോക്കേണ്ടതില്ലെന്ന് അവർ തീരുമാനിച്ചിരിക്കണം.

ഞങ്ങളുടെ ആരുടെയും സ്വത്തോ പണമോ ഇ.ഡി.-ക്ക് ദാനം കൊടുക്കേണ്ടിവന്നിട്ടില്ലെന്നുള്ളത് സാന്ദർഭികമായി ഞാൻ സൂചിപ്പിക്കുകയാണ്. എന്നെ ചോദ്യം ചെയ്ത അതേ ഇ.ഡി. അല്ലേ ലീഗിന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. കെ. എം. ഷാജിയെ ചോദ്യം ചെയ്തത്. അഴീക്കോടുള്ള ശ്രീ. കെ. എം. ഷാജിയുടെ വീടും സ്വത്തുമല്ലേ ഇ.ഡി. കണ്ടുകെട്ടിയത്. എന്തേ എനിക്ക് വീടും സ്വത്തും ഇല്ലാത്തതുകൊണ്ടാണോ കണ്ടുകെട്ടാതിരുന്നത്; എനിക്ക് 19.50 സെന്റ് സ്ഥലവും 2700 സ്ക്വയർ

ഫീറ്റുള്ള ഒരു വീടുമുണ്ടായിരുന്നത് കണ്ടുകെട്ടാനും ജപ്തി ചെയ്യാനും ഇ.ഡി.-ക്ക് എന്ത് തടസ്സമാണുണ്ടായിരുന്നത്?

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്തൊക്കെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് ഇവിടെ സംസാരിച്ചത്. അദ്ദേഹം മുഖ്യമന്ത്രിയെ കൂപമണ്ഡൂകം എന്നുവിളിച്ചു. ഒരിക്കലും അദ്ദേഹത്തെ അങ്ങ് അങ്ങനെ വിളിക്കാനും പറയാനും പാടില്ലായിരുന്നു. അങ്ങയെ അതിനുപകരമായി ചാണമണ്ഡൂകം എന്നുവിളിക്കാം. പക്ഷേ ഞങ്ങൾ ഒരിക്കലും അങ്ങനെ വിളിക്കില്ല. കാരണം അങ്ങ് കേരളത്തിന്റെ പ്രതിപക്ഷനേതാവാണ്; അല്ലാതെ ശ്രീ. വി. ഡി. സതീശൻ എന്ന വ്യക്തിയല്ല. പൊതുസമൂഹത്തിന് കേരളത്തിന്റെ മുഖ്യമന്ത്രിയെക്കുറിച്ചും പ്രതിപക്ഷനേതാവിനെക്കുറിച്ചും ബഹുമാനമുണ്ട്. വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്ന ലക്ഷക്കണക്കിന് ആളുകൾ നമ്മുടെ നാട്ടിലെ ഭരണാധികാരികൾ ഇന്നയാളുകളാണെന്നു പറഞ്ഞ് അഭിമാനവും ഊറ്റവും കൊള്ളാറുണ്ട്. അവരുടെ അഭിമാനബോധത്തിന് മേൽക്കാണ് നമ്മൾ ഇതൊക്കെ കോരിയൊഴിക്കുന്നതെന്ന് ഓർമ്മിക്കണം.

ഗുജറാത്ത് കലാപം സംബന്ധിച്ച് ശ്രീ. ആർ. ബി. ശ്രീകുമാർ എഴുതിയ പുസ്തകമാണ് 'Gujarat Behind the Curtain',. ഗുജറാത്ത് കലാപത്തിന്റെ

പിന്നണിയിൽ പ്രവർത്തിച്ചത് ആരൊക്കെയാണെന്ന് വിശദമായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണിത്. അതിലെ ഏതാനും വരികൾ ഉദ്ധരിച്ച് ഞാൻ അവസാനിപ്പിക്കാം. '2002-ലെ ഗുജറാത്ത് കലാപത്തിന്റെ ആസൂത്രകരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിൽ കോൺഗ്രസ് പുലർത്തിയ നിർവികാരവും പ്രതികരണശേഷിയില്ലാത്തതുമായ സമീപനത്തിന് പിന്നിൽ, സംഘപരിവാറും നരേന്ദ്രമോദിയുമായി നേരിട്ടുള്ള ഏറ്റുമുട്ടൽ ഒഴിവാക്കുകയെന്ന സുചിന്തിതമായ തന്ത്രമാണെന്ന് പല മനുഷ്യാവകാശ പ്രവർത്തകരും പറയുന്നത് എനിക്ക് കേൾക്കാൻ സാധിച്ചിട്ടുണ്ട്. സംഘപരിവാറിനെയും നരേന്ദ്രമോദിയെയും നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത് 7000 പേരെങ്കിലും കൊല്ലപ്പെട്ട സിഖ് വിരുദ്ധ വംശഹത്യയ്ക്ക് കാരണക്കാരായ കോൺഗ്രസ് നേതാക്കൾക്കെതിരെയുള്ള പുനരന്വേഷണത്തിന് ഇടയാക്കുമെന്ന് അവർ മുൻകൂട്ടിക്കണ്ടിരുന്നു.' ഇത് ശ്രീ. ആർ. ബി. ശ്രീകുമാറിന്റെ പുസ്തകത്തിലുള്ളതാണ്. അപ്പോൾ അദ്ദേഹം പറഞ്ഞ കാര്യത്തെ ആസ്പദമാക്കിയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അങ്ങനെ നിരുത്തരവാദപരമായ ഒരു പ്രസ്താവന നടത്തിയത്. അങ്ങ് ഈ സഭയിൽവച്ച് അത് പിൻവലിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സമയക്രമം പാലിക്കുന്ന കാര്യത്തിൽ സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ സംസാരിച്ച് തുടങ്ങുന്നതിനുമുമ്പേ നിബന്ധനയൊന്നും വയ്ക്കരുത്. ചെയറിനോട് സഹകരിക്കാറുള്ള ആളാണ് ഞാൻ. എനിക്ക് കുറച്ച് സമയം വേണം. ഇതിനുമുമ്പ് ഒരു ചെയറും ഇങ്ങനെ പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: എല്ലാവരെയും കർശനമായി നിയന്ത്രിച്ചുകൊണ്ട് പറഞ്ഞതാണ്. പ്രതിപക്ഷനേതാവിന് ന്യായമായും കുറച്ച് സമയം അനുവദിക്കും. സമയക്രമം പാലിക്കണമെന്ന് അങ്ങയെ ഓർമ്മിപ്പിച്ചതല്ല, സഹകരണം തേടിയതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകിയതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. 'പ്രതിപക്ഷം ഞെട്ടിപ്പോയി, വിളറിപ്പോയി' എന്നൊക്കെ ഇവിടെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഉൾപ്പെടെയുള്ളവർ പറഞ്ഞു. അടിയന്തരപ്രമേയ ചർച്ചയ്ക്ക് ഞങ്ങൾ നോട്ടീസ് കൊടുത്തത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നല്ലേ? ഒരു വർഷം പഴക്കമുള്ള കഥയാണെന്ന് ഇതിനെപ്പറ്റി ഇപ്പോൾ പറയുന്നു. ഈ കഥ

പുതുമയോടെ, ചൂടാറാതെ 12-08-2021-ൽ ഞങ്ങൾ സഭയിൽ കൊണ്ടുവന്നപ്പോൾ ഇവിടെ അവതരിപ്പിക്കാൻ സമ്മതിച്ചില്ല. പി. ടി. തോമസാണ് നോട്ടീസ് നൽകിയത്. തുടർന്ന് സഭയ്ക്ക് പുറത്ത് മോക്ക് അസംബ്ലി നടത്തി ഞങ്ങൾക്ക് ഇത് അവതരിപ്പിക്കേണ്ടിവന്നു. രണ്ടാമത് കാരണം കാണിക്കൽ നോട്ടീസ് വന്നപ്പോൾ 24-02-2022-ൽ ഞങ്ങൾ വീണ്ടും ഈ വിഷയം കൊണ്ടുവന്നെങ്കിലും അന്നും അവതരിപ്പിക്കാൻ അനുമതി നൽകിയില്ല. അപ്പോഴൊന്നും ഈ വിഷയം സഭയിൽ ചർച്ച ചെയ്യരുതെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ടായിരുന്നു. കേരളത്തിലെ ജനങ്ങളുടെ ഇടയിൽ വളരെ ഗൗരവതരമായി ഈ വിഷയം ചർച്ച ചെയ്യപ്പെടുന്നതിനാലാണ് ഇപ്പോൾ ഇത് ചർച്ച ചെയ്യാൻ നിങ്ങൾ നിർബന്ധിതരായത്. അത്തരമൊരു സാഹചര്യമുണ്ടാക്കിയത് നിങ്ങളാണ്. ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു; ഇതുമായി ബന്ധപ്പെട്ട് ഇവിടെ പറഞ്ഞ ഏതെങ്കിലും ഒരു കഥ യു.ഡി.എഫ്. മെനഞ്ഞുണ്ടാക്കിയതാണോ? ഈ കഥകളെല്ലാമുണ്ടായത് സ്വപ്ന സുരേഷിന്റെ വെളിപ്പെടുത്തലിലൂടെയാണ്. ആരാണ് സ്വപ്ന സുരേഷ്? ഞങ്ങൾ കൊണ്ടുവന്ന ആളാണോ? അങ്ങയുടെ ഓഫീസിലും വീട്ടിലും കയറിയിറങ്ങി നടന്നിരുന്ന ഒരാൾ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ അമിതാധികാരങ്ങളുണ്ടായിരുന്ന പ്രിൻസിപ്പൽ

സെക്രട്ടറിയുടെ സഹയാത്രിക. അങ്ങയെ വളരെ കരുത്തനായ മുഖ്യമന്ത്രിയാണെന്നാണല്ലോ ഇവിടെ എല്ലാവരും പറയുന്നത്. സ്വന്തം ഓഫീസിൽ അധികാരങ്ങളുള്ള ഒരു പ്രിൻസിപ്പൽ സെക്രട്ടറി വൈകുന്നേരമാകുമ്പോൾ എങ്ങോട്ടാണ് പോയിരുന്നതെന്ന് ഏതെങ്കിലും ദിവസം അങ്ങ് അന്വേഷിച്ചിട്ടുണ്ടോ? എല്ലാ ദിവസവും ഇന്റലിജൻസ് റിപ്പോർട്ട് മേശപ്പുറത്ത് ലഭിക്കുന്ന ആളാണ് കേരളത്തിലെ മുഖ്യമന്ത്രി. എന്നാൽ അങ്ങയുടെ ഓഫീസിലെ പ്രിൻസിപ്പൽ സെക്രട്ടറി ഇതുപോലുള്ള shady characters-നൊപ്പം ഒരുമിച്ച് നടക്കുകയും യാത്ര ചെയ്യുകയും വിദേശത്ത് പോകുകയും ഭക്ഷണം കഴിക്കുകയും രാത്രി ഒന്നോ രണ്ടോ മണിയാകുമ്പോഴാണ് അവിടെനിന്ന് പിരിയുകയും ചെയ്തിരുന്നതെന്ന് അങ്ങ് അറിഞ്ഞിരുന്നോ? അവിടെ രാത്രി 2 മണിവരെ അദ്ദേഹം രാമായണം വായിക്കുകയായിരുന്നോ? അദ്ദേഹം മുഖ്യമന്ത്രിക്ക് തത്തുല്യമായ എല്ലാ അധികാരങ്ങളുമുണ്ടായിരുന്ന ഒരു ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം അവരെ മുഖ്യമന്ത്രിയുടെ വകുപ്പിൽ ലക്ഷക്കണക്കിന് രൂപ ശമ്പളം പറ്റുന്ന ഒരാളായി നിയമിച്ചു. ഒരു ക്ലാർക്കിനെയോ പ്യൂണിനെയോ വകുപ്പിൽ നിയമിച്ചാൽ അത് മന്ത്രി അറിയണമെന്നില്ല, പക്ഷേ ഒന്നര ലക്ഷം രൂപയോളം ശമ്പളംപറ്റുന്ന ഒരാളെ നിയമിച്ചത് വകുപ്പുമന്ത്രി അറിഞ്ഞില്ല; അവസാനമെന്തായി?

അവരല്ലേ ഇതെല്ലാം വെളിപ്പെടുത്തിയത്. ഇതുപോലെ കള്ളക്കടത്ത് കേസിൽ പ്രതിയായ ഒരു സ്ത്രീയുടെ ആരോപണങ്ങളിൽ നിങ്ങൾ വിശ്വസിക്കുന്നുണ്ടോയെന്ന് ശ്രീ. മാത്യു ടി. തോമസും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജും ചോദിച്ചു. ഇതുസംബന്ധിച്ച് മുൻമന്ത്രി ഡോ. കെ. ടി. ജലീൽ ഇവിടെ സംസാരിച്ചു. ഡോ. കെ. ടി. ജലീൽ, സ്വപ്ന സുരേഷിനെതിരായി പോലീസ് സ്റ്റേഷനിൽ കൊടുത്ത പരാതിയിലെ സാക്ഷി ആരാണ്? സോളാർ കേസിലെ സരിത. ഈ മുഖ്യമന്ത്രിയല്ലേ സോളാർ കേസിൽ വിശ്വാസവഞ്ചനയും തട്ടിപ്പും നടത്തി നിരവധി കേസുകളിൽ പ്രതിയായി ശിക്ഷിക്കപ്പെട്ട ഒരാളെ വിളിച്ചുവരുത്തിയത്. ശ്രീ. ഉമ്മൻ ചാണ്ടിയെക്കുറിച്ചും നേരത്തെ പറഞ്ഞ എം.എൽ.എ. ഹോസ്റ്റലിലെ കാര്യങ്ങളെക്കുറിച്ചും നിങ്ങൾ അന്വേഷിച്ചല്ലോ; ആഭ്യന്തര വകുപ്പിലെ ഏതെങ്കിലും പോലീസുദ്യോഗസ്ഥൻ അന്വേഷിച്ചിട്ട് ശ്രീ. ഉമ്മൻ ചാണ്ടിയുൾപ്പെടെയുള്ള ആളുകൾക്കെതിരായി എന്തെങ്കിലും തെളിവ് കണ്ടെത്തിയോ; ഒരു കുറ്റപത്രംപോലും കൊടുക്കാൻ കഴിഞ്ഞില്ലല്ലോ? ആ കേസ് മൂന്ന് ഉദ്യോഗസ്ഥർ അന്വേഷിച്ചു. അവസാനം ഈ കേസിലെ നിങ്ങൾക്ക് വിശ്വാസ്യതയുള്ള സ്ത്രീയെ വിളിച്ചുവരുത്തി അവരുടെ കയ്യിൽ നിന്നും ഒരു പരാതി വാങ്ങി സി.ബി.ഐ.

അന്വേഷണത്തിന് 76 വയസ്സുകാരനായ, കേരളം മുഴുവൻ ആദരിക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടി ഉൾപ്പെടെയുള്ള ആളുകൾക്കെതിരായി അന്വേഷണത്തിന് ഉത്തരവിട്ട ആളാണ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. എന്നിട്ട് സ്വപ്ന സുരേഷിന്റെ വിശ്വാസ്യതയെക്കുറിച്ച് നിങ്ങൾ ഈ സഭയിൽ സംസാരിക്കുമ്പോൾ ചിരിക്കുകയല്ലാതെ ഞങ്ങൾ എന്തുചെയ്യും? സ്വപ്ന സുരേഷ് കള്ളമാണ് പറയുന്നതെന്ന് പറയാൻ നിങ്ങൾ അവതരിപ്പിച്ചത് ആരെയാണ്. സോളാർ കേസിലെ പ്രതിയായ സരിതയെ. എന്തെല്ലാം നാടകങ്ങളാണ് നടത്തുന്നത്. ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച ശ്രീ. ഷാഫി പറമ്പിൽ പ്രധാനപ്പെട്ടൊരു ചോദ്യം ചോദിച്ചു. സ്വർണ്ണക്കള്ളക്കടത്ത് കേസിലെ പ്രതികളിലൊരാളായ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കറിന്റെ സസ്പെൻഷൻ പിൻവലിച്ച് വെള്ളപൂശി അകത്തുവച്ചു. അദ്ദേഹം കാര്യങ്ങൾ വെളിപ്പെടുത്തുന്ന പുസ്തകമെഴുതി. അതുസംബന്ധിച്ച് മാധ്യമപ്രവർത്തകർ ചോദിച്ചപ്പോൾ നിങ്ങൾ അതിനെ ന്യായീകരിച്ചു. പുസ്തകം വായിച്ചപ്പോൾ നിങ്ങൾക്ക് പൊള്ളുന്നുണ്ടോയെന്നാണ് മുഖ്യമന്ത്രി ചോദിച്ചത്. അതേ കേസിലെ പ്രതിയായ സ്വപ്ന സുരേഷ് കോടതി മുമ്പാകെ വെളിപ്പെടുത്തൽ നടത്തി. അതിനെതിരെ നിങ്ങൾ കലാപാഹ്വാനത്തിന് കേസ്സെടുത്തു. ഒരേ കേസ്സിലെ

രണ്ട് പ്രതികൾക്ക് രണ്ട് നീതി. എം. ശിവശങ്കർ നിങ്ങൾക്ക് അനുകൂലമായി പറഞ്ഞതുകൊണ്ട് അതിനെ ന്യായീകരിക്കുകയും നിങ്ങൾക്കെതിരായി സ്വപ്ന സുരേഷ് പറയുന്ന കാര്യങ്ങൾ തെറ്റാണെന്നുമാണ് നിങ്ങൾ പറയുന്നത്. ഇവർ രണ്ടുപേരും സ്വർണ്ണക്കള്ളക്കടത്ത് കേസിലെ പ്രതികളാണ്. പ്രിൻസിപ്പൽ സെക്രട്ടറി ജയിലിൽ കിടന്നത് 108 ദിവസമാണ്. സ്വപ്ന സുരേഷ് കൊടുത്ത സ്റ്റേറ്റ്മെന്റിന്റെ പ്രത്യേകത എന്താണെന്നറിയാമോ? അവർ ഇ.ഡി.-യുടെ സ്പെഷ്യൽ കോടതിയിൽ പോയി കാര്യങ്ങൾ ബോധ്യപ്പെടുത്തി. സ്വപ്ന സുരേഷിന്റെ സി.ആർ.പി.സി. 164(5) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് എടുക്കണമെന്നാണ് എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയോട് ഇ.ഡി. പറഞ്ഞത്. കോടതി മുഖേനയാണ് അവർ പോയതെന്ന കാര്യം നിങ്ങൾ അവരെ കുറ്റപ്പെടുത്തുമ്പോൾ മനസ്സിലാക്കണം. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ പോയി സി.ആർ.പി.സി. 164 (5) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് നൽകി. ആ സ്റ്റേറ്റ്മെന്റ് എന്താണെന്ന് നിങ്ങൾ അറിയണം. അതായത് ഈ കേസിൽ ഏതെങ്കിലും വിഷയമുണ്ടെങ്കിൽ മജിസ്ട്രേറ്റിന് ഇതിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് അനുയോജ്യമെന്ന് തോന്നുന്ന ഒരു സ്റ്റേറ്റ്മെന്റ് മാത്രം റെക്കോർഡ് ചെയ്താൽ മതി. സെക്ഷൻ റീഡിംഗ്

അതുതന്നെയാണ്.

**[3:00 PM]**

'Any statement (other than a confession) made under sub section (1) shall be recorded in such manner hereinafter provided for the recording of evidence as is, in the opinion of the Magistrate, best fitted to the circumstances of the case;' മജിസ്ട്രേറ്റ് അത് റെക്കോർഡ് ചെയ്യണമെന്നാണ് പറയുന്നത്. അങ്ങനെയൊരു കേസ് നിൽക്കുമ്പോൾ, അതുമായി ബന്ധപ്പെട്ട് അവിടെ പറഞ്ഞ കാര്യങ്ങൾ, അവർ മാധ്യമങ്ങളിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും വന്ന് വെളിപ്പെടുത്തുമ്പോൾ ഞങ്ങൾ മിണ്ടാതിരിക്കണോ; അതിനെക്കുറിച്ച് സംസാരിക്കണ്ടേ? സോളാർ കേസിൽ നിങ്ങൾ ചെയ്ത തെറ്റ് എന്താണെന്നുള്ളത് നിങ്ങൾ ഓർക്കണം. അതാണ് ഞാൻ പറഞ്ഞത് കാലം ഒന്നിനും കണക്ക് ചോദിക്കാതെ കടന്നുപോകുകയില്ല എന്ന്. ശ്രീ. ഉമ്മൻ ചാണ്ടിയെപോലുള്ള കേരളം ആദരിക്കുന്ന മനുഷ്യനെ അപമാനിച്ച് സി.ബി.ഐ. അന്വേഷണത്തിന് നിങ്ങൾ വിട്ടുകൊടുത്തു. അതിനാണ് കാലം നിങ്ങളോട് ഇപ്പോൾ കണക്ക് ചോദിച്ചുകൊണ്ടിരിക്കുന്നത്. സാധാരണഗതിയിൽ ഇങ്ങനെയൊരു ആരോപണം വന്നപ്പോൾ നിയമപരമായ മാർഗ്ഗങ്ങൾ ഏതെങ്കിലും അങ്ങ്

അവലംബിച്ചോ; ഇവർ സ്റ്റേറ്റ്മെന്റ് കൊടുത്ത അതേ കോടതിയിൽ പോയി ക്രിമിനൽ പ്രൊസിജ്യൂവർ കോഡിന്റെ സെക്ഷൻ 340 (1) അനുസരിച്ച് പരാതികൊടുക്കാം. അങ്ങ് ഇത് കള്ള പരാതിയാണെന്ന് തെളിയിക്കുകയാണെങ്കിൽ ഇവരെ IPC സെക്ഷൻ 193 പ്രകാരം ഏഴ് വർഷം തടവിന് ശിക്ഷിക്കാം. അതിനും സാധിച്ചില്ലെങ്കിൽ ക്രിമിനൽ പ്രൊസീജ്യൂവർ കോഡിന്റെ സെക്ഷൻ 199 (2) അനുസരിച്ച് പബ്ലിക് പ്രോസിക്യൂട്ടർക്ക് മുഖ്യമന്ത്രിയെ അപമാനിച്ചുവെന്ന് പറഞ്ഞ് defamation-ന് കേസുകൊടുക്കാം. അതിന് രണ്ടുവർഷം തടവുശിക്ഷ ലഭിക്കും. ഈ നിയമപരമായ പ്രതിവിധി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പിലുള്ളപ്പോൾ ഇതൊന്നും സ്വീകരിക്കാതെ നിയമവിരുദ്ധമായ കാര്യങ്ങളുടെ പുറകേ പോയി. അധികാരപരിധിയിൽ ഇല്ലാത്ത പോലീസ് സരിത്തിനെ തട്ടിക്കൊണ്ടുപോയി കയ്യിൽനിന്നും ഫോൺ പിടിച്ചെടുത്തു. ഷാജ്കിരണിന്റെ കൂടെ ശ്രീ. രമേശ് ചെന്നിത്തല നിൽക്കുന്ന ഫോട്ടോയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഷാജ് കിരൺ ഒന്നര ദശാബ്ദക്കാലം കേരളത്തിലെ ഒരു മാധ്യമ പ്രവർത്തകനായിരുന്നു. അതുകൊണ്ട് എല്ലാ രാഷ്ട്രീയ നേതാക്കളുടെയും കൂടെയുണ്ടാകും. അവസാനം 'ലാൽ സലാം സഖാവേ' എന്ന് ഫെയ്സ് ബുക്ക് പോസ്റ്റിൽ എഴുതിയിരുന്നത് വായിച്ചല്ലോ?

നിങ്ങൾ ചെയ്ത രണ്ടാമത്തെ കാര്യം, സ്വപ്ന സുരേഷിനെതിരെ വെളിപ്പെടുത്തൽ നടത്താൻ ശ്രീ. എം. ശിവശങ്കറിന് അനുവാദം കൊടുത്ത നിങ്ങൾ കലാപാഹ്വാനത്തിന് സെക്ഷൻ 153 പ്രകാരം കേസെടുത്തു. ആറ് മാസം തടവുശിക്ഷ ലഭിക്കുന്ന കേസാണിത്. ഈ കേസ് ആരാണ് അന്വേഷിക്കുന്നത്? അഡീഷണൽ ഡി.ജി.പി., ക്രൈംബ്രാഞ്ച്, പത്ത് ഡിവൈ.എസ്.പി.-മാർ, പന്ത്രണ്ട് അംഗ പോലീസ് സംഘം എന്നിവരെ ഉപയോഗിച്ച് ഷാജ്കിരൺ എന്ന ഇടനിലക്കാരനെ നിങ്ങൾ വിരട്ടി. വിജിലൻസ് ഡയറക്ടർ ശ്രീ. എം. ആർ. അജിത് കുമാർ, ഡി.ജി.പി. വിജയ് സാഖറെ എന്നിവർ എറണാകുളം പോലീസ് ക്ലബിൽവച്ച് ഷാജ്കിരണുമായി മൂന്ന് മണിക്കൂറോളം ചർച്ച നടത്തി. അന്ന് രാവിലെ വരെ സ്വപ്ന സുരേഷിന് പിന്തുണയുമായി നടന്ന ഷാജ് കിരൺ പോലീസിന്റെ ഉപകരണമായി മാറി. ഈ കേസ് പിൻവലിച്ച് ചാനലിനോട് സംസാരിക്കാൻ സ്വപ്ന സുരേഷിന് പണം ഓഫർ ചെയ്യുകയും നിങ്ങളുടെ ജീവിതമാകെ തകർന്നുപോകുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. വിജിലൻസ് ഡയറക്ടറും ഈ ഇടനിലക്കാരനും തമ്മിൽ നടത്തിയ ഫോൺ ഇടപാടുകൾ സംബന്ധിച്ച് നിങ്ങൾ അയാളെ അറസ്റ്റ് ചെയ്യുകയോ അയാളുടെ ഫോൺ കോളുകൾ പരിശോധിക്കുകയോ ചെയ്തോ? മടിയിൽ കനമില്ലെങ്കിൽ, പേടിയില്ലെങ്കിൽ എന്തിനാണ്

നിങ്ങൾ രണ്ട് അഡീഷണൽ ഡി.ജി.പി.-മാരെയും ഇടനിലക്കാരനെയും സ്വപ്ന സുരേഷിന്റെ അടുത്തേയ്ക്ക് പറഞ്ഞയച്ചത്; നിങ്ങൾ നിരപരാധിയാണെങ്കിൽ, നിരപരാധിത്വം തെളിയിക്കാനുള്ള നിയമപരമായ അവസരങ്ങളുള്ളപ്പോൾ എന്തിനാണ് അത് ചെയ്തത്? ഇ.ഡി. വന്നില്ലേയെന്ന് ഇവിടെ എല്ലാവരും ചോദിച്ചു. ഇ.ഡി. വന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി ഒരു കള്ളക്കേസെടുത്തിരുന്നെങ്കിൽ ഞങ്ങൾ അതിനെ ചോദ്യം ചെയ്യുമായിരുന്നു. (......ബഹളം.....) നിങ്ങൾ കേൾക്കു....... മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രധാനമന്ത്രിക്ക് എഴുതിയ കത്തിനെക്കുറിച്ച് ഞാൻ പറയാം. Dear Prime Minister എന്നല്ല, Dear Shri Modiji എന്ന് സ്നേഹത്തോടുകൂടിയാണ് എഴുതിയത്. അതിൽ പറയുന്ന എല്ലാ കാര്യങ്ങളും ഞാൻ വായിക്കുന്നില്ല. ഒരു വരി വായിക്കാം. It is requested that an effective and co-ordinated investigation into this incident by all Central Agencies concerned is the need of the hour. എന്നിട്ട് ഒരു അഷ്വറൻസ് കൊടുക്കുന്നുണ്ട്. എല്ലാ സെൻട്രൽ ഏജൻസികളുംകൂടി വന്ന് അന്വേഷിക്കണം. I assure you that the State Government will provide all necessary assistance and support to the agencies involved in the investigation. ക്ഷണിച്ചുവരുത്തി അന്വേഷണം

നടത്തി. ആ അന്വേഷണം ഒരു ഘട്ടത്തിൽ എത്തിയപ്പോൾ കേന്ദ്ര ഏജൻസിക്കെതിരായി നിങ്ങൾ ജുഡീഷ്യൽ കമ്മീഷണറെ നിയമിച്ചു. ശ്രീ. വി. കെ. മോഹനൻ എന്ന റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെയാണ് സെൻട്രൽ ഏജൻസിക്കെതിരായി ജുഡീഷ്യൽ കമ്മീഷണറായി നിയമിച്ചത്. അന്വേഷണം നടത്തി നിങ്ങൾക്കെതിരായി തിരിഞ്ഞപ്പോഴാണ് ജുഡീഷ്യൽ കമ്മീഷണറായി നിയമിച്ചത്. ശരിയല്ലേ, നിങ്ങൾ ചെയ്തില്ലേ? ഇപ്പോൾ സ്വപ്ന സുരേഷിന്റെ വെളിപ്പെടുത്തൽ വന്നപ്പോൾ ഈ മൂന്ന് കാര്യങ്ങൾ ചെയ്തത് കൂടാതെ നാലാമതായി സെൻട്രൽ ഏജൻസിക്കെതിരായി, നടപടി പാടില്ലായെന്ന് ഹൈക്കോടതി (ജസ്റ്റിസ് മോഹനൻ കമ്മീഷൻ) നടപടി സ്റ്റേ ചെയ്തു. ജസ്റ്റിസ് മോഹനൻ കമ്മീഷന്റെ ജുഡീഷ്യൽ കാലാവധി ആറുമാസം നിങ്ങൾ നീട്ടിക്കൊടുത്തു. അതായത്, നിങ്ങൾ തെറ്റായ വഴികളിലൂടെ പോയതാണ് പ്രശ്നം. നിങ്ങൾ നിയമപരമായ മാർഗ്ഗങ്ങൾ തേടിയിരുന്നെങ്കിൽ ഇത്രയും വലിയ വിവാദവും പ്രശ്നവുമുണ്ടാകുമായിരുന്നില്ല. നിങ്ങൾ ഭയന്നുപോകുകയും വെപ്രാളം കാണിക്കുകയും ചെയ്തു. എന്താണ് ചെയ്യേണ്ടതെന്നറിയാതെ നിങ്ങൾ ആളുകളുടെ ഉപദേശം കേട്ടു. ഈ വിഷയത്തോട് അങ്ങയുടെ ഓഫീസ് എങ്ങനെ പ്രതികരിച്ചുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അവർ

നടത്തിയ വെളിപ്പെടുത്തലുകൾ എല്ലാവർക്കും അറിയാവുന്നതാണ്. അതൊന്നും ഇവിടെ ആവർത്തിക്കേണ്ട കാര്യമില്ല. പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എം. ശിവശങ്കർ സ്പ്രിംഗ്ലർ, കെ-ഫോൺ, ഇ-ബസ് എന്നിവയുടെ ഇടപാടിലേയ്ക്ക് ഇടനിലക്കാരിൽനിന്നും കോടിക്കണക്കിന് രൂപ വാങ്ങിയിട്ടുണ്ടെന്നും അവർ "മറുനാടൻ മലയാളി"-ക്ക് ഇതെല്ലാം പറഞ്ഞുകൊണ്ട് നേരിട്ട് ഇന്റർവ്യൂ കൊടുക്കുകയും ചെയ്തു. അവരെല്ലാം ഒരുമിച്ച് പ്രവർത്തിച്ചിരുന്ന ആളുകളല്ലേ, എല്ലാ ദിവസവും ഒരുമിച്ചുണ്ടായിരുന്നവരല്ലേ; അതിൽ ഒരാൾ മുഖ്യമന്ത്രിയുടെ ഓഫീസിലുണ്ടായിരുന്ന ആളുകൾക്കെതിരായി പരാതി കൊടുക്കുകയല്ലേ ചെയ്തത്. ഞങ്ങൾക്ക് സെൻട്രൽ ഏജൻസികളുടെ കാര്യത്തിൽ ഡൽഹിയിലും കേരളത്തിലും ഒരേ നിലപാടാണുള്ളത്. അതിൽ ഒരു സംശയവും നിങ്ങൾക്ക് വേണ്ട. രാഷ്ട്രീയ എതിരാളികളെ ഇല്ലാതാക്കാൻ അധികാരം ദുരുപയോഗം ചെയ്യുന്നു. ശ്രീ. രാഹുൽ ഗാന്ധിയെയും കോൺഗ്രസ്സ് നേതാക്കളേയും വേട്ടയാടുന്നു. ആ കേന്ദ്ര ഏജൻസികളെ കേരളത്തിലേയ്ക്ക് ക്ഷണിച്ചുകൊണ്ടുവന്നത് ഞങ്ങളല്ലല്ലോ; ഇതുപോലൊരു കേസിൽ ആരോപണം വരുമ്പോൾ സ്റ്റേറ്റ് വിജിലൻസിന് അന്വേഷിക്കാൻ സാധിക്കുമോ? They are not the competent authority. ഞങ്ങൾ ഇന്റർപോളിനോട് അന്വേഷിക്കണമെന്ന്

പറയണോ? സെൻട്രൽ ഏജൻസിയെ ഞങ്ങൾക്ക് വിശ്വാസമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം നടക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. നിങ്ങൾക്ക് സെൻട്രൽ ഏജൻസിയെ വിശ്വാസമുണ്ടല്ലോ;ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരായും മറ്റ് കോൺഗ്രസ് നേതാക്കൾക്കെതിരായും സി.ബി.ഐ. അന്വേഷണത്തിന് നിങ്ങൾ ശിപാർശ ചെയ്തില്ലേ? സ്വപ്ന സുരേഷ് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടിരിക്കുകയാണ്. സരിത സി.ബി.ഐ. അന്വേഷണം ചോദിച്ചതാണല്ലോ? ശ്രീ. ഉമ്മൻ ചാണ്ടിയുടെ കേസിൽ സി.ബി.ഐ. അന്വേഷണത്തിന് ശിപാർശ ചെയ്തതുപോലെ അങ്ങയുടെ കേസിലും സി.ബി.ഐ. അന്വേഷണത്തിന് ശിപാർശ ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ധൈര്യമുണ്ടോ? വളരെ സിമ്പിളാണ്. കൺഫ്യൂഷനൊന്നുമുണ്ടാക്കേണ്ട. അതിനുവേണ്ടി ഒരുപാട് കാര്യങ്ങളൊന്നും പറയേണ്ട. നിങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നല്ല ഡിഫൻസ് നൽകുമെന്നാണ് ഞാൻ കരുതിയത്. എന്നാൽ അതൊന്നും ചെയ്തില്ല. അഡ്വ. കൃഷ്ണരാജും ഞാനുമായി 29 കൊല്ലത്തെ ബന്ധമുണ്ടെന്ന് നിങ്ങൾ പറഞ്ഞു. ഞങ്ങൾ തമ്മിൽ 32 വർഷത്തെ ബന്ധമുണ്ട്. കാരണം ലാ കോളേജിൽ ഞങ്ങൾ ഒരേ ബാച്ചായിരുന്നു. കോളേജിൽ ഒരുമിച്ച് പഠിച്ചവനെ

തള്ളിപ്പറയാൻ കഴിയുമോ? ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഞാൻ 10 വർഷം പ്രാക്ടീസ് ചെയ്തിരുന്നു. അവിടെ അദ്ദേഹവും പ്രാക്ടീസ് ചെയ്തിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും എലിവേഷൻ ലഭിച്ച എല്ലാ ജഡ്ജിമാരെയും എനിക്കറിയാം. നിങ്ങളുടെ അഡ്വക്കേറ്റ് ജനറലുമായും എനിക്ക് വളരെ അടുപ്പമുണ്ട്. അഡ്വ. സുരേഷ് കുറുപ്പിന്റെ സഹോദരൻ അഡ്വ. ഗോപാലകൃഷ്ണ കുറുപ്പുമായും വളരെ അടുപ്പമുണ്ട്. എന്റെ സഹോദരനെപ്പോലെയാണ്. വക്കീലുമായി നല്ല ബന്ധമാണ്. കോളേജിൽ പഠിച്ചവനുമായി ബന്ധമുണ്ടെന്ന് പറഞ്ഞ് വന്നിരിക്കുകയാണ്. പിന്നെ കോളേജിൽ പഠിച്ചവനുമായി ബന്ധമുണ്ടാകില്ലേ; എന്തൊക്കെയാണ് പറയുന്നത്? പ്രതിപക്ഷനേതാവിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ബഹുമാനപ്പെട്ട അംഗം എ. എൻ. ഷംസീർ ഇവിടെ പറഞ്ഞു. എന്നെക്കുറിച്ച് പറഞ്ഞതല്ലേ. ആ കഥ ഞാൻ പറഞ്ഞുതരാം. കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് ഞാൻ അവിശ്വാസ പ്രമേയം ഉന്നയിച്ചപ്പോൾ ഒരു ആരോപണം പറഞ്ഞിരുന്നു. അത് അന്വേഷിക്കാൻ ഞാനും പറഞ്ഞു. പരാതി കൊടുത്തു. അതിൽ കണ്ടന്റില്ലെന്നുപറഞ്ഞ് ആദ്യം ആഭ്യന്തര വകുപ്പ് തള്ളി. രണ്ടാമത് സ്പീക്കർക്ക് പരാതി കൊടുത്തു. കണ്ടന്റില്ലെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട സ്പീക്കറും അത് തള്ളി. അതിനുശേഷം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ

സിംഗിൾ ബഞ്ചിൽ പോയി. അവിടെയും തള്ളി. അവസാനം ഡിവിഷൻ ബഞ്ചിൽ പോയി. അവിടെയും തള്ളി. ഇനി ഇങ്ങോട്ട് ഇതുപോലെയുള്ള പരാതിയുമായി വരരുതെന്ന് ഡിവിഷൻ ബഞ്ച് പറഞ്ഞു. കാരണം ഉത്തരവാദിത്തത്തോടുകൂടി ജനപ്രതിനിധികൾ നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അതിനെ നിരുത്സാഹപ്പെടുത്താനും അവരെ അപമാനിക്കാനും ശ്രമിക്കരുതെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് പറഞ്ഞത്. ഇനി അന്വേഷണം നടത്തുന്നതിൽ പ്രശ്നമില്ല. പക്ഷേ, ഈ ഒരു വിഷയം ഇവിടെ ചർച്ച ചെയ്യുമ്പോൾ നിങ്ങൾ എത്രമാത്രം അസഹിഷ്ണുത കാണിക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് പ്രതിപക്ഷനേതാവിനെതിരെ അന്വേഷണം നടത്തണമെന്ന് പറയുന്നത്.

ഇവിടെ 'കൂപമണ്ഡൂകം' എന്ന വാക്ക് ഞാൻ പറഞ്ഞുവെന്ന് പറഞ്ഞു. അതിന്റെ അർത്ഥമെന്താണ്? ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീലിനോട് ചോദിക്കുകയാണ്. 'പൊട്ടക്കിണറ്റിലെ തവള' എന്നാണ് ലിറ്ററൽ മീനിംഗ്. ചെറിയ ലോകത്തുനിന്ന് ചിന്തിക്കരുത് എന്നാണ് അർത്ഥം. അങ്ങ് കൂപമണ്ഡൂകത്തെപ്പോലെ ആകരുതെന്നാണ് ഞാൻ പറഞ്ഞത്. കാരണം കോൺഗ്രസ് പ്രസിഡന്റ് ശ്രീമതി സോണിയാ ഗാന്ധിക്കെതിരെ ഗുരുതരമായൊരു ആരോപണം അദ്ദേഹം ഉന്നയിച്ചു.

ഗുജറാത്തിലെ എം.പി. മരിച്ചപ്പോൾ അദ്ദേഹത്തിന്റെ വിധവയെക്കാണാൻ കോൺഗ്രസ് പ്രസിഡന്റ് പോയില്ലെന്ന് പറഞ്ഞു. 'എന്റെ അമ്മയെ മൂന്നുനാല് ദിവസത്തിനകം ശ്രീമതി സോണിയാ ഗാന്ധി വന്ന് സന്ദർശിച്ച ' എന്ന അവരുടെ മകന്റെ സ്റ്റേറ്റ്മെന്റ് ഞാൻ പറഞ്ഞു. അതുകൊണ്ടാണ് അങ്ങ് കേരളമെന്ന ചെറിയ ലോകത്തിരുന്ന് ചിന്തിക്കരുതെന്ന് ഞാൻ പറഞ്ഞത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അപമാനിക്കാൻ ഒരു വാക്കുപോലും ഉപയോഗിക്കുന്ന ആളല്ല. അദ്ദേഹത്തോടു ചോദിക്കൂ. ഇന്ന് ഞാൻ പ്രസംഗിച്ചപ്പോൾ വ്യക്തിപരമായി അദ്ദേഹത്തെ തേജോവധം ചെയ്യുകയോ അപമാനിക്കുകയോ ചെയ്യുന്ന ഏതെങ്കിലും വാക്ക് ഉപയോഗിച്ചോ? ദയവുചെയ്ത് അതിന്റെ ലിറ്ററൽ മീനിംഗ് എടുക്കരുത്. അതിന്റെ അർത്ഥം നമ്മൾ ഇടുങ്ങി ചിന്തിക്കരുത് എന്നാണ്. കോൺഗ്രസ് പ്രസിഡന്റിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിസ്ഥാനരഹിതമായ ഒരു ആരോപണം പറയുമ്പോൾ എനിക്ക് വിഷമമുണ്ടാകില്ലേ; ഞാൻ അവരെ പ്രൊട്ടക്റ്റ് ചെയ്യണ്ടേ? അസത്യമായ ഒരു കാര്യം പറഞ്ഞപ്പോൾ ഞാൻ അത് ഡിഫന്റ് ചെയ്തു. അതിനപ്പുറത്തേയ്ക്കൊന്നും പോയില്ല. ഞാൻ ഒരു കാര്യം കൂടി പറയാം. ഗുജറാത്ത് കലാപമുണ്ടായപ്പോൾ ശ്രീമതി സോണിയാ ഗാന്ധിയുടെ വലിയൊരു സ്റ്റേറ്റ്മെന്റ് ഉണ്ടായിരുന്നു. 'Modi is the Merchant

of Death' എന്നാണ് പറഞ്ഞത്. മരണത്തിന്റെ വ്യാപാരിയാണെന്ന്. മരണത്തിന്റെ വ്യാപാരിയാണ് ശ്രീ. നരേന്ദ്രമോദി എന്നുള്ളത് ഇന്ത്യ മുഴുവൻ ചർച്ച ചെയ്യപ്പെട്ടതാണ്. ഈ കേസിന് വിശ്വാസ്യതയുണ്ടാക്കിയത് നിങ്ങളുടെ വെപ്രാളം നിറഞ്ഞ, ഭീതി നിറഞ്ഞ, ഭയം നിറഞ്ഞ നടപടികളാണ്. നിങ്ങൾ നിയമപരമായി പോകാതെ നിയമവിരുദ്ധമായി പോയതാണ് മുഴുവൻ പ്രശ്നങ്ങൾക്കും കാരണം. അതുകൊണ്ട് ഞാൻ അങ്ങയോട് പറയുന്നത് അങ്ങ് സോളാർ കേസിൽ സരിതയുടെ പരാതി വാങ്ങി ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരായി സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ടതുപോലെ സ്വപ്നയുടെ പരാതിയിന്മേലും സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഈ അടിയന്തരപ്രമേയത്തെ പിന്താങ്ങിക്കൊണ്ടും ഞാൻ നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് അടിയന്തരപ്രമേയ ചർച്ചയിൽ ഗൗരവമായി ഉന്നയിക്കപ്പെടാതിരുന്ന ഒരു പ്രശ്നത്തിൽ ഊന്നിക്കൊണ്ടാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട അവതരണഭാഗം നടത്തിയത്. അത് സോളാർ വിഷയവുമായി ബന്ധപ്പെട്ടതാണ്. അദ്ദേഹത്തിന് അത് അറിയാവുന്നതാണ്. എന്തുകൊണ്ടാണ് അത് വീണ്ടും ചർച്ച ചെയ്യണമെന്ന നിലയ്ക്ക് അദ്ദേഹം

എടുത്തതെന്ന് അറിയില്ല. ഗൗരവതരമായ ഈ ചർച്ച നടക്കുന്ന സമയത്ത് ബഹുമാന്യരായ രണ്ട് യു.ഡി.എഫ്. നേതാക്കളെ സഭയിൽ കാണാനില്ല. ഒന്ന്, ബഹുമാനപ്പെട്ട അംഗം ശ്രീ. ഉമ്മൻ ചാണ്ടിയും മറ്റൊന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തലയുമാണ്. സോളാർ കേസുമായി ബന്ധപ്പെട്ട് ഉമ്മൻ ചാണ്ടി സർക്കാർ ഒരു അന്വേഷണ കമ്മീഷനെ നിയമിച്ചു. ആ അന്വേഷണ കമ്മീഷൻ വിശദമായ തെളിവെടുത്തു. അതിനുശേഷം അവരുടെ നിഗമനങ്ങൾ വന്നു. ആ നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ കേസ്സെടുക്കേണ്ടി വന്നത്. ആ ആക്ഷേപങ്ങൾ ശരിവയ്ക്കുന്ന, അതിൽ ആരോപിതരായവരുടെ ഭാഗത്ത് കുറ്റങ്ങളുണ്ടെന്ന് സ്ഥാപിക്കുന്ന ഒരു റിപ്പോർട്ടാണ് അന്വേഷണ കമ്മീഷന്റെ ഭാഗത്തുനിന്നും വന്നത്. ഏതൊരു അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായും നേരെ നടപടിയിലേയ്ക്ക് കടക്കാൻ കഴിയില്ല. സ്വാഭാവികമായും അതിനുള്ള നിയമനടപടികൾ ആരംഭിക്കുകയാണ്. അങ്ങനെ നിയമ നടപടികൾ ആരംഭിച്ച് കുറച്ചുകാലം കഴിഞ്ഞപ്പോഴാണ് ഇത് ഒത്തുകളിയാണ്, ഇതിൽ വിശ്വാസമില്ല, കേസ് സി.ബി.ഐ.-യ്ക്ക് വിടണമെന്ന് അന്ന് ആരോപണമുന്നയിച്ച സ്ത്രീ ആവശ്യപ്പെടുന്നത്. അവരുടെ ആരോപണങ്ങൾ ശരിവച്ചുകൊണ്ടാണ് കമ്മീഷന്റെ നിഗമനങ്ങൾ വന്നത്. അത്തരമൊരു ആവശ്യം വന്നപ്പോൾ

സാധാരണഗതിയിൽ ഇവിടെ യാതൊരു ഒത്തുകളിയും നടക്കുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടിക്കുവേണ്ടി സർക്കാർ ഒരു നിലപാട് എടുത്തുവെന്ന നിലയില്ല. നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെ എന്ന നിലയ്ക്കാണ് അന്വേഷിക്കാനുള്ള സംവിധാനമൊരുക്കിയത്. അപ്പോൾ അനാവശ്യമായ പഴി സംസ്ഥാന സർക്കാർ കേൾക്കേണ്ട കാര്യമെന്താണ്? ഇത് ഇവിടെത്തന്നെ അന്വേഷിക്കണമെന്ന് നിർബന്ധം പിടിക്കേണ്ട ആവശ്യം വരുന്നില്ല. അങ്ങനെയാണ് അവരുടെ ആവശ്യം അംഗീകരിച്ചുകൊടുക്കുന്നത്. അതും ഇപ്പോൾ കെട്ടിപ്പൊക്കാൻ നോക്കുന്ന കാര്യങ്ങളും തമ്മിൽ എങ്ങനെയാണ് ബന്ധപ്പെടുന്നതെന്ന് മനസ്സിലാകുന്നില്ല. അതൊരു വാദഗതിക്കുവേണ്ടി അവതരിപ്പിച്ചുവെന്ന് മാത്രമേ കാണാൻ കഴിയുകയുള്ളൂ. ഇവിടെ ഏതെങ്കിലും തരത്തിലുള്ള വ്യത്യസ്ത നിലപാട് സർക്കാർ സ്വീകരിച്ചുവെന്ന് കാണാൻ സാധിക്കില്ല. ഒരേ നിലപാട് തന്നെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സ്വർണ്ണക്കള്ളക്കടത്ത് കേസ് സംസ്ഥാന സർക്കാർ അട്ടിമറിക്കുന്നുവെന്നുള്ള ആരോപണം എങ്ങനെയാണ് ഉന്നയിക്കപ്പെടുന്നത്? യഥാർത്ഥത്തിൽ സംസ്ഥാന സർക്കാർ അല്ലല്ലോ അക്കാര്യങ്ങൾ അന്വേഷിക്കുന്നത്. ഇവിടെ അടിയന്തരപ്രമേയ നോട്ടീസിൽത്തന്നെ പറഞ്ഞ കാര്യം, മജിസ്ട്രേറ്റ് മുമ്പാകെ സി.ആർ.പി.സി.

164-ാം വകുപ്പ് പ്രകാരം നൽകിയ മൊഴി തിരുത്തിക്കാൻ സർക്കാർ ഇടനിലക്കാർവഴി ശ്രമം നടത്തിയെന്നാണ്. ഏതെങ്കിലും തരത്തിലുള്ള വസ്തുതകളുടെ പിൻബലത്തിലാണോ അത്തരമൊരു ആക്ഷേപം ഉന്നയിക്കുന്നത്? 2022 ജൂൺ 7-നാണ് ദൃശ്യ മാധ്യമങ്ങളിലൂടെ സ്വർണ്ണക്കടത്ത് കേസിൽ പ്രതികളായവരിൽ ഒരാളായ വനിത ചില വെളിപ്പെടുത്തലുകൾ നടത്തുന്നത്. നാം കാണേണ്ടത് സി.ആർ.പി.സി. 164-ാം വകുപ്പ് പ്രകാരമുള്ള രഹസ്യമൊഴി ആദ്യമായല്ല അവർ നൽകുന്നത്. ഇത്തരമൊരു രഹസ്യമൊഴി നൽകിയതായി 2021 ഡിസംബറിലും വാർത്ത വന്നിരുന്നു. ആ മൊഴിയുടെ ചില ഭാഗങ്ങൾ അന്നത്തെ കേന്ദ്ര ഏജൻസിയായ കസ്റ്റംസിലെ അക്കാലത്തെ കമ്മീഷണർ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 2021 മാർച്ച് 4-ന് ഒരു സ്റ്റേറ്റ്മെന്റ് നൽകുകയുണ്ടായി. യഥാർത്ഥത്തിൽ അദ്ദേഹം കക്ഷിയല്ലാത്ത ഒരു കേസായിരുന്നു അത്. പക്ഷെ തെരഞ്ഞെടുപ്പിന്റെ ഘട്ടമായിരുന്നു. അതാണ് അന്ന് വലിയ പ്രാധാന്യത്തോടെ അത്തരമൊരു സ്റ്റേറ്റ്മെന്റ് നൽകുന്നതിനിടയാക്കിയത്. അക്കാലത്ത് എന്തൊക്കെയാണ് നടന്നതെന്ന് ഞാൻ ആവർത്തിക്കുന്നില്ല. ഏതായാലും ഒരു ഇടവേളയ്ക്കുശേഷമാണ് യാതൊരു തെളിവിന്റെയും പിൻബലമില്ലാതെ വീണ്ടും രഹസ്യമൊഴി

നൽകിയിരിക്കുന്നുവെന്ന വാദവുമായി ഈ വനിത വരുന്നത്. ഇതിനകത്ത് ഇടനിലക്കാർ എന്നത് ഒരു കെട്ടുകഥ മാത്രമാണ്. നാം മനസ്സിലാക്കേണ്ട കാര്യം, ഇപ്പോഴത്തെ രഹസ്യമൊഴിയിൽ എന്തുണ്ടെന്നാണ് പ്രമേയ അവതാരകനും ഇവിടെ സംസാരിച്ചവർക്കും അതുമായി ബന്ധപ്പെട്ട് വിവരമുള്ളത്. എങ്ങനെയാണ് ആ വിവരങ്ങൾ നിങ്ങൾ സമ്പാദിച്ചത്; ഇവിടെ ചിലർ ചോദിച്ചതുപോലെ ആ പ്രതിയുമായി ബന്ധപ്പെട്ടാണോ, അല്ലെങ്കിൽ ഏതെങ്കിലും ഇടനിലക്കാർ വഴിയാണോ, ഏതിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾക്ക് ഈ വിവരങ്ങൾ കിട്ടിയത്? സ്വർണ്ണക്കള്ളക്കടത്ത് പോലൊരു കേസ് ഇതുപോലുള്ള മൊഴി തിരുത്തിയാൽ മാത്രം അവസാനിക്കുന്ന ഒന്നാണോ; സാധാരണഗതിയിൽ നല്ല പിൻബലമുള്ള തെളിവുകൾ അത് മൊഴി മാറ്റിയെന്നുള്ളത് കൊണ്ടുമാത്രം അവസാനിക്കുമോ; ഓരോ ദിവസവും മാറ്റി പറയാൻ സാധിക്കുന്ന ഒന്നാണോ സി.ആർ.പി.സി. 164-ാം വകുപ്പ് പ്രകാരം നൽകുന്ന സ്റ്റേറ്റ്മെന്റ്. ഇവിടെ ഒരു വസ്തുത കാണാതിരിക്കുന്നില്ല. അത് ഈ കേസിൽ പ്രതിയായ വനിതയ്ക്ക് നിലവിൽ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കി നൽകുന്നുണ്ട്. അത് ഒരു വ്യക്തിയല്ല, ഒരു സംഘടനയോ, പ്രസ്ഥാനമോ ആണ്. ആ പ്രസ്ഥാനം ഏതാണെന്ന് പരിശോധിച്ചാൽ അതിന്റെ സംഘ്പരിവാർ ബന്ധം

വ്യക്തമായി കാണാൻ സാധിക്കും. ജോലി, കാർ, താമസം, സുരക്ഷ, ശമ്പളം, വക്കീൽ എന്നിവയും പ്രധാനമന്ത്രിക്ക് കത്ത് എഴുതാൻ ലെറ്റർ ഹെഡും സഹിതം അവരുടെ വകയായിട്ടാണ് നൽകുന്നത്. സാധാരണ 'ചെല്ലും ചെലവും കൊടുത്ത് വളർത്തുക' എന്നൊരു ചൊല്ലില്ലേ, അതുപോലൊരു ഏർപ്പാട്. ഇത്തരം ഒരു സംഘടനയുടെ തണലിൽ നിൽക്കുന്ന സ്വർണ്ണക്കടത്ത്, വ്യാജ ബിരുദം, വ്യാജ മൊഴിയുണ്ടാക്കൽ ഇങ്ങനെ നിരവധി കേസിൽ പ്രതിസ്ഥാനത്ത് നിൽക്കുന്ന ഒരു വ്യക്തിയുടെ വാക്കുകളാണ് ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ശബ്ദമുണ്ടാക്കിക്കൊണ്ടിരിക്കുന്നവർക്ക് അടക്കം വേദവാക്യമായി മാറുന്നത്. ഇങ്ങനെ ഒരു വ്യക്തി സംസ്ഥാനത്തെ രാഷ്ട്രീയ നേതൃത്വത്തിനെതിരെ ആരോപണങ്ങൾ ഉന്നയിക്കുകയും അതിനുപിന്നിൽ ചിലരുണ്ടെന്ന വ്യക്തമായ സംശയം ഉയരുകയും ചെയ്യുമ്പോൾ സംസ്ഥാനത്തെ പൊതുഅന്തരീക്ഷം കലുഷിതമാക്കാനുള്ള നീക്കമാണിതെന്ന് എല്ലാവർക്കും മനസ്സിലാകും. പ്രഥമദൃഷ്ട്യാ തെളിവുകൾ ലഭിക്കുമ്പോൾ സ്വാഭാവികമായും പോലീസ് കേസ്സെടുത്ത് അന്വേഷിക്കും. അതിനെതിരെ കേസിലെ പ്രതികൾ നിയമത്തിന്റെ വഴി സ്വീകരിച്ചിട്ടുമുണ്ട്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതുകൊണ്ട് ആ ഭാഗത്തേയ്ക്ക് ഞാൻ

കൂടുതൽ കടക്കുന്നില്ല. ഇവിടെ പ്രമേയാവതാരകൻ കേന്ദ്ര ഏജൻസിക്കെതിരെ അന്വേഷിക്കുന്ന കമ്മീഷന്റെ കാലാവധി നീട്ടിയ കാര്യം പറയുന്നുണ്ടായിരുന്നു. ഇതിൽ ഏതെങ്കിലും ഒരു ഭാഗം മാത്രം പറഞ്ഞാൽ മതിയാകില്ല. സ്വർണ്ണക്കള്ളക്കടത്ത് ഉൾപ്പെടെയുള്ള കേസുകളിലെ പ്രതിയായ മേൽപ്പറഞ്ഞ വനിത ജയിലിൽ ആയിരുന്നപ്പോൾ ചില പ്രത്യേക രീതിയിൽ സംസ്ഥാനത്തെ ഭരണ നേതൃത്വത്തിനെതിരെ മൊഴി നൽകാൻ അവർക്കുമേൽ സമ്മർദ്ദമുണ്ടെന്ന് പറയുന്നതായുള്ള വോയിസ് ക്ലിപ്പ് പുറത്തുവന്നിരുന്നു. ഇക്കാര്യം അന്വേഷിക്കാൻ ക്രൈംബ്രാഞ്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ഇതിനെത്തുടർന്ന് ക്രൈംബ്രാഞ്ചിന്റെ എഫ്.ഐ.ആർ. ഹൈക്കോടതി റദ്ദാക്കി. എന്നാൽ ഇതിന്റെ അന്വേഷണം പി.എം.എൽ.എ. കേസ് കൈകാര്യം ചെയ്യുന്ന എറണാകുളത്തെ ജില്ലാ കോടതിയിൽ നടത്താമെന്ന് ഉത്തരവിൽ പറയുകയും ചെയ്യുന്നു. ഈ അന്വേഷണം നടന്നുവരവെ കേന്ദ്ര ഏജൻസി സുപ്രീംകോടതിയെ സമീപിച്ച് സ്റ്റേ സമ്പാദിച്ചു. എഫ്.ഐ.ആർ. റദ്ദാക്കിയതിനെതിരെ ക്രൈംബ്രാഞ്ചും ഹൈക്കോടതി ഡിവിഷൻ ബെഞ്ചിനെ അപ്പിലിലൂടെ സമീപിച്ചിരിക്കുകയാണ്. പ്രതികൾക്കുമേൽ

ഏതെങ്കിലും രീതിയിൽ മൊഴി നൽകാൻ സമ്മർദ്ദമുണ്ടെങ്കിൽ അന്വേഷണം നടത്തി വസ്തുത പുറത്തുകൊണ്ടുവരണം. അതുതന്നെയാണ് സംസ്ഥാന സർക്കാരിന്റെ വ്യക്തമായ അഭിപ്രായം. അതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായാണ് മന്ത്രിസഭാ യോഗതീരുമാനപ്രകാരം ജൂഡീഷ്യൽ കമ്മീഷനെ നിയമിച്ചത്. അന്വേഷണം നടക്കേണ്ടതില്ലെന്ന താല്പര്യം ഒരു ഘട്ടത്തിലും സംസ്ഥാന സർക്കാരിനില്ല. ഇക്കാര്യത്തിൽ നിയമത്തിന്റെ വഴിയിലൂടെയാണ് സർക്കാർ സഞ്ചരിച്ചിട്ടുള്ളത്. ചില പ്രത്യേക ലക്ഷ്യങ്ങളോടുകൂടി മാധ്യമങ്ങൾക്ക് മുന്നിൽ സ്വർണ്ണക്കള്ളക്കടത്ത് ഉൾപ്പെടെയുള്ള കേസിൽ പ്രതിയായ ഒരു വ്യക്തി, സംസ്ഥാനത്തെ പൊതുരംഗത്തുള്ള വ്യക്തികൾക്കെതിരെയും ഭരണനേതൃത്വത്തിനെതിരെയും സസ്പെൻസ് സൃഷ്ടിക്കുന്ന രീതിയിൽ ആരോപണങ്ങൾ ഉന്നയിക്കുന്നത് അന്വേഷിക്കേണ്ടത് തന്നെയാണ്. സുതാര്യമായ ഒരു അന്വേഷണമാണ് നടക്കുന്നത്. അതിന് എന്തിനാണ് ഇവർ വേവലാതിപ്പെടുന്നത്? സ്വർണ്ണക്കള്ളക്കടത്ത് പോലൊരു കേസിൽ അതിന്റെ സ്രോതസ്സ് മുതൽ അന്തിമ വിനിയോഗം വരെയുള്ള എല്ലാ കണ്ണികളും പുറത്തുകൊണ്ടുവരാൻ ഏകോപിതവും കാര്യക്ഷമവുമായ അന്വേഷണം കേന്ദ്ര ഏജൻസികളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന്

നേരത്തെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഉദ്ധരിച്ച 2020 ജൂലൈയിൽ അയച്ച കത്തിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതാണ്. ചില മാധ്യമങ്ങളും മറ്റ് തൽപ്പര കക്ഷികളും നടത്തുന്ന പ്രചരണത്തിനൊത്ത് അന്വേഷണം നീങ്ങുന്നതായി പൊതുമനസ്സിൽ ന്യായമായ സംശയങ്ങൾ ഉയർന്നപ്പോൾ അക്കാര്യവും 2020 ഡിസംബർ 15-ന് പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് കത്തയച്ചിട്ടുണ്ട്. അന്വേഷണം ശരിയായ രീതിയിൽ നടക്കണമെന്ന് സംസ്ഥാന സർക്കാരിന് എല്ലാ ഘട്ടത്തിലും വ്യക്തമായ അഭിപ്രായമുണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ ഇടനിലക്കാരനെന്ന് പറയുന്ന ഒരാളുമായി ഫോണിൽ സംസാരിച്ചുവെന്നാണ് ഇവിടെ പരാമർശിക്കപ്പെട്ടത്. എന്തിന് സംസാരിച്ചുവെന്നതിനെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. ഇതിന്റെ ഉത്തരവാദിത്വം സർക്കാരിന്റെ മേൽ കെട്ടിവയ്ക്കാനാണ് പതിവുപോലെ ശ്രമം നടന്നിട്ടുള്ളത്. ഇതിൽ ഒരു കാര്യമാണ് വ്യക്തമായി പറയാനുള്ളത്, ഒരു പ്രശ്നത്തിലും ഇടനിലക്കാരെ ഉപയോഗിക്കേണ്ട ആവശ്യം സർക്കാരിനുണ്ടാകുന്നില്ല. അതിന്റെ ആവശ്യം ഞങ്ങൾക്കില്ല. ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും വഴിവിട്ട നടപടിയോ വീഴ്ചയോ ഉണ്ടായെന്ന് ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടി

സ്വീകരിക്കുന്നതിന് മടിയുമില്ല. സ്വർണ്ണക്കടത്ത് കേസിലെ അന്വേഷണം അട്ടിമറിക്കപ്പെടരുത്. ആ കേസിൽ നടന്ന സംഭവങ്ങൾ നിഷ്പക്ഷവും നീതിയുക്തവുമായ അന്വേഷണത്തിലൂടെ പുറത്തുവരണം. ഇത്തരമൊരു ന്യായമായ താല്പര്യമാണ് ജനങ്ങൾക്കും സർക്കാരിനുമുള്ളത്. പക്ഷെ ഇതിൽനിന്നും ഏതെങ്കിലും തരത്തിൽ രാഷ്ട്രീയ ലാഭമുണ്ടാക്കാൻ കഴിയുമോയെന്നാണ് പ്രമേയാവതാരകന്റെ പാർട്ടിയായ കോൺഗ്രസ്സും കേന്ദ്രം ഭരിക്കുന്ന കക്ഷിയുടെ ഇവിടെയുള്ള സംസ്ഥാന നേതാക്കളും ചേർന്ന് നോക്കുന്നത്. ഇവരുടെ തിരക്കഥയിലെ സൃഷ്ടിയാണ് 'ഇടനിലക്കാർ'. ഇപ്പോൾ ഇടനിലക്കാരെക്കുറിച്ച് പൊതുവായി വന്ന വാർത്തകൾ ശ്രദ്ധിച്ചാലറിയാം. അതിൽ ഒരാൾ ബി.ജെ.പി.-യുമായി സഹകരിക്കുന്നയാളാണ്, മറ്റൊരാൾ നേരത്തെ ജയ്ഹിന്ദ് ചാനലിൽ പ്രവർത്തിച്ചയാളാണ്. ഏതോ ഒരു കള്ളവർത്തമാനത്തെക്കുറിച്ച് പറയുന്നുണ്ട്. ദേശാഭിമാനിയിൽ പ്രവർത്തിക്കാൻ വരുന്നത് സാധാരണഗതിയിൽ ആരായിരിക്കുമെന്ന് എനിക്കറിയാം. അപ്പോൾ ജയ്ഹിന്ദ് ചാനലിൽ പ്രവർത്തിക്കാൻ ചെല്ലുന്നവർ ആരായിരിക്കുമെന്ന് അവർക്കും അറിയാമല്ലോ. ഞങ്ങൾക്ക് ഇത്തരം ആളുകളെയൊന്നും ആവശ്യമില്ല. പൊതുരംഗത്ത് ജനങ്ങളോടൊപ്പം നിൽക്കുന്ന രാഷ്ട്രീയ

പ്രവർത്തകരെ അപകീർത്തിപ്പെടുത്താൻ എന്തും വിളിച്ചുപറയാമെന്ന സ്ഥിതി പ്രോത്സാഹിപ്പിക്കുന്നത് ജനാധിപത്യ വ്യവസ്ഥയെത്തന്നെ അപകടപ്പെടുത്താനും അസ്ഥിരപ്പെടുത്താനും മാത്രമേ ഉതകുകയുള്ളൂ. ഇവിടെ സ്വർണ്ണക്കടത്ത് കേസിൽ എന്തോ പുതിയ കാര്യം കണ്ടെത്തിയെന്ന പ്രതീതി സൃഷ്ടിക്കാനുള്ള വൃഥാ വ്യായാമമാണ് നടക്കുന്നത്. സർവ്വ അധികാരങ്ങളും സമസ്ത സംവിധാനങ്ങളുമുള്ള മൂന്ന് പ്രബല കേന്ദ്ര അന്വേഷണ ഏജൻസികൾ രാപ്പകൽ ഭേദമില്ലാതെ രണ്ട് വർഷം അന്വേഷിച്ചിട്ടും എങ്ങുമെത്താത്ത രാഷ്ട്രീയ പ്രേരിതമായ ആരോപണങ്ങളാണ് ഇവിടെയുണ്ടായതെന്ന് നാം കാണണം. നാല് കേന്ദ്ര ഏജൻസികൾ ഇവിടെ ഉഴുതുമറിച്ചുനോക്കി. ഒരു കച്ചിത്തുരുമ്പെങ്കിലും കിട്ടിയിരുന്നെങ്കിൽ ആ ഏജൻസികളും അവരെ തുറന്നുവിട്ട രാഷ്ട്രീയ അധികാര കേന്ദ്രങ്ങളും അവർക്കുവേണ്ടി തെളിവുകൾ ഉണ്ടാക്കിക്കൊടുക്കാൻ ശ്രമിച്ച പ്രമേയാവതാരകന്റെ പാർട്ടിക്കാരുമെല്ലാം ഇവിടെ ആരെയെങ്കിലും ബാക്കിവച്ചേയ്ക്കുമായിരുന്നോ? തീയില്ലാത്തിടത്ത് പുക കണ്ടെത്തിയെന്ന് വരുത്തിത്തീർക്കാനാണ് ഇവർ ശ്രമിക്കുന്നത്. അതിനപ്പുറം ഈ അടിയന്തര പ്രമേയനോട്ടീസിന് ഒരു പ്രസക്തിയുമില്ല. നാട്ടിലൊരു ചൊല്ലുണ്ട് - ഒരാൾ എന്തോ ചെയ്തുവെന്ന് മറ്റൊരാൾ കേട്ട് വേറൊരാളോട് പറഞ്ഞു, അത്

കേട്ടയാൾ അത് ഇന്നതിനായിരിക്കുമെന്ന് വിചാരിച്ച് പറയുന്ന കാര്യങ്ങൾ സത്യമാണ്, തെളിവാണ് എന്നൊക്കെപ്പറയുന്നത് ഏത് തരത്തിലുള്ള വാദഗതിയാണ്. ഇതുവരെ ഇതിനപ്പുറമെന്തെങ്കിലും ഇവർക്ക് ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞിട്ടുണ്ടോ? സംഘ്പരിവാർ പ്രസ്ഥാനങ്ങളുടെയും അവർ ചെല്ലും ചെലവും കൊടുത്ത് വളർത്തുന്നവരുടെയും വാക്കുകൾക്ക് നിയമസഭാ തലത്തിൽ മുഴക്കം നൽകാൻ കഴിഞ്ഞ തവണ ഇവിടെയൊരു ബി.ജെ.പി. അംഗമുണ്ടായിരുന്നു. ഇത്തവണ അതില്ലാത്ത കുറവ് നികത്താൻ ഇവർ ശ്രമിക്കുകയാണ്. സംഘ്പരിവാർ സ്ഥാപനത്തിന്റെ, അതിന്റെ ഉദ്യോഗസ്ഥരുടെ, വക്കീലിന്റെ എന്നുവേണ്ട സംഘ്പരിവാറിന്റെ ചരടുവലിക്കൊത്ത് നീങ്ങുന്ന ആളുകളുടെ ശബ്ദം സഭയിൽ ആവുന്നത്ര ഉച്ചത്തിലാണ് പ്രതിപക്ഷം ഉയർത്താൻ നോക്കുന്നത്. ഒരു കാര്യം ഉറപ്പായും വിശ്വസിക്കാം. ഇവിടെ കോൺഗ്രസ്സ് വല്ലാതെ ദുർബലപ്പെടുന്നു. കുറ്റമുള്ളവരെ സംരക്ഷിക്കുന്നവരാണ് സംഘ്പരിവാർ എന്ന ആശ്വാസത്തിൽ ചിലർ നിൽക്കുന്നുണ്ടോ എന്നൊരു സംശയം ഇതെല്ലാം കാണുമ്പോൾ തോന്നുകയാണ്. ഇവിടെ ചില ചോദ്യങ്ങൾ ഉയരുന്നതായി കണ്ടു. ആ ചോദ്യങ്ങളിൽ കേന്ദ്ര അന്വേഷണ ഏജൻസികൾക്ക് അല്ലെങ്കിൽ കേന്ദ്രത്തിന് അപ്രിയമാകുന്ന ഏതെങ്കിലുമൊരു ചോദ്യം പ്രതിപക്ഷത്തിന്റെ

ഭാഗത്തുനിന്നുമുണ്ടായോ? സ്വർണ്ണം കൊടുത്തയച്ചതാര്; സ്വർണ്ണം കിട്ടിയതാർക്ക്? ഇത്തരത്തിൽ യുക്തിസഹമായി ചിന്തിക്കുന്നവരുടെ മനസ്സിൽ വരുന്ന ഒരു ചോദ്യവും കോൺഗ്രസ്സിൽനിന്നോ ബി.ജെ.പി.-യിൽ നിന്നോ അവരുമായി ബാന്ധവത്തിൽ നിൽക്കുന്നവരിൽനിന്നോ സ്വാഭാവികമായും പ്രതീക്ഷിക്കേണ്ടതില്ല. എന്താണ് കാരണം? ഈ ചോദ്യങ്ങൾക്കൊക്കെ ഉത്തരം പറയേണ്ടത് ബി.ജെ.പി.-യുടെ കേന്ദ്രവും അതിന്റെ അന്വേഷണ ഏജൻസികളുമാണ്. അവർക്ക് അലോസരമുണ്ടാകുന്ന ഒരു ചോദ്യവും പ്രതിപക്ഷത്തുനിന്നുണ്ടാകില്ല. അത്രയ്ക്ക് കൂറാണ് അവരോട് ഇവർ കാണിക്കുന്നത്. മറ്റൊരു സെറ്റ് ചോദ്യവും അവർ ചോദിക്കില്ല. സ്വർണ്ണക്കടത്ത് കേസിലെ പ്രതിക്ക് സംഘ്പരിവാർ അനുകൂല ഏജൻസിയിൽ ജോലി ലഭിച്ചത് എങ്ങനെ; ജീവിക്കാൻ വകയില്ലെന്ന് പറഞ്ഞവർക്ക് കാർ കിട്ടിയത് എങ്ങനെ; കേരള പോലീസിന്റെ സുരക്ഷ വേണ്ടെന്ന് പറയാൻ പാകത്തിൽ സുരക്ഷാ സംവിധാനം ഒരുക്കപ്പെട്ടത് എങ്ങനെ; പ്രതിയുടെയും അവർ ജോലി ചെയ്യുന്ന സംഘ്പരിവാർ സ്ഥാപനത്തിന്റെയും അഭിഭാഷകൻ ഒരേ ആൾ ആയതെങ്ങനെ; ആ സ്ഥാപനത്തിന്റെ നടത്തിപ്പുകാരൻ മുൻ കോൺഗ്രസ് നേതാവ് കൂടിയായ ബി.ജെ.പി. നേതാവ് ആയതെങ്ങനെ? ആ സ്ഥാപനത്തിന്റെ ലെറ്റർ

ഹെഡ്ഡിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്ത് അയയ്ക്കാൻ സ്വർണ്ണക്കടത്ത് ഉൾപ്പെടെയുള്ള കേസിൽ പ്രതിസ്ഥാനത്ത് നിൽക്കുന്ന വനിതയ്ക്ക് എങ്ങനെ സാധിച്ചു? ഇത്തരം ചോദ്യങ്ങളൊന്നും പ്രതിപക്ഷത്തുനിന്നുമുണ്ടാകില്ല. ഇവ ഉയർന്നാൽ വെളിപ്പെടുക സംഘ്പരിവാറും സ്വർണ്ണക്കടത്ത് കേസിലെ പ്രതിയായ വനിതയും തമ്മിലുള്ള ബന്ധമാണ്. അതിലൂടെ വിഷമത്തിലാകുന്നത് ബി.ജെ.പി.-യാണ്. അതുകൊണ്ട് ഈ ചോദ്യങ്ങൾ അവർ ചോദിക്കില്ല. ബി.ജെ.പി.-യും പ്രതിപക്ഷവും തമ്മിലുള്ള കൂട്ടുകച്ചവടമാണ് ഇവിടെ വെളിവാകുന്നത്. ഇതിന്റെ ഭാഗമാണ് ആ വനിതയെ സംരക്ഷിക്കുന്നവിധം ബി.ജെ.പി. സംസ്ഥാന പ്രസിഡന്റിന്റെ പ്രസ്താവനയും ഈ നോട്ടീസിന്റെ ഉള്ളടക്കവും.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, അങ്ങ് ബി.ജെ.പി.-യും ഞങ്ങളും തമ്മിലുള്ള ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. സ്വപ്ന സുരേഷിന് ചെല്ലും ചെലവും കൊടുത്ത് ഒരു വർഷമായി എല്ലാ കാര്യങ്ങളും നോക്കുന്നത് സംഘ്പരിവാർ സംഘടനകളാണെന്ന് അങ്ങ് പറഞ്ഞു. അതിനുമുമ്പുള്ള അഞ്ചാറുവർഷം അവരുടെ ചെല്ലും ചെലവും നോക്കി നടത്തിയിരുന്നത് അങ്ങും അങ്ങയുടെ ഓഫീസുമാണ്. നിങ്ങൾ മാറി മാറി ചെല്ലും ചെലവും കൊടുത്ത ഒരാളെപ്പറ്റി

ഞങ്ങളോട് ചോദ്യം ചോദിച്ചിട്ട് എന്താണ് കാര്യം?

ശ്രീ. പിണറായി വിജയൻ: സർ, പ്രതിപക്ഷനേതാവ് ചില ഘട്ടങ്ങളിൽ ചില കാര്യങ്ങൾ മറന്നുപോകും. അതായത് അവർ വർക്ക് ചെയ്തിരുന്നത് എല്ലാവർക്കും അറിയാവുന്നതാണ്. യു.എ.ഇ. കോൺസുലേറ്റ് ജനറലിന്റെ ഓഫീസ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ആ ഓഫീസിലാണ് അവർ പ്രവർത്തിച്ചിരുന്നത്. അവിടെ നിന്നാണ് അവർക്ക് ചെല്ലും ചെലവും കിട്ടിയത്. അതിനുമുമ്പ് മറ്റേതോ സ്ഥാപനത്തിലായിരുന്നു. അതിന്റെ കഥ വേറെയുണ്ട്. മുൻ മൊഴികളിലെ കാര്യങ്ങൾ തന്നെയല്ലേ പൊടിപ്പും തൊങ്ങലും പുതിയതായി ചേർത്ത് '164' എന്ന നിലയിൽ പ്രതിസ്ഥാനത്ത് നിൽക്കുന്ന വനിത മാധ്യമങ്ങൾക്ക് മുമ്പിൽ അവതരിപ്പിച്ചത്. കോടതിയിൽ രഹസ്യമൊഴി കൊടുത്തിട്ട് പുറത്തുവന്ന് അതിന്റെ ഉള്ളടക്കം വെളിവാക്കുന്നതിൽ രാഷ്ട്രീയ ഗൂഢോദ്ദേശ്യമല്ലാതെ മറ്റെന്താണുള്ളത്. ഇത്തരത്തിൽ ജനങ്ങളുടെ മനസ്സിൽ ഉയർന്നുവരുന്ന സ്വാഭാവികമായ ചില ചോദ്യങ്ങളുണ്ട്. ഇതൊന്നും പ്രതിപക്ഷം ചോദിക്കില്ല. കാരണം ഇതൊക്കെ ചോദിച്ചാൽ സ്വന്തം പ്രചരണം ചീട്ടുകൊട്ടാരംപോലെ തകർന്നുവീഴും. തീയില്ലാതെയുള്ള പുകയാണ് ഇവരുണ്ടാക്കുന്ന പുകിലെന്നത് വെളിവാകും. ഇല്ലാക്കഥയുണ്ടാക്കി അതിന്മേൽ ഇല്ലാചോദ്യങ്ങൾ മെനയുകയും എന്തോ

മഹാകാര്യം സംഭവിച്ചിരിക്കുന്നുവെന്ന പ്രതീതിയുണ്ടാക്കി ആ വഴിക്ക് രാഷ്ട്രീയ മുതലെടുപ്പ് നടത്താനുമാണ് പ്രതിപക്ഷം നോക്കുന്നത്. മറ്റൊരു വിധത്തിൽക്കൂടി ബി.ജെ.പി.-ക്ക് സ്വീകാര്യമാകാൻ പ്രതിപക്ഷം ശ്രമിക്കുകയാണ്. അത് സാധാരണഗതിയിൽ നേരത്തെ പറഞ്ഞ മരുമകളുടെ കണ്ണീരിന്റെ കഥയില്ലേ, അതുമായി ബന്ധപ്പെട്ടതുതന്നെയാണ്. കോൺഗ്രസ് നേതാവ് ശ്രീ. രാഹുൽ ഗാന്ധിയെ ശ്വാസം വിടാൻ അനുവദിക്കാതെ ഡൽഹിയിൽ ഇ.ഡി. തുടർച്ചയായി ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. ശ്രീമതി സോണിയാ ഗാന്ധിക്കാണെങ്കിൽ സുഖമില്ല, അവരെയും വരുത്താനാണ് അവർ ശ്രമിക്കുന്നത്. ഇ.ഡി. അവരെ ചോദ്യം ചെയ്യുന്നത് മുൻനിർത്തി ഡൽഹിയിലും രാജ്യത്ത് മറ്റിടങ്ങളിലും കോൺഗ്രസ് പ്രക്ഷോഭത്തിലാണ്. ഇ.ഡി. രാഷ്ട്രീയ വൈരനിര്യാതനത്തിനുള്ള ആയുധമാണെന്നും ആ ഏജൻസിക്ക് ഒരുവിധ വിശ്വാസ്യതയുമില്ലെന്നും പറഞ്ഞുകൊണ്ടാണ് കോൺഗ്രസ് രാജ്യത്താകെ പ്രക്ഷോഭരംഗത്ത് നിൽക്കുന്നത്. എന്നാൽ ഇവിടെ സ്വീകരിച്ച നിലപാടെന്താണ്? എങ്ങനെയെങ്കിലും അന്വേഷണ ഏജൻസികൾക്കും കള്ളക്കടത്തുകേസിലെ പ്രതിക്കും ഇല്ലാത്ത വിശ്വാസ്യത ചാർത്തിക്കൊടുക്കാനാണ് ഇവർ പാടുപെടുന്നത്. എന്തൊരു വിരോധാഭാസമാണ്. ഏതായാലും

രണ്ടുവർഷമായി അന്വേഷണ ഏജൻസികൾക്ക് കണ്ടെത്താൻ കഴിയാത്ത തെളിവുകളാണ് ഇവിടെ പ്രതിയും ഇവരും തെരഞ്ഞുകൊണ്ടിരിക്കുന്നത്. എന്തുകൊണ്ടാണ് സർവ്വ അധികാരങ്ങളും സന്നാഹങ്ങളുമുള്ള ഏജൻസികൾക്ക് ഒരു തെളിവും കിട്ടാതെ പോയതെന്ന് ഞാൻ നേരത്തെ പറയുകയുണ്ടായി. അതിനുകാരണം ഒരു തെളിവുമില്ല എന്നതുതന്നെയാണ്. ഒരു തരിമ്പെങ്കിലും തെളിവ് കിട്ടിയിരുന്നെങ്കിൽ ഭൂകമ്പം തന്നെ അവർ സൃഷ്ടിക്കുമായിരുന്നു. ഒരുപാട് ചോദ്യങ്ങൾ ചോദിച്ചല്ലോ; എന്നാൽ ചോദിക്കാത്ത ചോദ്യങ്ങളില്ലേ; സ്വർണ്ണം പിടിക്കപ്പെട്ടപ്പോൾ സംഘ്പരിവാർ ചാനലിന്റെ മേധാവി പ്രതിയെ വിളിച്ച് നയതന്ത്ര ബാഗിലൂടെയല്ല സ്വർണ്ണം വന്നതെന്ന് പറയാൻ പറഞ്ഞത് എന്തിനായിരുന്നു; അദ്ദേഹം എങ്ങനെയാണ് ഇക്കാര്യം അറിഞ്ഞത്; ഇത് പ്രതിധ്വനിപ്പിക്കുംവിധം നയതന്ത്ര ബാഗിലൂടെയല്ല സ്വർണ്ണം വന്നതെന്ന് കേന്ദ്രമന്ത്രി പറഞ്ഞത് എന്തുകൊണ്ടാണ്; എവിടെനിന്നാണ് വാദമുഖങ്ങൾ ഈ വിധത്തിൽ ക്രമീകരിച്ചത്? മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് കസ്റ്റംസ് ഉദ്യോഗസ്ഥരെ ഫോണിൽ വിളിച്ചുവെന്ന് ഇവിടെ ബി.ജെ.പി. നേതാവാണല്ലോ ആദ്യം പരസ്യമായി പറയുന്നത്. അത് ഇവരും ഏറ്റെടുത്തിട്ടുണ്ട്. പക്ഷേ കസ്റ്റംസ് ഉദ്യോഗസ്ഥൻ പരസ്യമായി അതിന്റെ

സത്യം വിളിച്ച് പറഞ്ഞതുകൊണ്ടാണല്ലോ രാജ്യദ്രോഹിയെപ്പോലെ ആ കസ്റ്റംസ് ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയത്. അതുപോലെ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലുള്ള ഒന്നാണ് കറൻസി കടത്തിയെന്ന ആരോപണം. ആദ്യം പറഞ്ഞതെന്താണ്; കറൻസി കടത്തുന്നത് താൻ കണ്ടുവെന്നല്ല. മറ്റൊരാൾ കണ്ടതായി തന്നോട് പറഞ്ഞുവെന്നായിരുന്നു ആദ്യം ഈ വിവാദ പ്രതി പറഞ്ഞത്. എന്നാൽ കള്ള തെളിവ് ചമയ്ക്കാൻ പ്രോട്ടോക്കോൾ ഉദ്യോഗസ്ഥനെ വരെ ചില കേന്ദ്ര ഏജൻസികൾ ഭീഷണിപ്പെടുത്തുന്ന നിലയുണ്ടായില്ലേ; അന്നും ഇന്നും തെളിവില്ല, സാക്ഷി മൊഴിയില്ല, ആകെയുള്ളത് വാലും തലയുമില്ലാത്ത കുറച്ച് വാർത്തകൾ മാത്രം.

2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പുള്ള മാസങ്ങളിൽ ഇവിടെ കോലാഹലപൂർവ്വം ഉന്നയിച്ച ആരോപണങ്ങളല്ലേ ഇപ്പോൾ 'പുതിയ കുപ്പിയിൽ പഴയ വീഞ്ഞ്' എന്ന മട്ടിൽ കൊണ്ടുവന്നിട്ടുള്ളത്. ജനങ്ങൾ അത് നിരാകരിച്ചു. കേന്ദ്ര അന്വേഷണ ഏജൻസിക്ക് ഒരു കാര്യവും കണ്ടെത്താൻ കഴിഞ്ഞില്ല. അങ്ങനെയുള്ള കാര്യങ്ങൾ വീണ്ടും കുത്തിപ്പൊക്കിക്കൊണ്ടുവന്നാൽ ഞങ്ങൾ വല്ലാതെ പതറിപ്പോകുമെന്ന് വിചാരിച്ചോ; ഡോളർ കടത്തെന്ന് പറഞ്ഞുകൊണ്ട് നിങ്ങൾ ഇവിടെ വലിയ പുകിലുണ്ടാക്കാൻ നോക്കിയല്ലോ. നേരത്തെ ബഹുമാന്യനായ കെ. ടി.

ജലീൽ സംസാരിക്കുമ്പോൾ ഷാർജ ഷെയ്ഖിന് കൈക്കുലി കൊടുക്കാൻ ശ്രമിച്ചുവെന്ന പമ്പര വിഡ്ഢിത്തം എഴുന്നള്ളിച്ചതിനെക്കുറിച്ച് പറഞ്ഞല്ലോ; അവരെ നിങ്ങൾ തോളിലേറ്റുകയല്ലേ ചെയ്തത്; 'ബ്രഹ്മാവിനോ ആയുസ്സിന് പഞ്ഞം' എന്നൊരു ചൊല്ലുണ്ടല്ലോ; അത് അറിയാവുന്ന നിങ്ങളിൽ ബുദ്ധിയുള്ള ചിലർ അത് ഏറ്റെടുക്കുന്നത് മറ്റൊരു വിഡ്ഢിത്തമാകുമെന്ന് കണ്ടെത്തി. ഒടുവിലത് നിങ്ങൾപോലും ഉപേക്ഷിച്ചു. ഇനി ഡോളർ കൊണ്ടുപോയ കാര്യമാണ്. അത്തരം കാര്യങ്ങൾ ഒരു പരിശോധനയുമില്ലാതെ കൊണ്ടുപോകാൻ കഴിയുന്നതാണോ; വിമാനത്താവളത്തിലെ സെക്യൂരിറ്റിയും കസ്റ്റംസുമൊക്കെ കേരള സർക്കാരിന്റെ കീഴിലാണോ? വ്യക്തി കൊണ്ടുപോകുന്ന ബാഗിന് ഡിപ്ലൊമാറ്റിക് പ്രിവിലേജിന്റെ പരിഗണനയൊന്നുമില്ല. അത് അറിയാത്തവരല്ലല്ലോ നിങ്ങൾ. എംബസിയിൽനിന്ന് പ്രത്യേകം അടയാളപ്പെടുത്തി അയയ്ക്കുന്നതുമാത്രമേ ഡിപ്ലോമാറ്റിക് ബാഗേജ് ആകുന്നുള്ളൂ. വ്യക്തി കൊണ്ടുപോകുന്നത് സ്കാനിംഗ് അടക്കമുള്ള പരിശോധനകൾക്ക് വിധേയമാണ്. എയർപോർട്ടിലെ സ്കാനിംഗിൽ എന്തെങ്കിലുമുണ്ടെങ്കിൽ തെളിയുമല്ലോ; അതിന് ഉത്തരം പറയേണ്ടത് കേരള സർക്കാരാണോ; കേന്ദ്ര സർക്കാരല്ലേ? അതും നിങ്ങൾ ചോദിക്കാൻ തയ്യാറാകുന്നില്ല. സ്വർണ്ണം

കയറ്റി അയച്ചതിലെ പ്രധാനിയായി ഒരിക്കൽ അന്വേഷണ ഏജൻസി പറഞ്ഞ പേര് ഫൈസൽ ഫരീദ് ആണെന്നാണ്. അങ്ങനെയാണെങ്കിൽ അദ്ദേഹത്തിനെതിരെ കേന്ദ്രം റെഡ്കോർണർ നോട്ടീസ് പുറപ്പെടുവിച്ചോ; എന്തുകൊണ്ടാണ് അത്തരമൊരു നോട്ടീസ് പുറപ്പെടുവിക്കാതിരുന്നത്? കോൺസുലേറ്റ് ജനറലിനും അറ്റാഷേയ്ക്കും പങ്കുണ്ടെന്ന് പറയുന്നു. ഇതറിഞ്ഞിട്ടും ഡൽഹിവഴി രാജ്യംവിടാൻ ഇവർക്ക് അവസരമൊരുക്കിയതാരാണ്; ഇതൊന്നും നിങ്ങൾ ചോദിക്കുന്നില്ലല്ലോ? ഇവിടെ സ്വർണ്ണക്കടത്ത് കേസിൽ സംസ്ഥാന സർക്കാരിന് എന്തോ പങ്കുള്ളതുപോലെ വരുത്തിത്തീർക്കാൻ നടത്തുന്ന ശ്രമങ്ങളുടെ അടുത്തൊരു ഘട്ടമാണ് ഇപ്പോൾ അരങ്ങേറിയിട്ടുള്ളത്. ഇതാണ് നേരത്തെ പയറ്റി പരാജയപ്പെട്ടത്. കസ്റ്റംസ് ഡ്യൂട്ടി വെട്ടിച്ച് വിമാനത്താവളംവഴി വ്യാപകമായി സ്വർണ്ണം കടത്തുന്നുവെങ്കിൽ അത് കേന്ദ്ര ധനമന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഏജൻസികളുടെ വീഴ്ചയാണ്. പുറത്തുവരുന്ന വിവരങ്ങളനുസരിച്ച് നയതന്ത്ര ബാഗേജുവഴി 21 തവണ സ്വർണ്ണം കടത്തിയെന്നാണ് പറയുന്നത്. ഇതുമായി ബന്ധപ്പെട്ട ആളുകളെ അന്വേഷണപരിധിയിൽ കൊണ്ടുവരാൻ കഴിയാത്തത് ആരുടെ കുറ്റമാണ്? അതിൽ കേന്ദ്ര സർക്കാരിനുവേണ്ടി രക്ഷാകവചം തീർക്കുന്ന ജോലി

എന്തിനുവേണ്ടിയാണ് കോൺഗ്രസ് കേരളത്തിൽ ചെയ്യുന്നത്? അന്വേഷണത്തിന്റെ തുടക്കത്തിൽ ഒരു ഫോൺ വിളി വിവാദമുയർന്നു. പ്രമേയാവതാരകന്റെ പാർട്ടി ഈ വിവാദത്തിന് മുൻപന്തിയിലുണ്ടായിരുന്നു. അന്വേഷണം നടത്തിക്കഴിഞ്ഞിട്ടും ഇത്തരമൊരു കാര്യം തെളിഞ്ഞതായി കാണുന്നില്ല. അനാവശ്യമായി മുഖ്യമന്ത്രിയുടെ ഓഫീസിനെ സംശയത്തിന്റെ നിഴലിൽ നിർത്താൻ ബി.ജെ.പി.-യും കോൺഗ്രസ്സും നടത്തിയ തിരക്കഥയല്ലേ പൊളിഞ്ഞുപോയത്? അന്വേഷണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ അതിലെ പ്രതികൾക്കുമേൽ അന്യായമായ സമ്മർദ്ദമുണ്ടാകുന്നുവെന്ന ആരോപണമുയർന്നപ്പോൾ അത് സുതാര്യമായി അന്വേഷിക്കണമെന്നാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചത്. PMLA (Prevention of Money Laundering Act) കോടതിയുടെ അന്വേഷണത്തോടും സർക്കാർ എല്ലാ സഹകരണവും നൽകി. ഈ അന്വേഷണം മുന്നോട്ടുപോകരുതെന്ന് തോന്നിയത് ഒരു കേന്ദ്ര ഏജൻസിക്കല്ലേ; ആ തടസ്സവാദങ്ങൾ സത്യം പുറത്തുവരുന്നതിന് വിഘാതമാണെന്ന് ഏതെങ്കിലുമൊരു ഘട്ടത്തിൽ കേരളത്തിലെ കോൺഗ്രസ് നേതാക്കൾ പറഞ്ഞിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്ര ഏജൻസികളെ അകമഴിഞ്ഞ് പിന്താങ്ങുന്ന നയം നിങ്ങൾ എന്തുകൊണ്ടാണ് സ്വീകരിച്ചത്?

ശ്രീ. രാഹുൽ ഗാന്ധിയെ ഇ.ഡി. ചോദ്യം ചെയ്യുന്നത് രാഷ്ട്രീയ നീക്കം, കേന്ദ്രസർക്കാർ നേതൃത്വം നൽകുന്ന സംഘ്പരിവാറുമായി ഞങ്ങൾ ഒത്തുതീർപ്പുണ്ടാക്കി എന്ന തരത്തിലുള്ള കാര്യങ്ങളാണ് ഇപ്പോൾ പറഞ്ഞ് കേൾക്കുന്നത്. ശ്രീ. രാഹുൽ ഗാന്ധിയെ ഇ.ഡി. ചോദ്യം ചെയ്യുമ്പോൾ മാധ്യമങ്ങൾക്ക് മുന്നിൽനിന്ന് അതിനെ പ്രകീർത്തിക്കുകയും കയ്യടിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രീതി ഞങ്ങൾ ചെയ്യുന്നില്ല. ഏജൻസികൾ ചെയ്യുന്നതെല്ലാം ശരിയാണെന്ന് നിങ്ങൾ പറയുമ്പോൾ ആ നിലപാടല്ല ഞങ്ങളെടുക്കുന്നത്. ഇക്കാര്യത്തിൽ ഞങ്ങൾ എല്ലാഘട്ടത്തിലും ഒരേ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര ഏജൻസികൾ രാഷ്ട്രീയ വൈരനിര്യാതനം തീർക്കാൻവേണ്ടി ദുരുപയോഗിക്കപ്പെടുന്നുവെന്ന നിലപാട് തന്നെയാണ് ഞങ്ങൾക്കുള്ളത്. കേന്ദ്ര ഏജൻസികൾ ഇവിടെ അന്വേഷണം നടത്തിക്കൊണ്ടിരുന്നപ്പോൾ ലൈഫ് മിഷൻ വിദേശ സംഭാവന സ്വീകരിച്ചുവെന്ന കള്ളപ്പരാതിയുമായി ഒരു കേന്ദ്ര ഏജൻസിക്കുമുന്നിൽ ഓടിയെത്തിയത് അന്നത്തെ കോൺഗ്രസ് എം.എൽ.എ. ആയിരുന്ന വ്യക്തിയായിരുന്നുവെന്നത് മറക്കരുത്. ഞാൻ അതിന്റെ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ആ വ്യാജ ആരോപണങ്ങളുടെ പേരിൽ നൂറ്റിനാല്പതോളം വീടുകളുടെ നിർമ്മാണം നിർത്തിവയ്പ്പിക്കാൻ

കഴിഞ്ഞുവെന്നുള്ളത് മാത്രമാണ് നിങ്ങളുടെ നേട്ടം. നിങ്ങളുടെ തിരക്കഥ ഭാഗം ഒന്നിന് ജനങ്ങളുടെ കോടതിയിൽ കടുത്ത തിരിച്ചടിയാണ് നേരിട്ടത്. സംഘ്പരിവാർ ബന്ധമുള്ള ഒരു എൻ.ജി.ഒ.-യുടെ സ്പോൺസർഷിപ്പിൽ സ്വർണ്ണക്കടത്ത് കേസിലെ പ്രതിയായ ഒരു വനിത മാധ്യമങ്ങൾക്കുമുന്നിൽ വന്ന് ചില കാര്യങ്ങൾ പറയുമ്പോൾ അതിന്റെ പേരിൽ യുക്തിയെന്ത്, തെളിവെന്ത് എന്ന് അന്വേഷിക്കാതെ തിരക്കഥയുടെ രണ്ടാം ഭാഗം അവതരിപ്പിക്കാൻ തയ്യാറായി നിങ്ങൾ സമര പരമ്പര സംസ്ഥാനത്തുടനീളം അഴിച്ചുവിടുന്ന നിലയാണുണ്ടായത്. ആർക്കുവേണ്ടിയാണ് നിങ്ങൾ ഇതെല്ലാം ചെയ്യുന്നത്; ബി.ജെ.പി.-യെ സഹായിക്കാനാണെന്ന് പറഞ്ഞാൽ അത് തെറ്റാകുമോ? ഒടുവിൽ ഒരു ഘട്ടത്തിലെങ്കിലും, പിന്നീട് തിരുത്തുന്നത് ഞങ്ങൾ കേട്ടു. ഈ വനിതയും കൂട്ടാളിയും പറയുന്നതെല്ലാം മുഖവിലയ്ക്കെടുക്കാനാവില്ലെന്ന് നിങ്ങൾക്കുതന്നെ പറയേണ്ടിവന്നില്ലേ? സർക്കാർ ഇടനിലക്കാരെ ഏർപ്പെടുത്തിയെന്ന ആരോപണം നട്ടാൽ കുരുക്കാത്ത നുണയാണ്. ഒന്നിലധികം തവണ രഹസ്യമൊഴിയുടെ ഭാഗങ്ങളെന്ന് പല കോണുകളിൽനിന്നും ദുരുദ്ദേശ്യത്തോടെ പുറത്തുവിടുന്ന കാര്യങ്ങൾ ഞങ്ങളെ ഒരുവിധത്തിലും ബാധിക്കുന്നില്ല. എന്നാൽ സ്വർണ്ണക്കടത്ത് കേസിലെ പ്രതി എന്തുപറയണം, ഏത് പറയണമെന്നെല്ലാം

ഇടനിലക്കാർവഴി തീരുമാനിക്കുന്നത് ബി.ജെ.പി.-യും അതിന്റെകൂടെ നിങ്ങളും ചേർന്നുകൊണ്ടെന്നല്ലേ ന്യായമായും സംശയിക്കേണ്ടത്? അനവധി കേസുകളിൽ പ്രതിയായ ഒരാൾ രക്ഷപ്പെടാൻ പഴുതന്വേഷിച്ച് നടക്കുമ്പോൾ അവരെ സഹായിക്കാമെന്ന് പറഞ്ഞ് കേന്ദ്ര രാഷ്ട്രീയ സ്വാധീനമുള്ള ചിലർ സമീപിക്കുന്നു. ആ വ്യക്തി അതിന്റെ ഭാഗമായി അണിനിരക്കുന്നുണ്ടാകാം. അതിലൂടെ സംസ്ഥാന ഭരണംതന്നെ താഴെപ്പോകുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നത് ജനാധിപത്യത്തിന്റെ അന്തഃസത്തയെത്തന്നെ ചോദ്യം ചെയ്യലല്ലേ? കോടതിയിലിരിക്കുന്ന വിഷയങ്ങളെക്കുറിച്ച് മാധ്യമങ്ങളിൽ വെളിപ്പെടുത്തുന്നത് അന്വേഷണത്തെ സഹായിക്കാനാണോ; രാഷ്ട്രീയ ലക്ഷ്യം വച്ചുള്ളതാണോ എന്നുള്ളത് മനസ്സിലാക്കാൻ കഴിയാത്തവരാണോ ഇവിടെയുള്ള പ്രതിപക്ഷം? മനസ്സിലായിട്ടുണ്ടെന്ന് വ്യക്തം. പക്ഷേ, സംഘ്പരിവാറുമായി നിങ്ങൾ ഇത്തരം കാര്യങ്ങളിലുണ്ടാക്കുന്ന ബാന്ധവത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങളെക്കുറിച്ച് അപവാദം പ്രചരിപ്പിക്കാനാണ് ശ്രമിക്കുന്നത്.

**[4.00 PM]**

സ്രോതസ്സ് മുതൽ അന്തിമവിനിയോഗം വരെയുള്ള കാര്യങ്ങൾ ഏകോപിതവും കാര്യക്ഷമവുമായ അന്വേഷണത്തിലൂടെ പുറത്തുവരണമെന്ന് ആവശ്യപ്പെട്ട ഞങ്ങളെ പരിഹസിക്കാൻ നിങ്ങൾ മുൻപന്തിയിൽ നിന്നത് എന്തുകൊണ്ടാണ്? അടുത്തകാലത്ത് ഉയർന്നുവന്ന മറ്റൊരു പ്രധാന വെളിപ്പെടുത്തലുണ്ട്. അത് നിങ്ങൾ തമസ്കരിക്കാൻ ആഗ്രഹിക്കുന്ന വെളിപ്പെടുത്തലാണ്. ജൂൺ 7-ന് ദൃശ്യമാധ്യമങ്ങളിലൂടെ സ്വർണ്ണക്കടത്ത് കേസിലെ പ്രതിയായ വനിത നടത്തിയ വെളിപ്പെടുത്തലുകളിൽ പുതുതായി ഒന്നുമില്ലെന്ന് അന്വേഷണത്തിന് ചുമതലയുണ്ടായിരുന്ന അന്നത്തെ കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണർ വെളിപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ ഇപ്പോഴുള്ള കോലാഹലത്തിന്റെ അടിസ്ഥാനമെന്താണ്? ഇവിടെ ഇത്തരം കാര്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സാമാന്യയുക്തി മതിയാകും. അടിസ്ഥാനമില്ലാതെ അസ്ഥിവാരമില്ലാതെ കെട്ടിപ്പൊക്കുന്ന ആരോപണങ്ങളുടെ ചീട്ടുകൊട്ടാരം ഒരു തവണ തകർന്നുവീണതാണ്. വീണ്ടും ആ തകർന്ന ചീട്ടുകെട്ടുകൾ കെട്ടിപ്പൊക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഇതും തകരാൻ അധിക സമയം വേണ്ടിവരില്ല.

ഇവിടെ കൂപമണ്ഡൂകത്തെക്കുറിച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞു. സാകിയാ ജഫ്രിയുടെ നിയമ പോരാട്ടങ്ങൾക്ക് ശ്രീമതി സോണിയ ഗാന്ധി പിന്തുണ നൽകിയില്ല, കലാപാനന്തരം സാകിയാ ജഫ്രിയെ നേരിൽ കാണുകപോലും ചെയ്തിട്ടില്ല തുടങ്ങിയ ആരോപണങ്ങൾ ആദ്യമായി ഉന്നയിച്ചത് ഗുജറാത്ത് മുൻ ഡി.ജി.പി. ശ്രീ. ആർ. ബി. ശ്രീകുമാറാണെന്ന് നേരത്തെ ബഹുമാന്യനായ കെ. ടി. ജലീൽ പറഞ്ഞു. ആർ. ബി. ശ്രീകുമാറിന്റെ 2016-ൽ പുറത്തിറക്കിയ 'Gujarat: Behind the Curtain' എന്ന പുസ്തകത്തിലാണ് ഈ വെളിപ്പെടുത്തലുള്ളത്. ഇത് വഴിയിലൂടെ പോകുന്ന ആരെങ്കിലും എഴുതിയ പുസ്തകമല്ല. ഗുജറാത്ത് വംശഹത്യയിൽ നരേന്ദ്രമോദിക്കെതിരെ പോരാട്ടം നയിച്ച സംഘ്പരിവാറിന്റെ ഹിറ്റ് ലിസ്റ്റിലുള്ള ആർ. ബി. ശ്രീകുമാറാണ് എഴുതിയത്. ഈ പുസ്തകത്തിൽ പ്രസ്താവിച്ച കാര്യങ്ങളെപ്പറ്റി ഇതുവരെ കോൺഗ്രസ് പാർട്ടി ഔദ്യോഗികമായി ഒരു പ്രസ്താവനയും ഇറക്കിയിട്ടില്ല. ബഹുമാന്യയായ സോണിയ ഗാന്ധിയും പ്രതികരിച്ചിട്ടില്ല. സാകിയാ ജഫ്രിയുടെ മകൻ തൻവീർ നൽകിയ ഒരു പ്രസ്താവനയെ ആധാരമാക്കിയാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇതിനെ മറ്റൊരു രീതിയിൽ സമർത്ഥിക്കാൻ ശ്രമിച്ചത്. സാകിയയ്ക്കൊപ്പം താനും സർക്യൂട്ട് ഹൗസിൽ

പോയി ശ്രീമതി സോണിയാ ഗാന്ധിയെ കണ്ടുവെന്നാണ് തൻവീർ പറഞ്ഞത്. അവർ സർക്യൂട്ട് ഹൗസിലുണ്ടായിരുന്നപ്പോൾ അവരെ കാണാൻ പോയെന്നും കൂടെ അഹമ്മദ് പട്ടേലും ഉണ്ടായിരുന്നുവെന്നുമാണ് 'Economic Times' നേരത്തെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതായത്, ഈ പറയുന്ന കലാപത്തിനിരയായത് കോൺഗ്രസ് നേതാവായ ഒരു മഹാനാണ്. അങ്ങനെയൊരു പ്രധാന സംഭവം നടന്നിട്ട് ആ കുടുംബത്തെ സമാശ്വസിപ്പിക്കാൻ പോയില്ലായെന്നുള്ളതാണ് ഞാൻ ഉന്നയിച്ച പ്രശ്നം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അദ്ദേഹം മാത്രമല്ല, നിരവധിപേർ അവിടെ കൊലചെയ്യപ്പെട്ടു. ഈ സംഭവം നടന്ന് 4 ദിവസത്തിനുശേഷമാണ് ശ്രീമതി സോണിയാഗാന്ധി അവിടെ എത്തിയത്. അവിടെവച്ചാണ് അവർ 'Merchant of death' എന്ന പ്രഖ്യാപനം നടത്തിയത്. അവർ അവരുടെ വീട്ടിലല്ല താമസിച്ചിരുന്നത്. ആ വീട് മുഴുൻ പോലീസ് ബ്ലോക്ക് ചെയ്തിരിക്കുകയാണ്. ഇന്നലെ ശ്രീമതി സോണിയാ ഗാന്ധിയുടെ ഓഫീസുമായി ബന്ധപ്പെട്ട് ഞങ്ങൾ വെരിഫൈ ചെയ്തു. (........ ബഹളം.......)

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, .......

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മുഖ്യമന്ത്രിയല്ലേ മറുപടി പറയുന്നത്; നിങ്ങൾ എന്തിനാണ് ഇത്രയും അസ്വസ്ഥനാകുന്നത്? അദ്ദേഹത്തോടല്ലേ

ഞാൻ ചോദിക്കുന്നത്; നിങ്ങൾ സപ്പോർട്ട് ചെയ്യാൻ അദ്ദേഹത്തിന് കഴിവ് കുറവ് വല്ലതുമുണ്ടോ? ശ്രീമതി സോണിയാ ഗാന്ധിക്ക് അവരെ കാണണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചതനുസരിച്ച് അവിടെ പോകാൻ കഴിയാത്തതിനാൽ അഹമ്മദ് പട്ടേൽ സാകിയാ ജഫ്രിയയെയും മകനെയും മാഡം താമസിക്കുന്നിടത്ത് കൊണ്ടുചെന്ന് കാണുകയാണ് ചെയ്തത്. അക്രമം നടന്നതിന്റെ നാലാം ദിവസമാണ് അവർ അവിടെ പോകുന്നത്. അവിടെ മുഴുവൻ പോലീസ് ബ്ലോക്ക് ചെയ്തിരിക്കുകയായിരുന്നു. ശ്രീമതി സോണിയാ ഗാന്ധി സമ്മതിക്കാതെ അവരെ കാണാൻ സാധിക്കുമോ; അങ്ങ് സമ്മതിക്കാതെ അങ്ങയെ കാണാൻ സാധിക്കുമോ? കോൺഗ്രസ് പ്രസിഡന്റിനെപ്പോലുള്ള ഒരാളെക്കുറിച്ച് അങ്ങയെപ്പോലെ മുഖ്യമന്ത്രിസ്ഥാനത്തിരിക്കുന്ന.......... (മൈക്ക് ഓഫ്)

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതുതന്നെയാണ് ഞാനും പറയുന്നത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം ശരിയാണ്. ഒരു കോളനിയിലുള്ള അറുപതിൽപ്പരം ആളുകളാണ് ഭയന്ന് ഈ വീട്ടിലേയ്ക്ക് എത്തിയത്. അത്രയും ആളുകളെ ഒരുമിച്ച് തീയിട്ട് കൊല്ലുകയാണ് ചെയ്തത്. ആ സംഭവം നടന്ന ഘട്ടത്തിൽ പോയില്ലായെന്നുള്ളതല്ല എന്റെ പ്രശ്നം. അതിനുശേഷം 80 വയസ്സിലധികം പ്രായമുള്ള വിധവ

ദീർഘകാലമായി നിയമപോരാട്ടം നടത്തുകയാണ്. അതിനാവശ്യമായ സഹായങ്ങളോ മറ്റ് കാര്യങ്ങളോ ചെയ്തില്ലെന്നുള്ളതാണ് ഞാൻ പറഞ്ഞ കാര്യം. ഇതാണ് നമ്മൾ കാണേണ്ട കാര്യം. തൻവീറിന്റെ പ്രസ്താവനയ്ക്ക് മുൻ ഡി.ജി.പി. ശ്രീ. ആർ. ബി. ശ്രീകുമാർ ഇ-മെയിൽ വഴി മറുപടി നൽകിയിട്ടുണ്ട്. അത് ഇങ്ങനെയാണ്, 'സോണിയാ ഗാന്ധി നിങ്ങളുടെ അമ്മയെ അവരുടെ വസതിയിൽ സന്ദർശിച്ചിട്ടില്ലെന്ന എന്റെ പ്രസ്താവന സത്യസന്ധവും ശരിയുമാണ്. പകരം കോൺഗ്രസ് നേതാക്കൾ വൃദ്ധയും വിധവയുമായ കടുത്ത ആഘാതത്തിലും വേദനയിലും കഴിഞ്ഞിരുന്ന നിങ്ങളുടെ അമ്മയെ കോൺഗ്രസ്സ് അദ്ധ്യക്ഷ താമസിക്കുന്ന സ്ഥലത്തേയ്ക്ക് വിളിപ്പിക്കുകയാണ് ചെയ്തത്. ഈ പ്രവൃത്തി അങ്ങേയറ്റം അപലപനീയവും പാപകരവും എല്ലാ ധാർമ്മികതയുടെയും ലംഘനവുമാണ്'. ഇത് ഞാൻ പറഞ്ഞതല്ല, ശ്രീ. ആർ. ബി. ശ്രീകുമാർ രേഖപ്പെടുത്തിയ കാര്യമാണ്. (......ബഹളം.....)

മി. സ്പീക്കർ: പ്ലീസ്.... മുഖ്യമന്ത്രി സംസാരിക്കുകയാണ്... നിങ്ങൾ ഇരിക്കൂ.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ആർ. ബി. ശ്രീകുമാർ എഴുതിയത് പ്രതിപക്ഷത്തിന്റെ ഇഷ്ടംപോലെ

മാറ്റിയെഴുതാൻ മുഖ്യമന്ത്രിക്ക് സാധിക്കുമോ; വായിക്കാനല്ലേ കഴിയുകയുള്ളൂ?

ശ്രീ. പിണറായി വിജയൻ: സർ, ആർ. ബി. ശ്രീകുമാർ ചേർത്ത കാര്യങ്ങൾ ഇനിയുമുണ്ട്. ഞാൻ ആ കാര്യങ്ങളിലേയ്ക്കൊന്നും പോയിട്ടില്ല. കോൺഗ്രസ് പാർട്ടിയും യു.പി.എ. സർക്കാരും ഒരുകാലത്തും ഇഹ്സാൻ ജഫ്രിയുടെ രക്തസാക്ഷിത്വം ശരിയായ രീതിയിൽ അംഗീകരിക്കുകയോ ഓർമ്മദിനം ആചരിക്കുകയോ ചെയ്തിട്ടില്ല. ഇതുകൂടി ആർ. ബി. ശ്രീകുമാർ തൻവീറിനുള്ള മറുപടിയിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. അതായത് ഭർത്താവ് കലാപത്തിൽ ക്രൂരമായി കൊല ചെയ്യപ്പെട്ടതിന്റെ കടുത്ത മനഃപ്രയാസത്തിൽ കഴിയുന്ന ഒരു വിധവയെ അങ്ങോട്ടുചെന്ന് കാണാതെ സോണിയ ഗാന്ധി താൻ താമസിക്കുന്ന സ്ഥലത്തേയ്ക്ക് അവരെ വിളിപ്പിക്കുകയാണ് ചെയ്തതെന്നാണ് വെളിപ്പെടുത്തിയിട്ടുള്ളത്. 2016 ജനുവരി 4-ന്റെ 'Citizen.in'- ലെ വാർത്തയിൽ പറയുന്നത്, "ഇഹ്സാൻ ജാഫ്രിയുടെ വിധവയെ സന്ദർശിക്കുന്നത് ഭൂരിപക്ഷ സമുദായത്തെ കോൺഗ്രസ്സിൽനിന്നും അകറ്റുമെന്നാണ്." ഇത് ശ്രീമതി സോണിയാ ഗാന്ധിക്ക് അന്ന് കോൺഗ്രസ് ഉപദേശകരിൽനിന്നും കിട്ടിയ ഉപദേശമാണെന്നും ആ വാർത്തയിൽ വ്യക്തമാക്കുന്നുണ്ട്. (......ബഹളം......)

ശ്രീ. വി. ഡി. സതീശൻ: സർ, ഹിന്ദുത്വവുമായി അഡ്ജസ്റ്റ് ചെയ്തുവെന്ന്

നിങ്ങൾ പറഞ്ഞ ഞങ്ങളുടെ സർക്കാരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ച, ഇന്ന് ആഭ്യന്തര മന്ത്രിയായിരിക്കുന്ന ശ്രീ. അമിത്ഷായെ 100 ദിവസം ജയിലിലിട്ടതെന്ന് നിങ്ങൾക്ക് അറിയാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരത്തിലുള്ള ഒരു മുൻ എം.പി.യുടെ വിധവയെ ദേശീയ രാഷ്ട്രീയ പാർട്ടി അദ്ധ്യക്ഷ കണ്ടത് സാധാരണഗതിയിൽ ആ ദിവസം തന്നെ ദേശീയതലത്തിൽ വലിയ വാർത്തയായി മാറണ്ടേ? അതിന്റെ ഭാഗമായി ഒരു വാർത്തയും വന്നില്ല. നാഷണൽ ഹെറാൾഡിൽ വന്നില്ലെങ്കിലും ഇവിടത്തെ വീക്ഷണത്തിലെങ്കിലും ഒരു വാർത്തയായി കൊടുക്കാമായിരുന്നു. അതുപോലുമുണ്ടായില്ല. അതിനുശേഷം ഇതുവരെയുള്ള കാലയളവിൽ ശ്രീമതി സോണിയാ ഗാന്ധിയും സാകിയയും ചേർന്നുള്ള ഒരു ഫോട്ടോയെങ്കിലും നമുക്ക് കാണിക്കാൻ സാധിച്ചോ; നീതിക്കായുള്ള സാകിയയുടെ പോരാട്ടത്തെ കോൺഗ്രസ് എങ്ങനെ സഹായിച്ചുവെന്നാണ് വ്യക്തമാകുന്നത്? അതാണ് പ്രതിപക്ഷനേതാവ് മനസ്സിലാക്കേണ്ട കാര്യം. ഈ ഇട്ടാവട്ടത്തല്ല, കൂപത്തിലെ മണ്ഡൂകത്തിന്റെ സ്ഥിതിയല്ല, ശരിക്കും കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയാതെ കണ്ണ് കെട്ടിയ നിലയാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് അക്കാര്യത്തിൽ സ്വീകരിച്ചതെന്നാണ്

നാം കാണേണ്ടത്.

ഇവിടെ ഒരുപാട് തെറ്റായ കാര്യങ്ങൾ അവതരിപ്പിക്കാൻ ചിലർ ശ്രമിച്ചിട്ടുണ്ട്. അതിൽ എങ്ങനെയും തട്ടിക്കളായമെന്നാണ് ഡോ. മാത്യു കുഴൽനാടന്റെ വിചാരം. അതിന് വേറെ ആളെ നോക്കുന്നതാണ് നല്ലത്. മകളെപ്പറ്റി പറഞ്ഞാൽ ഞാൻ വല്ലാതെ കിടുങ്ങിപ്പോകുമെന്നാണോ നിങ്ങൾ വിചാരിച്ചത്? നിങ്ങൾ പച്ചക്കള്ളമാണ് പറഞ്ഞത്. അത്തരത്തിലുള്ള ഒരു വ്യക്തി എന്റെ മകളുടെ മെന്ററായി ഉണ്ടെന്ന് ഒരു ഘട്ടത്തിലും മകൾ പറഞ്ഞിട്ടില്ല. സത്യവിരുദ്ധമായുള്ള കാര്യങ്ങളാണോ അവതരിപ്പിക്കുന്നത്; എന്തും പറയാമെന്നാണോ? അത്തരം കാര്യങ്ങൾ മനസ്സിൽ വച്ചാൽ മതി. (....ബഹളം......) ആളുകളെ അപകീർത്തിപ്പെടുത്താൻ എന്തും പറയാമെന്ന നിലപാടെടുക്കരുത്. (....ബഹളം...) എന്ത് പറയാൻ, അസംബന്ധങ്ങൾ വിളിച്ചുപറഞ്ഞ് ......(....ബഹളം......) വീണ്ടും അസംബന്ധങ്ങൾ ആവർത്തിക്കാനോ; അതിനാണോ ശ്രമിക്കേണ്ടത്; അതാണോ ചെയ്യേണ്ടത്; വേണ്ടാത്ത കാര്യങ്ങൾ പറയാനാണോ ഈ വേദി ഉപയോഗിക്കേണ്ടത്? (......ബഹളം......)

<u>മി. സ്പീക്കർ</u>: പ്ലീസ്..... ഇരിക്കു.. ഇരിക്കു.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, രാഷ്ട്രീയമായി കാര്യങ്ങൾ പറയണം.

ഇവിടെ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് എന്താണോ പറയാനുള്ളത് അത് പറയണം. ഞങ്ങളുടെ ഭാഗത്തുനിന്നും തെറ്റുകളുണ്ടായിട്ടുണ്ടെങ്കിൽ ആ തെറ്റുകൾ നിങ്ങൾ പറയണം. വെറുതെ വീട്ടിൽ കഴിയുന്ന ആളുകളെ ആക്ഷേപിക്കുന്ന നിലയാണോ സ്വീകരിക്കേണ്ടത്; അതാണോ സംസ്കാരം; അത്തരം കാര്യങ്ങളുമായല്ല മുന്നോട്ടുപോകേണ്ടത്. അതാണ് എനിക്ക് പറയാനുള്ളത്. മറ്റ് കാര്യങ്ങളിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. സമയം കുറച്ച് അധികമായിപ്പോയെന്ന് എനിക്കറിയാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിൽ നിന്നാണ് എനിക്ക് ധൈര്യം കിട്ടിയത്. അതിന് നന്ദി. ഇത്രയുമാണ് എനിക്ക് ഇപ്പോൾ പറയാനുള്ളത്.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ? (......ബഹളം......)

ഡോ. മാത്യു കുഴൽനാടൻ: സർ, പോയിന്റ് ഓഫ് ഓർഡർ .....

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാൻ കഴിയില്ല. പ്രമേയം ഡിസ്പോസ് ചെയ്യുന്ന ഘട്ടമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ,.....

മി. സ്പീക്കർ: ഇല്ല. അങ്ങ് വളരെ ഉദാരമായി ഇടപെട്ടു. (......ബഹളം.....) ശ്രീ. ഷാഫി പറമ്പിൽ, അങ്ങയുടെ പ്രമേയം പ്രസ്

ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 58 മിനിട്ട് സംസാരിച്ചു. പ്രതിപക്ഷം ഉയർത്തിയ ഒരു ചോദ്യത്തിനും മറുപടി പറഞ്ഞില്ല. ഇത്രയും സമയം സംസാരിച്ചപ്പോൾ 25 പ്രാവശ്യം ബി.ജെ.പി. സംഘ്പരിവാർ എന്ന് അദ്ദേഹം ആവർത്തിക്കുകയാണ് ചെയ്തത്. അദ്ദേഹം നിരപരാധിയാണെങ്കിൽ സി.ബി.ഐ. അന്വേഷണത്തിന് തയ്യാറുണ്ടോ എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. (......ബഹളം........)

(അടിയന്തരപ്രമേയത്തിന്മേലുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസിന് മുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**ധനകാര്യം -തുടർച്ച**

(ശ്രീ. എൻ. ഷംസുദ്ദീൻ സീറ്റിലില്ലാതിരുന്നതിനാൽ സംസാരിച്ചില്ല.)

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഒരു പുതിയ കേരളം കെട്ടിപ്പടുക്കാനുള്ള ശ്രമത്തിലാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെയാണ് പ്രതിപക്ഷം എല്ലാ അർത്ഥത്തിലും എതിർത്തുകൊണ്ടിരിക്കുന്നതെന്ന് നമുക്കറിയാം. സർവ്വതലസ്പർശിയായ വികസന പ്രവർത്തനങ്ങൾ നടത്തിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ആറ് മുൻഗണനാ മേഖലകളെ കോർത്തിണക്കി നാല് വികസന മിഷനുകൾ ഇവിടെ രൂപീകരിച്ചത് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റാണ്. സമ്പൂർണ്ണ പാർപ്പിടം, ലൈഫ്, ജനസൗഹൃദ സർക്കാർ ആശുപത്രികൾ, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ശുചിത്വ മാലിന്യ സംസ്കരണം, മണ്ണ്-ജലസംരക്ഷണം, ജൈവ കൃഷി രീതിക്ക് പ്രാമുഖ്യം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ഈ മിഷനുകളുടെ അടിസ്ഥാനത്തിൽ ഇവിടെ നടപ്പാക്കുകയാണ് ചെയ്തത്.

മി. സ്പീക്കർ: പ്ലീസ്...... അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2018-ലെ മഹാപ്രളയത്തെത്തുടർന്ന് കേരള പുനർനിർമ്മാണ പദ്ധതി - റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് കേരളത്തിൽ നടപ്പാക്കുന്ന പ്രവർത്തനവുമായാണ് ഗവൺമെന്റ്

മുന്നോട്ടുപോകുന്നത്. നവകേരളം കർമ്മപദ്ധതി-II എന്ന പേരിൽ ഏകീകൃത മിഷൻ ഊന്നൽ നൽകുന്നത് ഗുണമേന്മാ വിദ്യാഭ്യാസം, വിദ്യാകിരണം തുടങ്ങിയവയ്ക്കാണ്. പബ്ലിക് അഫയേഴ്സ് ഇൻഡെക്സിൽ കേരളം ഒന്നാം സ്ഥാനത്താണെന്ന് പ്രഖ്യാപിച്ചത് നേരത്തെ ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. നിരവധി ക്ഷേമ രംഗങ്ങളിൽ കേരളം വൻമുന്നേറ്റത്തോടുകൂടി പോകുകയാണെന്നാണ് പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ചത്. നീതി ആയോഗിന്റെ 2020-21-ലെ റിപ്പോർട്ട് അനുസരിച്ച് സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാം സ്ഥാനത്താണ്. ദേശീയ ആരോഗ്യസൂചികയിലും കേരളം എ പ്ലസ്-ഓടുകൂടി ഒന്നാം സ്ഥാനത്താണ്. 2019-ൽ സെന്റർ ഫോർ മീഡിയാ സ്റ്റഡീസും ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യ ലോക്കൽ സർക്കിളും ചേർന്ന് നടത്തിയ സർവ്വേ പ്രകാരം ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം കേരളമാണ്. എല്ലാ അർത്ഥത്തിലും കേരളം നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പേരിൽ കേന്ദ്ര ഗവൺമെന്റ് ഉൾപ്പെടെ നൽകിയിരിക്കുന്ന അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ഒന്നാമതായി എത്തിനിൽക്കുന്ന അവസ്ഥയിലാണ് പ്രതിപക്ഷം ഇത്തരമൊരു പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച

ധനാഭ്യർത്ഥനയെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ..........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**X പ്രമേയം**

2022 ജൂൺ 29, ജൂലൈ 1 എന്നീ ദിവസങ്ങളിലെ സഭാ സമ്മേളനം ഒഴിവാക്കുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ചേർന്ന കക്ഷി നേതാക്കളുടെ യോഗത്തിൽ ഉണ്ടായിട്ടുള്ള ധാരണയുടെ അടിസ്ഥാനത്തിൽ "2022 ജൂൺ 29, ജൂലൈ 1 എന്നീ ദിവസങ്ങളിലെ സഭാ സമ്മേളനം ഒഴിവാക്കുവാനും ജൂൺ 29-ാം തീയതി സഭ പരിഗണിക്കാനിരുന്ന XII, XIII, XIV, XXIII എന്നീ നമ്പർ

ധനാഭ്യർത്ഥനകൾ ജൂലൈ 11-ാം തീയതി അപരാഹ്ന സമ്മേളനം ചേർന്നുകൊണ്ട് അന്നേ ദിവസത്തെ ധനാഭ്യർത്ഥനകളുടെ പരിഗണന പൂർത്തീകരിച്ചതിനുശേഷം പരിഗണിക്കുവാനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## XI അറിയിപ്പ്

ചോദ്യങ്ങൾക്ക് അനുവദിച്ചിട്ടുള്ള തിയതി
പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: 29-06-2022-ന് ലിസ്റ്റ് ചെയ്തിട്ടുള്ള ചോദ്യങ്ങൾ 30-06-2022-ലേയ്ക്കും 01-07-2022-ന് ലിസ്റ്റ് ചെയ്തിട്ടുള്ള ചോദ്യങ്ങൾ 04-07-2022-ലേയ്ക്കും മാറ്റി ക്രമീകരിക്കുന്നു. ഇതുപ്രകാരം മുന്നോട്ടുള്ള മറ്റ് ദിവസങ്ങളിലെ ചോദ്യങ്ങളും മാറ്റി ക്രമീകരിക്കുന്നതാണ്.

ഓർഡർ....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും ജൂൺ 30-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂൺ 30-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും

സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.21-ന് പിരിഞ്ഞു.)

*******

## അനുബന്ധം-1

<u>28-06-2022-ലെ 5 (*35)-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി</u>

രണ്ടാംഘട്ട പദ്ധതിയായ സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്കുമാത്രം പങ്കെടുക്കാനാവുന്ന പദ്ധതിയാണ്. ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 കിലോവാട്ട് ശേഷിവരെയുള്ള നിലയങ്ങൾക്ക് 40 ശതമാനവും 4 മുതൽ 10 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് ഓരോ കിലോവാട്ടിനും 20 ശതമാനവും സബ്സിഡി എന്ന രീതിയിലാണ് കേന്ദ്രസർക്കാർ സബ്സിഡി നൽകുന്നത്. 10 കിലോവാട്ടിനുമുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 കിലോവാട്ടിനുമുകളിൽ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്. സംസ്ഥാനത്ത് കാർബൺ ന്യൂട്രൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വൈദ്യുതി ഉല്പാദനത്തിനായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ഫോസിൽ ഇന്ധന ഉപയോഗം കുറയ്ക്കുന്നതിനുംവേണ്ടി അനെർട്ട് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പി.എം. കുസും പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നയളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഭാഗമായി സർക്കാർ വകുപ്പുകളിൽ വാടകയ്ക്കുപയോഗിക്കുന്ന ഡീസൽ/പെട്രോൾ കാറുകൾ മാറ്റി ഇലക്ട്രിക് കാറുകൾ ലീസ് വ്യവസ്ഥയിൽ നൽകുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി 25 സർക്കാർ സ്ഥാപനങ്ങൾക്കായി 178 ഇ-കാറുകൾ ലീസ് വ്യവസ്ഥയിൽ അനെർട്ട്

നൽകിയിട്ടുണ്ട്.

വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഗോ-ഇലക്ട്രിക് ക്യാമ്പയിന്റെ ഭാഗമായി വ്യാപകമായ പ്രചരണ പരിപാടികൾ എനർജി മാനേജ്മെന്റ് സെന്റർ സംഘടിപ്പിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട 06-08-2020-ലെ G.O. (Rt) No. 87/2020/POWER നമ്പർപ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തേണ്ട ചുമതല എനർജി മാനേജ്മെന്റ് സെന്ററിന് നൽകിയിട്ടുണ്ട്.

(ബി) ജലവൈദ്യുത പദ്ധതികൾക്ക് മുൻഗണന നൽകിവരുന്നു. ഈ സർക്കാർ അധികാരമേറ്റപ്പോൾ 247 MW ആയിരുന്ന സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി നിലവിൽ 572 MW ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 53.5 MW-ന്റെ സൗരോർജ്ജ നിലയങ്ങൾ കെ.എസ്.ഇ.ബി.എൽ. നിർമ്മിച്ചവയാണ്. കെ.എസ്.ഇ.ബി.എൽ.-ന്റെയും എനർജി മാനേജ്മെന്റ് സെന്റർ BOOT അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ജലവൈദ്യുത പദ്ധതികളുമുൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 38.5 MW വൈദ്യുതി കൂട്ടിച്ചേർക്കാൻ സാധിച്ചു. 124 MW ശേഷിവരുന്ന 3 ജലവൈദ്യുത പദ്ധതികളും ഭൂതത്താൻകെട്ട്, തോട്ടിയാർ, പള്ളിവാസൽ

എക്സ്റ്റൻഷൻ പദ്ധതി എന്നിവ 2022-23 സാമ്പത്തികവർഷം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനുപുറമേ ആകെ 52.5 MW ശേഷിവരുന്ന 6 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. 800 MW സ്ഥാപിതശേഷിയിൽ ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതിയും 200 MW സ്ഥാപിതശേഷിയിൽ ശബരിഗിരി പദ്ധതിയുടെ രണ്ടാം നിലയവും നടപ്പിലാക്കാൻ പ്രാരംഭനടപടികൾ നടന്നുവരുന്നു.

കനാലുകളിലെ ഒഴുക്കിൽനിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികം, പിക്കോ/മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ വഴിയുള്ള ഊർജ്ജോത്പാദനത്തിനുള്ള സാധ്യതാപഠനവും പൈലറ്റടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി ഇടുക്കി ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 KW-ന്റെ ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികൾ നടപ്പിലാക്കാനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ

കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയായ 'സൗര' കാർബൺരഹിത വൈദ്യുതോല്പാദനം പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിടുന്നു. 'സൗര' പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽനിന്നും ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോൽപ്പപാദനത്തിൽ ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്. വൈദ്യുതി ഉപയോഗം, താരിഫ് കാറ്റഗറി എന്നിവയനുസരിച്ച് വ്യത്യസ്ത വിഭാഗങ്ങളിലുള്ള ഉപഭോക്താക്കൾക്ക് ഗുണകരമാവുന്നവിധം വ്യത്യസ്ത മോഡലുകൾ കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുവച്ചിട്ടുണ്ട്.

കാർബൺ രഹിത വൈദ്യുതോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി അനെർട്ട് താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ

സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു;

(2) സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും അനെർട്ട് മുഖേന ചെയ്തുവരുന്നു. ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെൻറ്റീവായി അനെർട്ട് നൽകുന്നുണ്ട്;

(3) പി.എം. കുസും പദ്ധതിപ്രകാരം സംസ്ഥാനത്ത് കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അനെർട്ട് മുഖേന വൈദ്യുതിയെത്താത്ത സ്ഥലങ്ങളിലെ കാർഷിക ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന പദ്ധതിയും കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾ പ്രകാരം കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം നിശ്ചയിക്കുന്ന ബെഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്രസർക്കാർ സബ്സിഡിയായി നൽകും.

ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്;

(4) റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(5) ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇതിന് ആവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ആയതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ വ്യക്തികൾ എന്നിവർ തുടങ്ങുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനമൊരുക്കുന്നതിന് ഒരു കിലോവാട്ടിന് 20,000/- രൂപ വീതം 5 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി

നൽകുന്നത്;

(б) ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂരഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) സൗരോർജ്ജ ഉപയോഗം വ്യാപകമാക്കുന്നതിന് സംസ്ഥാന സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും ചേർന്ന് ആവിഷ്കരിച്ച പദ്ധതിയാണ് 'സൗര' പുരപ്പുറ സൗരോർജ്ജ പദ്ധതി. രണ്ടുഘട്ടമായി നടപ്പിലാക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ടമായ സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കളെ ലക്ഷ്യമിടുന്നു. സൗരോർജ്ജത്തിന്റെ ഉപയോഗം വ്യാപകമാക്കുന്നതിന് അനെർട്ട് മുഖേന താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഇതുവരെ ഈ പദ്ധതിയിൽ 19.8 മെഗാവാട്ട് സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചു;

2) സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ

ഡെപ്പോസിറ്റ്/കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും അനെർട്ട് മുഖേന ചെയ്തുവരുന്നു. അനെർട്ട് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവ് നൽകുന്നു;

3) പി.എം. കുസും പദ്ധതി പ്രകാരം സംസ്ഥാനത്ത് കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അനെർട്ട് മുഖേന വൈദ്യുതിയെത്താത്ത സ്ഥലങ്ങളിലെ കാർഷിക ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന പദ്ധതി, കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതി എന്നിവയാണ് നടപ്പിലാക്കുന്നത്;

4) റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

5) ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി

ഉൽപ്പാദനത്തിന് അനുയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നു.

(ഡി) ജനകീയ ഹരിത ഊർജ്ജ മിഷൻ പദ്ധതിയിലൂടെ സൗരോർജ്ജ ഉല്പാദനം വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ട്. കേരളത്തിന് ഊർജ്ജ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തോടെ രൂപീകരിക്കുന്ന പദ്ധതിയാണ് 'കേരള ഗ്രീൻ എനർജി മിഷൻ' (കേരള ഹരിതോർജ്ജ മിഷൻ). ഇതിലൂടെ ഒരു നിശ്ചിത വിസ്തീർണ്ണത്തിൽ കൂടുതലുള്ള പുതിയ ഗാർഹിക ഉപഭോക്താക്കൾക്കും പുതിയ വാണിജ്യ വ്യാവസായിക ഉപഭോക്താക്കൾക്കും അവരുടെ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (RPO) പ്രകാരമുള്ള ഊർജ്ജോൽപ്പാദനത്തിന് ആവശ്യമായ 'സൗരോർജ്ജ പദ്ധതി' സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യങ്ങൾ കണക്കിലെടുത്തും സമ്പദ്‌വ്യവസ്ഥയെ ഡീകാർബണൈസ് ചെയ്യുക എന്ന ഉദ്ദേശ്യത്തിലും ഹരിത ഊർജ്ജോത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഒരു ജനകീയ ക്യാമ്പയിനിലൂടെ നിലവിലുള്ള ഉപഭോക്താക്കൾക്കിടയിൽ സൗരോർജ്ജ പദ്ധതി

സ്ഥാപിക്കാൻവേണ്ട പ്രചോദനം നൽകുന്നതിനും പതിനാലാം പദ്ധതിക്കാലത്ത് (2022-2027) 3000 MW ഹരിത ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനും മിഷൻ ലക്ഷ്യമിടുന്നു.

## അനുബന്ധം-2

**കാസർഗോഡ് സമഗ്ര വികസന പാക്കേജ് സംബന്ധിച്ച് ശ്രീ. എം. രാജഗോപാലൻ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്തുവച്ച മറുപടി**

കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് തയ്യാറാക്കിയ ഡോ. പി. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ച 6500 കോടി രൂപ അടങ്കൽ വരുന്ന ചീമേനി പവർ പ്ലാന്റ് (5500 കോടി രൂപ), ഇരുമ്പയിര് പെല്ലറ്റൈസേഷൻ പ്ലാന്റ് (1000 കോടി രൂപ) എന്നീ പദ്ധതികൾ ജില്ലയിൽ നടപ്പാക്കാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ട്. മേൽപദ്ധതികൾക്ക് പകരമായി ജില്ലയുടെ സമഗ്ര വികസനത്തിന് കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിക്കാത്ത പുതിയ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗം തീരുമാനിക്കുകയും ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാൻ കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും

ചെയ്തിരുന്നു.

കാസർഗോഡ് വികസന പാക്കേജിൽ പുതിയ പദ്ധതികൾ കൂട്ടിച്ചേർക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലയിലെ ജനപ്രതിനിധികളിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിവിധ വകുപ്പുകളിൽനിന്നും ഏജൻസികളിൽനിന്നും പൊതുജനങ്ങളിൽനിന്നും ലഭ്യമായ പദ്ധതി നിർദ്ദേശങ്ങൾ വിവിധ വകുപ്പുയോഗങ്ങളിൽ ചർച്ച ചെയ്യുകയും കഴിഞ്ഞ 10 വർഷത്തെ ജില്ലയുടെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച മാറിയ കാഴ്ചപ്പാടും നിലവിലെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലവും പരിഗണിച്ച് ജലസുരക്ഷ (1594.10 കോടി രൂപ), ഭക്ഷ്യ സുരക്ഷ (366.9 കോടി രൂപ), സാമ്പത്തിക സുരക്ഷ (2959.82 കോടി രൂപ), സാമൂഹിക സുരക്ഷ (1579.18 കോടി രൂപ) എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള Shelf of Projects ആയാണ് പദ്ധതികൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. 6500 കോടി രൂപ അടങ്കൽ വരുന്ന പ്രസ്തുത പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന പ്ലാനിംഗ് ബോർഡ് പരിശോധിച്ച് അംഗീകാരത്തിനായി കാസർഗോഡ് വികസന പാക്കേജിനായുള്ള സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയിലേയ്ക്ക് ശിപാർശ ചെയ്യുകയും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല എംപവേർഡ്

കമ്മിറ്റി യോഗം തത്വത്തിൽ അംഗീകരിക്കുകയും മന്ത്രിസഭയുടെ അംഗീകാരത്തിനായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പുതുക്കിയ പദ്ധതി നടപ്പിലാക്കാനാവശ്യമായ കരട് പ്രോജക്ട് റിപ്പോർട്ട് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.